മഹദഭിപ്രായങ്ങൾ

ഒന്നാംഭാഗം

പ്രസാധകന്മാർ:
സവർണ്ണക്ഷേത്രോടമസ്ഥസമിതി,
അങ്കമാലി.

തൃശ്ശിവപേരൂർ മംഗളോദയം അച്ചുകൂടത്തിൽ
അച്ചടിച്ചത്.

ഒന്നാംപതിപ്പ് — കോപ്പി 1000.

മഹദഭിപ്രായങ്ങൾ

ഒന്നാംഭാഗം

സവർണ്ണക്ഷേത്രോടമസ്ഥ
സമിതിആഫീസ്,
പ്ലാനിമാട്, [illegible]

പ്രസാധകന്മാർ:

സവർണ്ണക്ഷേത്രോടമസ്ഥസമിതി,

അങ്കമാലി.

... അക്കാദമി

തൃശ്ശിവപേരൂർ മംഗളോദയം അച്ചുകൂടത്തിൽ

അച്ചടിച്ചത്.

ഒന്നാംപതിപ്പ്—കോപ്പി 1000.

1109

(വില ഒരുറുപ്പിക.)

സമിതിയുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മംഗളം.

ഹന്ത താതോപി ഹന്തഃവ്യാവിധൎമ്മാണാംസഹായകൃൽ
ഇതി ചോപദിശൻദദ്യാൽ ജയം വിജയസാരഥിഃ ൧

തോത്രം ദക്ഷിണഹസ്തേന വാമേന പ്രഗ്രഹംസമം
വഹൻസ്മിതമുഖോദദ്യാൽ ജയം വിജയസാരഥിഃ ൨

മ്ലാപയൻ ശംഖനാദേന വിദ്വിഷാം വദനച്ഛവിം
വിജയാശുന്നയൻദദ്യാൽ ജയം വിജയസാരഥിഃ ൩

കൌരവാധൎമ്മഘാതായ തുരഗാഗമസഞ്ചയാൻ
സ്വയം സമ്പ്രേരയൻ ദദ്യാൽ ജയം വിജയസാരഥിഃ ൪

ശ്ലഥബന്ധം പരിഭ്രാന്തം ശത്രുവ്യൂഹം സഹസ്രശഃ
രഥേന കലയൻ ദദ്യാൽ ജയം വിജയസാരഥിഃ ൫

അമോഘം ശസ്ത്രസമ്പാതം വനമാലാമിവോദ്വഹൻ
വിജയം പാലയൻ ദദ്യാൽ ജയം വിജയസാരഥിഃ ൬

ധൎമ്മപക്ഷക്ഷയക്രുദ്ധോ ഭീഷ്മസ്യാപി വധോദ്യതഃ
ധാവൻ ചക്രധരോദദ്യാൽ ജയം വിജയസാരഥിഃ ൭

ധൎമ്മസ്വരാജ്യചോരേഭ്യഃ കൌരവേഭ്യോപഹൃത്യ തൽ
ധൎമ്മായ വിതരൻ ദദ്യാൽ ജയം വിജയസാരഥിഃ ൮

വിജയസ്യന്ദനാരൂഢസ്സൂക്തിശ്രീവൈജയന്തികഃ
ജയകേതുരസൌദദ്യാൽ ജയം വിജയസാരഥിഃ ൯

M. B.

അവതാരിക

മതത്തിൻേറയും മതസ്ഥാപനങ്ങളുടേയും രക്ഷയ്ക്കും നിലനില്പിനും വേണ്ടി, വിലയേറിയ പല സൽപ്രവൃത്തികളും അനുദിനം ചെയ്തുകൊണ്ടിരിക്കുന്ന സവർണ്ണക്ഷേത്രോദ്ധാരണസമിതിയെക്കുറിച്ച് വായനക്കാർ കേട്ടിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രസ്തുത സമിതിയുടെ ഇതേവരെ ഉണ്ടായിട്ടുള്ള എല്ലാ സൽപ്രവൃത്തികൾക്കും ഒരു തങ്കത്താഴികക്കുടമായി പ്രശോഭിക്കുന്ന "മഹദഭിപ്രായങ്ങൾ" എന്ന അതിവിശിഷ്ടമായ ഈ പുതിയ പുസ്തകത്തെ ലോകസമക്ഷം സമർപ്പിക്കുന്നതിന് ഒരു അവതാരകനൊ, അവതാരികയൊ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എത്രയും സുപ്രസിദ്ധവും എത്രയും നിത്യാനുവൃത്തവുമായ ഒരു സാധാരണ കാൎയ്യമായി ഗണിക്കേണ്ടതായ ക്ഷേത്രപ്രവേശവിഷയത്തെ സാകല്യേന വിഷയീകരിച്ച്, അതിനെ പ്രതിപാദിക്കുന്ന നിരവധി മഹാന്മാരുടെ അഭിപ്രായരത്നങ്ങളെ തെരഞ്ഞെടുത്തു ശേഖരിച്ച്, അവയെ എത്രയും ഭംഗിയിൽ പരസ്പരമിണക്കിക്കോൎത്തു നിൎമ്മിച്ചിരിക്കുന്ന അനൎഘമായ ഒരു മാലയാണ് ഈ പുസ്തകമെന്നു വരുമ്പോൾ ഇതിനെ കേരളീയരുടെ ഹൃദയത്തിലണിയിക്കുവാൻ വേറെ ഒരു ഏജൻണ്ടൊ, മദ്ധ്യസ്ഥനൊ ഒരിക്കലും ആവശ്യമില്ല. പക്ഷേ, ഇന്നത്തെ നടപ്പനുസരിച്ച്, അഥവാ പുതിയ ഫാഷനനുസരിച്ച് ഏതു തരത്തിലെങ്കിലും ഒരു അവതാരിക കൂടാതെ പുസ്തകം പുറത്തിറക്കുന്നതു ഭംഗിയല്ലെന്നുള്ള വെറും ഔപചാരികമായ മനോഭാവമായിരിക്കാം സമിതിക്കാരെ ഇതിന്നായി പ്രേരിപ്പിച്ചതെന്നു വിചാരിപ്പാൻ വഴിയുണ്ട്. നടപ്പിന്ന് നിയമപ്രാമാണ്യം നൾകേണമെന്നു ശഠിക്കുന്ന സമിതിക്കാൎക്ക് ഇതിനെ അവഗണിപ്പാനും നിവൃത്തിയില്ലല്ലോ! എന്നാൽ ഈ ജോലി അശക്തനും അപ്രാപ്തനുമായ ഈ സാധുസമുദായവിധേയൻെറ തലയിൽത്തന്നെ കെട്ടിവെപ്പാൻ തീരുമാനിച്ചതിൻെറ രഹസ്യമാണു മനസ്സിലാവാതിരിക്കുന്നത്. അപ്രാപ്തിക്കും അപരിചയത്തിന്നും പുറമെ, വേറെ പല പണിത്തിരക്കുകളും കൂടിയുള്ള എന്നെ തെരഞ്ഞെടുത്ത് ഈ വലിയ ഭാരം തലയിൽ ചുമത്തി, വഹിക്കാതെ കഴികയില്ലെന്നു നിൎബ്ബന്ധിച്ചാൽ തല കുനിക്കുകയല്ലാതെ ഗത്യന്തരമില്ലല്ലൊ. ഇതും ഒരു സമുദായസേവനമെന്നേ ഞാൻ കരുതുന്നുള്ളു. അവതാരികക്കു തന്നെ ഒരു അവതാരികയായി ഇത്രയും പ്രസ്താവിച്ചുകൊണ്ടു വിഷയത്തിലേക്കു പ്രവേശിച്ചുകൊള്ളട്ടെ.

മതതത്വം, ധമ്മശാസ്ത്രം, നിയമസിദ്ധാന്തം, നടപ്പു് ഈ നാലു വഴിക്കായാലും തീരെ അസാദ്ധ്യവും അനൎഹവും അപായകരവുമായ ഒരു വിപ്ലവമാണു് അധഃസ്ഥിതരുടെ ക്ഷേത്രപ്രവേശമെന്ന സംഗതി പ്രത്യക്ഷരം തെളിയിക്കുകയും, അതു് ഇപ്പോഴും അപ്രതിഷേദ്ധ്യമായ നിലയിൽത്തന്നെ നിലനില്ക്കുയും ചെയ്യുന്നു എന്നു പ്രസ്താവിപ്പാൻ അശേഷം സംശയിക്കേണ്ടതില്ല. ഒരു കൂട്ടം പാതിരിമാരുടെ പ്രസംഗം പോലെ ഒരു സംഗതിക്കു് പകരം വേറെ നാലു സംഗതികൾ പറഞ്ഞു് സാധാരണന്മാരുടെ മനസ്സിൽ പകപ്പുണ്ടാക്കുന്ന നയമാണു് ക്ഷേത്രപ്രവേശവാദികൾ ഇന്നും അംഗീകരിച്ചുകൊണ്ടിരിക്കുന്നതു്. ആകപ്പാടെ അവൎക്കുള്ള അസ്സൽ മുതൽ—അതായതു് വാദമുഖങ്ങൾ—നാലേ നാലെണ്ണം മാത്രമാണു്. അധഃസ്ഥിതരെ സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുന്നതിനുള്ള ന്യായങ്ങൾ (1) അധഃസ്ഥിതർ ഹിന്ദുക്കളാണു്. (2) അധഃസ്ഥിതരുടെ ക്ഷേത്രപ്രവേശത്തിനു് അനുകൂലമായ ഭൂരിപക്ഷമുണ്ടു്. (3) ക്ഷേത്രപ്രവേശമുള്ളവർ തന്നെ അവൎക്കുള്ള അധികാരാവകാശങ്ങളെ ദുരുപയോഗപ്പെടുത്തി ക്ഷേത്രങ്ങളെ താറുമാറാക്കുന്നു. (4) സമുദായത്തിലും രാഷ്ട്രത്തിലും കൂട്ടുകെട്ടു ഉറയ്ക്കണമെങ്കിൽ അധഃസ്ഥിതരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കണം' ഇവയാണു്. ഇവയല്ലാതെ ഒരു ഒററ സംഗതി പോലും ഇന്നേവരെ അവരുടെ മുഖത്തുനിന്നും പുറപ്പെട്ടിട്ടില്ല. എന്നാൽ മുൻപ്രസ്താവിച്ച നാലു സംഗതികളിൽ സ്വല്പമെങ്കിലും ചിന്തിപ്പാൻ അൎഹതയുള്ളതു് ആദ്യത്തെ ഒററ സംഗതി മാത്രമാണു്. അതാണു് എതിൎകക്ഷിക്കുള്ള പ്രധാനസംഗതിയും. എന്തുകൊണ്ടെന്നാൽ, അധഃസ്ഥിതർ ഹിന്ദുക്കളായതുകൊണ്ടുതന്നെയാണു് ക്ഷേത്രപ്രവേശത്തിനു് അനൎഹരായിത്തീൎന്നതു്. എന്നു വെച്ചാൽ ഹിന്ദുക്കളായ അധഃസ്ഥിതർ ഹിന്ദുക്കളായിരിക്കുന്നേടത്തോളം ഹിന്ദുശാസ്ത്രങ്ങളേയും, ഹിന്ദുമതസിദ്ധാന്തങ്ങളേയും, ക്ഷേത്രധമ്മങ്ങളേയും, സമുദായസമ്പ്രദായങ്ങളേയും അനുസരിപ്പാൻ തീൎച്ചയായും അവർ ബാദ്ധ്യസ്ഥരാണു്. "അമ്മയോടുകൂടെ ഇരിപ്പാനും, അച്ഛനോടുകൂടെ മരിപ്പാനും" ഒരേ സമയത്തു സാധിക്കുകയില്ല. ശക്കരക്കു അകവും പുറവും ഉണ്ടെങ്കിൽ, പ്രമാണത്തിനും അതുണ്ടെന്നു ഞാൻ സമ്മതിക്കാം. നിഷേധങ്ങളെ നിഷേധിക്കുന്നവൻ വിധികളെ വിലവെയ്ക്കുന്നവനായിരിണം. വിധിയേയും നിഷേധത്തേയും ഒന്നുപോലെ അംഗീകരിക്കുകയാണു് പ്രമാണഗ്രന്ഥം കൊണ്ടുള്ള പ്രയോജനം. നേരേ മറിച്ചു് ഹിന്ദുനിയമങ്ങളെയും ഹിന്ദുശാസ്ത്രങ്ങളെയും അനുസരിക്കാതെയോ, അവഗണിച്ചോ ജീവിതം നയിക്കുന്ന നിരങ്കുശന്മാൎക്കു്, അല്ലെങ്കിൽ അങ്ങനെ

യുള്ള താന്തോന്നികൾക്കു തീൎച്ചയായും ഹിന്ദുസമുദായത്തിലും, ഹിന്ദുക്ഷേത്രങ്ങളിലും യാതൊരു സ്ഥാനമൊ പ്രവേശാധികാരമൊ ഇല്ലെന്നു് തുറന്നു പ്രസ്താവിക്കാം. അങ്ങനെയല്ലെങ്കിൽ, വിമതസ്ഥന്മാൎക്കും സമുദായഭ്രഷ്ടന്മാൎക്കും സമുദായനടപടികളിലാകട്ടെ, ക്ഷേത്രങ്ങളിലാകട്ടെ യാതൊരു സ്ഥാനവും ഇല്ലെന്നു് നിഷേധിക്കപ്പെട്ടിരിക്കുന്നതിന്റെ ആവശ്യമെന്തു്? അടിസ്ഥാനമെന്തു്? ഒരു രാജ്യത്തിലെ നിയമങ്ങളേയും രാജശാസനങ്ങളേയും അനുസരിക്കാതെ ഒരു ആൾക്കു് എത്ര കാലം ആ രാജ്യത്തിലെ പ്രജയായി ഇരിപ്പാൻ സാധിക്കും? നിയമങ്ങളേയും, നടപ്പുകളേയും, പരസ്പരനിബദ്ധങ്ങളായ ധൎമ്മങ്ങളേയും നിശ്ശേഷം അവഗണിച്ചും അവയെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ ചുട്ടുകരിച്ചും വെറും സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞു് നിരങ്കുശന്മാരും, നിൎല്ലജ്ജന്മാരുമായി ജീവിപ്പാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മനുഷ്യരാക്ഷസരെ നോക്കിയാണു്—"സത്യധൎമ്മാദി വെടിഞ്ഞീടിന പുരുഷനെ ക്രുദ്ധനാം സൎപ്പത്തേക്കാളേററവും പേടിക്കേണം" എന്നു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് അധഃസ്ഥിതരായാലും ശരി, ഉപരിസ്ഥിതരായാലും ശരി അവർ ഹിന്ദുക്കളാണെങ്കിൽ—അതായതു് മനുവിനെ മനുഷ്യവംശകൂടസ്ഥനായി സ്ഥാപിച്ചു് മനുപ്രഭൃതികളായ മഹാന്മാരാൽ സ്ഥാപിതമായ വൎണ്ണാശ്രമസമ്പ്രദായത്തെ അനുസരിച്ചു് ജീവിതം നയിച്ചുപോരുന്നവരോ, അങ്ങനെ പോരേണ്ടവരൊ ആയ ഭാരതീയ സനാതനികളാണെങ്കിൽ തീൎച്ചയായും ധൎമ്മശാസ്ത്രങ്ങൾ, ആഗമങ്ങൾ, സൂത്രങ്ങൾ, തന്ത്രവിധികൾ, ഇതിഹാസങ്ങൾ, വേദങ്ങൾ ഇവയെ പ്രമാണഗ്രന്ഥങ്ങളായി സ്വീകരിക്കാതേയും, അനുസരിക്കാതേയും ഗത്യന്തരമില്ല. ഇങ്ങനെ ആയാൽ മാത്രമെ ഹിന്ദുക്കൾ ഹിന്ദുക്കളാണെന്നു അഭിമാനിക്കുന്നതിലും വാദിക്കുന്നതിലും വല്ല വിലയുമുണ്ടാവാൻ വഴിയുള്ളു. മറിച്ചാണെങ്കിൽ ഇന്നത്തെ ഹിന്ദുക്കൾ വെറും വെള്ളിക്കോലുകളും കടലാടികളും മാത്രമാണു്. ഹിന്ദുക്കൾ സംഗതിവശാൽ രണ്ടു വിധത്തിൽ ഉണ്ടായിത്തീൎന്നിട്ടുണ്ടു്. എന്തുവെച്ചാൽ, ഒരു സമുദായവുമായിച്ചേൎന്നു് അതിന്റെ അന്തഃശ്ശക്തിയുമായി യോജിച്ചു് അതിലെ അംഗങ്ങളായി നിലനില്ക്കുന്നവരും, അതിന്നു അൎഹതസിദ്ധിക്കുന്നവരും രണ്ടു തരത്തിലുണ്ടെന്നു സാരം. അവയിൽ ഒന്നു മതവും, മറെറാന്നു നിയമവുമാണു്. മതപ്രകാരം, അതായതു മതധൎമ്മങ്ങൾപ്രകാരം ജന്മനാഹിന്ദുക്കളായിത്തീൎന്നവരും, നിയമങ്ങൾ വഴിയായി—അതായതു് രാഷ്ട്രീയമായ ശക്തിയെ അവലംബമാക്കി നിൎമ്മിക്കപ്പെടുന്ന വെറും ലൌകികവും സാമ്പത്തികവുമായ

നിയമത്തെ ആശ്രയിച്ച് സമുദായപരിധിയിൽനിന്നും പുറത്തു പോകാതെ അതിനുള്ളിൽ തന്നെ ബലം പിടിച്ച് നില്ക്കുന്നവരും. ഇതാണ് ഇന്നത്തെ സനാതനഹിന്ദുക്കൾക്കും, നിയമനിർമ്മാണം വഴി ഉണ്ടായിത്തീർന്നിട്ടുള്ള രാഷ്ട്രീയഹിന്ദുക്കൾക്കും തമ്മിലുള്ള വ്യത്യാസവും. ക്രിസ്തുമതം, മുഹമ്മതുമതം, ബുദ്ധമതം ഇവയിൽ കാണപ്പെടുന്ന രണ്ടു പ്രധാന വിഭാഗങ്ങൾപോലെയാണ് ഹിന്ദുമതത്തിലും ഇക്കാലം സനാതനഹിന്ദുക്കൾ, രാഷ്ട്രീയഹിന്ദുക്കൾ (കൃത്രിമഹിന്ദുക്കൾ) എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ വന്നു സംഭവിച്ചിരിക്കുന്നത്. ഇവയെ ഒന്നാക്കിത്തീർക്കേണ്ടതു് ആവശ്യമായിരിക്കാമെങ്കിലും അതു് ഇനി സാദ്ധ്യമാണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, ആഭ്യന്തരമായ സത്വശുദ്ധി, സംസ്കാരം, ആത്മചൈതന്യം ഇവയെ മനുഷ്യസമുദായത്തിന്റെ വളച്ചയ്ക്കുള്ള മൂലസാധനങ്ങളൊ, അഥവാ മാനദണ്ഡങ്ങളൊ ആക്കി അംഗീകരിച്ചിട്ടില്ലാത്ത അന്യമതസ്ഥന്മാരിൽ പോലും ഉണ്ടായിത്തീർന്നിരിക്കുന്ന ഈ വ്യത്യസ്തസമ്പ്രദായക്കാരെ ഇനിയും ഒന്നാക്കിത്തീർക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ, എന്നല്ല സാധിക്കുന്നുമില്ലെങ്കിൽ മേൽപ്രസ്താവിച്ച ആദ്ധ്യാത്മികങ്ങളായ മൂലസാധനങ്ങളെത്തന്നെ സർവ്വത്തിലും മർമ്മസ്ഥാനങ്ങളാക്കി സ്വീകരിച്ചിരിക്കുന്ന ഹിന്ദുസമുദായത്തിലെ ഈ പിളപ്പിനെ ഒന്നാക്കിത്തീക്കുന്ന കാര്യം തീർച്ചയായും സുസാദ്ധ്യമല്ല. വിളംബസാദ്ധ്യവുമല്ല. അത്രമാത്രം അവ അകലുക കഴിഞ്ഞിരിക്കുന്നു. ഇനി ഈ വിഷയത്തിൽ ഒന്നേ ചിന്തിച്ചിട്ടാവശ്യമുള്ളൂ. അതു് ഈ രണ്ടു വകക്കാരെയും തമ്മിൽ കലർത്താതെ സൂക്ഷിക്കുക. എന്നു വെച്ചാൽ, ആസ്തികന്മാരും ധർമ്മാചാരനിരതന്മാരുമായ സനാതനികളെ, അതേ സ്ഥാനത്തുതന്നെ കുറേക്കൂടി ഉറപ്പിച്ചു നിർത്തുക എന്നു സാരം. ഇതു സാധിക്കേണമെങ്കിൽ പല സംഗതികളും നടപ്പിൽ വരുത്തി ഉറപ്പിക്കേണ്ടതായിട്ടുണ്ടു്. അവയിൽ പ്രധാനതമവും അപരിഹാര്യവുമായ ഒന്നാണ് ക്ഷേത്രസംരക്ഷണം. അതായതു് അന്തിമസ്ഥാനങ്ങളായ ക്ഷേത്രങ്ങളെ എങ്കിലും സത്വശുദ്ധിയോടും, സ്വത്വയോഗ്യതയോടും കൂടി അസമന്മാരും അനർഹന്മാരുമായ അധഃസ്ഥിതരുടെ സംസർഗ്ഗത്തിൽനിന്നും സംരക്ഷിക്കുക എന്നു സാരം. ഇതാണു് ഇന്നത്തെ സനാതനികളുടെ ഏകലക്ഷ്യം. ഇതിലേക്കാണു് അവർ പ്രാണൻ കളഞ്ഞും പ്രയത്നിക്കുന്നതു്. ഈ ഗംഭീരപ്രയത്നത്തിൽ അവരുമായിച്ചേർന്നു കേരളം മതധർമ്മങ്ങളെ രക്ഷിപ്പാൻ ഇങ്ങനെയെങ്കിലും പരിശ്രമിക്കുന്നതു വലിയ കാര്യമാണു്. എന്നല്ല അഭിമാനകരവുമാണു്. ഈ പരിശ്രമത്തിന്റെ

ഒരു പ്രധാനഫലമാണ് പ്രസ്തുത പുസ്തകമെന്നു ഞാൻ സന്തോഷത്തോടും അഭിമാനത്തോടും കൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ഉപ്പുമയമായ സമുദ്രത്തിൽ ചില ഭാഗത്തുനിന്നും പരിശുദ്ധമായ ജലം ഉറവെടുക്കുന്നതു നാം കാണുന്നുണ്ട്. അപ്രകാരംതന്നെ എത്രയും വൃത്തിഹീനമായ കുപ്പയിൽനിന്നും ചിലപ്പോൾ ചില കുമ്പളത്തെ മുളച്ചു വളന്നു് ഫലസമൃദ്ധമായിത്തീരുന്നതും നാം കാണുന്നുണ്ട്. അതുപോലെ ചീത്തയിൽനിന്നും ചിലപ്പോൾ നല്ലതുണ്ടായിക്കൂടെന്നില്ല. ക്ലേശങ്ങളും ഉപദ്രവങ്ങളും നിമിത്തം സങ്കടപ്പെടുന്ന ഹൃദയത്തിൽ അങ്ങനെയുള്ള സങ്കടങ്ങൾ കേവലം സ്വയം കൃതാനത്ഥങ്ങളല്ലെങ്കിൽ അഭിജ്ഞതാവും ശാന്തിയും ഉണ്ടാകുന്നതു സ്വാഭാവികമാണ്. അതുപോലെ ഇന്നത്തെ സമുദായപരിഷ്കാരികളുടെ, അഥവാ അവരുടെ നേതാവായ ഗാന്ധിജിയുടെ അധാമ്മികവും മതവിരുദ്ധവുമായ പ്രക്ഷോഭണം സനാതനമതത്തിന്നും മതസ്ഥാപനങ്ങൾക്കും, എന്നല്ല ഇന്ത്യക്കു് ഒട്ടാകെത്തന്നെയും ഒരു വലിയ നന്മക്കു് കാരണമായിത്തീന്നുവെന്നു പറഞ്ഞാൽ അതൊരിക്കലും അവാസ്തവമാവുന്നതല്ല. മതത്തേയും ധമ്മത്തേയും കുറിച്ച് ഇത്രമാത്രം ശക്തിയോടുകൂടിയ ഒരു ഉണച്ച് ഇതിന്നു മുമ്പു് ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ഭരണകർത്തൃത്വമുള്ള ഒരു ഗവമ്മേണ്ടിൻെറ ശ്രദ്ധയേയും ഇത്ര ശക്തിയോടെ ഭരണീയന്മാരുടെ മതകായ്യങ്ങളിൽ ആവജ്ജനം ചെയ്യിപ്പിച്ചിട്ടുണ്ടോ എന്നും സംശയമാണ്. ഇതിലുമധികം ധമ്മരക്ഷയ്ക്കനുകൂലമായ ഒരു കാററു് ഭാരതീയാന്തരീക്ഷത്തിൽ ഇതിന്നു മുമ്പു വീശുകയുണ്ടായിട്ടില്ല. ഇതാണ് ഗാന്ധിജിയുടേയും കൂട്ടകാരുടേയും മതവിരുദ്ധമായ ഉദ്യമംകൊണ്ടു് ഉണ്ടായിത്തീന്നതു്! അങ്ങനെയുള്ള ഫലങ്ങളിൽ ഒന്നാണ് തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശാന്വേഷണക്കമ്മററിയെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ അനഘമായ പുസ്തകവും, "സനാതനഹിന്ദുപത്രവും" കേരളസനാതനഹിന്ദുസഭ, കേരളധമ്മസ്ഥാപനസഭ, സവണ്ണക്ഷേത്രോടമസ്ഥസമിതി മുതലായവയും ഇതിൽനിന്നുണ്ടായ പ്രധാനഫലങ്ങളാണ്. ക്ഷേത്രപ്രവേശത്തെക്കുറിച്ച് ഇങ്ങനെ ഒരു സാഹിത്യം ഉണ്ടായിത്തീന്നതു് വലിയ അനുഗ്രഹമാണ്. അറിയേണ്ടതും പഠിക്കേണ്ടതുമായ അനവധിയനവധി അനഘങ്ങളായ തത്വരത്നങ്ങൾ ഈ സാഹിത്യസമുദ്രത്തിൽ മുങ്ങിക്കിടപ്പുണ്ട്. അവയെ എടുക്കുവാനും ഹൃദയത്തിൽ അണിയുവാനും ഈ പുസ്തകം ഒരു ഉപകരണമായിത്തീന്നതും, അങ്ങനെ ആക്കിത്തീത്തതും ഒരു കാലത്തും മറക്ക

ഢാൻ പാടില്ലാത്ത ഒരു ദിവ്യാനുഗ്രഹമാണ്. ഇതിന്നിടയാക്കിത്തീൎത്ത സവൎണ്ണക്ഷേത്രോടമസ്ഥസമിതിക്കാരെ എത്ര തന്നെ ശ്ലാഘിച്ചാലും അധികമാവുകയൊ അവസാനിക്കുകയൊ ഇല്ല. അവർ അചിരേണ ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗവും പ്രസാധനം ചെയ്തു് കേരളത്തെ അനുഗ്രഹിക്കുമെന്ന് ഞാൻ സോൽക്കണ്ഠം ആശിക്കുന്നു.

പ്രസ്തുത പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം ക്ഷേത്രപ്രവേശത്തിന്ന് അധഃസ്ഥിതൎക്ക് അധികാരവും അവകാശവുമുണ്ടൊ എന്നും, അങ്ങനെ ഉണ്ടാവാമൊ എന്നും ഉള്ളതാണ്. ഇതിനെ സംബന്ധിച്ച് ഇതിലും കൂടുതലായി വിലവെക്കത്തക്ക അഭിപ്രായങ്ങളെ തെരഞ്ഞെടുപ്പാനൊ, ശേഖരിപ്പാനൊ ഇല്ല. ഓരോരുത്തരുടെ അഭിപ്രായവും അതാതിന്റെ സ്ഥാനത്ത് ശ്രേഷ്ഠതയെ ആവഹിക്കുന്നവയാണെന്നതിൽ വാദമില്ല. അവയിൽ ഓരോന്നും എടുത്തു ഉദാഹരിക്കുന്നതു തീരെ അനാവശ്യമായതുകൊണ്ടു ഞാൻ അതിന്നു ശ്രമിക്കുന്നില്ല. അച്ചടിയുടെ കാൎയ്യത്തിൽ സുപ്രസിദ്ധി നേടിയ മംഗളോദയം പ്രസ്സുകാരാണ് ഈ പുസ്തകവും അച്ചടിച്ചതെങ്കിലും, രണ്ടാംഭാഗത്തിൽ ഇത്ര വളരെ അച്ചടിപ്പിഴവുകൾ സംഭവിക്കാതെ സൂക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ ഓരോ ഹിന്ദുവിന്റേയും ഗൃഹത്തിൽ ഈ പുസ്തകത്തിന്റെ ഓരോ പ്രതിയെങ്കിലും വാങ്ങി സൂക്ഷിക്കേണ്ടതും, വായിച്ചു പഠിക്കേണ്ടതുമാണെന്നു സാദരം പ്രസ്താവിക്കുകയും, സവൎണ്ണോടമസ്ഥസമിതിയുടെ അവസരോചിതമായ ഈ ഉത്തമകൃത്യത്തെ ഹാൎദ്ദമായി ശ്ലാഘിക്കുകയും ചെയ്തുകൊണ്ടു ഈ പുസ്തകത്തെ ഞാൻ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഗുരുവായൂർ,
9—4—1109

പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ചൻ.

പ്രസ്താവന.

മഹാത്മാഗാന്ധിയുടേയും മിസ്റ്റർ കേളപ്പന്റേയും നിരാഹാരവ്രതത്തെത്തുടൎന്നു ക്ഷേത്രപ്രവേശപ്രക്ഷോഭമാകുന്ന ഒരു ചണ്ഡമാരുതൻ ഭാരതഭൂമിയുടെ ഉത്തരധ്രുവം മുതൽ ദക്ഷിണധ്രുവം വരെ ആഞ്ഞടിക്കുവാൻ തുടങ്ങിയതും ആ ആവൎത്തമാരുതനിൽ പെട്ട് ഇതികൎത്തവ്യതാമൂഢമായിത്തീൎന്ന തിരുവിതാംകൂർ ഗവൎമ്മെന്റ് ഒരു കമ്മററിയെ നിയമിച്ചതും സുപ്രസിദ്ധമായ സംഗതിയാണല്ലോ. ക്ഷേത്രസ്ഥാപനകാലം മുതൽ നടന്നു വരുന്ന ക്ഷേത്രാചാരനടവടികൾ ഒരു കൂട്ടരെ അടിച്ചമൎത്തണമെന്നുള്ള ദുരുദ്ദേശത്തിൽനിന്നും ഉൽഭൂതങ്ങളല്ലെന്നും അവ സപ്രമാണങ്ങളും സയുക്തികങ്ങളും ആണെന്നും ആ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിയുടേയും ലോകരുടേയും സമക്ഷം പ്രത്യക്ഷമാക്കുക മാത്രമാണ് ഈ മഹദഭിപ്രായക്രോഡീകരണത്തിന്റെ പരമോദ്ദേശം. അല്ലാതെ ഒരു വ്യക്തിയേയോ, സംഘത്തേയോ, വൎഗ്ഗത്തേയോ, സമുദായത്തേയോ, ദൂഷിക്കുകയൊ, നിരസിക്കുകയൊ അല്ലെന്നു സപ്രശ്രയം മഹാജനങ്ങളെ അറിവിച്ചുകൊള്ളുന്നു. മറെറാരുദ്ദേശം നിൎമ്മത്സരബുദ്ധ്യാ ഇതിനെ ലോകർ പാരായണം ചെയ്യണമെന്നുള്ളതാണ്. "മനുഷ്യന്റെ ആത്മാവു മതമാണ്. മതത്തിന്റെ കീഴിലാണു മനുഷ്യൻ. മതം മനുഷ്യന്റെ കീഴിലല്ല. അന്നം നശിച്ചാലിരക്കാം; ആത്മാവു നശിച്ചാൽ ഗതിയില്ല" ഇത്യാദി വിചാരപരമ്പരകളാണു ഞങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ അച്ചടിയിലും മററും വന്നുപോയിട്ടുള്ള തെററുകളെത്തിരുത്തി വായിക്കണമെന്നുള്ളതാണ് മഹാജനങ്ങളോടുള്ള ഞങ്ങളുടെ അപേക്ഷ. "മൎമ്മത്തിൽ തട്ടിയാലാക്കം ജീവനാഡി പിടച്ചിടും" എന്ന മഹദ്വചനതത്വം മറക്കരുതെ!

അങ്കമാലി, എന്നു,

20—8—1109. സമിതിപ്രവൎത്തകന്മാർ.

വിഷയവിവരം.

		ഭാഗം മുതൽ	ഭാഗം വരെ
	തിരുവിതാംകൂർ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിയുടെ പ്രശ്നാവലിയും വെങ്കടേശപരശർമ്മയുടെ സമാധാനവും.	൧	൬൨
	540 പേർ ഒപ്പിട്ടയച്ച സമാധാനം.	൬൪	൭൬
	കെ. ജി. ശേഷയ്യരുടെ സമാധാനം.	൭൭	൮൬
	ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററി മുമ്പാകെ സവർണ്ണർ സമർപ്പിച്ച സ്റ്റേററുമെൻറ്.	൮൭	൯൯
	പന്തൽവൈദികൻ പരമേശ്വരൻനമ്പൂതിരിയുടെ സംക്ഷിപ്തമായ സമാധാനം.	൧൦൦	൧൦൨
	തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുമുമ്പാകെ സവർണ്ണഹിന്ദുക്കൾ നിവേദിപ്പിച്ച മെമ്മോറിയൽ.	൧൦൪	൧൧൦
	അസ്പൃശ്യതയും ക്ഷേത്രപ്രവേശനവും.	൧൧൦	൧൨൦
	സാമൂതിരിമഹാരാജാവിന്റെ പ്രശ്നങ്ങൾ.	൧൨൧	
	സാമൂതിരിമഹാരാജാവിന്റെ പ്രശ്നങ്ങൾക്കുള്ള സമാധാനങ്ങൾ.		
1.	ചെറുമുക്കിൽ വൈദികൻ വാസുദേവൻനമ്പൂതിരി.	൧൨൧	൧൨൪
2.	കിള്ളിമംഗലത്ത് നടുവത്ത് മഹാമഹോപാദ്ധ്യായൻ നാരായണൻ നമ്പൂതിരിപ്പാട്.	൧൨൪	൧൨൫
3.	ചേന്നമംഗലം അയ്യാശാസ്ത്രികൾ.	൧൨൫	൧൨൬
4.	തിരുനാവായ വാദ്ധ്യാൻ ഏക്കര ഇട്ടിത്തായൻനമ്പൂതിരി	൧൨൬	
5.	വെള്ളയ്ക്കാട്ടു ഭട്ടതിരി	൧൨൬	൧൨൭
6.	പൂവൊള്ളി മനയ്ക്കൽ മൂപ്പിൽ സ്ഥാനം ത്രിവിക്രമൻ നമ്പൂതിരിപ്പാട്.	൧൨൭	൧൨൯
7.	എ. കെ. ടി. കെ. എം. നാരായണൻ നമ്പൂതിരിപ്പാട്.	൧൨൯	൧൪൦
8.	സി. മാനവിക്രമരാജാവവർകൾ.	൧൪൦	
9.	കോഴിക്കോട്ടു എടത്രപ്പാട്ട് രാജാ.	൧൪൦	൧൪൧
10.	മരനാട്ട് മന സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്	൧൪൧	൧൪൨
11.	ഒരു മാന്യൻ.	൧൪൨	൧൪൪
12.	പുരുഷോത്തമൻ നമ്പൂതിരി.	൧൪൪	൧൪൫
13.	മന്ദ്യത്തില്ലത്തു വാസുദേവൻ ഭട്ടതിരി.	൧൪൫	൧൪൭
14.	കോട്ടയം വീരവർമ്മ വലിയ രാജാവവർകൾ.	൧൪൮	൧൪൯
15.	വെള്ളുവനാട്ടുകര വല്ലഭരാജാവവർകൾ.	൧൪൯	൧൫൦
16.	ഈങ്ങാക്കാട്ടു പരമേശ്വരൻ നമ്പൂതിരിപ്പാട്.	൧൫൦	൧൫൧
17.	തെക്കേടത്തു നായര് എന്ന കോമത്തുന്നവൻ.	൧൫൧	൧൫൩
18.	അവണപ്പറമ്പു മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട്.	൧൫൩	

19. ത്രിനേത്രൻ എന്ന് നാമധേയമായ വലിയ തമ്പ്രാക്കൾ.	൧൫൨	൧൫൩
20. പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ.	൧൫൩	
21. കോഴിക്കോട്ട് മൂന്നാംമുറ രാജാവവർകൾ.	൧൫൩	൧൫൪
22. നെടത്രാമ്പിരി രാജാവവർകൾ.	൧൫൪	
23. ഇ. പരമേശ്വരൻ നമ്പൂതിരിപ്പാട്.	൧൫൪	൧൫൫
24. കതിരവട്ടത്തു നായർ.	൧൫൫	
25. തളിയിൽ പരമേശ്വരൻ തിരുമുമ്പ്.	൧൫൬	
26. ഗോവിന്ദൻ തിരുമുമ്പ്.	൧൫൬	൧൫൭
27. വാസുദേവൻ നമ്പൂതിരി.	൧൫൭	
28. മണ്ണിലേടത്തു ചാപ്പുണ്ണി എന്ന് നാമധേയമായ വലിയ നായർ.	൧൫൮	
29 കൊടുങ്ങല്ലൂർ ഗോദവർമ്മ രാജാവവർകൾ.	൧൫൮	
30. അനന്തകൃഷ്ണശാസ്ത്രി.	൧൫൯	൧൬൫
31. വിദ്വാൻ പൊല്ലാക്കര ദാമോദരൻ നമ്പൂതിരിപ്പാട്.	൧൬൫	൧൬൭
പൊതുജനാഭിപ്രായം.	൧൬൯	൨൨൭
ബിംബാരാധനയും അസ്പൃശ്യതയും.	൨൨൯	൨൩൩
മാളവ്യാജി ക്ഷേത്രപ്രവേശനബില്ലിനെ എതിർക്കുന്നു.	൨൩൩	൨൩൯
ഹിന്ദുക്കളുടെ ക്ഷേത്രങ്ങളും, ക്ഷേത്രാരാധനയും.	൨൩൯	൨൪൭
അസ്പൃശ്യതയും ക്ഷേത്രപ്രവേശനവും.	൨൪൭	൨൬൦
ക്ഷേത്രപ്രവേശനക്ഷോഭം	൨൬൦	൨൬൧
ക്ഷേത്രപ്രവേശനബിൽ	൨൬൨	൨൬൪
വേദങ്ങളും അയിത്തവും	൨൬൪	൨൬൮
അവർണ്ണരെപ്പറ്റി വേദങ്ങളിൽ കാണുന്ന പ്രസ്താവന	൨൬൮	൨൭൧
ഗാന്ധിജിയുടെ 'പൊള്ള'യായ വാദം	൨൭൧	൨൭൭
ഒരു നിവേദനം	൨൭൭	൨൮൦
വൈസ്രോയിയോടുള്ള ഒരപേക്ഷ	൨൮൦	൨൮൫
സനാതനികൾ ക്ഷേത്രപ്രവേശനത്തെ തടയുന്നതെന്ത്?	൨൮൫	൨൯൦
സ്വരാജ്യമോ ബ്രാഹ്മണവധമോ?	൨൯൦	൨൯൪
ഒരു വിജ്ഞാപനപത്രം	൨൯൪	൨൯൮
അതു ക്രൂരതയല്ലേ?	൨൯൮	൩൦൧
വർണ്ണാശ്രമസ്വരാജ്യസംഘത്തിന്റെ നിവേദനം	൩൦൧	൩൧൦
ക്ഷേത്രപ്രവേശനനിയമത്തിന്റെ തെറ്റ്	൩൧൦	൩൧൫
മതവും രാജ്യാധികാരികളും	൩൧൫	൩൨൧
നവീകരണക്കാരുടെ ഗതി	൩൨൧	൩൨൫
ധർമ്മമാകുന്ന മാർഗ്ഗത്തിൽക്കൂടി പോകുക!	൩൨൫	൩൪൧
ജീവനുള്ള സ്വരാജ്യമാണു ആവശ്യമുള്ളതു്!	൩൪൧	൩൪൬
നിയമത്താൽ സ്ഥാപിച്ച മതസമഭാവം ആവശ്യമുണ്ട്	൩൪൬	൩൪൯
ഒരു പരസ്യക്കത്ത്	൩൪൯	൩൫൨
ഗാന്ധിജി അന്നും ഇന്നും.	൩൫൨	൩൫൫

ഇതിനു സമാധാനം പറയാമോ? ൩൫൬ ൩൫൭
മി. ഗാന്ധിയെപ്പററിയുള്ള പ്രഹേളികയുടെ ഒരു വ്യാഖ്യാനം. ൩൫൭ ൩൬൪
ഒരു കത്തു്. ൩൬൫
മഹാത്മാഗാന്ധിക്കുള്ള ഒരു പരസ്യക്കത്തു്. ൩൬൬ ൩൮൨
മി. ഗാന്ധിക്കു ഒരു പ്രത്യുത്തരപത്രം. ൩൮൪ ൩൯൯

(സ. സമിതി)

"എനിക്കു തോന്നുന്നതു ഞാനാരാഞ്ഞാം" ൩൯൯ ൪൦൦
ക്ഷേത്രപ്രവേശനബില്ലു് (നിയമപദ്ധതി) ൪൦൦ ൪൦൫
ഒരു കുറിപ്പു് ൪൦൫
ഗാന്ധിജിയും ശാസ്ത്രങ്ങളും. ൪൦൬ ൪൦൭
കേൾക്കുക, ആലോചിക്കുക, പിന്നെ കുററം പറയുക. ൪൦൭ ൪൧൮
ക്ഷേത്രപ്രവേശനവും അയിത്തോച്ചാടനവും. ൪൧൯ ൪൨൦
ഒരു മറുവടി. ൪൨൦ ൪൨൧
കൊല്ലങ്കോട്ടു രാജാവിന്റെ കത്തു്. ൪൨൧ ൪൨൫
തിരുവിതാംകൂർ ക്ഷേത്രപ്രവേശനാന്വേഷണ
കമ്മററിയുടെ ശ്രദ്ധക്കു. ൪൨൫ ൪൨൬
നിയമാധീനമായ അവകാശം. ൪൨൮ ൪൬൫

ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിയുടെ പ്രശ്നാവലിയും സമാധാനവും. *

1. ചോദ്യം:— ഹിന്ദുക്കളിൽ ഏതേതു വർഗ്ഗക്കാരെ അല്ലെങ്കിൽ സമുദായക്കാരെ സവർണ്ണഹിന്ദുക്കളായും ഏതേതു വർഗ്ഗക്കാരെ അല്ലെങ്കിൽ സമുദായക്കാരെ അവർണ്ണഹിന്ദുക്കളായും ഗണിച്ചുപോരുന്നു?

ഉത്തരം:— ഹിന്ദുക്കളിൽ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദികളിൽ ഉൾപ്പെടുന്ന വർഗ്ഗക്കാരെ സവർണ്ണരായും അതിൽ ഉൾപ്പെടാത്തവരെ അവർണ്ണരായും ഗണിക്കുന്നു. ആശാരി, കൊല്ലൻ, വാളൻ, വേലൻ, മണ്ണാൻ, ഈഴവൻ, വാലൻ, മരസ്സാൻ, അരയൻ, പുലയൻ, പറയൻ, ഉള്ളാടൻ ഇവരും, വിവാഹാദി ബന്ധങ്ങളാലും സഹപാനഭോജനാദികളാലും ഇവരുമായി കൂടിക്കഴിയുന്ന മററുള്ളവരും അവർണ്ണരാകുന്നു. വർണ്ണസംസ്കാരം സിദ്ധിക്കാത്തവർ അവർണ്ണർ. സവർണ്ണരിൽനിന്നു് ദുരാചാരങ്ങളാൽ ബഹിഷ്കൃതന്മാരും അവർണ്ണരിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു.

2. ചോദ്യം:— ഇപ്പോൾ സവർണ്ണഹിന്ദുക്കൾക്ക മാത്രം പ്രവേശമുള്ള ഈ രാജ്യത്തിലെ എല്ലാമോ ഏതെങ്കിലുമോ ക്ഷേത്രങ്ങളിൽ സവർണ്ണഹിന്ദുക്കൾക്കു് (എ) മററു ഹിന്ദുക്കളെ ഒഴിച്ചു തങ്ങൾക്ക മാത്രമായുള്ള ആരാധനാവകാശമൊ (ബി) അപ്രകാരമുള്ള ആരാധനാ സംബന്ധിച്ചു് അംഗീകരിക്കപ്പെടാവുന്ന വല്ല നിയമാധീനമായ (സിവിൽ) അവകാശങ്ങളൊ ഉണ്ടോ? അപ്രകാരമുള്ള അവകാശത്തെ അംഗീകരിച്ചുള്ള കോടതികളുടെ തീരുമാനങ്ങൾ ഉണ്ടെങ്കിൽ അവയെ വിവരിക്കുക.

ഉത്തരം:— ഇപ്പോൾ സവർണ്ണഹിന്ദുക്കൾക്കമാത്രം പ്രവേശനമുള്ള ക്ഷേത്രങ്ങളിൽ "മററു ഹിന്ദുക്കളെ" ഒഴിച്ചല്ല "മററു ഹിന്ദുക്കളുടേയും ഏതൊരാളിന്റേയും ഉപദ്രവത്തെ" ഒഴിച്ചു്, ആരാധന നടത്താനുള്ള അവകാശം സവർണ്ണഹിന്ദുക്കൾക്കുണ്ടു്.

(എ) മററു ഹിന്ദുക്കൾ നില്ക്കാനുള്ള സ്ഥാനത്തെ കടന്നുകേറിയൊ അവർ ആരാധിച്ചു വരുന്ന രീതിയെ ഭേദപ്പെടുത്തിയോ ക്ഷേത്ര

* പ്രശ്നാവലി തിരുവിതാംകൂർ ഗസററിൽനിന്നെടുത്തിട്ടുള്ളതും സമാധാനം അമ്പലപ്പുഴ, സ്വാമിയാർമഠം വെങ്കടേശശർമ്മയുടേതും ആണു്.

മൎയ്യാദകൾക്കു വ്യതിക്രമം നേരിടത്തക്ക നടവടികൾകൊണ്ടു് ഉണ്ടാകാവുന്ന ദോഷങ്ങളിൽനിന്ന് ക്ഷേത്രത്തേയും, അവരവരേയും രക്ഷിച്ചുകൊൾവാൻ സവൎണ്ണൎക്കു പൂൎണ്ണമായ അവകാശവും അധികാരവും ഉണ്ടു്.

(ബി) സവൎണ്ണഹിന്ദുക്കൾക്കായി സിദ്ധിച്ചിട്ടുള്ള അവകാശം പരമ്പരാപ്രാപ്തമാകുന്നു. ക്ഷേത്രനിൎമ്മാണത്തിനു മുമ്പുതന്നെ സ്ഥിതിചെയ്യുന്നവയും ക്ഷേത്രസംസ്ഥാപനത്തിനുശേഷം നാളതുവരെയ്ക്കും അനുവൎത്തിച്ചുവരുന്നവയും ആയ ക്ഷേത്രനിയമങ്ങൾ അതിനു തെളിവുകൾ ആകുന്നു. ഋഷിപ്രോക്തങ്ങളായ പ്രമാണവചനങ്ങളാണു് ശാസ്ത്രസമ്മതി സിദ്ധിച്ചിട്ടുള്ള ഈവക നിയമങ്ങൾ. മനുസ്മൃതി, പരാശരസ്മൃതി, ഭാൎഗ്ഗവസ്മൃതി, ബൃഹസ്പതിസ്മൃതി, യാജ്ഞവല്ക്യസ്മൃതി, ശങ്കരസ്മൃതി, തന്ത്രസമുച്ചയം, ആഗമങ്ങൾ ഇവയാണു് സാധാരണ മൂലഗ്രന്ഥങ്ങൾ. "നൈതെസ്സമയമന്വിച്ഛേൽ, പുരുഷോ ധൎമ്മമാചരൻ; വ്യവഹാരോമിഥസ്തേഷാം വിവാദസ്സദൃശൈസ്സഹാ." എന്നും അതിനു വ്യാഖ്യാനമായി "ധൎമ്മാനുഷ്ഠാനസമയേ ചണ്ഡാലശ്വപചാദികൈ സ്സഹദൎശനാദി വ്യവഹാരം ന കുൎയ്യാൽ" എന്നും മനുസ്മൃതി 10-ാം അദ്ധ്യായത്തിൽ കാണുന്ന "യേസ്തൂത്തരായാംശ്വപാകസ്യ ബ്രാഹ്മണോഹ്യധിരോഹതി, തത്ര സ്നാനം പ്രകുൎവ്വീത ഘൃതം പ്രാശ്യവിശുദ്ധ്യതി" എന്നു് അംഗിരസ്സു പറയുന്നു. "ചണ്ഡാലം പതിതം ചൈവ, ദൂരതഃ പരിവൎജ്ജയേൽ." എന്നു വ്യാഘ്രപാദമഹൎഷി പറയുന്നു. "യുഗം ച ദ്വിയുഗം ചൈവ ത്രിയുഗം ച ചതുൎയ്യുഗം, ചണ്ഡാലസൂതികോദക്യാ പതിതാനാമധാക്രമാൽ."(ബൃഹസ്പതി സ്മൃതി.) ഈ ഒടുവിലത്തെ ശ്ലോകം യാജ്ഞവല്ക്യസ്മൃതി പ്രായശ്ചിത്താദ്ധ്യായം 30-ാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിലും പരാശരസ്മൃതി വ്യാഖ്യാനത്തിലും ഉദ്ധരിച്ചിട്ടുണ്ടു്. ഇതിൽനിന്നും ചണ്ഡാലനു് 4 യുഗവും, സൂതികയ്ക്കു് 3 യുഗവും, ഉദക്യയ്ക്കു 2 യുഗവും, പതിതൎക്കു 1 യുഗവും അകന്നു മാറണമെന്നു കാണുന്നു. ഇതിൽ ചണ്ഡാലന്മാർ എന്ന ഇനത്തിലാണു് അവൎണ്ണരെ ഗ്രഹിച്ചിരിക്കുന്നതു്. ഇവർ ആൎയ്യസമുദായത്തിൽനിന്നും അത്യന്തം ഭിന്നമായ ഒരു സമുദായത്തിൽപ്പെട്ടവരായിരുന്നു എന്നും പ്രാണിഹിംസാ, മാംസാഹാരം, മദ്യോല്പാദനം, മദ്യപാനം, അശുചി മുതലായവയാൽ ദൂഷിതരായിരുന്നു എന്നും പ്രാചീനഗ്രന്ഥങ്ങളിൽനിന്നും വെളിവാകുന്നു. "Elphinston's History of India" എന്ന പുസ്തകത്തിൽ ഇൻഡ്യയിൽ പ്രാണിഹിംസ ചെയ്തിരുന്നതു ചണ്ഡാലന്മാർ മാത്രമായിരുന്നു എന്നും അവരെ ഗ്രാമമദ്ധ്യത്തിലും നഗരമദ്ധ്യ

ത്തിലും പ്രവേശിപ്പിച്ചിരുന്നില്ലെന്നും കാണുന്നു. ഇന്നത്തെ നാല്പ്പൂലിവധം ചെയ്യുന്നവരും മീമ്പിടിത്തക്കാരും മദ്യോല്പാദകന്മാരുമായ അവർണ്ണർ അക്കൂട്ടരുടെ വംശക്കാരാണെന്നു് സ്വന്തം നടവടിയാൽ അപ്രതിഷേധ്യമായവിധം തെളിവു കൊടുക്കുന്നുണ്ടു്. ചണ്ഡാലാദികൾക്കും ഈവക ദുരാചാരങ്ങളുണ്ടായിരുന്നതിനാലല്ലാതെ ആര്യജനങ്ങൾക്കു വല്ല കുടിപ്പകയും ഉണ്ടായിരിക്കയാലല്ല അവരെ ദൂരതഃ പരിവർജ്ജിക്കാൻ പറഞ്ഞിട്ടുള്ളതു്. പതിതന്മാർ സവർണ്ണരിൽ ഒരു കാലത്തു് ഉൾപ്പെട്ടിരുന്നവരും ഭ്രഷ്ടാക്കി തള്ളപ്പെട്ടവരും ആയിരിക്കണമെന്നു് "പതിത"ശബ്ദത്തിൻെറ അത്ഥം അനുസ്മരിപ്പിക്കുന്നു. പ്രതിലോമരീതിയിലുള്ള ചില സങ്കരസന്തതികളേയും തൽക്കത്താക്കളേയും പതിതരിൽ ചണ്ഡാലതുല്യരായി ഗണിച്ചിട്ടുള്ളതിനാലാണു് അവരേയും ചണ്ഡാലർ എന്നു പറയുന്നതു്. അതല്ലാതെ അവക്കു മുമ്പു ചണ്ഡാലന്മാർ ഇല്ലെന്നു പറവാൻ പാടില്ല. പഴയ പ്രമാണങ്ങളേയും നടപ്പിലിരിക്കുന്ന ആചാരങ്ങളേയും അവലംബിച്ചു രൂപവൽകരിച്ചിട്ടുള്ള ഇന്നത്തെ "ദേവസ്വം മാനുവൽ ഹാൻഡ്ബുക്ക് പതിവ് പരിത്തരങ്ങൾ" ഇവയിൽ അവർണ്ണജാതിക്കാർ മതില്ക്കകത്തു കയറിയാൽ ക്ഷേത്രത്തിനു് അശുദ്ധിയുണ്ടെന്നും അതിനു പരിഹാരപ്രായശ്ചിത്തങ്ങൾ ഇന്ന ഇന്നവയാണെന്നും വിവരിച്ചുകാണുന്നതിൽനിന്നും ഇവരെ ബഹിഷ്കരിച്ചു നിറുത്താൻ ക്ഷേത്രാരാധകന്മാക്കൊ, ക്ഷേത്രഗുണഭോക്താക്കൾക്കൊ, ക്ഷേത്രകാര്യന്വേഷണം ചെയ്യുന്നവക്കൊ, ആക്കെങ്കിലും അധികാരം ഉണ്ടായിരിക്കുന്നതാണെന്നു സ്പഷ്ടമാണല്ലോ. തിരുവിതാംകൂർ ലാ റിപ്പോർട്ടു് 35-ാംവാല്യം 69-ാംവശത്തിൽ ഈ അവർണ്ണരിൽ ഒരു കൂട്ടരായ ഈഴവർപ്രവേശിച്ചാൽ ക്ഷേത്രത്തിന്നശുദ്ധിയുണ്ടെന്നു സംസ്ഥാനത്തിലെ ഹൈക്കോർട്ടു് വിധിച്ചിട്ടുള്ളതായി കാണുന്നു. ആലപ്പുഴ ജില്ലയിൽ 102-ൽ അസൽ 129-ാംനമ്പർ കേസിനുണ്ടായ വിധിയിൽ അവർണ്ണരായ ഈഴവർ,പറയർ, പുലയർ ഇവക്കു ക്ഷേത്രസങ്കേതത്തിൽ (മതില്ക്കുചുററുമുള്ള പരിസരപ്രദേശങ്ങളിൽ)പോലും പ്രവേശിക്കാൻ പാടില്ലെന്നും അതിനാൽ ക്ഷേത്രത്തിനു് അശുദ്ധി സംഭവിക്കുന്നതാണെന്നും വിശദമായും പ്രമാണപുരസ്സരമായും സ്ഥാപിച്ചിരിക്കുന്നു. 1912 അക്ടോബർ 25-ാംനു- ഉണ്ടായ 4905-ാംനമ്പർ ഗവമ്മെൻറു പ്രൊസീഡിംഗ്സിൽ 3-ാംഭാഗം ശുദ്ധി അടിയന്തിരങ്ങളെപ്പററി പ്രതിപാദിക്കുന്നതുകൊണ്ടു് അശുദ്ധി ബാധിക്കത്തക്കവരായ അവർണ്ണരുടെ ദൂരീകരണം ഗവമ്മെൻറുതന്നെ കൈയേററു പോയിരിക്കുന്നു.

അവൎണ്ണരുടെ ക്ഷേത്രപ്രവേശനത്തിൽ അശുദ്ധി സംഭവിക്കുന്നതായി പ്രിവികൌൺസിൽ തീരുമാനങ്ങൾപോലും ഉള്ളതായി അറിയുന്നു.

കെട്ടിടങ്ങൾക്കോ മററോ സംഭവിക്കുന്ന അററകുററം തീൎക്കാനായി ആശാരിപ്പണി മതില്ക്കകത്തു വേണ്ടിവരുമ്പോൾതന്നെ അശുദ്ധി നേരിടുന്നതായും ശുദ്ധികലശങ്ങൾ ചെയ്യേണ്ടതായും കീഴ്നടപ്പും പ്രമാണവും കൊണ്ടു കാണുന്നു. ആ സ്ഥിതിക്ക് അതിലേറെ അകലെ നില്ക്കേണ്ടവരായ അവൎണ്ണഹിന്ദുക്കളുടെ കാൎയ്യം പറയേണമോ? ക്ഷേത്രസംഘടനസ്സാവശ്യകങ്ങളായ പ്രമാണങ്ങൾ ഇപ്രകാരം അവൎണ്ണരെ മതില്ക്കകത്തു കടത്താൻ പാടില്ലെന്നു നിഷ്കൎഷിക്കുമ്പോൾ അവർ അകത്തു കടക്കുന്നതുകൊണ്ടു ക്ഷേത്രത്തിനു നാശം സംഭവിക്കുന്നതാണെന്നു സ്പഷ്ടമായിരിക്കുന്നു. ലോകത്തിൽ നീതിന്യായം നടപ്പുള്ള കാലമെല്ലാം ക്ഷേത്രത്തിലെ ഗുണഭോക്താക്കൾക്ക് ആ സ്ഥാപനത്തെ നാശത്തിൽനിന്നും സംരക്ഷിക്കാൻ അവകാശമുള്ളതും, ക്ഷേത്രഭരണം നടത്തുന്നവൎക്കു കടമയുള്ളതും ആകുന്നു. അതിനാൽ ഗവൎമ്മെൻറു ഭരണത്തിലിരിക്കുന്ന ക്ഷേത്രങ്ങളെ അവൎണ്ണരുടെ ആക്രമം കൂടാതെ രക്ഷിക്കുന്നതിന് ഇപ്രകാരമുള്ള ഒരു കമ്മിററിയുടെ അന്വേഷണംതന്നെ ഗവൎമ്മെൻറിന് ആവശ്യമില്ലാത്തതാകുന്നു.

സവൎണ്ണരിൽ ചിലരുടെ സഹായസഹകരസേവനങ്ങൾ കൂടാതെ ക്ഷേത്രകാൎയങ്ങൾ യാതൊന്നും നടക്കയില്ലെന്നു സ്പഷ്ടമായിരിക്കയാൽ ക്ഷേത്രങ്ങൾ സവൎണ്ണരുടെ പെരുമാററത്തിനു പ്രത്യേകം ഉദ്ദേശിക്കപ്പെട്ടവയാണെന്നും ക്ഷേത്രകാൎയ്യങ്ങളിൽ യാതൊന്നിനും അവൎണ്ണരുടെ ആവശ്യം ഇല്ലാത്തതിനാൽ അവ അവരുടെ സഹായസഹകരണസേവനങ്ങളേയും അവരുടെ പ്രവേശനത്തേയും ഉദ്ദേശിച്ചിട്ടില്ലെന്നും സ്പഷ്ടമാകുന്നു. ഇതിനാൽതന്നെ ക്ഷേത്രസ്ഥാപനകൎത്തൃത്വം അഥവാ ക്ഷേത്രോടമസ്ഥത സവൎണ്ണരിൽമാത്രം നില്ക്കുന്നതും അവൎണ്ണർ അതിൽ ഭാഗഭാക്കുകൾ അല്ലാതിരിക്കുന്നതും ആണെന്നു വിശദമായിരിക്കുന്നു.

3. ചോദ്യം:— അപ്രകാരമുള്ള എല്ലാമോ ഏതെങ്കിലുമോ ക്ഷേത്രങ്ങളെ സംബന്ധിച്ച്

(i) അവ എപ്പോൾ ആരാൽ സ്ഥാപിക്കപ്പെട്ടുവെന്നും,

(ii) അവ എല്ലാ ഹിന്ദുക്കളുടേയും ഗുണത്തിനായിട്ടോ അതല്ലാ ഹിന്ദുക്കളിൽ ഏതെങ്കിലും പ്രത്യേകജാതിക്കാരുടെ മാത്രം ഗുണത്തിനായിട്ടോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നും, രണ്ടാമതു പറഞ്ഞ തരത്തി

ലാണെങ്കിൽ, ഗുണം സിദ്ധിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ജാതി അല്ലെങ്കിൽ ജാതികൾ ഏതെല്ലാമെന്നും,

(iii) ഹിന്ദുക്കളിൽ ചില പ്രത്യേകം വർഗ്ഗക്കാർ മാത്രമെ ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധിക്കുവാൻ പാടുള്ളു എന്നു അവയുടെ സ്ഥാപകനൊ സ്ഥാപകന്മാർക്കൊ ഉദ്ദേശം ഉണ്ടായിരുന്നുവോ എന്നും,

(iv) ഹിന്ദുക്കളിൽ ഇപ്പോൾ ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത വർഗ്ഗക്കാർക്ക് എപ്പോഴെങ്കിലും അപ്രകാരമുള്ള പ്രവേശനം ഉണ്ടായിരുന്നൊ എന്നും അവർക്കു പ്രവേശനം ഉണ്ടായിരുന്നു എങ്കിൽ എങ്ങനെ, എന്തു കാരണങ്ങളാൽ അതിൽ പിന്നീടു അവരെ പ്രവേശിപ്പിക്കാതെയിരുന്നുവെന്നും,

(v) ഹിന്ദുക്കളിൽ ക്ഷേത്രപ്രവേശനം മുമ്പ് ഇല്ലാതെയിരുന്ന വല്ല വർഗ്ഗക്കാരെയും പിന്നീടു ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ എന്നും, അങ്ങനെ പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു ദൃഷ്ടാന്തങ്ങൾ എന്തെന്നും അവരെ അതിനു മുമ്പു ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാതെയിരുന്നതിനും പിന്നീട് പ്രവേശിപ്പിച്ചതിനും ഉള്ള കാരണങ്ങൾ എന്തെന്നും,

(vi) സവർണ്ണഹിന്ദുക്കൾ മാത്രമെ അവക്കു മൂലസ്വത്ത് ദാനംചെയ്തിട്ടുള്ളുവൊ, അതല്ലാ അവർണ്ണഹിന്ദുക്കളും ദാനം ചെയ്തിട്ടുണ്ടൊ എന്നും,

(vii) ഭിന്നവർഗ്ഗങ്ങളേയൊ ജാതികളേയൊ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ വല്ല വ്യത്യസ്തമായ പരിധികളുമുണ്ടെങ്കിൽ ആ പരിധികളെ പ്രത്യേകമായി പരാമർശിച്ചുകൊണ്ടു ക്ഷേത്രങ്ങളിൽ ആരാധകന്മാരെ പ്രവേശിപ്പിക്കുന്നതിനെപ്പറ്റിയുള്ള ആചാരങ്ങളും നടവടികളും എന്തെല്ലാമെന്നും, സ്ത്രീപുരുഷഭേദം നിമിത്തം പ്രവേശനത്തിനു അസമത്വം കല്പിക്കുന്ന വല്ല ക്ഷേത്രങ്ങളും ഉണ്ടൊ എന്നും,

(viii) vii-ാമതു വിഭാഗത്തിൽ വിവരിച്ചിട്ടുള്ള നടവടികളുടേയും ആചാരങ്ങളുടേയും ഉത്ഭവം എങ്ങനെ എന്നും,

(ix) ക്ഷേത്രപ്രവേശനം ഇല്ലാത്തവർക്കായി ഇപ്പോൾ അവകാശപ്പെടുന്ന ആരാധനാവകാശത്തിന്റെ വ്യാപ്തി എന്തെന്നും,

(x) സവർണ്ണഹിന്ദുക്കളൊ അവരിൽ ഏതെങ്കിലും വിഭാഗമൊ വിഭാഗങ്ങളൊ അപ്രകാരമുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥരാണൊ എന്നും,

(xi) അപ്രകാരമുള്ള ക്ഷേത്രങ്ങളുടെ ഗുണാനുഭോക്താക്കൾ സവർണ്ണ ഹിന്ദുക്കൾ മാത്രമാണൊ എന്നും,

(xii) അപ്രകാരമുള്ള ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധിക്കുന്നതിന് സവർണ്ണഹിന്ദുക്കൾക്കുള്ള പ്രത്യേകാവകാശത്തിന് ആധാരമായി ഉടമസ്ഥതയും പ്രത്യേക ഗുണാനുഭവവുമല്ലാതെ മററു വല്ലതും ഉണ്ടൊ എന്നും, ഉണ്ടെങ്കിൽ അത് എന്തെന്നും സദയം പ്രതിപാദിക്കുക.

ഉത്തരം:—മേൽപ്രകാരമുള്ള ക്ഷേത്രങ്ങൾ—

(i) നിർമ്മിച്ചിട്ട് എത്രകാലമായി എന്നു നിർണ്ണയിക്കാൻ യാതൊരു മാർഗ്ഗവും ഇല്ല. ക്ഷേത്രങ്ങൾ ഇല്ലാതിരുന്ന ഒരു കാലത്തെപ്പററി യാതൊരു പ്രമാണവും നമുക്കില്ല. ലോകത്തിൽ എററവും പുരാതനവും അനാദിയും ആയ വേദത്തിൽതന്നെ ക്ഷേത്രങ്ങളെ പരാമർശിച്ചു കാണുന്നു. അതിനാൽ കൃതയുഗം മുതൽ തന്നെ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നിരിക്കണം. രാമായണത്തിൽ ദേവാലയങ്ങളുടെ പ്രസ്താവമുള്ളതിനാൽ ത്രേതായുഗത്തിലും ക്ഷേത്രങ്ങൾ ഉണ്ടായിരുന്നിരിക്കണം. കൃഷ്ണപാണ്ഡവാദികളുടെ കാലത്തു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതായി ഭാഗവതഭാരതാദികൾ പറയുന്നതുകൊണ്ടു ദ്വാപരയുഗത്തിൽ അവ വർദ്ധിച്ചു തന്നെ ഇരുന്നിരിക്കണം. കലിയുഗം അയ്യായിരത്തിൽ ചില്വാനം വർഷം കഴിഞ്ഞതിനിടക്കു ഏതെല്ലാം ക്ഷേത്രങ്ങൾ നശിച്ചുപോയോ, ഏതെല്ലാം നവീകരിക്കപ്പെട്ടുവോ, ഏതെല്ലാം നൂതനമായി സ്ഥാപിതങ്ങളായോ എന്നു നിർണ്ണയിക്കാൻ അത്ര എളുപ്പമല്ലെന്നാണു തോന്നുന്നത്. ഇക്കാര്യം എങ്ങിനെ ആയാലും അവയെ സ്ഥാപിച്ചിട്ടുള്ളതു വൈദികബ്രാഹ്മണരാണെന്നു നിശ്ചയം തന്നെ. വൈദികത്തിനു ദൌർബ്ബല്യവും ലൌകികത്തിനു പ്രാബല്യവും വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തുപോലും പുത്തനായി ഒരു ക്ഷേത്രസ്ഥാപനം ചെയ്യുന്നതിനു ബ്രാഹ്മണനിർദ്ദിഷ്ടങ്ങളായ പ്രമാണങ്ങളെ അനുസരിച്ചു വേണ്ടതെല്ലാം തയ്യാറാക്കീട്ടു ബ്രാഹ്മണരെക്കൊണ്ടു തന്നെയാണു പ്രതിഷ്ഠാപൂജാദികൾ നിർവ്വഹിപ്പിക്കുന്നത്. അപ്രകാരമല്ലാതെ അബ്രാഹ്മണപ്രതിഷ്ഠിതങ്ങളായി സംഭവിക്കുന്ന ക്ഷേത്രങ്ങൾ ഉണ്ടെങ്കിൽ അവ സവർണ്ണരുടെ ആരാധനാദികൾ ഇല്ലെന്നുള്ള കാരണത്താൽ മാത്രം തിരിച്ചറിയത്തക്കവയുമാണ്. ഇക്കാലത്തുതന്നെ ഇപ്രകാരമായിരിക്കുമ്പോൾ പ്രമാണവിശ്വാസമുള്ള പുരാതനകാലങ്ങളിലെ സ്ഥിതി സുഗ്രാഹ്യമാണ്. (അനുഭൂസ്വത്തുടമസ്ഥന്മാർ കേരളത്തിൽ വിശേഷിച്ചും ബ്രാഹ്മണർ തന്നെയായിരുന്ന സ്ഥിതിക്ക് അവയുടെ ഭൌതികവും ആത്മീയവുമായ ഉട

മസ്ഥത അവരിൽതന്നെ നിക്ഷിപ്തമായിരിക്കണമെന്നു അനായാസേന തെളിയുന്നു. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഉടമസ്ഥതപോലും എട്ടരയോഗത്തിൽ നിഹിതമാണെന്നും ബ്രാഹ്മണരുടെ വകയായ എട്ടു യോഗത്തിനെതിരായി മഹാരാജാവിനുള്ള അരയോഗത്തെ കൂടുതൽ ചെയ്വാൻ ഇന്നത്തെ രാജ്യമെല്ലാം പിടിച്ചടക്കി തൃപ്പടി ദാനംചെയ്ത മാർത്താണ്ഡവൎമ്മ മഹാരാജാവുപോലും ഉദ്ദേശിച്ചില്ലെന്നും വിചാരിച്ചു നോക്കുമ്പോൾ ക്ഷേത്രങ്ങളുടെ സ്വാമ്യകത്വം വൈദികബ്രാഹ്മണരിൽതന്നെ സ്ഥിരപ്പെടുത്തേണ്ടതായിരിക്കുന്നു. ക്ഷേത്രമില്ലാത്ത സ്ഥലങ്ങളിൽ മതവിശ്വാസികളായ സവൎണ്ണഹിന്ദുക്കൾ പൂജാദ്രവ്യങ്ങൾ ബ്രാഹ്മണാലയങ്ങളിൽ കൊടുത്തേൽപ്പിക്കയും അവർ ചെയ്യുന്ന ഈശ്വരസേവയുടെ ഫലം അനുഗ്രഹരൂപമായി സ്വീകരിക്കയും ചെയ്തുവരുന്ന ഏൎപ്പാടു് ആരും അറിയാത്തതല്ല. ആദികാലങ്ങളിൽ ഇപ്രകാരം കൂടുതലായി വന്നുകൊണ്ടിരുന്ന ആവശ്യങ്ങളെ പൂരസ്കരിച്ചു സ്വഗൃഹത്തിലെ പരിമിതമായ സ്ഥലംകൊണ്ടു മതിയാകായ്ക നിമിത്തം അതിനു പ്രത്യേകമായി ഒരു സ്ഥലം നിൎദ്ദേശിക്കണമെന്നു നിശ്ചയിച്ചതും അതു സാധിച്ചതും ബ്രാഹ്മണർതന്നെയായിരിക്കണം.) ഇതിൽ മററു സവൎണ്ണരുടേയും ദ്രവ്യം ഉൾപ്പെട്ടിരിക്കുമെന്നുള്ളതു നിരാക്ഷേപമാണു്. എന്നാൽ അവർ അതു് ഈശ്വരാൎപ്പണമായ പൂജാദ്രവ്യമായി പുരോഹിതനെ ഏല്പിച്ചു പ്രതിഫലമായി അനുഗ്രഹം നേടിയതോടുകൂടി ആ ദ്രവ്യത്തിലുള്ള സ്വത്വാവകാശം ഇല്ലാതെപോയിരിക്കുന്നു. ആചാൎയ്യനിഷ്ടമായ വിധത്തിൽ ആരാധന ചെയ്വാനുള്ള അവകാശം മാത്രമെ അവൎക്കവശേഷിച്ചിട്ടുള്ളു. വൈദികന്മാരാകട്ടെ ക്ഷേത്രത്തിനായി വിനിയോഗിച്ചിട്ടുള്ള സ്വത്തു മുഴുവൻ "ദേവസ്വം" ദേവന്റെ സ്വത്തു് എന്നാക്കിത്തീൎത്തുകളഞ്ഞു. രാജ്യക്ഷേമത്തിനായുള്ള ആ സ്വത്തിനെ സ്വകുടുംബാംഗങ്ങൾപോലും അപഹരിക്കാതിരിക്കാനായിരിക്കണം ഈ വ്യവസ്ഥ ചെയ്തതു്. ആ സ്വത്തും അതിന്റെ വിനിയോഗവും ദേവന്റെ ശാസനയാകുന്ന "ശാസ്ത്രവചന"പ്രകാരമെ പാടുള്ളു എന്നു നിഷ്കൎഷിക്കാനാണു് അവർ ഇപ്രകാരം ചെയ്തതു്. അവർ അന്നു ചെയ്തിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നു് അതാതു ക്ഷേത്രത്തിലെ നിത്യനൈമിത്തികപൂജാവിധാനങ്ങളും അവയെപ്പററിയുള്ള പതിവുകണക്കുകളും കൊണ്ടു ബോധപ്പെടുന്നതാണു്. ഇപ്പോഴും ക്ഷേത്രോടമസ്ഥന്മാരായ ഊരായ്മക്കാർ സാമാന്യേന ബ്രാഹ്മണരാണെന്നു ബോധപ്പെടുന്നതാണു്. അബ്രാഹ്മണരായ സവൎണ്ണരുടെ

ഉത്സാഹത്തിലും ചിലവിലും സ്ഥാപിതങ്ങളായ പ്രത്യേക ക്ഷേത്രങ്ങളായാലും അവയെ ഏതെങ്കിലും ഒരു ബ്രാഹ്മണനായി "സമൎപ്പിക്ക" എന്നൊരു പതിവുണ്ട്. അതിനു ശേഷമെ ആ ക്ഷേത്രത്തിൽ പൂജാദികൾ തുടങ്ങുകയൊ ക്ഷേത്ര തടാകത്തിൽ ബ്രാഹ്മണർ സ്നാനസന്ധ്യാവന്ദനാദികൾ ചെയ്കയൊ പാടുള്ളു എന്നൊരേൎപ്പാടും പണ്ടേ നടപ്പുണ്ട്. അപ്രകാരം തകഴിയിലെ (അമ്പലപ്പുഴയ്ക്കു സമീപം) ക്ഷേത്രം കരക്കാർ തെക്കേടത്തു ഭട്ടേരിക്കു സമൎപ്പിച്ചിട്ടുള്ളതായും അറിയാവുന്നതാണ്. ഈ ക്ഷേത്രം അതിനുമുമ്പു നമ്പൂതിരിമാരുടെ വകയായിരുന്നതായും പിന്നീട് ചെമ്പകശ്ശേരി രാജാവിനോടുള്ള ശത്രുതയാൽ അവർ നാടുവിട്ടുപോയപ്പോൾ ക്ഷേത്രഭരണം കരക്കാർ നടത്തേണ്ടിവന്നതായും തദവസരത്തിൽ ടി സമൎപ്പണം നടന്നിട്ടുള്ളതായും ആണ് അറിവ്. കേരളം മുഴുവൻതന്നെ ബ്രാഹ്മണാധീനമായിരുന്നു എന്നും അവരോധാവകാശം മാത്രമെ കേരളചക്രവൎത്തികളായ പെരുമാക്കന്മാൎക്കുപോലും ഉണ്ടായിരുന്നുള്ളുവെന്നും ചരിത്രദൃഷ്ട്യാ കാണാവുന്ന സ്ഥിതിക്ക് ഈ വിചാരം അഭംഗുരപ്രഭാവമായ്ത്തന്നെ നിലനില്ക്കുന്നതാണ്. അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രം നാട്ടുകാരുടെ സഹായസഹകരണങ്ങളോടുകൂടി ബ്രാഹ്മണനായ നമ്പൂതിരിമഹാരാജാവിനാൽ സ്ഥാപിതമാണെന്നു സുപ്രസിദ്ധമാണ്. അവിടത്തെ പ്രതിഷ്ഠ നടത്തിയ "നാറാണത്തു ഭ്രാന്തൻ" അതിവൎണ്ണാശ്രമിയായ്ത്തീൎന്ന നമ്പൂതിരിസന്യാസിയായിരുന്നു എന്നുമാണ് ഐതിഹ്യം. ബ്രാഹ്മണരുടെ വൈദികവൃത്തിക്കും വൈദികസ്ഥാപനമായ ക്ഷേത്രത്തിനും തമ്മിലുള്ള യോജിപ്പും അവൎണ്ണരുടെ നടപടിക്രമങ്ങളുമായി ക്ഷേത്രത്തിനുള്ള വൈജാത്യവും ഇവിടെ പ്രത്യേകം സ്മൎത്തവ്യമാകുന്നു.

(ii) ആ ക്ഷേത്രങ്ങൾ എല്ലാ ഹിന്ദുക്കളുടേയും മാത്രമല്ല, സകല ജനങ്ങളുടേയും, മഹാരാജാവിന്റേയും, ഭരണഘടനയുടേയും, സ്ഥാവരജംഗമങ്ങളായ സകല ജീവജാലങ്ങളുടേയും, ദൃശ്യാദൃശ്യങ്ങളായ സകല ഭൂതങ്ങളുടേയും ഗുണത്തിനാണു സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നു ശാസ്ത്രപ്രമാണങ്ങളാലും അവിടത്തെ നടപടിക്രമങ്ങളാലും വെളിവാകുന്നതാണ്. ശരിയായി സ്ഥാപിക്കപ്പെട്ട ഒരു ക്ഷേത്രത്തിൽ നടക്കുന്ന പൂജാവിധാനങ്ങൾകൊണ്ട് ആ ക്ഷേത്രദേവൻ പ്രസാദിച്ചും യഥാകാലം യഥായുക്തം വാതവൎഷാദികൾ സംഭവിക്കയും സസ്യസമൃദ്ധിയാലും ദുരിതനിവാരണത്താലും സകലൎക്കും ക്ഷേമാഭ്യുദയങ്ങൾ സിദ്ധിക്കയും ചെയ്യും. ഇപ്രകാരമുള്ള സ്ഥാപനത്തെ പ്രത്യേകസഹായസഹകരണ

ങ്ങൾകൊണ്ടു പോഷിപ്പിക്കുന്നവർ കൂടുതൽ ശ്രേയസ്സിന്നു പാത്രമാകയും ചെയ്യും. അതിനാൽ ഈ വക ക്ഷേത്രങ്ങളുടെ ഗുണാനുഭവത്തിനായി ക്ഷേത്രപ്രവേശം അനുപേക്ഷണീയമല്ല. നേരെമറിച്ച് ആ വിധമുള്ള പ്രവേശനം ക്ഷേത്രമൎയ്യാദയെ വ്യതിക്രമിക്കുമെങ്കിൽ ആയതു് ആ ക്ഷേത്രത്തിൽനിന്നനുഭവിക്കുന്ന അനുഗ്രഹശക്തിയെ ദുൎബ്ബലപ്പെടുത്തുകയോ മലിനപ്പെടുത്തുകയോ പ്രതികൂലപ്പെടുത്തുകയോ ചെയ്യുമെന്നാണു ശ്രുതിയുക്ത്യനുഭവാനുസരണം വിശ്വസിക്കപ്പെട്ടിരിക്കുന്നതും വിശ്വസിക്കാനുള്ളതും. ഇതുകൂടാതെ ക്ഷേത്രത്തിൽ ശാന്തി, കഴകം, പരികൎമ്മം, കൊട്ടു, പാട്ടു, തൂത്തുതളി മുതലായ വിവിധജോലികൾ ചെയ്യുന്നതു് ഇന്ന ഇന്നാക്കൊ വൎഗ്ഗക്കാക്കൊ പാടുള്ളു എന്നും വ്യവസ്ഥയുണ്ടു്. ഇതെല്ലാമാണു ക്ഷേത്രത്തിലെ ഗുണങ്ങൾ എന്നു വരുകിൽ ബ്രാഹ്മണർ, അമ്പലവാസികൾ, മാരാന്മാർ ഇവരാണു് അവയുടെ ഭോക്താക്കൾ എന്നു നിശ്ചയിക്കപ്പെട്ടിട്ടുണ്ടു്. ഇതിലും കൂടുതലായി, ദേവന്റെ നൈവേദ്യങ്ങളിൽ ഒരു ഓഹരി ബ്രാഹ്മണൎക്കു കൊടുക്കേണ്ടതാണു്. അതിനു ബ്രഹ്മസ്വം —ബ്രാഹ്മണാവകാശം— എന്നു പേർ ചെയ്തിട്ടുണ്ടു്. മാത്രമല്ലാ ദേവന്റെ പ്രധാന നൈവേദ്യങ്ങൾ പൂൎത്തിയാകുന്നതിനുമുമ്പായി ബ്രാഹ്മണരെ ഇരുത്തി പൂജാംഗമായിതന്നെ നമസ്കാരമൂട്ടണം. ഇതിനു ബ്രാഹ്മണൎക്കല്ലാതെ മററാൎക്കും അവകാശമില്ല. ഇതു നവീനദൃഷ്ട്യാ ഏതുവിധം വ്യാഖ്യാനിക്കപ്പെട്ടാലും വിസ്മരിക്കത്തക്കതല്ല. ഇതിന്റെ ഉദ്ദേശ്യം, ബ്രാഹ്മണന്റെ വൈദികജ്ഞാനത്തിൽനിന്നുണ്ടായ ക്ഷേത്രം ബ്രാഹ്മണന്റെ വൈദികത്വത്തെ രക്ഷിച്ചു ക്ഷേത്രബീജത്തെ നശിച്ചുപോകാതെ സൂക്ഷിക്കണം എന്നുതന്നെയായിരിക്കും. ഈ ജ്ഞാനം മനസ്സിലാകായ്കയാൽ നടന്നുവരുന്ന വ്യതിയാനങ്ങളും അപലപനങ്ങളും ചില്ലറയല്ല.

(iii) ഹിന്ദുക്കളിൽ സവൎണ്ണൎക്കു മാത്രമേ ക്ഷേത്രത്തിൽ പ്രവേശിച്ചു് ആരാധന നടത്താൻ പാടുള്ളു എന്നു ക്ഷേത്രസ്ഥാപകന്മാർ ഉദ്ദേശിച്ചിരുന്നതായി ക്ഷേത്രപരിപാലനനിയമങ്ങൾകൊണ്ടു സ്പഷ്ടമായി ബോധപ്പെടുന്നതാകുന്നു. അവൎക്കു് അവൎണ്ണരെ പ്രവേശിപ്പിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നുവെങ്കിൽ ഇതിനുമുമ്പുതന്നെ അവൎക്കു ക്ഷേത്രപ്രവേശനം സിദ്ധിച്ചിരിക്കും. എന്തെന്നാൽ അവൎണ്ണർ ഇവിടെ നൂതനമായി വന്നു പാൎക്കുന്നവരല്ല. ഇവർ ഉള്ളപ്പോൾതന്നെ പ്രതിഷ്ഠാപിതങ്ങളായ സവൎണ്ണക്ഷേത്രങ്ങൾ അനവധിയുണ്ടു്. അതിൽ ഒന്നിലെങ്കിലും അവർ പ്രവേശിക്കയോ അവരുടെ പ്രവേശനം ആവശ്യ

മായിരിക്കത്തക്കവണ്ണം വല്ല നടവടികളും ഉണ്ടായിരിക്കയോ ചെയ്യുന്നില്ല. വല്ലപ്പോഴും അവർ പ്രവേശിച്ചുപോകയോ അടുത്തു വരികയോ ചെയ്തിട്ടുണ്ടെങ്കിൽ അപ്പോഴെല്ലാം പ്രായശ്ചിത്തപരിഹാരങ്ങളും ശുദ്ധികർമ്മങ്ങളും ഉണ്ടായിട്ടുള്ളതായും മേലും നിയമപ്രകാരം നടത്താനുള്ള വ്യവസ്ഥകൾ ഉള്ളതായും കാണുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ പന്തിരാണ്ടിൽ ഒരിക്കൽ നടത്താറുള്ള പള്ളിപ്പാന എന്ന അടിയന്തരത്തിനു വേലൻ മുതലായ അവർണ്ണരുടെ സഹകരണസേവനാദികൾ ആവശ്യമുണ്ട്. എന്നാൽ ആ അടിയന്തരത്തിനായി ക്ഷേത്രദേവന്റെ നാമത്തിൽ ഒരു വടി മതിൽക്കു വെളിയിൽ പുത്തനായി കെട്ടിയുണ്ടാക്കുന്ന ഒരു പന്തലിൽ കൊണ്ടുവന്നു വെയ്ക്കയും അതിൽനിന്നും 40 അടി അകലെയിരുന്ന് അവർണ്ണർ അവരുടെ നടവടികൾ ചെയ്കയും അല്ലാതെ, അവരെ മതില്ക്കകത്തു കടത്തുകയോ പുറത്തുതന്നെ സങ്കല്പപ്രതിമയ്ക്കടുത്തു വരാനനുവദിയ്ക്കയോ പതിവില്ല. അബദ്ധത്തിൽ അവർ നിയതസ്ഥാനത്തുനിന്ന് അടുത്തുപോയാൽ അതിനു പ്രായശ്ചിത്തപരിഹാരങ്ങളും വിഗ്രഹത്തിനു ശുദ്ധിപുണ്യാഹാദികളും വേണ്ടിവരുമെന്നും ആ ചിലവു അശുദ്ധിക്കു കാരണഭൂതൻ കെട്ടിവെയ്ക്കേണ്ടതാണെന്നും 1093-ാമാണ്ടു നടന്ന പള്ളിപ്പാനയിൽ അമ്പനാട്ടു പണിക്കൻ അറിവില്ലാതെ അല്പം അടുത്തുവന്നതിനാലുണ്ടായ സംഭവങ്ങളിൽനിന്നും വെളിവാകുന്നതാകുന്നു. ഇതുകൂടാതെതന്നെ അവർണ്ണദർശനാദികൾക്കു പ്രായശ്ചിത്തമായി പതിവുകലശം മുതലായവ പള്ളിപ്പാനയെ തുടർന്നു നിയതമായി നടത്താറുള്ളതും ആകുന്നു.

(iv) അവർണ്ണഹിന്ദുക്കൾക്ക് ഇതിനുമുമ്പ് ഒരിക്കലും സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നതായി അറിവില്ല. അവർക്കു ശുദ്ധി കല്പിച്ചിരിക്കയാൽ അപ്രകാരം ഉണ്ടായിരുന്നിരിക്കാൻ ഒരിക്കലും ഇടയില്ല. എന്നാൽ സവർണ്ണരിൽ ഉൾപ്പെടുന്നവരും ഇപ്പോൾ സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലാത്തവരുമായ "സാരസ്വതബ്രാഹ്മണർ" ഒരുകാലത്തു ക്ഷേത്രപ്രവേശനമുള്ളവരായിരുന്നതായി ഐതിഹ്യമുണ്ട്. അവർ കപ്പൽയാത്ര ചെയ്കയാലുണ്ടായ ഭ്രഷ്ടുനിമിത്തം അവർക്കു ക്ഷേത്രപ്രവേശനാവകാശം നശിച്ചുപോയതായി ഗണിക്കപ്പെട്ടിരിക്കുന്നു. അവർ പ്രത്യേകസമുദായമായി പിരിഞ്ഞു സ്വസമുദായക്കാർക്കു പ്രത്യേകക്ഷേത്രങ്ങൾ ഉണ്ടാക്കി ആരാധനകൾ നടത്തിവരുന്നു. അല്ലാതെ മറ്റു സവർണ്ണക്ഷേത്രങ്ങൾക്കവകാശപ്പെടുകയോ

വ്യവഹാരപ്പെടുകയോ ചെയ്യുന്നില്ല. മററുസവൎണ്ണക്ഷേത്രങ്ങളിൽ അവർ പുറമെ ബലിവട്ടത്തിൽ പ്രവേശിച്ചു ധ്വജസ്തംഭംവരെ വന്നു ഭക്തിപുരസ്സരം ആരാധന, വഴിവാടു മുതലായവ നടത്തുകയും ചെയ്യുന്നുണ്ടു്. ഇതിൽ ആൎക്കും അപ്രിയവും അഹിതവും ഉള്ളതായി അറിയുന്നില്ല.

(v) മുമ്പു ക്ഷേത്രപ്രവേശനം ഇല്ലാതിരുന്ന യാതൊരു വൎഗ്ഗക്കാരേയും പിന്നീടു് അതിനനുവദിച്ചതായി സാധാരണ കേൾവിയില്ല. ഈയിട അപൂൎവ്വം ചില നടവടികൾ കാണ്മാനും കേൾപ്പാനും തുടങ്ങിയിരിക്കുന്നു. അവ സാധുവാണെന്നു സജ്ജനസമ്മതി ലഭിച്ചുകഴിഞ്ഞിട്ടില്ല. അതിനാൽ അവയെ അതിലും ഗൎഹ്യമായ മറെറാരു നടപടിക്കു കീഴ്നടപ്പായി സ്വീകരിപ്പാനും പാടുള്ളതല്ല. നീതിന്യായക്കോടതികളിൽ ഹിന്ദുശാസ്ത്രവിദഗ്ദ്ധനെ നിയമിക്കയായിരുന്നു പുരാതന നിയമം. പിന്നീടു് ഇംഗ്ലീഷു പരീക്ഷാപാണ്ഡിത്യം ന്യായാധിപന്മാരുടെ നിയമനത്തിനു പൎയ്യാപ്തമായി ഗണിച്ചുതുടങ്ങിയപ്പോൾ ന്യായാധിപന്മാൎക്കു മതസംബന്ധമായ കാൎയ്യങ്ങളിൽ ഉപദേശം നൽകുന്നതിനു പ്രത്യേക ശാസ്ത്രിമാരെ കോടതികളിൽ നിയമിച്ചുവന്നു. പിന്നീടു കാലക്രമത്തിൽ ഗവൎമ്മെൻറു ചുമതല വഹിച്ചിരുന്ന വലിയ ഉദ്യോഗസ്ഥന്മാൎക്കുണ്ടായ മതപരമായ അജ്ഞതയും അന്യഥാ ഗ്രഹണവും അനാദരവും വിദേശശിക്ഷണവും നിമിത്തം അനുപേക്ഷണീയമായ ആ പഴയ ഏൎപ്പാടു നിരാകരിക്കപ്പെടുകയും നിറുത്തലാക്കപ്പെടുകയും ചെയ്തു. ഇംഗ്ലീഷുലാപുസ്തകങ്ങളിൽ പരാമൎശിക്കപ്പെടുന്ന ഹിന്ദുമതഭാഗങ്ങളെപ്പററിയുള്ള ജ്ഞാനത്തിൽ കൂടുതലായ മതപരിജ്ഞാനം ന്യായാധിപതിക്കും നാട്ടിൽ മററാൎക്കുംതന്നെ ആവശ്യമില്ലെന്നുള്ള ആത്മസങ്കല്പവും അമിതവിശ്വാസവും ന്യായാധിപന്മാൎക്കു വന്നുകൂടി. രാജഭക്തന്മാരും ശാന്തന്മാരും സമാധാനശീലന്മാരുമായ ഹിന്ദുപ്രജകൾ "പ്രത്യക്ഷം ദൈവതം രാജാ" എന്ന ആപ്തവചനപ്രകാരം അവൎക്കു വേണ്ട മതപരമായ കാൎയ്യങ്ങളെല്ലാം മഹാരാജാവുതന്നെ കുറവുകൂടാതെ പരിപാലിച്ചുകൊള്ളും എന്നു വിശ്വസിച്ചിരുന്നതിനാൽ അന്യനാട്ടുകാർ നടത്താറുള്ളതുപോലത്തെ സംരംഭങ്ങൾ ഒന്നും നടത്തിയതും ഇല്ല. ഒടുവിൽ ഇതാ വൈദികവിധിയാൽ ഭ്രഷ്ടു് കല്പിച്ചു ബഹിഷ്കരിക്കപ്പെട്ടവൎക്കു കോർട്ടുവിധിയാൽ മോചനവും പുനരപി ക്ഷേത്രപ്രവേശനാദികൾക്കു് അവകാശവും സിദ്ധിച്ചു. പോരെങ്കിൽ വൈദികന്മാരുടെ മേൽ നഷ്ടത്തിനു കേസും വ്യവഹാരവും കൂടിയായപ്പോൾ സാധുക്കളായ മതാദ്ധ്യക്ഷന്മാരും ആസ്തികരായ ഹിന്ദുപ്രജകളും ഭീരുക്കളായും തീൎന്നു. വിക്ടോറിയാ

മഹാരാജ്ഞിയുടെ തിരുവെഴുത്തു വിളംബരത്താൽ വിലക്കപ്പെട്ടിരുന്ന മതവിഷയങ്ങളിൽപോലും ന്യായാധിപന്മാൎക്കു യഥേഷ്ടം വിഹരിക്കാമെന്ന ദിക്കായി. നിൎഭയമായി മതാദ്ധ്യക്ഷന്റെ വിധികൎത്തൃത്വവും അവർ കൈകേറി കൈവശപ്പെടുത്തിയതിനുദാഹരണമാണു്. ശൂദ്രവൎഗ്ഗത്തിൽപ്പെട്ട ചക്കാലചാലിയൻ മുതലായ ചിലൎക്കു ചില ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ പുത്തനായി കോർട്ടുവിധികളോ നടപ്പോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെകഥ—മതം ഗവൎമ്മെന്റിനില്ലെന്നും ഗവൎമ്മെന്റുദ്യോഗസ്ഥന്മാൎക്കു്, വേണമെങ്കിൽ, നിരാകൃതമായ ആ സാധനത്തെ എന്തും ചെയ്യാമെന്നും അതിന്റെ (ഹിന്ദുമതത്തിന്റെ)ഭാഗം "എക്സ്പാട്ടി"യാണെന്നും നാസ്തികജനങ്ങൾക്കു ബോധ്യമായതിന്റെ ഒരു ത്സവാഘോഷമാണു്, ഇന്നു ഹിന്ദുമതദൂഷകമായി പത്രപംക്തികളിലും പ്രസംഗമണ്ഡപങ്ങളിലും മുഴങ്ങുന്ന പ്രസംഗലേഖനാദികളുടെ കോലാഹലം. ഈ ക്ഷേത്രപ്രവേശനവാദവും അതിന്റെ ഫലമത്രെ. ക്ഷേത്രപരിപാലനം കൈയേറ്റിട്ടുള്ളതും ഹിന്ദുമതവിശ്വാസിയായ "ശ്രീപത്മനാഭദാസവഞ്ചിപാലരാമവൎമ്മ" മഹാരാജാവിന്റെ അധീനത്തിലുള്ളതുമായ ഒരു ഗവൎമ്മെന്റു് അതിനു മതമില്ലെന്നു ഭാവിക്കുന്നതു് എത്രമാത്രം നീതീകരിക്കത്തക്കതാണെന്നു വിദഗ്ദ്ധന്മാർ ഇനിയെങ്കിലും ചിന്തിക്കേണ്ടതാണു്. ഭിന്നമതാനുസാരികളായ പ്രജകളെ ഭരിക്കേണ്ട ഒരു ഗവൎമ്മെന്റു് ആ വക സകലമതങ്ങളുടേയും സത്ഭാവത്തെയല്ലാതെ അഭാവത്തെ പ്രതിബിംബിക്കാവുന്നതല്ല. മഹാരാജാവിന്റെ അദ്ധ്യക്ഷതയിൽ ആചാൎയ്യപുരോഹിതാദി ശാസ്ത്രജ്ഞന്മാരാൽ സങ്കലിതമായ ഒരു വൈദികസഭയാണു്, മതപരമായും മതസ്ഥാപനപരമായും ഉള്ള വിഷയങ്ങളെപ്പറ്റി വിചിന്തനം ചെയ്യാനും വിധി കല്പിക്കാനും അധികൃതമായിട്ടുള്ളതു്. ആ അധികാരം ഒരു ലൌകികസമിതിയൊ കോടതിയൊ നിൎവ്വഹിക്കത്തക്കതല്ല. മതപരമായ വിശ്വാസമൊ വൈദഗ്ദ്ധ്യമൊ ഉണ്ടെന്നുള്ളതിനു യാതൊരു തെളിവും കൊടുത്തിട്ടില്ലാത്ത നിയമസഭാ മെമ്പർമാൎക്കു മതസ്ഥാപനങ്ങളെപ്പറ്റിയുള്ള അന്വേഷണാധികാരം അപ്രകാരംതന്നെ അസംഗതമായിട്ടുള്ളതാകുന്നു. മതസ്ഥാപനവകുപ്പിലെ ഉദ്യോഗസ്ഥന്മാൎക്കു് ആ മതത്തിൽ വിശ്വാസവും വിജ്ഞാനവും ഇല്ലായ്കയാലുണ്ടാകുന്ന അനൎത്ഥങ്ങളും അപരിമിതമായിട്ടുള്ളതാണു്.

(vi) സവൎണ്ണക്ഷേത്രങ്ങൾക്കു് അവൎണ്ണർ മൂലധനം സംഭാവന ചെയ്തിട്ടുള്ളതായി യാതൊരറിവും ഇല്ല. ക്ഷേത്രസ്ഥാപനകാലത്തെ

അവർണ്ണരുടെ സാമ്പത്തികനിലയും പരിഷ്കാരഗതിയും ആ വക വൃത്തികൾക്ക് അവരെ അനുവദിക്കുന്നതല്ലെന്നു ബോദ്ധ്യപ്പെടും. 1030-ാമാണ്ടിടയ്ക്കു നിറുത്തൽ ചെയ്യപ്പെട്ട അടിമയേർപ്പാടിനാൽ അതിനുമുമ്പ് ഇക്കൂട്ടർ അസ്വതന്ത്രരും നിസ്വന്മാരും ആയിരുന്നു എന്നു അനായാസേന തെളിയുന്നതാണ്. അഥവാ വല്ലവരും സംഭാവനകൾ ചെയ്തിട്ടുണ്ടെന്നു നിരാക്ഷേപമായി തെളിവുള്ളപക്ഷവും ആ സ്വത്തു സംഭാവന ചെയ്ത കാലത്തെ സങ്കല്പം ആ ക്ഷേത്രമര്യാദകൾ അനുസരിച്ചു നടക്കണമെന്നല്ലാതെ അവയെ ധ്വംസനം ചെയ്യാനവകാശപ്പെടാനാണെന്ന് ഒരിക്കലും ആയിരിക്കയില്ല. മറിച്ചായിരുന്നാൽ അന്നുതന്നെ അവർക്ക് ക്ഷേത്രപ്രവേശനം നിഷ്കർഷിച്ചിരിക്കാമായിരുന്നു. സംഭാവന മേടിക്കുന്ന ക്ഷേത്രസ്ഥാപകന്മാരും അവരുടെ ഉദ്ദേശ്യത്തെ വിഫലപ്പെടുത്തുന്ന വിധത്തിൽ ക്ഷേത്രമര്യാദകൾക്ക വിപരീതമായി ഒരവകാശം അവർണ്ണർക്ക് സിദ്ധിക്കാതിരിക്കാൻ അപ്പോൾ കരുതിട്ടുണ്ടായിരിക്കും. അല്ലെങ്കിൽ ആ വക ക്ഷേത്രങ്ങളിലെങ്കിലും അവർണ്ണർ പ്രവേശിച്ചാൽ അശുദ്ധിയില്ലെന്നു വെയ്ക്കേണ്ടിയിരുന്നു.

(vii) ക്ഷേത്രപ്രവേശനമുള്ള സവർണ്ണരിൽതന്നെ എല്ലാ വർഗ്ഗക്കാരും ഒരേ വിധത്തിലല്ലാ ക്ഷേത്രത്തിൽ പെരുമാറുന്നത്. ബ്രാഹ്മണാദികൾ ചെയ്യാറുള്ളതുപോലെ മണിയടിക്ക, മണ്ഡപത്തിൽ കയറുക മുതലായ നടപടികൾ ശൂദ്രാദികൾ ചെയ്യാറില്ല. ക്ഷേത്രത്തിൻെറ ഇന്ന ഇന്ന ഭാഗങ്ങളിൽ ഇന്ന ഇന്ന ആൾക്കേ പ്രവേശിച്ചുകൂടൂ എന്നു വ്യവസ്ഥയുണ്ട്. ആചാരഭേദത്താലും മററും ഓരോ ഭിന്നവർഗ്ഗങ്ങൾക്കും തമ്മിൽ ശുദ്ധാശുദ്ധനിലയിൽ വ്യത്യാസമുണ്ടെന്നും ക്ഷേത്രദേവന് അശുദ്ധിക്കിടയാകുമെന്നു സംശയിക്കത്തക്കവരുടെ പെരുമാററം ഇന്ന ഇന്ന സ്ഥലങ്ങളിൽ പാടില്ലെന്നുമാണ് ചുരുക്കം. സ്ത്രീകൾ ആർത്തവകാലങ്ങളിലും അതിന് അല്പം മുമ്പും പിൻപും ക്ഷേത്രത്തിൽ പ്രവേശിക്കാറില്ല. കാരണം അവർക്ക് അശുദ്ധിയുണ്ടെന്നു വിധിച്ചിരിക്കുന്നു. പുല, വാലായ്മ ഇവയുള്ളപ്പോഴും അവർണ്ണസാമീപ്യത്താലും മററും അശുദ്ധി നേരിട്ടിരിക്കുമ്പോഴും സ്നാനം ചെയ്യും മുമ്പായും സ്ത്രീകളും പുരുഷന്മാരും (സവർണ്ണരിൽ) ആരും തന്നെ ക്ഷേത്രത്തിൽ പ്രവേശിക്കാറില്ല. അപ്രകാരം ചെയ്താൽ അതു ക്ഷേത്രത്തിൽ അശുദ്ധിക്കും ദേവനു സാന്നിദ്ധ്യക്കുറവിനും തന്മൂലം നാട്ടിനും അശുദ്ധികർത്താവിനും ദൈവപ്രാതികൂല്യത്താലുണ്ടാകുന്ന ദുരിതങ്ങൾക്കും ഇടവരുന്നതാണ്. ക്ഷേത്രത്തിൽ നൈവേദ്യസമയങ്ങളിൽ ദ്വിജന്മാരല്ലാതെ അക

ത്തു നില്ക്കാറില്ല. ഇതും ശുദ്ധാശുദ്ധനിയമങ്ങളിലും അദൃശ്യങ്ങളായ ചില സൂക്ഷ്മശക്തികളിലും ഉള്ള പരിജ്ഞാനത്തിൽ സ്ഥാപിതമാണ്. ശൂദ്രവർഗ്ഗത്തിൽപെട്ട ചില ജാതിക്കാർ ധ്വജസ്തംഭം വരയെ വന്നു തൊഴാറുള്ളൂ. വേറെ ചിലർ ബലിവട്ടത്തിനു പുറത്തല്ലാതെ അതിനടുത്തുപോലും വരാറില്ല. ക്ഷുരകൻ, വെളുത്തേടൻ ഇവർ ഇക്കൂട്ടത്തിലാണ്. ചില ക്ഷേത്രങ്ങളിൽ സ്ത്രീകൾക്കു ഒരിക്കലും പ്രവേശിച്ചു ആരാധനചെയ്വാൻ പാടില്ലാതെയിരിക്കുന്നു. അതിനു ആ ക്ഷേത്രചരിത്രത്തിൽ പ്രത്യേകകാരണവും ഉണ്ടായിരിക്കും. മേൽ പ്രസ്താവിച്ചിട്ടുള്ള വ്യത്യാസങ്ങളിൽ പലതും അല്പാല്പം നിരാകരിക്കപ്പെട്ടുവരുന്നുണ്ട്. അതിനുള്ള കാരണം, അവ നിരർത്ഥങ്ങളാണെന്നു ജനങ്ങൾക്കു ബോധ്യം വന്നിട്ടോ, ആവശ്യകങ്ങളല്ലെന്നു മതാചാര്യന്മാർ വിധി കല്പിച്ചിട്ടോ, ശാസ്ത്രവചനങ്ങൾ കാലാഹരണപ്പെട്ടുപോയിട്ടോ അല്ല. മതപരിജ്ഞാനവും, മതവിശ്വാസവും ഇല്ലാത്ത ഉദ്യോഗസ്ഥന്മാരുടെ നിഷ്കർഷക്കുറവും നാസ്തികരും നാമമാത്രഹിന്ദുക്കളുമായ ചിലരുടെ ദുസ്സ്വാതന്ത്ര്യപ്രകടനവും ആസ്തികഹിന്ദുക്കൾക്കും മതാചാര്യന്മാർക്കും പരിഹാരമുണ്ടാക്കാൻ വഴി കാണായ്കയും ആണ് ഇതിന്റെ ഹേതുക്കൾ. അതിനാൽ ഈ ചില്ലറ വ്യതിയാനങ്ങൾ ആദ്യമാദ്യം അനുവദിച്ചു പിന്നീടു വലിയ വ്യതിയാനങ്ങൾക്ക് ഇവയെ ഉദാഹരണമാക്കാമെന്ന് ആരും തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു.

(viii) മേൽ പ്രസ്താവിച്ച വ്യത്യസ്തനടപടികളുടെ ഉത്ഭവം, ശുദ്ധാശുദ്ധനിലയിൽ ജനങ്ങൾ തമ്മിൽ ഭേദമുണ്ടെന്നും ആ ഭേദഗതി പ്രതിഷ്ഠാദേവന്റെ ചൈതന്യത്തെ ബാധിക്കും എന്നും ഉള്ള കാരണങ്ങളിൽ നിന്നാണ്. മദ്യമാംസസേവയാലും സംസ്കാരവർജ്ജനത്താലും ജീവാത്മാവിനെ ആവരണം ചെയ്യുന്ന തമോഗുണമാണ് അശുദ്ധം. ഇതു ശരീരാശുദ്ധിക്കും കാരണമാകുന്നു.

ശുക്ലശോണിതസംബന്ധത്താലും, പൈതൃകമായ ഋണധനങ്ങൾക്കുള്ള അവകാശത്താലും, പാപപുണ്യസ്വരൂപങ്ങളായ ഈ ശുദ്ധാശുദ്ധങ്ങൾ സ്വസന്താനങ്ങളെയും ബാധിക്കുന്നതാണ്. സാത്വികഗുണം കുറുതലുള്ളവർക്കു ദർശനസ്പർശനസാമീപ്യാദികളാൽ തമോഗുണപ്രകൃതികളുടെ അശുദ്ധം സ്വജീവാത്മാവിലും തദ്വാരാ മനോബുദ്ധീന്ദ്രിയാദികളിലും ശരീരത്തിലും വ്യാപിക്കുന്നതാണ്. സത്വഗുണസങ്കേതമായി സൂക്ഷിക്കുന്ന ദേവഗൃഹത്തിലും അതിനുപയോഗിക്കാനുള്ള ദ്രവ്യങ്ങളിലും തമോഗുണം ബാധിക്കാതിരിക്കാൻ ഏർപ്പെടുത്തീട്ടുള്ള നിയമങ്ങ

ളിൽ ചിലതാണ് ഇവ. സത്വഗുണം ആത്മാവിനു, ശമദമാദികളേ
യും, ജ്ഞാനത്തെയും നല്കുന്നു. തമോഗുണമാകട്ടെ, അജ്ഞാനത്തെ
യും, അസൂയ, ഭയം, വഞ്ചന, ദ്രോഹം, ക്രൂരത, അസമാധാനം ഇവ
യേയും ഉളവാക്കും. മോക്ഷത്തിനായി പ്രയത്നിക്കേണ്ട മനുഷ്യനു സത്വ
ഗുണം ബന്ധുവും തമോഗുണം ശത്രുവും ആകയാൽ മോക്ഷോപായനാ
മായ ക്ഷേത്രത്തിൽ സാത്വികന്മാൎക്കു ബന്ധം കൂടുതലും താമസഗുണക്കാ
ൎക്കു ബന്ധം കുറവും ആയിരിക്കണം. ബന്ധം എന്നാൽ ദേവനുമായിട്ടുള്ള
അടുപ്പം. അശുദ്ധങ്ങളെല്ലാം പാപസ്വരൂപങ്ങളും തമോഗുണപ്രവൃത്തി
കങ്ങളും ആണെന്നു സ്പഷ്ടം.

(ix) ക്ഷേത്രപ്രവേശനം ഇല്ലാത്തവൎക്ക് ഇപ്പോൾ എത്രമാത്രം
പ്രവേശസ്വാതന്ത്ര്യം വേണമെന്ന് അവൎക്കുള്ള അഭിപ്രായം അതിരില്ലാ
ത്തതാണ്. വിഗ്രഹങ്ങളെതന്നെ തച്ചുടച്ചു കളയണമെന്നും അവയുടെ
ആരാധനയ്ക്കായി ചിലവു ചെയ്യുന്ന ദ്രവ്യം ദുൎവ്യയം ചെയ്കയാണെന്നും
പറയാൻ മടിയില്ലാത്തവരായ ഇക്കൂട്ടർ ഭക്തിപുരസ്സരമാരാധിക്കാനല്ലാ
ആവശ്യപ്പെടുന്നതെന്നു മനസ്സിലാക്കാം. കല്ലിനു പായസാദി നൈവേ
ദ്യങ്ങൾ ചെയ്യുന്നതും അതിനാൽ ചിലർ ആഹാരം കഴിക്കുന്നതും ഇ
ക്കൂട്ടർ അതികഠിനമായി അപലപിച്ചിട്ടുള്ളതുകൊണ്ട് അതായിരിക്കു
മോ അവരുടെ ക്ഷേത്രപ്രവേശപരിധി എന്നും തീൎത്തുപറവാൻ സാ
ധിക്കയില്ല. ഈയിട അവൎക്കു പ്രവേശനം നൽകിയ ചില ക്ഷേത്രങ്ങ
ളിലെ പഴയ ശാന്തിക്കാർ ജോലി ഉപേക്ഷിച്ചു പോയ്ക്കളകയാൽ അ
വർതന്നെ ശാന്തിജോലി കൈയേൽക്കുകയും വിഗ്രഹത്തെ പറിച്ചിള
ക്കി കുളത്തിൽ മുക്കിക്കഴുകി അഴുക്കെല്ലാം കളഞ്ഞതുകൊണ്ടു കള്ളം ക
ലങ്ങിപ്പോയെന്നും തിടപ്പിള്ളിയിൽ കയറി അവർ തെയ്യാറാക്കിയ
നൈവേദ്യം പഴയ ശാന്തിക്കാരുടെ വെപ്പിനെക്കാൾ വളരെ അതിശ
യമായിരുന്നു എന്നും മലയാളരാജ്യം മുതലായ പത്രങ്ങളിൽ അവർ
പറഞ്ഞിട്ടുള്ളതിൽനിന്നും അവൎക്കു അത്തരം ശാന്തി ചെയ്വാനല്ലയോ
മനോസങ്കല്പമെന്നും അതോ, ഇപ്രകാരം അഴുക്കുവെളുത്തുന്ന ശിലകളെ
ഇനിമേൽ നാട്ടുവളൎത്താതെ എന്നും കുളത്തിൽതന്നെ ഇട്ടേയ്ക്കാനല്ല
യോ അവർ താല്പൎയ്യപ്പെടുന്നതെന്നും നിശ്ചയിക്കാൻ നിവൃത്തിയില്ലാ
ത്ത കാൎയ്യമാണ്. അവൎക്ക് ഈശ്വരാരാധന ചെയ്തു അനുഗ്രഹം നേ
ടാനാണെങ്കിൽ മതിൽക്കുപുറമെ അവൎക്കു മുമ്പിനാൽ അനുവദിച്ചു
കൊടുത്തിട്ടുള്ള സ്ഥലത്ത് ഇപ്പോഴും അക്കൂട്ടത്തിൽ അനേകം പേർ

ഭക്തിപുരസ്സരം നിന്നു തൊഴുതു വഴിപാടുകൾ ചെയ്തു പ്രസാദം വാങ്ങി സന്തുഷ്ടിയോടെ പോകാറുണ്ട്.

(x). ക്ഷേത്രസ്ഥാപനംകൊണ്ടും അവയുടെ ഭരണംകൊണ്ടും സവൎണ്ണർതന്നെയാണ് ക്ഷേത്രോടമസ്ഥർ എന്നു നിൎവിവാദമായും തെളിയുന്നതാണ്. (3. i-ാം ചോദ്യത്തിൻ മറുപടി കാണുക.) ഇപ്പോൾ ഗവമ്മെൻറു ഭരണത്തിൽ ഇരിക്കുന്ന ക്ഷേത്രങ്ങൾ എല്ലാം സവൎണ്ണ ഹിന്ദുക്കളുടെ പക്കൽനിന്നും ഏറെറടുത്തിട്ടുള്ളവയാകുന്നു. 987-ാമാണ്ടു മൺറോ സായ്പിൻെറ ഭരണകാലത്തു സക്കാരിൽ ചേൎത്ത ക്ഷേത്രങ്ങളുടെ കഥ സുപ്രസിദ്ധമാണ്. അവയിൽ ഒന്നെങ്കിലും അവൎണ്ണരുടെ വകയല്ലെന്നും പ്രത്യക്ഷമാണ്. ഗവമ്മെൻറുഭരണത്തിലിരിക്കുന്ന ക്ഷേത്രങ്ങളൊന്നും ഗവമ്മെൻറിൻെറ സ്വന്തമല്ലെന്നും അവ ഊരാണ്മക്കാരുടേയും എടപ്രഭുക്കന്മാരുടേയും സവൎണ്ണരുടെ ഗ്രാമവകയും ആയിരുന്നു എന്നും അവയുടെ മേല്ക്കോയ്മ അഥവാ ട്രസ്റ്റി അവകാശം മാത്രമേ ഗവമ്മെൻറിനുള്ളു എന്നും (തി. ലാ. റി. xv. വാല്യം. 185 പുറത്തിൽ) തിരുവിതാംകൂർ ഹൈക്കോടതി വിധിച്ചിരിക്കുന്നു. 1912 അക്ടോബർ 25-ാനു-യിലെ 4905-ാം നമ്പർ ഗവമ്മെൻറു പ്രൊസീഡിംഗ്സിൽ ഗവമ്മെൻറു അതിനു ട്രസ്റ്റിസ്ഥാനമേയുള്ളു എന്നു സമ്മതിച്ചും ഇരിക്കുന്നു. 937 ധനു 12-ാനു- കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ ഉടമ്പടിയിൽ കീഴിലെ പതിവനുസരിച്ചു ദേവസ്വഭരണം നടത്തിക്കൊള്ളാമെന്നു വ്യവസ്ഥ ചെയ്തും ഇരിക്കുന്നു. (ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ ദേവസ്വവിഭജനറിപ്പോർട്ട്) സവൎണ്ണരിൽ ആൎക്കെങ്കിലും ക്ഷേത്രത്തിൽ കൂടുതലവകാശം ഉണ്ടോ എന്നു നിൎണ്ണയിക്കുന്നതു് അതാതു ക്ഷേത്രചരിത്രത്തിൻെറ പരിജ്ഞാനംകൊണ്ടു വേണ്ടതാകുന്നു. ക്ഷേത്രോല്പത്തിയെപ്പററി പ്രസ്താവിച്ചിട്ടുള്ള 3. (i). ചോദ്യത്തിൻെറ മറുവടിയിൽനിന്നും സാമാന്യമായി ക്ഷേത്രത്തിലെ സ്ഥാവരജംഗമങ്ങളായ സ്വത്തുക്കൾ ദേവൻെറ വകയാണെന്നും, ദേവൻെറ നിശ്ചയം ശാസ്ത്രവചനങ്ങളാൽ നിൎണ്ണയിക്കേണ്ടതാണെന്നും, ഇതെല്ലാം രൂപീകരിച്ചിട്ടുള്ളതുകൂടാതെ, ദേവചൈതന്യവും സാന്നിദ്ധ്യവും ഉണ്ടായിരിക്കത്തക്കവണ്ണം വിഗ്രഹത്തിൽ ആവാഹനം, പ്രാണപ്രതിഷ്ഠ മുതലായവ ചെയ്തിട്ടുള്ളതു ബ്രാഹ്മണരാണെന്നും, സ്പഷ്ടമായിരിക്കയാലും ദേവസ്വം വകകളിൽ ബ്രഹ്മസ്വത്തിനു വക വെച്ചിട്ടുള്ളതിനാലും ചാതുൎവ്വൎണ്ണ്യക്രമത്തിൽ അല്പം പ്രാധാന്യം ബ്രാഹ്മണൎക്കു കൂടുതലുണ്ടെന്നും വിസ്മരിക്കത്തക്കതല്ല. ക്ഷേത്രത്തിലെ ആവാഹ

നാദികളാൽ ബ്രാഹ്മണരുടെ ആത്മചൈതന്യത്തിനു കുറവു വരുമെന്നും, തൽപ്പരിഹാരാൎത്ഥമായി നിയതകാലം കഴിഞ്ഞാൽ ശാന്തി മതിയാക്കി തപോനുഷ്ഠാനങ്ങളാൽ ചൈതന്യനഷ്ടത്തെ പരിഹരിച്ചുകൊള്ളേണ്ടതാകുന്നു എന്നും, അന്യഥാ അവർ പതിതരായിത്തീരുമെന്നും, ശാസ്ത്രങ്ങളും ആചാരവും കാണുന്നതുകൊണ്ടു ബ്രാഹ്മണൻ ക്ഷേത്രകാൎയ്യമായി വിനിയോഗിക്കുന്ന സ്വാംശം നിസ്സാരമല്ലെന്നും അവക്കനുവദിച്ചിട്ടുള്ള പ്രാധാന്യത്തെ സാധൂകരിക്കാൻ അവ പൎയ്യാപ്തമല്ലെന്നും തോന്നുന്നു. പ്രതിഷ്ഠാസംബന്ധമായും മററുമുള്ള മുഖ്യമായ ആവാഹനക്രിയകളാൽ പുരോഹിതന്റെ ആയുസ്സുപോലും അറുതിപ്പെട്ടുപോകുന്നതായും പോയിട്ടുള്ളതായും വിശ്വാസവും ഐതിഹ്യവും ഉണ്ടു്. സാത്വികവൃത്തികളായും ചിരകാലസംഗതമായും കൎമ്മയോഗത്താലും മന്ത്രോപാസനകളാലും സിദ്ധിക്കുന്ന ആത്മസാക്ഷാൽക്കാരത്തെ ശാസ്ത്രവിധിപ്രകാരമുള്ള മന്ത്രതന്ത്രങ്ങളാൽ ഇഷ്ടദേവതാമൂൎത്തിയാക്കിക്കല്പിച്ചു പരോപകാരാൎത്ഥമായി ബിംബത്തിൽ നിക്ഷേപിക്കുന്നതു് അഗണ്യകോടിയിൽ തള്ളാവുന്ന ഒരു നിസ്സാരകാൎയ്യമല്ലെന്നാണ് ആസ്തികഹിന്ദുക്കൾ വിശ്വസിക്കുന്നതു്. ദ്രവ്യം മുഴുവൻ അന്യരുടേതായാലുംകൂടി അതിന്റെ ചൈതന്യത്തിനു ഹേതുകമായ ഈ വക നടപടി കൂടുതൽ ഗൌരവത്തിനവകാശപ്പെടുന്നതാണ്. ക്ഷേത്രത്തിലെ സാന്നിദ്ധ്യത്തെ മാത്രം “ഉദ്വസിച്ചു” കഴിഞ്ഞാൽ പിന്നീടു വിഗ്രഹം ആരാധനാൎഹമല്ലാതെ വരുന്നതും മററു വിഭവങ്ങളെല്ലാമുണ്ടായിരുന്നാലും “ക്ഷേത്രം” ക്ഷേത്രമല്ലാതെ പോകുന്നതുമാകുന്നു. ഇതാലോചിച്ചാൽ നിൎമ്മത്സരന്മാരായ സകലൎക്കും യഥാൎത്ഥജ്ഞാനമുണ്ടാകുന്നതാണ്.

(xi). “ഗുണഭോക്താക്കൾ എന്നതിനു ക്ഷേത്രപ്രവേശനം ചെയ്തു ആരാധന നടത്താവുന്നവർ എന്നു അൎത്ഥമാണെങ്കിൽ അതു സവൎണ്ണർമാത്രമാണെന്നു പറയേണ്ടിയിരിക്കുന്നു. 3(ii). പറഞ്ഞിട്ടുള്ള വിധമാണെങ്കിൽ സകല ജനങ്ങളും എന്നു പറയാവുന്നതാണ്. ക്ഷേത്രഗുണത്തിൽ ഭാഗഭാക്കാകുന്നതിനു ക്ഷേത്രപ്രവേശനം ആവശ്യമില്ലെന്നും ബോദ്ധ്യപ്പെടുന്നതാണ്. ദൂരസ്ഥങ്ങളായ പല ക്ഷേത്രങ്ങൾക്കും ദൎശനാൎത്ഥം യാത്രചെയ്വാൻ സാധിക്കാത്തവർ വഴിവാടുകൾ അയച്ചുകൊടുക്കയും പ്രസാദങ്ങൾ വാങ്ങി സ്വീകരിക്കയും ദൈവപ്രീതിയുണ്ടായതായി വിശ്വസിക്കയും ചെയ്യുന്നു. തിരുച്ചന്തൂർ, ചിദംബരം, കാശി മുതലായ ക്ഷേത്രങ്ങളിൽ നിയതമായി വഴിവാടുകൾ നടത്തി പ്രസാദം വാങ്ങുന്നതു് ഇതിനുദാഹരണമാകുന്നു.

(xii). മേൽപ്പറയപ്പെട്ട ഉടമസ്ഥാവകാശവും ഗുണഭോക്തൃത്വാവകാശവും കൂടാതെ സവർണ്ണർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിച്ചു ആരാധന നടത്താനുള്ള അവകാശം അവരുടെ സാത്വികവൃത്തിയാകുന്നു. സത്വഗുണപ്രധാനന്മാർ സംഗമിക്കുന്ന സ്ഥലത്തിനുതന്നെ സാത്വികഗുണം സിദ്ധിക്കുന്നു. മഹർഷിസിദ്ധന്മാരുടെ ആശ്രമപ്രദേശങ്ങൾ ഇതിനുദാഹരണമാകുന്നു. സത്വഗുണത്തിന്റെ ഒരു കേന്ദ്രസ്ഥാനമായി നിർദ്ദേശിച്ചിട്ടുള്ള ക്ഷേത്രദേവനു ചുററും, സത്വഗുണപ്രധാനികളായ സവർണ്ണഹിന്ദുക്കൾ വേദമന്ത്രങ്ങളാലും ഋഷിപ്രോക്തങ്ങളായ പുരാണവാക്യങ്ങളാലും ഭഗവന്നാമസങ്കീർത്തനങ്ങളാലും ഭജനംചെയ്കമൂലമായിതന്നെ അവിടത്തെ സാന്നിദ്ധ്യം വർദ്ധിക്കയും ക്ഷേത്രത്തിനുള്ള ജനോപകാരശക്തി വർദ്ധിക്കയും ചെയ്യുന്നു. അതിനാൽ അപ്രകാരമുള്ളവരെ നിരന്തരമായി ആകർഷിച്ചു് അടുപ്പിച്ചുവെച്ചുകൊള്ളുന്നതിനുവേണ്ടി അവർക്കു് ആഹാരാദികൾപോലും ദേവസ്വത്തിൽനിന്നു കൊടുക്കാൻ നിയതമായ വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ തന്നെ ആലയങ്ങൾ ഗ്രാമങ്ങൾ ഇവ നിർമ്മിച്ചു അപ്രകാരമുള്ളവർക്ക് ദാനം ചെയ്തിട്ടുണ്ടു്. ചെമ്പകശ്ശേരി മഹാരാജാവു് വൈക്കംസമൂഹത്തിൽനിന്നും 72 പരദേശബ്രാഹ്മണകുടുംബങ്ങളെ വരുത്തി അമ്പലപ്പുഴെ ക്ഷേത്രത്തിനു സമീപങ്ങളിൽ പാർപ്പിച്ചിട്ടുള്ളതായും അവരുടെ കാലക്ഷേപസൌകര്യത്തിനായി ക്ഷേത്രനിയമങ്ങളിൽ പല നിശ്ചയങ്ങൾ ചെയ്തിട്ടുള്ളതായും അറിയുന്നു. അമ്പലപ്പുഴ ക്ഷേത്രസങ്കേതമാകുന്ന വാടയ്ക്കകത്തു് ബ്രാഹ്മണരും അമ്പലവാസികളും അല്ലാതെ മററാരും അധിവാസം ചെയ്തുകൂടെന്നും വ്യവസ്ഥയുണ്ടായിരുന്നു. അപ്രകാരമുള്ള സാത്വികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജീവിതസൌകര്യത്തിനായി വെച്ചിരുന്ന ഏർപ്പാടുകളെ ദരിദ്രസംരക്ഷണത്തിനാണെന്നും വഴിപോക്കരുടെ സഹായത്തിനാണെന്നുമെല്ലാം തെററിദ്ധരിച്ചു ചെയ്തിട്ടുള്ള തകരാറുകൾ ചില്ലറയല്ല. ഇതിനെ അപേക്ഷിച്ചു് അവർണ്ണരുടെ അസാത്വികവൃത്തികളേയും അവരോടുള്ള നിബന്ധനകളേയും ചിന്തിച്ചുനോക്കാവുന്നതാണു്.

4. ചോദ്യം:— സവർണ്ണഹിന്ദുക്കളിൽ ഏതെങ്കിലും പ്രത്യേകവിഭാഗങ്ങളുടെ ഗുണത്തിനായി സ്ഥാപിച്ചിട്ടുള്ള ക്ഷേത്രങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ സവർണ്ണഹിന്ദുക്കളിൽ പെട്ട മററു വിഭാഗങ്ങൾക്കു് ആ ക്ഷേത്രങ്ങളിൽ പ്രവേശനാവകാശമൊ ആരാധനാവകാശമൊ ഉണ്ടോ?

ഉത്തരം:—പ്രത്യേകസമുദായക്കാരുടെ വകയായൊ പ്രത്യേക ഉട

മസ്ഥന്റെ വകയായോ സ്ഥാപിതമായ ക്ഷേത്രങ്ങൾ ഉണ്ടായിരിക്കാമെങ്കിലും അവ പ്രത്യേകവൎഗ്ഗക്കാരുടെ ഗുണത്തിനു മാത്രമാണെന്നു ആരും വിശ്വസിക്കുന്നില്ല. സവൎണ്ണക്ഷേത്രങ്ങളിൽ തന്നെ ചിലതിൽ ക്ഷത്രിയർ പ്രവേശിക്കരുതെന്നു ഐതിഹ്യമുണ്ടു്. അതു് ആ ക്ഷേത്രസ്ഥാപകനായ പരശുരാമന്റെ സ്മരണയാലോ മറ്റോ അല്ലാതെ അവൎക്കു് ആ ദേവനെ ആരാധിച്ചുകൂടെന്നോ ആ ദേവന്റെ അനുഗ്രഹം സിദ്ധിക്കയില്ലെന്നോ മറ്റോ ഉദ്ദേശിച്ചിട്ടല്ല.

5. ചോദ്യം:— അവൎണ്ണഹിന്ദുക്കളുടെ ആരാധനയ്ക്കായിമാത്രം സവൎണ്ണഹിന്ദുക്കൾ ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടൊ?

ഉത്തരം:—സവൎണ്ണഹിന്ദുക്കൾ സ്ഥാപിച്ചതായി കേൾവിയുള്ള ചില ക്ഷേത്രങ്ങളിൽ ഇപ്പോൾ അവൎണ്ണഹിന്ദുക്കൾമാത്രം ആരാധന നടത്തുന്നുണ്ടു്. അമ്പലപ്പുഴയ്ക്കും ആലപ്പുഴയ്ക്കും മദ്ധ്യേ "അറവാട്ടു" എന്നു പറയുന്ന ക്ഷേത്രം ബ്രാഹ്മണരുടെ വകയായിരുന്നു എന്നും ഏതോ കാരണവശാൽ അവൎണ്ണർ ആക്രമിക്ക നിമിത്തം അശുദ്ധപ്പെട്ടുപോകയാൽ സവൎണ്ണർ അതിനെ ഉപേക്ഷിച്ചുകളഞ്ഞു എന്നും അതു മുതൽ അതു അവൎണ്ണരുടെ ആരാധനയിൽ ഇരിക്കുന്നു എന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു.

6. ചോദ്യം:— സവൎണ്ണഹിന്ദുക്കളുടെ ആരാധനയ്ക്കായി മാത്രം അവൎണ്ണഹിന്ദുക്കൾ ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടൊ?

2 മുതൽ 6 വരെ ചോദ്യങ്ങൾക്കുള്ള നിങ്ങളുടെ ഉത്തരങ്ങൾക്കു് ആധാരമായി തെളിവുകൾ ഉണ്ടെങ്കിൽ അവയെ സദയം പ്രസ്താവിക്കുക. എത്ര ക്ഷേത്രങ്ങളെ സംബന്ധിച്ചു് വിവരങ്ങൾ പറയുവാൻ സാധിക്കുമൊ അത്രയും പറയുക.

ഉത്തരം:—സവൎണ്ണരുടെ ആരാധനയ്ക്കായി അവൎണ്ണർ ക്ഷേത്രസ്ഥാപനങ്ങൾ ചെയ്തിട്ടുള്ളതായി അറിവില്ല. സവൎണ്ണക്ഷേത്രങ്ങളിലെ സാന്നിദ്ധ്യത്തിലുള്ള വിശ്വാസത്താൽ, ക്ഷേത്രദേവന്റെ പ്രസാദംകൊണ്ടു് അനിഷ്ടനിവാരണവും അഭീഷ്ടസിദ്ധിയും ഉണ്ടാകണമെന്നു കരുതി, അവൎണ്ണർ സവൎണ്ണക്ഷേത്രങ്ങളിൽ പല വഴിവാടുകളും കഴിച്ചിട്ടുള്ളതായി അറിയുന്നു. ആ വഴിവാടുകൾ നടത്തുന്ന കാലത്തു തന്നെ അവർ ക്ഷേത്രമതിലിനു പുറമെ അവൎക്കു നില്ക്കാനുള്ള സ്ഥാനത്തു നിന്നുംകൊണ്ടു പ്രാൎത്ഥന നടത്തി പ്രസാദം വാങ്ങി പോകയല്ലാതെ അതിരുകടന്നു കേറാൻ ആഗ്രഹിക്കയോ അവകാശപ്പെടുകയോ ചെയ്തിട്ടില്ല. കന്യാകുമാരി ക്ഷേത്രത്തിലെ വിഗ്രഹം മരയ്ക്കാന്മാൎക്കു കടലിൽ

കിടന്നു കിട്ടിയതാണെന്നു കേൾവിയുണ്ട്. എന്നാൽ ആയതു ശുദ്ധി മുതലായവ കഴിഞ്ഞു ക്ഷേത്രത്തിൽ സ്ഥാപിച്ചശേഷം അവക്കു അടുത്തുകൂടാത്തതായി തന്നെ വത്തിക്കുന്നു. ശ്രീപത്മനാഭസ്വാമിയുടെ പ്രഥമ പൂജകനെന്നു പ്രസിദ്ധിയുള്ള ഒരു സ്വാമിയാർക്കു ഒരു പുലയിതീ കൊടുക്കയോ മറേറാ ഉണ്ടായതായി ഐതിഹ്യവും അതിനെ തുടന്നു ചില ആചാരങ്ങളും കാണുന്നുണ്ട്. എന്നാൽ അവക്കും ക്ഷേത്രപ്രാന്തങ്ങളിൽപോലും പ്രവേശമുള്ളതായിട്ടോ ഉണ്ടായിരുന്നതായിട്ടോ അറിവില്ല. സമുദ്രഗത്ത്ത്തിൽനിന്നും പുത്തനായി ഉദ്ധാരണം ചെയ്യപ്പെട്ട കേരളത്തിന്റെ രക്ഷയ്ക്കായി ശ്രീപരശുരാമൻ ഒട്ടേറെ ശാസ്താക്കോവിലുകളും ഭദ്രകാളി ക്ഷേത്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. (കേരളമാഹാത്മ്യം) എന്നാൽ അവയെല്ലാം ബുദ്ധമതക്കാരുടേതായിരുന്നു എന്നും മററും ചിലർ പരസ്യമായി പ്രസ്താവിച്ചു കാണുന്നതു് അബദ്ധമെന്നേ പറവാനുള്ളൂ. ഒരുപക്ഷേ ഒരു കാലത്തെ ഭരണാധികാരികളുടെ ദൌബ്ബല്യവും ബുദ്ധമതക്കാരുടെ പ്രാബല്യവുംകൊണ്ടു സ്വല്പകാലത്തേക്കു അക്കൂട്ടർ ഈ വക ക്ഷേത്രങ്ങൾ കൈവശപ്പെടുത്തിയിരുന്നോ എന്നും പിന്നീടു് അവരെ നിഷ്കാസനം ചെയ്തു ഹിന്ദുക്കൾ വീണ്ടും കൈക്കലാക്കിയോ എന്നും സംശയിക്കാവുന്നതാണ്. ബുദ്ധവിഗ്രഹങ്ങളുടെ യോഗാസനത്തിലുള്ള ഇരുപ്പിനും "തപയോഗസിദ്ധാന്തശബരിപീഠാശ്രമസ്ഥാന വിജ്ഞാനഗുരു"വായ ധമ്മശാസ്താവിന്റെ ഇരുപ്പിനും സാദൃശ്യം കണ്ടിട്ടു ഹിന്ദുമതകായ്യങ്ങളെ തെററിദ്ധരിക്കാൻ ലൈസൻസ് വാങ്ങീട്ടുള്ള ഒരു കൂട്ടം പുരാണരേഖാപരിശോധകന്മാർ (Archaeologist) ഇങ്ങിനെ വല്ലതും പ്രസ്താവിച്ചിട്ടുള്ളതിനാലായിരിക്കുമോ ഈ അബദ്ധപ്പഞ്ചാംഗത്തിനാടിസ്ഥാനം എന്നും നിശ്ചയമില്ല.

7. ചോദ്യം:— വല്ല സവണ്ണഹിന്ദുക്ഷേത്രങ്ങളിലും യാതൊരു നിയന്ത്രണവും കൂടാതെയൊ അഥവാ ഏതെങ്കിലും നിയന്ത്രണങ്ങൾക്കു് അധീനമായൊ അവണ്ണഹിന്ദുക്കൾക്കു് പ്രവേശനം അനുവദിക്കുന്ന വല്ല പ്രാദേശികായാചാരവും ഉണ്ടൊ? നിയന്ത്രണത്തോടുകൂടിയാണു പ്രവേശനം അനുവദിച്ചിട്ടുള്ളതെങ്കിൽ ഏതു സന്ദർഭങ്ങളിലും ഏതു് അതൃത്തിവരേയും ആണു് അങ്ങനെ അനുവദിച്ചിട്ടുള്ളതു്? അപ്രകാരമുള്ള അവസരങ്ങളിൽ, പൂജയ്ക്കും മററു കമ്മങ്ങൾക്കും സാധാരണരീതിയിൽ നിന്നു വല്ല വ്യത്യാസവും ഉണ്ടൊ? അങ്ങനെയുള്ള പ്രവേശനത്തിനുശേഷം വല്ല ശുദ്ധികമ്മങ്ങളും നടത്താറുണ്ടൊ? അപ്രകാരമുള്ള ഓരോ ക്ഷേത്രം സംബന്ധിച്ചും പ്രത്യേകമായ വിവരങ്ങൾ പ്രസ്താവിക്കുക.

ഉത്തരം:—സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ അപ്രകാരം അവൎണ്ണരെ പ്രവേശിപ്പിക്കുന്നതായി അറിവില്ല. വല്ല കാരണവശാലും അവൎണ്ണരെ പ്രവേശിപ്പിക്കേണ്ടിവന്നാൽ അതിനു മുൻപ് അനുജ്ഞകലശം കഴിച്ചു കാലാവധിവെച്ചു ദേവനോടനുവാദംവാങ്ങി പൂജാദികൾ അവസാനിപ്പിക്കയും അവൎണ്ണർ പുറത്തു പോയതിന്റെ ശേഷം ശുദ്ധികൎമ്മങ്ങൾ ചെയ്കയും ആണു പതിവു്. ആശാരി മുതലായവരുടെ കാൎയ്യം ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

8. ചോദ്യം:— അപ്രകാരമുള്ള പ്രാദേശികാചാരത്തിന്റെ ഉത്ഭവം എങ്ങനെ?

ഉത്തരം:—മേൽ പ്രസ്താവിച്ചതിനു വിപരീതമായി വല്ല ക്ഷേത്രത്തിലും നടപ്പുണ്ടെങ്കിൽ അതിന് ആ സ്ഥലത്തെ ഐതിഹ്യംകൊണ്ടു സമാധാനവും ഉണ്ടായിരിക്കും. അവ സാമാന്യനിയമങ്ങൾക്കു വ്യത്യസ്തമായിരിക്കും.

9. ചോദ്യം:— സവൎണ്ണഹിന്ദുക്കൾക്ക് പ്രത്യേകമായിട്ടുള്ള ക്ഷേത്രങ്ങൾക്കും യാതൊരു നിയന്ത്രണവും കൂടാതെ അവൎണ്ണഹിന്ദുക്കൾക്ക് പൊതുവെ പ്രവേശനം അനുവദിച്ചിട്ടുള്ള ക്ഷേത്രങ്ങൾക്കും തമ്മിൽ പൂജാസമ്പ്രദായത്തിലും അതു സംബന്ധിച്ചുള്ള മററു ക്രിയകളിലും വല്ല വ്യത്യാസവുമുണ്ടൊ?

ഉത്തരം:—ഉത്തമബ്രാഹ്മണർ പൂജിക്കുന്ന യാതൊരു ക്ഷേത്രത്തിലും അനിയന്ത്രിതമായ അവൎണ്ണപ്രവേശം ഉണ്ടായിരിക്കയില്ല. അല്ലെങ്കിൽ 7-ൽ പറഞ്ഞിട്ടുള്ളപോലെയായിരിക്കും.

10. സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ തങ്ങൾക്കു പ്രവേശനം അനുവദിക്കേണ്ടതാണെന്നുള്ള സംഗതിയിൽ അവൎണ്ണഹിന്ദുക്കളുടെയിടയിൽ പൊതുവായി എന്തെങ്കിലും അഭിലാഷമുണ്ടൊ? ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

ഉത്തരം:—അവൎണ്ണഹിന്ദുക്കളിൽ ചിലൎക്കു മാത്രമല്ലാതെ പൊതുവെ സകലൎക്കും സവൎണ്ണക്ഷേത്രത്തിൽ പ്രവേശിക്കണമെന്ന് അഭിലാഷമില്ല. അധഃകൃതരുടെ നേതാവായ ഡാക്ടർഅംബെട്കർ പോലും അതു് ആവശ്യമില്ലെന്നാണു പറയുന്നതു്. മധുര മുതലായ സ്ഥലങ്ങളിൽ അവൎണ്ണർ പൊതുയോഗം കൂടി ക്ഷേത്രപ്രവേശസംരംഭം അനാവശ്യവും അനാശാസ്യവുമാണെന്നു തീരുമാനിച്ചിട്ടുണ്ടു്. ഇപ്രകാരമാണെങ്കിലും ഗാന്ധി പക്ഷത്തിൽ ചേൎന്ന സ്വരാജ്യപ്രേമികൾ, ബ്രിട്ടീഷ് ഗവൎമ്മേൻറിനോടെതിൎക്കാൻ സംഘബലം കൂട്ടാനായി അവൎണ്ണരേയും സവൎണ്ണരേയും സമ്മേ

ളിപ്പിച്ചു സങ്കരപ്പെടുത്തുവാൻ ചെയ്യുന്ന കൌശലവിക്രിയകളിൽ മതി മറന്നു പലരും ക്ഷേത്രപ്രവേശം സാമ്രാജ്യസിദ്ധിയാണെന്നു തെറ്റിദ്ധരിച്ചു വശായിട്ടുണ്ട്. അവക്കു ദൈവഭക്തിയുടെ ആധിക്യത്താൽ ക്ഷേത്രദേവന്റെ ദൎശനം കിട്ടാതെ അകന്നിരിക്കുന്നതിലുള്ള അകൈതവമായ ഭക്ത്യതിശയത്താലാണെന്ന് അവരുടെ വക്കാലത്തുള്ളവർ പോലും വാദിക്കയില്ല. പ്രതിഷ്ഠാവിഗ്രഹം കല്ലാണെന്നും കല്ലിനെ തീററാനെന്നു പറഞ്ഞു ഒരു കൂട്ടം കള്ളന്മാരു വയറു നിറയ്ക്കാനുള്ള പണിയാണെന്നുമെല്ലാം അവരുടെ നേതാക്കൾ നിശ്ശങ്കമായി തുറന്നു ഗജ്ജിക്കുന്നതിൽ നിന്നും മനുഷ്യബുദ്ധിക്കു നിശ്ചയിക്കാവുന്നിടത്തോളം അതു ക്ഷേത്രങ്ങളെ ഉന്മൂലനം ചെയ്യാനാണെന്നു നിൎണ്ണയിക്കേണ്ടിയിരിക്കുന്നു. ഒരു നിറഞ്ഞ സഭയിൽവെച്ചു പണ്ഡിതമദനമോഹനമാളവ്യാജി അവരോടു രാമനാമം ജപിക്കാൻ ഉപദേശിച്ചപ്പോൾ അവരെല്ലാം പരിഹാസരസത്തിൽ "രാവണ"നാമം ഉൽഘോഷിച്ചതും പരസ്യമായിട്ടുള്ള സ്ഥിതിക്ക് എന്തു കാരണത്താലാണ് അവർ ക്ഷേത്രപ്രവേശനത്തിനു മുതിരുന്നതെന്നു വിശേഷിച്ചൊന്നും പറയേണ്ടാ.

11. ചോദ്യം:— അവൎണ്ണഹിന്ദുക്കളുടെ വകയായി ക്ഷേത്രങ്ങൾ ഉണ്ടൊ? ആ ക്ഷേത്രങ്ങളിലെ ആരാധനയുടെ ഫലസിദ്ധിയെ സംബന്ധിച്ചിടത്തോളം അവരുടെ ബോധം എന്തു്?

ഉത്തരം:—അവൎണ്ണരുടെ വകയായി ക്ഷേത്രങ്ങൾ ഉണ്ടു്. അവയിലുള്ള ആരാധനകൊണ്ടു് അവക്കു ഫലസിദ്ധിയുള്ളതായിട്ടാണ് അവരുടെ വിശ്വാസമെന്നു അവരുടെ നടപടികളാൽ ബോദ്ധ്യമാകുന്നു.

12. ചോദ്യം:— ഇപ്പോൾ അവൎണ്ണഹിന്ദുക്കൾ മതിലിനു വെളിയിൽ നിന്നുംകൊണ്ടു് സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ ആരാധനയും മതപരമായ ക്രിയകളും നടത്തുന്നുണ്ടൊ? അപ്രകാരമുള്ള ആരാധനയ്ക്കും ക്രിയകൾക്കും വേണ്ടിടത്തോളം ഫലസിദ്ധിയില്ലെന്ന് അവർ വിചാരിക്കുന്നുണ്ടൊ?

ഉത്തരം:—ഇപ്പോഴും അവൎണ്ണർ സവൎണ്ണക്ഷേത്രങ്ങളുടെ മതില്ക്കു വെളിയിൽനിന്നും പഴയ പതിവിൻപടി ആരാധനകൾ നടത്തുന്നുണ്ട്. എന്നാൽ ഈയിട വളരെ കുറവു കാണുന്നു. സ്വരാജ്യകക്ഷിക്കാരുടെ മോഹബോധനകളാൽ അവരിൽ പലരും ഇതിൽ ദ്വേഷബുദ്ധിയുണ്ടാകനിമിത്തം അവർ ദൎശനത്തിനു വരാറില്ലെന്നു മാത്രമല്ല മററുള്ളവരെ പറഞ്ഞു വിലക്കുന്നതായും അറിയുന്നു. ഇപ്രകാരമുള്ള തടസ്സങ്ങളെ വക വെയ്ക്കാതെയും പഴയ പോലെ ആരാധനയ്ക്കു വരുന്നവർ

ഉള്ള സ്ഥിതിക്ക് ഇപ്പോഴും അവർക്ക് ഈ വിധത്തിലുള്ള ആരാധനയുടെ ഫലസിദ്ധിയിൽ അവിശ്വാസമുള്ളതായി തോന്നുന്നില്ല.

13. ചോദ്യം:— സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ തങ്ങളെ പ്രവേശിപ്പിക്കുന്നതായാൽ ആ ക്ഷേത്രങ്ങളിൽവെച്ചു നടത്തുന്ന തങ്ങളുടെ ആരാധനക്കു കൂടുതൽ ഫലസിദ്ധിയുണ്ടാകുമെന്ന് അവർണ്ണഹിന്ദുക്കൾ വിചാരിക്കുന്നുണ്ടോ?

ഉത്തരം:—ആരാധനയിലുള്ള ഫലസിദ്ധിയെ ഉദ്ദേശിച്ചല്ല അവകാശസമത്വത്തെയും പ്രവേശനസ്വാതന്ത്ര്യത്തെയും മുൻനിറുത്തിയാണ് അവർ പ്രക്ഷോഭം നടത്തുന്നതെന്നു സ്പഷ്ടമായിരിക്കയാലും, അവർക്കു വിഗ്രഹാരാധനയെപ്പററി പുച്ഛമാകയാലും, ക്ഷേത്രപ്രവേശനത്താൽ കൂടുതൽ ഫലസിദ്ധിയുണ്ടാകുമെന്നുള്ള കാര്യം അവർ പോലും ആലോചിച്ചിരിക്കാൻ ഇടയില്ല. ഈശ്വരവിശ്വാസമുള്ള അവർണ്ണർ പഴയ പോലെ ആരാധന ചെയ്യുന്നതിൽ സംതൃപ്തരാണെന്നും അവർക്കു ക്ഷേത്രപ്രവേശം അനാവശ്യമാണെന്നും മുൻപ്രസ്താവിച്ചിട്ടുള്ളതു് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

14. ചോദ്യം:— ബലിവട്ടത്തിനു (പ്രദിക്ഷണവഴിക്കു) അകത്തുനിന്ന് ആരാധിക്കുന്നതിനു തങ്ങളെ അനുവദിക്കുന്നപക്ഷം അതു്, മതിലിനകത്തുതന്നെ ബലിവട്ടത്തിനു വെളിയിൽനിന്നുള്ള ആരാധനയെക്കാൾ, അധികം ഫലപ്രദമായിരിക്കുമെന്ന് അവർ വിചാരിക്കുന്നുണ്ടോ?

ഉത്തരം:—13-ാം ചോദ്യത്തിലെ മറുപടിയനുസരിച്ചു ചിന്തിക്കാവുന്നതാണ്.

15. ചോദ്യം:— ഇപ്പോഴത്തെ നടപ്പിനു വിപരീതമായി സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ തങ്ങൾ പ്രവേശിക്കുന്നതു് തങ്ങളെ സംബന്ധിച്ചിടത്തോളം, വല്ല ഹാനികരമായ ഫലത്തിനും ഇടയാകുമെന്നൊ ആ ക്ഷേത്രങ്ങളിലെ ഈശ്വരസാന്നിധ്യത്തിന് ബാധകമാകുമെന്നൊ ഉള്ള വല്ല ബോധവും അവർണ്ണഹിന്ദുക്കൾക്കുണ്ടോ?

ഉത്തരം:—അവർണ്ണഹിന്ദുക്കളിൽ ഈശ്വരവിശ്വാസമുള്ളവർക്കു പ്രവേശനമാവശ്യമില്ലെന്നു പ്രസ്താവിച്ചിട്ടുള്ള കാരണത്താൽ അവർ അതു ഹാനികരമായിരിക്കുമെന്നു തന്നെയാണു വിശ്വസിക്കുന്നതു്. അവിശ്വാസികളുടെ കാര്യം ചിന്തിക്കേണ്ടതുമല്ല. എന്തെന്നാൽ ക്ഷേത്രം വിശ്വാസമുള്ളവരുടെ ആരാധനക്കാണ്.

16. ചോദ്യം:—അവർണ്ണഹിന്ദുക്കളെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുന്നതുനിമിത്തം ആ ക്ഷേത്രങ്ങളിൽവെച്ചു നടത്തുന്ന ആരാധനക്കും

മതസംബന്ധമായ മററു ക്രിയകൾക്കും ശരിയായ ഫലസിദ്ധി ഉണ്ടാകയില്ലെന്നു സവർണ്ണഹിന്ദുക്കളുടെയിടയിൽ പൊതുവെ വല്ല ബോധവുമുണ്ടൊ? ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു്?

ഉത്തരം:—അവർണ്ണർ ക്ഷേത്രസമീപത്തു വന്നാൽ തന്നെ അശുദ്ധിയുണ്ടെന്നും അശുദ്ധി നീക്കീട്ടല്ലാതെ ആരാധന പാടില്ലെന്നും സവർണ്ണർ വിശ്വസിക്കുന്നു. അപ്രകാരം ചെയ്യില്ലെങ്കിൽ ഉണ്ടാകുന്ന അനിഷ്ടഫലങ്ങൾ രാജ്യത്തേയും രാജാവിനേയും ബാധിക്കുമെന്നും അതിനാൽ അതിനു് ഒരിക്കലും ഇടവരുത്തരുതെന്നും അവർ കരുതുന്നു. തമോഗുണപ്രചുരിമയിൽ സത്വഗുണം പ്രകാശിക്കായ്കയാൽ അവിടെ സത്വഗുണപ്രധാനന്മാരായ ദേവന്മാരുടെ സാന്നിദ്ധ്യം ഉണ്ടാകയില്ല. അതിനാലാണു ഗീതയിൽ "യജന്തി സാത്വികാ ദേവാൻ യക്ഷരക്ഷാംസി രാജസാഃ ഭൂതാൻ പ്രേതഗണാംശ്ചാന്യേ യജന്തേ താമസാഃ ജനാഃ" എന്നു വർണ്ണിച്ചു കാണുന്നതു്. സത്വഗുണക്കാർ ദേവന്മാരേയും രജോഗുണക്കാർ യക്ഷരക്ഷസ്സുകളേയും തമോഗുണക്കാർ ഭൂതപ്രേതാദികളേയും ആരാധിക്കുന്നു എന്നു പറഞ്ഞിട്ടുള്ളതിൽനിന്നും അവരുടെ മനശ്ശുദ്ധിക്കു് ആരാധിക്കാവുന്ന യോഗ്യതയും വെളിവാക്കിയിരിക്കുന്നു. ക്ഷേത്രത്തിനു് ഏഴു പ്രാകാരങ്ങൾ ഉണ്ടെന്നും ഇന്ന ഇന്ന പ്രാകാരങ്ങളിൽ അവർ കേറിയാൽ ഇന്ന ഇന്ന ക്രിയകളാൽ ശുദ്ധി ചെയ്യേണ്ടതാണെന്നും ആഗമതന്ത്രങ്ങൾ ഉണ്ടു്.

17. ചോദ്യം:— ഈ ബോധം ബലിവട്ടത്തിനുള്ളിൽ പ്രവേശിക്കുന്ന സംഗതിയിൽ മാത്രമാണൊ അതല്ലാ മതിലിനകത്തു പ്രവേശിക്കുന്ന സംഗതിയിലും ഉണ്ടൊ?

ഉത്തരം:—ക്ഷേത്രത്തിന്റെ പ്രാകാരങ്ങൾ ഏഴുണ്ടെന്നും ഓരോ ക്ഷേത്രത്തിന്റെ പ്രാകാരപരിമിതി അതതിന്റെ കണക്കനുസരിച്ചു നിശ്ചയിക്കേണ്ടതാണെന്നും സപ്തപ്രാകാരങ്ങളും സമ്പൂർണ്ണമായി പണി ചെയ്തിട്ടുള്ള ക്ഷേത്രങ്ങൾ വളരെ ചുരുക്കമാണെന്നും പ്രാകാരനിർമ്മാണം ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിൽ കണക്കുകളും സങ്കേതങ്ങളുംകൊണ്ടു് ആ അതൃത്തികളെ നിർണ്ണയിച്ചു പരിപാലിക്കേണ്ടതാണെന്നും അറിയുന്നു. ഈ കണക്കിനു ബലിവട്ടത്തിനു പുറമേയും മൂന്നു നാലു പ്രാകാരങ്ങൾ വരാതെ കഴിവില്ല. അതിനാൽ ആ സ്ഥാനങ്ങളും അവർണ്ണർക്കു് പ്രവേശിക്കാവുന്നതല്ല. മതില്ക്കു പുറമെയുള്ള ക്ഷേത്രസങ്കേതത്തിലും അവർണ്ണർക്കു് പ്രവേശിച്ചുകൂട എന്നു കോട്ടു് വിധിയുള്ളതു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

18. ചോദ്യം:— ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിന്റെ ഉദ്ദേശം സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിൽ സാമുദായികവും മതപരവുമായ സമത്വം സ്ഥാപിക്കണമെന്നുള്ളതാണൊ അതല്ലെങ്കിൽ അതിനു മററു വല്ല ഉദ്ദേശവുമുണ്ടൊ?

ഉത്തരം:—ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം സ്വരാജ്യകക്ഷിക്കാരുടെ പ്രസ്ഥാനങ്ങൾക്കാനുകൂല്യം സിദ്ധിക്കണമെന്നല്ലാതെ മറെറാന്നും ഉള്ളതായി അറിയുന്നില്ല. അവകാശ സമത്വത്തിനു മൂലകാരണമായ ആചാരസമത്വത്തിനായി ഏവർക്കും പ്രയത്നിക്കാവുന്നതും യാതൊരു പ്രക്ഷോഭവും കൂടാതെ കാലക്രമത്തിൽ അവർക്കഭിലാഷസിദ്ധിയുണ്ടാകയും ചെയ്യുമായിരുന്നു. ആയതു ഐകമത്യത്തേയും സമത്വത്തേയും മതപരമായും സാമുദായികമായും സാധിക്കുന്നതായിരിക്കും. നേരേമറിച്ചു ആചാരവൈകല്യങ്ങളെക്കൊണ്ടുത്ഭവിച്ചിട്ടുള്ള അകലിച്ചയും വൈമനസ്യവും വൈരസ്യമായും കലാപകാരണമായും തീരുന്നതിനു ഈ പ്രസ്ഥാനം ഇടവരുത്തിയേക്കാം.

19. ചോദ്യം:—(എ) സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിലും (ബി) സവർണ്ണഹിന്ദുക്കളിൽ പെട്ട വിവിധവിഭാഗങ്ങൾതമ്മിലും (സി) അവർണ്ണഹിന്ദുക്കളിൽ പെട്ട വിവിധവിഭാഗങ്ങൾ തമ്മിലും സാമുദായികവും മതപരവുമായി ഏതു സംഗതികളിലാണിപ്പോൾ, അസമത്വം ഉള്ളതു്?

ഉത്തരം:—(എ) സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിൽ സാമുദായികമായും മതപരമായും അനേകകാര്യങ്ങളിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടു്. സവർണ്ണർ പ്രധാനമായി പ്രാണിഹിംസയും മദ്യോല്പാദനവും ചെയ്യുന്നവരല്ല. ഈ സാമാന്യനിയമത്തിനു വ്യത്യസ്തങ്ങൾ ഉണ്ടെങ്കിൽ അവർ ഹിന്ദുമതപരമായും സാമുദായികമായും ഇക്കാലത്തു സംഭവിച്ചിട്ടുള്ള അനാസ്ഥതയ്ക്കും അതിനെ തുടർന്നുണ്ടായിട്ടുള്ള സ്വേച്ഛാവർത്തനത്തിനും ഉദാഹരണങ്ങളാണു്. മതാചാരങ്ങളാലും സമുദായാചാരങ്ങളാലും സാധൂകരിക്കപ്പെട്ടിട്ടുള്ള ദുർല്ലഭം ചിലതുണ്ടെങ്കിൽ ആ വ്യത്യസ്ഥങ്ങൾ സാമാന്യനിയമത്തിനു ബാധകമാകാത്തവയും ആകുന്നു.

(ബി) സവർണ്ണഹിന്ദുക്കളിൽപ്പെട്ട വിവിധ വിഭാഗക്കാർ തമ്മിലും ആചാരഭേദങ്ങൾ ധാരാളമുണ്ടു്. ബ്രാഹ്മണർ, ക്ഷത്രിയർ, അമ്പലവാസികൾ, നായർ വർഗ്ഗത്തിൽ ആഭിജാത്യമുള്ളവർ, ഇവർ മാംസാഹാരവും മദ്യപാനവും ചെയ്യാറില്ല. ശൂദ്രർ സാമാന്യമായി ഇതിൽ ഏർപ്പെട്ട കാ

ണന്നുണ്ട്. അതിനാൽ "ശൂദ്രഷൾക്കംത്രികംവാ" എന്നു 3 അടിയോ 6 അടിയോ അവർ അകന്നു നില്ക്കണമെന്നും സ്മൃതിയുണ്ട്. വൈദിക സംസ്കാരങ്ങൾ ബ്രാഹ്മണക്കും ക്ഷത്രിയക്കും മാത്രമാണുള്ളതു്. അവ തമ്മിലും പ്രബലമായ വ്യത്യാസങ്ങൾ ഉണ്ടു്. അമ്പലവാസികൾക്കു സംസ്കാരങ്ങൾ ഉണ്ടെങ്കിലും വേദമന്ത്രപുരസ്സരമായിട്ടില്ല. വിവാഹോപനയനങ്ങൾ ബ്രാഹ്മണക്ഷത്രിയക്കുണ്ടു്. അമ്പലവാസികൾക്കുപനയനമില്ല. വിവാഹത്തിൽ ബ്രാഹ്മണക്കുമാത്രമെ ഏകഭർത്തൃത്വവും ഭർത്തൃവിനാശത്തിൽ വൈധവ്യവും ആചരിക്കേണ്ടതുള്ളു. അബ്രാഹ്മണരുടെ വിവാഹക്രമങ്ങളും ക്ഷണംപ്രതി മാറി മാറി യാതൊരു നിയമത്തേയും ഗണിക്കാത്ത വഴിയിൽ പ്രവേശിച്ചുകാണുന്നു. പ്രേതസംസ്കാരം, ആശൌചം, ശ്രാദ്ധതർപ്പണാദികൾ ഇവയും ബ്രാഹ്മണക്കുള്ളതിൽ നിന്നും വളരെ ഭേദപ്പെട്ടാണു അന്യർ ആചരിക്കുന്നതു്. ബ്രാഹ്മണരിൽ മലയാളികളും പരദേശികളും ഏറക്കുറെ ഈ വിഷയത്തിൽ സാമ്യമുള്ളവരും വൈദികത്തെ അവലംബിച്ചിട്ടുള്ളവരും ആകുന്നു. അവരവരുടെ വർഗ്ഗക്കാക്കു വിധിച്ചിട്ടുള്ള വിധം അതാതു സംസ്കാരങ്ങളെ സ്വീകരിക്കാത്തവർ ബഹിഷ്കൃതരാകേണ്ടതാണു്. "ശനകൈസ്തുക്രിയാഹീനാദിമാ ക്ഷത്രിയ ജാതയഃ വൃഷളത്വഗതാലോകേ ബ്രാഹ്മണാദശ്നേന ച" എന്നു മനുസ്മൃതിയിൽ കാണുന്ന സ്ഥിതിക്കു പണ്ടുതന്നെ ഇപ്രകാരമുള്ള നടപടികൾ ഉണ്ടായിരുന്നതായി കാണുന്നു.

(സി) അവർണ്ണരിൽ പെട്ട ഹിന്ദുക്കൾ തമ്മിൽ അതതു വർഗ്ഗത്തിലുള്ളവർ അല്ലാതെ വിവാഹാദിബന്ധങ്ങളിൽ ഏർപ്പെടുകയോ കീഴിലുള്ളവരെ തൊട്ടുതിന്നുകയോ പതിവില്ല. കണിയാർ, ആശാരി, കൊല്ലൻ മുതലായവർ അല്പമായി പ്രാണിഹിംസ ചെയ്യുമെങ്കിലും തൊഴിലായി അതാചരിക്കാറില്ലാത്തതിനാലും ശില്പം, ജ്യോതിഷം മുതലായ ശാസ്ത്രങ്ങൾ അഭ്യസിക്കയാലും ഈഴവാദികളിൽനിന്നുയൎന്നവരായി ഗണിക്കപ്പെട്ടിരിക്കുന്നു. പറയർ, പുലയർ മുതലായവർ നാല്ക്കാലിവധം ചെയ്കയാലായിരിക്കണം മീമ്പിടിത്തക്കാരും മദ്യോല്പാദകന്മാരുമായ ഈഴവാദികളേക്കാൾ താണവരായി ഗണിച്ചിട്ടുള്ളതു്. ഇവർ തമ്മിൽ ഏതെല്ലാം ആചാരവിശ്വാസങ്ങളിൽ താരതമ്യമുണ്ടെന്നു് അടുത്തു പഴകിയവൎക്കേ അറിഞ്ഞുകൂടു. ആകപ്പാടെ അശുചി, ആചാരമില്ലായ്ക, ദുരാചാരസമൃദ്ധി ഇവയാണു ഇക്കൂട്ടരിൽ കാണുന്നതു്.

20. ചോദ്യം:— ക്ഷേത്രപ്രവേശനം അനുവദിയ്ക്കുന്നതായാൽ ഈ

അസമത്വങ്ങളെല്ലാമൊ അവയിൽ ഏതെങ്കിലുമൊ നീങ്ങുമെന്ന നിങ്ങൾ വിചാരിയ്ക്കുന്നുണ്ടൊ? ഉണ്ടെങ്കിൽ എത്രമാത്രം?

ഉത്തരം:—ക്ഷേത്രപ്രവേശം അനുവദിച്ചാൽ ഇവയിൽ വല്ലതുമെങ്കിലും നീങ്ങും എന്നു വിചാരിക്കാൻ യാതൊരു യുക്തിയും ഇല്ല. ഇന്നതു ചെയ്യായ്കയാലും ഇന്നതു ചെയ്കയാലുമാണ് ഇക്കൂട്ടൎക്ക് അശുദ്ധിയുണ്ടെന്നും ക്ഷേത്രപ്രവേശനം പാടില്ലെന്നും വെച്ചിട്ടുള്ളത് എന്ന ബോധം ഒരു പക്ഷേ കാലാന്തരത്തിൽ ഇവരിൽ ഏതാനും പേരെയെങ്കിലും സദാചാരം സ്വീകരിക്കുന്നതിനും ദുരാചാരം ഉപേക്ഷിക്കുന്നതിനും പ്രേരിപ്പിച്ചേക്കാം. അപ്രകാരം ആചാരസാമ്യതയാൽ അവൎണ്ണൎക്ക് ഇവരോടുള്ള വൈമനസ്യം ഇല്ലാതായി ആരും അറിയാതെയും പറയാതേയും തന്നെ ഭാവികാലത്തിൽ ഇവർ അവൎണ്ണരിൽ അവ്യക്തമായി ലയിച്ചു പോയേക്കാം. ആ വിധം പലപ്പോഴും സംഭവിച്ചിട്ടുള്ളതായി ഇൻഡ്യാ ചരിത്രത്തിൽ ഉദാഹരണം കാണിക്കാം. നേരേമറിച്ച്, ഇപ്പോഴുള്ള നിലയിൽ ഇവരെ ക്ഷേത്രപ്രവേശനം ചെയ്യിച്ചാൽ ഇവരെ ദുരാചാരം ഒരിക്കലും മാറുകയില്ല. ഇവൎക്ക് സ്വന്തക്ഷേത്രങ്ങളുണ്ടായിട്ടും അവയിൽ പ്രവേശനം ചെയ്യുന്നതുകൊണ്ട് അവർ നന്നായിട്ടില്ല. സവൎണ്ണക്ഷേത്രങ്ങളും അവരുടേതുപോലെയല്ലാതെ പരിണമിക്കയില്ല.

21. ചോദ്യം:— ക്ഷേത്രപ്രവേശനം അനുവദിച്ച് ഈ അസമത്വങ്ങൾ പരിഹരിയ്ക്കുന്നതിനെ സംബന്ധിച്ച സവൎണ്ണഹിന്ദുക്കളുടെയിടയിലുള്ള ബോധത്തിൻെറ വ്യാപ്തി എന്ത്?

ഉത്തരം:—സവൎണ്ണഹിന്ദുക്കളിൽ മതപരിജ്ഞാനമില്ലാത്ത ചെറുപ്പക്കാരും അപക്വബുദ്ധികളുമായ ചിലരല്ലാതെ അസമത്വപരിഹാരമായി ക്ഷേത്രപ്രവേശനത്തെ നിൎദ്ദേശിക്കുന്നില്ല. അവർതന്നെ ക്ഷേത്രപ്രവേശനത്താൽ ആചാരപരമായും മതപരമായുമുള്ള അവരുടെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നോ പെടണമെന്നോ കരുതീട്ടില്ല. അവരുടെ ഈ നിലയ്ക്കുതന്നെ ക്ഷേത്രപ്രവേശനത്തിനുള്ള അവകാശം അവൎക്കുണ്ടെന്നും അതനുവദിക്കായ്കയാലാണ് സ്വരാജ്യം ഇടയ്ക്കു തടഞ്ഞുപോയതെന്നുമാണ് അവരുടെ ഭ്രമം. മററു സവൎണ്ണഹിന്ദുക്കളിൽ ആൎക്കും തന്നെ ഈ വ്യാമോഹം സംഭവിച്ചിട്ടില്ല.

22. ചോദ്യം:— ഈ സംഗതിയിൽ അവൎണ്ണഹിന്ദുക്കളുടെയിടയിലുള്ള ബോധത്തിൻെറ വ്യാപ്തി എന്ത്?

ഉത്തരം:—അവൎണ്ണഹിന്ദുപ്രമാണികളുടേയും മററും അഭിപ്രായം ഇതിനനുകൂലമല്ലെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. മററുള്ളവരുടെ സാക്ഷാൽ

അഭിപ്രായം ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതിൽനിന്നും പ്രത്യക്ഷമാകുന്നു.

23. ചോദ്യം:— സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിൽ സാമുദായികവും മതപരവുമായ സമത്വം സ്ഥാപിക്കുന്നതിനു നിശ്ചിതവും സ്പഷ്ടിപരവുമായ വല്ല പ്രവൃത്തിപദ്ധതിയും നിങ്ങൾക്കു നിർദ്ദേശിക്കാമെങ്കിൽ അതിനെ വിവരിക്കുക.

ഉത്തരം:—സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും തമ്മിൽ സാമുദായികമായും മതപരമായും സമത്വം സ്ഥാപിക്കാൻ അത്ര ലഘുവായ പദ്ധതികൾ ഇല്ല. ഉണ്ടെങ്കിൽ ഫലപ്പെടുകയും ഇല്ല. ഈ വിഷയമായി 12 കൊല്ലംമുമ്പു കെ. വെങ്കടേശ്വരശർമ്മ പ്രസിദ്ധപ്പെടുത്തിട്ടുള്ള നീചവർഗ്ഗോദ്ധാരണം എന്ന ഉപന്യാസം വായിച്ചുനോക്കാവുന്നതാണ്. അശുദ്ധിഹേതുക്കളായ പാപവൃത്തികളെ ഉപേക്ഷിക്കയും, അശുദ്ധാചാരമുപേക്ഷിക്കാത്തവരുമായി സംസർഗ്ഗമുപേക്ഷിക്കയും, ചെയ്യുന്നതുകൂടാതെ സദാചാരപരമായ നിയമങ്ങൾ, സ്നാനശൌചാദികൾ, ഏകാദശ്യാദിവ്രതങ്ങൾ, നാമസങ്കീർത്തനാദികൾ ഇവ നിയമേന സ്വീകരിച്ചു നടത്തുകയും ചെയ്താൽ കാലാന്തരത്തിൽ അശുദ്ധി നീങ്ങും. എത്ര കാലം കഴിഞ്ഞിട്ടാണെന്നു നിർണ്ണയിക്കാൻ ഇപ്പോൾ അധികാരി ഇല്ലെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്. കുറെക്കാലത്തിനകം പ്രായോഗികമായി ഫലസിദ്ധിയുണ്ടായിക്കൊള്ളുമെന്നു നിശ്ചയമാകയാൽ അതിനെക്കുറിച്ചു കാലനിർണ്ണയം ചെയ്കയോ സവർണ്ണരോടു് അപേക്ഷിക്കയോ നിർബ്ബന്ധിക്കയോ ചെയ്തിട്ടാവശ്യമില്ല. പ്രകൃതി അതിൻെറ ശക്തിയെ പ്രകടിപ്പിച്ചുകൊള്ളും. അവർണ്ണർ സവർണ്ണരേക്കാൾ ആചാരമര്യാദകൾ കൊണ്ടു താഴെയുള്ളവരാണെന്നു അവർ വിചാരിക്കുന്നപക്ഷം ഉയർച്ച നേടാൻ ശ്രമിക്കട്ടെ. പ്രാണിഹിംസ, മദ്യോല്പാദനം, മാംസാഹാരം, മദ്യപാനം ഇവ ഉപേക്ഷിച്ചു സ്നാനശൌചാദികൾകൊണ്ടു ജീവിതക്രമത്തെ സംസ്കരിക്കുക. ഏകാദശി മുതലായ വ്രതോപവാസങ്ങൾ കൈക്കൊള്ളുക. നാമസങ്കീർത്തനം, ഭജനം ഇവ നിയതകാലങ്ങളിൽ ആചരിക്കുക. നൂല്പ്, നെയ്ത്തു, കൃഷി, കൈത്തൊഴിൽ ഇവയെ തൊഴിലായി സ്വീകരിക്കുക. ദുരാചാരമുപേക്ഷിക്കാത്തവരുമായി സംസർഗ്ഗം ഉപേക്ഷിക്കുക. ഇവ ചെയ്യട്ടെ.

ഏകശയ്യാസനംപംക്തിർഭാണ്ഡപക്വാന്നഭോജനം
യാജനാദ്ധ്യാപനെയോനിസ്തഥാച സഹഭോജനം
നവധാസങ്കരഃ പ്രോക്താ ന കർത്തവ്യോധമൈസ്സഹ

എന്ന ബൃഹസ്പതിവചനമനുസരിച്ചു നടന്നാൽ ഉത്തമം. ഇപ്രകാരം ആചാരോന്നമനത്തിനായി യത്നിക്കുന്നവരെ സവൎണ്ണരും ഗവൎമ്മെന്റും യഥായുക്തം സഹായിക്കേണ്ടതാകുന്നു. അന്യരുടെ പ്രേരണയൊ നിൎബ്ബന്ധമൊ അൎത്ഥനയൊ കൂടാതെ ജനസാമാന്യം ഏതാനും വൎഷങ്ങൾക്കുള്ളിൽ അവരെ അടുത്തുവരാനനുവദിക്കും. കാലാന്തരത്തിൽ ക്ഷേത്രപ്രവേശവും സിദ്ധിക്കും. ജനങ്ങൾക്കു തനിയേ കാലക്രമത്തിൽ ഉണ്ടാകേണ്ട മനസ്ഥിതിയെ നിൎബ്ബന്ധിച്ചു വരുത്തിക്കൂട്ടാൻ ആൎക്കും സാധിക്കയില്ല. ആൎക്കും അധികാരവും ഇല്ല. അതു് അമംഗളമായി പരിണമിക്കയും മതത്തെ നശിപ്പിക്കയും ചെയ്യും. ഹിന്ദുമതം ആദികാലം മുതല്ക്കേ ഏൎപ്പെടുത്തിട്ടുള്ള പദ്ധതി ഇതാണു്. അതിനാൽ ഹിന്ദുക്കളുടെ വിശ്വാസം അത്രമാത്രം ഗാഢവും അചഞ്ചലവും ആകുന്നു. അസംസ്കൃതബുദ്ധിയിലുംകൂടി ഈ സ്വഭാവം ദൃശ്യമാകുന്നു. ഇപ്രകാരമുള്ളവൎക്കു ഭജനമഠങ്ങൾ, സ്നാനത്തിനു കുളങ്ങൾ, നെയ്ത്തുശാലകൾ മുതലായവ ഉണ്ടാക്കിക്കൊടുക്കാൻ ഗവൎമ്മെന്റും പൊതുജനങ്ങളും ഔദാൎയ്യമുള്ളവരായിരിക്കേണ്ടതാണു്. 3. (v) ചോദ്യത്തിലെ മറുവടിയിൽ സൂചിപ്പിച്ചിട്ടുള്ള വൈദികസഭ ഇവരുടെ മേലന്വേഷണം വഹിക്കാവുന്നതാണു്.

24. ചോദ്യം:— ക്ഷേത്രപ്രവേശനപ്രസ്ഥാനം സവൎണ്ണഹിന്ദുക്കളും അവൎണ്ണഹിന്ദുക്കളും തമ്മിൽ സാമുദായികവും മതപരവുമായ സമത്വം സ്ഥാപിക്കുന്നതിനുള്ള പ്രവൎത്തിപദ്ധതിയുടെ മറ്റു ഭാഗങ്ങളിൽ നിന്നു വേർതിരിക്കാവുന്ന ഒരു ഭാഗമാണൊ, അതൊ വേർതിരിക്കാൻ പാടില്ലാത്തതൊ?

ഉത്തരം:— സവൎണ്ണാവൎണ്ണസമത്വം പ്രാപിക്കാനുള്ള പ്രവൃത്തിപദ്ധതിയിൽ ഒടുവിലത്തെ ഫലമാണു ക്ഷേത്രപ്രവേശനം. അതു സാധിക്കാനാണു് ആചാരവിശ്വാസാദികളിൽ അവർ ഉയൎന്നു സമത്വം പ്രാപിക്കേണ്ടതു്. ഇപ്രകാരം ഫലത്തെ മാൎഗ്ഗമായി തെറ്റിദ്ധരിച്ച ബാലിശത്വംകൊണ്ടു് അനൎത്ഥങ്ങളല്ലാതെ പ്രയോജനമൊന്നും ഉണ്ടാകയില്ല. ഫലത്തിനു ചെടിയുടെ വളൎച്ചയാവശ്യമുണ്ടെങ്കിലും അതിനു ക്ഷമയില്ലാത്ത ബാലൻ ചെടിയിൽ ഫലം കെട്ടിത്തൂക്കുമ്പോലെ ഇതു പരിഹാസം മാത്രമായി പരിണമിച്ചാലും വിരോധമില്ലായിരുന്നു. ഭയങ്കരമായ ദുരിതം ഭാവിയെ ബാധിക്കാതിരിക്കയില്ല. എന്തെന്നാൽ ഇവിടത്തെ ബാലലീല പ്രൌഢന്മാരാണു് കാൎയ്യം കയ്യേറ്റിരിക്കുന്നതു്. പ്രകൃതിശക്തി തെറ്റിദ്ധരിക്കയോ തെറ്റിനെ ക്ഷമിക്കയൊ ചെയ്കയില്ല. വഴിയെ

പോയാൽ മതി, തനിയെ ക്ഷേത്രപ്രവേശനം സിദ്ധിക്കും. സമത്വമുണ്ടാക്കാൻ അവൎണ്ണരുടെ ആചാരാദികളെ യത്നിക്കുക. കാൎയ്യകാരണങ്ങളെ കുഴച്ചുമറിക്കാതെ തിരിച്ചറിയുക. ആചാരോന്നമനത്തിൽ ക്ഷേത്രപ്രവേശനം ഉൾപ്പെടുത്താതെ വേർതിരിച്ചുനിറുത്തീട്ട് അതിനെ പ്രാപ്യസ്ഥാനമായി സങ്കല്പിക്കമാത്രമേ പാടുള്ളൂ.

25. ചോദ്യം:— അവൎണ്ണഹിന്ദുക്കളിൽ ഉൾപ്പെട്ട പ്രത്യേക വിഭാഗങ്ങളുടെ വക ക്ഷേത്രങ്ങളിൽ ആരാധനയ്ക്ക് അവൎണ്ണഹിന്ദുക്കളിൽ ഉൾപ്പെട്ട എല്ലാ വിഭാഗങ്ങളേയും ഇപ്പോൾ അനുവദിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, സാക്ഷി അവൎണ്ണഹിന്ദുവാണെങ്കിൽ എല്ലാ അവൎണ്ണഹിന്ദു ക്ഷേത്രങ്ങളും എല്ലാ അവൎണ്ണഹിന്ദുക്കൾക്കും ഒരുപോലെ തുറന്നു കൊടുക്കുന്നതിനെ അനുകൂലിക്കുന്നുണ്ടോ?

ഉത്തരം:—അവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ എല്ലാ അവൎണ്ണരേയും പ്രവേശിപ്പിക്കാറില്ല. അതിൽ അവൎക്കെല്ലാം സമ്മതവുമില്ല. ഉച്ചനീചത്വങ്ങൾ അവർ തമ്മിലും ധാരാളം ഇപ്പോൾ ഉണ്ട്.

26. ചോദ്യം:—അവൎണ്ണഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുന്നപക്ഷം, സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ ഏതെങ്കിലും സവൎണ്ണഹിന്ദുക്കളോ അവൎണ്ണഹിന്ദുക്കളോ മുമ്പിലത്തെപ്പോലെയുള്ള ആരാധനയിൽനിന്നും വിരമിക്കുമോ?

ഉത്തരം:—അവൎണ്ണൎക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചാൽ സവൎണ്ണർ ആവക ക്ഷേത്രങ്ങളിൽ ആരാധനയ്ക്കു പോകയില്ല. "ഉല്പാതേഷു ചാപായേഷു ന കുൎയ്യാൽ പൂജനം ഹരേഃ" എന്ന വിഷ്ണുസംഹിതാപ്രമാണമനുസരിച്ചു ആരാധന മുടങ്ങുകയേയുള്ളൂ. "ശൂദ്രചോരവ്രാത്യപാഷണ്ഡചണ്ഡാലാദിപ്രവേശനം, ഏതെ ചാന്യേ ച വിജ്ഞേയാ ഉല്പാതാബദ്ധദോഷദാഃ" ഇക്കൂട്ടത്തിൽ അവൎണ്ണപ്രവേശനം "ഉല്പാത"മാണെന്നും സിദ്ധിക്കുന്നു. ഉല്പാതങ്ങൾ "ബദ്ധദോഷദ"ങ്ങളാണെന്നു പറയുന്നതു കൂടാതെ ആ സമയം— "അസ്പൃശ്യാപ്രതിമാപീഠപ്രാസാദാസ്സാംഗദേവതാഃ. പിതാനാഗ്നിനിഭംവിഷ്ണോൎബിംബമുല്പാതദൂഷിതം, അകൃതായാംതുനിഷ്കൃത്യാം വിനശ്യേദ്ദേവസന്നിധിഃ, തസ്ഥാപ്രേതാഭയക്ഷുദ്വ്യാധിശോകാധിഭിൎന്നൃണാം." എന്നും "തസ്മാൽ സൎവ്വപ്രയത്നേന കൎത്തവ്യമവിളംബിതം. പ്രായശ്ചിത്തം..." എന്നും അതേപ്രമാണത്തിൽ കാണുന്നു. അതിനാൽ ക്ഷേത്രംകൊണ്ടു ജനങ്ങൾക്കുണ്ടായിക്കൊണ്ടിരുന്ന അനുഗ്രഹഫലം പോയിട്ടു അനൎത്ഥഫലമുണ്ടാകുമെന്നു സ്പഷ്ടമായിരിക്കുന്നു. ഇപ്രകാരം നാടൊട്ടുക്കുള്ള അനുഗ്രഹത്തെ അന

ത്ഥമാക്കിത്തീക്കാൻ കല്പിച്ചുകൂട്ടിപ്പുറപ്പെടുന്നതു 'ക്രിമിനൽ'വകുപ്പിൽ ഉൾപ്പെടുത്താത്തതു് എന്തുകൊണ്ടാണെന്നറിയുന്നില്ല. "ആഭിചാരം" ആ വകുപ്പിൽ ഉൾപ്പെടുമെന്നും ഇതുൾപ്പെടുകയില്ലെന്നും വിചാരിക്കുന്നവർ, വിദേശീയരിലല്ലാതെ ചിന്താഗതിയെ പാകംചെയ്യുന്നവരെ ശിക്ഷിക്കണമെന്നു ശഠിക്കുന്നവരായിരിക്കും. നമ്മുടെ ശാസ്ത്രം ശാസ്ത്രമല്ലെന്നും അന്യരുടെ സങ്കല്പങ്ങൾ ശാസ്ത്രമായി സ്വീകരിക്കണമെന്നും ചുമത്തുന്ന മാനസികമായ അടിമത്വം മനുഷ്യസ്വാതന്ത്ര്യത്തെ ഭയങ്കരമായി ബാധിച്ചു പൌരസ്ത്യരെ ജീവച്ഛവമാക്കിയിരിക്കുന്നു.

"ഘോരപാതകചണ്ഡാലചാതുർവ്വർണ്ണ്യബഹിഷ്കൃതാഃ. ശ്വാനപാഷണ്ഡകാവർജ്ജ്യാമ്ലേച്ഛദേശസമുത്ഭവാഃ......... തൈസ്സസമ്മിശ്രിതൈരന്യൈ.....ദേവെസന്നിഹിതേ സ്പൃഷ്ടേ......അത്ഭുതോക്ത ക്രമേണൈവശാന്തിം കുര്യാദ്വിചക്ഷണഃ.........അന്യഥാ ന ച സാന്നിദ്ധ്യം." എന്നിപ്രകാരം തത്വപ്രദീപികയിൽ പറയുന്നു. അതിനാൽ ക്ഷേത്രത്തിൽ ദേവസാന്നിധ്യം നശിച്ചു് അതു് അന്യസ്ഥലംപോലെ പരിണമിച്ചു പോകുമെന്നു തെളിയുന്നു. പരിഹാരാത്ഥം ശാന്തികർമ്മങ്ങൾ ചെയ്യണമെന്നും വിധിക്കുന്നു.

"ചണ്ഡാലൈരന്ത്യജൈശ്ചൈവതഥാന്യൈഃ പ്രതിലോമജൈഃ. മ്ലേച്ഛൈശ്ചനീചചണ്ഡാലൈർ ഗുരുനിന്ദാദി ദൂഷിതൈഃ. ഏവമാദിഭിരസ്പൃശ്യൈർദ്ദേവാഗാരെവിശേഷതഃ സ്പൃഷ്ടേ പ്രവേശനെ ബാധ്യം പൂജാകാലെ ച ദർശനെ". (ഭൃഗുസംഹിത.)

"ചണ്ഡാലപതിതോദക്യാസൂതികോന്മത്തകാദിഭി........ പ്രവിഷ്ടെ പൂജനെ സ്പൃഷ്ടേ ദ്രവ്യാണാം സ്പർശനെ തഥാ.

ദോഷാശ്ച ബഹുധാപ്രോക്താസ്തന്ത്രെഷ്വേവ പൃഥക് പൃഥക്."
(പാശുപതം)

ഇപ്രകാരം അനവധി പ്രമാണങ്ങൾ കൊണ്ടു് അവർണ്ണപ്രവേശനവും അവർ തൊട്ട പൂജാദ്രവ്യങ്ങളും ദുരിതഹേതുക്കളാണെന്നു കാണുന്നതിനെ നിരാകരിച്ചു കൂടുന്നതല്ല. അവയെ അതിലംഘിക്കുന്നവർ ഹിന്ദുക്കളും അല്ല. ഹൈന്ദവപ്രമാണങ്ങൾ വിശ്വസിക്കാതെ അവയെ ഉല്ലംഘിച്ചും നശിപ്പിച്ചും അവർണ്ണർ ഹിന്ദുക്കളാണെന്നു് അഭിമാനിക്കുന്നതിന്റെ അയുക്തികത ആക്കും ബോദ്ധ്യമാകുന്നതാണു്. ഗവമ്മേൻറാനുകൂല്യത്തോടുകൂടിയോ കൂടാതെയോ അവർണ്ണർ പ്രവേശിച്ചു ക്ഷേത്രങ്ങളെ അശുദ്ധപ്പെടുത്തിയാൽ സവർണ്ണർ വിഗ്രഹത്തെ അവിടെനിന്നും പറിച്ചിളക്കി മററു വല്ലിടത്തും പ്രതിഷ്ഠിച്ചു നിരുപദ്രവമായി ആരാധന

നടത്തണമെന്നുകൂടി പ്രമാണം വിധിക്കുന്നു. അതിനും സാദ്ധ്യമല്ലാതെ വന്നാൽ വിഗ്രഹത്തിലെ ചൈതന്യത്തെ പുരോഹിതൻ ആത്മാവിൽ ആവാഹിച്ചെടുത്തുകൊണ്ട് ആ ശിലയെ മണ്ണിൽ കുഴിച്ചിട്ടുകളയണമെന്നുകൂടി പറഞ്ഞു കാണുന്നു.

“സോപദിവപ്രവേശേവാചണ്ഡാലാദ്യദൂഷിതേ, ചൊരാദ്യൈപദ്രവയുതെസ്ഥലെ പൂതവനാന്തികെ. തസ്മാൽബിംബം സമാദായ ശുദ്ധദേശെ മനോരമെ. യജമാനാഭിലഷിതെ പ്രതിഷ്ഠാപ്യ സമച്ചയേൽ (ചലനപ്രതിഷ്ഠാവിധി.) ഏവംകത്തുമശക്തശ്ചേൽഭൂമൌ ബിംബാനിഗോപയേൽ. ആത്മന്യാരൊപ്യതച്ഛക്തിം” (വൈഖാനസാഗമം). അവർണ്ണരിലും പ്രമാണവിശ്വാസമുള്ളവർ ആവക ശൂന്യക്ഷേത്രങ്ങളെ ഉപയോഗിക്കയില്ല.

27. ചോദ്യം:— ക്ഷേത്രങ്ങളിലെ ഈശ്വരസാന്നിദ്ധ്യത്തെ അതു ബാധിക്കുമൊ? ബാധിക്കുമെങ്കിൽ എങ്ങനെ?

ഉത്തരം:—അവർണ്ണപ്രവേശനത്താൽ ഈശ്വരസാന്നിദ്ധ്യം നശിച്ചുപോകും. ലോകത്തിൽ എങ്ങും അവ്യക്തമായി വ്യാപിച്ചിരിക്കുന്ന ഈശ്വരചൈതന്യത്തെ ശാസ്ത്രോക്തകർമ്മങ്ങളാൽ പ്രതിഷ്ഠാവിഗ്രഹത്തിൽ പ്രകടമാക്കിത്തീക്കയാണ ചെയ്യുന്നത്. ആ പ്രവൃത്തിക്കു യോജിക്കാത്ത നടപടികൾ അതിനെ വിഫലപ്പെടുത്തുമെന്നു സ്പഷ്ടമാണ്. ലോകത്തിൽ എങ്ങും വ്യാപിച്ചിരിക്കുന്ന വിദ്യുച്ഛക്തിയെ പ്രകടമാക്കിത്തീക്കാൻ യന്ത്രവിശേഷങ്ങളാൽ സാധിക്കയും അതിനോട് അവിഹിതമായി പെരുമാറിയാൽ അനത്ഥങ്ങൾ ഉണ്ടാകയും ആശക്തി നശിച്ചുപോകയും ചെയ്യുമെന്നുള്ള ദൃഷ്ടാന്തം ഇവിടെ സവിശേഷം യോജിക്കുന്നു.

“മന്ത്രാത്മകോമഹാദേവഃ പ്രതിമാദിഷു പൂജ്യതെ. മന്ത്രാശ്ചവൈദികാസ്സർവ്വാഃ സ്മാർത്താസ്തന്മൂല ഏവച. ലിംഗെചോല്പാതസംസ്പൃഷ്ടേ നിർവ്വീര്യാഃ ശ്രൌതതാന്ത്രികാഃ-മന്ത്രേചോപഹതെ തസ്മിൻ തൽസംസ്കാരെ വിനാശിതെ തസ്മാൽ പ്രവസതീശാനഃ” (പാശുപതം). ഇവിടെ ബിംബത്തിൽ ചൈതന്യമുണ്ടാകുന്നതെങ്ങിനെയാണെന്നും “ഉല്പാത” ദൂഷിതമാകുമ്പോൾ മന്ത്രതന്ത്രങ്ങൾ എങ്ങിനെ ഫലിക്കയില്ലെന്നും അപ്പോൾ തന്നിമിത്തമുണ്ടായിട്ടുള്ള ചൈതന്യം എങ്ങിനെ അസ്തമിക്കും എന്നും പ്രസ്താവിച്ചിട്ടുള്ളതു് എത്രയും യുക്തിയുക്തമായിരിക്കുന്നു. 16-ാമത്തെ ചോദ്യത്തിൻെറ മറുപടിയും ഇവിടെ യോജിക്കുന്നതാണ്. ക്ഷേത്രത്തെപ്പോലും ദേവശരീരമായി ഗണിക്കണമെന്നും അവിടെ അശു

ദ്ധി നേരിട്ടാൽ ആയതു് ദേവനെ ബാധിക്കുമെന്നും കാണുന്നു. "പ്രാസാദഗർഭപീഠാച്ചാശരീരത്വേനശാർങ്ഗിണഃ-കഥിതംസർവ്വദാരക്ഷ്യാഃവിപ്രൈരുല്ലാതശങ്കയാ."(വിഷ്ണുസംഹിത) ക്ഷേത്രത്തേയും ഗർഭഗൃഹത്തെയും പീഠത്തേയും വിഗ്രഹത്തേയും ഭഗവൽ ശരീരമായി കല്പിച്ചിരിക്കുന്നു. ഇതല്പം കൂടി വിസ്തരിക്കുമ്പോൾ സപ്തപ്രാകാരങ്ങളും ഉൾപ്പെടുന്നു. എന്നാൽ ശരീരം സ്ഥൂലതരമാകുന്തോറും ശുദ്ധികർമ്മങ്ങളിൽ നിഷ്കർഷ കുറഞ്ഞു കുറഞ്ഞു വരുമെന്നും ഒടുവിൽ സർവ്വലോകവ്യാപിയായ ശരീരത്തിനു യാതൊരു ശുദ്ധിയും ആവശ്യമില്ലെന്നും വരുന്നു. ചൈതന്യവും അപ്രകാരം തന്നെ കുറഞ്ഞു കുറഞ്ഞു സപ്തപ്രാകാരങ്ങൾക്കു വെളിയിൽ സർവ്വലോകസാമാന്യമായ ഭഗവൽ ചൈതന്യത്തെ മാത്രമെ പ്രകടിപ്പിക്കയുള്ളു. അഭീഷ്ടസിദ്ധിയും അനിഷ്ടനിവാരണവും ഉണ്ടാകാൻ ചൈതന്യവിശേഷം ആവശ്യവുമാണു്. അതില്ലെങ്കിൽ അവനവന്റെ വിധിപോലെയെല്ലാം വരുമെന്നും വരുന്നതെല്ലാം അനുഭവിക്കണമെന്നും വന്നുകൂടുന്നു. ആദികാലം മുതല്ക്കേ അനിഷ്ടത്തിൽ വിരോധവും അഭീഷ്ടത്തിൽ ആഗ്രഹവും മനുഷ്യജാതിക്കുണ്ടായിരുന്നതിനാലാണു മഹർഷിമാർ ഈ മാർഗ്ഗം അവരുടെ അനുയായികൾക്കേർപ്പെടുത്തിയിരിക്കുന്നതു്. സപ്തപ്രാകാരങ്ങളിൽ അവർണ്ണപ്രവേശനം കൊണ്ടുണ്ടാകുന്ന അശുദ്ധിപരിഹാരങ്ങളുടെ പ്രമാണം ഇവിടെ ചേർക്കുന്നു.

"ചണ്ഡാലാദിപ്രവേശേതു പ്രഥമാവരണെസതി. വാസ്തുഹോമാന്തതോഽല്പം വാശാന്തിഹോമം തഥൈവച. അഷ്ടോത്തരശതം ദേവം കലശൈഃ സ്നാപയേൽ പുനഃ. ദ്വിതീയാവരണെ ചൈവസ്നപനം സ്യാൽ ഷഡ്ഢഷ്ടഭിഃ ശാന്തിം കൃത്വാതുതീയെപിചതുർവിംശതിസ്തഥാ-സ്നാപയിത്വാതുകലശൈർവ്വിശേഷേണ നിവേദയേൽ. ചതുർത്ഥാവരണെ ചാപിദ്വാദശൈഃ കലശൈസ്തഥാ—സ്നാപയിത്വാതുദേവേശം. വാസ്തുഹോമം സമാചരേൽ. പഞ്ചമാവരണേ ചാപിദ്വാദശൈ! കലശൈസ്തഥാ. സ്നാപയിത്വാതുദേവേശം ജുഹുയാൽ വൈഷ്ണവം തഥാ. ഷഷ്ഠെത്വാവരണെ ചാപിസപ്തഭിഃ കലശൈസ്തഥാ—സപ്തമാവരണെചാപി സർവ്വേഷാമപിസഞ്ചരേൽ, വീഥിപിപ്രവേശേതു ന ദോഷഃ സ്യാൽ കദാചന."

(വൈഖാനസാഗമം)

ഇപ്രകാരമെല്ലാം നിർബ്ബന്ധമുള്ളതിനാൽ ക്ഷേത്രനിർമ്മാണം പോലും അവർണ്ണാധിവാസസ്ഥലത്തുനിന്നും വളരെ അകലെയായിരിക്കണം എന്നു വിധിച്ചിരിക്കുന്നു. "പ്രതിലോമസമീപെതുനകുര്യാദ്വിഷ്ണു

ദിരം — ചണ്ഡാലപത്തനാൽ ക്രോശാൽ ഉപാന്തെന പ്രകല്പയേൽ.”
(ആഗമം)

“ഈശ്വരസ്സർവ്വഭൂതാനാം ഹൃദ്ദേശേജ്ജുന തിഷ്ഠതി.” എന്ന ഗീതയിലും ദേഹം ദേവാലയമാണെന്നും ആത്മാ അതിലെ ദേവനാണെന്നും മൈത്രേയോ ഉപനിഷത്തിലും, ഹൃദയം എന്നതു ലോകത്തിലെ മഹത്തായ ആയതനമാണെന്നു നാരായണസൂക്തത്തിലും പറഞ്ഞിട്ടുള്ളതനുസരിച്ചു സകല ജീവജാലങ്ങളിലും മനുഷ്യരിൽ വിശേഷിച്ചും ഹൃദയത്തിൽ ഈശ്വരാധിവാസമുണ്ടെന്നു സിദ്ധിക്കുന്നു. എന്നാൽ കാമക്രോധാദികൾക്കു വശപ്പെട്ട ജീവൻ ഈ തത്വത്തെ മറന്നു ഹിംസാദിപാപങ്ങൾ ചെയ്തു ക്ഷുബ്ധനായി തീരുകയാൽ ഹൃദയമണിയറയെ തമസ്സുകൊണ്ടു നിറക്കുന്നു. അവിടത്തെ ചൈതന്യം അയാളാൽ ആരോപിതമായ തമസ്സിൻെറ ഭേദഗതിയനുസരിച്ചും കൂടുതൽ കുറവനുസരിച്ചും ഭൂതപ്രേതപിശാചുക്കളായോ യക്ഷഗന്ധർവ്വാദികളായോ ക്ഷുദ്രദേവന്മാരായോ പ്രകടമാക്കുന്നതാണു്. അതിനാൽ ഓരോ ശരീരവും ഓരോ ജംഗമക്ഷേത്രമാണു്. അതാതു ക്ഷേത്രത്തിലെ ദേവത അതാതിൻെറ പരിസരങ്ങളേയും ബാധിക്കും. അതിനാൽ തമോഗുണപ്രധാനികളായ അവർണ്ണരുടെ സാമീപ്യത്തിൽ ശുദ്ധസവർണ്ണക്ഷേത്രങ്ങളിലെ സാത്വികശക്തി മലിനപ്പെടുന്നു. അവരെ തുടർന്നു ഭൂതപ്രേതപിശാചുക്കളുടെ ബാധയും അവിടെ വന്നുചേരും. അവയോടു് ആരാധനകൊണ്ടു പഴകിയവക്കു് അവയുപദ്രവം ചെയ്കയില്ല. അല്ലാത്തവക്കു് ആധിവ്യാധികളും അനത്ഥങ്ങളും അനുഭവിക്കേണ്ടിവരും. ആ തമസ്സുകൊണ്ടു ക്ഷേത്രത്തിലെ ചൈതന്യപ്രകാശം മാഞ്ഞുപോകുമെന്നും സ്പഷ്ടമാണു്.

28. ചോദ്യം:— ക്ഷേത്രങ്ങളിലെ പൂജയും മററു കർമ്മങ്ങളും നടത്തുന്നതിൽ അതുകൊണ്ടു് ഏതെങ്കിലും വൈഷമ്യം ഉണ്ടാകുമോ?

ഉത്തരം:— ക്ഷേത്രങ്ങളിൽ അശുദ്ധിയുള്ളപ്പോൾ ആരാധന പൂജ മുതലായവ പാടില്ലെന്നും അവയ്ക്കു പരിഹാരം ചെയ്തില്ലെങ്കിൽ നാശമുണ്ടാകുമെന്നും “അകൃതായാന്തുനിഷ്കൃത്യാം വിനശ്യേൽ ദേവസന്നിധി:” എന്നും 26-ാമത്തെ പ്രശ്നോത്തരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

29. ചോദ്യം:— അവർണ്ണഹിന്ദുക്കൾക്കു് അനിയന്ത്രിതമായി ക്ഷേത്രപ്രവേശനം അനുവദിയ്ക്കുന്നപക്ഷം, ക്ഷേത്രം അതിൻെറ പരിസരങ്ങൾ, ക്ഷേത്രക്കിണറുകൾ, ക്ഷേത്രക്കുളങ്ങൾ മുതലായവയുടെ ശുചീകരണത്തെ അതു ബാധിയ്ക്കുമൊ? ബാധിയ്ക്കുമെങ്കിൽ എങ്ങനെ?

ഉത്തരം:— അനിയന്ത്രിതമായോ സുനിയന്ത്രിതമായോ അവർണ്ണ

ൾ ക്ഷേത്രപ്രവേശം അനുവദിച്ചാൽ അതു നിമിത്തം ക്ഷേത്രപരിസരങ്ങളും കുളം കിണറു മുതലായവയും അശുദ്ധപ്പെടുന്നതു കൂടാതെ അശുചിപ്പെട്ടു പോകുന്നതുമാകുന്നു. ഇതിനു ഏതാനും സംവത്സരങ്ങളായി അവൎണ്ണപ്രവേശം സംഭവിച്ചിട്ടുള്ള അമ്പലപ്പുഴ വൈക്കം ഈ ക്ഷേത്രസങ്കേതങ്ങൾ പ്രത്യക്ഷദൃഷ്ടാന്തങ്ങളാണ്. ആ സങ്കേതപ്രദേശങ്ങളിലും ക്ഷേത്രങ്ങളിലും ഉള്ള വായുമണ്ഡലത്തിൽ അഭൂതപൂൎവ്വമായ മത്സ്യഗന്ധം വ്യാപിച്ചു കാണുന്നതും, കാക്ക പരുന്തു മുതലായവ കൊത്തികൊണ്ടു വന്നിടുന്ന മത്സ്യശരീരാംശങ്ങൾ അവിടവിടെ വീണുകിടക്കുന്നതും കൂടാതെ നിൎഭയമായി ഭക്ഷണത്തിനു മനുഷ്യഹസ്തങ്ങളിൽ പ്രത്യക്ഷമാകുന്ന മത്സ്യക്കുലകളും പൊതികളും പോരെങ്കിൽ ചിലപ്പോൾ എല്ലാം കുട്ടച്ചുമടുകളും ക്ഷേത്രപ്രാന്തങ്ങളെ ഏതു തരത്തിൽ ആക്കിത്തീൎത്തിട്ടുണ്ടെന്നു പാവപ്പെട്ട സാധാരണജനങ്ങൾക്കറിയാവുന്നതുപോലെ അധികാരവലിപ്പമുള്ള ഉദ്യോഗസ്ഥന്മാൎക്കറിവാൻ സാധിക്കയില്ല. ഇക്കൂട്ടരുടെ മലമൂത്രവിസൎജ്ജനാദികൾക്കും ഐരംപെയ്യേണ്ടയുള്ള തുപ്പലിനും അവരുടെ സഞ്ചാരപ്രദേശം സ്ഥലമനുവദിക്കാതെ നിവൃത്തിയില്ല. ഇവരുടെ ശരീരമാലിന്യവും ഇവരുടെ ശ്വാസാദികളിൽകൂടി നിൎഗ്ഗമിക്കുന്ന ഹേയാണുക്കളും ശുദ്ധസസ്യാഹാരംചെയ്യുന്ന സവൎണ്ണൎക്കു രോഗഹേതുക്കളല്ലെന്നു ധൈൎയ്യം പറവാൻ ഒരു ഡോക്ടൎക്കും കഴിവില്ലെന്നു തോന്നുന്നു. ആ വക ദുൎഗ്ഗന്ധത്തിൽ സാധുക്കളായ സവൎണ്ണൎക്ക് അറപ്പും അസഹ്യതയും ചിലപ്പോൾ തലവേദന ഛൎദ്ദി മുതലായവയും ഉണ്ടാകുന്നുണ്ടെന്നുള്ള വസ്തുത സാരമായി ചില രോഗബീജങ്ങൾ തന്നിമിത്തം സവൎണ്ണശരീരത്തിൽ അങ്കുരിക്കുന്നുണ്ടെന്നു സൂചിപ്പിക്കയാണെന്നു സാമാന്യബുദ്ധിക്കനുമാനിക്കാം. ഈ ബീജങ്ങൾ സവൎണ്ണശരീരത്തിൽനിന്നും പുറത്തു വരുമ്പോൾ അവൎണ്ണൎക്കും തട്ടുത്തു കൂടാത്തവയായ്ത്തീരുന്നു. ഒരു പക്ഷേ അവരെയായിരിക്കാം അധികം ഇരയാക്കുക. അതിനാൽ അവൎണ്ണരുടേയും സാമാന്യമായി ലോകത്തിൻേറയും ക്ഷേമത്തെ ഉദ്ദേശിച്ചു തന്നെയായിരിക്കണം മദ്യമാംസദൂഷിതമായ ഹേയാണുക്കളെ അത്യന്തം വൈധൎമ്മ്യമുള്ള സവൎണ്ണശരീരത്തിൽ പ്രവേശിപ്പിയ്ക്കാതെ പ്രാചീനമേധാവികൾ തമ്മിൽ അകററി നിറുത്തീട്ടുള്ളതും പ്രായശ്ചിത്തമായി സ്നാനാദി പ്രതിവിധികൾ കല്പിച്ചിട്ടുള്ളതും. സ്നാനപാനാദികൾക്കുള്ള വെള്ളവുംകൂടി ഇപ്രകാരം ദൂഷിതമായാൽ പിന്നത്തെക്കഥ പറയാനുമില്ല.

പോരെങ്കിൽ ഇപ്പോൾതന്നെ ക്ഷേത്രക്കുളവും കിണറും കൊണ്ടു കഴിക്കുന്നവരുടെ സംഖ്യ അവയുടെ വലുപ്പത്തെ തുലോം കവിഞ്ഞി

രിക്കയാണെന്നും അവയെ റിയതകാലങ്ങളിൽ ശുചിയാക്കാനുള്ള ശ്രമവും വ്യയവും വൃഥാവായെ പരിണമിക്കുന്നുള്ളുവെന്നും അവയെ പ്രത്യക്ഷം കാണുന്നവക്കെല്ലാം ബോദ്ധ്യപ്പെടുന്നതാണ്. ഇതോടൊന്നിച്ചു ഇതുവരെ പ്രവേശമില്ലാതിരുന്ന ഒരു ജനവർഗ്ഗത്തെ മുഴുവൻ ഒന്നിച്ചു ഇവയിലേക്കു ഇറക്കിവിടുക എന്നുവെച്ചാൽ ഇപ്പഴത്തെക്കുളങ്ങൾക്കുള്ള വിസ്താരം അതാതിന്റെ പതിന്മടങ്ങായി വർദ്ധിപ്പിച്ചാലും മതിയാകയില്ലെന്നും സാമാന്യഗണിതംകൊണ്ടുതന്നെ നിർണ്ണയിക്കാം. ഈ ജലാശയങ്ങളെല്ലാം പങ്കാശയങ്ങളായി പരിണമിക്കും. ജലംകൊണ്ടുള്ള പെരുമാററത്തിൽ സ്നാനവിധി, ദന്തധാവനവിധി, ശൌചവിധി ഇവയനുസരിച്ചു സവർണ്ണരെത്തന്നെ നിയന്ത്രിക്കാൻ സാധിക്കാതിരിക്കുന്ന സ്ഥിതിക്ക് അവർണ്ണരെ ഈ കണക്കിനു പഴക്കുക എന്നതു് അസംബന്ധവും അസാദ്ധ്യവും ആകുന്നു. അതിനാൽ അശുദ്ധികൊണ്ടുണ്ടാകുന്ന അദൃഷ്ടദോഷങ്ങൾക്കു പുറമെ അശുചിത്വംകൊണ്ടുണ്ടാകുന്ന ദൃഷ്ടദോഷങ്ങൾക്കും സവർണ്ണർ പാത്രമാകുന്നതാകുന്നു.

30. ചോദ്യം:— മേൽപ്പറഞ്ഞ ഫലങ്ങളിൽ എല്ലാമൊ ഏതെങ്കിലുമൊ താൽക്കാലികമായിരിയ്ക്കുമൊ അതൊ ശാശ്വതമായിരിക്കുമൊ?

ഉത്തരം:—മേൽ പറഞ്ഞ ഫലങ്ങൾ താൽക്കാലികങ്ങളായി മാത്രം കണക്കു കൂട്ടിയാൽ പോരാ—"സദൃശം ചേഷ്ടതെ സ്വസ്യാഃ പ്രകൃതെഃർജ്ഞാനവാനപി" എന്നഗീതാപ്രമാണമനുസരിച്ചു അവനവന്റെ ജന്മസിദ്ധമായ പ്രകൃതിയെ കവിഞ്ഞു പ്രവർത്തിക്കാൻ ജ്ഞാനമുള്ളവരായാൽക്കൂടി അവർണ്ണരെക്കൊണ്ടു സാധിക്കയില്ല എന്നതു് ഒരു ലോകതത്വമാണ്. ഒരു പക്ഷേ ശിക്ഷയിലുള്ള ഭയംകൊണ്ടൊ സമ്മാനത്തിലുള്ള ആശകൊണ്ടൊ മനുഷ്യൻ കുറെയെല്ലാം സ്വപ്രകൃതിയെ പോരാടി ജയിക്കാൻ നോക്കുന്നതായിരിക്കാം. ബഹിഷ്കരണശിക്ഷയിലെ ഭയം കൊണ്ടു് അവർണ്ണരുടെ ആചാരനടപടികളെ ഉന്നമിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു സിദ്ധമാണ്. ഒരു പക്ഷേ സവർണ്ണസാമീപ്യം സിദ്ധിക്കുമെന്നുള്ള സമ്മാനപ്രലോഭം അവരെ ആ വിഷയത്തിൽ ഉന്നമിപ്പിക്കുമോ എന്നുകൂടി പരീക്ഷിക്കാനുണ്ടു്. ആ തരം പരീക്ഷക്കുകൂടെ ഇട കൊടുക്കാതെ ഉടൻ അനർഹമായ പ്രമോഷൻ കൊടുത്തു സമ്മാനിച്ചേച്ചാൽ, മനുഷ്യപ്രകൃതിയുടെ അധോഗതിയ്ക്കുള്ള സ്വതസ്സിദ്ധമായ വാസന അവർണ്ണരിൽ വിശേഷിച്ചും അപ്രതിഹതമായ ശക്തിയോടുകൂടി പ്രവഹിച്ചു്, ദുരാചാരങ്ങൾ ലജ്ജയും സങ്കോചവും വിട്ടു സദാചാരത്തിന്റെ പ്രൌഢിയോടും ധാർഷ്ട്യത്തോടുംകൂടി ഘോഷയാത്രകളും ഉ

ത്സവാഘോഷങ്ങളും തുടങ്ങുമെന്നും അന്നു സദാചാരവും ധൎമ്മവും എ
ല്ലാം ലജ്ജിച്ചു തലതാഴ്ത്തി ഗത്യന്തരമില്ലാതെ "ധൎമ്മോവനം ഗച്ഛതി"
എന്ന ആപ്തവാക്യത്തെ പരമാൎത്ഥമാക്കിത്തീൎക്കുമെന്നും മനുഷ്യബുദ്ധിക്കു
നിഷ്പ്രയാസം നിൎണ്ണയിക്കാവുന്നതാണ്. മദ്യപാനികളുടെ വാൎഷികോ
ത്സവം എന്നും മററും പത്രങ്ങളിൽ കണ്ടിട്ടുള്ളവൎക്കു മദ്യോല്പാദകന്മാരു
ടേയും മീൻപിടിത്തക്കാരുടേയും നാല്ക്കാലിവധക്കാരുടേയും ക്ഷേത്രപ്രവേ
ശനാഘോഷദിവസങ്ങളിലെ ഭാവികോലാഹലം എന്തെല്ലാമായിരിക്കു
മെന്നും അവരുടെ കൊടി കുടകൾ പൂൎണ്ണകുംഭങ്ങൾ ഇവയോടുകൂടിയ
ആരവാരവും ആൎപ്പുവിളിയും വിജയഗാനങ്ങളും എതെല്ലാം വൈചി
ത്ര്യങ്ങളേയും വൈവിധ്യങ്ങളേയും പ്രകടിപ്പിച്ചു പത്രപംക്തികളേയും
പ്രസംഗമണ്ഡപങ്ങളേയും മുഖരിതമാക്കുമെന്നും എത്ര എത്ര കവികോ
കിലങ്ങൾ കളകൂജിതം പാടി പരശുരാമക്ഷേത്രത്തേയും ധൎമ്മഭൂമിയേ
യും കുലുക്കുമെന്നും ഓൎക്കുമ്പോൾ, ഇപ്പോൾ തന്നെ സാധുക്കളായ
സാത്വികസവൎണ്ണർ ഇരുന്നിരുപ്പിൽ അന്ധിച്ച് അസ്തമിച്ചു പോകുന്നു.
അതിനാൽ അവരെ ഉന്നമിപ്പിക്കണമെന്നുള്ള ഉദ്ദേശമാണെങ്കിൽ അ
തു് ഇനി ഒരിക്കലും സാധിക്കാത്ത നിലയിലാക്കാനാണ് ഇതുപകരിക്കു
ന്നതു്. പിന്നെ തന്നിമിത്തമുണ്ടാകുന്ന ദോഷഫലം താല്ക്കാലികമാകു
ന്നതെങ്ങിനെ?

31. ചോദ്യം:— താല്ക്കാലികവും ശാശ്വതവുമായ മററു ഫലങ്ങ
ളുണ്ടാകുമൊ? ഉണ്ടാകുമെങ്കിൽ എന്തെല്ലാം?

ഉത്തരം:—സാധൎമ്മ്യമുള്ള വസ്തുക്കൾ തമ്മിൽ ചേൎത്താലുണ്ടാകു
ന്ന ഫലം സാമാന്യമായി ഊഹിക്കാം. വൈധൎമ്മ്യമുള്ള വസ്തുക്കളുടെ
സമ്മേളന ഫലം കൊണ്ടുതന്നെ അറിയണം—അറിഞ്ഞിട്ടുള്ളടത്തോ
ളം അമംഗളമാണുള്ളതു്. "നിൎമ്മലം നദീജലം സാഗരം തന്നിൽ
ചേൎന്നാൽ നിശ്ചയം പുളിച്ചുപോമെന്നതു കാണുന്നീലെ" എന്ന കവി
വാക്യമനുസരിച്ച് സവൎണ്ണർ അവൎണ്ണപ്രകൃതിയെ കൈക്കൊള്ളുമായിരി
ക്കാം. അവൎണ്ണർ സവൎണ്ണസംസ്കാരങ്ങളെ സ്വീകരിക്കുമെന്നു തോന്നു
ന്നില്ല. സവൎണ്ണരിൽതന്നെ മതവിശ്വാസികളും അവിശ്വാസികളും
എന്നൊരു പിരിവുണ്ടാകും. വിശ്വാസികളും ആചാരപരന്മാരും കൂടു
തൽ പീഡനത്തിനു പാത്രമാകും. അവരുടെ ആരാധനസ്ഥലം അവ
ൎക്കു നഷ്ടമാകും. അവരുടെ മനസ്സാക്ഷി അനുസരിച്ച് സ്വന്തം മതാ
ചാരങ്ങളെ സ്വന്തം ജന്മഭൂമിയിൽ സ്വന്തം ഭവനത്തിൽ അനുഷ്ഠി
ക്കാൻ നിൎവ്വാഹമില്ലെന്നാകും. ക്ഷേത്രത്തിൽ ശാസ്ത്രോക്തമായ പൂജാ

ദികൾ ഇല്ലാതാകും. 26_ാമത്തെ പ്രശ്നോത്തരത്തിൽ പ്രസ്താവിച്ചിട്ടുള്ള ദോഷങ്ങളെല്ലാം സംഭവിക്കും. ഈശ്വരവിശ്വാസവും ശാസ്ത്രപരിജ്ഞാനവും ഉള്ള ബ്രാഹ്മണരാരും ശാന്തികഴിക്കയില്ല. മതവിശ്വാസമുള്ള സവർണ്ണരും അവർണ്ണരും ക്ഷേത്രത്തെ ഉപേക്ഷിക്കും. മതവിശ്വാസമില്ലാത്ത നാമഹിന്ദുക്കൾ പ്രമാണവിരുദ്ധമായി കുറെ ദിവസത്തേക്ക് ക്ഷേത്രത്തിൽ വല്ലതുമെല്ലാം കാട്ടിക്കൂട്ടും. ഇതിൽ ദൈവകോപവും പ്രകൃതിശക്തികളുടെ വൈപരീത്യവും തജ്ജന്യമായ അനാവൃഷ്ടി, അതിവൃഷ്ടി, സാംക്രമികരോഗങ്ങൾ, കലഹങ്ങൾ, വിപ്ലവങ്ങൾ, യുദ്ധങ്ങൾ, അരാജകത്വം മുതലായവയും സംഭവിച്ചേക്കാം. മതകാര്യങ്ങളിൽ കൈകടത്തുന്നത് അധഃപതനഹേതുകമാണെന്ന ഒരു തത്വം ഇൻഡ്യാചരിത്രപഠനത്തിൽ സകലർക്കും ബോദ്ധ്യമായിട്ടുള്ളതാണ്. വർത്തമാനകാലത്തിലെ അഫ്ഘാനിസ്ഥാനിലെ അമാനുള്ളഖാനിന്റെ അനുഭവവും വിസ്മരിക്കത്തക്കതല്ല. സംഘബലവും കായബലവും ധനബലവും ഇല്ലാതെ സഹനബലവും സദാചാരബലവും ജ്ഞാനബലവും കൊണ്ടു മാത്രം ഉപജീവിച്ചിരുന്ന അനേകം സവർണ്ണഹിന്ദുക്കളുടെ അവകാശങ്ങൾക്കും കാലക്ഷേപത്തിന്നും ജീവധാരണത്തിനും നിർവ്വാഹമില്ലാതെ വരുമെ [3—(i). ന്റെ മറുപടി നോക്കുക] ന്നുള്ള കാരണത്താൽ നിരപരാധികളും ക്ഷേത്രോടമസ്ഥരും ഗുണഭോക്താക്കളുമായ അവരുടെ ചുടുകണ്ണുനീർ ഏതു സാമ്രാജ്യത്തിന്റേയും എത്ര കർക്കശമായ അസ്ഥിവാരശിലയേയും ദ്രവിപ്പിക്കയില്ലയോ എന്നും ബലമായി ശങ്കിക്കേണ്ടിയിരിക്കുന്നു.

32. ചോദ്യം:— ക്ഷേത്രപ്രവേശനം അനുവദിയ്ക്കുന്നപക്ഷം കാലാന്തരത്തിൽ അവർണ്ണഹിന്ദുക്കളെ ഉൾപ്പെടുത്തിയതുമൂലം ക്ഷേത്രത്തിൽപ്പോവുന്ന ജനങ്ങളുടെ സംഖ്യ വർദ്ധിക്കുന്നത്, ക്ഷേത്രങ്ങളുടെ പ്രാധാന്യത്തേയും പ്രയോജനത്തേയും വർദ്ധിപ്പിയ്ക്കുന്നതിന് ഉപകരിയ്ക്കുമെന്നു നിങ്ങൾ വിചാരിയ്ക്കുന്നുണ്ടോ? അതല്ല ഇരുകൂട്ടർക്കും ക്ഷേത്രങ്ങളിലുള്ള താല്പര്യം ക്ഷയിച്ച് അവയുടെ പ്രാധാന്യം ക്രമേണ നഷ്ടപ്പെടുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഉത്തരം:—അവർണ്ണപ്രവേശനംകൊണ്ട് അവർണ്ണസംഖ്യ വർദ്ധിക്കുമെങ്കിലും സവർണ്ണസംഖ്യ അത്രയും കുറഞ്ഞുപോകയും ചെയ്യും. അഥവാ കൂടുതൽ അവർണ്ണർ വന്നു ക്ഷേത്രത്തിൽ പോകുന്നവരുടെ എണ്ണം കൂടിയാലും അതുകൊണ്ട് ക്ഷേത്രപ്രാധാന്യം വർദ്ധിക്കയില്ല. ക്ഷേത്രത്തിലെ പ്രാധാന്യകാരണം അതിലെ വിഗ്രഹത്തിലുള്ള ഈശ്വരചൈ

തന്യമാണ്. ആയതു വദ്ധിക്കയില്ലെന്നല്ല നശിക്കയാണ് ചെയ്യുന്ന തെന്ന് — 26 — ലെ മറുപടികൊണ്ടു സ്പഷ്ടമായിരിക്കുന്നു. ഈശ്വരചൈതന്യം നശിച്ചാൽ അവിടെ ചെല്ലുന്നവരുടെ മനശ്ശുദ്ധിക്കൊ ആത്മോന്നമനത്തിനൊ മാൎഗ്ഗമൊന്നും ഇല്ല. അവിടേയുള്ള ഭക്ഷണദ്രവ്യങ്ങൾ ആഭരണാലങ്കാരാദി സുവൎണ്ണ രത്നദ്രവ്യങ്ങൾ ഇവയിൽ താല്പൎയ്യംതോന്നുകയും താല്പൎയ്യം ആഗ്രഹമാകയും ആഗ്രഹം അവകാശങ്ങളെ നിൎമ്മിക്കയും അവകാശം വ്യവഹാരങ്ങൾക്കു വഴികൊടുക്കയും ചെയ്യും. എന്തെന്നാൽ ഈശ്വരചൈതന്യം അസ്തമിച്ചാൽ ശിലയിൽ ചാൎത്തിയിരിക്കുന്ന അനൎഘങ്ങളായ കനകരത്നാഭരണങ്ങൾ എത്രയെത്ര മഹാന്മാരുടെ സ്വാൎത്ഥലേശമില്ലാത്ത ത്യാഗഫലത്തെയാണ് പ്രത്യക്ഷമാക്കുന്നതെന്ന ഉദാരബുദ്ധി അസ്തമിച്ച് നേരേ വിപരീതമായി, ഈ കല്ലിന്നു ഇതെല്ലാമെന്തിനാൎണെന്നും പ്രിയജനങ്ങളുടെ മുഖകമലത്തിൽ അവ എത്രമാത്രം കമനീയമായും ആസ്വാദ്യമായും ശോഭിക്കുമെന്നും ഇവയെല്ലാം പൊതുസ്വത്തുകൊണ്ടു നിൎമ്മിതമാകയാൽ തനിക്കും അവകാശപ്പെട്ടതാണെന്നും അവകാശത്തെ സാധിപ്പാൻ നേരുമാൎഗ്ഗമില്ലെങ്കിൽ നേരുകേടായാലും സത്യാവകാശത്തിന്റെ സിദ്ധിക്ക് ആക്ഷേപാൎഹമല്ലെന്നും തോന്നിയേക്കാം. ഇവയ്ക്കെല്ലാം ഉടമസ്ഥനായ ദേവൻ ഉണ്ടെന്നുവിചാരിച്ചാൽ ഉടൻ എല്ലാം മാറും. ദേവനുണ്ടെന്ന സങ്കല്പം ശാസ്ത്രത്തേയും പ്രമാണത്തേയും സമ്മതിച്ചുണ്ടാകേണ്ടതാണ്. അതല്ലെങ്കിൽ സൎവ്വക്കല്ലിലും മൈൽക്കുററിയിലും തുല്യാവകാശത്തോടുകൂടി ദൈവസങ്കല്പം സംഭവിക്കാമല്ലൊ. "ദൈവവിചാരത്തിൽ വിഷയചിന്ത അസ്തമിക്കുന്നു. വിഷയചിന്തയിൽ ദൈവവിചാരം അസ്തമിക്കുന്നു." ഇപ്പോൾ ക്ഷേത്രപ്രവേശമുള്ളവരിൽത്തന്നെ പലരും ദേവനെ ഉപേക്ഷിച്ച് ദേവന്റെ നിവേദ്യാദികൾക്കായും മററും കാണിക്കുന്ന ദുരാഗ്രഹവും പരാക്രമവും അപഹരണതന്ത്രങ്ങളും കാണുമ്പോൾ സാധുക്കളായ അവൎണ്ണർ നിൎഗ്ഗുണമായ ശിലയേയും അപ്രത്യക്ഷനായ ദേവനേയും വിട്ട് അനുഭവയോഗ്യമായ ഇതരപദാൎത്ഥങ്ങളെ ആയിരിക്കും ആശിക്കുന്നതെന്നു നിശ്ചയിക്കാൻ ജ്യോതിഷം വേണമെന്നു തോന്നുന്നില്ല. ദേവനെ മറന്നു വിഷയങ്ങളെ ചിന്തിച്ചാലത്തെ ഫലം ഗീതയിൽ പറയുന്നതു എത്ര സൂക്ഷ്മമായിരിക്കുന്നു. "ധ്യായതോ വിഷയാൽപുംസ സ്സംഗസ്തേഷൂപജായതേ, സംഗാൽ സംജായതേകാമഃ കാമാൽ ക്രോധോഭിജായതെ. ക്രോധാൽ ഭവതി സംമോഹഃ സംമോഹാൽ സ്മൃതിവിഭ്രമഃ സ്മൃതിഭ്രംശാൽ ബുദ്ധിനാശൊ ബുദ്ധിനാശാൽ പ്ര

ണശ്ശ്രുതി.'' അശാസ്ത്രവിഹിതമായ വിദേശവിദ്യാഭ്യാസത്തിൽ മതിമയങ്ങി. "അനഭ്യാസെ വിഷംശാസ്ത്രം'' എന്നതിന്മണ്ണം ശാസ്ത്രോക്തമായ വിധിനിഷേധങ്ങളിലും ശുദ്ധാശുദ്ധ നിയമങ്ങളിലും വെറുപ്പുതോന്നി കാമക്രോധാദികൾ മുമ്പിട്ടയന്നു ഹൃദയത്തിലെ ദൈവചൈതന്യം മങ്ങി ക്ഷേത്രത്തിൽ പ്രവേശിക്കുന്ന ഇന്നത്തെ സവർണ്ണഹിന്ദുക്കളിൽതന്നെ പലരും ദൈവസാന്നിദ്ധ്യത്തെ മറന്നു ബ്രഹ്മസ്വാദികളിൽ അഭിലഷിക്കയും ആസൂയപ്പെടുകയും അവയെ നശിപ്പിക്കാനും ഭേദപ്പെടുത്താനും ശ്രമിക്കയും ചെയ്തുവരുന്നതിന്റെ ഒരു പരിണാമഫലമല്ലയൊ ഈ ഭയങ്കരമായ ഉല്പാദനത്തിനുള്ള ഉദ്യമം എന്നുകൂടി നിരൂപിക്കുമ്പോൾ ക്ഷേത്രത്തെ അടിയോടെ നശിപ്പിച്ചല്ലാതെ ഈ ഉദ്യമത്തിനു ഉപശാന്തിയുണ്ടാകയില്ലെന്നു നിശ്ചയിക്കാം.

ഏതൊരു മനുഷ്യബുദ്ധിക്കും വിഗ്രഹം ആരാധ്യമാകണമെങ്കിൽ അതിൽ ദൈവസാന്നിദ്ധ്യമുണ്ടായതായി വിശ്വാസമുണ്ടാകണം. അല്ലെങ്കിൽ അതു നാടുതല വെട്ടുന്ന കിളികൾ പാവയെക്കണ്ടു ഭയപ്പെടുന്നതുപോലെയുള്ള ഒരു മൌഢ്യമാണ്. ദൈവസാന്നിദ്ധ്യം ആവാഹനാദിക്രിയകളാൽ ആവിർഭവിക്കയും, ഉദ്വാസനാദിക്രിയകളാലും നിഷിദ്ധകർമ്മങ്ങളാലും തിരോധാനം ചെയ്കയും ചെയ്യുന്നതായി അയാൾ വിശ്വസിക്കണം. അപ്രകാരമുള്ള വിശ്വാസമുണ്ടാകണമെങ്കിൽ അയാൾ ഹിന്ദുമതപ്രമാണങ്ങളെ വിശ്വസിക്കുന്ന ഹിന്ദുവാകണം. ഹിന്ദുമതപ്രമാണങ്ങളെ വിശ്വസിച്ചാൽ സാന്നിദ്ധ്യകരങ്ങളായ പ്രവൃത്തികളേ ക്ഷേത്രത്തിൽ പാടുള്ളു എന്നും അന്യ ആളായവ പാടില്ലെന്നും സമ്മതിക്കണം. അപ്രകാരം സമ്മതമില്ലാത്തെ പുറപ്പെടുന്നവർ കിളികൾ പാവയെ കരുതുംപോലെ ക്ഷേത്രബിംബങ്ങളെ എത്രകാലം ബഹുമാനിച്ചുകൊണ്ടിരിക്കുമെന്ന് ഏതൊരു വിവേകിക്കും നിശ്ചയിക്കാവുന്നതാണ്. ചൈതന്യമില്ലാത്ത ഈ ശിലകളെ അധികതാമസംകൂടാതെ അവർ പിഴുതെടുത്തു മനുഷ്യോപയുക്തങ്ങളായ മററു വല്ല ആവശ്യങ്ങൾക്കും എടുത്തുമാററും. ക്ഷേത്രങ്ങളെ സത്രങ്ങളായോ മറെറന്തെങ്കിലും ലൌകികസൌകൎയ്യങ്ങൾക്കായൊ ഉപയോഗിക്കും. ഇതെല്ലാം കൈപ്പുണ്ണപോലെ കണ്ണുള്ളവൎക്കു കാണാവുന്നതാണ്.

33. ചോദ്യം:—ക്ഷേത്രപ്രവേശനപ്രശ്നത്തെയൊ അതിന്റെ ഏതെങ്കിലും വശത്തെയൊ സംബന്ധിച്ച് യാഥാസ്ഥിതിക ഹിന്ദുക്കളും മററു ഹിന്ദുക്കളും തമ്മിൽ ഒരു രാജിയുണ്ടാക്കുക സാധ്യമാണൊ?

ഉത്തരം:—ക്ഷേത്രപ്രവേശനപ്രശ്നത്തെപ്പററി യാഥാസ്ഥിതികഹി

ന്ദുക്കളും മററു ഹിന്ദുക്കളും തമ്മിൽ ഒരു രാജിയുണ്ടാകാൻ പ്രയാസമാണ്. അവർണ്ണരുമായി ഒരുമിച്ചു ക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്താൻ വിരോധമില്ലാത്തവരുടെ പ്രീതിക്കായി പ്രത്യേകക്ഷേത്രങ്ങൾ നിർമ്മിക്കയും അവിടത്തെ പ്രതിഷ്ഠാക്രമം പൂജാവിധാനം മുതലായവ അതിനനുസരണമായി ക്രമപ്പെടുത്തുകയും അതിൽ അവർണ്ണസവർണ്ണസമ്മേളനം അവർ യഥേഷ്ടം നടത്തുകയും ചെയ്യുന്നതിൽ യാഥാസ്ഥിതികക്ക് അശേഷം അപ്രിയമില്ല. പക്ഷെ അപ്രകാരം ചെയ്യുന്ന സവർണ്ണരെ വൈദികനിയമപ്രകാരം ബഹിഷ്കരിക്കേണ്ടിവന്നാൽ ആ നാമഹിന്ദുക്കൾ അവരുടെ അവർണ്ണസോദരരുമായി സഹവാസം ഉറപ്പിക്കയും യാഥാസ്ഥിതികരുമായി വേർപിരിയുകയും ചെയ്യേണ്ടിവന്നേക്കാം. ഇതു കൂടാതെ 23-ാമത്തെ ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം അവർണ്ണരുടെ ആചാരങ്ങളെ സംസ്കരിച്ച് അവരെ ഉന്നമിപ്പിക്കാൻ യത്നിക്കാവുന്നതാണ്. സ്വയാർജ്ജിതവും സംസർഗ്ഗജവും പരമ്പരാപ്രാപ്തവുമായ മൂന്നുവിധം അശുദ്ധിയിൽ സ്വയാർജ്ജിതഭാഗവും സംസർഗ്ഗജഭാഗവും ഉടൻ തടയണം. മററു ഭാഗം പ്രായശ്ചിത്തകർമ്മങ്ങളാലും ഈശ്വരഭജനത്താലും കാലാന്തരത്തിൽ പരിഹരിക്കപ്പെടുന്നതാണ്. പ്രാതസ്സ്നാനം, മദ്യമാംസവർജ്ജനം, വ്രതോപവാസാദികൾ, സൽക്കഥാശ്രവണം, ധർമ്മസംരക്ഷണോദ്യമങ്ങൾ, നിർദ്ദോഷമായ കാലക്ഷേപമാർഗ്ഗം ഇവയെല്ലാം മററുള്ള അവർണ്ണരുമായി സഹവാസം ഉപേക്ഷിച്ചു ജീവിക്കുന്നതിലേക്കു സൌകര്യമുണ്ടാകത്തക്കവണ്ണം ഈവക പുതിയ ക്ഷേത്രങ്ങളെ നിയന്ത്രിക്കുന്നതും സുകരമായിരിക്കും. അതായതു ഇപ്രകാരമുള്ള ആചാരശുദ്ധിയുള്ളവക്കു മാത്രമെ ആ ക്ഷേത്രങ്ങൾ ഉപയോഗിച്ചുകൂടു. അവക്കു അവിടെത്തന്നെ ഭജനമഠങ്ങൾ, വ്യവസായശാലകൾ മുതലായവ ഏർപ്പെടുത്തുന്നതും അവരുടെ നടവടികളെ പര്യവേക്ഷണം ചെയ്യുന്നതും സുകരമായിരിക്കും. ഇപ്രകാരമുള്ള നടവടിക്രമങ്ങൾ നമ്മുടെ പൂർവ്വികന്മാർ സ്വീകരിച്ചിരുന്നതായും ലക്ഷ്യമുണ്ട്. ശാസ്ത്രവിശ്വാസമുള്ളവരെ യുക്തികൊണ്ടും പ്രമാണംകൊണ്ടും ഈവിധം സമ്മതിപ്പിക്കാം. അതില്ലാത്തവരെ രാജിപ്പെടുത്താൻ സാദ്ധ്യമല്ല. അവർ രാഷ്ട്രീയവാദങ്ങളേയും അവകാശങ്ങളേയും മുൻനിറുത്തി മതനിയമങ്ങളേയും ശാസ്ത്രങ്ങളേയും നിരാകരിക്കുന്നവരാണ്. അതുകൊണ്ടാണു രാജി സുകരമല്ലെന്നു ആദ്യമെ പ്രസ്താവിച്ചതു്.

34. ചോദ്യം:— അങ്ങനെയാണെങ്കിൽ ഒരു രാജി ഉണ്ടാക്കുന്നതിന് ഏററവും സുഗമമായ മാർഗ്ഗങ്ങൾ എന്തെല്ലാം?

ഉത്തരം:—മേൽ പ്രസ്താവിച്ച രീതിയിൽ അവൎണ്ണോന്നമനത്തിനു യത്നിക്കുന്നപക്ഷം ധൎമ്മമാൎഗ്ഗങ്ങളെപ്പററി അവൎണ്ണരോടു പ്രസംഗങ്ങൾ ചെയ്കയും അവൎക്കായി മേൽ പ്രസ്താവിച്ച ക്ഷേത്രം, ഭജനമഠം, വ്യവസായശാല, കുളം, മുതലായവ നിൎമ്മിച്ചുകൊടുക്കുകയും വേണം എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗവൎമ്മെൻറിൽനിന്നും അവരോടു വല്ല ദാക്ഷിണ്യവും ചെയ്യാവുന്നതോ ചെയ്യാനുള്ളതോ ഉണ്ടെങ്കിൽ ആയതു ഇതാണ്. മററെല്ലാ കാൎയ്യങ്ങളിലും അവരെ ഇതരവൎഗ്ഗക്കാൎക്കു തുല്യമായ സൌജന്യത്തോടു പെരുമാറിയാൽ മതി. സദാചാരപരമായും മതപരമായും ഉള്ള കുററങ്ങൾക്കു ഇവരെ ശിക്ഷിക്കയും വേണ്ടിവന്നാൽ "ഉന്നമന"സംഘത്തിൽനിന്നും കുററക്കാരെ ബഹിഷ്കരിക്കയും ചെയ്യേണ്ടതാകുന്നു. അതിനുള്ള അവസാനവിധികൎത്തൃത്വം—3.(v)—പ്രസ്താവിച്ച വൈദികസഭയിൽ നിക്ഷിപ്തമായിരിക്കേണ്ടതാകുന്നു.

35. ചോദ്യം:— ഹിന്ദുക്ഷേത്രം എന്ന പദത്തിനു സാമാന്യേനയുള്ള അൎത്ഥവ്യാപ്തി എന്ത്?

കേരള സാഹിത്യ അക്കാദമി

ഉത്തരം:—ഹിന്ദുക്ഷേത്രം എന്താണെന്നും മററും 3 (i) ൻെറ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്. മേലും യോഗസിദ്ധന്മാരായ മഹൎഷിമാർ പ്രപഞ്ചരഹസ്യത്തേയും ജീവരഹസ്യത്തേയും സ്വയം കണ്ടറിഞ്ഞ് അതു സാധാരണ ജനങ്ങൾക്കു കാണിച്ചുകൊടുത്തു കൎത്തവ്യത്തെ മനസ്സിലാക്കി അവരെ നരമൃഗത്വത്തിൽനിന്നും നരദേവത്വത്തിലേക്കുയൎത്താനായി ചെയ്തിട്ടുള്ള ഒരേൎപ്പാടാണ് ഇതെന്നു പറവാൻ ശരിയായ ന്യായമുണ്ടു്. പഞ്ചേന്ദ്രിയങ്ങളെ മനസ്സുകൊണ്ടും മനസ്സിനെ ബുദ്ധികൊണ്ടും ബുദ്ധിയെ ആത്മശക്തികൊണ്ടും കീഴടക്കി സമാധിയോഗത്താൽ തന്നുള്ളിൽ ആത്മചൈതന്യത്തെക്കണ്ടനുഭവിക്കുന്ന രഹസ്യമാണു ക്ഷേത്രമായി പരസ്യപ്പെടുത്തപ്പെട്ടിരിക്കുന്നത്. ജീവാത്മാവിനു കീഴടങ്ങി ബുദ്ധിയും മനസ്സും ഇന്ദ്രിയങ്ങളും പ്രശാന്തമായി വൎത്തിക്കുമ്പോൾ പരമാത്മദൎശനം സിദ്ധിക്കുന്നു. ഏകമായ ആത്മാതന്നെ ദൃശ്യമായ പരമാത്മാവായും ദ്രഷ്ടാവായ ജീവാത്മാവായും വൎത്തിക്കുമ്പോൾ രണ്ടിനേയും യോജിപ്പിക്കാനും വേർപെടുത്താനും കാരണമായ ദേഹം ക്ഷേത്രമായി കാണപ്പെടുന്നു. ഈ കാൎയ്യത്തിൽ ഹൃദയം ഗൎഭഗൃഹമായും പരമാത്മാ അതിൽ തേജോരൂപിയായ ദേവനായും ദൃശ്യനാകുന്നു. ഇതു സങ്കല്പമല്ല, പരമാൎത്ഥമാണെന്നുള്ളതു പ്രമാണങ്ങളാലും യുക്തിയാലും സ്വാനുഭൂതിയാലും അനവധി സാധുക്കൾ സാക്ഷിപ്പെടുത്തീട്ടുള്ളതാകുന്നു. "വടബീജതരുന്യായാൽ ജീവസൂക്ഷ്മഃ ഖമാശ്രിതഃ, തതോനിലം തതോഗ്നിം

ച പ്രാംപ്യമാഭിജലാകൃതി..." എന്നും "ഹൃദയോഷ്ടദളം പത്മം വത്തതെ തസ്യ മദ്ധ്യതഃ ജീവജ്യോതിരിതിപ്രോക്തം തസ്മിൻ സവ്വം പ്രതിഷ്ഠിതം" എന്നും "വായും നഭശ്ചതേജശ്ചത്രിധാജീവോഭിലിപ്യതെ" എന്നും ഭാൎഗ്ഗവപുരാണത്തിൽ പ്രസ്താവിച്ചുകാണുന്നു. ആത്മാ ആകാശരൂപിയാകയാൽ ആയതു പ്രപഞ്ചത്തിൽ ആദ്യം സൂക്ഷ്മവായുവിനാലും പിന്നീടു സൂക്ഷ്മാഗ്നിയാലും സദാ ആവൃതനായിരിക്കുന്നു. (സൂക്ഷ്മവായുവിനെ വിദ്യുൽപ്രവാഹമെന്നും സൂക്ഷ്മാഗ്നിയെ വിദ്യുൽപ്രഭയെന്നും വ്യവഹരിക്കാം) അതിനാലാണ് ആത്മാ ഹൃദയത്തിൽ അഗ്നിശിഖപോലെ പ്രകാശിക്കുന്നതായി നാരായണസൂക്തത്തിൽ പ്രസ്താവിച്ചുകാണുന്നതു. ഇപ്രകാരം ജീവാത്മാവിന് എപ്പോഴാണോ പരമാത്മദൎശനം സിദ്ധിക്കുന്നതു് അപ്പോഴാണു ശരീരാടമസ്ഥൻ താനല്ലെന്നു ബോദ്ധ്യമാകുന്നതു്. ഉടൻ ജീവാത്മാ തനിക്കധീനമായ ശരീരരാജ്യം മുഴുവൻ അതിലുള്ള ബുദ്ധീന്ദ്രിയമനസ്സുകളായ സകല സചിവപരിവാരങ്ങളോടും സങ്കല്പാനുഭവസംഭൃതങ്ങളായ സകല സമ്പാദ്യസമ്പത്തുകളോടും കൂടി, തൃപ്പടിദാനം ചെയ്തു താൻ ആ പരമാത്മാവിന്റെ അടിമയാണെന്നനിലയിൽ പരമാത്മ ദാസത്വം സ്വീകരിക്കുന്നു. ജീവാത്മാ തനിക്കുപരിയായ പരമാത്മാവിനെ കണ്ടുപിടിക്കുന്നതുവരെ താനാണു ശരീരാടമസ്ഥൻ എന്നു വിശ്വസിക്കുന്നു. അപ്പോൾ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ മുതലായവ അതാതിന്റെ വിഷയത്തിലേക്കു ജീവനെപ്പിടിച്ചുവലിക്കുന്നു. ലോഭംകൊണ്ടു് ഓരോന്നിന്റേയും പിന്നാലെ നടന്നു പ്രതിബന്ധങ്ങളിൽ കോപിച്ചും ദുഃഖിച്ചും വശംകെട്ടു ദാസദാസനായി വലഞ്ഞുഴലുന്നു. പരമാത്മാവാകുന്ന പ്രഭുവിനോടുള്ള തന്റെ ദാസ്യത്തെ സമ്മതിക്കായ്കനിമിത്തം തന്റെ ദാസന്മാൎക്കു താൻ പ്രഭുവാണെന്നു നിഷ്കൎഷിക്കാൻ സാധിച്ചില്ലെന്നുതന്നെയല്ല അവരുടെ ദാസനായി തീരാനാണ് തനിക്കിടയായതു്. ക്ഷേത്രം ശരീരം ശാന്തിക്കാരൻ, ജീവാത്മാ ബുദ്ധി മാനേജർ, മനസ്സും മററിന്ദ്രിയങ്ങളും സിൽബന്തികൾ, പൂജാദ്രവ്യങ്ങൾ സങ്കല്പപ്രഭവങ്ങളും ഇന്ദ്രിയഗോചരങ്ങളും അനുഭവസംഭൃതങ്ങളുമായ വിവിധവിഷയങ്ങൾ—ഇന്ദ്രിയസംഭൃതങ്ങളായ വിവിധവിഷയാനുഭവങ്ങളേയും അവയുടെ സ്മരണയേയും മനസ്സിൽ സംഗ്രഹിച്ച് അവയെ എല്ലാം ധൃതിഗൃഹീതമായ ബുദ്ധികൊണ്ടു ജീവാത്മാ സ്വീകരിച്ചു സ്വാൎത്ഥലേശംകൂടാതെ "നമമ" എന്റേതല്ല എന്ന മന്ത്രം ചൊല്ലി പരമാത്മാവിൽ അൎപ്പണംചെയ്കയാകുന്ന നൈവേദ്യസഹിതമായ പൂജ ചെയ്യണം. പരമാത്മാ നിത്യശുദ്ധനാകയാൽ അവിടെ അൎപ്പിച്ചതെല്ലാം

ഉടൻ തദ്രൂപമായി തീൎന്നുപോകുന്നു. തൽപ്രസാദമായി ജീവാത്മാവാകുന്ന താനും "ആ പരമാത്മാ" തന്നെ എന്ന ബോധം തെളിയുന്നു. അപ്പോൾ ആണു് "സോഹം ഭാവേന" പൂജിക്കയും താനും "അവനും" ഒന്നായിതീൎന്നു് ജീവാത്മ പരമാത്മൈക്യമാകുന്ന സമാധിയോഗം സിദ്ധിക്കയും ചെയ്യുന്നതു്. മനുഷ്യൎക്കെല്ലാം അടിമത്വം നീങ്ങി സ്വാതന്ത്ര്യം സിദ്ധിക്കണമെങ്കിൽ പരമാത്മാവിനോടുള്ള അടിമത്വം സ്ഥിരപ്പെടണം. അല്ലെങ്കിൽ ഇന്ദ്രിയദാസത്വം സിദ്ധിക്കും. "ഇന്ദ്രിയാണാം ഹി ചരതാം യന്മനോനുവിധീയതേ. തദസ്യഹരതിപ്രജ്ഞാംവായുൎന്നാവമിവാംഭസി." അലഞ്ഞുനടക്കുന്ന ഇന്ദ്രിയങ്ങൾക്കു പുറകെ പോകുന്ന മനസ്സ് അവന്റെ ജ്ഞാനത്തെ കടലിൽ കാററു് കപ്പലിനെയെന്നപോലെ വല്ലിടത്തും വലിച്ചുകൊണ്ടു പൊയ്ക്കളയുന്നു. അറിവില്ലാത്ത മനുഷ്യൻ വേണ്ടതിനെ തിരസ്കരിക്കയും വേണ്ടാത്തതിനെ കാംക്ഷിക്കയും ചെയ്യും. അനന്തരം ഫലം ആപത്തും ആത്മനാശവും ആണെന്നു് ആരും പറഞ്ഞറിയേണ്ടതില്ലല്ലോ. ഈ ആപൽഗൎത്തത്തിൽനിന്നും മനുഷ്യജാതിയെ ഉദ്ധരിക്കാനാണു് കൃപാലുക്കളായ മഹൎഷിമാർ ക്ഷേത്രവ്യവസ്ഥ ചെയ്തിരിക്കുന്നതു്. ലോകത്തിൽ ഒരിടത്തും കാണാൻ സാധിക്കാത്തതായ നിശ്ചേഷ്ടനും സാക്ഷിഭൂതനുമായ പരമാത്മാ—ഈശ്വരൻ സ്വശരീരത്തിലെ—ഉണ്ടെന്നു ഹൃദയമണിയറയിൽ കാണിച്ചുകൊടുക്കാനായി ക്ഷേത്രത്തിലെ ഗൎഭഗൃഹത്തിൽ ഒരു ചേഷ്ടാരഹിതമായ വിഗ്രഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ക്ഷേത്രസിൽബന്തികളിൽ പ്രമാണി ശാന്തിക്കാരൻ ആയിരിക്കുമ്പോലെ ശരീരത്തിൽ പ്രധാനി ജീവാത്മാവാകുന്നു. ശാന്തിക്കാരൻ ദേവനുവേണ്ടി സിൽബന്തികൾ സംഗ്രഹിച്ചുകൊടുക്കുന്ന പൂജാദ്രവ്യങ്ങളെ ഈശ്വരാൎപ്പണം ചെയ്തു നിവേദ്യപൂജാദികൾ ചെയ്യുന്നതിനു പകരം തന്നത്താൻ ഉപയോഗിച്ചു കളഞ്ഞാൽ എപ്രകാരം അനീതിയായിരിക്കുമോ, അതുപോലെയാകുന്നു അഹങ്കാരവിമൂഢാത്മാവായിതീൎന്ന ജീവാത്മാ താനാണു് ശരീരോടമസ്ഥൻ എന്ന ഭാവത്തോടുകൂടി, ഇന്ദ്രിയസംഭൂതങ്ങളായ വിഷയസുഖങ്ങളെ "കൎത്താഹം—ഭോക്താഹം—ഈശ്വരോഹം" എന്ന സങ്കല്പത്തോടുകൂടി അനുഭവിക്കുന്നതു് എന്നു കാണിക്കാൻ ഇതുപകരിക്കുന്നു. ജീവാത്മാവിനു മീതെ നിശ്ചേഷ്ടനായി സാക്ഷിഭൂതനായി ശുദ്ധസത്വാകാരനായി സ്വാനുഭൂതികൊണ്ടു മാത്രം അറിയത്തക്കവനായിരിക്കുന്ന പരമാത്മാ അപ്രത്യക്ഷനാണെങ്കിലും "**ഉണ്ടു്**" എന്നുറപ്പിച്ചുകാണിക്കാനാകുന്നു ക്ഷേത്രത്തിൽ ചേഷ്ടാരഹിതമായ വിഗ്രഹത്തെ പ്രതി

ഷ്ഠിച്ചിരിക്കുന്നതു്. പരമാത്മാ എപ്രകാരം യാതൊന്നിലും വികാരഭേദം കാണിക്കയില്ലയൊ അപ്രകാരമാകുന്ന തൽസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്ന ശിലാവിഗ്രഹം നിർവ്വികാരമായി വൎത്തിക്കുന്നതു്. ക്ഷേത്രത്തിൽ വിഗ്രഹം പ്രതിഷ്ഠിച്ചിട്ടില്ലാത്തവർ, ശരീരത്തിൽ അഹംകാരയുക്തനായ ജീവാത്മാവിനുമേൽ നിർവ്വികാരനായ പരമാത്മാവുണ്ടെന്നു തുറന്നുപറയാത്തവരാണു്, സ്വശരീരത്തിൽ താനല്ലാതെ തനിക്കുമേൽ പരമാത്മാവില്ലെന്നു ശഠിക്കുന്ന ഹിരണ്യകശിപുക്കളാണു്, ക്ഷേത്രത്തിലെ നിശ്ചേഷ്ടമായ വിഗ്രഹത്തിനു ശാന്തിക്കാരൻ തന്മൂലം സകല ദ്രവ്യങ്ങളേയും പൂജാദ്രവ്യമായി സമൎപ്പിക്കണമെന്നുള്ള തത്വത്തെ സമ്മതിക്കാത്തവർ എന്നും ഈ ദൃഷ്ടാന്തം വിശദമായി തെളിയിക്കുന്നു. ഈ തത്വം മനസ്സിലാകുമ്പോൾ ഓരോരുത്തനും താൻ അനുഭവിക്കുന്ന വിവിധവിഷയസുഖങ്ങളും പരമാത്മാവിനു അൎപ്പിക്കാനായി മാത്രം താൻ സ്വീകരിക്കയാണെന്നും, ആയവ ഉടനുടൻ അങ്ങോട്ടങ്ങോട്ടു് (പരമാത്മാവിനെ) ഏല്പിക്കാതെ വെച്ചുകൊണ്ടിരിയ്ക്കുന്നതു്, അവിഹിതമാണെന്നും വെളിവാകുന്നു. താൻ പരമാത്മാവിന്റെ പ്രേഷകൻ മാത്രമാണെന്നും, സാക്ഷാൽ കൎത്താവും ഭോക്താവും ഹൃദ്കമലകൎണ്ണികാമദ്ധ്യസ്ഥനായ ഈശ്വരനായിരിക്കുമ്പോൾ 'കൎത്താഹം ഭോക്താഹം' എന്നുസങ്കല്പിച്ചു് മൌഢ്യത്താൽ ഭഗവദവകാശമായ ഭോഗഫലത്തേയും കൎമ്മഫലത്തേയും സ്വകാൎയ്യമായി അടക്കംചെയ്തുവെയ്ക്കുന്നതു് കുററകരമാണെന്നും, കൎമ്മശൃംഖലയിൽപെട്ടു സംസാരകാരാഗൃഹത്തിൽ അനന്തകാലം ഉഴലേണ്ടിവരുമെന്നും, തെളിവായിക്കാണിക്കുന്നു. ഈ തത്വം മനസ്സിലായാൽ ഓരോമനുഷ്യനും തന്റെ സമ്പാദ്യമെല്ലാം തന്റെ ജീവാത്മപ്രീതിയ്ക്കല്ല വിനിയോഗിക്കേണ്ടതെന്നും, തന്റെ നാഥനായ പരമാത്മാവിന്റെ പ്രീതിയ്ക്കാണു് ഉപയോഗിക്കേണ്ടതെന്നും, മനസ്സിലാക്കുന്നു. അപ്രകാരമുള്ളവൻ കാമക്രോധാദികളായ മൃഗീയവികാരങ്ങൾക്കു കീഴടങ്ങാതെ, ഈശ്വരസമൎപ്പണമാകുന്ന ത്യാഗത്തെ പ്രേരിപ്പിക്കുന്ന ദിവ്യബുദ്ധിയ്ക്കു് സ്വയം കീഴടങ്ങും. അപ്രകാരം തന്നത്താനടങ്ങുക നിമിത്തമാണു് രാജ്യത്തിൽ കൃത്യബോധമുള്ള പ്രജകൾ ഉത്ഭവിക്കുന്നതു്. ഇപ്രകാരമുള്ള ഉത്തമ പ്രജകൾ ഉണ്ടായിരിക്കയാലാണു് ഇന്ത്യയിലെ രാജാക്കന്മാൎക്കു തങ്ങളുടെ വംശപാരമ്പൎയ്യത്തെ അവിഛിന്നമായി ആദിമനുവോളം നീട്ടിക്കൊണ്ടുചെല്ലാൻ സാധിച്ചതു്. ആയതു ഇൻഡ്യക്കാരുടേയൊ ഹിന്ദുക്കളുടേയൊ പൌരുഷക്കുറവുകൊണ്ടാണെന്നു വിചാരിക്കുന്നവർ ഭാരതീയരുടെ ചരിത്രം ലേശവും ഗ്രഹിച്ചിട്ടില്ല. സ്വയം

ഭരണം ഇൻഡ്യക്കാർ അനാദികാലം മുതല്ക്കേ ശീലിച്ചിരിക്കയാൽ അന്യർക്ക് വേഷംകെട്ടിയിരുന്നു കണ്ടാൽ മാത്രം മതി. അടക്കിഭരിക്കേണ്ട ശ്രമമില്ലെന്നു താല്പര്യം. ഈ രഹസ്യം സ്വയം കണ്ടറിഞ്ഞ ക്ഷത്രിയ രാജാക്കന്മാർ തന്റെ രാജ്യം മുഴുവൻ ഒരു ക്ഷേത്രമായും അതിലെ പ്രജകളെല്ലാം ക്ഷേത്രസിൽബന്തികളായും മുതലെടുപ്പെല്ലാം പൂജാദ്രവ്യമായും താൻ ക്ഷേത്രമാനേജരായും പുരോഹിതന്മാർ ശാന്തിക്കാരായും സർവ്വേശ്വരൻ സാക്ഷാൽ ഉടയവനായും ആക്കിത്തീർത്തതിൽ എന്താണത്ഭുതം! ഇത്തരം രാജ്യഭരണക്രമത്തിന്റെ ഔൽകൃഷ്ട്യത്തെ മനസ്സിലാക്കാൻപോലും ശക്തിയില്ലാത്ത പാശ്ചാത്യരുടെ ഭരണസമ്പ്രദായത്തെ, പരിഷ്കാരമായി സ്വീകരിക്കാൻ മാത്രം നമുക്കുതോന്നിയിരിക്കുന്ന ഇക്കാലത്തെ ഇൻഡ്യക്കാരുടെ വിദ്യാഭ്യാസം, എത്രമാത്രം ഭാരതീയ ജ്ഞാനരഹിതമായിത്തീർന്നിട്ടുണ്ടെന്നു വെളിവായി കാണിക്കുന്നു. വിദേശങ്ങളിലെ "സ്വേച്ഛാപ്രഭുത്വ"മാകുന്ന സ്വതന്ത്രരാജ്യഭരണവും ഇതുമായി എത്രമാത്രം ദൂരമുണ്ടെന്ന് വിചാരിച്ചുനോക്കേണ്ടതാണ്. നമ്മുടെ രാജാക്കന്മാർ എന്നാണോ പത്മനാഭാപ്പ്ണത്തെ മറന്ന്, താൻ സാക്ഷാൽ രാജ്യോടമസ്ഥനായി കരുതുന്നത് അന്നുമുതൽ പ്രജകൾ പരമാത്മാവിനെ മറന്ന് അഹങ്കാരയുക്തനായ ജീവാത്മാവിനെ പ്രധാനമായി കരുതുകയും, മനഷ്ടാഷ്ടങ്ങളായ ഇന്ദ്രിയങ്ങളുടെ പ്രീതിക്കായി എന്തും ചെയ്വാനൊരുങ്ങുകയും ചെയ്യും. ഭരണയന്ത്രത്തെ നടത്തുന്നതിലുള്ള വൈഷമ്യങ്ങൾ എല്ലാം ഉടൻ പ്രത്യക്ഷപ്പെട്ടുതുടങ്ങും. "പത്മനാഭന്റെ രാജ്യം! പത്മനാഭന്റെ പ്രജകൾ! പത്മനാഭന്റെ സ്വത്തു്! പത്മനാഭന്റെ ഹിതംപോലെ ചെയ്യണം.!" എന്നുറപ്പിച്ച് നടക്കുന്ന നമ്മുടെ മഹാരാജാക്കന്മാരോട് ഭരണാധികാരം പങ്കിട്ടുകൊടുക്കാനായി പ്രജകൾ പോരാടുന്ന കഥ അത്ഭുതപൂർവ്വവും അസംഗതവും അസംഭാവ്യവും ആകുന്നു. എന്നാൽ ഇപ്പോൾ അതു ഒരു പുതുമയായി കണ്ടുതുടങ്ങീട്ടും ഉണ്ട്. എന്തുകൊണ്ടാണെന്നു അന്വേഷിക്കേണ്ട ദിക്കായി. ക്ഷേത്രത്തെ ശരിയായി ധരിച്ച് ക്ഷേത്രത്തെ രാഷ്ട്രമായും രാഷ്ട്രത്തെ ശരിയായി ധരിച്ച് രാഷ്ട്രത്തെ ക്ഷേത്രമായും പരിണമിപ്പിച്ചിട്ടുള്ള വസ്തുത നോക്കുമ്പോൾ, ക്ഷേത്രത്തിന്റെ അതിവ്യാപ്തി എത്രമാത്രമുണ്ടെന്നു സാമാന്യമായി മനസ്സിലാകുന്നതാണ്. അതുകൂടാതെ സ്വശരീരത്തെ ക്ഷേത്രമായും പരമാത്മാവിനെ ദേവനായും സ്വകർമ്മങ്ങളെ എല്ലാം ദേവപൂജയായും പരിണമിപ്പിച്ച് ഉത്തമ പൌരനായി ജീവിക്കുന്ന ഒരാൾ "ആത്മൌപമ്യേനസർവ്വത്രസമം പശ്യ

തി" എന്ന വചനപ്രകാരം സകല ജീവജാലങ്ങളേയും തന്നെപ്പോലെതന്നെ "യാവത്സഞ്ജായതേ കിഞ്ചിത്സത്വം സ്ഥാവരജംഗമം ക്ഷേത്രക്ഷേത്രജ്ഞസംയോഗാൽ തദ്വിദ്ധി" എന്ന ഉപദേശപ്രകാരം ജീവാത്മപരമാത്മാക്കളുടെ വിയോഗസംയോഗങ്ങൾക്കായി സൃഷ്ടിച്ചിട്ടുള്ള ജംഗമക്ഷേത്രങ്ങളായി ഗ്രഹിക്കയും, പ്രാണിപീഡനം ഈശ്വരദ്രോഹമായി ഗ്രഹിക്കയും ചെയ്യാൻ സാധിക്കുന്നതാണ്. അതിനാലാണ് ക്ഷേത്രനിയമങ്ങളിൽ പ്രാണിഹിംസയ്ക്കും, ഹിംസകൎക്കും അശുദ്ധികല്പിക്കാൻ ഇടയായത്. അക്കാരണത്താലാണ് ഉത്തമപ്രജകൾ നിയമാനുസൃതരായി അന്യോന്യം ആക്രമിക്കാതെ വൎത്തിക്കുന്നതും. മനുഷ്യനെ മനുഷ്യൻ ആക്രമിക്കാത്തതു ശിക്ഷയെ ഭയന്നിട്ടുമാത്രമാണെന്നു പറയാതിരിക്കണമെങ്കിൽ, അവൻ അതേപ്രകാരം മിണ്ടാപ്രാണികളോടും വൎത്തിക്കേണ്ടതാണ്. (രക്ഷിച്ച് വളൎത്തുന്ന ജന്തുക്കളെക്കൊണ്ടു് ന്യായമായി രാജ്യസേവ ചെയ്യിക്കുന്നത് ഹിംസയാകയില്ല. ഭടാശ്വങ്ങൾ സ്വന്തമനസ്സാൽ യജമാനനുവേണ്ടി ജീവത്യാഗം ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ ആ വഴിക്കുള്ള കൎമ്മയോഗസിദ്ധിയെ വിശദമാക്കുന്നതാണ്.)

മാന്ത്രികമായും താന്ത്രികമായും ഉള്ള ഒരു ദൃഷ്ടിയിൽ ക്ഷേത്രം പ്രതിഷ്ഠാദേവന്റെ അതിവാസഗേഹവും അതിന്റെ ഓരോ സ്ഥാനങ്ങൾ ആ ദേവന്റെ ഓരോ പരിവാര ദേവതകൾക്ക് ആവാസസ്ഥാനങ്ങളും ആകുന്നു. ഇപ്രകാരം ദേവനെ സപരിവാരം ആരാധിക്കുന്നതുകൊണ്ടു് അനിഷ്ടനിവാരണവും അഭീഷ്ടസിദ്ധിയും സംഭവിക്കുന്നതായി മുൻപറഞ്ഞിട്ടുണ്ടല്ലൊ. കൂടാതെ ക്ഷേത്രദേവന്റെ സാന്നിദ്ധ്യം വൎദ്ധിച്ച് ക്രമേണ ആ ക്ഷേത്രം മുഴുവനും ദേവന്റെ സ്ഥൂലശരീരമായിത്തീരുന്നു. അനന്തരം അനുകൂലകൎമ്മങ്ങളുടെ ആധിക്യം അനുസരിച്ച് സപ്തപ്രാകാരങ്ങളും സങ്കേതസ്ഥലങ്ങളും പരിസരപ്രദേശങ്ങളും ഗ്രാമവും ദേശവും രാജ്യം മുഴുവനും വ്യാപിച്ച് അവിടമെല്ലാം ആ ദേവന്റെ സ്ഥൂലശരീരമായിയി (വിരാഡ്രൂപമായി) തീരുകയും അവിടത്തെ സ്ഥാവരജംഗമങ്ങളായ ജീവികളെല്ലാം ആ ദേവന്റെ അംശങ്ങളായിത്തീരുകയും ചെയ്യും. അതായതു ആവക ജീവജാലങ്ങൾ ഉത്ഭവിക്കുമ്പോൾ അവ ആ ദേവന്റെ അംശമാകയാലുള്ള അരോഗദൃഢഗാത്രതയോടും സൽബുദ്ധിവീൎയ്യാദികളോടും കൂടി ജനിക്കയും മരിക്കുമ്പോൾ അവയുടെ ജീവൻ ആ ദേഹത്തിൽ മോക്ഷം പ്രാപിക്കുകയും ചെയ്യും. അതിനാൽ ജന്തു സസ്യാദികൾ അഭിവൃദ്ധിപ്പെടുകയും അവ

യിൽ വർഗ്ഗോന്നതി സംഭവിക്കയും ചെയ്യും. സഹാറാ പോലെയുള്ള മരുപ്രദേശങ്ങളിൽ ഇപ്രകാരം ഒരു ക്ഷേത്രസ്ഥാപനംചെയ്തു ശരിയായ ആരാധന നടത്തിയാൽ, അവിടേയും നല്ല ജലാശയങ്ങൾ ഉത്ഭവിച്ചു സസ്യസമൃദ്ധിയും ജീവചൈതന്യവും അഭിവൃദ്ധിപ്പെടും. കാലാന്തരത്തിൽ അവിടത്തെ ഒരു സർവ്വെപ്ലാനോ ആ രാജ്യത്തിന്റെ ഭൂപടമോ എടുത്തു നോക്കിയാൽ അതിലെ പ്രകൃതി വിലാസങ്ങൾ, സ്ഥലജലാകൃതി, നദീപർവ്വതസംസ്ഥിതി, ഇവയാൽ ആ ആരാധ്യദേവന്റെ സ്ഥൂലാകൃതിയെ അതിൽ കണ്ടു പിടിക്കാനും സാധിക്കുന്നതാണ്. അതിനാലാണ നമ്മുടെ ദേവന്മാൎക്കും മഹാന്മാൎക്കും "വിശ്വരൂപം" ഉണ്ടെന്നു പ്രമാണഗ്രന്ഥങ്ങളിൽ വർണ്ണിച്ചു കാണുന്നതു്. (ഇതു അൎത്ഥമില്ലാത്ത സങ്കല്പം മാത്രമല്ലെന്നു ഈ ലേഖകൻ പരിശോധിച്ചറിഞ്ഞിട്ടുള്ളതും തെളിവു കൊടുക്കാൻ തയ്യാറുള്ളതും ആകുന്നു). ആകപ്പാടെ ചുരുക്കത്തിൽ ശാസ്ത്രോക്തമായ മന്ത്രകൎമ്മാനുഷ്ഠാനങ്ങളാൽ ക്ഷേത്രത്തിൽ ദേവസാന്നിദ്ധ്യം സംഭവിക്കയും തദിതരകൎമ്മങ്ങളാൽ അതു നശിക്കയും ചെയ്യുന്നതാണെന്നും ലോകാനുഗ്രഹത്തിനായി ഈശ്വരശക്തിയെ പ്രകടമാക്കിത്തീൎത്തിട്ടുള്ള ഒരു സ്ഥാനമാണ് അതെന്നും തല്ക്കാലം പറഞ്ഞു നിറുത്തിക്കൊള്ളാം.

36. ചോദ്യം:— ഹിന്ദുക്കളുടെ വിശ്വാസപ്രകാരം എന്തു മതപരമായ ക്രിയകളാണ ബിംബത്തിനു സാന്നിദ്ധ്യത്തെ നൽകുന്നതും നിലനിറുത്തുന്നതും?

ഉത്തരം:—ബിംബത്തിനു സാന്നിദ്ധ്യത്തെ നല്കുന്നതും നിലനിറുത്തുന്നതുമായ സംഗതികളെപ്പററി മുൻപു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വെളിവാകുന്നതാണെങ്കിലും ഇവിടെ ഒരെല്പംകൂടി പറയാവുന്നതാണ്. ഒന്നാമതു് സ്ഥലശുദ്ധി- പിന്നീടു വിധിപ്രകാരമുള്ള ആലയനിൎമ്മാണം- അനന്തരം വിഗ്രഹനിൎമ്മാണം- വിഗ്രഹപ്രതിഷ്ഠ- വിഗ്രഹത്തിൽ ദേവചൈതന്യത്തിന്റെ ആവാഹനം- പൂജാനൈവേദ്യം- ബ്രാഹ്മണഭോജനം- ഉത്സവം ഇവയുടെ യഥാക്രമമായ അനുഷ്ഠാനം- ഇവയാൽ ചൈതന്യം ഉത്ഭവിക്കയും പുഷ്ടിപ്പെടുകയും ചെയ്യുന്നു. ദൈവികമായും മാനുഷമായും മററു വിധേനയും ഉണ്ടാകുന്ന "ഉല്പാദാദി" അശുദ്ധികൾക്കു പ്രായശ്ചിത്തം ചെയ്തു പരിഹാരം ചെയ്തു ചൈതന്യത്തെ നിലനിറുത്തണം എന്നു 26-27 ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതുകാണുക. നിത്യപൂജാദികൾക്കു നിയമനിഷ്ഠ മുട്ടു് ഇവയുണ്ടായാലും ചൈതന്യം കുറയും. മന്ത്രസിദ്ധിയും ശാസ്ത്രജ്ഞാനവും ഉള്ള പുരോഹിതന്മാർ പഞ്ചേ

ന്ദ്രിയങ്ങൾ അടക്കി ധ്യാനത്തിൽ ആത്മസാക്ഷാൽക്കാരം സമ്പാദിച്ച് ആ ആത്മചൈതന്യത്തെ മന്ത്രാക്ഷരങ്ങളാലും ധ്യാനസങ്കല്പത്താലും ഉദ്ദിഷ്ടമൂൎത്തിയുടെ രൂപത്തിലാക്കിത്തീൎത്തു മൂൎത്തിമത്തായ ആ ആത്മചൈതന്യത്തെ വിഗ്രഹത്തിൽ ആവാഹിക്കയാണു ചെയ്യുന്നതു്. അതുമുതൽ മൂൎത്തിമാനായ ആ ദേവൻ വിഗ്രഹത്തിൽ അധിവസിക്കുന്നു. സ്വൎഗ്ഗാദിലോകങ്ങളിൽ അന്തൎഹിതനായോ പ്രകൃതിശക്തിയിൽ ലയിച്ചോ ഇരുന്ന ഒരു ദേവൻ പൂജകന്റെ ഹൃദയത്തിൽ പ്രവേശിച്ച് അവിടത്തെ ആത്മചൈതന്യത്തിൽ രൂപാകൃതി കൈക്കൊണ്ടു പുരോഹിതന്റെ ഹംസവായുവിൽകൂടി പുറത്തുവന്നു പ്രത്യക്ഷവിഗ്രഹത്തിൽ പ്രവേശിക്കുമ്പോൾ ആ ദേവൻ തന്റെ ഭക്താഭീഷ്ടസിദ്ധിക്കായി ഒരു ജന്മം സ്വീകരിച്ചതുപോലെയായ്തീരുന്നു. സാത്വികങ്ങളായ വൈദികകൎമ്മങ്ങളുടെ അനുഷ്ഠാനവും സാത്വികജനങ്ങളുടെ സഹവാസവും ആ ചൈതന്യത്തെ പോഷിപ്പിക്കും. രജസ്തമോഗുണാനുവൎത്തികൾക്കും മനസ്സിനെ ഉള്ളടക്കി ധ്യാനിക്കാൻ കഴിയും—എന്നാൽ അവിടെ പ്രത്യക്ഷപ്പെടുന്ന ഹൃദയത്തിലെ ആത്മചൈതന്യം രജസ്തമോഗുണപങ്കിലമായിരിക്കും. അതിനാൽ അവിടെ രൂപപ്പെടുന്ന ദേവതകൾ ശുദ്ധസാത്വികങ്ങളായിരിക്കാൻ നിവൃത്തിയില്ല. രജസ്തമോഗുണപ്രധാനങ്ങളായിരിക്കുന്ന ദേവതകൾക്ക് ആ വക പുരോഹിതന്മാരുടേയോ ആരാധകന്മാരുടേയോ പ്രകൃതി അനുസരിച്ചുള്ള ശുദ്ധാശുദ്ധങ്ങളും ആചാരമൎയ്യാദകളും മാത്രമെ ആവശ്യപ്പെടുകയുള്ളു. അവരുടെ ആ നടപടികൾകൊണ്ടു് അവിടെ ചൈതന്യലോപം സംഭവിക്കയില്ല. ഏതുവിധത്തിലായാലും ആവാഹിച്ചു ചൈതന്യമുണ്ടാക്കിയ ഒരു വിഗ്രഹത്തെ പൂജിക്കുന്നവൻ ആ ചൈതന്യത്തെ അതിൽനിന്നുദ്വസിച്ചു കഴിഞ്ഞാൽ ആ വിഗ്രഹത്തെ വന്ദിക്കയില്ല. അതു് അശുദ്ധവും നിൎമ്മാല്യവുമായി ഗണിക്കും. അപ്രകാരം ചെയ്യുന്നവർ വിഗ്രഹത്തെ അല്ല ചൈതന്യത്തെ ആണു് ആരാധിക്കുന്നതെന്നു പ്രത്യക്ഷമായിരിക്കുംപോലെ ആവാഹനാദി കൎമ്മങ്ങൾ കൂടാതെ വിഗ്രഹത്തെ ആരാധിക്കുന്നവർ കാട്ടാളന്മാരെപ്പോലെ വിഗ്രഹത്തെത്തന്നെയാണാരാധിക്കുന്നതെന്നും വിശദമാക്കിയിരിക്കുന്നു. വെറും വിഗ്രഹങ്ങൾക്കു ചൈതന്യം കുറയുകയോ കൂടുകയോ ചെയ്യുന്ന ഭേദമില്ല. വൈദികകൎമ്മങ്ങൾ കൂടാതെ വിഗ്രഹത്തെ ആരാധിക്കാനിച്ഛിക്കുന്നവർ സൎവ്വേക്കല്ലും മൈൽക്കുറ്റിയും തുല്യപ്രധാനമായി കരുതാത്തതു് അവിടെ ആഡംബരവും ദ്രവ്യപുഷ്ടിയും ഇല്ലാത്തതുകൊണ്ടു മാത്രമാണു്. പ്രമാണവിശ്വാസമുള്ള

വർ അന്തിനമസ്കാരം ഗണപതി ഹോമം മുതലായവയാൽ വിളക്ക്, പത്മം, അഗ്നി, ചിലപ്പോൾ ദർഭപ്പുല്ല്, ജലം, മുതലായ നിസ്സാരസാധനങ്ങളിലും മന്ത്രത്താൽ ദേവനെ ആവാഹിച്ചു പൂജിക്കയും വന്ദിക്കയും ആരാധിക്കയും ചെയ്യാറുണ്ടു്. അതാതു പൂജ കഴിഞ്ഞാൽ അവയെല്ലാം നിർമ്മാല്യമാക്കരുതുന്നു. അതിനാൽ കർമ്മംകൊണ്ടു ചൈതന്യം ഉത്ഭവിക്കയും വർദ്ധിക്കയും ചെയ്യുന്നതുപോലെ കർമ്മംകൊണ്ടു ചൈതന്യം ക്ഷയിക്കയും നശിക്കയും ചെയ്യുന്നതാണെന്നു ബോധപ്പെടും.

37. ചോദ്യം:— ഈ ക്രിയകളെ നിർവ്വചിക്കുന്ന പ്രാമാണികങ്ങളായ ശാസ്ത്രങ്ങളും ആഗമങ്ങളും ഏതെല്ലാം?

ഉത്തരം:—ഈ ക്രിയകളെ നിർവ്വചിക്കുകയും വിവരിക്കുകയും ചെയ്യുന്ന ആഗമങ്ങൾ തന്ത്രസമുച്ചയം മുതലായവയെപ്പററി മുൻപു പ്രസ്താവിച്ചിട്ടുണ്ടു്. മേലും ആ വിഷയത്തെ സംബന്ധിച്ചുള്ള മന്ത്രശാസ്ത്രഗ്രന്ഥങ്ങൾ അനവധിയുണ്ടു്. അവയെപ്പററി ആ ശാസ്ത്രവിദഗ്ദ്ധന്മാർക്കു പ്രത്യേകം പാണ്ഡിത്യമുണ്ടായിരിക്കുന്നതാകയാൽ ആ വിഷയത്തിൽ അവരുടെ അഭിപ്രായം സഗൌരവം കൈക്കൊള്ളേണ്ടതാണു്.

38. ചോദ്യം:— അവ അനുസരിച്ചു് എന്തു നിമിത്തങ്ങൾ (സംഭവങ്ങൾ) ആണു ക്ഷേത്രങ്ങളിലെ ഈശ്വരസാന്നിദ്ധ്യത്തെ ക്ഷയിപ്പിയ്ക്കുകയോ നശിപ്പിക്കയോ ചെയ്യുന്നതു്?

ഉത്തരം:—ഈശ്വരസാന്നിദ്ധ്യത്തെ ക്ഷയിപ്പിക്കയും നശിപ്പിക്കയും ചെയ്യുന്നതായി മുൻ 26-ാം ചോദ്യത്തിലെ മറുവടിയിൽ പറഞ്ഞിട്ടുള്ളതു് ആ വക ശാസ്ത്രങ്ങളിലെ അഭിപ്രായമാണു്. 36-ാം ചോദ്യത്തിലെ മറുവടിയിൽ സൂചിപ്പിച്ചിട്ടുള്ളതും അവയിലെ അഭിപ്രായങ്ങൾ തന്നെ. നിത്യപൂജക്കു മുടക്കം ചെയ്ക, അശുദ്ധദ്രവ്യങ്ങൾ ആരാധനയിൽ ഉപയോഗിക്ക, ശാന്തിക്കാർ ശുദ്ധമായിട്ടല്ലാതെ പൂജാദി നടത്തുക, സ്നാനം ചെയ്യാത്തവർ സവർണ്ണരായാലും ക്ഷേത്രത്തിൽ പ്രവേശിക്ക, തീണ്ടലുള്ളവർ ക്ഷേത്രത്തിൽ പ്രവേശിക്ക, തീണ്ടലുള്ളവരുടെ സംസർഗ്ഗത്താൽ അശുദ്ധപ്പെട്ടവർ ക്ഷേത്രത്തിൽ പ്രവേശിക്ക, അശുദ്ധകർമ്മങ്ങൾ ചെയ്തു പ്രായശ്ചിത്തം ചെയ്യാത്തവർ ക്ഷേത്രത്തിൽ കടക്കുക, ഇങ്ങിനെ അനേകമനേകം കാര്യങ്ങൾ സാന്നിദ്ധ്യത്തിനു ഹാനികരങ്ങളാണെന്നു ആ വക പ്രമാണങ്ങളിൽ നിന്നറിയാവുന്നതാണു്. "ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല ശാസ്ത്രോക്തമാചരിക്കാതെ ഫലം വരാ" എന്ന പ്രമാണപ്രകാരമാണു് ഇപ്പോൾ ക്ഷേത്രങ്ങളിൽ പ്രധാനമായി അശുദ്ധിനേരിട്ടു വരുന്നതു്. ക്ഷേത്രമര്യാദ

കളെ സംരക്ഷിക്കാൻ ചുമതലപ്പെട്ട ഗവൎമ്മെൻറും ഉദ്യോഗസ്ഥന്മാർപോലും ആ വക പ്രമാണങ്ങളെ അനുസരിക്കാതെ അവയെ നിഷേധിച്ചു നടക്കയാലാണു വാസ്തവത്തിൽ സാന്നിദ്ധ്യം കുറഞ്ഞു വരുന്നതു്. ശാസ്ത്രാഭിപ്രായത്തെ പ്രതിനിധീകരിക്കുന്ന തന്ത്രി മേശാന്തി മുതലായവർ ഡിപ്പാർട്ടുമെൻറിലെ വലിയ ഉദ്യോഗസ്ഥന്മാരുടെ കീഴിൽ എന്നല്ല മാനേജർ ശ്രീകാൎയ്യക്കാർ മുതലായ സാധാരണ ഉദ്യോഗസ്ഥന്മാരുടെ കീഴിലും എത്രമാത്രം പരുങ്ങിയാണു കഴിച്ചു കൂട്ടുന്നതെന്ന വസ്തുത നോക്കുമ്പോൾ, വൈദികം പമ്പ കടക്കാതെ നിവൃത്തിയില്ലെന്നു മനുഷ്യബുദ്ധിയുള്ളവൎക്കെല്ലാം കാണാം. ആഡംബരത്തിനായി ആകാശംവരെ പന്തൽകെട്ടിയുയൎത്താനും ആവശ്യത്തിനായി അകത്തെ വിതാനത്തിൽ പതിവുള്ള മേൽക്കെട്ടി മുതലായവപോലും കെട്ടാതിരിക്കാനും അതു നിമിത്തം ഹവിസ്സ് ബലി മുതലായവയിൽ പൊടി കരട് മൂത്രപുരീഷങ്ങൾ മുതലായവ വീഴാനും ആഡംബരതോരണമാല്യാദികളിൽനിന്നും അശുദ്ധജലകണങ്ങൾ ശാന്തിക്കാരൻെറയും ദേവൻെറയും മേൽ വീഴാനിടയായാൽപോലും അതു പാടില്ലെന്നു വൈദികന്മാൎക്കു വാ തുറന്നു മിണ്ടാൻപോലും ധൈൎയ്യമില്ലാതായിത്തീൎന്നിട്ടുള്ളിടത്തോളം പ്രമാണവചനങ്ങളേയും പ്രമാണഗ്രന്ഥങ്ങളേയും അന്വേഷിച്ചിട്ടു യാതൊരുപയോഗവും ഇല്ല. പ്രമാണങ്ങളെ ആചരിക്കുന്നതിലുള്ള പ്രതിബന്ധങ്ങളെ നിവാരണം ചെയ്കയാണു വേണ്ടതു്. കാക്ക തൊട്ട സാധനങ്ങൾ അശുദ്ധമാകയാൽ പൂജയ്ക്കെടുക്കാറില്ല. പ്രമാണവചനങ്ങളുടെ ആവശ്യം കൂടാതെ തന്നെ മനുഷ്യബുദ്ധിക്കു് ഇതിൻെറ ഔചിത്യം സുസ്പഷ്ടമാണു്. നൈവേദ്യം മുതലായവ വേറെ വെയ്ക്കണം. എങ്കിലും സംസ്ഥാനത്തിലെ മഹാക്ഷേത്രങ്ങളിൽ ചിലതിൽ കാക്ക തൊട്ടല്ലാതെ പകൽ നിവേദ്യം പൂൎത്തിയാകാറില്ലെന്നും, പഞ്ചഗവ്യം മുതലായവ കാക്കതൊട്ടശുദ്ധിപ്പെട്ടാലും ബിംബത്തിലാടാൻ വിരോധമില്ലെന്ന മട്ടിലായിട്ടുണ്ടെന്നും കാണുമ്പോൾ മതപ്രമാണങ്ങളെ നിഷ്കൎഷിക്കാനുള്ള ഏൎപ്പാടിൻെറ ന്യൂനതയല്ലാതെ പ്രമാണങ്ങളുടെ ദൌൎല്ലഭ്യമോ അഭാവമോ അല്ല അശുദ്ധിക്കും ചൈതന്യക്ഷയത്തിനും കാരണമെന്നു ബോധപ്പെടാതെയിരിക്കയില്ല.

"ചോരപാതകചണ്ഡാലചാതുൎവ്വൎണ്ണ്യബഹിഷ്കൃതാഃ
ശ്വാനപാഷാണ്ഡകാവൎജ്ജ്യാഃ മ്ലേച്ഛദേശസമുത്ഭവാഃ
ജംബുകാഃ പതിതാഃ നാരീപുഷ്പിതാ ച തഥൈവ ച
തൈസ്സുസമ്മിശ്രിതൈരന്യൈഃ ശ്വന്ത്യജൈശ്ചൈവപത്മജ

ദേവെസന്നിഹിതെസ്പൃഷ്ടെപുനഃ കലശസംഭവ
മൂത്തെമത്ത്യശൂഹാസനെ രക്താദിപതിതേതഥാ
അത്ഭുതോക്തപ്രമാണൈവ ശാന്തിം കുര്യ്യാദ്വിചക്ഷണ.........
അന്യഥാനച സാന്നിദ്ധ്യം

(തത്വപ്രദീപിക)

ചണ്ഡാലൈ രന്ത്യജൈശ്ചൈവ തഥാന്യൈ പ്രതിലോമജൈ
മ്ലേച്ഛൈശ്ച നീചചണ്ഡാലൈർഗ്ഗുരുനിന്ദാദിദൂഷിതൈഃ
ഏവമാദിഭിരസ്പൃശ്യൈർദ്ദേവാഗാരെ വിശേഷതഃ
സ്പൃഷ്ടെ പ്രവേശനെബാധാ പൂജാകാലെ ച ദർശനെ

(ഭൃഗുസംഹിതാ)

ചണ്ഡാലപതിതോദക്യാസൂതികോന്മത്തകാദിഭിഃ
ചോരൈരശുചിഭിർവ്രാത്യൈഃ പാഷണ്ഡൈർദ്ദേവലൈസ്തഥാ.
നിർമ്മാല്യഭക്ഷകൈശ്ചാന്യൈർദ്ദേവബ്രഹ്മസ്വഹാരിഭിഃ
പ്രവിഷ്ടെ പൂജനെസ്പൃഷ്ടെ ദ്രവ്യാണാം സ്പർശനേതഥാ
ദോഷാശ്ച ബഹുധാപ്രോക്താ സ്തന്ത്രേഷ്വേവ പൃഥക്പൃഥക്

(പാശുപതം)

ക്ഷേത്രേമൃതിർജ്ജനനമംഗണമണ്ഡപാദൌ
മൂത്രാസൃഗാദിപതനംപതിതാദിവേശഃ

(സമുച്ചയം.)

മന്ത്രാത്മകൊ മഹാദേവ പ്രതിമാദിഷുപൂജ്യതെ
മന്ത്രാശ്ചവൈദികാസ്സർവ്വാ സ്മാർത്താസ്തന്മൂല ഏവച
ലിംഗെചോല്പാതസംസ്പൃഷ്ടേ നിർവ്വീര്യാശ്ശ്രൌതതാന്ത്രികാഃ
മന്ത്രേചോപഹതേ തസ്മിൻ തത്സംസ്കാരവിനാശിതെ
തസ്മാൻപ്രവേശതീശാനാ (പാശുപതം)—(27-ാം ഉത്തരം.)

ആകപ്പാടെ നോക്കിയാൽ ഇപ്പോൾതന്നെ മേലുദ്ധരിച്ച പ്രമാണങ്ങൾ അനുസരിച്ച് പലവിധവൈകല്യങ്ങളും കൊണ്ട ക്ഷേത്രസാന്നിദ്ധ്യം കുറഞ്ഞും തന്നിമിത്തം രാജ്യത്തിൽ ആധിവ്യാധികളും അനത്ഥങ്ങളും വദ്ധിച്ചും ആണ് വരുന്നത്. അതിന്റെ എല്ലാം ഫലമായി അതിൽ കൂടുതൽ ആപല്ക്കരവും സാന്നിദ്ധ്യഹരവുമായ ഒരു ഉല്പാതമാണ് ഇപ്പോൾ മനഃപൂർവ്വം തുടങ്ങിയിട്ടുള്ള അവർണ്ണരുടെ ക്ഷേത്രപ്രവേശസംരംഭം.

39. ചോദ്യം:— ഈ പ്രമാണങ്ങൾ അവർണ്ണഹിന്ദുക്കളുടെ പ്രവേശനത്തെ നിരോധിച്ചിട്ടുണ്ടൊ. അങ്ങനെ വല്ല നിരോധവും ഉണ്ടെ

ങ്കിൽ, അതു് അടങ്ങീട്ടുള്ള മൂലവാക്യങ്ങളെ ദയവായി ചൂണ്ടി കാണി ക്കുകയും, അവയിലുള്ള ഏതു പദങ്ങളാണ് അവൎണ്ണഹിന്ദുക്കളെ സൂചി പ്പിയ്ക്കുന്നതു് എന്നു കാരണസഹിതം പ്രസ്താവിയ്ക്കുകയും ചെയ്യുക.

ഉത്തരം:—38-ന്റെ മറുപടിയിൽ ഉദ്ധരിച്ച പ്രമാണങ്ങളിൽ നി ന്നും ചണ്ഡാലന്മാർ, ചാതുൎവ്വൎണ്ണ്യബഹിഷ്കൃതർ, പതിതർ, അന്ത്യജർ, പ്രതിലോമജർ, നീചചണ്ഡാലർ, മ്ലേച്ഛർ, ചോരന്മാർ, അശുചികൾ, പ്രാത്യന്മാർ, നിൎമ്മാല്യഭക്ഷകന്മാർ, ദേവബ്രഹ്മസ്വാപഹാരികൾ ഇവരു ടെ പ്രവേശനം സ്പൎശനം മുതലായവ ദേവസാന്നിദ്ധ്യത്തിന് ഹാനിക രമാണെന്നും അതിനാൽ ക്ഷേത്രപ്രവേശനാൎഹർ അല്ലെന്നും വിശദമാ യിരിക്കുന്നുണ്ടല്ലോ. ഇതിൽ ചണ്ഡാലന്മാർ, ചാതുൎവ്വൎണ്ണ്യബഹിഷ്കൃ തർ, പതിതർ, അന്ത്യജർ, പ്രതിലോമജർ, നീചചണ്ഡാലന്മാർ ഈ പദങ്ങൾ അവൎണ്ണരെ ഉദ്ദേശിച്ചു് പ്രയോഗിച്ചിട്ടുള്ളവയാണെന്ന് വി ശ്വസിക്കപ്പെട്ടിരിക്കുന്നു. "ചാതുൎവ്വൎണ്ണ്യബഹിഷ്കൃതർ" എന്നതി നെപ്പററി യാതൊരു തൎക്കത്തിനും അവകാശമില്ല. പതിതർ ഭ്രഷ്ടന്മാ രായിത്തീരുകയാൽ സവൎണ്ണരിൽനിന്നും പുറത്താക്കപ്പെട്ടവരാണ്. അവ രും അവൎണ്ണസംഘത്തിൽ ഉൾപ്പെടാതെ നിവൃത്തിയില്ല. "പ്രതിലോമ ജർ" പ്രതിലോമസാങ്കൎയ്യത്താൽ ഉണ്ടായ വ്യഭിചാരസന്താനങ്ങളാണ് ഇവർ. ഇത്തരം ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായ സന്താനമാണ് ചണ്ഡാലനായി ഗണിക്കപ്പെടുന്നതു്. എന്നാൽ ചണ്ഡാലവംശം അതിന്നുമുമ്പു ഇല്ലെന്നു വിചാരിക്കാൻ പാടില്ല. ചണ്ഡാലശബ്ദത്തി ന്റെ പ്രസിദ്ധപൎയ്യായമായ "ശ്വപാക" ശബ്ദം ഈ വാദത്തിൽ വിസ്മ രിക്കത്തക്കതല്ല. ആയതു ആ വൎഗ്ഗക്കാരുടെ ശ്വമാംസഭക്ഷണത്തെ പ്രത്യക്ഷീകരിക്കയാൽ അവരുടെ നികൃഷ്ടമായ ജീവിതവൃത്തിയെ ആസ്പ ദമാക്കിത്തന്നെയാണ് ആൎയ്യഹിന്ദുക്കൾ അവരെ ദൂരതഃ പരിവൎജ്ജിച്ചിട്ടു ള്ളതെന്ന് ആൎക്കും ബോദ്ധ്യമാകും. അതിനാൽ അന്യകാരണങ്ങൾ ആവശ്യമില്ല. ചണ്ഡാലശബ്ദത്തിലൊ പൎയ്യായശബ്ദത്തിലൊ പ്രതി ലോമസങ്കരം സൂചിതവും അല്ല. അതിനാൽ ചണ്ഡാലജാതി അതി നുമുമ്പ് ഇല്ലാതിരുന്നതായി കരുതുന്നതു് അബദ്ധംതന്നെ. മേലും പതിതശബ്ദത്തിൽ പ്രസ്തുതമായ പ്രതിലോമസങ്കരവൎഗ്ഗത്തെ ഒഴിവാ ക്കാനും വഴികാണുന്നില്ല. അതിനാൽ ഇത്തരം പതിതന്മാരെ ശ്വമാം സഭക്ഷണാദികളാൽ നികൃഷ്ടന്മാരായി ഗണിച്ചിട്ടുള്ള ചണ്ഡാലന്മാരു ടെ കൂട്ടത്തിൽ നിൎബ്ബന്ധമായി ചേൎത്തിട്ടുണ്ടെന്നാണ് വിശ്വസിക്കാനു ള്ളതു്. ബ്രാഹ്മണൎക്കും, ശൂദ്രൎക്കും ഈ നികൃഷ്ടാഹാരം ഇല്ലാത്ത സ്ഥി

തിസ്സു അവരുടെ സങ്കരസന്താനങ്ങൾക്കു മററുവിധത്തിൽ ഇതു വന്നുകൂടിയതായി വിശ്വസിക്കാൻ വഴികാണുന്നില്ല. അതിനാൽ ദസ്യുക്കൾ രാക്ഷസന്മാർ മുതലായ ചില പ്രത്യേകവർഗ്ഗങ്ങളുടെ കൂട്ടത്തിൽ "ചണ്ഡാലന്മാർ" എന്നു ഒരു വർഗ്ഗവും ഉണ്ടായിരുന്നതായി വിശ്വസിക്കാനാണു് യുക്തിയും പ്രമാണവും കാണുന്നതു്. ഇപ്പോഴും ഭയങ്കരമായ നീചവൃത്തി ചെയ്യുന്നവനെ ഒരു ചണ്ഡാലനാണെന്നു് ഒരു ശകാരമായി പറയുന്ന പതിവുണ്ടല്ലൊ. അതനുസരിച്ചു് പ്രാണിഹിംസാദികൾ ചെയ്യുന്നവരെ ചണ്ഡാലന്മാരായി പുരാതനന്മാർ നിർദ്ദേശിച്ചിട്ടുള്ളതു് ഒട്ടും അസംഗതമല്ല. "പക്ഷീണാം കാകചണ്ഡാല" എന്നു പറഞ്ഞ കവി നിശ്ചയമായും കാക്കയ്ക്കു് പ്രതിലോമസാങ്കൎയ്യമാണു് ആ ബിരുദനാമത്തിനു കാരണമെന്നു് ഒരിക്കലും മൊഴികൊടുക്കാൻ നിർബ്ബന്ധിതനാകയില്ല. അതിനാൽ അവൎണ്ണരിൽ ഈ നീചവൃത്തി നിലനില്ക്കുന്നിടത്തോളം കാലം അവരെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ള "ചണ്ഡാല"ശബ്ദം അവരെ ബാധിക്കുന്നതല്ലെന്നു നിഷേധിക്കാൻ സാദ്ധ്യമല്ല. താഴെ പറയുന്ന പ്രമാണവാക്യം അവരെ നിർദ്ദേശപ്പെടുത്തി കാണിക്കുന്നു.

ചണ്ഡാലാസ്ത്രിവിധാജ്ഞേയാഃ മുഖ്യാമദ്ധ്യമഹീനകാഃ
തേഷാം തു യുഗമാനംസ്യാൽ ഷൺണവദ്വാദശാത്മകം
ഹീനാഭവന്തിമൃഗയുഃ പുല്ക്കസശ്വപചാദയഃ
മുഖ്യാശൌണ്ഡികതക്ഷാദ്യാ സർവ്വേന്യേമദ്ധ്യമാസ്മൃതാഃ

പുല്ക്കസശ്വപചാദികൾ മൃഗയുക്കളോടുചേൎത്തു പറയപ്പെട്ടിരിക്കയാൽ ഇവരും വേടന്മാരെപ്പോലെ നാല്ക്കാലിവധം ചെയ്യുന്നവരാണെന്നു സിദ്ധിക്കുന്നു. ഉള്ളാടൻ, പറയൻ, പുലയൻ ഇവർ ഇക്കൂട്ടത്തിലാണെന്നു കാണുന്നു. ഇവർ ഹീനചണ്ഡാളന്മാരാണു്. ഇവൎക്കാണു തീണ്ടൽ കൂടുതലുള്ളതു്. ശൌണ്ഡികന്മാർ മദ്യോല്പാദകന്മാരാണു്. അതിനാൽ ഈഴവന്മാർ ഇതിൽ ഉൾപ്പെടുകയില്ലെന്നു പറവാൻ നിൎവ്വാഹമില്ല. തക്ഷന്മാർ ആശാരികളാണെന്നും പ്രസിദ്ധമാണു്. ഇവർ മുഖ്യചണ്ഡാലന്മാരാകയാൽ തീണ്ടൽ കുറവാണു്. മുക്കുവന്മാരും, വാലന്മാരും മീൻപിടിത്തക്കാരാകയാൽ മദ്ധ്യമചണ്ഡാലവൎഗ്ഗത്തിലായിരിക്കണം ഉൾപ്പെടുന്നതു്. ഇവരുമായുള്ള വിവാഹാദി ബന്ധങ്ങളാലും, സംസൎഗ്ഗത്താലും ആയിരിക്കാം ചില ദിക്കിൽ ഈഴവന്മാർ ആശാരി മുതലായവരെക്കാൾ അധികം അകലെ നിറുത്തപ്പെട്ടിരിക്കുന്നതു്. പ്രമാണവചനങ്ങളും, ഐതിഹ്യവും, ആചാരവും, നടപ്പുംകൊണ്ടു് അവൎണ്ണരെ ഉദ്ദേശിച്ചു തന്നെയാണു് ഇവയെന്നു ഏററവും സ്പഷ്ടമായിരിക്കുന്നു.

40. ചോദ്യം:— ആഗമങ്ങളിലേയും ശാസ്ത്രങ്ങളിലേയും ക്ഷേത്രപ്രവേശനപ്രശ്നത്തോട് സ്പഷ്ടമായ സംബന്ധമുള്ള വിധികൾ ഇപ്പോൾ സാരാംശങ്ങളിൽ അനുഷ്ഠിക്കപ്പെടുന്നുണ്ടോ?

ഉത്തരം:— ക്ഷേത്രപ്രവേശനപ്രശ്നത്തോട് സംബന്ധമുള്ള ആഗമങ്ങളിലേയും, ശാസ്ത്രങ്ങളിലേയും വിധികൾ ഇന്ന ഇന്നവയാണെന്നു പറഞ്ഞുകൊടുക്കാൻ തന്ത്രിമാർ മുതലായ വൈദികന്മാരും, അവയെ ശരിയായി നടത്തി ക്ഷേത്രാരാധനയെ ഫലപ്രദമാക്കിത്തീർക്കാൻ ഒരു ഡിപ്പാർട്ടുമെൻറിലെ മികച്ച ഉദ്യോഗസ്ഥന്മാരും നിയുക്തരായിരിക്കുമ്പോൾ „അവ സാരാംശങ്ങളിൽ അനുഷ്ഠിക്കപ്പെടുന്നുണ്ടോ” എന്ന ചോദ്യത്തിനു അവകാശമില്ല. അതിനാൽ മറുപടി പറയാൻ ഒരല്പം പഴുതുങ്ങലില്ലാസ്ഥയില്ല. പ്രമാണനിയമങ്ങളെ നിഷ്പക്ഷയായി അനുഷ്ഠിക്കേണ്ടതു് വൈദികന്മാരും, ലൌകികന്മാരുമായ ഈ ജോലിക്കാരുടെ കടമയായിരിക്കുമ്പോൾ അവർ ആ കർത്തവ്യത്തിൽ ഉദാസീനതയോ, ആലസ്യമൊ, വൈപരീത്യമൊ, പ്രദർശിപ്പിച്ചല്ലാതെ ഈ വിധം ഒരു പ്രശ്നം പുറപ്പെടുന്നതിനു കാരണമായ സംഗതികൾ സംഭവിച്ചിരിക്കയില്ല. ഏതുവിധത്തിലും കർത്തവ്യലോപമാകയാൽ അതിന് അവർ ഉത്തരം പറയേണ്ടതാണ്. 38-ാമത്തെ പ്രശ്നോത്തരത്തിൽ പ്രസ്താവിച്ചിട്ടുള്ള ചില ക്രമക്കേടുകളും വൈകല്യങ്ങളും പലരുടേയും ദൃഷ്ടിയിൽ പല സ്ഥലത്തും വെച്ചുപെട്ടിരിക്കാം. ഇവിടെ വൈദികന്മാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഉദ്യോഗസ്ഥന്മാർ മുൻപോലെ വർത്തിക്കണൊ, ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ വണങ്ങി വൈദികന്മാർ വർത്തിക്കണൊ എന്ന പ്രശ്നം ഇന്നത്തേപ്പോലെ ഉത്ഭവിച്ച് അതിന് അവർ തമ്മിൽ നിശ്ശബ്ദമായും മററാരോടും പറയാതേയും ഒരു രാജി ഉടമ്പടി നടന്നതുപോലെയാണ കാര്യങ്ങൾ എല്ലാം കണ്ടുവരുന്നതു്. ഉദ്യോഗസ്ഥന്മാരുടെ ആജ്ഞയനുസരിച്ചു വൈദികന്മാർ ശാസ്ത്രപ്രമാണങ്ങളെ ഭേദപ്പെടുത്തിയും പാകപ്പെടുത്തിയും കൊള്ളണമെന്നും വൈദികന്മാരുടെ ആദായങ്ങൾ അനുഭവങ്ങൾ ഇവകൾ കുറവു ചെയ്യാതെ ഉദ്യോഗസ്ഥന്മാർ അതാതിനുള്ളതു കൊടുത്തു കൊള്ളണമെന്നും ആയിരിക്കുമൊ ഈ ഉഭയസമ്മതമായ ഉടമ്പടിയെന്നു് ഊഹിക്കാൻ പല കാരണങ്ങളുമുണ്ടു്. ശിഖാലുഞ്ചനം ചെയ്ത ശാന്തിക്കാരനെ ശാസിക്കാൻ ശിഖാമുണ്ഡനം ചെയ്ത മേലുദ്യോഗസ്ഥൻ ഒരുമ്പെടുകയില്ല. ഇവർ രണ്ടു കൂട്ടരേയും കണ്ടു് മാതൃകയായി കരുതിയ സ്കൂൾ വിദ്യാർത്ഥി ആലയപ്രവേശനത്തിനു “സിലോൺ ക്രാപ്പ്” അപരിഹാര്യമായ

മയ്യാദയായും കരുതിപ്പോയാൽ ഈ ധൎമ്മവിലോപത്തിനു ആരാണുത്ത രവാദി. ഇതുപോലെ ദുഷ്ടമായമാതൃക കാണിച്ചു കൊടുക്കാനും അതിനെ പുതിയ ജനതതിയിൽ പരത്താനുമാണ് ഇവ നിയുക്തരായിരുന്ന തെങ്കിൽ നിശ്ചയമായും ഇവർ പ്രശംസാൎഹന്മാർ തന്നെ ആയിരിക്കും. ഭാഗ്യദോഷത്താൽ ഹിന്ദുക്കളുടെ മതപരവും സാമുദായികവും ആയ ഹൃദയമാകുന്ന മതസ്ഥാപനങ്ങളുടെ സംരക്ഷണമാണ് ഇവരെ ചുമത ലപ്പെടുത്തിട്ടുള്ളത്. ഈ ജോലി മുമ്പു നോക്കി വന്ന ഉദ്യോഗസ്ഥന്മാ ൎക്ക കൊടുത്തു വന്നിരുന്ന പ്രതിഫലത്തെ അപേക്ഷിച്ച് ഇവൎക്ക് ആ വകയ്ക്കായി മതിയായ പ്രതിഫലവും കൊടുക്കുന്നുണ്ടെന്നാണു പൊതുജ നവിശ്വാസം. എന്നിട്ടും മതനിയമവിരുദ്ധമായി ഇവർ ചെയ്യുന്ന നടപ ടികൾക്കുള്ള സമാധാനം അന്യർ ചെയ്യുന്നതിനെ കണ്ടു പകൎത്തിയതാ ണെന്നു മാത്രം ആയാൽ മതിയാകുമോ? ഇതു മേധാവികൾ ചിന്തി ക്കേണ്ടതാണ്. അഥവാ, ലാ നിശ്ചയമില്ലാത്തവനെ ജഡ്ജിയുദ്യോഗ ത്തിനും ചികിത്സ നിശ്ചയമില്ലാത്തവനെ ഡാക്ടർ പണിക്കും പ്രകൃതി ശാസ്ത്രം ഗ്രഹിക്കാത്തവനെ എൻജിനീയർ ഉദ്യോഗത്തിനും നിയമി ക്കാൻ പാടില്ലാത്തതുപോലെ, വേദശാസ്ത്രപരിജ്ഞാനവും പ്രമാണവി ശ്വാസവും ഉണ്ടെന്നു തീൎച്ചയാക്കപ്പെടാത്തവനെ ഹിന്ദുസ്ഥാപനങ്ങളു ടെ ഭരണത്തിനു നിയമിച്ചതിന്റെ അവശ്യഫലമായിട്ടും ഇതിനെ ഗ ണിക്കേണ്ടതായിരിക്കുന്നു. ഇപ്രകാരം അധികാരസ്ഥാനത്തിരിക്കുന്ന ചി ലരുടെ അജ്ഞതയോ നാസ്തികത്വമോ അനാസ്ഥയോ കൊണ്ട് ഈ സ്ഥാപനങ്ങൾക്കു പ്രമാണാനുവൎത്തന വിഷയത്തിൽ ചില വൈ കല്യങ്ങൾ വന്നുകൂടീട്ടുണ്ടെന്നു കാണുന്നപക്ഷം ഉടൻ ആ തെറ്റു തിരു ത്തുകയാണു വേണ്ടത്. അതിനു പകരം അതിലേറെ ഭയങ്കരമായ പാ തകം ചെയ്യാൻ ആ തെറ്റുകളെ പ്രമാണമായി സ്വീകരിക്കയല്ല വേ ണ്ടത്.

41. ചോദ്യം:— കാലസ്ഥിതികൾക്ക് അനുയോജ്യമായി വിധി കളെ ഭേദപ്പെടുത്തുന്നതിന് ഈ ആഗമങ്ങളിലും ശാസ്ത്രങ്ങളിലും വ്യ വസ്ഥയുണ്ടോ? ഉണ്ടെങ്കിൽ അവയെ ഏതവസ്ഥകളിൽ ആൎക്ക ഭേദ പ്പെടുത്താം?

ഉത്തരം:—കാലസ്ഥിതികൾക്കനുസരിച്ചവിധം ശാസ്ത്രവിധികളെ ഭേദപ്പെടുത്തണം എന്നു പറയുന്നതു ശരിയാണ്. എന്നാൽ അത് എ ങ്ങിനെയായാൽ ഒരു പാപം നമ്മെ ബാധിക്കയില്ലയോ അപ്രകാരമു ള്ള വിധത്തിൽ ആ പ്രമാണത്തെ ഫലപ്പെടുത്താനായിരിക്കണം ഭേദ

പ്പെടുത്തുക. തൊടാനും തീണ്ടാനും പാടില്ലാത്തവരായാലും കാലാവസ്ഥസ്സ് അപ്രകാരമുള്ളവരുമായി അടുത്തു പെരുമാറേണ്ടി വന്നുപോയാൽ തന്റെ നിത്യകർമ്മങ്ങളേയും ആഹാരാദികളേയും അതിനു മുൻപു നടത്തിക്കൊൾക, ക്ലിപ്തസമയം കഴിഞ്ഞാൽ അവരെ വിട്ടു പിരിഞ്ഞു സ്നാനാദി പ്രായശ്ചിത്തങ്ങൾ ചെയ്ക, ബാക്കിയുള്ള മതകർമ്മങ്ങളും പാനഭോജനാദികളും ചെയ്ക, എന്നിങ്ങിനെയുള്ള ഭേദഗതികളാകുന്നു വിഹിതമായിട്ടുള്ളത്. എന്നുമാത്രമല്ല ഇവിടെ ഭേദഗതിക്കാവശ്യപ്പെടുന്നതു് ധർമ്മാനുഷ്ഠാനത്തിന്റെ വൈകല്യം തീർക്കാനല്ല. ധർമ്മാനുഷ്ഠാനത്തെ മലിനപ്പെടുത്താനാണ്. അപ്രകാരമുള്ള ഒരു ഉദ്ദേശ്യത്തോടുകൂടിയാതൊരു ഭേദഗതിയും ചെയ്വാൻ വിധിയില്ല. അതും ചാതുർവ്വർണ്ണ്യബഹിഷ്കൃതരായ ചിലരുടെ ദുരാഗ്രഹപൂരണത്തിനായിട്ടാണ്—ചാതുർവ്വർണ്ണ്യത്തിലുൾപ്പെട്ടിരിക്കുന്നവരുടെ ആവശ്യത്തിനായിട്ടല്ല—ഈ വിഷയത്തെപ്പററി ചർച്ച ചെയ്യാനുള്ള അധികാരംതന്നെ ശാസ്ത്രജ്ഞാനവും ആചാരശുദ്ധിയും ഉള്ള മതാചാര്യന്മാർക്കാണ്. എന്നാൽ ആചാരപരമായ ശാസ്ത്രനിയമങ്ങളെ ഭേദപ്പെടുത്തണമെന്നുമുള്ളവരുടെ അന്വേഷണത്തിൽ ബോധപ്പെട്ടാലുംകൂടി, അതു ചെയ്യാനുള്ള അധികാരം ലോകസമ്മതം പ്രാപിച്ചിട്ടുള്ള ആദിശങ്കരാചാര്യസദൃശരായ ദിവ്യന്മാർക്കേ ഉണ്ടായിരിക്കൂ. ചാതുർവ്വർണ്ണ്യത്തെ നിലനിറുത്താൻ അതല്ലാതെ മറെറാരു മാർഗ്ഗവും ഇല്ലെന്നു് അവർക്കു ബോധപ്പെടുമ്പോളല്ലാതെ അവർ അതു ചെയ്കയും അരുതു്.

42. ചോദ്യം:— ഈ ശാസ്ത്രങ്ങളും, ആഗമങ്ങളും അനുസരിച്ചു ഹിന്ദുക്കളുടെ ആരാധനാപദ്ധതിയിൽ ക്ഷേത്രങ്ങളുടെ സ്ഥാനമെന്തു്?

ഉത്തരം:—ആഗമശാസ്ത്രപ്രമാണങ്ങൾ അനുസരിച്ചുള്ള ഹിന്ദുക്കളുടെ ആരാധനാപദ്ധതിയിൽ പ്രാധാന്യംകൊണ്ടു് ക്ഷേത്രങ്ങൾ "ഹൃദയ"മായിട്ടാണു വർത്തിക്കുന്നതു്. ബ്രാഹ്മണർക്കു സ്നാനസന്ധ്യാവന്ദനജപപാരായണാദികൾക്കും, അബ്രാഹ്മണർക്കു് ഈശ്വരപൂജാനൈവേദ്യാദികൾകൊണ്ടു് ആരാധന നടത്തുന്നതിനും സ്വയംപ്രദക്ഷിണാദികൾ ചെയ്യുന്നതിനും ഭഗവൽക്കഥാപ്രസംഗങ്ങൾ കേൾക്കുന്നതിനും എല്ലാം ക്ഷേത്രങ്ങൾ ഉപകരിക്കുന്നു. തപസ്സ്, ജപം, യജ്ഞം, ഹോമം, കഥാശ്രവണം, നാമസങ്കീർത്തനം, പൂജ, ഇങ്ങിനെ പലതുമുള്ളതിൽ ബിംബപൂജ വളരെ പ്രധാനമാണ്. എന്തെന്നാൽ അതിൽ ബാക്കിയുള്ളതെല്ലാം ഉൾപ്പെടും. അജ്ഞാനികൾക്കു ജ്ഞാനമുണ്ടാകാനും ജ്ഞാനികൾക്കു നിഷ്ഠയുറയ്ക്കാനും സിദ്ധിനേടാനും ക്ഷേത്രാരാധനം ഉപ

കരിക്കും. പരശുരാമൻ, വ്യാഘ്രപാദർ, അഗസ്ത്യർ മുതലായ മഹഷി മാർപോലും ഇന്നും ക്ഷേത്രാരാധന ചെയ്യുന്നുപോൽ. അന്യത്ര മതാചാരങ്ങളിൽ ശ്രദ്ധയില്ലാത്തവരും ക്ഷേത്രങ്ങളിൽ ആചാരശ്രദ്ധയുള്ളവരായി ഇരിക്കുന്നതാണ്. ക്ഷേത്രമയ്യാദകളെ ശരിയായി പാലിക്കുന്ന പക്ഷം ജനങ്ങളുടെ സദാചാരങ്ങളേയും സാത്വികബുദ്ധിയേയും ആദ്ധ്യാത്മികജ്ഞാനത്തേയുംകൂടി സംരക്ഷിക്കാൻ അതുകൊണ്ടു സാധിച്ചേക്കും. ബ്രാഹ്മണാദികൾ, നിത്യനൈമിത്തകകമ്മങ്ങളുടെ കൂട്ടത്തിൽ സാളഗ്രാമശിവലിംഗാദി ബിംബപൂജകളും ചെയ്യേണ്ടതാണ്. ഓരോരുത്തനും പ്രത്യേകം ചെയ്യാൻ സൌകയ്യമില്ലാത്ത ന്യൂനതയെ പരിഹരിക്കാൻ ഒരു ഗ്രാമക്ഷേത്രം പോലെയുള്ളതു ഉപകരിക്കുമെന്നു സ്പഷ്ടമാണല്ലോ. ഒരുവൻെറ സ്വന്തക്ഷേത്രമായാലും മററനേകം പേരുടേയും ആ വിധത്തിലുള്ള ആവശ്യങ്ങൾക്കു തൻെറ സ്ഥാപനം ഉപയോഗപ്പെടുന്നതു് ഒരു പുണ്യമായി അയാൾ കരുതുന്നു. ക്ഷേത്രമില്ലാതെ മററുതരത്തിലുള്ള ആരാധനാപദ്ധതികൾ ഏപ്പെടുത്തിയാലും, അതെല്ലാം ചുവരില്ലാത്ത ചിത്രംപോലെ നിരവലംബങ്ങളായും, മേഘരൂപങ്ങൾപോലെ വ്യവസ്ഥിതമായ ആകൃതിയില്ലാതേയും, കാററത്തു പുകപോലെ ദ്രഢിമയില്ലാതേയും ഇന്നത്തെ ജനങ്ങളുടെ ബുദ്ധിയിൽ പതിയാതെ പൊയ്പ്പോകും. സവ്വേശ്വരൻ പ്രത്യക്ഷമായി അധിവസിക്കുന്ന ഒരു ആലയംതന്നെയാണു ക്ഷേത്രമെന്നുള്ള അഭിപ്രായം ഏറിയോരു കാലമായി ആസ്തികരുടെ മററു വിശ്വാസത്തോടുകൂടി ചേന്നു വളന്നു പോയിരിക്കുന്നു. അതിനെപ്പിടിച്ചിളക്കിയാൽ അവരുടെ അന്തരാത്മാമുതൽ കുലുങ്ങാതിരിക്കയില്ല.

43. ചോദ്യം:— ക്ഷേത്രങ്ങളിലെ ആരാധനയെ വ്യവസ്ഥാപനം ചെയ്യുന്ന സംഗതിയിൽ ക്ഷേത്രാചാരങ്ങൾ എത്രത്തോളം പ്രാമാണികങ്ങളാണ്?

ഉത്തരം:— ക്ഷേത്രങ്ങളിലെ ആരാധനയെ വ്യവസ്ഥാപനം ചെയ്യുന്നതിൽ ക്ഷേത്രാചാരങ്ങളല്ലാതെ മറെറന്താണു പ്രമാണമായി സ്വീകരിക്കുക. ചികിത്സാ വിഷയങ്ങളിൽ വൈദ്യശാസ്ത്രവും വ്യവഹാര വിഷയങ്ങളിൽ നീതിശാസ്ത്രവും ഭാഷാ വിഷയങ്ങളിൽ വ്യാകരണശാസ്ത്രവുംപോലെ ആണ് ക്ഷേത്രാരാധനയിൽ ക്ഷേത്രാചാരനിയമനം ചെയ്യുന്ന ശാസ്ത്രങ്ങൾ. ആ വക പ്രമാണങ്ങൾ അനുസരിച്ചു നിമ്മിക്കപ്പെട്ടവതന്നെയാണു ക്ഷേത്രങ്ങൾ. അവയൊന്നും ക്ഷേത്രമുണ്ടായിട്ടുണ്ടായവയല്ല. ഇതിൽ ഏതുകക്ഷിക്ക് അഭിപ്രായവ്യത്യാസമുണ്ടാവാം

എന്നു വരുകിലും ഒന്നു നിശ്ചയം: നമ്മുടെ ഓർമ്മയ്ക്കുണ്ടായിട്ടുള്ള പല പുതിയ ക്ഷേത്രങ്ങളുടേയും കഥ അറിയാവുന്നവരുണ്ടെങ്കിലും ഒരു ക്ഷേത്രാചാരശാസ്ത്രമെങ്കിലും ആരും പുത്തനായി ഉണ്ടാക്കിയപ്രകാരം അറിയുന്നില്ല. ഒരു പ്രവൃത്തിയുടെ ആരംഭത്തിൽ എന്തു സങ്കല്പം ചെയ്തുവോ അതുതന്നെയാണ് അതിന്റെ അവസാനം വരേയും നിലനില്ക്കേണ്ടതു്. ശാസ്ത്രാനുസൃതമായി നിർമ്മിച്ചതു് ശാസ്ത്രാനുസൃതമായി പാലിക്കണം. അല്ലെങ്കിൽ ശാസ്ത്രാനുസൃതമായി അതിനെ നശിപ്പിക്കണം. ഇതാണു ന്യായം. ഇതനുസരിച്ചാണു വിഗ്രഹം പറിച്ചിളക്കിക്കൊണ്ടു പോകാനും മണ്ണിൽ കുഴിച്ചിടാനുമെല്ലാം മുമ്പേ പറഞ്ഞിട്ടുള്ളതു്. 26-ാം ചോദ്യത്തിലെ മറുപടിയിലെ പ്രമാണങ്ങൾ കാൺക. ഭൌതികശക്തിയാൽ ബിംബത്തെ പറിച്ചെടുക്കാൻ തടസ്ഥമുണ്ടായാൽ അതിലെ ചൈതന്യത്തെ മന്ത്രശക്തിയാൽ ആവാഹിച്ചു കൊണ്ടുപോകുന്നതിൽ പുരോഹിതനേയും വൈദികബ്രാഹ്മണരേയും പ്രതിരോധിക്കാൻ ആരുവിചാരിച്ചാലും സാദ്ധ്യമല്ലെന്നു ഓർമ്മിക്കേണ്ടതാകുന്നു.(85-ാമത്തെപ്രശ്നോത്തരം നോക്കുക.)

44. ചോദ്യം:— പ്രതിഷ്ഠാക്ഷേത്രങ്ങൾക്കും കുടിയിരുത്തൽ ക്ഷേത്രങ്ങൾക്കും തമ്മിലുള്ള വ്യത്യാസത്തിനു ക്ഷേത്രപ്രവേശനപ്രശ്നവുമായി വല്ല ബന്ധവുമുണ്ടെങ്കിൽ അതു് എന്താണ്?

ഉത്തരം:—കുടിയിരുത്തലും പ്രതിഷ്ഠയുമായുള്ള വ്യത്യാസം സ്ഥാവരം എന്നും ജംഗമമെന്നുമല്ലാതെ അവശ്യം ചൈതന്യത്തിന്റെ കൂടുതൽ കുറവാണെന്നു ഗണിക്കാവുന്നതല്ല; അതിനാൽ ആ വ്യത്യാസം അവർണ്ണ പ്രവേശനത്തെ അനുകൂലിക്കാനും ഇടയുള്ളതല്ല. "ഉല്പാതങ്ങളു"ണ്ടായിക്കുടുമ്പോൾ നിഷ്പ്രയാസം ബിംബത്തെ മറെറാരിടത്തു കൊണ്ടുപോകാൻ ഉടമസ്ഥർക്കു സാധിക്കുമെന്നൊരു സൌകര്യമാണ് ഇവിടേ കൂടുതലുള്ളതു്.

45. ചോദ്യം:— കുടിവക (പ്രൈവെററു്) മതസ്ഥാപനങ്ങളെ സംബന്ധിച്ചു്, ഗവമ്മെൻറിനു എത്രത്തോളം ഇടപെടാവുന്നതാണ്. ഗവമ്മെൻറിനു (1) തങ്ങളുടെ ഭരണത്തിൽ ഇരിയ്ക്കുന്ന പ്രൈവെററു ക്ഷേത്രങ്ങളേയും (2) തങ്ങളുടെ ഭരണത്തിലല്ലാത്ത കുടിവക ക്ഷേത്രങ്ങളേയും സംബന്ധിച്ചു് എത്രത്തോളംഇടപെടാം. അത്തരം ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഗവമ്മെൻറു് എപ്പോഴെങ്കിലും ഇടപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെ ഇടപെട്ടിട്ടുള്ളതിനു ദൃഷ്ടാന്തങ്ങളും വിവരങ്ങളും നൽകുക.

ഉത്തരം:— ഗവമ്മെൻറിനു സ്വഭരണത്തിലുള്ളതോ ഇല്ലാത്തതോ ആയ ക്ഷേത്രങ്ങളെ സംബന്ധിച്ചു ചെയ്യാവുന്നതു് ആ ക്ഷേത്രത്തെയോ ക്ഷേത്രങ്ങളേയോ നാശത്തിൽ നിന്നും രക്ഷിക്കമാത്രമാകുന്നു. ക്ഷേത്രനിയമങ്ങളുടെ ലംഘനം അവയെ നശിപ്പിക്കതന്നെയാകുന്നു. യാതൊരു ഗവമ്മെൻറിനും ഏതൊരു മതക്കാരുടേയും ക്ഷേത്രത്തെ നശിപ്പിക്കാൻ ഒരിക്കലും ഒരധികാരം ഉണ്ടായിരുന്നതായി കേട്ടിട്ടില്ല. കേൾക്കാനും ഇടയില്ല. പണ്ടു ഹിന്ദുരാജാക്കന്മാർ ക്രസ്ത്യാനികളുടേയും മുഹമ്മദീയരുടേയും ദേവാലയസ്ഥാപനത്തെ സഹായിച്ചിട്ടുള്ളതു സ്മൎത്തവ്യമാണു്. ൪൪-ാമത്തെ പ്രശ്നോത്തരത്തിൽ പ്രസ്താവിച്ചതുപോലെ വല്ല ഉദ്യോഗസ്ഥന്മാരുടേയും വിവരക്കേടുകൊണ്ടു വല്ല വ്യതിക്രമങ്ങളും ക്ഷേത്രപരിപാലന നയത്തിൽ വന്നുപോയിട്ടുണ്ടായിരിക്കാമെങ്കിൽ ആ വക പിശകുകളെ ആ ഉദ്യോഗസ്ഥന്റെ പിശകായി ഗണിക്കേണ്ടതല്ലാതെ ഗവമ്മെൻറിന്റെ നടപടിയായി തെററിദ്ധരിച്ചു സാധൂകരിക്കാവുന്നതല്ല.

46. ചോദ്യം:— ക്ഷേത്രങ്ങളിൽ നടപ്പിൽ ഇരിയ്ക്കുന്ന ആചാരാനുഷ്ഠാനങ്ങളെ സംരക്ഷിയ്ക്കുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുന്ന കാൎയ്യത്തിൽ ഗവമ്മെൻറു് എന്തെങ്കിലും ഏററുപോയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു്?

ഉത്തരം:— ക്ഷേത്രങ്ങളിൽ നടപ്പിലിരിക്കുന്ന ആചാരമൎയ്യാദകളെ സംരക്ഷിച്ചുകൊള്ളാമെന്നു് ഗവമ്മെൻറു് കൈയേററുപോയിട്ടുണ്ടെന്നു ഇതിനുമുമ്പു് 2-ാം ചോദ്യത്തിന്റെ മറുവടിയിൽ പ്രസ്താവിച്ചഭാഗങ്ങളാൽ ബോധപ്പെടുന്നതാണു്. ഗവമ്മെൻറിനോടു പഴയക്ഷേത്രോടമസ്ഥന്മാർ ആവശ്യപ്പെട്ടിട്ടല്ലാ പണ്ടു 987-ാമാണ്ടു് പല ദേവസ്വങ്ങളും സക്കാരിൽചേൎത്തതു്. 378 ക്ഷേത്രങ്ങൾ അപ്പോൾ ചേൎക്കപ്പെട്ടതായും അവയുടെ ചിലവു നീക്കി ഒരു ലക്ഷത്തിഅമ്പതിനായിരംരൂപ ആദായമുണ്ടായിരുന്നതായും വിവരിച്ചുകാണുന്നു. സക്കാരിനു കിട്ടുന്ന ഈ ആദായത്തിനു പ്രതിഫലമായിട്ടെങ്കിലും അവയുടെ സ്ഥാപനോദ്ദേശ്യമനുസരിച്ചു് അവയെ പരിപാലിക്കാൻ ഗവമ്മെൻറിനു കടപ്പാടില്ലെന്നു വരുമോ? അപ്രകാരമായാൽ അതു ഭയങ്കരമായ അപഹരണമായിത്തീരുകയില്ലയൊ? അന്യമതക്കാൎക്കുപോലും ആരാധനാലയങ്ങൾ നിൎമ്മിച്ചുകൊടുത്തിട്ടുള്ള ഹിന്ദുരാജൎഷിമാരുടെ അധീനത്തിലുള്ള ഗവമ്മെൻറു് ഇപ്പോൾ സ്വമതസ്ഥാപനങ്ങളെത്തന്നെ അവിഹിതമായി കൈയേററം ചെയ്യാൻ പുറപ്പെടുന്നതിനു തുല്യമായി ഇതു ഗണിക്കപ്പെടുകയില്ലയൊ? ഗവമ്മേൻറുപോലും ക്ഷേത്രമൎയ്യാദയ്ക്കു കീഴ്പ്പെട്ടിരിക്കണമെ

ന്നല്ലയോ ശ്രീ മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ തൃപ്പടിദാനം ന മ്മെ ഓൎമ്മിപ്പിക്കുന്നതു്. "ഇതൊന്നും വകവെക്കേണ്ടതില്ലെന്നും നി സ്സാരമാണെന്നും അഭിപ്രായപ്പെടുന്നവരുണ്ടെങ്കിൽ എന്തെല്ലാമാണു പിന്നീടിതുപോലെ നിസ്സാരമാണെന്നും വകവെക്കേണ്ടതില്ലെന്നും അ വൎക്കഭിപ്രായപ്പെട്ടുകൂടാത്തതു്? അങ്ങിനെയായാൽ ലോകത്തിൽ സ ത്യവും നീതിയും നിലനില്ക്കുമോ? ഏതെങ്കിലും ഒരു ഭരണക്രമം പിന്നീ ട്ടു് അത്തരം രാജ്യത്തിൽ നിലനിറുത്താൻ സാധിക്കുമോ? ഓരോ കാൎയ്യ ങ്ങൾക്കായി ഓരോരുത്തൻ മുതൽ വെച്ചിരിക്കുന്നതെല്ലാം മാററിയും മ റിച്ചും ഏതിനു വേണമെങ്കിലും ഇഷ്ടംപോലെ വിനിയോഗിക്കാമല്ലൊ? ആസ്തികഹിന്ദുപ്രജകളുടെ പരിപാലനം കൈയേററിട്ടുള്ള നമ്മുടെ ഗവ ൎമ്മേൻറു നാളിതുവരെയ്ക്കും അവൎക്കു കൊടുത്തുവന്നിരുന്ന മതപരമായ രക്ഷ യ്ക്കു എന്തുകൊണ്ടാണു് ഇന്നു ഹാനി വരുത്താൻ ഉദ്ദേശിക്കുന്നതു്? ആ സ്തികർ അന്നുമിന്നും കൊടുക്കുന്ന നികുതിക്കു വല്ല വ്യത്യാസവും വരു ത്തിയോ? ഗവൎമ്മേൻറു്, എന്തു കാരണത്താലാണു് അതിനു, മതപര മായ സംരക്ഷണം നല്കാൻ സാധ്യമല്ലാതെ വന്നതെന്ന വിവരം, ആ സ്തികഹിന്ദുപ്രജകളെ വിശദമായി ഗ്രഹിപ്പിച്ചിട്ടുണ്ടോ? അവൎണ്ണരു ടെ പ്രക്ഷോഭത്തെ കാരണമാക്കി സവൎണ്ണരുടെ നീതിപരമായ അ വകാശത്തെ നശിപ്പിക്കാൻ ഗവൎമ്മേണ്ടിനു പാടുണ്ടോ?

47. ചോദ്യം:— അങ്ങനെ ഏതെങ്കിലും ഗവൎമ്മേൻറു ഏററുപോ യിട്ടുണ്ടെങ്കിൽ ക്ഷേത്രപ്രവേശനസംഗതിയിൽ ഗവൎമ്മേൻറിന്റെ പ്ര വൎത്തനാസ്വാതന്ത്ര്യത്തിനെ അതു് എങ്ങനെ ബാധിയ്ക്കുന്നു?

ഉത്തരം:— മേൽപ്രകാരമുള്ള കടപ്പാടുകൾ ഗവൎമ്മേൻറിനു വന്നു കൂടീട്ടുള്ളതുകൊണ്ടു്, ഗവൎമ്മേൻറിനു ഈ വിഷയത്തിൽ സ്വേച്ഛാവൎത്ത നം ഇതിൽ ഒട്ടും പാടില്ലെന്നു സ്പഷ്ടമായി തീൎന്നിരിക്കുന്നു. യുക്ത്യനുഭ വപ്രമാണങ്ങൾക്കനുസരിച്ചു നീതിയെ വിട്ടു ഭൂരിപക്ഷത്താൽ മാത്രം നീതിയെ നിൎണ്ണയിക്കുന്നപക്ഷം ഭൂരിപക്ഷമുള്ളതെല്ലാം ഗവൎമ്മേൻറിനു നീതിയായി സ്വീകരിക്കേണ്ടിവന്നേക്കും. അപ്പോൾ യുക്തിക്കും കീഴ്ന ടപ്പിനും, ചട്ടത്തിനും, ഒന്നിന്നുംതന്നെ സ്ഥാനമില്ലാതെ വന്നുപോകും. രാജ്യരക്ഷാധികാരം ധൎമ്മരാജാവിൽ സ്ഥിതിചെയ്തിരിക്കുമ്പോൾ പ്രജ കൾക്കെല്ലാം അദ്ദേഹം തുല്യനായ ഒരു രക്ഷാകൎത്താവായിരിക്കുന്നു. എ ന്നാൽ ഇപ്പഴാകട്ടെ ഒരു വിദേശ്യമാതൃകയെ ലാക്കാക്കി ഇവിടത്തെ ധ ൎമ്മനിയന്ത്രിതരാജാവിന്റെ അധികാരങ്ങളെ പ്രജകൾക്കായി പകുത്തു കൊടുക്കുന്ന സന്ദൎഭത്തിൽ മതനിയമങ്ങളേയും സ്ഥാപനങ്ങളേയും കൂടി

ത്തുറന്നു കൊടുത്തേച്ചാൽ അതു്, വിദേശരാജ്യങ്ങളിൽ മതസംബന്ധമായുണ്ടായിട്ടുള്ള ചരിത്രപ്രസിദ്ധങ്ങളായ വിപ്ലവങ്ങളും രക്തപ്രവാഹങ്ങളുമെല്ലാം കല്പിച്ചുകൂട്ടിക്കൊണ്ടു പ്രശാന്തമായ നമ്മുടെ അന്തരീക്ഷത്തിലേക്കാനയിക്കുന്നതുപോലെ ആയിത്തീരുകയില്ലേ? ക്രിസ്ത്യാനികളുടേ ക്രൂസേഡ്യുദ്ധവും അവർ തമ്മിലാഭ്യന്തരമായുണ്ടായ കാത്തലിക്ക് പ്രോട്ടസ്റ്റൻറു കലഹവുംപോലെ എന്തെല്ലാം ദുരിതങ്ങൾ ഈ അനാവശ്യപ്രസ്ഥാനത്തിൽനിന്നുണ്ടാകയില്ല? "നീതിയെ ബലമായി" കരുതാനുള്ള ഗവമ്മെൻറു "ബലത്തെ നീതിയായി" കരുതിയാലത്തെ കഥയെന്തായിരിക്കും? സംഘബലവും പ്രക്ഷോഭബഹളവും അല്ലാതെ നീതിയുടേയും, യുക്തിയുടേയും കണികപോലും കണികാണാനില്ലാത്ത ഈ വിഷയത്തിൽ ഗവമ്മെൻറിനുണ്ടായിട്ടുള്ള ഈ ധമ്മസന്ദേഹത്തിൽ രാജഭക്തന്മാരും വിനീതരുമായ രാജ്യത്തിലെ ആസ്തികപ്രജകളെല്ലാം അത്യന്തം പരിതപിക്കുന്നു. രാജസ്ഥാനത്തോടും,ഭരണാധികാരത്തോടും ആസ്തികഹിന്ദുക്കളായ പ്രജകൾക്കുള്ളടത്തോളം ഭക്തിവിശ്വാസങ്ങൾ

അന്യപ്രജകൾക്കുണ്ടായിരിക്കയില്ലെന്നും അത്ഥസിദ്ധമാണല്ലോ. എന്തെന്നാൽ അവർ ഇന്നു രാജാവിനെ ഈശ്വരാംശമായും രാജ്യഭരണനിയമത്തെ ഈശ്വരാജ്ഞയായും വിശ്വസിക്കുന്നു. അവരെ ക്ഷേത്രനിയമങ്ങൾ എപ്രകാരം സൽപ്രജകളായും മാതൃകാപ്രജകളായും തീത്തിട്ടുണ്ടെന്നു്, 35-ാമത്തെ മറുപടിയിൽ പറഞ്ഞിട്ടുള്ളതു് ഓമ്മിക്കുമല്ലോ. നേരേമറിച്ചു ഭരണാധികാരം തനിക്കു കിട്ടണം, തൻെറ വഗ്ഗക്കാക്കു കിട്ടണം, കിട്ടിയതു പോരാ—എന്നെല്ലാം നിർഭയമായി കലശൽകൂട്ടുന്നവരുടെ രാജഭക്തിസ്വരൂപം വല്ലവരും ഒരു ധ്യാനശ്ലോകമാക്കി പരസ്യംചെയ്തുകണ്ടാൽ കൊള്ളാമെന്നു തോന്നുന്നുണ്ടു്. ഒന്നു കൊടുത്താൽ മറെറാന്നു ചോദിക്കയായി. മതകാൎയ്യമായാലും വേണ്ടില്ല, മഹാരാജാവിൻെറ വ്യക്തിപരമായ ആവശ്യമായാലും വേണ്ടില്ല അവരുടെ ചോദ്യങ്ങൾക്കുള്ള പരിധി എന്താണെന്നും നിണ്ണയിക്കാൻ പുതിയ സവ്വേ സമ്പ്രദായം വല്ലതും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിൽ എത്രയോ ജനങ്ങൾ ഉള്ളതിൽ വോട്ടവകാശമില്ലാത്ത പാവപ്പെട്ട കൂട്ടക്കു് എന്താണു് ഗതി? അതും പോകട്ടേ. എലക്ഷനു പൌരസ്ത്യവിദ്യാഭ്യാസത്തിൽ—വേദശാസ്ത്രാദികളിൽ നൈപുണ്യം നേടിയവക്കു സ്ഥാനം എവിടേ? മതത്തിനു വല്ല മൂലയെങ്കിലും അനുവദിച്ചുകൊടുത്തിട്ടുണ്ടോ? ഹിന്ദുമതപ്രധാനവും പലമതങ്ങളേയും പ്രതിനിധീകരിക്കേണ്ടതും ആയ നമ്മുടെ ഗവമ്മെൻറു സവ്വമതസമഷ്ടിയേയാണോ, സവ്വമതശൂന്യത

യേയാണൊ പ്രതിബിംബിക്കുന്നതു്? ഗവൎമ്മെൻറു് അതിനു മതമില്ലെന്നു് എത്ര എത്ര വട്ടം വിളിച്ചുപറഞ്ഞിരിക്കുന്നു? എന്നിട്ടും അതു് ഇന്നും ഹിന്ദുമതഹൃദയങ്ങളെ കൈവശം വെച്ചുകൊണ്ടിരിക്കുന്നില്ലയോ? അതിനുതന്നെ എത്രമാത്രം ന്യായമുണ്ടു്? അതിനുപരി ഗവൎമ്മെൻറിനു് ഈ സ്ഥാപനങ്ങളിൽ എന്തു സ്വാതന്ത്ര്യമാണു കാണിക്കാവുന്നതെന്നു് ഏതു നാട്ടിലേയും ഏതു ജാതിയിലേയും ഏതൊരാളെങ്കിലും ചിന്തിച്ചു നോക്കട്ടേ!

48. ചോദ്യം:— അവൎണ്ണഹിന്ദുക്കൾക്കു സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിയ്ക്കുന്നതിനെ നിങ്ങൾ അനുകൂലിയ്ക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എത്രത്തോളം?

ഉത്തരം:—സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ അവൎണ്ണൎക്കു പ്രവേശിക്കാൻ വിരോധമില്ലെന്നു ശാസ്ത്രവും, സജ്ജനാചാരവും സമ്മതിച്ചിട്ടുള്ള സ്ഥലത്തു് അവർ പ്രവേശിക്കയല്ലാതെ അതിനുമേൽ ഒരടിപോലും വെയ്ക്കാവുന്നതല്ല. അവരുടെ ഈ പ്രസ്ഥാനം അവിഹിതവും, അനീതിയും, ആപല്ക്കരവും, അധൎമ്മവും, ആത്മനാശഹേതുകവുമാണെന്നു് അവരെ ദയവായി ഗവൎമ്മെൻറു് ബോധപ്പെടുത്തുകയും, അതിനു പ്രാപ്തിയുള്ള ആളുകളെ അതിനു നിയോഗിക്കയും ചെയ്താൽ കൊള്ളാം.

മുൻപു പ്രശ്നോത്തരത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അവൎണ്ണർ ആത്മോന്നതിയ്ക്കായി യത്നിക്കയും അതിനുവേണ്ട സഹായങ്ങൾ ഗവൎമ്മെൻറു് അവൎക്കു ചെയ്തുകൊടുക്കുകയും ആണു വേണ്ടതു്. അവൎക്കുണ്ടാകുന്ന ആചാരപരമായും മററുമുള്ള അഭിവൃദ്ധിയെക്കണ്ടു് അവരുമായുള്ള സഹവാസനിയമങ്ങളെ ഉദാരവൽക്കരിക്കേണ്ടതു് സവൎണ്ണരായ പൊതുജനങ്ങളുടെ കടമയും ആകുന്നു. ഇതിൽ നിൎബ്ബന്ധലേശം ഉണ്ടായിരിക്കുന്നതു് ആപല്ക്കരവും, ഉദ്ദേശസിദ്ധിക്കു തീരെ വിപരീതവും ആയിട്ടുള്ളതാകുന്നു.

ക്ഷേത്രപ്രവേശനാന്വേഷണക്കമ്മെററിയുടെ പ്രശ്നാവലിക്കു സമാധാനം.

(540 പേർ ഒപ്പിട്ടയച്ചത്.)

1. ക്ഷേത്രപ്രവേശനത്തിന്നർഹത (യോഗ്യത)യുള്ളവരെ സവർണ്ണരെന്നും, അതിന്നു യോഗ്യതയില്ലാത്തവരെ അവർണ്ണരെന്നും ഇന്നു പറഞ്ഞുവരുന്നു.

ഇന്നത്തെ സാധാരണമായ വ്യവഹാരത്തെ ആസ്പദമാക്കി കമ്മററി ഹിന്ദുക്കളെ (1) സവർണ്ണഹിന്ദുക്കൾ (2) അവർണ്ണഹിന്ദുക്കൾ എന്നു രണ്ടായി വിഭജിച്ചുകാണുന്നു. അവർണ്ണരെ ഹിന്ദുപദം ചേർത്തു് വ്യവഹരിക്കുന്നതു് സാധുവല്ല.

ഹിന്ദുപദം നമ്മുടെ പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്നില്ല. പഴയകാലത്തു് ഇവിടെ വന്നുചേർന്ന വിദേശികളാണു് ഈ പദം സൃഷ്ടിച്ചതെന്നു വിചാരിക്കാം. ക്രിസ്ത്യാനികൾ, മുഹമ്മദന്മാർ മുതലായ വർഗ്ഗക്കാരിൽനിന്നു ഭിന്നന്മാരായി നമ്മുടെ രാജ്യത്തിൽ കണ്ട എല്ലാ വർഗ്ഗക്കാരേയും ഒരുമിച്ചുചേർത്തു് വിദേശികൾ ഹിന്ദുപദംകൊണ്ടു വ്യവഹരിച്ചുവന്നു. ഈ വ്യവഹാരം ക്രമേണ പ്രസിദ്ധമായി. ഇപ്രകാരം ഉണ്ടായ "അവർണ്ണഹിന്ദു." വ്യവഹാരം ഇന്നു പല ഭ്രമങ്ങൾക്കും, പ്രമാദങ്ങൾക്കും കാരണമായിഭ്ഭവിച്ചിരിക്കുന്നു. അന്ത്യജന്മാർ, പതിതന്മാർ, പഞ്ചമന്മാർ എന്നിങ്ങിനെ ചിലവർഗ്ഗക്കാരുടെ പേരുകൾ ശാസ്ത്രങ്ങളിൽ കാണുന്നു. പ്രതിലോമസാങ്കർയ്യസിദ്ധമായ ജന്മംകൊണ്ടും നിന്ദ്യകർമ്മംകൊണ്ടും ബ്രാഹ്മണാദി വർഗ്ഗക്കാരിൽ നിന്നു് പതിതന്മാരായി ഭവിച്ചിട്ടുള്ളവരാണു് ഇവർ. ഇന്നു് നാം കാണുന്ന ചണ്ഡാലാദികൾ ഈ വർഗ്ഗക്കാരാകുന്നു. വൈദികമാർഗ്ഗസിദ്ധങ്ങളായ വർണ്ണധർമ്മങ്ങളെ ആചരിക്കുന്ന സവർണ്ണരെ മാത്രമെ ഹിന്ദുക്കൾ എന്നു വ്യവഹരിക്കുവാൻ പാടുള്ളു. സവർണ്ണസമുദായത്തിൻെറ കൂട്ടത്തിൽ പഞ്ചമന്മാരായ ചണ്ഡാലാദികളെ ശാസ്ത്രങ്ങൾ ഗണിച്ചിട്ടില്ല.

ചാതുർവ്വർണ്ണ്യംമയാസൃഷ്ടം ഗുണകർമ്മവിഭാഗശഃ. (ഭ. ഗീത.)

ബ്രാഹ്മണഃ ക്ഷത്രിയോ വൈശ്യസ്ത്രയോവർണ്ണാഃ ദ്വിജാതയഃ
ചതുർത്ഥ ഏകജാതിസ്തു ശൂദ്രോ നാസ്തിതു പഞ്ചമഃ. (മനു)

നാലുവർണ്ണങ്ങളെ (അവാന്തരജാതികളുൾപ്പെടെ) അല്ലാതെ അ ഞ്ചാമതൊരു വർണ്ണം ധർമ്മാനുഷ്ഠാനത്തിനു അധികാരമുള്ളതായി സൃഷ്ടി ക്കപ്പെട്ടിട്ടില്ലെന്നു ഈ പ്രമാണങ്ങൾ തെളിയിക്കുന്നു.

ബ്രാഹ്മണ്യാം..................

ശൂദ്രാജ്ജാതസ്തുചണ്ഡാല-

സ്സർവ്വധർമ്മബഹിഷ്കൃതഃ (യാജ്ഞ. സ്മൃതി.)

ചണ്ഡാലന്മാർക്ക് ശാസ്ത്രവിഹിതമായ യാതൊരു ധർമ്മവും ഇല്ലെ ന്ന് ഈ ഭാഗം വ്യക്തമാക്കുന്നു.

സംവത്സരേണപതതി

പതിതേനസഹാചരൻ എന്ന് മനുവും

ചണ്ഡാലം പതിതംചൈവ

ദൂരതഃ പരിവർജ്ജയേൽ

എന്നു വ്യാഘ്രപാദനും വിധിക്കുന്നു. ഈ പ്രമാണങ്ങളിൽനിന്നു അ ന്ത്യജന്മാർ സവർണ്ണരുടെ സഹവാസത്തിന് (സംസർഗ്ഗത്തിന്) അർഹ ന്മാരല്ലെന്ന് തെളിയുന്നു.

ഇതിൽനിന്നെല്ലാം അവർണ്ണർ ഹിന്ദുസമുദായത്തിന്റെ ഒരു വിഭാ ഗമല്ലെന്നും, പ്രത്യേകമായ ഒരു പതിതവർഗ്ഗമാണെന്നും ഗ്രഹിക്കേണ്ട താകുന്നു.

ഇന്നതുചെയ്യേണം, ഇന്നത് ഇന്നവിധത്തിൽ വേണം; ഇന്ന വിധം ചെയ്തില്ലെങ്കിൽ ദോഷം; ആ ദോഷത്തിനു ഇന്നതു പരിഹാരം; എന്നെല്ലാം ശാസ്ത്രങ്ങളിൽ വിധിക്കുന്നത് സവർണ്ണരെ സംബന്ധിച്ചുമാ ത്രമാകുന്നു. ഇങ്ങിനെ ശാസ്ത്രവിധി അനുസരിച്ച് ചെയ്തില്ലെങ്കിൽ അ വർക്ക് ദോഷം ഉണ്ട്. ഷോഡശസംസ്കാരങ്ങൾ, അവ ചെയ്യേണ്ട ക്ര മം, പുല, വാലായ്മ മുതലായവയെ സംബന്ധിച്ചുള്ള ആചാരം എന്നി ങ്ങിനെ പല സംഗതികളെക്കുറിച്ചു വിചാരിച്ചാലും ശാസ്ത്രം വിധിച്ചി ട്ടുള്ളവയെ സവർണ്ണർ ആദരിക്കുന്നു എന്ന് കാണാം. അന്ത്യജന്മാരെ സംബന്ധിച്ചു ഇന്നതുചെയ്യണം; അത് ഇന്നവിധം വേണം; അല്ലെ ങ്കിൽ ഇന്ന ദോഷമുണ്ട്; അതിനു ഇന്നതു പരിഹാരം; എന്നു ശാസ്ത്ര ങ്ങൾ വിധിക്കുന്നില്ല. അവർക്ക് എന്തും തോന്നിയതുപോലെ ചെയ്യാം. ഹിന്ദു ശാസ്ത്രംകൊണ്ടു ദോഷമില്ല. അവർ സ്വതഃ പതിതന്മാരും, ധ ർമ്മത്തിനു അനധികാരികളും ആയതുതന്നെ ഇതിന്നു കാരണം. ഇ വിടെ സവർണ്ണർക്കുള്ളതുപോലെ ചില വിശ്വാസങ്ങളും, കർമ്മങ്ങളും അവ

ൻ *

ണ്ണൎക്കും ഇല്ലയൊ എന്നു് അല്ല വിചാരിക്കുവാനുള്ളതു്. അവയെ അനുഷ്ഠിച്ചില്ലെങ്കിൽ അവൎക്കു വല്ല ദോഷവും ശാസ്ത്രംകൊണ്ടു് കല്പിക്കപ്പെടുന്നുണ്ടൊ എന്നുള്ളതാണു് ചിന്തിക്കുവാനുള്ളതു്. ഇങ്ങിനെ ചെയ്യുന്നില്ലെന്നു സ്പഷ്ടം. ഇന്നയിന്നവരുടെ ആഹാരം മാത്രമേ കഴിക്കാവു; പുല മുതലായ സംഗതികളിൽ ഇന്നയിന്ന ജാതിക്കാൎക്കു ഇത്രയിത്ര ദിവസം അശുദ്ധിയുണ്ടു്; ജാതിക്രമം അനുസരിച്ചുള്ള ഈവക വ്യവസ്ഥകളെ ഹിന്ദുക്കൾ നിൎബ്ബന്ധപൂൎവ്വം ആദരിക്കുന്നു. അവൎണ്ണൎക്കു ഇങ്ങിനെയൊരു നിൎബ്ബന്ധപൂൎവ്വമായ വ്യവസ്ഥയും കാണുന്നില്ല. അവൎണ്ണരുടെയിടയിൽ ചില ജാതിക്കാൎക്കു് ചില ആചാരങ്ങളും, ധൎമ്മങ്ങളും കാണുന്നുണ്ടെന്നുള്ളതു് സ്പഷ്ടമാണു്. അവയൊന്നും ഹിന്ദുശാസ്ത്രങ്ങളാൽ നിയന്ത്രിതങ്ങളല്ല. അവർ അവയെ ചെയ്താലും ഇല്ലെങ്കിലും സവൎണ്ണദൃഷ്ട്യാ അവർ ഒരുപോലെയുള്ളവരാണു്. ഈ വക വിഷയങ്ങളെ സംബന്ധിച്ചു് കമ്മറി ഗാഢമായും, നാനാമുഖമായും ചിന്തിക്കണമെന്നു അപേക്ഷിക്കുന്നു.

2. ആരാധനാശബ്ദത്തിനു് സ്വരൂപധ്യാനംവരെ അൎത്ഥം വിവക്ഷിച്ചിട്ടുണ്ടെങ്കിൽ അവൎണ്ണൎക്കെന്നുമാത്രമല്ല ആൎക്കും അതിന്നു അധികാരമുണ്ടു്. ഇതില്ലാതാക്കുവാൻ ഹൈക്കോർട്ടു വിധിക്കും സാദ്ധ്യമല്ല. എന്നാൽ സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശമാകട്ടെ പ്രവേശിച്ചുകൊണ്ടുള്ള ഈശ്വരാരാധനമാകട്ടെ അവൎണ്ണൎക്കില്ലാത്തതാണു്. അവൎണ്ണരുടെ പ്രവേശത്തെ തടയുവാനുള്ള അധികാരവും അവകാശവും സവൎണ്ണൎക്കുണ്ടു്. എന്തെന്നാൽ അവൎണ്ണരുടെ പ്രവേശം സവൎണ്ണരുടെ ആരാധനയെ തടസ്ഥപ്പെടുത്തുന്നു. ക്ഷേത്രത്തിൽ ഈഴവർ പ്രവേശിക്കുന്നതു് കുററകരമാണെന്നു് തിരുവിതാംകൂർ ഹൈക്കോർട്ടുവിധിയുണ്ടു്.

3. (i) ഓരോ ക്ഷേത്രവും ഇന്നകാലത്തു് ഇന്നവരാൽ സ്ഥാപിക്കപ്പെട്ടു എന്നു സപ്രമാണം പറയുവാൻ സാദ്ധ്യമല്ല. വല്ല ഐതിഹ്യങ്ങളും കെട്ടിച്ചമച്ചു പറയുവാൻ സാധിക്കുമായിരിക്കാം. എന്നാൽ ഐതിഹ്യത്തിന്റെ പ്രാമാണ്യതയെക്കുറിച്ചു് ശാസ്ത്രകാരന്മാർ വിസംവദിക്കുകയാണു് ചെയ്യുന്നതു്.

(ii) തനിക്കും തന്റെ പിൻഗാമികൾക്കും ഈശ്വരാരാധനാസൌകൎയ്യത്തിന്നുവേണ്ടി സ്ഥാപകന്മാർ ഓരോ ക്ഷേത്രവും സ്ഥാപിക്കുകയാണു് ചെയ്തിട്ടുള്ളതു്. അല്ലാതെ ഹിന്ദുസമുദായത്തിന്റേയൊ, ഹിന്ദുക്കളിൽതന്നെ പ്രത്യേകവൎഗ്ഗക്കാരുടേയൊ ഈശ്വരാരാധനയെ ഉദ്ദേശിച്ചല്ല സ്ഥാപിച്ചിട്ടുള്ളതു്. സ്ഥാപകന്റെ പ്രതിഷ്ഠാപ്രാൎത്ഥന തനി

കുവേണ്ടി പ്രതിഷ്ഠാകൎമ്മം നടത്തിത്തന്നാൽക്കൊള്ളാമെന്നാകുന്നു. അല്ലാതെ ഹിന്ദുക്കൾക്കുവേണ്ടിയൊ, ഹിന്ദുക്കളിൽ പ്രത്യേകവൎഗ്ഗത്തിനു വേണ്ടിയോ പ്രതിഷ്ഠാകൎമ്മം നടത്തിത്തന്നാൽകൊള്ളാം എന്നല്ല, (ക്രിയതാം വിഷ്ണ്വയാഗോമെ) എന്ന പ്രതിഷ്ഠാപ്രാൎത്ഥനാമന്ത്രംകൊണ്ടു ഇതു് സ്പഷ്ടമാകുന്നു. ഈ പ്രാൎത്ഥനയെ തുടൎന്നാണു് ആചാൎയ്യൻ പ്രതിഷ്ഠാകൎമ്മം നിൎവ്വഹിക്കുന്നതു്. ഇപ്രകാരം ഒരു ഉദ്ദേശത്തിൽനിന്നും ഉത്ഭൂതമായ ഒരു വസ്തുവിന്നു് അന്യോദ്ദേശമുണ്ടെന്നു പറയുവാൻ ന്യായമില്ല. ഇതാണു് ഒരു ദേശത്തുതന്നെ, ഒരു മൂൎത്തിയുടെ തന്നെ രണ്ടും മൂന്നും ക്ഷേത്രങ്ങൾ ഉണ്ടായിത്തീരുവാൻ കാരണം. അന്യരും ക്ഷേത്രങ്ങളിൽ പ്രവേശിക്കുകയും, ആരാധനചെയ്യുകയും ചെയ്തുവരുന്നു എന്നുള്ളതുകൊണ്ടുമാത്രം അന്യരുടെ ആരാധനക്കും ഉദ്ദേശമുണ്ടെന്നു സിദ്ധമാകുന്നില്ല. ഒരു വയലിലെ വിളവുകൊണ്ടു പക്ഷികീടാദികളായ അനേകജീവികളുടെ ഉപജീവനം നിൎവ്വഹിക്കുന്നുണ്ടെങ്കിലും അവയുടെ ഉപജീവനം കൃഷീവലന്റേയൊ, ആ ക്ഷേത്രത്തിലെ ബീജാവാപത്തിന്റേയോ ഉദ്ദേശമല്ല. ഒരുവന്റെ വീട്ടുവളപ്പിൽ ഉയരത്തിൽ കത്തിച്ചുവെച്ചുകൊണ്ടിരിക്കുന്ന വിളക്കു് അരികെ വഴിയിൽക്കൂടിപ്പോകുന്നവരുടെ സഞ്ചാരസൌകൎയ്യത്തിന്നുപകരിക്കാം. എങ്കിലും ആ വിളക്കു അന്യരുടെ സഞ്ചാരസൌകൎയ്യത്തെ ഉദ്ദേശിച്ചു വച്ചതായി ഗണിക്കുമാറില്ല. പാന്ഥൎക്കു ആ വിളക്കിൽ ഒരു അവകാശമൊ ഉടമയൊ ഇല്ല. അതിനാൽ അന്യോപയോഗമുള്ളിടത്തെല്ലാം തദുദ്ദേശമുണ്ടെന്നു വരുന്നില്ല. ക്ഷേത്രസ്ഥാപനോദ്ദേശ്യത്തിന്നു ഹാനിവരാത്തവിധത്തിലുള്ള അന്യോപാസനയേയും സ്ഥാപകന്മാർ അനുവദിച്ചിരിക്കുന്നു എന്നുമാത്രമെ ഇതിന്നൎത്ഥമുള്ളു. ഇങ്ങിനെ അനുവദിക്കാതിരിക്കുന്നതു് മനുഷ്യധൎമ്മവുമല്ല. സ്ഥാപനോദ്ദേശവും, ഈ അനുവാദവും വിഭിന്ന വസ്തുക്കളാകുന്നു, ഒന്നു: സ്ഥാപനത്തിന്നു് കാരണഭൂതമായ ആഗ്രഹവിശേഷം; മറേറതു്: സ്ഥാപനാനന്തരഭാവിയായ ഒരനുജ്ഞാമാത്രം.

(iii) അന്യരിൽ ആരുടേയുംതന്നെ പ്രവേശത്തിന്നും ആരാധനക്കും ഉദ്ദേശമില്ലെന്നു് മുൻ സമാധാനത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ക്ഷേത്രപ്രവേശനാൎഹന്മാരായവൎക്കു ക്ഷേത്രത്തിൽ പ്രവേശിച്ചുകൊണ്ടുള്ള ആരാധനക്കു് അനുവാദം നൽകിയിട്ടില്ല. അതു് അനുവദിക്കുന്നപക്ഷം സ്ഥാപനോദ്ദേശംതന്നെ വിഹനിക്കപ്പെട്ടുമല്ലോ.

(iv) "ഹിന്ദുക്കളിൽ ഇപ്പോൾ ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത വൎഗ്ഗക്കാൎക്കു" എന്ന പ്രശ്നഭാഗംകൊണ്ടു കമ്മ

ററി അവണ്ണരെ ഉദ്ദേശിക്കുന്നതായി വിചാരിക്കുന്നു. അവണ്ണക്ക് ഹിന്ദു ക്ഷേത്രങ്ങളിൽ ഒരുകാലത്തും പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ല.

(v) മുമ്പേ ക്ഷേത്രപ്രവേശം ഇല്ലാത്ത വർഗ്ഗക്കാക്ക് പിന്നീട് ക്ഷേത്രപ്രവേശം അനുവദിച്ചതായി അറിവില്ല.

(vi) നിത്യപൂജാദിക്കുവേണ്ടി സ്ഥാപകന്മാർ തന്റെ സ്വന്തസമ്പാദ്യത്തിൽനിന്നും തിരിച്ചുവെച്ചിട്ടുള്ള ഒരു സ്വത്തിനെയാകുന്നു മൂലസ്വത്തെന്ന് വ്യവഹരിക്കമാറുള്ളത്. ഇങ്ങിനെയുള്ള മൂലസ്വത്ത് അന്യരാൽ ദത്തമായിട്ടുള്ള ഒന്നായി വരുന്നില്ല. അതു സ്ഥാപകൻതന്നെ സ്ഥാപനാംഗമായി തിരിച്ചു വിനിമയം ചെയ്തിട്ടുള്ള ഒന്നാകുന്നു.

നിയതാച്ഛാസ്ഥിതിം പ്രാത്ഥ്യനയാൽ-

കൃതപാത്രേധാസ്വസമ്പാദിതവസ്തുനിചയം

നിത്യപൂജാദിസിദ്ധ്യൈ

ഭാഗംദേവായ...............

എന്ന ഭാഗങ്ങളെക്കൊണ്ടു മുൻപറഞ്ഞ അത്ഥം സ്പഷ്ടമാകുന്നു. വല്ലവരും വല്ല സംഖ്യയും വഴിപാടായി സമപ്പിച്ചിട്ടുണ്ടെങ്കിൽതന്നെ അതു മൂലസ്വത്തിലുൾപ്പെടുന്നില്ല. മൂലസ്വത്തിന്റെ സമപ്പണത്തിനും വഴിപാടായി സമപ്പിക്കുന്നതിനും തമ്മിൽ വ്യത്യാസമുണ്ട്. ഒന്നു ക്ഷേത്രസ്ഥാപനത്തിന്നംഗമായിട്ടുള്ള സ്വത്തുവിനിമയം; മറേറതു സ്ഥാപനാനന്തരം ഫലോദ്ദേശത്തോടുകൂടി ചെയ്യുന്ന ഒരു ദാനവിശേഷം; ഒന്നു സ്വാത്ഥരഹിതം; മറേറതു സ്വാത്ഥപ്രേരിതം; ഒന്നു കത്തൃസ്വത്വത്തെ നശിപ്പിക്കാത്തതു്; മറേറതു് അതിനെ നശിപ്പിക്കുന്നതു്.

(vii) ഉണ്ട്, ഗഭഗൃഹം, എടനാഴി, മുഖമണ്ഡപം, സോപാനം, ബലിക്കൽപ്പുര മുതലായ സ്ഥാനങ്ങളാണു പരിധികൾ. അതനുസരിച്ചുള്ള ആചാരനടപടികളുമുണ്ട്. ഗഭഗൃഹത്തിൽ സ്ത്രീകൾക്കു പ്രവേശമില്ല.

(viii) ഇതു് ആഗമവിധികളിൽനിന്നും ഉണ്ടായിട്ടുള്ളതാകുന്നു.

(ix) അവരവക്കു വിധിച്ചിട്ടുള്ള പരിധിയിൽ നിന്നുകൊണ്ട് ആരാധിക്കാവുന്നതാണ്.

(x, xi) ഈ ചോദ്യങ്ങൾക്കു സമാധാനം രണ്ടാമത്തെ പ്രശ്നത്തിന്റെ ഉത്തരത്തിലടങ്ങിയിരിക്കുന്നു.

(xii) ഹിന്ദുക്ഷേത്രങ്ങളെ സംബന്ധിച്ചു സവണ്ണർ പൊതുവെ അനുഭവിച്ചുവരുന്ന ആരാധനാവകാശത്തിന്, അദ്ധ്യാത്മ ഉടമസ്ഥ

തയും ഗുണാനുഭവവും അല്ല. ശാസ്ത്രസിദ്ധമായ ചാതുർവർണ്ണ്യധർമ്മത്തെ ആദരിക്കുന്നു എന്നുള്ള ഏകസംഗതിയാണ് ഈ ആരാധനാവകാശത്തിന്റെ ആധാരം. പതിതനായാൽ അപ്രകാരമുള്ളവന് അയാളുടെ വക ക്ഷേത്രത്തിൽത്തന്നെ പ്രവേശനം നിഷേധിക്കപ്പെടുന്നു. ഇങ്ങിനെ ഭ്രഷ്ടന്മാരായ ഉടമസ്ഥന്മാർക്കു ക്ഷേത്രപ്രവേശം നിഷേധിച്ചിട്ടുള്ളതിനു പല വിധികളും ഉദാഹരണങ്ങളും ഉണ്ട്. ആചാരംകൊണ്ടുള്ള അധികാരം അനുവദിക്കുന്നതിനെ അനുസരിച്ചല്ലാതെ ഗുണാനുഭവത്തിന് ആധാരത്വം കല്പിക്കാവുന്നതല്ല.

4. ക്ഷേത്രപ്രവേശനത്തിനും ആരാധനയ്ക്കും അർഹതയുള്ളവർക്ക് അതിന്നനുവാദവുമുണ്ട്.

5. സവർണ്ണർ അവർണ്ണർക്കുവേണ്ടി ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി അറിവില്ല.

6. അവർണ്ണർ സവർണ്ണർക്കുവേണ്ടിയും ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി അറിവില്ല. സമാധാനത്തിന്റെ സ്വഭാവംകൊണ്ടു രണ്ടുമുതൽ ആറുവരെയുള്ള പ്രശ്നങ്ങളുടെ ഉത്തരത്തിന്ന് ആധാരമായി തെളിവുകൾ ഹാജരാക്കേണ്ട ആവശ്യമില്ല.

7. നിയന്ത്രണത്തോടുകൂടിയോ, കൂടാതെയോ സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണർ പ്രവേശിച്ചാൽ ശുദ്ധി മുതലായ അശുദ്ധിപരിഹാരങ്ങൾ ചെയ്തതിന്നു ശേഷമേ പൂജാദികളായ നിത്യകർമ്മങ്ങൾ ചെയ്യാറുള്ളൂ.

9. അവർണ്ണർക്കു പൊതുവെ പ്രവേശനം അനുവദിച്ചിട്ടുള്ള ക്ഷേത്രങ്ങളില്ല.

10. സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിന് അവർണ്ണർക്കു പൊതുവെ അഭിലാഷമില്ല. അവർണ്ണരിൽ ഭൂരിപക്ഷവും സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതു പാപകരമാണെന്നു വിശ്വസിക്കുന്നു. ഇതാണ് ഇതിന്ന് കാരണം. അവർണ്ണരിൽ വളരെ ചുരുക്കംപേർ മാത്രമേ സവർണ്ണരുടെ ക്ഷേത്രങ്ങളിൽ കയറുവാൻ ആഗ്രഹിക്കുന്നുള്ളൂ. അത് ഈശ്വരഭജനത്തിനല്ല. അയിത്തോച്ചാടനത്തിനും സമത്വാവകാശസ്ഥാപനത്തിനും ആകുന്നു. ഈ കാര്യം അവരും അവരുടെ നേതാക്കന്മാരും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

11. ഉണ്ട്. അവയിൽ പ്രവേശിച്ചു ചെയ്യുന്ന ആരാധനകൊണ്ടു ഫലം ലഭിക്കുമെന്നാണ് അവരുടെ വിശ്വാസം. അല്ലെങ്കിൽ അവരുടെ ക്ഷേത്രസ്ഥാപനവും ആരാധനയും ഉണ്ടാകാത്തതാണല്ലോ.

12. അവൎണ്ണർ മതിൽക്കു വെളിയിൽനിന്നു് സവൎണ്ണക്ഷേത്രങ്ങളിലെ ദേവന്മാരെ ആരാധിക്കാറുണ്ടു്. ഇങ്ങിനെ ചെയ്യുന്ന ആരാധന സഫലമെന്നുതന്നെയാണു് അവരുടെ വിശ്വാസം. നിഷ്ഫലമെന്നു വിശ്വാസമുണ്ടെങ്കിൽ ഇങ്ങിനെ ചെയ്യുന്നതല്ലല്ലൊ.

13. അവൎണ്ണരിൽ മതാചാരവിശ്വാസമുള്ളവർ ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതു പാപകരവും, ഫലസിദ്ധിക്കു ഹാനികരവും എന്നു വിശ്വസിക്കുന്നു.

14. ക്ലിപ്തപരിധിയിൽ നിന്നുകൊണ്ടുള്ള ആരാധനയ്ക്കും ഇഷ്ടസിദ്ധിയുണ്ടെന്നു വിശ്വസിക്കുന്നവൎക്കു് അപ്രകാരം ആഗ്രഹമുണ്ടാകുവാൻ ന്യായമില്ല. ഇഷ്ടസിദ്ധികൊണ്ടു് എവരും തൃപ്തിയടയുന്നതാണു്.

15. പതിമൂന്നാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽ ഈ പ്രശ്നത്തിന്റെ സമാധാനം അടങ്ങിയിരിക്കുന്നു. മതാചാരവിശ്വാസമുള്ളവർ അവരുടെ പ്രവേശനംകൊണ്ടു ക്ഷേത്രത്തിൽ ഈശ്വരസാന്നിദ്ധ്യം നശിക്കുമെന്നു വിശ്വസിക്കുന്നു.

16. അവൎണ്ണർ പ്രവേശിച്ചാൽ ക്ഷേത്രം അശുദ്ധമാകുന്നു എന്നും തന്നിമിത്തം അതിൽ വച്ചു ചെയ്യുന്ന ആരാധനാദിമതപരങ്ങളായ കൎമ്മങ്ങൾ വിഫലങ്ങളും, പാപകരങ്ങളും ആണെന്നും ആസ്തികന്മാരായ ഹിന്ദുക്കൾ വിശ്വസിക്കുന്നു. മതത്തിന്റെ മൂലപ്രമാണമായ ശ്രുതിക്കും, സ്മൃതിക്കും, ശിഷ്ടാചാരത്തിനും ഇവയെയനുസരിച്ചു ദൃഢമായി സംഭവിച്ചിട്ടുള്ള ആത്മവിശ്വാസത്തിനും വിരുദ്ധമാണു് അവരുടെ ക്ഷേത്രപ്രവേശം എന്നതാണു മുമ്പു പറഞ്ഞ വിശ്വാസത്തിനു കാരണം.

17. ക്ഷേത്രത്തിന്റെ മതിൽക്കകത്തു പ്രവേശിക്കുന്നതുകൊണ്ടു മുമ്പു പറഞ്ഞവിധം ക്ഷേത്രം അശുദ്ധമായതായി വിശ്വാസം ഉണ്ടാകുന്നു.

18. പത്താമത്തെ ചോദ്യത്തിന്റെ സമാധാനത്തിൽ ഈ പ്രശ്നത്തിന്റെ ഉത്തരം അടങ്ങിയിരിക്കുന്നു.

19. (എ.) സവൎണ്ണർ ചാതുൎവ്വൎണ്യധൎമ്മത്തെ ആദരിക്കുന്നു. പതിതന്മാരാകയാൽ അവൎണ്ണ ഹിന്ദുക്കൾ എന്നു വ്യവഹരിക്കപ്പെട്ടു വരുന്നവൎക്കു് ഇങ്ങിനെ ചെയ്യുന്നതിനു് അധികാരമില്ല. ഇതാണു പ്രധാന വ്യത്യാസം.

(ബി) സവൎണ്ണരിൽ ഉള്ള വിവിധവിഭാഗങ്ങൾക്ക ധൎമ്മാനുഷ്ഠാനത്തിലുള്ള അധികാരഭേദം അനുസരിച്ച സംസ്കാരം, ആശൌചം മുതലായ മതപരങ്ങളായ കാൎയ്യങ്ങളിലും മററും അസമത്വം ഉണ്ട്.

(സി) തീണ്ടൽ, തൊടീൽ, പുല മുതലായ ആചാരങ്ങളെ ആസ്പദമാക്കി അവൎണ്ണജാതിക്കാരുടെ ഇടയിലും അസമത്വം ഉള്ളതായി അറിയുന്നു.

20. ക്ഷേത്രപ്രവേശനം അവൎണ്ണൎക്കുകൂടി അനുവദിക്കുന്നതുകൊണ്ട് ഇപ്പോൾ ഉള്ള അസമത്വങ്ങൾ നീങ്ങുകയില്ല. സവൎണ്ണരുടെയിടയിലും അസമത്വങ്ങൾ നിലനിന്നുവരുന്നു. (19. എ. ചോദ്യത്തിന്റെ സമാധാനം നോക്കുക.)

21. അവൎണ്ണരെ സവൎണ്ണരുടെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ച് ഇപ്പോഴുള്ള അസമത്വങ്ങളെ നീക്കുവാൻ ശ്രമിക്കുന്നതു ശാസ്ത്രനിഷിദ്ധവും പാപകരവുമാകുന്നു.

22. ക്ഷേത്രപ്രവേശംകൊണ്ട് അസമത്വം നശിക്കുമെന്നു വിശ്വസിക്കുന്നവർ അവൎണ്ണരുടെയിടയിൽ ചിലരുണ്ടായിരിക്കാം.

23. സവൎണ്ണരും അവൎണ്ണരും തമ്മിൽ സാമുദായികവും മതപരവുമായ സമത്വം സ്ഥാപിക്കേണ്ടതും, സ്ഥാപിക്കാവുന്നതും അല്ല. ഇങ്ങിനെയൊരു സമത്വം സ്ഥാപിക്കുന്നതിനു വിഭിന്നരൂപങ്ങളായ മനുഷ്യരുടെ പ്രകൃതികളും, വൃത്തികളും, ശാസ്ത്രങ്ങളും ശിഷ്ടാചാരങ്ങളും അനുവദിക്കുകയില്ല. അതുകൊണ്ട് ഏതൽസംബന്ധമായി സൃഷ്ടിപരമായ ഒരു പദ്ധതി നിൎമ്മിക്കുന്നതു നിഷ്ഫലമാകുന്നു. അതിനെ മതാചാൎയ്യന്മാരും, ശിഷ്ടജനങ്ങളും പ്രതികൂലിക്കുന്നതാണ്.

24. 23-ാമത്തെ ചോദ്യത്തിന്റെ സമാധാനസ്വഭാവംകൊണ്ട് ഈ പ്രശ്നത്തിന്ന് ഉത്തരം പറയേണ്ടതില്ല.

25. അവൎണ്ണരുടെ ക്ഷേത്രങ്ങളിൽ അവൎണ്ണരിലുള്ള എല്ലാ ജാതിക്കാൎക്കും പ്രവേശം ഇല്ല.

26. അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിക്കുന്നപക്ഷം അ പ്രകാരമുള്ള ക്ഷേത്രങ്ങളെ സവൎണ്ണർ ബഹിഷ്കരിക്കും. അവൎണ്ണരിലുള്ള എല്ലാ ജാതിക്കാരും ക്ഷേത്രങ്ങളിൽ പ്രവേശിച്ചാൽ അവയെ അവൎണ്ണരിലെ ചില ജാതിക്കാരും ഉപേക്ഷിക്കും. പുലയർ, പറയർ, മുതലായ ജാതിക്കാർ കയറുന്ന ക്ഷേത്രങ്ങളിൽ, കണിയാൻ, ആശാരി, ഈഴവൻ മുതലായ ജാതിക്കാർ കടക്കുന്നതല്ല.

27. അവര്‍ണ്ണര്‍ പ്രവേശിച്ചാല്‍ യഥാവിധി ശുദ്ധിചെയ്യാത്ത ക്ഷേത്രത്തില്‍ ഈശ്വരസാന്നിദ്ധ്യം ക്ഷയിക്കുന്നു. സവര്‍ണ്ണര്‍ ആരാധനയ്ക്കുപോകുന്നതൊ പോകാതിരിക്കുന്നതൊ അല്ല ഈശ്വരസാന്നിദ്ധ്യത്തിനു ഹേതു.

28. അശുദ്ധമായ ക്ഷേത്രത്തില്‍ ശുദ്ധിചെയ്യാതെ പൂജാദികര്‍മ്മങ്ങള്‍ ചെയ്യുവാന്‍ ശാസ്ത്രവിധിയില്ല.

29. അവര്‍ണ്ണര്‍ പ്രവേശിക്കുന്ന സവര്‍ണ്ണക്ഷേത്രങ്ങളുടെ ആഭ്യന്തരശുദ്ധി പൂര്‍ണ്ണമായി നശിക്കും. മദ്യം, മാംസം, ഹിംസ, മലിനത മുതലായവയെക്കൊണ്ടു പുറമെയുള്ള ശുചിത്വവും നഷ്ടമാകും. ആഭ്യന്തരശുദ്ധിയെക്കുറിച്ചു ഗണിക്കുന്നില്ലെങ്കില്‍ പുറമെയുള്ള ശുചിത്വത്തെക്കുറിച്ചു ചിന്തിക്കുന്നതുകൊണ്ടു സാരമായ പ്രയോജനം ഇല്ല.

30. അവര്‍ണ്ണരുടെ ക്ഷേത്രപ്രവേശംകൊണ്ടു് ഉണ്ടാകുന്ന ദോഷരൂപങ്ങളായ ഫലങ്ങള്‍ ശാശ്വതങ്ങളാണു്.

31. അടിയുറച്ചു കിടക്കുന്ന വിശ്വാസത്തിന്‍െറ വിഘാതം കൊണ്ടു വിക്ഷുഭിതരായിത്തീരുന്ന സവര്‍ണ്ണരുടെ ഹൃദയവിക്ഷോഭം ഏതെല്ലാം ഫലത്തെ ജനിപ്പിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടതാകുന്നു.

32. ക്ഷേത്രങ്ങളില്‍ പോകുന്ന ജനങ്ങളുടെ സംഖ്യകൊണ്ടല്ല, ക്ഷേത്രത്തിനു പ്രാധാന്യമുണ്ടാകുന്നതു്. ഈശ്വരസാന്നിദ്ധ്യത്തിന്‍െറ ആധിക്യം കൊണ്ടാകുന്നു. ഹിന്ദുക്കളില്‍ മതവിശ്വാസമുള്ളവര്‍ അപ്രകാരമുള്ള ക്ഷേത്രങ്ങളെ ഉപേക്ഷിക്കുന്നതുകൊണ്ടും, അതില്ലാത്തവര്‍ മുമ്പെതന്നെ ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ടും ക്ഷേത്രങ്ങള്‍ ശൂന്യങ്ങളായിപ്പരിണമിക്കുകയാണു ചെയ്യുക.

33. സാദ്ധ്യമല്ല. എന്തെന്നാല്‍, യഥാസ്ഥിതികഹിന്ദുക്കള്‍ അവരുടെ വിശ്വാസത്തെ ബലികൊടുത്തുകൊണ്ടുള്ള ഒരു രാജിക്കും ഒരുങ്ങുകയില്ല.

34. മുപ്പത്തിമൂന്നാമത്തെ ചോദ്യത്തിന്‍െറ സമാധാനസ്വഭാവംകൊണ്ടു് ഈ ചോദ്യത്തിനു സമാധാനം പറയേണ്ടതില്ല.

35. ചാതുര്‍വ്വര്‍ണ്ണ്യധര്‍മ്മം ആചരിക്കുന്നവരായ സവര്‍ണ്ണര്‍ തന്ത്രാഗമമനുസരിച്ചു ശാസ്ത്രാനുസരണം നടത്തിപ്പോരുന്ന ക്ഷേത്രം എന്നു ഹിന്ദുക്ഷേത്രമെന്ന പദത്തിനു് അര്‍ത്ഥം.

36. ബിംബത്തിനു സാന്നിദ്ധ്യമുണ്ടാക്കുന്നതു പ്രതിഷ്ഠാകര്‍മ്മവും, അതിനെ നിലനിര്‍ത്തുന്നതു് അപ്പഴപ്പോഴുണ്ടാകുന്ന അശുദ്ധിപരിഹാരവുമാകുന്നു.

37. ആഗമങ്ങൾ "പഞ്ചരാത്രം, പാശുപതം, വിഷ്ണുസംഹിത, ഈശാനഗുരുദേവപദ്ധതി, കാമികാഗമം, വൈഖാനസാഗമം, ശേഷസമുച്ചയം, സൂതസംഹിത മുതലായ"വ തന്ത്രസമുച്ചയാദി ഗ്രന്ഥങ്ങളുമാണു പ്രമാണങ്ങൾ.

38. അപ്പഴപ്പോഴുണ്ടാകുന്ന അശുദ്ധിയെ പരിഹരിക്കാതിരിക്കുക.

39. ഉവ്വ്. ഒന്നാം അനുബന്ധം നോക്കുക.

40. ഉവ്വ്.

41. ക്ഷേത്രത്തിന്റെ മൂലതത്വമായ സാന്നിദ്ധ്യത്തിന്നു ഹാനിവരാത്തവിധത്തിലുള്ള ഭേദഗതി ശാസ്ത്രവിഹിതമാകുന്നു. അതു യുക്തമെന്നു തോന്നുന്ന ഘട്ടത്തിൽ ഭേദപ്പെടുത്താം.

42. പ്രതിമാരാധനയ്ക്കു ഹിന്ദുമതത്തിൽ പ്രവൃത്തിമാർഗ്ഗത്തെ ആശ്രയിക്കുന്നവരെ സംബന്ധിച്ചിടത്തോളവും പരമമായ മാന്യസ്ഥാനമുണ്ട്. അതുകൊണ്ടു ക്ഷേത്രങ്ങൾ ഇല്ലെങ്കിൽ പ്രവർത്തിമാർഗ്ഗത്തെ സംബന്ധിക്കുന്ന പ്രധാനമായ ധർമ്മം അനുഷ്ഠിക്കുവാൻ നിവൃത്തി ലഭിക്കുന്നതല്ല.

43. ക്ഷേത്രങ്ങളിലെ ആരാധനയെ വ്യവസ്ഥാപനം ചെയ്യുന്ന സംഗതിയിൽ ക്ഷേത്രാചാരങ്ങൾക്കു പരമമായ പ്രാമാണ്യമുണ്ട്. അവയുടെ മൂലം ആഗമങ്ങളും ശാസ്ത്രങ്ങളുമാകുന്നു.

44. അവർണ്ണരുടെ ക്ഷേത്രപ്രവേശത്തെ സംബന്ധിച്ചിടത്തോളവും കുടിയിരുത്തുക്ഷേത്രങ്ങൾക്കും പ്രതിഷ്ഠാ ക്ഷേത്രങ്ങൾക്കും വ്യത്യാസമില്ല.

45. കുടിവക മതസ്ഥാപനങ്ങളുടെ ഉടമസ്ഥന്മാർക്കുകൂടി അവയുടെ പൂർവ്വാചാരപരമ്പരയെ വ്യത്യാസപ്പെടുത്തുന്നതിന്ന് അധികാരമില്ല. ഗവർമ്മെൻറും, ഗവർമ്മേൻറു ഭരിക്കുന്ന ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള നിലയും ഇതു തന്നെ. പൂർവ്വാചാരങ്ങളെ ചില സന്ദർഭങ്ങളിൽ നിയമവിരുദ്ധമായി ഗവർമ്മേൻറ് ലംഘിച്ചിട്ടില്ലെന്നു പറയാവുന്നതല്ല. എന്നാൽ അങ്ങിനെയുള്ള ചില അധർമ്മങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ള സംഗതി, മേലിലും അപ്രകാരം അധർമ്മങ്ങൾ ചെയ്യുന്നതിന്നുള്ള അവകാശമായി ഗണിക്കാവുന്നതല്ല.

46. മതസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളവും അവയുടെ പൂർവ്വാചാരങ്ങളെ സംരക്ഷിക്കുന്നതിന്നു ഗവർമ്മേൻറിന്നു പൂർണ്ണമായ ബാദ്ധ്യതയുണ്ട്. ഈ ബാദ്ധ്യതയ്ക്കു വിപരീതമായി ഗവർമ്മേൻറിന്നു

യാതൊന്നും ചെയ്യുവാനധികാരമില്ലാത്തതാകുന്നു. (അനുബന്ധം 2 നോക്കുക.)

47. 46-ാം പ്രശ്നത്തിൻെറ സമാധാനത്തിൽ പറഞ്ഞിരിക്കുന്ന വിധമുള്ള ബാദ്ധ്യതകൊണ്ട് അവൎണ്ണരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുന്ന സംഗതിയിൽ ഗവൎമ്മേൻറിനു യാതൊന്നും പ്രവൎത്തിക്കുവാൻ സ്വാതന്ത്ര്യമില്ല. (അനുബന്ധം 2 നോക്കുക.)

48. സൎവ്വപ്രകാരേണയും അവൎണ്ണർ സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതു നിഷിദ്ധമാകയാൽ സമ്മതിക്കത്തക്കതല്ല.

അനുബന്ധം 1.

പ്രമാണങ്ങൾ.

ചണ്ഡാലശ്വപചാനാം തു
ബഹിർഗ്ഗ്രാമാൽ പ്രതിശ്രയഃ
... ...
നതൈസ്സമയമന്വിച്ഛേൽ
പുരുഷോധൎമ്മമാചരൻ. (മനു)

സവൎണ്ണരുടെ ഗ്രാമത്തിനു പുറമെ മാത്രമെ ചണ്ഡാലാദികൾ താമസിക്കാവു. "ധൎമ്മാനുഷ്ഠാനസമയെ ചണ്ഡാലശ്വപാകൈസ്സഹദൎശനാദി വ്യവഹാരം ന കുൎയ്യാൽ" എന്നു കല്ലൂകഭട്ടരുടെ വ്യാഖ്യാനം. ചണ്ഡാലശ്വപച പദങ്ങളെക്കൊണ്ട് അന്ത്യജന്മാരെ എല്ലാം ഗ്രഹിക്കണം.

യസ്തു ഛായാം ശ്വപാകസ്യ
ബ്രാഹ്മണോഹ്യധിരോഹതി
തത്ര സ്നാനം പ്രകുൎവ്വീത
ഘൃതംപ്രാശ്യവിശുദ്ധ്യതി. (അംഗിരസ്സ്)
... ...
ചണ്ഡാളംപതിതംചൈവ
ദൂരതഃപരിവൎജ്ജയേൽ. (വ്യാഘ്രപാദൻ)

ഇവ ചണ്ഡാലാദി പ്രവേശം അശുദ്ധികരമാകുന്നുവെന്നു വിധിക്കുന്നു.

വിഹിതസ്യാനനുഷ്ഠാനാ ന്നിന്ദിതസ്യചസേവനാൽ
അനിഗ്രഹാച്ചേന്ദ്രിയാണാം നരഃപതനമൃഛതി. (മനു)

ഈ പ്രമാണം എങ്ങിനെ സവൎണ്ണർ പതിതന്മാരാകുന്നു എന്നു കാണിക്കുന്നു.

സ്ത്രീഷുദുഷ്ടാസുവാൎഷ്ണേയ! ജായതെവൎണ്ണസങ്കരഃ
സങ്കരോനാരകായൈവ കുലഘ്നാനാംകുലസ്യച.
..............................സങ്കരസ്യചകൎത്താസ്യാം (ഭ. ഗീത)

പ്രതിലോമസാങ്കൎയ്യത്തിന്റെ നിന്ദ്യതയെ കാണിക്കുന്നവയാണ് ഈ പ്രമാണങ്ങൾ. ഇപ്രകാരം ശാസ്ത്രനിഷിദ്ധമായ പ്രതിലോമസാങ്കൎയ്യത്തെ അഭിനന്ദിക്കുന്നതായിരിക്കും അന്ത്യജന്മാൎക്ക് കല്പിക്കുന്ന ക്ഷേത്രപ്രവേശനം.

യെനാസ്യ പിതരൊ യാതാ യെനയാതാഃപിതാമഹാഃ
തെന യായാൽ സതാംമാൎഗ്ഗം തെന ഗഛൻ നരിഷ്യതെ (മനു)
....
കുരു കൎമ്മൈവതസ്മാത്ത്വം പൂൎവ്വൈഃപൂൎവ്വതരംകൃതം (ഭ. ഗീത)

ഈ പ്രമാണങ്ങൾ പരമ്പരാപ്രാപ്തമായ പൂൎവ്വാചാരത്തിന്റെ ആദരണീയതയെ കാണിക്കുന്നു

യശ്ശാസ്ത്രവിധിമുത്സൃജ്യ വൎത്തതെകാമകാരതഃ
നസസിദ്ധിമവാപ്നോതി നസുഖംനപരാംഗതിഃ (ഭ. ഗീത)

ഈ ഭാഗം ശാസ്ത്രപ്രാമാണത്തെ കാണിക്കുന്നു. ഈ പ്രകൃതത്തിൽ ശാസ്ത്രശബ്ദത്തിനു ആഗമം എന്നും, തന്ത്രശാസ്ത്രമെന്നും അൎത്ഥം.

ഉത്സന്നകുലധൎമ്മാണാം മനുഷ്യാണാംജനാൎദ്ദന!
നരകെനിയതംവാസൊ ഭവതീത്യനുശുശ്രുമ. (ഭ. ഗീത)

യുഗംചദ്വിയുഗംചൈവ ത്രിയുഗംചചതുൎയ്യുഗം
ചണ്ഡാലസൂതികൈൗദക്യ പതിതാനാമധഃക്രമാൽ (ബൃഹസ്പതി)

ചണ്ഡാലാദികൾ സവൎണ്ണരുടെ എത്ര ദൂരെ നിൽക്കണമെന്ന് ഈ പ്രമാണം കാണിക്കുന്നു.

പ്രതിലോമസമീപേതു നകുൎയ്യാദചിഷ്ണുമന്ദിരം
അന്ത്യജന്മാരുടെ സമീപത്ത് ക്ഷേത്രം നിൎമ്മിക്കരുത്.
ചണ്ഡാലസൂതികൈൗദക്യപതിതാദിപ്രവേശനെ,

ആലയാന്തർമുതൌ സത്യാം ഭോഗിസ്ഥത്രാധിവാസ്യച.
ഇത്യാദി പ്രമാണങ്ങളും വേറെയുണ്ട്.

അനുബന്ധം 2.

977-ാമാണ്ടത്തെ കൎണ്ണൽ. മണ്‌റോവിന്റെ വിളംബരം. 937 ധനു 12-ാംനു- കൊച്ചിയും തിരുവിതാംകൂറും തമ്മിലുണ്ടായ ഉടമ്പടി.

തിരുവിതാംകൂർ ലാ റിപ്പോർട്ട് 35-ാംവാല്യം 69-ാംവശം (ഹൈക്കോർട്ട്‌വിധി) 16-ം, 4-ം വാല്യങ്ങൾ. 1912 അക്ടോബർ 25-ാംനു-ഉണ്ടായ ഗവൎമ്മേന്റു പ്രാസിഡിംഗ്സ്. 1079 വൃശ്ചികം 28-ാംനു-നിശ്ചയിച്ച റഗുലേഷൻ 8-ാമത്തെ വകുപ്പ്.

108 ധനു 15-ാംനു- ഗുരുവായൂർവെച്ചു കൂടിയ വൎണ്ണാശ്രമസ്വരാജ്യസംഘത്തിൽ മദ്രാസ് ഹൈക്കോർട്ട് വക്കീൽ ടി. ആർ. രാമചന്ദ്രയ്യർ ബി. എ., ബി. എൽ. അവർകൾ ചെയ്ത സ്വാഗതപ്രസംഗം എന്നിവയിലേക്ക് കമ്മററിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഗവൎമ്മേന്റിനു ക്ഷേത്രങ്ങളുടെ ട്രസ്റ്റിസ്ഥാനമേയുള്ളുവെന്നും, കീഴ്‌പതിവുകളേയും, ആചാരങ്ങളേയും മാററുവാൻ പാടില്ലെന്നും ക്ഷേത്രത്തിന്റെ ശുദ്ധിയെ രക്ഷിക്കുവാൻ ഗവൎമ്മേന്റിന് ബാദ്ധ്യതയുണ്ടെന്നും, അവൎണ്ണർ ഹിന്ദുക്കളല്ലെന്നും ഈ രേഖകളിൽനിന്ന് വ്യക്തമാകുന്നതാണ്.

ക്ഷേത്രപ്രവേശനാന്വേഷണകമ്മറ്റിയുടെ പ്രശ്നാവലിക്കു സമാധാനം.

(കെ. ജി. ശേഷയ്യർ,
റിട്ടയേർഡ് ഹൈക്കോർട്ട് ജഡ്ജി, തിരുവനന്തപുരം.)

1. "സവർണ്ണഹിന്ദുക്ക"ളെന്നും, "അവർണ്ണഹിന്ദു"ക്കളെന്നുമുള്ള പദങ്ങൾ, പരദേശത്തുനിന്ന് വന്നവയാണ്. അവ നമ്മെ അബദ്ധത്തിൽ ചാടിക്കുന്നവയാണ്. എന്തെന്നാൽ "ഹിന്ദു"പദത്തിന്, ഇന്ന്, ക്രിസ്ത്യാനികളും മുഹമ്മദീയരും അല്ലാത്ത എല്ലാ ഭാരതീയരും, എന്ന് അർത്ഥം വന്നിരിക്കുന്നു. വാസ്തവത്തിൽ ക്രിസ്തുമതമോ, മുഹമ്മതുമതമോ സ്വീകരിച്ച ഒരാളുടെ, സ്വന്തേയുള്ള ജാതി, പിന്നേയും നിലനിന്നുപോരുന്നു എന്ന് ചിലർ വിശ്വസിക്കുന്നുണ്ട്. അതിനാൽ ഈ പദങ്ങളെ ഗൌരവമുള്ള കാര്യങ്ങളെപ്പററി പ്രതിവാദിക്കുന്ന സമയം ഉപയോഗിക്കാതിരുന്നാൽ കൊള്ളാം; അല്ല, നിശ്ചയമായും ഉപയോഗിക്കുവാൻ പാടില്ല. ഹിന്ദുക്കളും, മുഹമ്മദീയരുമല്ലാത്ത ഏതൊരിൻഡ്യാക്കാരനേയും, ജാതിയുടേയും ഉപജാതിയുടേയും സംജ്ഞയാൽ അറിയേണ്ടതാണ്. "ജാതി" എന്ന പദത്തിന്, പാരമ്പര്യമായ തൊഴിൽ അനുസരിച്ചുള്ള വിഭാഗം എന്നർത്ഥം കല്പിക്കേണ്ടതാണ്. ഇന്ന് അവർ, ആ തൊഴിലാണോ സ്വീകരിച്ചിരിക്കുന്നത് എന്ന് നോക്കേണ്ട ആവശ്യമില്ല. "ജാതി" എന്നോ "വർണ്ണം" എന്നോ വിളിക്കുന്നതുകൊണ്ട് ഒരു വിരോധവുമില്ല.

ഇന്ന്, സവർണ്ണർ എന്നും അവർണ്ണരെന്നും ഉള്ള പദങ്ങൾ ആരെ ആണ് സൂചിപ്പിക്കുന്നതെന്ന സംഗതി എല്ലാവർക്കും അറിയാം. എങ്കിലും ചോദ്യം ചോദിച്ചിരിക്കുന്ന സ്ഥിതിക്ക്, അതിന്റെ മറുവടി പറയാം. "സവർണ്ണർ" എന്ന പദം, ബ്രാഹ്മണരേയും, ക്ഷത്രിയരേയും, വൈശ്യരേയും, ശൂദ്രരേയും കുറിക്കുന്നു. ഏതെല്ലാം ജാതിക്കാരുടെ സാമീപ്യം ഇവരെ പൊതുവേ അശുദ്ധപ്പെടുത്തുന്നു എന്ന് ഇവർ വിശ്വസിക്കുന്നുവോ, ആ ജാതിക്കാരെ എല്ലാം "അവർണ്ണർ" എന്നു വിളിക്കുന്നു. ചില ജാതിക്കാരുടെ സാമീപ്യം, തങ്ങളെ അശുദ്ധപ്പെടുത്തുന്നില്ലെന്ന്, സവർണ്ണർക്കു വിശ്വാസമുണ്ടായിരിക്കാം. എന്നാൽ ഈ ജാതിക്കാർ സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നില്ലെന്നും വരാം. എങ്ങിനെ ആയാലും, മതവിശ്വാസമുള്ള ഹിന്ദുക്കൾ, ഈ നാമങ്ങളെത്തന്നെ വിലവയ്ക്കുന്നില്ല.

2. ഈ ചോദ്യത്തിൽ തന്നെ, അതിനുള്ള സമാധാനവും അടങ്ങിയിരിക്കുന്നതായി വിചാരിക്കാം. ഇന്ന്, സവർണ്ണഹിന്ദുക്കൾക്കുമാത്രം പ്രവേശനാധികാരമുള്ള ക്ഷേത്രങ്ങൾ, എന്നു പറയുമ്പോൾ തന്നെ, അവക്ക് അവിടെ മററു ഹിന്ദുക്കളെ ഒഴിച്ച്, ആരാധന നടത്തുവാൻ അവകാശമുണ്ടെന്നു സ്പഷ്ടമാകുന്നു. ഇതിനെ അംഗീകരിച്ചുള്ള കോടതികളുടെ തീരുമാനം ആവശ്യമുള്ളപക്ഷം എളുപ്പത്തിൽ ലഭിക്കുന്നതാണ്.

3. എല്ലാ ക്ഷേത്രങ്ങൾക്കും, ഓരോ ഉടമസ്ഥന്മാരുണ്ട്. ഉടമസ്ഥൻ ഒരു പ്രത്യേക വ്യക്തിയായിരിക്കാം, ഒരു കുടുംബമായിരിക്കാം; അഥവാ, ഒരു കൂട്ടം ആളുകളായിരിക്കാം; ഓരോ ക്ഷേത്രവും, എന്നാണ് നിർമ്മിക്കപ്പെട്ടതു്, എന്നു തീർച്ച പറയുക എളുപ്പം സാധിക്കുന്നതല്ല. എന്നാൽ, ഒരു ക്ഷേത്രം "സ്ഥാപിക്കുക" എന്നു പറയുന്നതു് നന്നല്ല. എന്തെന്നാൽ ഒരു ഹിന്ദുക്ഷേത്രം, സാധാരണ അറിയപ്പെടുന്നവിധത്തിലുള്ള ഒരു പൊതുസ്ഥാപനമല്ല.

4. ജനങ്ങളുടെ ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടിമാത്രം, ഒരു ക്ഷേത്രം നിർമ്മിക്കപ്പെട്ടിരിക്കുന്നതായാൽ, നിശ്ചയമായും മററു വിഭാഗങ്ങൾക്ക് അവിടെ പ്രവേശനാവകാശം ഇല്ല. ഇതു് സ്പഷ്ടമായ സംഗതിയാണ്. ഈ നിലയിൽ നോക്കുമ്പോൾ ഈ ചോദ്യം അനാവശ്യമാണ് എന്നു തോന്നുന്നു.

5. നിശ്ചയമായും ഉണ്ടായിരിക്കാം. എന്നാൽ ഇപ്പോൾ എനിക്ക് ഉദാഹരണം ഒന്നും തോന്നുന്നില്ല.

6. എനിക്ക് അറിഞ്ഞുകൂടാ.

7. ആദ്യത്തെ ചോദ്യത്തിൻെറ സമാധാനം "ഇല്ല" എന്നാണ്. മററു ചോദ്യങ്ങൾക്കു സമാധാനം പറയേണ്ട ആവശ്യമില്ല.

8. മുകളിലെ ചോദ്യത്തിൻെറ ഉത്തരം നോക്കുക.

9. ഈ ചോദ്യത്തിന് സമാധാനം പറയേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

10. പൊതുവായി അഭിലാഷമില്ലതന്നെ.

11. അവർണ്ണരുടെ വകയായി ക്ഷേത്രങ്ങൾ ഉണ്ട്. സവർണ്ണഹിന്ദുക്കൾക്കു തങ്ങളുടെ ക്ഷേത്രങ്ങളിലെ ആരാധനയുടെ ഫലസിദ്ധിയെ സംബന്ധിച്ചുള്ള ബോധം എങ്ങിനെയോ, അങ്ങിനെതന്നെ ആണ്, അവർണ്ണഹിന്ദുക്കളുടെ —അവരുടെ ക്ഷേത്രങ്ങളിലെ,— ആരാധനയുടെ ഫലസിദ്ധിയെ സംബന്ധിച്ചുള്ള ബോധവും.

12. ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരം "ഉണ്ട്" എന്നാണ്.

രണ്ടാമത്തെ ചോദ്യത്തിൻെറ മറുവടി "ഇല്ല" എന്നാണ്. അത്ര മാത്രമല്ല, ക്ഷേത്രമാഹാത്മ്യത്തിൽ വിശ്വസിക്കുന്നവർ, ഇന്നത്തെ നിലയിൽനിന്നുമുള്ള ഒരു വ്യതിചലനം, ക്ഷേത്രത്തിനും തങ്ങൾക്കും ഹാനികരമാണെന്നുകൂടി വിശ്വസിക്കുന്നു.

13. ഇല്ല. പൊതുവെ ഉള്ള വിശ്വാസം, നേരെ വിപരീതമായിട്ടുള്ളതാണ്.

14. ജനങ്ങൾക്ക് ഇന്നുവരെ അങ്ങിനെയുള്ള ഒരു ബോദ്ധ്യം ഉണ്ടായിട്ടില്ല. "ക്ഷേത്രപ്രവേശന"പ്രശ്നം ആരംഭിച്ചപ്പോൾ, അതിനെ അനുകൂലിക്കുന്നവർ, എത്രത്തോളം അകത്തു കടക്കുവാൻ സാധിക്കുന്നുവോ, അത്രത്തോളം നന്ന് എന്നു വിചാരിക്കുന്നുണ്ട്, എന്നുള്ളത് നിർവ്വിവാദമാണ്. എന്നാൽ അത് കാര്യം വേറെ ആണ്.

15. ജനങ്ങൾക്കു പൊതുവേയുള്ള, സാധാരണ ബോധം അതാണ്.

16. ആദ്യത്തെ ചോദ്യത്തിനുള്ള സമാധാനം "ഉണ്ട്", എന്നാകുന്നു. രണ്ടാമത്തെ ഭാഗത്തിനുള്ള സമാധാനം, "ക്ഷേത്രസംബന്ധമായ ശാസ്ത്രങ്ങളും, പുരാതന കാലം മുതൽ നടപ്പിലിരുന്നുവന്ന ക്ഷേത്രാചാരവും" എന്നാണ്. ഇതിൽ കൂടുതലായി എന്തെങ്കിലും പറയുവാൻ ആരാലും അസാദ്ധ്യം തന്നെ ആണ്.

17. വിഗ്രഹത്തോട് എത്രത്തോളം സമീപിക്കുന്നുവോ, അത്രത്തോളം ഈ ബോധം വർദ്ധിക്കുന്നു.

18. ഈ പ്രസ്ഥാനംതന്നെ സമഭുജയുള്ള ഒന്നാണ്. എന്നാൽ അതിനോടു വിരോധമുണ്ടാകുവാനുള്ള കാരണം, ഈ സമഭുജനില മാത്രമല്ല; അത് ഇന്ന്, മൃഗങ്ങളെപ്പോലെ, ഇരതെണ്ടുന്ന സ്വഭാവത്തോടുകൂടിയതായി തീൎന്നിരിക്കുന്നു; മററുള്ളവരുടെ മുതലെല്ലാം പിടിച്ചടക്കുവാൻ ശ്രമിക്കുന്നു. ഇതാണ് അതിൻെറ ജുഗുപ്സാജന്യമായ ഒരു വിശേഷത. അതിന് മററു വല്ല ഉദ്ദേശവും ഉണ്ടോ എന്നു നോക്കുന്നപക്ഷം, അത് മി: ഗാന്ധിയുടെ രാഷ്ട്രീയകാൎയ്യപരിപാടിയുടെ ഒരു ഭാഗമാണെന്നു സ്പഷ്ടമായി കാണാം.

19. മുകളിലെ ചോദ്യത്തിൻെറ സമാധാനം നോക്കുക.

പല സംഗതികളിലും, ഇവരെല്ലാവരും തമ്മിൽ, അന്യോന്യം അസമത്വമുണ്ട്.

20. നിശ്ചയമായും ഇല്ല. മുകളിലത്തെ രണ്ടു ചോദ്യത്തിൻെറ സമാധാനം നോക്കുക.

21. ഈ ചോദ്യം വ്യക്തമല്ല. എങ്കിലും, ഏതൊരു യഥാൎത്ഥസവൎണ്ണഹിന്ദുവും, ക്ഷേത്രപ്രവേശനം അനുവദിച്ച്, അസമത്വങ്ങളെ ഇല്ലായ്മചെയ്യുവാനുള്ള ശ്രമത്തെ, അനുകൂലിക്കുന്നതല്ല. എന്തെന്നാൽ, ഈ ക്ഷേത്രങ്ങൾ അവൎണ്ണരുടേതല്ല, എന്നുമാത്രമല്ല, അവരുടെ പ്രവേശനം, ക്ഷേത്രാരാധനയുടെ പരമോദ്ദേശത്തെ ഇല്ലായ്മചെയ്യുന്നതുമാണു്. അതിനാൽ ഈ ഉദ്യമം, ഏററവും അന്യായമായിരിക്കും.

22. ഇന്നത്തെ ഈ പ്രസ്ഥാനത്തെ അനുകൂലിക്കുന്ന അന്ധന്മാരായ യുവജനങ്ങളെന്ന്യേ, മററാരും അതിനെ അനുകൂലിക്കുന്നില്ല. എന്തെന്നാൽ, ക്ഷേത്രപ്രവേശനം ഒന്നു മാത്രംകൊണ്ടു്, ഇന്നുള്ള അസമത്വങ്ങളെല്ലാം നീങ്ങുന്നതല്ലെന്നു്, അവൎക്കു് പൂൎണ്ണബോദ്ധ്യമുണ്ടു്.

23. "സാമുദായികവും, മതപരവുമായ സമത്വം" എന്നു് പറഞ്ഞിരിക്കുന്നതിന്റെ അൎത്ഥം, വ്യക്തമായി അറിയുവാൻ സാധിക്കുന്നില്ല. പൊതുവേ പറയുന്നപക്ഷം, ഹിന്ദുക്കളും, ഹിന്ദുക്കളും തമ്മിൽ എന്നല്ല, മനുഷ്യവൎഗ്ഗത്തിൽ പെട്ട എല്ലാവരും തമ്മിൽ, "സമത്വം" വേണ്ടതാണു്. അതിനാൽ അതു്, പൊതുവേയുള്ള പ്രശ്നമായി തീരുന്നു. ക്രിസ്ത്യാനികളുടെ പള്ളിയിൽ പ്രവേശിക്കുന്നതിനു്, ക്രിസ്ത്യാനികൾക്കും അല്ലാത്തവൎക്കും, അവകാശം നല്കപ്പെട്ടിരിക്കുന്നു. എന്നാൽ അതുകൊണ്ടു് ക്രിസ്ത്യാനികളും അല്ലാത്തവരും തമ്മിൽ സാമുദായികവും, മതപരവുമായ സമത്വം ഉണ്ടെന്നു് അൎത്ഥം വരുന്നുണ്ടോ?

24. 23-ാമത്തെ സമാധാനത്തിൽ, ഇതിന്റെ ഉത്തരവും അടങ്ങിയിരിക്കുന്നു.

25. ആദ്യത്തെ ചോദ്യത്തിനുള്ള സമാധാനം "ഇല്ല" എന്നാണു്. രണ്ടാമത്തേതിനെപ്പററി പറയുന്നപക്ഷം, ഈ ചോദ്യം, ഈ കമ്മററിക്കു ചോദിക്കേണ്ട ആവശ്യമില്ല എന്നാണു്. എന്തെന്നാൽ കമ്മററി തീരുമാനിക്കേണ്ടിയിരിക്കുന്ന പ്രശ്നം, അവൎണ്ണഹിന്ദുക്കൾക്കു്, സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശനാനുവാദം നല്കാമോ എന്നതാണു്. എല്ലാ അവൎണ്ണഹിന്ദുവും, സകല അവൎണ്ണക്ഷേത്രങ്ങളും, എല്ലാ അവൎണ്ണൎക്കുമായി തുറന്നുകൊടുക്കണമെന്നു പറയുന്നു എന്നു വിചാരിക്കുക. എന്നാൽ അതുകൊണ്ടു്, എല്ലാ സവൎണ്ണഹിന്ദുക്ഷേത്രങ്ങളും, അവൎണ്ണഹിന്ദുക്കൾക്കു് തുറന്നുകൊടുക്കേണ്ടതാണെന്നു തെളിയുന്നുണ്ടോ? സവൎണ്ണഹിന്ദുക്കൾക്കു തങ്ങളുടെ ക്ഷേത്രങ്ങളിൽ, ശാസ്ത്രവിധികൾക്കും, കീഴാചാരത്തിനും അനുസരിച്ചു്, ആരാധന നടത്തുവാൻ അവകാശമുണ്ടു്.

26. ഈ ചോദ്യത്തിലെ "ക്ഷേത്രപ്രവേശനം," സവൎണ്ണഹിന്ദുക്ഷേത്രങ്ങളിലെ പ്രവേശനത്തെ, ആയിരിക്കാം സൂചിപ്പിക്കുന്നതു്. ഇങ്ങിനെ ധരിച്ച്, ഈ ചോദ്യത്തിനു സമാധാനം പറയട്ടെ. മതവിശ്വാസമുള്ള സവൎണ്ണഹിന്ദുക്കളിലാരുംതന്നെ, അവൎണ്ണരുടെ പ്രവേശനം മൂലം അശുദ്ധമായ ക്ഷേത്രത്തിൽ, ആരാധന നടത്തുന്നതല്ല. അവൎണ്ണർ ആരാധന നടത്തുന്നതിൽനിന്നു വിരമിക്കുമോ, എന്നതിനെപ്പററി പറയുന്നതായാൽ, മതവിശ്വാസമുള്ള അവൎണ്ണർ അതിനെ വെറുക്കുന്നതാണു് എന്നു മാത്രം പറയാം. ന്യായരഹിതമായി സമ്പാദിച്ച, ഈ മൃഗീയാവകാശത്തിൽ അവർ, ഒരു പങ്കു് സ്വീകരിക്കുന്നതല്ല. എന്നാൽ, തന്മൂലം അവർ ആരാധന നിറുത്തുകയില്ലായിരിക്കാം. അവർ എവിടെനിന്നു മുൻപ് ആരാധന നടത്തിവന്നുവോ, അവിടെതന്നെ നിന്നു്, അവർ ആരാധിക്കും.

27. നിശ്ചയമായും അതു, ക്ഷേത്രത്തിലെ ഈശ്വരസാന്നിദ്ധ്യത്തെ ബാധിക്കുന്നതാണു്. എങ്ങിനെ ആണു് അതിനെ ബാധിക്കുന്നതെന്നു് ആക്കും പറയുവാൻ സാധിക്കുന്നതല്ല. എന്തെന്നാൽ ഈശ്വരസാന്നിദ്ധ്യം അഥവാ, വിഗ്രഹത്തിൻെറ മാഹാത്മ്യം യഥാൎത്ഥത്തിൽ എന്തെന്നു് ആക്കും പറയുവാൻ സാധിക്കുന്നതല്ല. അതിനെ അളന്നു നോക്കുവാൻ, "തെർമാമീററർ"പോലെയുള്ള സാധനങ്ങൾ ഒന്നുമില്ല. ഇത്ര "ഡിഗ്രി" മാഹാത്മ്യം കുറവുണ്ടു്, അഥവാ കൂടുതലുണ്ടു് എന്നു പറയുവാൻ സാദ്ധ്യമല്ല. ഒരാൾക്കു് ആ മാഹാത്മ്യം നശിക്കയില്ല എന്നു് എത്രത്തോളം പറയുവാൻ സാധിക്കുമോ, അത്രത്തോളംതന്നെ— ഒരുപക്ഷേ അതിൽ സ്വല്പം കൂടുതലായ വിശ്വാസത്തോടെ—നശിക്കും എന്നു മററൊരാൾക്കു പറയുവാൻ സാധിക്കും. ഈവിധകാൎയ്യങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ നായകൻ, ശാസ്ത്രവിധികളും, പൂൎവ്വാചാരവുമാണു്.

28. അവൎണ്ണഹിന്ദുക്കളെ, സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതായാൽ, അവിടത്തെ പൂജാദികൎമ്മങ്ങൾ നടത്തുവാൻ, വൈഷമ്യങ്ങൾ നേരിടാം, അഥവാ, ഉണ്ടാകാതിരിക്കാം. എന്നാൽ ഒരു കാൎയ്യം തീൎത്തുപറയാം. മിക്ക ക്ഷേത്രങ്ങളിലും, ഇന്നു നടന്നുവരുന്ന ആരാധനാരീതി ഇല്ലാതായി തീരും; പൂജാദികൾക്കെല്ലാം മുടക്കം വരും. എന്നാലും ഇന്നത്തെ പരിതസ്ഥിതികളിൽ, അതിനു വലിയ പ്രയാസം നേരിടണമെന്നില്ല. എന്തെന്നാൽ ജനങ്ങൾക്കു ക്ഷേത്രാരാധനയിലുള്ള വിശ്വാസം നശിച്ചുവരുന്നു. അതിനാൽ ആ

വെറും പൂജാദികളെല്ലാം "കാട്ടിക്കൂട്ടി കഴിപ്പിക്കുവാൻ" ആളുണ്ടായി എന്നു വരാം. വാസ്തവത്തിൽ, ആ പൂജാദികളെല്ലാം നടത്തുവാൻ, ചില പ്രത്യേക ജാതിക്കാർതന്നെ ആവശ്യമുണ്ടാകുമെന്നും തോന്നുന്നില്ല. അതു് ആൎക്കും ആകാം എന്ന നിലയിലെത്തും.

29. ഇതു രസാവഹമായ ഒരു ചോദ്യമായി തോന്നുന്നു. ശുചിത്വം എന്നതു് ഓരോ വ്യക്തിയുടേയും, ദേഹപ്രകൃതി അനുസരിച്ചും, പെരുമാററരീതി അനുസരിച്ചും ഇരിക്കുന്നു. അവൎണ്ണരെ സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിച്ചു എന്ന ഏക കാരണത്താൽ ശുചിത്വം ഇല്ലാതായി എന്നു പറയുവാൻ സാധിക്കുന്നതല്ല. ക്ഷേത്രപ്രവേശനസംരംഭത്തിനെ വിരോധിക്കുന്നവരിൽ ആരെങ്കിലും, ഈ കാരണംകൊണ്ടാണു് അങ്ങിനെ ചെയ്യുന്നതെന്നു്, അറിവില്ല. ആഭ്യന്തരശുദ്ധിയാണു്, അതിനെ വിരോധിക്കുവാനുള്ള പ്രധാന കാരണം.

30. ഈ ലോകത്തിൽ ശാശ്വതമായ യാതൊരു ഫലങ്ങളും ഇല്ല തന്നെ!

31. ഈ നയംകൊണ്ടുണ്ടാകുന്ന മററു വിധത്തിലുള്ള ഫലം, ഗവൎമ്മേൻറിൻെറ നീതിയിലും, ധൈൎയ്യത്തിലും ഉള്ള പൊതുജനവിശ്വാസം, തീരെ നശിക്കുമെന്നുള്ളതു മാത്രമാണു്.

32. ഒരു ക്ഷേത്രത്തിൻെറ പ്രാധാന്യവും, പ്രയോജനവും ആ ക്ഷേത്രത്തിൽ പോകുന്ന ആളുകളുടെ എണ്ണത്തെ ആണു് ആശ്രയിച്ചിരിക്കുന്നതെങ്കിൽ, ഈ ചോദ്യത്തിൻെറ താല്പൎയ്യം മനസ്സിലാക്കുവാൻ പ്രയാസമില്ല. അല്ലാത്തപക്ഷം സാദ്ധ്യവുമല്ല. കൂടാതെ, സവൎണ്ണഹിന്ദുക്കൾ അനേക കാലമായി അനുഭവിച്ചുവരുന്ന, അവരുടെ ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള അവകാശം, നശിപ്പിക്കപ്പെടുന്നു എങ്കിൽ, മതവിശ്വാസമുള്ള ഹിന്ദുക്കൾക്കു് അവയെ ഉപേക്ഷിക്കേണ്ടിവരും. ക്ഷേത്രത്തിൽ പോകണമെന്നു് ആവശ്യപ്പെടുന്നവർ, അഥവാ, ആവശ്യപ്പെടാതെ 'ഉന്തിതള്ളി' അതിനകത്തുകൊണ്ടാക്കപ്പെടുന്നവർ, അവയെ ഉപയോഗിച്ചാലും, അധികനാൾ ഉപയോഗിക്കയില്ല എന്നതു തീച്ചതന്നെ ആണു്. "തല്ലി പഴുപ്പിച്ച പഴത്തിനു്, സ്വാദു കുറയും" എന്നുള്ളതു്, സൎവ്വസമ്മതമത്രെ.

33. "യാഥാസ്ഥിതികഹിന്ദുക്കൾ" എന്നു പറഞ്ഞിരിക്കുന്നതു്, ശാസ്ത്രമാഹാത്മ്യത്തിലും, പൂൎവ്വാചാരത്തിലും വിശ്വാസമുള്ള ഹിന്ദുക്കളെ, ഉദ്ദേശിച്ചാണെങ്കിൽ, ഒരു രാജിയുണ്ടാക്കുക അസാദ്ധ്യംതന്നെയാകുന്നു.

34. ഈ ചോദ്യം, സമാധാനം ആവശ്യപ്പെടുന്ന ഒന്നല്ല.

35. ഒരു ഹിന്ദുക്ഷേത്രം എന്ന പദത്തിൻെറ സാമാന്യേനയുള്ള അൎത്ഥം ഇതാണ്: അമാനുഷശക്തിയുള്ള ഒരു വിഗ്രഹത്തെ, ശാസ്ത്രോക്തരീതിയിലുള്ള കെട്ടിടത്തിൽ പ്രതിഷ്ഠിച്ച്, തന്ത്രാഗമം അനുസരിച്ച് കൎമ്മങ്ങളും, അനുഷ്ഠാനങ്ങളും നടത്തിക്കൊണ്ടുവരുന്ന, ചാതുൎവ്വൎണ്ണ്യധൎമ്മം ആചരിക്കുന്ന സവൎണ്ണരുടെ വകയായ, ഒരു ദേവാലയം.

36. അധികാരികളായ തന്ത്രശാസ്ത്രങ്ങളും, ആഗമശാസ്ത്രങ്ങളും, ഇവയെപ്പററി വ്യക്തമായി പ്രതിവാദിക്കുന്നുണ്ട്. ആവശ്യമുള്ള പക്ഷം, നോക്കിയാൽ എളുപ്പത്തിൽ അറിയാം.

37. എന്നാൽ ഓരോ ക്ഷേത്രങ്ങളിലും, പൂൎവ്വാചാരപ്രകാരം നടത്തിവന്നിരുന്ന ക്രിയകൾ മാത്രമെ ചെയ്യുവാൻ പാടുള്ളു. മററൊന്നു ചെയ്യുവാൻ അധികാരമില്ല. ഓരോ ക്ഷേത്രങ്ങളും, അതാതിൻെറ പൂൎവ്വാചാരം അനുസരിച്ചു നടത്തപ്പെടുന്നു; നടത്തപ്പെടേണ്ടതാണ്.

38. ഈ ചോദ്യത്തിനും തന്ത്രശാസ്ത്രങ്ങൾതന്നെ മറുവടി പറയുന്നുണ്ട്.

39. ഈ പ്രശ്നത്തിൻെറ ആവശ്യമില്ല. എന്തെന്നാൽ ഓരോ ക്ഷേത്രവും അതാതിൻെറ പൂൎവ്വാചാരത്താൽ ഭരിക്കപ്പെടുന്നു. അവ, അതാതുജാതിക്കാരുടെ മാത്രം പൊതുസ്വത്താണ്. ഈ പ്രശ്നത്തെപ്പററി, ഒരു തീൎപ്പുകല്പിക്കുവാൻ, യാതൊരു പ്രമാണവും ഹാജരാക്കേണ്ട ആവശ്യമില്ലതന്നെ. നിശ്ചയമായും അവയ്ക്കു വേണ്ടിടത്തോളം പ്രമാണം ഉണ്ട്. എന്നാൽ, ഇന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആചാരങ്ങളെ അനുകൂലിക്കുന്നവിധത്തിലല്ലാതെ അവയെ വ്യാഖ്യാനിക്കുവാൻ വയ്യാ.

40. ഇത് ഓരോ ക്ഷേത്രങ്ങളേയും, പ്രത്യേകം പ്രത്യേകം സംബന്ധിക്കുന്ന ഒരു ചോദ്യമാണ്. എന്നാൽ ഓരോ ക്ഷേത്രത്തിലും ആ ക്ഷേത്രത്തിൻെറ പൂൎവ്വാചാരത്തെ അനുസരിച്ചാണ്, ഇവ അനുഷ്ഠിക്കപ്പെടുന്നത്. ഈ വിധികളെ അനുസരിക്കുവാൻ എത്രത്തോളം സാധിക്കുമൊ, അത്രത്തോളം ഓരോ ക്ഷേത്രവും, അതിനെ അനുഷ്ഠിച്ചുതന്നെ വരുന്നു.

41. ആഗമങ്ങളും, ശാസ്ത്രങ്ങളും, ഇന്നഫലം ലഭിക്കുവാൻ ഇന്നവിധം പെരുമാറണം, എന്നു തീൎച്ചപ്പെടുത്തിയിരിക്കുന്ന, തത്വജ്ഞാനങ്ങളാണ്. ആ ഫലങ്ങൾ വേണ്ട എന്നുദ്ദേശിക്കാത്ത അവസരങ്ങളിൽ, ആ വിധികളെ മാററുവാനൊ, വ്യത്യാസപ്പെടുത്തുവാനൊ, അവ

അനുവദിക്കുന്നില്ല. കാലസ്ഥിതിക്കും, പരിതസ്ഥിതിക്കും, ഈ നിയമങ്ങളുടെ അനുഷ്ഠാനങ്ങളെ തടയുവാൻ സാധിക്കുന്നപക്ഷം, ഈ ഫലങ്ങളും ഉണ്ടാകാതിരിക്കുന്നു. അതിനാൽ ക്ഷേത്രങ്ങൾ നിരുപയോഗമായിത്തീരുന്നു. ക്ഷേത്രമാഹാത്മ്യത്തിൽ വിശ്വാസമുള്ള ഏതൊരുവനും, പ്രതിബന്ധമായി നില്ക്കുന്ന പരിതസ്ഥിതികളുമായി യുദ്ധംചെയ്തു്, നിയമങ്ങളുടെ ശരിയായ അനുഷ്ഠാനത്തിന്നു്, ഇടയുണ്ടാക്കിത്തീർക്കുവാൻ യത്നിക്കേണ്ടതാണു്. എന്നാൽ മാത്രമേ ഉദ്ദേശിക്കപ്പെടുന്ന ഫലം ലഭിക്കൂ.

42. ഈ ചോദ്യത്തിന്നു് സമാധാനം പറയുമ്പോൾ ഹിന്ദുമതം എന്നാൽ എന്തെന്നും, ആ മതാചാരത്തിൽ ക്ഷേത്രാരാധനയുടെ സ്ഥാനം എന്തെന്നും വിസ്തരിക്കേണ്ടിയിരിക്കുന്നു. വ്യത്യാസം കാണിക്കുവാനായി നമുക്കു് മറ്റൊരു മതം എടുത്തുനോക്കാം; ക്രിസ്തുമതം എന്നു വിചാരിക്കുക. അതിന്റെ തത്വം അനുസരിച്ചു്, ഈ ലോകത്തിലുണ്ടാകുന്ന പാപവും, ദുഃഖവും ഒന്നും, അതിലുള്ള ആളുകളുടേയൊ ജീവികളുടേയൊ പ്രവൃത്തിയുടെ ഫലമല്ല. അതു, അവരുടെ പറയപ്പെടുന്ന, ആദ്യത്തെ മാതാപിതാക്കന്മാരിൽ നിന്നു്, പാരമ്പര്യവഴിക്കു ലഭിച്ചിട്ടുള്ളതാണു്. ഈ മാതാപിതാക്കന്മാർ, ഈശ്വരകല്പനയെ ലംഘിച്ചതിനാൽ, അവർക്കു് നല്കപ്പെട്ടിരുന്ന ലോകത്തിൽ നിന്നും, അധഃപതിച്ചു എന്നു് മാത്രമല്ല, അവർചെയ്ത തെറ്റിനുള്ള പാപവും, അതിന്റെ ദുഃഖഭൂയിഷ്ഠമായ ഫലങ്ങളും, പിൻഗാമികൾക്കു് നല്കുകയും ചെയ്തു. ആ പാപത്തിന്റെ ദുഃഖഭൂയിഷ്ഠമായ ഫലങ്ങളിൽനിന്നും, അവർക്കഭയംകൊടുക്കുവാൻ പുറമെ ഒരു രക്ഷിതാവു് ആവശ്യമായിത്തീർന്നു. ഇതാണു്, ക്രിസ്തുമതത്തിന്റെ ജീവതത്വം. ക്രിസ്ത്യാനികളുടെ പള്ളി, മനുഷ്യർ ഈ പാരമ്പര്യമായി ആർജ്ജിച്ചിരിക്കുന്ന പാപത്തിന്റെ, പ്രായശ്ചിത്തകർമ്മം നടത്തുന്ന സ്ഥാപനമാണു്. വിശ്വാസം, പ്രാർത്ഥന, പശ്ചാത്താപം മുതലായ വഴിയിൽക്കൂടിയാണു് അവ ഈ പാപത്തിന്റെ ശിക്ഷയെ ഇല്ലാതാക്കുന്ന ദിക്കിൽ എത്തിച്ചേരുന്നതു്. ഹിന്ദുമതം അനുസരിച്ചു്, ലോകത്തിലെ പാപവും, ദുഃഖഭൂയിഷ്ഠമായ ഫലങ്ങളും, എല്ലാം അവിടത്തെ ജീവികളുടെ അന്യോന്യമുള്ള ചീത്തപ്രവൃത്തികൊണ്ടു് ഉണ്ടായിട്ടുള്ളതാണു്. അതിനാൽ അവയെ അന്യോന്യമുള്ള സൽപ്രവൃത്തികൾകൊണ്ടു പരിഹരിക്കാം. അപ്പോൾ പുറമെ, അഥവാ, പ്രതിനിധിസ്ഥാനം ഉള്ള ഒരു രക്ഷിതാവു അവർക്കു ആവശ്യമായിത്തീർന്നു. അദ്ദേഹത്തോടു അവർ പ്രാർത്ഥിക്കുകയും ചെയ്യുവരുന്നു.

മുൻപു പറയപ്പെട്ട ശരിയായ പ്രവൃത്തിതന്നെയാണു്, ഹിന്ദുമതത്തിലെ ആരാധനാരീതി. ഈ ആരാധനാരീതിക്കു് ക്ഷേത്രങ്ങളും അത്യാവശ്യമാണു്. സാമാന്യസമുദായങ്ങൾക്കു്, ഗവൎമ്മെണ്ടു് എത്രത്തോളം അത്യന്താപേക്ഷിതമാണോ, അത്രത്തോളംതന്നെ ആവശ്യമുള്ളതാണു്, ഹിന്ദുക്കളുടെ ആരാധനക്കു് ക്ഷേത്രങ്ങളും. സമസ്തജീവികളുടേയും സുഖത്തിന്നുവേണ്ട, ദിവ്യശക്തിയെ ഉണ്ടാക്കുകയും, സംരക്ഷിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്ന, പ്രവൃത്തിശാലകളാണു് അവ. ഈ ദിവ്യശക്തി, ആഗമങ്ങളിലും, ശാസ്ത്രങ്ങളിലും പറയുന്ന പ്രത്യേക വിധികളെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നതിനാലാണു്, ക്ഷേത്രങ്ങൾക്കു് ഉണ്ടായിത്തീരുന്നതു്. അവയുടെ ഭരണം, പുറമേയുള്ള വല്ല മാനേജർമാരിലൊ മറ്റൊ സ്ഥാപിച്ചു്, അപേക്ഷകളേയും, പരാതികളേയും സ്വീകരിപ്പാൻ മാത്രമുള്ള സ്ഥലങ്ങളല്ല അതു്. അവയെ ഭരിക്കുന്ന നിയമങ്ങൾ, ചില സംഘക്കാരുടെ ഐകകണ്ഠ്യേനയുള്ളതോ; ഭൂരിപക്ഷപ്രകാരമുള്ളതോ ആയ, വിധി അനുസരിച്ചു്, ഭേദപ്പെടുത്താവുന്നവയല്ല.

43. എത്രത്തോളം, പ്രാമാണികങ്ങളാകുവാൻ സാധിക്കുമോ, അത്രത്തോളം പ്രാമാണികങ്ങളാണു് അവ. അവയേക്കാൾ കൂടുതൽ ശ്രേഷ്ഠതയുള്ള, പ്രമാണങ്ങൾ ഉണ്ടാകുവാൻ പാടില്ല.

44. പൊതുവേയുള്ള അടിസ്ഥാനം സംബന്ധിച്ചു നോക്കുന്നതായാൽ, ഒരു ക്ഷേത്രവും, മറ്റൊരു ക്ഷേത്രവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നു സ്പഷ്ടമായി കാണാം. ഒരു വ്യത്യാസവും ഉണ്ടാകുവാൻ പാടില്ല.

45. ഗവൎമ്മെൻറിന്നു് യാതൊരു മതസ്ഥാപനങ്ങളുടെ കാൎയ്യത്തിലും, കുടിവക ക്ഷേത്രങ്ങളായാലും കൊള്ളാം, ഗവൎമ്മെൻറിൻെറ ഭരണത്തിലിരിക്കുന്നവയായാലും കൊള്ളാം—തീരെ ഇടപെടുവാൻ പാടില്ലാത്തതാണു്. ഗവൎമ്മെൻറിൻെറ ഭരണത്തിനു കീഴിൽ ഇരിക്കുന്നതു്, അവയെ ഗവൎമ്മെൻറു വേണ്ടവിധം സംരക്ഷിക്കുമെന്നുള്ള വിശ്വാസംകൊണ്ടു മാത്രമാണു്. ഗവൎമ്മെൻറിനു് ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, സ്വേച്ഛാനുസരണം പ്രവൃത്തിക്കുവാൻ അധികാരമില്ല. അങ്ങിനെ ചെയ്വാൻ ഗവൎമ്മെൻറിനു് അധികാരമുണ്ടു് എന്നു വിചാരിക്കുന്നപക്ഷം, അതിനു് ഏതു സ്ഥാപനങ്ങളിലും, ഹിന്ദുക്കളുടേതായാലും കൊള്ളാം, ക്രിസ്ത്യാനികളുടേതായാലും കൊള്ളാം, മുഹമ്മദീയരുടേതായാലും കൊള്ളാം, കുടിവകയായാലും കൊള്ളാം, പൊതുജനങ്ങളുടേതാ

യാലും കൊള്ളാം, പ്രവേശിക്കുവാൻ അധികാരമുണ്ടു എന്നു വരുന്നു. "ഗവൎമ്മേൻറു, ആ തരം ക്ഷേത്രങ്ങളുടെ കാൎയ്യത്തിൽ, എപ്പോഴെങ്കിലും ഇടപെട്ടിട്ടുണ്ടോ," എന്ന ചോദ്യത്തിന്, കാൎയ്യം എന്നതു്, ഏതു വിധത്തിലുള്ള കാൎയ്യത്തെ ആണു സൂചിപ്പിക്കുന്നതെന്നു, പറയാതെ, മറുവടി പറയുവാൻ നിൎവ്വാഹമില്ല. അതെന്തുതന്നെ ആയാലും, തെററായ ഒരു പ്രവൃത്തി ഒരിക്കൽ ചെയ്തു എങ്കിൽ, അതിനെ ആവൎത്തിക്കണമെന്നു തോന്നുന്നില്ല; ആവൎത്തിക്കുവാൻ പാടില്ല.

46. ഉണ്ടു്. ദേവസ്വഭരണത്തെ, മററു ഭരണത്തിൽനിന്നു വേർതിരിച്ചതായ, രാജകീയവിളംബരമാണ്, ഈ വിഷയത്തെപ്പററി പ്രതിവാദിക്കുന്ന ഏററവും അടുത്ത കാലത്തെ ഉടമ്പടി. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ നാമത്തിൽ, നടത്തപ്പെടുന്ന ഏതൊരു ഗവൎമ്മേൻറിന്നും, ഈ രാജകീയവിളംബരത്തിന്നു വിരോധമായി, പ്രവൃത്തിക്കുവാൻ അധികാരമില്ലതന്നെ.

47. ഈ ചോദ്യത്തിനുള്ള സമാധാനം ഇതാണ്. തെററായി പ്രവൃത്തിക്കുവാൻ, ഏതൊരു ഗവൎമ്മേൻറിനും സ്വാതന്ത്ര്യമില്ലാതായി തീൎന്നിരിക്കുന്നു. തങ്ങൾ ഏററുപോയിരിക്കുന്ന കാൎയ്യങ്ങളെ, അതേവിധം തന്നെ, ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും, നിൎവ്വഹിക്കുവാൻ, ഗവൎമ്മേൻറു കടപ്പെട്ടിരിക്കുന്നു. അഥവാ, മേല്പറഞ്ഞ വിളംബരം ഉണ്ടായിരുന്നില്ലെങ്കിൽതന്നെ, ഒരു ഗവൎമ്മേൻറു ക്ഷേത്രപ്രവേശനംപോലെയുള്ള ഒരു അന്യായസംരംഭത്തിന്, കീഴടങ്ങുമെന്ന് ആരും വിചാരിക്കുന്നില്ല. ഹിന്ദുവല്ലാത്ത ഒരു ഗവൎമ്മേൻറായിരുന്നാൽതന്നെ, ഇത്ര വലുതായ വിശ്വാസവഞ്ചനയും, അക്രമവും ചെയ്വാൻ ഒരുമ്പെടുന്നതല്ല.

48. ഈ ചോദ്യത്തിൻെറ സമാധാനം, ഇതിനുമുൻപു ചോദിച്ചിരുന്ന ചോദ്യങ്ങളുടെ സമാധാനത്തിൽ, അടങ്ങിയിട്ടുണ്ടു് അഥവാ, അടങ്ങിയിരിക്കുന്നതായി വിചാരിക്കാം.

ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററി മുമ്പാകെ സവർണ്ണർ സമർപ്പിച്ച സ്റ്റേററുമെൻറ്.

(2500 പേർ ഒപ്പിട്ടയച്ചതു്.)

ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിയുടെ പ്രശ്നാവലിയേയും അവർണ്ണരുടെ ക്ഷേത്രപ്രവേശത്തേയുംസംബന്ധിച്ചു് സവർണ്ണരായ ഞങ്ങൾക്കു പറവാനുള്ള സംഗതികളെ സംക്ഷിപ്തമായി താഴെ സംക്ഷേപിച്ചുകൊള്ളുന്നു.

1. "ഉപേയാദീശ്വരംചൈവ യോഗക്ഷേമാർത്ഥസിദ്ധയേ" എന്ന യാജ്ഞവൽക്യത്തിലെ വിധിയനുസരിച്ചുള്ള സ്വന്തം ഈശ്വരോപാസനാസൌകര്യത്തിന്നുവേണ്ടി ഇഷ്ടദേവതാസ്ഥാനങ്ങളായ ഓരോ ദേവാലയങ്ങളേയും സ്ഥാപകന്മാർ സ്ഥാപനം ചെയ്തിരിക്കുന്നു. അവയുടെ സുസ്ഥിതിക്കു വേണ്ട മൂലസ്വത്തും സ്ഥാപകന്മാർതന്നെ സ്വന്തസമ്പാദ്യത്തിൽനിന്നും തിരിച്ചു് വിനിമയം ചെയ്തുവച്ചിരിക്കുന്നു. സ്ഥാപനാംഗമായ മൂലസ്വത്വവിനിമയം അന്യരാൽ ചെയ്യപ്പെടുന്നതൊ അന്യർക്കു് ചെയ്യാവുന്നതൊ അല്ല. "കൃത്വാത്രൈധാസ്വസമ്പാദിതവസ്തുനിചയം നിത്യപൂജാദിസിദ്ധ്യൈഭാഗം ദേവായ" എന്ന തന്ത്രസമുച്ചയഭാഗംകൊണ്ടു് ഇതു് സ്പഷ്ടമാകുന്നു. വഴിവാടുസംഖ്യകൾ മൂലസ്വത്തിൽ ഉൾപ്പെടുന്നില്ല. ഉൾപ്പെടുത്തുവാൻ ന്യായവുമില്ല. വഴിവാടുസംഖ്യക്കും മൂലസ്വത്തിന്നും തമ്മിൽ രാപ്പകലെന്നോണം വിഭിന്നതയുണ്ടു്. സ്വന്തം ഈശ്വരഭജനത്തിന്നു പ്രതിബന്ധം വരാത്തവിധത്തിൽ അന്യരുടെ ആരാധനയേയും സ്ഥാപകന്മാർ അനുവദിച്ചിരിക്കുന്നു. സ്ഥാപകൻെറ ഈ അനുവാദം ഹേതുവായിട്ടാണു് അന്യർക്കും അന്യ ക്ഷേത്രങ്ങളിൽആരാധനാവകാശമുണ്ടായിത്തീരുന്നതു്. ഈശ്വരാരാധനം ക്ഷേത്രത്തിൽ പ്രവേശിച്ചുകൊണ്ടും ബഹിർഭാഗത്തു നിന്നുകൊണ്ടും ഇങ്ങിനെ രണ്ടുതരത്തിലുണ്ടു്. ഇതിൽ പ്രവേശിച്ചുകൊണ്ടുള്ള ഈശ്വരാരാധനയ്ക്കു വർണ്ണാശ്രമധർമ്മബഹിഷ്കൃതർക്കു് അനുവാദമില്ല. വർണ്ണാശ്രമധർമ്മബഹിഷ്കൃതരുടെ പ്രവേശം വർണ്ണാശ്രമധർമ്മാനുസൃതമായ ഈശ്വരഭജനത്തിന്നു പ്രതിബന്ധമാകുന്നു. അതിനാൽ സ്ഥാപകാനുവാദംകൊണ്ടുണ്ടായിത്തീരുന്ന പ്രവേശാവകാശവും പ്രവേശിച്ചുകൊണ്ടുള്ള ഈശ്വരാരാധനാവകാശവും അവർണ്ണർക്കു് അസംഭാവ്യമായിട്ടുള്ളതാണു്. അവർണ്ണർക്കു സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശാവകാശമില്ലെന്നു വന്നതോടുകൂടി സവർണ്ണ

ക്ഷേത്രങ്ങളിൽ പ്രവേശിച്ചുകൊണ്ടുള്ള ഈശ്വരാരാധനാവകാശം സവ
ർണ്ണർക്കു മാത്രമുള്ളതാണെന്നു സിദ്ധമായല്ലൊ. സവർണ്ണരുടെ ഈ പ്രത്യേ
കാവകാശത്തിന്നു സിവിൽനിയമാധീനതയുമുണ്ടു്. അവകാശസംരക്ഷ
ണമാകുന്ന മഹത്തത്വത്തിൽ സുസ്ഥാപിതവും ഗവമ്മേൻറിനാലും ഭ
ഞ്ജിക്കുവാൻ കഴിയാത്തതുമായ സിവിൽനിയമതത്വം സവർണ്ണരുടെ
ഈ പ്രത്യേകാവകാശസ്ഥാപനയിലും പ്രസരിക്കാതിരിക്കയില്ല. അതി
നാൽ അവർണ്ണർക്കു സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശാവകാശമില്ലാത്തതു
കൊണ്ടും അവർണ്ണപ്രവേശം വർണ്ണാശ്രമധർമ്മപ്രകാരമുള്ള ആരാധനാദി
കളെ പ്രതിബന്ധിക്കുന്നതുകൊണ്ടും നിയമാധീനമായ ഈ പ്രത്യേകാവ
കാശത്തെ സംരക്ഷിക്കുവാൻ ഓരോ സവർണ്ണവ്യക്തിക്കും അവകാശവും
അധികാരവുമുള്ളതുകൊണ്ടും ഞങ്ങൾക്കു് അവർണ്ണപ്രവേശത്തെ പ്രതി
ഷേധിക്കാതിരിപ്പാൻ നിവൃത്തിയില്ല.

2. ക്ഷേത്രപ്രവേശത്തിലും ആരാധനയിലും വ്യത്യസ്തങ്ങളായ പ
രിധികളും സമ്പ്രദായങ്ങളും ആഗമങ്ങളിൽ വിഹിതങ്ങളാകുന്നു. സ്വാ
ർത്ഥത്തെ മുൻനിർത്തിയല്ല ആ ശാസ്ത്രവിധികളെത്തുടന്നാണു് ഇന്നത്തെ
വ്യത്യസ്തപരിധികളും സമ്പ്രദായങ്ങളും ഉണ്ടായിത്തീന്നതു്. ക്ലിപ്തപരി
ധികളിൽനിന്നുകൊണ്ടു് ക്ലിപ്തസമ്പ്രദായത്തിലുള്ള ആരാധനയ്ക്കാണു്
സ്ഥാപകാനുവാദമുള്ളതും. അവയെ ലംഘിക്കുവാൻ ആക്കും അവകാ
ശവുമധികാരവുമില്ല. അവയെ ലംഘിക്കുന്നതു് അക്രമവും, അക്ര
മത്തെ തടയുവാനാക്കും അവകാശവുമുള്ളതാണു്. അക്രമത്തോടെതൃക്കേ
ണ്ടതു് ഏവരുടേയും കടമയുമാണു്. ക്ലിപ്തപരിധിയെ ലംഘിക്കുവാന
നുവദിക്കുന്നതു വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ഒരു പ്രവൃത്തിയു
മാകുന്നു. സ്വാഭിപ്രായമനുസരിച്ചുള്ള ഈശ്വരാരാധനയ്ക്കുവേണ്ടി സ്വ
ന്തം ധനംകൊണ്ടു സ്ഥാപിതമായ ക്ഷേത്രത്തിലും സ്വാഭിപ്രായമനുസ
രിച്ചുള്ള ഈശ്വരാരാധനം അശക്യമാക്കിത്തീക്കുന്നു എങ്കിൽ അതിൽ
പരമായ ഒരനീതിയും അധർമ്മവും വ്യക്തിസ്വാതന്ത്ര്യഭഞ്ജനവുമില്ല.
ഇതു് ആത്മാഭിമാനമുള്ള മനുഷ്യനുള്ള കാലത്തോളം അനുവദിക്കപ്പെ
ടുന്നതൊ അനുവദിക്കപ്പെടാവുന്നതൊ അല്ല. അതുകൊണ്ടും ഞങ്ങൾ
ക്കു് അവർണ്ണരുടെ പ്രവേശത്തേയും തദനുവാദത്തേയും അനുകൂലിക്കു
വാൻ നിവൃത്തിയില്ല.

3. ഭൂപരിഗ്രഹാദിചതുർത്ഥസ്നാനപര്യന്തമുള്ള ക്രിയാകലാപം
കൊണ്ടു് ഈശ്വരസാന്നിദ്ധ്യമുണ്ടാവുകയും അശുദ്ധിപരിഹാരാദികളെ
ക്കൊണ്ടു നിലനിൽക്കയും ഉത്സവാദികളെക്കൊണ്ടു വദ്ധിക്കയും ചെയ്യു

ന്നു എന്നാണ് ആഗമസിദ്ധാന്തം. അശുദ്ധിപരിഹാരം നിലനില്പിന്നു കാരണമാണെന്നുള്ളതുകൊണ്ട് അശുദ്ധിസാന്നിദ്ധ്യത്തിന്നു ഹാനികരമാണെന്നു സിദ്ധമായിരിക്കുന്നു. ഉല്പത്തിയും വളൎച്ചയും കല്പിക്കപ്പെടുന്ന ഒന്നിന്നു നാശം കല്പിക്കപ്പെടുന്നത് അയുക്തമല്ല. വിശുദ്ധ സത്വസ്വരൂപമായ ചൈതന്യത്തിന്നു തമോരൂപമായ അശുദ്ധിയാൽ ഹാനി (അഭിഭവം)യുണ്ടാകുമെന്നതിന്ന് യാതൊരു യുക്തിഹീനതയുമില്ല. "രജസ്തമശ്ചാഭിഭൂയസത്വം ഭവതിഭാരത തമസ്സത്വം രജശ്ചൈവ, രജസ്സത്വംതമസ്തഥാ" എന്ന ഭഗവൽഗീതാ വചനത്താൽ ഇത് അനുഗ്രഹീതവുമാകുന്നു. കൎമ്മവിശേഷംകൊണ്ട് ഈശ്വരസാന്നിദ്ധ്യമുണ്ടാകുമെന്നുപദേശിക്കുന്ന ശാസ്ത്രങ്ങളെ വിശ്വസിക്കുന്നവൎക്ക് അശുദ്ധികൊണ്ടു് അതു നശിച്ചുപോകുമെന്നുപദേശിക്കുന്ന ആ ശാസ്ത്രങ്ങളെ വിശ്വസിക്കാതിരിപ്പാൻ ന്യായമില്ല. ഈശ്വരസാന്നിദ്ധ്യവും നാശവും അപ്രത്യക്ഷമാണ്. രണ്ടും ശാസ്ത്രംകൊണ്ടു മാത്രം അറിയപ്പെടുന്നു. ഒരേടത്തു് ശാസ്ത്രം വിശ്വാസ്യമെന്നും മറെറാരേടത്തു് അവിശ്വാസ്യമെന്നും പറയുന്നതു സ്വാൎത്ഥമല്ലാതെ മറെറാന്നുമല്ല. ക്ഷേത്രതത്വഭൂതമായ ശുദ്ധസത്വരൂപത്തെ നശിപ്പിച്ചുകളയുന്നതായ ഈ ക്ഷേത്രപ്രവേശത്തെ പ്രതിഷേധിക്കാതിരിപ്പാൻ നിവൃത്തിയില്ല.

4. അവൎണ്ണരുടെ പ്രവേശത്താൽ ക്ഷേത്രം അശുദ്ധമാകുമെന്നും ഈശ്വരസാന്നിദ്ധ്യം നശിച്ചുപോകുമെന്നും മുമ്പു പറഞ്ഞുവല്ലൊ. അശുദ്ധസ്ഥലത്തുവെച്ച് വൎണ്ണാശ്രമധൎമ്മാനുസൃതമായ യാതൊരു കൎമ്മവും സവൎണ്ണൎക്ക് ചെയ്തുകൂടാ. "ദേശേശുചാവാത്മനിച" എന്ന് യാജ്ഞവൽക്യനും "ശുചിതൽകാലജീവികൎമ്മകുൎയ്യാൽ" എന്നു ശ്രുതിയും വിധിച്ചിരിക്കുന്നു. ഈശ്വരാരാധനയ്ക്കുവേണ്ടി ക്ഷേത്രത്തിൽ പ്രവേശിപ്പിക്കണമെന്ന് വാദിക്കുന്ന അവൎണ്ണൎക്കും ഈശ്വരസാന്നിദ്ധ്യം നശിച്ചുപോയ ക്ഷേത്രങ്ങളെക്കൊണ്ട് വാസ്തവത്തിൽ യാതൊരു പ്രയോജനവുമില്ല. ഇന്നേവൎക്കും ഉപകരിച്ചുകൊണ്ടിരിക്കുന്ന ദേവാലയങ്ങൾ ഇങ്ങിനെ ആൎക്കുമേതുമുപയോഗമില്ലാതെ അജാഗളസ്തനസഹോദരങ്ങളായി പരിണമിക്കും. അശുദ്ധിമൂലം ചൈതന്യവിഹീനങ്ങളായിത്തീരുന്ന പ്രതിമകളെ വഹിച്ചുകൊണ്ടിരിക്കുന്ന ദേവതാസ്ഥാനങ്ങൾ ശ്മശാനങ്ങളെന്നോണം എവരാലും വിവൎജ്ജിക്കപ്പെടുന്നതാണ്. സൎവ്വരുടേയും സൎവ്വശ്രേയസ്സിന്നും നിദാനഭൂതമായ ഒരു മഹൽസ്ഥാപനത്തെ നിരുപയോഗമാക്കിത്തീൎത്തുവിടുന്ന ഈ അവൎണ്ണപ്രവേശത്തെ പ്രതികൂലിക്കാതെ തരമില്ല.

5. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ്മലബാർ ഈ രാജ്യനിവാസികൾക്കു് സാമുദായികവും മതപരവുമായ സംഗതികളിൽ യാതൊരു വ്യത്യാസവുമില്ല. അവർ സ്വന്തം കുഡുംബാംഗങ്ങളെപ്പോലെ അത്രക്കും പരസ്പരം ബന്ധപ്പെട്ടാണു കിടക്കുന്നതു്. അതിൽ ഒരു രാജ്യത്തുതന്നെ മതധ്വംസകമായ ഒരേർപ്പാടു് നടപ്പിൽ വരുന്നതായാൽ അവക്കു് തമ്മിലുള്ള അഭേദ്യബന്ധം വിച്ഛേദിച്ചുകളയേണ്ടതായും അതു് അസുഖകരങ്ങളായ പല സംഭവങ്ങൾക്കും കാരണമായും പരിണമിക്കും. ഗുരുവായൂർ ക്ഷേത്രം തുറന്നുകൊടുക്കുവാൻ കൊച്ചി, തിരുവിതാംകൂർ, മഹാരാജാക്കന്മാരുടേയും അനുവാദം വേണമെന്നു് സാമൂതിരിപ്പാടവർകൾ പറഞ്ഞതു് ഈ തത്വം ശരിയാംവണ്ണം ധരിച്ചിട്ടുള്ളതുകൊണ്ടാണു്. അല്ലാതെ ഗുരുവായൂർ ക്ഷേത്രത്തിൽ ആ രാജാക്കന്മാൎക്കു വല്ല ഉടമയൊ അവകാശമൊ ഉള്ളതുകൊണ്ടല്ല. അന്നു സാമൂതിരിപ്പാട്ടിലെ വാക്കിനെ കളിയാക്കിയ തിരുവിതാംകൂർ ഗവൎമ്മേൻറിന്നു മാത്രമെ മേല്പറഞ്ഞ തത്വം മനസ്സിലാക്കുവാൻ മനസ്സില്ലാതെ വന്നതുള്ളു. ഇങ്ങിനെ തിരുവിതാംകൂറിലെ സവൎണ്ണരെ മററു സവൎണ്ണരിൽനിന്നും വിഭിന്നരാക്കി സവൎണ്ണരിൽ തന്നെ ഒരു വിഭാഗത്തെക്കൂടി സൃഷ്ടിച്ചുവിടുവാൻ പൎയ്യാപ്തമായ അവൎണ്ണപ്രവേശത്തെ പ്രതിഷേധിക്കാതെ തരമില്ല.

6. തിരുവിതാംകൂറിൽ തന്നെ ക്ഷേത്രമാത്രോപജീവികളായിട്ടു് എഴുപത്തയ്യായിരം കുഡുംബങ്ങളോളമുണ്ടു്. അവൎണ്ണപ്രവേശത്താൽ അശുദ്ധമായിത്തീരുന്ന നിവേദ്യാദികളെ ഉപയോഗിക്കുവാനും വൎണ്ണധൎമ്മങ്ങളാചരിക്കുവാനും ആചാരമൎയ്യാദയും അടിയുറച്ചു കിടക്കുന്ന ആത്മവിശ്വാസവും അവരെ അനുവദിക്കുകയില്ല. ഇതുമൂലം അനേകം കുഡുംബങ്ങൾ പട്ടിണിയിൽ പെടുന്നതും അനേകം സമുദായക്കാർ വിധൎമ്മികളായിത്തീരുന്നതുമാണു്. ജോലിയില്ലാത്തവരും വിധൎമ്മികളും വൎദ്ധിക്കുന്നതു ലോകസമാധാനത്തിന്നു ഹാനികരമാണെന്നുള്ളതു അനുഭവസിദ്ധമാണു്. ഇന്നത്തെ ലോകത്തിലേക്കു് ഒന്നു സൂക്ഷ്മവീക്ഷണം ചെയ്യുന്നതായാൽ കമ്മാറിക്കുതന്നെ ഇതു ബോദ്ധ്യമാവുന്നതുമാണു്. ഇതും അവൎണ്ണരുടെ ക്ഷേത്രപ്രവേശത്തെ പ്രതികൂലിക്കുവാൻ കാരണമാകുന്നു.

7. സൎവ്വശ്രേയസ്സിന്നും നിദാനമായി വിശ്വസിച്ചാരാധിച്ചു പോരുന്ന കുലദൈവതങ്ങളെ തീണ്ടിപ്പൊട്ടിക്കുകയും തദാരാധനയെ തടയുകയും ചെയ്യുക എന്നതു സവൎണ്ണരുടെ മനസ്സിനെ കഠിനമായി വേദനി

പ്പിക്കാതിരിക്കുകയുമില്ല. അസഹ്യമായ മനോവേദന അനേകം ദുഷ്ഫലങ്ങളെ വമിക്കുമെന്നതു നിശ്ചിതമാണ്. തടഞ്ഞാലും മൎമ്മഗ്രഹണത്തിൽ ചലനമുണ്ടാകാതിരിക്കയില്ല. "മൎമ്മത്തിൽ തട്ടിയാലാൎക്കും ജീവനാഡി പിടച്ചിടും", അതിനാൽ സവൎണ്ണാസവൎണ്ണർ തമ്മിൽ പല വഴക്കുകളും കലാപവും ഉണ്ടായിത്തീരുവാനും ഇതു കാരണമാകുന്നു. ജനനംമുതൽ അനുഭവിച്ചു പോരുന്ന ഒരവകാശം പൊയ്പോയതുകൊണ്ടുള്ള മനോവേദന, മുമ്പനുഭവിച്ചിട്ടില്ലാത്ത ഒരവകാശത്തിൻെറ അസിദ്ധിയിൽനിന്നും ഉണ്ടാകുന്ന മനോവേദനയേക്കാൾ നൂറിരട്ടി അസഹ്യമാണെന്നുള്ളതു മനശ്ശാസ്ത്രവേദികളോടു പറയേണ്ടതില്ല. ഇതും അവൎണ്ണരുടെ ക്ഷേത്രപ്രവേശത്തെ പ്രതിഷേധിക്കുവാൻ കാരണമാകുന്നു.

8. ആത്മശുദ്ധി, മനശ്ശുദ്ധി, ശരീരശുദ്ധി, ആചാരവിചാരങ്ങൾ, ആഹാരവിഹാരങ്ങൾ, സംസ്കാരങ്ങൾ ഇവയാൽ സവൎണ്ണാസവൎണ്ണൎക്കു തമ്മിൽ രാപ്പകലെന്നോണം വൈരുദ്ധ്യമുണ്ട്. ഈ വിരുദ്ധധൎമ്മങ്ങൾ തമ്മിലുള്ള അസമത്വം മനുഷ്യകൃതമല്ല. അതില്ലാതാക്കുവാനും സാദ്ധ്യമല്ല. പ്രകൃതി തൻെറ സൃഷ്ടിസാമഗ്രിയായ ഗുണത്രയസങ്കലനത്തിൽ കൈക്കൊണ്ടിരിക്കുന്ന ന്യൂനാധികഭാവത്തെ ഉപേക്ഷിക്കാതെ അവർ തമ്മിൽ സമത്വം സ്ഥാപിതമാകയില്ല. ക്ഷേത്രപ്രവേശനം അനുവദിച്ചാലും ആ വിഷയത്തിലും സമത്വം സിദ്ധിക്കുകയില്ല. എന്തെന്നാൽ അവർ പ്രവേശിക്കുന്ന ക്ഷേത്രങ്ങളെ സവൎണ്ണർ ബഹിഷ്കരിക്കും, പ്രവൃത്തിമാൎഗ്ഗപ്രവൃത്തരായ സവൎണ്ണരുടെ ഒരു പരമസ്ഥാനം അവൎക്കു നഷ്ടമാക്കിത്തീൎക്കാമെന്നല്ലാതെ അവൎണ്ണരെസ്സംബന്ധിച്ചിടത്തോളം ഇത് അകിഞ്ചിൽകരമാകുന്നു. ഇതും ഞങ്ങളുടെ പ്രതിഷേധത്തിന്നു കാരണമാകുന്നു.

9. ആഗമവിധിപ്രകാരം പ്രതിഷ്ഠിതകളായ പ്രതിമകളെ കേവലം ഉപേക്ഷിച്ചു പോരുവാൻ ശാസ്ത്രവും ആചാര നടവടികളിൽനിന്നും ഉണ്ടായ ആത്മ വിശ്വാസവും ഞങ്ങളെ അനുവദിക്കുന്നില്ല. അവൎണ്ണർ പ്രവേശിക്കുന്ന ക്ഷേത്രങ്ങളിൽനിന്നും ഈശ്വരപ്രതിമകളെ ഗൃഹങ്ങളിലേയ്ക്കു നയിക്കുവാനും, ഗത്യന്തരം ഇല്ലാതെ വരുന്നപക്ഷം ഈശ്വര ശക്തിയെ വീണ്ടെടുത്തു പ്രതിമകളെ ഭൂദാനമായിസ്സമൎപ്പിക്കുവാനും ആണു ശാസ്ത്രം വിധിച്ചു കാണുന്നത്. ഇതിനെ വിശ്വസിച്ചു പോരുന്നവൎക്ക് അപ്രകാരം ചെയ്യാതെയും ചെയ്യിപ്പിക്കാതെയും മൌനമവലംബിക്കാവതല്ല. ഈ അത്യാഹിതവും ഞങ്ങളുടെ പ്രതിഷേധത്തിന് ഒരു മുഖ്യകാരണമാകുന്നു.

10. നാല്പത്തെട്ടാം പ്രശ്നംകൊണ്ടു ക്ഷേത്രപ്രവേശവിഷയത്തിൽ ഭൂരിപക്ഷാഭിപ്രായത്തെ പ്രമാണീകരിക്കുവാൻ കമ്മററി ഉദ്ദേശിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൻ ആ പ്രശ്നത്തിന്നു തന്നെ പ്രസക്തിയില്ല. മതകാൎയ്യത്തിലും അവകാശവാദത്തിലും ഭൂരിപക്ഷത്തിന്നു പ്രാമാണ്യമില്ല. മതകാൎയ്യങ്ങളെ നിയന്ത്രിക്കുവാൻ മതഗ്രന്ഥങ്ങൾക്കു മാത്രമെ അധികാരമുള്ളു. ഭൂരിപക്ഷത്തെ അടിസ്ഥാനപ്പെടുത്തി ഒരുവൻെറ അവകാശത്തെ മറെറാരുവന്നു സംഭാവന ചെയ്യുന്നതു പരസ്യമായ സ്വത്വാപഹരണവും ലോകസുസ്ഥിതിയ്ക്കു ഹാനികരവുമാകുന്നു. അതു ന്യായമല്ല. ധാൎമ്മികപ്രവൃത്തിയല്ല. രാജധൎമ്മവുമല്ല. ശാസ്ത്രവിധിക്കും യുക്തിവാദത്തിന്നും പ്രവേശമില്ലാത്തിടത്തു മാത്രമേ ഭൂരിപക്ഷം സ്വീകാൎയ്യമായിത്തീരുകയുള്ളു. അല്ലാതെ ഏതിലും ഭൂരിപക്ഷത്തെ പ്രമാണമായി സ്വീകരിക്കുന്നപക്ഷം ശാസ്ത്രവിധികളും സിവിൽ നിയമങ്ങളും യുക്തിവാദങ്ങളും നിഷ്പ്രയോജനങ്ങളായിത്തീരുന്നതാണു്. വാസ്തവത്തിൽ മൃഗീയമായ ബലപ്രയോഗത്തെ ആശ്രയിച്ചുകൊണ്ടാണു ഭൂരിപക്ഷതത്വം നിലകൊള്ളുന്നതു്. മതത്തെയും ധൎമ്മാവബോധത്തെയും സംബന്ധിക്കുന്ന കാൎയ്യത്തിൽ ഭൂരിപക്ഷം നോക്കി തീൎച്ചച്ചെയ്യുന്നതു് അബദ്ധവും അനീതിയുമാണു്. ഇതു നിൎബ്ബന്ധമല്ലാതെ മറെറാന്നുമല്ല എന്നാണു പണ്ഡിതമാളവ്യജി പറയുന്നതു്. അതിനാൽ അന്യായവും അധൎമ്മവും ലോകസുസ്ഥിതിക്കു ഹാനികരവുമായ ഭൂരിപക്ഷപക്ഷം മതകാൎയ്യവും അവകാശവാദപ്രേരിതവുമായ ക്ഷേത്രപ്രവേശവിഷയത്തിൽ അംഗീകാൎയ്യമല്ലെന്നു ഞങ്ങൾ കമ്മററിയെ സോൽക്കണ്ഠം അറിവിച്ചുകൊള്ളുന്നു.

11. ഗവൎമ്മേൻറിൻെറ ക്ഷേത്രപ്രവേശവിഷയത്തിലെ പ്രവൎത്തനം അതിൻെറ അധികാരസീമയെ അതിക്രമിച്ച ഒരു പ്രവൃത്തിയാകുന്നു. മതകാൎയ്യമായ ക്ഷേത്രപ്രവേശവിഷയത്തിൽ ഭേദഗതി ചെയ്യുവാൻ ഗവൎമ്മേൻറിന്നധികാരമില്ല. വേദകാലംമുതൽ നടന്നുവരുന്ന ഒരാചാരനടപടിയെ ഭേദപ്പെടുത്തുവാനും അധികാരമില്ല. വൎണ്ണാശ്രമ ധൎമ്മാനുസൃതമായ കൎമ്മങ്ങൾക്കുവേണ്ടി സ്ഥാപിതങ്ങളായ ക്ഷേത്രങ്ങളിൽ വൎണ്ണാശ്രമധൎമ്മബഹിഷ്കൃതരെ പ്രവേശിപ്പിക്കുവാനും സവൎണ്ണരുടെ ആരാധനാദികൎമ്മങ്ങളെത്തടയുവാനും ഗവൎമ്മേൻറിന്നധികാരമില്ല. ക്ഷേത്രസ്ഥാപനകാലം മുതൽ നിൎബ്ബാധം അനുഭവിച്ചു വരുന്ന ഒരവകാശത്തെ ഇല്ലായ്മ ചെയ്യുവാനും ഗവൎമ്മേൻറിന്നധികാരമില്ല. വൎണ്ണാശ്രമധൎമ്മങ്ങളേയും മതകാൎയ്യങ്ങളേയും ആചാരനടപടികളേയും ഓരോ വ്യക്തിയുടേയും സ്വാ

തന്ത്ര്യാവകാശങ്ങളേയും യഥാവൽ പരിപാലിക്കുവാനുള്ള അധികാരമാണു ഗവമ്മേൻറിനുള്ളതു്. അവയെ മാററിമറിക്കുവാനോ ഇല്ലായ്മ ചെയ്യുവാനോ ഗവമ്മേൻറിന്നധികാരമില്ല. അന്യരാജ്യപ്രജകളേയും സംബന്ധിക്കുന്ന ഈ ക്ഷേത്രപ്രവേശാദി മതകാര്യങ്ങളിൽ ഒരു ഗവമ്മേൻറിനുതന്നെ ഒന്നും ചെയ്യാവുന്നതുമല്ല. ധമ്മാധികാരത്തിൽ അഭിഷിക്തനായിരിക്കുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രജാവലിയേയും ആചാരമര്യാദകളേയും ധമ്മായതനങ്ങളേയും യഥാവൽ പരിപാലിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടെന്നുള്ളതു നിർവിവാദമാണു്. ക്ഷേത്രങ്ങളെ സംബന്ധിച്ചു കീഴ്മര്യാദകൾ വിരുദ്ധമായി ഒന്നേർപ്പെടുത്തുന്നതു തിരുമനസ്സിലെ പ്രതിജ്ഞക്കു വിരുദ്ധമാകുന്നു. കൎണ്ണൽ മൻറോവിൻെറ വിളംബരം, കൊച്ചിയും, തിരുവിതാംകൂർ ഗവമ്മേൻറും തമ്മിലുള്ള ഉടമ്പടി, ക്ഷേത്രോടമസ്ഥന്മാരും ഗവമ്മേൻറും തമ്മിലുള്ള ഖരാറുകൾ ഇവകളാൽ ഗവമ്മേൻറധീനത്തിലുള്ള ക്ഷേത്രങ്ങളിലേയും കീഴാചാരങ്ങളെ രക്ഷിച്ചുകൊള്ളാമെന്നു ഗവമ്മേൻറ് ഏററിട്ടുള്ളതായിക്കാണാവുന്നതാണു്. അവയിലും മാററം വരുത്തുവാൻ ഗവമ്മേൻറിന്നധികാരമില്ല. അവയുടെ ട്രസ്റ്റിസ്ഥാനം മാത്രമെ ഗവമ്മേൻറിനുള്ളു എന്നും സ്ഥാപനോദ്ദേശത്തിന്നു വിപരീതമല്ലാതെയും ക്ലിപ്താധികാരത്തോടുകൂടിയും ഭരിക്കുവാനുള്ള അവകാശം മാത്രമേ നിയമദൃഷ്ട്യാ ഗവമ്മേൻറിനുള്ളു എന്നും ഹൈക്കോർട്ടു വിധിച്ചിട്ടുണ്ടു്. (XV· T. L. R. 185)· ഈ വിധിക്കു കൎണ്ണൽ മൻറോവിൻെറ വിളംബരവും മേൽപറഞ്ഞ ഖരാറുകളും ഹസ്താവലംബമായി നിലകൊള്ളുന്നുണ്ടു്. ഗവമ്മേൻറിന്നു ട്രസ്റ്റിസ്ഥാനമേ ഉള്ളു എന്നു് ദേവസ്വം വിഭജനകാര്യത്തിൽ ഡി 4905-ാം നമ്പറിൽ 1912 അക്ടോബർ 25-ാംനു- ഉണ്ടായ പ്രൊസീഡിംഗ്സിലും 79-ാം റഗുലേഷൻ 8-ലെ വകുപ്പിലും ഗവമ്മേൻറു വ്യക്തമായി സമ്മതിച്ചിരിക്കുന്നു· മേൽപറഞ്ഞ കാരണങ്ങളാൽ ക്ഷേത്രപ്രവേശകാര്യത്തിൽ ഗവമ്മേൻറിന് ഒന്നും തന്നെ ചെയ്യുവാനധികാരമില്ല.

12. ഏകമൂലപ്രമാണത്താൽ അനുഗ്രഹീതമായ സംസ്കാരവിശേഷത്തേയും ആചാരനുഷ്ഠാനങ്ങളേയും ആശ്രയിക്കുന്നവരെയാണ് ഏകമതക്കാർ എന്നു വ്യവഹരിക്കാവുന്നതും വ്യവഹരിക്കുമാറുള്ളതും· ഈ ഏകമതാവലംബിത്വം സവൎണ്ണാവൎണ്ണൎക്കു തമ്മിൽ സംഘടിക്കുന്നില്ല. വേദോക്തമായ സംസ്കാരാദികളെ സവൎണ്ണർ ആശ്രയിച്ചു വരുന്നു. വേദോക്തസംസ്കാരാദികളിൽനിന്നും ബഹിഷ്കൃതരാകുന്ന അ

വൎണ്ണർ. ഇങ്ങിനെ വിരുദ്ധധൎമ്മാക്കളായ സവൎണ്ണാസവൎണ്ണൎക്ക് ഏകമതാവലംബിത്വം എങ്ങിനെസംഘടിക്കും. വാസ്തവത്തിൽ വിരുദ്ധമാൎഗ്ഗാവലംബികളാണ് ഇവർ. സവൎണ്ണരുടെ ജീവിതമാൎഗ്ഗത്തിലെ ഓരോപദവിന്യാസവും വേദസ്മൃതീതിഹാസാദികളാൽ നിയന്ത്രിതമാണ്. അവൎണ്ണരുടേതിന്നു ഒരു നിയന്ത്രണവുമില്ല. അതു ഐഹികമാണ്. അതിനാൽ സവൎണ്ണാസവൎണ്ണർ ഏകമതാവലംബികളല്ല. സവൎണ്ണർ ഹിന്ദുമതക്കാരെങ്കിൽ അവൎണ്ണർ ഹിന്ദുമതക്കാരല്ല. അവൎണ്ണർ ഹിന്ദുമതക്കാരെങ്കിൽ സവൎണ്ണർ ഹിന്ദുമതക്കാരല്ല. ഈ രണ്ടു കൂട്ടരും ഏകമാൎഗ്ഗാവലംബികളല്ല. അതിനാൽ ഏകമതാവലംബികളാണെന്നതുകൊണ്ടുള്ള ഒരവകാശവാദം ക്ഷേത്രപ്രവേശവിഷയത്തിൽ അവൎണ്ണൎക്കു പുറപ്പെടുവിക്കാവുന്നതല്ല. അവൈദികമാൎഗ്ഗാനുസാരം നിമിത്തം സവൎണ്ണസമുദായത്തിൽനിന്നും ബഹിഷ്കൃതരായ അവൎണ്ണൎക്കു സവൎണ്ണസമുദായത്തോടുകൂടി സാമുദായികമായോ മതപരമായോ യാതൊരു സംഘടനയും ഉണ്ടാകാവുന്നതോ ഉണ്ടാവുന്നതോ അല്ല. അവൎണ്ണരെ സവൎണ്ണർ അധഃപതിപ്പിച്ചിട്ടുമില്ല. അവർ അവൈദികാനുസാരം നിമിത്തം സ്വയം അധഃപതിക്കുകയാണ് ചെയ്തതു്. അതിൽ സവൎണ്ണർ കുററക്കാരുമല്ല. അതിനാൽ ഇവരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ച് ഒരു നിഷ്കൃതി ചെയ്യേണ്ട ആവശ്യവും സവൎണ്ണസമുദായത്തിന്നില്ലതന്നെ. ഇവയും ക്ഷേത്രപ്രവേശപ്രതിഷേധത്തിന്നു കാരണമാകുന്നു.

13. സവൎണ്ണരുടെ അസഹകരണം നിമിത്തം ഇവർ അന്യമതത്തിലേക്ക് പ്രവഹിക്കുന്നു എന്നും, നമ്മുടെ മതത്തിന്നു ബലഹാനി വരുന്നു എന്നും, തന്നിവാരണാൎത്ഥം ഇവരുമായിസ്സഹകരിക്കണമെന്നും പറയുന്നതിന്നും വാസ്തവത്തിൽ അൎത്ഥമില്ല. അവൈദികമാൎഗ്ഗാനുസാരികളായ അവൎണ്ണർ ഇന്നുതന്നെ സവൎണ്ണരിൽനിന്നും വിഭിന്നമതക്കാരാകുന്നു. ഇവരുടെ മതപരിവൎത്തനം സവൎണ്ണരെ സംബന്ധിച്ചിടത്തോളം യാതൊരു ഹാനിയുമില്ല. ഒരു ക്രിസ്ത്യന്റെ മതപരിവൎത്തനവും ഇവരുടെ മതപരിവൎത്തനവും സവൎണ്ണദൃഷ്ട്യാ സമമാണ്. രണ്ടും അന്യമതക്കാരുടെ അന്യമതപ്രവേശമാകുന്നു. പ്രത്യുത സന്തോഷത്തിനാണവകാശമുള്ളതു്. അവൈദികമാൎഗ്ഗാനുസാരികളായ ഇവർ ഏതെങ്കിലും ഒരു വൈദികമാൎഗ്ഗത്തെ അവലംബിക്കുന്നതിൽ സന്തോഷിക്കുകയാണു സജ്ജനങ്ങൾ ചെയ്യുക. ഏകമതാവലംബികളാണെന്നുള്ള പക്ഷത്തിലും ഇവൎക്കു സാമുദായികസമത്വം കൊടുത്ത് മതത്തെ പുഷ്ടി

പ്പെട്ടത്താമെന്നു വിചാരിക്കുന്നതു ഒരുതരം മായാമോഹമാണ്. വൈദികാചാരത്തിൽ നിന്നുകൊണ്ടു ജീവിക്കുവാൻ അസാദ്ധ്യമെന്നു വരുന്ന പക്ഷം നാഥനില്ലാതെ ആക്കും പന്തു തട്ടാവുന്ന ഈ മതത്തെ ഉപേക്ഷിച്ചു നാഥനുള്ള ക്രൈസ്തവാദിമതത്തെ സവർണ്ണർ ആശ്രയിക്കയില്ലെന്ന് എങ്ങിനെ വിശ്വസിക്കാം. അതിനാൽ അടിസ്ഥാനരഹിതമായ ഈ വാദത്തെ പുരസ്കരിച്ചും ക്ഷേത്രപ്രവേശത്തെ അനുകൂലിക്കുവാൻ നിവൃത്തിയില്ല.

14. കമ്മററിയുടെ ഏഴാമത്തെ പ്രശ്നംകൊണ്ടു പ്രാദേശികാചാരം വല്ലതുമുണ്ടെങ്കിൽ ആ പ്രാദേശികാചാരത്തെസ്സാർവ്വത്രികമാക്കാനുദ്ദേശിക്കുന്നതായി വിചാരിക്കുന്നു. അത് അശാസ്ത്രീയവും അയുക്തവുമാകുന്നു. അവർണ്ണരെ പ്രവേശിപ്പിക്കുന്ന വല്ല പ്രാദേശികാചാരവുമുണ്ടെങ്കിൽ അതുണ്ടായിട്ടുള്ളതു പ്രതിഷ്ഠാകാലത്തിലെ സങ്കല്പഭേദംകൊണ്ടും പ്രതിഷ്ഠാപിതമൂർത്തികളുടെ ധ്യാനഭേദംകൊണ്ടുമാകുന്നു. ഇങ്ങിനെ ഉണ്ടായിട്ടുള്ള പ്രാദേശികത ഒരു വിശേഷവിധിയാകുന്നു. വിശേഷവിധിക്കു സാമാന്യവിധി പ്രവൃത്തിക്കുന്നിടത്തൊന്നും പ്രവേശമില്ല. സാമാന്യവിധിക്കും വിശേഷവിധിക്കും തമ്മിൽ പരസ്പരം ബാദ്ധ്യബാധകഭാവമുണ്ട്. പ്രാപ്തയായ സാമാന്യവിധിയെ വിശേഷവിധി പിൻവലിപ്പിക്കുകയല്ലാ ചെയ്യുന്നത്. വിശേഷവിധിവിഷയത്തിൽ സാമാന്യവിധി പ്രവേശിക്കാതിരിക്കുകയാണ് ചെയ്യുന്നത്. അതിനാൽ സാമാന്യവിധി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷേത്രങ്ങളിൽ വിശേഷവിധിയായ പ്രാദേശികത പ്രവൃത്തിക്കുകയില്ല. ആ ക്ഷേത്രങ്ങളൊന്നും ഈ വിശേഷവിധിക്കു വിഷയവുമല്ല. അതിനാൽ പ്രാദേശികാചാരത്തെ പ്പകർത്താമെന്ന ഉദ്ദേശവും ശരിയല്ല. അത് പ്രതിഷ്ഠാകാലത്തിലെ സങ്കല്പത്തിന്നും ശാസ്ത്രീയവിധിന്യായത്തിന്നും വിരുദ്ധമാകുന്നു. അവർണ്ണരുടെ ക്ഷേത്രപ്രവേശ നിഷേധകാരണങ്ങളായ മേല്പറഞ്ഞ സംഗതികളിൽ ഞങ്ങൾക്കുത്തമവിശ്വാസമുള്ളതുകൊണ്ടു സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണരുടെ പ്രവേശത്തേയും തദനുവാദത്തേയും ഞങ്ങൾ സർവ്വാത്മനാ പ്രതിഷേധിച്ചുകൊള്ളുന്നു.

അനുബന്ധം 1.

ബ്രാഹ്മണഃക്ഷത്രിയോവൈശ്യ സ്ത്രയോവർണ്ണാദ്വിജാതയഃ
ചതുർത്ഥഏകജാതിസ്തു ശൂദ്രോനാസ്തിതുപഞ്ചമഃ. (മനു.)

ചണ്ഡാലസ്സർവ്വധർമ്മബഹിഷ്കൃതഃ. (യാജ്ഞവല്ക്യഃ.)

നശൌചം നാപിചാ ചാരോന സത്യം തേഷു വിദ്യതേ.
ആസുരീംയോനി മാപന്നാ മൂഢാജന്മനിജന്മനി.
മാമപ്രാപ്യൈവ കൌന്തേയ! തതോയാന്ത്യധമാംഗതിം. (ഗീത)

ഈ പ്രമാണങ്ങൾ അവൎണ്ണർ വൈദികമാൎഗ്ഗബഹിഷ്കൃതരാണെന്നും വൈദികോക്തങ്ങളായ ശൌചാചാരാദികൾ ഇവൎക്കില്ലെന്നും ഇവർ സ്വയം അധഃപതിക്കുകയാണു് ചെയ്യുന്നതെന്നും കാണിച്ചുതരുന്നു.

ഏകശയ്യാസനംപംക്തി ഭാണ്ഡപംക്ത്യന്നഭോജനം
യാജനാധ്യാപനെയോനിസ്തഥാ ച സഹഭോജനം.
നവധാ സങ്കരഃ പ്രോക്തോ ന കൎത്തവ്യോധമൈസ്സഹ.
(ബൃഹസ്പതി.)

സങ്കരോ നരകായൈവ. (ഗീതാ.)

ചണ്ഡാലം പതിതംചൈവ ദൂരതഃ പരിവൎജ്ജയേൽ.
(വ്യാഘ്രപാദഃ.)

ഇതുകൾ അവൎണ്ണരോടുകൂടിയുള്ള സഹവാസാദികൾ സങ്കരമാണെന്നും സങ്കരം അശ്രേയസ്സിനായിക്കൊണ്ടു് പരിണമിക്കുമെന്നും അതിനെ പരിത്യജിക്കേണ്ടതാണെന്നും പറയുന്നു.

ഗൎഭാഗാരെ ച സേവാൎത്ഥം വൈഖാനസകുലോത്ഭവഃ.
വേദാദ്ധ്യയന വിപ്രാണാം മദ്ധ്യമണ്ഡപസേവിതം.
യതീനാം വിഷ്ണുഭക്താനാം മഹാമണ്ഡപസേവിതം
രാജരാജകുലസ്ത്രീണാം നൃത്തമണ്ഡപസേവിതം
വൈശ്യശൂദ്രാനുലോമാനാം ബാഹ്യമണ്ഡപസേവിതം
അന്യേഷാം വിഷ്ണുഭക്താനാം ഗോപുരന്തുവിധീയതെ.
പ്രതിലോമാന്ത്യജാതീനാം സ്തൂപിം ദൃഷ്ട്വാസമാചരേൽ.
(വൈഖാനസം.)

ഇതു് ക്ഷേത്രപ്രവേശവിഷയത്തിൽ വ്യത്യസ്തപരിധികളുണ്ടെന്നു കാണിക്കുന്നു.

ഉല്ലതന്തിപുരസ്താദിത്യുല്ലാതാഭയശംസിനഃ
ദിവ്യാന്തരീക്ഷഭൌമാസ്തേ ജ്ഞേയാസ്തന്ത്രേഷുകീൎത്തിതാഃ.
പ്രാസാദഗൎഭപീഠാൎച്ചാ ശരീരത്വേന ശാൎങ്ഗിണഃ
കഥിതം സൎവ്വദാരക്ഷ്യാഃ വിപ്രൈരുല്ലാതശങ്കയാ

ഉല്പാതേഷ്വപജാതേഷു ന കുർയ്യാൽ പൂജനം ഹരേഃ.
അസ്പൃശ്യാഃ പ്രതിമാപീഠപ്രാസാദാസ്സാംഗദേവതാഃ.
വിതാനാഗ്നിനിഭം വിഷ്ണോർബിംബമുല്പാതദൂഷിതം.
അകൃതായാന്തു നിഷ്കൃത്യാം വിനശ്യേദ്ദേവസന്നിധിഃ.
തൽസ്ഥാഃ പ്രേതാഭയം കുർയ്യുർവ്യാധിശോകാദിഭിർന്നൃണാം
ശ്വചോരവ്രാത്യപാഷണ്ഡചണ്ഡാലാദിപ്രവേശനം.
ഏതേ ചാന്യേ ച വിജ്ഞേയാ ഉല്പാതാ ബഹുദോഷദാഃ.
തസ്മാൽ സർവ്വപ്രയത്നേന കർത്തവ്യമവിളംബിതം.
പ്രായശ്ചിത്തം—.................. (വിഷ്ണുസംഹിത.)

ചോരപാതകചണ്ഡാലചാതുർവ്വർണ്ണ്യബഹിഷ്കൃതാഃ
ശ്വാനപാഷണ്ഡകാവർജ്ജ്യാ മ്ലേച്ഛദേശസമുത്ഭവാഃ.
ജംബൂകാഃ പതിതാ നാരീ പുഷ്പിതാ ച തഥൈവ ച.
തൈസ്തു സമ്മിശ്രിതൈരന്യൈരന്ത്യജൈശ്ചൈവ പത്മജ!
ദേവേ സന്നിഹിതേ സ്പൃഷ്ടേ പുനഃ കലശസംഭവ!
മൃതമർത്ത്യഗൃഹാസന്നേ രക്താദിപതിതേ തഥാ
അത്ഭുതോക്തക്രമേണൈവ ശാന്തിം കുർയ്യാദ്വിചക്ഷണഃ
ഏതേഷൂൽപതിതേഷ്വേവം കൽപിതവ്യം വിചക്ഷണൈഃ
അന്യഥാ ന ച സാന്നിദ്ധ്യം............ (തത്വപ്രദീപിക.)

ചണ്ഡാലൈരന്ത്യജൈശ്ചൈവ തഥാന്യൈഃ പ്രതിലോമജൈഃ.
മ്ലേച്ഛൈശ്ച നീചചണ്ഡാലൈർഗ്ഗുരുനിന്ദാദിദൂഷിതൈഃ.
ഏവമാദിഭിരസ്പൃശ്യൈർദ്ദേവാഗാരെ വിശേഷതഃ
സ്പൃഷ്ടേ പ്രവേശനേ ബാധാ പൂജാകാലേ ച ദർശനേ.
(ഭൃഗുസംഹിതാ.)

തഥാന്യൈർമ്മാഗധാദ്യൈശ്ച പ്രതിലോമൈശ്ച ഗർഹിതൈഃ.
പ്രഥമാദി പ്രവിഷ്ടം ചെൽ ധാമാവരണഭൂതലം.
ധാമസ്പർശേ തഥാന്യസ്യ ബലിപീഠാദികസ്യ യഃ.
സ്പർശം കൃതവാ യഥാപൂർവ്വം ശാന്തികർമ്മ സമാചരെൽ.
(പാഞ്ചരാത്രം)

ചണ്ഡാലപതിതോദക്യാസൂതികോന്മത്തകാദിഭിഃ.
ചോരൈരശുചിഭിർവ്രാത്യൈഃ പാഷണ്ഡൈർദ്ദേവലൈസ്തഥാ
നിർമ്മാല്യഭക്ഷകൈശ്ചാന്യൈർദ്ദേവബ്രഹ്മസ്വഹാരിഭിഃ.

പ്രവിഷ്ടേപൂജനേസ്പൃഷ്ടേ ദ്രവ്യാണാം സ്പർശനേ തഥാ.
ദോഷാശ്ചബഹുധാപ്രോക്താസ്തന്ത്രേഷ്വേവപൃഥക്പൃഥക്.

(പാശുപതം)

ക്ഷേത്രേമൂതിജ്ജനനമങ്കണമണ്ഡപാദൌ
മൂത്രാസൃഗാദിപതനംപതിതാദിവേശഃ

(സമുച്ചയം)

മേൽപറഞ്ഞ പ്രമാണങ്ങൾ ചാതുർവ്വർണ്ണ്യബഹിഷ്കൃതരായ അവർണ്ണരുടെ പ്രവേശനസ്പർശനപൂജനാദികൾ ക്ഷേത്രത്തിന്ന അശുദ്ധികരമാണെന്നും, അതു സാന്നിദ്ധ്യത്തെ നശിപ്പിക്കുമെന്നും സ്പഷ്ടമായിപ്പറയുന്നു.

മന്ത്രാത്മകോമഹാദേവഃ പ്രതിമാദിഷുപൂജ്യതെ
മന്ത്രാശ്ചവൈദികാസ്സർവ്വാഃ സ്മാർത്താസ്തന്മൂല ഏവച.
ലിംഗേചോല്പാതസംസ്പൃഷ്ടേ നിർവ്വീര്യാഃ ശ്രൌതതാന്ത്രികാഃ
മന്ത്രേചോപഹതേതസ്മിൻ തൽസംസ്കാരൈവിനാശിതെ.
തസ്മാൽപ്രവസതീശാനഃ...................... (പാശുപതം)

ഇത് സാന്നിദ്ധ്യം എങ്ങിനെ നശിക്കുന്നു എന്നുള്ളതിനെക്കാണിച്ചു തരുന്നു. അതിന്റെ ഒരു സമ്പ്രദായം കാണിക്കുന്നു എന്നു താല്പര്യം.

ദേശേശൂചാവാത്മനിച................ (യാജ്ഞവൽക്യഃ)

ശുചിതല്പകാലജ്ജീവീകർമ്മകുര്യാൽ.................. (ശ്രുതിഃ)
നതൈസ്സമയമന്വിച്ഛേൽ പുരുഷോധർമ്മമാചരൻ (മനുഃ)

ഉല്പാതേഷൂപജാതേഷു നകുര്യാൽ പൂജനംഹരെഃ

(വിഷ്ണുസംഹിതാ)

അശുചിസ്ഥലത്തും അശുചിയായും യാതൊരു കർമ്മവും ചെയ്യരുതെന്നും കർമ്മമദ്ധ്യത്തിൽ അവർണ്ണരുടെ ദർശനാദികളെ വർജ്ജിക്കണമെന്നും അവർണ്ണപ്രവേശാദികളായ ഉല്പാതങ്ങളിൽ ഈശ്വരപ്രതിമകളെ ആരാധിക്കരുതെന്നും പറയുന്ന ഈ പ്രമാണങ്ങൾ അവർണ്ണപ്രവേശത്തിൽ സവർണ്ണരുടെ ആരാധനാദി മതകാര്യങ്ങളെത്തടയുന്നു.

സോപദ്രവപ്രവേശേവാ ചണ്ഡാലാദിസ്വദൂഷിതേ
ചോരാദ്യുപദ്രവയുതേസ്ഥലേ പൂതവനാന്തികേ

തസ്മാൽബിംബംസമാദായ ശുദ്ധദേശേമനോരമേ
യജമാനാഭിലഷിതേ പ്രതിഷ്ഠാപ്യസമച്ചയേൽ

(ചലനപ്രതിഷ്ഠാവിധിഃ)

ഇതു ചണ്ഡാലാദിദൂഷിതപ്രദേശത്തിൽനിന്നും ഉടമസ്ഥന്റെ മനസ്സിന്നൊത്ത ദിക്കിലേക്ക് ബിംബത്തെക്കൊണ്ടുപോരണമെന്നു പറയുന്നു.

ഏവംകത്തുമശക്തശ്ചേൽ ഭൂമൌബിംബാനിഗോപയേൽ
ആത്മന്യാരോപ്യതച്ഛക്തിം............ (വൈഖാനസം)

ഇതു ഗത്യന്തരാഭാവത്തിൽ ഈശ്വരശക്തിയെ വീണ്ടെടുത്തു ബിംബത്തെക്കുഴിച്ചിട്ടുവാൻ വിധിക്കുന്നു.

ആചാരപ്രഭവോധമ്മഃ (ഭാരതം)

യസ്മിൻദേശേയആചാരോ വ്യവഹാരഃകുലസ്ഥിതിഃ
തഥൈവപരിപാല്യേസൌ (യാജ്ഞവൽക്യഃ)

ഉദീച്യാഹ്യതേദാക്ഷിണാത്യൈർമാതുലസ്യസുതാദ്വിജൈഃ
മദ്ധ്യദേശേകമ്മകരാശ്ശില്പിനശ്ചഗവാശിനഃ
മത്സ്യാദാശ്ചനരാസ്സർവ്വേ വ്യഭിചാരരതാസ്സ്ത്രിയഃ
ഉത്തരേമദ്യപാനാര്യ്യ സ്പൃശ്യാന്നൃണാം രജസ്വലാഃ
അപ്രസൂതാംപ്രഗൃഹ്ണന്തിഭ്രാതൃജായാമഭത്തൃകാം.
തഥൈവൈതേ പാലനീയാഃപ്രജാഃപ്രക്ഷുഭ്യതേന്യഥാ

(ബൃഹസ്പതി.)

യസ്മിൻദേശേപുരേഗ്രാമെത്രൈവിദ്യേ നഗരേപിവാ.
യോയത്രവിഹിതോധമ്മസ്തംധമ്മം ന വിചാലയേൽ.

(ദേവലഃ)

ഈ പ്രമാണങ്ങൾ ധമ്മാധികാരത്തിൽ അഭിഷിക്തനായ മഹാരാജാവു ധമ്മമൂലമായ ആചാരനടവടികളെ യഥാവൽ പരിപാലിക്കണമെന്നും അവയെ ഇളക്കുകയോ മാററുകയോ ചെയ്യരുതെന്നും സ്പഷ്ടമായിപ്പറയുന്നു. അതിനാൽ രാജാധികാരത്തിൽ കവിഞ്ഞ ഒരധികാരമില്ലാത്ത ഗവമ്മേൻറിന് ആചാരമയ്യാദയെ അന്യഥാകരിപ്പാൻ അധികാരമില്ലെന്ന് ഒന്നുകൂടി ഗവമ്മേൻറിനേയും കമ്മററിയേയും ഞങ്ങൾ സവിനയം ഓമ്മപ്പെടുത്തിക്കൊള്ളുന്നു.

ക്ഷേത്രപ്രവേശനാലോചനക്കമ്മറ്റിയുടെ പ്രശ്നാവലിക്കു സംക്ഷിപ്തമായ ഒരു സമാധാനം.

(പന്തൽവൈദികൻ പരമേശ്വരൻനമ്പൂതിരി.)

കമ്മറ്റിയുടെ ചോദ്യങ്ങളുടെ സമ്പ്രദായംകൊണ്ടു ചോദ്യംപ്രതി മറുവടി പറയുവാൻ ഒരുങ്ങുന്നതായാൽ അതു് ഒരു നിഷ്ഫലപ്രയത്നമാവുമെന്നു കരുതി കമ്മറ്റിയുടെ ഉദ്ദേശമായ കാൎയ്യത്തിന്റെ സ്വഭാവത്തിന്നു മറുവടി പറയുന്നു.

1. സവൎണ്ണഹിന്ദുക്കൾ പൂജചെയ്തുവരുന്നതായ ക്ഷേത്രങ്ങളിൽ അവൎണ്ണഹിന്ദുക്കൾക്കു പ്രവേശനം അനുവദിക്കുവാൻ പാടില്ല. ക്ഷേത്രപ്രവേശനം, ദൈവാരാധന മുതലായ കാൎയ്യങ്ങളിൽ ഇന്നത്തെ നടപ്പ് മാററുവാൻ പാടില്ല. ദേവന്മാരുടെ പ്രതിഷ്ഠാസമയത്തുള്ള നിശ്ചയം അനുസരിച്ചാണ് ഇന്നത്തെ ആചാരണം. അതിനെ മാററുവാൻ പാടുള്ളതല്ല. അങ്ങിനെ മാററുന്നതായാൽ ധൎമ്മത്തിന്നു വിരോധം വരും. സ്വധൎമ്മത്തിന്നു വിരോധം വരാതെ രാജ്യം ഭരിക്കയാണല്ലൊ രാജധൎമ്മം.

യസ്മിൻ ദേശേ യ ആചാരോ വ്യവഹാരഃ കലസ്ഥിതിഃ
തഥൈവ പരിപാല്യോസൌ യദാ വശമുപാഗതഃ.

(യാജ്ഞവല്ക്യം. 343.)

വൎണ്ണാനാമാശ്രമാണാഞ്ച രാജാ ഭവതി പാലകഃ
സ്വെസ്വെധൎമ്മേനിയുഞ്ജാനാഃ പ്രജാഃ സ്വാഃ പാലയെത്സദാ.

(ആനുശാസനീയം.)

2. പൂൎവ്വാചാരത്തിന്നു വിരോധമായി ആക്കും നടക്കുവാൻ പാടുള്ളതല്ല. ആചാരം ലോകത്തിൽ ഒന്നാമത്തതായ ഒരു പ്രമാണമാണ്. (ശ്രുതി, സ്മൃതി, സദാചാരാഃ) അതിനെ ഒന്നുകൊണ്ടും മാററുവാൻ അവകാശമില്ല. ഈ ക്ഷേത്രപ്രവേശനകാൎയ്യത്തിൽ പൂൎവ്വാചാരം എങ്ങിനെയാണെന്ന സംശയത്തിന്നുപോലും അവകാശമില്ലല്ലൊ. അതുകൊണ്ടു് ഈ ക്ഷേത്രപ്രവേശനകാൎയ്യം ആചാരത്തിന്നും, ശാസ്ത്രത്തിന്നും വിരോധമായതുകൊണ്ടും മേലാൽ നടവടികൾക്കു വളരെ കുഴപ്പങ്ങൾ നേരിടുന്നതാകകൊണ്ടും ഈ കാൎയ്യം ഒരിക്കലും അനുവദിച്ചുകൂടാ എന്നാണ് എന്റെ അഭിപ്രായം.

ചതുൎണ്ണാമപിവൎണ്ണാനാം ആചാരോ ധൎമ്മപാലകാഃ

ആചാരഭ്രഷ്ടദേഹാനാം ഭവേൽധൎമ്മപരാങ്മുഖാഃ
(പരാശരസ്മൃതി. 1—37)

യസ്മിൻ ദേശേയ ആചാരഃ പാരംപൎയ്യക്രമാഗതഃ
വൎണ്ണാനാം സാന്തരാളാനാം സ സദാചാരഉച്യതെ.
(മനുസ്മൃതി. 2—18.)

യസ്മിൻ ദേശേ പുരേഗ്രാമേ ത്രൈവിദ്യെ നഗരെപിവാ
യൊ യത്രവാഹിതൊ ധൎമ്മസ്തദ്ധൎമ്മം ന വിചാലയേൽ.
(ബൃഹ. സ്മൃതി.)

യസ്മിൻ ദേശെയ ആചാരൊ ന്യായദൃഷ്ടസുകല്പിതഃ
സതസ്മിൻ ദേവ കൎത്തവ്യോനതു ദേശാന്തരേ സ്മൃതഃ.
(ദേവലസ്മൃതി.)

പഞ്ചധാവിപ്രതിപത്തിൎദ്ദക്ഷിണതഃ അനുപനേന
ഭാൎയ്യയാ ച സഹഭോജനം പൎയ്യുഷിതഭോജനം
മാതുലദുഹിതുഃ പിതൃഷ്വസൃദുഹിതുഃ പരിണയനമിതി. തഥോത്തരതഃ
ഊൎണ്ണാവിക്രയഃ സീധുപാനം ഉഭയതോദദ്ഭിർവ്യവഹാരഃ.
ആയുധീയകം സമുദ്രയാനമിതി. ഇതരഇതരസ്മിൻകുൎവ്വൻദുഷ്യതി.
ഇതരഇതരസ്മിൻ തത്രതത്ര ദേശപ്രാമാണ്യമേവസ്യാൽ
(ബൌധായനസ്മൃതി.)

എതദ്ദേശ പ്രസൂതസ്യ സകാശാദഗ്രജന്മനഃ
സ്വംസ്വം ചരിത്രം ശിക്ഷേരൻ പൃഥിവ്യാം സൎവ്വമാനവാഃ
ന ശാസ്ത്രദൃഷ്ട്യാ വിദുഷാകദാചി ദ്ദുല്ലംഘനീയാഃ കുലദേശധൎമ്മാഃ.
മൂലം ഹിതേഷാംച്യുതവേദശാഖാഃ ബ്രുയാൻഹിധൎമ്മസ്ഥിതിഭംഗ
ദോഷഃ. (മനുസ്മൃതി. 2—20)

ക്ഷേത്രപ്രവേശനം അനുവദിച്ചാൽ ക്ഷേത്രങ്ങളിൽ പൂജ മുതലായതുകൂടി നടക്കുവാൻ സാധിക്കാതെ വരും. ശാസ്ത്രപ്രകാരം ക്ഷേത്രങ്ങൾക്കു് അശുദ്ധിയും ബാധിക്കും. ഇന്നത്തെ മഹാക്ഷേത്രങ്ങൾ കൎമ്മശൂന്യമായി വെറും വഴിയമ്പലംപോലെ ആയിത്തീരും. തീണ്ടലുള്ള ജാതിക്കാരായി ഒന്നിച്ചു ക്ഷേത്രങ്ങളിൽ പ്രവേശിച്ചു പെരുമാറുവാൻ പാടില്ലാത്തതുകൊണ്ടു നിത്യപൂജ മുതലായ കൎമ്മങ്ങൾകൂടി നടക്കാൻ നിവൃത്തിയില്ലാതെ വന്നുപോകും.

യുഗം യുഗദ്വയം ചൈവ ത്രിയുഗഞ്ച ചതുൎയ്യുഗം

ചണ്ഡാലസ്മൃതികോദക്യാപതിതാനാമധഃക്രമാൽ
തത്സന്നിധിമാത്രേണ സചേലം സ്നാനമാചരേൽ.
സ്നാത്വാവലോകയെൽസൂര്യം അജ്ഞാനാൽസ്പൃശതെയദി.

(പരാശരസ്മൃതി. 1—53—54.)

ചണ്ഡാലദർശനേസദ്യ ആദിത്യമവലോകയേൽ
ചണ്ഡാലസ്യസ്പർശനെ ചൈവസചേലം സ്നാനമാചരേൽ.

(പ. സ്മൃതി. 6—28.)

ചണ്ഡാലഘടസംസ്ഥം തു യഃ തോയം പിബതിദ്വിജഃ
തൽക്ഷണാൽ ക്ഷിപതേയസ്തു പ്രാജാപത്യം സമാചരേൽ
യദിന ക്ഷിപതെ തോയം ശരീരേ യസ്യ ജീര്യതേ
പ്രാജാപത്യം ന ദാതവ്യം കൃച്ഛ്രം സാന്തപനംചരേൽ.

(പ. സ്മൃതി. 6—27—28.)

ചണ്ഡാലാന്നം പ്രമാദേന യദിഭുഞ്ജീത വൈദ്വിജഃ
തതശ്ചാന്ദ്രായണം കുര്യാൽ മാസമേകം വ്രതംചരേൽ
ശൂദ്രോ വാപ്യർദ്ധമാസംവൈ ഭുക്ത്വാചൈവജിതേന്ദ്രിയഃ
ത്രിരാത്രമുപവാസീ ച ബ്രാഹ്മണാൻ തർപ്പയെൽശുചിഃ.

(ഹാരീതസ്മൃതി. 2—73—75.)

ചണ്ഡാലസങ്കരേ സ്വഭവനദഹനം ഇതിച്യവനഃ.
കുസുംഭഗുഡകാർപ്പാസലവണം തൈലസർപ്പിഷീ
ദ്വാരേ കൃത്വാതു ധാന്യാനി ദദ്യാദ്വേശ്മനിപാവകം.

(പ. സ്മൃതി. 6—40)

ചാണ്ഡാലൈഃ സങ്കരെ വിപ്രഃശ്വപാകൈഃ പുൽക്കസൈരപി
ഗോമൂത്രയാവകാഹാരോ മാസാർദ്ധേന വിശുദ്ധ്യതി.

(സംവർത്തസ്മൃതി. 20—35—36)

അവിജ്ഞാതസ്തു ചണ്ഡാലഃ തിഷ്ഠതെ യത്രവേശ്മനി
സ വിജ്ഞാതസ്തു കാലേന തത്രകാര്യം വിശോധനം
പ്രാജാപത്യം തു ശൂദ്രാണാം തേഷാന്തദനുസാരതഃ
യൈസ്തത്രഭുക്തം പക്വാന്നം കൃച്ഛ്രാർദ്ധം തേഷു ദാപയേൽ
തേഷാമപിതുയൈർഭുക്തം പാദമേകം വിധീയതെ
കൂപൈകപാനൈർദുഷ്ടാനാം സ്പർശസമ്പർക്കദൂഷിതഃ
നരോപ്യേകോപവാസേന പഞ്ചഗവ്യേന ശുദ്ധ്യതി......

ബാലാപത്യാ തഥാ രോഗീ ഗർഭിണീ യാ തു ദൂഷിതാ
തേഷാം നക്തം പ്രദാതവ്യം ബാലാനാം പ്രഹരദ്വയം.

(ആപസ്തംബസ്മൃതി. 3—1—5)

ബ്രാഹ്മണഗൃഹത്തിന്നു പറഞ്ഞിട്ടുള്ള ശുദ്ധിയെക്കാൾ അധികം വിചാരിക്കേണം ക്ഷേത്രങ്ങൾക്കു. ഈവക പ്രമാണങ്ങളേയും മററും വിചാരിക്കുമ്പോൾ അവർണ്ണഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം ഒരിക്കലും അനുവദിപ്പാൻ പാടുള്ളതല്ലാ സവർണ്ണഹിന്ദുക്കൾക്കുതന്നെ ക്ഷേത്രപ്രവേശാവകാശം എല്ലാ ക്ഷേത്രങ്ങളിലും ഒന്നുപോലെയല്ലാ. ബ്രാഹ്മണക്കും എല്ലാ ക്ഷേത്രങ്ങളിലും പ്രവേശനാവകാശം ഒന്നുപോലെയല്ലാ. ചില സങ്കേതംകൊണ്ടും വ്യത്യാസങ്ങൾ ഉണ്ട്. അതാതു ക്ഷേത്രങ്ങളിലെ നടവടി തന്നെയാണ് അതാതു ക്ഷേത്രങ്ങൾക്കു പ്രമാണം. അതിനെ മാററാവുന്നതല്ലാ. ക്ഷേത്രപ്രവേശനം വേണമെന്നു പറയുന്ന കക്ഷികൾ ഹിന്ദുക്കൾ ഹിന്ദുശാസ്ത്രത്തിനെ എവിടെ കളയുവാനാണ് എങ്ങിനെ കളയുവാനാണ് ഉദ്ദേശിക്കുന്നതെന്നു മനസ്സിലാകുന്നില്ല.

അക്കാദമി

ശ്രീ പത്മനാഭദാസ വഞ്ചിപാലകുലശേഖരകിരീടപതി

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ

തിരുമുമ്പാകെ

സനാതന ധർമ്മചാരികളായ സവർണ്ണഹിന്ദുക്കൾ അത്യന്തം ഭക്തിബഹുമാനപുരസ്സരം നിവേദിപ്പിച്ച

മെമ്മോറിയൽ.

(10,000 പേർ ഒപ്പിട്ടയച്ചതു്.)

1. അവിടത്തെ രാജകുടുംബവും അവിടത്തെ പ്രജാവലിയുടെ പ്രധാനവിഭാഗവും അവലംബിച്ചിരിക്കുന്ന പരിപാവനമായ സനാതന മതാചാരധർമ്മങ്ങളുടെ അസ്ഥിവാരത്തെ പാടെ ധ്വംസനം ചെയ്യുത്തക്കവിധം ചില വ്യക്തികളുടെ സാഹസമായ അഭിപ്രായഗതിയെ പുരസ്കരിച്ച് അവർണ്ണക്കു സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശനം കിട്ടുവാനുള്ള പ്രക്ഷോഭണങ്ങളാലും അക്കാര്യമിടപെട്ടു് ഇക്കൊല്ലം വൃശ്ചികം 14-ാംനു-ലെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഗവർമ്മേൻറു പ്രൊസീഡിംഗസിൻെറ സ്വഭാവത്താലും, യാഥാസ്ഥിതികന്മാരായ അവിടത്തെ സവർണ്ണഹിന്ദുപ്രജകൾ അത്യന്തം അസ്വസ്ഥരായി തീർന്നിരിക്കുന്നു എന്നും, സനാതനഹിന്ദുധർമ്മത്തിൻെറ രക്ഷയെപ്പററിയുള്ള ആശങ്കയാലും ഉൽക്കണ്ഠയാലും ഈ മെമ്മോറിയൽ സമർപ്പിക്കാൻ കാരണമായിരിക്കുന്നു എന്നും സവിനയം ഉണർത്തിച്ചുകൊള്ളുന്നു.

2. അവർണ്ണരുടെ ഈ പ്രസ്ഥാനം അന്യായപരവും അടിസ്ഥാനരഹിതവുമാണെന്നു് അവധാനപൂർവ്വം ആലോചിക്കുന്ന ആക്കും സുവ്യക്തമാകുന്നു.

3. എല്ലാ പരിഷ്കൃതരാജ്യങ്ങളിലേപ്പോലെതന്നെ അവിടത്തെ പ്രജാസഹസ്രങ്ങളിൽ ഓരോരുത്തനും അവനവൻെറ മനസ്സാക്ഷ്യനുസാരേണയുള്ള മതവിശ്വാസങ്ങളെ സ്വീകരിപ്പാനും അവകാശമുണ്ടെന്നും ഈ അവകാശത്തെ അന്യാക്രമണങ്ങളിൽനിന്നും രക്ഷിച്ചു പുലർത്തേണ്ടതു് രാജധർമ്മമായ മൗലികതത്വമാണെന്നും എടുത്തുപറയേണ്ട ആവശ്യമില്ല. വിക്ടോറിയാ മഹാരാജ്ഞിതിരുമനസ്സിലെ വിളംബരം തന്നെ ഇതിനു പ്രഥമസാക്ഷ്യം വഹിക്കുന്നു. ധർമ്മോസ്മൽകുലദൈവതമെന്ന മുദ്രാവാക്യത്തെ തിരുമേനിയുടെ വിഖ്യാതന്മാരായ പൂർവ്വികന്മാർ കൈക്കൊണ്ടിരിക്കുന്നതിൽ പരമായി ഒരു തെളിവു് തരേണ്ടതും ഇല്ല.

4. അവർണ്ണരുടെ ക്ഷേത്രപ്രവേശസംരംഭങ്ങൾ അവരുടെ ദുരാഗ്രഹസാദ്ധ്യത്തിന്ന് എത്രത്തോളം വ്യാപ്തമാകുമെന്നുള്ളതിൽ സവർണ്ണൎക്ക യഥാൎത്ഥമായ യാതൊരു ഭയവും പ്രസ്തുതഗവൎമ്മേൻറു് പ്രൊസീഡിംഗ്സിൻെറ ആവിൎഭാവംവരെ ഉണ്ടായിരുന്നില്ല. എന്നാൽ ഗവൎമ്മേൻറു് പുറപ്പെടുത്തിയിരിക്കുന്ന ക്ഷേത്രപ്രവേശക്കമ്മററിയും സാക്ഷാൽ ഹിന്ദുമതവിശ്വാസികൾക്കു മൎമ്മഭേദകമായിരിക്കുന്നു എന്നറിയിക്കാതെയിരിപ്പാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. ഈ ആപൽഘട്ടത്തിൽ ശരണ്യനായ അവിടുത്തെ കൃപാപൂൎണ്ണമായ വിചിന്തനത്തിനും സങ്കടനിവാരണത്തിനുംവേണ്ടി മുൻ പറഞ്ഞ ഗവൎമ്മേൻറു പ്രൊസീഡിംഗ്സിനെപ്പററിയും അതിന്നു വിഷയമാക്കിയ ക്ഷേത്രപ്രവേശനോദ്യമത്തെ പററിയും അസ്മദാദികളായ സവൎണ്ണഹിന്ദുസമുദായത്തിനുള്ള ആക്ഷേപങ്ങളെ ഇതിനാടിയിൽ ചേൎത്തുകൊള്ളുന്നു.

5. വൎണ്ണാശ്രമധൎമ്മങ്ങൾ ഹിന്ദുമതത്തിൻെറ നട്ടെല്ലാകുന്നു. അവൎണ്ണർ അവരുടെ ചിലവിന്മേൽ വല്ല ക്ഷേത്രങ്ങളും സ്ഥാപിച്ചു കൈവശം വെച്ചനുഭവിച്ചുവരുന്നുണ്ടെങ്കിൽ അവയൊഴികെ കേരളത്തിലുള്ള സകല ക്ഷേത്രങ്ങളും സവൎണ്ണരുടെ വകയാകുന്നു. ആ ക്ഷേത്രങ്ങളുടെ സ്വത്തുക്കളും സവൎണ്ണരുടേതാകുന്നു. ക്ഷേത്രങ്ങളിലെ പൂജാനിവേദ്യാദികൾ വൎണ്ണാശ്രമധൎമ്മങ്ങളുടെ അടിസ്ഥാനമായ വേദാഗമങ്ങളെ അനുസരിച്ച് നടത്തപ്പെട്ടുവരുന്നു. ആരാധനാക്രമം ശ്രുതിസ്മൃതിഹാസാദികളിൽ വിധിക്കപ്പെട്ടപ്രകാരം ക്ലിപ്തവ്യവസ്ഥകൾക്കു കീഴടങ്ങിയും ആകുന്നു. ബ്രാഹ്മണൎക്കുപോലും പുല മുതലായ ആശൌചങ്ങൾക്കിടയിൽ ക്ഷേത്രപ്രവേശം നിരോധിക്കപ്പെട്ടിരിക്കുന്നു.

6. വൎണ്ണാശ്രമവിധാനം വേദകാലം മുതൽക്ക് നിലനിന്നുവരുന്നതാണ്. സവൎണ്ണക്ഷേത്രങ്ങളിൽ ക്ലിപ്തപരിധികൾക്കുള്ളിലേക്ക് അവൎണ്ണരുടെ പ്രവേശനം ഈ മതസ്ഥാപനകാലത്തു തന്നെ വിരോധിക്കപ്പെട്ടതും അവൎണ്ണൎക്ക് അതിനെ ലംഘിപ്പാൻ അവകാശമില്ലാത്തതുമാണെന്ന് അനേകസഹസ്രം വൎഷങ്ങളായി അവൎണ്ണർ സമ്മതിച്ചു നടന്നുവരുന്ന കീഴ്നടപ്പു കൊണ്ടുതന്നെ തെളിയുന്നതാകുന്നു.

7. സവൎണ്ണരുടെ ആരാധനയ്ക്കുള്ള ക്ഷേത്രങ്ങളിൽ അവൎണ്ണൎക്ക പ്രവേശനം അനുവദിക്കുന്ന ഒരു രാജശാസനം അല്ലെങ്കിൽ ന്യായശാസനം വാസ്തവത്തിൽ വൎണ്ണാശ്രമധൎമ്മങ്ങളുടെ നശീകരണയന്ത്രമാകുന്നു. വൎണ്ണാശ്രമധൎമ്മങ്ങളുടെ അസ്തമയം, ഹിന്ദുമതത്തിൻെറ ഉന്മൂലനവുമാകുന്നു.

8. മതാചാരങ്ങളേയും വിശ്വാസങ്ങളേയും ഭേദപ്പെടുത്തുന്ന ഒരു നിയമം നടപ്പിൽ വരുത്തുവാൻ യാതൊരു പരിഷ്കൃതഗവമ്മേൻറിനും അവകാശമില്ലെന്നു ഉണൎത്തിക്കുന്നതിനെ സദയം ക്ഷമിപ്പാറാകണം. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഗവമ്മേൻറു പ്രൊസീഡിംഗ്സുമൂലം ആവശ്യപ്പെട്ടിരിക്കുന്ന പബ്ലിക് ഒപ്പീനിയൻ എന്തുതന്നെയായിരുന്നാലും പൊതുജനാഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി ക്ഷേത്രപ്രവേശനകാൎയ്യം തീൎച്ച ചെയ്വാൻ ഗവമ്മേൻറിന്നവകാശമില്ലാ. അതിനാൽ പ്രസ്തുതഗവമ്മേൻറു പ്രൊസീഡിംഗ്സ് സാധുവാകുന്നതല്ലെന്നു സിദ്ധമാകുന്നു.

9. എല്ലാ ക്ഷേത്രങ്ങളിലും അവൎണ്ണൎക്കു പ്രവേശനം അനുവദിക്കുന്ന കാൎയ്യത്തിൽ പൊതുജനാഭിപ്രായത്തെ അറിവാനുള്ള ഈ അന്വേഷണം തുടങ്ങുന്നതു് എത്ര സാഹസമായ മൌഢ്യമാകുന്നു. സ്ഥാപകന്മാരുടേയും അവകാശികളുടേയും ഉദ്ദേശത്തിന്നു് വിപരീതമായുള്ള ആരാധന ഏൎപ്പെടുത്തുവാൻ പൊതുജനാഭിപ്രായത്തിനു ശക്തിയില്ലാ. വ്യവസ്ഥാപിതമായ ആരാധനാവകാശം ഒരുവൻെറ വീടിന്മേലുള്ള ഉടമസ്ഥാവകാശംപോലെ, അതാതു ക്ഷേത്രോടമസ്ഥന്മാൎക്കും ആരാധകൎക്കും ഉള്ള വിലയേറിയ സ്വത്താകുന്നു. ഈ സ്വത്തിനെ അന്യാധീനമാക്കുന്നതിനു നിയമം അശക്തമെങ്കിൽ പൊതുജനാഭിപ്രായത്തിനും ശക്തിയില്ല. ഒരുവൻെറ ഗൃഹത്തിൽ അന്യൻ പ്രവേശിക്കണമെന്നോ ഒരുവൻെറ പുത്രദാരാദികൾ വേറെ ഒരുവൻെറ ഹിതാനുവൎത്തികളായിരിക്കണമെന്നോ ശാസിക്കുന്ന ഒരു നിയമത്തെ രൂപവല്ക്കരിക്കാൻ ഭൂരിപക്ഷാഭിപ്രായത്തെ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ഈ ക്ഷേത്രപ്രവേശനകാൎയ്യത്തിലും ഭൂരിപക്ഷാഭിപ്രായമെടുക്കാവുന്നതാണു്. എന്നാൽ ഒരു ക്ഷേത്രത്തിലെ ആരാധനാവകാശത്തെ സിവിൽക്കോടതി മുഖേന സ്ഥാപിച്ചു നിലനിൎത്തുവാനുള്ള അവകാശം ആരാധകന്മാരിൽ ഓരോരുത്തനും, ഭാവിസന്തതികൾക്കും സ്വായത്തമായുള്ളതാണെന്നും അതു് ബൊൾഷേവിസം പോലുള്ള ഒരു നീതിമുറയില്ലാത്ത സകല രാജ്യങ്ങളിലും സുലഭമാണെന്നും അവിടുന്നു് സകരുണം ഓൎക്കമാറാകണം.

10. 1079-ലെ 3-ാം റഗുലേഷൻ ബാധിക്കുന്ന ഊരായ്മ ക്ഷേത്രങ്ങളേയും മററു പ്രൈവററു് ക്ഷേത്രങ്ങളേയും നീക്കി ഇപ്പോൾ സൎക്കാർക്ഷേത്രങ്ങൾ എന്നഭിമാനിക്കുന്ന ദേവാലയങ്ങൾ, വാസ്തവത്തിൽ ഗവമ്മേൻറു സ്ഥാപനങ്ങളോ; അതുകളിലെ ആരാധനക്രമത്തെ വ്യവസ്ഥപ്പെടുത്തുവാനുള്ള അവകാശം ഗവമ്മേൻറിനുള്ളതോ അല്ല. ആ

ക്ഷേത്രങ്ങൾ സൎവ്വഹിന്ദുക്കളുടേയും പൊതുസ്വത്തല്ല. അവകളിൽ ആരാധനാവകാശമോ പ്രവേശനസ്വാതന്ത്ര്യമോ അവൎണ്ണൎക്കില്ല. ആ ക്ഷേത്രങ്ങളും സവൎണ്ണരുടേതാകുന്നു. ദൃഢപ്രതിജ്ഞന്മാരായ തിരുമേനിയുടെ പൂൎവ്വന്മാർ സകുടുംബം രാജ്യത്തെ പത്മനാഭാൎപ്പണമാക്കിയപ്പോൾ രാജ്യത്തുള്ള ക്ഷേത്രങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് ക്ഷേത്രപ്രവേശവാദക്കാർ വാദിക്കുന്നുണ്ടോ. ശ്രീപത്മനാഭക്ഷേത്രം അവൎണ്ണൎക്ക് പ്രവേശനാവകാശം ഉള്ളതാണോ അത് ഊരാണ്മക്കാരുടെ വകയല്ലായിരുന്നോ.

11. ഇപ്പോൾ ഗവൎമ്മെൻറു ഭരണത്തിൽ ഇരിക്കുന്ന എല്ലാ ദേവാലയങ്ങളും ഊരാണ്മ ക്ഷേത്രങ്ങളോ ഇടപ്രഭുക്കന്മാരുടെ സ്വന്ത ക്ഷേത്രങ്ങളോ സവൎണ്ണരായ ഗ്രാമജനങ്ങളുടെ പ്രത്യേകക്ഷേത്രങ്ങളോ ആയിരുന്നു. ഇവയുടെ മേൽക്കോയ്മാവകാശം അതാവിതു ഒരു ട്രസ്റ്റിസ്ഥാനം മാത്രമെ ഗവൎമ്മെൻറിലേക്കുള്ളു. ഈ ക്ഷേത്രങ്ങളെ അവയുടെ സ്ഥാപനോദ്ദേശത്തിന് വിപരീതമല്ലാതെയും ക്ലിപ്താധികാരത്തോടു കൂടിയും ഭരിക്കാനുള്ള അവകാശം മാത്രമെ നിയമദൃഷ്ട്യാ ഗവൎമ്മെൻറിനുള്ളൂ എന്നു സംസ്ഥാനത്തിലെ പരമമായ ന്യായകോടതി വിധിച്ചിരിക്കുന്നു. (XV T. L. R. 185) ഗവൎമ്മെൻറിനു ട്രസ്റ്റിസ്ഥാനമെയുള്ളുവെന്നു ദേവസ്വം വിഭജനകാൎയ്യത്തിൽ D 4905_ാം നമ്പ്രിൽ 1912 അക്ടോബർ 25_ാംനു- ഉണ്ടായ ഗവൎമ്മെൻറ് പ്രൊസീഡിംഗ്സിൽ ഗവൎമ്മെൻറ് സമ്മതിച്ചിരിക്കുന്നു. ദേവസ്വങ്ങളെ ഗവൎമ്മെൻറിൻെറ ഭരണത്തിൽ എടുത്ത കർണൽമൻറൊ അവർകളുടെ 987_ാമാണ്ടത്തെ വിളംബരം ഈ നിലയെ താങ്ങുന്നു. കീഴ്പതിവനുസരിച്ച് ദേവസ്വങ്ങളുടെ മേൽക്കോയ്മസ്ഥാനം നടത്തണമെന്നു കൊച്ചിയും തിരുവിതാംകൂറും തമ്മിലുള്ള 937 ധനു 12_ാംനു-ലെ ഉടമ്പടിയാലും തിരുവിതാംകൂർ ഗവൎമ്മെൻറു ബന്ധിക്കപ്പെട്ടിരിക്കുന്നു. (ശ്രീമാൻ ഹൈക്കോൎട്ട് ജഡ്ജി പി. കെ. നാരായണപിള്ള അവർകളുടെ ക്ഷേത്രവിഭജനം സംബന്ധിച്ച റിപ്പോൎട്ട്.)

12. മുൻവകുപ്പിൽ പറഞ്ഞ 4905_ാം നമ്പർ പ്രൊസീഡിംഗ്സിൻെറ 3_ാമത്തെ ഭാഗം "ശുദ്ധി"അടിയന്തിരങ്ങളെ സംബന്ധിച്ചവയാകുന്നു. ക്ഷേത്രങ്ങളുടെ മാഹാത്മ്യം നിലനിൎത്തുന്നത് പൂൎവ്വാചാരപ്രകാരമുള്ള പരിശുദ്ധതയെ പരിപാലിക്കുന്നതുകൊണ്ടാകുന്നു. ക്ഷേത്രങ്ങളിലും ആരാധനയിലും ശുദ്ധിവേണമെന്നു പറയുന്നതോടുകൂടി അശുദ്ധിയുടെ ദൂരീകരണം സിദ്ധമാകുന്നു. ഒരു ഈഴവൻ ക്ഷേത്ര

ത്തിൽ പ്രവേശിക്കുന്നതായാൽ ക്ഷേത്രത്തിന്ന് അശുദ്ധി ഏൎപ്പെടുമെന്നു തിരുവിതാംകൂർ ഹൈക്കോടതി വിധിച്ചിരിക്കുന്നു. (തി. ലാ. റി. 35_ാം വാല്യം 69_ാംവശം) പുല, വാലായ്മ, ആൎത്തവം തീണ്ടൽ എന്നീ കാൎയ്യങ്ങളിൽ ഓരോ ജാതിക്കാരുടേയും ആചാരങ്ങൾക്കു വ്യത്യാസം ഉണ്ട്. ശവത്തെ അശുദ്ധിയായി സവൎണ്ണർ കരുതുന്നു. അവൎണ്ണർ അങ്ങിനെ വിചാരിക്കുന്നില്ല. ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ ക്ഷേത്രങ്ങളിൽ കീഴ്നടപടികൾ വൎണ്ണാശ്രമധൎമ്മമനുസരിച്ചുതന്നെയിരിക്കയല്ലാതെ അതിനു വിപരീതമായ പദ്ധതി ഏൎപ്പെടുത്തുന്നപക്ഷം ക്ഷേത്രങ്ങളെ പരിശുദ്ധമായി വെച്ചുകൊണ്ടിരിപ്പാനുള്ള മാൎഗ്ഗവും അവകാശവും ക്ഷണേന നശിക്കുന്നതാകുന്നു.

13. വൎണ്ണാശ്രമധൎമ്മങ്ങൾക്കും കീഴാചാരങ്ങൾക്കും വിലയില്ലെങ്കിൽ ക്ഷേത്രങ്ങളിൽ അവൎണ്ണരുടെ പ്രവേശനം അശുദ്ധമല്ലെങ്കിൽ, തന്ത്രിമാരുടെ ആവശ്യമെന്തു്? പൂജ ചെയ്യുന്നതിനുള്ള അവകാശം ബ്രാഹ്മണരിൽ തന്നെ വെച്ചിരിക്കുന്നതെന്തിന്? പൂജാമുറകൾ പഠിച്ചിട്ടുള്ള ഒരു അവൎണ്ണനെ ശാന്തിക്കു നിയമിപ്പാനുള്ള അപേക്ഷ വന്നാൽ അതിനു ഗവൎമ്മേൻറു എന്തുത്തരവു ചെയ്യും? കഴകപ്രവൃത്തിക്ക് അവൎണ്ണൎക്കു അവകാശവാദം ചെയ്തുകൂടയൊ, അവനവന്റെ ആഹാരസാധനങ്ങൾ കയ്യിൽ കൊണ്ടുനടക്കാൻ ആൎക്കും അവകാശമുണ്ടായിരിക്കുമ്പോൾ ഒരു മത്സ്യക്കുട്ടയോടുകൂടി ക്ഷേത്രത്തിൽ പ്രവേശിക്കുന്ന ഒരവൎണ്ണനെ ആർ അകററിനിൎത്തും? ഈ വക വിഷമചോദ്യങ്ങൾക്കെല്ലാം ക്ഷേത്രപ്രവേശനകമ്മററിക്കാർ ശേഖരിക്കുന്ന ഭൂരിപക്ഷാഭിപ്രായം ഉത്തരം പറയുമെങ്കിൽ അതിനേക്കാൾ മതധ്വംസകമായ വേറെ ഒരു നയം ഗവൎമ്മേൻറു് അംഗീകരിക്കാനില്ല.

14. സവൎണ്ണഹിന്ദുക്കളായ അവിടുത്തെ പ്രജകൾ സമുദായസംഘടനാസാമൎത്ഥ്യമുള്ളവരല്ല. ബ്രിട്ടീഷ് ഗവൎമ്മേൻറിനെ തല കീഴ്മറിക്കുവാൻ ബദ്ധശ്രദ്ധരായിരിക്കുന്ന ചില സ്വരാജ്യഭ്രമക്കാരുടെ ഉദ്ദേശസാദ്ധ്യത്തിന് പ്രതിബന്ധമായി കാണുന്ന ജാതിവ്യത്യാസത്തെ ഇല്ലായ്മ ചെയ്യണമെന്നുള്ള ദുരുദ്ദേശത്തോടുകൂടി ഈ ക്ഷേത്രപ്രവേശബഹളം ഉത്ഭവിച്ചതാണെന്നുള്ള വാസ്തവത്തെ അവിടുന്ന് അറിയാത്തതല്ല. രാഷ്ട്രീയവാദത്തെ ക്ഷേത്രങ്ങളോടു സംബന്ധിക്കുന്നതും മതവിശ്വാസങ്ങളെ ഭഞ്ജിക്കുന്നതും ദുൎന്നയമായല്ലാതെ വരികയില്ല.

15. സവൎണ്ണർ മാത്രം ആരാധിച്ചുവരുന്ന ക്ഷേത്രങ്ങളിൽ അവൎണ്ണർ പ്രവേശിക്കുന്നതു് ശാസ്ത്രവിരുദ്ധമാണെന്നുള്ളതിനും കീഴാചാരം

തെററാതെ നടക്കുന്നതു ഹിന്ദുധൎമ്മത്തിന്റെ മൗലികതത്വമാണെന്നും തെളിയിപ്പാൻ ശ്രുതിസ്മൃതി ഇതിഹാസപുരാണങ്ങളിൽ പല ഭാഗങ്ങളും ഉണ്ടു്. അവയെ ഇതിൽ ഉദ്ധരിക്കുന്നില്ല. മതഗ്രന്ഥങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും പുരാതനമായും അഭംഗുരമായും ഒരു കീഴ്നടപ്പുണ്ടെങ്കിൽ ആ നടപ്പുമാത്രംകൊണ്ടു് ഒരു അവകാശം സ്ഥാപിക്കാവുന്നതാണു്. അവൎണ്ണരും ഹിന്ദുക്കളാണെങ്കിലും അവർ ഇത്രവളരെ സഹസ്രവൎഷങ്ങളായി ക്ഷേത്രങ്ങളിൽ പ്രവേശിക്കാതിരിക്കുന്നതു്, കീഴ്നടപ്പിന്റെ നിയമപ്രാബല്യത്താലാകുന്നു. ഈ കീഴ്നടപ്പിനു് ഒരു നിയമശാസനത്തേക്കാൾ കൂടുതൽ ബലമുണ്ടെന്നു് പ്രിവികൌൺസിൽ വരെയുള്ള നിയമകോടതികൾ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ഈ ന്യായത്തെമാത്രം ആലോചിച്ചാലും അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം അനുവദിച്ചുകൂടാത്തതാകുന്നു.

16. ക്ഷേത്രപ്രവേശനാവകാശം മതസംബന്ധമായ കാൎയ്യമാകുന്നു. അതു തീൎച്ച ചെയ്യുവാനുള്ള അധികാരം രാജകാൎയ്യമല്ല. മതാചാൎയ്യന്മാരുടേതാകുന്നു. ഹിന്ദുമതാചാരങ്ങളിൽ നിന്നും വ്യതിചലിക്കുന്നവർ ഹിന്ദുവല്ല.

17. ഇപ്പോൾ ഏൎപ്പെടുത്തിയിരിക്കുന്ന ക്ഷേത്രപ്രവേശനക്കമ്മററിയുടെ ഘടനയെപ്പററിയും യഥാൎത്ഥസവൎണ്ണഹിന്ദുക്കൾക്കു കഠിനമായ അതൃപ്തിയും ആക്ഷേപവും ഉണ്ടു്. നിഷ്പക്ഷവാദികളും മതകാൎയ്യങ്ങളിൽ അഭിപ്രായം പറവാനോ തീൎച്ച ചെയ്വാനോ അധികാരമുള്ളവരും കൂടാത്ത ഒരു കമ്മററി നിയമപ്രകാരം സ്വീകാൎയ്യമല്ല. കമ്മററി അംഗങ്ങളിൽ ഒന്നൊഴികെയുള്ള അംഗങ്ങൾ മതാദ്ധ്യക്ഷന്മാരോ, ആചാൎയ്യന്മാരോ അല്ല. ലൌകീകവ്യവഹാരങ്ങളിലും ലൌകീകജ്ഞാനവിഷയങ്ങളിലും മെമ്പറന്മാരുടെ യോഗ്യതയെപ്പററി തൎക്കമില്ല. മിസ്റ്റർ ഉള്ളൂർ പരമേശ്വരയ്യർ ഇയ്യിടെ കോഴിക്കോട്ടു വച്ചു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ക്ഷേത്രപ്രവേശനം അവൎണ്ണൎക്കു നല്കാൻ ബദ്ധപ്പെട്ടുകൊണ്ടു് ഇരിക്കുന്നു എന്നു പ്രഖ്യാപനം ചെയ്തുകഴിഞ്ഞിരിക്കുന്നു. മിസ്റ്റർ എം. എ. ഗോവിന്ദനും മിസ്റ്റർ ടി. കേശവൻശാസ്ത്രിയും അവൎണ്ണർ തന്നെയാകുന്നു. കേരളത്തിലെ വൈദീകാചാൎയ്യന്മാരായ വാദ്ധ്യാർ, വൈദീകൻ, ആഢ്യബ്രാഹ്മണൻ, പരദേശബ്രാഹ്മണസമൂഹപ്രതിനിധികൾ മുതലായവർകൂടി കമ്മററിയിൽ മെമ്പറന്മാർ ആയിരിക്കേണ്ടതാകുന്നു. അങ്ങിനെയല്ലാതെയുള്ള ഒരു കമ്മററിയുടെ നട

പടികളും അഭിപ്രായങ്ങളും നിയമാനുസരണമായും തീരുമാനങ്ങളും സാധുവായും ഇരിക്കുന്നതല്ല.

18. അവൎണ്ണൎക്കു് ക്ഷേത്രപ്രവേശം അനുവദിക്കണമെന്നതു് മതഭത്സനവും, മതഭത്സനം പീനൽക്കോഡനുസരിച്ചു് ശിക്ഷാൎഹവുമാകുന്നു.

19. ഇപ്പോഴത്തെ നിയമസഭയിൽ ദേവസ്വം കാൎയ്യങ്ങൾകൂടി വാദപ്രതിവാദവിഷയമാക്കിയതിലും യഥാൎത്ഥഹിന്ദുക്കൾ കഠിനമായി ഖേദിക്കുന്നു.

അതിനാൽ കരുണാനിധിയായ അവിടുന്നു് അവൎണ്ണരുടെ ക്ഷേത്രപ്രവേശാപേക്ഷയെ തള്ളിയും കമ്മററിയെ പിരിച്ചുവിട്ടും ഹിന്ദുമതധൎമ്മരക്ഷ ചെയ്യാൻ തിരുവുള്ളമുണ്ടാകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

അസ്പൃശ്യതയും ക്ഷേത്രപ്രവേശനവും.

(സഭാപതി അയ്യർ)

ഈ അടുത്തകാലത്തു്, പഞ്ചമരുടെ അസ്പൃശ്യതയും, അവരുടെ ഹിന്ദുക്ഷേത്രപ്രവേശനവും, എന്ന രണ്ടു നവീനപ്രശ്നങ്ങൾ ആരംഭിച്ചിരിക്കുന്നു. അസ്പൃശ്യതക്കു് ഹിന്ദുശാസ്ത്രങ്ങളിൽ ഒരു സ്ഥാനം നല്കപ്പെട്ടിട്ടില്ലെന്നും, ഇങ്ങിനെ ഒരു പതിവു് ആദ്യകാലത്തു് ഉണ്ടായിരുന്നില്ലെന്നും, അസ്പൃശ്യതാനിയമം അടുത്തകാലത്തുണ്ടായിട്ടുള്ളതാണെന്നും, ഉള്ള നവീകരണക്കാരുടെ പ്രസ്താവന, തീരെ തെററാണു് എന്നുമാത്രമല്ല, വഴി പിഴപ്പിക്കുന്നതുമാണു്. ഹിന്ദുമതത്തിലെ ജാതിവ്യത്യാസത്തെ തച്ചുടയ്ക്കുവാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്ന ഇന്നത്തെ സാമുദായികനവീകരണക്കാർ, ഇതുപോലെയുള്ള പിഴച്ച പ്രസ്താവന, മനഃപൂൎവ്വം ചെയ്യുന്നതാണു്. ബുദ്ധിപൂൎവ്വം ആലോചിച്ചു പ്രവൃത്തിക്കുവാൻ തക്ക ത്രാണിയില്ലാത്ത, പൊതുജനങ്ങളെ പിഴച്ച മാൎഗ്ഗങ്ങളിൽക്കൂടി കൊണ്ടുപോകണമെന്നാണു്, അവരുടെ ഉദ്ദേശം. അസ്പൃശ്യതയെന്ന ഈ ദേശാചാരം, അടുത്തകാലത്തുണ്ടായതാണെന്നു് അവർ പറയുന്നുണ്ടെങ്കിലും, എന്നു്, ഏതുകാലത്തു്, ആരാൽ സ്ഥാപിക്കപ്പെട്ടു എന്നു പറയുവാൻ അവൎക്കാൎക്കും സാധിക്കുന്നില്ല. ഇങ്ങിനെ ഒരു സമ്പ്രദായം, ഇത്ര പെട്ടെന്നു മുളച്ചുവളൎന്നതെങ്ങിനെ?

നേരെമറിച്ചു, ശാസ്ത്രങ്ങളിൽനിന്നും, സ്മൃതികളിൽനിന്നും, വേദ

ങ്ങളിൽനിന്നും, പുരാണങ്ങളിൽനിന്നും, ഈ അസ്പൃശ്യതാനിയമം, വളരെ പുരാതനകാലംമുതൽതന്നെ ആരംഭിച്ചിരിക്കുന്നു എന്നു വ്യക്തമാകുന്നുണ്ട്. ലോകത്തിന്നു എത്രത്തോളം പഴക്കമുണ്ടോ, അത്രയും പഴക്കം ഈ നടപ്പിന്നുമുണ്ട്. കൃതയുഗത്തിൽ, ഹരിശ്ചന്ദ്രന്റെ കാലത്തു് അതുണ്ടായിരുന്നു. ത്രേതായുഗത്തിൽ ശ്രീരാമന്റെ കാലത്തു് ഈ സമ്പ്രദായം നടപ്പിലിരുന്നുവന്നു. സിദ്ധനായ ഉത്തുംഗന്റെ "അഗ്നിഗീത"യിൽനിന്നു് പ്രത്യക്ഷപ്പെടുന്നവിധം, അതു് ദ്വാപരയുഗത്തിലും വളൎന്നുതന്നെ വന്നു. കലിയുഗത്തിൽ, സുപ്രസിദ്ധയോഗിയും, തത്വജ്ഞനുമായ, ശ്രീശങ്കരാചാൎയ്യർപോലും ഈ നിയമത്തെ അനുസരിച്ചുവന്നു. ഈ അസ്പൃശ്യതാനിയമത്തെ, എല്ലാ ജാതിക്കാരായ ഹിന്ദുക്കളും, രാജാക്കന്മാരും, മഹൎഷിമാരും, ഋഷികളും, യോഗികളും, ശാസ്ത്രികളും ആചരിച്ചും അനുസരിച്ചും വന്നു. ശ്രുതികളും സ്മൃതികളും, സവൎണ്ണരുടേയും അവൎണ്ണരുടേയും, ശാരീരികമായും ആത്മീകമായും ഉള്ള സുഖത്തിന്നുവേണ്ടി, ചില പ്രത്യേക ആചാരാനുഷ്ഠാനങ്ങളെ വിധിച്ചിരിക്കുന്നു. ഹിന്ദുക്കളാണെന്നഭിമാനിക്കുന്ന അവൎണ്ണർ, നിശ്ചയമായും ഹിന്ദുശാസ്ത്രനിയമങ്ങളെ അനുസരിക്കേണ്ടതാണ്. വാസ്തവത്തിൽ ഇന്നുവരെ, അവർ ഈ ശാസ്ത്രനിയമങ്ങളെ സ്വീകരിച്ചു യാതൊരു വാദവും കൂടാതെ അനുസരിച്ചുവന്നു. ഈ ശാസ്ത്രനിയമങ്ങളെ അനുസരിക്കുന്നതിൽ, അവൎക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. മാത്രമല്ല, അതു് അവരുടെ, ശാരീരികമായോ, സാമുദായികമായോ, ആത്മീകമായോ ഉള്ള സുഖത്തെ തെല്ലും കുറക്കുന്നതായി അവർ വിചാരിച്ചിരുന്നുമില്ല. ഇന്നും, പഞ്ചമരിൽ, അഥവാ, മി: ഗാന്ധിയുടെ "ഹരിജനങ്ങ"ളിൽ, ഒരു വലിയ ഭൂരിഭാഗം ആളുകളും, ശാസ്ത്രനിയമങ്ങളേയും, പുരാതനസമ്പ്രദായത്തേയും, മാററുവാൻ, അഥവാ അവഗണിക്കുവാൻ, ഇഷ്ടപ്പെടാത്തവർതന്നെയാണ്!

സവൎണ്ണരും അവൎണ്ണരും, അന്യോന്യസൌഹാൎദ്ദത്തോടുകൂടിതന്നെ ആണ്, അനേകായിരം സംവത്സരമായി കഴിഞ്ഞുകൂടിവന്നതു്. പുരാതനകാലത്തേയോ, മദ്ധ്യകാലത്തേയോ, ആധുനികകാലത്തേയോ, പററി പ്രതിപാദിക്കുന്ന യാതൊരു ചരിത്രവും, ഈ രണ്ടു വൎഗ്ഗക്കാരും തമ്മിൽ, മതസംബന്ധമായോ, സമുദായസംബന്ധമായോ, ഒരു വഴക്കുണ്ടായിട്ടുള്ളതിനു സാക്ഷ്യം വഹിക്കുന്നില്ല. അനേകകാലം മുമ്പുമുതൽ തന്നെ, സാമുദായികനവീകരണക്കാരും, ആൎയ്യസമാജക്കാരും, ബ്രഹ്മസമാജക്കാരും, ക്രിസ്ത്യൻപാതിരിമാരും, ഹിന്ദുമതത്തിലെ ജാതിവ്യത്യാസം

നശിപ്പിക്കുവാൻ, അക്ഷീണയത്നം ആരംഭിച്ചു. എന്നാൽ അതു കൊണ്ടും പറയത്തക്ക ഫലമൊന്നും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. എന്നാൽ, കഴിഞ്ഞ ഒരു കൊല്ലത്തോളമായി, അവക്ക് ഈ വിഷയത്തിൽ, "ലോകൈകമഹാപുരുഷോത്തമനായ" മി: ഗാന്ധിയുടെ സഹായസഹകരണങ്ങൾ ലഭിച്ചു. ഇന്ന് ഈ ഉദ്യമം വളരെ പ്രബലമായി തീൎന്നിരിക്കുന്നു. രാജ്യതന്ത്രം സംബന്ധിച്ച കാൎയ്യങ്ങളിൽ മി: ഗാന്ധി, അസാമാന്യനായ ഒരു വീരപുരുഷൻതന്നെയാണ്. എന്നാൽ അദ്ദേഹം മതകാൎയ്യങ്ങളിലും, സാമുദായികകാൎയ്യങ്ങളിലും, അത്രത്തോളംതന്നെ ഒരു ശ്രേഷ്ഠനാണെന്നു വിചാരിക്കുവാൻ വയ്യാ. അദ്ദേഹം ശാസ്ത്രങ്ങളെ നിൎമ്മിച്ചിരിക്കുന്ന മഹൎഷിവൎയ്യന്മാരുടേയും, യോഗികളുടേയും, ജ്ഞാനികളുടേയും പാദുകാചൂൎണ്ണം സ്പൎശിക്കുവാൻപോലും, അഹനല്ല. അവർ ഈ ശാസ്ത്രങ്ങൾ എഴുതിയിരിക്കുന്നതു, മനുഷ്യവൎഗ്ഗത്തിന്റെ സൎവ്വതോന്മുഖമായ അഭിവൃദ്ധിയെ ഉദ്ദേശിച്ചാകുന്നു. ഈശ്വരനെ വേണ്ടുംവണ്ണം അറിഞ്ഞിട്ടുള്ള യോഗികളും ജ്ഞാനികളും ആണ്, മനുഷ്യർ അന്യോന്യം പെരുമാറേണ്ട രീതിയെപ്പററി, ഈ നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു്. ഈ നിയമങ്ങളെ അനുസരിച്ചു ജീവിക്കുന്ന ഒരുവന്, ജീവിതം സുഖഭൂയിഷ്ഠംതന്നെ ആയിരിക്കുമെന്നതിനു, പുരാതനകാലത്തെ ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. സകല മനുഷ്യരുടേയും, ശാരീരികമായും ആത്മീകമായും ഉള്ള സുഖത്തിന്ന്, ഈ ശാസ്ത്രനിയമങ്ങളെ അക്ഷരംപ്രതി അനുസരിച്ചു പ്രവൃത്തിക്കുക എന്നുള്ളതല്ലാതെ, ഗത്യന്തരമില്ല. അവരുണ്ടാക്കിയിരിക്കുന്ന ഈ നടവടിക്രമങ്ങളെല്ലാം, അനേകകാലത്തെ പരിചയത്തിന്റേയും, സൂക്ഷ്മവീക്ഷണത്തിന്റേയും, ജ്ഞാനസമ്പാദനത്തിന്റേയും ഫലങ്ങളത്രേ. ക്ഷേത്രപ്രവേശനനിയമവും, അസ്പൃശ്യതാനിയമവും, ഇതുപോലെതന്നെ ഉള്ളവയാണ്. ഇവയെപററിയുള്ള ചട്ടങ്ങൾ എല്ലാം, ശാസ്ത്രീയവും, സുഖപരിപാലനാൎത്ഥവും, വ്യവഹാരവിദ്യാസംബന്ധവും, ആയ പ്രമാണങ്ങളെ ആസ്പദമാക്കി നിൎമ്മിക്കപ്പെട്ടവയാണ്. ആധുനികശാസ്ത്രജ്ഞന്മാരാരും, ബുദ്ധിപൂൎവ്വം ഈ നിയമതത്വങ്ങളെ അറിയുവാൻ ശ്രമിക്കുന്നില്ല. കൂടാതെ ഇങ്ങിനെയുള്ള നിയമങ്ങളുടെ അടിസ്ഥാനമെന്തെന്നോ, അവകൊണ്ടുള്ള പ്രയോജനമെന്തെന്നോ, അവയെ അതിലംഘിക്കുന്നതിനാലുണ്ടാകുന്ന ഭവിഷ്യത്തെന്തെന്നോ, ഗ്രഹിക്കുവാൻ അവർ യത്നം ചെയ്യുന്നുമില്ല, എന്നുള്ളതു വളരെ കഷ്ടംതന്നെയാണ്. ഇതിനുള്ള കാരണം, നമ്മുടെ ഇന്നത്തെ ശാസ്ത്രജ്ഞന്മാരെല്ലാംതന്നെ,

പാശ്ചാത്യരീതിയിലുള്ള വിചിന്തനത്തിന്നടിമപ്പെട്ടിരിക്കുന്നു എന്നതാണ്. തന്മൂലം അവൎക്കു, നമ്മുടെ ശാസ്ത്രങ്ങളിൽ വിശ്വാസമില്ല. പുരാതന സമ്പ്രദായത്തേയും, ആചാരത്തേയും അവർ തീരെ വില വയ്ക്കുന്നില്ല. അന്ധവിശ്വാസം മാത്രമാണ്, അവൎക്കുള്ള അടിസ്ഥാനം, എന്നാണ് അവർ കരുതിയിരിക്കുന്നതു്. അതിനാൽ തങ്ങളുടെ ജ്ഞാനത്തെ, ഇവയെപററി അറിയുവാൻ, അവർ ഉപയോഗിക്കുന്നില്ല. എന്നാൽ മനുഷ്യരുടെ ജ്ഞാനത്തിന്നു്, ഒരതൃത്തി ഉണ്ടെന്നു സമ്മതിക്കാതെ നിൎവ്വാഹമില്ല. ആത്മീകമായ ചില സംഗതികൾ, അഥവാ ചില മതതത്വങ്ങൾ, മനുഷ്യരുടെ ശക്തിക്കും, ജ്ഞാനത്തിനും, യുക്തിക്കും, അപ്പുറം സ്ഥിതിചെയ്യുന്നു. ഹിന്ദുശാസ്ത്രങ്ങൾ എല്ലാം, ദിവ്യന്മാരായ യോഗികളാലും, അതിമാനുഷ(ം ആയ) ശക്തിയുള്ള ജ്ഞാനികളാലും, എഴുതപ്പെട്ടിരിക്കുന്നവയാണ്. അതിനാൽ, തൎക്കം ഒന്നുംതന്നെ കൂടാതെ, നാം ആ ശാസ്ത്രനിയമങ്ങളെ അനുസരിക്കേണ്ടിയിരിക്കുന്നു.

ആചാരങ്ങളും, ദേശമൎയ്യാദയുമെല്ലാം, ബുദ്ധിശക്തികൊണ്ടു് ഉണ്ടാക്കപ്പെട്ടതും, ബുദ്ധിശക്തിയാൽതന്നെ പരിശോധിക്കപ്പെടേണ്ടതുമാണെന്നു നവീകരണക്കാർ പറയുന്നു. ശരിതന്നെ; വേണ്ടതാണ്; ഈ പ്രസ്താവന സ്വീകാൎയ്യയോഗ്യംതന്നെയാണ്. എന്നാൽ നാം ആരുടെ ബുദ്ധിശക്തിയെ ആണ് വില വക്കേണ്ടതു്? ആരു പറയുന്നതിനെ ആണ് നാം അനുസരിക്കേണ്ടതു്? അമ്മയെ തല്ലിയാലും രണ്ടു പക്ഷമുണ്ടല്ലോ? നാം ശാസ്ത്രപരിജ്ഞാനം നല്ലവണ്ണമുള്ള മഹാന്മാരുടെ ആലോചനയേയോ, ശാസ്ത്രങ്ങളുടെ ഹരി: ശ്രീ അറിയുവാൻ പാടില്ലാത്ത അജ്ഞാനികളുടെ വിചാരത്തേയോ, ഏതാണ് സ്വീകരിക്കേണ്ടതു്? പിന്നയും, നാം, ഐഹികസുഖങ്ങളെല്ലാം പരിത്യജിച്ചു വിശുദ്ധന്മാരായ്തീൎന്നിരിക്കുന്ന യോഗികളുടെ അറിവിനേയോ, സംസാരസാഗരത്തിൽ മുങ്ങിവലയുന്ന സാധാരണ മനുഷ്യരുടെ അപക്വമായ അറിവിനേയോ ഏതാണ് വില വയ്ക്കേണ്ടതു്? ഇനിയും, ഒരു പ്രത്യേകവ്യക്തിയുടെ വിശ്വാസം, ഇന്നു ഒരുവിധവും, നാളെ വേറൊരുവിധവും, മററെന്നാൾ മററൊരുവിധവും, ആയിരിക്കുന്നു. ഒരുത്തന്റെ ജ്ഞാനം ഇപ്രകാരം ദിവസംതോറും, നാഴികതോറും, മിനിട്ടുതോറും മാറിക്കൊണ്ടിരിക്കുന്നതായാൽ, അതു യാതൊരു തത്വത്തേയും അടിസ്ഥാനമാക്കിയിട്ടുള്ള ഒന്നല്ല, എന്നു വ്യക്തമായി കാണാം. മനുഷ്യന്റെ മനസ്സു, കുരങ്ങന്റേതിനോടു സാദൃശ്യമുള്ളതാണ്. മനുജമാനസത്തെപ്പററിയ ഒരു പൂൎണ്ണജ്ഞാനം, പുരാതനകാലത്തെ യോഗികൾക്കും ജ്ഞാ

നികൾക്കും ഉണ്ടായിരുന്നു. ഇന്നു ലോകത്തിലുള്ള ഏതു മഹാന്റെയും ഇതിനെപ്പററിയുള്ള ജ്ഞാനം അവരുടേതിനോടുകൂടി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, തീരെ നിസ്സാരമാണെന്നു പ്രത്യക്ഷപ്പെടും. അതിനാലാണു് അവർ, അവരവരുടെ പ്രാപ്തി അനുസരിച്ചു, ഓരോ ജാതിക്കാരും, വർഗ്ഗക്കാരും ഇന്നവിധം ആചരിക്കണമെന്നുള്ളതിലേക്കു, നിയമങ്ങളും ക്രമങ്ങളും ഉണ്ടാക്കിയിട്ടുള്ളതു്. മനുസ്മൃതി, അദ്ധ്യായം 2. ശ്ലോകം. ൯-ൽ ഇങ്ങിനെ ആണു് പറഞ്ഞിരിക്കുന്നതു്. ശ്രുതികളിലും, സ്മൃതികളിലും വിധിച്ചിരിക്കുന്ന, നിയമങ്ങളെ ഏതൊരുവൻ നിസ്തർക്കം അനുസരിക്കുന്നുവോ, അവനു്, ഇഹത്തിലും പരത്തിലും യശസ്സുണ്ടാകുമെന്നു മാത്രമല്ല, അവർണ്ണ്യമായ ആനന്ദവും ലഭിക്കുന്നതാണു്. ഇതിനു യാതൊരു സംശയവും ഇല്ല. മനു, അദ്ധ്യായം 2, ശ്ലോകം 10.

ശ്രുതി, അഥവാ അംബരത്തിൽനിന്നു കേൾക്കുവാൻ ഇടയായിട്ടുള്ളതു്, എന്നതു വേദങ്ങളെ സൂചിപ്പിക്കുന്നു. സ്മൃതി, അഥവാ ആദ്യകാലം മുതൽ ഓർമ്മിക്കപ്പെട്ടിരിക്കുന്നതു്, എന്നതു നിയമസഞ്ചയത്തെ കുറിക്കുന്നു.

ഇതിനെ രണ്ടിനേയും, ഇതരോപദേശകമായ വാദംകൊണ്ടു, വിസമ്മതിക്കുവാൻ പാടില്ല. എന്തെന്നാൽ, ഇവ രണ്ടിൽനിന്നുമാണു്, സകലവിധ കർത്തവ്യനിയമങ്ങളും, ഉണ്ടായിട്ടുള്ളതു്. ഇവയുടെ പ്രസിദ്ധകന്മാർ, ഗുണദോഷാഭിപ്രായത്തെ തീരെ വകവെച്ചിരുന്നില്ല. അതിനെപ്പററി ഒരു ഭയവും അവർക്കുണ്ടായിരുന്നില്ല. എന്നാൽ മനുഷ്യർ ഇന്നത്തേപ്പോലെ തെററായ യുക്തിവാദംകൊണ്ടും, വഴിപിഴച്ച ബുദ്ധിശക്തിപ്രയോഗംകൊണ്ടും, ആപത്തിൽ ചെന്നു ചാടുമെന്നു അവർക്കു ഭയമുണ്ടായിരുന്നു. അവർ ഹീനനടവടികളേയും, നിന്ദ്യമായ നിയമങ്ങളേയും ആണു് വിധിച്ചിരുന്നതെങ്കിൽ, അതിനെപ്പററി കുററം പറയുവാൻ, ഇന്നുള്ളവരിലും കേമന്മാരായ അസംഖ്യം ആളുകൾ, ഉണ്ടായിട്ടുണ്ടു്.

ലോകത്തിലെ മനുഷ്യരെല്ലാംതന്നെ ഈശ്വരസന്താനങ്ങളാണെന്നും, ഈശ്വരന്റെ കൺമുമ്പിൽ ഇവരെല്ലാം സമന്മാരാണെന്നും, തന്മൂലം അസമത്വം ഉണ്ടായിരിക്കരുതെന്നും, ഇന്നത്തെ നവീകരണക്കാർ വാദിക്കുന്നുണ്ടു്. എന്നാൽ ഇതു്, "സമത്വ"ത്തെപററി ഇവർക്കു ശരിയായ ഒരു ബോധമല്ല ഉള്ളതു്, എന്നതിനെ ആണു കാണിക്കുന്നതു്. വാസ്തവത്തിൽ ഈ ലോകത്തിൽ എവിടെ നോക്കിയാലും, ഏതിലും, അസമത്വവും, വിശേഷതയും തന്നെയാണു കാണുന്നതു്. എല്ലാ

മനുഷ്യരും, ഒരുപോലെ ബുദ്ധിശക്തിയുള്ളവരല്ല. എല്ലാ മനുഷ്യരും പണംകൊണ്ടും, വിദ്യാഭ്യാസംകൊണ്ടും, ശക്തികൊണ്ടും, സ്ഥാനം കൊണ്ടും, മാനംകൊണ്ടും, സുഖംകൊണ്ടും സമന്മാർതന്നെ ആണോ? നവീകരണക്കാരുടെ ഈ പ്രസ്താവനതന്നെ, തീരെ നിന്ദ്യമായ ഒന്നാണ്. കൂടാതെ ഈ നവീകരണക്കാർ, പ്രകൃതിനിയമങ്ങളേയും, കർമ്മ നിയമങ്ങളേയും അവഗണിക്കുന്നു എന്നു പറയുവാൻ വളരെ വ്യസനം തോന്നുന്നുണ്ട്.

ഈശ്വരൻെറ കണ്ണുകളിൽ എല്ലാവരും സമന്മാരാണ് എന്നു പറയുന്നതിൻെറ അർത്ഥം, ഈശ്വരൻ പക്ഷഭേദം ഇല്ലാത്തവനാകുന്നു എന്നും, അദ്ദേഹം മനുഷ്യരുടെ പ്രവൃത്തി അനുസരിച്ച്, യാതൊരു പ്രത്യേകവാത്സല്യവും കാണിക്കാതെ, സമ്മാനിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു എന്നും ആണ്.

ഇനിയും, നവീകരണക്കാർ മറെറാരു വാദം പുറപ്പെടുവിച്ചു കാണുന്നുണ്ട്. അത്, വേദങ്ങളിൽ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്ന നാലു ജാതിക്കാരെപ്പററി മാത്രമെ പ്രതിവാദിച്ചിട്ടുള്ളു എന്നും, അതുകൊണ്ട് അഞ്ചാമതൊരു ജാതിക്കാർ ഉണ്ടായിരുന്നില്ലെന്നും തന്മൂലം പഞ്ചമർ തുടങ്ങിയ അഞ്ചാമത്തെ ജാതിക്കാരെ, ഈ നാലിലൊരു വർഗ്ഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നുമാണ്. ഈ പ്രസ്താവന തീരെ തെററല്ലെങ്കിൽ മറെറാന്നുമല്ല. പഞ്ചമരേയും, മററുള്ള അധഃസ്ഥിതവർഗ്ഗക്കാരേയും പററി, വേദത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ താഴ്ന്ന വർഗ്ഗക്കാർക്ക്, യാതൊരു മതകർമ്മങ്ങളും അനുഷ്ഠിക്കുവാൻ അധികാരം നല്കപ്പെട്ടിരുന്നില്ല. അതിനാൽ, മത വിഷയങ്ങൾ ചെയ്തുതീർക്കുവാനുണ്ടായിരുന്ന നാലുവർണ്ണക്കാരെപ്പററി വേദങ്ങൾ അധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അവർ ഓരോരുത്തരുടേയും സ്ഥിതിക്കും പ്രാപ്തിക്കും അനുസരിച്ചവിധം, അഥവാ അനുയോജ്യമാണെന്നുദ്ദേശിക്കപ്പെട്ടവിധം ഓരോരുത്തർക്കും ഓരോ രീതിയിലുള്ള മതകാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്.

വേദങ്ങളിലുള്ള പല ഭാഗങ്ങളിലും "പഞ്ചജന" അഥവാ അഞ്ചുവർഗ്ഗത്തിൽ പെട്ട ആളുകൾ, എന്ന പദം ഉപയോഗിച്ചു കാണുന്നുണ്ട്. ഉദാഹരണത്തിനു താഴെ പറയുന്നവ നോക്കുക:—

ഋക്‌വേദം X—53—54.

ഋക് വേദം I—10—89.

ശുക്ലയജുർവേദത്തിൽ വാജസനേയസംഹിതയിലെ 23-ം 25-ം

വാക്യം. ഇത്യാദി "പഞ്ചജന" എന്ന പദത്തിൽ അഞ്ചാമത്തെ വർഗ്ഗക്കാരായ പഞ്ചമരും, അഥവാ അസ്പൃശ്യരും ഉൾപ്പെടുന്നു. വൈദികശബ്ദശാസ്ത്രങ്ങളെ വ്യാഖ്യാനിക്കുന്ന യാസ്കൻെറ നിരുക്തം "പഞ്ചജന"എന്ന പദത്തെ അസ്പൃശ്യരുൾപ്പെടെയുള്ള അഞ്ചുവർഗ്ഗക്കാർ എന്നു വിവരിച്ചിരിക്കുന്നു.

വാജസനേയസംഹിതയിലെ 1-ാംഅദ്ധ്യായം, 13-ാംവാക്യം മി. ഗ്രിഫിത്ത്, ഇങ്ങിനെ തർജ്ജിമചെയ്തിരിക്കുന്നു.

നിൻെറ, (ഈ പ്രാർത്ഥന ചെയ്യപ്പെടുന്ന യാഗപാത്രത്തിൻെറ) ഏതെങ്കിലും ഭാഗം, അശുദ്ധമായവർ അവരുടെ സ്പർശംകൊണ്ടു ശുദ്ധം മാററിയിട്ടുണ്ടെങ്കിൽ, നിൻെറ സർവ്വ അശുദ്ധിയും ഞാനിതാ നീക്കിയിരിക്കുന്നു.

യജുർവ്വേദം 3-ാം അഷ്ടകം 4-ാംപ്രാണം, എല്ലാ ജാതിക്കാരേയും—ചണ്ഡാളർപോലും ഉൾപ്പെടെ—കുറിക്കുന്നതാണ്.

മനു, ചണ്ഡാളരെപ്പററി ഒന്നിലധികം പ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. ചണ്ഡാളരുടേയും, മററു അധഃസ്ഥിതരുടേയും, ആവിർഭാവത്തെപ്പററി മനുസ്മൃതിയിൽ 10-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്.

ശ്ലോകം 8 മുതൽ 50 വരെ നോക്കുക.

മനു, അദ്ധ്യായം X. ശ്ലോകം 12-ൽ അവരുടെ ഉത്ഭവത്തെ പററി പറയുന്നുണ്ട്.

ഒരു ബ്രാഹ്മണസ്ത്രീയിലോ, ക്ഷത്രിയസ്ത്രീയിലോ, വൈശ്യസ്ത്രീയിലോ ഒരു ശൂദ്രന് ഉണ്ടാകുന്ന സന്താനങ്ങൾ, ഒരു സമ്മിശ്രവർഗ്ഗത്തിൽ പെട്ടവരാണ്. അവരെ ചണ്ഡാളർ, ക്ഷത്താക്കൾ, അയോഗവന്മാർ, എന്നു ക്രമത്തിൽ വിളിക്കുന്നു. ഇവരാണു മനുഷ്യവർഗ്ഗത്തിൽ ഏററവും താണ ഇനക്കാർ.

ഗൌതമസ്മൃതി, അദ്ധ്യായം IV, ശ്രുതി 25 മുതൽ 28 വരെ ഇതിനെ തന്നെ ആണ് പ്രസ്താവിക്കുന്നത്.

മനുസ്മൃതി—അദ്ധ്യായം X ശ്ലോകം 16. ഇങ്ങിനെ പറയുന്നു. ആയോഗവൻ, ക്ഷത്താവ്, ചണ്ഡാളൻ, ഇവർ ഒരു ശൂദ്രന്, വർഗ്ഗത്തിൻെറ നേരെ വിപരീതമായ ക്രമത്തിൽ, ഉണ്ടാകുന്ന സന്താനങ്ങളാണ്. ഈ കൂട്ടരാണ് ഏററവും താണവർഗ്ഗത്തിൽ പെട്ട മനുഷ്യർ. അതിനാൽ ഈ വർഗ്ഗക്കാരെ, അവരുടെ പൂർവ്വികന്മാർക്കായി ചെയ്യപ്പെടുന്ന സകല ക്രിയകളിൽനിന്നും, ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഇങ്ങിനെ ചണ്ഡാളൻ ഉണ്ടാകുന്നതു്, ഒരു ശൂദ്രന് ഒരു ബ്രാഹ്മ

ണസ്ത്രീയിൽ സന്താനമുണ്ടാകുമ്പോഴാണ്. ഇത് അവരുടെ ഉത്ഭവത്തിന്നുള്ള ഒരു വഴിയാണ്. ഇനിയും ചണ്ഡാളർ ഉണ്ടാകുവാനുള്ള മാൎഗ്ഗം ഉണ്ട്. സവൎണ്ണർ ഹീനകുററങ്ങൾ ചെയ്താൽ ചണ്ഡാളർ ആസ്ഥിരുന്നു.

മനുസ്മൃതി, അദ്ധ്യായം 12. ശ്ലോകം 55 നോക്കുക.

ഒരു ബ്രാഹ്മണനെ വധിക്കുന്നവൻ, അവൻെറ കുററത്തിനുള്ള കാരണങ്ങളെ അനുസരിച്ച്, ഒരു പട്ടിയുടേയോ, പുലിയുടേയോ, കഴുതയുടേയോ, ഒട്ടകത്തിൻേറയോ, ആടിൻേറയോ, ചെമ്മരിയാടിൻേറയോ, മാനിൻേറയോ, പക്ഷിയുടേയോ, ചണ്ഡാളൻേറയോ, പുല്ക്കസൻേറയോ, വംശത്തിൽ ജനിക്കും.

മനുസ്മൃതി. അദ്ധ്യായം 12. ശ്ലോകം 70 നോക്കുക.

ഒഴിച്ചു കൂടുവാൻ പാടില്ലാത്ത ഒരത്യാവശ്യം കൊണ്ടല്ലാതെ, ഈ നാലു ജാതിക്കാരിൽ എതൊരുവൻ, അവൻെറ പ്രത്യേക ചുമതലകൾ നിൎവ്വഹിക്കാതിരിക്കുന്നുവോ, അവൻ പാപം ചെയ്ത ശരീരത്തിൽ പ്രവേശിക്കേണ്ടിവരികയും, അവരുടെ ശത്രുക്കൾക്ക് അടിമയായി തീരുകയും ചെയ്യുന്നതാണ്. പുരാണങ്ങളും സുദീൎഘമായിത്തന്നെ ചണ്ഡാളരായി ജനിപ്പാനുള്ള പാപഭൂയിഷ്ഠമായ പ്രവൃത്തികൾ എന്തെല്ലാമാണെന്നു പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ങിനെ അവരവൎക്ക് വിധിച്ചിരിക്കുന്ന കൎമ്മങ്ങൾ ചെയ്യാതിരുന്നാലും, ആ വിധിയെ അവഗണിച്ചു കൎമ്മങ്ങൾ നിൎവ്വഹിച്ചാലും, അവർ ചണ്ഡാളന്മാരായി ജനിക്കുന്നു. ഇന്നു നാം കാണുന്ന അസംഖ്യം ചണ്ഡാളന്മാരും, മററു അധഃസ്ഥിതവൎഗ്ഗങ്ങളും എന്തിനെ ആണ് കാണിക്കുന്നത്? മറെറാന്നുമല്ല; സവൎണ്ണഹിന്ദുക്കളിൽ അനേകം ആളുകൾ, ഹീനപാതകങ്ങൾ ചെയ്തിട്ടുണ്ട് എന്നതാണ്. ചണ്ഡാളസ്ത്രീകളുടെ, ഗൎഭപാത്രത്തിൽ ജാതരാവാതിരിക്കുന്നതിനു, സവൎണ്ണർ, ഹീനമായ കുററങ്ങൾ ചെയ്യാതിരിക്കണം. കൂടാതെ, ശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്നവണ്ണമുള്ള അവരുടെ കൎത്തവ്യം, മനഃപൂൎവ്വം ചെയ്യാതിരിക്കുകയും അരുത്. എന്നാൽ, ഇന്നത്തെ നവീകരണക്കാരുടെ വാസന തീരെ മറിച്ചാണ്. അവർ, ശാസ്ത്രനിയമലംഘനത്തെ പ്രസംഗംകൊണ്ടും, പ്രവൃത്തികൊണ്ടും സഹായിക്കുന്നു. ശാസ്ത്രവിധിപ്രകാരമുള്ള, സവൎണ്ണരുടെ ചുമതലകൾ ചെയ്യാതിരിക്കുവാൻ, അവരെ നിൎബ്ബന്ധിക്കുന്നു; അഥവാ അവർ ചെയ്യുന്നതിനെ തടയുവാൻ ശ്രമിക്കുന്നു. ഇങ്ങിനെ ഈ നവീകരണക്കാർ, സവൎണ്ണരുടെ അധഃപതനത്തേയും, നാശത്തേയും, നിനയാതെ വരുത്തിക്കൂട്ടുന്നു. ഇന്നത്തെ

പരിതസ്ഥിതികൾ അനുസരിച്ച്, ദൂരസ്ഥമല്ലാത്ത ഭാവിയിൽ തന്നെ സംഭവിക്കുവാൻ ഇടയുള്ള, ഒരു പരിവൎത്തനസംഭവത്തെ തടയുവാൻ യത്നിക്കേണ്ടതു് എല്ലാവരുടേയും ഒഴിക്കുവാൻ വയ്യാത്ത ചുമതലയാണ്. അതിനായി സകല ഹിന്ദുക്കളും, ഹിന്ദുശാസ്ത്രവിധികൾ അനുസരിച്ച്, അവരവരെ തന്നെ നന്നാക്കുവാനും, അവരവരുടെ സമുദായത്തെ തന്നെ നവീകരിക്കുവാനും, കഴിയുന്നിടത്തോളം ശ്രമിച്ചാൽ മതിയാകുന്നതാണ്. ഓരോ സമുദായവും തന്നത്തന്നെ നവീകരിക്കുവാൻ ഉദ്യമിക്കുന്നതായാൽ, സകല സമുദായവും നന്നാകുന്നതാണ്.

അസ്പൃശ്യത.

മുൻപ് പറഞ്ഞിരിക്കുന്നപോലെ ശുക്ലയജുൎവ്വേദത്തിലെ വാജസനേയസംഹിതയിലെ 1-ാം അദ്ധ്യായം 13-70, ശ്ലോകം, അശുദ്ധന്മാരായ ആളുകളാൽ സ്പൎശിക്കപ്പെട്ട പാത്രങ്ങൾ മുതലായ സാധനങ്ങൾ തേച്ചു കഴുകി ശുദ്ധമാക്കേണ്ടതാണെന്ന് പ്രസ്താവിക്കുന്നു.

ബൃഹദാരണ്യകോപനിഷത്ത് ഒന്നാം അദ്ധ്യായം ശ്ലോകം 3.

"അതിനാൽ ആരും 'അന്ത്യജനക'നെ നന്നാക്കുവാൻ ശ്രമിക്കേണ്ട ആവശ്യമില്ല. അവൻ പാപം ചെയ്യാതിരിക്കട്ടെ."

ശ്രീശങ്കരാചാൎയ്യർ, "അന്ത്യജൻ" എന്ന പദത്തെ ഇങ്ങിനെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. അവൻ മററുള്ളവരെ ദൎശിക്കുന്നതിനോ, അവരുമായി സംസാരിക്കുന്നതിനോ അൎഹതയില്ലാത്തവനാണ്. അവനുമായി സഹവാസം ചെയ്തുകൂടാ. അതിനാൽ അവൻ, നഗരത്തിന്റേയോ, ഗ്രാമത്തിന്റേയോ അതൃത്തിയിൽ മാത്രമേ, താമസിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളു.

മനുസ്മൃതി, അദ്ധ്യായം 10, ശ്ലോകം 51 മുതൽ 56വരെ നോക്കുക.

മനുവും, ചണ്ഡാളരെപ്പററി വിവരിക്കുകയും അവർ എവിടെ താമസിക്കണം എന്നും മററും പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഒരു ചണ്ഡാളന്റേയും, ശ്വപാകന്റേയും വാസം നഗരത്തിന് വെളിയിലായിരിക്കണമെന്ന് പറയുന്നു. ഒരു ചണ്ഡാളനെപ്പററി അദ്ദേഹം നല്കിയിരിക്കുന്ന വിവരണം, ഇന്നത്തെ ചണ്ഡാളരോടോ, അഥവാ പഞ്ചമരോടോ, വളരെ യോജിക്കുന്നതു തന്നെയാണ്.

മനുസ്മൃതി, അദ്ധ്യായം 5. ശ്ലോകം 85.

"ഒരു ചണ്ഡാളനേയോ, ഋതുവായതോ, പ്രസവിച്ചതോ ആയ

സ്ത്രീയേയോ, ക്ഷന്തവ്യമല്ലാത്ത പാപകമ്മത്താൽ ജാതിഭ്രഷ്ടനായവനേയോ, അപ്പോൾ പ്രസവിക്കപ്പെട്ട കുട്ടിയേയോ, മൃതശരീരത്തെ തൊട്ടവനേയോ, സ്പശിക്കുന്നതായാൽ, അവൻ സ്നാനം ചെയ്തശേഷമേ ശുദ്ധനാകുന്നുള്ളു."

മനുസ്മൃതി, അദ്ധ്യായം 5. ശ്ലോകം 86.

"അശുദ്ധിയുള്ള ഒരുവനെ, ഭക്തിയോടുകൂടി കമ്മങ്ങൾ ചെയ്യുന്നസമയം ഒരുവൻ കാണുന്നതായാൽ, വേദത്തിലുള്ള ആദിത്യസ്തുതിയെ കഴിയുന്നതും, ആവത്തിക്കട്ടെ."

മനുസ്മൃതി, അദ്ധ്യായം 3. ശ്ലോകം 239.

"ഒരു ബ്രാഹ്മണൻ ഭക്ഷിക്കുന്നതു്, ഒരു ചണ്ഡാളനൊ, അശുദ്ധിയുള്ള സ്ത്രീയൊ, ജാതിഭ്രഷ്ടനൊ—ഇത്യാദി ആളുകൾ, കാണുവാൻ ഇടയാകരുതു്."

മനുസ്മൃതി, അദ്ധ്യായം 10. ശ്ലോകം 53.

"തന്റെ കത്തവ്യം, മതസംബന്ധമായിട്ടുള്ളതൊ, അഥവാ ന്യായമായി താൻ ചെയ്യേണ്ടതൊ, ആണെന്നു് വിശ്വസിക്കുന്ന യാതൊരുവനും, അവരുമായി (ചണ്ഡാളന്മാരും ശ്വപാകന്മാരും) യാതൊരിടവാടും ചെയ്യുവാൻ പാടില്ല. അവരുടെ സകല ഏപ്പാടുകളും അന്യോന്യം ആയിരിക്കട്ടെ. അവരുടെ വിവാഹവും, സമന്മാരുമായിത്തന്നെ നടക്കട്ടെ."

കലിയുഗത്തിലെ ഹിന്തുക്കളെ പ്രത്യേകം ബാധിക്കുന്നതായി പറയപ്പെടുന്ന, പരാശരസ്മൃതിയിലും ഇത്തരത്തിലുള്ള ചില ഭാഗങ്ങൾ കാണുന്നുണ്ടു്.

പരാശരസ്മൃതി, അദ്ധ്യായം 5. ശ്ലോകം 22.

"ശ്വപാകം വാപിചണ്ഡാലം വിപ്രസ്സംഭാഷതേയദി
ദ്വിജൈസ്സംഭാഷണംകുയ്യാൽ സാവിത്രീം തു സകൃജ്ജപേൽ."

ഒരു വിശുദ്ധബ്രാഹ്മണൻ ഒരു ശ്വപാകനോടൊ, ചണ്ഡാളനോടൊ സംസാരിച്ചാൽ, അദ്ദേഹം പിന്നെ പാണ്ഡിത്യമുള്ളവരും, ശുദ്ധന്മാരും ആയ ബ്രാഹ്മണരോടു സംസാരിച്ചാൽ, വീണ്ടും ശുദ്ധനായ്തീരുന്നു. അല്ലെങ്കിൽ ഗായത്രി ജപിക്കുക.

പരാശരസ്മൃതി, അദ്ധ്യായം 5. ശ്ലോകം 24.

"ചണ്ഡാലദശനേസദ്യ ആദിത്യമവലോകയേൽ
ചണ്ഡാലസ്പശനേചൈവ സചേലം സ്നാനമാചരേൽ."

ഒരു ചണ്ഡാളനെ ദശിച്ച ഒരുവൻ ആദിത്യനെ ദശിക്കേണ്ടതാ

ണ്. ചണ്ഡാളനെ സ്പർശിച്ച ഒരുവൻ വസ്ത്രസഹിതം സ്നാനം ചെയ്യണം.

പരാശരസ്മൃതി, അദ്ധ്യായം 5. ശ്ലോകം 25.

അറിയാതെ ഒരു ബ്രാഹ്മണൻ, ഒരു ചണ്ഡാളന്റെ പക്കൽനിന്നും ജലം വാങ്ങി പാനം ചെയ്യുകയൊ, അവൻ നല്കുന്ന ആഹാരം ഭക്ഷിക്കുകയൊ ചെയ്യുന്നതായാൽ ശുദ്ധമാകുന്നതിന് അദ്ദേഹം ഒരു ദിവസം മുഴുവൻ (അഹന്നിശം) പട്ടിണി കിടക്കേണ്ടതാണ്.

പരാശരസ്മൃതി, അദ്ധ്യായം 5. ശ്ലോകം 47.

"ഗൃഹസ്യാഭ്യന്തരംഗഛേൽ ചണ്ഡാലോയദികസ്യചിൽ
തമഗാരാദപിനിർവ്വാസ്യ മൃൽഭാണ്ഡം തു വിസർജ്ജയേൽ."

ചണ്ഡാളന്മാരിൽ ഒരുവൻ, നാലുജാതിക്കാരിൽ ആരുടേയെങ്കിലും ഭവനത്തിൽ പ്രവേശിക്കുന്നതായാൽ, അവനെ അവിടെനിന്ന് പറഞ്ഞയക്കണം. മൺപാത്രങ്ങളെല്ലാം വെളിയിൽ കളയണം. ഗൃഹം ആസകലം ചാണകംകൊണ്ട് മെഴുകി ശുദ്ധിപ്പെടുത്തണം.

അസ്പൃശ്യത, ഒരു ജാതിയോടോ, വ്യക്തിയോടോ ഉള്ള, യാതൊരു വിധസ്പർദ്ധയേയും ആസ്പദമാക്കി ഉണ്ടാക്കിയിട്ടുള്ളതല്ല. മനുസ്മൃതി, അദ്ധ്യായം 5, ശ്ലോകം 85 നോക്കുക. തന്റെ സ്വന്തം ജാതിയിൽ പെട്ടതോ, അല്ല, കുടുംബാംഗം തന്നെ ആയതോ ആയ സ്ത്രീയായിരുന്നാൽ പോലും ചില പ്രത്യേക കാലങ്ങളിൽ അസ്പൃശ്യയാണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ, ഈ അസ്പൃശ്യത ചില പ്രത്യേക കാലത്തെ സംബന്ധിക്കുന്നതു മാത്രമാണ്. അതു പ്രകൃത്യാ ഉള്ള കാരണങ്ങളെ അടിസ്ഥാനമാക്കി, ഉണ്ടാക്കപ്പെട്ടിരിക്കുന്ന നിയമമാണ്. എന്നാൽ, ചണ്ഡാളരെ സംബന്ധിച്ചിടത്തോളം, ഈ അസ്പൃശ്യത എന്നും സ്ഥിരമായി ഉള്ളതാണ്. അതും, പ്രകൃതിയുടെ കാരണങ്ങളെ തന്നെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതാണ്. അവരുടെ പാപഭൂയിഷ്ഠമായ ജനനം, പ്രകൃതിനിയമംകൊണ്ടും, കർമ്മശക്തികൊണ്ടും ഉണ്ടാകിട്ടുള്ളതാണ്. ഈ പ്രത്യേക നിബന്ധനകൾ എല്ലാം, ഈ നാലു വർഗ്ഗക്കാരുടെ വിശുദ്ധിയെ സംരക്ഷിക്കുവാൻ വേണ്ടി, ഉണ്ടാക്കപ്പെട്ടിരിക്കുന്നവയാണ്. കൂടാതെ ഈ നാലു ജാതിക്കാരും, മററുള്ള താണ ജാതിക്കാർക്ക്, അഥവാ വർഗ്ഗക്കാർക്ക്, ഒരാദർശമായിത്തീരണമെന്നും ഉദ്ദേശമുണ്ട്.

ഈ അസ്പൃശ്യതാനിയമം സൃഷ്ടിച്ചത്, ഉൽകൃഷ്ടമായ ജീവിതതത്വങ്ങളെ വേണ്ട പോലെ അറിഞ്ഞിട്ടുള്ള ശ്രേഷ്ഠന്മാരായ യോഗികളും, ജ്ഞാനികളും തന്നെ ആണ്. അവർതന്നെ ആണ ശ്രേഷ്ഠങ്ങളായ

തത്വജ്ഞാനസംബന്ധമായ പ്രസ്താവനകൾ പുറപ്പെടുവിച്ചിരിക്കുന്നതും. താഴെ പറയുന്നവ, എത്ര ശ്രേഷ്ഠമായ തത്വങ്ങളാണെന്നു നോക്കുക:—

"അഹംബ്രഹ്മാസ്മി."

"ആത്മാവൈസർവ്വഭൂതാനി."

"സർവ്വം ഖല്വിദം ബ്രഹ്മം."

ക്ഷേത്രപ്രവേശനം.

മുകളിൽ ഉദ്ധരിച്ചിട്ടുള്ള സ്മൃതികളിലെ ഭാഗങ്ങൾ, ഗൃഹങ്ങളും, പാത്രങ്ങളും എല്ലാം ഒരു ചണ്ഡാളന്റെ, നാലു വർഗ്ഗക്കാരുടെ ഗൃഹത്തിലെ പ്രവേശനംകൊണ്ടു്, അശുദ്ധമാക്കി ചെയ്യപ്പെടുന്നു എന്നു കാണിക്കുന്നുണ്ടു്. ഒരു ചണ്ഡാളന്റെ പ്രവേശനംകൊണ്ടു്, സാധാരണ സാധനങ്ങൾ പോലും, ഇത്രത്തോളം അശുദ്ധമാകുന്നു എങ്കിൽ, അവന്റെ പ്രവേശനംകൊണ്ടു്, ഒരു വിശുദ്ധദേവാലയം എത്രത്തോളം അശുദ്ധമാകുമെന്നു്, ആലോചിക്കാവുന്നതാണു്.

ക്ഷേത്രങ്ങൾ വല്ല സഭകളോ, യോഗങ്ങളോ, കൂടുവാനുള്ള ദിക്കല്ല. അതു ദിവ്യശക്തി സംരക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥലമാണു്. വിശിഷ്ടന്മാരായ യോഗികളും ജ്ഞാനികളും, ചില പ്രത്യേകവർഗ്ഗക്കാരോടു് അസൂയ ഉള്ളവരായിരുന്നു, എന്നു പറയുന്നതു തെറ്റാണു്; അതിനൊരടിസ്ഥാനമില്ല. അവരോടുള്ള അസൂയകൊണ്ടാണു്, അവൎക്കു ക്ഷേത്രപ്രവേശനാവകാശം നല്കപ്പെടാഞ്ഞതു് എന്നതു് ഒരിക്കലും വിശ്വസിക്കാവുന്ന ഒന്നല്ല. സകല ജാതിക്കാരുടേയും, വർഗ്ഗക്കാരുടേയും സുഖത്തിന്നുവേണ്ടി, അവരുടെ ആത്മശക്തി വർദ്ധിപ്പിക്കുന്നതിന്നുവേണ്ടി, ഇഹത്തിലും പരത്തിലും അവൎക്കു് ഒരുപോലെയുള്ള ശരീരസുഖവും, ആത്മസുഖവും ലഭിക്കുവാൻവേണ്ടി, ഈ വിധമുള്ള നിയമങ്ങളും ക്രമങ്ങളും ഏർപ്പെടുത്തുവാൻ ആ യോഗികളും ജ്ഞാനികളും നിർബ്ബന്ധിതരായി തീർന്നു.

മനുസ്മൃതി, അദ്ധ്യായം 3, ശ്ലോകം 240. ഇങ്ങിനെ പറയുന്നു.

"ഒരുവൻ അഗ്നിയെ ആരാധിക്കുന്നതോ, പശുദാനമോ, ദക്ഷിണയോ നല്കുന്നതോ, ബ്രാഹ്മണൎക്കു ഭോജനം നല്കുന്നതോ, ദേവന്മാൎക്കുള്ള കർമ്മങ്ങൾ നടത്തുന്നതോ, പൂർവ്വികന്മാൎക്കുള്ള പിണ്ഡം വെക്കുന്നതോ ഒന്നും തന്നെ അവരിൽ ആരും കാണുവാൻ ഇടയാകരുതു്.

മനു *

(അവർ എന്നതു ചണ്ഡാളരെ ഉദ്ദേശിച്ചാണ പറഞ്ഞിരിക്കുന്നത്). അങ്ങിനെ കാണുവാൻ ഇടയാകുന്നപക്ഷം, അതിനു പ്രതീക്ഷിക്കപ്പെടുന്ന ഫലം ഉണ്ടാകുന്നതല്ല.” അവൻ കണ്ടാൽ ആ ദിവ്യശക്തി നശിക്കുവാൻ ഇടയാകുന്നു. അതുപോലെ തന്നെ ഒരു ചണ്ഡാളന്റെ പ്രവേശനംകൊണ്ട്, ക്ഷേത്രത്തിലെ മാഹാത്മ്യം, അഥവാ ദിവ്യശക്തി, നശിച്ചു പോകുന്നു. ക്ഷേത്രത്തിലെ വിഗ്രഹങ്ങൾക്കു യാതൊരു ദിവ്യശക്തിയും ഇല്ലാത്തപക്ഷം, അവിടത്തെ പ്രവേശനംകൊണ്ടു ചണ്ഡാളന്മാൎക്ക്, എന്തു ഗുണമാണ സിദ്ധിക്കുന്നത്? ഉയൎന്ന ഈ നാലു ജാതിക്കാൎക്കും, ചണ്ഡാളന്മാൎക്കും, ആൎക്കും ഒരു ഗുണവും ഉണ്ടാകുന്നതല്ല. നേരേമറിച്ചു ക്ഷേത്രത്തിലെ വിഗ്രഹത്തിന്ന് എന്തെങ്കിലും ഒരു ദിവ്യശക്തിയുണ്ടെങ്കിൽ, അതിന്റെ ഫലം അവൎക്കുമുണ്ടാകുന്നതാണ്. ഈ നാലു വൎഗ്ഗക്കാരും ക്ഷേത്രത്തിനകത്തു കടന്ന്, വിഗ്രത്തെ കണ്ട് നടത്തുന്ന ആരാധനകൊണ്ടുള്ള ഫലം, ചണ്ഡാളർ പുറത്തുനിന്നു ഗോപുരത്തെ കണ്ട്, ആരാധന നടത്തുന്നതുകൊണ്ട്, ലഭിക്കുന്നതാണ്. ഇനിയും പഞ്ചമർ, ക്ഷേത്രത്തിൽ പ്രവേശിക്കണമെന്നു തന്നെ നിൎബ്ബന്ധിക്കുന്നതായാൽ, അത്, “കുന്തം കൊടുക്കുകയുമില്ല, കുത്തുകയുമില്ല,” എന്ന രീതിയായിരിക്കും. പറയരുടെ വംശത്തിൽ ജനിച്ച, ഒരു ശ്രേഷ്ഠയോഗിയായിരുന്നു നന്ദനാർ. അദ്ദേഹം ഒരു ക്ഷേത്രത്തിലും ബലമായി പ്രവേശിക്കുവാൻ ആഗ്രഹിച്ചില്ല. അദ്ദേഹം പുറമേനിന്ന് ഈശ്വരനെ ആരാധിച്ചു വന്നു. കരുണാസ്വരൂപനായ ഭഗവാൻ, അദ്ദേഹത്തിന്റെ മുൻപിൽ പ്രത്യക്ഷമായി, അദ്ദേഹത്തെ സംരക്ഷിച്ചു; അനുഗ്രഹിച്ചു. പ്രത്യുത, നന്ദനാർ, താൻ ഒരു വലിയ ഭക്തനാണെന്നുള്ള അഹംഭാവത്തോടുകൂടി, നിൎബ്ബന്ധപൂൎവ്വം ക്ഷേത്രത്തിൽ പ്രവേശിച്ചു എങ്കിൽ, നിശ്ചയമായും ഭഗവാൻ അദ്ദേഹത്തെ ശാസ്ത്രനിയമത്തെ ലംഘിച്ചതിനു കഠിനമായി ശിക്ഷിക്കുമായിരുന്നു. അദ്ദേഹത്തിന്, ഭഗവാനെ പ്രത്യക്ഷനാക്കുവാൻ ഒരിക്കലും സാദ്ധ്യമാവുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ അസാമാന്യമായ ഭക്തിയും, അതേസമയംതന്നെ, ശാസ്ത്രവിധിക്കു മുമ്പിൽ തലകുനിക്കുക എന്ന സ്വഭാവവും, ആണ് അദ്ദേഹത്തെ രക്ഷിച്ചത്. അവയാണ് അദ്ദേഹത്തിന് അനശ്വരമായ സ്വൎഗ്ഗസുഖം അനുഭവിക്കുവാൻ, ഇടയുണ്ടാക്കിത്തീൎത്തത്.

ആഗമശാസ്ത്രങ്ങൾ.

ക്ഷേത്രനിൎമ്മാണം, സംരക്ഷണം, പ്രതിഷ്ഠ, ഭരണം മുതലായവ

യെപ്പററി ആഗമശാസ്ത്രങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ആഗമശാസ്ത്രങ്ങൾ അനേകമുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ പഞ്ചമരുടെ ക്ഷേത്രപ്രവേശനത്തെ ഐകകണ്ഠ്യേന വിരോധിച്ചിരിക്കുന്നു. കരണാഗമം, പ്രായശ്ചിത്തകാണ്ഡം, താഴെ പറയുന്ന ശ്ലോകം നോക്കുക:—

"രുദ്രസ്യവാഥവിഷ്ണോർവ്വാ പ്രാകാരാഭ്യന്തരേയദി
രജസ്വാലാ വധൂശ്ചൈവ ചണ്ഡാലാശ്ചസമാഗതാഃ
തഥാഗ്രാമോത്സവാ...........
തദ്ദേവസ്യകലാഹാനിഃ രാജ്ഞോമരണമേവച
തത് ഗ്രാമസ്യക്ഷയഃ പ്രോക്ത സസ്യാനാം നാശനം ധ്രുവം."

"ഒരു ചണ്ഡാളനൊ, അഥവാ അശുദ്ധമായ ഒരു സ്ത്രീയൊ, ഒരു ശിവക്ഷേത്രത്തിലൊ, വിഷ്ണുക്ഷേത്രത്തിലൊ പ്രവേശിക്കുന്നതായാൽ ആ ഗ്രാമത്തിലെ ആഘോഷങ്ങളെല്ലാം നിറുത്തേണ്ടതാണ്. ആ ക്ഷേത്രത്തിലെ വിഗ്രഹത്തിൻെറ ദിവ്യശക്തിയെല്ലാം നശിക്കുന്നു. അവിടത്തെ ഭരണാധികാരി മരിക്കുന്നു. കൃഷികൾ എല്ലാം നശിക്കുന്നു. ആ ഗ്രാമത്തിന്നുതന്നേയും ആപത്ത് വന്നുകൂടുന്നു."

ഒരു ചണ്ഡാളൻെറ ക്ഷേത്രപ്രവേശനംകൊണ്ടുണ്ടാകുന്ന ക്രൂരഫലങ്ങൾ നോക്കുക. അവരുടെ ക്ഷേത്രപ്രവേശനംകൊണ്ടു അവക്കും മററു നാലുജാതിക്കാക്കും, അവരുടെ ഗ്രാമത്തിന്നും, രാജ്യത്തിന്നും, രാജാവിന്നും, ആപത്തുണ്ടാകുന്നത് അവക്കിഷ്ടമാണൊ? ഒരിക്കലും ആയിരിക്കുവാൻ വഴിയില്ല. അതിനാൽ അവർ, അവക്ക് ക്ഷേത്രപ്രവേശനം വേണ്ടെന്നുവെക്കുന്നതായിരിക്കും, നല്ലത് എന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലൊ.

വൃദ്ധഹാരീതസ്മൃതിയിലെ ഒരു ശ്ലോകം നോക്കുക:—

"പ്രാസാദദേവഹർമ്മ്യാണാം ചണ്ഡാലപതിതാദിഷു
അന്തഃപ്രവിഷ്ടേഷുതഥാശുദ്ധിശാസ്ത്രോക്തകർമ്മണാ
ഗോഭിസ്സംക്രാമണം കൃത്വാ ഗോമൂത്രേണൈവസേചയേൽ."

ഒരു ചണ്ഡാളൻ, ഒരു ക്ഷേത്രത്തിൻെറ പ്രാസാദത്തിൽ പ്രവേശിക്കുന്നപക്ഷം, ആ ക്ഷേത്രം ചാണകംകൊണ്ടും, ഗോമൂത്രംകൊണ്ടും മെഴുകി ശുദ്ധിപ്പെടുത്തേണ്ടതാണ്. ഈ അധികാരികൾതന്നെ, ഒരു ചണ്ഡാളന് ഗോപുരത്തിൻെറ സ്വല്പം അകലെവരെ വരാമെന്നും, അവിടെ നിന്നു ഗോപുരത്തെ ആരാധിക്കാമെന്നും പറഞ്ഞിരിക്കുന്നു.

സൂതസംഹിതയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"ശേഷാണാം ഹരിഭക്താനാം ഗോപുരന്തുവിധീയതേ
പ്രതിലോമാന്ത്യജാതീനാം സ്തൂപീംദൃഷ്ട്വാ സമാചരേൽ."

മനുസ്മൃതി, അദ്ധ്യായം 10. ശ്ലോകം 61.

"ഏതുരാജ്യത്തിൽ അവർ (ചണ്ഡാളന്മാർ) അധികം ജനിക്കുന്നുവോ, ആ രാജ്യം എളുപ്പത്തിൽ അധഃപതിക്കുന്നു. അവിടത്തെ, ഉയൎന്ന നാലുജാതിക്കാരുടേയും ശുദ്ധി, ഇല്ലാതായി തീരുന്നു. അവിടത്തെ നിവാസികളെല്ലാം, ക്ഷണം നശിച്ചുപോകുന്നു."

ഇന്നത്തെ നവീകരണക്കാരുടെ, ഈ "പഞ്ചസാരയിൽ മുക്കിയിരിക്കുന്ന," വാക്കുകേട്ട്, പഞ്ചമരാരും വഞ്ചിക്കപ്പെടരുതേ! ഇന്നത്തെ നവീകരണക്കാൎക്ക്, ശാസ്ത്രത്തിൽ വിശ്വാസമില്ല. അവർ ശാസ്ത്രങ്ങളെ എതിൎക്കുന്നു; യോഗികളേയും ജ്ഞാനികളേയും അധിക്ഷേപിക്കുന്നു, അവൎക്ക് സകല നിയമങ്ങളിൽനിന്നും, പ്രതിബന്ധങ്ങളിൽനിന്നും. സ്വാതന്ത്ര്യം ലഭിക്കണം. തങ്ങൾക്കിഷ്ടംപോലെ, ചോദിക്കുവാൻ ആരുമില്ലാതെ, തുള്ളിക്കൊണ്ടു് നടക്കണം. അതാണ് അവരുടെ മതം; അതാണ് അവരുടെ അഭീഷ്ടം; അതാണ് അവരുടെ ഉത്തരവാദിത്വമില്ലായ്മ; അതുതന്നെയാണ് അവരുടെ ബുദ്ധിഭ്രമം!! അല്ലയൊ പഞ്ചമരെ, ഈ നവീകരണക്കാരുടെ കൊട്ടനുസരിച്ച്, നിങ്ങൾ തുള്ളുവാൻ പുറപ്പെടരുതു. അവർ നിങ്ങളെ ആപത്തിലേക്കാണ് നയിക്കുന്നതു്. നിങ്ങളെ ചാടിക്കുവാനുള്ള കിണർ, അവർ ആദ്യമേ കണ്ടുവെച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ സനാതനികളെ സ്നേഹിക്കുക; അവരുടെ പ്രീതിസമ്പാദിക്കുവാനുള്ള മാൎഗ്ഗം തേടുക. അവരാണ് നിങ്ങളുടെ യഥാൎത്ഥസഹോദരന്മാർ; അവരാണ് നിങ്ങളുടെ അഭ്യുദയകാംക്ഷികൾ. ഏതൊരു ബ്രാഹ്മണനും, തന്റെ സന്ധ്യാവന്ദനത്തിനുശേഷം, ദിവസംപ്രതി പ്രാൎത്ഥിക്കുന്നതു് ഇങ്ങിനെ ആണ്: "സൎവ്വേജനാസ്സുഖിനോഭവന്തു" ഓരോ യാഗത്തിന്റേയും, യജ്ഞത്തിന്റേയും, ഒടുവിൽ സോമയാജികൾ ചണ്ഡാളന്മാരുടെ പൂൎവ്വികന്മാൎക്കായി ജലം നല്കുന്നു. അവർ ചണ്ഡാളന്മാരുടേയും, പതിതന്മാരുടേയും, പാഷാണ്ഡന്മാരുടേയും, ഐഹികപാരത്രികസുഖാനുഭൂതിക്കായി പ്രാൎത്ഥിക്കുന്നു.

ഇന്ന്, ഭംഗിയും സ്വാദും എതിനുണ്ടെന്നു നിങ്ങൾക്കു തോന്നുന്നുവൊ, അതു് വിഷമമാണെന്ന് ഒടുവിൽ ബോദ്ധ്യപ്പെടാതിരിക്കയില്ല. ഇന്ന് ചവൎപ്പുള്ളതായി നിങ്ങൾ വിചാരിക്കുന്ന സാധനം, വാസ്തവത്തിൽ അമൃതം തന്നെ ആണെന്നും അറിയുവാൻ കഴിയും. "മൂത്ത

വർവാക്കും, മുതുനെല്ലിക്കയും, മുമ്പിൽ കൈപ്പും, പിന്നെ മധുരിക്കും." എന്ന പഴമൊഴി നിങ്ങൾക്ക് അക്ഷരംപ്രതി ഓൎമ്മയുണ്ടായിരിക്കട്ടെ. ഇതാ ഞങ്ങൾ നിങ്ങളെ വീണ്ടും ഉപദേശിക്കുന്നു. പഞ്ചമരേ, അധഃസ്ഥിതരേ, ഹിന്ദുമതമാണ് ലോകത്തിലെ ഏററവും ശ്രേഷ്ഠമായ മതം; പുരാതനകാലം മുതൽ, ലോകമെങ്ങും സുപ്രസിദ്ധി സമ്പാദിച്ചിരിക്കുന്ന അമൂല്യരത്നം, അതുതന്നെയാണ്. ആ മതം വേദങ്ങളിലും ശാസ്ത്രങ്ങളിലും, പുരാണങ്ങളിലും, സ്മൃതികളിലും, ശ്രുതികളിലും, പൂൎണ്ണമായി വിശ്വസിക്കുന്നു. അവയുടെ വിധിയെ ആചരിക്കുന്നു; നിശ്ശങ്കം അനുസരിക്കുന്നു. ഈ അനുസരണം, നിശ്ചയമായും, സൎവ്വസുഖത്തേയും ഒടുവിൽ മോക്ഷത്തേയും, നല്കാതിരിക്കയില്ല. അതിനാൽ ആ മതത്തിലും, മതഗ്രന്ഥങ്ങളിലും, വിശ്വസിക്കുക; യോഗികളുടേയും, ജ്ഞാനികളുടേയും വാക്കിനെ അനുസരിക്കുക. അതാണ് നിങ്ങളുടെ ധൎമ്മം, അതാണ് നിങ്ങളുടെ കൎത്തവ്യം. ഹിന്ദുമതത്തിലുള്ള സമസ്തജാതിക്കാരും—പഞ്ചമരും അവരിൽ താണവരും കൂടി—ശാസ്ത്രങ്ങളെ വിശ്വസിക്കട്ടെ; ശാസ്ത്രവിധികളെ അനുസരിക്കട്ടെ. അവരുടെ പൂൎവ്വാചാരത്തേയും, സംസ്കാരത്തേയും, സമ്പ്രദായത്തേയും സംരക്ഷിക്കട്ടെ. ഇഹലോകത്തിലും പരലോകത്തിലും അവൎക്കു സൎവ്വസുഖവും ലഭിക്കട്ടെ. സൎവ്വേശ്വരൻ കടാക്ഷിക്കട്ടെ.!!

രാജ്യത്തിലെ നിയമം.

ഐ. എൽ. ആർ. 7 ബാംബേ. 323. ആനന്ദറാവു, ഷാങ്കർഡാജിയുടെ പേരിൽ കൊടുത്തിരുന്ന അന്യായം.

ഈ അന്യായത്തിൽ, ചിപ്പാണിബ്രാഹ്മണൎക്ക് പുരാതനകാലം മുതൽ ഒരു പ്രത്യേകബ്രാഹ്മണവൎഗ്ഗത്തെ അവരുടെ ക്ഷേത്രങ്ങളിൽ നിന്ന് അകററിനിൎത്തുവാൻ അധികാരമുണ്ടായിരുന്നെന്നും, ഇപ്പോൾ ആ അധികാരം ആക്രമിക്കപ്പെട്ടിരിക്കുന്നുഎന്നും, അതിനെ തടയണമെന്നുമാണ്, അപേക്ഷിച്ചിരുന്നത്. ഒടുവിൽ അന്യായപ്രകാരംതന്നെ, ബഹുമാനപ്പെട്ടപ്രഭുക്കന്മാർ, വിധിനല്കുകയുണ്ടായി. അനേകകാലം മുതൽ അവരനുഭവിച്ചുവന്ന അവകാശത്തെ, അവൎക്കു നല്കുകയും, മററുള്ളവരെ (പ്രതികളെ)അവരുടെ ക്ഷേത്രത്തിൽ പ്രവേശിക്കരുതെന്ന്, ഒരു നിരോധനാജ്ഞമൂലം വിലക്കുകയും ചെയ്തു.

49. മദ്രാസ്സ് നിയമപുസ്തകം. 821. പി. സി.

വൎണ്ണംകൊണ്ടും ജാതികൊണ്ടും ശരിയായ പാർസിസമുദായത്തിൽ പെട്ടവനല്ലാത്ത ഒരുവൻ (ആൻസൊറാസ്ട്രിയൻമതത്തെ അനുസരിക്കുന്നവൻതന്നെ) റങ്കൂണിലെ പാർസിക്ഷേത്രത്തിൽ, കടക്കുവാനും ആരാധന നടത്തുവാനും, അൎഹനല്ലെന്നു, വിധിച്ചിരിക്കുന്നു.

൭ ഐ. എൽ. ആർ. 13 മദ്രാസ്. 293.

വെങ്കിടചലാപതിയും സുബ്ബറായിഡുവും ആയിട്ടുള്ള കേസ്സ്.

ഇതിൽ, പറയൎക്ക്, ക്ഷേത്രത്തിൻെറ മതില്ക്കകത്തുതന്നെ, പ്രവേശിക്കുവാൻ അധികാരമില്ലെന്നും, ശൂദ്രന്മാൎക്കും, ബനിയന്മാൎക്കും ക്ഷേത്രത്തിന്നകത്ത് പ്രത്യേകസ്ഥലംവരെ മാത്രമെ പോകുവാൻ അവകാശമുള്ളു എന്നും, വിധിച്ചിരിക്കുന്നു. നിശ്ചയമായും, ക്ഷേത്രങ്ങൾ ഹിന്ദുമതക്കാൎക്കെല്ലാവൎക്കും ഒരുപോലെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും, പ്രവേശനവിഷയത്തിൽ ചില പ്രത്യേക നിബന്ധനകളെല്ലാം ഉണ്ട്.

29. മദ്രാസ്സ് നിയമപുസ്തകം.

ഗോപാലമൂപ്പന്നാർ എന്ന ആളും, സുബ്രഹ്മണ്യയ്യരും ആയിട്ടുള്ള കേസ്സ്.

ഈ കേസ്സ് ശൂദ്രജാതിയിൽ പെട്ട ഒരുവൻ, തനിക്ക് ക്ഷേത്രത്തിൽ ഇഷ്ടംപോലെ കടക്കുവാൻ വേണ്ട അവകാശം സ്ഥാപിക്കുവാനായി കൊടുത്തിരുന്നതാണ്.

മഹാമണ്ഡപത്തിൽനിന്ന്, ദേവനെ ആരാധിക്കുവാനുള്ള അയാളുടെ അവകാശം, ശരിയായി അനുവദിച്ചു. അതിൽ കൂടുതലായ ഒരവകാശം ന്യായാനുസരണം നല്കപ്പെടുവാൻ പാടില്ല. ഈ കേസ്സിനെ സംബന്ധിച്ചുള്ള, മിസ്റ്റർ സദാശിവയ്യരുടെ വിധി, പ്രത്യേകം സ്മരണീയമാണ്. അതിൽ ശൂദ്രജാതിയിൽ താണജാതിക്കാൎക്കാൎക്കും, ക്ഷേത്രപ്രവേശനാവകാശം ഇല്ലെന്നു പറഞ്ഞിരിക്കുന്നു. അസ്പൃശ്യൎക്ക് ഈ അവകാശമില്ല. എന്തെന്നാൽ അവർ അശുദ്ധക്കാരായ ജാതിക്കാരിൽ ഉൾപ്പെടുന്നു. അദ്ദേഹം മറ്റൊരു കേസ്സിൻെറ വിധിയേയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതു ഐ. എൽ. ആർ. 31 മദ്രാസ്സ്, 236-ാംപേജിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നതാണ്. അതിൽ ഇങ്ങിനെ പറയുന്നു. "ഒരു നീതിന്യായക്കോടതിക്ക് ഒരാചാരത്തെ, 'സമത്വ'ബോധത്തിന്നോ, വ്യക്തിയുടെ അഭിപ്രായത്തിന്നോ, വിരോധമാണെന്നു വിചാരിച്ച്, തള്ളി കളയുവാൻ പാടില്ല. ഒരു വ്യക്തിയുടെ, 'ശരി', 'തെററ്',

കേരള സാഹിത്യ അക്കാദമി

എന്ന അഭിപ്രായം, ഈ വിധമുള്ള വിഷയങ്ങളിൽ സ്വീകാൎയ്യയോഗ്യമല്ല തന്നെ. ഈ വിധത്തിലുള്ള അനേക ആചാരങ്ങളെ കോടതികൾ വിലവക്കുകയും, ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാധാരണ ജനങ്ങളുടെ അഭിപ്രായാനുസരണം, ഇത് അന്യായമെന്നും, ജുഗുപ്സാവഹമെന്നും, തോന്നാം. ഈ കോടതിക്ക് ഒരു ക്ഷേത്രത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും, യുക്തിവാദത്തിനും, സമത്വവാദത്തിനും യോജിച്ചതാണൊ, എന്നു നോക്കേണ്ട ആവശ്യമില്ല. നവീനാദൎശങ്ങൾക്കും, പരിഷ്കാരത്തിനും, അവ അനുയോജ്യം തന്നെ ആണോ എന്നു വിചിന്ത്യവും, ഈ കോടതി ചെയ്യുവാൻ പാടില്ലാത്തതാണ്. ഈ ക്ഷേത്രം ഏതു സമുദായക്കാരുടെ ആവശ്യത്തിനും, ഉപയോഗത്തിനും ആയി ഉദ്ദേശിച്ചു നിൎമ്മിക്കപ്പെട്ടുവോ, ആ സമുദായക്കാരുടെ ആചാരവും, വിശ്വാസവും ഈ കോടതി സംരക്ഷിക്കേണ്ടതാണ്. അവയെ അടിസ്ഥാനമാക്കി മാത്രമേ ഈ കോടതിക്ക് ഒരു വിധി കല്പിക്കുവാൻ പാടുള്ളു. അധികാരമുള്ളു." ഈ വിധിയും, ചില ജാതിക്കാരുടെ സ്പൎശം, ബ്രാഹ്മണരെ മാത്രമല്ല, ശൂദ്രരേയും അശുദ്ധമാക്കുന്നുഎന്ന് സമ്മതിച്ചിരിക്കുന്നു.

ഐ. എൽ. ആർ. 32 മദ്രാസ്സ്, പേജ് 236.

ഇത്, മധുരയിൽ ഷണ്ണർ എന്ന വൎഗ്ഗക്കാരെ സംബന്ധിക്കുന്നതാണ്. മദ്രാസ്സ് ഹൈക്കോട്ടിലെ ബഹുമാനപ്പെട്ട ജഡ്ജിമാർ അവർ അസ്പൃശ്യരാണെന്നും, അസ്പൃശ്യൎക്കു ക്ഷേത്രപ്രവേശനാനുവാദമില്ലെന്നും, വിധിച്ചു.

18. മദ്രാസ്സ് നിയമപുസ്തകം. 387. പി. സി. നോക്കുക. ഈ വിധിയെപ്പററി നല്കപ്പെട്ട 'അപ്പീലും' തള്ളി കളഞ്ഞു. ഹൈകോട്ടിലെ വിധിയെ ബലപ്പെടുത്തി.

ഇതുപോലെ ശാസ്ത്രങ്ങളേയും, പുരാതന കാലം മുതൽ നടപ്പിലിരുന്നുവന്ന ആചാരത്തേയും, കോടതികളിലെ വിധികൾ വിലവച്ചിരിക്കുന്നു. അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനത്തെ, കോടതികളും വിരോധിച്ചിരിക്കുന്നു. പഞ്ചമർ ഹിന്ദുക്കളാണെന്നു പറയുന്നപക്ഷം, അവർ ഹിന്ദുശാസ്ത്രങ്ങളെ അനുസരിക്കുവാൻ, നിൎബ്ബന്ധിതരാണ്. അവർ ശാസ്ത്രനിയമങ്ങളെ അനുസരിക്കണം. ആ ശാസ്ത്രനിയമങ്ങൾ അനുസരിച്ച്, അവൎക്കു ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അവകാശമില്ല. അവർ ഹിന്ദുക്കളല്ല എന്നു പറയുന്നപക്ഷം, പ്രത്യക്ഷമായവിധം തന്നെ,

അവൎക്ക ഹിന്ദുക്ഷേത്രങ്ങളിൽ യാതൊരു കാൎയ്യവുമില്ല. തന്മൂലം, പ്രവേശനാനുവാദം നല്കുവാനും, പാടില്ല.

അസ്പൃശ്യതയെ ഇല്ലായ്മചെയ്യുന്നതും, അവൎണ്ണൎക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുന്നതുമായ, രാജ്യനിയമം ഉണ്ടാക്കാമോ?

ഹിന്ദുമതം അനുസരിച്ച്, വിശുദ്ധമായ മതഗ്രന്ഥങ്ങളിൽ വിധിച്ചിരിക്കുന്ന നിയമങ്ങളേയും അനുഷ്ഠാനങ്ങളേയും മാററുന്നതിനോ, വ്യത്യാസപ്പെടുത്തുന്നതിനോ, ആൎക്കും, മഹാരാജാവിനുപോലും, അധികാരമില്ല. രാജാക്കന്മാരുടെ പ്രവൃത്തിപോലും, ഈ മതഗ്രന്ഥങ്ങളിലെ നിയമങ്ങളെ അനുസരിച്ചിരിക്കേണ്ടതാണ്. മനുസ്മൃതിയിലെ ഏഴാം അദ്ധ്യായം, രാജാക്കന്മാർ പ്രവൃത്തിക്കേണ്ടതായ കൎത്തവ്യങ്ങളെപററി, പ്രതിവാദിക്കുന്നു. പദ്യം 2. നോക്കുക. അത്, രാജാക്കന്മാർ നിയമസംരക്ഷണത്തിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാണെന്നു വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനാലാണു ഹിന്ദുരാജാക്കന്മാർ, എത്ര ശ്രേഷ്ഠന്മാരായിരുന്നാലും, എത്രതന്നെ ശക്തന്മാരായിരുന്നാലും, ഹിന്ദുനിയമങ്ങളേയും, ഹിന്ദുശാസ്ത്രങ്ങളേയും ഭേദപ്പെടുത്തുവാൻ ഉദ്യമിക്കാതിരുന്നത്. നിയമങ്ങളെ വ്യാഖ്യാനിക്കുന്നതിനും, ശാസ്ത്രങ്ങൾ ഒന്നുംതന്നെ പറഞ്ഞിട്ടില്ലാത്ത ചില സംഗതികളെപ്പററി, ഒരു തീൎപ്പു കല്പിക്കുന്നതിനും ഉള്ള അധികാരം, വേദപരിജ്ഞാനം നല്ലവണ്ണമുള്ള ഒരു സഭയിൽ സമൎപ്പിക്കപ്പെട്ടിരുന്നു. എന്നാൽ അവൎക്ക്, ഈ സഭാംഗങ്ങൾക്ക്, ശാസ്ത്രങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്ന സംഗതികളെപ്പററി, ആലോചിക്കുന്നതിനോ, അവയെ ഭേദപ്പെടുത്തുന്നതിനോ, മാററുന്നതിനോ ഉള്ള അധികാരം ഉണ്ടായിരുന്നില്ല.

മനുസ്മൃതിയിലെ 12-ാംഅദ്ധ്യായം ഈ വിഷയത്തെപ്പററി ആണു പ്രതിപാദിക്കുന്നത്.

108-ാം പദ്യം, ശാസ്ത്രങ്ങൾ മൌനം അവലംബിച്ചിരുന്ന കാൎയ്യങ്ങളെപ്പററി, വിശുദ്ധന്മാരായ ഒരു ബ്രാഹ്മണരുടെ പരിഷത്തിന്നു വിധി കല്പിക്കുവാൻ അധികാരമുണ്ടെന്നു പറഞ്ഞിരിക്കുന്നു.

109 മുതൽ 113വരെയുള്ള പദ്യങ്ങൾ, അപ്രകാരമുള്ള ഒരു ബ്രാഹ്മണപരിഷത്തിന്റെ വിശേഷണങ്ങളെ പററി പറയുന്നു.

114-ാംശ്ലോകം ഇതാണു പറയുന്നത്. "അനേകായിരം, നാമംമാത്രമുള്ള ബ്രാഹ്മണർ, അടങ്ങിയിരുന്നാലും, അത് ഒരു ശരിയായ പരിഷത്താകുന്നതല്ല. വിവാദവിഷയങ്ങളെ ഒരു തീൎപ്പു കല്പിക്കുന്നവർ, മതഗ്രന്ഥങ്ങളെപ്പററിയ ഒരു നല്ല ജ്ഞാനം ഉള്ളവരായിരിക്കണം. അ

തരം വിഷയങ്ങളെ പററിയും, അവർ നല്ല ജ്ഞാനം സമ്പാദിക്കേണ്ടതാണ്.

113-ാംശ്ലോകം പറയുന്നതു നോക്കുക.

മററു മഹാന്മാരേയുംകൂടി ചേക്കുന്നതിനു സൌകൎയ്യപ്പെടാതെ വന്നാൽ, വേദനിയമങ്ങളെ നല്ലവണ്ണം അറിഞ്ഞിരിക്കുന്ന ഒരൊററ ബ്രാഹ്മണൻെറ അഭിപ്രായം, ഏററവും ഉയൎന്ന അധികാരിയുടെ നിയമമായി കണക്കാക്കേണ്ടതാണ്. വേദപരിജ്ഞാനം നല്ലവണ്ണമില്ലാത്ത, ആയിരം പേരുടെ വിധിയും, വകവെക്കുവാൻ പാടില്ല.

ഹിന്ദുമതത്തേയോ, സമുദായത്തേയോ സംബന്ധിക്കുന്ന യാതൊരു കാൎയ്യങ്ങളിലും, ഒരു തീൎപ്പു കല്പിക്കുവാൻ, മദിരാശി നിയമസഭക്കോ, ഭാരതനിയമനിൎമ്മാണസഭക്കോ, ബഹു: ബ്രിട്ടീഷ്ചക്രവൎത്തിക്കുതന്നേയോ, അധികാരമില്ല. ഈ മതാചാരങ്ങളെ അവർ, അവഗണിക്കുകയോ, ഭേദപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ, ചെയ്യുവാൻ പാടില്ല. ജഗത്ഗുരുക്കന്മാക്കോ, മതാധിപതികൾക്കു തന്നേയോ, ശാസ്ത്രങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്ന യാതൊന്നിനേയും പററി, ഒരു വ്യത്യാസപ്പെട്ട തീൎപ്പു കല്പിക്കുവാൻ പാടില്ല. ശാസ്ത്രങ്ങൾ, ഒരു പ്രത്യേക വിധത്തിൽ പറഞ്ഞിരിക്കുന്ന ഒരു സംഗതിയെ, അതേവിധം തന്നെ സ്വീകരിക്കേണ്ടതാണ്. ശാസ്ത്രങ്ങൾ മൌനം അവലംബിച്ചിരിക്കുന്ന സംഗതികളെപ്പററി മാത്രമേ, അവൎക്കു യോഗം കൂടി ആലോചിച്ച്, തീൎച്ചപ്പെടുത്തുവാൻ അധികാരമുള്ളൂ.

മതത്തേയും സമുദായത്തേയും സംബന്ധിക്കുന്ന കാൎയ്യങ്ങൾ, ഒരു വ്യക്തിയുടേയോ, അഥവാ പലരുടേയും കൂടിയോ,—അയാളോ, അവരോ, എത്ര ശ്രേഷ്ഠന്മാരുമായിരിക്കട്ടെ—ഉള്ള അഭിപ്രായവും, അഭിലാഷവും അനുസരിച്ച്, ഭേദപ്പെടുത്താമോ? ഇവയെ ഓരോ ഭരണാധികാരികൾക്കും ഓരോ വിധത്തിൽ ഭേദപ്പെടുത്താമോ? മററു മതക്കാരായ ഭരണാധികാരികൾക്ക് ഈ കാൎയ്യങ്ങളിൽ പ്രവേശിക്കാമോ? അങ്ങിനെ ആണെങ്കിൽ ഇതിൻെറ അവസാനം എന്തായിരിക്കും? മതത്തേയും സമുദായത്തേയും സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ പോലും, ഒരു സ്ഥിരതയുണ്ടായിരിക്കുകയില്ല! ഓരോരുത്തരുടേയും വിശ്വാസം, എന്നും ഓരോ വിധം ഭേദപ്പെട്ടുകൊണ്ടിരിക്കും. മതത്തേയും സമുദായത്തേയും സംബന്ധിക്കുന്ന നിയമങ്ങളെ ഭേദപ്പെടുത്തുവാൻ, ഒരു ഭരണാധികാരിക്കു അനുവാദം നല്കപ്പെടുന്നതായാൽ, മറെറാരു ഭരണാധികാരി വരുന്ന സമയം അദ്ദേഹത്തിൻെറ മതം സ്വീകരിക്കുവാൻ നിൎബ്ബന്ധിക്കും;

അനുസരിക്കാത്ത പക്ഷം കഠിനമായ ശിക്ഷയും നല്കപ്പെടും. അതിനു സമ്മതിക്കാവുന്നതാണോ?

ഒരുത്തന്, തന്റെ വിശ്വാസത്തെ പരിത്യജിക്കുക എന്നതിൽ കൂടുതലായി, യാതൊരു മാനഹാനിയും, പോരായ്മയും വരുവാനില്ല എന്നു മി. ഗാന്ധി ഈയിടെ പറയുകയുണ്ടായി. എന്നാൽ സനാതനികളുടെ വിശ്വാസം, കേവലം മനോരാജ്യത്തേയും, വ്യാമോഹത്തേയും അടിസ്ഥാനമാക്കിയിട്ടുള്ള ഒന്നല്ല. അത് ഒരു പ്രത്യേക വ്യക്തിയുടേയോ, അഥവാ ഒരു കൂട്ടം ആളുകളുടേയോ വിശ്വാസം മാത്രമല്ല. അത് അവരുടെ ശാസ്ത്രങ്ങളേയും, അനേകകാലമായി നടപ്പിലിരുന്നു വന്ന ആചാരങ്ങളേയും, അനുഷ്ഠാനങ്ങളേയും ആസ്പദമാക്കിയിട്ടുള്ളതാണ്. ആ സ്ഥിതിക്ക് ആ വിശ്വാസത്തെ പരിത്യജിക്കുക എന്നത്, സനാതനികൾക്ക് എത്രമാത്രം മാനഹാനിയേയും, പോരായ്മയേയും ആണ് ഉണ്ടാക്കുന്നതെന്ന്, മി. ഗാന്ധിക്ക് ആലോചിച്ചാൽ അറിയുവാൻ സാധിക്കും.

ഇനി മേലിലെങ്കിലും മി. ഗാന്ധി, മററുള്ളവരുടെ ആദൎശങ്ങളേയും, വിശ്വാസങ്ങളേയും ആദരിക്കാതിരിക്കയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം സ്വന്ത ആദൎശത്തേയും, വിശ്വാസത്തേയും, മുറുക്കി പിടിക്കുവാൻ ഇഷ്ടപ്പെടുന്ന ഒരാളാണ്. "തന്നോട്, മററുള്ളവർ ഏതുവിധം പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ, അതുപോലെ അവരോടും പെരുമാറുക." എന്നാണ് ബൈബിൾ ഉപദേശിക്കുന്നത്. അങ്ങിനെ പ്രവൃത്തിക്കുന്നവരാണ് "മഹാത്മാക്കൾ." മി. ഗാന്ധി സ്വന്തവാക്കുകളെ തന്നെ വിഴുങ്ങാതിരിക്കട്ടെ! പൂൎണ്ണബോദ്ധ്യത്തോടുകൂടി പറഞ്ഞ വാക്കുകളെ വിസ്മരിച്ചു പ്രവൃത്തിക്കാതിരിക്കട്ടെ! യോഗികളും, ജ്ഞാനികളും, ഗമിച്ചിരുന്ന വിശിഷ്ടമാൎഗ്ഗത്തിൽ കൂടെ പോകുവാൻ, സൎവ്വേശ്വരൻ അദ്ദേഹത്തിന് തോന്നിക്കട്ടെ!!

ഓം, ശാന്തി, ശാന്തി.

(സഭാപതി അയ്യർ അയച്ചുതന്നത്)

സാമൂതിരി മഹാരാജാവിൻെറ പ്രശ്നങ്ങൾ.

1. സ്വന്തമായൊ, ഊരാളൻെറ നിലയ്ക്കൊ, നിങ്ങളുടെ കീഴിൽ വല്ല ക്ഷേത്രങ്ങളും ഉണ്ടൊ? ഉണ്ടെങ്കിൽ ഏതെല്ലാമാണ്? എവിടെയാണ്.

2. അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിൽ ശാസ്ത്രവിരോധമുണ്ടൊ? ഉണ്ടെങ്കിൽ അങ്ങിനെയുള്ള ഭാഗങ്ങൾ വിവരിച്ചെഴുതുക.

3. ശാസ്ത്രങ്ങൾ വിരോധിക്കുമെങ്കിൽ കൂടി കാലാവസ്ഥയ്ക്കനുസരിച്ച ക്ഷേത്രനടവടികളിൽ വല്ല ഭേദഗതികളും ചെയ്ത് അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിപ്പാൻ വിരോധമുണ്ടൊ? ഇല്ലെങ്കിൽ എങ്ങിനെയാണ വേണ്ടത്?

4. അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിക്കുവാൻ തീൎച്ചപ്പെടുത്തുന്ന പക്ഷം നിങ്ങൾ നിങ്ങളുടെ ക്ഷേത്രം തുറന്നു കൊടുക്കുവാൻ ഒരുക്കമുണ്ടൊ? സമയത്തിനെപ്പറ്റി വല്ലനിൎണ്ണയവും ചെയ്യേണ്ടതുണ്ടോ? ക്ഷേത്രങ്ങളിൽ അവൎക്കേതുവരെ പ്രവേശിക്കാം?

സാമൂതിരിമഹാരാജാവിൻെറ പ്രശ്നങ്ങൾക്കുള്ള സമാധാനങ്ങൾ.

൧

ചെറുമുക്കിൽ വൈദികൻ വാസുദേവൻ നമ്പൂതിരി.

എൻെറ ഇല്ലത്തേയ്ക്ക സ്വന്തമായും കൂട്ടൂരാളൻെറ നിലയ്ക്കും അവകാശപ്പെട്ടതായി ബ്രിട്ടീഷിലും തിരുവിതാംകൂറിലും ആയി ക്ഷേത്രങ്ങളുണ്ട്. അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിൽ ശാസ്ത്രവിരോധമുണ്ട്. ഇതിന്ന് അനുബന്ധമായി ചില സംഗതികൾ താഴെ പറയുന്നു.

സന്ധ്യാസ്നാനം ജപോ ഹോമോ ദേവതാനാം ച പൂജനം.
ആതിഥ്യം വൈശ്വദേവഞ്ച ഷൾക്കൎമ്മാണി ദിനേ ദിനേ.

എന്നിങ്ങനെ പരാശരാദിസ്മൃതികളിൽ ദേവതാപൂജയെ ബ്രാഹ്മണൎക്ക നിത്യഷൾക്കൎമ്മങ്ങളിലൊന്നായി വിധിച്ചിരിക്കുന്നു. ഈ ദേവതാപൂജ

യെതന്നെ അഗ്നിപുരാണത്തിൽ ആറു സ്ഥാനങ്ങളിലായും വിധിച്ചിട്ടുണ്ട്.

"അപ്സ്വഗ്നൌ ഹൃദയെ സൂര്യ്യെസ്ഥണ്ഡിലെ പ്രതിമാസു ച
ഷൾസ്വേതേഷു ഹരെസ്സമ്യഗച്ചനം സ്മൃതിഭി: സ്മൃതം
അഗ്നൌ ക്രിയാവതാം ദേവോരപ്പൌദേവോമനീഷിണാം.
പ്രതിമാ സ്വല്പബുദ്ധീനാം യോഗിനാം ഹൃദയെ ഹരിഃ
തസ്യ സർവ്വഗതത്വാച്ച സ്ഥണ്ഡിലെ ഭാവിതാത്മനാം"

ഇതുകൊണ്ട് അല്പബുദ്ധികൾക്കാണല്ലൊ പ്രതിമകളിൽ ദേവതാപൂജയെ വിധിച്ചിരിയ്ക്കുന്നത്. ഇതിൽ പറയുന്ന ദേവതാർച്ചനമാണ് ദേവാലയങ്ങളിൽ നിത്യവും നിർവ്വഹിച്ചുവരുന്നത്. പൂജാസമർത്ഥന്മാൎക്ക് നിത്യവും ഗൃഹത്തിൽവെച്ചുതന്നെ പ്രതിമാർച്ചനം സാദ്ധ്യമാണെങ്കിലും തദസാദ്ധ്യന്മാരായ സ്ത്രീബാലാദികൾക്കുംകൂടെ ദേവതോപാസനം സ്വസാദ്ധ്യമാക്കാൻവേണ്ടിയാണ ക്ഷേത്രം നിർമ്മിച്ചു താന്ത്രികന്മാരെക്കൊണ്ട് പ്രതിഷ്ഠിച്ച് പൂജകന്മാരെക്കൊണ്ട് നിത്യവും പൂജ മുതലായതും നടത്തിച്ചുവരുന്നത്. പ്രതിമോപാസനത്തിന് അല്പജ്ഞന്മാരാണ് അധികാരികളെന്നു പറഞ്ഞുവല്ലൊ. എന്നാൽ ഈശ്വരൻ സർവ്വംഗതനും നിഷ്കളങ്കനും നിർവ്വികല്പനുമാണെങ്കിലും കൃഷ്ണാദ്യവസരങ്ങളിൽ ഭഗവൽസ്വീകൃതമായും വിഭൂതിമത്തായും നിഗ്രഹാനുഗ്രഹസമർത്ഥമായും ജനനമരണരാഗദ്വേഷാദി വിശിഷ്ടമായും ശുദ്ധ്യശുദ്ധ്യാവിലേപസഹിതമായുംഉള്ള ഒരു പരിമിതസ്വരൂപമാക്കി സങ്കല്പിച്ചാണ് പ്രതിമകളെ പ്രതിഷ്ഠിയ്ക്കുന്നത്. ഈ പ്രതിമകളിൽ വർണ്ണജാതികൾക്കു വിധിച്ചിരിക്കുന്ന സംസ്കാരാദികളും ചെയ്തുവരുന്നുണ്ട്. തന്ത്രശാസ്ത്രപ്രകാരം പ്രതിഷ്ഠചെയ്തിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലും ഈവിധംതന്നെയാണ്. അതുകൊണ്ടു വർണ്ണജാതികളെപ്പോലെ ക്ഷേത്രദേവനും ശുദ്ധാശുദ്ധാദികൾ കല്പിക്കണമെന്നു വന്നുവല്ലൊ.

അവർണ്ണൎക്ക് "അയിത്ത"മെന്ന അശുദ്ധത്വത്തെപ്പററി പരാശരസ്മൃതി 12-ാംമദ്ധ്യായത്തിൽ (ശ്ലോകം 53) ഇങ്ങിനെ വിധിച്ചിരിക്കുന്നു.

"യുഗം യുഗദ്വയഞ്ചൈവ ത്രിയുഗഞ്ച ചതുൎയ്യുഗം
ചണ്ഡാലസൂതികോദക്യാ പതിതാ നാമധഃക്രമാൽ
തതസ്സന്നിധിമാത്രേണ സചേലം സ്നാനമാചരേൽ."

ബൃഹസ്പതിയിലുംഉങ്ങിനെ തന്നെയാണ് വിധിച്ചിരിയ്ക്കുന്നത്. ഈ ശ്ലോകാർത്ഥത്തെ നീലകണ്ഠയോഗികൾ വ്യക്തമാക്കീട്ടുണ്ട്.

> അന്ത്യത്ര യുഗമാനം സ്യാദാ ചണ്ഡാലംഹീനരമാപദം
> ചണ്ഡാലാസ്ത്രീ വിധാർജ്ഞേയാ മുഖ്യമദ്ധ്യമ ഹീനജാഃ
> തേഷാം തു യുഗമാനംസ്യാൽ ഷണ്ഡവദ്വാദശാത്മകം
> ഹീനാ ഭവന്തി മൃഗയുപുല്ക്കസശ്വപാദാദയാ.
> മുഖ്യാ സ്ത്ഗൌണ്ഡികതക്ഷാദ്യാ സ്സർവ്വേന്ന്യേ മദ്ധ്യമാ സ്മൃതാഃ.

ഇതുകൊണ്ടു പതിതന്മാക്ക് 6 അടിയും, രജസ്വലക്കു 12 അടിയും, സൂതികക്കു 18 അടിയും, ഈഴവർ ആശാരി മുതലായവക്കു 24 അടിയും, മണ്ണാൻ, പാണൻ മുലായവക്കു 36 അടിയും, ചെറുമൻ, പറയൻ മുതലായവക്ക് 48 അടിയുമാണെല്ലോ വിധിച്ചിരിക്കുന്നതു്. ചെറുമൻ, പറയൻ, നായാടി ഇവക്കു 64 അടിയായിട്ടും ഒരു പക്ഷമുണ്ടു്. അതുപ്രകാരമാണു് ഇപ്പോഠം നടപ്പു്. വർണ്ണജാതികഠംക്കുള്ളതുപോലെ ക്ഷേത്രദേവന്നും ഇവരുടെ സാമീപ്യംകൊണ്ടു് അശുദ്ധി ബാധിക്കുമെന്നു് തന്ത്രസമുച്ചയം 10-ാം പടലത്തിൽ 2-ാംശ്ലോകം അശുദ്ധിനിമിത്തങ്ങളെക്കുളയുന്ന കൂട്ടത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ക്ഷേത്രേമൃതിജ്ജനനമങ്കണമണ്ഡപാദൌ മൂത്രാസൃഗാദിപതനം പതിതാദിവേശഃ" ഇവിടെ പതിതാദി എന്ന ആദിശബ്ദംകൊണ്ടു് സൂതിക, രജസ്വല, ചണ്ഡാളൻ മുതലായവരേയാണു് വിവക്ഷിച്ചിട്ടുള്ളതു്. അതുകൊണ്ടു ക്ഷേത്രത്തിലേക്കു അതാതാളുകഠംക്കു വിധിച്ചിട്ടുള്ള അടിയിൽ കുറയാതേയുള്ള ദൂരം വജ്ജിക്കുകതന്നേ വേണം. അനാദി സദാചാരവും ഇങ്ങിനെതന്നെയായതുകൊണ്ടു് അതിനെ മാററുവാൻ പാടുള്ളതല്ല. സാൎവ്വത്രികമായോ ദേശാചാരമായോ കുലാചാരമായോ നടന്നുവരുന്ന സദാചാരങ്ങഠംക്കു് ശ്രുതിസ്മൃതികളെപ്പോലെ പ്രാമാണ്യമുണ്ടെന്നു് ധമ്മശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടു്. ഗൌതമസ്മൃതി: "വേദോ ധമ്മമൂലം തദ്വിദാം ച സ്മൃതിശീലേ" മനുസ്മൃതി: "ശിഷ്ടാചാരസ്മൃതിവേദ സ്ത്രിവിധം ധമ്മലക്ഷണം" ഈ വിഷയത്തിൽ ഇങ്ങിനെ പലേ വചനങ്ങളുമുണ്ടു്. അതുപോലെ ദേശാചാരത്തിന്നും ശ്രുതിസ്മൃതികളേപ്പോലെ പ്രാമാണ്യമുണ്ടു്. ദേവലഃ

> "യസ്മിൻദേശേയആചാരോന്ന്യായദൃഷ്ടഃ പ്രകല്പിതഃ
> സതസ്മിന്നേവകത്തവ്യോദേശാചാരസ്മൃതോബുധൈഃ
> യേഷുദേശേഷുയേദേവായേഷുദേശേഷുയേദ്വിജാഃ
> യേഷുദേശേഷുയത്തോയം യാചതത്രൈവമൃത്തികാ.
> യേഷുദേശേഷുയച്ഛൌചം ധമ്മാചാരശ്ചയാദൃശാഃ
> തത്രതാന്നാവമന്യേതധമസ്തത്രൈവതാദൃശാഃ

യസ്മിൻദേശേ പുരഗ്രാമേ ത്രൈവിദ്യേനഗരേപിവാഃ
യോയത്രവിഹിതോധമ്മ സ്തംധമ്മംന്നവിചാലയേൽ.”

കുലാചാരത്തിനും പ്രാമാണ്യമുണ്ട്. മനു: “യേനാസ്യപിതരോ യാതാ യേനയാതാഃപിതാമഹാഃ തേനയായാൽ സതാംമാൎഗ്ഗം തേനഗഛൻ നരിഷ്യതി” അനാദി ദേശാചാരകുലാചാരങ്ങളേ ഇളക്കാതെ രക്ഷിക്കുക എന്നത് രാജധമ്മവുമാണ്. യാജ്ഞവല്ക്യസ്മൃതി രാജധമ്മത്തിൽ 343-ാം ശ്ലോകം. “യസ്മിൻദേശേയആചാരോ വ്യവഹാരകുലസ്ഥിതിഃ തഥൈവപരിപാല്യോസൌ യദാവശമുപാഗതഃ” മുൻപറഞ്ഞവിധം ശാസ്ത്രവിരോധംകൊണ്ടും, ആചാരവിരോധംകൊണ്ടും അവൎണ്ണൎക്ക ക്ഷേത്രപ്രവേശനം അനുവദിപ്പാൻ പാടുള്ളതല്ല. കാലാവസ്ഥക്കനുസരിച്ച് ക്ഷേത്രനടവടികളിൽ മാററം വരുത്തുവാൻ പാടില്ല. എന്റെ ക്ഷേത്രം അവൎണ്ണൎക്ക തുറന്നുകൊടുപ്പാൻ ഒരുക്കവുമില്ല.

കേരള സാഹിത്യ അക്കാദമി

൨

കിള്ളിമംഗലത്ത് നടുവത്ത് മഹാമഹോപാദ്ധ്യായൻ
നാരായണൻനമ്പൂതിരിപ്പാട്.

1. നമ്മുടെ കീഴിൽ ചേന്നപുരം, ചിറയിൽ, അയ്യുന്, പളങ്കിൽ ഇങ്ങിനെ നാലു ക്ഷേത്രമുണ്ട്. ഇതിൽ അയ്യുന് തിരുവിതാംകൂറിലും, ശിഷ്ടം കൊച്ചിയിലുമാകുന്നു.

2. അവൎണ്ണൎക്ക് ക്ഷേത്രപ്രവേശത്തിന് ശാസ്ത്രവിരോധമുണ്ട്. അത് താഴെ ചേക്കുന്നു.

യുഗംച, എന്ന ബൃഹസ്പതിവചനമാണ് അയിത്തത്തിന്റെ പ്രമാണം. ഈ സ്മൃതിയുടെ അൎത്ഥം-ചണ്ഡാളന്മാരെ നാലു യുഗം ദൂരത്തിലും സൂതികയെ 3 യുഗം ദൂരത്തിലും ഉദക്യയെ 2 യുഗം ദൂരത്തിലും പതിതൻമാരെ 1 യുഗം ദൂരത്തിലും വൎജ്ജിക്കണമെന്നാകുന്നു. ഈ സ്മൃതിയിൽ ചണ്ഡാളപദംകൊണ്ട് ആശാരി മുതലായവരേയും പാണൻ മുതലായവരേയും ചെറുമൻ, പറയൻ, നായാടി മുതലായവരേയും ഈ മൂന്നു തരക്കാരേയും ഗ്രഹിയ്ക്കുന്നു. യുഗശബ്ദത്തിന്റെ അൎത്ഥം ദണ്ഡ് എന്നാകുന്നു. ആ ദണ്ഡ് 6 അടിയായിട്ടും 9 അടിയായിട്ടും 12 അടിയായിട്ടും 16 അടിയായിട്ടും ഇങ്ങിനെ 4 തരമുണ്ട്. ഇതിൽ ആശാരി തിയ്യൻ മുതലായവൎക്ക് 6 അടി പ്രമാണമായ 4 ദണ്ഡ് (24) അടിയും, പാണൻ പുള്ളോൻ മുതലായവൎക്ക് 9 അടി പ്രമാണമായ 4 ദണ്ഡ് (36) അടിയും ചെറുമൻ പറയൻ മുതലായവൎക്ക് 12 അടി പ്ര

മാണമായ 4 ദണ്ഡ് 48 അടിയും അയിത്തമാകുന്നു. ചെറുമൻ മുതലായവൎക്ക് 16 അടി പ്രമാണമായ 4 ദണ്ഡ് (64) അടിയെന്നും ഒരു പക്ഷമുണ്ട്. ഈ സ്മൃതിയെ എടുത്ത് മഹിഷമംഗലം തന്റെ സ്മാൎത്തപ്രായശ്ചിത്തഗ്രന്ഥത്തിൽ ശൂദ്രാഷ്ടകം എന്ന ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം വിശദമായിപ്പറഞ്ഞിരിക്കുന്നു. ഈ സ്മൃതിയെ യാജ്ഞവൽക്യസ്മൃതിപ്രായശ്ചിത്താധ്യായത്തിൽ 30-ാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനം മിതാക്ഷരിയിൽ വിജ്ഞാനേശ്വരയോഗീശ്വരനും പരാശരസ്മൃതിവ്യാഖ്യാനത്തിൽ മാധവാചാൎയ്യരും എഴുതീട്ടുണ്ട്. ഈ ബൃഹസ്പതിസ്മൃതിയേക്കൊണ്ടും ക്ഷേത്രേ പതിതാദിവേശഃ എന്നുള്ള സമുച്ചയം 10-ാം പടലത്തിലെ ശ്ലോകംകൊണ്ടും ബ്രാഹ്മണൎക്കും ദേവന്മാൎക്കും അശുദ്ധി സമമായിട്ടാണ് കിട്ടുന്നത്. ഇപ്രകാരംതന്നെയാണു കേരളത്തിൽ സജ്ജനങ്ങൾ അനാദിപരമ്പരയായി അനുഷ്ഠിച്ചുവരുന്ന ശിഷ്ടാചാരം. ഇത് ഉളക്കുന്നപക്ഷം "യസ്മിൻ ദേശേ" എന്ന ദേവലസ്മൃതിക്കു വിരോധം വരും.

3. ക്ഷേത്രനടവടികൾ ഭേദപ്പെടുത്തുന്ന കാൎയ്യം സാമൂതിരിമഹാരാജാവു മുതലായ മഹാരാജാക്കന്മാരും ശിഷ്ടന്മാരായ മഹാജനങ്ങളും എല്ലാവരുംകൂടി ആലോചിച്ചു തീൎച്ചപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം പരക്കേസ്സമ്മതിപ്പാൻ പ്രയാസമാണല്ലോ. എന്ന് കൊല്ലം 1108 വൃശ്ചികം 7-ാംനു- കിള്ളിമംഗലത്തു മനയ്ക്കൽ മഹാമഹോപാധ്യായൻ നാരായണൻനമ്പൂതിരിപ്പാട് (ഒപ്പും മുദ്രയും)

൩

അയ്യാശാസ്ത്രികൾ, ചേന്നമംഗലം.

27—3—108.

അതിപുരാതനകാലംമുതൽ അവൎണ്ണൎക്കു ക്ഷേത്രപ്രവേശമില്ലാതെയാണല്ലോ നടന്നുവരുന്നത്. വളരെക്കാലമായിട്ടുള്ള നടപ്പ് (സദാചാരം)തന്നെ വലിയ പ്രമാണമാണ്. ഇതിനും പുറമെ ശാസ്ത്രങ്ങളും ഇവരുടെ സാന്നിദ്ധ്യമുണ്ടായാൽതന്നെ സ്നാനം വേണമെന്നും ക്ഷേത്രപ്രവേശം സംഭവിച്ചാൽ പുണ്യാഹം മുതലായ നിഷ്കൃതികൾ ചെയ്യണമെന്നും പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ ഇവൎക്കു ക്ഷേത്രപ്രവേശം ഒരിക്കലും അനുവദിപ്പാൻ പാടുള്ളതല്ല. ശാസ്ത്രനിഷിദ്ധകാൎയ്യം ഏതു കാലത്തും അനുവദിക്കേണ്ടതല്ല. അങ്ങിനെ നിവൃത്തിയില്ലാതെ വരുന്നകാലത്തു അവിടുന്നും രാജ്യഭാരം നടത്തിവരുന്ന കൊച്ചി തിരുവി

കേരളസാഹിത്യ അക്കാദമി

താംകൂർ മഹാരാജാക്കന്മാരും ശാസ്ത്രജ്ഞന്മാരും ആസ്തികന്മാരുമായിരിക്കുന്ന ഉത്തമബ്രാഹ്മണരും മററുംകൂടി ആലോചിച്ച് നിവൃത്തിമാർഗ്ഗം സമ്പാദിക്കേണ്ടതാണ് എന്നാകുന്നു എന്റെ അഭിപ്രായം.

(എന്ന് അയ്യാശാസ്ത്രികൾ (ഒപ്പ്)

൪

തിരുനാവായ വാദ്ധ്യാൻ എക്കര ഇട്ടിത്തായൻ നമ്പൂതിരി.

108 തുലാം 27.

ഗുരുവായൂർ ക്ഷേത്രത്തിൽ അവർണ്ണക്കു ക്ഷേത്രപ്രവേശം ലഭിക്കേണ്ട സംഗതിയെപ്പററി 108 തുലാം 5-ാംനു- എഴുതി അയച്ചതായ ചോദ്യങ്ങൾ കിട്ടി.

നമുക്കു പൊന്നാനി താലൂക്കിലും തിരുവിതാംകൂർ കോട്ടയം താലൂക്കിലും ക്ഷേത്രങ്ങളുണ്ട്.

2 സ്മൃതി, സമുച്ചയം, സദാചാരം ഇതുകളാൽ അവർണ്ണക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിന്നു വിരോധമുണ്ട്. ഏതേതു ഭാഗങ്ങളിലാണെന്നു മേൽപറഞ്ഞ ഗ്രന്ഥങ്ങൾ അവിടെപ്പരിശോധിച്ചാൽ അറിയാവുന്നതാണ്.

3 എന്റെ ക്ഷേത്രങ്ങൾ അവർണ്ണക്കു തുറന്നു കൊടുക്കുവാൻ ഒരുക്കമില്ല.

എന്ന് ഇട്ടിത്തായൻ വാദ്ധ്യാൻ നമ്പൂതിരി(ഒപ്പ്)

൫

വെള്ളയ്ക്കാട്ടു ഭട്ടതിരി—പൂന്തുക്കോവ്.

108 വൃശ്ചികം 4-ാംനു-.

അവിടുന്നു നമുക്ക് ഇക്കഴിഞ്ഞ തുലാം 5-ാംനു- അയച്ച തീട്ടു കണ്ടു. അവിടുത്തെ ചോദ്യങ്ങൾക്കു നമുക്കു പറവാനുള്ള മറുവടി താഴെ ചേർക്കുന്നു.

1 നമുക്കു സ്വന്തമായി പൊരൂര് അംശത്തിൽ പൂന്തുക്കോവ് എന്ന ക്ഷേത്രവും, കൂട്ടരായ്മയുള്ളതായി പൊരൂരംശത്തിൽ പൊരൂര്, തൃക്കടങ്ങോടംശത്തിൽ കരിക്കാട്, ഈ ക്ഷേത്രങ്ങളുമുണ്ട്.

2. അവർണ്ണരെന്നു പറയുന്നത് ആരെല്ലാമാണെന്നു നമുക്കു

വിശദമായി മനസ്സിലാവുന്നില്ല. എങ്കിലും വിപ്രകൃഷ്ട്യൻമാരായിരിക്കമെന്നു നാം ഊഹിക്കുന്നു. അങ്ങിനെയുള്ളവൎക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിൽ ശാസ്ത്രവിരോധമുണ്ടു്. അതിന്നു സത്തുക്കൾ ഇപ്പോൾ ആചരിച്ചു വരുന്ന ആചാരം തന്നെ പ്രമാണമാണു്. പിന്നേ "നശാസ്ത്രദൃഷ്ട്യാ വിരുദ്ധോപി കദാചി ദ്ബലംഘനീയാഃ കുലദേശധൎമ്മാഃ" എന്നും മററു മുണ്ടല്ലോ? ശാസ്ത്രോക്തമായി ഇനിയും പലതുമുണ്ടു്. അതെല്ലാം പരിശോധിച്ചു് ഇവിടെ വിവരിപ്പാൻ തൽക്കാലം അസാദ്ധ്യമാകയാലും അതുകൊണ്ടു് ഇപ്പോൾ വളരെ പ്രയോജനമുണ്ടെന്നു ബോദ്ധ്യമില്ലാത്തതിനാലും വിവരിച്ചിട്ടില്ല. ഗുരുവായൂർ ക്ഷേത്രത്തിൽ അവൎണ്ണൎക്കു പ്രവേശനം അനുവദിപ്പാൻ തീർച്ചപ്പെടുത്തുന്ന പക്ഷത്തിലും നമ്മുടെ ക്ഷേത്രങ്ങൾ തുറന്നു കൊടുപ്പാൻ ഒരുക്കവും സമ്മതവും ഇല്ല.

ഗുരുവായൂർ ക്ഷേത്രം അവൎണ്ണൎക്കു സാധാരണയായി പ്രവേശനത്തിന്നു തുറന്നു കൊടുക്കുന്ന പക്ഷം ടി ക്ഷേത്രത്തിൽ നമ്മുടെ വകയായി ദിവസംതോറും മാസംതോറും വത്സരംതോറുമായിക്കഴിച്ചു വരുന്ന വഴിവാടുകൾ, സേവകൾ, എല്ലാം നിൎത്തുവാനല്ലാതെ യാതൊരു മാൎഗ്ഗവും കാണുന്നില്ലാത്തതിനാൽ അതുകൾ സങ്കടത്തോടുകൂടി നിൎത്തുവാനിട വരുന്നതാണെന്നും, വേറെയും ഈ വിധം ചെയ്യുവാൻ അധികം ആളുകൾ ഉണ്ടാവുമെന്നാണു നമുക്കറിവുള്ളതെന്നും ഉള്ള വിവരവും അറിയിച്ചു കൊള്ളുന്നു.

എന്നു് ടി. ദാമോദരൻ ഭട്ടതിരി.

൩

പൂമുള്ളിയിൽനിന്നും മറുവടി.

(1) നമുക്കു സ്വന്തമായി 22-ം കൂട്ടുരാണ്മയുള്ള 4-ം ക്ഷേത്രങ്ങളുണ്ടു്.

(2) ഓരോ ദിക്കിൽ പുരാതനമായി നടന്നു വരുന്ന നടപ്പു് അധൎമ്മമായാൽക്കൂടി അതിനെ വിരോധിക്കാതെ രക്ഷിക്കേണമെന്നു ബൃഹസ്പതി സ്മൃതിയിൽ പറയുന്നു.

ഉദ്ഗൃഹ്യതേ ദാക്ഷിണാത്യൈ
ൎമ്മാതുലസ്യ സുതാ ദ്വിജൈഃ
മദ്ധ്യദേശേ കൎമ്മകരാശ്ശില്പിനശ്ച ഗവാശനാഃ
മത്സ്യാദാശ്ച നരാസ്സൎവ്വേ വ്യഭിചാരരതാസ്ത്രിയഃ—ഉത്തരേ മദ്യപാ

നാൎയ്യ സ്പൃശ്യന്ത്യണാം രജസ്വലാ. അപ്രസൂതാം പ്രഗൃഹ്ണന്തി ഭ്രാതൃജാ യാമഭർത്തൃകാം തദ്ദൈ വൈതേപാലനീയാഃ പ്രജാഃ പ്രഷ്ടഭൃതേന്ദൃഥാ; ഇത്യാദി വചനങ്ങൾകൊണ്ടു പറഞ്ഞിരിയ്ക്കുന്നതിനാൽ പണ്ടക്കു പണ്ടേ സവൎണ്ണരും അവൎണ്ണരും സശ്രദ്ധം നടത്തി വരുന്ന ജാതി മൎയ്യാദ അധൎമ്മമായാൽ തന്നെ അതിനെ രക്ഷിയ്ക്കാതിരുന്നാൽ ശാസ്ത്രവിരോധമുണ്ട്. എന്നാൽ ജാതിമൎയ്യാദ നിഷേധിച്ചിട്ടില്ലാത്തതിനാൽ അധൎമ്മമല്ലെന്നു മാത്രമല്ല സ്മൃതികൊണ്ടും മററും ധൎമ്മമെന്നു തീൎച്ചപ്പെട്ടിരിക്കുന്നതുമാകുന്നു. ഇത്രയും വില പിടിച്ച ജാതിമൎയ്യാദയെ അത്യാദരവോടുകൂടി രക്ഷിക്കാതെ നേരെ മറിച്ചു നശിപ്പിയ്ക്കുവാൻ സമ്മതിക്കുന്നതിലുള്ള ശാസ്ത്രവിരോധത്തിൻെറ ആധിക്യം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

(൩) വിരോധമുണ്ട്. കാലഭേദംകൊണ്ടു ചില മാററം തന്നത്താൻ വന്നു കൂടുന്നുണ്ടെങ്കിലും ഭൂതഭവിഷ്യദ്വൎത്തമാനകാലദൎശനം ഇല്ലാത്ത അസ്മദാദികൾക്ക് ഒരു വിധത്തിലും(അതായത്)കാലാവസ്ഥ നോക്കിയോ,ഭേദഗതിചെയ്തോ,അനുവാദനിലയ്ക്കോ മറേറാ ലോകത്തിൽ പുരാതനാചാരം ലവലേശംപോലും മാററുവാൻ അധികാരമോ, ശാസ്ത്രസമ്മതമോ ഇല്ല. അത്രതന്നെയല്ല കാലാവസ്ഥനോക്കിപ്പുരാതന നടവടികൾക്കു വല്ല മാററവും ചെയ്യുന്നതായാൽ അതിന്നൊരു അറുതി കിട്ടുവാൻ സാദ്ധ്യമാകാത്തതും, അങ്ങിനെ ചെയ്തു തുടങ്ങിയാൽ സകല ആചാരങ്ങളും നശിച്ചു പോവാൻ എടയായിത്തീരുന്നതുമാണ്. അതുകൊണ്ട് എത്രയോ വില പിടിച്ച ക്ഷേത്രപരിപാലനത്തിൽ ഒരടിപോലും പിൻവലിയ്ക്കാതെ സൎവ്വപ്രകാരേണയുംകൊണ്ടുപിടിച്ചു ശ്രമിക്കുകയും ദൈവഗത്യാ മാൎഗ്ഗമില്ലാതെ വന്നുപോയാൽ പിന്നേയും സൎവ്വദാ വല്ല വഴിയും കിട്ടുമോ എന്നാലോചിച്ചു കൊണ്ടിരിക്കയും ചെയ്യുന്നതാണു നമ്മുടെ ധൎമ്മം.

നമ്മുടെ വക യാതൊരു ക്ഷേത്രവും അവൎണ്ണൎക്കു തുറന്നു കൊടുപ്പാൻ നാം ഒരുക്കമില്ല. എന്നുമാത്രമല്ല അതിന്നെതിരായി വല്ലവരും വല്ല പ്രവൃത്തിയും ചെയ്യുന്നതായാൽ അതിനെ അവസാനംവരെ എതൃപ്പാൻ നാം ഒരുക്കവുമാണ്.

ഇപ്പോൾ അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം വേണമെന്ന് രാജ്യമെങ്ങും ലഹള കൂട്ടുന്നത് ഈശ്വരഭക്തികൊണ്ടോ, ഈശ്വരാരാധനത്തിൽ ആസക്തികൊണ്ടോ, ആണെന്നു നമുക്കു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ സൎവ്വവ്യാപിയായ ഈശ്വരനെ അവൎണ്ണർ തങ്ങളുടെ സ്വന്തം സ്ഥലത്തുവെച്ചോ, സ്വന്തമായി ക്ഷേത്രങ്ങൾ നിൎമ്മിച്ചോ, ആരാധി

ച്ചാൽ മതിയാവുന്നതും, അപ്രകാരം നാനാപ്രദേശങ്ങളിലും ഇപ്പോൾ നടന്നു വരുന്നതുമാകുന്നു. ഈ പ്രമാണം അനുസരിച്ചാണു സവർണ്ണരും നടന്നു വരുന്നതു്. ഇതര കാൎയ്യലാഭങ്ങൾക്കുവേണ്ടി കീഴ്നടവടികളെ എല്ലാം തച്ചുടച്ചു സമുദായക്കുഴപ്പങ്ങളുണ്ടാക്കിത്തീൎക്കുവാൻ ശ്രമിക്കുന്ന ചിലരുടെ ദുൎബ്ബോധനയാലും ദുരുപയോഗത്താലുമാണു ഈ വിഷയത്തിന്നു് ഇത്ര ഗൌരവവും പ്രാധാന്യവുമുണ്ടായിത്തീൎന്നിട്ടുള്ളതു്. അതുകൊണ്ടു് അവിടന്നു് ഈക്കാൎയ്യങ്ങൾക്കു് ഒരു പ്രകാരത്തിലും വഴിപ്പെടുകയില്ലെന്നു നാം പൂൎണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഈ അവസ്ഥ രാജാവിങ്കൽ ധരിപ്പിച്ചുകൊള്ളുകയും വേണം.

എന്നു് 108 വൃശ്ചികം 7-ാംനു- പെരിങ്ങോട്ടുനിന്നെഴുതിയതു്

പൂമുള്ളി മനയ്ക്കൽ മൂപ്പിൽസ്ഥാനം ത്രിവിക്രമൻ നമ്പൂതിരിപ്പാടു്

(ഒപ്പ്. മുദ്ര)

കേരളസാഹിത്യ അക്കാദമി

൭

എ. കെ. ടി. കെ. യം. നാരായണൻനമ്പൂതിരിപ്പാടയച്ച മറുവടിയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

2. നിഷേധിക്കുന്നതായ ശാസ്ത്രം ഇന്നതെന്നു പറയുവാൻ ഇപ്പോൾ ഇനിക്കു സാധിക്കുകയില്ല. അനാദിയായി നടക്കുന്ന ഒരു നടവടിതന്നെ ശാസ്ത്രതുല്യമായിക്കരുതുന്നതിൽ യാതൊരാളും യാതൊരു തെറ്റും പറയുകയില്ലെന്നാണു എന്റെ അഭിപ്രായം. ശാസ്ത്രം വിരോധിക്കുന്നുവെങ്കിൽകൂടി കാലാവസ്ഥക്കനുസരിച്ചു നടവടികൾക്കു മാററം വരുത്തി പ്രവേശനം അനുവദിക്കുവാൻ വിരോധമുണ്ടൊ എന്ന ചോദ്യത്തിന്നു സമാധാനം പറയുന്നതിന്നു മുമ്പായി പല സംഗതികളും ആലോചിക്കേണ്ടതുണ്ടു്.

3 കാലാവസ്ഥക്കനുസരിച്ചു വരുത്തേണ്ടതായി വരുന്ന മാററങ്ങളിൽ ഇതിനേയും ഉൾപ്പെടുത്താമോ എന്നും ഉൾപ്പെടുത്താവുന്നതാണെങ്കിൽകൂടി അതിന്നുള്ള കാലമായൊ എന്നും, ഇതുകൊണ്ടുദ്ദേശിക്കുന്ന പ്രത്യേകഫലം എന്തെന്നും, ഫലപ്രാപ്തി വരുന്നതുതന്നെയോ എന്നും മററും ലോകത്തേയും കാലത്തേയും നല്ലപോലെ അറിയുന്ന മഹാന്മാരും വൈദികന്മാരും തന്ത്രിമാരും പണ്ഡിതന്മാരും മററുമായി ഗാഢമായാലോചിക്കേണ്ടതും അതിന്നു ചുരുങ്ങിയ കാലം മതിയാവാത്തതിനാൽ വേണ്ടടത്തോളം കാലം അവിടുന്നു് ഉണ്ടാക്കേണ്ടതും മേലെഴുതിയവി

ധമുള്ള കൂടിയാലോചനസ്സ ശ്രമിക്കേണ്ടതും ആണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

൮൭

സി. മാനവിക്രമഏളയരാജാ.

1. ഉണ്ടു.

കരിമ്പുഴ, തെന്നാരമ്പറക്കൊട്ട്, പെരിങ്ങോട്ടുകാവു്, മച്ചിയൂര്, ബ്രഹ്മീശ്വരം, പ്രധാനമായി ഇതുകളാണ്. വള്ളുവനാട്ട്, പാലക്കാട്ട്, പൊന്നാനി ഈ താലൂക്കുകളിലാണ്.

2. യാതൊരു ആഗമശാസ്ത്രങ്ങളെ ആസ്പദിച്ച ഹിന്ദുക്കൾ ക്ഷേത്രങ്ങളെ സ്ഥാപിച്ചിട്ടുണ്ടോ, ആശ്ശാസ്ത്രങ്ങൾ തന്നെ അവര്ണ്ണർക്ക് ക്ഷേത്രപ്രവേശനം വിരോധിച്ചിരിക്കുന്നു. ഇതിന്നുംപുറമേ ശാസ്ത്രങ്ങളിലും കുറച്ച പൊന്തിനില്ക്കുന്ന നാട്ടാചാരവും അവൎക്ക പ്രവേശനം സമ്മതിക്കുന്നില്ല.

3. വിരോധമുണ്ടു്. നടവടികൾ ഭേദം ചെയ്യുവാൻ തക്കവണ്ണം കാലാവസ്ഥ എത്തീട്ടുണ്ടെന്നു വിചാരിക്കുന്നതും തെററാണ്.

അവര്ണ്ണർക്ക് ക്ഷേത്രപ്രവേശനം വേറെയുള്ളവർ അനുവദിക്കുന്നതായാൽകൂടി ഞാൻ എന്റെ ക്ഷേത്രങ്ങൾ അവൎക്ക തുറന്നു കൊടുക്കുവാൻ ഒരുക്കമില്ല:

എന്നു് 1108 തുലാം 14-ാംനു-

സാമൂതിരിക്കോവിലകത്ത് ഇരുന്നരുളുന്നേടത്തു

സമയംപോലെ ഉണൎത്തിപ്പാൻ

(സി. മാനവിക്രമഏളയരാജാ) (മു(ദ)

൮൮

എടത്രപ്പാട്ട് രാജാ, കോഴിക്കോട്ട്.

21-10-32-ലെത്തിരുവെഴുത്തും അതിൽ അടക്കം ചെയ്ത ചോദ്യങ്ങളും കണ്ടു. അതിലെ ചോദ്യങ്ങൾക്ക താഴെ പറയുന്ന ഉത്തരങ്ങൾ അയച്ചിരിക്കുന്നു.

1. ഉണ്ടു്. കൈത്തളി, ഹരിഹരകുളങ്ങര ഈ ക്ഷേത്രങ്ങളുണ്ടു്. വള്ളുവനാട്ട താലൂക്കിലാണ്.

2. ശാസ്ത്രങ്ങളെപ്പററി വലിയ പരിജ്ഞാനമില്ലാത്തതിനാൽ ശാസ്ത്രവിദഗ്ദ്ധന്മാരും യോഗ്യന്മാരുമായ വൈദികന്മാരോടും മററും ആലോചിച്ചു പ്രവൎത്തിക്കേണ്ടതാണെന്നു തോന്നുന്നുണ്ട്.

3. നടവടികൾ ഭേദപ്പെടുത്തേണ്ടതായ അവസരം ആയിട്ടില്ലെന്നാണു തോന്നുന്നത്. എന്റെ ക്ഷേത്രങ്ങൾ തുറന്നു കൊടുക്കുവാൻ തീൎച്ചപ്പെടുത്തീട്ടില്ല.

എന്ന് 108 തുലാം 20-ാംനു- (എടത്രപ്പാട് രാജാ) (ഒപ്പ)
കോഴിക്കോട്.

൫൦

സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട് മരനാട്ടുമന, കോടശ്ശേരി.

30—10—1932.

അവിടത്തെ കത്തിലെ ചോദ്യങ്ങൾക്കുത്തരമായി നമ്മുടെ അഭിപ്രായങ്ങൾ താഴെ ചേൎത്തിരിക്കുന്നു.

1. നമുക്കു സ്വന്തമായും, എന്നാൽദേവസ്വം വകയായി യാതൊരു സ്വത്തുക്കളുമില്ലാതേയും, പൂങ്ങോട്, പുതുക്കൊളി എന്നീ രണ്ടു ചെറിയ ക്ഷേത്രങ്ങളും കൂട്ടരായ്മയുള്ള കരിക്കാട്, കരുവന്നൂരം, രവിമംഗലം, കോടശ്ശേരി എന്നീ നാലു ക്ഷേത്രങ്ങളുമുണ്ട്. മേപ്പടി ക്ഷേത്രങ്ങളെല്ലാം ഏറനാടു താലൂക്കിലും, കരിക്കാട് എന്ന ക്ഷേത്രം ഒരു മുഖ്യക്ഷേത്രവുമാകുന്നു.

2. അവൎണ്ണൎക്കു ക്ഷേത്രപ്രവേശനകാൎയ്യത്തിൽ ശാസ്ത്രവിരോധമുണ്ടോ ഇല്ലയോ എന്നതിന്നു, അവൎണ്ണരായി ഇപ്പോൾ കരുതപ്പെട്ടിട്ടുള്ളത് ഏതേതു ജാതിക്കാരെയാണെന്നു നമുക്കു ശരിയായി അറിവില്ലാത്തതിന്നു പുറമെ, ശാസ്ത്രസംബന്ധമായ കാൎയ്യങ്ങളിൽ ഒരഭിപ്രായം പറയത്തക്ക അറിവില്ലാത്തതുകൊണ്ടു,നമ്മുടെ മലയാളാചാരനടവടികളുടെ അന്തരാത്ഥത്തേക്കൂടിഗ്ഗണിച്ചു യഥാൎത്ഥമായ സംഗതികളെ വെളിപ്പെടുത്തുന്ന വൈദികന്മാരോടും ശാസ്ത്രപണ്ഡിതന്മാരോടുംകൂടി അവിടുന്നാലോചിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നതും, അവരുടെ അഭിപ്രായത്തോടു നാം യോജിക്കുന്നതുമാകുന്നു.

3. (എ) ശാസ്ത്രങ്ങൾ വിരോധിക്കുന്നുണ്ടെങ്കിൽക്കൂടി കാലാവസ്ഥക്കനുസരിച്ചു ക്ഷേത്രനടവടികളിൽ വല്ല ഭേദഗതിയുംചെയ്തു അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതു ക്ഷേത്രംകൊണ്ടുള്ള യഥാൎത്ഥബോ

ധം ഉളവാക്കുവാനാണെങ്കിൽ പുതിയതായി ചില ക്ഷേത്രങ്ങളുണ്ടാക്കി ക്കൊടുപ്പാൻ ശ്രമിക്കയും അതിലേക്കു വേണ്ടിവന്നാൽ വല്ല സംഭാവനകളും ചെയ്യുകയും ആയിരിക്കും അധികസൌകൎയ്യമെന്നു തോന്നുന്നു. വിരോധിക്കുന്ന ശാസ്ത്രത്തിന്നെതിരായി പ്രവൎത്തിക്കുന്നതിനേക്കാൾ വിരോധിക്കാത്ത ശാസ്ത്രം നിൎമ്മിക്കത്തക്കവരുണ്ടെങ്കിൽ ആയതു ചെയ്തതിനുശേഷം പ്രവൎത്തികൾ നടപ്പിൽ വരുത്തിയാലല്ലാതെ നടവടി ഭേദഗതികളെക്കൊണ്ടു ക്ഷേത്രകാൎയ്യങ്ങളിൽ അടിസ്ഥാനമായ നിലനില്പിന്നു മാറ്റമുണ്ടെന്നു തോന്നുന്നില്ലാത്തതുമാകുന്നു.

3. (ബി) മേൽ വിവരിച്ചപ്രകാരം ശാസ്ത്രങ്ങളോ ശാസ്ത്രനടവടികളോ ഭേദഗതി ചെയ്തു് ഇപ്പോൾ ക്ഷേത്രപ്രവേശനം ഇല്ലാത്തവൎക്കു പ്രവേശനം അനുവദിക്കുന്നതായാൽ തന്നെ ഹിന്ദുമതത്തിലുള്ള ജനപ്പെരുപ്പംകൊണ്ടു ചില വിഭാഗങ്ങൾ ഇല്ലെങ്കിൽ ഒന്നിന്നും ഒരു സൌകൎയ്യം ഇല്ലാതെയായിത്തീരുന്നതും ഈശ്വരഭജനത്തിന്നു ക്ഷേത്രത്തിൽ പോകേണ്ടവൎക്കു ബഹളം കൂടാതെ ചില സൌകൎയ്യങ്ങൾ ആവശ്യമാണെന്നു് എവരും സമ്മതിക്കുന്നതും ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങളിൽ ഇപ്പോൾ പ്രവേശനം അനുവദിച്ച കൂട്ടൎക്കുതന്നെ നടക്കൽ ഒന്നു ചെന്നുപോരുവാൻ എത്രത്തോളം ബുദ്ധിമുട്ടുകൾ ചിലപ്പോൾ സംഭവിക്കുന്നുണ്ടെന്നു് എല്ലാവൎക്കും അറിയാവുന്നതും, ഇപ്പോഴുള്ള പ്രവേശനക്കാൎക്കു തന്നെ ചില സമയനിൎണ്ണയമോ മറ്റോ കൂടി ചെയ്യേണ്ടതു മുഖ്യാവശ്യമായിത്തോന്നുന്നതും, മേപ്പടി ക്ഷേത്രത്തിൽ തിങ്കൾ ഭജനം നടത്തി വന്നിരുന്നതും ഇപ്പോൾ രണ്ടുകൊല്ലത്തോളമായി ദേഹസുഖം ഇല്ലാത്തതുകൊണ്ടു കൊല്ലത്തിൽ ഒരു തവണയിൽ കുറയാതെ ഭജനത്തിന്നുപോയി വരാറുള്ളതും നമ്മുടെ കാൎയ്യസ്ഥൻ എഴുകൊല്ലത്തോളമായി ചുരുക്കമായ ചില സ്ഥിരവഴിവാടോടുകൂടി യാതൊരു വീഴ്ചയും കൂടാതെ തിങ്കൾ ഭജനം നടത്തി വരാറുള്ളതും കൊല്ലത്തിൽ 150 ക. യിൽ കുറയാതെ നാം സ്ഥിരവഴിവാടുകളും ഇവിടെ അത്താഴം, നമസ്കാരം മുതലായ വിശേഷാൽ വഴിവാടുകളും കഴിച്ചു വരാറുള്ളതിനാലും ഗുരുവായൂർ ക്ഷേത്രത്തെപ്പററിയുള്ള നടവടികളെ വിവരിച്ചു് അറിയിക്കുന്നതും മേലിൽ ക്ഷേത്രത്തിൽ പോയി ദൎശനം മുതലായതു കഴിച്ചു പോരുവാൻ ബുദ്ധിമുട്ടുകൾ എപ്പെട്ടുന്നപക്ഷം മേൽപ്പറഞ്ഞ വഴിവാടുകളും ദൎശനവും മററും നിൎത്തുകയല്ലാതെ മററു ഗത്യന്തരമില്ലെന്നു വ്യസനസമേതം അറിയിക്കുന്നതുമാണു്.

4. അവൎണ്ണൎക്കു ക്ഷേത്രപ്രവേശത്തിന്നു് അവിടുന്നു് അനുവദിക്കു

ന്നപക്ഷം നമ്മുടെ ക്ഷേത്രങ്ങളോ നമുക്ക് ഊരായ്മയുള്ള ക്ഷേത്രങ്ങളോ അവർണ്ണർ ഇപ്പോൾ പറഞ്ഞുവരുന്നതായി കേൾക്കുന്ന അവകാശങ്ങളേയോ നടവടി ദൃഷ്ടാന്തങ്ങളേയോ മാത്രം അടിസ്ഥാനപ്പെടുത്തി തുറന്നു കൊടുപ്പാൻ നാം സമ്മതിക്കുന്നതല്ല. തുറന്നുകിട്ടേണമെന്നാവശ്യപ്പെടുന്നതു് യഥാർത്ഥമായ സേവനം നടത്തേണമെന്നുള്ള ഉദ്ദേശത്തിനാണെന്നോ, യോജിപ്പിന്നാണെന്നോ തോന്നുന്നതുമില്ല.

എന്നു്,

1108 തുലാം 14-ാംനു-

സുബ്രഹ്മണ്യൻനമ്പൂതിരിപ്പാടു് (ഒപ്പു്)

൨൨

ഒരു മാന്യൻ.

കേരള സാഹിത്യ അക്കാദമി

1. എനിയ്ക്കു് ഊരായ്മയുള്ളതായി യാതൊരു ക്ഷേത്രവുമില്ല. പ്രാചീനകാലംമുതൽ ഇതേവരെ പുരാതന മഹാക്ഷേത്രങ്ങളിലും ബ്രാഹ്മണസമൂഹങ്ങളിലും വർണ്ണാശ്രമധർമ്മങ്ങളിൽ അടങ്ങിയ ആളുകളല്ലാതെ ഇപ്പോൾ പുറപ്പെട്ടിട്ടുള്ള പുതിയ (അവർണ്ണർ) ആളുകൾ പ്രവേശനം ചെയ്തതായി അറിയുന്നില്ല. അതുകൊണ്ടു് ശാസ്ത്രങ്ങൾ നമ്മുടെ നടവടികൾക്കു അടിസ്ഥാനമാകയാൽ അവരെ ബഹിഷ്കരിച്ചിരിയ്ക്കുന്നതായിത്തന്നെ ഊഹിപ്പാൻ സംഗതിയുണ്ടു്. ശാസ്ത്രങ്ങളിൽ പ്രത്യേകമായി മേപ്പടി ആളുകൾ ക്ഷേത്രപ്രവേശനം ചെയ്യുന്നതും മററും ഉള്ള സംഗതിയെ ശാസ്ത്രപണ്ഡിതന്മാരോടുതന്നെ ചോദിച്ചറിയേണ്ടുന്നതല്ലാതെ എനിയ്ക്കത്ര അറിവില്ല.

മുൻ നടവടിയില്ലാത്തതിനാൽ ശാസ്ത്രങ്ങൾ മേപ്പടി പ്രവൃത്തികളെ തടസ്ഥപ്പെടുത്തുന്നുണ്ടെന്നുതന്നെ അറിയുന്നു. അവക്കും പ്രത്യേകമായി ക്ഷേത്രങ്ങളുണ്ടെന്നും കേൾക്കുന്നു. നമ്മുടെ ക്ഷേത്രങ്ങൾമാതിരി പ്രാകാരങ്ങളും മൂലവിഗ്രഹങ്ങളും ഉള്ളതായി അവർ വസിയ്ക്കുന്ന സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ ഏപ്പെടുത്തുക. അവയിൽ ഇതരജാതിക്കാർ പ്രവേശിപ്പാൻ പാടില്ലെന്നു ഗവർമ്മെണ്ടു സമ്മതത്തോടുകൂടിയ തടസ്ഥം ചെയ്യുക; മേപ്പടി ക്ഷേത്രങ്ങൾക്കുവേണ്ട മുതലെടുപ്പുകൾ ഉണ്ടാക്കി വെയ്ക്കുക; ഇപ്രകാരം അവക്കുചെയ്തുകൊടുക്കുന്നതല്ലാതെ വർണ്ണാശ്രമധർമ്മികൾ ഉപാസിയ്ക്കുന്ന ദൈവങ്ങളുടങ്ങിയ ക്ഷേത്രങ്ങളിൽ അവർണ്ണർ

വരേണ്ടുന്ന യാതൊരു കാൎയ്യവുമില്ല. കേവലം കുടിക്കലക്കിന്നുവേണ്ടി മാത്രമാണ് ഇവരുടെ ഇപ്പോഴത്തെ ഉദ്യമം.

ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങൾ നമ്മുടെ മതവിശ്വാസങ്ങൾക്ക് അടിസ്ഥാനപ്പെട്ടതാകയാൽ, ഇവരുടെ ഇപ്പോഴത്തെ പ്രവൃത്തികൊണ്ടു് നമ്മുടെ ധൎമ്മങ്ങൾക്കു ലോപം സംഭവിപ്പാനിടവരുന്നതും, ആയതിനെ തടസ്ഥപ്പെടുത്തുവാൻവേണ്ടുന്ന ശ്രമങ്ങൾ ചെയ്യേണ്ടുന്നതു നമ്മുടെ ചുമതലയുമാകുന്നു.

1050-ാംമാണ്ടിൽ കല്പാത്തി രഥോത്സവസമയത്തു് ചില തിയ്യ കാൺസ്റ്റേബിൾമാരെ പൊല്ലീസ്സുദ്യോഗസ്ഥന്മാർ കടത്തിയതിനാൽ ദേവനും മററും അശുദ്ധപ്പെട്ടതുകൊണ്ടു് രഥങ്ങൾ വലിയ്ക്കുന്നതു് നിൎത്തിവെച്ചു ഗ്രാമജനങ്ങളുടെ സങ്കടഹരജി അന്നത്തെ ബഹുമാനപ്പെട്ട മദ്രാസ്സ് ഗവൎണ്ണരെ ബോധിപ്പിയ്ക്കുകയും കുറച്ചുദിവസങ്ങൾ കഴിഞ്ഞശേഷം അതാതു മതക്കാൎക്കും, ജാതിക്കാൎക്കും, കീഴ്നടപടിയ്ക്കു വിരോധമായി ഒന്നും നടത്തുവാൻ ഉദ്ദേശിയ്ക്കുന്നില്ലെന്നു ഗവൎമ്മേൻറിൽ നിന്ന് ടി. ഹരജിക്കു മറുവടി ലഭിക്കുകയുംചെയ്തു. അതിന്നുശേഷം ശുദ്ധികലശം കഴിച്ചു രഥങ്ങൾ യഥാസ്ഥാനത്തിലേയ്ക്കു വലിച്ചു കൊണ്ടുവന്നു നിൎത്തുകയും ചെയ്തു. ഇതുവരെ ബ്രാഹ്മണർ അധിവസിയ്ക്കുന്ന ഗ്രാമങ്ങളിൽ താണജാതിക്കാർ (അവൎണ്ണർ) കടക്കുന്ന പതിവുണ്ടായിരുന്നില്ല. ഇപ്പോൾ ഇവർ തുടങ്ങുന്ന കാൎയ്യം വളരെ സങ്കടമായിട്ടുള്ളതാണെന്നു വ്യസനപൂൎവ്വം അറിയിച്ചുകൊള്ളുന്നു.

ഒരു മാന്യൻ.

൧൨.

പുരുഷോത്തമൻ നമ്പൂതിരി.

തിരുവേഗപ്പുറക്ഷേത്രം, ഊരാളരായ ഞങ്ങളുടെ സ്വന്തമാണ്. അതിൻെറ കീഴേടമായി പെരുമുടിയൂരും, ഇവിടെ സമീപം പൂന്തുക്കോവിലെന്നും, മാരായമങ്ങലം എന്നും ക്ഷേത്രങ്ങളുണ്ടു്.

ശ്രുതിയും, സ്മൃതിയും, ആചാരവും, ഇങ്ങിനെ മൂന്നാണല്ലോ പ്രമാണമായിട്ടുള്ളതു്. അതിൽ ആചാരത്തെപ്പററിയുള്ളതു്. "യസ്മിൻ ദേശേയ ആചാരഃ പാരമ്പൎയ്യക്രമാഗതഃ സ തസ്മിന്നേവ കൎത്തവ്യോ നാന്ന്യത്ര തുകദാചന. യേനാസ്യ പിതരോ യാതായേന യാതാ! പിതാ

മഹാഃ തേനയായാൽ സതാംമാശ്ശം തേനഗച്ഛന്നരിഷ്യതി. ആചാരപ്രഭവോധമ്മഃ'' ഇത്യാദി പരാശരസ്മൃതിയാണ്. പിന്നെ തന്ത്രശാസ്ത്രങ്ങളുമുണ്ട്. അതു് ഉപസ്ഥിതിയില്ലാത്തതുകൊണ്ടു് എഴുതിയിട്ടില്ല. കാലാവസ്ഥകൊണ്ടു് ഉടമസ്ഥന്റെ സമ്മതം കൂടാതെ ക്ഷേത്രങ്ങളിൽ കടപ്പാൻ പാടില്ല. അങ്ങിനെ ചെയ്താലുള്ള ദോഷത്തേയും മറ്റും സൂത. സംഹിതയിൽ പറഞ്ഞിട്ടുള്ള ശ്ലോകങ്ങൾ താഴെ എഴുതുന്നു.

"സ്ഥാപയദ്ധമിമം മാഗ്ഗം പ്രയത്നേനാപിഹേദ്വിജാഃ
സ്ഥാപിതേ വൈദികേ മാഗ്ഗേ സകലം സുസ്ഥിതം ഭവേൽ
യോപിസ്ഥാപയിതും ശക്തോ ന കുയ്യാൽ മോഹതോ നരഃ
തസ്യ ഹന്താ ച പാപീസ്യാദിതിവേദാന്ത നിശ്ചയഃ.
യസ്ഥാപയിത്വ മുച്യുക്തഃ ശ്രദ്ധൈവാക്ഷമോപിസഃ
സവ്വപാപവിനിമ്മുക്തഃ സാക്ഷാൽജ്ഞാനമവാപ്നുയാതി.''

ഒരു സമയത്തും തുറന്നുകൊടുപ്പാനൊരുക്കമില്ല.

ശൂദ്രാഷ്ടക്കം ത്രികം വാ പതിത രജകകാവിപ്രകൃഷ്യാഃ
പദാനാം ഷൾക്കം സ്ത്രീധമ്മിണീ തദ്ദ്യഗമമുകയുഗം ദാഹകശ്ശ്വപചാദി
(കശ്ചാ.
തക്ഷൈവം തദ്ദ്യഗം പുല്ക്കസമൃഗയുദിവാ കീത്തയോന്ത്യാന്തരസ്ഥാഃ
ഷൾത്രിംശൽ സൂതികാ തദ്ദമഹികൃതി തുല്യം തു വാപുല്ക്കസാദ്യാഃ.

ഭാൎഗ്ഗവസ്മൃതിയുടെ സംഗ്രഹമായ ലഘുധമ്മപ്രകാശിക എന്നു പേരായ ശാങ്കരസ്മൃതിയിൽ ഉള്ളതിന്റെ സംഗ്രഹമാണ്……………
കീഴമയ്യാദ വിട്ടുപോവാതിരിപ്പാൻ പ്രയത്നംചെയ്യുന്നതു വളരെ ആവശ്യമുള്ളതാണ്. ക്ഷേത്രോടമസ്ഥന്മാരുടെ സമ്മതപ്രകാരം ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ചാൽ അതു സജ്ജനങ്ങൾ സമ്മതിക്കുന്നതല്ല. അവർ പ്രായശ്ചിത്താഹന്മാരായി വരുന്നതാണ്.

എന്ന്,
1108 തുലാം 14-ാംനു-
പുരുഷോത്തമൻനമ്പൂതിരി (ഒപ്പ്)

൧൩

മന്ദ്യത്തില്ലത്ത് വാസുദേവൻ ഭട്ടതിരി

അവൎണ്ണൎക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുകൂടാ എന്നാണിനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ അവർ (തീണ്ടൽ) അശുദ്ധ

ജാതിക്കാരാണ്. എല്ലാ മതക്കാൎക്കും ശാസ്ത്രവും നടപ്പും പ്രമാണമാണല്ലോ. ഹിന്ദുശാസ്ത്രപ്രകാരം പാപകൃത്യങ്ങളിൽവെച്ച പഞ്ചമഹാപാപങ്ങൾക്കും, ഉപപാതകങ്ങളിൽവെച്ച ഗോഹത്തിക്കും ശക്തി കൂടുന്നതാണ്. മനഃപൂൎവ്വം വളരെജ്ജന്തുഹിംസ ചെയ്തു ഭക്ഷിച്ചും ഗോവിന്റെ അസ്ഥിയെ എപ്പോഴും ഉപജീവനോപകരണമായിദ്ധരിച്ചും മദ്യം നിൎമ്മിച്ചും, വിക്രയം ചെയ്തും ഉപയോഗിച്ചും വരുന്നവരാണ് അവൎണ്ണരിൽ ചില ഭാഗക്കാർ. ചിലർ ഗോഹത്തി ചെയ്തു വരുന്നവരാണ്. ഇതുകൊണ്ടുള്ള പാപത്തേയാണ് അയിത്തമെന്നും, അശുദ്ധമെന്നും, തീണ്ടലെന്നും വ്യാഖ്യാനിക്കുന്നത് എന്നാണ നമുക്ക തോന്നുന്നതു. പാപികളെ അകത്തിനിൎത്തുന്നതു പണ്ടെയ്ക്കുപണ്ടേ പതിവുള്ളതാകുന്നു. ഈ 'കുററം'സവൎണ്ണർ അവൎണ്ണരിൽ ആരോപിക്കുകയും അവൎണ്ണർ ആയതു സ്വീകരിച്ച് അനുസരിക്കുകയും എത്രയോ പുരാതനകാലംമുതല്ക്കു നടന്നുവരികയും ചെയ്യുന്നു. ഇപ്പോൾ കാണപ്പെടുന്ന എല്ലാ അവൎണ്ണരും സവൎണ്ണരിൽനിന്നു ദുഷ്പ്രവൃത്തിമൂലം ദുഷിച്ചു അധഃപതിച്ചിട്ടുള്ളവരാണെന്നാണ വിചാരിക്കേണ്ടതു്. തങ്ങളുടെ തെററിനെപ്പററിപ്പശ്ചാത്തപിക്കുകയോ ആ ദുഷ്പ്രവൃത്തിയിൽനിന്ന് അവർ വിട്ടുപിരികയോ ചെയ്യുന്നില്ല. ഹിന്ദുമതത്തിന്റെ പരമസിദ്ധാന്തം ധൎമ്മാനുഷ്ഠാനവും അഹിംസയുമാണെങ്കിൽ എത്രയോ പുരാതനകാലംമുതല്ക്കു ജന്മപ്രഭൃതിഷോഡശക്രിയകളാൽ സംസ്കൃതരും യാതൊരു ഹിംസയും ചെയ്യാത്തവരും ആയ ബ്രാഹ്മണരും മററു സവൎണ്ണരും ഈശ്വരാരാധന ചെയ്യുന്ന ക്ഷേത്രങ്ങളിൽ അവൎണ്ണൎക്കും പ്രവേശനമനുവദിച്ചാൽ അന്യോന്യസമ്മേളനംനിമിത്തം പാപം സംക്രമിക്കുകയും പുരാതനമായ വൎണ്ണാശ്രമങ്ങളും സൎവ്വധൎമ്മങ്ങളും അതുകളെ പ്രതിപാദിക്കുന്ന ധൎമ്മശാസ്ത്രങ്ങളും നശിച്ചുപോകുന്നതും, സംസൎഗ്ഗവശാൽ എല്ലാവരും മദ്യപാനികളും മാംസഭക്ഷകരുമായിത്തീരുവാനും ഉല്പതിഷ്ണുക്കൾ അല്ലെങ്കിൽ അധഃപതിഷ്ണുക്കൾ ഇവരും യാഥാസ്ഥിതികരും ആസകലം അധഃപതിച്ചുപോവാൻ ഇടയുള്ളതുമാകുന്നു. പൂൎവ്വകാലങ്ങളിൽ വൎണ്ണാശ്രമധൎമ്മങ്ങളെ രക്ഷിച്ചുപോന്നതു ഹിന്ദുരാജാക്കന്മാരായിരുന്നു. ഇപ്പോൾ അവൎക്കു ധൎമ്മരക്ഷണത്തിങ്കൽ ശക്തിയും സക്തിയും വളരെക്കുറവായിട്ടാണ കാണപ്പെടുന്നതു്. ക്ഷേത്രപ്രവേശനകാൎയ്യത്തിൽ പരദേശികളായ ചില നേതാക്കന്മാരാണ് പരിശ്രമിക്കുന്നതു്. പരദേശവും മലയാളവും തൊട്ടുകിടക്കുന്ന രാജ്യങ്ങളാണെങ്കിലും ആചാരംകൊണ്ടും മററും വളരെ അകന്നുനില്ക്കുന്നവയാണെന്ന് അവർ ഓൎക്കേണ്ടതാണ്. മേല്പ

റഞ്ഞ കാരണങ്ങളാൽ അവൎണ്ണരെ ക്ഷേത്രപ്രാകാരത്തിന്നകത്തു കടപ്പാനനുവദിക്കുന്നതു നല്ലവണ്ണം ആലോചിച്ചു ചെയ്യേണ്ടതാകുന്നു. അഥവാ ക്ഷേത്രപ്രവേശമനുവദിയ്ക്കണമെങ്കിൽ കേരളത്തിലെ എല്ലാ മഹാരാജാക്കന്മാരും മററും ഒന്നുകൂടി ആലോചിച്ചും, കാലാതിക്രമദോഷം ഉണ്ടെങ്കിൽകൂടിയും അവൎണ്ണരേക്കൊണ്ട് എന്തെങ്കിലും ഒരു നിഷ്കൃതിചെയ്യിച്ചും, അവരെ പാപകൎമ്മങ്ങളിൽനിന്നു പിൻവലിപ്പിച്ചും നടത്തിയതിൽ പിന്നെ അനുവദിയ്ക്കേണ്ടതാണ്. കേളപ്പന്റേയും മററും പട്ടിണികിടക്കൽകൊണ്ട് അവൎണ്ണരുടെ പാപക്ഷയം വരുമോ എന്നു സംശയിയ്ക്കുന്നു. അഗസ്ത്യരുടെ തപഃഫലം എല്ലാവരും അനുഭവിയ്ക്കുന്നുണ്ടോ? ഇപ്പോഴുള്ള ധൎമ്മശാസ്ത്രങ്ങളെ നിരസിച്ചാൽ നമുക്കു മേലിൽ നടപ്പിന്നു എന്താണു ആധാരം? തന്നിഷ്ടശാസ്ത്രംതന്നെയൊ? ഗീതയിൽ ഭഗവാൻ പറയുന്നതു നോക്കുക. "യശ്ശാസ്ത്രവിധിമുൽസൃജ്യവൎത്തതേ കാമകാരതഃ നസസിദ്ധിമവാപ്നോതി നരകം ച പിഗച്ഛതി"

അവൎണ്ണൎക്കു തീണ്ടലുണ്ടെന്നു പറയുന്ന ശാസ്ത്രം ചുവടേ ചേൎക്കുന്നു. "പദംഷൾക്കാൻ ബഹിസ്തിഷ്ഠേൽ ശൂദ്രോഗേ പതിതസ്തഥാ, പദത്രയാദപാസമൎത്യദ്രോരജകഃ പദഷൾക്കതഃ. പദാദ്വാദശകാന്നാരീബഹിസ്തിഷ്ഠേദ്രജസ്വലാ, അഷ്ടാദ്ദശക്യതേബാഹ്യേപദാനാം സൂതികാചരേൽ, ചതുൎവിംശതികാത്തേഷാം ദാഹകഃ പ്രപദേൽബഹിഃ, തക്ഷശ്ചലോഹകാരശ്ച സ്വൎണ്ണകാരശ്ചകാംസ്യകൃൽ, ശിലാചിച്ചൌണ്ഡികശ്ചാഥ തതോദ്വിഗുണതോബഹിഃ, ശ്വപചഃ പുല്ക്കസോവ്യാധശ്ചൈതേഷൾത്രിംശതാപദൈഃ മിതാൽബഹിരനുക്തംസ്തു ചതുഷ്ഷഷ്ട്യാതുകേചന, ഇഥരന്തിശ്വപചാദീനാം വിപ്രകൎഷം പദൈൎബുധാഃ." ശാങ്കരസ്മൃതി എഴാമദ്ധ്യായത്തിൽ രണ്ടാംപാദം ഒന്നുമുതൽ ശ്ലോകം നോക്കുക. ശൂദ്രാഷൾക്കം വിമൎശിനി എന്ന ഗ്രന്ഥത്തിൽ ഒന്നാമദ്ധ്യായത്തിൽ അഞ്ചാമത്തെ ശ്ലോകം നോക്കുക. പാപം സംക്രമിയ്ക്കുമെന്നതിന്നു പ്രമാണം "ആസനാഛയനാഭ്യാനാൽ സംഭാഷാൽ സഹഭോജനാൽ. സംക്രാമന്തിഹിപാപാനി തൈലബിന്ദുരിവാംഭസി" പഞ്ചമഹാപാപങ്ങൾ ഇന്നതെന്നു "ബ്രഹ്മഹത്തിസ്സുരാപാനം സ്തേയം ഗുൎവ്വം ഗനാഗമ. മഹാന്തിപാതകാന്യാഹുസ്സംസൎഗ്ഗശ്ചാപിതൈസ്സഹ ഗോവധോയാജ്യസംയാജ്യം"... മനുസ്മൃതി നോക്കുക. പ്രായാധിക്യത്താലും, രോഗസ്ഥിതിയാലും, വിസ്തരഭയത്താലും തല്ക്കാലം ഇത്രമാത്രം. എന്ന്

പന്ത്രനേഴിച്ചേരി യോഗത്തിൽ സ്മാൎത്തനും വൈദികനും ആയ
മന്ദ്യത്തില്ലത്ത് വാസുദേവൻഭട്ടതിരി (ഒപ്പ്)

— ഹർവ്വ —

ഹർ

വീരവൎമ്മ വലിയ രാജാവവർകൾ കിഴക്കേക്കോവിലകം.

കോട്ടയം, കൂത്തുപറമ്പ്. 7 — 12 — 32.

ക്ഷേത്രം എന്നു വെച്ചാൽ സത്യാഗ്രഹികളുടെ സമരാങ്കണമൊ, നിയമനിൎമ്മാണത്തിന്നുള്ള സ്ഥലമൊ അല്ല. കേരളത്തിലെ-വിശേഷിച്ച് കൎമ്മഭൂമിയായ മലയാളത്തിലെ-ആചാരനടവടികൾ ഇതരരാജ്യത്തുള്ള ക്ഷേത്രങ്ങളിലേപ്പോലെയല്ല. പരിപാവനമായ കൎമ്മങ്ങളെക്കൊണ്ട് മാത്രമേ ഈശ്വരചൈതന്യം നില്ക്കുയുള്ളൂ. അതിനെ ധ്വംസനം ചെയ്യണമെന്നുദ്ദേശിച്ച് അതിൻെറ വിവരം ലേശംപോലുമറിയാത്തവർ, യോഗ്യന്മാരായിരുന്നാൽക്കൂടി, അതിനെത്തെററിദ്ധരിച്ച് ചിലർ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതിന്നു ആരാണുത്തരവാദി? കാലഗതികൊണ്ട് ഇതിന്നു ഇനിയും ചില മാററങ്ങൾ വരുമെന്നുള്ളതു തീൎച്ചയാണ്. ആയതു തനിയെ വന്നുകൊള്ളട്ടേ എന്നല്ലാതെ, ജാതിമതാചാരങ്ങളെ പരിപാലിക്കേണ്ടുന്ന ആളുകൾ നേരേമറിച്ചു പ്രവൃത്തിക്കുന്നതു സജ്ജനാപവാദത്തിന്നും ഈശ്വരകോപത്തിന്നും ശേഷമുള്ളവൎക്കു ബുദ്ധിമുട്ടിന്നും ഇടയാക്കിത്തീൎക്കും. രാഷ്ട്രീയകാൎയ്യമാണെങ്കിൽ ആളുകളുടെ അഭിപ്രായവും മററും എടുത്തു പ്രവൎത്തിക്കാമെന്നല്ലാതെ മതസംബന്ധമായ കാൎയ്യങ്ങളിൽ പൂൎവ്വാചാരം ഉപേക്ഷിച്ചുനടപ്പാൻ പാടുള്ളതല്ല.

1. നമ്മുടെ സ്വന്തമായും ബോർഡിൻകീഴിലായും, കോട്ടയം വയനാട്, കുറുമ്പ്രനാട് ഈ താലൂക്കുകളിലായി 15 ക്ഷേത്രങ്ങളിൽ കുറതാതെയുണ്ട്.

2. അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതുകൊണ്ടു ശാസ്ത്രവിരോധമുണ്ട്. ക്ഷേത്രകാൎയ്യങ്ങളെപ്പററി സകലവും വിധിച്ചതായ സമുച്ചയഗ്രന്ഥത്തിൽ പ്രത്യേകിച്ച് അശുദ്ധികൾ പറയുന്നതായ 10-ാം പടലത്തിൽ രണ്ടാം ശ്ലോകത്തിലെ പൂൎവ്വാൎദ്ധം "ക്ഷേത്രേമൃതിരിത്യാദി"യിലെ 'പതിതാ' എന്നതിന്നു "പതിതാഃ സ്വകുലാൽ ഭ്രഷ്ടാഃ തേഷാം ചണ്ഡാലാദീനാം ച ഗോപുരാദന്തഃ പ്രവേശഃ" എന്നും പറയുന്നുണ്ട്. താന്ത്രികമായ അന്യഗ്രന്ഥത്തിൽ ഇങ്ങിനേയും പറയുന്നുണ്ട്. "സ്ത്രീപുല്ക്കസബൌദ്ധപുഷ്പിതവധൂവ്യാധാദികാനാംപുനഃ സ്സാലാന്തർഭുവിബാഹ്യമണ്ഡലവദേതക്ഷാദികാനാമപി ദീപാഗാരപദേതുവപ്ത്രരജകാദീനാം തഥാമദ്ധ്യഹാരാന്തൎമ്മണ്ഡലപഞ്ചകേവൃഘലപതാംണാപ്ലാവശുദ്ധിൎഭവേൽ." ഇതുകൊണ്ടും ഓരോ തരക്കാൎക്കു ഇന്നന്നദിക്കിലോളമേ പാടുള്ളൂവെന്നും പറയുന്നുണ്ടല്ലോ.

3. എത്രയോ കാലമായിത്തന്നെ അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം ഇല്ലാതേയും വേണമെന്നു സംശയിക്കപോലും ചെയ്യാതേയും ഇരിക്കുന്നു. ഈകാൎയ്യത്തിൽ ശാസ്ത്രങ്ങൾക്കുംസദാചാരങ്ങൾക്കും വിരോധമായ നടവടികൾ അതാതു ക്ഷേത്രോടമസ്ഥന്മാർ നടത്തുവാൻ തീൎച്ചപ്പെടുത്തുന്ന പക്ഷം ക്ഷേത്രനടവടിക്കുള്ള ഭേദഗതിയും സമയനിശ്ചയങ്ങളും സ്വേഛപോലെ തീൎച്ചപ്പെടുത്തുന്നതു് വിഹിതമായിരിക്കും. അധൎമ്മപ്രവൃത്തി ചെയ്യുന്നപക്ഷം സജ്ജനാനുവാദം ഇച്ഛിക്കേണ്ടുന്ന കാൎയ്യമില്ലല്ലോ? ഇപ്പോൾ ഭക്തികൊണ്ടാണെന്നുള്ള വ്യാജേന സത്യാഗ്രഹികൾ ജാതിഭേദം, മതഭേദം, ആചാരഭേദം മുതലായതുകളെ നശിപ്പിക്കുവാൻ ഒരുമ്പെട്ടിട്ടുള്ള സംഘങ്ങളാണ്. രാജകീയനിയമം വന്നു നിവൃത്തിയില്ലെന്നാവുന്നതുവരക്കും അവൎണ്ണൎക്കു ഗോപുരത്തിന്റെ ഉള്ളിൽ കടപ്പാൻ പാടില്ലെന്നാണു് നമ്മുടെ അഭിപ്രായം. ദേശജാത്യാശ്രമധൎമ്മങ്ങളിൽ എല്ലാവൎക്കും സ്വജാത്യുക്തപദത്തിൽ തന്നേ മോക്ഷപൎയ്യന്തം ഈശ്വരൻ കൊടുക്കുമെന്നു് വേദവ്യാസർ കാണിക്കുന്നുണ്ടു്.

"സ്വജാത്യുക്തം യഥാശക്തി കുരുതേ കൎമ്മയഃ പുമാൻ
മുക്തിസ്തസ്യൈവ സംസാരാദിതി വേദാന്തശാസനം"

ഭഗവൽഗീതയെ മാത്രമേ വിശ്വസിക്കുന്നുള്ളു എങ്കിൽ,

"വൎണ്ണാനാ മാശ്രമാണാം ച യാമൎയ്യാദാ മയാകൃതാ
താംയേ സമനുവൎത്തന്തേ പ്രസാദസ്തേഷു സംഭവേൽ"

എന്നും ഉണ്ടല്ലൊ.

"യസ്മിൻ ദേശേയ ആചാരഃ പാരമ്പൎയ്യ ക്രമാഗതഃ
ശ്രുതിസ്മൃത്യവിരോധേന സദാചാര സ ഉച്യതെ"
"അനുഷ്ഠിതം തു യദ്ദേവ മുനിഭിൎയ്യദനുഷ്ഠിതം
നാനുഷ്ഠേയം മനുഷ്യൈസ്ത ദുക്തകൎമ്മസമാചരേൽ."

ഇങ്ങിനെ ബൌധായനനും പറയുന്നു. ആവശ്യപ്പെട്ട സംഗതികൾ ഇതിൽ അടങ്ങിയിരിക്കുകൊണ്ടു് തല്ക്കാലം ചുരുക്കുന്നു.

വീരവൎമ്മ വലിയരാജാവു് (ഒപ്പ്)

൧൩

വള്ളുവനാട്ടുകരെ വല്ലഭരാജാവിന്റെ മറുവടിയിൽ പറയുന്നു:—

1. നമ്മുടെ സ്ഥാനം വകയായും നമ്മുടെ സ്വത്തുപത്തിൽപെട്ട കോവിലകങ്ങൾ വകയായും വള്ളുവനാട്ടു്, പാലക്കാട ഈ താലൂക്കുക

ളിൽ പലേ ക്ഷേത്രങ്ങളുമുണ്ട്. അവയിൽ പ്രധാനമായതു് അങ്ങാടിപ്പുറത്തുള്ള തിരുമാന്ധാംകുന്നു് ക്ഷേത്രമാണ്.

2. പ്രസ്തുത വിഷയത്തെ സംബന്ധിച്ച ശാസ്ത്രപരിജ്ഞാനം പോരാത്തതിനാൽ അവർണ്ണൎക്ക ക്ഷേത്രപ്രവേശനമനുവദിക്കുന്നതു് ശാസ്ത്രവിരുദ്ധമാണോ എന്നു പറയുവാൻ നമുക്കു കഴികയില്ല. ശാസ്ത്രം ഏതുവിധത്തിലായിരുന്നാലും അവർണ്ണൎക്ക ക്ഷേത്രപ്രവേശനമനുവദിക്കുന്നതു് പഴയ ആചാരങ്ങൾക്കും നടവടികൾക്കും വിരുദ്ധമാണ്. വല്ല ക്ഷേത്രങ്ങളും അവർണ്ണൎക്കു് തുറന്നുകൊടുക്കപ്പെടുന്നതായാൽ ആവക ക്ഷേത്രങ്ങളെ കുറച്ചു കാലത്തിന്നുള്ളിൽ പൂജാദി നിത്യകൎമ്മങ്ങളെ മുട്ടിച്ചു പൂട്ടിയിടേണ്ടി വരുന്നതാണ്. ക്ഷേത്രപ്രവേശനം ലഭിച്ചതോടുകൂടി അവർണ്ണൎക്കുള്ള അവശതകളെല്ലാം തീരുമെന്നു നമുക്കഭിപ്രായമില്ല. മേൽ കാണിച്ച സംഗതികളാൽ ഓരോ ക്ഷേത്രവും അവർണ്ണൎക്ക തുറന്നുകൊടുപ്പാൻ ഒരുക്കമുണ്ടോ എന്ന ചോദ്യത്തിന്നു സമാധാനം പറയുവാനുള്ള ഘട്ടം എത്തീട്ടില്ലാത്തതിനാൽ അതിനെപ്പററി ഇപ്പോഴൊന്നും പ്രസ്താവിക്കുന്നില്ല. നാടുമുഴുവൻ ക്ഷോഭമുണ്ടാക്കിത്തീൎക്കുന്ന ഇതിനെപ്പററി പൊതുവിൽ എല്ലാവൎക്കും ബാധകമാവുന്നതുമായ തീൎപ്പുണ്ടാക്കണമെങ്കിൽ കേരളബ്രാഹ്മണരും ശാസ്ത്രജ്ഞരും അടങ്ങിയതായ ഒരു സവർണ്ണമഹായോഗം കൂടി ആലോചിച്ചു തീൎപ്പുപ്പെടുത്തേണ്ടതാണ്………… കേരളത്തിൽ സവർണ്ണരുടെ ക്ഷേത്രങ്ങളിൽ അവർണ്ണൎക്ക പ്രവേശനസ്വാതന്ത്ര്യം ഇതുവരെ ഉണ്ടായിട്ടില്ല.

ടി. വല്ലഭരാജാ. (ഒപ്പ്)

൧൩

ഈങ്ങാക്കാട് പരമേശ്വരൻനമ്പൂതിരിപ്പാട്.

1. നമുക്കു് സ്വന്തമായി കുളങ്ങരയിൽ ക്ഷേത്രവും കൂട്ടുരാൺമയായി കൊഴക്കാട്ടിശ്ശേരി ക്ഷേത്രം മുതലായതുകളുമുണ്ട്.

2. അവർണ്ണൎക്ക ക്ഷേത്രപ്രവേശനമനുവദിക്കുന്നതുകൊണ്ടു ശാസ്ത്രവിരോധമുണ്ട്. തന്ത്രസമുച്ചയത്തിൽ അശുദ്ധികൾ പറയുന്നതായ 10-ാംപടലത്തിൽ രണ്ടാമത്തെശ്ലോകം “ക്ഷേത്രേമൃതിഃ എന്നുള്ളതിന്നു വിമൎശിനീവ്യാഖ്യാനത്തിൽ പതിതാഃ സ്വകുലാൽ ഭ്രഷ്ടാഃ തേഷാം ചണ്ഡാലാനാം ഗോപുരാന്തഃ പ്രവേശഃ എന്നും, വിവരണവ്യാഖ്യാനത്തിൽ പതിതാഃ മഹാപാതകാദിദോഷവശാൽ ഭ്രഷ്ടാഃ ആദിശബ്ദേന

ആശൌചിതഃ ചാതുർവ്വർണ്ണ്യ ബാഹ്യാഃ മ്ലേഛരാഃ പാഷണ്ഡിനഃ ദാഹകാദയഃ ചോരാഃ വ്രാത്യാശ്ച ഗൃഹ്യന്തെ എന്നും പറയുന്നുണ്ട്. ഇതുകൊണ്ട് അവർണ്ണർക്കു ക്ഷേത്രപ്രവേശനം അനുവദിപ്പാൻ വിരോധമുണ്ടെന്നു തെളിയുന്നുണ്ടല്ലൊ.

3. കാലാവസ്ഥക്കനുസരിച്ചു ക്ഷേത്രനടവടികളിൽ ഭേദഗതി ചെയ്യേണ്ടതിന്നു യാതൊരു ശാസ്ത്രവും കാണുന്നില്ല. എങ്കിലും നിവൃത്തിയില്ലാതെ വരുന്ന സ്ഥലങ്ങളിലും, അവസരങ്ങളിലും മഹാരാജാക്കന്മാരും വിദ്വാന്മാരും സജ്ജനങ്ങളുംകൂടി ആലോചിച്ചു തീർച്ചപ്പെടുത്തി അതുപ്രകാരം നടന്നാൽമാത്രമാണല്ലൊ ബഹുജനസമ്മതം.

നമ്മുടെ ക്ഷേത്രങ്ങൾ അവർണ്ണർക്കു തുറന്നുകൊടുക്കണമെന്നു ഗവർമ്മേൻറിൻെറ കല്പന കിട്ടിയല്ലാതെ തുറന്നു കൊടുപ്പാൻ ഒരുക്കമില്ല.

അവർണ്ണർക്കു സാധാരണ ഗോപുരംവരെ പ്രവേശിപ്പാൻ പാടുണ്ട്. എന്നാൽ ക്ഷേത്രങ്ങളുടെ കണക്ക് പലവിധത്തിലും ഉള്ളതുകൊണ്ട് ക്ഷേത്രം ചെറിയ കണക്കിൽ പണിചെയ്തതാണെങ്കിൽ അവർണ്ണരിൽതന്നെ ചിലർക്കു ഗോപുരംവരേയും പ്രവേശിപ്പാൻ പാടില്ലാതേയും വരുന്നതാണ്.

എന്ന്, ടി. പരമേശ്വരൻനമ്പൂതിരിപ്പാട്. (ഒപ്പ്)

---

൧൦)

തെക്കേടത്ത് നായര് എന്ന കോമത്തുനായർ.

ഇയ്യിടയിൽ ഗുരുവായൂർ ക്ഷേത്രത്തിന്നു സമീപംവെച്ചു അധഃകൃതവർഗ്ഗക്കാരുടെ നേതാവായ മിസ്റ്റർ കേളപ്പൻെറ നിരാഹാരവ്രതത്തിൽ, മൂന്നുമാസം കഴിഞ്ഞാൽ അധഃകൃതവർഗ്ഗക്കാരുടെ ക്ഷേത്രപ്രവേശനത്തെപ്പററി ആലോചിച്ചു മറുവടി പറയാമെന്നു കല്പിച്ചതായി അറിയുന്നു.

ഹരജിക്കാരനായ ഞാൻ കോവിലകത്തിൻകീഴിലുള്ള പയ്യനാട്ടുകര നാലുകൂട്ടത്തിൽ ആറു കാരണവന്മാരുടെ കൂട്ടത്തിൽ വിയ്യൂര് കൂട്ടത്തിലെ കാരണവനും ദേശക്കോയ്മയും കുരളി പുളിയഞ്ചേരി മുതലായ ക്ഷേത്രങ്ങളുടെ ഉടമയുമാണ്.

കിഴക്കടെസമ്പ്രദായത്തിന്നും നടവടിക്കും എതിരായി അധഃകൃതവർഗ്ഗക്കാർക്കു ക്ഷേത്രപ്രവേശനമനുവദിയ്ക്കുന്നതായാൽ ആയതു വളരെ സങ്കടത്തിന്നിടയുള്ളതാണെന്നു മാത്രമല്ല, പരക്കേയുള്ള സവർണ്ണഹിന്ദുക്കളിൽ 100ക്ക് 95നും വിരോധമായിരിക്കും. മേൽ പ്രസ്താവിച്ച

അനുമതി നല്കുന്നതിൽ സവൎണ്ണഹിന്തുക്കൾ സങ്കടമുള്ളവരും ആക്ഷേപമുള്ളവരുമാണ്.

അതുകൊണ്ടു മേൽപ്രസ്താവിച്ച കാൎയ്യത്തിൽ ക്ഷേത്രപ്രവേശനമനുവദിയ്ക്കാതിരിപ്പാൻ സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

(കോമത്തുണ്ണാവൻ)

൧൮

അവണപ്പറമ്പു മനയ്ക്കൽ നാരായണൻനമ്പൂതിരിപ്പാട്.

18 ക്ഷേത്രങ്ങൾ എന്റെ വകയായുണ്ടു്. 4 കൂട്ടരായ്മ ക്ഷേത്രങ്ങളുമുണ്ടു്. 3 സ്വന്തമായ ക്ഷേത്രം തിരുവിതാംകൂറിലും ശേഷം ക്ഷേത്രങ്ങൾ കൊച്ചിരാജ്യത്തുമാണ്. ഇതു് അവൎണ്ണൎക്കു തുറന്നുകൊടുക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല. കൊടുക്കുന്നതുമല്ല. പൂൎവ്വികനടവടികളനുസരിച്ചു് അവൎണ്ണരുടെ ശുദ്ധമായിട്ടുപോലും മതിലിന്നകത്തു പ്രവേശിക്കാറില്ല. ഇതിന്നു പ്രമാണവുമുണ്ടു്. "ശ്രുതിൎവ്വിഭിന്നാസ്മൃതയോപി ഭിന്നാമഹാമുനീനാംമതയോപിഭിന്നാഃ ധൎമ്മസ്യസൂക്ഷ്മാനിഹിതോഗുഹായാം മഹാജനോയേനഗതസ്സപന്ഥാഃ" "യസ്മിൻദേശെപുരേഗ്രാമേത്രൈവിദ്യേനഗരേപിവാ. യോയത്ര വിഹിതോധൎമ്മസ്തം ധൎമ്മം ന വിചാലയേൽ."

ടി. നാരായണൻനമ്പൂതിരിപ്പാട് (ഒപ്പ്)

൧൯

ത്രിനേത്രൻ എന്നു നാമധേയമായ വലിയ തമ്പ്രാക്കൾ.

1. നമുക്കു സ്വന്തമായും ഊരായ്മയായും ഉള്ള ക്ഷേത്രങ്ങൾ ബ്രിട്ടീഷിലും കൊച്ചിശ്ശീമയിലും തിരുവിതാംകൂറിലുമുണ്ടു്. ആ വക ക്ഷേത്രങ്ങളിൽ അവൎണ്ണൎക്കു പ്രവേശിപ്പാൻ നാം അനുവാദം നല്കുന്നതല്ല.

2. അവൎണ്ണൎക്കു ക്ഷേത്രപ്രവേശത്തിന്നു ശാസ്ത്രവിരോധമുണ്ടു്. അവ താഴെ ചേൎക്കുന്നു. "അവിജ്ഞാതസ്തുചണ്ഡാലഃ യത്രവേശ്മനിതിഷ്ഠതി സ വിജ്ഞാതസ്തുകാലേന തത്രകാൎയ്യം വിശോധനം. ഗൃഹസ്യാഭ്യന്തരം ഗച്ഛേൽ ചണ്ഡാലോയദികസ്യചിൽ. തമഗാരാദപിനിൎവ്വാസ്യ മൃൽഭാണ്ഡന്തുവിസൎജ്ജയേൽ. ചണ്ഡാലൈസ്സങ്കരേവിപ്രശ്വപാകൈഃ പുല്കസൈരപി. ഗോമൂത്രയാവകാഹാരോ മാസാൎദ്ധേനവിശുദ്ധ്യതി." ഇത്യാദി

കേരള സാഹിത്യ അക്കാദമി

സ്മൃതിവചനങ്ങളേക്കൊണ്ടു ചണ്ഡാലൻ ഗൃഹത്തിൽ അറിഞ്ഞിട്ടോ അറിയാതേയോ പ്രവേശിച്ചാൽ ഗൃഹത്തിലുള്ളവർ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ട പാത്രങ്ങളേക്കളഞ്ഞ് ഗൃഹം ശുദ്ധി വരുത്തി പുണ്യാഹം കഴിച്ചു ചണ്ഡാലന്റെ ദർശനസ്പർശനാദിവിഷയങ്ങളെ അനുസരിച്ചു കൃച്ഛ്രചാന്ദ്രായണം, മഹാകൃച്ഛ്രചാന്ദ്രായണം, പ്രാജാപത്യം മുതലായ പ്രായശ്ചിത്തങ്ങളെ ചെയ്യേണ്ടതാകുന്നു. മേൽവിവരിച്ച സ്മൃതിവചനങ്ങളേക്കൊണ്ടു് അവർണ്ണക്കു ക്ഷേത്രപ്രവേശനം ചെയ്യുവാൻ പാടില്ലാത്തതാണ്.

എന്ന് തന്ത്രാക്കൾ (ഒപ്പ്)
1108 വൃശ്ചികം 23-ാംനു-

൨൦.

പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകൾ.

14—11—32.

സവർണ്ണരായാലും അവർണ്ണരായാലും ഉടമസ്ഥന്റെയോ ഊരാളന്റെയോ അനുവാദമില്ലാതെ ആർക്കും എപ്പോഴും അധികാരമുള്ള സ്ഥലത്തുതന്നെ കടപ്പാനും ഭജിപ്പാനും വഴിവാടു മുതലായതു കഴിപ്പാനും അവകാശമില്ലാത്തതും അങ്ങിനെ അവകാശം അനുവദിപ്പാൻ പാടില്ലാത്തതും അനുവദിച്ചു കൊടുക്കാത്തതുമാകുന്നു.

എന്ന് നീലകണ്ഠശർമ്മാ (ഒപ്പ്)

൨൧

കോഴിക്കോട്ടു മൂന്നാംമുറ രാജാവ്.

14—11—32

1. നമ്മുടെ സ്ഥാനം വകയായി ഒരു ക്ഷേത്രമുണ്ട്. അതു വള്ളുവനാടു താലൂക്കിലുള്ള തൃക്കഴികുന്ന് ക്ഷേത്രമാണ്.

2. ശാസ്ത്രങ്ങളെപ്പററിയുള്ള യഥാർത്ഥ അറിവും പരിചയവും ഇന്നുള്ളവരേക്കാൾ എത്രയോ പതിന്മടങ്ങു വർദ്ധിച്ചവരായ പൂർവ്വികന്മാർ നടത്തി വന്നിരുന്ന നീതിന്യായനടവടിയെ ഭേദഗതിചെയ്തും, ജാത്യാചാരനടവടിയെ വിട്ടും നടപ്പാൻ നാം ഒരുക്കമില്ല.

3. കാലാവസ്ഥയുടെ ഭേദഗതി എന്താണെന്നു നമുക്കു മനസ്സിലാവുന്നതുമില്ല.

കോഴിക്കോട്ടു മൂന്നാംമുറ രാജാവ്.

൨൨

നെടുങ്ങാമ്പിരി രാജാവ്.

കോട്ടയ്ക്കൽ, 108 വൃശ്ചികം 1-ാംനു-.

എഴുത്തും ചോദ്യങ്ങളും കണ്ടു. നെടുങ്ങാമ്പിരിക്കോവിലകത്തേയ്ക്കു ദേവസ്വങ്ങൾ ഒന്നുമില്ല. അവണ്ണൎക്കു ക്ഷേത്രപ്രവേശനം അനുവദിപ്പാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

നെടുങ്ങാമ്പിരി രാജാവ്.

൨൩

തളിപ്പറമ്പ് തന്ത്രി ഇ. പരമേശ്വരൻ നമ്പൂതിരിപ്പാട്.

108 തുലാം 14-ാംനു-.

മലയാളത്തിൽ പുരാതനകാലത്തു പൌരാണികന്മാരുടെ ആളുകൾ അവരവൎക്കും അവരുടെ പിൻഗാമികളായ കുഡുംബാംഗങ്ങൾക്കും അതിന്നനുസരിച്ച ജനങ്ങൾക്കും ചില സമ്പ്രദായത്തിന്നനുസരിച്ച് ഈശ്വരഭജനം ചെയ്യുവാൻ വേണ്ടിയാണ ക്ഷേത്രങ്ങൾ നിൎമ്മിച്ചിട്ടുള്ളത്. ആ നിശ്ചയത്തിന്നനുസരിച്ചു ഈശ്വരനെ ഭജിച്ചാൽ ശ്രേയസ്സാണെന്നും, വിപരീതമായോ വേറെ പ്രകാരത്തിലോ പ്രവൎത്തിക്കുന്നതു ദോഷകരമാണെന്നും, നിശ്ചയിക്കുകയും അതിന്നനുസരിച്ചു എത്രയോ കാലമായി നടന്നു വരികയും, ഗുണമായ കാൎയ്യങ്ങൾ പ്രവൎത്തിച്ചാൽ ഗുണമായ അനുഭവങ്ങൾ കാണുകയും ദോഷമായ കാൎയ്യങ്ങൾക്കു ദോഷമായ അനുഭവങ്ങൾ കാണുകയും, ചെയ്തുവരുന്നത് ഇപ്പോഴും സാധാരണയാണ്. അങ്ങിനെയിരിക്കെ, അവണ്ണൎക്കു കടക്കുവാൻ പാടില്ലെന്നും അങ്ങിനെ കടന്നാൽ അശുദ്ധമാകുമെന്നും അശുദ്ധസ്ഥലത്തു പൂജാദികൾ ചെയ്യുന്നത് ആപൽക്കരമാണെന്നും അറിഞ്ഞിരിക്കെ, നമ്മൾ അങ്ങിനെ അനുവദിക്കുന്നതു വലിയ അനീതിയാകുമെന്നാണ തോന്നുന്നത്. ഇനി സാമ്പത്തികമായ സ്വഭാവത്തെക്കുറിച്ചു ആലോചിക്കേണ്ടതുണ്ട്. ഒരാളോ അധികം ആളുകൾ കൂടിച്ചേൎന്നോ അവനവന്റെ മുതൽകൊണ്ട് ഒരു ക്ഷേത്രം നിൎമ്മിക്കുകയും......

കേരള സാഹിത്യ അക്കാദമി

ആ ക്ഷേത്രം ശരിയായി രക്ഷിയ്ക്കുകയും ചെയ്യുമ്പോൾ ആ സ്വത്തിന്നു യാതൊരധികാരവുമില്ലാത്ത അന്യനോ അന്യന്മാരായ കുറെ ആളുകളോ വന്നു "ഞങ്ങൾക്ക് ഇതിന്റെ ഉള്ളിൽ കടക്കണം, ഇവിടെ ഞങ്ങൾക്കാരാധന നടത്തണം" എന്നും മറ്റും പറഞ്ഞു ഭീഷണിപ്പെടുത്തുമ്പോൾ ക്ഷേത്രത്തിന്നുള്ള സ്വാതന്ത്ര്യം അവക്കു കൊടുക്കുവാൻ പുറപ്പെടുന്നതായാൽ ഈ കാലാവസ്ഥയ്ക്കു് അവരവക്കുള്ള എല്ലാ സ്വത്തുക്കളും അങ്ങിനെ കൊടുക്കുവാൻ മാത്രമേ ഉണ്ടാവുകയുള്ളു. ഭേദപ്പെട്ട ആളുകൾ ഇങ്ങിനെ കൊടുക്കുവാൻ തുടങ്ങിയാൽ സാധുക്കളുടെ കാൎയ്യം കുറെ പരുങ്ങലിലാവുമെന്നു പറയേണ്ടതില്ലല്ലോ.... ......കേളപ്പന്റേയും കൂട്ടുകാരുടേയും ഉദ്ദേശം ക്ഷേത്രം നിലനിൎത്തണമെന്നോ ഈശ്വരഭജനം ചെയ്യണമെന്നോ അല്ലെന്നുള്ളതിന്നു കേളപ്പന്റെ പ്രസംഗങ്ങളും പ്രത്യക്ഷപത്രങ്ങളും കേളപ്പൻ ഗുരുവായൂർവച്ചു നടത്തിയ പ്രവൃത്തികളും തന്നെ ദൃഷ്ടാന്തമാണു്.

കാലാവസ്ഥയ്ക്കനുസരിച്ച് അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം ആവശ്യമില്ല. അതുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകാനില്ലെന്നാണ് എന്റെ അഭിപ്രായം. എന്റെ ക്ഷേത്രങ്ങൾ അവൎണ്ണൎക്കു തുറന്നുകൊടുക്കുവാൻ ഞാനൊരുക്കമില്ല.

ഇ. പരമേശ്വരൻനമ്പൂതിരിപ്പാട്

തലോറ, തളിപ്പറമ്പ്.

൨൮

കതിരവട്ടത്തു നായർ.

108 തുലാം 25-ാംനു-.

2 മുതൽ 4 കൂടിയുള്ള ചോദ്യങ്ങൾ ശാസ്ത്രസംബന്ധമാകയാൽ ശാസ്ത്രജ്ഞന്മാരോടാലോചിച്ചു തയ്യാറാക്കിയ മറുവടിയേയും ഇതു സഹിതം അയച്ചിരിക്കുന്നു. ക്ഷേത്രനിൎമ്മാണങ്ങളും പൂജകളും ശാസ്ത്രപ്രകാരം കൎമ്മകാണ്ഡത്തിന്നനുസരിച്ചു ക്രമമായി നടത്തിവരുന്നതാകയാൽ മേപ്പടി അഭിപ്രായത്തോടുകൂടി നാമും യോജിയ്ക്കുന്നു.

ദാമോദരൻ എന്നു നാമധേയമായ കതിരവട്ടത്തു നായർ (ഒപ്പ്)

൨൨

തളിയിൽ പരമേശ്വരൻ തിരുമുമ്പ്.

അന്യന്റെ ബലത്തിന്നു കീഴടങ്ങിത്തുടങ്ങിയാൽ എത്രകണ്ടു കീഴടങ്ങേണ്ടിവരും എന്നു രൂപമില്ല. അവക്കെന്തുകൊണ്ടു മേലാൽ ഭവനകൈയേററവും ചെയ്തുകൂടാ? മരുമക്കത്തായസ്വത്തെന്നാൽ അന്യന്റെ സ്വത്തു് (പബ്ളിക്ക സ്വത്തു)എന്നൊക്കെ വ്യാഖ്യാനം വരും. തന്മൂലം കൈയേറാമെന്നും വരും.

സത്യാഗ്രഹികളെ തടുക്കുവാൻ ഗുരുവായൂർ ക്ഷേത്രത്തിൽനിന്നു ചെയ്ത ചിലവിന്റെ ഒരു ലഘുവായ അംശവും എന്റെ ക്ഷേത്രങ്ങൾക്കു എനിയ്ക്കും സഹിപ്പാൻ ശക്തിയില്ല. പക്ഷേ രാമന്തളി, കുന്നരു്, ഈ അംശങ്ങളിലെ ഹിന്ദുക്കൾ 100-ന്നു് ഒന്നോ രണ്ടോ ഒഴികെ എല്ലാവരും സത്യാഗ്രഹികൾക്കെതിരാകും. ഇതു തെളിയിയ്ക്കാൻ ഈ അംശങ്ങളിലെ പലരുടേയും ഒപ്പും അടയാളവും വെച്ച രേഖ എന്റെ കൈവശമുണ്ടു്. ഒന്നും കൂട്ടാക്കാതെ സത്യാഗ്രഹികൾ ആക്രമിയ്ക്കുന്ന പക്ഷം അതാതു ദേവനേയും ദേവിയേയും ആവാഹിച്ചു് എന്റെ ഇല്ലത്തുവെച്ചു പൂജാദികൾ നടത്തും. അവിടേയും ആക്രമിയ്ക്കുന്ന പക്ഷം എന്തുണ്ടാകുമെന്നു പറയുവാൻ തോന്നുന്നില്ല.

ടി. പരമേശ്വരൻ തിരുമുമ്പ്

൨൩

ഗോവിന്ദൻ തിരുമുമ്പ്

തൃക്കരിപ്പൂരു്, 24-11-32

'ഗൃഹസ്യാഭ്യന്തരം' ഇത്യാദി പരാശരസ്മൃതികൊണ്ടും 'ക്ഷേത്രേമൃതിഃ' എന്ന സമുച്ചയഭാഗംകൊണ്ടും അവർണ്ണരെന്നു പറയപ്പെടുന്നവരുടെ പ്രവേശനം അനുവദിച്ചുകൂടുന്നതല്ലെന്നാണു തോന്നുന്നതു്.

ശാസ്ത്രങ്ങൾ മേൽവിവരിച്ചപ്രകാരം ക്ഷേത്രപ്രവേശനത്തെ തീരെ വിരോധിയ്ക്കുന്നു എന്നു കാണുന്നുണ്ടു്. ഇങ്ങിനെയിരിയ്ക്കെ, ഭേദഗതികൾ ചെയ്യുന്നതിന്നു് അതിയായ വൈഷമ്യമുണ്ടു്...............

ബ്രിട്ടീഷ് ഗവമ്മേൻറിന്നു നാട്ടുരാജാക്കന്മാർ രാജ്യം വിട്ടുകൊടുത്ത കാലത്തു മതസംബന്ധമായ എല്ലാ കാൎയ്യങ്ങളും അവരിൽ തന്നെ നിൎത്തി വിട്ടുകൊടുത്തതാണെന്നും ആ വക മതസംബന്ധമായ

കാൎയ്യങ്ങൾ നടത്തി വരുന്നതിൽ ഗവൎമ്മേൻറിൽനിന്ന വേണ്ടുന്ന സഹായങ്ങൾ ചെയ്തു തരുന്നതാണെന്നുള്ള വിശ്വാസം ഉണ്ടെന്നുമാണ നമ്മുടെ അറിവ്.

ആവക ബലത്തിന്മേലാകുന്നു മലയാളബ്രാഹ്മണരുടെ ഗ്രാമങ്ങളും മററും നിലനിന്നു വരുന്നത്. മുൻനിശ്ചയപ്രകാരം ഗവൎമ്മേൻറിന്ന് അവയെ നിലനിൎത്തിത്തരുവാൻ സാധിക്കയില്ലെന്നും സഹായിക്കയില്ലെന്നും വരുന്നതായാൽ അപ്പോൾ അവൎണ്ണൎക്ക നമ്മൾ ക്ഷേത്രം തുറന്നു കൊടുക്കേണ്ട ആവശ്യം തന്നെയില്ലാത്തതുമാണല്ലോ. "കൎത്തവ്യം യൽമനുഷ്യേണ വ്യവസായവതാസദാ, തൽക്കാൎയ്യമവിശങ്കേനസിദ്ധിദ്ദൈവേപ്രതിഷ്ഠിതാ" എന്ന മഹാഭാരതവചനത്തെ അനുസരിച്ച് അവിടുന്ന് ഇപ്പോൾ ചെയ്തു വരുന്ന ഉദ്യമത്തിൽനിന്നും വ്യതിചലിക്കാതെതന്നെ കഴിക്കേണമെന്നു തോന്നുന്നു. "ഇദംഹിതംപരംസൎവ്വപരം ബ്രവീമിപുണ്യം പദംതാത മഹാ വിശിഷ്ടം, നജാതുകാമാന്നഭയാന്നലോഭാദ്ധൎമ്മംജഹ്യാജ്ജീവിതസ്യാപിഹേതോഃ" എന്നുള്ള ഭീഷ്മവചനപ്രകാരം ഈ ധൎമ്മവിപ്ലവത്തിൽനിന്ന ലോകപരിരക്ഷ ചെയ്യുന്നതിൽ ഈശ്വരസഹായം ഉണ്ടാകുമെന്നു വിശിഷ്ടവാക്യവുമുണ്ട്. സൂതസംഹിത. 12-ാമദ്ധ്യായം—"അവിജ്ഞായാത്മസൽഭാവം സ്വവൎണ്ണാശ്രമമാസ്തികഃ. ജഹാതിയസ്സമൂഢാത്മാപതത്യേവനസംശയഃ. തസ്മാൽ സൎവ്വപ്രയത്നേനശ്രദ്ധയാസഹസൎവ്വദാ. കൎത്തവ്യോ വൎണ്ണിഭിൎദ്ധൎമ്മഃശ്രൗതഃ സ്മാൎത്തശ്ച മുക്തയേ."

എന്ന്, ഗോവിന്ദൻ തിരുമുമ്പ്

൨൧

അണ്ടലാടി വാസുദേവൻ നമ്പൂതിരി

108-വൃശ്ചികം 26-ാംനു-

ചണ്ഡാളൻ മതിൽ തൊട്ടാൽ അശുദ്ധിയുണ്ടെന്നു തന്ത്രപ്രായശ്ചിത്തത്തിൽ കാണുന്നുണ്ട്. ക്ഷേത്രങ്ങളിൽ ഇന്നത്തെ നടവടികൾ ഭേദപ്പെടുത്താവുന്നതാണെന്നു ബോദ്ധ്യമില്ല.

എന്നു തന്ത്രി ടി. വാസുദേവൻ നമ്പൂതിരി

൨൮

മണ്ണിലേടത്തു ചാപ്പുണ്ണി എന്ന നാമധേയമായ വലിയ നായർ. 21-10-32-ൽ അയച്ച തിരുവെഴുത്തു കിട്ടി. പൂർവ്വനടവടി മാററി അവർന്നുക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതു വളരെ ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണ്. നമ്മുടെ വക ക്ഷേത്രങ്ങളിൽ മേപ്പടിയാന്മാർക്കു നമ്മുടെ മനസ്സാലെ പ്രവേശനം അനുവദിക്കുന്നതല്ല.

എന്ന് ടി. വലിയ നായർ.

൨൯

॥ ശ്രീഃ ॥

എളയ തമ്പുരാൻ കോവിലകം.

കൊടുങ്ങല്ലൂർ, 21-3-107.

സാമൂതിരിമഹാരാജാവു തിരുമനസ്സുകൊണ്ടു് എഴുന്നള്ളിയിരുന്ന ദിക്കുന്നോടത്തേയ്ക്കു്.

തിരുവെഴുത്തു കിട്ടി.

യേഷാം സന്നിധിമാത്രേപി
സ്നാനം സ്മൃത്യാദിചോദിതം.
ക്ഷേത്രപ്രവേശെ തന്ത്രാദൌ
കർത്തവ്യാ നിഷ്കൃതിഃ സ്മൃതാ. 1

നിഷ്കൃത്യകരണേച്ഛായാ-
മച്ഛനാദേരനർഹതാ
ദേവാച്ഛ്രേയോനവാപ്തിശ്ച
തന്ത്രാദാവേവ കീർത്തിതാ. 2

യേഷാം ദേവാലയം ദൃഷ്ട്വാ
നതിരെവ ശുഭപ്രദാ-
ക്ഷേത്രപ്രവേശാനുവാദം
ന തേഭ്യോ ദാതു മർഹസി 3

മഹാമഹോപാദ്ധ്യായ ഭട്ടശ്രീ ഗോദവർമ്മ രാജാ. (ഒപ്പ്)

൨൦

ശ്രീ മദനന്തകൃഷ്ണശാസ്ത്രിഭിഃകൃതം

7—11—32.

ദ്വിതീയപ്രശ്നസ്യ ഉത്തരം.

ദേവാലയേഷ്വവർണ്ണാനാം പ്രവേശാഭ്യനുജ്ഞാനം ശാസ്ത്രവിരുദ്ധമേവ. ദേവാലയനിർമ്മാണാദിവ്യവസ്ഥാപ്രദർശനപരാണി ശൈവാഗമശാസ്ത്രാണി വൈഖാനസപാഞ്ചരാത്രാദീനി ശില്പശാസ്ത്രം ചാത്ര വിരുദ്ധാനി.

തദത്ര— സനാതനധർമ്മപ്രദീപെ ശുദ്ധിപ്രകാശെ ആദിതൊ ദേവാലയപ്രവേശവിഷയെ പ്രമാണസംഗ്രഹണപൂർവ്വകം യാ വ്യവസ്ഥാ സംഗൃഹീതാ താമത്ര സംഗൃഹ്ണീമഃ. തദ്യഥാ ശ്രീവൈഖാനസെ ഭഗവദ്ധർമ്മശാസ്ത്രെ ശ്രീമരീചിമഹർഷിപ്രണീതെ മഹാശാസ്ത്രെ വിമാനാർച്ചനകല്പേ പ്രമാണാനി— "പഞ്ചമഹാപാതകൈഃ ചണ്ഡാലാദ്യൈശ്ചാലയെ പ്രവിഷ്ടേ തൽസ്പൃഷ്ടനിവേദനെ ച സപ്താഹം മഹാശാന്തിം ഹുത്വാ ദേവം കലശൈഃ സംസ്നാപ്യ പുനഃ പ്രതിഷ്ഠാം കാരയെൽ. പതിതെ ഗർഭഗൃഹം പ്രവിഷ്ടെ വാസ്തുശുദ്ധിം കൃത്വാ മഹാശാന്തിം ഹുത്വാ അർച്ചയേൽ. തേഷു പ്രഥമാവരണെ ദ്വിതീയെ വാ നൈരന്തര്യേണ സഞ്ചരത്സു മാസെ അതീതെ മാസമേകം മഹാശാന്തിം ഹുത്വാ കർഷണാദി പുനഃസംസ്കാരം കൃത്വാ മഹാപ്രതിഷ്ഠാം കാരയേൽ. തേഷു പ്രാസാദാഭ്യന്തരബാഹ്യേഷു സഞ്ചരൽസു സംവത്സരെ അതീതെ അർച്ചനാദി സന്ത്യജ്യ കൌതുകാദിരക്ഷണം കൃത്വാ, ഗർഭാഗാരാദിസപ്തപ്രാകാരെഷു സർവ്വത്ര ഗാ വാസയിത്വാ, മാസേ അതീതേ സർവ്വത്ര ശുദ്ധിം കൃത്വാ, മാസത്രയം മഹാശാന്തിം ഹുത്വാ, കർഷണാദി പുനഃസംസ്കാരം കൃത്വാ, ബാലാലയം സങ്കല്പ്യ, ജലാധിവാസാദീനി കാരയിത്വാ, ബിംബശുദ്ധിംകൃത്വാ, അശീത്യധികസഹസ്ര (1080) കലശൈഃ സംസ്നാപ്യ, ബ്രാഹ്മണാൻ ഭോജയിത്വാ, വൈഷ്ണവാൻസംപൂജ്യ, ദേവം ബാലാലയെ പ്രതിഷ്ഠാപ്യാലയാദൌ സർവ്വത്ര നവീകരണം കൃത്വാ മഹാ പ്രതിഷ്ഠാം കാരയേൽ" ഇതി.

അർച്ചനാനവനീതെ അപി സേവാപ്രകാരേ ഇദം വിവേചിതം. തദ്യഥാ—

"ഗർഭാഗാരേ ച സേവാർത്ഥം വൈഖാനസകുലോത്ഭവഃ
വേദാദ്ധ്യയനവിപ്രേണ അർദ്ധമണ്ഡപസേവിതം

യതീനാം വിഷ്ണുഭക്താനാം മഹാമണ്ഡപസേവിതം
വൈശ്യശൂദ്രാനുലോമാനാം ബ്രഹ്മമണ്ഡപസേവിതം
ശേഷാണാം ഹരിഭക്താനാം ഗോപുരന്തു വിധീയതേ.
പ്രതിലോമാന്ത്യജാതീനാം സ്തൂപീം ദൃഷ്ട്വാ സമാചരേൽ” ഇതി.

ഭൃഗുരപി—“ആസ്ഥാനമണ്ഡപാദൌ തു യദാ സംപൂജ്യതേ ഹരിഃ ചാതുർവ്വർണ്ണ്യം യഥേഷ്ടം ഹി സേവതേ ച മഹോത്സവെ” ഇതി. അത്ര ഭൃഗുവചനെ യഥേഷ്ടമിത്യനേന മഹോത്സവെ സേവാത്ഥം ന സ്ഥാന നിയമ ഇതി യദപണ്ണിതം തദിദം ചാതുർവ്വർണ്ണ്യവിഷയമേവ. നാന്ത്യജാതിവിഷയം. അന്ത്യജാനാന്തു മഹോത്സവാദാവപി വ്യവസ്ഥിതസ്ഥാന എവാവസ്ഥായ ദശനം കത്തവ്യമിതി ചാതുർവ്വർണ്ണ്യപദേന സൂച്യതേ.

അപി ച—“ചണ്ഡാലൈരന്ത്യജൈശ്ചൈവ തഥാന്യപ്രതിലോമജൈഃ മ്ലേച്ഛൈശ്ച നീചചണ്ഡാലൈർഗ്ഗുരുനിന്ദാദിദൂഷിതൈഃ ഏവമാദിഭിരസ്പൃശ്യൈദ്ദേവാഗാരേ വിശേഷതഃ സ്പൃഷ്ടേ പ്രവേശനേ ബാധാ പൂജാകാലേ ച ദശനെ” ഇത്യാദി ഭൃഗുവചനം സൂപിദശനപര്യാപ്തസ്ഥാനെ ചണ്ഡാലാദീനാമവസ്ഥാനമപി പൂജാകാലെ ദശനം യഥാ ന സ്യാൽ തഥൈവേതി ഗമയതി. അച്ഛായാഃ സൂക്ഷ്മശരീരത്വം പ്രാസാദസ്യ സ്ഥൂലശരീരത്വമിതി വൈഖാനസസംഗ്രഹശ്ലോകാനുസാരേണാപി ദേവാലയെ ചണ്ഡാലാദിസ്പശഃ അന്തതശ്ചത്വാരിംശൽപദപര്യന്തമെസ്മദാദിശരീരസ്പശവൽ

“ചത്വാരിംശൽപദാദൂദ്ധ്വം
ഛായാദോഷോ ന വിദ്യതെ.”
“യസ്തു ച്ഛായാം ശ്വപാകസ്യ
ബ്രാഹ്മണോപ്യധിരോഹതി
തത്ര സ്നാനം പ്രകുർവ്വീത
ഘൃതം പ്രാശ്യ വിശുദ്ധ്യതി.
ചണ്ഡാലപതിതച്ഛായാം
സ്പൃഷ്ട്വാ സ്നാനം സമാചരേൽ”

ഇത്യാദി വചാനുസാരേണ ദോഷായെതി മന്തവ്യം.

അയമത്രവൈഖാനസസംഗ്രഹശ്ലോക

“പ്രാസാദോച്ഛ്രാ ച വിശേഷിതുരിഹ വപുഷീ
സ്ഥൂലസൂക്ഷ്മേ യതോത്രാ-

പ്യാധാരാധേയഭാവാദിതരതരഭവോന്യത്ര
ചാഭ്യേതി ദോഷഃ–
ദോഷേ ത്വൈകസ്ഥിതേപ്യാചരത്തുതദു–
ഭയോശ്ശോധനം സ്ഥാനസംബന്ധേ.”

ഇത്യാദിഃ പ്രാസാദപൎയ്യന്തം ഭഗവച്ഛരീരത്വം പ്രതിപാദയതി.

ശ്രീപാഞ്ചരാത്രെ പാത്മതന്ത്രേ ചൎയ്യാപാദെ അഷ്ടാദശാദ്ധ്യായെ വിസ്പഷ്ടമിദം വിവേചിതം.

“ദേവലയമഠമദ്ധ്യേ പരിതോ ഗ്രാമോ യഥാ വിഹിതഃ
പരിതഃ സൎവ്വജനാലയമുദിതം കിഞ്ചിത്തതൊ ദൂരെ.”
ചണ്ഡാലകുടീരാണി തത്രൈവ ച കൌലികാനാം ഹി
ചണ്ഡാലകുടീരാണി പൂൎവ്വായാം ക്രോശമാത്രേസ്യുഃ.
ക്രോശദ്വയെ തു തസ്യാദ്ധെ് ബഹിശ്ചണ്ഡാലപക്കണം.

ഇത്യാദി മയമതാനുസാരേണ ചണ്ഡാലകുടീരസന്നിധൌ കൌലികാനാം കുടീരസ്ഥാപനസ്യ വിഹിതത്വാൽ ജന്മതശ്ചണ്ഡാലാപേക്ഷയാ ഉൽകൃഷ്ടാ അപി കൌലികാഃ സ്പൎശാസ്പൎശവിചാരപ്രസംഗെ തൽസമാനാ ഏവേതി ജാനീമഃ.

അയമത്ര നിഷ്കൎഷഃ.

“ബ്രാഹ്മണ്യാം ശൂദ്രവീൎയ്യേണ ജാതശ്ചണ്ഡാലസംജ്ഞകഃ
സൎവ്വേഷാമേവതൽസ്പൎശാൽ സചേലം സ്നാനമിഷ്യതെ.
സവസെന്നഗരാൽ ബാഹ്യെ സൎവ്വധൎമ്മബഹിഷ്കൃതഃ.

ഇതി വചനാൽ ബ്രാഹ്മണ്യാം ശൂദ്രജാതശ്ചണ്ഡാലഃ തൽപരംപരാഗതോപി ചണ്ഡാല ഏവ.

“ക്ഷത്രിണീ ശൂദ്രസംയോഗാൽ ക്ഷത്താരം ജനയേൽസുതം
നിഷാദ ഇതി വിഖ്യാതഃ സൎവ്വധൎമ്മബഹിഷ്കൃതഃ
ശൂദ്രാചാരവിഹീനശ്ച പാപദ്ധിനിരതഃ സദാ
സസുരാപാശപാണിശ്ച മൃഗബന്ധനകോവിദഃ.”

ഇതി വചനാൽ ക്ഷത്രിയായാം ശൂദ്രസംപൎക്കതൊ ജാതഃ തൽപരംപരാഗതശ്ച കൌലികഃ തഥാ ച കൌലികാനാം അന്യേഷാഞ്ച സൎവ്വധൎമ്മ ബഹിഷ്കൃതാനാഞ്ച ദേവാലയപ്രവേശഃ പൂൎവ്വോക്തവൈഖാനസ പാഞ്ചരാത്ര ശൈവാഗമശില്പശാസ്ത്രാദ്യനുസാരേണ ന ശിഷ്ടൈസ്സമാദരണീയഃ.

വൃക്തം ച ഏതൽ ശ്രീകാശീബ്രാഹ്മണമഹാസമ്മേളനെ യത്ര തത്തദ്ദേശീയാനാം സർവ്വേഷാം പണ്ഡിതാനാം ദ്വൈത വിശിഷ്ടാദ്വൈത, ശുദ്ധാദ്വൈത, കേവലാദ്വൈതാദി പീഠാധിപതീനാം ധർമ്മാചാര്യ്യാണാഞ്ചമേളനം അഭൂൽ, തത്രഹി, സർവ്വൈശ്ചതൈഃ സാധകബാധകപ്രമാണ വിചാരപൂർവ്വകം അസ്പൃശ്യാനാം ദേവാലയപ്രവേശഃ ന യോഗ്യ ഇതി വ്യവസ്ഥാപിതം 1928 തമേവത്സരേ നവമ്പ്രമാസെ.

സംസ്കാര കാണാം. (Social reformer.)

അസ്പൃശ്യാനാം ദേവാലയപ്രവേശനപ്രോത്സാഹനാർത്ഥാ പ്രവൃത്തിസ്തു പരിസ്ഥിതി മാത്രാനുസാരിണീതി, തൈഃ പൂർവ്വോക്തനാം ആഗമാദി വചനാനാം പ്രാമാണ്യസ്യ അസ്വീകാരാൽ ശാസ്ത്രവിരോധേ ദേവാലയപ്രവേശനം നാനുമന്തവ്യം. ഇത്യഭിപ്രായസ്യ ദ്വിതീയപ്രശ്നസ്യ സമാലോചനാവസരെ തന്മതം ന സാംപ്രതം കഥമപി സമാലോചയിതും.

തൃതീയ പ്രശ്നസ്യ ഉത്തരം.

സംസ്കാരകർത്തൃഷ്യാ പരിസ്ഥിത്യനുസാരേണ നിയമപരിവർത്തനം യോഗ്യം. ഉത അയോഗ്യം ഇതി പ്രശ്നേതു ഇദമേവ അസ്മാകം വക്തവ്യം.

സത്യം ശാസ്ത്രവിരോധെ അപിപരിസ്ഥിത്യനുസാരേണ ധർമ്മപരിവർത്തനം പൂർവ്വാചാര്യ്യാഃ കുർവ്വന്തി. പരന്തു സങ്കോചാഖ്യ ഏവ പരിവർത്തനെ ധർമ്മജ്ഞാനാമധികാരഃ ന തു പ്രവർത്തനാഖ്യെ. നിഷിദ്ധാനാം കർമ്മണാം പുനഃ പ്രവർത്തനേഹി നിഷിദ്ധാനുഷ്ഠാനേ, ന കാലാന്തരേ നരകമിദാനീന്തു സുഖ മിതി വ്യവസ്ഥാപനമപി കർത്തവ്യം. ന ച തത്രകസ്യാപിശക്തിരസ്തി സംകോചെത്വശക്തിനിബന്ധനേന ധർമ്മാനനുഷ്ഠാനേന ധർമ്മഫലാഭാവമാത്രം കല്പനീയം. അവർണ്ണനാം ദേവാലയപ്രവേശേന പ്രതിമായാദൈവീശക്തിഃക്ഷയമാപ്നോതീതിഹി ശാസ്ത്രകാരാണാം ഹൃദയം. തത്ര തേഷാം പരിസ്ഥിത്യനുസാരേണ പ്രവേശാഭ്യനുജ്ഞാനേന ദൈവീശക്തിരപി പ്രതിമാസു യഥാവൽ അനുവർത്തതെ ഇതി കല്പനീയം. പരോക്ഷായാം ച തസ്യാം ന കസ്യാപി ഭാരഗ്രഹണം സംഭവതി.

നവാസാമ്പ്രതം താദൃശീകാപി പരിസ്ഥിതിരപിസമസ്തി, യതൊ ദേവാലയെ അവർണ്ണപ്രവേശനം വിനാ ദൈവവിശ്വാസൊ വർണ്ണാനാമപി ന പരിപാലയിതും ന ശക്യതെ, നവാ ദേവാലയരക്ഷണമശക്യം.

കേരള സാഹിത്യ അക്കാദമി

പരിസ്ഥിതിഭിൎരാജനീതിഷു മതഭേദപ്രയുക്താ ധൎമ്മാധൎമ്മവ്യവസ്ഥാ യാമപ്രയോജികാ. നഹി ഗുരുവായുപുരദേവാലയേ അവൎണ്ണപ്രവേശമന്യത്ര ദേവാലയേഷു തംവാ വിനാ രാജനീതിവ്യവഹാരോ ഭാരതീയാനാം ദേവാലയരക്ഷകാണാം ദേവാലയകാൎയ്യനിൎവ്വഹണം വാ ന സംഭവതി. അതഃ പ്രതിമാസു ദൈവശക്തിവിഘാതഃ അനയാ നൂതനയാ വ്യവസ്ഥയാ കയാചന ന ഭവതീതി യാവദന്യൈഃ ന വ്യവസ്ഥാപ്യതേ. താവൽ ശാസ്ത്രവിരോധേ അപി പരിസ്ഥിത്യനുസാരേണ വ്യവസ്ഥാവിശേഷകല്പനം ന സാമ്പ്രതം ആലോചയിതുമപി. യത്രകുത്രാപി ഭാവനാമാത്രേണ യദിദൈവീശക്തിരനുവൎത്തേത ഇതി കല്പ്യതേ. ബ്രഹ്മജ്ഞദൃഷ്ട്യാ, തൎഹി തു ബ്രഹ്മജ്ഞാനാം തേഷാം ന ദേവാലയോ നവാ ബ്രഹ്മവിഷ്ണ്വാദി ദേവതാഭേദോഽപീതി സൎവ്വവിദിതമിദം. പ്രതിമാപൂജനംഹി അജ്ഞാനാശക്താംശ്ചാധികാരിണോഽവലംബ്യൈവ വിഹിതം.

പരിസ്ഥിത്യനുസാരേണാവൎണ്ണപ്രവേശാഭ്യനുജ്ഞാനേ ഹി പ്രതിമാസു ദൈവശക്തിവിശ്രമേണ ന കേവലമവൎണ്ണാവഞ്ചിതാഭവന്തി. കിന്തു വൎണ്ണാ അപി വ്യാപാദിതാ ഭവന്തി. മന്ദിരസ്യ മന്ദിരത്വമപി വിഹതം ഭവതി. ദേവാലയാനാം ദേവാലയത്വംഹി പ്രതിമാസു ദൈവസാന്നിദ്ധ്യാനുവൎത്തനേനൈവ. ന തു ഗൃഹോദ്യാനാദിവൽ സംരക്ഷണമാത്രേണ. തതശ്ച വൎണ്ണാനാം ശ്രദ്ധാളൂനാം ശ്രദ്ധായാ അവിഘാതാൎത്ഥം പ്രകൃതേ ദേവാലയേ സൎവ്വവൎണ്ണമാത്രസാധാരണേ അവൎണ്ണാനാം പ്രവേശനാധികാരോ ന ദേയഃ.

ദേവാലയേഷ്വവൎണ്ണാനാം പ്രവേശാംദോളനംഹി പ്രകൃതമാൎയ്യസമാജാഭിജനം. ആൎയ്യസമാജീയാസ്തു മൂൎത്തിപൂജാമസാധ്വീമപ്രയോജനാം ച മന്യതേ. ആൎയ്യസമാജീയാനാം ആന്ദോളനനിബന്ധനാപരിസ്ഥിതിരിയം ന സനാതനധൎമ്മാവലംബിനാം ശ്രദ്ധാളൂനാം ലേശതോഽപി ബാധനായ ക്ഷമതേ. തേഹി കിലാ വൎണ്ണാനാം ദേവാലയപ്രവേശാൎത്ഥേന പ്രോത്സാഹനേന പ്രതിമാസു ദൈവശക്തിവിഘാതം സ്വകൎത്തവ്യം സമ്യക്കൎത്തുമേവയതന്തേ.

കിഞ്ച വൈയക്തികപരിസ്ഥിതിമനുസൃത്യ കിം പരിവൎത്തനമിദമപേക്ഷ്യതേ, ഉത സമുദായപരിസ്ഥിതിം. സമുദായപരിസ്ഥിതിഃ സമുദായധൎമ്മമേവ പരിവൎത്തയിതും ക്ഷമതേ. ദേവാലയപ്രവേശനന്തു, ന സമുദായധൎമ്മഃ. കിന്തു വൈയക്തികോധൎമ്മഃ, സ ഏവ ഹി, സമുദായധൎമ്മോ നാമ യത്ര കേചന കൎത്താരഃ, ഭോക്താരസ്തു ബഹവഃ. ദേവാലയേ ദേവദൎശനേ കൎത്താരഃ കേചന ഭോക്താ

രസ്തു അന്യേപീതി നൈതം സംഭവതി നഹി രാഷ്ട്രസഭാ (കോൺഗ്രസ്സ്) ദാവിവ ദേവദൎശനാദാവുപസമിതിനിയോഗഃ സംപ്രയോജനഃ വൈയക്തികേച കാൎയ്യേ തത്തദ്വ്യക്തിപരിസ്ഥിതിരേവാലോചനീയാ, ന വ്യക്ത്യന്തരപരിസ്ഥിതിരപി. തൽ സൎവ്വഥാ പരിസ്ഥിത്യനുസാരേണ ദേവാലയേഷു അവൎണ്ണാനാം പ്രവേശാൎത്ഥം വ്യവസ്ഥാ വിശേഷ പരികല്പനം ന സാമ്പ്രതം.

ചതുൎത്ഥ പ്രശ്നസ്യ ഉത്തരം.

സതി ചൈവം യദി ശാസ്ത്രം അനുസൃത്യ ബഹൂനാം തത്തദ്ദേശീയാനാം മതദ്വയാവലംബിനാം പ്രസിദ്ധാനാം പണ്ഡിതാനാം ഏകാം സഭാം കാരയിത്വാ ശാസ്ത്രസമ്മതമിദമഭ്യനുജ്ഞാനം ഇതി വ്യവസ്ഥാ ക്രിയതേ, തൎഹി "തസ്മാച്ഛാസ്ത്രം പ്രമാണം തേ കാൎയ്യാകാൎയ്യവ്യവസ്ഥിതൌ" ഇതി ഭഗവദാജ്ഞാ മനുസൃത്യ വയമപി ദേവാലയമസ്മദീയം സൎവ്വസാധാരണം കൎത്തും ഉത്സഹിഷ്യാമഹേ. അന്യഥാതു അല്പജ്ഞാഃ ശ്രദ്ധാളവശ്ച വയമശരണാഃ ദൈവശക്തിവിഘാതാദ്യപരാധേന അസ്മൽ കുഡുംബസ്യ അസ്മദ്ദേശസ്യ കിംബഹുനാ രാഷ്ട്രസ്യൈവ മഹോല്പാതശങ്കയാ ചകിതചകിതാഃ ഔദാസീന്യമേവ അവലംബ്യ പൂൎവ്വാചാരപദ്ധതിമേവ അനുസരിഷ്യാമഃ.

പഞ്ചമപ്രശ്നസ്യോത്തരം.

യദി പുനഃ പരിസ്ഥിതിമനുസൃത്യ ഗത്യന്തരാഭാവാദവൎണ്ണാനാം ദേവാലയേഷു പ്രവേശനം അഭ്യനുജ്ഞാതവ്യം. തൎഹി ന സമയവിശേഷനിൎദ്ധാരണം ദേശവിശേഷനിൎദ്ധാരണം വാ വയമനുമന്യാമഹേ.

സൎവ്വേഷാമപരേഷാമിവ സമയാദിനിൎദ്ധാരണം, തദനിൎദ്ധാരണം വാ യഥേഷ്ടമേവാനുമന്യതാം. പരന്തു പ്രതിപ്രവേശനം ആഗമോക്തപ്രായശ്ചിത്താനുഷ്ഠാനം യഥാസംഭവം വ്യവസ്ഥാപനീയം. ദേവാലയെ അവൎണ്ണപ്രവേശനിഷേധവചനാനാം സതി തൽപ്രവേശെ പൂജാപുനരാവൃത്തിസഹിതസംപ്രോക്ഷണാദിവ്യവസ്ഥാപന എവ താല്പൎയ്യം. അത്രച "പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പൎശനം വരം" ഇതി ന്യായൊ വാസമാശ്രീയതാം, പക്ഷാന്തരം വാ, അത്രച തത്തദ്വ്യവസ്ഥാപകാനാമിച്ഛൈവ നിയാമികാ ഇതിനാധികം വയമത്ര സൂചയാമഃ.

ഉപസംഹാരഃ.

ഏവം വദന്തോപി വയം നാവൎണ്ണാനാം ദേവദൎശന ഏവനാധി

കാര ഇതി വദാമഃ യതഃ പൂൎവ്വസംകലിതേഷു വചനേഷു അവൎണ്ണാനാംസ്തൂപിദൎശനം, ഗോപുരദൎശനം വാ ദേവദൎശനമിതി നിയമ്യതെ. തതശ്ച ഗോപുരതോ ബഹിരവസ്ഥായ സ്വൈാചിതെ ദേശെ, ഗോപുരാദിദൎശനം ന ദോഷായ. യദി പുനഃ തേഷാം പ്രതിമാദൎശന എവ സമുൽക്കണ്ഠാ തൎഹി തദ്യോഗ്യതതൽപ്രതിമാനിൎമ്മാണപൂൎവ്വകം ദേവാലയാന്തരം പ്രകൃതദേവ സ്വാവിനിയോഗേനാപി തേഷാം കൃതേ പ്രതിഷ്ഠാപ്യ തത്രാ വൎണ്ണാനാമേവ പൂൎണ്ണം സ്വാതന്ത്ര്യം ദീയതാം. വൎണ്ണാനാമേവ മന്ദിരെ പ്രവേശനമനുമന്തവ്യമിതി സത്യാഗ്രഹിണാം ഇച്ഛാതുനിൎന്നിബന്ധനാ. വിപദ എവ നി ദാനംസ്യാൽ സമാജവിഘടനസ്യവാ ന തു സമ്പദഃ, സമാജസംഘടനസ്യ വാ. ഇതഃ പരന്തു മഹാന്ത എവ പ്രമാണം. ഇതി.

മഹാമഹോപാദ്ധ്യായാദി ബിരുദാങ്കിത കൽക്കത്താ വിശ്വവിദ്യാലയാദ്ധ്യാപക നൂറണിഗ്രാമാഭിജന ശ്രീ മദനന്തകൃഷ്ണശാസ്ത്രിഭിഃ സംഗൃഹീതാനീമാന്യുത്തരാണി.

൩൧

വിദ്വാൻ പൊല്പാക്കര ദാമോദരൻ നമ്പൂതിരിപ്പാട്

1. തറവാട്ടിൽ കാരണവനല്ലാത്ത എന്റെ കീഴിൽ ക്ഷേത്രമില്ല.

2. ശാസ്ത്രവിരോധമുണ്ട്. എന്നാൽ അത്രമാത്രമല്ല അതിന്റെ (ശാസ്ത്രവിരോധത്തിന്റെ) ആധിക്യം അതിരു കവിയുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അതാതു ദേശത്തു അനാദിയായി നടന്നു വരുന്ന നടവടി അധൎമ്മമായാൽ കൂടി പാലിക്കേണമെന്നു ബൃഹസ്പതി സ്മൃതിയിൽ,"ഉദ്ധൃത്യതെ ദാക്ഷിണാത്യൈരിത്യാദി... പാലനീയഃ,"ഇത്യാദി സ്മൃതിവചനങ്ങൾകൊണ്ടു സ്ഥാപിച്ചിരിക്കുന്നതിനാൽ അനാദിപരമ്പരയാലെ ചാതുൎവ്വൎണ്ണ്യവും അന്ത്യജന്മാരും കൊണ്ടാടി വരുന്ന ജാതിമൎയ്യാദ അധൎമ്മമാണെങ്കിൽ കൂടി പാലിക്കേണ്ടതാകുന്നു. വാസ്തവത്തിലാകട്ടെ ജാതിമൎയ്യാദ നിഷേധിച്ചിട്ടില്ലാത്തതിനാൽ അധൎമ്മമല്ലാത്തതുകൊണ്ട് ആദരവോടെ തന്നെ പാലിക്കണം. അത്രയുമല്ല സ്മൃത്യാദികൾകൊണ്ട് ധൎമ്മമെന്നു സിദ്ധിച്ചിരിക്കുന്നതിനാലത്യാദരേണ രക്ഷിക്കേണ്ടതാണ്. ഇത്രയും സാരമായ ജാതിമൎയ്യാദയെ അതിശ്രദ്ധയോടുകൂടി പരിപാലിക്കാതെ നേരെ മറിച്ചു നശിപ്പിക്കാൻ സമ്മതിക്കുന്നതിലുള്ള ശാസ്ത്രവിരോധത്തിന്റെ വലിപ്പം ഒന്നു മനസ്സിരുത്തി നോക്കുക.

3. വിരോധമുണ്ട്. എന്തെന്നാൽ കാലഭേദേന ചില മാററം

സ്വയം വന്നു കൂടുന്നുണ്ടെന്നല്ലാതെ ത്രികാലജ്ഞന്മാരല്ലാത്ത ഈയുള്ളവൎക്കു ഒരു വിധത്തിലും കാലാവസ്ഥ നോക്കിയൊ ഭേദഗതി ചെയ്യൊ അനുവാദനിലയ്യോ മറെറാ ലോകത്തിൽ പൂൎവ്വാചാരം അണുമാത്രം പോലും മാററുവാനധികാരമൊ ശാസ്ത്രസമ്മതിയൊ ഇല്ലെന്നു മാത്രമല്ല ഇന്നു കാലാവസ്ഥ നോക്കി വല്ല മാററവും വരുത്തുന്നതായാൽ തന്ന്യായേന തന്നെ ഉടനുടൻ അധികമധികം മാററം വരുത്തേണ്ടിവരുമ്പോൾ കാലാവസ്ഥയ്ക്കനുസരിച്ചു പുരാതനാചാരം മാററുവാനനുവദിയ്ക്കുന്നതും തോന്നിയതു കാട്ടാൻ സമ്മതിയ്ക്കുന്നതും സഹോദരഭാവത്തെ പ്രാപിയ്ക്കയും ചെയ്യും. ഇവിടെ ലഹളക്കാർ അത്യാവശ്യപ്പെട്ടു ലഹളകൂട്ടിയിരുന്ന അവസരത്തിൽ കാലാവസ്ഥ നോക്കി ക്ഷേത്രം തുറന്നു കൊടുത്തിരുന്നുവെങ്കിൽ ഈ മൂന്നു മാസത്തെ സ്വസ്ഥത കിട്ടാനൊരിയ്ക്കലും മാൎഗ്ഗമില്ലെന്നു തീൎച്ചയായതുകൊണ്ടു കാലാവസ്ഥ നോക്കാനുള്ള കണ്ണു നമ്മൾക്കില്ലെന്നു സ്പഷ്ടമാകുന്നതുമുണ്ടല്ലൊ. അതിനാൽ മഹാഗൌരവമുള്ള ദേവാലയപരിപാലനത്തിൽ അരയ്ക്കാലടിപോലും പിന്മാറാതെ സൎവ്വപ്രകാരേണകൊണ്ടു പിടിച്ചു ഉത്സാഹിയ്ക്കയും ദൈവഗത്യാ വഴി തീരെ മുട്ടിപ്പോയാൽ ഏതു വിധമെങ്കിലും വല്ല പഴുതും കിട്ടുമൊ എന്നു പൎയ്യാലോചിയ്ക്കയും ചെയ്തുകൊണ്ടിരിയ്ക്കണം.

ഇനിയുള്ള അവാന്തരചോദ്യങ്ങൾ ക്ഷേത്രപ്രവേശമനുവദിയ്ക്കുന്ന പക്ഷത്തിലുള്ളതാകയാൽ അതുകൾക്കു വേറെ മറുവടി വേണ്ടല്ലോ.

അരോഗി തന്നെ അപത്ഥ്യസേവകൊണ്ടു രോഗിയും രോഗി ചികിത്സാവൈഭവം കൊണ്ടു് അരോഗിയുമായി തീരുന്നതു പോലെ ബ്രാഹ്മണനാണു് ദുരാചാരവശാൽ ചണ്ഡാലയോനിയിലും ചണ്ഡാലനാണു് ഉചിതാചാരബലാൽ ബ്രാഹ്മണയോനിയിലും ജനിയ്ക്കുന്നതെന്നും മററുമുള്ള ഹിന്ദുമതത്തിൻെറ അറിവും കൂടി—തങ്ങൾ ഹിന്ദുക്കളാണെന്നുള്ള അഭിമാനത്തിനുപുറമെ—ഉള്ളവൎക്കു മേൽവിവരിയ്ക്കപ്പെട്ടതെല്ലാം പക്ഷപാതസ്പൎശമില്ലാത്തതാണെന്നു തെളിയുന്നു. ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും സുലഭമായ ജന്മാന്തരമുണ്ടെന്നു വിചാരിയ്ക്കുവാൻ ബുദ്ധിയ്ക്കു ശേഷിയില്ലെങ്കിൽ എല്ലാ ജാതിക്കാൎക്കും ക്ഷേത്രത്തെ സംബന്ധിച്ചതായ അതാതു സ്ഥാനത്തു പ്രവേശിച്ചു ഭജിയ്ക്കുന്നതിന്നു വിരോധമില്ലെന്നും ഭജിക്കുന്നവൎക്കു ശ്രദ്ധാഭക്തി കൊണ്ടല്ലാതെ സ്ഥലഭേദംകൊണ്ടു ഫലഭേദമില്ലെന്നും ചാതുൎവ്വൎണ്ണ്യത്തിലെ അല്ല ബ്രാഹ്മണരിൽ തന്നെ എല്ലാവൎക്കും ഒരു സ്ഥലത്തു പ്രവേശമില്ലെന്നും മററുമുള്ള സംഗതികളാലോചിച്ചാലും മതി.

ചോദ്യങ്ങൾ തുടങ്ങുന്നതിന്നുമുമ്പുള്ള വാക്യത്തിലെ സത്യാഗ്രഹശബ്ദത്തിന്റെ പ്രകൃതാനുരൂപമായ വ്യാഖ്യാനം നോക്കുക—"സത്യസ്യ അഗ്രഹഃ എന്നു വിഗ്രഹം. സത്യം സ്വീകരിക്കായ്കയെന്നും സത്യം അറിഞ്ഞുകൂടായ്കയെന്നും അൎത്ഥം. "അഥവാസതീഷു ആഗ്രഹഃ" എന്നു വിഗ്രഹവും ലോകത്തിലുള്ള പതിവ്രതമാരെ കാമിക്കുക എന്നൎത്ഥവുമാകുന്നു. തനിക്കധികാരമില്ലാത്തതും സജ്ജനങ്ങളെ ദോഷപ്പെടുത്തുന്നതുമായ ദുശ്ചേഷ്ടിതത്തിലുള്ള കൊണ്ടുപിടുത്തമെന്നു സാരം. സത്യഗ്രഹമെന്നു ദീൎഘരഹിതമായിട്ടും ചിലർ സംസാരിക്കുന്നുണ്ട്. പക്ഷേ ഈ ലേഖനത്തിൽ ആ പാഠത്തിന്റെ പ്രസക്തിയില്ലാത്തതിനാൽ തദ്വ്യാഖ്യാനത്തിന്നു തുനിയുന്നില്ല. "യശ്ശാസ്ത്രവിധിമുൽസൃജ്യവൎത്തതെ കാമകാരതഃ. നസസിദ്ധിമവാപ്നോതി നസുഖം ന പരാംഗതിം."

ടി. ദാമോദരൻ നമ്പൂതിരിപ്പാട.

കേരള സാഹിത്യ അക്കാദമി

പൊതുജനാഭിപ്രായം

പുരിജഗൽഗുരു ശങ്കരാചാൎയ്യക്കയച്ച കമ്പിയിൽ രങ്കയ്യർ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"സതാതനികളുടെ വഴിപിഴച്ചതല്ല. സ്വാമിയുടെ പ്രചാരത്തെ അഭിനന്ദിയ്ക്കുന്നു. സ്വാമിയുടെ അഭിപ്രായത്തെ മലബാർ മുഴുവൻ സമ്മതിക്കുന്നുണ്ടെന്നെനിക്കറിയാം."

27—6—108-ലെ സനാതനഹിന്ദു.

സി. പി. രാമസ്വാമി അയ്യർ.

ക്ഷേത്രപ്രവേശബില്ലുകളിൽ യാതൊരു നിൎബ്ബന്ധനവുമില്ലെന്നുള്ള സപ്റുവിൻെറ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് സർ. സി. പി. രാമസ്വാമി അയ്യർ ഇങ്ങിനെ പറഞ്ഞിരിയ്ക്കുന്നു.

"ആചാരവും അനുഷ്ഠാനവുമാണ് ഹിന്ദുമതത്തിൻെറ അടിസ്ഥാനമെന്നുള്ളത് മറക്കരുത്. ശരിയായോ തെററായോ, ക്ഷേത്രപ്രവേശനം ഒരനീതിയായി ഗണിക്കപ്പെട്ടിരിയ്ക്കുന്നു. സാമ്രാജ്യനിയമസഭയിലെ ബില്ലുകൾ പരസ്യമായി നിൎബ്ബന്ധിയ്ക്കുന്നില്ലെങ്കിലും അനേകകാലത്തെ അനുഷ്ഠാനഫലമായി ഏൎപ്പെട്ടിട്ടുള്ള ഒരു നിയമത്തെ മാററുകയാണ് ബില്ലുകളുടെ ഉദ്ദേശമെന്നു പറയാതെ തരമില്ല."

19—7—103-ലെ സനാതനഹിന്ദു.

ദ്വാരകാദാസ്സ് യമുനാദാസ്സ് ഗാന്ധിജിയ്ക്കയച്ച കത്തിൽ ഇങ്ങിനെ പറഞ്ഞിരിയ്ക്കുന്നു.

"അയിത്തോച്ചാടനപരമായിച്ചെയ്യുന്ന പ്രക്ഷോഭണത്തെ വിശദപ്പെടുത്തിക്കൊണ്ടുള്ള അങ്ങയുടെ വാദങ്ങൾ തൃപ്തികരമായി എനിയ്ക്കു തോന്നുന്നില്ല."

ഗാന്ധിജിയ്ക്കയച്ച ഒരു കത്തിൽ മാളവ്യജി ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"മിസ്റ്റർ രങ്കയ്യരുടെ ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ച ബിൽ പിൻവലിയ്ക്കപ്പെടേണ്ടതാണ്. നമ്മുടെ ക്ഷേത്രകാൎയ്യത്തിൽ പരോക്ഷ

മായിട്ടുകൂടി നിയമം ഇടപെടുന്നത് നിഷിദ്ധമായിക്കരുതുന്നവനാണു ഞാൻ. മാത്രമല്ല, ക്ഷേത്രഭാഗങ്ങളിലുള്ള ജനങ്ങളുടെ വോട്ടനുസരിച്ചു ക്ഷേത്രം തുറക്കേണ്ട കാൎയ്യം തീൎച്ചപ്പെടുത്താമെന്നും ക്ഷേത്രത്തിൽ ദൎശനം കഴിയ്ക്കുന്ന എല്ലാവൎക്കും, ക്ഷേത്രാധികാരികൾക്കും അവരുടെ അഭിപ്രായം ബാധകമാണെന്നുമുള്ള സംഗതി—ബില്ലിൻെറ ആലംബതത്വംതന്നെ—അബദ്ധമായിരിയ്ക്കുകൊണ്ടും ഞാൻ ബില്ലിനെ പ്രതിഷേധിയ്ക്കുന്നു. മതത്തേയും ധൎമ്മാവബോധത്തേയും സംബന്ധിയ്ക്കുന്ന ഇത്തരം കാൎയ്യത്തിൽ ഭൂരിപക്ഷം നോക്കി തീൎച്ചചെയ്യുന്നതു കേവലം അബദ്ധവും അനീതിയുമാണ്. ഇതു നിൎബ്ബന്ധമല്ലാതെ മറെറാന്നുമല്ല."

സനാതനധൎമ്മപ്രചാരകസംഘം

1932 ഡിസംബർ 9-ാംനു-

സനാതനധൎമ്മപ്രചാരകസംഘം, ചൻഡെൌസിയുടെ നിയോഗാനുസരണം, അവൎണ്ണരുടെ ഗുരുവായൂർ ക്ഷേത്രപ്രവേശനവിഷയത്തെപ്പററി, താഴെ പറയുന്നതിനെ ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

അവൎണ്ണരുടെ ക്ഷേത്രപ്രവേശനത്തിനെ, ഇതുവരെ എതിൎക്കുന്നതിൽ നിങ്ങൾ കാണിച്ച ധൈൎയ്യത്തേയും, നിങ്ങളുടെ ദൃഢനിശ്ചയത്തേയും, ഈ സംഘം അഭിനന്ദിക്കുന്നു. മി. ഗാന്ധിയുടെ അനുഗാമികളായ ഈ നവീകരണക്കാരെന്നറിയപ്പെടുന്നവർ, ഹിന്ദുശാസ്ത്രശാസനപ്രകാരം വിശുദ്ധമായി സൂക്ഷിക്കപ്പെടുന്ന ക്ഷേത്രത്തിൻെറ, മാഹാത്മ്യത്തെ നശിപ്പിക്കുവാൻ ചെയ്യുന്ന ഉദ്യമത്തെ ഞങ്ങൾ തീരെ നിന്ദ്യമായിത്തന്നെ കരുതുന്നു.

ഈ പ്രചാരകജോലി നിൎവ്വഹിക്കുന്നവർ, വിഗ്രഹാരാധനയിൽ തീരെ വിശ്വാസമില്ലാത്തവരും, വൎണ്ണാശ്രമധൎമ്മനിയമങ്ങളെ നേരിട്ടുതന്നെ വിരോധിക്കുന്നവരും, സംസ്കൃതത്തിലും മററു വൈദികഭാഷയിലും എഴുതപ്പെട്ടിരിക്കുന്ന ധൎമ്മശാസ്ത്രങ്ങളെപ്പററി, സ്വന്തജ്ഞാനമില്ലാത്തവരുമാകുന്നു. അതിനാൽ, അവർ രാഷ്ട്രപരിധിക്കുള്ളിൽ എത്ര ഉന്നതമായ ഒരു നിലയിലിരിക്കുന്നവരായാലും, മതവിഷയങ്ങളിൽ അവരുടെ ആഗ്രഹത്തെ, സഫലമാക്കാവുന്നതല്ല. അവരുടെ ധൎമ്മത്തെ രക്ഷിക്കാനായി പാണ്ഡവൎക്കു, അവരുടെ പ്രത്യേക ഗുരുവായ ദ്രോണാചാൎയ്യരെ വധിക്കേണ്ടിവന്നു എന്ന്, നിങ്ങൾ നല്ലവണ്ണം അറിയുന്നു

ണ്ടല്ലോ? അദ്ദേഹത്തെ അവർ ഭീഷ്മപിതാമഹനെപ്പോലെ, സ്വന്തനിലയിൽ, ആദരിച്ചിരുന്നല്ലോ. എന്നാൽ ഇന്നു ധർമ്മത്തെ രക്ഷിക്കുവാൻ നമുക്ക് ആരേയും കൊല്ലേണ്ടതായിട്ടില്ല. പ്രത്യുത അവർ തന്നത്താൻ നിരാഹാരവ്രതം സ്വീകരിച്ച്, ജീവനെ പരിത്യജിപ്പാനൊരുമ്പെടുകയാണ്. ഈ പ്രവൃത്തി ലോകത്തിലെ സമസ്തമതങ്ങളും വിരോധിച്ചിരിക്കുന്ന ഒന്നത്രേ.

ഗുരുവായൂർ ക്ഷേത്രവാതിലുകൾ അധഃകൃതർക്കായി തുറന്നു കൊടുക്കപ്പെടുന്നപക്ഷം, അപ്രകാരം ആ സ്ഥാപനത്തിന്റെ പാവനത്വം "കളഞ്ഞു കുളിക്കപ്പെടുന്ന പക്ഷം," മരിക്കുവാൻ സന്നദ്ധരായ അനേകം ആളുകൾ ഉത്തരേന്ത്യയിലുണ്ടെന്ന് ഞങ്ങൾ നിങ്ങളെ അറിയിക്കട്ടെ. എന്തെന്നാൽ ഗുരുവായൂർ ക്ഷേത്രപ്രവേശനം ഒരു ദേശീയകാര്യമല്ല. അത് ഒരു സമസ്തഭാരതവിഷയമാകുന്നു. എല്ലാ സനാതനികൾക്കും ആബാലവൃദ്ധം ഗുരുവായൂർ ക്ഷേത്രവാതിലുകൾ അധഃകൃതർക്കായി തുറന്നു കൊടുക്കപ്പെടുന്നപക്ഷം വലുതായ മനോവേദനയുണ്ടാകുന്നതാണ്. തന്മൂലം വന്നുചേരുന്ന സകല ഫലങ്ങൾക്കും ഗുരുവായൂർ ക്ഷേത്രഭാരവാഹിയും ഉത്സാഹിപ്പിക്കുന്ന ക്ഷോഭക്കാരും ഉത്തരവാദികളായി തീരുന്നതാണ്. ധർമ്മസംബന്ധമായ യാതൊരു കാര്യങ്ങളും, പൊതുജനങ്ങളോടാലോചിച്ചു തീർച്ചപ്പെടുത്താവുന്നതല്ല. അതു നമ്മുടെ ഋഷികൾ ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്ന നിയമങ്ങളാൽ തന്നെ തീരുമാനിക്കേണ്ടതാണ്. അതുപോലെതന്നെ ധർമ്മശാസ്ത്രത്തെ പററി നല്ല പാണ്ഡിത്യമുള്ളവർക്കേ, അവയെ സംബന്ധിച്ച് ഒരഭിപ്രായം പറയുവാൻ അധികാരമുള്ളു. അതിനാൽ, ഗുരുവായൂർ ക്ഷേത്രത്തിൽ അവർണ്ണർക്കു പ്രവേശാനുവാദം നല്കാൻ പൊതുജനങ്ങളുമായി ആലോചിക്കാമെന്ന് നിങ്ങൾ ഒരിക്കലും ഒരു കാരണത്താലും സമ്മതിക്കുവാൻ വയ്യ എന്ന് ഞങ്ങൾ നിർബ്ബന്ധിക്കട്ടെ.

ഗാന്ധിജിയുടെ നിരാഹാരവ്രതമാകുന്ന ഭീഷണിയെപ്പററി പറയുന്നതായാൽ അദ്ദേഹത്തിന്നു തന്റെ രാജ്യത്തോടും രാജ്യക്കാരോടും ഒരു സ്നേഹമുള്ള പക്ഷം അദ്ദേഹത്തിന്റെ ആദർശം, അവരുടെ ഐകമത്യത്തിന്നുവേണ്ടി അവരെ സഹായിച്ചു സ്വാതന്ത്ര്യം നേടുവാൻ ശ്രമിക്കാനും, അല്ലാതെ അവരുടെ "ധർമ്മത്തിൽ എടുത്തു ചാടി" അവരിൽ അസംതൃപ്തിയേയും, അനൈകമത്യത്തേയും ഉണ്ടാക്കാതിരിപ്പാനും, ആയിരിക്കേണമെന്നു തുറന്നു പ്രസ്താവിക്കുക. സനാതനികൾ തങ്ങളുടെ

വിശുദ്ധ'ധമ്മ'ത്തെ സംരക്ഷിക്കുവാൻ "സ്വരാജ്യം" തന്നെ വേണ്ടെന്നു വെക്കുവാൻ തയ്യാറായവരാണ്. അപ്പോൾ ബ്രിട്ടീഷ് "പാർലിമെൻറിൻെറ ഇൻഡ്യാ ആക്ടി"ൽ രണ്ടു മൂന്നു പരിഷ്കാരത്തിൻെറ കഥ പറയേണ്ടതില്ലല്ലോ! മി. ഗാന്ധിക്ക് തൻെറ ആയുസ്സ് പട്ടിണികിടന്നു കളയുവാൻ ഇഷ്ടമുള്ളപക്ഷം, അതു രാജ്യത്തിൻെറ സ്വാതന്ത്ര്യലബ്ധിക്കായിരിക്കട്ടെ. അദ്ദേഹം നമ്മുടെ പാവനമായ "ധമ്മത്തെ" സ്പശിക്കുവാൻ പാടില്ല.

എന്ന്, നിങ്ങളുടെ ആജ്ഞാനുസാരി,

പ്യാറിലാൽ ഷൻഡി (ഒപ്പ്)

സിക്രട്ടറി.

1932 ഡിസംബർ 25-ാംനു ഞായറാഴ്ച, ചിതംബരത്ത് പുതിയ തെരുവിൽ വേദപാരായണമഠത്തിൽവെച്ചുകൂടിയ "ഹിന്ദുസനാതന ധമ്മമഹാസഭ"യുടെ പ്രത്യേകയോഗത്തിൻെറ പ്രവൃത്തിച്ചുരുക്കം.:—

ഈ യോഗം വൈകുന്നേരം കൃത്യം മൂന്നുമണിക്കാരംഭിച്ചു. പട്ടണത്തിലെ പ്രധാനപണ്ഡിതന്മാരുൾപ്പടെ ഒരു വലിയ ജനക്കൂട്ടം യോഗത്തിൽ സന്നിഹിതരായിരുന്നു. അണ്ണാമലെ സവ്വകലാശാലയിലെ വേദാന്തപ്രാസംഗികനായ ബ്രഹ്മാചാരി മഹോപാദ്ധ്യായ തണ്ഡപാണിസ്വാമിദീക്ഷിതർ, അദ്ധ്യക്ഷപദം അലങ്കരിക്കേണമെന്ന് ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയും, ഭിന്നാഭിപ്രായമില്ലാതെ സ്വീകരിക്കപ്പെടുകയും ചെയ്തു.

അദ്ധ്യക്ഷൻ തൻെറ പ്രസംഗത്തിൽ, വണ്ണാശ്രമധമ്മത്തിൻെറ ആവശ്യത്തേയും, ആവക ധമ്മനിയമങ്ങളെ അതിലംഘിക്കുന്നപക്ഷം വരുന്നഫലങ്ങളേയും പററി വ്യക്തമായി പ്രസ്താവിച്ചു. കൂടാതെ ആദിദ്രാവിഡരുടെ ക്ഷേത്രപ്രവേശനം ശ്രുതികളും, സ്മൃതികളും, പുരാണങ്ങളും, ഇതിഹാസങ്ങളുമെല്ലാം തന്നെ, ശക്തിയായി പ്രതിഷേധിച്ചിട്ടുണ്ട് എന്ന് ഉദാഹരണസഹിതം പ്രത്യക്ഷപ്പെടുത്തി. ആ വിഷയത്തെപ്പററിത്തന്നെ താഴെ പറയുന്നവരും പ്രസംഗിക്കയുണ്ടായി.

ബ്രഹ്മശ്രീ രാഘവശാസ്ത്രികൾ, സ്ഥലത്തെ സംസ്കൃതകലാശാലയിലെ,

വേദാന്തമീമാംസപണ്ഡിതർ. ബ്രഹ്മശ്രീ രാമസുബ്ബശാസ്ത്രികൾ,. അണ്ണാമലെ സവ്വകലാശാല പണ്ഡിതർ. ബ്രഹ്മശ്രീ ശിവരാമകൃഷ്ണശാ

സ്റ്റുകൾ. അണ്ണാമല സർവ്വകലാശാല പണ്ഡിതർ. മിസ്റ്റർ ശ്രീനിവാസാചാരിയർ, വക്കീൽ. മിസ്റ്റർ സുബ്രഹ്മണ്യയ്യർ, വക്കീൽ. മററു ചിലരും കൂടി...............

കൂടാതെ ഇൻഡ്യാഗവമ്മേൻറിനോടും മദിരാശി ഗവമ്മേൻറിനോടും അടുത്തുതന്നെ ആദിദ്രാവിഡക്ക് ക്ഷേത്രപ്രവേശനം നല്കുന്ന ബില്ല് ഒപ്പുവെച്ചുകിട്ടുവാൻ വരുന്നസമയം അനുവാദം നല്കരുതെന്ന് എഴുതി അപേക്ഷിക്കുവാൻ തീർച്ചപ്പെടുത്തി. അതിന്നു അനുവാദം നല്കുന്നപക്ഷം ഹിന്ദുസമുദായത്തിൽ അതു വലുതായ കലാപമുണ്ടാക്കുമെന്നും, പൊതുജനങ്ങളുടെ സമാധാനത്തെ ഇല്ലായ്മചെയ്യുമെന്നും മുൻകൂട്ടി അറിയിപ്പാനുറച്ചു. അത്, അടുത്തു വരുത്തുവാൻപോകുന്ന ഭരണനവീകരണത്തിൽ, ഹിന്ദുമതത്തേയും, ആചാരത്തേയും മററും രക്ഷിക്കുവാൻ വേണ്ട പ്രത്യേകമുൻകരുതലുകൾ ലഭിക്കുവാൻ ആവശ്യപ്പെടുന്നതിന്ന് നമ്മെ പ്രേരിപ്പിക്കുമെന്നും, എഴുതിയയപ്പാൻ തീരുമാനിച്ചു.

സർവ്വോപരി, ഈ യോഗം കോഴിക്കോട്ടു സാമൂതിരിപ്പാട് ക്ഷേത്രപ്രവേശനത്തെ എതിക്കുവാൻ ചെയ്യുന്ന പ്രയത്നത്തിന്നായി അദ്ദേഹത്തെ അഭിനന്ദിക്കുവാനും, അദ്ദേഹത്തിൻെറ ശരിയായ മാർഗ്ഗത്തിൽ നിന്ന് അണുമാത്രം വ്യതിചലിക്കാതിരിപ്പാൻ അപേക്ഷിക്കുവാനും നിശ്ചയിച്ചു.

എന്ന്

ചതംബരം.
26—12—'32

എസ്സ്. തണ്ഡപാണിദീക്ഷിതർ,
പൊതുയോഗാദ്ധ്യക്ഷൻ.

ശ്രീഗുരുഭ്യോ നമഃ.

ഭോഃ ഭോഃ സനാതനധർമ്മാവലംബിനഃ

വിദിതചരമേതൽ തത്രഭവതാം യൽ ശ്രുതിസ്മൃതി സിദ്ധസ്യൈതസ്യ സനാതനസ്യാപിധർമ്മസ്യ നിർമ്മൂലനേ ബദ്ധപരികരാഃ കരാളഹൃദയാ വിജൃംഭന്തേ. ഹന്ത ഗുരുകുലവാസൈകസാദ്ധ്യസ്യ ശാസ്ത്രസ്യ ഗന്ധസ്യാപ്യനഭിജ്ഞൈഃ പണ്ഡിതംമന്യൈർല്ലജ്ജാ മുന്മുച്യ ശ്രുത്യേകതാനേ ഐഹികാമുഷ്മികശ്രേയസ്സാധനേ ഋഷിസമ്പ്രദായേ ദോഷഃ ഉൽഭാ

സ്മൃതേ. അത ഏവോക്തമഭിയുക്തൈഃ "ഭവേദ്ദൃശോ വാ പ്രകൃതി കുടിലേ പാപിനി കലൌ ഘടാനാം നിർമ്മാതുസ്ത്രിഭുവനവിധാതുശ്ച കലഹഃ" ഇതി.

തത്ര കേചന പ്രസ്തുതേ ആസേതുഹിമാചലം അനാദിസിദ്ധേ ആബാലഗോപാലം അവിശങ്കം ആചര്യമാണേ തജ്ജാതീയൈരപ്യാദ്രിയമാണേ പ്രമാണസമ്മതേ അസ്പൃശ്യതാഖ്യേ ധർമ്മേ വിവദമാനാഃ നായം ധർമ്മ ഇതി ജല്പന്തഃ സ്വസ്വപാണ്ഡിത്യം ലോകേപ്രകടയിതും കാനിചിദ്വചനാനി സ്വജല്പനേ പ്രമാണീകുർവ്വന്തി. കാശ്ചന യുക്തീഃ പ്രദർശയന്തി തദ്ദൃഷ്ട്വാ തത്തത്വാനഭിജ്ഞാഃ കതിപയ നിപുണോപന്യസ്താനാം വചനാനാം വാസ്തവം സ്ഥാലീപുലാകന്യായേന ആവിഷ്കർത്തും തദനു കതിചനപ്രമാണാനി പ്രദർശയിതും ച പ്രയതാമഹേ.

അത്രകൈശ്ചിദുക്തം ചണ്ഡാലാസ്പൃശ്യാഏവ—"ഏകോ ദേവസ്സർവ്വഭൂതേഷു ഗൂഢഃ" ഇത്യാദ്യേകാത്മപ്രതിപാദകശ്രുതിപ്രാമാണ്യാൽ—"വിദ്യാ വിനയ സമ്പന്നേ ബ്രാഹ്മണേ ഗവിഹസ്തിനി ശുനിചൈവശ്വപാകേ ച പണ്ഡിതാസ്സമദർശിന." ഇതി ഭഗവദ്വചനാച്ചേതി—അത്രോച്യതേ. ഭൂതാനാം ബഹുത്വാൽ തദന്തരവർത്തിദേവാനാമപി ബഹുത്വേന ഭാവ്യമിതിശങ്കാമപനോദയിതും പ്രവൃത്താ ഏകോ ദേവ ഇതി ശ്രുതിഃ വിവക്ഷിതം സർവ്വഭൂതാന്തർവ്വർത്തിനോ ദേവസ്യൈകത്വം പ്രതിപാദയന്തീ അവിവക്ഷിതം ചണ്ഡാലസ്പൃശ്യത്വം കഥം കഥയേൽ. കഥം വാ ആത്മൈകത്വപ്രതിപാദനേന ചണ്ഡാലസ്പൃശ്യത്വേ ആശാങ്കുരപ്രരോഹഃ യതോദേഹഗതചണ്ഡാലത്വജാതിനിമിത്തേന ദേഹേ പ്രസക്തം അസ്പൃശ്യത്വം. ദേഹാതിരിക്താത്മനി ച ഏകത്വമിതി. നാപിദേഹ ആത്മാ യേന അഭീഷ്ടസിദ്ധിസ്സ്യാൽ, ദേഹാനാം ബഹുത്വേന ഏകത്വപ്രതിപാദനസ്യ ശ്രുതികൃതസ്യാസാമഞ്ജസ്യാൽ. സർവ്വഭൂതേഷ്വിതി സർവ്വശബ്ദ ബഹുവചനാഭ്യാം ദേഹേഷു ബഹുത്വസ്യ ശ്രുത്യൈവാംഗീകൃതത്വാൽ. ഭൂതേഷുദേവ ഇതി ഭേദനിർദ്ദേശേന ദേഹാത്മവാദസ്യ ശ്രുതിബാഹ്യത്വാവഗമാച്ച. അതോനൈതച്ഛ്രുത്യവഷ്ടംഭേന ചണ്ഡാലസ്പൃശ്യത്വംസേൽസ്യതീതിസിദ്ധം.

യദപ്യുക്തം വിദ്യാവിനയസമ്പന്ന ഇതി ഗീതാവചനം സ്പൃശ്യത്വസാധകമിതി. തദപിന. വിദ്യാവിനയസമ്പന്ന ബ്രാഹ്മണ ഗോഹസ്തിശ്വപാകേഷു യേ സമദർശിനസ്തേ പണ്ഡിതാ ഇതി ജ്ഞാനാപര

പച്ഛായയപാണ്ഡിത്യസ്വരൂപപ്രദശ്നാത്ഥത്വാത്തദ്വചസ്യ. അപി ച—സമദശിന ഇത്യത്ര ദൃശിധാതോസ്സകമ്മകത്വേന കമ്മാകാംക്ഷയാ സമശബ്ദാത്ഥസ്യൈവ കമ്മത്വൌചിത്യേന സമം ഏകം അവിക്രിയംബ്രഹ്മപശ്യന്തീതി വ്യുല്പത്യാ സമകമ്മകദശ്നം പാണ്ഡിത്യം ഇതി സിദ്ധം. തഥാ ചാത്ര ബ്രാഹ്മണാദിശ്വപാകാന്തരൂപാൻ വിഷമോപാധീൻ പ്രദശ്യ ഏതേഷു സമകമ്മകദശ്നം പാണ്ഡിത്യമിത്യുക്ത്യാ വിഷമോപാധിസംബന്ധേന ആത്മനോപി വൈഷമ്യ മിതി ന ഭ്രമിതവ്യം. കിന്തു സമത്വേനൈവേതിബോധനാൽ ഉപാധിഷു വൈഷമ്യം അവജ്ജനീയം. ഇതി ഗീതാവചനതാല്പയ്യം സുഷ്ഠുഅവഗമ്യതേ. അപിച—“സവ്വകമ്മാണിമനസാ സന്ന്യസ്യാസ്തേ സുഖം വശീ” ഇത്യുപക്രമ്യൈതത്സമദശിത്വബോധനേന യേ അഹംകാരമമകാരരഹിതാസ്സന്ന്യാസിനസ്താനുദ്ദിശ്യൈവേദം ബോധ്യത ഇതിസ്പഷ്ടം തദ്വിദാം. അതോ നേദമപിസ്വോക്താത്ഥസാധകം, പ്രത്യുത ഉപാധിവൈഷമ്യാംഗീകാരേണാസ്പൃശ്യതാതാല്പയ്യഗ്രാഹകതയാ പ്രതികൂലമേവേതിമന്തവ്യം. യേത്വത്ര സമശബ്ദസ്യ ഭാവപ്രധാന നിദ്ദേശേന സമത്വാത്ഥകത്വമാശ്രിത്യ ബ്രാഹ്മണാദിഷു ശ്വപാകാന്തേഷു സമത്വദശിനഃ പണ്ഡിതാ ഇതിവ്യാചഖ്യുഃ— തേ പ്രഷ്ടവ്യാഃ— കിമേതേ ബ്രാഹ്മണഗോഹസ്തിശ്വപാകാഃ സമാഃ വിഷമാവേതി സമാ ഇതിചേൽ ന കോപി പ്രത്യേതി. പ്രത്യക്ഷസിദ്ധത്വാദ്വൈഷമ്യസ്യ. അപിചൈതേഷു സതി സമത്വേ സമത്വദശ്നം സവ്വേഷാമവിശിഷ്ടമേവേതി ഏതേഷു സമത്വദശ്നഃ പണ്ഡിതാ ഇതി വിശിഷ്യോക്തേഃ സ്വാരസ്യഭംഗഃ. അഥ വിഷമാ ഇതി ചേൽ. വിഷമേഷു സമത്വദശ്നസ്യ ഭ്രാന്തിരൂപത്വേന താദൃശസമത്വദശ്നസ്യ പ്രമാത്മകപാണ്ഡിത്യസ്വരൂപത്വാസംഭവ ഏവ. തസ്മാദിദം വ്യാഖ്യാനം ഭ്രമപ്രമാസ്വരൂപാനഭിജ്ഞേനാൽപ്രേക്ഷിതമിതി ഹേയമേവേതി ബോദ്ധ്യം. യദപ്യുക്തം—ചണ്ഡാലോപി കോപ്യനായ്യ ഏവ ജാതിവിശേഷ ആസിൽ. തത്ര “അഥരാത്ര്യാം വ്യതീതായാം തസ്യാം രാജാ ബഭ്രുവഹഃ ചണ്ഡാലദശ്നൊ രാമ സദ്യ ഏവ ദുരാകൃതിഃ. നീലപീതാംബരധരൊ രക്താംബരകൃതോത്തരഃ. സംരബ്ധതാമ്ര ഘോരാക്ഷഃ കരാളൊ ഹരിപിംഗലഃ. ഋക്ഷചമ്മനിവാസീ ച ലോഹാഭരണഭൂഷിതഃ” ഇതി വാല്മീകിരാമായണഗതം വണ്ണനം പ്രമാണം. നൈതാദൃശാശ്ചണ്ഡാലാഃ ഭാരതവഷേധുനാ സന്തീതി. അത്രോച്യതെ—നൈതാദൃശാശ്ചണ്ഡാലാ ഭാരതേ വഷേധുനാ സന്തീതി താവൽ സാഹസമാത്രം. പ്രതീതി

വ്യവഹാരാഭ്യാമർത്ഥസിദ്ധേഃ. ചണ്ഡാലത്വേന പ്രതീതി വ്യവഹാരയോഃ ചണ്ഡാലതദിതരജനസാമാന്യസാധാരണത്വാൽ. അപലപിതുമശക്യത്വാൽ. കിഞ്ച—ന ചണ്ഡാലാ ഭാരതവർഷേഽധുനാ സന്തീതി വദതാ പ്രതീതിവ്യവഹാരസിദ്ധചണ്ഡാലത്വരൂപജാതിവിശേഷോഽധുനാഽപ്യഭ്യുപഗത ഏവ. പരന്തു—ത്രിശങ്കുമഹാരാജസ്യ വാസിഷ്ഠശപ്തസ്യ ചണ്ഡാലത്വമാപന്നസ്യ രാമായണേ സ്വോപദർശിതശ്ലോകൈര്യാദൃശ് ലക്ഷണാനി വർണ്ണിതാനി താദൃശ് ലക്ഷണലക്ഷിതാശ്ചണ്ഡാലാ ന സന്തീത്യേതാവാനേവാഭിപ്രേതോഽനേന വാക്യേന പ്രതീയതേ. തഥാ ച ഏതദ്രീത്യാഽധുനാ താദൃശചണ്ഡാലാസത്വേഽപി ചണ്ഡാലസത്വസ്യ നിർവ്വിവാദതയാ ചണ്ഡാലത്വമാത്രനിബന്ധനാസ്പൃശ്യതായാഃ അപനോദനേ സ്വോപദർശിതലക്ഷണാഭാവസ്യാകിഞ്ചിൽകരത്വേന—'ഏതേഽസ്പൃശ്യാശ്ചണ്ഡാലത്വാ'ദിതി വാക്യം സ്വരൂപാസിദ്ധഹേത്വാഭാസദുഷ്ടമിത്യുക്തിരേവ ദുഷ്ടേതി വിഭാവ്യതാം. യദപ്യുക്തം—"നമഃ ശ്വഭ്യഃ ശ്വപതിഭ്യശ്ച വോ നമോ നമഃ" ഇതി ശ്വപതീനാം ശ്വപചാനാം വാ രുദ്രത്വേ സിദ്ധേ തേഷാം ദേവതായതനപ്രവേശനിഷേധോ നൈവ സംഗച്ഛത ഇതി. അത്രോച്യതേ—അസ്യ മന്ത്രസ്യ രുദ്രാധ്യായസ്ഥത്വാൽ തദ്ഭാഷ്യകാരൈർവ്വിദ്യാരണ്യമുനിഭിര്യഥാ തത്തന്മന്ത്രാണാം താല്പര്യമുപവർണ്ണിതം തഥാ വാസ്മാഭിരാകലനീയമന്യഥാ വാ. അന്യഥാ ചേൽ—സാധകബാധകജ്ഞാനവിധുരൈർന്നവഗതപൂർവ്വാപരഗ്രന്ഥസന്ദർഭൈഃ സർവ്വത്ര സ്വച്ഛന്ദം സമന്വയായ പ്രയതമാനൈഃ കിന്നാമാപരാദ്ധം സ്യാൽ. അതോഽസ്മാകം ഭാഷ്യമേവ പ്രമാണം. തത്ര ച—"നമഃ കകുഭായ നിഷംഗിണേ സ്തേനാനാം പതയേ നമഃ" ഇതി മന്ത്രവ്യാഖ്യാവസരെ ഏവം വ്യാഖ്യാതം. തസ്യ സർവ്വജഗദാത്മകത്വാൽ യേ യത്ര യഥാ വർത്തന്തേ തത്ര തഥാ രൂപേണ രുദ്രോ വർത്തതേ ഇതി രുദ്രസ്യ സാർവ്വാത്മ്യം അനുസന്ധാതും മന്ത്രൈരേവമുച്യതേ. സ്തേനാദി ശരീരേഷു രുദ്രോ ദ്വേധാ വർത്തതേ. ജീവരൂപേണ, ഈശ്വരരൂപേണ ച. തത്ര ച യജ്ജീവരൂപം തൽ സ്തേനാദിശബ്ദാനാം വാച്യാർത്ഥഃ. സ ഏവ ശാസ്ത്രേഷു നിന്ദ്യഃ, യത്തു ഈശ്വരരൂപം തൽ സ്തേനാദിശബ്ദൈരുപലക്ഷ്യതേ. തദനുസന്ധാനം തു പാപക്ഷയഹേതുത്വേന പരമപുരുഷാർത്ഥ ഇതി ലക്ഷ്യാർത്ഥവിവക്ഷയാ മന്ത്രേഷു ലൌകികാഃ ശബ്ദാഃ പ്രയുജ്യന്തേ ഇതി ദ്രഷ്ടവ്യം. ഉപലക്ഷകവാച്യാർത്ഥദ്വാരേണ ലക്ഷ്യാർത്ഥോ മുഗ്ദ്ധൈരപി സഹസാ സമ്യക് ബോദ്ധും ശക്യതേ. യഥാ ശാഖാഗ്രേ ചന്ദ്ര ഇത്യത്ര. തസ്മാൽ

ലക്ഷ്യാൎത്ഥസ്യൈവ വിവക്ഷായാമപി സ്വഭാവബോധദ്വാരത്വേന മുഖ്യാൎത്ഥവാചകാശ്ശബ്ദാഃ പ്രയോക്തവ്യാ ഇതി. ഏവഞ്ച ഏതദ്ഭാഷ്യ പൎയ്യാലോചനയാ ശ്വശ്വപതി ശബ്ദാനാം വാച്യസ്യ ദേവതായതനം പ്രവേഷ്ടുകാമസ്യ ജീവദ്രൂപാൎത്ഥസ്യ നിന്ദ്യത്വമേവാവസീയതെ. തദുപലക്ഷിതസ്യ ഈശ്വരരൂപസ്യാനുസന്ധാനം പാപക്ഷയഹേതുരിതി ത്വന്യദേതൽ. യുക്തഞ്ചൈതൽ—അന്യഥാ തദ്രീത്യാ ശ്വപതീനാം ശ്വപചാനാം രുദ്രത്വേന ദേവതായതനപ്രവേശപ്രതിബന്ധാനൌചിത്യവൽ ചോരവിശേഷയോഃ സ്തേനപതിസ്തായുപത്യോരപി "സ്തേനാനാം പതയേ നമഃ സ്തായൂനാം പതയേ നമഃ" ഇത്യനേന രുദ്രത്വാഭിധാനാൽ തുല്യയുക്ത്യാ സ്വായതനപ്രവേശപ്രതിബന്ധാനൌചിത്യം പ്രസജ്യേത. തഥാ ച മഹതീ വിപ്രതിപത്തിരിതിനൈഷശ്രേയസ്കരഃ പന്ഥാ ഇത്യൂഹ്യം. യത്തു. അന്ത്യജാൻ പ്രത്യസ്മാഭിഃ കഥമാചരിതവ്യമിത്യത്ര ശ്രീമദ്ഭാഗവതസ്യൈകാദശസ്കന്ധെ ഏവ മുപദിഷ്ടം. യൽ. "വിസൃജ്യസ്മയമാനാൻ സ്വാൻ ദൃശം വ്രീഡാം ച ദൈഹികീം. പ്രണമേദ്ദണ്ഡവൽ ഭൂമാവാശ്വചണ്ഡാലഗോഖരം. യാവൽ സൎവ്വേഷു ഭൂതേഷു മദ്ഭാവോ നോപജായതെ. താവദേവ മുപാസീത വാങ്മനഃകായകൎമ്മഭിഃ". ഇതിത്യുക്തം. തന്നിസ്സാരം. തഥാഹി—ഏകാദശസ്കന്ധെ വിംശേദ്ധ്യായെ ഉദ്ധവായ ഭഗവദുപദേശാവസരെ. "യോഗാസ്ത്രയോ മയാപ്രോക്താഃ നൃണാം ശ്രേയോവിധിത്സയാ. ജ്ഞാനം കൎമ്മ ച ഭക്തിശ്ച നോപായോന്യോസ്തി കുത്രചിൽ. നിൎവ്വിണ്ണാനാം ജ്ഞാനയോഗോ ന്യാസിനാമിഹ കൎമ്മസു. തേഷ്വനിൎവ്വിണ്ണചിത്താനാം കൎമ്മയോഗസ്തു കാമിനാം. യദൃച്ഛയാ മൽകഥാദൌ ജാതശ്രദ്ധസ്തു യഃ പുമാൻ. ന നിൎവ്വിണ്ണോ നാതിസക്തോ ഭക്തിയോഗോസ്യ സിദ്ധിദഃ. താവൽ കൎമ്മാണി കുൎവ്വീത ന നിൎവ്വിദ്യേത യാവതാ. മൽകഥാശ്രവണാദൌവാ ശ്രദ്ധായാവന്ന ജായതെ." ഇതി വചനൈഃ കൎമ്മഫലേഷു ദുഃഖബുദ്ധ്യാ വിരക്താനാം അത ഏവ തൽസാധനഭൂതകൎമ്മന്യാസിനാം ജ്ഞാനയോഗഃ സിദ്ധിദ ഇതി കൎമ്മഫലേഷു ദുഃഖബുദ്ധി ശൂന്യാനാം അത ഏവ കാമിനാം കൎമ്മയോഗസ്സിദ്ധിദഃ ഇതി. കേനാപി ഭാഗ്യോദയേന മൽകഥാദൌ ജാതശ്രദ്ധഃ യഃ കൎമ്മസു നിൎവ്വിണ്ണോ ന ഭവതി തൽകൎമ്മഫലേഷു ചാതിസക്തോ ന ഭവതി തസ്യ ഭക്തിയോഗസ്സിദ്ധിദ ഇതി ജ്ഞാനഭക്തിയോഗയോരുക്തരീത്യാ യാവൽപൎയ്യന്തമനധികാരഃ താവൽപൎയ്യന്തം കൎമ്മാണി കുൎവ്വീതേതിചോക്തം. തതസ്സപ്തവിംശാ

ധ്യാ

ദ്ധ്യായെ "ക്രിയായോഗം സമാചക്ഷ്വ ഭവദാരാധനം പ്രഭോ" ഇത്യാദി
നാ കൎമ്മയോഗസ്വരൂപമൎച്ചാദികമുക്ത്വാനന്തരം "എവം ക്രിയായോ
ഗപഥൈഃ പുമാൻ വൈദികതാന്ത്രികൈഃ. അൎച്ചന്നുഭയതസ്സിദ്ധിം മ
ത്തോവിന്ദത്യഭീപ്സിതാ"മിത്യുക്ത്വാ "മാമേവ നൈരപേക്ഷ്യേണ
ഭക്തിയോഗേന വിന്ദതി. ഭക്തിയോഗം സ ലഭതെ എവം യഃ പൂജ
യേതമാം" ഇത്യുപസംഹൃതം തതഃ അഷ്ടാവിംശാദ്ധ്യായെ സമാസേന
ഭക്തിയോഗസ്വരൂപകഥനാവസരെ "മാമേവ സൎവ്വഭൂതേഷു ബഹിര
ന്തരപാവൃതം. ഈക്ഷേതാത്മനിചാത്മാനം യഥാഖമമലാശയഃ.
ഇതി സൎവ്വാണി ഭൂതാനി മദ്ഭാവേന മഹാമതെ. സഭാജയൻ മന്യമാ
നഃ ജ്ഞാനം കേവലമാശ്രിതഃ. ബ്രാഹ്മണെ പുല്ക്കസെ സ്തേനെ ബ്രഹ്മ
ണ്യെക്കെ സ്ഫുലിംഗകെ. അക്രൂരെ ക്രൂരകെ ചൈവ സമദൃക് പണ്ഡി
തൊ മതഃ." ഇതിവചനൈഃ സൎവ്വഭൂതേഷു ആത്മനി ച ആത്മാനം
ഈശ്വരം സന്തം ഖമിവാനാവരണം ബഹിരന്തഃപൂൎണ്ണം മാമേവ നി
ൎമ്മലാശയഃ സന്നീക്ഷേത. അനേന പ്രകാരേണ ജാതിതഃ വൈഷമ്യ
വതൊഃ ബ്രാഹ്മണപുല്ക്കസയോഃ യൊ ബ്രഹ്മസ്വാപഹാരീ യൊ ബ്രാ
ഹ്മണെഭ്യൊ ദദാതി തയോഃ കൎമ്മകൃതവൈഷമ്യവതോഃ സ്തേനബ്രഹ്മ
ണ്യയൊഃ ഗുണതൊ വൈഷമ്യവതൊ രൎക്കസ്ഫുലിംഗയൊഃ സ്വഭാവ
തഃ വൈഷമ്യവതൊഃ ക്രൂരാക്രൂരയൊശ്ച സമദൃക് സമം മാമേവ പ
ശ്യൻ കേവലം ജ്ഞാനരൂപാം ദൃഷ്ടിമാശ്രിതസ്സൻ സൎവ്വാണി ഭൂതാനി
മദ്ഭാവേന മന്യമാനസ്സഭാജയൻ പണ്ഡിതൊ മതഃ ഇതി അന്തരം
ഗാം ഭക്തിമഭിധായ "നരെഷ്വഭീക്ഷ്ണം മദ്ഭാവം പുംസൊ ഭാവയതോ
ചിരാൽ. സ്പൎദ്ധാസൂയാതിരസ്കാരാഃ സാഹങ്കാരാ വിയന്തി ഹി" ഇ
ത്യനേന നരേഷു ഈശ്വരരൂപം കുൎവ്വതഃ സ്പൎദ്ധാസൂയാദ്യപഗമരൂപം
സദ്യഃ ഫലവിശേഷമുക്ത്വാ അതഃ "വിസൃജ്യസ്മയമാനാൻ സ്വാൻ
ദൃശം വ്രീഡാം ച ദൈഹികീം. പ്രണമെദ്ദണ്ഡവദ്ഭൂമാവാശ്വച
ണ്ഡാല ഗോഖരം" ഇത്യനേന സ്വകൃത്യം വീക്ഷ്യ സ്മയമാനാൻ ഹസ
തഃ സ്വീയാനവിഗണയ്യാഹമുത്തമസ്സതു നീച ഇതി ദൈഹികീം ദൃഷ്ടിം
ത്യാച യാ വ്രീഡാ താഞ്ചൊന്മുച്യ ശ്വചണ്ഡാലാദീനഭിവ്യാപ്യ അ
ന്തൎയ്യാമീശ്വരദൃഷ്ട്യാ പ്രണമെദിത്യുക്ത്വാ "യാവൽ സൎവ്വേഷു ഭൂതേഷു
മദ്ഭാവനോപജായതെ താവദേവമുപാസീത വാങ്മനഃകായവൃത്തി
ഭിഃ. സൎവ്വം ബ്രഹ്മാത്മകം തസ്യ വിദ്യയാത്മമനീഷയാ. പരിപശ്യന്നു
പരമെത്സൎവ്വതോ മുക്തബന്ധനഃ." ഇതി വചനാഭ്യാം സൎവ്വഭൂതേഷു
ഈശ്വരഭാവസംപത്തിപൎയ്യന്തം എവം വൎത്തിതവ്യം. എവം കുൎവ്വത

സ്ഥസ്യ പുംസഃ ഈശ്വരദൃഷ്ട്യാ യാ വിദ്യാ തയാ സൎവ്വം ബ്രഹ്മാത്മക മേവ ഭവതി. തതഃ പരിതോ ബ്രഹ്മൈവ പശ്യൻ സൎവ്വതഃ ക്രിയാമാത്രാദുപരമേൽ ഇതി പൂൎവ്വോക്തായാഃ സമദൃഷ്ടേരവധിരഭിഹിതഃ. ഏവം ച പ്രകരണപൎയ്യാലോചനയാ "വിസൃജ്യസ്മയമാനാനിത്യാദി ജ്ഞാന്യുദ്ദേശ്യകമേവ നാസ്മദുദ്ദേശ്യകമിതി സുവ്യക്തമേവസുധിയാം അപിചാത്രാത്മശ്രേയസ്കാമൈരാസ്തികൈഃ കിഞ്ചിദപിമൎശനീയം കിംവയം കൎമ്മഫലേഷു വിഷയസുഖേഷു ആസക്താ അനാസക്താ വേതി. തത്രയേവയമനാസക്താ ഇതി, അതോ "വിസൃജ്യസ്മയമാനാ"നിത്യുക്തരീത്യാ വൎത്തിതവ്യമിതി ച മന്യന്തേ, തൈഃ ശ്വനക ഗൎദഭാനാമപിയത്രയത്ര ദൎശനം ഭവതി തത്ര രഥ്യാസു ചതുഷ്പഥേഷു അന്യേഷ്വപി പ്രദേശേഷു കട്യാം വസ്ത്രമാബദ്ധ്യ തത്രത്യേഷു സൎവ്വേഷു അമന്ദം ഹസത്സ്വപി ഭൂമൌ നിപത്യ സാഷ്ടാംഗദണ്ഡപ്രണാമ കാരിഭിൎഭവിതവ്യം. ഏവം തേഷാം വൎത്തനമഭവിഷ്യച്ചേൽ തേഷാം കൃതേ അസ്പൃശ്യത്വാ ഭാവോപ്യഭവിഷ്യൽ. യദികൎമ്മഫലേഷു വയമാസക്താ ഇതിമന്യന്തെ തേഷാം മുപദൎശിതരീത്യാ കൎമ്മകാണ്ഡ ഏവ ശരണം ഫലസാധനത്വാൽ കൎമ്മണാം. തഥാ ച യഥാശാസ്ത്ര മേവകൎമ്മാണി കൎത്തവ്യാനി, അഹംകാരമമകാരപൂൎവ്വകം പ്രവൃത്തിമാൎഗ്ഗപ്രവിഷ്ടാനാം ഉദ്ധരണകൃതെ സുഹൃദ്ഭൂത്വാ യഥോപദിശതിശാസ്ത്രം തഥൈവ വൎത്തിതവ്യമിതിനാവിദിതമഭ്യുദയാകാംക്ഷിണാം. ഏവം സ്ഥിതെ ഉപദിശതി ഗൌതമ മഹൎഷിഃ "സമാസമാഭ്യാം വിഷമ സമേഷു ജാത" ഇതി. അനേന സമാനധൎമ്മവതാം വൈഷമ്യേണാസമാനധൎമ്മവതാം സാമ്യേന ച വസ്ത്രാലങ്കാരസമ്മാനേ കൃതെ തഥാകൎത്തുഃ പ്രത്യവായൊ ഭവതീത്യുക്തം. ഏവഞ്ച കൎമ്മപരതന്ത്രാണാം പ്രത്യവായഭിയാശ്വചണ്ഡാലാദിഷു ബ്രാഹ്മണാദിഷു ച സാമ്യേനവൎത്തനം ന ശ്രേയസ്കര മിത്യാവേദിത മേവ. ഏവഞ്ച "വിസൃജ്യസ്മയമാനാ" നിത്യാദിരീത്യാസ്മാഭിൎവ്വൎത്തിതവ്യമിത്യസ്പൃശ്യതാനിരാകരണോദ്യമദൃഢീകരണം പ്രതാരണമെവേതി വിഭാവയന്തു. യദപ്യുക്തം —രന്തിദേവഃ ശ്വപചായാന്നം ദത്വാ പ്രണമതി. തഥാ ച ഭാഗവതം—"തച്ചഗത്വാ നമശ്ചക്രെ ശ്വഭ്യഃ ശ്വപതയെ വിഭുഃ" ഇതി. തത്രാപീഷദുച്യതെ. "വിയദ്വിത്തസ്യ ദദതോ ലബ്ധം ലബ്ധം ബുഭുക്ഷതഃ. അകിഞ്ചനസ്യ ധീരസ്യ സകുടുംബസ്യ സീദതഃ. വ്യതീയുരഷ്ടചത്വാരിംശദഹാന്യപിബതഃ കില." ഇത്യുക്തലക്ഷണേന മഹാജ്ഞാനിനാ രന്തിദേവേന തുല്യം യേവൎത്തേരൻ തെ തഥാ കുൎവ്വീരൻ

നൈതാവതാരന്തിദേവചരിത്രം അസ്പൃശ്യതാനിർമ്മൂലനായ പ്രഭവതീതീദമപി പ്രതാരണമേവ.

യദപ്യുക്തം —ഏതേസ്മൃത്യുക്തചണ്ഡാലാ ഏവ ഭവന്തു, തേഷാമസ്പൃശ്യതാ. "നതൈഃ സമയമന്വിച്ഛേൽ പുരുഷോധർമ്മമാചരൻ വ്യവഹാരൊമിഥസ്തേഷാം വിവാഹസ്സദൃശൈസ്സഹ." ഇതി മനുവചനേനൈവാഭ്യുപഗന്തവ്യാ. തത്ര ധർമ്മശബ്ദസ്വാരസ്യേനമീമാംസാശാസ്ത്രനിർണ്ണീതയാഗാദിധർമ്മഏവ. തൈർവ്യവഹാരാഭാവഃ. അർത്ഥകാമമോക്ഷാഖ്യപുരുഷാർത്ഥേഷുതുയുജ്യത ഏവ വ്യവഹാരഃ. അതോ ദേവാലയപ്രവേശൊ ഭഗവൽസേവാർത്ഥഃ, സാ ച മോക്ഷാർത്ഥേതി ന തത്ര തേഷാമാലയപ്രവേശെ പ്രതിബന്ധൊ യുക്ത ഇതി.

അഹോ പാണ്ഡിത്യഗരിമാ —മോക്ഷേതൈസ്സംസർഗ്ഗോയുക്ത ഏവേത്യഭിധായ മോക്ഷഫലകഭഗവൽസേവാഫലകദേവാലയപ്രവേശേഭ്യനുജ്ഞാ. അസ്യാലൌകികീംപ്രജ്ഞാമാവേദയതീതി. ഏവം വ്യാഖ്യാതെ സ്വാഭിമതധർമ്മോപി പരമ്പരയാ മോക്ഷാർത്ഥഏവേതി "ന തൈസ്സമയമന്വിച്ഛേ"ദിതി നിഷേധസ്യ കാ ഗതിഃ കല്പിതാസ്യാൽ. ദേവാലയപ്രവേശഏവ പരംപരയാ മോക്ഷാർത്ഥഃ ന യാഗാദിരിതി സ്വോൽപ്രേക്ഷിതവചനസഹസ്രേണാപി ന നിർദ്ധാരയിതും പാര്യതെ. യാഗാദീനാം പരമ്പരയാ മോക്ഷാർത്ഥത്വസ്യ ശാസ്ത്രേണ പ്രതിപാദിതത്വാൽ.

ശാരീരം വാചികം മാനസം ച കർമ്മ ശ്രുതിസ്മൃതിസിദ്ധം ധർമ്മാഖ്യം യദ്വിഷയാ ജിജ്ഞാസാ—"അഥാതോ ധർമ്മജിജ്ഞാസാ" ഇതി സൂത്രിതാ. ഇതി ബ്രഹ്മസൂത്രഭാഷ്യെ ശ്രീശങ്കരഭഗവൽപാദൈഃ ധർമ്മസ്വരൂപം നിരൂപിതമിതി ദേവാലയപ്രവേശഃ ഭഗവൽസേവാച ധർമ്മ ഏവാന്തർഭവതി, തസ്യ ശാരീരാദികർമ്മത്വാൽ ശ്രുതിസ്മൃതിസിദ്ധത്വാൽ ച. അത ഏവധർമ്മമാചരതാ ഭിന്നജാതീയേന പുരുഷേണ ചണ്ഡാലശ്വപചൈർദ്ദർശനാദിവ്യവഹാരോ ന കർത്തവ്യഇതി വദദ്വചനം സ്വാശാഭഞ്ജകമേവേതിവിഭാവ്യതാം.

യദപ്യുക്തം കേനചിൽ— ദേവാലയാനാമാഗമമൂലത്വാദാഗമാനാം ച "ഉല്പത്ത്യസംഭവാ"ദിത്യസ്മിൻ ബ്രഹ്മസൂത്രെ ആചാര്യൈരപ്രാമാണ്യോപപാദനാൽ ശങ്കരമതാവലംബിനാമസ്പൃശ്യൈരാലയപ്രവേശോനകാര്യഇതി വാദൊനയുക്ത ഇതി.

തദേതദജ്ഞതായാ ദുർവിലസിതം—ഉല്പത്ത്യസംഭവാദിതിഹിസൂത്രം. അസ്യാർത്ഥഃ—വാസുദേവസംജ്ഞകാൽപരാത്മനഃ സങ്കർഷണ

സംജ്ഞകസ്യ ജീവസ്യോല്പത്തിന്നസംഭവതി, അനിത്യത്വാദിദോഷപ്രസംഗാൽ. അത്രാചാര്യൈരേവം വ്യാഖ്യാതം—അത്രയത്താവദുച്യതെ യൊസൌ നാരായണഃ പരോ/വ്യക്താൽ പ്രസിദ്ധഃ പരമാത്മാ സർവ്വാത്മാ സ ആത്മനാത്മാനമനേകധാവ്യൂഹാവസ്ഥിതഇതി തന്നനിരാക്രിയതെ. സ ഏകധാഭവതി ത്രിധാഭവതി ഇത്യാദിശ്രുതിഭ്യഃ പരാത്മനോ/നേകധാ ഭാവസ്യാധിഗതത്വാൽ. യദാപിതസ്യ ഭഗവതോഭിഗമനാദിലക്ഷണമാരാധനമജസ്രമനന്യചിത്തതയാഭിപ്രേയതെ. തദപി ന പ്രതിഷിദ്ധ്യതെ. ശ്രുതിസ്മൃത്യോരീശ്വരപ്രണിധാനസ്യ പ്രസിദ്ധത്വാദിതി. അത്രാഭിഗമനാദയഃ അഭിഗമനോപാദാനെജ്യാസ്വാദ്ധ്യായയോഗാഃ. തത്ര വാക്കായചേതസാമവധാനപൂർവ്വകം ദേവതാഗൃഹഗമനമഭിഗമനം. പൂജാദ്രവ്യാണാമർജ്ജനമുപാദാനം. ഇജ്യാ-പൂജാ. സ്വാദ്ധ്യായഃ അഷ്ടാക്ഷരാദിജപഃ യോഗഃ ധ്യാനമിതിതദ്വ്യാഖ്യാതാരഃ. ഏവം ദേവാലയപ്രവേശപുരസ്സരമീശ്വരാരാധനം ശ്രുതിസ്മൃതിസിദ്ധത്വേന കർത്തവ്യമേവേതി ജീവസ്യോല്പത്ത്യർത്ഥഃ പ്രത്യാഖ്യായതഇതി വിസ്പഷ്ടം ബ്രുവൽസൂത്രാചാര്യപാദേഷു വസ്തുതഃ ആചാര്യമതാവലംബിനാ മാലയഗമനാദികമേവായുക്തമിത്യുക്തിന്നശ്രേയോദായികാ ലോകപ്രതാരികാചേതി കിം വക്തവ്യമിത്യാസ്താം താവൽ. തദേവം കതിപയപ്രതാരകപ്രക്രിയാ ഉപദശിതാ. അധുനാപ്രമാണാനി പ്രദശ്യന്തെ—

പരാശരസ്മൃതൌ—

ശ്വപാകം വാപി ചണ്ഡാലം വിപ്രഃ സംഭാഷതേയദി
ദ്വിജൈസ്സംഭാഷണം കുർയ്യാൽ സാവിത്രീം തു സകൃൽജപേൽ.
ചണ്ഡാലൈസ്സഹസുപ്ത്വേതു ത്രിരാത്രമുപവാസയേൽ.
ചണ്ഡാലൈകപഥം ഗത്വാ ഗായത്രീസ്മരണാച്ഛുചിഃ
ചണ്ഡാലദർശനേസദ്യഃ ആദിത്യമവലോകയേൽ.
ചണ്ഡാലസ്പർശനേചൈവ സചൈലംസ്നാനമാചരേൽ.
ചണ്ഡാലഖാതവാപീഷു പീത്വാ സലിലമഗ്രജഃ
അജ്ഞാനാച്ചൈകഭക്തേനത്വഹോരാത്രേണ ശുദ്ധ്യതി.
ചണ്ഡാലഭാണ്ഡസംസ്പൃഷ്ടം പീത്വാകൂപഗതം ജലം
ഗോമൂത്രയാവകാഹാര സ്ത്രിരാത്രാച്ഛുദ്ധിമാപ്നുയാൽ.
ചണ്ഡാലഘടസംസ്ഥന്തു യത്തോയം പിബതിദ്വിജഃ
തൽക്ഷണാൽ ക്ഷിപതേയസ്തു പ്രാജാപത്യം സമാചരേൽ.
യദിനോൽക്ഷിപതേതോയം ശരീരേ യസ്യ ജിർയ്യതെ.
പ്രാജാപത്യം ന ദാതവ്യം കൃൽസ്നം സാന്തപനംചരേൽ.

ചരേൽ സാന്തപനം വിപ്രഃ പ്രാജാപത്യമനന്തരഃ
തദൎദ്ധഞ്ചരേദ്വൈശ്യഃ പാദം ശൂദ്രസ്യദാപയേൽ.
ഉംക്തെ ജ്ഞാനാദ്വിജഃ ശ്രേഷ്ഠഃ ചണ്ഡാലാന്നം കഥഞ്ചന
ഗോമൂത്രയാവകാഹാരോ ദശരാത്രേണ ശുദ്ധ്യതി. ഇതി.

ഏവം സംഭാഷണസഹവാസസന്ദൎശനസംസ്പൎശനോദപാനഭോജനേഷു പ്രസക്തോദോഷഃ തത്തൽപ്രകാരേണ പരിഹൎത്തവ്യ ഇതി സ്പഷ്ടമുക്തേപി പൂൎവ്വവ്യവഹാരേഷു സൎവ്വേഷു ചണ്ഡാലൈസ്സംസൎഗ്ഗഃ കൎത്തവ്യ ഇതി വദതാംവാദോ/ജ്ഞമനോജ്ഞ ഏവ. ന കേവലമസ്പൃശ്യത്വമേവതേഷാം ശാസ്ത്രേണാഭിധീയതെ, കിന്തു ദൂരാവസ്ഥാനമപി. തഥാ ച പരാശരസ്മൃതിഃ.

യുഗം യുഗദ്വയഞ്ചൈവ ത്രിയുഗഞ്ച ചതുൎയ്യുഗം
ചണ്ഡാലസൂതികോദക്യാപതിതാനാമധഃക്രമാൽ ഇതി.

അധഃ ക്രമാൽ വിപരീതക്രമാദിത്യൎത്ഥഃ. തത്രൈവം യോജനീയം:— പതിതസ്യ വ്യവധാനമേകയുഗേന, ഉദക്യായാഃ യുഗദ്വയേന, സൂതികായാഃ യുഗത്രയേണ, ചണ്ഡാലസ്യ യുഗചതുഷ്ടയേനേതി തദ്വ്യാഖ്യാതാരഃ. അഥോച്യേത—ചണ്ഡാലലക്ഷണാനാമേഷ്വനുപലംഭാൽ നൈഷാം ചണ്ഡാലത്വം യേന പ്രദൎശിതപ്രമാണൈരസ്പൃശ്യത്വം ദൂരാവസ്ഥാനം ച സംഭാവ്യേതേതി, തൎഹി തല്ലക്ഷണാനികാനി? സ്മൃതിപുരാണേഷൂക്താനീതിചെൽ— സ്മൃതിപുരാണോക്തയാവല്ലക്ഷണാനാം സത്വം വിവക്ഷിതം, ഉതയൽകിഞ്ചില്ലക്ഷണസ്യ. ആദ്യേ രാമായണോക്തലക്ഷണവ്യതിരേകാണാപി ഭാരതെ, തദുക്തലക്ഷണവ്യതിരേണാപിരാമായണേ, പുരാണാന്തരേ ച ചണ്ഡാലവൎണ്ണനസ്യ കൃതത്വാൽ തത്രവൎണ്ണിതയോരേവ ചണ്ഡാലത്വാഭാവപ്രസംഗഃ. തഥാ ച ഭാരതെ—

തതഃ പ്രഭാതസമയെവികൃതഃ കൃഷ്ണപിംഗലഃ
സ്ഥൂലസ്ഫിക്വികൃതോരുക്ഷഃ ശ്വയൂഥപരിവാരിതഃ.
ലംബകൎണ്ണോ മഹാവക്ത്രോ മലിനോ ഘോരദൎശനഃ
പരിഘോനാമചണ്ഡാല സ്സ്രുവപാണിരദൃശ്യത. ഇതി.

രാമായണേതു പ്രാക്പ്രദൎശിതമേവ. ദ്വിതീയേ മനുസ്മൃത്യാദ്യുക്തദിശാ ബഹിൎഗ്രാമനിവാസാപപാത്രതാദീനി ലക്ഷണാനി ഉപലഭ്യന്ത ഏവേതി നൈതേചണ്ഡാലാ ഇത്യുക്തിരയുക്തൈവ.

അത്രേദം തത്വം—അത്ര ജാതിഗുണക്രിയാദിപ്രവൃത്തിനിമിത്ത

ഭേദേന ശബ്ദാഃ പ്രയുജ്യന്തെ. തത്ര ഗവാദയഃ ബ്രാഹ്മണക്ഷത്രിയ വൈശ്യശൂദ്രചണ്ഡാലാദയശ്ച ശബ്ദാഃ ജാതിപ്രവൃത്തിനിമിത്തികാഃ, ശുക്ലനീലാദയോ ഗുണപ്രവൃത്തിനിമിത്തകാഃ, പാഠകപാചകാദയഃ ക്രിയാപ്രവൃത്തിനിമിത്തകാഃ ഇതി വിവേകഃ. ദേവദത്താദയഃ സംജ്ഞാശബ്ദാഃ ഏവമേവബ്രാഹ്മണാദിശബ്ദാനാം ലോകേ ശാസ്ത്രേ ച തത്തജ്ജാതീയേഷു വ്യവഹാരഃ. സാചജാതിഃ ജന്മസിദ്ധാ, നാന്യഥാസിദ്ധാ, തഥാചോക്തം സൂതസംഹിതായാം ദ്വാദശാദ്ധ്യായെ.

സർവ്വേഷാം ജന്മനാജാതിർന്നാന്യഥാ കർമ്മകോടിഭിഃ

അശ്വാദീനാം യഥാജാതിർജ്ജന്മനൈവ ന ചാന്യഥാ. ഇതി.

കർമ്മണൈവചേൽ ബ്രാഹ്മണത്വാദി ധർമ്മസംഭവഃ, "ഗർഭാഷ്ടമെ ബ്രാഹ്മണമുപനയീത" ഇത്യാദിഷു അഷ്ടമവർഷദേശീയേ ഉപനെതവ്യെ തസ്മിൻ കിംജാതീയകം കർമ്മാപേക്ഷ്യ ബ്രാഹ്മണാദിശബ്ദോവ്യവഹൃതസ്സ്യാൽ, കഥംവാ സൂതസംഹിതാവചനസാമഞ്ജസ്യസമ്പത്തിഃ. അതോജന്മസിദ്ധൈവ ബ്രാഹ്മണത്വാദിരൂപാജാതിഃ താമാദായച ലോകേശാസ്ത്രേച തത്തച്ഛബ്ദപ്രയോഗഃ. തജ്ജാതിവിഹിതം കർമ്മതു ക്രിയമാണം തജ്ജാതീയോല്ക്കൃഷ്ടാധായകം. നഹ്യന്യജാതീയൈരന്യജാതി വിഹിതം കർമ്മകർത്തുമുചിതം, അവിഹിതകരണെ പ്രത്യവായപ്രസംഗാൽ. താരതമ്യേനാവസ്ഥിതാസു തത്തജ്ജാതിഷൂല്പത്തിസ്തു തത്തജ്ജാതീയദേഹാരംഭകകർമ്മായത്തൈവ. തഥാച ശ്രുതിഃ "തദ്യഇഹരമണീയചരണാഃ അഭ്യാശൊഹയത്തെ രമണീയാം യോനിമാപദ്യേരൻ. ബ്രാഹ്മണയോനിംവാ ക്ഷത്രിയയോനിംവാവൈശ്യയോനിം വാ. അഥയഇഹകപൂയചരണാ അഭ്യാശൊഹയത്തെകപൂയാംയോനിമാപദ്യേരൻ ശ്വയോനിം വാ സൂകരയോനിം വാ ചണ്ഡാലയോനിം വാ" ഇതി. രമണീയചരണാഃ പുണ്യകർമ്മാണഃ. കപൂയചരണാഃ പാപകർമ്മാണഃ. സ്മൃതിശ്ച—"വർണ്ണാ ആശ്രമാശ്ച സ്വകർമ്മനിഷ്ഠാഃ പ്രേത്യ കർമ്മഫലമനുഭൂയ തതശ്ശേഷേണ വിശിഷ്ടദേശജാതികുലരൂപായുശ്ശ്രുതവൃത്തവിത്തസുഖമേധസൊജന്മപ്രതിപദ്യന്തെ" ഇതി. ആശ്രമാ ആശ്രമിണഃ. മനുസ്മൃതിഃ—

യാം യാം യോനിം തു ജീവോയം യേനയേനെഹകർമ്മണാ

ക്രമശോയാതിലോകെസ്മിൻ തത്തത്സർവ്വം നിബോധത.

ബഹൂൻവർഷഗണാൻ ഘോരാൻ നരകാൻ പ്രാപ്യതൽക്ഷയാൽ

സംസാരാൻ പ്രതിപദ്യന്തെ മഹാപാതകിനസ്ത്വിമാൻ.

കേരള സാഹിത്യ അക്കാദമി

ശപസൂകരഖരോഷ്ട്രാണാം ഗോജാവിമൃഗപക്ഷിണാം
ചണ്ഡാലപുല്ക്കസാനാഞ്ച ബ്രഹ്മഹായോനിമൃച്ഛതി.

സൂതസംഹിതായാം—അഥാതസ്സംപ്രവക്ഷ്യാമി പാപകർമ്മഫലംമുനേ!.

ഖരോഷ്ട്രസൂകരത്വഞ്ചഗജാശ്വ മൃഗപക്ഷിതാം
ചണ്ഡാലപുല്ക്കസത്വഞ്ച പ്രാപ്നോതി ബ്രഹ്മഹാക്രമാൽ.

ഏവംക്ഷോദക്ഷമം. ശ്രുതിസ്മൃത്യാചാരൈരനാദിസിദ്ധം അമുമസ്പൃശ്യതാഖ്യം സനാതനധർമ്മമൈഹികാമുഷ്മികശ്രേയസ്സാധനമപാസ്യ ഗവ്യം ദുഗ്ദ്ധമപാസ്യ പാസ്യതിനരഃ കൊപായവാഗ്ഗുരസം" ഇതിന്യായേന പരമാത്ഥദ്രൂഹൈഃ പരികല്പിതം വിമർശനമാത്രേണ ശിഥിലബന്ധമധാർമ്മികമസ്പൃശ്യതാനിരാകരണോദ്യമം കൊവാവിവെകീ ഉപാദദീത?

അതോവയം ധർമ്മാവലംബനഭൃതം ഭഗവന്തം സനാതന പ്രതിഷ്ഠാപനായാഭ്യത്ഥയാമഹൈ. ഇതിശം.

ഇതി സനാതനസഭാദ്ധ്യക്ഷഃ
വാരാണസീ സുബ്രഹ്മണ്യശാസ്ത്രീ
പീഠാപുരം
ശ്രീമുഖ—ശ്രാ—ശു—പ്രതിവൽ.

റുസോ, സനാതനധർമ്മസഭയുടെ 1932 ഡിസംബർ 18-ാംനു-കൂടിയ പ്രത്യേകയോഗത്തിന്റെ പ്രൊസീഡിംഗ്സിന്റെ ഒരുഭാഗം താഴെ ചേർക്കുന്നു. യോഗത്തിൽ അസംഖ്യം സവർണ്ണഹിന്ദുക്കളും അസ്പൃശ്യരും ഹാജരുണ്ടായിരുന്നു.

പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ:—

---

1. മഹാത്മാഗാന്ധിയാൽ ആരംഭിക്കപ്പെട്ട 'അയിത്തോച്ചാടനം' അഥവാ 'അസ്പൃശ്യതാ നിവാരണചലനം' സനാതനധർമ്മത്തിന്നു് വിരോധമായിട്ടുള്ളതാണെന്നും, ഒരു സനാതനിയും മഹാത്മാഗാന്ധിയുടെ ആജ്ഞ സ്വീകരിക്കുവാൻ ഒരുക്കമില്ലെന്നും, ഈ സഭ തീരുമാനിച്ചിരിക്കുന്നു.

2. ഈ ഉദ്യമത്തെ നിന്ദിച്ചുകൊണ്ടു എല്ലാ സനാതനധർമ്മസ്ഥാപനങ്ങളും മതനേതാക്കന്മാരും, വിധി പ്രസ്താപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സഭ അവരോടെല്ലാമുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കേരള സാഹിത്യ അക്കാദമി

3. ഗുരുവായൂർ ക്ഷേത്രവിശുദ്ധിയെ സംരക്ഷിക്കുവാൻ, സാമൂതിരിപ്പാടുചെയ്ത ഘോരസമരത്തിൽ, അദ്ദേഹത്തെ ഈ സഭ അഭിനന്ദിക്കുന്നു. ആ ക്ഷേത്രവിശുദ്ധിയെ നശിപ്പിക്കുന്ന യാതൊരു പ്രവൃത്തിയും, അദ്ദേഹം മരണപൎയ്യന്തം സ്വീകരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

4. ഈ സഭ വീണ്ടും അദ്ദേഹത്തിൻെറ വിചാരവീഥിയിലിരിക്കുന്ന നിരാഹാരവ്രതംകൊണ്ടു് സനാതനികളെ ഭയപ്പെടുത്തരുതെന്നും, അവരുടെമതവിഷയങ്ങളിൽ പ്രവേശിക്കരുതെന്നും, മഹാത്മാഗാന്ധിയോടു് അപേക്ഷിക്കുന്നു.

5. ഈ സഭ പൂൎണ്ണമായ മതസമഭാവം കാണിക്കുവാൻ ഗവൎമ്മേൻറിനോടപേക്ഷിക്കുന്നു. ചക്രവൎത്തിനിയുടെ വിളംബരം അനുസരിച്ചു് അതിനു് ഞങ്ങൾക്കവകാശമുണ്ടു്.

സിക്രട്ടറി,
സനാതനധൎമ്മസഭ,
റുസേറ, ധൎഭംഗ ഡിസ്ട്രിക്ട്.

കേരള സാഹിത്യ അക്കാദമി

കാഞ്ചിയിലെ പ്രതിവാദിഭയാനകമഠം,
ക്യാമ്പ്, കാശി.
1932 ഡിസംബർ 16-ാംനു-.

ചക്രവൎത്തി എം. എ. (ഓണേഴ്സ്)
സ്വാമിയാരുടെ സിക്രട്ടറി.

പൂജ്യരെ,

ജഗദ്ഗുരു മഹാരാജാവിൻെറ ആജ്ഞാനുസരണം ഞാൻ താഴെ പറയുന്നതിനെ നിങ്ങളെ അറിയിക്കുകയും, അധഃസ്ഥിതന്മാരുടെ ക്ഷേത്രപ്രവേശനവിഷയത്തിൻെറ പുറകിലുള്ള പ്രധാനകുടുക്കുകളെപ്പററി നല്ലവണ്ണം ആലോചിക്കുന്നതിന്നാവശ്യപ്പെടുകയും ചെയ്യുന്നു. ആദ്യമായി "അസ്പൃശ്യർ" എന്ന പദത്തെപ്പററിത്തന്നെ ആലോചിക്കാം. നമ്മുടെ സ്വന്തം മാതാവും, സഹോദരിയും, പുത്രിയും, പുത്രഭാൎയ്യയും എല്ലാം ഓരോ സമയത്തു് അടുക്കാൻപോലും വയ്യാത്തവരാണു്. അപ്പോൾ അസ്പൃശ്യതയുടെ കാൎയ്യം പറയണമെന്നില്ലല്ലൊ. ജനനംകൊണ്ടും മരണംകൊണ്ടും അശുദ്ധക്കാരായവർ അസ്പൃശ്യരാണു്.

പുരാതനാൎയ്യന്മാരുടെ കൎമ്മതത്വം മരണപൎയ്യന്തം അശുദ്ധിയെ വിഭജിച്ചിരിക്കുന്നു. നമ്മുടെ സ്മൃതികളിൽ പറയപ്പെടുന്ന ചണ്ഡാലന്മാർ, പ്രതിലോമസംസൎഗ്ഗത്തിൽനിന്നുണ്ടായിട്ടുള്ളവരും, ഹീനഹിന്ദുക്കളുടെ സന്താനങ്ങളുമത്രേ. ശാസ്ത്രങ്ങളുടെ മുഖ്യോദ്ദേശം നമ്മുടെ വംശശുദ്ധിയെ സംരക്ഷിപ്പാനും ഏററവും ശുദ്ധന്മാരായ കൂട്ടരാൽ ഏററവും ശുദ്ധമായവിധം വൈദികാവകാശങ്ങളേയും ശ്രുതികളേയും സംരക്ഷിക്കപ്പെടുവാനുമാണ്. നമ്മുടെ സനാതനധൎമ്മം, ഒരേ സമയംതന്നെ വൈദികാവകാശങ്ങളേയും, ശ്രുതികളേയും, വംശശുദ്ധിയേയും, പരിശുദ്ധമായി സൂക്ഷിക്കുകയും, ആത്മാവിനേയും ദൈവത്തേയും അറിവാൻ ഋഷികളും, ജ്ഞാനികളും നല്കിയിരിക്കുന്ന ഏകമാൎഗ്ഗത്തിൽകൂടെ, ചരിക്കുകയും ചെയ്യുന്നു. നമ്മുടെ ക്ഷേത്രങ്ങൾ നാം ബലി നല്കുന്ന സ്ഥലങ്ങളും, നമ്മുടെ ആഗമാനുസരണം ഏററവും വലിയ ബലിയായി കരുതപ്പെടുന്ന സ്വയസമൎപ്പണം ചെയ്യുന്ന സ്ഥലവുമാണ്. ഇന്നത്തെ പരിഷ്കാരികൾ, അറിയാതെതന്നെ നമ്മുടെ വംശശുദ്ധിയെ നശിപ്പിക്കുവാൻ ഒരുങ്ങുന്നു. സാമീപ്യത്തിൽനിന്നത്രേ സ്പൃശ്യത ഉത്ഭവിക്കുന്നത്; സ്പൃശ്യതയിൽനിന്നു മിശ്രഭോജനവും, മിശ്രഭോജനത്തിൽനിന്നു മിശ്രവിവാഹവും ഉണ്ടാകുന്നു. ചുരുക്കി പറയുന്നതായാൽ ജാതിവ്യത്യാസം അനുസരിച്ചു വളരെ ശ്രേഷ്ഠമായിത്തീൎന്നിട്ടുള്ള നമ്മുടെ വംശശുദ്ധി, നാമാവശേഷമായിത്തീരുന്നു. ഹേ! തിരുമേനി, പരിഷ്കാരികൾ എന്നറിയപ്പെടുന്നവർ ഏകഭാഗത്തേക്കു മാത്രമുള്ള അത്യാഗ്രഹംകൊണ്ട്, വിശുദ്ധമായതിനെ എല്ലാം ഹിംസിക്കുകയും, പരിശുദ്ധിയും ഉറപ്പുംകൊണ്ട് ഭാരതീയമായ സൎവ്വത്തേയും 'തവിടുപൊടി'യാക്കുകയും ചെയ്യുന്നു. എന്നും മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാരുടെ എന്നും മാറിക്കൊണ്ടിരിക്കുന്ന നയത്തെ അനുകൂലിക്കരുതേ! നമ്മുടെ പുരാതനാങ്കുരത്തിന്മേൽ സ്ഥൈൎയ്യത്തോടെ ഇരിക്കുകയും, സനാതനധൎമ്മത്തെ സംരക്ഷിപ്പാൻ നേതൃസ്ഥാനം സ്വീകരിക്കയും ചെയ്യുക. നിങ്ങൾ കോപിച്ചിരിക്കുന്ന കല്ലോലമാലകളിൽനിന്ന്, പുരാതനകാലംമുതൽ ലഭിച്ചിരിക്കുന്ന ഗുരുവായൂർ ക്ഷേത്രവിശുദ്ധിയേയും, തന്മൂലം ഭാരതത്തിലെ സമസ്തക്ഷേത്രപരിശുദ്ധിയേയും സംരക്ഷിക്കുക. രാജ്യവും, ജ്ഞാനികളും, ദീൎഘദൎശികളും, പരലോകത്തിലിരിക്കുന്ന നിങ്ങളുടെ വന്ദ്യവൃദ്ധികന്മാരും, ഭാരതീയരുടെ ധൎമ്മദേവതയും, ഈശ്വരാവതാരങ്ങളും, എല്ലാം നിങ്ങളുടെ ഹൃദയത്തെ നോക്കുകയും, നിങ്ങളുടെ തീൎപ്പറിയുവാൻ അത്യാസക്തിയോടെ

വീക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ വൈദികസംസ്കാരത്തേയും വേദവിധികളേയും അറിയാത്ത ഈ ആവിയായിത്തീരുന്ന പരിഷ്കാരികളുടെ അഭിലാഷത്തിന്നു കീഴടങ്ങരുതേ! ഇന്നത്തെ രാജനീതിശാസ്ത്രജ്ഞന്മാരെല്ലാം കൈകൂടയുകയും നമ്മുടെ പൂർവ്വികന്മാരുടെ ദീർഘദർശനത്തെ അഭിനന്ദിക്കുകയും ചെയ്യുന്ന ഒരു കാലം, അതും വേഗത്തിൽത്തന്നെ, വരാതിരിക്കുന്നതല്ല. നിങ്ങൾ ഇപ്പോൾ ദൈവത്തിന്റെ അടകല്ലിൽ വക്കപ്പെട്ടിരിക്കുന്നു. ഓരോ അടിക്കും നിങ്ങളുടെ തേജസ്സ് ഉത്തരോത്തരം വർദ്ധിച്ചുതന്നെ വരുന്നു എന്നു് ത്രിലോകങ്ങളിലുള്ളവരേയും ബോദ്ധ്യപ്പെടുത്തേണ്ടതാണു് നിങ്ങളുടെ കർത്തവ്യം. നിങ്ങളുടെ ഇഷ്ടദേവത നിങ്ങളെ ശരിയായ മാർഗ്ഗത്തിൽക്കൂടെ കൊണ്ടുപോകട്ടെ.

ഇനിയും, തിരുമേനി, ഇതുകൂടി പറയുവാൻ സ്വാമിയാർ എന്നോടു കല്പിച്ചിരിക്കുന്നു. അധഃസ്ഥിതന്മാരെ സ്വതന്ത്രന്മാരാക്കുകയും, അവരുടെ സുഖത്തെ വർദ്ധിപ്പിക്കുകയും, അവരുടെ സമുദായികോന്നതിക്കായി ശ്രമിക്കുകയും, നമ്മുടെ കർത്തവ്യം ആകുന്നു. എന്നാൽ അതുമൂലം നമ്മുടെ വംശശുദ്ധിയും, വേദാവകാശങ്ങളും, ആചാരവ്യവസ്ഥയും എല്ലാം തവിടാക്കുവാൻ പാടുള്ളതല്ല. ജഗൽഗുരു മഹാരാജാവു് തിരുമേനിയും അദ്ദേഹത്തിന്റെ അനേകലക്ഷം ശിഷ്യന്മാരും നിങ്ങളുടെ സനാതനധർമ്മം രക്ഷിക്കുവാനുള്ള സർവ്വശ്രമത്തേയും, സന്തോഷത്തോടെ സഹായിക്കുന്നതാണു്.

എന്നു്, വിധേയൻ

എം. ചക്രവർത്തി (ഒപ്പ്)

ബഞ്ചിയബ്രാഹ്മണസഭ,

1932 നവംബർ 14-ാംനു-.

ബംഗാളിലെ ബഞ്ചിയബ്രാഹ്മണസഭയുടെ പ്രതിനിധിയെന്നവണ്ണം, ഋഷികളാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന വേദങ്ങൾക്കും ശാസ്ത്രങ്ങൾക്കും വിരോധമായി, നിങ്ങൾ ഗുരുവായൂർ ക്ഷേത്രവാതിലുകൾ അധഃസ്ഥിതർക്കു തുറന്നുകൊടുക്കരുതെന്നു്, ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ശാസ്ത്രനിയമങ്ങളനുസരിച്ചു് അപ്രകാരം ഒരു പുണ്യകാർയ്യദൂഷണത്തി

ന്നത്തരവാദികളായവർ പാപം സമ്പാദിക്കുന്നു. ശാസ്ത്രത്തിൽ വിശ്വാസമുള്ള സമസ്തഭാരതീയരും നിങ്ങളെത്തന്നെ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അനേകകോടി ജനങ്ങളുടെ മതവിശ്വാസത്തെ വേദനിപ്പിക്കുകയില്ലെന്നും, അവസരത്തിനൊത്ത മനോബലം പ്രദശിപ്പിക്കുമെന്നും, ഞാൻ വിചാരിക്കുന്നു. ഒടുവിൽ മറെറാരു മാർഗ്ഗവും കാണാതെ വരുന്നപക്ഷം അവണ്ണക്ക് പ്രവേശനാനുവാദം നല്കിയ ഇടത്തിൽ സവണ്ണരുടെ പ്രവേശനം നിരോധിക്കാം.

എന്ന് വിധേയൻ.

(ഒപ്പ്)

സിക്രട്ടറി.

നമ്മദാ തീരത്തിൽ ബറോഡാ ഡിസ്ട്രിക്കിൽ പെട്ട ബാറക്കൽ എന്ന ദേശത്തിലെ ബ്രാഹ്മണരുടേയും സനാതനികളുടേയും പ്രതിനിധിയെന്നവണ്ണം വേദമൂത്തി നർബ്ദഷാങ്കർ ഭവാനിഷാങ്കർ ത്രിവേഡി എഴുതുന്നത്:—

ഈ ദേശത്തിലെ സനാതനികളുടേയും ബ്രാഹ്മണന്മാരുടേയും പേക്ക് ഞാൻ താഴെ പറയുന്നതിനെ നിങ്ങളെ തെയ്യപ്പെടുത്തികൊള്ളട്ടെ. ഞങ്ങൾ സനാതനധമ്മത്തിൽ, ഞങ്ങളുടെ പൂവ്വികന്മാർ ആചരിച്ചും വിശ്വസിച്ചും വന്ന മതത്തിൽ, ഉത്തമവിശ്വാസമുള്ളവരാണ്. ആ മതം ഞങ്ങളുടെ ഏററവും വില പിടിച്ച പാരമ്പയ്യവഴിക്കു ലഭിച്ച സ്വത്തുതന്നെയാണ്. ഞങ്ങളുടെ യുവാക്കന്മാർ, പാശ്ചാത്യസാഹിത്യങ്ങളിലും ശാസ്ത്രങ്ങളിലും നിപുണതയുള്ളവരാണെങ്കിലും, അവക്ക് സനാതനധമ്മത്തിൽ നല്ല വിശ്വാസമുണ്ട്. പ്രസംഗത്തിലും പ്രവൃത്തിയിലും അവർ സനാതനികൾതന്നെ. ഞങ്ങൾ സ്വഭാവപരിഷ്കരണത്തിലും ജീവിതരീതിയിലും പരിശുദ്ധമായ ശാസ്ത്രനിയമങ്ങളനുസരിച്ചുതന്നെ വത്തിക്കുന്നു. എല്ലാ സനാതനികളും അവയെ അനുഷ്ഠിക്കേണ്ടതാണെന്നു ഞങ്ങൾക്കു നിബ്ബന്ധവുമുണ്ട്. ഒരു രാജ്യത്തിലെ ജനങ്ങൾ ചില ഘട്ടങ്ങളിൽ രാജ്യനിയമങ്ങളെ അവഗണിച്ചു പ്രവൃത്തിച്ചു എന്നു വരാം. എന്നാൽ ദൈവദത്തമായ സനാതനധമ്മത്തെ ആരുംതന്നെ വിരോധിക്കാവുന്നതല്ല.

അധഃകൃതരെ ഉയത്തിക്കൊണ്ടു വരുവാനെന്ന നാമത്തിൽ

ഇപ്പോൾ മി: ഗാന്ധി സ്വീകരിച്ചിരിക്കുന്ന നയത്തിൽ ഞങ്ങൾക്കു വളരെ ആശ്ചര്യവും കുണ്ഠിതവും തോന്നുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രവാതിലുകൾ അധഃകൃതക്കായി തുറന്നുകൊടുക്കുവാൻ സാധിക്കുന്നതല്ലെന്ന് അവിടുന്നു സ്വീകരിച്ചിരിക്കുന്ന നിശ്ചയത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഗുരുവായൂർ ക്ഷേത്രമാഹാത്മ്യത്തേയും, തന്മൂലം, സനാതനധർമ്മത്തേയും അവിടുന്നു സംരക്ഷിക്കുമെന്നു ഞങ്ങൾ വിശ്വസിക്കയും, അപ്രകാരം ചെയ്യാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഗാന്ധിപക്ഷക്കാരുടെ മർദ്ദനത്തിൽനിന്നു സനാതനധർമ്മം രക്ഷ പ്രാപിക്കട്ടെ!

നിങ്ങൾ നിങ്ങളുടെ ഇപ്പോഴത്തെ നിശ്ചയത്തെത്തന്നെ മുറുക്കിപ്പിടിക്കുമെന്നും, അപ്രകാരം മതവിശ്വാസികളല്ലാത്ത ഗാന്ധിപക്ഷക്കാരുടെ അന്യായസരംഭത്തെ പരാജയപ്പെടുത്തി അവരർഹിക്കുന്ന മാതിരിയുള്ള നിരാശക്കിടകൊടുക്കുമെന്നും, ഞങ്ങൾ വിശ്വസിക്കുന്നു. അവർ സനാതനധർമ്മം നശിപ്പിക്കുവാൻ "അരയും തലയും" മുറുക്കിയിറങ്ങിയിരിക്കുന്നവരത്രേ.

എന്ന് വിധേയൻ

(ഒപ്പ്)

കേരള സാഹിത്യ അക്കാദമി

മദിരാശി സംസ്കൃതകലാശാല

മൈലാപ്പൂർ,

1932 ഡിസമ്പർ 26-ാംനു.

ഞങ്ങൾ, മദിരാശി സംസ്കൃതകലാശാലയിലെ അദ്ധ്യേതാക്കൾ, ക്ഷേത്രപ്രവേശനവിഷയസംബന്ധമായ ഞങ്ങളുടെ അഭിപ്രായം നിങ്ങളെ അറിയിച്ചുകൊള്ളട്ടെ.

ഹിന്ദുവർഗ്ഗത്തിൻെറ ഒരു വിഭാഗം, ആഗമശാസ്ത്രങ്ങളെപ്പററിയ ജ്ഞാനമോ, അവയിൽ വിശ്വാസമോ ഇല്ലാത്ത ഒരു കൂട്ടം ആളുകൾ, ഗുരുവായൂർ ദേവസദനത്തിൻെറ വാതിലുകൾ അധഃസ്ഥിതക്കു തുറന്നുകൊടുക്കുവാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നു. ആഗമങ്ങളിൽ വിധിച്ചിട്ടുള്ളവണ്ണം ചില മന്ത്രങ്ങൾ ജപിക്കുകയും, കർമ്മങ്ങൾ ചെയ്യുകയും ചെയ്താൽ മാത്രമേ വിഗ്രഹത്തിന്നു വേണ്ട ശുദ്ധിയുണ്ടാകുകയുള്ളു എന്നും, ആഗമനിർബ്ബന്ധങ്ങളിൽ ഒന്നിനെയെങ്കിലും അതിലംഘിക്കുന്നപക്ഷം അപ്രകാരമുള്ള മാഹാത്മ്യം നശിക്കുന്നു എന്നും, ശാസ്ത്രങ്ങൾ വ്യക്തമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

മി: ഗാന്ധിക്കു ശ്രുതികളിലും, സ്മൃതികളിലും, പുരാണങ്ങളിലും, ആഗമങ്ങളിലും, ഇതരമതഗ്രന്ഥങ്ങളിലും തീരെ ജ്ഞാനമോ അവയിൽ വിശ്വാസമോ ഇല്ലെങ്കിലും, അദ്ദേഹം ശാസ്ത്രനിയമങ്ങളെ നല്ല വണ്ണം ആചരിച്ചു വന്നവരോട് മതവിഷയത്തെപ്പററി കല്പിക്കുകയത്രേ ചെയ്യുന്നതു്. അദ്ദേഹം മതവിഷയത്തെപ്പററി ആലോചിക്കുന്നതിനു തീരെ അശക്തനാണു്. വിശേഷിച്ചു ക്ഷേത്രങ്ങളേയും അവയിൽ നടത്തപ്പെടുന്ന പരിശുദ്ധകർമ്മങ്ങളേയും അവയുടെ മാഹാത്മ്യത്തേയും പററി അദ്ദേഹത്തിന്നു യാതൊരു 'ഗന്ധ'വുമില്ലതന്നെ.

മി: ഗാന്ധിയുടെ അനുചരന്മാർ, രാഷ്ട്രീയപരിധിക്കുള്ളിലുള്ള അദ്ദേഹത്തിൻെറ വീഴ്ചപ്രവൃത്തി കണ്ടു് അന്ധന്മാരായി, എവിടേയും, എന്തിലും, അദ്ദേഹത്തെ അനുഗമിക്കുവാൻ തയ്യാറായിരിക്കുന്നു. അവർ ശാസ്ത്രങ്ങളെ അദ്ദേഹത്തിൻെറ ആദർശങ്ങൾക്കും നിരാഹാരവ്രതത്തിന്നുമെല്ലാം യോജിക്കുന്നവിധത്തിൽ "വളച്ചുപുളച്ചു"കൊണ്ടു വരുവാനും അല്ല, വ്യാഖ്യാനിക്കുന്നതിന്നുതന്നെയും സന്നദ്ധരാണു്. ഇങ്ങിനെ അവർ അറിയാതെതന്നെ സത്യത്തെ അവഗണിക്കുന്നു. ഇപ്രകാരം യാതൊരു ചോദ്യവും കൂടാതെ, സംശയംവിനാ, തങ്ങളുടെ തിരിഞ്ഞെടുക്കപ്പെട്ട നേതാവിനെ അനുസരിക്കുന്നതിനാൽ, അവൎക്കു തന്നെത്താൻ ആലോചിച്ചു പ്രവൃത്തിക്കുവാനുള്ള ശക്തിയില്ലാതായിരിക്കുന്നു. തന്മൂലം നേതാവു് ഒരു പിഴച്ച മാൎഗ്ഗത്തിൽക്കൂടെ പോകുന്നതായാൽ, അവൎക്കു് അതറിയുവാൻ ത്രാണിയില്ല. നമ്മുടെ വൎണ്ണത്തിൻെറ പ്രത്യേകലക്ഷണമായ സനാതനസ്ഥാപനങ്ങളെ തീരെ നശിപ്പിക്കുവാൻ ഇറങ്ങിയിരിക്കുന്ന ഒരു കൂട്ടരാണു് ഇവർ, എന്നു് ഇവരറിയാത്തതു കഷ്ടാൽകഷ്ടതരമത്രേ. ഈ കൂട്ടർതന്നെ മി: ഗാന്ധിയുടെ രാജ്യഭരണസംബന്ധമായ വശീകരണത്തിൽ പെടാതിരിക്കുന്നപക്ഷം, ധൎമ്മസംരക്ഷണത്തിന്നായി ഇറങ്ങിപ്പുറപ്പെടുമായിരുന്നു എന്നുള്ളതു് നിൎവ്വിവാദമാണു്. ഒരു പണ്ഡിതമദനമോഹനമാളവ്യയോടു നാം എന്താണു പറയേണ്ടതു്?

വഴിപിഴച്ച ഈ മഹാന്മാർ വളരെ ശക്തിയോടെ നിങ്ങളെ വന്നെതിൎത്തു് അസാമാന്യമായി ബുദ്ധിമുട്ടിച്ചിട്ടും, നിങ്ങൾ ആ ആക്രമണത്തെ ശക്തിപൂൎവ്വം ഇതുവരെ എതിൎത്തുകൊണ്ടിരിക്കുന്നു എന്നുള്ളതു് നിശ്ചയമായും നിങ്ങൾക്കു് അഭിമാനിക്കുവാൻ വകയുള്ളതുതന്നെ ആണു്. കലാശാലയിൽ വായിക്കുന്ന ഞങ്ങളുടെ സ്നേഹിതന്മാർ,

നമ്മുടെ ശാസ്ത്രങ്ങൾ അഭ്യസിക്കുവാൻ തീരെ അവസരം ലഭിച്ചിട്ടില്ലാത്ത അവർ, മി. ഗാന്ധിയുടെ അപേക്ഷയനുസരിച്ച്, ഗുരുവായൂർ ക്ഷേത്ര വാതിലുകൾ അവൎണ്ണൎക്കായി തുറന്നു കൊടുക്കുവാൻ നിങ്ങൾക്കു വീണ്ടും വീണ്ടും അപേക്ഷ തന്നുകൊണ്ടിരിക്കുന്നു എന്നുള്ളതു്, ഞങ്ങളെ ഏററവും വ്യസനിപ്പിക്കുന്നു. ഞങ്ങൾ, സംസ്കൃതകലാശാലയിലെ വിദ്യാൎത്ഥികൾ, ക്ഷമയോടെ ഇതിനെ സംബന്ധിച്ചുള്ള സകല അധികാരി ഗ്രന്ഥങ്ങളും നോക്കി; നിങ്ങൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന രീതി ഏററവും ശരിയായിട്ടുള്ളതാണെന്നു് ഞങ്ങൾക്കു പരിപൂൎണ്ണബോദ്ധ്യം വന്നിരിക്കുന്നു. ഞങ്ങളുടെ ഈ വിനീതമായ ബോദ്ധ്യത്തെ നിങ്ങൾ അഭിനന്ദിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു.

മി. ഗാന്ധി "ഗീത"യിൽ മാത്രം വിശ്വസിക്കുന്നു. അദ്ദേഹം ഒരു ശ്രുതിയിലും വിശ്വസിക്കുന്നില്ല. "ഗീത"യിൽ ക്ഷേത്രങ്ങളെ സംബന്ധിച്ചു് ഒന്നും തന്നെ പറയുന്നില്ല. മുൻപിൽ പറഞ്ഞിരിക്കുന്നവിധം ആഗമശാസ്ത്രങ്ങളാണു് ക്ഷേത്രങ്ങളേയും അവയുടെ വിശുദ്ധിയേയും പററി പ്രതിവാദിക്കുന്നതു്. മി. ഗാന്ധിക്കു് ആഗമശാസ്ത്രങ്ങളിൽ വിശ്വാസമുള്ളതായി അദ്ദേഹം സമ്മതിച്ചിട്ടില്ല. ആ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ വിശ്വാസമില്ലാത്ത അദ്ദേഹത്തിന്നു ക്ഷേത്രങ്ങളിൽ ആദിദ്രാവിഡൎക്കു പ്രവേശനം അനുവദിക്കേണ്ടതാണെന്നു്, പൂൎവ്വാപരവിരുദ്ധമായിട്ടല്ലാതെ, എങ്ങിനെ വാദിക്കുവാൻ സാധിക്കും എന്നാണു ഞങ്ങളുടെ സംശയം. ആ വാദം തന്നെ മോശം; സ്വീകരിച്ചിരിക്കുന്ന വഴി അതിലും മോശം. നിരാഹാരവ്രതം എടുത്തു മരിക്കുക എന്ന അദ്ദേഹത്തിന്റെ നിശ്ചയം അഥവാ ഭീഷണി, ഒരു പൂൎണ്ണ അ-ഹിന്ദുവിന്നു മാത്രം യോഗ്യമാണു്. "മദ്രാസ് മെയിൽ" എന്ന പത്രത്തിൽ ഒരു വിദ്വാൻ മി. ഗാന്ധിയുടെ വംശപാരമ്പൎയ്യം ജൈനമതത്തിൽ നിന്നു തുടങ്ങിയിരിക്കുന്നു എന്നു കാണിക്കുവാൻ ശ്രമിച്ചു് ഒരു ലേഖനം എഴുതിയിരിക്കുന്നതായി കണ്ടു.

അതു് എങ്ങിനേയും ഇരിക്കട്ടെ. നിങ്ങൾ വന്ദ്യനായ ഭാരവാഹിയായിരിക്കുന്ന ക്ഷേത്രം, ദക്ഷിണ ഇൻഡ്യയിൽ ഏററവും പ്രധാനപ്പെട്ട ഒരു പുണ്യാലയമത്രേ. നിങ്ങളുടെ പൂൎവ്വികന്മാർ അവരിൽ സമൎപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തെ സമസ്ത ശാസ്ത്രനിയമങ്ങളും അനുസരിച്ചു് സംരക്ഷിച്ചു തന്നെ വന്നു. അതിനാൽ നിങ്ങളുടെ കുടുംബം അസംഖ്യം ഹിന്ദുകുടുംബത്തിന്റെ നന്ദി സമ്പാദിച്ചു. സനാതന ഭാരതം ആബാലവൃദ്ധം നിങ്ങളുടെ പുറകിലുണ്ടായിരിക്കുമെന്നു്, നിങ്ങൾ

പൂണ്ണമായി വിശ്വസിച്ചുകൊള്ളു. നമ്മുടെ പുരാതനസംസ്കാരത്തിന്റെയും, മതത്തിന്റെയും, ദൈവത്തിന്റെയും കായ്യം എന്നും ഉയത്തിപിടിക്കുക.

നവീകരണക്കാരെന്നു വിളിക്കപ്പെടുന്നവരുടെ ഈ അന്യായമായ ആക്രമണത്തെത്തടയുവാൻ വേണ്ട ശക്തി, നിങ്ങൾക്കു ജഗന്നിയന്താവു പ്രദാനം ചെയ്യട്ടെ എന്നാണു ലക്ഷോപലക്ഷം ഭാരതീയരുടെ പ്രാത്ഥന.

എന്ന് വിധേയർ,

കെ. ആർ. നാരായണൻ (ഒപ്പ്)

....

മുതലായവർ.

തഞ്ചാവൂരിലെ സനാതനികളുടെ യോഗം.

26—12—1932.

സനാതന ധമ്മത്തിൽ വിശ്വസിക്കുന്നവരുടെ ഒരു മഹായോഗത്തിൽവെച്ചു താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടിരിക്കുന്നു. യോഗത്തിൽ പല കാൺഗ്രസ്സുകാരും സന്നിഹിതരായിരുന്നു എന്നതു പ്രത്യേകം സ്മരണീയമാണ്.

മാരിയമ്മക്കോവിലിലെ മി. ആർ. സി. സേതു മുതലിയാർ ക്ഷേത്ര്രാരാധനയിൽ വിശ്വസിക്കുന്നതായും, പഞ്ചമരുടെ സാമ്പത്തികോന്നതിക്കായി ശ്രമിക്കുന്നതിനെ അഭിനന്ദിക്കുന്നതായും, എന്നാൽ അവരുടെ സവണ്ണഹിന്ദുക്ഷേത്രപ്രവേശനത്തെ ബലമായി എതിക്കുന്നതായും പ്രസ്താവിക്കയുണ്ടായി. എന്തെന്നാൽ അതു ശാസ്ത്രത്തിന്നും, മാമൂലിന്നും വിരോധമാണ്. തന്മൂലം അതിന്നുവേണ്ടി അവർ ഇപ്പോൾ നടത്തുന്ന ക്ഷോഭത്തെ അദ്ദേഹം തീരെ അനുകൂലിക്കുന്നില്ല.

1. ഈ യോഗം ബഹു. മദിരാശി ഗവണ്ണരോടും, വൈസ്രായിയോടും, ക്ഷേത്രപ്രവേശനത്തെ നീതീകരിപ്പാനായി ഡാക്ടർ പി. സുബ്ബരായൻ, മി. സി. എസ്സ്. രംഗയ്യർ, മി. എം. സി. രാജ മുതലായവർ, നിയമനിമ്മാണസഭയിൽ അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന ബില്ലുകൾക്ക് അനുവാദം കൊടുക്കരുതെന്നു വിനീതമായി അപേക്ഷിക്കുന്നു.

2. ഗുരുവായൂരിൽവച്ചു സമസ്തഭാരതവണ്ണാശ്രമസ്വരാജ്യസംഘ

കേരള സാഹിത്യ അക്കാദമി

ത്തിന്റെ നേതൃത്വത്തിൽ കൂടുവാനുദ്ദേശിക്കുന്ന പ്രത്യേകയോഗവുമായി സഹകരിക്കുന്നതിന് ഈ യോഗം വിചാരിക്കുന്നു. ക്ഷേത്രങ്ങളെ 'ഹരിജനങ്ങളുടെ' പ്രവേശനത്തിൽനിന്നു സംരക്ഷിക്കുന്നതിനും, അവരുടെ പ്രവേശനത്തെ നീതീകരിപ്പാനുള്ള ശ്രമത്തെ എതിൎക്കുന്നതിനും, ക്ഷേത്രമാഹാത്മ്യസംരക്ഷണശ്രമത്തിൽ വിജയിയാകുവാൻ പ്രാൎത്ഥിക്കുന്നതിനും, മററുമുള്ള കാൎയ്യങ്ങൾ നിൎവ്വഹിക്കാൻ അവരെ സഹായിപ്പാൻ ഈ യോഗം നിശ്ചയിച്ചിരിക്കുന്നു.

3. ഗുരുവായൂർ ക്ഷേത്രത്തെ മതത്തിനും, ആചാരത്തിനും, നിയമത്തിനും വിരോധമായി അവൎണ്ണൎക്കു തുറന്നു കൊടുക്കുവാൻ പല മഹാന്മാരും ആവശ്യപ്പെട്ടിട്ടും, അപ്രകാരം ചെയ്യാതെ അവരുടെ അന്യായമായ ഉദ്യമത്തെ ശക്തിപൂൎവ്വം എതിൎത്തു്, മതനിയമങ്ങളേയും, ആചാരത്തേയും, ക്ഷേത്രവിശുദ്ധിയേയും സംരക്ഷിപ്പാനുറച്ച സാമൂതിരി മഹാരാജാവിനോടു് ഈ യോഗം എന്നും നന്ദിയുള്ളവരായിരിക്കും. അദ്ദേഹത്തിന് ഈ അന്യായമായ നിൎബ്ബന്ധത്തെ എതിൎക്കുവാനുള്ള ശക്തിയുണ്ടാക്കിക്കൊടുപ്പാൻ, ഞങ്ങൾ കരുണാസ്വരൂപനായ ശ്രീകൃഷ്ണഭഗവാനോടു പ്രാൎത്ഥിക്കുന്നു.

4. ക്ഷേത്രപ്രവേശനം സംബന്ധിച്ചുള്ള മി. ഗാന്ധിയുടേയും അദ്ദേഹത്തിന്റെ അനുചരന്മാരുടേയും നയത്തെ ഈ യോഗം നിന്ദ്യമായി ഗണിക്കുന്നു. താൻ ഹിന്ദുമതത്തിന്റെ ഒരധികാരിയാണെന്ന ഭാവത്തിൽ, മി. ഗാന്ധി ഹിന്ദുമതത്തിന്റെ മൂലതത്വങ്ങളെ, വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും മററുമുള്ള ശരിയായി സ്ഥാപിതമായ വ്യാഖ്യാനത്തിൽനിന്നു് വ്യത്യസ്ഥ രീതിയിൽ കാണിക്കുന്നതിനെ ഈ യോഗം അപഹസിക്കുന്നു.

5. കൂടാതെ മതകാൎയ്യങ്ങളിലും, പ്രത്യേക കാൎയ്യങ്ങളിലും മി. ഗാന്ധി, നമ്മുടെ യുവാക്കന്മാൎക്കുപദേശിക്കുന്ന 'നിയമലംഘന'ത്തേയും, ഈ യോഗം ആക്ഷേപിക്കുന്നു. അതു് മിക്ക ഹിന്ദുഭവനങ്ങളിലും നിൎല്ലജ്ജം വഴക്കുണ്ടാക്കിത്തീൎക്കുന്നതാണു്.

6. ഗുരുവായൂരിൽവെച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന, സമസ്തഭാരതവൎണ്ണാശ്രമസ്വരാജ്യസംഘത്തിന്റെ പ്രത്യേക യോഗത്തിലേക്കു ഞങ്ങളുടെ "മതധൎമ്മസംരക്ഷണസഭ"യുടെ പ്രതിനിധി സ്ഥാനം വഹിക്കുവാൻ താഴെ പറയുന്ന ആളെ തിരഞ്ഞെടുത്തു് നിയോഗിച്ചിരിക്കുന്നു.

മാ. രാ. രാ. ശ്രീ. ആർ, രമേശ അയ്യർ, വക്കീൽ, തഞ്ചാവൂർ.

(ഒപ്പ്) പ്രസിഡണ്ടു്.

'സനാതനമതധൎമ്മസംരക്ഷണസഭ' ,തഞ്ചാവൂർ.

൨൭ *

സവർണ്ണഹിന്ദുക്കളുടെ പൊതുയോഗം.

ശ്രീശങ്കരാചാര്യമട്ട്.
കാഞ്ചീപുരം
1932 ഡിസംബർ 23-ാംനു.

ഈ യോഗം കൃത്യം മൂന്നുമണിക്ക്, ശ്രീമാൻ കവിവല്ലഭ ഭക്ത്യക രാചാരസ്വാമികൾ അവർകളുടെ ആദ്ധ്യക്ഷ്യത്തിൽ ആരംഭിച്ചു.

പ്രാർത്ഥനക്കശേഷം അദ്ധ്യക്ഷൻ ബ്രഹ്മശ്രീ എം. കെ. രാമചന്ദ്ര ശർമ്മയോട്, യോഗത്തിൻെറ ഉദ്ദേശം വിവരിച്ചു പറയുവാൻ ആവശ്യപ്പെട്ടു. അവ അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ എതിർപ്പാനും, നിയമസഭയിൽ അവതരിപ്പിക്കുവാൻ ഇടയുള്ള ബില്ലിനെ, ആഗമങ്ങളും ശാസ്ത്രങ്ങളും വിരോധിച്ചിട്ടുള്ളതിനാൽ എതിർപ്പാനും ആയിരുന്നു.

ഈ വിഷയത്തെപ്പററി കുറെ നേരം വാദപ്രതിവാദം ഉണ്ടാകാതിരുന്നില്ല. കാൺഗ്രസ്സ് കക്ഷിക്കാർ ആദ്യം ഇതിനെ വിരോധിച്ചു. എന്നാൽ ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കാൻ അനുവാദം നല്കുന്നതു 1858-ലെ വിക്ടോറിയാ ചക്രവർത്തിനിയുടെ രാജകീയവിളംബരത്തിനു വിരോധമാണെന്ന് ഒടുവിൽ അവരും സമ്മതിച്ചു.

ക്ഷേത്രപ്രവേശനംകൊണ്ടു രാഷ്ട്രീയഐകമത്യം ഉണ്ടാകുമെന്നും, അതുകൊണ്ട് അനേക കാലമായി ആഗ്രഹിക്കുന്ന "സ്വരാജ്യം" ലഭിക്കുമെന്നുമുള്ള വിചാരം, അർത്ഥരഹിതമാണെന്ന് എല്ലാവക്കും ബോദ്ധ്യപ്പെട്ടു. എന്തെന്നാൽ സമുദായത്തിൻെറ മനഃസാക്ഷിയും മനഃസ്ഥിതിയും അതുകൊണ്ട് ഇല്ലാതാകുന്നതല്ല.

ഈ വിഷയത്തെ തുടൎന്നുകൊണ്ടുതന്നെ അദ്ധ്യക്ഷനും കുറെ നേരം പ്രസംഗിച്ചു. അദ്ദേഹം ശാസ്ത്രങ്ങളിൽനിന്നും, പല വലിയ ഭാഗങ്ങളും ഉദ്ധരിച്ച്, നാലു വർഗ്ഗത്തിലും പെടാത്ത അസ്പൃശ്യൎക്കു ക്ഷേത്രപ്രവേശനം കൊടുക്കുവാൻ വയ്യെന്നു അഭിപ്രായപ്പെട്ടു. അപ്രകാരം ഹരിജനങ്ങൾ കടക്കുന്നതായാൽ, ക്ഷേത്രത്തെ ശുദ്ധി ചെയ്യുവാൻ വലിയ പണച്ചിലവും, ബുദ്ധിമുട്ടും, വേണ്ടിവരുമെന്നു പ്രത്യക്ഷപ്പെടുത്തി. ഈ കാരണങ്ങളെക്കൊണ്ടും, 1858-ലെ വിക്ടോറിയാ മഹാരാജ്ഞിയുടെ വിളംബരം അനുസരിച്ച് ഗവമ്മേൻറ് മത വിഷയങ്ങളിൽ സമഭാവം കാണിച്ചു കൊള്ളാമെന്നു സമ്മതിച്ചിട്ടുള്ളതിനാലും, ഈ ബില്ല് അവതരിപ്പിക്കുവാൻ ബ. വൈസ്രായിയും, മദിരാശി ഗവർണ്ണരും അനുവാദം നല്കുവാൻ വയ്യ എന്നു സഭാനാഥൻ വ്യക്തമായി അഭി

പ്രായപ്പെട്ടു. അതിനുശേഷം താഴെ പറയുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

1. കാഞ്ചീപുരത്തെ സവർണ്ണഹിന്ദുക്കളുടെ ഈ യോഗം, അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ നീതീകരിക്കുവാൻവേണ്ടി നിയമസഭയിൽ അവതരിപ്പിക്കുവാൻ ഇടയുള്ള ബില്ലിനെ വിരോധിക്കുന്നു. ആ ബില്ല് സവർണ്ണഹിന്ദുക്കളുടെ മതവിശ്വാസത്തെ വേദനിപ്പിയ്ക്കുന്നതും, 1858_ലെ രാജകീയ വിളംബരത്തിന്നു വിരോധമായുള്ളതുമാണ്.

2. മതവിശ്വാസത്തേയും, ക്ഷേത്രവിശുദ്ധിയേയും സംരക്ഷിക്കുവാൻ വേണ്ടി, കോഴിക്കോട്ടു സാമൂതിരിപ്പാട്ട് അനുഭവിക്കുന്ന സങ്കടത്തിൽ ഈ യോഗം അനുശോചിക്കുകയും, അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

3. പ്രധാനപ്പെട്ട മുഖ്യസ്ഥാനങ്ങളിലെല്ലാം സഭകൾ രൂപീകരിപ്പാനും, ക്ഷേത്രപ്രവേശനബില്ലിനെ എതിർപ്പാനും, സനാതനധർമ്മതത്വങ്ങളെ പ്രസിദ്ധമാക്കുവാനും, അതിനുള്ള വഴികൾ ആലോചിച്ചു തീർച്ചപ്പെടുത്തുവാനും ഈ യോഗം ഉറച്ചിരിക്കുന്നു.

പ്രമേയങ്ങളുടെ പ്രതി വർത്തമാനപ്പത്രങ്ങളിലേക്കും, മതാധിപതികൾക്കും, ഗവർമ്മേൻറ് അധികൃതന്മാക്കും, മററുള്ളവക്കും അയച്ചുകൊടുപ്പാൻ തീരുമാനിച്ചു.

യോഗത്തിൽ നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾ എല്ലാം ചെയ്യാൻ 22 പേരടങ്ങിയ—വേണ്ടിവന്നാൽ കൂട്ടുവാൻ അധികാരത്തോടുകൂടി—ഒരു കമ്മററി രൂപീകരിച്ചു. ശ്രീമാൻ ടി. കെ. കവിവല്ലഭഭക്ഷ്യകരാചാരസ്വാമികൾ അതിന്റെ അദ്ധ്യക്ഷനായും, റാവുബഹദൂർ എ. ദൊരസ്വാമി അയ്യർ, റിട്ടയേർഡ് ഡെപ്യൂട്ടികളക്ടർ ഉപാദ്ധ്യക്ഷനായും, മി. രാമചന്ദ്രശർമ്മയും, മി. സി. രാമനാഥയ്യരും, സിക്രട്ടറിമാരായും തിരഞ്ഞെടുക്കപ്പെട്ടു.

കവിവല്ലഭഭക്ഷ്യകരാചാരസ്വാമികൾ (ഒപ്പ്)
യോഗാദ്ധ്യക്ഷൻ.

"സ്വധർമ്മസ്വരാജ്യസംഘം", ക്ലിപ്തം.
"ബീഹൈവ് ബിൽഡിംഗ്സ്" 95.
ബ്രാഡ്‌വേ, മദ്രാസ്സ്.
1932 നവംബർ 25_ാംനു.

ഹരിജനങ്ങളെന്നു വിളിക്കപ്പെടുന്നവരുടെ ഗുരുവായൂർ ക്ഷേത്രപ്രവേശനത്തെ ഇതുവരെ വിജയത്തോടുകൂടിത്തന്നെ എതിർത്തുവരുന്ന

നിങ്ങളെ ഈ സംഘത്തിൻെറ പ്രതിനിധിയെന്നവണ്ണം ഞാൻ അഭിനന്ദിക്കട്ടെ. സനാതനഹിന്ദുക്കളെല്ലാം ദക്ഷിണ ഇൻഡ്യയിലെ അല്ല, ഭാരതത്തിലെ സമസ്തക്ഷേത്രങ്ങളുടേയും ഭാവിനിലയെ നിണ്ണയിക്കവാൻ നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഇൻഡ്യാവൈസ്രായി എപ്രകാരം ചക്രവത്തിയുടെപേരിൽ രാജ്യംഭരിച്ച്, നിയമങ്ങളേയും സമാധാനത്തേയും പരിപാലിക്കുന്നുവോ, അതുപോലെ നിങ്ങൾ ദൈവകല്പിതമായ ശാസ്ത്രനിയമങ്ങളെ അനുസരിച്ച് ക്ഷേത്രത്തെ ഭരിച്ച്, നിങ്ങളിൽ സമപ്പിക്കപ്പെട്ടിരിക്കുന്ന മതനിയമങ്ങളേയും, ആചാരങ്ങളേയും സംരക്ഷിക്കേണ്ടതാകുന്നു. മഹാത്മാ ഗാന്ധി ഗുരുവായൂർ ക്ഷേത്രപ്രവേശനകാൎയ്യത്തിൽ, ഒരു പൊതുജനാഭിപ്രായസാക്ഷ്യം എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മി: രാജഗോപാലാചാരി തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാർ അതിനുവേണ്ട ശ്രമം ചെയ്യാനും ആരംഭിച്ചുകഴിഞ്ഞു. നിങ്ങൾ അപ്രകാരമുള്ള ഒരു സംരഭത്തിൽ ഒരിക്കലും പങ്കെടുക്കരുത്. അതു നിയമത്തിന്നും ന്യായത്തിന്നും വിരോധമത്രേ. ക്ഷേത്രനിൎമ്മാണത്തിനും അവയിൽ അനുഷ്ഠിക്കേണ്ട കൎമ്മങ്ങൾക്കും ആചാരങ്ങൾക്കും എല്ലാം നിയമമുണ്ടാക്കിയിട്ടുള്ളവൎക്കു മാത്രമേ, ശാസ്ത്രനിയമങ്ങളെ അവഗണിക്കുന്നവൎക്കുള്ള ശിക്ഷയെ ഭേദപ്പെടുത്തുവാനോ, അഥവാ വ്യത്യാസപ്പെടുത്തുവാൻതന്നെയോ അധികാരമുള്ളു. അതിനുള്ള ശരിയായ വഴി ഇതല്ല. ഭൂരിപക്ഷം ജനങ്ങളും ശരിയായ നിയമങ്ങളേയും, ആചാരങ്ങളേയും അറിയാതേയോ, അല്ലാത്തപക്ഷം അനുസരിക്കാതേയോ, പിഴച്ച വഴിയിൽക്കൂടി പോയി എന്നുവരാം. മറു കക്ഷിക്കാർ സംഖ്യകൊണ്ട് വളരെ കുറവായിത്തന്നെ ഇരുന്നാലും, ശരിയായി വിചാരിക്കുന്നവരും, ഈ വിഷയത്തെപ്പററി പരിപൂൎണ്ണജ്ഞാനമുള്ളവരും ആയിരിക്കാവുന്നതാണ്. തൻെറ മുൻപിൽ ഗമിക്കുന്ന ആയിരം അന്ധന്മാരും ഒരു കിണററിൽ ചെന്നു ചാടുവാനാണു പോകുന്നതെന്ന് ശരിയായ കാഴ്ചയോടുകൂടിയ കണ്ണുള്ള ഒരുവന്ന് അറിയുവാൻ സാധിക്കും. ഭൂരിപക്ഷാഭിപ്രായം, എന്നും ശരിയായിരിക്കണമെന്നില്ല. ഇതു നിയമനിൎമ്മാണസഭകളിൽ എടുക്കപ്പെടുന്ന 'വോട്ടി'ൽനിന്നു നാം കാണുന്നുണ്ടല്ലോ. അതിനാൽ ഭൂരിപക്ഷനിയമം, ഒരന്ധനിയമമാണെന്നു പറയപ്പെടുന്നു. രാജ്യതന്ത്രസംബന്ധമായ കാൎയ്യങ്ങളിൽ മറെറാരു നല്ല മാൎഗ്ഗം കാണാതെ വരുന്ന സമയം, ഇതുകൊണ്ടു പ്രയോജനമുണ്ടായിരിക്കാം. എന്നാൽ ഈ സൂത്രത്തെ അലംഘനീയമായ, വേദശാസ്ത്രാജ്ഞകളിൽ ഉപയോഗപ്പെടു

ത്തുന്നതു് അവിവേകലക്ഷണമാണു്. അതു പട്ടവിഷ്ഠിതത്വത്തിന്റെ പൂർണ്ണലക്ഷണത്തിൽ ഒട്ടും താണ ഒന്നല്ല.

നിങ്ങളുടെ സൽപ്രവൃത്തികളിൽ "സ്വധർമ്മസ്വരാജ്യസംഘം" നിങ്ങളെ എന്നും സഹായിക്കുമെന്നു ഞാനിതാ ഉറപ്പു തരുന്നു. അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ പൂർവ്വാധികം ശക്തിയോടെ എതിർക്കുവാൻ ഈ സംഘം അപേക്ഷിക്കുന്നു. പരിശുദ്ധമായ ഹൃദയം അകത്തും, കരുണാസ്വരൂപനായ ഭഗവാൻ മുകളിലും, ഉണ്ടെന്ന വിശ്വാസത്തോടെ എന്തുതന്നെ സഹിക്കുവാനും തയാറാകുക. ഞങ്ങൾ എല്ലാവരും ഈ ആയോധനത്തിനുവേണ്ട ബുദ്ധിശക്തിയും ധൈര്യവും നിങ്ങൾക്കുണ്ടാകണമെന്നും, ഒടുവിൽ നിങ്ങൾ വിജയിയായിത്തീരണമെന്നും ഈശ്വരനോടു പ്രാർത്ഥിക്കുന്നു. അങ്ങിനെ സനാതനികളുടെ അകൈതവമായ നന്ദിക്കു് നിങ്ങൾ പാത്രീഭവിക്കട്ടെ. ഈ സംഘം "അസ്പൃശ്യത"യേയും, "ക്ഷേത്രപ്രവേശന"ത്തേയും പററി പണ്ഡിത മാളവ്യയുമായി കത്തിടപാടുകൾ ചെയ്തു് സമാധാനത്തോടുകൂടി ഒരു തീർപ്പുണ്ടാക്കുവാൻ ശ്രമിച്ചുവരികയാണു്.

ഞാൻ ഇതൊന്നിച്ചു് മഹാത്മജിക്കുള്ള ഒരു പരസ്യക്കത്തും നിങ്ങൾക്കു കാണുവാൻ അയച്ചുതരുന്നു. പ്രസ്തുത കത്തു് മിക്ക രാഷ്ട്രീയപത്രങ്ങളും പരസ്യപ്പെടുത്താത്തതാണു്. സനാതനികളുടെ ഹാർദ്ദമായ സഹകരണത്തെ ആവശ്യപ്പെട്ടുകൊണ്ടു് നിങ്ങൾ ഒരു ചെറിയ മറുവടി നല്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഈ സംഘം, മഹാത്മജി ഈ നിർഭാഗ്യവിഷയമായ "അസ്പൃശ്യത"ക്കുവേണ്ടി, നിരാഹാരവ്രതമെടുക്കരുതെന്നു് ആവുംവിധം പറഞ്ഞുനോക്കുന്നുണ്ടെന്നറിവാൻ നിങ്ങൾക്കു സന്തോഷമുണ്ടായിരിക്കും. തന്റെ ജീവൻ, ഹരിജനക്ഷേത്രപ്രവേശനത്തിനേക്കാൾ വിശിഷ്ടവും ഉപകാരപ്രദവുമായ കാര്യങ്ങളിൽ, ആവശ്യമുള്ളതാണെന്നു മഹാത്മാഗാന്ധി തന്റെ ശിരസ്സിൽ തല്ലിക്കേററാത്തതു്, സമസ്തഭാരതീയരുടേയും നിർഭാഗ്യംതന്നെ. എന്റേയും, സംഘത്തിന്റേയും സർവ്വമംഗളാശംസയും ഇതാ ഭവാനു ലഭിച്ചിരിക്കുന്നു,

എന്നു്,

കൌതസൂര്യനാരായണറാവു. (ഒപ്പു്)

സംഘകാര്യസ്ഥൻ.

വൎണ്ണാശ്രമസ്വരാജ്യസംഘം
ബോംബേ ശാഖ,
1932 ഒക്ടോബർ 31-ാംനു-.

ഈ മാസം 26-ാംനു- നിങ്ങൾക്കയച്ച താഴെ പറയുന്ന കമ്പിയെ ഞങ്ങൾ ഒന്നുകൂടി ബലപ്പെടുത്തിക്കൊള്ളുന്നു:—

"മതവിശ്വാസികളായ ഹിന്ദുക്കൾ ഗുരുവായൂർ ക്ഷേത്രകാൎയ്യത്തിൽ നിങ്ങൾ ഉറപ്പോടുകൂടിയിരിക്കണമെന്നപേക്ഷിക്കുന്നു. ഗാന്ധിജിയുടെ ഭീഷണി ഏററവും അന്യായം. മതവിശ്വാസികളായ ഹിന്ദുക്കൾ, നിങ്ങൾ ആ ഭീഷണിയെ അവഗണിച്ച്, ധൎമ്മത്തെ സംരക്ഷിക്കുമെന്നു പരിപൂൎണ്ണമായി വിശ്വസിക്കുന്നു."

ഗുരുവായൂർ ക്ഷേത്രപ്രവേശനവിഷയം ഇന്ന് ഒരു അഖിലഭാരത വിവാദവിഷയമായിത്തീരുകയും, ഉപദേശശുദ്ധിയുള്ള ഹിന്ദുക്കൾ തങ്ങളുടെ ശ്രദ്ധയെ അതിൽ നല്ലവണ്ണം പതിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ ഉദ്യമത്തിനു പുറകിലുള്ള സകല കുടുക്കുകളേയും നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. എല്ലാ വിശ്വാസങ്ങളിലുമുള്ള വെറുപ്പും, അനേകകാലമായി ചെയ്യപ്പെടുന്ന ആചാരങ്ങളേയും നിയമങ്ങളേയും നശിപ്പിക്കണമെന്ന ആഗ്രഹവും ആണ് ഈ സംസ്ഥാപകന്മാരെ ഒരു നവീനപ്രദൎശനം അരങ്ങത്തു കൊണ്ടുവരുവാൻ പ്രേരിപ്പിച്ചത്.

ക്ഷേത്രപ്രവേശനവിഷയത്തെപ്പററി ശാസ്ത്രങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. അവ അവൎണ്ണരുടെ ക്ഷേത്രപ്രവേശനത്തെ വിരോധിച്ചിട്ടുണ്ട്. കൂടാതെ അവർ പ്രവേശിക്കുന്നതായാൽ ക്ഷേത്രത്തെ വീണ്ടും പരിശുദ്ധമാക്കുവാനായി ഇന്ന കൎമ്മങ്ങൾ ചെയ്യണമെന്നും വിധിച്ചിട്ടുണ്ട്. "ശീഘ്രദൎശനം" തുടങ്ങിയ ചില പ്രത്യേകവിധത്തിലുള്ള ആരാധനക്രമങ്ങളും അവക്ക് നല്കപ്പെട്ടിട്ടുണ്ട്. പണ്ഡിതമാളവ്യ തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരുടെ അസ്പൃശ്യതക്കു ശാസ്ത്രങ്ങളിൽ അനുവാദം നല്കപ്പെട്ടിട്ടില്ലെന്ന വാദം പരമാൎത്ഥത്തെ മറക്കുന്ന ഒന്നാണ്.

നിയമസംബന്ധമായി നോക്കുന്നതായാലും ഈ വിഷയത്തെപ്പററിയുള്ള സ്ഥിതി വളരെ വ്യക്തമായിത്തന്നെ അറിയുവാൻ കഴിയും. ഗുരുവായൂർ സത്യാഗ്രഹകേസ്സിനെ സംബന്ധിച്ച കഴിഞ്ഞ മേമാസത്തിൽ മദ്രാസ് ഹൈക്കോടതിയിൽനിന്നു ബഹുമാനപ്പെട്ട രമേശജഡ്ജി നല്കിയ വിധി "പ്രിവികൌൺസിലിലെ" മിക്ക വിദ്വാന്മാരായ

ജഡ്ജിമാരും കണ്ടിട്ടുള്ളന്യായങ്ങൾക്ക് ഒരുദാഹരണംമാത്രമാണ്. ഈ സംരംഭത്തിൻെറ അന്യായതചത്തെക്കാണിക്കുവാൻ രണ്ടു കൊല്ലം മുമ്പു ഞങ്ങളുടെ സിക്രട്ടറിയായ ഹരിലാൽ ഡി. നാനാവതി ബി. എ., എൽ. എൽ. ബി, തയാറാക്കിയ "നിയമവും അവൎണ്ണരുടെ ക്ഷേത്രപ്രവേശനവും" എന്ന വിജ്ഞാപനത്തിൻെറ ഒരു പ്രതിയും ഇതുസഹിതം അയയ്ക്കുന്നുണ്ട്. രാജ്യതന്ത്രവും മതവും സമ്മിശ്രമാക്കിത്തീൎക്കുക എന്ന രാജനീതിശാസ്ത്രജ്ഞന്മാരുടേയും പരിഷ്കാരികളുടേയും നവീനതന്ത്രം ഞങ്ങൾ തീരെ പ്രതിഷേധിക്കുന്നു. ഈ തന്ത്രം കുഴപ്പത്തെ ഉണ്ടാക്കുന്നതും സമാധാനതല്പരന്മാരായ പൊതുജനങ്ങളെ എന്തെന്നില്ലാതെ അലട്ടുന്നതുമായ ഒന്നത്രേ. നിഖിലഭാരതവൎണ്ണാശ്രമസ്വരാജ്യസംഘത്തിൻെറ പ്രതിനിധിയെന്നവണ്ണം ഞാൻ, നിങ്ങൾ പുരാതനമായ നമ്മുടെ മതത്തേയും ആചാരത്തേയും സംരക്ഷിക്കുന്ന കാൎയ്യത്തിൽ സ്ഥിരതയോടുകൂടിയിരിക്കുവാനും, മതവിശ്വാസികളുടെ ആചാരത്തേയും ആദൎശത്തേയും നശിപ്പിക്കുവാനുള്ള ഈ ക്ഷോഭകൎത്താക്കന്മാരുടെ ഉദ്യമത്തെ എതിൎക്കുവാനും അപേക്ഷിക്കുന്നു. മതവിശ്വാസമുള്ള ഹിന്ദുസമുദായങ്ങൾ നിങ്ങളോടു ഹിന്ദുധൎമ്മാദൎശങ്ങളെ സംരക്ഷിക്കുവാനും, അപ്രകാരം നിങ്ങളുടെ പൂൎവ്വികന്മാരായ കോഴിക്കോട്ടു സാമൂതിരിമാർ സ്നേഹിച്ചും, ആദരിച്ചും വന്ന മതത്തെ പരിശുദ്ധമായിത്തന്നെ വച്ചുകൊണ്ടിരിപ്പാനും അപേക്ഷിക്കുന്നു. വൎണ്ണാശ്രമസ്വരാജ്യസംഘവും, അതു പ്രതിനിധീകരിക്കുന്ന മതവിശ്വാസികളായ ഭാരതത്തിലെ സമസ്തഹിന്ദുസമുദായങ്ങളും, മതാചാരങ്ങളേയും അനുഷ്ഠാനങ്ങളേയും സംരക്ഷിക്കുവാനുള്ള നിങ്ങളുടെ ഏതുദ്യമത്തേയും, സഹായിക്കുവാൻ എന്നും തെയാറായിരിക്കും.

എന്ന്
ഉപാദ്ധ്യക്ഷൻ (ഒപ്പ്)

ഐക്യസംസ്ഥാനത്തിലെവൎണ്ണാശ്രമസ്വരാജ്യസംഘത്തിൻെറകാശിയിൽവെച്ചു കൂടിയ യോഗത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ:—

പ്രമേയം 2.

(എ) ശാസ്ത്രങ്ങളിലും, സ്മൃതികളിലും, പുരാണങ്ങളിലും, മതാചാരങ്ങളിലും, കാണപ്പെടുന്നവണ്ണമുള്ള സനാതനധൎമ്മത്തോട്, ഈ യോഗത്തിൻെറ അപാരമായ രജ്ഞനയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

(ബി) സമുദായത്തിൻെറ ധൎമ്മത്തേയും, സംസ്കാരത്തേയും, ആ

ദർശങ്ങളേയും, സ്ഥാപനങ്ങളേയും, സ്ഥാപിതമായ ആചാരത്തേയും വേണ്ടതുപോലെ സംരക്ഷിക്കപ്പെടാത്ത, യാതൊരു രാഷ്ട്രഭരണരീതിയേയും സ്വീകരിപ്പാൻ മതവിശ്വാസമുള്ള ഹിന്ദുസമുദായങ്ങൾക്ക സാദ്ധ്യമല്ലെന്നു്, ഈ യോഗം വിചാരിക്കുന്നു.

(സി) ഏതെങ്കിലും സമുദായത്തിന്റെ മതസ്വാതന്ത്ര്യത്തെ അണുപോലും ആക്രമിച്ചിരിക്കുന്ന ഏതൊരു ഭരണരീതിയും സ്വീകരിപ്പാൻ സനാതനഹിന്ദുക്കൾ തയാറില്ലെന്നു വ്യക്തമായി ഈ യോഗം പ്രസ്താവിച്ചിരിക്കുന്നു.

പ്രമേയം 3.

പൂനാ സന്ധിയേയും, അതിന്റെ സവ്വബന്ധത്തേയും ഈ യോഗം തള്ളിക്കളഞ്ഞിരിക്കുന്നു. എന്തെന്നാൽ ഒരു സനാതനികളോടും (മതവിശ്വാസമുള്ള ഹിന്ദുക്കളോടും) അതിൽപെട്ട യാതൊരു കാൎയ്യത്തെപ്പററിയും ആലോചിക്കയുണ്ടായില്ല. അവിടെ ഹിന്ദുജനപ്രാതിനിദ്ധ്യം വഹിച്ചിരുന്നവർതന്നെ മതവിശ്വാസമുള്ള ഹിന്ദുക്കളുടെ പ്രതിനിധികളായിരുന്നില്ല. അവിടെ ചെയ്യപ്പെട്ട തീപ്പു്, "സമസ്തഭാരതവൎണ്ണാശ്രമസ്വരാജ്യസംഘം" നല്കിയ വ്യക്തമായ ഉപദേശത്തിന്നു വിരോധമായിട്ടാണു്. അതിനാൽ പൂനാ സന്ധിയേയും അതിലടങ്ങിയിരിക്കുന്ന സകല ബന്ധത്തേയും അനുസരിച്ച "സവൎണ്ണർ" പെരുമാറണമെന്നുള്ള അപേക്ഷ ഒരിക്കലും സ്വീകാൎയ്യയോഗ്യമല്ലതന്നെ.

പ്രമേയം 4.

അസ്പൃശ്യരുടെ, ഐഹികവും പാരത്രികവുമായ സുഖത്തിന്നു വേണ്ടി ശാസ്ത്രാനുസരണം ചെയ്യുന്ന സവ്വശ്രമങ്ങളും ശരിയായുള്ളതും വേണ്ടതുമാണെന്നു് ഈ യോഗം വിചാരിക്കുന്നു. എന്നാൽ ഹിന്ദുക്കളുടെ ഐകമത്യത്തിനെന്നപേരിൽ ഇന്നു നടത്തപ്പെടുന്ന ക്ഷേത്രപ്രവേശക്ഷോഭം......ആദിയായവ, ധമ്മശാസ്ത്രനിയമങ്ങൾക്ക വിരോധമായിട്ടുള്ളതാണു്. നിശ്ചയമായും ഈ ഉദ്യമം ഐകമത്യത്തിന്നുപകരം വദ്ധിച്ച സ്പദ്ധയെ ആണുണ്ടാക്കുന്നതു്. ഇപ്പോൾ പരസ്പരം സ്നേഹമാണുള്ളതു്. അവൎണ്ണരുടെ സുഖത്തെ വദ്ധിപ്പിക്കുവാനെന്ന ഉദ്ദേശം കൊണ്ടു നടത്തുന്ന ഇന്നത്തെ ക്ഷോഭം, അവരുടെ ഇഹലോകത്തിലേയും പരലോകത്തിലേയും അധഃപതനത്തിനു് ഇടവരുത്തുന്നതാണു്.

(ബി) ആ ക്ഷേത്രങ്ങൾ ആദ്യം സ്ഥാപിച്ചവരുടെ ഉദ്ദേശത്തിന്നു വിരോധമായി, ഇന്നു് അസ്പൃശ്യൎക്ക ക്ഷേത്രപ്രവേശനാനുവാദം നല്കിയ ക്ഷേത്രഭാരവാഹികൾ മതത്തിന്നു വിരോധമായിട്ടാണു ചെ

സ്സത്. വിശിഷ്യാ ബാംബേ, മദ്രാസ്സ് ഈ ഹൈക്കോർട്ടുകളിലേയും "പ്രിവികൗൺസിലിലേയും" തീരുമാനം അനുസരിച്ച്, ഈ ക്ഷേത്രഭാരവാഹികൾ വിശ്വാസവഞ്ചനയാകുന്ന കുററത്തിന്നു ശിക്ഷാർഹന്മാരാണ്; അതിനാൽ അപ്രകാരം ചെയ്യുന്നിരിക്കുന്ന ക്ഷേത്രഭാരവാഹികളുടെ പേരിൽ ന്യായമായി കേസ്സു കൊടുക്കാമെന്നും, നമ്മുടെ ക്ഷേത്രങ്ങളെ അങ്ങിനെ സംരക്ഷിക്കുവാൻ സാധിക്കുമെന്നും ഈ യോഗം വിചാരിക്കുന്നു.

പ്രമേയം 5.

ഗുരുവായൂർ ക്ഷേത്രത്തെസംബന്ധിച്ച നടക്കുന്ന സത്യാഗ്രഹത്തേയും നിരാഹാരവ്രതമാകുന്ന ഭീഷണിയേയുംപററി പറയുന്നതായാൽ, ഈ സംഘത്തിൻെറ, ഗാന്ധിജിയോടും അദ്ദേഹത്തിൻെറ അനുചരന്മാരോടും ഉള്ള ഉപദേശം ഇതാണ്. അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനം മതത്തിന്നു വിരോധമായുള്ളതല്ലെന്നു പറയുന്നവർ, തങ്ങളുടെ പ്രസ്താവനയെ ശരിയായ മതാധികാരിഗ്രന്ഥങ്ങളിലെ നിയോഗം കാണിച്ച് തെളിയിക്കേണ്ടതാണ്. അതിനുവേണ്ട മര്യാദയും സത്യവും അവൎക്കുണ്ടായിരിക്കണം. അല്ലാതെ നിരാഹാരവ്രതമാകുന്ന ഭീഷണി... ആദിയായവയെല്ലാംതന്നെ മതത്തിന് (ധൎമ്മത്തിന്) വിരോധമാണ്. അതു മതവിശ്വാസികളുടെ മനഃസ്സാക്ഷിയെ അക്രമമായി വഞ്ചിക്കുകയാണ്. അതിനാൽ അപ്രകാരമുള്ള ഒരന്യായമായ ഭീഷണിക്ക് മതാനുവാദമില്ലാതെ കീഴടങ്ങുന്നത് തീരെ യോഗ്യമല്ല; അതു ലോകത്തിലെ യാതൊരു മതോപദേശങ്ങൾക്കും യോജിച്ചതുമല്ല.

(ബി) നിരാഹാരവ്രതം, സത്യാഗ്രഹം ഇത്യാദികളെക്കൊണ്ട് ജാനുവരി 1-ാംനു-യോ 2 ാംനു-യൊ നിൎവ്വഹിക്കാമെന്നുദ്ദേശിക്കുന്ന പ്രസ്തുതക്ഷേത്രത്തിലെ അധഃകൃതപ്രവേശനസംരംഭത്തെ തടയുവാനും, കഴിയുന്നവിധത്തിലുള്ള സകല മാൎഗ്ഗങ്ങളെക്കൊണ്ടും ആ ക്ഷേത്രസംരക്ഷണത്തെ സഹായിപ്പാനുമായി ഒരു സംഘം ധൎമ്മഭടന്മാരെ സംഘടിപ്പിക്കുവാനും, ആ സ്ഥലത്തേക്കയപ്പാനും ഈ സംഘം തീരുമാനിച്ചിരിക്കുന്നു.

(സി) ഏതുവിധത്തിലുള്ള ഭീഷണികളെക്കൊണ്ടും നിൎബ്ബന്ധിതനായി ക്ഷേത്രകവാടങ്ങളെ അധഃകൃതൎക്കു തുറന്നുകൊടുത്തുപോകരുതെന്ന് ഈ യോഗം സാമൂതിരിരാജാവിനോടപേക്ഷിക്കുന്നു. ധൎമ്മശാസ്ത്രം

ഛന്ദ *

നുസരണം പെരുമാറുന്നതിൽ അദ്ദേഹം സ്ഥൈര്യം കാണിക്കുമെന്ന് ഈ യോഗം വിശ്വസിക്കുന്നു.

<u>പ്രമേയം 7.</u>

ഡാക്ടർ ഗോറിൻെറ ഹിന്ദുവിവാഹമോചനബില്ല് സനാതനികളുടെ അഥവാ ഹിന്ദുക്കളുടെ അഭിപ്രായം അനുസരിച്ചുള്ളതാണെന്നും, വേദവിധികൾക്കും, ശാസ്ത്രവിധികൾക്കും അനുകൂലമായിട്ടുള്ളതാണെന്നുമുള്ള കാരണങ്ങളാൽ നിയമനിർമ്മാണസഭയിൽ പാസ്സാക്കുവാൻ ഇടയുണ്ടെന്നു തോന്നുന്നു.

അതിനെ സംബന്ധിച്ച് ഈ യോഗം ഗവർമ്മെൻറിനേയും പൊതുജനങ്ങളേയും അറിയിക്കുന്നതെന്തെന്നാൽ:—

(1) ഹിന്ദുക്കൾക്കു വിവാഹം വളരെ പ്രധാനപ്പെട്ട ഒരു വിശിഷ്ടകർമ്മമാണ്. അല്ലാതെ അത് ഒരു പ്രത്യേകകാലത്തേക്കു മാത്രമുള്ള ഒരു കരാറല്ല.

(2) അത് പിതാക്കന്മാർക്കും പിതൃക്കൾക്കും മററും പിണ്ഡം വക്കുക, മുതലായ വിശുദ്ധ കർമ്മങ്ങളുമായി ഏററവും അടുപ്പമുള്ള ഒന്നത്രേ.

(3) ഈ ബില്ലിൻെറ 'ജാമ്യക്കാർ', അഥവാ ഉത്തരവാദികൾ ആരും സനാതനഹിന്ദുക്കളല്ല. അതിനാൽ സനാതനികൾക്കുവേണ്ടി യാതൊന്നിനേയും പ്രതിനിധീകരിപ്പാൻ അവക്ക് അവകാശമില്ല.

<u>പ്രമേയം 10.</u>

നിയമനിർമ്മാണസഭയാൽ പാസ്സാക്കപ്പെട്ട "ശാരദാനിയമത്തെ" (ശിശുവിവാഹമോചനബില്ല്) ഈ യോഗം എതിർക്കുന്നു. ഈ നവീകരണക്കാരിലും, ഗവർമ്മെൻറ് അംഗങ്ങളിലും ഞങ്ങളുടെ വിശ്വാസക്കുറവിനെ അറിയിച്ചുകൊള്ളുന്നു. എന്തെന്നാൽ പ്രസ്തുതബില്ലിനെ ഭേദപ്പെടുത്തുവാനായി രാജാബഹദൂർ സി. കൃഷ്ണമാചാരിയർ അവതരിപ്പിച്ച ബില്ലിനെ അവർ യോജിച്ചു തള്ളിക്കളഞ്ഞു. അതു മതത്തിന്നു വിരോധമായ ഒരു പ്രവൃത്തിയത്രേ.

സനാതനധൎമ്മസഭ,

സിബ്പൂർ, ഹൌറ, ബംഗാൾ

19—12—1932.

നിങ്ങൾ സകല ഹിന്ദുക്കളുടേയും കൃതജ്ഞതയെ അൎഹിക്കുന്നുണ്ടു്. ഈശ്വരാനുഗ്രഹം നിങ്ങളിൽ വേണ്ടുംവണ്ണം ഉണ്ടാകുന്നതാണു്. ഏറ്റവും വലിയ ഒരു വിഷമാവസ്ഥയിൽപോലും ഗുരുവായൂർ ക്ഷേത്രത്തിന്റെ വിശുദ്ധിയെ സംരക്ഷിക്കുവാൻ വേണ്ട ശക്തിയും ജീവനും ധൎമ്മം നിങ്ങൾക്കു് പ്രദാനം ചെയ്യുന്നതാകുന്നു.

നിങ്ങളുടെ സ്ഥൈൎയ്യത്തിലും, ദൃഢനിശ്ചയത്തിലും ഞങ്ങൾ അതിശയിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. നിങ്ങളുടെ വഴി പിഴപ്പിക്കുവാൻ അസാദ്ധ്യമെന്നതിലേക്കു് അവതന്നെ മതിയായ ലക്ഷ്യങ്ങളത്രേ. മുകളിൽനിന്നു നിങ്ങൾക്കു നല്കപ്പെടുന്ന ആ മാനസികബലം നശിക്കാവുന്ന ഒന്നല്ല. അതു് നിങ്ങൾ ചെയ്യേണ്ടിയിരിക്കുന്ന ആ ഭഗീരഥപ്രയത്നത്തോടു മല്ലിടുവാൻ തക്ക ബലമുള്ളതും, വെളിയിൽനിന്നു യാതൊരു ഉപദേശമോ, ധൈൎയ്യപ്പെടുത്തലോ ആവശ്യമില്ലാത്തതുമാണു്. നിങ്ങളുടെ മേൽനോട്ടത്തിൽ ക്ഷേത്രത്തിന്റെയും ദേവന്റെയും വിശുദ്ധി ഭയാനകമായ അപൽഘട്ടങ്ങളിൽപോലും പരിപൂൎണ്ണമായി സംരക്ഷിക്കപ്പെടുമെന്നു ഞങ്ങൾക്കുറപ്പുണ്ടു്. തന്മൂലം നിങ്ങളോടും, ദൈവത്തോടുമുള്ള ഞങ്ങളുടെ അകൈതവമായ കൃതജ്ഞതയെ രേഖപ്പെടുത്തിയശേഷം, ഞങ്ങളുടെ ഹൃദയവ്യഥയെ സ്വല്പം നിങ്ങളെ അറിയിക്കുന്നതിനുള്ള അഭിലാഷം ഞങ്ങളെ ഈ കത്തെഴുതുവാൻ നിൎബ്ബന്ധിക്കുന്നു.

ധൎമ്മാധൎമ്മങ്ങളെ സംബന്ധിക്കുന്ന ഒരു കാൎയ്യത്തെപ്പറ്റി ഒരു തീരുമാനമുണ്ടാക്കുവാൻ ശാസ്ത്രങ്ങൾ മാത്രമാണു് അധികാരികൾ. ശാസ്ത്രങ്ങളിൽ ഓരോരുത്തരും ചെയ്യേണമെന്നു വിധിച്ചിട്ടുള്ള കൎത്തവ്യങ്ങൾ എന്തെല്ലാമാണോ, അതാണു് അവന്റെ ധൎമ്മം. അപ്രകാരം അനുഷ്ഠിക്കുന്നതായാൽ അവൻ മോക്ഷാൎഹനാകുന്നു. ശാസ്ത്രങ്ങളിൽ വിശ്വസിക്കാത്തവൎക്കു ധൎമ്മമോ അതിനെ അനുഷ്ഠിക്കേണ്ടുന്ന ആവശ്യമോ ഇല്ല. "നാസ്തിധൎമ്മപരായണം." ഫലശൂന്യത്വംതന്നെ ആണു് അനുഷ്ഠാനാവശ്യം ഇല്ലായ്മ ചെയ്യുന്നതു്. മിസ്റ്റർ ഗാന്ധിയും അനുയായികളും ശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നില്ല. തന്മൂലം അവൎക്കു ദേവസേവയിലും വിശ്വാസമില്ല. അതിനാൽ ക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന ഭഗവൽസേവയിൽ സ്വന്താഭിപ്രായങ്ങളെ പ്രകടിപ്പിക്കുവാനോ, നി

ബ്ബന്ധിക്കുവാനോ, ഒരുപക്ഷേ അവയെ മലിനപ്പെടുത്തുവാൻ മാത്രമല്ലാതെ, അവൎക്ക് അധികാരമില്ല. എന്നാൽ മി. ഗാന്ധി രണ്ടാമത്തു പറഞ്ഞതിനെച്ചെയ്യാതെ ആദ്യത്തേതിനെ ആണ് തനിക്കു യാതൊരു നീതികരണവുമില്ലാതെതന്നെ ചെയ്യുന്നത്. അങ്ങിനെ ചെയ്യുന്നതിനാൽ അദ്ദേഹം ശാസ്ത്രവിശുദ്ധിയെ തീരെ അവഗണിക്കുകയും, ഉത്തമധൎമ്മത്തിലുള്ള ഉറച്ച വിശ്വാസത്തെ ചവുട്ടിത്തേക്കുകയും, ധൎമ്മത്തിൽ വിശ്വസിച്ചുവന്ന സംസ്കൃതമാനസന്മാരല്ലാത്ത ഹിന്ദുക്കളെ രക്ഷാമാൎഗ്ഗമില്ലാത്ത പാപനരകക്കുണ്ടിലേക്കു വലിച്ചിഴക്കുകയുമത്രേ ചെയ്യുന്നത്. അതിനാൽ ബുദ്ധിയുള്ള യാതൊരു ഹിന്ദുവിന്നും മി: ഗാന്ധിയുടെ അഭിപ്രായത്തെ പിന്താങ്ങുവാൻ സാദ്ധ്യമല്ലതന്നെ.

സത്യത്തെ ജയിക്കുവാൻ അസത്യത്തിന്ന് ഒരുകാലത്തും സാധിക്കുന്നതല്ലെന്നുള്ളതു് തീൎച്ചതന്നെ. സത്യവും അസത്യവും തമ്മിലുള്ള ഈ ബലപരീക്ഷണം മനോബലമില്ലാത്ത പലരേയും പരിഭ്രമിപ്പിച്ചേക്കാം. എന്നാൽ വല്ലവിധവും അവൎക്ക സത്യത്തെത്തന്നെ മുറുക്കിപ്പിടിക്കുവാൻ സാധിച്ചാൽ അവൎക്ക് അതു് അസംഖ്യം ഭയത്തിൽനിന്നും അപകടത്തിൽനിന്നും അഭയം നല്കി എന്നും, ഒടുവിൽ അസത്യംതന്നെ തോററു എന്നും ബോദ്ധ്യം വരുന്നതാണ്. ഇതിന്ന് ഉദാഹരണം ലഭിക്കുവാൻ അധികം കുഴങ്ങേണ്ടതില്ല. നമ്മുടെ പൂൎവ്വികന്മാർതന്നെ ഇതിന്ന് അനേകം മിന്നുന്ന ലക്ഷ്യങ്ങൾ നല്കിയിട്ടുണ്ട്.

നമ്മുടെ ഭൂതചരിത്രം അറിയാവുന്ന ഏതൊരുവന്നും എത്ര ഭയാനകമായ വേഗത്തോടെ ആണ് അസത്യമാകുന്ന വെള്ളപ്പൊക്കം സത്യത്തെ നശിപ്പിക്കുവാനൊരുമ്പെട്ടിട്ടുള്ളതെന്ന് അറിയുവാൻ സാധിക്കും. എന്നാൽ നമ്മുടെ പൂൎവ്വികന്മാർ തെല്ലും സംശയിക്കുകയുണ്ടായില്ല; അവർ സത്യത്തിൻെറ മൂൎത്തിയായ സനാതനധൎമ്മത്തെ മുറുക്കിപിടിച്ചു; തന്മൂലം ഇൻഡ്യയിൽ ഈ ദിവസംവരെ സനാതനധൎമ്മം ആചരിച്ചുവരുന്ന ഹിന്ദുക്കളുടെ സംഖ്യ വളരെ വലുതായിതന്നെയിരിക്കുന്നു. സനാതനധൎമ്മത്തെ വെറുക്കുകയും അതിൻെറ അധഃപതനത്തിന്നുവേണ്ടി, യത്നിക്കുകയും ചെയ്യുന്ന അതിൻെറ വൈരികൾ എല്ലാംകൊണ്ടും തങ്ങളെ ഒരു താണ പദവിയിൽതന്നെ ആണു ദൎശിക്കുന്നത്. ഇപ്പോൾ ഉണങ്ങിത്തുടങ്ങിയിരിക്കുന്ന സനാതനധൎമ്മമാകുന്ന ചെടി, ഇനിയും ഇതിൻെറ ഒരായിരം ഇരട്ടികൂടി ഉണങ്ങുന്നതായാൽപോലും, ക്ഷണനിമിഷംകൊണ്ടു തഴച്ചുവളൎന്നു മി: ഗാന്ധിയാലും അദ്ദേഹത്തിൻെറ അക്ഷീണരായ അനുയായികളാലും ചെയ്യപ്പെടുന്ന ആ അസത്യവിജയ

ത്തെ പാടെ ആവരണം ചെയ്യുവാൻ ശക്തിയുള്ളതായിത്തീരുകതന്നെ ചെയ്യും. ആപൽക്കാലത്തു മനഃശ്ശാന്തി പ്രകടിപ്പിക്കുന്നതു് മഹാന്മാരുടെ ലക്ഷണമാകുന്നു. ഇതാണ് നിങ്ങളുടെ മുഴച്ചുനില്ക്കുന്ന വിശേഷലക്ഷണം.

ആത്മശുദ്ധി വന്നിട്ടുള്ള എതൊരുവനും ദേവാലയങ്ങളിൽ കടക്കുവാനോ, അതിനെ തടയുവാനോ ഉള്ള അധികാരം, സേവകനാണെങ്കിലും അല്ലെങ്കിലും ഒരു മനുഷ്യനില്ലെന്നു അറിയാം. ഒരു സേവകൻ, അഥവാ സാധാരണ അറിയപ്പെടുന്നവിധം ഒരു ക്ഷേത്രോടമസ്ഥൻ, ശാസ്ത്രതത്വങ്ങളെ അനുസരിച്ച് ഈശ്വരാരാധന നടത്തുവാനുള്ള ഒരായുധം മാത്രമാണ്. ശാസ്ത്രതത്വങ്ങളെ അനുസരിച്ചു കർമ്മം ചെയ്യുക മാത്രമാണ് അവൻെറ ചുമതല. തങ്ങളുടെ മേലധികാരിയുടെ കല്പന അവർ അക്ഷരംപ്രതി അനുസരിക്കേണ്ടതും, മേലധികാരിയുടെ ജോലിയെ ബലാൽ സ്വീകരിപ്പാൻ വയ്യാത്തതുമാണ്. യജമാനനു ദുഷ്കീർത്തിക്കിട വരുത്തുന്ന യാതൊരു പ്രവൃത്തിയും നിങ്ങൾ ചെയ്യരുതു്. അഹംഭാവംകൊണ്ടുള്ള ദോഷങ്ങളിൽനിന്നു നിങ്ങൾ എന്നും ദൂരത്തിൽതന്നെ ഇരിക്കുകയും, വേണ്ടതുപോലെ യജമാനനെ സഹായിക്കുക എന്നതു നിങ്ങളുടെ ആത്മാഭിമാനമായി കണക്കാക്കുകയും, ആ സഹായം ചെയ്യാനുള്ള ബോധംതന്നെ നിങ്ങളെ ധൈര്യപ്പെടുത്തുകയും, സംരക്ഷിക്കുകയും ചെയ്യട്ടെ.

എന്ന് വിധേയൻ,

കൃഷ്ണകിശോരചതോപാധ്യായി,

പ്രസിഡൻറ്.

ശൃംഗേരിമഠം.

1932 ഡിസംബർ 21-ാംനു-

മൈസൂർ സംസ്ഥാനത്തു ശൃംഗേരിയിൽ, ശൃംഗേരിമഠത്തിൽ താമസിക്കുന്ന പരിശുദ്ധനായ ശ്രീ ജഗദ്ഗുരു ശങ്കരാചാര്യ മഹാസ്വാമികളുടെ ആജ്ഞാനുസരണം ഞാൻ ഈ കത്തു് നിങ്ങൾക്ക് എഴുതുന്നു.

സുപ്രസിദ്ധനായ ശ്രീമത് ശങ്കരഭഗവദ്പാദാചാരുടെ അവതാരകാലം മുതൽ തന്നെ നോക്കുന്നതായാൽ പഞ്ചമക്ക്, അഥവാ അധഃകൃ

ത്തക്ക്, ബ്രഹ്മക്ഷത്രിയവൈശ്യശൂദ്ര എന്ന നാലു വർഗ്ഗത്തിൽനിന്നും അകത്തി നിറുത്തപ്പെട്ടിട്ടുള്ള അവർക്ക്, ഈ വർഗ്ഗങ്ങളുമായി കൂടിക്കഴിയുവാനോ, അഥവാ വേദങ്ങളിലും ആഗമങ്ങളിലും വിധിച്ചിട്ടുള്ളവണ്ണം ഈശ്വരാരാധന നടത്തുവാൻവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള വിശുദ്ധ ദേവാലയങ്ങളിൽ പ്രവേശിക്കുവാനോ, അധികാരാവകാശങ്ങൾ ഇല്ല. നിങ്ങൾ ഇതുവരെ അനേകകാലമായി നടപ്പിലിരുന്നുവരുന്ന ആ ധർമ്മത്തെ വേണ്ടുംവണ്ണം പൂർണ്ണവിശ്വാസത്തോടെ സംരക്ഷിച്ചിട്ടുണ്ടെങ്കിലും, നിങ്ങളുടെ ഉറച്ച വിശ്വാസങ്ങളെ ഇളക്കുവാൻ ശാസ്ത്രങ്ങളെ സംബന്ധിച്ച തെറ്റായ ഒരു ബോധത്തോടുകൂടിയ ചിലർ ഒരുമ്പെടുന്നുണ്ടെന്നു വ്യസനസമേതം സ്വാമിയാർ അറിയുന്നു. ആ കൂട്ടർ പഞ്ചമർക്കു ക്ഷേത്രപ്രവേശനം അനുവദിക്കാവുന്ന ഒന്നാണെന്ന ബോധത്തോടുകൂടിയവരും പൊതുജനങ്ങളെ നിർബ്ബന്ധിച്ച് അതിനോട് അനുകൂലിപ്പിക്കുവാൻ ഒരുമ്പെടുന്നവരുമാണ്. വിഖ്യാതരായ ശ്രീമത് ശങ്കരഭഗവദ്പാദാചാര്യർ തുടങ്ങിയ സകല യോഗിമാരാലും ആദരിക്കപ്പെട്ടും അനുസരിക്കപ്പെട്ടും വന്ന ശാസ്ത്രങ്ങൾ, പഞ്ചമർക്കു മേൽപറയപ്പെട്ട നാലു വർഗ്ഗങ്ങളുമായി ചേരുന്നതിനും പരിശുദ്ധ ദേവാലയങ്ങളിൽ കേറുന്നതിനും തീരെ അനുവാദം നല്കിയിട്ടില്ലെന്നുള്ള പരമാർത്ഥത്തെ ആണു നിങ്ങളെ അറിയിക്കുവാൻ സ്വാമിയാർ എന്നെ നിയോഗിച്ചിരിക്കുന്നത്. അതിനാൽ ധർമ്മത്തിൽ ഉത്തമവിശ്വാസമുള്ള നിങ്ങൾ, ധർമ്മപ്രകാരം നടക്കുവാൻ ഏററവും ആസക്തിയുള്ള നിങ്ങൾ, നാലുപുറവും നടക്കുന്ന ബലപരീക്ഷണത്താൽ മനസ്സിടിഞ്ഞവനായി ഗുരുവായൂർ ക്ഷേത്രത്തിൽ പഞ്ചമർക്കു പ്രവേശനാനുവാദം നല്കരുത്. അതു വിശുദ്ധവും, ആദരിക്കപ്പെട്ടു വന്നതുമായ ധർമ്മത്തിൽ നിന്നുമുള്ള ഒരു വ്യതിചലനമായി പര്യവസാനിക്കും.

എന്ന്

സാമിയാരുടെ ഏജൻറ് (ഒപ്പ്)

വർണ്ണാശ്രമസ്വരാജ്യസംഘം, മീററ്.

20—12—'32.

ഞങ്ങൾ മീററിലെ 30,000 ആളുകൾ ഒപ്പിട്ടിരിക്കുന്ന ഒരപേക്ഷാഫാറത്തെ, ഗുരുവായൂർ ക്ഷേത്രം അധഃകൃതർക്കു തുറന്നു കൊടുക്കുവാൻ വയ്യ എന്നു അപേക്ഷിച്ചുകൊണ്ടു നിങ്ങൾക്കു അയക്കുന്നു. ഗുരുവായൂർ ക്ഷേത്രം തുറന്നു കിട്ടിയാൽ ഇൻഡ്യയിലെ ഇതര ക്ഷേത്രപ്രവേശനവി

ഷയത്തിൽ, അതൊരുദാഹരണമായി സ്വീകരിക്കപ്പെടുന്നതും തന്മൂലം ഇൻഡ്യയിലെ ക്ഷേത്രങ്ങളുടെ ഉന്നതപദവി "കളഞ്ഞു കുളിക്ക"പ്പെടുന്നതുമാണ്. നിങ്ങളുടെ ക്ഷേത്രമാണ് ഇന്ന് ഇൻഡ്യയിലുള്ള മറ്റെല്ലാ ക്ഷേത്രങ്ങളുടേയും നാട്ടെല്ലായിത്തീന്നിരിക്കുന്നത്. കൂടാതെ ഒരുവന്റെ ജീവിതം മററു കാൎയ്യങ്ങളിൽ എത്രമാത്രം വിലയേറിയതായിരുന്നാലും മതസംബന്ധമായ കാൎയ്യത്തോളം ശ്രേഷ്ഠമാകുന്നതല്ലതന്നെ. ഇപ്പോഴം നിങ്ങഠം ശരിയായ മാൎഗ്ഗത്തിൽ കൂടെ തന്നെ ചരിക്കുന്നു. നിങ്ങഠം നിങ്ങളുടെ വിശ്വാസത്തിൽ എന്നും സ്ഥൈൎയ്യമുള്ളവനായിരിക്കട്ടെ എന്നു ഞങ്ങഠം ജഗദീശ്വരനോടു പ്രാൎത്ഥിക്കുന്നു.

എന്ന്, വിധേയൻ

വൎണ്ണാശ്രമസ്വരാജ്യസംഘം സിക്രട്ടറി, (ഒപ്പ്)

തഞ്ചാവൂർ സനാതനസംരക്ഷണസഭ,

1932 ഒക്ടോബർ 3-ാംനു-.

മതവിശ്വാസികളായ അനേകം ഹിന്ദുക്കളുടെ ഒരു യോഗം മുകളിൽ പറഞ്ഞിരിക്കുന്ന സഭയുടെ നേതൃത്വത്തിൽ കൂടുകയും താഴെ പറയുന്ന പ്രമേയങ്ങഠം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തിരിക്കുന്നു. ഈ യോഗം കേളപ്പന്റെ പ്രവൃത്തിയെ ആക്ഷേപിക്കുകയും സനാതനധൎമ്മസംരക്ഷണാൎത്ഥം നിങ്ങഠം സധൈൎയ്യം സ്വീകരിച്ചിരിക്കുന്ന മാൎഗ്ഗത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രമേയങ്ങഠം.

1. (എ) ഈ യോഗം മി: കേളപ്പന്റെ നിരാഹാരവ്രതം അന്യായമായ നിൎബ്ബന്ധമായി ഗണിക്കുകയും മതവും, സമുദായവും, നിയമവുമെല്ലാം നിരാഹാരവ്രതം സ്വീകരിച്ചു ഭേദപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുവാൻ സാധിക്കുന്നതായാൽ, അവയെല്ലാം അപകടത്തിൽ പതിക്കുമെന്നു വിചാരിക്കുകയും ചെയ്യുന്നു.

(ബി) ഈ യോഗം ഇപ്രകാരം തീരുമാനിച്ചിരിക്കുന്നു. ഉത്തരവാദിത്വമുള്ളവരും, ഉയൎന്ന നിലയിൽ ഇരിക്കുന്നവരും നിങ്ങളെ ന്യായത്തിന്നും മതത്തിന്നും വിരോധമായവിധത്തിൽ പ്രവൎത്തിക്കുവാൻ പ്രേരിപ്പിക്കുന്ന കമ്പി അടിക്കുന്നതിനെ ഞങ്ങഠം നിന്ദ്യമായിക്കരുതുന്നു. ഞങ്ങഠം നിങ്ങളുടെ ഭക്തിയോടുകൂടിയ ശാന്തിയേയും,

ധൈൎയ്യസമേതമുള്ള നിലയേയും വണക്കത്തോടുകൂടി അഭിനന്ദിക്കുന്നു. വിശ്വാസവഞ്ചന ചെയ്യുവാനും, മതത്തെ ഉപേക്ഷിപ്പാനും അവർ നിങ്ങളെ പ്രേരിപ്പിക്കുന്നതു് ഏററവും അന്യായവും അക്രമവുമത്രേ.

(2) ഈ യോഗം നിയമനിൎമ്മാണംമൂലം അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം നല്കുവാനുള്ള സകല ഉദ്യമങ്ങളേയും പാടെ പ്രതിഷേധിക്കുകയും, അപ്രകാരമുള്ള ഒരു നിയമം നടപ്പിൽ വരുത്തുവാനായി മദ്രാസ്സിലേയോ മററു ദിക്കിലേയോ നിയമസഭയിൽ ഒരു ബില്ലു് അവതരിപ്പിക്കുവാൻ അനുവാദം നല്കരുതെന്നു ബഹു: വൈസ്രായിയോടപേക്ഷിക്കുകയും ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതായാൽ അതു് വൎദ്ധിച്ച അതൃപ്തിക്കും, അഗാധമായ വെറുപ്പിന്നും അഥവാ ക്രോധത്തിന്നും ഇടയാക്കുന്നതാണു്. എന്തെന്നാൽ അതു മതത്തിന്നും, മതവിശ്വാസങ്ങൾക്കും, ആചാരങ്ങൾക്കും, സ്ഥാപിതമായ അവകാശങ്ങൾക്കും വിരോധമായുള്ളതത്രേ.

എന്നു്
ടി കോതണ്ഡരാമയ്യർ,
പ്രസിഡണ്ടു്.

ഗുരുവായൂരിലെ സനാതനയോഗം.

11—12—1932.

1. ഗുരുവായൂരിൽവെച്ചു് മാ-രാ-രാ കോട്ടയ്ക്കൽ കെ. സി. വീരരായൻ രാജാവിൻെറ ആദ്ധ്യക്ഷ്യത്തിൽ കൂടിയ ഈ മതവിശ്വാസികളായ ഹിന്ദുക്കളുടെ യോഗം ഏകമനസ്സോടെ പഞ്ചമരുടെ ക്ഷേത്രപ്രവേശം ശാസ്ത്രങ്ങൾക്കും, ആചാരത്തിന്നും, നിയമങ്ങൾക്കും വിരോധമാണെന്നു പ്രസ്താവിക്കുന്നു. അതു മതവിശ്വാസങ്ങൾക്കു വിരോധമായുള്ളതും, അന്യായമായതും, ക്ഷേത്രം സ്ഥാപിച്ചിരിക്കുന്നതിൻെറ ഉദ്ദേശത്തെ ഇല്ലായ്മ ചെയ്യുന്നതും ആകുന്നു. അതിനാൽ ഈ യോഗം ബ. ഇൻഡ്യാ വൈസ്രായിയോടും, ബ. മദിരാശി ഗവൎണ്ണരോടും ഇതുപോലെയുള്ള ഒരു മതവിഷയങ്ങളിലും ഒരു കാരണത്താലും ഇടപെടരുതെന്നു അപേക്ഷിക്കുന്നു.

2. മതവിശ്വാസികളായ ഹിന്ദുക്കളുടെ ഈ യോഗം മി. ഗാന്ധിയുടെ ഉത്തരവിൻപ്രകാരം എടുക്കപ്പെട്ട പൊതുജനാഭിപ്രായസാക്ഷ്യത്തെ, ബലമായി പ്രതിഷേധിക്കുന്നു. അതു മതാഭിപ്രായത്തിന്നു

വിരോധമാണ്. അത് ഒറാപ്പക്ഷം കാണിക്കുന്നതും, അന്യായമായതും, ഒരു പക്ഷക്കാരുടെ സഹകരണത്തോടുകൂടി മാത്രം എടുക്കപ്പെട്ടതുമാണ്.

3. സാമൂതിരിമഹാരാജാവു് പുരാതനകാലംമുതൽ നടന്നുവന്നിരുന്നതും ജനസമ്മതമുള്ളതുമായ മതവ്യവസ്ഥകളെ സംരക്ഷിക്കുന്നതിലും, ക്ഷേത്രമാഹാത്മ്യം സംരക്ഷിക്കുവാൻ മുമ്പുനടന്ന രീതിയിൽ തന്നെ കാൎയ്യങ്ങൾ നടത്തുന്നതിലും, കാണിച്ച ആ ദൃഢനിശ്ചയത്തിന്ന് ഞങ്ങൾ എന്നും കൃതജ്ഞതയുള്ളവരായിരിക്കും. ഈ പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

4. താഴെ പറയുന്ന മഹാന്മാർ യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

1. ദിവാൻ ബഹദൂർ ടി. ആർ. രാമചന്ദ്രയ്യർ, മദിരാശി.
2. ഡാക്ടർ ശങ്കരനാരായണ അയ്യർ, പാലക്കാട്ട്.
3. മി. എൻ. എസ്സ്. കൃഷ്ണശാസ്ത്രി, ഗുരുവായൂർ.
4. പണ്ഡിതർ വി. സോമദേവശൎമ്മ, മദിരാശി.
5. മി. തെക്കാട്ടു ഗോവിന്ദമേനോൻ, ഐല്ലൂർ.
6. മി. കെ. വി. സുബ്രഹ്മണ്യയ്യർ, വടക്കാഞ്ചേരി.
7. മി. എസ്സ്. സുബ്രഹ്മണ്യ അയ്യർ, മദിരാശി.

മററു ചിലരും കൂടി ....

കെ. സി. വീരരായൻ രാജാവ്,
സഭാദ്ധ്യക്ഷൻ (ഒപ്പ്)

കുംഭകോണം,
1—10—1932.

മതവിശ്വാസികളായ ഹിന്ദുക്കളുടെ പേൎക്ക് 'ഹിന്ദു'വിൽ കഴിഞ്ഞ മാസം മുപ്പതാംതീയതി നിങ്ങൾ പരസ്യപ്പെടുത്തിയിരുന്ന പ്രസ്താവനക്കു ഞങ്ങൾ ഹാൎദ്ദമായി നന്ദി പറയുകയും, അവസാനംവരെ നിങ്ങൾ ഈ സ്ഥിരതയോടുകൂടിത്തന്നെ ഇരിക്കണമെന്ന് അപേക്ഷിക്കയും ചെയ്യുന്നു. ജഗദീശ്വരൻ നിങ്ങളെ കടാക്ഷിക്കട്ടെ.

എന്ന് വിധേയർ,
ഇത്യാദി......

തഞ്ചാവൂർ പ്രാദേശിക

ബ്രാഹ്മണമഹാസഭ,

20—11—'32.

കുംഭകോണം ടൌൺഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന മഹാരാജമാന്യരാജശ്രീ ആർ. സ്വാമിനാഥയ്യർ അവർകളുടെ അദ്ധ്യക്ഷതയിൽ 1932 നവംബർ 18-ാംനു- കൂടിയ തഞ്ചാവൂർ പ്രാദേശികബ്രാഹ്മണമഹാസഭയിൽ പാസ്സാക്കപ്പെട്ട ഒരു പ്രമേയം നിങ്ങളെ തിൎയ്യപ്പെടുത്തുവാൻ അനുവദിക്കണേ.

പ്രമേയം.

"തഞ്ചാവൂർ പ്രാദേശികബ്രാഹ്മണമഹാസഭയുടെ ഇത്തവണത്തെ സകല യോഗാംഗങ്ങളും, ഗുരുവായൂർ ക്ഷേത്രകവാടങ്ങൾ അവൎണ്ണൎക്കായി തുറന്നുകൊടുക്കുവാൻ അശ്രാന്തപരിശ്രമം അനേകം പേർ ചെയ്തിട്ടും സാധിക്കുന്നതല്ലെന്ന് അവിടന്നു കല്പിച്ച തീരുമാനത്തോട് പൂൎണ്ണമായി അനുകൂലിക്കുന്നു. അവർ മി: ഗാന്ധിയുടേയും മററുള്ളവരുടേയും അവൎണ്ണരുമായി ശാസ്ത്രങ്ങളേയും ആചാരങ്ങളേയും അവഗണിച്ചുകൊണ്ടുള്ള ഒരു സന്ധിയാലോചനാസംരംഭത്തേയും പാടേ പ്രതികൂലിക്കുന്നു. അവർ തിരുമേനി അവിടത്തെ ശ്രേഷ്ഠമായ തീരുമാനത്തെതന്നെ സ്വീകരിക്കുമെന്നും, പ്രസ്തുത ക്ഷേത്രത്തിന്റെ പരിശുദ്ധിയേയും യശസ്സിനേയും സംരക്ഷിക്കുമെന്നും പരിപൂൎണ്ണമായി വിശ്വസിക്കുന്നു. ഈ ദേശത്തുള്ള സവൎണ്ണഹിന്ദുക്കളിൽ ഒരു വലിയ ഭൂരിപക്ഷവും തിരുമേനിയുടെ തീരുമാനത്തെ അനുകൂലിക്കുന്നവരാണെന്നും അവിടത്തെ തിൎയ്യപ്പെടുത്തിക്കൊള്ളുന്നു."

എന്ന് എസ്സ്. മഹാലിംഗയ്യർ,

സക്രട്ടറി.

കുംഭകോണം ബ്രാഹ്മണമഹാസഭ.

1932 ഒക്ടോബർ 31-ാംനു-.

പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

1. അധഃകൃതവൎഗ്ഗമെന്നു അറിയപ്പെടുന്നവരുടെ പറയപ്പെടുന്ന അസ്വാതന്ത്ര്യപരിഹാരാൎത്ഥം ഡാക്ടർ സുബ്ബരായൻ അവതരിപ്പി

ച്ച ബില്ല് നയരഹിതവും, അനാവശ്യവും, ഹിന്ദുസമുദായത്തിൽ വളരെ വെറുപ്പും വഴക്കും ഉളവാക്കുവാൻ പര്യാപ്തവുമാണ്.

2. തടയപ്പെട്ടിട്ടുള്ളവരുടെ ക്ഷേത്രപ്രവേശനം ശാസ്ത്രങ്ങളിലും ആഗമങ്ങളിലുംനിന്ന് അറിയേണ്ട നിയമങ്ങൾക്കും ആചാരങ്ങൾക്കും വിരോധമായിട്ടുള്ളതും, ആഗമനിയമങ്ങളെ അവഗണിക്കുന്നത് ദേവസാന്നിദ്ധ്യത്തേയും ആരാധനാഫലത്തേയും ബാധിക്കുന്നതും, ഹിന്ദുക്കളും അല്ലാത്തവരും അടങ്ങിയ ഒരു രാജ്യഭരണസമിതി ഇത്തരം ഒരു വിഷയത്തെപ്പററി ഒരഭിപ്രായം പറയുവാൻ പാടില്ലാത്തതും, രാഷ്ട്രീയാവശ്യകതയെപ്പററിയുള്ള ഒരു വിചിന്തനം മതനിഷ്ഠയേയും വിശ്വാസത്തേയും ബാധിക്കുന്ന കാര്യങ്ങളിൽ സ്വീകരിക്കുവാൻ വയ്യാത്തതുമാകുന്നു.

3. ആദ്യം അപ്രകാരം ഒരു ആചാരാടിസ്ഥാനമുറപ്പിക്കുവാനുണ്ടായ ഹേതുക്കൾ എന്തായിരുന്നെന്നോ, അല്ലെങ്കിൽ ആചാരം നടപ്പിലിരിക്കുന്നതിനാലുണ്ടായിരിക്കുന്ന മതപരവും, സംസ്കാരപരവുമായ വിശ്വാസങ്ങളെന്തെന്നോ അന്വേഷിച്ചറിയുവാൻ ശ്രമിക്കാതെ സകല ക്ഷേത്രകവാടങ്ങളേയും അധഃകൃതവർഗ്ഗക്കാരെന്നു വിളിക്കപ്പെടുന്നവർക്കു തുറന്നുകൊടുക്കേണ്ടതാണെന്ന ആ നിർബ്ബന്ധം, ദേവാലയംപോലെയുള്ള സ്ഥാപനങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്ന നിയമങ്ങളേയും ആചാരങ്ങളേയും പാടെ എതിർത്തുകൊണ്ടുള്ള ആ നിർബ്ബന്ധം, ആപൽപര്യവസായിയായ ഒരു മാററത്തെ ആണ് ഉണ്ടാക്കുന്നത്. അത് നിയമാനുസരണം സംരക്ഷിക്കുവാൻ കടപ്പെട്ടിരിക്കുന്ന വർഗ്ഗീയചടങ്ങുകളേയും, ഉറച്ച അവകാശങ്ങളേയും, അതികേമമായി സൂക്ഷിക്കപ്പെട്ടുവന്ന അഭിലാഷങ്ങളേയും നിർദ്ദയം ചവുട്ടിത്തേക്കുകയത്രേ ചെയ്യുന്നത്.

4. മഹമ്മദീയമതത്തിലും, ക്രിസ്തുമതത്തിലും ഉണ്ടെന്നറിയപ്പെടുന്നവിധമുള്ള പൊതുവെയുള്ള ഒരു ആരാധനാരീതി എല്ലാ ഹിന്ദുക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും ഇല്ലതന്നെ.

5. ഉത്തരോത്തരം വർദ്ധിച്ചുവരുന്നതായി പ്രസ്തുത ബില്ലിൽ പറയപ്പെട്ടിരിക്കുന്ന ജനഹിതം, ഹിന്ദുസമുദായത്തിൽ രാഷ്ട്രീയവിചിന്തകന്മാരായ ഏതാനും പേരുടെ പരിഭ്രമത്തോടുകൂടിയ ഒരു ജിജ്ഞാസയെ മാത്രം കാണിക്കുന്നതാണ്. വാസ്തവത്തിൽ ഐഹികമല്ലാത്ത കാര്യങ്ങളിൽ തങ്ങളുടെ മതഗ്രന്ഥങ്ങളിൽ പരിപൂർണ്ണവിശ്വാസമുള്ളവരും, അവയെ തങ്ങളുടെ ശരിയായ വഴികാട്ടികളായി സ്വീകരിച്ചിട്ടുള്ള

വരും, ആയ സവർണ്ണഹിന്ദുക്കളിൽ ഒരു വലിയ ഭൂരിപക്ഷംആളുകളുടെ അഭിപ്രായത്തെ അല്ല അതു കാണിക്കുന്നതു്.

6. പൂനാകരാറു് രാഷ്ട്രീയകാൎയ്യങ്ങളുടെ മാത്രം ഒരു തീർപ്പാകുന്നു; എന്നാൽതന്നെ അതു് ഗാന്ധിയുടെ നിരാഹാരവ്രതത്തെത്തുടൎന്നുണ്ടാകുവാൻ പോകുന്ന ആപൽക്കരങ്ങളായ ഫലങ്ങളെ ഭയന്നു തിങ്ങിക്കൂടിയിരുന്ന നാമമാത്രമായ ഹിന്ദുക്കൾ, മതവിശ്വാസികളായ ഹിന്ദുക്കളുടെ നേതാക്കന്മാരുമായോ, അഥവാ മതോപദേഷ്ടാക്കളുമായോ യാതൊരാലോചനയുംകൂടാതെ സമ്മതിച്ചു് ഒപ്പു വച്ചിട്ടുള്ളതാണു്.

7. പൂനാതീരുമാനത്തിൽ ഹിന്ദുമതവിശ്വാസത്തേയോ, ഉപദേശത്തേയോ, അഥവാ ആരാധനാക്രമത്തേയോ പററിയ ഒരു വ്യവസ്ഥയില്ലാത്തതും, നിർബ്ബന്ധിച്ചു് ഉള്ളതായി ഗണിക്കുവാൻ ഒരുമ്പെടുന്നതായാൽ അപ്രകാരം ഒരു വ്യവസ്ഥ ചെയ്യുവാൻ രാഷ്ട്രീയനേതാക്കന്മാൎക്കു് അധികാരമില്ലെന്നു ധരിക്കേണ്ടതുമാണു്.

8. ഡാക്ടർ സുബ്ബരായന്റെ ബില്ലിലെ മൂന്നാമത്തെ വകുപ്പു് അഥവാ ഉപവാക്യം പൂൎവ്വാപരവിരുദ്ധവും, നടപ്പിലാക്കുവാൻ അസാദ്ധ്യവും, നടപ്പിലാക്കുവാൻ ഒരുമ്പെടുന്നതായാൽ അനേകബുദ്ധിമുട്ടുകൾക്കിടയാക്കുന്നതുമാണു്. എന്തെന്നാൽ അതു് ആദ്യമായി മതനിയമങ്ങൾക്കും, ഐതിഹ്യങ്ങൾക്കും, ആചാരങ്ങൾക്കും വിരോധമായി ക്ഷേത്രങ്ങളെ ചില പ്രത്യേകവൎഗ്ഗക്കാൎക്കു തുറന്നുകൊടുപ്പാൻ ആവശ്യപ്പെടുന്നു. പിന്നീടു് അതു ക്ഷേത്രങ്ങൾ കേവലം ഐഹികമാണെന്നു തോന്നിക്കത്തക്കവണ്ണം നിയമങ്ങളേയും വൃത്തിയേയും സംരക്ഷിക്കുവാൻ ആവശ്യപ്പെടുന്നു. അവസാനമായി അതു് ആദ്യവകുപ്പുകളിൽ ആചാരത്തെ തീരെ അവഗണിച്ചശേഷം ക്ഷേത്രകൎമ്മങ്ങൾ ആചാരാനുസരണം നിൎവ്വഹിക്കുവാനും ആവശ്യപ്പെടുന്നു!

എസ്സ്. ശ്രീനിവാസഅയ്യർ (ഒപ്പു്)

യോഗാദ്ധ്യക്ഷൻ.

ബാംബേ ഹിന്ദുസനാതനധൎമ്മസഭ

1932 നവമ്പർ 25-ാംനു-

ബാംബെ ഹിന്ദുസനാതനധൎമ്മസഭ പാസ്സാക്കിയ ഒരു പ്രമേയം നിങ്ങളുടെ അറിവിന്നായി ഞാൻ ഇതാ അയച്ചുതരുന്നു. മതവിശ്വാസത്തിൽ ധൈൎയ്യം പ്രത്യക്ഷമാകുന്ന ഇപ്പോഴത്തെ നിങ്ങളുടെ നയ

ത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശിഷ്യാ നിങ്ങൾ ഈ ധൈര്യം എന്നും കാണിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

എന്നു് വിധേയൻ,

നാരായൻജി പുരുഷോത്തമസജെയിൻ (ഒപ്പ്)

പ്രസിഡണ്ട്.

പ്രമേയം.

"ഇന്നത്തെ നവീകരണക്കാരുടെ നിർബ്ബന്ധമായിട്ടുള്ള ബലപരീക്ഷണത്താലും ആത്മഹത്യയാകുന്ന ഭീഷണിയാലും "അസ്പൃശ്യർക്ക്" ക്ഷേത്രപ്രവേശനം നല്കി അയിത്തോച്ചാടനം ചെയ്യാനുള്ള ശ്രമത്തെ ഈ സഭ നിന്ദ്യമായി ഗണിക്കുകയും അതിനെ വെറുക്കുകയും ചെയ്യുന്നു. അസ്പൃശ്യരുടെ ഗുരുവായൂർ ക്ഷേത്രപ്രവേശനകാര്യത്തിൽ കോഴിക്കോട്ട് സാമൂതിരിപ്പാട് പ്രദർശിപ്പിക്കുന്ന ഉറച്ച മനഃസ്ഥിതിയെ ഈ സഭ അഭിനന്ദിക്കുകയും ശരിയായിത്തന്നെ ഗണിക്കുകയും ചെയ്യുന്നു. ഈ സഭ മതനിയമങ്ങളെ ഉയർത്തിപ്പിടിച്ച് ഈ തടസ്ഥം എന്നും നിലനിർത്തുവാൻ സാമൂതിരിയോടപേക്ഷിക്കുന്നു. ഒന്നല്ല ആയിരക്കണക്കിന് മതവിശ്വാസമില്ലാത്ത നവീകരണക്കാർ ആത്മഹത്യയ്ക്കൊരുമ്പെടുന്നതായാലും ശാസ്ത്രവിരോധമായ "അസ്പൃശ്യ"രുടെ ക്ഷേത്രപ്രവേശനസംരംഭത്തെ, എന്നും എതിർക്കുവാൻ സന്നദ്ധനായിരിക്കണം എന്ന് അദ്ദേഹത്തോടപേക്ഷിക്കുകയും ചെയ്യുന്നു."

ശ്രീ ഭാരതധർമ്മമഹാമണ്ഡലം.

ജഗത്ഗഞ്ജ്,

കാശി.

1932 ഒക്ടോബർ 11-ാംനു.

മതവിശ്വാസികളായ ഹിന്ദുക്കളുടെ വിവിധസമുദായപ്രതിനിധികളും ഉള്ളതായ ഈ രാഷ്ട്രീയസഭയുടെ നിയോഗം അനുസരിച്ച് ഞാൻ താഴെ പറയുന്നതിനെ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ക്ഷേത്രപ്രവേശനമാകുന്ന ഇന്നത്തെ പ്രധാന വാദവിഷയത്തെപ്പറ്റി ആലോചിക്കുന്ന സമയം, അനേകം ദൂരസ്ഥഫലങ്ങളെ ഉല്പാദിപ്പിക്കുവാനിടയുള്ളതും ഈശ്വരഭക്തിയേയും ഭൂതദയയേയുംസ്വദേശസ്നേഹത്തേയും കാണിക്കുന്നതും ആയ നിങ്ങളുടെഈ ഗമനമാർഗ്ഗം ഈ സഭ ആദര

ണീയമായിക്കരുതുന്നു. അതു് നമ്മുടെ വിശുദ്ധമായ വർണ്ണാശ്രമധർമ്മനിയമത്തെ അനുസരിച്ചുള്ളതുതന്നെ എന്നതിന്നു് തർക്കമില്ല. അതു ഭൂതവും വർത്തമാനവുമായ ചരിത്രത്തിൽ കാണാവുന്ന ഏററവും വലിയ പരീക്ഷയിൽ വിജയം സമ്പാദിച്ചിട്ടുള്ളതുതന്നെ.

ഞങ്ങളുടെ 572-ാം നമ്പറും, 580-ാം നമ്പറുമായ 'സർകുലറി ൻെറ' ഓരോ പ്രതിവീതം നിങ്ങൾക്കു കാണുവാനായി അയച്ചുതരുവാൻ എന്നോടു് ആവശ്യപ്പെട്ടിരിക്കുന്നു. ഈ രാഷ്ട്രീയസഭ നമ്മുടെ പിതാക്കന്മാരുടേയും വിശുദ്ധമായ വർണ്ണാശ്രമധർമ്മത്തിൻേറയും പരിശുദ്ധിക്കായി നിങ്ങൾ പ്രവൃത്തിക്കുന്ന സകല ഉദ്യമങ്ങളേയും സഹായിക്കുവാൻ ഒരുക്കമായിരിക്കും. സർവ്വശക്തൻ നിങ്ങൾക്കു് ആയുരാരോഗ്യസൌഭാഗ്യങ്ങളേയും ആത്മീയഗുണത്തേയും വേണ്ടുവോളം നല്കി അനുഗ്രഹിക്കുമാറാകട്ടെ, എന്നാണു് ഈ യോഗത്തിലുള്ള സാധുക്കളുടേയും ശാസ്ത്രികളുടേയും ആശീർവ്വാദം.

എന്നു വിധേയൻ,

സിക്രട്ടറിക്കു പകരംജോലിനോക്കുന്ന ആൾ (ഒപ്പ്)

ശ്രീ ഭാരതമഹാമണ്ഡലം

ഹെഡ്ആപ്പീസ്സ്, കാശി.

1932 നവമ്പർ 28-ാംനു-.

വിഷയം: സനാതനവിഗ്രഹാരാധന, അസ്പൃശ്യത, ക്ഷേത്രപ്രവേശനം.

1. ഇന്നു് സർവ്വദിക്കുകളിലും എരിഞ്ഞുകൊണ്ടിരിക്കുന്ന വിവാദവിഷയങ്ങളുടെ ഒരു സമാധാനം പറയുന്നതിന്നു് താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിച്ചു് പൂർണ്ണമായ ഒരറിവുണ്ടായിരിക്കേണ്ടതു് ആവശ്യമാകുന്നു.

(എ.) സനാതനികളുടെ വിശ്വാസം.

(ബി.) വിഗ്രഹാരാധന ശാസ്ത്രവും, ക്ഷേത്രത്തേയും പുണ്യസ്ഥലങ്ങളേയും അവർണ്ണർ തൊടുവാൻ പാടില്ല എന്ന വിശ്വാസമുള്ള സനാതനികളുടെ ഭക്തിപരമായ പ്രവൃത്തിയും വിശുദ്ധസംസ്കാരവും.

(സി.) സാഹോദര്യബന്ധമുള്ള ജ്ഞാനോപദേശമാർഗ്ഗസാരത്തിൻെറ ചുമതലയും, രാജ്യത്തിൽ ഈ നിമിഷം വരെ സ്ഥാപിതമായ ഭരണസമ്പ്രദായവും.

2. സനാതനികളുടെ വിശ്വാസം അഥവാ മാൎഗ്ഗോപദേശസാരം.

"ധൎമ്മം" എന്ന പദത്തിന്ന് ശ്രുതികളിൽ കൊടുത്തിട്ടുള്ള വിസ്തീൎണ്ണവ്യാഖ്യാനം, "ശക്തി" അഥവാ 'ഈശ്വരപ്രാപ്തി' എന്നാണ്. ഇതിനെത്തന്നെ ഈശ്വരൻെറ പ്രകൃതിനിയമം, അല്ലെങ്കിൽ അല്പപ്രാണിമുതൽ മനുഷ്യൻ വരേയുള്ള സമസ്തസൃഷ്ടിയേയും ഉണ്ടാക്കുന്നതിന്നും, അവയുടെ സൌഹാൎദ്ദപുരസ്സരമായ ജീവിതത്തിന്നും കാരണമായിരിക്കുന്ന ഈശ്വരേച്ഛ എന്നും പറയുന്നു.

3. കൂടാതെ എല്ലാ സ്ത്രീപുരുഷന്മാരിലുമുള്ള അപേക്ഷ കേൾക്കാത്ത ആ ദൈവശക്തി, അവൎക്ക് ഐഹികവും പാരത്രികവുമായ സുഖാനുഭൂതിയേയും, അവസാനം മുക്തിയേയും നല്കുന്നു എന്നു വിശുദ്ധമായ വേദങ്ങളും ശാസ്ത്രങ്ങളും ഉൽഘോഷിക്കുന്നു.

4. എല്ലാ പ്രാണികളേയും തന്നെ സംബന്ധിക്കുന്നതായി പറയാവുന്ന നാലുവിധമായ മനുഷ്യധൎമ്മത്തെപ്പററി പരിശുദ്ധമായ ശ്രുതികൾ വിവരണം നല്കുന്നുണ്ട്.

(എ.) സാധാരണധൎമ്മം. അഥവാ എല്ലാവരുടേയും ധൎമ്മം. ഇതു് എല്ലാ മനുഷ്യരേയും ഒരുപോലെ സഹായിക്കുന്നതും ലോകത്തിലെ വിവിധമതാനുയായികളെ വിവിധദൎശനത്തിലും സഹായിക്കുന്നതുമത്രേ. ഉദാഹരണം: ദാനം, തപം, യജ്ഞം, സ്നേഹം ആദിയായ മാനസികവികാരങ്ങൾ. ഇവയെല്ലാം സാധാരണ ധൎമ്മകൎമ്മങ്ങളായി ഗണിക്കപ്പെടുന്നു.

(ബി) അസാധാരണധൎമ്മം അഥവാ സാധാരണയല്ലാത്ത ധൎമ്മം. ഇതു് ഒരു പ്രത്യേക മനുഷ്യന്നു മുജ്ജന്മത്തിലേയോ, ജന്മങ്ങളിലേയോ പ്രവൃത്തികൾ മൂലം ലഭിച്ചിട്ടുള്ള പ്രത്യേക ശക്തികൾകൊണ്ടു്, ഉണ്ടാവുന്നതത്രേ. രാജൎഷി വിശ്വാമിത്രൻെറ ബ്രാഹ്മണപദം പ്രാപിക്കലും, മഹാത്മ നന്ദിയുടെ ദേവപദം പ്രാപിക്കലും, ഒരു ജന്മംകൊണ്ടു കരസ്ഥമായ രണ്ടു് അസാധാരണ ധൎമ്മോദാഹരണങ്ങളാണ്.

(സി) ആപൽധൎമ്മം അഥവാ പൊടുന്നനവേ അനുഷ്ഠിക്കേണ്ടി വരുന്ന ധൎമ്മം. സാധാരണ നിലയിൽ, മനുഷ്യൻ പ്രവൃത്തിക്കുന്നതായാൽ അധൎമ്മമായി ഗണിക്കപ്പെടുന്ന സകല പ്രവൃത്തികളും, വലുതായ ആപൽകാലത്തു മററു നിവൃത്തി കാണാതെ ചെയ്യപ്പെടുന്നതായാൽ ധൎമ്മമായി കണക്കാക്കാം. ഉദാഹരണം. ഇന്നു് അധഃകൃതനെന്നു അറിയപ്പെടുന്ന ഒരു ചണ്ഡാളൻ നല്കിയ ആഹാരം, പട്ടിണി കിടന്നു മ

രിക്കുകതന്നെ ചെയ്യും എന്നു തീച്ച്പയായ സമയം, മററു മാൎഗ്ഗം ഒന്നും തന്നെ കാണാതെ ഒരു ബ്രാഹ്മണൻ സ്വീകരിച്ചു എന്നു വിചാരിക്കുക. അതു് ആപൽധൎമ്മമായി ഗണിക്കാം.

(ഡി) വിശേഷധൎമ്മം: അതായതു വിവിധ ജാതിയുടേയും, വൎണ്ണത്തിൻേറയും, മതത്തിൻേറയും, ഉപജാതിയുടേയും, ലിംഗത്തിൻേറയും പ്രായത്തിൻേറയും മററുമായ പ്രത്യേകധൎമ്മം. ഉദാഹരണം: പുരുഷന്മാരുടേയും സ്ത്രീകളുടേയും ധൎമ്മം; ബ്രാഹ്മണരുടേയും ശൂദ്രരുടേയും ധൎമ്മം; സന്യാസികളുടേയും ഗൃഹസ്ഥന്മാരുടേയും ധൎമ്മം; സനാതനികളുടേയും അല്ലാത്തവരുടേയും ധൎമ്മം; വൈഷ്ണവന്മാരുടേയും ശൈവന്മാരുടേയും ധൎമ്മം......ഇത്യാദി.

5. സനാതനികളുടെ 'വിശേഷധൎമ്മ'ത്തിനു മററുള്ളവകു പുറമെ താഴെ പറയുന്ന പ്രത്യേക പ്രമാണങ്ങൾ അഥവാ ദൃക്‌സ്ഥാനങ്ങൾ കൂടി ഉണ്ടു്.

കേരളസാഹിത്യ

(എ) ചാരിത്രശുദ്ധി. (സതീത്വം) മനുഷ്യജാതിയുടെ വൎദ്ധനമാൎഗ്ഗം ഉണ്ടാക്കുവാൻ സ്ത്രീകളാൽ ചെയ്യപ്പെടുന്ന ഉൽകൃഷ്ടവും പരിശുദ്ധവുമായ സ്വയസമൎപ്പണരീതി.

(ബി) വൎണ്ണാശ്രമം. ജാതിവ്യവസ്ഥയും ആയുഷ്കാലത്തിൻെറ വിവിധവിഭാഗങ്ങളും ഇതിൽ പെടുന്നു. ഈ വിഭാഗം രാഷ്ട്രീയവിത്തിൻെറ പരിശുദ്ധിക്കായി നടത്തപ്പെടുന്ന ആ ശക്തിയേറിയ അദൃശ്യഭരണരീതി അനുസരിച്ചും ജന്മപുനൎജ്ജന്മങ്ങൾ അനുസരിച്ചും ഉണ്ടാക്കപ്പെട്ടിരിക്കുന്നു.

(സി) ഈശ്വരനിയമമായ 'കൎമ്മ'ത്തിൻെറ പ്രവൃത്തിയും ആവൎത്തിക്കലും. ഉദാഹരണം: കായ്—വൃക്ഷം. ഇവ. ഈ പ്രവൃത്തിയും ആവൎത്തിക്കലും തങ്ങളോടുകൂടി ഒരു മാനസികസംസ്കാരത്തേയും കായികബലത്തേയും സമുദായവ്യവഹാരശാസ്ത്രവും വംശപാരമ്പൎയ്യവും അനുസരിച്ചു ഉൽപാദിപ്പിക്കുന്നു.

(ഡി) ആചാരം.

അകത്തേയും പുറത്തേയും ശുദ്ധിക്കായി നിയമപ്രകാരം ഉണ്ടാക്കിയിട്ടുള്ള ദേഹസംബന്ധമായ പരിശീലനം. ദേഹത്തെ നശ്വരമായ ഇഹലോകവും അദൃശ്യമായ പരലോകവുമായി ബന്ധിക്കുവാനുള്ള ഒരു കുളത്താക്കിത്തീൎക്കണമെന്ന ഉദ്ദേശത്തോടുകൂടി ഉണ്ടാക്കപ്പെട്ടിരി

ക്കുന്ന സ്പൃശ്യതയും അസ്പൃശ്യതയും ഈ കായികപരിശീലനമാകുന്ന ആചാരത്തിൽ ഉൾപ്പെടുന്നു.

(ഇ) വിചാരം.

ജീവിതത്തിന്റെ യഥാൎത്ഥ ഉദ്ദേശവും പ്രയോജനവും എന്താണെന്നറിയുവാനുള്ള അന്വേഷണം. ആത്മീയലക്ഷ്യം എന്തെന്നും, നശ്വരമായ ഈ ലോകത്തേയും അതിനെ ഭരിക്കുന്ന ഋഷികൾ, ദേവന്മാർ, പിതൃക്കൾ മുതലായവരെ ഭരിക്കുന്നതു് ആരെന്നും മററുമറിവാനുള്ള ശ്രമം വിചാരത്തിൽ പെട്ടതാണ്.

വിഗ്രഹാരാധനശാസ്ത്രം.

6. സനാതനികളുടെ വിഗ്രഹാരാധന അഗാധമായ ശാസ്ത്രതത്വങ്ങളെ ആസ്പദമാക്കിയുള്ളതാണ്. പരമാൎത്ഥത്തിൽ സൃഷ്ടിയുടെ സഹായി മാത്രമായ ഈ പ്രത്യക്ഷമായ പ്രാപഞ്ചികവസ്തുക്കളെ അല്ല ആരാധിക്കുന്നതു്. ഈ വസ്തുക്കൾ പിതാക്കന്മാരുടെ അഗോചരമായ പരിധിയെ അറിയുവാനും, അതിൽകൂടി സൎവ്വവ്യാപിയായ സൎവ്വശക്തനെ (ദേവനേയോ, ദേവിയേയോ) ആരാധിപ്പാനും സഹായിക്കുന്നു. അപ്രകാരമുള്ള പിതാക്കന്മാരുടെ പരിധിയായി സങ്കല്പിക്കപ്പെട്ടിട്ടുള്ള പദാൎത്ഥങ്ങളാണ് അഗ്നി, ജലം, വിഗ്രഹം ആദിയായവ. മററു പുണ്യക്ഷേത്രങ്ങളിലെ വിഗ്രഹത്തെ ആരാധിക്കുന്നതു സനാതനികളുടെ വിശേഷധൎമ്മങ്ങളിൽ ഒന്നാണ്.

7. ഇപ്രകാരം 'പീഠത്തെ' സൃഷ്ടിക്കുന്ന അഗോചരമായ വിധത്തെപററി ഒരു ഊഹം ലഭിക്കുവാനായി, പാശ്ചാത്യരാജ്യങ്ങളിലെ പരമാത്മ വാദത്തിൽ "മേശതിരിക്കൽ" ("Table turning") എന്നറിയപ്പെടുന്ന ഒരു ഉദാഹരണം കാണിക്കാം. അതു് ഇപ്രകാരം പ്രവൃത്തിക്കപ്പെടുന്നു: പരിചയിക്കപ്പെട്ടിട്ടുള്ള രണ്ടോ അതിലധികമോ ആളുകൾ മൂന്നു കാലുള്ള ഒരു ചെറിയ മേശയിന്മേൽ തങ്ങളുടെ കൈതൊട്ടുകൊണ്ടു് അനങ്ങാതെ സ്വല്പനേരം ഇരിക്കുന്നു. ആ മേശ തിരിയണമെന്നു് അവർ ആഗ്രഹിച്ചാൽ സ്വല്പനേരം കഴിഞ്ഞു തന്നത്താൻ തിരിഞ്ഞു തുടങ്ങുകയും ഇരിക്കുന്നവരുടെ ചോദ്യത്തിന്നു വിവേകപുരസ്സരം മറുവടി പറകയും ചെയ്യും. അടുത്തിരിക്കുന്നവരുടെ അറിവോ ആഗ്രഹമോ കൂടാതെ മേശ തിരിയുന്നില്ല എന്നുള്ളതും, പല വിഷയത്തെപ്പററിയും അതു നല്കുന്ന വിവേകപുരസ്സരമുള്ള മറുവടിയും, പല വിധത്തിലും ആ മേശ തിരിയുന്നുണ്ടെന്നുള്ളതും, ചിലപ്പോൾ കോപത്തോടുകൂടി

സമാധാനം പറയുന്നതും, എല്ലാം അതിനെ നമ്മുടെ നശ്വരമായ ഈ ലോകത്തോടും അഗോചരമായ പിശാചുകളുടെ ലോകത്തോടുംകൂടി ബന്ധിച്ചിട്ടുണ്ടെന്നുള്ളതിലേക്കു തെളിവാണ്. ഇതു പരിശുദ്ധമല്ലാത്ത (അഗ്രഹ) 'പീഠത്തിന്റെ' പ്രവൃത്തിക്കുള്ള സാധാരണ ഉദാഹരണമാണ്. ഇതു വേദങ്ങളിൽ പറയുന്ന സ്പൃശ്യതയുടേയും അസ്പൃശ്യതയുടേയും മൂലതത്വങ്ങളെപ്പററിയുള്ള ഒരറിവില്ലാതെ ചെയ്യപ്പെടുന്നതാണ്. എന്നാൽ സനാതനികളുടെ വിഗ്രഹാരാധന പതിനാറുവിധത്തിലുള്ള ദിവ്യദേശങ്ങളിൽ സൃഷ്ടിക്കപ്പെട്ട വിശുദ്ധമായ (സഗവ്) പീഠത്തിൽ കൂടിയാണ്. അതിന്റെ ഉദ്ദേശം മുൻപു് പ്രസ്താവിച്ചിട്ടുണ്ട്. അതു് സ്പൃശ്യാസ്പൃശ്യശാസ്ത്രത്തിലേയും അതുപോലെയുള്ള എല്ലാ തത്വശാസ്ത്രങ്ങളിലേയും വിധി അനുസരിച്ചാണ്.

8. പാശ്ചാത്യരാജ്യങ്ങളിലെ എല്ലാ പ്രേതസംസർഗ്ഗവിധത്തേയും, ഇൻഡ്യയിൽ ചെയ്യപ്പെടുന്ന യോഗപ്രമാണസംഭവങ്ങളേയും, ഇപ്പോഴത്തെ വിചാരനിയന്ത്രപ്പകച്ച്, ഭൂതോപദ്രവം, ദേഹാതീതവൃത്തി അഥവാ ലയം, ഭയമൂർത്തിത്വം, വരാൻ പോകുന്നതിനെ കാണിക്കുന്ന സ്വപ്നം, ഉറക്കത്തിലുള്ള നടത്തം അഥവാ സ്വപ്നചാരം,......ഇത്യാദികൾ ഒന്നും നവീനശാസ്ത്രജ്ഞന്മാരുടെ യാതൊരു സിദ്ധാന്തത്താലും ബോദ്ധ്യമാകത്തക്കവണ്ണം വ്യഖ്യാനിക്കപ്പെട്ടിട്ടില്ല. അറിയുവാൻ ആഗ്രഹിക്കുന്ന ഒരുവന്നു്, സനാതനികളുടെ വൈദികശാസ്ത്രങ്ങളിൽ, അവസാനിക്കാത്തവിധം വിവരിച്ചിരിക്കുന്ന "പഞ്ചകോശങ്ങൾ" മാത്രമാണ്, ഇവയെപ്പററിയ ഒരു പൂർണ്ണബോദ്ധ്യം ഉണ്ടാക്കുന്നതു്. ആത്മാവ് എല്ലാ ജീവികളിലും മനുഷ്യാതീതജീവികളിലും ഉള്ളതുതന്നെ എങ്കിലും ഈ "പഞ്ചകോശങ്ങ"ളാൽ, അഥവാ 'അഞ്ചു ഉറ'കളാൽ പൊതിയപ്പെട്ടിരിക്കുന്നു.

9. ഈ പഞ്ചകോശങ്ങളെ താഴെ പറയുന്നവിധം വിളിക്കുന്നു. 1. അന്നമയകോശം, 2. പ്രാണമയകോശം, 3. മനോമയകോശം, 4. വിജ്ഞാനമയകോശം, 5. ആനന്ദമയകോശം. ശുദ്ധമല്ലാത്തതും ചീത്തയായതുമായ ഇവയുടെ ഫലങ്ങളെ യഥാക്രമം മലം, വികാരം, വിക്ഷേപം, അജ്ഞാനം, അസ്മിതം എന്നു വിളിക്കുന്നു. ആത്മാവിന്റെ ഈ പഞ്ചകോശങ്ങളുടെ നല്ലതും ചീത്തയുമായ ഫലങ്ങളെ, ദിവ്യശക്തികളായ സ്പൃശ്യതയിന്മേലും അസ്പൃശ്യതയിന്മേലും ബന്ധിച്ചിരിക്കുന്നു. ഈ പഞ്ചകോശങ്ങളെ മുൻപറയപ്പെട്ട അഞ്ചു മലിനഫലങ്ങളിൽനിന്നും വിമുക്തരാക്കുന്നതായാൽ, ഒരുത്തന്റെ ആ

ത്മഗ്രഹണത്തിന്നാവശ്യമായ ദിവ്യശക്തി സ്വീകരിക്കുവാൻ തയ്യാറായിരിക്കുന്നതാണ്. ഈ ദിവ്യശക്തി ലഭിക്കുവാനത്രേ വേദങ്ങൾ യജ്ഞം, കർമ്മം, ഉപാസനം, ശുദ്ധാശുദ്ധവിവേകം, സ്പൃശ്യാസ്പൃശ്യവിവേകം, മുതലായവ വേണമെന്നു വിധിച്ചിരിക്കുന്നതും, ധർമ്മശാസ്ത്രം അവയെ സ്വീകരിച്ചിരിക്കുന്നതും. ഉദാഹരണമായി ശുദ്ധമല്ലാതെ ഭൂമിയിലുള്ള പദാർത്ഥങ്ങളെ സ്പർശിക്കരുതെന്ന വിധി ആദ്യത്തെ ഉറയായ അന്നമയാകോശത്തെ നേരെ ബാധിക്കുന്നു. നേരെമറിച്ച്, ജനനാശുദ്ധംകൊണ്ടുള്ള അസ്പൃശ്യത, മരണശൌചം, ഗ്രഹണംകൊണ്ടുള്ള ശൌചം മുതലായവ അതിന്റെ ആദ്യപ്രവൃത്തി, മനോമയകോശ—മൂന്നാമത്തെ ഉറ—യിൽനിന്നു ആരംഭിക്കുന്നു. ദേവക്ഷേത്രപ്രവേശനത്തിലും, വിഗ്രഹാരാധനയിലും ഉള്ള ശുദ്ധാശുദ്ധവിവേകം, രണ്ടാമത്തെ ഉറയായ പ്രാണമയകോശവുമായി ശരിയായബന്ധമുള്ള (അസ്പഷ്ടപരിധിയാകുന്ന 'ദൈവപീഠ'വുമായി ബന്ധമുള്ള) ഒന്നത്രേ.

10. ജന്മത്തേയും, പുനർജ്ജന്മത്തേയും, പ്രവൃത്തിയേയും, ആവർത്തിക്കലിനേയും, സൂക്ഷ്മശരീരത്തിന്റെ ഉയർന്നതും താണതുമായ അഗോചരവസതിയിലേക്കുള്ള താമസംമാററലിനേയും,—സാധാരണ മരണം എന്നു വിളിക്കപ്പെടുന്ന സംഭവത്തേയും—ഇഹലോകത്തേയും അഗോചരമായതും ശക്തിയുള്ളതുമായ അപരലോകത്തേയും എന്നും തമ്മിൽ ഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ആ കൊളുത്തിനേയും പററി, ഇതുവരെ എതിക്കപ്പെട്ടിട്ടില്ലാത്ത ഒരു തത്വജ്ഞാനബോധമാണ് സനാതനികൾക്കുള്ളത്. എല്ലാ ദിക്കിലുമുള്ള രണ്ടാമത്തെ ഉറയായ പ്രാണമയകോശം അഗോചരമായ ദേവലോകത്തേയും നശ്വരമായ ഇഹലോകത്തേയും തമ്മിൽ ഘടിപ്പിക്കുന്ന കൊളുത്തുണ്ടാക്കുവാനുള്ള ഒരുപകരണമാണെന്നു സനാതനികൾ പൂർണ്ണമായി വിശ്വസിക്കുന്നു. യോഗിയുടെ വിഗ്രഹാരാധനയുടെ പ്രാണപ്രതിഷ്ഠയാകുന്ന ഭക്തിപരമായ പ്രവൃത്തിയെപ്പററി ബുദ്ധിപൂർവ്വം പഠിക്കുന്ന ഒരാൾക്ക് അതു് മുൻപ്രസ്താവിക്കപ്പെട്ട പതിനാറുദ്ദേശത്തോടുകൂടി ഉൽകൃഷ്ടജീവികൾ മുതൽ അല്പപ്രാണിവരേയുള്ള ഒരു അഗോചരപ്രാണപരിധിയെ നിർമ്മിക്കുന്നതിനാണെന്ന് എളുപ്പം അറിയുവാൻ കഴിയും. ഈ വിശുദ്ധപീഠം—ആരാധനയുടെ അഗോചരപരിധി—അതു് ചെയ്യുന്നവന്റെ "സംസ്കാര"ത്തോടുകൂടി ഉള്ളതായിരിക്കും. അതിനാൽ ശാസ്ത്രനിയമങ്ങൾ അനുസരിച്ച് ഒരു ബ്രാഹ്മണൻ ഒരു ശൂദ്രനാൽ—പഞ്ചമൻ എന്ന് ഇപ്പോൾ വിളിക്കപ്പെടുന്നവനാൽ—സ്ഥാപിതമായ വിഗ്രഹത്തിന്നു മു

മ്പിൽ നമിക്കുവാൻപോലും വയ്യാ. എന്തെന്നാൽ ബ്രാഹ്മണദേഹത്തിലുള്ള അഗോചരപീഠത്തിന്റെ നിർമ്മലശക്തി ആ വിഗ്രഹത്തിനുള്ളതിനേക്കാൾ തുലോം അധികമത്രേ. പാശ്ചാത്യരാജ്യങ്ങളിലെ ഐഹികശാസ്ത്രസംബന്ധമായ അഭ്യസനത്താൽ വേദവിധി അനുസരിച്ചുള്ള ഈ ശുദ്ധാശുദ്ധവിവേകനിയമങ്ങളെ ഇളക്കുവാൻ വയ്യാ.

ഈ കലിയുഗത്തിൽ സമുദായത്തിന്റെ മതപഠനാഭാവംകൊണ്ടും, മററു പല കാരണങ്ങളെക്കൊണ്ടും സനാതനികൾ ഇരുട്ടത്തു വെച്ച് ആണ് സാധാരണ പണിയെടുക്കുന്നതെങ്കിലും, ഈ ചരിത്രാതീത വർഗ്ഗക്കാരുടെ നേതാക്കന്മാരായ ബ്രാഹ്മണരും സന്ന്യാസികളും ചിലപ്പോൾ പിഴച്ചവഴിയിൽകൂടിയത്രേ ഇന്ന് ഗമിക്കുന്നത്. വർണ്ണാശ്രമവംശത്തിന്റെ പ്രകൃത്യായുള്ള നേതാക്കന്മാരായ ബ്രാഹ്മണരും സന്ന്യാസികളും അവരുടെ വിശിഷ്ടധർമ്മത്തിന്റെ ഉദാരഭാവം മറന്നതും സാധാരണയായി തങ്ങളുടെ ധർമ്മശാസ്ത്രനിയമങ്ങളെ അനുസരിക്കുന്നില്ല എന്നുള്ളതും ആണ് ഇപ്പോഴത്തെ ഈ രാഷ്ട്രീയകലാപത്തിനുള്ള മൂലഹേതുക്കൾ എന്നു വിശ്വസിക്കപ്പെടുന്നു. എന്നാൽ സനാതനികളുടെ മതഗ്രന്ഥങ്ങളിലൊന്നിലും തന്നെ "പക, അഥവാ വിരോധം" എന്ന പദം കാണപ്പെടുന്നില്ലെന്നു നിങ്ങൾക്കു കാണുവാൻ സാധിക്കും. സനാതനികളുടെ മതവീക്ഷണത്തിൽകൂടി നോക്കുന്നതായാൽ ലോകത്തിലെ സകല മതാനുയായികളേയും, വിവിധമാർഗ്ഗപാന്ഥന്മാരേയും, അവർ സർവ്വശക്തനായ ഏകപിതാവിന്റെ പുത്രന്മാരായും, തങ്ങളുടെ സഹോദരങ്ങളായും ആണു കരുതുന്നതെന്ന് അറിയാം. "ഒരു നല്ല മനുഷ്യനു ലോകത്തിലെ സകല മനുഷ്യവർഗ്ഗത്തേയും ഒരു കുടുംബമായും, ഏകപിതാവിന്റെ പുത്രന്മാരാകയാൽ സകല സ്ത്രീപുരുഷന്മാരേയും തന്റെ സഹോദരന്മാരായും സഹോദരിമാരായും കാണുവാൻ സാധിക്കുന്നതാണ്" എന്നത്രെ ശ്രുതികൾ ഉൽഘോഷിക്കുന്നത്. എന്നാൽ സനാതനികളുടെ സമസ്ത സഹോദര്യത്തെ പാശ്ചാത്യരാജ്യങ്ങളിലെ നവീന 'സമത്വ'ബോധവും യൂറോപ്പിലെ "സമാവകാശ" വാദവുമായി സമ്മിശ്രം ആക്കുവാൻ പാടില്ല. സനാതനികളുടെ സ്പൃശ്യാസ്പൃശ്യവിവേകത്തിന്റെ അടിസ്ഥാനം, അഗോചരപ്രതിഫലത്തിൽ ഉറപ്പിച്ചിരിക്കുന്നു. ഒരു സനാതനിവിധവക്കു തന്റെ പുത്രന്മാരുമൊന്നിച്ച് ആഹാരം കഴിച്ചുകൂടാ. തന്റെ കുടുംബാംഗങ്ങളിൽ ആരെങ്കിലും മരിക്കുന്നതായാൽ ഒരു സനാതനി ഒരു പ്രത്യേകകാലത്തേക്ക് അസ്പൃശ്യനായിത്തീരുന്നു.

ഒരു ഗ്രഹണത്തിനുശേഷം എല്ലാ സനാതനികളും അസ്പൃശ്യരാവുകയും അവരുടെ പാകം ചെയ്യപ്പെട്ട ആഹാരപദാൎത്ഥങ്ങളെല്ലാം ഒരു അധഃകൃതനാൽ സ്പൎശിക്കപ്പെട്ട എങ്കിൽ സംഭവിക്കുന്നതുപോലെ അശുദ്ധമാകുകയും ചെയ്യുന്നു; ചില ഉയൎന്ന വൎഗ്ഗത്തിലുള്ള ബ്രാഹ്മണൎക്കും സന്യാസികൾക്കും സനാതനികളുടെ ക്ഷേത്രത്തിനകത്തു കടക്കുവാൻപോലും പാടില്ല. എന്നാൽ അവൎക്ക് ആരോടും സ്പൎദ്ധ കാണിക്കുവാൻ വയ്യാ. ആരെങ്കിലും അവരുടെ പ്രവൃത്തിയിൽ കോപിക്കുകയും ചെയ്യേണ്ടതാവശ്യമില്ല. സനാതനികളുടെ ആത്മസംസ്കാരത്തിന്റെ ഉദാരബുദ്ധിയുള്ള നിയമാനുസരണം എല്ലാ മനുഷ്യരും, ഉയൎന്നതോ താണതോ ആയ ജാതിയിൽ പെട്ടവരായാലും, സഹോദരഭാവത്തോടുകൂടി വൎത്തിക്കണം. എന്തെന്നാൽ മുൻപറയപ്പെട്ടതുപോലെയുള്ള സനാതനികളുടെ വിശേഷധൎമ്മത്തിന്റെ ശാസ്ത്രനിയമങ്ങളെ അവരെല്ലാം അനുസരിക്കുന്നു. ശാസ്ത്രങ്ങൾ വൎഗ്ഗവ്യത്യാസമെന്യേ സകല മനുഷ്യരേയും, ലോകത്തിലെ ഏതുമതാനുയായികളേയും, അവർ തങ്ങളുടെ വിശേഷധൎമ്മം ആചരിക്കുന്നുവെന്നിരുന്നാലും അടുത്ത ബന്ധുക്കളായിക്കരുതണമെന്നു നിൎബ്ബന്ധിക്കുന്നു. സനാതനനിഷ്ഠ "അതിഥികൾ ആരായിരുന്നാലും, ഉയൎന്നതോ താണതോ ആയ ഏതു ജാതിയിൽ പെട്ടവരായിരുന്നാലും, ഏതു വിശ്വാസത്തെ അനുകൂലിക്കുന്നവരായിരുന്നാലും, ദേവന്മാരെപ്പോലെ കരുതപ്പെടേണ്ടവരും വന്ദിക്കപ്പെടേണ്ടവരും ആണ്" എന്നാണ്. അതിനാൽ ഒരു സനാതനിക്ക് അസ്പൃശ്യതാനിയമത്തേയും ക്ഷേത്രപ്രവേശനനിയമത്തേയും മതപരവും ആത്മീയപരവും ആയ ഒന്നായിട്ടു മാത്രമേ ദൎശിക്കുവാൻ സാധിക്കയുള്ളൂ.

മററുമതാനുയായികളുടേയും ഗവൎമ്മേണ്ടിന്റേയും കൎത്തവ്യം.

ബ്രഹ്മസമാജക്കാർ, ആൎയ്യസമാജക്കാർ, ഗാന്ധിയുടെ അനുഗാമികളായ പരിഷ്കാരികൾ തുടങ്ങിയ ഇൻഡ്യയിലെ എല്ലാ സഹോദരമതാനുയായികളും, ഇന്നത്തെ ഭരണാധികാരികളും, ക്ഷേത്രപ്രവേശനം, അസ്പൃശ്യത, ഇത്യാദി മതവിഷയങ്ങളെ സനാതനികൾ കാണുന്ന വെളിച്ചത്തുവച്ചുതന്നെ, സദയം വീക്ഷിക്കേണ്ടതാണ്. സനാതനികളുടെ വിവാഹം തുടങ്ങിയ മതകാൎയ്യങ്ങളിൽ അധികൃതന്മാർ നടത്തിയ പ്രവേശനവും, മതവിഷയങ്ങളിൽ ഗവൎമ്മേണ്ടു നിഷ്പക്ഷവാദിയായിരുന്ന കാലം കഴിഞ്ഞുപോയി എന്നുള്ളതും, ഇൻഡ്യയിലെ രാഷ്ട്രീയ കാൺഗ്രസ്സിന്നു മതവിഷയത്തെസ്സംബന്ധിച്ചിടത്തോളം സൎവ്വസ്വാതന്ത്ര

ന്ത്ര്യം ഉണ്ടെന്നുള്ള പ്രമേയവും, രാഷ്ട്രീയനേതാക്കന്മാരുടെ ഭ്രമത്തോടു കൂടിയ നയവും, എല്ലാം അവരിൽ വിശ്വാസം പ്രദർശിപ്പിക്കാതിരിക്കുവാൻ പര്യാപ്തമായി തീർന്നിരിക്കുന്നു.

13. ഇന്നത്തെ ഈ വിഷമങ്ങൾക്കെല്ലാമുള്ള പ്രധാനകാരണം നമ്മൾ ക്രമപ്രകാരം സംഘടിക്കപ്പെട്ടിട്ടില്ലെന്നും മതവിഷയങ്ങളിൽ നാം പ്രത്യേക ഔത്സുക്യം കാണിക്കുന്നില്ലെന്നും പ്രകൃത്യാ തന്നെ സമാധാനപ്രിയന്മാരും സങ്കടം അനുഭവിക്കുവാൻ സന്നദ്ധരാണെന്നും ഉള്ളതാണ്. പാശ്ചാത്യരാജ്യങ്ങളിലെ എല്ലാ പ്രധാന മതത്തേയും അടിച്ചുടച്ച ആ അന്യായ രാഷ്ട്രീയവിചിന്തനം ഇതുവരേയുള്ള സകല കഷ്ടപ്പാടിനേയും അക്രമത്തേയും ജയിച്ച നമ്മുടെ ധർമ്മാദർശത്തേയും ധർമ്മസ്ഥാപനങ്ങളേയും നശിപ്പിക്കുവാൻ ചെയ്യുന്ന ഈ അനീതികരമായ ഉദ്യമത്തെ, ഇനിയും നാം ക്ഷമയോടെവീക്ഷിക്കുവാൻ പാടില്ല. മതത്തിന്റെ പേരിൽ ഇരുഭാഗത്തും സനാതനികൾക്ക് ആശ്ചര്യകരമായ പ്രവൃത്തികൾചെയ്വാൻ സാധിക്കുമെന്നതിലേക്ക് ഭൂതകാലത്തിലേയും വർത്തമാനകാലത്തിലേയും ചരിത്രം ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്.

അധികൃതന്മാരോടും രാഷ്ട്രീയനേതാക്കന്മാരോടും എല്ലാ തൊഴിലിനേയും അഥവാ സ്ഥിതിയേയുംപററി ഒരു പര്യാലോചന നടത്തുവാൻ ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ വിശുദ്ധധർമ്മത്തേയും ചരിത്രത്തിന്നു മുമ്പുമുതൽ ആരംഭിക്കപ്പെട്ട വൈദികവിധി അനുസരിച്ചുള്ള സാമുദായികനിലയേയും ബലി കൊടുത്തശേഷം യാതൊരു "സ്വരാജ്യം" ഞങ്ങൾക്ക് ആവശ്യമില്ല. ഭരണസംബന്ധമായി അടുത്തു വരുത്തുവാൻ പോകുന്ന പരിഷ്കാരത്തിൽ താഴെ പറയപ്പെടുന്നവിധം ഒരു പ്രത്യേകവകുപ്പുകൂടി അനുവദിച്ചുകിട്ടുവാൻ നമുക്ക് ആവശ്യപ്പെടണം. ഗവർമ്മേണ്ടും ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരും ഭരണസമിതികളും ആരുംതന്നെ ഇൻഡ്യയിലെ ഏതെങ്കിലും ഒരു സമുദായക്കാർ തങ്ങളുടെ മതവിശ്വാസങ്ങളേയും സ്ഥാപനങ്ങളേയും ആചാരങ്ങളേയും വിശുദ്ധസംസ്കാരങ്ങളേയും ബാധിക്കുന്നതോ ബാധിക്കുവാൻ ഇടയുള്ളതോ ആയി വിശ്വസിക്കുന്ന യാതൊരു പ്രവൃത്തിയിലും നേരേയൊ അഥവാ വളഞ്ഞിട്ടോ പ്രവേശിക്കുവാൻ പാടില്ല. ഈ പ്രത്യേകവകുപ്പു ചേർക്കപ്പെട്ടിട്ടില്ലാത്ത പുറംപൂച്ചുമാത്രമുള്ള ഏതു ഭരണരീതിയേയും, പ്രാദേശികസ്വയംഭരണാധികാരത്തേയോ, ഉത്തരവാദിത്വഭരണത്തേയോ, അഥവാ യഥാർത്ഥ'സ്വരാജ്'തന്നേയോ, ഉപേക്ഷിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി തീരും.

14. സാമ്രാജ്യരക്ഷകരും ഇൻഡ്യയുടേയും ഇംഗ്ലണ്ടിന്റേയും നമ്മക്കും ആയി ഞങ്ങൾ അധികൃതന്മാരോടും, രാഷ്ട്രത്തിന്റെ ഐകമത്യത്തിനും സുഖത്തിനുമായി ഞങ്ങൾ രാഷ്ട്രീയനേതാക്കന്മാരോടും ഇങ്ങിനെ അപേക്ഷിക്കുന്നു. സമാധാനപ്രിയന്മാരായ ഞങ്ങൾ ഗവമ്മേണ്ടിനോടും രാഷ്ട്രീയനേതാക്കന്മാരോടും നിഷ്പക്ഷതപത്തോടെയും, ന്യായാനുസരണവും ആയി പ്രവത്തിക്കുവാൻ അപേക്ഷിക്കുന്നു. ഞങ്ങളുടെ ഉദ്യമത്തിൽ പരാജിതരായാൽ ബുദ്ധമതകാലത്തേയും മഹമ്മദുമതകാലത്തേയുംപോലെതന്നെ ഞങ്ങൾക്ക് അഗോചരലോകത്തിൽനിന്നും സഹായം ലഭിക്കുമെന്നും, വിശുദ്ധമായ ഞങ്ങളുടെ സനാതനധമ്മവും, സാമുദായികവ്യവസ്ഥയും സംരക്ഷിക്കപ്പെടുമെന്നും ഞങ്ങൾക്കു പരിപൂണ്ണവിശ്വാസമുണ്ടു്.

എന്നു്,

റാവുബഹദൂർ കവീന്ദ്രനാരായണസംഹൻ (ഒപ്പു്)

ജനറൽസിക്രട്ടറി.

കേരളസാഹിത്യ
അക്കാദമി

കമ്പികൾ.

കമ്പി നമ്പ്ര് 79.

കോഴിക്കോടു സാമൂതിരിക്കു, മലബാർ

"അധഃകൃതക്ക് ഗുരുവായൂർ ക്ഷേത്രത്തിൽ ഏതുവിധമുള്ള പ്രവേശനാനുവാദത്തേയും, ഹിന്ദുശാസ്ത്രനിയമങ്ങൾക്കു വിരോധമാകയാൽ, ഈ സംഘം പാടെ വിരോധിക്കുന്നു."

പ്രസിഡൻണ്ടു്, സനാതനധമ്മസഭ,

ഖേരേറിയാ.

1932 ഡിസംബർ 19-ാംനു-.

കമ്പിനമ്പ്ര് 219.

"അജാതീയരുടെ ക്ഷേത്രപ്രവേശനം ഐകകണ്ഠ്യേന വിരോധിക്കപ്പെട്ടിരിക്കുന്നു."

സനാതനധമ്മമണ്ഡലം, കണ്ഡല.

1932 ഡിസമ്പർ 19-ാംനു-.

കമ്പിനമ്പ്ര് 198.

ഗുരുവായൂർ ക്ഷേത്രഭാരവാഹി കോഴിക്കോട്ട് സാമൂതിരിക്ക്.

"വേക്കപുരത്തെ പൊതുജനങ്ങൾ, ഗുരുവായൂർ ക്ഷേത്രം അവർണ്ണർക്കു തുറന്നുകൊടുക്കരുതെന്നു നിർബ്ബന്ധിക്കുന്നു."

ചേററുമ്മൽ,
പ്രിയതം ധർമ്മസഭ,
1932 ഡിസംബർ 19-ാംനു-.

കമ്പിനമ്പ്ര് 176.

കോഴിക്കോട്ട സാമൂതിരിക്ക്, മലബാർ.

"അവർണ്ണരുടെ ക്ഷേത്രപ്രവേശനം വേദങ്ങൾക്കും ശാസ്ത്രങ്ങൾക്കും വിരോധം. ക്ഷോഭംകൊണ്ടു് സമ്മതിക്കരുതു്"

വിദ്വത്സമതി,
ഗ്വാളിയർ,
1932 ഡിസംബർ 19-ാംനു-.

കേരള സാഹിത്യ അക്കാദമി

പുരി ശങ്കരാചാൎയ്യർ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"സനാതനമതം നിർജ്ജീവമായിത്തീരുന്നതിനേക്കുറിക്കുന്ന ചെവിയിലോത്താകുന്നു പ്രസ്തുതബില്ലു (അസ്പൃശ്യതാനിവാരണബില്ലും ക്ഷേത്രപ്രവേശനബില്ലും) കൾ എന്നതിൽ തൎക്കമില്ല."

5-8-1108-ലെ സനാതനഹിന്ദു.

മാഞ്ചെസ്റ്റർ ഗാഡിയൻ പത്രം പറയുന്നു:—

"വെസ്റ്റമിനിസ്റ്റർ ആബി എന്ന ദേവാലയത്തിൽ പ്രവേശിച്ചു് പ്രാൎത്ഥനനടത്തുവാൻ അൎഹതയില്ലാത്ത ഒരു ക്രസ്ത്യൻ അങ്ങിനെ ചെയ്യേണമെന്നു പറയുന്ന കഥ കിടക്കട്ടെ. ഇംഗ്ലീഷുദേവാലയത്തിലെ ഒരു പുരോഹിതൻ സ്വയം വൈദികക്രിയകൾ നേരിട്ടു നടത്തിത്തരേണമെന്നു നിർബ്ബന്ധിക്കുകൂടി ചെയ്താൽ എന്തായിരിക്കുമൊ അതാണു് ഇക്കാൎയ്യത്തിൽ (ഇന്ത്യൻ ക്ഷേത്രപ്രവേശനവാദത്തിൽ) സാദൃശ്യപ്പെടുത്തിപ്പറയേണ്ടതായ ദൃഷ്ടാന്തം."

8-9-1108-ലെ സനാതനഹിന്ദു.

"മഹാറാണിറീജൻറ് തിരുമനസ്സുകൊണ്ടു തന്നത്താൻ ഇങ്ങിനെ ഒരു തീരുമാനം (കിഴക്കെ നട ഒഴിച്ചു ബാക്കി നടകളിൽ അവൎണ്ണൎക്കു പ്രവേശിക്കാം) ചെയ്തതു് വളരെ നന്നായിട്ടുണ്ടെന്നും ക്ഷേമകരമാണെന്നും പറവാൻ ഞങ്ങൾ തയ്യാറില്ല. വൈക്കം ക്ഷേത്രം തിരുവിതാംകൂറിലാണു് സ്ഥിതിചെയ്യുന്നതെങ്കിലും ആ ക്ഷേത്രത്തെ സംബന്ധിച്ചു് അഭിപ്രായം പറവാൻ അധികാരപ്പെട്ടവർ തിരുവിതാംകൂറിന്നു പുറമേയും വളരെയുണ്ടു്. അല്പം ചിലരുടെ ഭീഷണികേട്ടു മററും മഹാറാണിറീജൻറ് ഇങ്ങിനെ കല്പിച്ചതു് പുനരാലോചനചെയ്യുമ്പോൾ ക്ഷന്തവ്യമല്ലാത്ത ഒരു കുററമായിഗ്ഗണിയ്ക്കപ്പെടുമെന്നാണു് ഞങ്ങൾക്കു് തോന്നുന്നതു്."

7-11-100-ലെ യോഗക്ഷേമം.

"ദിവാൻ രാഘവയ്യാ ശ്രീമൂലം പ്രജാസഭയിലെ പ്രസംഗത്തിൽ പറയുന്നു: ഹിന്ദുസമുദായത്തിലുൾപ്പെട്ട മററു ചില വൎഗ്ഗക്കാർ പരിശുദ്ധമായിഗ്ഗണിച്ചുപോരുന്ന സ്ഥലങ്ങളിൽ പ്രവേശിക്കാനനുവാദം കൊടുക്കുന്നതു ഇതുപോലെയുള്ള (സൎക്കാർ സൎവ്വീസുകളിലും മററും പ്രവേശംകൊടുക്കുന്നതുപോലെ) പ്രവൃത്തിയല്ല. എന്തെന്നാൽ അതു മതവിശ്വാസത്തിൽ സ്ഥാപിതങ്ങളും സ്ഥിരപ്രതിഷ്ഠങ്ങളുമായ ആചാരങ്ങളെ അതിലംഘിക്കുന്നു."

1-8-100-ലെ യോഗക്ഷേമം.

മോർവി ദിവാനായിരുന്ന മിസ്റ്റർ റാഞ്ചോഡാസ്സ് പാട്ടുവാറി പറയുന്നു:-

"ക്ഷേത്രപ്രവേശം ഹിന്ദുക്കളിൽ സ്പൎദ്ധയുണ്ടാക്കുന്നതാണു്. അതു് അവരുടെ സംഘബലം നശിപ്പിക്കും. നിയമലംഘനം സാധാരണയായി ഉപദേശിക്കുന്ന മി. ഗാന്ധി ക്ഷേത്രപ്രവേശനകാൎയ്യം വന്നപ്പോൾ വൈസ്രായിയുടെ സഹായം ആവശ്യപ്പെടുന്നതു് യുക്തമല്ല. അങ്ങിനെ ചെയ്യുന്നതു് ലക്ഷോപലക്ഷം ഹിന്ദുക്കളുടെ മനസ്സിനെ വേദനിപ്പിക്കുന്നതാണു്. ആലോചിച്ചുനോക്കിയാൽ ക്ഷേത്രപ്രവേശാനുകൂല്യം വലിയ അക്രമപരമായ പ്രവൃത്തിയാണു്. ഗാന്ധിജി ക്ഷേത്രപ്രവേശത്തിൽ കൈവെച്ചതു് സാഹസമായിപ്പോയി."

6-6-1108-ലെ സനാതനഹിന്ദു.

നിഖിലഭാരതവർണ്ണാശ്രമസ്വരാജ്യസംഘപ്രതിനിധികൾക്ക് ഗുരുവായൂർ നിവാസികളായ മഹിളാജനങ്ങളർപ്പിച്ച മംഗളപത്രത്തിൽ പറയുന്നു:

"ചരിത്രപ്രസിദ്ധമായ ഈ പുണ്യക്ഷേത്രത്തിൽ അധഃസ്ഥിതരെ പ്രവേശിപ്പിക്കുവാനുള്ള എതുദ്യമത്തേയും ഞങ്ങൾ ബലമായി പ്രതിഷേധിക്കുകയും പ്രസ്തുതസംഗതിയിലനുഭാവമുള്ളവർ യാതൊരുത്തരും ഈ തട്ടകത്തില്ലെന്നുള്ള വാസ്തവം നിങ്ങളെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെപ്പററി ഗാഢമായി ചിന്തിച്ചതിൽ ഞങ്ങൾക്കുണ്ടായ അഭിപ്രായം അധഃസ്ഥിതരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ചാൽ ഈ പുണ്യക്ഷേത്രത്തിൻെറ വിശുദ്ധിയും ചൈതന്യവും നശിച്ചുപോകുമെന്നുതന്നെയാണ്. ഇങ്ങിനെ ചെയ്യുന്നതായാൽ ഭക്തിപുരസ്സരം ആരാധന നടത്തിപ്പോരുന്നവരുടെ ഇന്നത്തെ നിലയെ തീരെ തകിടംമറിച്ച് സവർണ്ണരുടെ ഇടയിൽ എന്നന്നേക്കും അതികലശലായ ക്ഷോഭത്തേയും ക്ലേശത്തേയുംഉണ്ടാക്കിത്തീർക്കും.

അവരുടെ (സമുദായപരിഷ്ക്കാരകന്മാരുടെ) നിർദ്ദേശങ്ങൾ അതിർകവിഞ്ഞവയുമാണ്. അസ്പൃശ്യതയെപ്പററി പറകയാണെങ്കിൽ അതു് സ്വാഭാവികമാണെന്നതിന്നു് പുറമെ ശാസ്ത്രങ്ങളാൽ നിർദ്ദിഷ്ടമായ ഒരു തത്വമാണെന്നുകൂടി വരുമ്പോൾ ഈ പരിഷ്ക്കാരികൾ വെറുത്താലും മറുത്താലും അതെങ്ങിനെ ഇല്ലാതാവുമെന്നു് ഞങ്ങൾക്കു് മനസ്സിലാകുന്നില്ല. അസ്പൃശ്യതയാകട്ടെ അനേകതലമുറകളായി നമ്മുടെ ജീവിതചര്യയുമായി സംബന്ധപ്പെട്ടു് നിലനിന്നുവരുന്ന ഒരാചാരമാണ്. പോരെങ്കിൽ അതു് മതസംബന്ധവും സാമുദായികവുമായ നമ്മുടെ നടവടിക്രമത്തെ നിയന്ത്രിപ്പാൻ സ്ഥാപിതങ്ങളായ ശാസ്ത്രങ്ങളാൽസമ്മതിയ്ക്കപ്പെട്ടതുമാകുന്നു. അവസാനമായിഞങ്ങൾക്കു് പറവാനുള്ളതു് അധഃസ്ഥിതരുടെ സാമ്പത്തികവും സാമുദായികവും ആത്മീയവുമായ ഉന്നമനത്തിന്നു് ഞങ്ങൾ പ്രതികൂലികളാണെന്നു് തെറാദ്ധരിയ്ക്കരുതെന്നാണ്. അങ്ങിനെയാണെങ്കിലും നടപ്പുകൊണ്ടും ആചാരംകൊണ്ടും ഇതേവരെ അനുവദിയ്ക്കപ്പെടാത്ത ഒരു വർഗ്ഗക്കാൎക്കു് ക്ഷേത്രപ്രവേശം അനുവദിയ്ക്കുന്നതായാൽ അതേപ്പററി ഞങ്ങൾക്കു് പ്രബലമായ വിരോധമുണ്ടെന്നു പ്രസ്താവിയ്ക്കാതിരിപ്പാനും നിവൃത്തിയില്ല."

വിനീതകളായ മഹിളാജനങ്ങൾ.

മദ്രാസ് ഹൈക്കോർട്ടുവക്കീൽ ടി. ആർ. രാമചന്ദ്രയ്യർ ഒരു പ്രസംഗത്തിൽ പറയുന്നു:—

“ഹരിജനങ്ങൾ ക്ഷേത്രപ്രവേശം ചെയ്താൽ ആ നിമിഷത്തിൽ തന്ത്രി പൂജ ഉപേക്ഷിക്കും. ക്ഷേത്രഗാമികളിൽ ഉത്തമവിശ്വാസമുള്ളവർ ഒന്നൊഴിയാതെ ക്ഷേത്രത്തെ വിജനപ്രദേശമാക്കുകയും, അവയുടെ ആദിസ്ഥാപകന്മാരുടെ ഉദ്ദേശമനുസരിച്ച് അവക്കനുഭവമായിരുന്ന നന്മയും, പൂർവ്വാചാരവും, നിയമവും ഇല്ലാതാക്കുകയും ചെയ്യും. ക്ഷേത്രവിശുദ്ധി എന്നെന്നേക്കുമായി നശിക്കുകയും, ഉയന്ന സമുദായങ്ങളുടെ നന്മക്കുവേണ്ടി നീക്കിവെച്ചിരുന്ന ധമ്മസ്ഥാപനങ്ങൾ അവക്കു നഷ്ടപ്പെടുകയും, ഉദ്ദേശിക്കപ്പെടാത്ത മററു ജാതിക്കാരാൽ അവ വിനിയോഗിക്കപ്പെടുകയും ചെയ്യും. മററുവിധത്തിൽ പറകയാണെങ്കിൽ അങ്ങിനെയുള്ള അവസ്ഥാന്തരം ഒരു മുതലപഹരണമായിത്തീരുന്നതും യാദൃച്ഛികന്മാക്കുള്ള ഒരു ദാനമായിത്തീരുന്നതുമാകുന്നു. ഭരണകത്താക്കന്മാക്ക് അതിനൊന്നും അധികാരമില്ലതന്നെ. ഒരു ധനികൻെറ മുതലിനെ പിടിച്ചെടുത്ത് ഒരു ദരിദ്രന് അയാൾ എത്രതന്നെ ഗുണവാനും ആവശ്യക്കാരനുമായിരുന്നാലും ഭരണകർത്താക്കൾക്ക് കൊടുപ്പാൻ പാടുണ്ടോ.? ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശത്താൽ എത്രയും വലിയ വിപത്തുകൾ വരാവുന്നതാണെന്ന് ഭരണകർത്താക്കന്മാർ കൂലങ്കഷമായി പര്യാലോചിക്കേണ്ടതാണ്.”

20-6-1108-ലെ സനാതനഹിന്ദു.

ബിംബാരാധനയും അസ്പൃശ്യതയും.

"സ്പൃശ്യതയേയും അസ്പൃശ്യതയേയും
വേദാന്തശാസ്ത്രവും പ്രകൃതിശാസ്ത്രവും സമ്മതിക്കുന്നു !!"

(സ്വാമി ദയാനന്ദജി മഹാരാജ, ശ്രീഭാരതധർമ്മമഹാമണ്ഡലം
കാര്യദർശി, കാശി.)

സനാതനികൾ അനുഷ്ഠിച്ചുവരുന്ന ബിംബാരാധന വേദാന്തതത്വശാസ്ത്രരഹസ്യങ്ങളിൽ അടിസ്ഥാനപ്പെട്ടു കിടക്കുന്ന ഒരു സദാചാരമാകുന്നു. പരമാർത്ഥം പറയുന്നതായാൽ ബിംബാരാധനയിൽ ആരാധനീയമായ പദാർത്ഥം കേവലം ഭൌതികവസ്തുവല്ല. പ്രത്യക്ഷമായിക്കാണുന്ന ഭൌതികവസ്തുക്കൾ മറെറാരുവിധത്തിൽ ആരാധനക്കു സഹായികളായിത്തീരുന്നതേ ഉള്ളു. എങ്ങിനെ എന്നാൽ സർവ്വവ്യാപിയും സർവ്വശക്തനുമായ ഈശ്വരൻെറ അതീന്ദ്രിയരൂപങ്ങൾ ദേവന്മാരും ദേവികളും—അധിഷ്ഠാനദേവതകളായി വിളങ്ങുന്ന പദാർത്ഥങ്ങളെക്കൊണ്ടാണല്ലൊ ഈശ്വരാധിഷ്ഠാനമായി ജ്യോതിർമണ്ഡലത്തെ—പീഠത്തെ—നിർമ്മിക്കുന്നതു്. സനാതനികളുടെ ശാസ്ത്രഗ്രന്ഥങ്ങൾ പീഠനിർമ്മാണത്തിനുള്ള— ജ്യോതിർമണ്ഡലരചനയ്ക്കുള്ള— ഭൌതികപദാർത്ഥങ്ങളിൽ പതിനാറു സാധനങ്ങൾ—Elements—അടങ്ങിയിരിക്കുന്നതായി പ്രതിപാദിക്കുന്നുണ്ടു്. ഈ പദാർത്ഥങ്ങൾ അഗ്നി, ജലം, രൂപഭേദങ്ങൾ മുതലായവയാകുന്നു. വിഗ്രഹങ്ങളെയാവട്ടെ മററു പദാർത്ഥങ്ങളെയാവട്ടെ ആരാധിക്കുന്നതായ ധർമ്മം സനാതിനികളുടെ വിശേഷധർമ്മമാണുതാനും.

ജ്യോതിർമണ്ഡലത്തെ അഥവാ പീഠത്തെ നിർമ്മിക്കുന്നതിൽ അതീന്ദ്രിയമായ ഉപക്രമരീതിയെക്കുറിച്ചു് ഒരു സ്വരൂപമുണ്ടാക്കുവാനായി പാശ്ചാത്യരാജ്യങ്ങളിൽ ഇക്കാലം നടപ്പിലിരിക്കുന്ന മിസ്മരിസം സംബന്ധിച്ചുള്ള 'ഭൂതപ്പലക'യുടേയും 'ഭൂതാവേശ'ത്തിൻേറയും കഥയെ ഞാൻ ഉദാഹരിക്കാം. അതിനും ഇതിനും സാദൃശ്യമുണ്ടെന്നു പറയാം. മിസ്മരിസത്തിൽ അഭ്യാസവും പരിചയവും സിദ്ധിച്ച രണ്ടോ നാലോ ആളുകൾ ഒരുമിച്ചിരുന്നു്, ഇതു 'കാണു'മെന്നു സ്വയം അനുസന്ധാനംചെയ്തു്, മൂന്നു കാലിന്മേലുള്ള ഒരു പീഠത്തെ കൈകൊണ്ടു തൊട്ടുംകൊണ്ടു കുറെ നേരം ഇളകാതെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു. കു

റച്ചു നേരം കഴിയുമ്പോൾ ആ പീഠം താനെതന്നെ ഇളകുവാൻ തുടങ്ങുകയും, അതിന്നുശേഷം ആ മിസ്മരിസക്കാരുടെ എല്ലാ ചോദ്യങ്ങൾക്കും ചൊടിയോടുകൂടി ഉത്തരങ്ങൾ പറയുകയും ചെയ്യുന്നതു നാം കണ്ടുവരുന്ന ഒരു സംഗതിയാണല്ലോ. കാണികളുടെ അറിവോ ആഗ്രഹമോ കൂടാതെ സ്വയം ഭൂതപ്പലക തിരിയുന്നതും, പല സംഗതികളെക്കുറിച്ചും ചോദിക്കുന്നതിന്നെല്ലാം കൃത്യമായി ഉത്തരം പറയുന്നതും, ഇതുകൂടാതെ പല ഭാഗത്തേക്കുമായി പലക തിരിയുന്നതും, അപ്രകാരംതന്നെ ക്രമക്കേടായി പലതും കാണിക്കുന്നതും, ഇവയെല്ലാം മനുഷ്യലോകത്തിന്നും പിതൃലോകത്തിന്നും പരസ്പരം സംഭൂതമായ ഒരു സംബന്ധംകൊണ്ടുണ്ടാവുന്നതാണെന്നു നാം അറിയണം. ഇതു വൈദികതന്ത്രത്തിന്നും പ്രകൃതിശാസ്ത്രത്തിന്നും അനുഗുണമായ സ്പൃശ്യാസ്പൃശ്യവിവേകതത്വങ്ങളെ പരിഗണിക്കാതെ വെറും ലൌകികമായ ഒരു കാൎയ്യത്തിന്നായി നിൎമ്മിക്കപ്പെട്ട ഒരു പീഠത്തിൻെറ വൃത്താന്തമാണു്. ഇങ്ങിനെ വരുമ്പോൾ തീരെ അലൌകികവും ആദ്ധ്യാത്മികവുമായ ഒരു സിദ്ധിക്കുവേണ്ടി സ്പൃശ്യാസ്പൃശ്യവിവേകതത്വങ്ങളെ ശാസ്ത്രീയവിധിപ്രകാരം മുൻപ്രസ്താവിച്ചതായ പതിനാറു സാധനങ്ങളെക്കൊണ്ടും നിൎമ്മിച്ചു ദിവ്യദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ജ്യോതിൎമ്മണ്ഡലങ്ങളോടുകൂടിയ—പീഠങ്ങളോടുകൂടിയ—സനാതനികളുടെ ബിംബാരാധനം കൂടുതൽ ഫലപ്രദമാണൊ എന്നതിൽ സംശയിപ്പാനുണ്ടൊ? ഇങ്ങിനെയുള്ള ഈശ്വരപ്രതിമകളെ ആരാധിക്കുന്ന സനാതനികളുടെ ഭാവന ഓരോ പദാൎത്ഥത്തിലും അന്തൎയ്യാമിയായി വിളങ്ങുന്ന പരമാത്മാവിനെ അഥവാ അതിൻെറ കലയായി വിളങ്ങുന്ന ദേവതയെ ആരാധിക്കുന്നു എന്നാണു്. ഒരു സനാതിനിക്കു് ഒരു പ്രതിമ തീരെ ചൈതന്യരഹിതമായ നിൎജ്ജീവവസ്തുവല്ല. നേരെമറിച്ചു സൎവ്വവ്യാപിയായ പരമാത്മാവുമായി സംബന്ധത്തെ ജനിപ്പിക്കുന്ന ഒരു ദിവ്യമായ ഘടകവസ്തുവായിട്ടാണു വിശ്വസിക്കപ്പെട്ടിരിക്കുന്നതു്.

ഇന്ത്യയിലെ അനുഭവയോഗ്യങ്ങളായ യോഗശാസ്ത്രരഹസ്യങ്ങളുമായി സംബന്ധപ്പെട്ടുകിടക്കുന്ന പാശ്ചാത്യന്മാരുടെ മിസ്മരിസപ്രയോഗങ്ങളുടേയും, ദിവ്യജ്ഞാനം—Telepathy—ദിവ്യദൃഷ്ടി—Clairvoince—ദൂരശ്രുതി—Clairaudience—സ്വത്വവിനിമയം--Possession trance —ദ്വിത്വാഭാസം — Double personality — നിദ്രാപ്രയാണം — Somnambulism — സ്വപ്നാവസ്ഥാനം — Verdical character of dreams—മുതലായവയെക്കുറിച്ചു നവീനശാസ്ത്രങ്ങളുമാവട്ടെ ശാസ്ത്രജ്ഞ

ന്മാരാവട്ടെ ഇനിയും തൃപ്തികരമായ നിലയിൽ ചിന്തിക്കുകയൊ, യുക്തിപൂർവ്വം പ്രതിപാദിക്കുകയൊ ചെയ്തിട്ടില്ല. എന്നാൽ സനാതനമായ വേദാന്തശാസ്ത്രത്തിൽ എത്രയൊ യുക്തിപൂർവ്വം വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്ന പഞ്ചകോശപ്രകരണമെ ഇവകളെ കൃത്യമായി മറുവടി പറയുകയുള്ളു. സർവ്വാന്തര്യാമിയായ പരമാത്മാവു മനുഷ്യരിലും, ദേവന്മാരിലും, പക്ഷിമൃഗാദികളിലും എന്നുവേണ്ടാ സർവ്വജീവികളിലും മേൽപറഞ്ഞ അഞ്ചു കോശങ്ങളെക്കൊണ്ടു്, ആവൃതനായിട്ടാണു പ്രശോഭിക്കുന്നതെന്നത്രെ വേദാന്തശാസ്ത്രം ഘോഷിക്കുന്നതു്. ഈ കോശങ്ങൾക്കു് അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം, ഇങ്ങിനെയാണു പേരുകൾ ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നതും. ഈ അഞ്ചു കോശങ്ങളേയും ബാധിക്കുന്ന മാലിന്യത്തിനും—അശുദ്ധികൾക്കും ക്രമേണ മലം— Dirt — വികാരം— Change—വിക്ഷേപം— Variety—ആവരണം— Delusion — അസ്മിതം — Mineness or Egoism—ഇങ്ങിനെ പേരുകൾ പറയപ്പെടുന്നു. ആത്മാവിന്നെ ആവരണം ചെയ്തിരിക്കുന്ന ഈ കോശങ്ങളെ നന്മയാവട്ടെ തിന്മയാവട്ടെ അഥവാ ശുദ്ധിയാവട്ടെ അശുദ്ധിയാവട്ടെ രണ്ടും ബാധിക്കുന്നതു സ്പർശാസ്പർശങ്ങൾ വഴിയായി ജനിക്കുന്ന സൂക്ഷ്മതരങ്ങളായ ശക്തിവിശേഷങ്ങൾ അഥവാ തരംഗങ്ങൾ വഴിയായിട്ടാണെന്നാണു ശാസ്ത്രസിദ്ധാന്തം. മുൻപ്രസ്താവിച്ച തരത്തിലുള്ള അശുദ്ധിജന്യങ്ങളായ മാലിന്യങ്ങൾ ഈ പഞ്ചകോശങ്ങളെ ബാധിക്കാതിരിക്കുന്നതിനും, ഈശ്വരോപാസനം, സൽക്കർമ്മാനുഷ്ഠാനം, ആത്മജ്ഞാനസമ്പാദനം, ഇവകളെല്ലാം അവയെ പര്യാപ്തങ്ങളാക്കിത്തീർക്കുന്നതിനും വേണ്ടിയാകുന്നു ശുദ്ധാശുദ്ധവിവേകത്തേയും സ്പർശാസ്പർശവിവേകത്തേയും അടിസ്ഥാനപ്പെടുത്തി ദർശിക്കപ്പെട്ടിരിക്കുന്ന തത്വങ്ങളെ വേദാന്തശാസ്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതും, അവയെ നിയമങ്ങളാക്കി ധർമ്മശാസ്ത്രങ്ങൾ പ്രതിപാദിച്ചിരിക്കുന്നതും. ആദ്ധ്യാത്മികശാസ്ത്രം ദൃഷ്ടാന്തപൂർവ്വം സിദ്ധാന്തിക്കുന്നതു സ്പർശാസ്പർശങ്ങളും ശുദ്ധാശുദ്ധദീക്ഷയും നിമിത്തമുണ്ടാവുന്ന സൂക്ഷ്മതരങ്ങളായ അലകൾ അഥവാ തരംഗങ്ങൾ—Vibrations—ഈ കോശങ്ങളെ നേരിട്ടു ബാധിക്കുമെന്നുതന്നെയാണു്. എങ്ങിനെ എന്നാൽ മലിനങ്ങളായ ഭൌതികപദാർത്ഥങ്ങളെ സ്പർശിക്കുകയൊ സ്പർശിക്കാതിരിക്കുകയൊ ചെയ്യുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ നേരിട്ടു ബാധിക്കുന്നതു ആദ്യമായി അന്നമയകോശത്തെയാണല്ലൊ. അതാണല്ലൊ ആദ്യത്തെ ആവരണം. എന്നാൽ ഗ്രഹണകാലത്തു തൊടുകയൊ,

കേരള സാഹിത്യ അക്കാദമി

തൊടാതിരിക്കുകയൊ ചെയ്യുന്നതുകൊണ്ടു മൂന്നാമത്തെ ആവരണമായ മനോമയകോശത്തെയാണ് അതു ബാധിക്കുന്നത്. ഇതു രണ്ടും ശാസ്ത്രസമ്മതവും അനുഭവസിദ്ധവുമാണ്. ഇനി ചിന്തിപ്പാനുള്ളതു വേദാലയങ്ങളിൽ പ്രവേശിക്കുന്നതിനേയും ബിംബാരാധനയേയും സംബന്ധിച്ച സ്പൎശാസ്പൎശതത്വം എങ്ങിനെ ബാധിക്കുന്നുവെന്നതിനെക്കുറിച്ചാണ്. ക്ഷേത്രങ്ങളിലെ ശുദ്ധ്യശുദ്ധികളുടെ തോതിനെ നിൎണ്ണയിക്കുന്നത് അതിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ജ്യോതിർമണ്ഡലത്തിന്റെ—വൈദികപീഠത്തിന്റെ— സംഭാവിതമായ ചൈതന്യത്തിന്നും, പ്രതിഷ്ഠാപകന്റെയും ഉപാസകന്മാരുടെയും പ്രാണമയകോശത്തിന്നും പരസ്പരമുള്ള സംബന്ധത്തിന്റെ താരതമ്യത്തെ അനുസരിച്ചാകുന്നു.

ഒരു ജീവന്റെ ജന്മങ്ങളും, പുനൎജ്ജന്മങ്ങളും, ക്രിയാശക്തികളും, പ്രതിക്രിയാശക്തിയും, ശരീരത്തിന്റെ ഭൌതികാംശങ്ങൾ അതാതു ഭൂതങ്ങളിൽ ലയിക്കുന്നതായ മരണസന്ദൎഭത്തിൽ പുണ്യപാപങ്ങളനുസരിച്ച് ഉൽകൃഷ്ടങ്ങളും അപകൃഷ്ടങ്ങളുമായ ഉപാധികളിൽ അതിഭ്രയമായ സൂക്ഷ്മശരീരത്തിന്റെ സംഭ്രമണവും ഇങ്ങിനെയുള്ള അപ്രതിഷേദ്ധ്യങ്ങളായ ആദ്ധ്യാത്മികശാസ്ത്രതത്വങ്ങളെ ആസ്പദമാക്കി സനാതനികൾ ബലമായി വിശ്വസിക്കുന്നതു ജീവന്റെ രണ്ടാമത്തെ ആവരണമായ പ്രാണമയകോശം അതു സൎവ്വവ്യാപകമായതുകൊണ്ടു പ്രത്യക്ഷമായ മനുഷ്യലോകത്തേയും അപ്രത്യക്ഷമായ ദേവലോകത്തേയും പരസ്പരം ബന്ധിക്കുവാൻ ഒരു ഘടകപദാൎത്ഥമായി തീരുന്നുവെന്നും തീരുമെന്നുമാണ്. വിഗ്രഹാരാധനയിലെ ജീവനായ പ്രാണപ്രതിഷ്ഠയിൽ യോഗശാസ്ത്രസമ്മതവും തന്ത്രശാസ്ത്രസിദ്ധവുമായ ആഭ്യന്തരവ്യാപാരത്തിന്റെ വൈശിഷ്ട്യത്തെക്കുറിച്ചു വ്യക്തമായി ഗ്രഹിച്ചിട്ടുള്ളവൎക്കല്ലാതെ ഇങ്ങിനെ സംബന്ധിക്കുന്ന മറ്റൊരു രഹസ്യം അതിവേഗത്തിൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അതെന്തുകൊണ്ടെന്നാൽ സനാതനികളുടെ ഭക്തിപരമായ അഭ്യാസത്തിന്നു ഉപയോഗിക്കാവുന്നതായ മുൻപറഞ്ഞ പതിനാറു പദാൎത്ഥങ്ങളുടെ പ്രാണസ്വരൂപമായ ജ്യോതിർമണ്ഡലത്തെ—ദിവ്യപീഠത്തെ—നിൎമ്മിക്കുന്ന സ്ഥൂലസൂക്ഷ്മങ്ങളായ പ്രപഞ്ചങ്ങൾ രണ്ടിലും വ്യാപിച്ചുകിടക്കുന്ന ആകൎഷണവികൎഷണങ്ങളിലുള്ള ആത്മീയശക്തിയാകുന്നു. ഈ പരിശുദ്ധമായ പീഠം—ആരാധനവസ്തുവായ ജ്യോതിർമണ്ഡലം—ആരാധകന്മാരുടെ സൽപ്രവൃത്തികൾക്കെല്ലാം ബീജമായി ശോഭിക്കുന്ന സാത്വികവികാരത്തെ—സംസ്കാരത്തെ—ജീവിപ്പിക്കുവാനുള്ള ശക്തിയോടുകൂടിയ ഒരു ദിവ്യവസ്തുവാണെ

ന്ന തത്വവും മറച്ചുവെക്കത്തക്കതല്ല. ഇതുകൊണ്ടാണു ശൂദ്രനോ, അതിലും താഴ്ന്ന പഞ്ചമാദികളോ സ്വയം പ്രതിഷ്ഠിച്ചിട്ടുള്ള വിഗ്രഹങ്ങളെ ബ്രാഹ്മണർ ആരാധിക്കുകയോ, വന്ദിക്കുകയോ ചെയ്യരുതെന്നു ശാസ്ത്രങ്ങൾ നിഷേധിച്ചിരിക്കുന്നത്. ബ്രാഹ്മണരുടെ ഉൽകൃഷ്ടമായ ഉപാധിയേക്കാൾ എത്രയോ നികൃഷ്ടമായ ശൂദ്രാദികളുടെ ഉപാധിയിൽ —ശരീരത്തിൽ— ആത്മചൈതന്യം പ്രകാശിപ്പാൻ വഴിയില്ലാത്തതുകൊണ്ട് ആവക വിഗ്രഹങ്ങളിൽ അത്രമാത്രം ചൈതന്യം സ്ഫുരിപ്പാൻ യുക്തിയില്ല. അതാണ് ഈ നിഷേധത്തിന്നു കാരണം. ഈ വക തത്വങ്ങൾ —ശുദ്ധാശുദ്ധവിവേകത്തെ— അതായതു സ്പൃശ്യാസ്പൃശ്യവിചാരത്തെ— ആസ്പദമാക്കി സ്ഥാപിക്കപ്പെട്ടിരിക്കുന്ന തത്വങ്ങൾ —ആദ്ധ്യാത്മികശാസ്ത്രസമ്മതങ്ങളാകയാൽ അവയെ ഇന്നത്തെ ഭൌതികങ്ങളായ വെറും പ്രകൃതിശാസ്ത്രങ്ങളെക്കൊണ്ടു ചർച്ചചെയ്യാനോ അന്യഥാകരിപ്പാനൊ, സാധിക്കാത്തവിധം അത്രമാത്രം അപ്രതിഷേദ്ധ്യങ്ങളാണെന്നും നിസ്സംശയം പ്രസ്താവിക്കാം.

19—12—108-ലെ സനാതനഹിന്ദു.

മാളവ്യജി ക്ഷേത്രപ്രവേശനബില്ലിനെ എതിർക്കുന്നു.

ബാംബേ തീരുമാനത്തെ വ്യാഖ്യാനിക്കുന്നു.

അസ്പൃശ്യതക്കു ശാസ്ത്രാനുവാദം ഉണ്ട് എന്നു
മാളവ്യജി പ്രസ്താവിക്കുന്നു.

അസ്പൃശ്യതയും ക്ഷേത്രപ്രവേശനബില്ലുകളും, ബാംബേ തീരുമാനത്തെ സാധിപ്പിക്കുന്നതിന്നുള്ള പണിയായുധം മാത്രമാണെന്നു വ്യാഖ്യാനിച്ചുവന്ന ഗാന്ധിജിയേയും മററു നവീകരണനേതാക്കന്മാരേയും, പണ്ഡിത മദനമോഹനമാളവ്യ ആശ്ചര്യപരതന്ത്രരാക്കി തീർത്തിരിക്കുന്നു. മാളവ്യജി പൂനാ തീരുമാനത്തിൽ ഒപ്പുവച്ചിരിക്കുന്നവരിൽ പ്രമാണിയും, ബാംബേ പ്രമേയത്തിന്നു കാരണക്കാരനും ആണ്. അദ്ദേഹം ഇപ്പോൾ മി. രംഗയ്യർ മുതലായവരുടെ ബില്ലുകളെ സംബന്ധിച്ചുള്ള തന്റെ ഭാവത്തെ വിവരിക്കുകയും, ഗാന്ധിജിയോടു ശ്രദ്ധിച്ചു സാവധാനത്തിൽ പോകുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു. അദ്ദേഹ

ത്തിൻെറ അഭിപ്രായം അദ്ദേഹംതന്നെ ചുരുക്കി പറയുന്നതു് ഇങ്ങിനെയാണു്. "മതത്തേയും, മനസ്സാക്ഷിയുടെ വിശ്വാസത്തേയും സംബന്ധിക്കുന്ന ഒരു വിഷയത്തെപ്പററി, ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു് ഒരു തീർപ്പു കല്പിക്കുന്നതു്, തെററാണെന്നും, അന്യായമാണെന്നും, ഞാൻ വിചാരിക്കുന്നു. ഇതു ഹേമം അഥവാ നിർബ്ബന്ധം മാത്രമാണു്."

ഫെബ്രുവരി 8-ാംനു- ഗാന്ധിജിക്കയച്ച ഒരു കത്തിൽ, പണ്ഡിത മദനമോഹനമാളവ്യ, പ്രയാഗയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ മഹാസഭയിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളെപ്പററി വിവരിച്ചു് പ്രസ്താവിക്കുകയും, അധഃസ്ഥിതവർഗ്ഗക്കാരുടേയും, ഹിന്ദുസമുദായത്തിൻേറയും, ഭാരതത്തിൻേറയും അഭ്യുദയകാംക്ഷികൾ, ഏകോപിച്ചു പ്രസ്തുത പ്രമേയങ്ങളനുസരിച്ചു പ്രവൃത്തിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു. അസ്പൃശ്യതാവിഷയത്തെപ്പററി മാളവ്യജി, ഗാന്ധിജിയെ അറിയിക്കുന്നതു് ഇതാണു്:—

"ഇന്നത്തെ ഈ വിവാദവിഷയത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമായ അനേകം ശാസ്ത്രികളുമായി നിങ്ങൾ നടത്തിയ വാദപ്രതിവാദത്തിൽനിന്നു്, ഇന്നു നാം അറിയുന്നവിധത്തിലുള്ള അസ്പൃശ്യതക്കു് യാതൊരു പ്രമാണവും ഉള്ളതായി അറിയുവാൻ സാധിച്ചിട്ടില്ലെന്നു നിങ്ങൾ പ്രസ്താവിക്കുന്നു. നിങ്ങൾക്കു തെററായ ഒരു ബോദ്ധ്യമാണു് ഉണ്ടായിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ചില പ്രത്യേക മനുഷ്യർ പ്രത്യേക നിലയിൽ അസ്പൃശ്യരാണെന്നുള്ളതിലേക്കും, മററു ചിലർ ജന്മംകൊണ്ടും തൊഴിൽകൊണ്ടും അസ്പൃശ്യരാണെന്നുള്ളതിലേക്കും, ധാരാളം പ്രമാണങ്ങൾ ഹാജരാക്കുവാൻ സാധിക്കുന്നതാണു്."

പണ്ഡിത മാളവ്യ അസ്പൃശ്യരെ ഉയർത്തി കൊണ്ടുവരുവാനും, ക്ഷേത്രങ്ങളിൽ കടക്കുവാൻ അർഹന്മാരാക്കി തീർക്കുവാനും ഉള്ള വഴികളേയും പ്രവൃത്തികളേയും പററി തുടർന്നു പറയുന്നുണ്ടു്. അദ്ദേഹത്തിൻെറ കത്തിൻെറ അവസാനഭാഗം പൂനാസന്ധിയിലെ വ്യവസ്ഥകളേയും, നിലയേയും പററി പ്രതിപാദിക്കുന്നതാണു്. മാളവ്യജിയുടെ സ്വന്തം വാക്കുകളിൽതന്നെ പറയട്ടെ:—

"നിരാഹാരവ്രതം അവസാനിച്ച ആഴ്ചയിൽ, ബാംബേയിൽവച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ പാസ്സാക്കപ്പെട്ട, അസ്പൃശ്യതയെ ഇല്ലായ്മചെയ്യാനുള്ള പ്രമേയത്തെപ്പററി, നിങ്ങളുടെ കത്തിൽ സൂചി

പ്പിക്കുകയുണ്ടായി. ആ യോഗത്തിൽ സന്നിഹിതനായിരുന്ന ഏതൊരു ഹിന്ദുവും, ആ പ്രമേയം അനുസരിച്ച് പ്രവൃത്തിക്കേണ്ടതാണെന്ന് ഞാൻ സമ്മതിക്കുന്നു. മഹാസഭയിൽ ഹാജരുണ്ടായിരുന്ന മതവിശ്വാസമുള്ള ഹിന്ദുക്കളേയും, ആ വിധമുള്ള ഒരു പ്രമേയം പാസ്സാക്കുവാൻ അനുവദിക്കുന്നതിന്ന് ഞാൻ നിർബ്ബന്ധിക്കുകയുണ്ടായി. അവർ അപ്രകാരം ചെയ്തു എന്നതിൽ എനിക്കു ചാരിതാർത്ഥ്യത്തിന്നു വഴിയുണ്ട്. ആ പ്രമേയം ഏതാണ്ട് ബാംബേ പ്രമേയത്തോളംതന്നെ എത്തുന്ന ഒന്നാണ്. എന്നാൽ കഴിഞ്ഞ സെപ്റ്റംബർ 30-ാംനു- ബാംബേ പൊതുയോഗത്തിൽവച്ചു പാസ്സാക്കപ്പെട്ട പ്രമേയത്തേയും നമ്മൾ ഇത്രത്തോളംതന്നെ വിലവെക്കേണ്ടതാണെന്നു നിങ്ങളും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ അധഃസ്ഥിതരുടെ ഉന്നതിക്കായി നാം ചെയ്യുന്ന യാതൊരു പ്രവൃത്തിയിലും ബലമോ നിർബ്ബന്ധമോ ഉപയോഗിക്കുന്നതല്ലെന്നു നാം സമ്മതിച്ചിരിക്കുന്നു. സമാധാനത്തോടുകൂടിയ പ്രേരണ മാത്രമേ നാം ഉപയോഗിക്കുകയുള്ളു എന്ന് അന്നു തീരുമാനിച്ചിരിക്കുന്നു. ഇന്നു ക്ഷേത്രത്തിൽ കടക്കുവാൻ അനുവദിക്കാത്തവരെ പ്രവേശിപ്പിക്കുവാൻവേണ്ടി സത്യാഗ്രഹമോ, നിരാഹാരവ്രതമോ, തുടങ്ങുന്നതായാൽ ഈ നിശ്ചയത്തെ അവഗണിക്കുന്നതായി വിചാരിക്കേണ്ടിവരും. കൂടാതെ അവരുടെ ക്ഷേത്രപ്രവേശനത്തെ സാധിപ്പിക്കുവാനായി, നിയമനിർമ്മാണസഭയുടെ സഹായം ആവശ്യപ്പെടുന്നതായാൽ, അത് ആദ്യത്തേതിലും വലുതായ ബലപരീക്ഷണമായി തീരും. ഗവർണ്ണർ ജനറൽ നിയമനിർമ്മാണസഭയിൽ അവതരിപ്പിക്കുവാൻ അനുവാദം നൽകിയ മി. രംഗയ്യരുടെ ക്ഷേത്രപ്രവേശനബില്ല് ഞാൻ ശ്രദ്ധിച്ചു വായിക്കയുണ്ടായി. നിങ്ങൾ അതിനെപ്പററി എഴുതിയിരിക്കുന്നതെല്ലാം ഞാൻ നോക്കി. അതിനെ കഴിയുന്നതും എളുപ്പത്തിൽ പാസ്സാക്കുവാൻ നിങ്ങൾ ഹിന്ദുക്കളോടപേക്ഷിച്ചിരിക്കുന്നതും അറിഞ്ഞു. നിങ്ങളുടെ ഈ ഭാവം പരസ്പരവിരുദ്ധമായി തീർന്നിരിക്കുന്നു എന്നു പറയേണ്ടിവന്നതിൽ ഞാൻ നിർവ്യാജമായി പരിതപിക്കുന്നു. അതു മുൻപു പറയപ്പെട്ട ബാംബേ പ്രമേയത്തോടു തീരെ വിരോധമായിട്ടുള്ള ഒന്നാണ്. നിങ്ങളുടെ ഈ പ്രസ്താവന എന്നെ അസാമാന്യമായി വേദനിപ്പിച്ചിരിക്കുന്നു. ബാംബേ പ്രമേയത്തിന്നു പുറമേ നിയമനിർമ്മാണസഭയുടെ, അതും ഇന്നത്തേപ്പോലെ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭയുടെ, മതവിഷയങ്ങളിലും, മതത്തേയും സമുദായത്തേയും ഒരുപോലെ ബാധിക്കുന്ന വിഷയങ്ങളിലും, ഉള്ള പ്രവേശനത്തെ ഞാൻ ശക്തിയോടെ വിരോധിക്കുന്നു. നമ്മുടെ ക്ഷേത്രങ്ങളെ

സംബന്ധിക്കുന്ന വിഷയങ്ങളിൽ, നേരേയോ അഥവാ വളഞ്ഞിട്ടോ ഉള്ള അതിൻെറ പ്രവേശനത്തെ, ഞാൻ കുറെക്കൂടി ശക്തിയായി എതിൎക്കുവാൻ നിൎബ്ബന്ധിതനായി തീൎന്നിരിക്കുന്നു. നിങ്ങൾ മി. രംഗയ്യരുടെ ബില്ലിനെ ആശീൎവ്വദിക്കുക മാത്രമല്ല ചെയ്തിരിക്കുന്നതു്; പൊതുജനാഭിപ്രായമറിവാനായി അതിനെ വിതരണം ചെയ്യുകപോലും ചെയ്യാതെ, അതു പാസ്സാക്കുവാൻ നിൎബ്ബന്ധിക്കുവാനും, അപേക്ഷിച്ചിരിക്കുന്നു എന്നു കാണുന്നതിൽ എനിക്കു വളരെ വ്യസനമുണ്ടു്. നിങ്ങളെ സ്നേഹിക്കുന്നവരും, നിങ്ങളുമായി യോജിക്കാതിരിക്കുവാൻ ഇഷ്ടപ്പെടാത്തവരും ആയ പലരേയും, അതു ഞെരുക്കുകയാണു ചെയ്യുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. മി. രംഗയ്യരുടെ ബില്ലു്, മതവിശ്വാസമുള്ള പൊതുജനങ്ങളുടെ ഭീമമായ വിരോധത്തെ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ആ വിരോധം വകവെക്കേണ്ടതും മാനിക്കപ്പെടേണ്ടതുമാണു്. അവരുടെ അഭിപ്രായത്തിൽ പുതുക്കിയതായ ഡാക്ടർ സുബ്ബരായൻെറ ബില്ലുപോലും തടയപ്പെടേണ്ടതുതന്നെയാണു്. എന്നാൽ അതിൻെറ വ്യാപ്തി മദിരാശി സംസ്ഥാനത്തിൽ മാത്രമേ ഉണ്ടാകയുള്ളൂ. മി. രംഗയ്യരുടെ ബില്ലു് ബ്രിട്ടീഷ് ഇൻഡ്യയെ മുഴുവൻ സംബന്ധിക്കുന്ന ഒന്നത്രേ. അതിനാൽ അതു് സുബ്ബരായൻെറ ബില്ലിനെക്കാൾ കൂടുതൽ വിരോധിക്കപ്പെടേണ്ടതാകുന്നു. ജനങ്ങൾക്കു് അതിനെപ്പററിയുള്ള വിരോധം എന്തെന്നു പറയുവാനും, അതിനെപ്പററിയുള്ള അഭിപ്രായം അറിയിക്കുന്നതിനും, അവസരം കൊടുക്കേണ്ടതു ന്യായാനുസരണം ആവശ്യമാണു്. സാധാരണയായി നിയമനിൎമ്മാണസഭയിൽ ഒരു ബില്ലു് പാസ്സാക്കുവാൻവേണ്ടി ചെയ്യേണ്ടിയിരിക്കുന്ന പ്രവൃത്തികൾപോലും കൂടാതെ, ഈ വിധത്തിൽ സൂക്ഷിക്കപ്പെടേണ്ടതായ ഒരു ബില്ലു്, എളുപ്പത്തിൽ പാസ്സാക്കേണ്ടതാണെന്നു പറയുന്നതിൽ ഞാൻ യാതൊരു ന്യായവും കാണുന്നില്ല. മി. കേളപ്പൻ നിങ്ങളുടേയും എൻേറയും ഉപദേശത്തിന്നു വിരോധമായി നിരാഹാരവ്രതം തുടങ്ങുന്നതിന്നു മുൻപു്, അധഃസ്ഥിതരുടെ ക്ഷേത്രപ്രവേശനവിവാദത്തെപ്പററിയ ഒരു തീൎപ്പു് താമസത്തിന്നു പാത്രമാകുകയില്ലെന്നു നിങ്ങൾ വിചാരിച്ചില്ല. നിങ്ങളുടെ നിരാഹാരവ്രതവും, അതിനുശേഷം ആ വിഷയത്തെപ്പററി ഒരു തീൎപ്പു് കല്പിക്കുവാൻ ഉണ്ടായ ശ്രമങ്ങളും, ആ തീൎപ്പിൻെറ കുറെക്കൂടി സമീപത്തിൽ നമ്മെ എത്തിച്ചിട്ടുണ്ടു്. നമ്മളിൽനിന്നു വ്യത്യാസപ്പെട്ട അഭിപ്രായമുള്ളവരുടെ വിശ്വാസങ്ങളെ നാം ആദരിക്കുന്നതുകൊണ്ടും, അന്യോന്യം സ്നേഹത്തോടുകൂടി വാദപ്രതിവാദം നടത്തുന്നതു

കൊണ്ടും, നമുക്കു കൂടുവിൽ എല്ലാവക്കും തൃപ്തി തോന്നുന്നവിധത്തിലുള്ള ഒരു തീരുമാനമുണ്ടാക്കുവാൻ സാധിക്കുമെന്നു ഞാൻ പൂണ്ണമായി വിശ്വസിക്കുന്നു. പ്രസ്തുത വിരോധത്തെ അവഗണിച്ചു ബില്ല് വേഗത്തിൽ നിയമനിമ്മാണസഭയിൽ പാസ്സാക്കപ്പെടുന്നപക്ഷം അതു് അനേകം പേരുടെ വിരോധത്തെ ഉണ്ടാക്കിത്തീക്കും. ഈ ബില്ലിനെ ഇഷ്ടപ്പെടുന്നവരുടെ വിരോധത്തെപ്പോലും ഉണ്ടാക്കുന്നതിനും അതിൻെറ പ്രവൃത്തിയെ ഇന്നത്തേക്കാൾ തുലോം പ്രയാസമുള്ളതാക്കി തീക്കുന്നതിനും ഈ മാഗ്ഗം ഇടവരുത്തുന്നതാണ്. അതിനാൽ ഈ കായ്യത്തെക്കുറിച്ചു നിങ്ങൾ വീണ്ടും ഒന്നു ആലോചിപ്പാൻ ഞാൻ അപേക്ഷിക്കുന്നു. അപ്പോൾ നിങ്ങൾ ബില്ല് വിതരണംചെയ്യുവാൻ സമ്മതിക്കുമെന്നും, അങ്ങിനെ ചെയ്യുന്നപക്ഷം, മി. രംഗയ്യരോടു ബില്ല് വിതരണം ചെയ്യാൻ അനുവാദം വാങ്ങിക്കുവാൻ ആവശ്യപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനിടയിൽ നമുക്കു തമ്മിൽ കാണാം; മതവിശ്വാസമുള്ള ഹിന്ദുക്കളുടെ പ്രതിനിധികളടങ്ങിയ ഒരു മഹായോഗം വിളിച്ചുകൂട്ടാം. ന്യായമായതും എല്ലാ ഭാഗക്കാക്കും സമ്മതമായതുമായ ഒരു തീപ്പുണ്ടാകുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യാം. അതായിരിക്കും നല്ലതെന്നു ഞാൻ വിശ്വസിക്കുന്നു."

എന്നാൽ ഗാന്ധിജി ബാംബേ സന്ധി അനുസരിച്ചു് ബില്ല് നിയമനിമ്മാണസഭയിൽ അവതരിപ്പിക്കേണ്ടതു് അത്യാവശ്യമായി കണക്കാക്കി. ഫെബ്രുവരി 15 ാംനു- ഗാന്ധിജിക്കു താഴെ പറയുന്നവിധം മാളവ്യജി കമ്പിയടിച്ചു.

"അത്യാഗ്രഹമുണ്ടെങ്കിലും ഇപ്പോൾ പൂനക്കു വരുവാൻ ആരോഗ്യം അനുവദിക്കുന്നില്ല. ബാംബെ സന്ധി അനുസരിച്ചും മി. രംഗയ്യരുടെ ബില്ലുകൾ ആവശ്യമുള്ളതായി ഞാൻ വിചാരിക്കുന്നില്ല എന്നു പറയുവാൻ വ്യസനമുണ്ട്. പ്രമേയത്തിലെ ഒന്നാംഭാഗപ്രകാരം നമ്മൾ ഇന്നു് അസ്പൃശ്യരെന്നറിയപ്പെടുന്നവക്കു മററു ഹിന്ദുക്കളെപ്പോലെ പൊതുസ്ഥാപനങ്ങൾ മുതലായവ എല്ലാം ഉപയോഗിക്കുവാൻ അനുവാദം കൊടുക്കുന്ന നിയമനിമ്മാണത്തിനു സഹായിക്കാമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇതു ധമ്മശാലകൾ, ശ്മശാനസ്ഥലങ്ങൾ ഇത്യാദിയാണ്. ക്ഷേത്രപ്രവേശനത്തെ പററിയുള്ള അവണ്ണരുടെ അസ്വാതന്ത്ര്യം പരിഹരിക്കേണ്ടതിനെപററി രണ്ടാംഭാഗത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്നു. അതനുസരിച്ചു്, അവണ്ണരുടെ സാമുദായിക അസ്വാതന്ത്ര്യത്തെ എളുപ്പം പരിഹരിക്കുവാൻ ശ്രമിക്കേണ്ടതു പ്രമേയ

ത്തിൽ പങ്കെടുത്തവരും, അതിനെ സ്വീകരിച്ചവരുമായ എല്ലാ ഹിന്ദുക്കളുടേയും ചുമതലയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ക്ഷേത്രപ്രവേശനത്തെ പററിയുള്ള വിരോധവും ഈ ഭാഗത്തിൽ പെടുന്നു. എന്നാൽ ന്യായമായതും സമാധാനത്തോടുകൂടിയതുമായ മാർഗ്ഗങ്ങളെമാത്രം ആണു നാം സ്വീകരിക്കാമെന്നു സമ്മതിച്ചിട്ടുള്ളതു്. ഒന്നാംഭാഗത്തെപ്പോലെ തന്നെ, രണ്ടാംഭാഗത്തേയും നിയമനിർമ്മാണംകൊണ്ടു് സാധിക്കാമെന്നു നാം ഉദ്ദേശിച്ചിട്ടില്ല. ദയവായി സെപ്ടംബർ 30-ാംനു ബാംബെ പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം ഓർമ്മിക്കണം. പ്യാറിലാലിൻെറ "നിരാഹാരമഹാകാവ്യം" പേജ് 195 നോക്കുക. യാതൊരു നിർബ്ബന്ധമോ, ബലമോ ഉപയോഗിക്കാതെ കിണറുകൾ, ക്ഷേത്രങ്ങൾ മുതലായവ അധഃസ്ഥിതക്കു തുറന്നു കൊടുപ്പിക്കുവാൻ ശ്രമിക്കണം. അതിനു സമാധാനത്തോടുകൂടിയ പ്രേരണ നാം സ്വീകരിന്ന ഏകമാർഗ്ഗമായിരിക്കേണ്ടതാണു്. രംഗയ്യരുടെ ആദ്യത്തെ ബില്ലു് മനസ്സിരുത്തി പരിശോധിക്കേണ്ടതാണു്. അതു വിതരണം ചെയ്യുന്നതു വളരെ ന്യായമായിരിക്കും. ക്ഷേത്രപ്രവേശനത്തെ സംബന്ധിക്കുന്ന അദ്ദേഹത്തിൻെറ ബില്ലു് പിൻവലിക്കേണ്ടതാണു്. ക്ഷേത്രസംബന്ധമായ കാര്യങ്ങളിൽ നിയമനിർമ്മാണസഭയുടെ വളഞ്ഞിട്ടുള്ള പ്രവേശനത്തെപ്പോലും ഞാൻ പ്രതിഷേധിക്കുന്നു. കൂടാതെ അതുമൂലം ഏർപ്പെടുത്തപ്പെടുന്ന അടിസ്ഥാനത്തേയും ഞാൻ എതിർക്കുന്നു. ഇപ്പോൾ തടയപ്പെട്ടിരിക്കുന്ന ഏതൊരു ജാതിക്കാരുടേയും ക്ഷേത്രപ്രവേശനവാദം, ആ ക്ഷേത്രം സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തെ ഹിന്ദുക്കളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചിരിക്കുമെന്നും, അവരുടെ അഭിപ്രായം ക്ഷേത്രഭാരവാഹിയേയും മററു ആരാധനക്കാരേയും ബാധിക്കുന്നതാണെന്നും, ഉള്ള നിയമം തെററായ ഒന്നാണു്. മതത്തേയും മനസ്സാക്ഷിയേയും സംബന്ധിച്ചുള്ള ഒരു കാര്യം ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു തീരുമാനിക്കുക എന്നതു ഏററവും അന്യായവും അബദ്ധവുമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു ക്ഷേമമല്ലാതെ മറെറാന്നുമല്ല. നാം ഈ വാദം മതാനുസരണംതന്നെ തീരുമാനിക്കണം; അതായതു സമാധാനത്തോടുകൂടിയ പ്രേരണയാൽ മാത്രം. ഈ മാർഗ്ഗംകൊണ്ടു നമുക്കു വിജയം സമ്പാദിക്കുവാൻ സാധിക്കുമെന്നു് എനിക്കു് പൂർണ്ണവിശ്വാസമുണ്ടു്. നിയമനിർമ്മാണമാകുന്ന മാർഗ്ഗം അവസാനംവരെ ബലമായി എതിർക്കപ്പെടുമെന്നും, തന്മൂലം നമ്മുടെ ഉദ്ദേശം ഫലിക്കുവാൻ ഏററവും കാലതാമസം സംഭവിക്കുമെന്നും എനിക്കുറപ്പുണ്ടു്. നിങ്ങൾ ഇന്നത്തെ എല്ലാ പരിതസ്ഥിതികളേയും നല്ലവണ്ണം ആലോചിക്കുക. എൻെറ ഈ

കമ്പിയേയും എഴുത്തിനേയും ശ്രദ്ധയോടുകൂടി വായിച്ച് അതിനെപ്പററി നല്ലവണ്ണം ആലോചിച്ചുനോക്കു. അതിനുശേഷം അവയെ പരസ്യപ്പെടുത്തുവാൻ അയച്ചുകൊടുത്താൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. ഇന്നു ജനങ്ങൾക്കുണ്ടായിരിക്കുന്ന ഭാവഭേദങ്ങളെല്ലാം നല്ലവണ്ണം മനസ്സിലാക്കി സമുദായത്തിൽ എല്ലാ വിഭാഗങ്ങളുടേയും സന്തോഷത്തിന്നിടയാവുന്നവിധം ബില്ല് വിതരണം ചെയ്യാൻ ഞാൻ അപേക്ഷിക്കുന്നു. ഉചിതമെന്നു തോന്നുന്നപക്ഷം അതുപോലെ ചെയ്യുക."

ദി ഇന്ത്യൻ മിറർ.

ഹിന്ദുക്കളുടെ ക്ഷേത്രങ്ങളും, ക്ഷേത്രാരാധനയും.

(രാജബഹദൂർ സി. കൃഷ്ണമാചാരിയർ ബി. എ., ബി. എൽ.)

കേരള സാഹിത്യ അക്കാദമി

എൻെറ വിനീതമായ അഭിപ്രായം അനുസരിച്ചു ദേവാരാധനസ്ഥലങ്ങളായ ക്ഷേത്രങ്ങളെപററിയും, ആരാധനാരീതിയെപ്പററിയും ജനങ്ങളുടെ ഇടയിൽ വലുതായ ഒരു തെററിദ്ധാരയുണ്ട്. അതിനെ വളരെ വണക്കത്തോടുകൂടി ഞാൻ പൊതുജനങ്ങളെ അറിയിക്കുവാൻ നിർബ്ബന്ധിതനായിരിക്കുന്നു. ചില വർഗ്ഗക്കാരെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കാത്തതിനെപ്പററി നഗരവാസികൾ ശക്തിയായി ആവലാതി പറയുന്നുണ്ട്. (ഈ ഉദ്ദേശത്തോടുകൂടി ഗ്രാമവാസികൾ സത്യാഗ്രഹം അനുഷ്ഠിക്കുന്നതായി നാം കേൾക്കാറില്ല.) സാമുദായികനവീകരണത്തിൽ അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനത്തിന്ന് ഒരു ഗണ്യസ്ഥാനമുണ്ടെന്നു പട്ടണവാസികൾ പ്രസ്താവിക്കുന്നു. എന്നാൽ ഇതു ശരിയാണെന്നു തോന്നുന്നില്ല. അസ്പൃശ്യതാനിയമം നവീകരണക്കാർ ഉദ്ദേശിക്കുന്നവിധം ക്രൂരസ്വഭാവത്തെ കാണിക്കുന്നതും, അസൂയകൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ളതും അല്ല. ആരാധനാസ്ഥലങ്ങളായ ക്ഷേത്രങ്ങളെ നിർമ്മിക്കുകയും, അവിടെ വിഗ്രഹത്തെ പ്രതിഷ്ഠിക്കുകയും, ചെയ്യുന്നതിൻെറ ആവശ്യമായ ഒരു ഉപസൂത്രംതന്നെ ആണ് അത്. പൊതുജനക്ഷേത്രങ്ങളിലും, മററു പുണ്യസ്ഥലങ്ങളിലും ആരാധന നടത്തുക എന്നതു വൈദികകാലത്ത് ആചരിച്ചുവന്നില്ല. എന്നാൽ കുറെ കാലം കഴിഞ്ഞപ്പോൾ ജനങ്ങളുടെ സംഖ്യ കണക്കിലേറെ വർദ്ധിച്ചു. ഹിന്ദുമതം പഠിപ്പിച്ചുവന്ന ഏകവും അനന്തവുമായ ആ സത്യസ്വരൂപൻെറ രൂപം, പലരും പലവിധത്തിൽ സങ്കല്പിക്കുവാൻ ഇട

യുണ്ടെന്നു് അവർ കണ്ടു. ഓരോ മനുഷ്യരും അവരവരുടെ സ്വഭാവത്തിന്നും പരിഷ്കാരത്തിന്നും അനുസരണമായി അദ്ദേഹത്തിന്റെ ഒരു രൂപത്തേക്കാൾ കൂടുതലായി മറെറാരു രൂപത്തെ ആണ് ഇഷ്ടപ്പെടുവാൻ ഇടയുള്ളതെന്നു് അവർ അറിഞ്ഞു. യാതൊരു വ്യത്യാസവുമില്ലാതെ, സൎവ്വവ്യാപിയായി, സൎവ്വശക്തനായി, സൎവ്വ ഗുണത്തോടും കൂടിയവനായി, ഇരിക്കുന്ന വിഷയസംബന്ധമററ ഒരു ഈശ്വരനെ ധ്യാനിക്കുകയും, ആരാധിക്കുകയും ചെയ്യുക എന്നതു് സാധാരണക്കാരായ പലക്കും അസാദ്ധ്യമായി തീൎന്നു. ഇപ്രകാരം ഒരേ ഗുണങ്ങൾ ഉള്ളതായി സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഒരേ ഈശ്വരനെതന്നെ എല്ലാവരും ആരാധിക്കുക എന്നായപ്പോൾ ആരാധനാരീതി രസമില്ലാത്തതും, ജീവനില്ലാത്തതും, ചുണകെട്ടതും ആയിതീൎന്നു. അതിനാൽ ഈശ്വരന്റെ പ്രത്യേകഭാവങ്ങളെ മനുഷ്യരൂപത്തിൽ വിഗ്രഹങ്ങളായി സങ്കല്പിക്കപ്പെട്ടു. അതിനു ശേഷം ആ ഏകദൈവത്തിന്റെ ഗുണങ്ങൾ ഇവയിൽ ഓരോന്നിലും ഓരോവിധത്തിൽ ഉണ്ടെന്നു വിശ്വസിച്ചു് ആരാധന നടത്തിവരുന്നു. വിഗ്രഹത്തിന്റെ ഈ പ്രാപഞ്ചികരൂപം ഉപേക്ഷിക്കുന്നതായാൽ പിന്നെ ഉള്ളതു മോക്ഷത്തിന്റെ ഒരു സ്വരൂപം മാത്രമാണ്. ഇതിനു ശേഷം ആ വിഗ്രഹത്തിന്നു് അനുയോജ്യമായ ഒരു ഭവനം നിൎമ്മിക്കുക എന്നതു് എളുപ്പമുള്ള ഒരു കാൎയ്യമായി; ആ ഭവനം കൂടാതെ നിവൃത്തിയില്ലെന്നും വന്നു. ഓരോ ക്ഷേത്രത്തിന്റേയും ആകൃതി അഥവാ ആകാരം, അതിൽ ആരാധിക്കപ്പെടുന്ന ഈശ്വരന്റെ പ്രകൃതിക്കനുസരിച്ചിരിക്കുന്നു എന്നുള്ള പരമാൎത്ഥം ശില്പശാസ്ത്രങ്ങളേയും വിഗ്രഹാരാധനശാസ്ത്രങ്ങളേയും പററി പറയുന്ന ഗ്രന്ഥങ്ങൾ നോക്കിയാൽ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കും. ഹിന്ദുക്ഷേത്രങ്ങളുടെ ഉത്ഭവം ഏതാണ്ടു് ഇങ്ങിനെ ആണെന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു്. എന്നാൽ ഇതിനെപററി ഒരു പൂൎണ്ണജ്ഞാനം എനിക്കുണ്ടെന്നു ഞാൻ നടിക്കുന്നില്ല. നമ്മുടെ പശ്ചാത്യാന്വേഷണക്കാരാരും ഈ സംഗതിയെപ്പററി വേണ്ടതുപോലെ ആലോചിച്ചു പ്രവൃത്തിച്ചിട്ടില്ല. എന്റെ ഈ ധാരണ ശരിതന്നെ എങ്കിൽ ഹിന്ദുരാജാക്കന്മാർ അവരവരുടെ ക്ഷേത്രങ്ങളുടെ മോടിയിലും സംഖ്യയിലും അന്യോന്യം മത്സരിച്ചുവന്നതു് സ്വാഭാവികമത്രേ. വിശുദ്ധമായ കുന്നുകളെ അവർ ദേവന്മാരുടെ പട്ടണങ്ങളാക്കിത്തീൎത്തു. അവർ വിദഗ്ദ്ധന്മാരായ ശില്പികളെകൊണ്ടു് വിചിത്രരീതിയിൽ കല്ലുകൊണ്ടും, ചെമ്പുകൊണ്ടും, ഓടുകൊണ്ടും അനേകം ക്ഷേത്രങ്ങളും അവയെ സംബന്ധിച്ചുള്ള മററു സാധനങ്ങളും ഉണ്ടാക്കിച്ചു;

വളരെ കാലത്തെ വിലയേറിയ പ്രയത്നവും ഇവക്കായി ഉപയോഗിച്ചു. ഈ ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന്നും നിത്യചിലവുകൾക്കുമായി ധാരാളം പൊതുസ്വത്തും ഈ ക്ഷേത്രങ്ങൾക്കായി സമപ്പിക്കപ്പെട്ടു. പാശ്ചാത്ത്യരാജ്യങ്ങളിലെ ധനശാസ്ത്രജ്ഞന്മാരും, നമ്മുടെ രാജ്യത്തുള്ള അവരുടെ ശിഷ്യന്മാരും, ഇവയെല്ലാം ധാരാളിത്വത്തോടുകൂടിയ ദുർച്ചിലവായി കണക്കാക്കുന്നു. അതുകൊണ്ടു യാതൊരാദായവും ഇല്ലെന്നാണ് അവരുടെ മതം. ഇന്നത്തെപ്പോലെ ആദായമുള്ള മററുവിധത്തിലുള്ള ധനവ്യയത്തെ അപേക്ഷിച്ച് ഇവ തീരെ നന്നല്ലാത്ത ഒരു ധനവ്യയമാണ് എന്നാണ് അവർ പറയുന്നത്. എന്നാൽ ഇന്നത്തെ തൊഴിൽശാലകളിലെ പണികൊണ്ടുള്ള ഫലം എന്താണ ? അത് അനേകകോടി പുരുഷന്മാരുടേയും, സ്ത്രീകളുടേയും, കുട്ടികളുടേയും, ബുദ്ധിശക്തിയേയും മനോധമ്മത്തേയും നശിപ്പിക്കുകയത്രേ ചെയ്യുന്നത്! രാജ്യത്തിൽ ഏററവും ബുദ്ധിശക്തിയുള്ള ആളുകൾ നശിപ്പിക്കുവാനുള്ള യന്ത്രങ്ങളെ കണ്ടുപിടിക്കുവാനും, നിമ്മിക്കുവാനും ആണ് ഉത്സാഹിക്കുന്നത്. ബുദ്ധിവികാസമില്ലാത്ത പക്ഷവാദി, അസാധാരണമായ ക്ഷേത്രനിമ്മാണസക്തിയെ അന്ധവിശ്വാസത്തിന്റേയും ഗുണദോഷജ്ഞാനമില്ലായ്മയുടേയും തെളിവായി കണക്കാക്കുന്നു. ഹിന്ദുമതം ശാസ്ത്രവിധികളെ മാത്രം അടിസ്ഥാനപ്പെടുത്തി നിമ്മിക്കപ്പെട്ടിട്ടുള്ളതല്ല. അത് സാമുദായികജീവിതത്തേയും അടിസ്ഥാനമാക്കി ഉണ്ടാക്കിയിരിക്കുന്ന ഒന്നാണ്. ഈ പരമാത്ഥം ഇന്നത്തെ ഈ പക്ഷവാദി അറിയുന്നതേയില്ല. ദേവാരാധനക്കായി നിമ്മിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങൾകൊണ്ടു പൊതുജനങ്ങൾക്ക് എത്ര ഉപയോഗമാണ്, എത്ര ഉപദേശമാണ്, എത്ര ആനന്ദമാണ്, ഉണ്ടാകുന്നതെന്ന് ഇയാൾക്ക് അറിഞ്ഞുകൂടാ എന്നു മാത്രമല്ല, അറിയുവാൻ ആഗ്രഹിക്കുന്നുമില്ല.

ആഗമങ്ങൾ.

എന്നാൽ ഒരു ക്ഷേത്രത്തെ ഒരു പരിശുദ്ധസ്ഥാപനമാക്കി തീക്കുന്നത് അതിന്റെ നിമ്മാണഭംഗിയോ, എതിരില്ലാത്ത കൊത്തുപണികളോ, അകത്ത് ആരാധിക്കപ്പെടുന്ന വിഗ്രഹത്തിന്റെ അവയവാനുപാതമുള്ള ഭംഗിയോ അല്ല. നിങ്ങൾ ഏററവും നവീനമായ ശില്പശാസ്ത്രനിയമങ്ങൾ അനുസരിച്ചുതന്നെ ഒരു ക്ഷേത്രം പണിയിച്ച് ഏററവും ഭംഗിയുള്ളതും വളരെ വില പിടിക്കുന്നതുമായ ബിംബത്തെതന്നെ പ്രതിഷ്ഠിക്കുക. എന്നാൽ നിങ്ങൾക്ക് അതിനെ പാവനമായ ഒരു ആരാധനാസ്ഥലമായി സങ്കല്പിക്കുവാൻ പാടില്ലാത്തതാണ്. ക്ഷേ

ത്രങ്ങളേയും ക്ഷേത്രാരാധനയേയും പററി പ്രതിവാദിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങൾ—ആഗമങ്ങൾ എന്നാണ് അവയുടെ നാമം—വിധിച്ചിരിക്കുന്നാവണ്ണം നിങ്ങൾ അനുഷ്ഠിക്കേണ്ടതാണ്. ഈ ഗ്രന്ഥങ്ങൾ ക്ഷേത്രത്തിലുള്ള ഏററവും ചെറിയ ഭാഗങ്ങൾ നിൎമ്മിക്കുന്നതിന്നുപോലും ഓരോ വിധി കല്പിച്ചിട്ടുണ്ട്. അവ പുറമേയുള്ള മതിലുകൾ ഗോപുരങ്ങൾ മുതലായവയിൽനിന്നു വിഗ്രഹങ്ങൾവരെയുള്ള സകല സാധനങ്ങളും ഇന്നവിധം വേണമെന്നു സുദീൎഗ്ഘമായും വ്യക്തമായും പ്രതിവാദിച്ചിട്ടുണ്ട്. ഈ നിയമങ്ങളെ ക്ഷേത്രനിൎമ്മാണത്തിൽ നിങ്ങൾ അക്ഷരംപ്രതി അനുസരിക്കാത്തപക്ഷം ആ ക്ഷേത്രങ്ങൾ നിങ്ങൾ പ്രതിഷ്ഠിക്കുവാൻ ഉദ്ദേശിക്കുന്ന ഈശ്വരനെ ആരാധിക്കുവാനുള്ള സ്ഥലം ആവുന്നതല്ല. എന്നാൽ ഇവയെല്ലാം അനുസരിച്ചാൽതന്നെ അതൊരു ആരാധനാസ്ഥലമാകയില്ല. ആ വിഗ്രഹവും ക്ഷേത്രവും എല്ലാം തന്നെ ആഗമങ്ങൾ വിധിച്ചിരിക്കുന്നവിധം മന്ത്രങ്ങൾ ചൊല്ലിയും, വേദകീൎത്തനങ്ങൾ പാടിയും, ഹോമങ്ങൾ നടത്തിയും, മററു വിവിധ കൎമ്മങ്ങൾ നടത്തിയും ശുദ്ധമാക്കേണ്ടതാണ്. ആഗമനിയമങ്ങൾ അനുസരിച്ചുള്ള ഈ ശുദ്ധിചെയ്യലാണ് ആ വിഗ്രഹത്തിൽ നാം ഉദ്ദേശിക്കുന്നവിധത്തിലുള്ള ഈശ്വരചൈതന്യവും, ദൈവസാന്നിദ്ധ്യവും ഉണ്ടാക്കുന്നത്. ഈ കൎമ്മങ്ങൾ എല്ലാം നടത്തി ആ വിഗ്രഹത്തിന്നു ഈശ്വരസാന്നിദ്ധ്യം നല്കിയശേഷം, വിവിധവൎഗ്ഗക്കാരായ ആരാധകന്മാർ ഇന്നവിധത്തിൽ വരണമെന്നും, ഇന്നവിധത്തിലേ ക്ഷേത്രങ്ങളിൽ കടക്കാവു എന്നും ആഗമങ്ങൾ വിധിച്ചിരിക്കുന്നു. ഉദാഹരണമായി ദക്ഷിണ ഇൻഡ്യയിൽ പുരോഹിതന്മാരേയും, പൂജാരികളേയും, അൎച്ചകന്മാരേയും മാത്രമേ ബിംബത്തെ തൊടുവാനും, ഗൎഭഗൃഹത്തിൽ ഓരോ കൎമ്മങ്ങൾ നടത്തുവാനും അനുവദിക്കുന്നുള്ളു. മററുള്ളവരെല്ലാം എത്രതന്നെ വിശുദ്ധന്മാരായാലും പൂജനീയന്മാരായാലും ഗൎഭഗൃഹത്തിൽ കടക്കുവാൻ അനുവദിക്കപ്പെടാത്തവർതന്നെ ആണ്. അതിനാൽ ഏററവും വിശുദ്ധന്മാരായ സന്ന്യാസികൾക്കുപോലും അകത്തുള്ള പുരോഹിതന്മാരുടെ കയ്യിൽനിന്നും തീൎത്ഥവും പ്രസാദവും വാങ്ങേണ്ടിയിരിക്കുന്നു. മററുള്ള ജാതിക്കാൎക്ക് എത്രത്തോളം പ്രവേശിക്കാമെന്നുള്ള നിയമം ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്റെ പ്രകൃതിക്കനുസരിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള ആചാരം ഓരോ ക്ഷേത്രങ്ങളിലും ഓരോവിധം ആണ്. ഉദാഹരണം പറയുന്നതായാൽ ശ്രീരംഗം ക്ഷേത്രത്തിൽ ചില ജാതിക്കാരെ ബ്രാഹ്മണൎക്കു ചെല്ലാവുന്നി

ടത്തോളംതന്നെ ചെല്ലുവാൻ അനുവദിക്കുന്നുണ്ട്. എന്നാൽ തിരുനൽവേലിയിലും, മററു ചില ദിക്കുകളിലും ആ ജാതിക്കാരെ ക്ഷേത്രങ്ങളിൽ കടക്കുവാൻതന്നെ അനുവദിക്കുന്നില്ല. എന്നാൽ ഈ വിരോധം താണ ജാതിക്കാർ അഥവാ, അധഃസ്ഥിതർ എന്നറിയപ്പെടുന്നവരെ മാത്രം ബാധിക്കുന്നതല്ല. ഒരു ബ്രാഹ്മണസ്ത്രീയോ, അഥവാ പുരുഷനോ അശുദ്ധമായിരിക്കുന്ന ചില പ്രത്യേകസമയങ്ങളിൽ ക്ഷേത്രത്തിൽ കടവാൻ അനുവദിക്കപ്പെടുന്നില്ല. കൂടാതെ ക്ഷേത്രത്തിൽ വരുന്നതിനേയും പ്രവേശിക്കുന്നതിനേയും സംബന്ധിച്ചുള്ള നിയമങ്ങൾ അവഗണിച്ചു പ്രവൃത്തിക്കപ്പെടുന്നതായാൽ അവിടത്തെ ഈശ്വരസാന്നിദ്ധ്യം ഇല്ലാതായിത്തീരും. പിന്നെ ആവശ്യമായ സംപ്രോക്ഷണകർമ്മങ്ങൾ എല്ലാം നടത്തപ്പെടുന്നതുവരെ അവിടെ സാന്നിദ്ധ്യം ഉണ്ടാകുന്നതല്ല. തടയപ്പെട്ടിരിക്കുന്ന ജാതിക്കാരുടെ പ്രവേശനം ക്ഷേത്രത്തിലെ മന്ത്രശക്തികൊണ്ടുണ്ടായിരിക്കുന്ന സാന്നിദ്ധ്യത്തെ തീരെ ഇല്ലാതാക്കിത്തീർക്കുന്നതാണ്. ഇതിൽനിന്നു ഹിന്ദുക്കളായ എല്ലാവർക്കും അഥവാ, ഹിന്ദുമതമാണ് ആചരിക്കുന്നതെന്നു പറയുന്ന എല്ലാവർക്കും, പ്രവേശിക്കാവുന്ന വിധമുള്ള പൊതുജനങ്ങളുടെ ആരാധനാസ്ഥാപനങ്ങളല്ല ക്ഷേത്രങ്ങൾ എന്നു വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ക്ഷേത്രങ്ങളുടെ നിയമസംബന്ധമായ അടിസ്ഥാനം.

അവയെ തന്നെ ഉണ്ടാക്കിത്തീർത്ത നിയമങ്ങളെ അടിസ്ഥാനമാക്കി ഓരോ സ്ഥാപനങ്ങൾക്കും ഓരോ ആവശ്യങ്ങളും, അനുഷ്ഠാനക്രമങ്ങളും, ചട്ടങ്ങളും ഉണ്ടായിരിക്കുന്നതു് സാധാരണയാണ്. ഇവയെ അവഗണിച്ചു പ്രവൃത്തിക്കുന്നതായാൽ അവയുടെ 'നിലയും വിലയും' എല്ലാംതന്നെ അസ്തമിക്കുന്നു. സാധാരണ സ്ഥാപനങ്ങളുടെതന്നെ സ്ഥിതി ഇതാണ്. മതസ്ഥാപനങ്ങളെ സംബന്ധിച്ചും ഈ സംഗതി അനുയോജ്യമായിത്തന്നെ ഇരിക്കുന്നു. നിയമാനുസരണം നടത്തപ്പെടുന്ന സംഘങ്ങളുടെ ശരിയായ ഭരണരീതിക്ക് പലപ്പോഴും തടസ്സങ്ങൾ ഉണ്ടാകുന്നതു് നാമെല്ലാം സാധാരണയായി കാണുന്നതാണ്. കുറച്ചു കാലംമുമ്പ് അലഹബാദ് ഹൈകോട്ടിൽ ഇതിന് ഒരു പ്രത്യക്ഷമായ ഉദാഹരണം ഉണ്ടായി. അവിടത്തെ ഒരു ജഡ്ജിയുടെ നിയമനം കോടതിയെ സംബന്ധിച്ചുള്ള നിയമത്തിനു വിരോധമായി കാണപ്പെട്ടു. അതിനാൽ കേസ്സുവിസ്താരത്തിൽ അദ്ദേഹം പങ്കെടുത്തതു് അധികാരാതീതമായി തീർന്നു. ഹിംസാക്കേസുകളേയും മററും പററി അദ്ദേഹം വിസ്തരിച്ചതു് അന്യായമായിട്ടാണെന്നു ബോദ്ധ്യം വന്നു.

അദ്ദേഹത്തിന്റെ വിധി അനുസരിച്ച് അനേകം കുററക്കാരെ തൂക്കിക്കൊല്ലുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ അയാളെ നിയമിക്കുന്ന കാൎയ്യത്തിൽ അവരറിയാത്ത ഏതോ ഒരു ശക്തിയെ ഗവമ്മേൎന്റ് ഉപയോഗിച്ചു എന്നുള്ളതു വ്യക്തമാണ്. ഒരു ക്ഷേത്രത്തിലെ ആരാധന ഒരു പുരോഹിതനാൽ നിൎവ്വഹിക്കപ്പെടുന്നു എങ്കിൽ അതു സ്വാഭിമാനത്തിന്നു ഹാനികരമാണെന്നു പറയുന്നതിന്റെ താല്പൎയ്യം എന്തെന്നു മനസ്സിലാകുന്നില്ല. നിങ്ങൾ ഒരു കോടതിയിൽ പോകുന്നതായാൽ അവിടത്തെ ജഡ്ജി ആ കേസ്സിനെപററി ഒരു വിധി പറയുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നു എങ്കിലും ഇല്ലെങ്കിലും സ്വീകരിക്കയല്ലാതെ ഗത്യന്തരമില്ല. പൊതുജനങ്ങൾക്കു കടന്നുപോകുവാൻ അധികാരമില്ലാത്ത ഒരു റോഡിൽക്കൂടി നിങ്ങൾ കടന്നുപോകുന്നതായാൽ നിങ്ങൾ പോലീസ്സുകാരന്റെ ശിക്ഷ സ്വീകരിക്കേണ്ടിവരും. അതുപോലെതന്നെ ക്ഷേത്രങ്ങൾ നിയമങ്ങളനുസരിച്ചു നടത്തപ്പെടുന്ന സ്ഥാപനങ്ങളായതിനാൽ—അവിടെ നിയമാനുസരണമുള്ള പ്രവൃത്തികൾ ചില പ്രത്യേകവൎഗ്ഗക്കാരായ മനുഷ്യർ ചെയ്യേണ്ടിയിരിക്കുന്നതിനാൽ—അതിന്റെ നിയമങ്ങൾ അനുസരിക്കതന്നെ വേണം. ആ സ്ഥാപനത്തെ നിങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ, നിങ്ങൾ നിശ്ചയമായും ആ സ്ഥാപനത്തെ അതഹ്ഹിക്കുന്നവിധത്തിലുള്ള സ്ഥാപനമാക്കിത്തീൎക്കുന്ന നിയമങ്ങളെ അനുസരിക്കണം.

ചുരുക്കി പറയുന്നതായാൽ ഇതിന്റെ നില ഇങ്ങിനെയാണ്. നിങ്ങൾ വിഗ്രഹം അകത്തു പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു കെട്ടിടത്തിന്ന്—ക്ഷേത്രത്തിന്ന്—എന്തെങ്കിലും ഒരു മാഹാത്മ്യമുണ്ടെന്നു വിശ്വസിക്കുന്നതായാൽ, ആ മാഹാത്മ്യം വിശുദ്ധമായ ഗ്രന്ഥങ്ങൾ വിധിച്ചിരിക്കുന്നവണ്ണം ശുദ്ധിചെയ്തശേഷം ഉണ്ടായിരിക്കുന്നതാണെന്നു വിശ്വസിക്കുന്നതായാൽ, നിങ്ങൾക്ക് അടുത്ത നിയമത്തെ അതായതു് ചില പ്രത്യേകവൎഗ്ഗക്കാരുടെ വരവുകൊണ്ടോ, പ്രവേശനംകൊണ്ടോ, ആ മാഹാത്മ്യം നശിച്ചുപോകുന്നുവെന്നുള്ള നിയമത്തെ അവിശ്വസിക്കുവാൻ അവകാശമില്ല. നിങ്ങൾ ആഗമങ്ങൾ വിധിച്ചിരിക്കുന്നവണ്ണം കൎമ്മങ്ങൾ ചെയ്താണ് ആ ക്ഷേത്രത്തിന്നു മാഹാത്മ്യമുണ്ടായിരിക്കുന്നതെന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് അവിടെ യാതൊരധികാരവുമില്ല. എന്തെന്നാൽ നിങ്ങൾക്കു ക്ഷേത്രങ്ങൾ കാൎട്ടബംഗ്ലാവു്, നാടകശാല മുതലായ മററുള്ള കെട്ടിടങ്ങളെപ്പോലെതന്നെ സാധാരണ കെട്ടിടങ്ങളാണ്. അതിനാൽ നിങ്ങൾക്കു മററുള്ളവർ വിശ്വസിച്ചുവരുന്ന

വിധത്തിലുള്ള അതിന്റെ മാഹാത്മ്യത്തെ നശിപ്പിക്കുവാൻ യാതൊരധികാരവുമില്ല. "അച്ഛനോടുകൂടി മരിക്കുകയും, അമ്മയോടുകൂടി ഇരിക്കുകയും" ഏകസമയത്തു് അസാദ്ധ്യംതന്നെയാണു്.

ഈ പ്രശ്നത്തെ ഈവിധം നോക്കുമ്പോൾ ഇന്നത്തെ ഈ വലിയ മോടികൾ എല്ലാം ഉണ്ടെങ്കിൽതന്നെ ക്ഷേത്രപ്രവേശനവിവാദം ഒരു ശരിയായ വാദവിഷയംതന്നെ ആണൊ എന്നു് ഒരുത്തനു സംശയിക്കുവാൻ വഴിയുണ്ടു്. ഇന്നത്തെ ഈ സംരംഭം മനു ചെയ്തതായ തെററിനുള്ള പകരം ചോദിക്കലോ അഥവാ അതുകൊണ്ടുണ്ടായിരിക്കുന്ന വെറുപ്പോ ആണെന്നു തോന്നിപ്പോകും. ഈറോഡ് മഹായോഗത്തിൽ പാസ്സാക്കപ്പെട്ട പ്രമേയം, അതായതു് ക്ഷേത്രങ്ങളുടെ സ്വത്തിൽനിന്നും ലഭിക്കുന്ന ആദായം, ഗവമ്മേണ്ടിലേക്കു കണ്ടുകെട്ടുന്നതിന്നും, അതിനെ മററുവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന്നും, ഉത്സവം ആദിയായ സകല ആഘോഷങ്ങളേയും നിറുത്തുന്നതിന്നും ആവശ്യപ്പെടുന്ന പ്രമേയം, അവരുടെ യഥാൎത്ഥമനഃസ്ഥിതിയെ ആണു് സൂചിപ്പിക്കുന്നതെങ്കിൽ ക്ഷേത്രങ്ങളുടെ ഭാവി തീരെ ശോഭനീയമായി തോന്നുന്നില്ല. എന്തെന്നാൽ ഇതിന്റെ ഫലം ക്ഷേത്രം എന്ന സ്ഥാപനംതന്നെ അസ്തമിക്കുക എന്നുള്ളതായിരിക്കും. ക്ഷേത്രങ്ങളുടെ മാഹാത്മ്യത്തെപ്പററിയുള്ള നിങ്ങളുടെ വിശ്വാസം ഇതാണോ? എന്നാൽ പിന്നെ നിങ്ങളോടു യോജിക്കാത്തവരെ നിങ്ങൾ എന്തിനാണു അലട്ടുന്നതു്? നിങ്ങളുടെ അഭിപ്രായത്തോടുകൂടി യോജിക്കുവാൻ എന്തിനാണു് അവരെ ഹേമിക്കുന്നതു്? നിങ്ങൾക്കു കഴിയുന്നിടത്തോളം മുതലുകൾ എല്ലാം കണ്ടുകെട്ടുക. പക്ഷേ, അപ്പോൾ ഈ നിയമത്തെ സ്വല്പംകൂടി വലുതാക്കുന്നതിന്നും, നിങ്ങളുടെ സ്വകാൎയ്യസമ്പാദ്യംതന്നെ കണ്ടുകെട്ടുന്നതിന്നും നിങ്ങൾ സമ്മതിക്കണം. അപ്പോഴാണു ചിത്തഭ്രമത്തിന്റെ സൎവ്വ ലക്ഷണങ്ങളും തികയുന്നതു്!

മന്ത്രശക്തി.

ഒരു വിഷയത്തെപ്പററി ശക്തിയായ ഒരു എതിൎവ്വാദമുണ്ടാകുവാൻ വഴിയുണ്ടു്. നിങ്ങൾ ക്ഷേത്രങ്ങളെ ശുദ്ധിയാക്കുവാൻ ചെയ്ത കൎമ്മങ്ങൾക്കുശേഷം, ക്ഷേത്രങ്ങൾക്കു മാഹാത്മ്യമുണ്ടായിട്ടുണ്ടെന്നുള്ളതിലേക്കു് നിങ്ങൾക്കു് എന്തു തെളിവു നൽകുവാനാണു സാധിക്കുന്നതു് എന്ന ചോദ്യം ഒരുപക്ഷേ ചോദിക്കുമായിരിക്കാം. കൊള്ളാം, ഞാൻ അതിന്നു സമാധാനം പറയട്ടെ. നിങ്ങൾ ആ ക്ഷേത്രത്തിന്നു യാതൊരു മാഹാത്മ്യവും സിദ്ധിച്ചിട്ടുള്ളതായി വിചാരിക്കുന്നില്ലെങ്കിൽ പിന്നെ

എന്തിനാണ് അവിടെതന്നെ ആരാധന നടത്തുവാൻ ആഗ്രഹിക്കുന്നതു്? നിങ്ങൾക്കു ക്ഷേത്രത്തിനേക്കാൾ നല്ലതായ ശുദ്ധവായു ധാരാളം ലഭിക്കുന്നതും, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ ഭംഗിയുള്ളതും ആയ മററു കെട്ടിടങ്ങൾ സമീപത്തുതന്നെ സ്വാതന്ത്ര്യമായി പെരുമാറുവാൻ ലഭിക്കുന്നതാണ്. ആ സ്ഥിതിക്കു ക്ഷേത്രമാഹാത്മ്യത്തിൽ പരിപൂൎണ്ണ വിശ്വാസമുള്ളവരെ നിങ്ങൾ എന്തിനാണ് ബുദ്ധിമുട്ടിക്കുന്നതു്? ഇതിന്നുപുറമേ, ശബ്ദത്തിന്നു ഒരു പ്രത്യേക ജീവശക്തിയുണ്ടെന്നുള്ളതു് ഒരു ശാസ്ത്രതത്വമാകുന്നു. മന്ത്രരൂപത്തിലുള്ള ശബ്ദസംയോഗത്തിന്നാണ് ചില പ്രത്യേക ഗുണങ്ങൾ ഉണ്ടെന്നു പറയുന്നതു്. കൂടാതെ ആ ശബ്ദങ്ങൾക്കുള്ള വിശേഷത, അവ ഉണ്ടാകുന്ന ക്രമത്തെ ആശ്രയിച്ചും, അവ ഉപയോഗിച്ചുനോക്കുന്ന സാധനത്തെ ആശ്രയിച്ചും ഇരിക്കുന്നു. കുറെ കൊല്ലങ്ങൾക്കു മുമ്പൊരിക്കൽ, ഞാൻ "ആത്മപ്രകാശിതദൈവജ്ഞാനവാദി" എന്ന പത്രത്തിൽ ഒരു ജൎമ്മൻ ശാസ്ത്രജ്ഞന്, ഒരു കണ്ണാടിയുടെ മുൻപിലിരുന്ന് കുറെ നേരം "പിയാനോ" വായിച്ച്, അതിനെ കഷണം കഷണമായി പൊട്ടിക്കുവാൻ സാധിച്ചു എന്നു വായിക്കയുണ്ടായി. ദക്ഷിണ ഇൻഡ്യയിൽ ഇന്നും സ്ത്രീകൾ പ്രസവസമയത്തു അസാമാന്യമായ വേദനയും, ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ വേദങ്ങളിൽനിന്നു ചില പ്രത്യേകഭാഗങ്ങൾ ചൊല്ലിവരുന്നു. അതിന്നുശേഷം പ്രസവം വളരെ എളുപ്പത്തിൽ വലിയ വേദനകൂടാതെ സാധിക്കുന്നു എന്നുള്ളതു് എല്ലാവൎക്കും അനുഭവപ്പെട്ടിട്ടുള്ള ഒരു പരമാൎത്ഥംതന്നെ ആണ്. ഒരു തേളു് കുത്തുകയോ, ഒരു പാമ്പു കടിക്കുകയോ ചെയ്താൽ, ആ മനുഷ്യൻ ഉടൻതന്നെ ഒരു മാന്ത്രികനെ അഭയംപ്രാപിക്കുകയും, അയാൾക്കു രക്ഷകിട്ടുകയും ചെയ്യുന്നതു നാം സാധാരണ കണ്ടുവരുന്നതാണ്. മന്ത്രശക്തിയെ പ്രത്യക്ഷപ്പെടുത്തുന്ന ഏററവും അടുത്തകാലത്തുണ്ടായതും, അതിശയകരമായതുമായ ഉദാഹരണം, കാലധൎമ്മം പ്രാപിച്ച നൈസാം മഹാരാജാവിന്റേതാണ്. ജുലൻഡ്യർ, ബൂലൻഡ്, മുതലായ അകന്ന നാട്ടിൽപോലും, പാമ്പിന്റെ വിഷം അദ്ദേഹത്തിന്റെ നാമം പറഞ്ഞ ഉടൻതന്നെ ഇല്ലാതാകത്തക്കവണ്ണം അദ്ദേഹത്തിന്നു നാഗമന്ത്രസിദ്ധി ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വിഷചികിത്സയുടെ പ്രാരംഭദശയിൽ ഒരാളെ പാമ്പു കടിച്ചാൽ അപായസ്ഥിതിയിലെത്തുന്നതിന്നുമുമ്പ്, അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുചെല്ലേണ്ടിയിരുന്നു. എന്നാൽ കുറെ കാലംകൂടി കഴിഞ്ഞു്, അദ്ദേഹത്തിന്റെ ശക്തി വൎദ്ധിച്ചപ്പോൾ വിവരത്തിന് ഒരു കത്തയക്കുക മാത്രം

ചെയ്താൽ മതിയായിത്തീരും. ഒടുവിൽ അദ്ദേഹത്തിന്റെ മരണത്തിന്നു കുറെ മുമ്പു മുതൽ, അദ്ദേഹത്തിന്റെ പേർ പറയുക മാത്രം ചെയ്താൽ ആഗ്രഹിക്കുന്ന ഫലം ഉണ്ടാകും എന്ന ദിക്കായി. ഇതാണു മന്ത്രശക്തി. അതിനാൽ മന്ത്രത്തിന്നു ശക്തിയില്ലെന്നു നിങ്ങൾക്കു ഒരിക്കലും പറയുവാൻ വയ്യാ. ഇതിനെപ്പററിയുള്ള പരമാൎത്ഥം അറിഞ്ഞാൽ കൊള്ളാമെന്നു നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ ഇനിയും അന്വേഷിച്ചാൽ അറിയുവാൻ സാധിക്കും. എന്നാൽ ഇതുകൊണ്ടു ക്ഷേത്രപ്രവേശനാനുവാദമില്ലാത്ത ജാതിക്കാൎക്കു ആരാധനാസ്ഥലങ്ങൾ ഇല്ലെന്നു അൎത്ഥമില്ല. ഒരേവിധത്തിലുള്ള മതമോ, ഒരേതരത്തിലുള്ള ആരാധനാരീതിയോ എല്ലാവൎക്കും ഒരുപോലെ സ്വീകാൎയ്യയോഗ്യമായിരിക്കുകയില്ലെന്നുള്ള പരമാൎത്ഥം ഇൻഡ്യയിൽ ആദ്യകാലം മുതൽതന്നെ അറിഞ്ഞിരുന്നു. എന്തെന്നാൽ ഒരു രാജ്യത്തിൽ പരിഷ്കാരത്തിന്റെ പല പടികളിലും നില്ക്കുന്ന ആളുകൾ ഉണ്ടായിരിക്കുന്നതാണ്. അതിനാൽ ഓരോ കൂട്ടരുടേയും സ്ഥിതിക്കു യോജിച്ചവിധത്തിലാണെന്നുദ്ദേശിക്കപ്പെട്ട ഓരോ വിധത്തിലുള്ള ക്ഷേത്രങ്ങൾ രാജ്യത്തിലെല്ലാം സ്ഥാപിക്കപ്പെട്ടു. മററു ദേവാലയങ്ങളെ പുറമെ നിന്നുനോക്കി ആരാധന നടത്തുക എന്നുള്ളതു ഈ വൎഗ്ഗക്കാരുടെ സ്ഥിതിക്കു യോജിച്ചതാണ്. ക്ഷേത്രങ്ങളെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായവും വിശ്വാസവും അനുസരിച്ചു്, വിശുദ്ധങ്ങളായ ആഗമങ്ങൾ 'അരുതു്' എന്നു പറഞ്ഞിട്ടുള്ളവരെ, ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുവാൻ ഞങ്ങൾക്കു ഒരിക്കലും സാദ്ധ്യമല്ലതന്നെ.

(1930-ലെ ഒരു പ്രസംഗത്തിൽനിന്നു്)

ദി ഇന്ത്യൻ മിറർ.

അസ്പൃശ്യതയും ക്ഷേത്ര പ്രവേശനവും.

ഈ പ്രശ്നത്തെപ്പററി ശാസ്ത്രാനുസാരമായ ഒരു വ്യാഖ്യാനം.

(ചാരുചന്ദ്രമിത്ര ബി. എ., വക്കീൽ, കൽക്കട്ട.)

"അസ്പൃശ്യത എന്നതു് ശുചിയായി പെരുമാറുന്നവരും വൃത്തിഹീനന്മാരുമായി, വിശിഷ്യാ അശുചിയായ ചുററുപാടിൽ വസിക്കുന്നവരുമായി, ശാരീരികാടുപ്പത്തിന്നുള്ള വൈമനസ്യത്തെ കുറിക്കുന്നു.

എൻെറ ഭാൎയ്യയുമൊരുമിച്ചു ഞാൻ അമ്പതിലധികം സംവത്സരത്തോളമായി പരസ്പരാനുരാഗത്തോടും ബഹുമാനത്തോടും കൂടി താമസിച്ചുവരുന്നു. എന്നിട്ടും ദിവസത്തിലധികം ഭാഗവും അവൾ എന്നെ ഒരു അസ്പൃശ്യനേപ്പോലെ വിചാരിക്കുകയും, അതിന്നനുസരണമായി പെരുമാറുകയും ചെയ്യുന്നു. സ്വന്തം കുട്ടികളേയും മതവിശ്വാസം വേണ്ടുവോളമുള്ള തൻെറ മററു കുടുംബാംഗങ്ങളേയും അവൾ, അവൾക്കു് തൃപ്തിയായവിധത്തിലുള്ള ശുചിത്വം ഇല്ലെന്നു വിചാരിക്കുന്നപക്ഷം അസ്പൃശ്യരായിത്തന്നെ ഗണിക്കുന്നു. 'വൃത്തി' അല്ലെങ്കിൽ 'ശുചിത്വം' എന്ന പദത്തിന്നു പാശ്ചാത്യരാജ്യക്കാരുദ്ദേശിക്കുന്ന അൎത്ഥം മാത്രമല്ല ഞങ്ങൾ ഉദ്ദേശിക്കുന്നതു്. അതിനാൽ ഞാൻ അതിനെ കൎമ്മാനുഷ്ഠാനത്തിന്നുവേണ്ട ശുദ്ധി അഥവാ ശുചിത്വം എന്നു വിളിക്കുന്നു. ഇതിൽനിന്നു് ഹിന്ദുക്കളുടെ 'അസ്പൃശ്യത'യിൽ യാതൊരുപുച്ഛമൊ, വെറുപ്പൊ അടങ്ങിയിട്ടില്ലെന്നുകാണാം. എന്നാൽ ആംഗ്ലേയരായിത്തീൎന്ന നമ്മുടെ നവീകരണക്കാർ ഇതുണ്ടെന്നു വിശ്വസിക്കുന്നതായി തോന്നുന്നു. അവർ മതവിശ്വാസമുള്ളവരോടു് കാണിക്കുന്ന ഒരു ദുൎന്നിൎണ്ണയം മാത്രമാണു് ഇതു്. അതിനാൽ അവരുടെ വിധി ന്യായാനുസരണമാകുവാൻ ഇടയില്ല.

എൻെറ ഭാൎയ്യ കൎമ്മാനുഷ്ഠാനത്തിന്നാവശ്യമുള്ള ശുദ്ധിയോടുകൂടിയ വസ്ത്രങ്ങൾ, താഴെ പറയുന്നവക്കെല്ലാം ഉപയോഗിക്കുന്നതായി ഞാൻ കാണാറുണ്ടു്.

1. പൂജകൾ നടത്തുന്ന സമയത്തും, അതിന്നുള്ള പദാൎത്ഥങ്ങൾ എല്ലാം ഒരുക്കുന്ന സമയത്തും.

2. ഭക്ഷണം പാകപ്പെടുത്തുന്ന സമയം.

3. കലവറയിൽനിന്നു ഭക്ഷണപദാൎത്ഥങ്ങളുണ്ടാക്കുവാനുള്ള സാധനങ്ങൾ എടുത്തുകൊണ്ടുവരുന്ന സമയം.

4. ഭക്ഷണംവിളമ്പിക്കൊടുക്കുന്നസമയം.

5. താൻ ആഹാരം കഴിക്കുന്ന സമയം.

ഈ സമയങ്ങളിലെല്ലാം അവൾ എന്നേയും തന്നേപ്പോലെ ശുദ്ധി (കൎമ്മാനുഷ്ഠാനത്തിന്നാവശ്യമുള്ള ശുദ്ധി എന്നു ഈ പദത്തിന്നു അൎത്ഥംകൊടുക്കേണ്ടതാണു്.) യില്ലാത്ത മററുള്ളവരേയും അസ്പൃശ്യരായി വിചാരിക്കുന്നു. യൂറോപ്യന്മാരും അതുപോലെയുള്ള ശുദ്ധി

വേണമെന്ന വിചാരംകൊണ്ടാണ് ഞായറാഴ്ച പള്ളിയിൽ പോകുന്ന സമയത്തും, ഉച്ചയ്ക്ക് ആഹാരംകഴിക്കുന്ന സമയത്തും വസ്ത്രം മാറുന്നത് എന്നു തോന്നുന്നു. മുഹമ്മദീയരും പ്രാർത്ഥനാനടത്തുന്നതിനുമുമ്പായി തങ്ങളുടെ കൈ, കാൽ, മുഖം മുതലായവ കഴുകുന്നു. ഇതു സകല മനുഷ്യരും പ്രാർത്ഥനാസമയത്ത് കഴിയുന്നതും ശുദ്ധമായിരിപ്പാൻ ആഗ്രഹിക്കുന്നു എന്നതിലേക്കുള്ള തെളിവാണ്. എന്നാൽ ആ 'ശുദ്ധി'യെപ്പററി മാത്രമാണ് അഭിപ്രായവ്യത്യാസമുള്ളത്. പൂജാദ്രവ്യങ്ങളെല്ലാം ദേവന്മാരുടെ ആഹാരപദാർത്ഥങ്ങളായിട്ടാണ് സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ തങ്ങളുടെ സ്വന്തം ആഹാരത്തിനു വേണ്ട ശുദ്ധിതന്നെ പൂജാപദാർത്ഥങ്ങൾക്കുമുണ്ടായിരിക്കേണമെന്നു ഹിന്ദുക്കൾ നിർബ്ബന്ധിക്കുന്നു. ഹിന്ദുക്കളുടെ ശുദ്ധത്തെപ്പററിയുള്ള അഭിപ്രായം നിശ്ചയമായും ശുചിത്വത്തെ ആസ്പദമാക്കിയിരിക്കുന്നു. ഇന്നത്തെ ശസ്ത്രവൈദ്യത്തിൽ പഴുപ്പുണ്ടാകാതിരിക്കുവാനായി ചെയ്യപ്പെടുന്ന മുൻകരുതൽ ഹിന്ദുക്കൾ ഭക്ഷണപദാർത്ഥം പാകംചെയ്യുന്നതിൽ സ്വീകരിക്കുന്ന മുൻകരുതലിനോട് തുലോം സാദൃശ്യമുള്ള ഒന്നത്രെ. പഴുപ്പുണ്ടാകാതിരിക്കുവാൻ ആവശ്യപ്പെടുന്ന ശുചിത്വത്തിൽ ഒരു വലിയ ഭാഗം സ്പർശത്തിന്റേതാണ്. അതുപോലെതന്നെയാണ് കർമ്മാനുഷ്ഠാനത്തിനുവേണ്ട ശുദ്ധിക്കും. പല രോഗങ്ങളും അണുക്കൾ മൂലമുണ്ടാകുന്നു എന്ന തത്വം ഹിന്ദുക്കളുടെ പ്രവൃത്തികളിൽ അവർ എത്രമാത്രം വിശേഷജ്ഞാനമുപയോഗിക്കുന്നുവെന്നു കാണിക്കുന്നുണ്ട്. എന്നാൽ നമ്മുടെ നവീനശാസ്ത്രങ്ങളോട് അവ പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു പറയുവാൻ പാടില്ല. എന്നാൽ നവീനശാസ്ത്രം ഒന്നുംതന്നെ പരിപൂർണ്ണമല്ല. ഹിന്ദുക്കൾ അവരുടെ പ്രവൃത്തിയെല്ലാം പൂർണ്ണജ്ഞാനമുള്ള ദിവ്യന്മാരായ യോഗിമാരുടെ വാക്കിനെ ആസ്പദമാക്കിയുള്ളതാണെന്നും, തന്മൂലം അവ നവീനശാസ്ത്രങ്ങളേക്കാൾ ഉൽകൃഷ്ടമാണെന്നും, അതിനാൽ അവരുടെ പഴയ മാർഗ്ഗത്തെത്തന്നെ തുടരുന്നതു നന്നായിരിക്കുമെന്നും, വിശ്വസിക്കുന്നു. വിശിഷ്യാ അവരുടെ പൂജയിലും മററുമുള്ള ശുദ്ധി അവൎക്ക് ആത്മഗുണത്തെ ഉണ്ടാക്കുവാൻ പര്യാപ്തമാണെന്നു അവർ വിചാരിക്കുന്നു. ഈ ബോധം ശരിയായിരിക്കാം, അഥവാ തെററായിരിക്കാം. ഒരുപക്ഷേ ആ ശുദ്ധം അവൎക്ക് ആത്മീയസത്വങ്ങളുമായി, 'തളൂർ' എന്നറിയപ്പെടുന്നവയുമായി, സഹവാസത്തിനു സഹായിക്കുന്നവയായിരിക്കാം. എല്ലാ 'തളൂരും' ഏററവും ഉയൎന്ന ജീവിയായ ബ്രഹ്മാവിന്റെ രൂപമല്ല. പ്രത്യുത അതിൽ താണ ചില ദേവന്മാരുടേതാ

ണു *

ണെന്നു ഓൎമ്മിക്കണം. അവ മനുഷ്യരെക്കാൾ ഉയൎന്ന ജീവികളും അവരെക്കാൾ കൂടുതൽ ശക്തിയോടുകൂടിയവയും, നമുക്കുചെയ്വാൻ അസാദ്ധ്യമായ വേലകൾ നിഷ്പ്രയാസം ചെയ്തുതീൎക്കുന്നവയും,ചില പ്രത്യേകപ്രാൎത്ഥനകൾ മൂലം തൃപ്തിപ്പെടുന്നവയുമത്രെ. ഉദാഹരണം, 'സിതാലദേവി' വസൂരിദീനംമാത്രം ഭേദപ്പെടുത്തുവാൻ ശക്തിയുള്ള ദേവിയാണ്. ഇപ്പോഴത്തെ ആത്മമതവാദിസഭായോഗങ്ങളിൽ ശരിയായ പ്രത്യക്ഷതക്കു ചില പ്രത്യേകവ്യവസ്ഥകളെല്ലാം ചെയ്യേണമെന്നു നിൎബ്ബന്ധമുണ്ട്. ഓരോ പ്രത്യേകക്ഷേത്രങ്ങളിലും അനുഷ്ഠിക്കപ്പെടുന്നതുപോലെയുള്ള 'ശുദ്ധി' ഉണ്ടെങ്കിൽ മാത്രമെ ആരാധകന്മാൎക്കു ദേവനുമായി ബന്ധമുണ്ടാകുകയുള്ളു എന്നും, പൂജാപദാൎത്ഥങ്ങളെല്ലാം അദ്ദേഹത്തിനു സ്വീകാൎയ്യയോഗ്യമാകയുള്ളു എന്നും വരാം. സുപ്രസിദ്ധനായ മെച്ച്നികാഫ് എന്ന ശാസ്ത്രജ്ഞൻ തന്റെ ആഹാരത്തിന്ന് ചീയുവാൻ ഇടയില്ലാതെ ശുചിത്വത്തോടെയുള്ള പദാൎത്ഥങ്ങൾ ലഭിക്കുവാൻ നിൎബ്ബന്ധിച്ചിരുന്നു. അണുക്കൾമൂലം രോഗം വ്യാപിക്കുന്നുഎന്ന് അറിയാത്തവരും വിശ്വസിക്കാത്തവരും, ഇപ്പോഴത്തെ ശസ്ത്രവൈദ്യന്മാർ വ്രണം പഴുക്കാതെ ഇരിപ്പാനായി ചെയ്യുന്ന പ്രയാസമേറിയ ജോലികളെല്ലാം കേവലം അനാവശ്യമെന്നുതന്നെ വിചാരിക്കും. ശസ്ത്രവൈദ്യന്മാരെ അവരുടെ പ്രവൃത്തിയിൽനിന്നു വ്യത്യാസപ്പെട്ട ഒരു രീതിയിൽ പ്രവൃത്തിക്കുവാൻ നിൎബ്ബന്ധിക്കുന്നതു് എത്രത്തോളം നീതീകരിക്കത്തക്കതാണോ അതുപോലെ ആയിരിക്കും മതവിശ്വാസമുള്ളവരെ അവരുടെ പൂജക്കു് അവർ ഉദ്ദേശിക്കുന്ന വിധത്തിലുള്ള ശുദ്ധം ആവശ്യമില്ലെന്നു പറയുന്നതു്. മഹാത്മാഗാന്ധിക്കു് അദ്ദേഹത്തിന്റെ പ്രത്യേകതരത്തിലുള്ള ഭക്ഷണമുണ്ട്. അതുപോലെതന്നെ ഈ വിവിധ "തക്കുറുകൾക്കും" പ്രത്യേക രീതിയിലുള്ള ഭക്ഷണമുണ്ട്; അഥവാ ഉണ്ടെന്നു വിശ്വസിച്ചിരിക്കുന്നു. അതുപോലെതന്നെ ആണു പ്രത്യേക വിധത്തിലുള്ള ശുദ്ധിയും. നമുക്കു് ആ വിധത്തിലുള്ള ഒരു വിശ്വാസമില്ലായിരിക്കാം. എന്നാൽ അതുകൊണ്ടു് ഉപദേശശുദ്ധിയുള്ളവരെ, അവരുടെ പഴയ വിശ്വാസത്തെ മാററുവാൻ നിൎബ്ബന്ധിക്കുന്നതു ന്യായമായിരിക്കുകയില്ല. എന്റെ ഭാൎയ്യ, പാകം ചെയ്ത ഭക്ഷണപദാൎത്ഥം അവളെപ്പോലെ ശുദ്ധിയില്ലാത്തവരോ അല്ലങ്കിൽ മററു വിധത്തിൽ അശുദ്ധമായവരോ സ്പൎശിക്കുന്ന പക്ഷം,അവൾ ആ അശുദ്ധമായ ആഹാരം കഴിക്കുന്നതിനേക്കാൾ ഭേദം അതു കഴിക്കാതിരിക്കയാണെന്നു വിചാരിക്കുന്നു. അപ്രകാരം തന്നെ പൂജാ പദാൎത്ഥങ്ങൾ

അവർ ഉപേക്ഷിക്കുന്നു. വേറെ സാധനങ്ങൾ ഉണ്ടാക്കുന്നു. അവ ദേവന്റെ ഭക്ഷണപദാൎത്ഥങ്ങളാണെന്നു് അവർ വിശ്വസിക്കുന്നു; അവരെപ്പോലെതന്നെ ഭക്ഷണപദാൎത്ഥങ്ങളുടെ ശുദ്ധി, ദേവനും വേണമെന്നാണു് അവരുടെ വിചാരം. ചില സമയം അവർ ശുദ്ധം മാറി എന്നു തോന്നുമ്പോൾ വസ്ത്രങ്ങളെല്ലാം മാറുന്നതും കുളിക്കുന്നതും കാണാം. അവൎക്കു നേരിടുന്ന വലുതായ അസൌകൎയ്യത്തെപ്പോലും അവർ ഗണിക്കാത്തതു് അവരുടെ പ്രവൃത്തിയിലുള്ള വിശ്വാസത്തിന്റെ അഗാധത്വത്തെ കാണിക്കുന്നു. നാം അവരുടെ വിശ്വാസത്തിന്നു വിരോധമായി പ്രവൃത്തിക്കുവാൻ അവരെ നിൎബ്ബന്ധിക്കുന്നപക്ഷം അതു് അവരുടെ മനസ്സാക്ഷിയോടു ചെയ്യുന്ന ഒരു ഭീമമായ അന്യായമായിരിക്കും. അവൎണ്ണക്ഷേത്രപ്രവേശനത്തിന്നനുകൂലമായി വോട്ടുചെയ്യുന്നവൻ അവന്റെ മതവിശ്വാസമുള്ള കുടുംബാംഗങ്ങളിൽ ആരെങ്കിലും—അവന്റെ അമ്മ എന്നുദ്ദേശിക്കുക—ശുദ്ധമായി പൂജചെയ്യുന്ന ദിക്കിൽ അശുദ്ധമായി പ്രവേശിക്കുവാൻ ശ്രമിച്ചു നോക്കുകയോ, അല്ലെങ്കിൽ അവരെ തന്നെ സ്പൎശിക്കയോ, അതുമല്ലാത്തപക്ഷം അവരുടെ പൂജാസാമാനങ്ങളെ സ്പൎശിക്കുകയോ ചെയ്തുനോക്കുക. അപ്പോൾ അവൎക്കു് അവരുടെ ഉപദേശശുദ്ധിയുള്ള രാജ്യക്കാരുടെ വിശ്വാസത്തോടു് എത്ര കഠിനമായ ഒരന്യായമാണു് അവർ പ്രവൃത്തിക്കുന്നതെന്നു് അറിയുവാൻ സാധിക്കും. ഇപ്രകാരമുള്ള വിശ്വാസത്തോടുകൂടിയവരാണു ഭാരതത്തിലെ ഹിന്ദുക്കളിൽ ഭൂരിഭാഗം ആളുകളും. അവരെ സംബന്ധിച്ചിടത്തോളം പൂജക്കുള്ള ശുദ്ധി, ഭക്ഷണസാധനങ്ങളിൽ ഗോമാംസം എത്രത്തോളം ശക്തിയോടെ വൎജ്ജിക്കപ്പെടേണമോ അതുപോലെതന്നെ അത്യന്താപേക്ഷിതമത്രേ. എന്നാൽ ഉയൎന്ന രീതിയിലുള്ള ഹിന്ദുമതം ഈ വിധമുള്ള ശുദ്ധത്തെ ഉപേക്ഷിച്ചിരിക്കുന്നു എന്നും പല വൎഗ്ഗക്കാരും അതുനോക്കാത്തവരുണ്ടെന്നും നമുക്കറിയാം. അപ്രകാരം ഗോമാംസം ഒരു കാലത്തു ഹിന്ദുക്കളുടെ ഭക്ഷണസാധനങ്ങളിൽ ഒന്നായിരുന്നു. വിഗ്രഹാരാധനയിൽ വിശ്വാസമില്ലാതിരുന്ന എന്റെ ചെറുപ്പകാലത്തു്, ഒരു ദിവസം ഞാൻ പുതിയതായി പൂജിക്കുവാൻ തുടങ്ങിയിരുന്ന ഒരു സ്ത്രീയുടെ പൂജാസാധനങ്ങൾ സ്പൎശിക്കുവാൻ ശ്രമിക്കയുണ്ടായി. ഇന്നും അവളുടെ മുഖത്തു സ്ഫുരിച്ചതായ കോപത്തിന്റേയും, രോമഹൎഷണത്തിന്റേയും, പരിഭ്രമത്തിന്റേയും തിങ്ങിവിങ്ങി വന്ന വികാരങ്ങളുടേയും, രൂപം എന്റെ മനസ്സിൽനിന്നു മറയുന്നില്ല. ഇന്നത്തെ നവീകരണക്കാർ മതവിശ്വാസമുള്ള അവരുടെ സഹോദരന്മാരുടെ വികാരത്തെ

പ്പററി കൂറഞ്ഞൊന്ന് ആലോചിക്കുന്നപക്ഷം നിശ്ശങ്കം അവർ വിഗ്രഹ ധ്വംസനാസക്തിയോടുകൂടിയ അവരുടെ കരങ്ങളെ പിൻവലിക്കുകതന്നെ ചെയ്യും. പൂജാപദാൎത്ഥങ്ങൾ അറിയാതെ ശുദ്ധം മാറിപ്പോയാൽ ആ ദേവനോ, ദേവിയോ സ്വപ്നത്തിൽ പ്രത്യക്ഷമായി, ആ ഭക്ഷണം തനിക്കു സ്വീകരിപ്പാൻ സാധിച്ചില്ലെന്നും താൻ പട്ടിണി കിടന്നു എന്നും മററും പറഞ്ഞു കൊടുത്തിട്ടുള്ളതായി കഥകൾ കേട്ടിട്ടുണ്ട്. ഈ കഥകളെ പൂൎണ്ണമായി വിശ്വസിക്കുന്നവരും ഒട്ടും അപൂൎവ്വമല്ല. കുറച്ചു കൊല്ലം മുമ്പ് ഇപ്രകാരം വിശേഷപ്പെട്ട ഒരു കഥ ഇംഗ്ലണ്ടിൽനിന്നു ഉയൎന്ന വിദ്യാഭ്യാസവും കഴിഞ്ഞു മടങ്ങിവന്ന ഒരു വലിയ ഗവൎമ്മേൻറുദ്യോഗസ്ഥൻ പറഞ്ഞു ഞാൻ കേട്ടു. അദ്ദേഹം ആ സ്വപ്നം കണ്ട ഒരാൾ—വൃദ്ധനായ ഈശ്വരഭക്തിയുള്ള ഒരു ക്രിസ്ത്യാനി, ജീവിതകാലം മുഴുവൻ വിഗ്രഹാരാധനക്കെതിരായി പ്രസംഗിച്ചു വന്ന ഒരാൾ— പറഞ്ഞു കേട്ടിട്ടുള്ളതാണത്രെ. പ്രസ്തുത ക്രിസ്ത്യാനി അടുത്തുള്ള ഒരു ക്ഷേത്രത്തിലെ ദേവി മൂന്നു ദിവസം രാത്രി അടുപ്പിച്ചു സ്വപ്നത്തിൽ തന്റെ അടുത്തു വന്നതായും, ക്ഷേത്രത്തിൽ മഴവെള്ളം ഒലിച്ചു പോകുവാൻ വച്ചിരുന്ന പാത്തികൾ വൃക്ഷങ്ങളുടെ ഇല വീണു ചീഞ്ഞുകിടക്കുന്നതിനാൽ വെള്ളത്തെ തടഞ്ഞു നിറുത്തിയിരിക്കുന്നതായും, പാത്തികളുടെ ചെറിയ ദ്വാരങ്ങളിൽകൂടി പതിക്കുന്ന ജലബിന്ദുക്കൾ പുരോഹിതനറിയാതെ തന്റെ ഭക്ഷണപദാൎത്ഥങ്ങളെ ശുദ്ധം മാററിയതായും, തന്മൂലം താൻ പട്ടിണികിടന്നതായും, അതിനാൽ വിവരം അയാൾ ക്ഷേത്രാധികാരികളെ തെര്യപ്പെടുത്തേണ്ടതായും ദേവി ആജ്ഞാപിച്ചു എന്ന് അദ്ദേഹത്തോടു പറഞ്ഞു. ഈ ജോലിക്കുതന്നെ, ഒരു ക്രിസ്ത്യാനിയെ നിയോഗിച്ചതിന്റെ രഹസ്യമെന്തെന്ന് അയാൾ ദേവിയോടു ചോദിച്ചു. തനിക്ക് ആ പ്രദേശത്തുള്ള തന്റെ ആരാധകന്മാരാരോടും വിവരം പറയുവാൻ പാടില്ലെന്നു ദേവി മറുവടി നല്കി. ചില മരുന്നുകൾ, ചിലപ്പോൾ ചില വേരായിരിക്കാം, അല്ലാത്തപക്ഷം എന്താണെന്നറിയപ്പെടാത്ത പദാൎത്ഥങ്ങളായിരിക്കാം, "മാദ്ധുലി" എന്നു വിളക്കപ്പെടുന്ന ലോഹപ്പെട്ടികളിലാക്കി ദേവനോ, അഥവാ ദേവിയോ തന്റെ ഭക്തന്മാരായ ചിലൎക്കു സ്വപ്നത്തിൽ നല്കിയിട്ടുണ്ട്. അതു കഴുത്തിന്മേലൊ, കാലിന്മേലൊ, അരയിലൊ അരച്ചു പുരട്ടുവാൻ കല്പിച്ചതായും, സാധാരണയായി മാറാത്ത സുഖക്കേടുകളായ ക്ഷയം, വാതോന്മാദം, വാതം, മൂലക്കുരു, ആന്ത്രം ഇത്യാദി സുഖക്കേടുകൾ മാറിയിട്ടുള്ളതായും അറിയുന്നു. ചിലപ്പോൾ ദേവന്മാരോ, ദേവി

മാരോ നക്ഷത്ര ലോഹമോതിരങ്ങൾക്ക് അസാധാരണമായ സുഖക്കേട ഭേദപ്പെടുത്തുവാനുള്ള ശക്തിയുള്ളതായും, സുഖക്കേട് ഉടനടി ഭേദപ്പെട്ടിട്ടുള്ളതായും കാണാം. മിക്കപ്പോഴും ആതു മരുന്നുകൾ ഉപയോഗിക്കുന്ന രീതി അനുസരിച്ചും രോഗി ഉപയോഗിക്കുന്ന ആഹാരത്തിന്നനുസരിച്ചുമിരിക്കുന്നു. ശവദാഹം ചെയ്യുന്നിടത്തെ പുകയോ, കിടപ്പു മുറിയിലെ തീയോ, ശവത്തെ തൊട്ട ഒരുവന്റെ സ്പർശമോ, ശവദാഹത്തേയോ കിടപ്പു മുറിയേയോ സംബന്ധിച്ച വല്ല പദാർത്ഥമോ ആണു സാധാരണയായി ഈ മോതിരങ്ങളോ 'മാഡുലി'കളോ ഉപയോഗിക്കുന്നവർ വർജ്ജിക്കേണ്ടി വരുന്നത്. അങ്ങിനെ ചെയ്യാത്തില്ലെങ്കിൽ ഇവയുടെ ഫലം ഇല്ലാതാകുകയും ഇവയാൽ ഭേദപ്പെട്ട സുഖക്കേടുകൾ വീണ്ടും ഉണ്ടാകുകയും ചെയ്യും. ഇതു സാധാരണ സംഭവിക്കുന്ന ഒരു പരമാർത്ഥം തന്നെ ആണ്. ഇതിനെപററി അറിയുവാൻ ഉദ്ദേശിക്കുന്ന ഒരുവന്നു തള്ളിക്കളയുവാൻ സാധിക്കാത്ത തെളിവു ലഭിക്കും; ഒരുപക്ഷേ ഉണ്ടായില്ലെന്നും വരാം. ഇങ്ങിനെ ഈ മോതിരങ്ങളുടേയും 'മാഡുലി'കളുടേയും ശക്തി അശുദ്ധമായ വസ്തുക്കളുടെ സ്പർശംകൊണ്ടുമാത്രം—ലോഹംകൊണ്ടുള്ള പൊതിച്ചിലുണ്ടായിരുന്നിട്ടുതന്നേയും—ഇല്ലാതാവുന്നു എന്നാണതോന്നുന്നത്. രസായനവിദ്യയിൽ ചില സംഗതികൾ സ്പർശം മൂലം വർദ്ധിക്കുന്നതും ചുരുങ്ങുന്നതും രണ്ടുലോഹങ്ങളുടെ ചേർച്ച വിദ്യുച്ഛക്തിയെ ഉണ്ടാക്കുന്നതും നാം കാണുന്നുണ്ടല്ലോ. ഇതിൽനിന്നു സ്പർശം ഒന്നുമൂലം മാത്രം വലുതായ ഫലങ്ങളുണ്ടാകുന്നു; അഥവാ ഉണ്ടാകാം എന്നു ധരിക്കേണ്ടതാണ്. ഇതു സ്പർശം മൂലം അശുദ്ധമാക്കി ചെയ്യപ്പെടുന്നുവെന്ന ഹിന്ദുക്കളുടെ വിശ്വാസത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നു. ബുദ്ധിശക്തിയുണ്ടെന്നഭിമാനിക്കുന്ന നമ്മൾ ഉദ്ദേശിക്കുന്ന വിധം, സ്പർശംകൊണ്ട് അശുദ്ധമാകുന്നുവെന്നബോധം കേവലം അർത്ഥരഹിതവും, വിദ്ധ്വിതംകൊണ്ടുണ്ടായതുമായ ഒരന്ധവിശ്വാസമല്ലെന്നു വരാം. മതവിശ്വാസികളായ ഹിന്ദുക്കൾ ആഹാരത്തെ സംബന്ധിച്ചുള്ള ശുദ്ധിനിയമംകൊണ്ടു ക്ഷയം മുതലായ ഭയങ്കരരോഗങ്ങളുടെ വ്യാപ്തിയെ തടുക്കുന്നുണ്ടെന്നു നമുക്കറിയാം. ഈ ജ്ഞാനം പൂർവ്വികന്മാരുടെ ബുദ്ധിവൈഭവത്തെപ്പററിയുള്ള നമ്മുടെ മതിപ്പിനെ തുലോം ബലപ്പെടുത്തുന്നു; പഴയ രീതിയെതന്നെ മുറുക്കി പിടിക്കുന്നതാണ് നല്ലതെന്നുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ചില പണ്ഡിതന്മാരുടെ അഭിപ്രായം അനുസരിച്ചു മിക്ക ക്ഷേത്രങ്ങളിലും അനുഷ്ഠിക്കപ്പെടുന്നവണ്ണമുള്ള 'അസ്പൃശ്യതാ'നിയമം ശാസ്ത്രങ്ങൾ അനുവദിക്ക

ന്നില്ലെന്നും ഉയൎന്ന രീതിയിലുള്ള ഹിന്ദുമതം അതിനെ വകവെക്കുന്നില്ലെന്നും അവരോടു പറഞ്ഞാൽ മാത്രം മതിയാവുന്നതല്ല. നമ്മുടെ സകല ശാസ്ത്രങ്ങളേയും പല വിധത്തിൽ വ്യാഖ്യാനിക്കുന്നതിന്ന് സാധിക്കും. ഒരുവിഷയത്തെപ്പററിതന്നെ പല മഹാന്മാരും പല അഭിപ്രായം പ്രകടിപ്പിക്കുവാനും എളുപ്പമുണ്ട്.

നമ്മുടെ ക്ഷേത്രങ്ങൾ മിക്കവയും ശാസ്ത്രങ്ങളെ ഒരു പ്രത്യേകവിധത്തിൽ മനസ്സിലാക്കിയിട്ടുള്ളവരാൽ നിൎമ്മിക്കപ്പെട്ടവയോ, അഥവാ ഭരമേല്പിക്കപ്പെട്ടവയോ ആണ്. അവിടത്തെ പൂജകൾ അവരുടെ ശാസ്ത്രങ്ങൾ വിധിച്ചിരിക്കുന്നവണ്ണം നിൎവ്വഹിക്കപ്പെടുന്നു. ഇംഗ്ലണ്ടിലെ രാജാക്കന്മാരുടെ സിംഹാസനാരോഹണകാൎയ്യത്തിൽ, പൂൎവ്വാചാരത്തെ എത്രത്തോളം നിഷ്കൎഷയോടുകൂടി അനുഷ്ഠിക്കപ്പെടുന്നുവോ, അതുപോലെതന്നെ നിഷ്കൎഷയോടുകൂടിയാണ് ഈ ക്ഷേത്രങ്ങളിലെ പൂജാദികൎമ്മങ്ങൾ നിൎവ്വഹിക്കപ്പെടുന്നതു്. പല ക്ഷേത്രങ്ങളിലും പലതുമായിരിക്കുന്ന നിവേദ്യത്തിൽപോലും, പൂൎവ്വാചാരത്തിൽനിന്ന് അണുമാത്രം ഒരു വ്യതിചലനം, അനുവദിച്ചിട്ടില്ലെന്നു മാത്രമല്ല, ചെയ്ക പതിവുമില്ല; ദേവൻ ഒന്നുതന്നെ ആയി എന്നു വരാം, എന്നാലും ഓരോ ദിക്കിലും ഓരോ പതിവാണുള്ളതു്. ചില വൎഗ്ഗക്കാരെ ചില ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ലെന്നുള്ളതു് അവയുടെ സ്ഥാപകന്മാർ അവരുടെ സ്പൎശം നിവേദ്യത്തേയും, ആരാധനക്കാരേയും അശുദ്ധമാക്കുമെന്ന് വിശ്വസിച്ചിരുന്നുവെന്നതിലേക്കു പ്രത്യക്ഷതെളിവാണ്. അതിനാൽ ക്ഷേത്രാധികാരികൾ ആ വൎഗ്ഗക്കാരെ അകററി നിറുത്തുകയും, അവിടെ വരുന്നതിനേയും, ആരാധിക്കുന്നതിനേയും വിരോധിക്കുകയും ചെയ്തു. ഈ വൎഗ്ഗക്കാർ ഈ തടസ്ഥത്തെ ഇത്രകാലം ആദരിച്ചുതന്നെ വന്നുവെന്നുള്ളതു് അധികൃതൎക്ക് തടയുവാനുള്ള അധികാരമുണ്ടെന്നു അവർ സമ്മതിച്ചതിനെ കാണിക്കുന്നു. ചില പഴയ ക്ഷേത്രങ്ങളെ സംബന്ധിച്ച് "പൊതുസ്ഥാപന"മെന്നു പറയുന്നതു് തെററാണെന്നു മാത്രമല്ല, സനാതനികളുടെനേരെ ഒരു പക്ഷഭാവത്തെ ഉണ്ടാക്കുവാൻ ഇടയുള്ളതുമാണ്. എന്തെന്നാൽ അവ പൊതുസ്വത്തുകൊണ്ടോ, അല്ലെങ്കിൽ പൊതുജനങ്ങളുടെ സംഭാവനകൊണ്ടോ നിൎമ്മിക്കപ്പെട്ടിട്ടുള്ളവയല്ല. എന്നാൽ ഇപ്പോൾ അവ പൊതുയോഗത്താലോ, വിശ്വസിച്ചേല്പിക്കപ്പെട്ട ഭാരവാഹികളാലോ ഭരിക്കപ്പെടുന്നവയാണ്. സനാതനികൾ ബലാല്ക്കാരമായി അവയെ കയ്യേറിയതാണെന്നു ചിലർ വിശ്വസിപ്പാൻ എളുപ്പമുണ്ട്. എന്നാൽ വാസ്തവം അതല്ലതന്നെ.

ഈ വൎഗ്ഗക്കാരെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നില്ലെന്നുള്ളത് ഇന്നും നടക്കുന്നതുതന്നെയാണ്. ഈ പഴയ ക്ഷേത്രങ്ങളിലെ ഇന്നത്തെ ഭാരവാഹികൾക്കു പൂജാദികളിൽ പൂൎവ്വാചാരത്തെ ബഹുമാനിക്കാതെ ഗത്യന്തരമില്ല. അസ്പൃശ്യരുടെ സ്പൎശംകൊണ്ട് ദേവിക്കോ, ദേവനോ നൽകപ്പെടുന്ന നിവേദ്യസാധനങ്ങൾ ഒന്നും ശുദ്ധംമാറാതെ സൂക്ഷിക്കേണ്ടതു അവരുടെ ചുമതലയാണ്. അങ്ങിനെ ശുദ്ധംമാറുന്നതായാൽ ആ സാധനങ്ങൾ അവിടത്തെ ദേവനോ, ദേവിക്കോ സ്വീകരിപ്പാൻ പാടില്ലാതെ ആയിത്തീരും. അവരുടെ സ്പൎശംകൊണ്ട് ആ പ്രത്യേകക്ഷേത്രത്തിൽ ആരാധനക്കു വരുന്നവരും, ശുദ്ധംമാറി എന്നു വിശ്വസിക്കുന്നതും, ആ വിശ്വാസം അവരുടെ മനസ്സിനെ വല്ലാതെ പീഡിപ്പിച്ച്, അവരുടെ ആരാധനാസക്തിയെ നശിപ്പിക്കുന്നതും, തന്മൂലം അവൎക്ക് അവരുടെ പൂജ നടത്തുവാൻ സാധിക്കാതെ വരുന്നതുമാണ്. ഇപ്രകാരം അസ്പൃശ്യൎക്കു ക്ഷേത്രപ്രവേശനം അനുവദിക്കുക എന്നതിന്റെ അൎത്ഥം, പഴയ രീതിയിൽ ആരാധന നടത്തിവരുന്നവരുടെ അവകാശത്തെ ഇല്ലാതാക്കുക എന്നായി തീരുന്നതാണ്. എന്തെന്നാൽ അവിടത്തെ പൂജകൊണ്ട് അവൎക്കു ഒരു തൃപ്തിയും ഉണ്ടാകാതെ വരുന്നതും, തന്മൂലം അവർ പൂജകൾ നടത്തുവാനായി ക്ഷേത്രങ്ങളിൽ പോകാതിരിപ്പാൻ നിൎബ്ബന്ധിതരായി തീരുന്നതുമാണ്. ഹിന്ദുക്കളിൽ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ച്, ഈ കാൎയ്യം തീൎച്ചപ്പെടുത്താമെന്നു നിൎബ്ബന്ധിക്കുന്നത് മഹാത്മാഗാന്ധിയെ അദ്ദേഹത്തിന്റെ പ്രത്യേകതരത്തിലുള്ള ആഹാരം ഉപേക്ഷിക്കുവാൻ നിൎബ്ബന്ധിക്കുന്നിടത്തോളം ന്യായമായിരിക്കും. അദ്ദേഹത്തിന്റെ ആഹാരരീതി ആദരിക്കപ്പെടേണ്ടതാണെങ്കിൽ, അത്രത്തോളംതന്നെ ആദരിക്കപ്പെടേണ്ടതാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠയുടെ ഭക്ഷണവിശേഷതയും. പൂജാരീതിയെ ഭേദപ്പെടുത്തുകയും, പ്രതിഷ്ഠൎക്ക് അശുദ്ധമായ ഭക്ഷണം നല്കുകയും ചെയ്യുന്നതു ഭാരവാഹികളിൽ അൎപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തെ വഞ്ചിക്കുന്നതായിരിക്കും.

ഒരു ക്ഷേത്രത്തിൽ ഒരു വൎഗ്ഗക്കാരെ കടക്കുവാൻ അനുവദിക്കാത്ത പക്ഷം, ക്രിസ്ത്യാനികൾക്കും മഹമ്മദീയൎക്കും സംഭവിക്കുന്നതുപോലെ, അവരുടെ ആരാധനാവകാശത്തെ ഇല്ലായ്മചെയ്യുകയാണെന്നു വിശ്വസിക്കുന്ന ഇന്നത്തെ നവീകരണന്മാരുടെ ബോധം ഹിന്ദുസമുദായത്തെപ്പററിയുള്ള അടിസ്ഥാനരഹിതമായ ഒരു മുന്നിൎണ്ണയം മാത്രമാണ്. മഹമ്മദീയരിലോ, ക്രിസ്ത്യാനികളിലോ ഒരു വൎഗ്ഗക്കാരെ അവരുടെ പള്ളി

യിൽ കടക്കുവാൻ അനുവദിച്ചില്ലെങ്കിൽ, അവരുടെ ആരാധനാവകാശം ഇല്ലാതാകുന്നു. ഹിന്ദുക്കളുടെ പൂജ, മഹമ്മദീയരുടേയും കൃസ്ത്യാനികളുടേയും പള്ളിയിലെപ്പോലെ സഭാസംബന്ധമായ കൂട്ടപ്രാൎത്ഥനയല്ല; മിക്കവാറും സകല സംഗതിയിലും അവരവരുടെ സ്വന്തം ആരാധനയാണ്. കൃസ്ത്യാനികളുടെ പള്ളികളിൽ ധൎമ്മാധൎമ്മവിവേകത്തെപ്പറ്റിയും, മതവിഷയങ്ങളെപ്പറ്റിയും പ്രസംഗിക്കുകയും, തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുകയും മറ്റും പതിവുണ്ട്. എന്നാൽ സാധാരണയായി ഈ തരത്തിലുള്ള ഒന്നുംതന്നെ ഹിന്ദുക്ഷേത്രങ്ങളിലില്ല. എന്നാൽ പ്രതിഷ്ഠ സ്ഥിതിചെയ്യുന്ന ദിക്കിൽനിന്നും വളരെ ദൂരത്തിലുള്ള ചില ക്ഷേത്രത്തിന്റെ 'നടമന്ദിര'ങ്ങളിൽ ഉച്ചതിരിഞ്ഞശേഷം, മതവിഷയങ്ങളെപ്പറ്റിയുള്ള ചില പ്രസംഗങ്ങൾ ചെയ്യുക—ക്ഷേത്രങ്ങൾ അതിന്നു കൂടുതൽ സൌകൎയ്യമുള്ളതായതിനാൽ—ചിലപ്പോൾ പതിവുണ്ട്. എന്നാൽ അതു് അവിടെ ചെയ്യപ്പെടുന്ന ആരാധനയുടെ ഒരു ഭാഗവുമല്ല. (ഹരിജനങ്ങളെ അവിടെ പ്രവേശിക്കുവാൻ അനുവദിക്കാവുന്നതും, അനുവദിക്കേണ്ടതുമാണ്. ഇതു് അവരുടെ ഉന്നതിയ്ക്കു വളരെ സഹായിക്കുമായിരിക്കും.) ഓരോ പ്രത്യേക വൎഗ്ഗക്കാൎക്കും, പ്രിയപ്പെട്ട പ്രത്യേക പ്രതിഷ്ഠകളും, ആരാധനാരീതിയും, വഴിപാടുകളും ഉണ്ട്. അസംഖ്യം ദേവപ്രതിഷ്ഠയും, അവയ്ക്കെല്ലാം വിവിധശക്തിയും, വിവിധരീതിയിലുള്ള പ്രസാദം നല്കുവാനുള്ള കഴിവും ഉണ്ട്. അവയെ എല്ലാം പ്രത്യേക മന്ത്രങ്ങൾകൊണ്ട് ആരാധിക്കുകയും, അവയ്ക്കു പ്രത്യേക വഴിപാടുകൾ ചെയ്കയും ചെയ്യുന്നു. ഓരോ പ്രത്യേക ദേവന്മാരേയും പ്രതിഷ്ഠിച്ചിരിക്കുന്ന പ്രത്യേക ക്ഷേത്രം, ഗ്രീക്കുപള്ളി, റോമൻകത്തോലിക്കുപള്ളി, പുത്തൻകൂറ്റുകാരുടെ പള്ളി, ശിശുസ്നാനവിരോധവാദികളുടെ പള്ളി ഇവയെപ്പോലെത്തന്നെ പ്രത്യേക സ്ഥാപനങ്ങളാണ്. വിവിധദേവന്മാരും, വിവിധരീതിയിലുള്ള ആരാധനാക്രമങ്ങളും, പലവിധത്തിലുള്ള ആരാധനക്കാരേയും ആകൎഷിക്കുന്നു. ഹിന്ദുമതം ഒന്നുമാത്രമേ ഈ വാസ്തവത്തെ വേണ്ടുംവണ്ണം അറിഞ്ഞു്, ഓരോരുത്തരുടേയും മനസ്സിന്നു യോജിച്ചതായ ആരാധനക്കിടം കൊടുത്തിട്ടുള്ളു. പല വൎഗ്ഗക്കാരുടേയും പരിതസ്ഥിതികൾക്കും, നോട്ടത്തിന്നും യോജിച്ചവിധം ആരാധിക്കുവാൻ അതു അനുവദിച്ചിട്ടുണ്ട്. എല്ലാവിധത്തിലുള്ള മനുഷ്യരും, ഒരു പ്രത്യേകവിധത്തിൽ പ്രാൎത്ഥന നടത്തണമെന്നു അതു നിൎബ്ബന്ധിക്കുന്നില്ല. അതാണ് അതിന്റെ ഗണ്യമായ വിശേഷം. ("യെ യഥാമാം പ്രപദ്യന്തേ, താംസ്തഥൈവ ഭജാമ്യഹം." "മനുഷ്യർ

ഏതുവിധം എന്റെ അടുത്തു വന്നാലും, ആ വിധത്തിൽ ഞാൻ അവരെ സ്വീകരിക്കുന്നു." ഭഗവൽഗീത, അദ്ധ്യായം 4, ശ്ലോകം 11) ഹിന്ദുമതം അതിന്റെ പിടിയിൽ പല വർഗ്ഗക്കാരേയും, പല ഭാഷ സംസാരിക്കുന്നവരേയും, പരിഷ്കാരംകൊണ്ട് പല പടിയിൽ നില്ക്കുന്നവരേയും, ഏററവും ഉയൎന്ന പദവിമുതൽ, ഏററവും താണപടിവരെ അൎഹിക്കുന്നവരേയും ഒതുങ്ങിയിട്ടുണ്ടെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. ഓരോ മനഃസ്ഥിതിയുള്ള ആരാധനക്കാൎക്കും ഓരോ വിധത്തിലുള്ള പൂജയാണ് അതു നല്കിയിരിക്കുന്നത്. ഏററവും ഉയൎന്ന ആരാധനാരീതി അദ്വൈതവാദികൾ, യോഗികൾ മുതലായവർ ചെയ്യുന്ന വിധമുള്ള മാനസിക ആരാധനയാണെന്നും അവൎക്കു സൎവ്വശക്തന്റെ യാതൊരു പ്രത്യക്ഷരൂപത്തിന്റേയും ക്ഷേത്രാരാധനയുടേയും സഹായം ആവശ്യമില്ലെന്നും ഹിന്ദുക്കൾക്കറിയാം. എന്നാൽ സാധാരണക്കാരായ മനുഷ്യൎക്കെല്ലാവൎക്കും അതു യോജിക്കുകയില്ലെന്നും അവരുടെ ആരാധനക്കുള്ള അഭീഷ്ടത്തെ ഉണൎത്തുവാൻ അതു പൎയ്യാപ്തമായിത്തീരുകയില്ലെന്നും അവർ അറിഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ വൈഷ്ണവന്മാർ വൈഷ്ണവക്ഷേത്രങ്ങളിലും ശാക്തന്മാർ ശക്തിക്ഷേത്രങ്ങളിലും മാത്രം ആരാധന നടത്തുന്നതായി നാം കാണുന്നുണ്ട്. ശാക്തന്മാരുടെ ക്ഷേത്രങ്ങളിലെ ആരാധനാരീതി മിക്ക വൈഷ്ണവന്മാൎക്കും അസഹ്യമായി തോന്നാം. അതേ ദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്ന മററു ക്ഷേത്രങ്ങളിലെ അസ്പൃശ്യതാനിയമം അവിടെ കണ്ടില്ലെന്നു വരാം. അസ്പൃശ്യരെല്ലാം ഒരു വൎഗ്ഗത്തിൽ പെട്ടവരോ, ഒരു ഭാഷ സംസാരിക്കുന്നവരോ, ഒരേ നിലയിലുള്ള പരിഷ്കാരത്തോടുകൂടിയവരോ അല്ല. അവരിൽ ഓരോ കൂട്ടൎക്കും അവരുടെ പ്രിയപ്പെട്ട ദൈവവും അവരുടെ ആത്മാവിനെ തൃപ്തിപ്പെടുത്തുന്ന ആരാധനാരീതികളും ഉണ്ട്. ഒരു വൎഗ്ഗത്തിൽപെട്ട ഒരുവൻ മറെറാരു വൎഗ്ഗക്കാരുടെ ക്ഷേത്രത്തിൽ പോയി ആരാധിക്കുകയോ, അതിനനുവാദം നല്കപ്പെടുകയോ പതിവില്ല. എന്തെന്നാൽ, അവിടത്തെ ആരാധനാരീതി അവന്റെ ഭക്തിയെ ഉണൎത്തുവാൻ ഇടയില്ല. ഒരു വൎഗ്ഗക്കാരെ മറെറാരു വൎഗ്ഗക്കാരുടെ ക്ഷേത്രങ്ങളിൽ കടക്കുന്നതിനും, ആരാധിക്കുന്നതിനും അനുവദിക്കാത്തതുകൊണ്ട് ഒരു ബുദ്ധിമുട്ടുമുണ്ടാകുന്നില്ലെന്നല്ല, അതുകൊണ്ടു തീരെ മോശവുമില്ല. ക്രിസ്ത്യാനികളിൽ പുത്തൻകൂററുകാരെ റോമൻകത്തോലിക്കരുടെ പള്ളിയിൽ ആരാധിക്കുന്നതിനനുവദിക്കുന്നില്ല. അതുകൊണ്ട് അവൎക്കൊരു കഷ്ടപ്പാടും കുറച്ചിലും ഉണ്ടാകുന്നുമില്ല. എന്നാൽ ഇതാണ്

ഇംഗ്ലീഷുവിദ്യാഭ്യാസം ലഭിച്ചവർ, ഏറക്കുറെ ആംഗ്ലേയസമ്പ്രദായത്തെ ഇഷ്ടപ്പെടുന്ന നാം, അറിയാത്തത്. ഈ അറിവില്ലായ്മയാണ ഹരിജനങ്ങൾക്കു സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശനാനുവാദം നല്കണമെന്ന ഇന്നത്തെ വിവാദവിഷയത്തിന്നുള്ള മൂലഹേതു. ഹരിജനങ്ങൾക്കു മററു ക്ഷേത്രങ്ങളിലെ പൂജ കണ്ടാൽ കൊള്ളാമെന്ന് നാടകമോ അഥവാ മററു 'തമാശ'കളോ കാണുവാൻ പോകുമ്പോഴത്തെപ്പോലെ ആഗ്രഹമുണ്ടായിരിക്കാം. എന്നാൽ അത് അവരുടെ ഉന്നതിക്കു തീരെ സഹായിക്കുന്ന ഒന്നല്ല. ഹരിജനങ്ങൾക്കു സവർണ്ണഹിന്ദുക്ഷേത്രങ്ങളിലെ ആരാധനാമന്ത്രം അറിയുവാൻ സാധിക്കയില്ല. അതു സംസ്കൃതത്തിലാണ്. വിശിഷ്യാ ആ മന്ത്രംകൊണ്ടുള്ള ഫലത്തെപ്പററി അവൎക്കു പാരമ്പര്യവഴിക്കുള്ള ബഹുമാനമുണ്ടാകുകയില്ല; അതിൽ അവൎക്കു വിശ്വാസവുമില്ല. എന്നാൽ സവർണ്ണഹിന്ദുക്കൾക്കിവയെല്ലാമുണ്ട്. ഇതൊന്നുമില്ലാതെ അവരുടെ ക്ഷേത്രപ്രവേശനം അവരുടെ മിഥ്യാസക്തിയെ പൂരിപ്പിക്കുവാൻ മാത്രം സഹായിക്കുന്നതും, എന്നാൽ അതുകൊണ്ടു മാത്രം അവൎക്കു യാതൊരുപകാരവും സിദ്ധിക്കാത്തതുമാണ്. സാധാരണയായി അസ്പൃശ്യർ പരിഷ്കാരത്തിൽ വളരെ പിന്നണിയിൽ നില്ക്കുന്നവരും, പെരുമാററത്തിൽ തീരെ വൃത്തിഹീനന്മാരും, പുതിയ ആദൎശങ്ങളെ മനസ്സിലാക്കുവാൻ പ്രാപ്തിയില്ലാത്തവരുമാണ് എന്നുള്ളതു വിസ്മരിക്കാവുന്നതല്ല. ഹരിജനങ്ങളുടെ ഒരു പ്രത്യേക ദേശത്തുള്ള ഒരു പ്രത്യേക വൎഗ്ഗക്കാരിൽ ഒരു വലിയ ഭൂരിഭാഗം ആളുകളും, അവരുടെ ഇപ്പോഴത്തെ ആരാധനാരീതികൊണ്ടു തൃപ്തിപ്പെടുന്നില്ലെന്നുള്ളതിലേക്കു യാതൊരു ലക്ഷ്യവുമില്ല. തന്മൂലം ഒരു പ്രത്യേക ക്ഷേത്രത്തിൽ കടക്കുന്നതിനും ആരാധിക്കുന്നതിനും അവൎക്കനുവാദം നല്കാത്തത് അവരുടെ ഉയൎന്ന രീതിയിലുള്ള ആരാധനാസക്തിയെ നശിപ്പിക്കുവാൻ ഇടവരുത്തുന്നതാണെന്ന് അവർ വിചാരിക്കുന്നതായി തോന്നുന്നുമില്ല. ഹരിജനങ്ങളുടെ ഒരു സ്ഥലത്തുള്ള ഒരു പ്രത്യേക വൎഗ്ഗത്തിൽ ചിലർ, അവരുടെ ചുററുപാടിൽനിന്ന് ഉയൎന്നുനില്ക്കുന്നുണ്ടായിരിക്കാം. എന്നാൽ അവരുടെ വൎഗ്ഗം മുഴുവൻ ആ നിലയെ പ്രാപിച്ചിരിക്കയില്ല. അതിനാൽ ക്ഷേത്രങ്ങൾ തുറക്കുന്നതിനാൽ ഭൂരിപക്ഷം ആളുകൾക്കും ഒരു ഫലവും ഉണ്ടാകയില്ല—അവരുടെ മനഃസ്ഥിതിക്കു യോജിക്കാത്ത വിധമുള്ള അവിടത്തെ ആരാധനാരീതി അവൎക്കു യാതൊരു തൃപ്തിയും ഉണ്ടാക്കുന്നതല്ല.

ഒരു ക്ഷേത്രത്തിൽ ഒരു പ്രത്യേക ജാതിക്കാരെ കടക്കുവാൻ അനു

വദിക്കാത്തതെന്താണെന്നു സാധാരണ ചോദിക്കാറുണ്ട്. മഹാത്മാ ഗാന്ധി ഉൾപ്പെടെ സകല നവീകരണക്കാരും, ക്ഷേത്രത്തിൽ ആരാധനക്കു വരുന്നവരെ എല്ലാം ശുചിയായി വരുവാൻ നിർബ്ബന്ധിക്കുവാനുള്ള ക്ഷേത്രാധികൃതന്മാരുടെ അധികാരം സമ്മതിക്കുന്നുണ്ട്. അസ്പൃശ്യതയെ എതിർത്തിരുന്നവരിൽ പ്രമാണിയായ സ്വാമി വിവേകാനന്ദൻ പോലും, ബേലൂർ എന്ന സ്ഥലത്തെ രാമകൃഷ്ണക്ഷേത്രത്തിൽ പോകുന്നവരാരും ചെരിപ്പ് ഇട്ടുകൊണ്ടു പോകുവാൻ പാടില്ലെന്നു വിരോധിക്കയുണ്ടായി. ചെരിപ്പു പുറമെ വെക്കുവാൻ അദ്ദേഹം അവരെ നിർബ്ബന്ധിച്ചു. അതിനെ ഇന്നത്തെ നവീകരണക്കാർ അനുവദിക്കുന്നപക്ഷം, ക്ഷേത്രാധികൃതന്മാർക്കു ക്ഷേത്രത്തിൽ വരുന്നവരുടെ ശുദ്ധത്തെ അവർക്കു തൃപ്തിപ്പെടുന്നവിധം നിർബ്ബന്ധിക്കുവാനും അധികാരം നല്കേണ്ടതാണ്. അല്ലാതെ, നവീകരണക്കാർക്കിഷ്ടമുള്ള ശുദ്ധത്തെ പററിയ ബോധമല്ല വേണ്ടതു്. മതവിശ്വാസമുള്ള ഹിന്ദുക്കളുടെ ഈ ശുദ്ധം കർമ്മാനുഷ്ഠാനങ്ങൾക്കാവശ്യമുള്ള ശുദ്ധമാണ്. അല്ലാതെ ശുചിയായ—അലക്കിയ മുണ്ടിന്റെ—ശുദ്ധമല്ല. എന്നാൽ കർമ്മാനുഷ്ഠാനങ്ങൾക്കാവശ്യമുള്ള ഈ ശുദ്ധം ഇന്നത്തെ ശസ്ത്രജ്ഞന്മാർ മുറിവുകൾക്കു പഴുപ്പു വരാതിരിക്കുവാൻവേണ്ടി അനുഷ്ഠിക്കുന്ന ശുചിത്വംപോലെ വളരെ പ്രയാസമുള്ള ഒന്നാണ്. നമ്മൾപോലും, വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഉയന്ന ഹിന്ദുക്കൾപോലും, ആ ശുദ്ധ നിയമത്തെ അനുസരിച്ചു പെരുമാറുവാൻ വളരെ പ്രയാസപ്പെടേണ്ടി വരുന്നു. ഈ അസ്പൃശ്യർക്കു സാധാരണയായി കർമ്മാനുഷ്ഠാനങ്ങൾക്കാവശ്യമുള്ള ഈ ശുദ്ധിയുടെ സൂക്ഷ്മബോധം അഥവാ വൈശിഷ്ട്യം മനസ്സിലാകുന്നതല്ല; ആ നിയമങ്ങളെ അനുസരിച്ചു പ്രവൃത്തിക്കുവാൻ സാധിക്കയില്ലെന്നു മാത്രമല്ല, അതിനുള്ള വഴിയുമുണ്ടാകയില്ല. ഇന്നത്തെ ശസ്ത്രവൈദ്യന്മാർക്ക്, പരിചയപ്പെട്ടിട്ടില്ലാത്ത ഒരാൾക്ക്, മുറിവു പഴുക്കാതിരിപ്പാനുള്ള ശുചിത്വനിയമങ്ങളെ എല്ലാം അറിഞ്ഞു പ്രവൃത്തിക്കുവാൻ സാധിക്കുന്നതല്ലെന്ന് അറിയാം; അഥവാ, അറിയാമെന്നു പറയുന്നപക്ഷം, അവർക്ക് അതിനെ വിശ്വസിക്കുവാൻ അസാദ്ധ്യമാണ്. അതുപോലെതന്നെ ഉപദേശശുദ്ധിയുള്ള ഹിന്ദുക്കളും തങ്ങൾ അനുഷ്ഠിക്കുന്ന വിധത്തിലുള്ള കർമ്മാനുഷ്ഠാനങ്ങൾക്കാവശ്യമുള്ള ശുദ്ധത്തിനുവേണ്ട നിയമങ്ങളെ അനുസരിച്ചു പ്രവൃത്തിക്കുവാൻ അസ്പൃശ്യർക്കു സാധിക്കുകയില്ലെന്നുതന്നെ വിശ്വസിക്കുന്നു. ഈ ശുദ്ധംകൂടാതെ അവരുടെ പൂജാദികർമ്മങ്ങൾ നടത്തുവാൻ സവർണ്ണഹിന്ദുക്കൾക്കു സാദ്ധ്യമല്ല. അതിനാൽ അവർ ശസ്ത്ര

വൈദ്യൻ സാധാരണ മനുഷ്യരെ ശസ്ത്രപ്രയോഗം ചെയ്യുന്ന മുറിയിൽ നിന്നും അകററി നിറുത്തുന്നതുപോലെ അസ്പൃശ്യരെ ക്ഷേത്രങ്ങളിൽ നിന്നും അകററി നിറുത്തിയിരിക്കുന്നു.

ദി ഇന്ത്യൻ മിറർ.

ക്ഷേത്ര പ്രവേശനക്ഷോഭം.

മിസ്റ്റർ ഗാന്ധിയും അദ്ദേഹത്തിൻെറ ബുദ്ധിശാലികളായ ചില അനുഗാമികളും കൂടി ആരംഭിച്ചതും, നടത്തിവരുന്നതും ആയ അവർണ്ണരുടെ ക്ഷേത്രപ്രവേശക്ഷോഭത്തെപ്പററി ഞങ്ങൾക്ക് ഐകകണ്ഠ്യേന യുള്ള പ്രതികൂലഭാവത്തിനു കാരണങ്ങളായ പ്രമാണങ്ങളെ ഞങ്ങൾ വിനയപൂർവ്വം സംക്ഷേപിച്ചുകൊള്ളുന്നു.

1. ഈ ക്ഷോഭത്തിനു ഹേതുഭൂതന്മാരായവരുടെ ഐഹികാവസ്ഥ എന്തുതന്നെയായിരുന്നാലും അവർക്കു ഹിന്ദുമതത്തെപ്പററിയും, ഹിന്ദുസമുദായവ്യവഹാരശാസ്ത്രത്തെപ്പററിയും ഉള്ള ശരിയായ പരിജ്ഞാനം ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവരുടെ വാദം വിജയിയാകുന്നപക്ഷം അതു മഹത്തായ ഹിന്ദുമതതത്വങ്ങൾക്കും, അതിൻെറ സനാതനധർമ്മങ്ങൾക്കും ഹാനികരമാണ്.

2. ഹിന്ദുമതപ്രകാരം വർണ്ണാശ്രമധർമ്മങ്ങളുടെ പരമോദ്ദേശം, ഐഹികജീവിതത്തിലുള്ള സമ്മിശ്രങ്ങളായ അനുഭവങ്ങളും നാനാത്വങ്ങളും, പരമാത്മാവും തങ്ങളിലുള്ള അതിശ്രേഷ്ഠമായ ഐക്യതയെ ഗ്രഹിക്കുന്നത് മോക്ഷപ്രാപകമാണെന്നാണ്. വ്യക്തികളുടേയും സമുദായങ്ങളുടേയും ജീവവികാസസങ്കല്പം അനുസരിച്ചു നോക്കിയാലും ഇതു പരമാത്ഥമാണെന്നു പ്രത്യക്ഷപ്പെടുന്നതാണ്. ജന്മം ഒരു ആകസ്മികസംഭവമല്ലെന്നുമാണ് ഹിന്ദുമതം ഘോഷിക്കുന്നത്. മുജ്ജന്മങ്ങളിൽ ഓരോരുത്തരും ചെയ്തിരുന്ന കർമ്മബന്ധങ്ങളെ അനുഭവിക്കുന്നതിന് അനുയോജ്യങ്ങളായ കുഡുംബങ്ങളിലാണ് ഓരോരുത്തരും വീണ്ടും ജനിക്കുന്നത്. ജീവിതപരമോദ്ദേശമായ മോക്ഷപദത്തെ പ്രാപിക്കുന്നതിനു മുമ്പു ഓരോരുത്തരും ഈ ജന്മത്തിൽ തങ്ങൾക്കുള്ള മുജ്ജന്മകർമ്മബാദ്ധ്യതകളെ നിവ്വഹിക്കണം. നീചന്മാർ മുജ്ജന്മങ്ങളിലുള്ള തങ്ങളുടെ കർമ്മങ്ങളാൽ അശുദ്ധവംശജാതന്മാരായിത്തീരുന്നതുകൊണ്ട് സനാതനധർമ്മികളായ സവർണ്ണർ അവരുമായി സംസർഗ്ഗം ചെയ്യുകയോ, അവരെ

സ്പശിക്കുകയോ, അടുത്തു പെരുമാറുന്നതിന് അനുവദിക്കയോ ചെയ്തിരുന്നില്ല. ഹിന്ദുമതതത്വങ്ങൾപ്രകാരം എല്ലാ ജീവികൾക്കുംപാപമാർഗ്ഗങ്ങളെ ത്യജിച്ച ത്യാഗബുദ്ധിയോടും, ദൈവഭക്തിയോടുംകൂടി ജീവിക്കാം. എന്നാൽ ബാഹ്യങ്ങളായ പ്രവൃത്തികളാലോ, ഭൌമികങ്ങളായ സ്ഥാപനങ്ങളാലോ, ഇതു സാദ്ധ്യമാകുന്നതല്ല.

3. കൂടാതെ അനേകകാലങ്ങൾക്കു മുമ്പുമുതൽതന്നെ സവർണ്ണരും, അവർണ്ണരും സ്നേഹത്തോടും, സൌഹാർദ്ദത്തോടും കൂടിത്തന്നെയാണു വർത്തിച്ചിരുന്നത്. അവർണ്ണരുടെ ഐഹികമായും മതപരമായുമുള്ള ജീവിതപന്ഥാവിനെ നന്നാക്കിത്തീർക്കാൻ സവർണ്ണർ ഇപ്പോഴും എപ്പോഴും ജാഗരൂകന്മാരാണ്.

4. നേരെമറിച്ച് അവർണ്ണർ എല്ലാവരും 'ഹരിജനങ്ങ' (അതായതു ദൈവഭക്തിയുള്ളവർ) ളാണെന്നുള്ള സിദ്ധാന്തവും, സവർണ്ണഹിന്ദുക്കൾ അവരെ തുടരെത്തുടരെയുള്ള ദുർന്നീതികൊണ്ട് അത്യധികം പീഡിപ്പിക്കുകയും, അമർച്ച ചെയ്കയും മററും ചെയ്തുവെന്നുള്ള പ്രവാദവും യഥാർത്ഥമല്ല. ഇതിനെ സാധൂകരിക്കുന്നതിനു ഹിന്ദുമതചരിത്രത്തിൽ യാതൊരു ലക്ഷ്യങ്ങളുമില്ല.

അതുപോലെതന്നെ ജനസംഖ്യക്കണക്കിൽ "ഹിന്ദുക്കൾ" എന്നു കാണുന്നവർക്കെല്ലാം പൊതുവേയുള്ള എല്ലാ ഹിന്ദുദേവാലയങ്ങളിലും പ്രവേശനത്തിനും, ആരാധനക്കും അവകാശമുണ്ടെന്നുള്ള സിദ്ധാന്തവും ശരിയല്ല. പൊതുസ്ഥാപനങ്ങളായ റോഡുകൾ, ആശുപത്രികൾ മുതലായവ പൊതുസ്വത്തിൽനിന്നും നിർമ്മിക്കപ്പെട്ടിട്ടുള്ളതുപോലെ പൊതുസ്ഥാപനങ്ങളായ ദേവാലയങ്ങൾ ഈ രാജ്യത്തിൽ എങ്ങും തന്നെയില്ല. രണ്ടാമതായി ശാസ്ത്രോക്തങ്ങളായ വിധികൾ അനുസരിച്ചാണ് നാം ഇന്നു കാണുന്ന ദേവാലയങ്ങൾ എല്ലാം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. സ്ഥാപകന്മാരുടെ ഉദ്ദേശം പ്രധാനമായി സ്വന്ത ഈശ്വരാരാധനാസൌകര്യവും, തങ്ങളെപ്പോലെ അനുവർത്തിക്കുന്ന മററു സനാതനധർമ്മികളുടെ സൌകര്യവും മാത്രമായിരുന്നു.

ദി ഇന്ത്യൻ മിറർ.

ക്ഷേത്രപ്രവേശനബില്‍.

ഭൂരിപക്ഷാഭിപ്രായത്തെപററിയുള്ള വാദം.

(സരദായ് എം. ഡാലല്‍, അഹമ്മദബാദ്ദ്)

നിയമനിര്‍മ്മാണസഭയില്‍ മിസ്റ്റര്‍ സി. എസ്സ്. രങ്കയ്യരാല്‍ പ്രസ്താവിക്കപ്പെട്ട ക്ഷേത്രപ്രവേശനപ്രശ്നവും അയിത്തോച്ചാടനവിഷയവും സനാതനധര്‍മ്മാനുഷ്ഠാനതല്പരന്മാരായ ഹിന്ദുക്കളെ ഒന്നാകമാനം ഇളക്കിമറിച്ചിരിക്കുന്നു. ഹിന്ദുസമുദായ ഐക്യത്തെ ഇതു് ഛിന്നഭിന്നമാക്കിത്തീര്‍ക്കുമെന്നുള്ളതിനു സംശയമില്ല. ക്ഷേത്രപ്രവേശോത്സാഹകന്മാരുടെ ഏക ആകാംക്ഷ അവര്‍ണ്ണര്‍ക്കു, സവര്‍ണ്ണര്‍ക്കു സമമായ ഒരു സ്ഥാനം സമുദായത്തില്‍ അനുവദിക്കുന്നതിനാണല്ലൊ. അവര്‍ണ്ണര്‍ക്കു ക്ഷേത്രപ്രവേശാധികാരം നിയമപ്രകാരം അനുവദിച്ചുകൊടുക്കുന്നപക്ഷം അവര്‍ക്കു ഹിന്ദുസമുദായത്തില്‍ സവര്‍ണ്ണര്‍ക്കു തുല്യമായ ഒരു സ്ഥാനം സിദ്ധിക്കുമോ എന്ന വിഷയത്തെപ്പററി വിവേചിക്കുന്നതിനുള്ള ഉദ്ദേശത്തെ ആസ്പദമാക്കീട്ടാണു് ഈ ലേഖനം എഴുതീട്ടുള്ളതു്.

1. അവര്‍ണ്ണര്‍ക്കു ക്ഷേത്രപ്രവേശാവകാശം അനുവദിക്കുന്നതായാല്‍ ഹിന്ദുസമുദായത്തില്‍ സവര്‍ണ്ണര്‍ക്കു തുല്യമായ ഒരു സ്ഥാനം അവര്‍ക്കു കിട്ടുമോ?

2. മതസംബന്ധമായ വിഷയങ്ങളില്‍ ഗവര്‍മ്മെന്‍റിന്‍െറ മദ്ധ്യസ്ഥത്തിനു് എത്രത്തോളം ഔചിത്യമുണ്ടു്?

3. നിയമനിര്‍മ്മാണസഭയെ ആദരിക്കയില്ലെന്നും ഗവര്‍മ്മെന്‍റിന്‍െറ എതിര്‍കക്ഷികളാണെന്നും പ്രതിജ്ഞ ചെയ്തിട്ടുള്ള കാണ്‍ഗ്രസ്സുകാര്‍ക്കു ഈ ബില്‍ പാസ്സാക്കുവാന്‍ വൈസ്രോയിയോടു് അപേക്ഷിക്കുന്നതിനു ലജ്ജ തോന്നുന്നില്ലേ?

സമുദായ ഐക്യതക്കുവേണ്ടി മുറവിളി കൂട്ടുന്ന ഇക്കാലത്തു് ഹിന്ദുസമുദായത്തിനുതന്നെ ഐക്യതയില്ലാതാക്കിത്തീര്‍ക്കുന്നതുകൊണ്ടു് എന്തു വിശേഷമാണുള്ളതു്?

വിദ്യാഭ്യാസസംബന്ധമായും ദ്രവ്യകാര്യസംബന്ധമായുമുള്ള ഉയര്‍ച്ചയാണു സഫലമായ സാമുദായികപരിഷ്കരണത്തിനും, അതിന്‍െറ സ്ഥിരതക്കും കാരണമായിട്ടുള്ളതു് എന്നാണു് എന്‍െറ അഭിപ്രായം. അവര്‍ണ്ണരുടെ വിദ്യാഭ്യാസസംബന്ധമായും ദ്രവ്യകാര്യസംബന്ധമായുമുള്ള ശോചനീയാവസ്ഥയെ പരിഷ്കരിക്കുന്നതിനു് ആരും വിസമ്മതിക്കുന്നത

ല്ലാ. ആക്ഷം വിസമ്മതവുമില്ല. സാമുദായികമായ ഉയച്ചക്ക് ഇതു രണ്ടും അത്യന്താപേക്ഷിതങ്ങളാകുന്നു. ക്ഷേത്രപ്രവേശാനുവാദം അവരുടെ സമുദായപരിഷ്ക്കരണത്തെ ഒട്ടും സഹായിക്കുകയില്ല. അതുകൊണ്ടു ഹിന്ദുസമുദായത്തിൽ സവണ്ണക്ക തുല്യമായ ഒരു സ്ഥാനം ക്ഷേത്രപ്രവേശംകൊണ്ടു മാത്രം അവക്ക സിദ്ധിക്കുകയില്ല. അവണ്ണരുടെ സമുദായപരിഷ്ക്കരണത്തിനു മററനേകം അവസരങ്ങളും, സൌകയ്യങ്ങളും ഉള്ളപ്പോഠ ക്ഷണികങ്ങളായ മാഗ്ഗങ്ങളിൽക്കൂടി അവർ ത്വരിതഗമനം ചെയ്യുന്നതെന്തിനാണ്? ഈസ്റ്റിൻഡ്യാകമ്പനിക്കാരിൽനിന്നും, ബ്രിട്ടീഷ് പാർലിമെൻറ് ഇൻഡ്യാഭരണം വീണ്ടെടുത്ത കാലംമുതൽ മതസംബന്ധമായ കായ്യങ്ങളിൽ ഇടപെടാതേയും, ഏകപ്രമാണാനുസാരമായ ഭരണനയം ഉപയോഗിച്ചും, രാജ്യത്തെ ക്ഷേമമായി ഭരിച്ചുവന്നിരുന്നു. ഈ വിഷയത്തെ മുൻനിത്തിക്കൊണ്ടാണ് അനേകം ഗൌരവമേറിയ നിശ്ചയങ്ങളും, വിളംബരങ്ങളും രാജാക്കന്മാർ ചെയ്തിട്ടുണ്ടായിരുന്നത്. കാൺഗ്രസ്സുകാർ സ്വീകരിച്ചിരിക്കുന്ന അടിസ്ഥാനങ്ങളായ അവകാശങ്ങളുടെ സാരവും, മതസംബന്ധങ്ങളായ വ്യാപാരങ്ങളിൽ ഏപ്പെടുകയില്ലെന്നുള്ളതാകുന്നു. കാൺഗ്രസ്സിൻെറ സവ്വാധികാരി പിന്നെ എന്തുകൊണ്ടാണ് ഗവമ്മേൻറിൻെറമാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും, ആപൽക്കരങ്ങളായ അവകാശങ്ങളെ സൃഷ്ടിക്കുകയും, തൻെറസൌകയ്യത്തിന്നനുകൂലമായി മനസ്സാക്ഷിയെ വഞ്ചിച്ച് പ്രവത്തിക്കുകയും ചെയ്യുന്നത്? നിയമസ്ഥാപകന്മാരോടുള്ള പ്രതികൂലഭാവത്തിന്നു മുഖ്യപ്രേരകനായ മിസ്റ്റർ ഗാന്ധി ഈ ബിൽ പാസ്സാക്കുന്നതിൽ നിയമനിമ്മാണസഭയുടെ സഹായം അപേക്ഷിക്കുന്നത് അപമാനകരംതന്നെ. ഈ രണ്ട് അഭിപ്രായങ്ങഠക്കും തമ്മിൽ യോജിപ്പുണ്ടോ? 'പൈശാചികമായ ഗവമ്മേൻറി'ൻെറയും, 'മായാമന്ദിര'ങ്ങളുടേയും സഹായസഹകരണങ്ങളുടെ ആവശ്യവും, നിയമസ്ഥാപകന്മാരോടുള്ള പ്രതികൂലഭാവവും തമ്മിൽ യോജിക്കുന്നുണ്ടോ? യുക്തിവാദങ്ങഠകൊണ്ട് സാധിക്കാത്ത ഒരു കായ്യം, നിയമസഭമൂലം എങ്ങിനെയാണ് സാധിക്കുന്നത്? നിയമസഭക്ക് ഭൂരിപക്ഷാഭിപ്രായത്തെ മാത്രം ഗണിച്ച്, ഈ ബിൽ പാസ്സാക്കുവാൻ യാതൊരു അവകാശവും, അധികാരവുമില്ല. യഥാത്ഥമായ നവീകരണം സാദ്ധ്യമാകുന്നതിന്ന്, ഒരു രാജ്യത്തിലെ എല്ലാ ശക്തികളും ഒത്തൊരുമിച്ച് പ്രവത്തിക്കാത്തപക്ഷം, പ്രയാസമാമണന്നുള്ള പതനത്തിൽ, നമ്മുടെ രാഷ്ട്രീയപ്പോരാട്ടംകൂടി എത്തിക്കഴിഞ്ഞിരിക്കുന്നു. ഹിന്ദുസമുദായത്തിൽ മുമ്പെതന്നെ വളരെ വിഭാഗങ്ങ

ളും, കലാപങ്ങളും ഉണ്ടു്. വീണ്ടും ഈ വ്യത്യാസങ്ങളേയും, കലാപങ്ങളേയും വൎദ്ധിപ്പിക്കുന്നതിന്നാണോ നാം പരിശ്രമിക്കേണ്ടതു്? അവൎണ്ണൎക്കു ക്ഷേത്രപ്രവേശാനുവാദം ആശാസ്യമെന്നുതന്നെ വിചാരിക്കുക. അങ്ങിനെ സമ്മതിക്കുന്ന പക്ഷവും, ആ വിഷയത്തെപ്പററി വിചിന്തനംചെയ്യുന്നതിന്നു് അനുയോജ്യമായ അവസരം ഇതല്ല. നിയമസഭയിൽ ഈ ബിൽ ഒരു നിയമമായിത്തീൎന്നാലും യാഥാസ്ഥിതികന്മാരായ സവൎണ്ണഹിന്ദുക്കൾ അവരുടെ മതസംബന്ധമായ വിശ്വാസങ്ങളെ അനുവൎത്തിച്ചു് ജീവിക്കുകയും, വേണ്ടിവന്നാൽ ജീവനെക്കൂടി ബലി കൊടുക്കുകയും ചെയ്യും. ചുരുക്കത്തിൽ പറഞ്ഞാൽ, രാജ്യത്തിൽ പരസ്പരനിഗ്രഹത്തിന്നു കാരണമായ ഒരു മഹായുദ്ധം ഉണ്ടാവുകയും ചെയ്യാം. ഇതു് ആശാസ്യമാണോ? അതിനാൽ സകലവിധത്തിലും സൂക്ഷ്മമായി പരിശോധിച്ചതിൽ ക്ഷേത്രപ്രവേശനവിഷയത്തെ തിരസ്കരിക്കണമെന്നുള്ള എന്റെ അനിവാൎയ്യമായ സമാപ്തിയോടുകൂടി ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

കേരള സാഹിത്യ അക്കാദമി

ദി ഇന്ത്യൻ മിറർ.

വേദങ്ങളും അയിത്തവും.

ഒരു ആംഗ്ലേയകാരന്റെ സംശയം.

'ഇൻഡ്യൻ മിറർ' പത്രാധിപൎക്കു്.

സർ,

അയിത്തോച്ചാടനവിഷയത്തെപ്പററി നിങ്ങൾ അയച്ചുതന്ന 'ഇൻഡ്യൻ മിറർ' എന്ന പത്രത്തിന്റെ രണ്ടു പ്രതി കിട്ടി. ഞാൻ അഭിപ്രായഭേദമുള്ള ഒരു രീതിയിൽ അല്ല ഇതു് എഴുതുന്നതു്. ഹിന്ദുമതത്തെപ്പററിയും, അതിന്റെ ശുദ്ധതത്വങ്ങളെപ്പററിയും ആദ്യമായി പഠിക്കുന്ന ഒരു വിദ്യാൎത്ഥിയുടെ നിലയിൽ മാത്രമാണു് ഞാൻ എഴുതുന്നതു്. വേദങ്ങളിൽ മാത്രമല്ല, സ്മൃതികളിലും അയിത്തത്തിന്നു സ്പഷ്ടമായ അനുവാദം ഉണ്ടെന്നു നിങ്ങളുടെ ലേഖകൻ അഭിപ്രായപ്പെടുന്നു എന്നു ജനുവരി 21-ാംനു-യിലെ പ്രതി നോക്കിയാൽ പ്രത്യക്ഷപ്പെടുന്നതാണു്. ഈ സംഗതിയെപ്പററി ശ്രേഷ്ഠനും, ഇൻഡ്യാക്കാരനുമായ

ഒരു സ്നേഹിതൻ എന്നോടു പറയുകയുണ്ടായി. വേദങ്ങളും സ്മൃതികളും ഇതു് അനുവദിക്കുന്നില്ലെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. വേദകാലങ്ങൾക്കു മുമ്പു് ഉണ്ടായിരുന്ന ഒരു ജാതിഭ്രഷ്ടിനെ ആരോപിച്ചു് പറയുന്നതോ, മറ്റോ ആണെന്നു ഞാനും വിചാരിക്കുകയുണ്ടായി. വർണ്ണാശ്രമങ്ങളെപ്പററിയുള്ള പ്രസ്താവം ഋഗ്വേദം, പത്താം പുസ്തകത്തിൽ മാത്രമേയുള്ളൂ എന്നാണു് ഞാൻ ധരിച്ചിട്ടുള്ളതു്. അഥർവ്വണവേദത്തിൽ ഇതിനെപ്പററിയുള്ള പ്രസ്താവംതന്നെയില്ല. ബാക്കി രണ്ടു വേദങ്ങളെപ്പററിയുള്ള സൂക്ഷ്മജ്ഞാനം എനിക്കുണ്ടെന്നു ഞാൻ നടിക്കുന്നുമില്ല. വർണ്ണവ്യത്യസ്ഥതയുടെ ആരംഭം, വേദകാലത്തിനു മുമ്പുള്ളതാണെന്നും, ആര്യന്മാരുടെ കാലത്തു് ഉണ്ടായതല്ലെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ആര്യന്മാർ വർണ്ണവ്യത്യാസങ്ങൾ, അവരുടെ ജീവിതസൌകര്യത്തിന്നുവേണ്ടി അനുഷ്ഠിച്ചിരുന്നുവെന്നും, ഇന്നത്തെ ജാതിവ്യവസ്ഥ, അതിൽനിന്നും ഉൽഭൂതമാണെന്നും ആണു്, ഞാൻ ഉദ്ദേശിക്കുന്നതു്. വേദകാലത്തുതന്നെ അയിത്തത്തിനു് അനുവാദമുള്ളപക്ഷം ഈ അഭിമതം നിലനില്ക്കയില്ല. വേദങ്ങളിൽ ഇതിനെപ്പററി യാതൊരു പ്രസ്താവവും ഇല്ല. മേൽപറഞ്ഞ വാദകാരണങ്ങളുടെ സംശയനിവൃത്തി വരുത്തിത്തന്നാൽ കൊള്ളാമായിരുന്നു. ഒരു പ്രത്യേകാഭിപ്രായത്തെ സാധൂകരിക്കാൻവേണ്ടി, മേൽപറഞ്ഞ അഭിപ്രായങ്ങളെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതോ, അഥവാ യഥാൎത്ഥമായ വാസ്തവമാണോ ഇതു്, എന്നു് അറിയുന്നതിനും ഞാൻ കാംക്ഷിക്കുന്നു.

ലണ്ടൻ,
മാർച്ച്.

നിങ്ങളുടെ സ്നേഹിതൻ.

മറുവടി.

മേൽപറഞ്ഞ ലേഖനകൎത്താവായ ശ്രീമാൻ മനുഭായ് സി. പാണ്ഡ്യ, താഴെ വിവരിക്കുന്നപ്രകാരം പ്രസ്താവിച്ചുകാണുന്നു.

സർ,

1933 ജനുവരി 21-ാംനു- നിങ്ങളുടെ 'ഇൻഡ്യൻ മിറർ' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന, എന്റെ ലേഖനത്തിൽ പ്രസ്താവിക്കപ്പെട്ടിരുന്നതും, വേദങ്ങളെ പ്രമാണമാക്കി അയിത്തത്തിന്നു ഹിന്ദുമതത്തിൽ ഒരു പ്രധാന സ്ഥാനം ഉണ്ടെന്നുള്ളതും ആയ എന്റെ വാദങ്ങളെപ്പററി, ലണ്ടൻ ലേഖകന്റെ അന്വേഷണങ്ങൾക്കു സമാധാ

നമായി എനിക്കു പറയുവാനുള്ള സംഗതികൾ താഴെ പറയുന്ന പ്രമാണങ്ങളെ ആസ്പദമാക്കീട്ടാണ്.

1. 'പഞ്ചജനാ' (അതായതു്, അഞ്ചു വംശങ്ങൾ ചേൎന്ന ജനങ്ങൾ) എന്ന വാക്കു് ഉപയോഗിച്ചിട്ടുള്ള അനവധി വാക്യങ്ങൾ, വേദങ്ങളിലുണ്ടു്. (ഋഗ്വേദം 10—53—4, 1—89—10. വി. എസ്സ്. 25—23. അഥൎവ്വവേദം 7—6—1.) 'പഞ്ചജന' എന്ന വാക്കിൽ 'പഞ്ചമന്മാർ' എന്നു പറയപ്പെടുന്ന അഞ്ചാമത്തെ ഇനക്കാരും, ഉൾപ്പെടുന്നു. 'പഞ്ചമന്മാർ' എന്ന വാക്കിനു്, അയിത്തമുള്ളവർ എന്നാണൎത്ഥം. ഈ വാക്കു്, തെക്കെ ഇൻഡ്യയിൽ ധാരാളമായി ഉപയോഗിക്കുന്നുമുണ്ടു്. വേദകാലത്തുള്ള ശബ്ദശാസ്ത്രങ്ങളിൽ ഏററവും പ്രാചീനമായിട്ടുള്ളതും, വളരെ യശസ്സു് സമ്പാദിച്ചിട്ടുള്ളതുമായ 'യാസ്കനിരുക്തം' എന്ന ഗ്രന്ഥത്തിൽ 'പാഞ്ചജന്യം' എന്ന വാക്കിനു് ചതുർവൎണ്ണങ്ങൾ എന്നും, 'പഞ്ചമന്മാർ' അല്ലെങ്കിൽ 'നിഷത്തു്' എന്ന പദത്തിനു് പഞ്ചമവൎണ്ണം എന്നും അൎത്ഥം വ്യവഹരിച്ചിട്ടുണ്ടു്. വൎണ്ണങ്ങളുടെ സ്ഥാപനം ബ്രാഹ്മണശക്തി പ്രബലമായിട്ടുണ്ടായിരുന്നതും, വളരെ പുരാതനവുമായ ഋഗ്വേദകാലത്തുതന്നെ ഉണ്ടായതാണ്. അല്ലാതെ, നിങ്ങളുടെ ലേഖകൻ ഊഹിച്ചിട്ടുള്ളതുപോലെ പ്രാചീനനിവാസികളിൽനിന്നും ഉണ്ടായതല്ല. വേദകാലത്തുള്ള വൎണ്ണവ്യത്യാസം, ഓരോ തരക്കാരുടേയും വ്യാപാരവ്യത്യാസത്തെ അടിസ്ഥാനമാക്കീട്ടാണ്. എന്നാൽ ഈ വ്യത്യാസം ഹേതുവായിട്ടു് അതിന്റെ യോഗാംശമായ ഭാഗങ്ങൾ തമ്മിൽ യാതൊരു പ്രതികൂലതയ്ക്കും കാരണമാകാതേയും, സാമുദായികസംഘടനയ്ക്കു് ഭിന്നതവരാതേയും, സംരക്ഷിക്കുവാൻ അക്കാലത്തു് സാധിച്ചിരുന്നു. ('പുരുഷസൂക്തം' നോക്കുക. ഋഗ്വേദം 10—90) 'നിഷത്തു്' എന്ന പദത്തിന്റെ ശബ്ദാൎത്ഥം, മൃഗങ്ങളെവധംചെയ്തു് ഭക്ഷിക്കുന്നവൻ എന്നാണെന്നാണ് ചിലരുടെ അഭിപ്രായം. അതിൽ 'പഞ്ചമന്മാർ' അല്ലെങ്കിൽ 'അയിത്തക്കാർ' എന്ന തരക്കാരും ഉൾപ്പെടുന്നതാണ്. വേദകാലത്തു് അവരെ ഒരു പ്രത്യേക ഇനക്കാരായിട്ടാണ് വേദങ്ങളിൽ വ്യവഹരിച്ചുകാണുന്നതു. അതിനാൽ പഞ്ചമന്മാർ അല്ലങ്കിൽ അയിത്തക്കാർ എന്നു പറയുന്ന കൂട്ടർ, പാപികളും നികൃഷ്ടന്മാരുമായി വളരെക്കാലം മുമ്പുമുതൽതന്നെ വൎത്തിച്ചിരുന്നതുകൊണ്ടു്, സവൎണ്ണഹിന്തുക്കളുമായുള്ള സഹവാസത്തിന്നു കൊള്ളരുതാത്തവർ ആയിത്തീൎന്നു. മുജ്ജന്മത്തിൽ ചെയ്ത നീചപ്രവൃത്തികൾനിമിത്തം, അവരെ ദൈവം ആ സ്ഥിതിയിൽ സൃഷ്ടിച്ചിരുന്നു. ലോകം

മുഴുവൻ ഒരു സജീവവസ്തുവാണെന്നും, ഏററവും നീചന്മാരെക്കൂടി തങ്ങളുടെ സഹോദരന്മാരെപ്പോലെ വിചാരിക്കണമെന്നും മററും, വാദിക്കുന്ന വേദാന്തമതതത്വങ്ങളെ അക്ഷരംപ്രതി അനുവർത്തിക്കുന്ന സനാതനധർമ്മികൾക്ക്, അവർണ്ണരോടു വെറുപ്പിനു യാതൊരു കാരണവുമില്ല. അതിനാൽ അന്യായവും നിലനില്ക്കാത്തതുമായ ഈ കുററം, സവർണ്ണരുടെ മേൽ ചുമത്തുന്നത് നവീകരണക്കാരുടെ വലിയൊരു അറിവില്ലായ്മതന്നെ എന്നുള്ളതിന്നു രണ്ടുപക്ഷമില്ല.

2. യജുർവേദത്തിലെ 'വാജസനേയസംഹിത'ത്തിലെ ഒരു വാക്യത്തെ അടിസ്ഥാനപ്പെടുത്തീട്ടാണ് എൻെറ വേറൊരു പ്രമാണം. മിസ്റ്റർ ഗ്രഫിത്ത് അതു പരിഭാഷപ്പെടുത്തിയിരിക്കുന്നതു നോക്കുക:—

യാഗപാത്രങ്ങളെ അഭിവാദ്യം ചെയ്തുകൊണ്ട് യാഗകർത്താവു പറയുന്നത് പരിശോധിക്കുക. "ഈ പാത്രങ്ങളിൽ നീചന്മാരുടെ വല്ല അശുദ്ധവും ബാധിച്ചിട്ടുണ്ടെങ്കിൽ ഞാൻ ഇപ്പോൾ അതിനെ പുണ്യാഹംചെയ്യുന്നു; അതായതു ശുദ്ധമാക്കുന്നു."

മേൽപറഞ്ഞ വാക്യം യാഗസമയങ്ങളിൽ അതിന്നുപയോഗിക്കുന്ന പാത്രങ്ങളിൽ നീചന്മാരുടെ വല്ല അശുദ്ധതയും ബാധിച്ചിട്ടുണ്ടെങ്കിൽ, അതിനെ ശുദ്ധീകരിക്കുന്നതിന്നുവേണ്ടി ഉപയോഗിക്കുന്നതാകുന്നു. ഹീനജാതിക്കാരുടെ സ്പർശംകൊണ്ട് യാഗപാത്രങ്ങൾ അശുദ്ധമായിത്തീരുമെങ്കിൽ വേദോക്തങ്ങളായ ക്രിയകൾ അനുഷ്ഠിക്കുവാൻ അധികാരമുള്ള സനാതനികൾ, നീചന്മാരുടെ സ്പർശംകൊണ്ട് എങ്ങിനെയാണ്, അശുദ്ധമായിത്തീരാത്തത്? അതിനാൽ നീചന്മാരുടെ സ്പർശത്തിന്നു മാലിന്യമുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നു.

3. മൂന്നാമതായി ഞാൻ അടിസ്ഥാനമാക്കിയത് "ബ്രിഹദാരാണ്യാഖ്യാ ഉപനിഷത്തി"ൽനിന്നും എടുത്തിട്ടുള്ള വാക്യങ്ങളെയാണ്. "പ്രാണൻ എന്നു പറയുന്ന ദേവത, പാപത്തിന്നു കാരണമായ കാമക്രോധാദികളായ ദേവതകളെ ഉന്മൂലനംചെയ്തിട്ടു ദേഹത്തെ ത്യജിക്കുന്നു. അതുകൊണ്ട് ആരും 'അന്ത്യജന'ങ്ങളെ സ്പർശിക്കരുത്. അപ്രകാരം ചെയ്യുന്നവൎക്കു മോക്ഷപ്രാപ്തിയില്ല."

ശ്രീശങ്കരാചാര്യർ ഇതിനെപ്പററി വ്യാഖ്യാനിച്ചിട്ടുണ്ട്. 'അന്ത്യജന'ങ്ങൾ എന്ന വാക്കിന്, സഹവാസയോഗ്യരല്ലാത്ത ജനങ്ങൾ എന്നാണ് അദ്ദേഹവും അർത്ഥം പറയുന്നത്. അവർ സനാതനഹിന്ദുക്കളുടെ വാസസ്ഥലങ്ങളിൽനിന്നു വളരെ ദൂരെയേ വസിക്കാൻ പാടുള്ളു എന്നും, സംസർഗ്ഗത്തിനോ, ദർശനത്തിനോ അർഹതയില്ലാത്തവരാ

ണെന്നും, അദ്ദേഹം പ്രസ്താവിക്കുന്നു. ഈ അഭിപ്രായംതന്നെ മനുസ്മൃതിയിലും പറഞ്ഞുകാണുന്നു. (10—61 നോക്കുക.)

മേൽപറഞ്ഞ വേദോദ്ധാരണങ്ങളെ ആസ്പദമാക്കിയാൽ, കുലീനന്മാരായ ആര്യന്മാർ, തങ്ങളുടെ വംശത്തിൻെറ പരിശുദ്ധിയെ നിലനിർത്തുന്നതിന്നുവേണ്ടി, ഏൎപ്പെടുത്തീട്ടുള്ളതാണു ഈ അയിത്തമെന്ന ജാതിഭ്രഷ്ട് എന്നു് ഏവൎക്കും മനസ്സിലാക്കാവുന്നതാണു്. വേദങ്ങളിലോ, ശാസ്ത്രങ്ങളിലോ, ഹീനജാതിക്കാൎക്കു ക്ഷേത്രപ്രവേശനം അനുവദിച്ചിട്ടില്ല. സനാതനധൎമ്മികളുടെ വൎണ്ണാശ്രമാനുസൃതമായ ആരാധനാസങ്കേതങ്ങളാകുന്നു അവരുടെ ക്ഷേത്രങ്ങൾ. വേദകാലം മുതൽ നടപ്പിൽ ഇരിക്കുന്ന, ഹിന്ദുമതാചാരങ്ങൾക്കു, ഇതു ഗൌരവമേറിയ പ്രതിബന്ധമായിത്തീരും. യാഥാസ്ഥിതികന്മാരായ അനവധി സനാതനികളുടെ ആചാരനടപടികൾക്കും, ആരാധനാസമ്പ്രദായങ്ങൾക്കും, അധഃപതനം വരുത്തുന്നതാണു് ഈ നൂതന പ്രചാരണം.

മനുഭായി സി. പാണ്ഡ്യ, എം. എ.,
ബാംബേ, എൽ. എൽ. ബി., ബി. എസ്സ്. സി.
മാൎച്ച് 21, 1933. സിക്രട്ടറി.

(ദി ഇൻഡ്യൻ മിറർ)

അവൎണ്ണരെപ്പററി വേദങ്ങളിൽ കാണുന്ന പ്രസ്താവന.

(പണ്ഡിതസത്യേന്ദ്രനാഥസെൻ, എം. എ., എം. എൽ. എ. കൽക്കട്ട.)

'ഹിന്ദുസ്ഥാൻ ടൈംസ്' എന്ന പത്രത്തിൽ, മിസ്റ്റർ താഡനി ദിവസംപ്രതി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങളെ ഞാൻ പരിശോധിയ്ക്കാറുണ്ടായിരുന്നു. ആദ്യത്തെ ലേഖനം കണ്ടപ്പോൾതന്നെ അദ്ദേഹത്തിൻെറ ഉററ മിത്രമായ മിസ്റ്റർ അമരനാഥദട്ട് എം. എൽ. എ., മുഖാന്തിരം നീചജാതികളെപ്പററി വേദങ്ങളിലുള്ള പ്രസ്താവങ്ങൾ അദ്ദേഹത്തിനു ഞാൻ അയച്ചുകൊടുക്കാമെന്നു പ്രതിജ്ഞചെയ്തു. പക്ഷെ, പിന്നീടു് അത്തരം പ്രസ്താവങ്ങൾ ആവശ്യപ്പെടരുതെന്നും, ഞാൻ അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. പല കാരണങ്ങളേക്കൊണ്ടും എനിക്കു് ഇതിനുമുമ്പു ഈ വിഷയത്തെപ്പററി എഴുതാൻ സാധിച്ചില്ല.

കഴിഞ്ഞ നവമ്പർമാസത്തിൽ അവൎണ്ണരെ സംബന്ധിച്ചുള്ള ചില

പ്രസ്താവനകൾ മിസ്റ്റർ ഗാന്ധി പ്രസിദ്ധപ്പെടുത്തിയപ്പോൾ എന്റെ പ്രതികൂലാഭിപ്രായങ്ങളെ വിശദമാക്കിക്കൊണ്ട്, ഒരു ലേഖനം ഞാൻ മിസ്റ്റർ ഗാന്ധിക്കു അയച്ചുകൊടുത്തു. ആ ലേഖനത്തിന്റെ പകൎപ്പുകൾ 'ഹിന്ദുസ്ഥാൻ ടൈംസ്" മുതലായ ചില പത്രങ്ങൾക്കും ഞാൻ അയച്ചുകൊടുക്കുകയുണ്ടായി. എന്റെ ലേഖനത്തെ ആ പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായില്ല. ആ ലേഖനത്തിന്റെ ചില ഭാഗങ്ങൾ മിസ്റ്റർ താഢനിയുടെ പ്രശ്നങ്ങൾക്കു സംബന്ധമുള്ളതുകൊണ്ട് അവയെ താഴെ സംക്ഷേപിച്ചുകൊള്ളുന്നു.

"ശാസ്ത്രപ്രകാരം അവർണ്ണരുടെ (അന്ത്യജന്മാർ) ഉത്ഭവം, ദാമ്പത്യനിയമങ്ങൾക്കു വളരെ പ്രതികൂലങ്ങളായ പ്രവൃത്തികളിൽനിന്നാണെന്നാണ്. സമ്മിശ്രസംയോഗങ്ങളാലും, നിയമലംഘനങ്ങളായ വിവാഹബന്ധങ്ങളാലും മററും ജാതന്മാരായവരുടെ സന്താനങ്ങളായിരുന്നു അവർണ്ണരുടെ പൂർവ്വികന്മാർ. 'കലുഷയോനിജ'ന്മാർ എന്നു മനുസ്മൃതിയിലും 'പാപയോനിജ'ന്മാർ എന്നു ഭഗവൽഗീതയിലും അവരെപ്പററി പറഞ്ഞുകാണുന്നുണ്ട്. അതുകൊണ്ട്, സമുദായത്തിൽ അവൎക്കു നിയമാനുസൃതന്മാൎക്കു തുല്യമായ സ്ഥാനം അനുവദിക്കാൻ പാടുള്ളതല്ല. സമുദായാംഗങ്ങളായി വൎത്തിക്കുന്നതിനു നാം ആഗ്രഹിക്കുന്ന കാലംവരെ സാമുദായികമായും, മതസംബന്ധമായും ഉള്ള നിയമങ്ങളെ അനുസരിക്കാതെ നിവൃത്തിയില്ല. നിയമലംഘനങ്ങളായ സംയോഗങ്ങളാൽ ജാതന്മാരായവൎക്കു പിന്നെ എങ്ങിനെയാണ് സമുദായത്തിൽ മററുള്ളവരെപ്പോലെയുള്ള ഒരു സ്ഥാനം സിദ്ധിക്കുന്നത്? സാമുദായികമായും മതസംബന്ധമായുമുള്ള നിയമങ്ങളെ ലംഘിക്കുന്നവൎക്കു കല്പിക്കപ്പെട്ടിട്ടുള്ള ഒരു ജാതിഭ്രഷ്ടാണ് 'അയിത്തം'. അതുകൊണ്ട് അവർണ്ണരെ ജാതിഭ്രഷ്ടന്മാരായി (വർണ്ണാപേതൻ) ഗണിക്കണമെന്നും സവർണ്ണർ അവരുമായി സംസൎഗ്ഗം ചെയ്യരുതെന്നും മനുസ്മൃതിയിൽ വിധിച്ചിട്ടുണ്ട്.

വേദകാലത്തുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിൽ ഭൂരിപക്ഷവും യാഗനിയമങ്ങളെപ്പററി പ്രസ്താവിക്കുന്നതാണെന്ന്, ഞാൻ മിസ്റ്റർ താഢനിയെ ഓൎമ്മിപ്പിക്കുന്നു. സദാചാരനിയമങ്ങളെപ്പററിയാണു സ്മൃതികളിൽ പ്രധാനമായി പ്രതിവാദിച്ചുകാണുന്നത്. ശ്രുതികൾ, സ്മൃതികൾ ഇവയുടെ പ്രാമാണ്യത്തെ സംബന്ധിച്ചും ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. പുരുഷസൂക്തത്തിൽ വർണ്ണങ്ങളെപ്പററി പ്രതിവാദിച്ചുകാണുന്നുണ്ട് എന്നുള്ളതിനു സംശയമില്ല. അതുമാത്രം ആധാരമാക്കിക്കൊണ്ട്, വേറെ വർണ്ണങ്ങൾ, അക്കാലത്ത് ഉണ്ടായിരുന്നില്ലെന്ന്, ക്ലിപ്തപ്പെടുത്തുന്നതെ

ങ്ങിനെയാണ്? ഉദാഹരണമായി, മുഹമ്മദീയരും, ക്രിസ്ത്യാനികളും, ഈ ചതുർവ്വർണ്ണങ്ങളിൽ ഏതിലാണ് ഉൾപ്പെടുന്നത്? ക്രിസ്ത്യാനികളും, മുഹമ്മദീയരും അവരുടെ വംശജന്മാർ ആയിരിക്കാം; പക്ഷെ മേൽ പ്രസ്താവിച്ചകൂട്ടർ ചതുർവ്വർണ്ണങ്ങളിൽപെടാത്ത, ഒരു ജാതിക്കാരാണെന്നുള്ള സംഗതിക്ക് സംശയം വല്ലതുമുണ്ടോ? അതുപോലെതന്നെ, അന്ത്യജന്മാരും ആദ്യകാലത്തുണ്ടായിരുന്ന, ചതുർവ്വർണ്ണങ്ങളിൽനിന്ന് ഉത്ഭവിച്ചവരായിരിക്കാം. സമ്മിശ്രങ്ങളായ സംയോഗങ്ങളാലും, നിയമലംഘനങ്ങളായ വിവാഹബന്ധങ്ങളാലും ജാതന്മാരായവർ നീചന്മാരും, അശുദ്ധിയുള്ളവരും ആയിത്തീരുന്നതാണ്. ഹിന്ദുമതതത്വപ്രകാരം, അവർണ്ണരെ ചതുർവ്വർണ്ണങ്ങളിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ട് അവർ ജാതിഭ്രഷ്ടന്മാരായിത്തീർന്നു എന്നു മാത്രമല്ല, ഒരു വർണ്ണത്തിലും ചേരാത്ത ഒരു പ്രത്യേകവംശക്കാരായിത്തീർന്നു. 'മനു'വിന്റെ അഭിപ്രായവും ഇതുതന്നെയാണ്.

അഞ്ചാമതൊരു വർണ്ണത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച്, 'മനു' യാതൊന്നും വ്യക്തമായി അഭിപ്രായപ്പെട്ടുകാണുന്നില്ല. എന്നാൽ അന്ത്യജന്മാർ ജാതിഭ്രഷ്ടന്മാരാണെന്നുള്ള അഭിപ്രായം തുറന്നുപറയുന്നുമുണ്ട്. ഈ അഭിപ്രായപ്രകാരം ആലോചിക്കുന്നപക്ഷവും, അവർ ഒരു വർണ്ണത്തിലും ഉൾപ്പെടുന്നില്ലെന്ന് ബോദ്ധ്യപ്പെടുന്നതാണ്. വർണ്ണമില്ലാത്ത ജാതിക്കാർ എന്നോ, പഞ്ചമന്മാർ എന്നോ മറ്റോ അവരെ വ്യവഹരിക്കേണ്ടിവരും. ഉപനിഷത്തുകൾ, വേദങ്ങൾ മുതലായവയിൽ പഞ്ചമന്മാർ എന്ന തരക്കാരെപ്പറ്റിയുള്ള പ്രസ്താവനകൾ ധാരാളമുണ്ട്. ഛാന്ദോഗ്യഉപനിഷത്തിൽ പറയുന്നതു പരിശോധിക്കുക:—

"സൽപ്രവൃത്തികൾ ചെയ്യുന്നവർ ബ്രാഹ്മണരായോ, ക്ഷത്രിയന്മാരായോ,വൈശ്യരായോ ജനിക്കുന്നതാണ്. നീചകൃത്യങ്ങൾ ചെയ്യുന്നവർ പട്ടികളായോ, പന്നികളായോ, ചണ്ഡാലന്മാരായോ ജനിക്കുന്നതുമാണ്."

ഈ പ്രസ്താവത്തിൽ ചണ്ഡാലന്മാരുടെ അന്നത്തെ സാമുദായിക നിലയെപ്പറ്റി സൂചിപ്പിക്കുന്നത് നോക്കുക.

യജുർവ്വേദത്തിലും, ഈ വിഷയത്തെസംബന്ധിച്ച അല്പം വർണ്ണിച്ചിട്ടുണ്ട്. യാഗത്തിനുപയുക്തങ്ങളായ ചില ഉപകരണങ്ങളെ അഭിവാദ്യം ചെയ്തുകൊണ്ട്, യാഗകർത്താവ് പറയുന്നതു നോക്കുക.

"ഈ ഉപകരണങ്ങൾ നീചന്മാരാൽ ഉണ്ടാക്കപ്പെട്ടവയാണ്.

അതിനാൽ ജലപ്രോക്ഷണംകൊണ്ടും മന്ത്രങ്ങൾകൊണ്ടും ഇവ പരിശുദ്ധമായിത്തീരട്ടെ."

ഈ ലേഖനത്തെ ഇനിയധികം ദീൎഘമാക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. മേൽവിവരിച്ച വാക്യങ്ങൾകൊണ്ട്, വേദങ്ങളും, അയിത്താചാരം അനുവദിക്കുന്നുണ്ടെന്ന്, മിസ്റ്റർ താഡനിക്ക് ബോദ്ധ്യം വരാതിരിക്കുന്നതായാൽ, അദ്ദേഹത്തിന് മൂലഗ്രന്ഥങ്ങളിൽ നിന്നുതന്നെ തെളിവുകൊടുക്കാവുന്നതാകുന്നു.

വേദകാലത്തിനു പിന്നീടുണ്ടായ വ്യവസ്ഥകളും സ്ഥാപനങ്ങളും, അതിനു മുൻപുണ്ടായിരുന്നവയെപ്പോലെതന്നെ ശാശ്വതങ്ങളാണെന്നു എല്ലാവരും ഓൎമ്മിക്കേണ്ടതാണ്. മുജ്ജന്മകൎമ്മഫലങ്ങളാണു നാം ഈ ജന്മത്തിൽ അനുഭവിക്കുന്നതെന്നു ഹിന്ദുമതം ഘോഷിക്കുന്നു. ലോകാരംഭത്തിനും (സൃഷ്ടിക്കും) ലോകനാശത്തിനും (പ്രളയത്തിന്നും) കാരണങ്ങളായ വിഷയങ്ങൾ നിശ്ചിതങ്ങളല്ല. അതല്ലാത്തപക്ഷം ജീവജന്തുക്കൾ തമ്മിലുള്ള വ്യതിയാനങ്ങളെ എങ്ങിനെയാണ് സാധൂകരിക്കുന്നത്? ഹിന്ദുമതതത്വങ്ങളുടെ യഥാൎത്ഥപരിജ്ഞാനമില്ലാത്തവൎക്ക് ഈ തത്വങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കുന്നതിന്നു അസാദ്ധ്യമാണ്. പ്രാചീനകാലങ്ങളിൽ ഹിന്ദുക്കൾ അനുഷ്ഠിച്ചിരുന്ന മതാനുഷ്ഠാനങ്ങളും, പ്രാചീനപരിഷ്കാരവും പുനൎജ്ജീവിക്കട്ടെ എന്ന ഒരൊററ പ്രാൎത്ഥനയോടുകൂടി ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

ദി ഇന്ത്യൻമിറർ.

ഗാന്ധിജിയുടെ 'പൊള്ള'യായ വാദം.

അഭിപ്രായാന്വേഷണം, മതകാൎയ്യങ്ങളിൽ ബീഭത്സമായ ഒരു പ്രവേശനം.

(ദിവാൻ ബഹദൂർ ഗോവിന്ദദാസ്സ് ചതുൎഭുജദാസ്സ്, ജോലിയിൽനിന്നും പിരിഞ്ഞ മദിരാശി നഗരാധികാരി)

പുണ്യമൂൎത്തിപുരിയിലെ ശങ്കരാചാൎയ്യർ മിസ്റ്റർ സി. രംഗയ്യക്കയച്ച കമ്പിയും, അദ്ദേഹത്തിൻെറ അതിനുള്ള മറുവടിയും, ഗാന്ധിജിയുടെ മറെറാരു പ്രസ്താവനക്കിടയാക്കിയിരിക്കുന്നു. "ജനങ്ങളുമായി

ആലോചിക്കേണ്ടതായ ശാസ്ത്രപരിജ്ഞാനം ആവശ്യമുള്ള യാതൊരു ശാസ്ത്രീയവിഷയവും ഇതിൽ അടങ്ങിയിട്ടില്ല.” എന്നാണ് മി: ഗാന്ധി പറയുന്നത്. “ഇഷ്ടമുള്ളപക്ഷം നിങ്ങൾ അതിനെ മതംമാററം എന്നുതന്നെ വിളിക്കുക; എന്നാൽ ജനങ്ങളുടെ ആ അവകാശം ഇല്ലാതാക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല.” എന്നു അദ്ദേഹം തുടൎന്നിരിക്കുന്നു. ഇപ്പോഴെങ്കിലും മി: ഗാന്ധി, അദ്ദേഹം ഒരു മതംമാററത്തിന്നുതന്നെ ആണു ശ്രമിക്കുന്നതെന്നു സമ്മതിച്ചതു വളരെ നന്നായി. എന്തെന്നാൽ ഈ സമ്മതം കലഹശക്തിയേയും, കലഹത്തിന്നിടവരുത്തിയ ആദ്യകാരണത്തേയും തുലോം ലഘൂകരിക്കുന്നുണ്ട്. ഇനിയത്തെ വാദം പ്രധാനമായി ഏതാണ്ട് ഇതാണ്. ഒരു പ്രത്യേകമതത്തെ ആചരിച്ചുവരുന്നവരുടെ ഒരു ഭൂരിപക്ഷം, അഥവാ അവരുടെ ഒരു ഭാഗം, ഒരു മതംമാററം വേണമെന്നു നിശ്ചയിക്കുന്നു. അവൎക്ക് അല്പപക്ഷക്കാരെ ഭേമിച്ചു തങ്ങളുടെ നേതൃത്വം സ്വീകരിപ്പിക്കുവാനും അവരുടെ അവകാശങ്ങളെ നിൎബ്ബന്ധിച്ചു വിട്ടുവാങ്ങിക്കുവാനും അധികാരമുണ്ടോ? അതു വേറൊരു ചോദ്യംകൂടി ഉണ്ടാക്കിത്തീൎക്കുന്നു. ഇന്നത്തെപ്പോലെ രൂപീകരിക്കപ്പെട്ട ഒരു നിയമനിൎമ്മാണസഭക്ക്, അഥവാ അടുത്തുണ്ടാകുമെന്നുദ്ദേശിക്കുന്ന ഭരണനവീകരണത്തിന്നുശേഷം ഉണ്ടാകുവാനിടയുള്ള നിയമനിൎമ്മാണസഭക്ക്, മതസംബന്ധമായ നവീകരണം ഏൎപ്പെടുത്തുവാൻ അധികാരമുണ്ടോ?

പൊതുസ്വത്ത്.

മി: ഗാന്ധിയുടെ ചോദ്യം ഇതാണ്: “ഒരു ക്ഷേത്രത്തിലെ ആരാധനക്കാരിൽ നൂററുക്ക് നൂറു പേരും വിചാരിക്കുന്നതായാൽ ആ പ്രത്യേകക്ഷേത്രത്തെ ഭരിക്കുന്ന ആഗമങ്ങൾക്ക് വിരോധമായാൽതന്നെ അവൎക്കിഷ്ടമുള്ളവരെ എല്ലാം ക്ഷേത്രത്തിൽ കൂട്ടിക്കൊണ്ടുപോകുവാൻ അധികാരമില്ലേ?” ഈ വിഷയത്തിൽ നൂററുക്കു നൂറു പേരും ഗാന്ധിജിയുടെ നേതൃത്വം സ്വീകരിക്കുന്നവരായാൽ മി: രംഗയ്യരുടെ ബില്ലുകൾക്കു യാതൊരു പരിഹാരവും ചെയ്യുവാനില്ല. എന്തെന്നാൽ നൂററുക്കു നൂറു പേരും ഗാന്ധിജിയെ സഹായിക്കുന്നവർതന്നെ ആവുന്നതായാൽ ക്ഷേത്രങ്ങൾ എല്ലാം നിശ്ശങ്കം ഗാന്ധിയുടെ സ്വന്തം സ്ഥാപനങ്ങളായിത്തീരും. ഇതിനു പുറമെ ഈ വാദത്തിൽ അദ്ദേഹം “പ്രത്യേകക്ഷേത്രത്തിൽ” എന്നു പറഞ്ഞിരിക്കുന്നതു തെററാണ്. ഒരു ക്ഷേത്രത്തിൽ ആരാധിക്കുന്നവർ എന്നു ഒരു പ്രത്യേക ജനവിഭാഗമില്ല. ആ കൂട്ടർ മററു ക്ഷേത്രങ്ങളിൽ ആരാധിക്കയില്ലെന്നുമില്ല. ഭാരതത്തിലെ

സമസ്തക്ഷേത്രങ്ങളും അവിടത്തെ എല്ലാ ഹിന്ദുക്കളുടേയും പൊതുസ്വത്താണ്. എല്ലാ ഹിന്ദുക്കളും ക്ഷേത്രാരാധനാരീതിയെ ഭരിക്കുന്ന ആഗമങ്ങളിലും ശാസ്ത്രങ്ങളിലും വിശ്വസിക്കേണ്ടതാണ്. ഈ ആഗമങ്ങളിലും ശാസ്ത്രങ്ങളിലും വിശ്വസിക്കുന്ന ഒരൊററ ഹിന്ദുപോലും ഉണ്ടെങ്കിൽ ഈ നവീകരണക്കാർക്ക് അവനെ നിർബ്ബന്ധിച്ചു തങ്ങളുടെ ഭാഗത്തോടു ചേർക്കുവാൻ അധികാരമില്ലതന്നെ.

ഞാൻ ഒരുദാഹരണം കാണിക്കട്ടെ. വാദത്തിന്നുവേണ്ടി റോമൻ കത്തോലിക്കരിൽ ഒരു ഭൂരിപക്ഷം ആളുകൾ അവരുടെ വിശ്വാസം മാററി എന്നു വിചാരിക്കുക. അവർ പുത്തൻകൂററുകാരെ പള്ളിയിൽ പ്രവേശിക്കുന്നതിന് അനുവദിക്കുവാൻ പുരോഹിതവർഗ്ഗത്തെ നിർബ്ബന്ധിക്കാമൊ? ആരാധനാരീതിയെ മാററുവാൻ ബലമായി ആവശ്യപ്പെടാമോ? ക്ഷേത്രാരാധനക്കാരായ ഹിന്ദുക്കളിൽ ഭൂരിപക്ഷം ആളുകൾ ഒരു ശിവക്ഷേത്രത്തെ വിഷ്ണുക്ഷേത്രമാക്കുന്നതിനോ, അഥവാ വിഷ്ണുക്ഷേത്രത്തെ ശിവക്ഷേത്രമാക്കുന്നതിനോ ആഗ്രഹിക്കുന്നു എങ്കിൽ അവർക്ക് അതു ചെയ്യാമോ?

കർത്തവ്യഭംഗം.

തന്റെ സ്വന്തം സമ്മതംകൊണ്ടുതന്നെ താൻ ഒരു മതംമാററത്തിന്നാണ് ഉദ്ദേശിക്കുന്നതെന്നു പറഞ്ഞിട്ടുള്ള മി: ഗാന്ധിക്ക് ഒരു പുതിയ "ടിലാക്ക് ഫണ്ട്" ഉണ്ടാക്കുന്നതിനും, തന്റെ ഹിതാനുസരണം പുതിയ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിനും, ഗാന്ധിയുടെ ആഗമങ്ങൾ അനുസരിച്ച് ആരാധന നടത്തുന്നതിനും അധികാരമുണ്ടോ? ഇന്നത്തെ പരിതസ്ഥിതിയിൽ അദ്ദേഹവും അനുചരന്മാരും ഞങ്ങൾ ഒരു അല്പപക്ഷക്കാർതന്നെ എങ്കിലും—ക്ഷേത്രത്തെ നിർമ്മിക്കുന്നതിനും അവിടെ ആരാധിക്കുന്നതിനും അടിസ്ഥാനമായിരിക്കുന്ന ആഗമനിയമങ്ങളെ അവഗണിച്ചു പ്രവൃത്തിക്കണമെന്നു ഞങ്ങളെ നിർബ്ബന്ധിക്കുന്നതായാൽ അതു നിശ്ചയമായും പൊതുജനങ്ങളോടുള്ള അവരുടെ കർത്തവ്യത്തെ ഭേദിക്കുകതന്നെ ആയിരിക്കും. ഗവമ്മേൻറ് നിയമനിർമ്മാണസഭയെ മതവിഷയങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതായാൽ അതും ഒരു വലിയ തെററുതന്നെ ആയിരിക്കും.

മി: ഗാന്ധിയുടെ ഈ പരസ്യസമ്മതം ക്രിസ്ത്യാനികളും മഹമ്മദീയരും ഇതിനെ കേവലം ഒരു വർഗ്ഗീയമത്സരം മാത്രമായി വിചാരിക്കരുതെന്നു അവരോടപേക്ഷിക്കുവാൻ ഞങ്ങൾക്കെളുപ്പമുണ്ടാക്കി തരു

ന്നുണ്ട്. മി: ഗാന്ധിയുടെ പ്രമാണവാക്യം അവർ എപ്പോഴും മനസ്സിലാക്കുന്നുവോ അപ്പോഴും ആക്കെങ്കിലും നിയമനിർമ്മാണസഭയെ ഏതാണ്ട് ഒരു മതപ്രചാരകസംഘമായി മാററുന്നതിനും, ആ മാററത്തിന്നെല്ലാം നിയമത്തിൻെറ അനുവാദവും, സഹായവും ഉണ്ടാക്കുന്നതിനും സാധിക്കുമെന്ന് അവക്ക് അറിയുവാൻ കഴിയും. നിശ്ചയമായും ഗവമ്മേൻറ് ഗാന്ധിജിയുടെ "മരണംവരെ പട്ടിണി"യെ ഭയപ്പെടേണ്ട ആവശ്യമില്ല; അതുമൂലം യാതൊന്നും പ്രവൃത്തിക്കുവാനും വയ്യാ! കൂടുതൽ ശക്തിയുള്ള ശ്വാസകോശമുള്ളതിനാൽ അവിശ്വാസികൾക്ക് അടിമപ്പെടുക എന്നുള്ളത് ഒരു സൽധമ്മപ്രമാണത്തെ വിട്ടുകൊടുക്കുകയായിരിക്കും. അത് കലക്കത്തിലും, സമാധാനലംഘനത്തിലും മാത്രം ചെന്നവസാനിക്കുന്നതാണ്.

അഭിപ്രായാന്വേഷണം.

മുൻപു പറഞ്ഞിരിക്കുന്ന ഖണ്ഡങ്ങളിൽ ഞാൻ മി. ഗാന്ധിയുടെ വാദങ്ങൾ 'പൊള്ള'യാണെന്നു കാണിക്കുവാനാണു ശ്രമിച്ചിട്ടുള്ളത്. ഞാൻ ഇനി ഈയിടെ അദ്ദേഹത്തിൻെറ നിത്യപ്പാട്ടായിരിക്കുന്ന അഭിപ്രായാന്വേഷണത്തെപ്പററി ഒരു വാക്കു പറയട്ടെ. മി. ഗാന്ധി അതിനെ ഒരു ദേവനായി കണക്കാക്കി അതിൽ അതിഭക്തി കാണിക്കുന്നു എന്നു പറയേണ്ടി വന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. നാം മി. ഗാന്ധിയുടെ നേതൃത്വം സ്വീകരിക്കുന്നതായാൽ ഒരു ക്ഷേത്രത്തിലെ ആരാധനാരീതി പൊതുജനാഭിപ്രായം അറിഞ്ഞ് ആ തരത്തിൽ രൂപീകരിക്കാവുന്നതാണ്. ഈ തരത്തിലുള്ള ഒരഭിപ്രായം എത്ര ഭോഷത്വമാണെന്ന് അദ്ദേഹം അറിയുന്നുണ്ടെന്നു തോന്നുന്നില്ല. ഇതുകൊണ്ടു വരാവുന്ന ചില സംഭവ്യാവസ്ഥകളെ ഞാൻ ഉദാഹരിക്കട്ടെ.

1. ഒരു പ്രത്യേകക്ഷേത്രത്തിലെ ആരാധനക്കാരിൽ ഭൂരിപക്ഷം ആളുകളും അവിടത്തെ പുരോഹിതനെ ഇഷ്ടപ്പെടുന്നില്ല എന്നു വിചാരിക്കുക. അത് അദ്ദേഹത്തിൻെറ ശക്തിയായ മതവിശ്വാസംകൊണ്ടും നവീനപരിഷ്കാരങ്ങളെ എല്ലാം സ്വീകരിപ്പാനുള്ള വിസമ്മതംകൊണ്ടും ആയിരിക്കാം. എന്തെന്നാൽ അദ്ദേഹം ഭൂരിപക്ഷം ആളുകളും ആവശ്യപ്പെടുന്നവിധം ദിവസവും ക്ഷൌരം ചെയ്യിക്കുവാൻ സമ്മതിക്കുന്നില്ല. എന്നാൽ ആ പുരോഹിതനെ ജോലിയിൽനിന്നും പിരിക്കേണ്ടതാണെന്നു പറയാമോ?

2. ഇംഗ്ലണ്ടിൽപോയി വന്നിട്ടുള്ളവക്കു തൻേറയും പൊതുവേയുമുള്ള ആരോഗ്യത്തെപ്പററി സ്വന്ത അഭിപ്രായങ്ങളുണ്ട്. ആരോഗ്യശാ

സ്സുനിയമങ്ങളെ അറിഞ്ഞ് അതിനെ അനുസരിച്ച "സ്പെൻസറോ" "ഹരിസ്സണോ" നിർമ്മിക്കുന്ന ആഹാരപദാർത്ഥങ്ങൾ മാത്രമേ ക്ഷേത്രത്തിൽ നിവേദ്യത്തിനുപയോഗിക്കാവു എന്ന് അഭിപ്രായപ്പെടുന്ന ഭൂരിപക്ഷം ആരാധനക്കാർ ഉണ്ടാകുന്നതായാൽ സ്പെൻസറെ ഉടൻതന്നെ, ക്ഷേത്രത്തിലെ ഭക്ഷണം സംഭരിക്കുന്നവനായി നിയമിക്കേണ്ടതാണെന്നു മി. ഗാന്ധി അഭിപ്രായപ്പെടുന്നുണ്ടോ?

3. വൈഷ്ണവക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം രണ്ടു വിധത്തിലുള്ള ആരാധനാരീതിയാണുള്ളത്. (1) വൈഖാനസരീതി, (2) പഞ്ചരാത്രരീതി. ദക്ഷിണ ഇൻഡ്യയിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ഇതിലൊരു രീതിയാണു നടപ്പുള്ളത്. അതിനുള്ള അടിസ്ഥാനവും വിവരമായ വർണ്ണനയും ഓരോയിടത്തും ഓരോന്നാണ്. എന്നാൽ അതിൻെറ അന്ത്യോദ്ദേശം ഒന്നായിരിക്കാം, അല്ല ഒന്നാണ്. ഇതിൽ ഒരു വിധത്തിലുള്ള ആരാധനാക്രമത്തെ സ്വീകരിച്ചിരിക്കുന്ന ഒരു ക്ഷേത്രത്തിലെ ആരാധനക്കാരിൽ അധികംപേരും, മറേറ രീതി തുടങ്ങണമെന്നുദ്ദേശിക്കുന്നതായാൽ ആ ക്ഷേത്രത്തെ സ്ഥാപിച്ചിരിക്കുന്ന ആളുടെ അഭീഷ്ടത്തെ വകവെക്കാതെ അന്നന്നത്തെ ഭൂരിപക്ഷാഭിപ്രായം സ്വീകരിക്കാമോ? ഉദ്ദേശം ഒന്നുതന്നെ ആയിരിക്കുന്നിടത്തോളം കാലം, ആരാധനാരീതി മാററുന്നതുകൊണ്ടു യാതൊരു തെററുമില്ല എന്നു മി. ഗാന്ധി പറയുമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഈ പ്രമാണം ശരിതന്നെ എന്നു വിചാരിക്കാം. എന്നാൽ ശിവക്ഷേത്രത്തിലും, വിഷ്ണുക്ഷേത്രത്തിലും, കത്തോലിക്ക പള്ളിയിലും, പുത്തൻകൂററുപള്ളിയിലും, മഹമ്മദീയപള്ളിയിലും, ജൂതന്മാരുടെ പള്ളിയിലും, പാർസ്സികളുടെ അഗ്നിക്ഷേത്രങ്ങളിലും, സിക്കുകാരുടെ ഗുരുദ്വാരത്തിലും ആരാധിക്കുന്നതിൻെറ പരമോദ്ദേശം ഒന്നുതന്നെ! ഉദ്ദേശം ഒന്നുതന്നെ ആയിരിക്കുമ്പോൾ മനുഷ്യവർഗ്ഗം വിവിധനാമവും പറഞ്ഞു കുഴങ്ങുന്നതെന്തിന്? ഇത്ര വലുതായ ഒരു വിഷയത്തിലേക്കു ഞാൻ തല്ക്കാലം പ്രവേശിക്കുന്നില്ല. വൈഷ്ണവക്ഷേത്രങ്ങളിൽ ചിലതിൽ ശ്രീരാമനേയും മററു ചിലതിൽ ശ്രീകൃഷ്ണനേയും ആണു പ്രതിഷ്ഠിച്ചിരിക്കുന്നത്. ഒരഭിപ്രായാന്വേഷണത്തിനുശേഷം പാർത്ഥസാരഥിക്ഷേത്രത്തിലെ ആരാധനാരീതി ശ്രീരാമഭക്തന്മാരെ ആ ക്ഷേത്രത്തിൽ നിർബ്ബന്ധിച്ചു സ്വീകരിപ്പിക്കാമെന്നു മി. ഗാന്ധി വിചാരിക്കുന്നുണ്ടോ? നിർവ്വിയോഗസംബന്ധംകൊണ്ടു നോക്കുമ്പോൾ ഇതിൽ യാതൊരു തെററും ഉണ്ടെന്നു തീർത്തുപറയുവാൻ സാദ്ധ്യമല്ല. എന്നാൽ ഈ വിധമുള്ള അഭിപ്രായാന്വേഷണം സമുദായത്തിലുള്ള അന്തഃഛിദ്രത്തെ വർദ്ധിപ്പി

ക്കുന്നതു മാത്രമാണ്. അല്ലാതെ വിശേഷമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല.

മി. ഗാന്ധിയുടെ അജ്ഞാനം.

പരമാൎത്ഥം പറയുന്നതായാൽ, മി. ഗാന്ധിക്കു സനാതനികളുടെ ശ്രുതികളെ പററിയ ജ്ഞാനം വളരെ കുറവാണ്. അദ്ദേഹത്തിൻെറ ജൈനമതസംബന്ധമായ ചുററുപാട്ട് അദ്ദേഹത്തിൻെറ സനാതനമതഭാവത്തെ കൊന്നുകളഞ്ഞു എന്ന് എനിക്ക് ഉപായത്തിൽ ഒരു സംശയവും തോന്നുന്നുണ്ട്. എനിക്കു ജൈനമതവുമായി യാതൊരു ശണ്ഠയുമില്ല. ഞാൻ പറയുന്നതു ജൈനമതം സനാതനധൎമ്മമല്ല എന്നു മാത്രമാകുന്നു. ഞാൻ ഒരു സനാതനിയാണെന്നഭിമാനിക്കുകയും, നമ്മുടെ ശ്രുതിനിയമങ്ങളെ അവഗണിച്ചു പെരുമാറുകയും, ഏകകാലത്തിൽ ചെയ്യുന്നതല്ല. താൻ ഒരു ക്രിസ്ത്യനാണ് അഥവാ, മഹമ്മദീയനാണ് എന്നു ഖൊറാനിലും, ബൈബിളിലും വിശ്വസിക്കാത്ത ഒരുവൻ എങ്ങിനെ ആണു പറയുന്നതു്?

മതകാൎയ്യങ്ങളിൽ അഭിപ്രായാന്വേഷണം അസഹ്യമായ ഒരു പ്രവേശനമാണ്. ആത്മാഭിമാനമുള്ള യാതൊരുവനും, മതകാൎയ്യങ്ങളിൽ അഭിപ്രായം അന്വേഷിക്കുന്നതിനോടു യോജിക്കുന്നതല്ല; അതിനു സാദ്ധ്യമല്ല. മതവിഷയങ്ങളിൽ അതിൻെറ നായകത്വം സ്വീകരിക്കാമെങ്കിൽ എന്തുകൊണ്ട് സാമുദായികകാൎയ്യങ്ങളിലും ആയിക്കൂടാ? എനിക്കു കുററം പറയുവാൻ തീരെ വാസനയില്ല. എന്നാൽ ശരിയായ ന്യായം നോക്കുന്നതായാൽ മി. ഗാന്ധി, അദ്ദേഹത്തിൻെറ കച്ചമുണ്ടുപേക്ഷിപ്പാൻ, അദ്ദേഹത്തോടു സ്വാമിഭക്തിയുള്ള ഒരു സംഘത്തിൽ നൂററുക്ക് അൻപത്തിഒന്നു പേർ ആവശ്യപ്പെടുന്നപക്ഷം സമ്മതിക്കേണ്ടതാണ്.

വഷളാക്കപ്പെട്ട ഒരു ബാലനെപ്പോലെ, അദ്ദേഹം ജീവിതത്തിൻെറ എല്ലാ പാതയിലും, തൻെറ സ്വന്തം അഭിപ്രായത്തെതന്നെ മുറുക്കിപ്പിടിക്കുവാൻ ശ്രമിക്കുന്നു. അദ്ദേഹത്തിൻെറ ഈ തൊഴില്ല് അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. "നില്ക്കുക" എന്നു ഞങ്ങൾ വിളിച്ചുപറഞ്ഞു. അദ്ദേഹം തൻെറ പ്രവൃത്തി "ഉള്ളിലെ കല്പന" അനുസരിച്ചാണെന്നു പറയുന്നു. കൊള്ളാം, ഈ "ഉള്ളിലെ കല്പന" മി. ഗാന്ധിയുടെ മാത്രം "കുത്തകച്ചരക്കാ"ണോ? അദ്ദേഹത്തിൻെറ "ഉള്ളിലെ കല്പന"ക്കു മുമ്പിൽ തല കുനിക്കുക എന്നുള്ളതു് നമുക്ക് ആ സൽഗുണമില്ല എന്നതിനെ കാണിക്കുന്നതല്ലേ? അതു് അദ്ദേ

ഹത്തിൻെറ "കുത്തക"യാണെങ്കിൽ, ആ "ഉള്ളിലെ കല്പന"യിൽ നിന്നു ദൈവം ഞങ്ങളെ രക്ഷിക്കട്ടെ! അതു് അദ്ദേഹത്തിൻെറ സ്വന്ത സമ്മതം അനുസരിച്ചുതന്നെ, 1919_ാമാണ്ടുമുതൽ അനേകം "ഹിമാലയാബദ്ധങ്ങൾ"ക്കു് ഇടയാക്കിത്തീൎത്തിട്ടുണ്ടു്.

ഏററവും നന്നായാൽ അദ്ദേഹം ഒരു സജീവഭേദകനെപ്പോലെയാണു്. വാസ്തവത്തിൽ അദ്ദേഹം ഒരു പരീക്ഷകൻ മാത്രമാണു്. അദ്ദേഹത്തിൻെറ പരീക്ഷകൾ ഇതുവരെ വിജയം പ്രാപിച്ചിട്ടില്ല. ഇനിയും ഭാരതം മറെറാരു സജീവഭേദനത്തിനു് അടിമപ്പെടണമോ? ഞാൻ ഉദ്ദേശിക്കുന്നില്ല.

ദി ഇന്ത്യൻ മിറർ.

ഒരു നിവേദനം.

ഇൻഡ്യയിലെ വൈസ്രായിയും, ഗവൎണ്ണർ ജനറാലുമായ ബഹു: വില്ലിംഗ്ടൺപ്രഭു, ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ., ജി. എം. എം. ജി., ജി. ബി. ഇ., ക്കു് സിലോണിൽ ജഫ്നയിലെ ഹിന്ദുക്കൾ സമൎപ്പിച്ചതു്:

ഞങ്ങൾ, താഴെ ഒപ്പിട്ടിരിക്കുന്ന സിലോണിൽ ജഫ്നയിലെ ഹിന്ദുക്കളായ ശൈവന്മാർ, താഴെ പറയുന്ന ഞങ്ങളുടെസങ്കടങ്ങളെ അവിടെ ഉണൎത്തിക്കുകയും, അവയെ പരിഹരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

1. ആഗമനിയമങ്ങൾ അനുസരിച്ചു് ദേവാരാധന നടത്തപ്പെടുന്ന ക്ഷേത്രങ്ങളിൽ കടക്കുവാൻ പാടില്ലെന്നു വിലക്കിയിരിക്കുന്ന സമുദായക്കാർ പ്രവേശിക്കുന്നതായാൽ അവരെ ശിക്ഷിക്കുവാൻ അനുവാദം നൽകിയിരിക്കുന്ന ഇന്നത്തെ ഭരണനിയമത്തെ ഭേദപ്പെടുത്തുവാനായി അടുത്ത ഭാവിയിൽ ഒരു ബില്ലു് മദിരാശി നിയമനിൎമ്മാണസഭയിൽ അവതരിപ്പിക്കുവാൻ ഇടയുള്ളതായി ഞങ്ങൾ അറിയുന്നു.

2. ഞങ്ങൾ ദക്ഷിണ ഇൻഡ്യയിലെ ക്ഷേത്രങ്ങളിൽ ദേവാരാധന നടത്തുന്നവരുടെ ഒരു പ്രധാന ഭാഗമാണു്. ഞങ്ങളുടെ പൂൎവ്വികന്മാർ, ക്ഷേത്രങ്ങൾ ആഗമനിയമങ്ങൾ അനുസരിച്ചു് നടത്തപ്പെടുമെന്ന വ്യക്തവും, പരിപൂൎണ്ണവുമായ വിശ്വാസത്തോടുകൂടി, വിലപിടിച്ചതും, അസംഖ്യവുമായ സാധനങ്ങൾ ചിതംബരം, തിരിച്ചന്തൂർ, വേതാരനിയം മുതലായ ക്ഷേത്രങ്ങളിലേക്കു സംഭാവന നൽകിയിട്ടുണ്ടു്.

3. ഭാരതത്തിലെ ശൈവക്ഷേത്രങ്ങൾ, ശൈവാഗമനിയമങ്ങൾ അനുസരിച്ചുണ്ടാക്കിയിരിക്കുന്നവയാണ്. പ്രസ്തുത ആഗമങ്ങൾ ഈശ്വരൻ വെളിപ്പെടുത്തിയിരിക്കുന്നവയാണെന്നാണു ഞങ്ങളുടെ വിശ്വാസം. ആഗമങ്ങൾ അനുസരിച്ച് എല്ലാ ജാതിക്കാൎക്കും പ്രത്യേക ജോലികൾ ചെയ്യുവാനുണ്ട്. ആരാധനാരീതിയും, ജാതി(വൎണ്ണം)അനുസരിച്ചു ഭേദപ്പെടുന്നു. അസ്പൃശ്യൎക്കെന്നു മാത്രമല്ല, സകല ഉയൎന്ന ഹിന്ദുവൎഗ്ഗത്തിനുതന്നെയും, ആരാധനക്ക് പ്രത്യേക സ്ഥലങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ ഉയൎന്ന ഹിന്ദുക്കൾകൂടിയും അസ്പൃശ്യരായിത്തീരുന്നു. ആ സമയങ്ങളിൽ അവൎക്കു മററു അസ്പൃശ്യരുമൊരുമിച്ച് പുറത്തുനിന്ന് ആരാധന നടത്തേണ്ടതാകുന്നു. ഈ നിയമങ്ങൾ എല്ലാം ഈ ക്ഷേത്രങ്ങൾ നിൎമ്മിച്ച കാലംമുതൽതന്നെ അനുസരിച്ചുവരുന്നു.

4. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമം ഒരാളുടേയോ, ഒരു കൂട്ടം ആളുകളുടേയോ, അവകാശങ്ങളുമായി ഇടപെടുന്നില്ല. ഒരുത്തന്റെ അഭിപ്രായങ്ങൾ അവന്റെ മതത്തോടു യോജിക്കുന്നവയല്ലെങ്കിൽ, അവൻ ഇഷ്ടപ്പെടുന്ന മറെറാരു മതം സ്വീകരിക്കുകയോ, അല്ലെങ്കിൽ സ്വന്തമായി ഒരു മതം നിൎമ്മിച്ച്, അവൻ വിചാരിക്കുന്നതുപോലെ ഈശ്വരാരാധന നടത്തുകയൊ ആണ് ലോകത്തിൽ എവിടേയും പതിവ്. ഈ വിധത്തിൽ "പുത്തൻകൂറുകാരെ"ന്നറിയപ്പെടുന്ന ക്രിസ്ത്യാനികൾ 'റോമൻ കത്തോലിക്ക"രിൽനിന്നും പിരിഞ്ഞ് സ്വന്തം പള്ളികൾ നിൎമ്മിച്ച് ദേവാരാധന നടത്തി. ഈ നിയമത്തിനു ഭാരതത്തിൽ ഒരു പ്രത്യേകതയില്ല: ബുദ്ധമതക്കാർ ആദ്യം ഹിന്ദുക്കളായിരുന്നു. തങ്ങളുടെ അഭിപ്രായങ്ങളോട് ആ മതം യോജിക്കാതെ കണ്ടപ്പോൾ, അവർ അതിൽനിന്നും പിരിഞ്ഞ് ആരാധനക്കായി സ്വന്തം ക്ഷേത്രങ്ങൾ നിൎമ്മിച്ചു. അപ്രകാരംതന്നെ ആണ് ആൎയ്യസമാജക്കാരും, ബ്രഹ്മസമാജക്കാരുമെല്ലാം ചെയ്തതു്. അവരും സ്വന്തക്ഷേത്രങ്ങളുണ്ടാക്കിയിരിക്കുന്നു.

5. നിയമനിൎമ്മാണസഭകളെ ശാസ്ത്രാധികാരത്തോടുകൂടി ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമത്തെ നശിപ്പിക്കുവാനോ അഥവാ, ഭേദപ്പെടുത്തുവാനോ അനുവദിക്കുന്നപക്ഷം, അതു മതസ്വാതന്ത്ര്യത്തിൽ മനഃപൂൎവ്വമുള്ള പ്രവേശനമാകുന്നതാണ്. അതു സുപ്രസിദ്ധയായ വിക്ടോറിയാ ചക്രവൎത്തിനിയുടെ രാജകീയവിളംബരത്തിന്, ഞങ്ങൾ മതാവകാശങ്ങളുടെ അടിസ്ഥാനക്കല്ലായിക്കണക്കാക്കിവരുന്ന നിശ്ചയത്തിനു, വിരുദ്ധമായിത്തീരും. ഈ പ്രവേശനം ഗവൎമ്മെന്റിനോട്

അതൃപ്തിക്കും, കോപത്തിന്നും ഇടയാക്കുമെന്നു മാത്രമല്ല, രാജ്യത്തിൽ വലിയ ഉപദ്രവവും, ജാതിവഴക്കും ഉണ്ടാക്കിത്തീക്കും.

6. സക്കാരിന്റെ കരങ്ങളിൽ വിശ്വസിച്ചേല്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധസ്ഥാപനങ്ങളത്രേ ക്ഷേത്രങ്ങൾ. അതു് നിമ്മിച്ചും, അതിനെ സഹായിച്ചും, അതിന്നു് സംഭാവന നല്കിയും വന്നവരുടെ ആദശങ്ങൾക്കും, വിചാരത്തിന്നും വിരോധമായി അവയെ ഭാരവാഹികളോ, മാനേജർമാരോ ഭരിക്കുന്നപക്ഷം അവരെ ഉപദേശിച്ചും, ആജ്ഞാപിച്ചും ശരിപ്പെടുത്തേണ്ടതു് ഗവമ്മേൻറിന്റെ ജോലിയാണു്. ഞങ്ങളുടെ മതനിയമങ്ങൾക്കും, പുരാതനകാലംമുതൽ നടപ്പിലിരുന്നുവരുന്ന ആചാരത്തിന്നും വിരോധമായി ക്ഷേത്രപ്രവേശനം വേണമെന്നാവശ്യപ്പെടുന്ന ക്ഷോഭക്കാരും, അപ്രകാരം കടക്കേണമെന്നാഗ്രഹമുള്ള അധഃകൃതരും വാസ്തവത്തിൽ ഈ മതത്തിൽ വിശ്വസിക്കുന്നവരല്ല. അതിനാൽ അവർ ആര്യസമാജക്കാരേയോ, ബ്രഹ്മസമാജക്കാരേയോ പോലെ പ്രത്യേകതരത്തിലുള്ള ക്ഷേത്രങ്ങൾ നിമ്മിക്കുവാൻ ഒരുമ്പെടുന്നതു് ന്യായമായിരിക്കും.

7. നിർഭാഗ്യവശാൽ മററു മതക്കാരെപ്പോലെ ഞങ്ങളുടെ മതത്തിന്റെ മൂലതത്വങ്ങളെത്തന്നെ വിരോധിക്കുന്നവരേപ്പോലും ഭ്രഷ്ടന്മാരായി വജ്ജിക്കുവാൻ ഞങ്ങൾക്കു സാധിക്കുന്നതല്ല. ഈ തക്കം കണ്ടു ചിലർ, ഞങ്ങളുടെ മതത്തിന്റെ ഏററവും വലിയ ശത്രുക്കളായി കണക്കാക്കപ്പെടേണ്ട ചിലർ, തങ്ങൾ ഈ മതത്തിൽ പെട്ടവരാണെന്നു പറഞ്ഞു മതത്തിന്നു ചെയ്യുന്ന ദോഷം അവണ്ണ്യമത്രേ. ക്ഷേത്രപ്രവേശനത്തിന്നുവേണ്ടി ഇന്നു ക്ഷോഭം നടത്തുന്നവർ ആഗമാധികാരത്തെ എതിക്കുന്നവരാണു്. ആഗമാധികാരത്തെ ഗണിക്കാതെ ക്ഷേത്രപ്രവേശനം ലഭിക്കുവാൻ ശ്രമിക്കുന്ന അവർ ആ ഉദ്യമത്തിൽ വിജയം സമ്പാദിക്കുന്നപക്ഷം വിഗ്രഹങ്ങളെല്ലാമെടുത്തു "തോട്ടിൽ" വലിച്ചെറിയുകയില്ലേ എന്നുകൂടി ഞങ്ങൾക്കു ഭയമില്ലാതില്ല. എന്തെന്നാൽ ആഗമങ്ങൾ അവയ്ക്കു കല്പിച്ചിരിക്കുന്ന മാഹാത്മ്യത്തിൽ അവക്കു വിശ്വാസമുണ്ടാകുവാൻ വഴിയില്ലല്ലോ.

8. മഹമ്മദീയരാൽ ഇൻഡ്യയിലും, ഡച്ചുകാരാലും പോർച്ചുഗീസ്സുകാരാലും സിലോണിലും, ഞങ്ങളുടെ മതം എന്തെന്നില്ലാതെ മദ്ദിക്കപ്പെട്ട സമയം അതിനെ രക്ഷിച്ച ബ്രിട്ടീഷ് സിംഹാസനത്തോടു് ഞങ്ങൾ എന്നും അകൈതവമായ കൃതജ്ഞതയോടും, അനല്പമായ

രാജഭക്തിയോടും കൂടിയിരിക്കുമെന്നുള്ളതിനു സംശയമില്ല. ഞങ്ങൾ അതിനെ ഞങ്ങളുടെ രക്ഷിതാവായ ദൈവതുല്യനായി കണക്കാക്കുന്നു.

9. ബഹുമാനപ്പെട്ട അങ്ങ്, രാജാവും ചക്രവർത്തിയുമായ ആ പൊന്നുതിരുമേനിയുടെ പ്രതിനിധിയെന്നവണ്ണം, ഹാർദ്ദമായ അനുകമ്പയോടുകൂടി ഞങ്ങളുടെ മതത്തെ നശിപ്പിക്കുവാൻവേണ്ടി സമുദായരക്ഷയെന്ന വ്യാജനാമവും പറഞ്ഞ് ഗവമ്മേൻറിൻെറ സഹായം അപേക്ഷിച്ചുവരുന്ന ഈ കോയ്മപ്പരിവർത്തകന്മാരിൽനിന്നു ഞങ്ങളുടെ മതത്തെയും ക്ഷേത്രശുദ്ധിയേയും സംരക്ഷിക്കണമെന്നാണു ഞങ്ങളുടെ വിനീതമായ പ്രാർത്ഥന. ബഹു: അങ്ങ് ഈ ബില്ല് നിയമനിർമ്മാണസഭയിൽ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കയില്ലെന്നു വിശ്വസിച്ചുകൊണ്ട് ഞങ്ങൾ വിരമിക്കുവാൻ അനുവാദം ചോദിക്കുന്നു.

എന്ന്

ടി. കൈലാസപിള്ള (ഒപ്പ്)

മുതലായവർ.........

കേരള സാഹിത്യ അക്കാദമി

വൈസ്രായിയോടുള്ള ഒരപേക്ഷ.

ആനന്ദപുരം പ്രാദേശികഹിന്ദുസെൻട്രൽകമ്മററിയുടെ കാര്യദർശി, ബഹുമാനപ്പെട്ട ഇൻഡ്യാവൈസ്രായിയോട്, താഴെ കാണുന്നവിധം അപേക്ഷിച്ചിരിക്കുന്നു:—

ഭാരതത്തിൽ—ലോകത്തിൻെറ സപ്തർഷിരാശിയിൽ—ശരീരത്തിലെ വിവിധഅവയവങ്ങളെന്നവണ്ണം അനേകം പാവനരംഗങ്ങളും, സുപ്രസിദ്ധി നേടിയിരിക്കുന്ന പുണ്യതീർത്ഥസ്ഥലങ്ങളും ഉണ്ട്. ഇൻഡ്യ ലോകത്തിൻെറ ഉത്തമാംഗവും, ഹൃദയവുമത്രെ. അവിടത്തെഹിന്ദുമതം സമസ്തസൃഷ്ടികളേയും ഈശ്വരസന്താനങ്ങളായി ഗണിക്കുകയും, ആദരിക്കുകയും ചെയ്യുന്നു. ഹിന്ദുമതം ഓരോ സമുദായത്തിന്നും ജന്മം അനുസരിച്ചു ഓരോ വിധത്തിലുള്ള കർത്തവ്യംനല്കിയിരിക്കുന്നു. അത് അവരവരുടെ നിലയിൽ നിന്നുകൊണ്ടുതന്നെ മോക്ഷം ലഭിപ്പാനുള്ള മാർഗ്ഗം ഉപദേശിച്ചിട്ടുണ്ട്. ശരീരത്തിലെ ഓരോ അവയവത്തിന്നും സ്വന്തം സ്ഥാനത്തുതന്നെ നിന്ന് ഓരോ ജോലികൾ നിർവ്വഹിക്കാനുള്ളതുപോലെ ഓരോരുത്തർക്കും സ്വന്തം നിലയിൽതന്നെ നിന്ന് ഓരോ പ്രവൃത്തി ചെയ്യാനുണ്ട്. ഇപ്പോൾ ഭാരതത്തിൽ ലോകത്തിലെ സമസ്ത

മതങ്ങളും, വംശങ്ങളും, ഭാഷകളും ഒരുമിച്ചു കാണപ്പെടുന്നുണ്ട്. ഏററവും വലിയ മതവൈപരീത്യസഹനം സമാധാനത്തിനും, ക്ഷേമത്തിനുംവേണ്ടി ഏററവും പുരാതനകാലംമുതൽ അവിടത്തെ അടയാളുവാക്കാക്കിത്തീർത്തിരിക്കുന്നു. ഇങ്ങിനെയുള്ള ഭാരതത്തിൻെറ ആധിപത്യം വഹിക്കുന്ന ബ: വൈസ്രായി രണ്ടാമതും ഒരു അനൗചിത്യം പ്രവൃത്തിപ്പാൻ നിർബ്ബന്ധിതനായിത്തീൎന്നുവെന്നതു് കഷ്ടാൽകഷ്ടതരമത്രേ. ശാരദാനിയമം, നിനയാതെ ബന്ധപ്പെട്ടുവച്ചതായ ആദ്യത്തെ പിഴച്ച അടിയാണ്. ഈശ്വരനാൽ അൎപ്പിക്കപ്പെട്ട ഇൻഡ്യയിലെ ബ്രിട്ടീഷ് ആധിപത്യം പുരാതനകാലംമുതൽ അനുവദിച്ചുവന്ന, അഥവാ സംരക്ഷിച്ചുവന്ന മതസമഭാവത്തെ ഉപേക്ഷിക്കുമെന്ന് വിശ്വസിപ്പാൻ ന്യായം കാണുന്നില്ല. എങ്കിലും അയിത്തോച്ചാടനബില്ലിനേയും, ക്ഷേത്രപ്രവേശനബില്ലിനേയും നിയമനിൎമ്മാണസഭയിൽ അവതരിപ്പിക്കുവാൻ അനുവാദം നല്കിയതു് രണ്ടാമത്തെ പിഴച്ച അടിയാണെന്നു പറയാതെ നിവൃത്തിയില്ല. ഇതിനെപ്പററി രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ഹിന്ദുക്കളിൽനിന്നും ശക്തിയായ വിസമ്മതവും ഉണ്ടാകാതിരുന്നില്ല. ഭഗവത് ഗീതയിൽ പറഞ്ഞിരിക്കുന്നതും, നവീകരണക്കാർ പ്രമാണമായി സ്വീകരിച്ചിരിക്കുന്നതും ആയ 'ആത്മീയസമത്വം', വിചാരമാകുന്ന തറയിൽ കെട്ടി ഉയർത്തപ്പെട്ട ഒന്നാണ്. ലോകത്തിൽ എങ്ങും വ്യാപിച്ചിരിക്കുന്ന വിവിധയുദ്ധങ്ങളിൽ ഒന്നിലും ഇതിനെ പ്രവൃത്തിയെടുപ്പിക്കുവാൻ സാദ്ധ്യമല്ല.

അസ്പൃശ്യതാനിയമം ആരോഗ്യശാസ്ത്രം അനുസരിച്ചുണ്ടായിട്ടുള്ളതുതന്നെ. ക്ഷേത്രങ്ങൾ പ്രത്യേകവൎഗ്ഗക്കാരുടെ ഒരുമിച്ചും, വെവ്വേറെയും ആരാധന നടത്തുവാൻ വേണ്ടി നിൎമ്മിക്കപ്പെട്ടിരിക്കുന്ന പാവനസ്ഥാപനങ്ങളാണ്. മനുഷ്യവൎഗ്ഗത്തിൽ അസംഖ്യം സമുദായങ്ങളുള്ളതുപോലെ, ഓരോ സമുദായത്തിലും അതിൻെറ മുഖങ്ങൾ എന്നപോലെ പലവൎഗ്ഗക്കാരുമുണ്ട്. മററുള്ളവരുടെ അവകാശങ്ങൾ തനിക്കും ഉണ്ടായിരിക്കേണ്ടതാണെന്ന ഇന്നത്തെ വാദം 'കളവു്' എന്നുമാത്രം വിളിക്കപ്പെടാവുന്നതാണ്. മതം സത്സ്വഭാവത്തിൽ നിന്നു് ജനിക്കുന്നു. ആ മതത്തെ ഭരിക്കുന്നതു് സാക്ഷാൽ പരബ്രഹ്മം തന്നെ.

വേദങ്ങളും മഹദഭിപ്രായങ്ങളുമാണ് മതത്തിൻെറ അധികാരി. ഹിന്ദുമതം ലോകത്തിലുള്ള എല്ലാമതതത്വങ്ങളേയും തന്നിൽതന്നെ വഹിക്കുന്നുണ്ട്. അതു് അത്രമാത്രം വിസ്താരമുള്ള ഒന്നത്രെ. എല്ലാവിധത്തിലുള്ള മനഃസ്ഥിതിയുള്ളവനും അതു സ്വീകാൎയ്യയോഗ്യമായി

ന്നു *

ത്തന്നെ തോന്നുന്നു. വ്യക്തിവൈഭവം അനുസരിച്ചും, പരിതസ്ഥിതികൾ അനുസരിച്ചും, മനുഷ്യവൎഗ്ഗം അതിനെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ആചരിച്ചുവരുന്നു. അതിൽ ബലമായി ചെയ്യപ്പെടുന്ന ഒരു നിബന്ധന നിശ്ചയമായും സ്വനാശത്തിന്നുതന്നെ ഇടയാക്കുന്നതാണു്.

മതം അനേകകാലംമുമ്പു് ഉത്ഭവിച്ചിട്ടുള്ളതും, ഏററവും വലിയ സംസ്കാരത്തോടുകൂടിയതും, ആത്മീയദീൎഘദൎശികളാൽ സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും, യോഗിമാരാലും മഠങ്ങളാലും ക്രമപ്രകാരമാക്കപ്പെടുന്നതുമാണു്. അടുത്തകാലത്തുണ്ടായ ഏററവും ശ്രേഷ്ഠനായ ആത്മീയകാൎയ്യങ്ങളുടെ അധികാരി, പുണ്യമൂൎത്തി ശ്രീശങ്കരാചാൎയ്യസ്വാമിയാണു്. അദ്ദേഹം ഇൻഡ്യയുടെ നാലുഭാഗത്തുമുള്ള നാലു സ്ഥലങ്ങളിൽ നിന്നു്, സുപ്രസിദ്ധവിശുദ്ധനാമമായ ജഗത്ഗുരു എന്ന പേരിൽ ഇന്നും ധൎമ്മത്തെ നയിച്ചുവരുന്നു. സവൎണ്ണരുടെ സൎവ്വസ്ഥാപനങ്ങളും, സകല ക്ഷേത്രങ്ങളും, വിശുദ്ധന്മാരായ ബ്രാഹ്മണരും എല്ലാംതന്നെ ലോകത്തിലെ സകല ഭരണാധികാരികളും രാജ്യത്തെ ന്യായമായി ഭരിക്കേണമെന്നു സദാ പ്രാൎത്ഥിക്കുന്നുണ്ടു്.

നിയമനിൎമ്മാണസഭയേപ്പോലെ, വിവിധമതാനുയായികളും അടങ്ങിയ ഒരു സാധാരണസഭക്കു്, ഹിന്ദുമതത്തേയും, ഹിന്ദുമതാനുയായികളുടെ സമുദായത്തേയും സംബന്ധിക്കുന്ന കാൎയ്യങ്ങളെപ്പററി വാദപ്രതിവാദം നടത്തുന്നതിനും, ഒരു തീൎപ്പുകല്പിക്കുന്നതിനും അധികാരമില്ലാത്തതാണു്. പ്രസ്തുത ബില്ലുകൾ ഹിന്ദുസമുദായക്കാരുടെ എല്ലാം വ്യക്തിസ്വഭാവസ്വാതന്ത്ര്യത്തേപ്പോലും തടയുവാനുള്ള വിലങ്ങാണു്. എന്നാൽ അതിന്റെ ഉദ്ദേശം മറെറാന്നായിപറയപ്പെടുന്നു. അനേകം ആളുകളുടെ വോട്ടനുസരിച്ചുള്ള തിരഞ്ഞെടുപ്പുരീതിയും, മുറയായ ഭരണരീതിയും സാധാരണ തെററായ ഒരു നടവടിതന്നെയാണു്. അതു വഴിപിഴപ്പിക്കുന്നതും സൌഹാൎദ്ദത്തെ നശിപ്പിക്കുന്നതുമാണു്. പല മതസ്ഥാപനങ്ങളേയും സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ ഈ ഉപായം തീരെ ഉപയോഗിക്കുവാൻ പാടില്ലാത്തതും, പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന സമയം അനേകം കുഴപ്പങ്ങൾക്കിടയാക്കുന്നതുമാണു്. ഈ മതസ്ഥാപനങ്ങൾ സകല വൎഗ്ഗക്കാരേയും അവരുടെ സ്ഥിതിക്കനുസരിച്ചു് വളൎത്തിക്കൊണ്ടുവരുന്നു. ലോകത്തിൽ പലയിടത്തും പലവിധവ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും, അനവധിയോഗികൾ ഉണ്ടായിട്ടുണ്ടു്. ഇവരാരും മതകാൎയ്യങ്ങളിൽ യാതൊരു വ്യത്യാസവും വരുത്തേണമെന്നു ആവശ്യപ്പെട്ടിട്ടില്ല; എന്നുതന്നെയല്ല അതുവരുത്തരുതെന്നു ഉപ

ദേശിക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ മതത്തെപ്പററിയാതൊരറിവും ഇല്ലാത്ത 'സമുദായപരിഷ്കാരി'കളാണ് ബാലചാപല്യംകൊണ്ടെന്നവണ്ണം ഇന്നു മതകാൎയ്യങ്ങളിൽ പ്രവേശിച്ചിരിക്കുന്നത്. ഈ കൂട്ടർ അത്യമായി 'ശാരദാ' നിയമം പാസ്സാക്കിച്ചു. ധൎമ്മത്തിൻെറ പുറങ്കോട്ടയായ, ബ്രാഹ്മണമാൎഗ്ഗവ്യവസ്ഥയെ നശിപ്പിക്കുകയാണ് അതു മററു സമുദായങ്ങളെ നന്നാക്കുന്നതിനേക്കാൾ കൂടുതലായി ചെയ്യുന്നത്. പ്രതീക്ഷിക്കപ്പെടുന്ന സ്വാതന്ത്ര്യലബ്ധിക്കുള്ള മാൎഗ്ഗങ്ങളിൽ ഇന്നു അന്ധത്വവും ക്രൂരത്വവുമുള്ള ജാതിസ്പദ്ധ സുഖമായി വളൎന്നുവരുന്നു എന്നുള്ളത് ഏതൊരു ഭാരതീയൻേറയും ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നതാണ്. ഈ ജാതിസ്പദ്ധ ജീവിതത്തിലെ സാമ്പത്തിക ഭാഗത്തേയും, പ്രാപഞ്ചികഭാഗത്തേയും, ആത്മീയഭാവത്തേയും എല്ലാം ഒരുപോലെ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. അത് ഇന്നത്തെ ഭാരതത്തിലെ രാജ്യസ്നേഹികളുടെ തലക്ക് 'മത്തു്' പിടിപ്പിച്ചിരിക്കുന്നു. തന്മൂലം ധൎമ്മം എന്നുള്ളത് എന്തെന്ന് അവർ അറിയുന്നില്ല; എന്നല്ല ധൎമ്മത്തെ നന്നാക്കുവാനുള്ള ശരിയായ മാൎഗ്ഗത്തിൽക്കൂടി പോകുവാൻ ശ്രമിക്കുന്നതുമില്ല. ഈ രാജ്യസ്നേഹികൾ എന്നു പറയുന്ന ഉന്മത്തന്മാരെ ഇഷ്ടംപോലെ "തുള്ളിച്ചാടുവാൻ" അനുവദിക്കുന്നത് ഏററവും വലിയ ആപത്തിന്നു കാരണമായിരിക്കും. ഈ കാൎയ്യം ബഹുമാന്യനായ വൈസ്രോയി പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്

ഈ പ്രവൃത്തികൾ അതിയായി ബാധിക്കുന്നതു മതവിശ്വാസമുള്ള ബ്രാഹ്മണസമുദായത്തെ ആണ്. അതിനെ സംരക്ഷിക്കുവാൻ ഒരു വേലിയും ഇല്ല. ഇന്നത്തെ ഈ നവീനപ്രസ്ഥാനത്തിൻെറ പോക്ക് ഏതെല്ലാം വഴിയിൽക്കൂടി ആണെന്ന് അവൎക്ക് അറിയുവാൻ സാധിക്കുന്നില്ല. എന്നാൽ അതു് ആപത്തിലാണ് അവസാനിക്കുന്നതെന്ന് അവൎക്ക് ഉറപ്പുണ്ട്. അതിൻെറ ഗതിയെ തടപ്പാൻ അവൎക്കു പരിചയവും കഴിവും ഇല്ല. ശക്തിയായി നടത്തപ്പെടുന്ന ഇന്നത്തെ പരസ്യങ്ങളേയും, കുപ്രസിദ്ധി നേടിയിരിക്കുന്ന പൊതുജനാഭിപ്രായത്തേയും, എല്ലാം അവർ നോക്കിക്കൊണ്ടിരിക്കുകയല്ലാതെ നിവൃത്തിയില്ല. ഈശ്വരനാൽ ദത്തമായ ബ്രിട്ടീഷ് ആധിപത്യം ഒന്നിനെ മാത്രമാണ് ഈ ബ്രാഹ്മണസമുദായം തങ്ങളുടെ രക്ഷിതാവായി കണക്കാക്കുന്നത്. ഗവൎമ്മേൻറു വേണ്ടവിധം സാമുദായികവിദ്യാഭ്യാസത്തിന്നുള്ള ഉപകരണങ്ങൾ ഉണ്ടാക്കിത്തരുമെന്നും, മതവിഷയങ്ങളിൽ സമഭാവം കാണിക്കുമെന്നും, ശരിയായതും അധികാരമുള്ളതുമായ പൊതുജനാഭിപ്രാ

യത്തെ വിലവെക്കുമെന്നും അവർ ഉദ്ദേശിക്കുന്നു. മി. ഗാന്ധിയുടേയും, അദ്ദേഹത്തെ കണ്ണടച്ചു പിൻതുടരുന്ന അവിശ്വാസികളുടേയും, വാക്കു കേട്ടു ഗവമ്മേൻറു പൊടുന്നനവെ യാതൊന്നും പ്രവൃത്തിക്കരുതെന്നു ഞങ്ങൾ യാചിക്കുന്നു. ഈ ക്ഷോഭക്കാരാലും, വത്തമാനപത്രങ്ങളാലും അങ്ങു വഞ്ചിക്കപ്പെടരുതേ! മി. ഗാന്ധി നിശ്ചയമായും ആദരിക്കപ്പെടേണ്ടവൻതന്നെ ആണ്. എന്നാൽ മതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം അജ്ഞാനിയാണ്. അദ്ദേഹത്തിൻെറ ഇന്നത്തെ തുറന്ന മനസ്സിൽ വഷളായ ദുശ്ശാഠ്യം കുടികൊള്ളുന്നു. അദ്ദേഹത്തിൻെറ "ഉള്ളിലെ കാഴ്ച" പിശാചിൻേറതാണ്; അദ്ദേഹത്തിൻെറ 'ഹൃദയവേദന' മഞ്ഞപ്പിത്തം പിടികൂടിയ ബുദ്ധിശക്തികൊണ്ടുണ്ടായിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ 'അഹിംസ' സവ്വത്തേയും വിഴുങ്ങുന്ന ഒരു ഭൂതമാണ്. അദ്ദേഹത്തിൻെറ ഹരിജനങ്ങളോടുള്ള സ്നേഹം കഷ്ടകാലത്താൽ പിഴച്ച മാഗ്ഗങ്ങളിൽക്കൂടി പോകുന്നു. ഈ ബില്ലുകളെപ്പററിയുള്ള നിയമനിമ്മാണസഭയിലെ വാദപ്രതിവാദം രാജഭക്തിയുള്ള മതവിശ്വാസികളേയും, സമാധാനപ്രിയന്മാരായ ആളുകളേയും, കൃതജ്ഞതയുള്ള ഉദ്യോഗസ്ഥസംഘത്തേയും, ലോകത്തെതന്നെ ഉപേക്ഷിച്ചിരിക്കുന്ന സന്യാസികളേയും, ഒരുപോലെ തട്ടിയുണത്തിയിട്ടുണ്ട്. അവർ അതിനെ വിരോധിച്ചു മുറവിളി കൂട്ടുന്നുണ്ട്. ഇന്നത്തെ ഈ ക്ഷോഭം ശരിയായ ഹിന്ദുമതത്തെത്തന്നെ നശിപ്പിക്കുവാൻ ഇടയുള്ളതത്രെ. അതു സമുദായത്തിൻേറയും, മനസ്സിൻേറയും, ആത്മാവിൻേറയും സമാധാനത്തെ നശിപ്പിക്കുന്നു. ഇതാണ് ഈ ബില്ലിൻെറ ഫലം.

അതിനാൽ ഈ പ്രാദേശികഹിന്ദുസെൻട്രൽകമ്മററി ഏററവും വിനീതമായി ബഹു. വൈസ്രോയിയോട് അപേക്ഷിക്കുന്നത് ഇതാണ്; ഈ ബില്ലുകളെ തള്ളിക്കളയണേ! അവിടന്നു ധമ്മത്തെ രക്ഷിക്കുമെന്നും, സമാധാനത്തെ പരിപാലിക്കുമെന്നുമുള്ള ഞങ്ങളുടെ വിശ്വാസത്തെ ഇല്ലാതാക്കി തീക്കരുത്. ഇന്നത്തെ ഈ വിഷമഘട്ടത്തിൽനിന്നു രക്ഷ പ്രാപിക്കുവാൻ ഞങ്ങൾ കാണുന്ന ഏകമാഗ്ഗം അവിടത്തെ അടുക്കൽ അഭയം അപേക്ഷിക്കുക എന്നതാണ്. സമാധാനമാകുന്ന നദി യാതൊരു കാരണങ്ങളാലും തടയപ്പെടാതെ ഒഴുകിക്കൊണ്ടുതന്നെ ഇരിക്കട്ടെ. പണ്ട് അധമ്മം നാട്ടിൽ വദ്ധിച്ചുവന്നപ്പോൾ, വിശ്വാമിത്രമഹഷി ചക്രവത്തിയായ ശ്രീരാമൻെറ സഹായം ആവശ്യപ്പെടുകയും, അദ്ദേഹത്തിൻെറ കരബലത്താൽ ധമ്മം വീണ്ടും സുരക്ഷിതമായി സ്ഥാപിക്കപ്പെടുകയും ചെയ്യുകയുണ്ടായി. ധമ്മം എന്നും തിളങ്ങിക്കൊ

ണ്ടിരിക്കുന്ന ഒന്നാണ്. അതിനു യാതൊരു മങ്ങലുമില്ല. ധർമ്മംതന്നെ ആണു ബ്രിട്ടീഷുപതാകയെ ലോകത്തിൽ എവിടേയും പാറപ്പിക്കുന്നത്. ധർമ്മംതന്നെ ആണ് ഈശ്വരദത്തമായ ബ്രിട്ടീഷു സാമ്രാജ്യത്തിൽ സൂര്യൻ ഒരിക്കലും അസ്തമിക്കാതിരിക്കുവാൻ ഇടയാക്കിതീർത്തിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട അങ്ങ്, അധർമ്മത്തെ നശിപ്പിച്ചു ധർമ്മത്തെ സംരക്ഷിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

ഈശ്വരൻെറ പിതാവായും, ഭൂലോകത്തിൻെറ മാതാവായും, മനുഷ്യവർഗ്ഗത്തിൻെറ സഹോദരനായും, മററു ജീവികളുടെ സഹോദരിയായും, സമസ്തസൃഷ്ടിയുടേയും ഭൃത്യനായും ഇരിക്കുന്ന ഇൻഡ്യയെ, എന്നു ബ്രിട്ടീഷുകാർ നോക്കേണ്ടവിധം നോക്കുന്നുവോ, അന്നു കെട്ടിനില്ക്കുന്നതായ സമാധാനതടാകം ശരിയായി പ്രവഹിക്കുവാൻ തുടങ്ങും. അന്ന് വേദനിക്കുന്ന തലക്കും,തീവ്രദുഃഖം അനുഭവിക്കുന്ന മനസ്സിനും,ശാന്തിയോടുകൂടിയ സുഖം ലഭിക്കും. അന്ന് അതിപ്രയത്നംകൊണ്ടു കിതക്കുന്ന ശ്വാസം, തൃപ്തിയോടുകൂടി സന്ധി ആവശ്യപ്പെടും. അന്ന് അസ്തമിക്കുവാൻ പോകുന്ന വിലാപത്തെ വഴിയും, പ്രവൃത്തിയും നശിപ്പിക്കും. അന്ന് പട്ടിണികൊണ്ടു പൊരിയുന്ന അനേകകോടി ജനങ്ങൾ വിറക്കുന്ന തങ്ങളുടെ കൈകൾ ഉയർത്തി ലോകജീവിതത്തിൻേറയും, ഘോരസമരത്തിൻേറയും പിടിയിൽനിന്നു രക്ഷ ലഭിച്ചതിൽ സന്തോഷിച്ച്,ഈ ഭൂമിയിൽതന്നെ അനേക കാലമായി കളഞ്ഞുപോയ "ഏദൻ"തോട്ടത്തെ പുനഃസ്ഥാപിക്കും!

ദി ഇന്ത്യൻ മിറർ.

സനാതനികൾ ക്ഷേത്രപ്രവേശനത്തെ തടയുന്നതെന്ത്?

ക്ഷേത്രപ്രവേശനം, അസ്പൃശ്യതാനിവാരണം ഇവക്കെല്ലാംവേണ്ടി മി. സി. എസ്സ്. രംഗയ്യർ മുതലായവർ കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ എതിർക്കുന്നതിനുള്ള സനാതനികളുടെ കാരണങ്ങളെ വിവരിക്കുന്ന താഴെ പറയുന്ന കത്ത്, "തമിഴ്നാട് ആഗമസഭ, മധുര" ബഹുമാന്യനായ ഇൻഡ്യാ വൈസ്രോയിക്കയച്ചിരിക്കുന്നു:—

ആരാധനാരീതി, നിയമങ്ങൾ, ആരാധനാസ്ഥലങ്ങൾ ആദിയായ ആന്തരകാര്യങ്ങളും, മിക്കവാറും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവന്മാ

തുടെ പ്രകൃതി അനുസരിച്ചു ഭേദപ്പെടുന്ന നിശ്ചയങ്ങളും, എല്ലാം വേദങ്ങൾ, ശാസ്ത്രങ്ങൾ, ആഗമങ്ങൾ ഇവയുടെ വിധി അനുസരിച്ചാണ്. അവക്കുപുറമെ പുരാതന കാലംമുതൽ നടപ്പിലിരുന്നുവന്ന ആചാരങ്ങളേയും, ചട്ടങ്ങളേയും ആദരിക്കേണ്ടതാണ്. അതിനാൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ബില്ലുകൾ ക്ഷേത്രങ്ങളുടെ മൂലതത്വങ്ങളെത്തന്നെവിരോധിക്കുന്നവയാണ്.

ഈ ക്ഷേത്രങ്ങൾകൊണ്ടുള്ള ഉപയോഗം പഞ്ചമൎക്കും ഉണ്ടാകുന്നതിനായി അനുയോജ്യമായ സംഗതികൾ ആഗമങ്ങളും ശാസ്ത്രങ്ങളുംതന്നെ അനുവദിച്ചിട്ടുണ്ടു്. ഈ പഞ്ചമരെ ആണു മി. ഗാന്ധി 'ഹരിജനങ്ങൾ' എന്ന നാമത്താൽ വിളിക്കുന്നതു്. ഈ ആരാധനകൊണ്ടുള്ള ഫലങ്ങൾ എല്ലാവിധത്തിലുള്ളആരാധനക്കാൎക്കുമുണ്ടാകുമെന്നു പറഞ്ഞിരിക്കുന്നു. ഇന്നത്തെ ഈ ബില്ലുകൾ, നല്ലതും ആരോടും ഒരു വിരോധം കാണിക്കാത്തതുമായ ആഗമങ്ങളുടേയും, വേദങ്ങളുടേയും, ശാസ്ത്രങ്ങളുടേയും വിധികളെ വ്യത്യാസപ്പെടുത്തുന്നവയാണ്.

പ്രസ്തുത ബില്ലുകൾ ഹിന്ദുമതത്തിലും, ആചാരത്തിലും, മതനിയമങ്ങളിലും, മതസംസ്കാരത്തിലും അന്യായമായവിധം പ്രവേശിക്കുന്നതാണ്. പൂൎണ്ണവിശ്വാസത്തോടുകൂടി ക്ഷേത്രങ്ങളിൽ പുരോഹിതന്മാർ നടത്തി വരുന്ന കൎമ്മങ്ങളേയും ക്ഷേത്രവിശുദ്ധിയേയും ബാധിക്കുന്നവയാണ് ഈ ബില്ലുകൾ.

പ്രസ്തുത ബില്ലുകൾ പ്രസംഗത്തിലും പ്രവൃത്തിയിലും "സമത്വം" വേണമെന്നുദ്ദേശിച്ചു മി. ഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിക്കപ്പെട്ട ഒരു ക്ഷോഭം മൂലം ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഈ 'സമത്വം' സിവിൽ അവകാശങ്ങളിലും ഒരു നാട്ടുകാരൻെറ അവകാശങ്ങളിലും മാത്രം ലഭിക്കേണമെന്നല്ല ഇവരുടെ ആഗ്രഹം. അവൎക്കു മതത്തിലും, മതസംബന്ധമായ ആരാധനയിലും ഈ 'സമത്വം' വേണമത്രെ. എന്നാൽ ഈ വാദം ബുദ്ധിഹീനതയേയും അന്യായത്തേയും ആണു കാണിക്കുന്നതു്. അതു് ആപത്തുണ്ടാക്കി തീൎക്കുവാൻ ഇടയുള്ള ഒന്നത്രേ. പരിഷ്കാരം സിദ്ധിച്ചിട്ടുള്ള ലോകത്തിലെ ഏതുരാജ്യത്തിലും സിവിൽ അവകാശങ്ങളെപറ്റിപോലും 'സമത്വം' അനുവദിക്കപ്പെട്ടിട്ടില്ല. മി. ഗാന്ധിയുടെ ഇന്നത്തെ ഹരിജനക്ഷേത്രപ്രവേശനവാദം ആ വൎഗ്ഗക്കാർ തന്നത്താൻ ആവശ്യപ്പെട്ടതുകൊണ്ടു് തുടങ്ങിയിട്ടുള്ള ഒന്നല്ല. അതു് അവൎക്കുവേണ്ടി അദ്ദേഹംതന്നെ ആരംഭിച്ചിട്ടുള്ളതാണ്. നിൎബ്ബന്ധബുദ്ധിയോടുകൂടി അദ്ദേഹം അതിനെ ഉന്തി തള്ളി മുമ്പോട്ടു കൊണ്ടുവ

രുന്നു. അതു രാഷ്ട്രീയമായ അദ്ദേഹത്തിൻെറ തന്ത്രത്തേയും ഉദ്ദേശങ്ങളേയും നിറവേററുവാൻ മാത്രമായിട്ടാണ്.

കാൺഗ്രസ്സ് നേതാക്കന്മാരുടെ പ്രസംഗങ്ങൾ, ഗവമ്മേൻറുമായി കാൺഗ്രസ്സ് ചെയ്യുന്ന യുദ്ധത്തിൽ അവരെ സഹായിക്കാത്തതുകൊണ്ട്, മതവിശ്വാസമുള്ള ഹിന്ദുക്കളോട് അവക്കുള്ള വിരോധത്തെ തീക്കുവാനാണ് ഈ പ്രവൃത്തി എന്നുതെളിയിക്കുന്നു. അപ്രകാരം കാൺഗ്രസ്സിൻെറ, മതവിശ്വാസികളായ ഹിന്ദുക്കളോടുള്ള വിരോധം, മൂലമാണു പ്രസ്തുത ബില്ലുകളും സത്യാഗ്രഹപ്രസ്ഥാനവും ഒക്കത്തന്നെ ഉത്ഭവിച്ചിട്ടുള്ളതു്.

മതകാൎയ്യങ്ങളും, മതാവകാശങ്ങളും, ആചാരങ്ങളും ഒന്നുംതന്നെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു തീൎച്ചപ്പെടുത്താവുന്നതല്ല. അവ ഒരു ഭൂരിപക്ഷത്തിൻെറ സമ്മതത്തിനെ ആശ്രയിച്ചു നില്ക്കുന്നില്ല; നില്ക്കുന്നതുമല്ല. അപ്രകാരമുള്ള ഒരഭിപ്രായാന്വേഷണത്തിന്നുശേഷം ഈ വിഷയങ്ങളെ സംബന്ധിച്ച് ഒരു ഭേദഗതി ചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു ബില്ലും ന്യായമായിട്ടുള്ളതല്ല. അതു മതത്തേയും ക്ഷേത്രാരാധനയേയും നശിപ്പിക്കുന്നതാണ്.

കാൺഗ്രസ്സ് നേതാക്കന്മാരും, അയിത്തോച്ചാടനസഭയും, ഹിന്ദുക്കളിൽ ഭൂരിപക്ഷം ആളുകളും അവൎണ്ണരുടെ ക്ഷേത്രപ്രവേശനവാദത്തെ അനുകൂലിക്കുന്നവരാണെന്നവാദം തട്ടിമുഴക്കുന്നുണ്ട്. ഈ ബില്ലുകൾ അപ്രകാരമുള്ള പൊതുജനാഭിപ്രായത്തെ അനുകൂലിക്കുന്നവയാണെന്നും അവർ പറയുന്നു. എന്നാൽ ഈ പ്രസ്താവന അടിസ്ഥാനരഹിതമായതും അവാസ്തവമായതുമായ ഒന്നത്രെ. അതു വഴിപിഴപ്പിക്കുവാൻ ഇടയുള്ള ഒന്നാണ്. ശരിയായ ക്ഷേത്രാരാധകന്മാർ (മി. ഗാന്ധിയും അദ്ദേഹത്തിൻെറ അനുചരന്മാരും ഒഴികെ) അപ്രകാരമുള്ള നവീകരണത്തെ തീരെ അനുകൂലിക്കാത്തവരാണ്. അവരുടെ മതത്തേയും, ആചാരത്തേയും, നിയമത്തേയും ഇപ്രകാരം അന്യായമായ വിധത്തിൽ ആക്രമിക്കുന്ന ഈ ബില്ലുകളെ സൎവ്വശക്തികളും ഉപയോഗിച്ച് എതിക്കുവാൻ മതവിശ്വാസമുള്ള ഹിന്ദുക്കൾ നിൎബ്ബന്ധിതരായി തീരും.

ഹിന്ദുക്കളുടെ എല്ലാ വൎഗ്ഗങ്ങൾക്കും എല്ലാ ക്ഷേത്രത്തിലും ഒരുപോലെ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. ചില മതസ്ഥാപനങ്ങൾ, ചില പ്രത്യേക വൎഗ്ഗക്കാൎക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണ്. മററു ചില പ്രത്യേക വൎഗ്ഗക്കാൎക്ക്, നവീനമായ പ്രത്യേക അവകാശങ്ങൾ നല്കുന്നതായ നിയമങ്ങൾ, മതസ്ഥാപനങ്ങളുടെ ഉദ്ദേശത്തേയും,

പ്രകൃതിയേയും ഗണ്യമായ വിധത്തിൽ ഭേദപ്പെടുത്തുന്നതാണ്. അതു് നൽകപ്പെട്ട സ്വത്തിനെ വീണ്ടും "കണ്ടുകെട്ടു"ന്നതുപോലെ ആയിരിക്കും. അതു നല്ലതായ സകല ഗവമ്മേണ്ടിൻേറയും മൂലതത്വങ്ങൾക്കു വിരോധമായിട്ടുള്ളതാണ്.

ഈ ബില്ലുകൾ ഗുണവതിയായ വിക്ടോറിയാ ചക്രവത്തിനിയുടെ 1858_ലെ രാജകീയവിളംബരത്തിന്നു വിരോധമായിട്ടുള്ളതാണ്. അതിനു മുമ്പുള്ള മററു പല വിളംബരങ്ങളേയും, അവ അവഗണിക്കുന്നു. ഈ വിളംബരങ്ങളുടെ സഹായത്തോടുകൂടിയാണ് ബ്രിട്ടീഷ് ആധിപത്യം ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. ഈ വിളംബരങ്ങൾതന്നെ ആണ് ഇൻഡ്യക്കാർ ആ ആധിപത്യത്തെ എതിക്കാതിരിക്കുവാനും ഹേതുവായിരിക്കുന്നതു്.

കൂടാതെ, പ്രസ്തുത ബില്ലുകൾ ഇൻഡ്യാഗവമ്മേൻറ് സാധാരണയായി മതവിഷയങ്ങളെ സംബന്ധിച്ചു സ്വീകരിച്ചിരിക്കുന്ന ഭരണരീതിക്കും, വിരോധമായിട്ടുള്ളതാണ്. ഗവമ്മേൻറ് മതകാൎയ്യങ്ങളെ സംബന്ധിച്ച് ഇതിനുമുമ്പു സ്വീകരിച്ചിരിക്കുന്ന വ്യക്തമായ മാൎഗ്ഗത്തിൽകൂടിയല്ല ഇവയുടെ പോക്ക്. ഉദാഹരണമായി "1872-ലെ പ്രത്യേകവിവാഹനിയമം, 1911_ലെ ബാസുക്കളുടെ പ്രത്യേക വിവാഹനിയമം" ഇവയുടെ കാലം നോക്കുക. ഗവമ്മെൻറ് ഇങ്ങിനെ ആണ് ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതു്. "വ്യത്യാസമുള്ള അഭിപ്രായത്തോടുകൂടിയ ആളുകളല്ല സമുദായത്തിൽനിന്നോ, മതത്തിൽനിന്നോ പുറമേപോയിട്ടുള്ളവരല്ല—അവർ ആദ്യത്തെ മതത്തേയും, സമുദായത്തേയും അനുസരിക്കുന്നവരാണോ എന്നു തീരുമാനിക്കേണ്ടതു്. അതു് ആ മതത്തിലും, ആ സമുദായത്തിലുംതന്നെ നില്ക്കുന്നവരാണ്; പഴയ ആചാരത്തേയും, നിയമത്തേയും മുറുക്കിപ്പിടിച്ചുകൊണ്ടിരിക്കുന്നവരാണ്."

മദിരാശി ഹിന്ദുമതസ്ഥാപനനിയമത്തിൻെറ (നിയമം 2—1927) 79_ം, 40_ം, വകുപ്പുകൾ ഹിന്ദുമതത്തിലും, മതാനുഷ്ഠാനങ്ങളിലും, വിധികളിലും, ആചാരങ്ങളിലും, ക്ഷേത്രങ്ങളിലുമുള്ള പ്രവേശനത്തെ ഇല്ലായ്മചെയ്യുവാൻ പ്രത്യേകമായി ഉദ്ദേശിക്കപ്പെട്ടവയാണ്. ഈ വിഷയങ്ങളെ സംബന്ധിച്ച്, ഇൻഡ്യാഗവമ്മെൻറിന്നും, നിയമനിമ്മാണസഭകൾക്കുമുള്ള അധികാരങ്ങളെ എല്ലാം അവ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഹിന്ദുക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള ഈ അവകാശങ്ങളെ ഭേദപ്പെടുത്തുവാൻ, ഈ നിയമത്തെ അവഗണിക്കുവാൻ, ഇൻഡ്യാഗവ

മ്മേൻറിന്നും, നിയമനിമ്മാണസഭകൾക്കും ശക്തിയും അധികാരവും ഇല്ലതന്നെ!

ക്ഷേത്രങ്ങളേയും, ക്ഷേത്രാരാധനയേയും സംബന്ധിച്ചുള്ള ആചാരങ്ങളും, നിയമങ്ങളും, കമ്മങ്ങളും എല്ലാംതന്നെ മതവിഷയങ്ങളാണ്. ഒരു സാധാരണസഭക്കോ, രാജാവിന്നോ, ഗവമ്മെൻറിനോ അതിനെ സംബന്ധിച്ച യാതൊരധികാരവും ഇല്ല. ഈ കാൎയ്യങ്ങളിൽ പ്രവേശിക്കുന്നതിനോ, അതിനെ നവീകരിക്കുന്നതിനോ, വ്യത്യാസപ്പെടുത്തുന്നതിന്നോ, ഇവക്കൊക്കും അധികാരമില്ല. ലോകത്തിലെ പരിഷ്ക്കാരമുള്ള ഏതൊരു രാജ്യത്തേയും ഭരണരീതി ഇങ്ങിനെ ആണ്. രാജാവിന്നോ, അഥവാ അദ്ദേഹത്തിൻെറ ഗവമ്മേൻറിന്നോ, സമുദായത്തിൻെറ മതത്തെപ്പററിയുള്ള യായൊരധികാരവും നൽകപ്പെട്ടിട്ടില്ല.

ചുരുക്കിപ്പറയുന്നതായാൽ, ഹിന്ദുക്ഷേത്രങ്ങളിലെ ആരാധനാരീതി, മഹമ്മദീയരുടേയും ക്രൂസ്ത്യാനികളുടേയും ആരാധനാരീതിപോലെയുള്ളതാണെന്ന് ഈ ബില്ലുകൾ തോന്നിക്കുന്നു; ആ വിധത്തിലുള്ള ആരാധനാരീതിയെ, ക്ഷേത്രങ്ങളിൽ ഏപ്പെടുത്തുവാൻ ശ്രമിക്കുന്നു. വേദത്തിൻേറയും, ആഗമത്തിൻേറയും, ശാസ്ത്രത്തിൻേറയും വിധി അനുസരിച്ച് നടത്തപ്പെടുന്ന ക്ഷേത്രത്തിലും, മതത്തിലും, സ്ഥാപനങ്ങളിലും ഈ ബില്ലുകൾ ഭേദമുള്ള നിയമം ഏപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

സൈമൺകമ്മീഷൻെറ റിപ്പോർട്ടിൽ അവർ വളരെ ബുദ്ധിപൂൎവ്വം ഇങ്ങിനെ ഘോഷിച്ചിരിക്കുന്നു. "മതാവകാശങ്ങളിലും, കമ്മങ്ങളിലും, ആചാരങ്ങളിലും യാതൊരു പ്രവേശനവും ചെയ്യുന്നതല്ലെന്ന്, പുതിയതായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരു ഭാരതഭരണരീതിയിലും പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതാണ്. ഈ നിയമം, ജനങ്ങളുടെ സംരക്ഷണത്തിന്ന് ആവശ്യമായ ഏററവും പ്രധാനപ്പെട്ട നിയമങ്ങളിൽ ഒന്നത്രേ."

ക്ഷേത്രങ്ങളിൽ അനേകായിരം കൊല്ലംമുമ്പുമുതൽ പ്രവേശനം അനുവദിക്കപ്പെടാത്ത സമുദായത്തിൽപെട്ട ഒരു വൎഗ്ഗം ഇന്നു ക്ഷേത്രങ്ങളിൽ പ്രവേശനം വേണമെന്നു വാദിക്കുകയും, അവിടത്തെ ആരാധനാരീതി മാററുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നത് ഏററവും അന്യായമായിട്ടുള്ളതാണ്. അവർ, സ്വന്തക്ഷേത്രങ്ങളെ നിൎമ്മിച്ച് ഇഷ്ടംപോലെ ആരാധന നടത്തുന്നതു നല്ലതും, ന്യായവും ആയിരിക്കും. അതിൽ അവൎക്ക് ഇഷ്ടമുള്ള ദേവന്മാരെ പ്രതിഷ്ഠിക്കാം. ഇങ്ങിനെ ചെയ്യുന്നതായാൽ, അവൎക്കു പുതിയ അവകാശങ്ങൾ ലഭിക്കുവാനായി നിയമനി

ൎമ്മാണസഭയോട് നിയമത്തിന്ന് ആവശ്യപ്പെടേണ്ടതില്ല. ഇവരുടെ ഇന്നത്തെ വാദം വിജയം സമ്പാദിക്കുന്നതായാൽ അത് ക്ഷേത്രവിശുദ്ധിയെ തീരെ ഇല്ലാതാക്കുന്നതാണ്. എന്നാൽ അവർ സ്വന്തക്ഷേത്രങ്ങൾ നിൎമ്മിക്കുന്നതുകൊണ്ട് അവൎക്ക് കലഹത്തേയും രക്തംചൊരിച്ചിലിനേയും ഇല്ലാതാക്കാം. അത്, ഇന്നു സവൎണ്ണക്ഷേത്രങ്ങളിൽ ആരാധന നടത്തുന്ന ഭഗവൽഭക്തന്മാൎക്ക് ഏററവും സന്തോഷകരമായിരിക്കും. വിശിഷ്യ, അത് അവരുടെ സ്വന്തം അഭ്യുദയത്തിന്നും നന്നായിരിക്കും.

ദി ഇന്ത്യൻമിറർ.

സ്വരാജ്യമോ ബ്രാഹ്മണവധമോ?

“പീതാപുരം, “സനാതനധൎമ്മസഭ”യുടെ കാൎയ്യദൎശി, ഗാന്ധിജിക്കയച്ച ഒരു പരസ്യക്കത്തിന്റെ പരിഭാഷയാണ് താഴെ ചേൎക്കുന്നത്:-

നിങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ അയിത്തോച്ചാടനപ്രസ്ഥാനം അനേകകോടി ഹിന്ദുക്കളുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. നിങ്ങളുടെ ഈ നവീനപ്രസ്ഥാനം രാജ്യക്ഷേമത്തെ തീരെ ഇല്ലായ്മചെയ്യുന്നുവെന്നു മാത്രമല്ല, പാവനമായ വൎണ്ണാശ്രമധൎമ്മത്തെ വേരോടുകൂടി പറിച്ചെടുത്ത് നശിപ്പിക്കുവാൻ ഉദ്യമിക്കുകയും ചെയ്യുന്നു. ഏററവും പുരാതനകാലം മുതൽ നടപ്പിലിരുന്നുവന്ന സാമുദായികസ്ഥാപനങ്ങളേയും, മതസ്ഥാപനങ്ങളേയും പാശ്ചാത്യവിദ്യാഭ്യാസം വളരെ അപകടത്തിൽപെടുത്തിയിട്ടുണ്ട്. കാട്ടുതീയെന്നപോലെ അതിന്റെ ഉപദ്രവം ചില്ലറയൊന്നുമല്ല. അതുകൊണ്ടു തൃപ്തിവരാത്തതിനാലായിരിക്കുമോ നിങ്ങൾ ഇന്ന് ഈ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നത്. നിങ്ങളുടെ ഈ പൊടുന്നനവേയുള്ള നവീകരണം, ഗ്രാമവാസികളും നഗരവാസികളും ഒരുപോലെവെറുക്കുന്നു. നേതാക്കന്മാരെന്ന് വിളിക്കപ്പെടുന്ന ചില ആളുകൾ, നിങ്ങൾ രാജ്യത്തിന്റെ അഭിപ്രായത്തെ ആണ് പ്രതിഫലിപ്പിക്കുന്നതെന്നു നിങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കാം. മതകാൎയ്യങ്ങളിലും, ആത്മീയകാൎയ്യങ്ങളിലും നിങ്ങളുടെ വാക്കാണ് നാട്ടുകാൎക്ക് പ്രമാണമെന്നും അവർ നിങ്ങളെ ധരിപ്പിച്ചിരിക്കുന്നു. നിങ്ങൾ രാജ്യത്തിന്റെ എല്ലാം മതപ്രാതിനിധ്യം വഹിക്കുന്നു എന്ന പ്രസ്താവന മുഖസ്തുതി മാത്രമാണെന്ന പരമാൎത്ഥം

ഞങ്ങൾ തുറന്നുപറയട്ടെ. നിങ്ങൾ മതാധിപതിയാണെന്ന് അവർ പറയുന്നത് നിങ്ങളെ വഞ്ചിക്കേണമെന്ന ഏകഉദ്ദേശംകൊണ്ടത്രേ. "ശാരദാബില്ല്" സംബന്ധിച്ചുപോലും, നിങ്ങൾ വിശ്വാസത്യാഗികളാൽ വഞ്ചിക്കപ്പെട്ടു. സാമുദായികനിലയെ കീഴ്മേൽ മറിക്കുവാൻ പര്യാപ്തമായ ഒരു പ്രവൃത്തിയെ നീതീകരിപ്പാനുള്ള ഉദ്യമം, നിശ്ചയമായും ഒരു "മഹാത്മാ"വിൻെറ ലക്ഷണമല്ല. ശാരദാനിയമം പാസ്സാക്കിയതും, നടപ്പിലാക്കിയതുമായ മൂന്നുമാസത്തിന്നകം ഇൻഡ്യയിൽ നിരവധി വിവാഹകർമ്മങ്ങൾ നടത്തപ്പെട്ടു. ഒരു വയസ്സുപോലും പ്രായമായ അനേകം പെൺകുട്ടികളെ വിവാഹംചെയ്തുകൊടുക്കുകയുണ്ടായി. ഋതുവായശേഷമുള്ള ഒരു പെൺകുട്ടിയുടെ വിവാഹം, ശാസ്ത്രങ്ങൾ തീരെ വിരോധിച്ചിട്ടുണ്ടെന്ന് ആ മാതാപിതാക്കൾ അറിഞ്ഞിരുന്നു. ബാഷ്പവർഷത്തോടുകൂടി'ശാരദ'യെ ശപിച്ചുകൊണ്ട് ആ പെൺകുട്ടികളുടെ മാതാപിതാക്കന്മാർ നടത്തിയ സംഖ്യാതീതവിവാഹകർമ്മത്തെ, അന്നത്തെ അനുദിനപ്പത്രങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. അവർ 'ശാരദാ' നവീകരണത്തെ, എത്രമാത്രം വെറുക്കുന്നുണ്ടെന്നതിലേക്ക് അവ ഉത്തമോദാഹരണങ്ങളത്രേ.

ഇന്നു പഞ്ചമരുടെ ക്ഷേത്രപ്രവേശനവാദം സമസ്തഭാരതത്തിലും എരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ വാദം അന്യായവും, ശാസ്ത്രങ്ങൾ വിരോധിച്ചിരിക്കുന്നതും ആണ്. പരിശുദ്ധന്മാരായ ജഗത്ഗുരുക്കന്മാരും, ഭാരതത്തിലെ എല്ലാ പണ്ഡിതന്മാരും, ഈ പഞ്ചമക്ഷേത്രപ്രവേശനമാകുന്ന ഘോരാഗ്നിയെ ശമിപ്പിക്കുവാൻ, വേദശാസ്ത്രജ്ഞാനമാകുന്ന മഴജലം അഹോരാത്രം വർഷിച്ചുകൊണ്ടേ ഇരിക്കുന്നു. ഈ വാദം അനേകം യോഗിമാർ നല്കിയിരിക്കുന്ന ഉപദേശത്തിന്നു വിരോധമായിട്ടുള്ളതാണ്. നിങ്ങൾ വിചാരിക്കുന്നതെല്ലാം ന്യായമാണെന്നും, ഈശ്വരനിയോഗം അനുസരിച്ചുള്ളതാണെന്നും, നിങ്ങൾ നടിക്കുന്നു; അത് രാജ്യക്ഷേമത്തിന്നും, ഐകമത്യത്തിന്നും, അത്യാവശ്യമായിട്ടുള്ളതാണെന്നു വിശ്വസിക്കുന്നു. കൂടാതെ, അത് സനാതനധർമ്മംതന്നെ ആണെന്നും, 'സ്വരാജ്യം' നേടുവാൻ കടന്നുപോകേണ്ടതായഒരു യഥാർത്ഥപടിയാണെന്നും നിങ്ങൾ വിചാരിക്കുന്നു! ഇത്ര വേഗത്തിൽ, അന്യായമായ ഒരു വിശ്വാസമുണ്ടാകുന്നത് ശരിയാണോ? നിങ്ങളുടെ ഈ ബോധം, അടിസ്ഥാനരഹിതമായതും, തെററായതും ആണെന്നു നിങ്ങൾ അറിയുന്നില്ല. അല്ലയോ, യഥാർത്ഥ കലിയുഗധർമ്മരാജാവേ! ആളുകളുടെ കഴുത്തിൽ കുടുക്കിടുവാനുള്ള നിങ്ങളുടെ ആഗ്രഹം,ഇന്നത്തെ

സാമ്പത്തികാധഃപതനംകൊണ്ടുള്ള കഷ്ടപ്പാടുകൾ കണ്ടിട്ടും, അവസാനിച്ചില്ലെ? ഹിമാലയപൎവ്വതം മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഭാരതഖണ്ഡത്തിൽ, വേദങ്ങളും ശാസ്ത്രങ്ങളുമാകുന്ന രക്തം വഹിക്കുന്ന സനാതനധൎമ്മമൂൎത്തിയാണ് ആധിപത്യം സ്വീകരിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്നാണോ നിങ്ങൾ മരണവിധി കല്പിച്ചിരിക്കുന്നതു്? കഷ്ടം! ശാരദയേയും, സുബ്ബരായനേയും കുടുക്കിന്റെ രണ്ടു തലയും പിടിച്ചു വലിക്കുവാൻ നിങ്ങൾ നിൎബ്ബന്ധിച്ചുകൊണ്ടു ബ്രഹ്മഹത്യയാകുന്ന കാഴ്ച കണ്ടു്, മനസ്സിന്നു സുഖം ഉണ്ടാകുന്നു! അതിനെ നിങ്ങൾ 'സ്വരാജ്' എന്നു നാമകരണംചെയ്തിരിക്കുന്നു. വേണ്ട, അതിനെ സ്വൎഗ്ഗം എന്നുതന്നെ വിളിക്കുക! മററുള്ളവരിൽനിന്നു യാതൊരവകാശങ്ങളും കരസ്ഥമാക്കുവാൻ സാധിക്കാതെ, നിങ്ങൾ ഇന്നു് പഞ്ചമൎക്ക് അവകാശമില്ലാത്ത അധികാരങ്ങൾ വാങ്ങിക്കൊടുക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അവ ലഭിക്കണമെന്നു അവൎക്കു് ആഗ്രഹമില്ലതാനും. ഇന്നു സമാധാനത്തോടും, സംതൃപ്തിയോടുംകൂടി ഇരിക്കുന്ന ഒരു സമുദായത്തിൽ, നിങ്ങൾ സ്വാൎത്ഥ്യയുടേയും, കലഹത്തിന്റേയും വിത്തു് വിതക്കുവാൻ ശ്രമിക്കുന്നതു്, അവിവേകത്തേയും, രാജ്യസ്നേഹമില്ലായ്മയേയും ആണു് കാണിക്കുന്നതു്. നിങ്ങളുടെ ഈ നയം, തന്നെത്തന്നെ തോല്പിക്കുവാൻ ശ്രമിക്കുന്ന ഒന്നല്ലേ? അതു് അവരവരുടെ നേരെ തന്നെ ആയുധം എടുക്കുന്നു. ഇതാണോ നിങ്ങളുടെ ഉദ്ദേശം, നിങ്ങളുടെ ആദൎശം, നിങ്ങളുടെ ധൎമ്മം, നിങ്ങളുടെ "സ്വരാജ്യം"? അയ്യോ! ഇതു മതി, മതി.

വിരോധിക്കുവാൻ പാടില്ലാത്ത വേദങ്ങളോടും, ശാസ്ത്രങ്ങളോടും ആണൊ നിങ്ങൾ നിങ്ങളുടെ കൌശലങ്ങളും തന്ത്രങ്ങളുംപ്രയോഗിച്ചുനോക്കുന്നതു്? അനേകകാലമായി അടി ഉറപ്പിച്ചുവരുന്ന സവൎണ്ണഹിന്ദുക്കളെ ഇപ്രകാരം അശക്തമായ പരിശ്രമങ്ങൾകൊണ്ടു് 'പറപറപ്പിക്കാ'മെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടൊ? ശാസ്ത്രവേദവിധികളനുസരിച്ചു് നിൎമ്മിച്ചും, സംരക്ഷിച്ചും വരുന്ന ക്ഷേത്രങ്ങളുടെ നേരെ ബ്രഹ്മസമാജക്കാർ, ആൎയ്യസമാജക്കാർ തുടങ്ങിയ മതവിശ്വാസമില്ലാത്തവർ എത്ര ആക്രമണങ്ങളാണു് നടത്തിയിട്ടുള്ളതു്? ബ്രാഹ്മണമതത്തെ വെറുക്കുന്നവർ എത്ര ആളുകളാണു് അതിനെ പരാജയപ്പെടുത്തുവാൻ അക്ഷീണയുദ്ധം ആരംഭിച്ചിട്ടുള്ളതു്? എന്നിട്ടു് അതു അനങ്ങിയിട്ടുണ്ടൊ? സനാതനധൎമ്മം മദ്ധ്യാഹ്നസൂൎയ്യനെപ്പോലെ എന്നും ജ്വലിച്ചുകൊണ്ടേ ഇരിക്കുന്നു! നിങ്ങളുടെ നിരാഹാരവ്രതമാകുന്ന കഥ പറയു

വാൻ ആരംഭിച്ച്, ബുദ്ധിശൂന്യന്മാരായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും പരസ്യംചെയ്തു്, മാതൃഹത്യയ്ക്കു് നിങ്ങൾ ഒരുമ്പെട്ടു. വൎണ്ണാശ്രമമാകുന്ന ശക്തിയേറിയ വൃക്ഷത്തെ വേരോടുകൂടി പറിയ്ക്കുവാൻ, നിങ്ങൾ മനുഷ്യസാദ്ധ്യമായ സകല യത്നങ്ങളും ചെയ്തുനോക്കി. എത്ര ഘോരമായ ചിത്തഭ്രമമാണിതു്? ഹിമാലയ പൎവ്വതംതന്നെ ഇളകിയേക്കാം. എന്നാൽ സുപ്രസിദ്ധനായ സാമൂതിരിമഹാരാജാവിൻെറ ചിത്തം ലവലേശം കുലുങ്ങുന്നതല്ല! അദ്ദേഹം വൎണ്ണാശ്രമമാകുന്ന പാദപത്തെ സംരക്ഷിക്കുവാൻ ശക്തിയുള്ള ധീരൻ തന്നെയാണു്.

യഥാൎത്ഥമതസ്നേഹികൾ മനസ്സിളകി പഞ്ചമരുമായി സഹവസിക്കുകയില്ല. നിങ്ങൾ എന്തു ഭീഷണിയെങ്കിലും ഉപയോഗിക്കുക. നിരാഹാരവ്രതം സ്വീകരിക്കുക, ശ്വാസം വലിക്കാതിരിക്കുക, അഥവാ കോപാന്ധരായ പെണ്ണുങ്ങൾ ചെയ്യുന്നപോലെ മറേറതെങ്കിലുംവിധത്തിൽ ആത്മഹത്യ ചെയ്യുക. എന്നാലും സനാതനധൎമ്മം ആചരിച്ചുവരുന്ന സവൎണ്ണഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം, അവൎണ്ണർ അസ്പൃശ്യർതന്നെ! കൂടാതെ സവൎണ്ണർ അസ്പൃശ്യരെ അവരുടെ ധൎമ്മശാലകളേയും, കിണറുകളേയും, ക്ഷേത്രങ്ങളേയും, മററു മതസ്ഥാപനങ്ങളേയും ഉപയോഗിപ്പാൻ അനുവദിക്കുന്നതുമല്ല. ഇതെല്ലാം ആദ്യത്തെ നാലു വൎണ്ണക്കാൎക്കു മാത്രംവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണു്. അപ്രകാരമുള്ള ഒരു പാപത്തിന്നു കീഴടങ്ങുന്നതിൽ ഭേദം അവർ അവരുടെ ആയുസ്സിനെ ബലി നല്കുകയാണു്. ഈ തരം അന്യായകൃത്യങ്ങൾ അവരെക്കൊണ്ടു ചെയ്യിക്കുവാൻ നിങ്ങൾക്കു കഴിവുണ്ടോ? ഒരിക്കലും ഇല്ലതന്നെ! അതിനാൽ നിങ്ങൾ ഇപ്പോൾ ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചുള്ള നിയമം ഭേദപ്പെടുത്തി തരണേ എന്നു ഗവൎമ്മേൻറിനോടപേക്ഷിക്കുന്നു.

കുറെകാലം നിങ്ങൾ സകല നിയമനിൎമ്മാണസഭകളേയും ബഹിഷ്കരിക്കേണമെന്നു ശക്തിയായി പ്രസംഗിച്ചുകൊണ്ടു നടന്നു; എന്തെന്നാൽ അവ യാതൊന്നിനും കൊള്ളരുതാത്തതാണെന്നാണു് നിങ്ങളുടെ ബോദ്ധ്യം. ഇപ്പോൾ നിങ്ങൾ ജനങ്ങളോടു് നിയമനിൎമ്മാണസഭകളിൽ പ്രവേശിച്ച് രാജ്യക്ഷേമത്തിന്നു വിരോധമായവയും, മതവിശ്വാസങ്ങളെ എതിൎക്കുന്നവയും ആയ ബില്ലുകൾ പാസ്സാക്കുവാൻ ആവശ്യപ്പെടുന്നു. കുറെ കാലം നിങ്ങൾ നിയമലംഘനപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിക്കുന്നു; മററു ചിലപ്പോൾ നിയമങ്ങളെ അനുസരിക്കുവാൻ നിൎബ്ബന്ധിക്കുന്നു. ചിലപ്പോൾനിങ്ങൾ ഗവൎമ്മേണ്ടിനോടു്

നിസ്സഹകരിക്കുവാൻ ജനങ്ങളോട് ആവശ്യപ്പെടുന്നു; ചില പ്പോൾ നിങ്ങളുടെ ഉപായത്തെ നിറവേററിത്തരുവാൻ ഗവമ്മേൻറിട് യാചിക്കുന്നു. നിങ്ങളുടെ ഇഷ്ടംപോലെ അന്യായമായും, ന്യായമായും, നേരായ വഴികളിൽ കൂടിയും, വളഞ്ഞ മാൎഗ്ഗങ്ങളിൽക്കൂടിയും, കൊണ്ടുപോകപ്പെടുന്നതായ രഥത്തെ കണ്ണടച്ചു വലിപ്പാനുള്ള കുതിരകളായിരിക്കുമോ മതവിശ്വാസികളായ ഹിന്ദുക്കൾ? അശ്വങ്ങളാണെങ്കിൽ തന്നെ അവ സാരഥിയുടെ ഇഷ്ടംപോലെ പിഴച്ചതും, വളഞ്ഞുപുളഞ്ഞതും, കുന്നും കുഴിയും ആയതും, ആയ റോഡുകളിൽക്കൂടി പോകുകയില്ല. എന്നാൽ അവ രഥത്തെ നല്ല ശരിയായ റോഡുകളിൽക്കൂടി കൊണ്ടുപോകുവാൻ ശ്രമിക്കും! കടിഞ്ഞാൺ എത്ര ശക്തിയായി വലിക്കപ്പെടുന്നതായാലും, അവ തെററായ വഴിയിൽക്കൂടി ഒരിഞ്ചുപോലും പോകുവാൻ സമ്മതിക്കുന്നതല്ല. പിന്നെ നിങ്ങൾ എന്തിനാണ് ഇങ്ങിനെ ഓടിക്കുവാൻ ശ്രമിക്കുന്നത്? രഥത്തിൽനിന്നും താഴെ ഇറങ്ങുകതന്നെ ആണ് ഭേദം. മററാരെങ്കിലും വിവേകത്തോടുകൂടി—ശരിയായ മാൎഗ്ഗത്തിൽക്കൂടി—അതിനെ ഓടിച്ചുകൊണ്ടുപോകുമായിരിക്കാം! രാജ്യത്തിന്നു സൌഭാഗ്യവും, ഐശ്വൎയ്യവും, മഹത്വവും ലഭിക്കുവാൻ ഇടയാകട്ടെ!

ദി ഇന്ത്യൻ മിറർ.

ഒരു വിജ്ഞാപനപത്രം.

ബഹുമാന്യനായ ഇൻഡ്യാ വൈസ്രായിയും, കൌൺസിലിലെ ഗവൎണ്ണർ ജനറാലുമായ വില്ലിംഗ്ടൺപ്രഭു, ജി. സി. എസ്സ്. ഐ., ജി. സി. ഐ. ഇ., ജി. സി. എം. സി., ജി. ബി. ഇ, ക്ക്, ഡൽഹി.

' 1 .ഈ പട്ടണത്തിലെ മതവിശ്വാസികളായ ഹിന്ദുക്കളുടേയും,ക്ഷേത്രപുരോഹിതന്മാരുടേയും പേൎക്കു,താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ വിനീതരായി അവിടുത്തെ സമീപം ഈ ഉദ്യമത്തിൻെറ ഫലത്തിന്നനുയോജ്യമായ ഗൌരവത്തോടുകൂടി വരുകയും, രക്ഷയും ന്യായവും നിഷ്പക്ഷപാതിത്വത്തോടെയുള്ള പെരുമാററവും നല്കണമെന്നു പ്രാൎത്ഥിക്കുകയും

ചെയ്യുന്നു. അധഃകൃതരെന്നു വിളിക്കപ്പെടുന്ന ഒരു കൂട്ടം ആളുകൾക്കു ക്ഷേത്രപ്രവേശനം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചില രാഷ്ട്രീയനേതാക്കന്മാരുടെ ഉത്തരവനുസരിച്ച് ചില നവീകരണക്കാരും സമാജക്കാരും അക്ഷീണക്ഷോഭം തുടങ്ങിയിരിക്കുന്നു.

2. ഈ ക്ഷോഭം സുപ്രസിദ്ധകോൺഗ്രസ്സ് നേതാവായ ശ്രീയുത് എം. കെ. ഗാന്ധിയുടെ ജീവനെ അദ്ദേഹം തന്നത്താൻ ആരംഭിച്ചതായ നിരാഹാരവ്രതത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി തുടങ്ങി. ഈ വ്രതം സംയുക്തവരണാധികാരഗണകാര്യം മൂലം ആരംഭിക്കപ്പെട്ട് സുപ്രസിദ്ധമായ പൂന ഉടമ്പടിക്കുശേഷം മൂർദ്ധന്യദശയിൽ എത്തിയിരിക്കുന്നു. ഈ ക്ഷോഭത്തിന്റെ നായകന്മാർ ഹിന്ദുക്കളെ അന്യായമായി പല വഴിക്കും ഞെരുക്കിക്കൊണ്ടിരിക്കുന്നു. (അതു ഗവമ്മേന്റു നല്ലവണ്ണം അറിഞ്ഞിരിക്കുമല്ലൊ.) കാൺഗ്രസ്സുപോലെയുള്ള ഒരു സ്വാതന്ത്ര്യാധിപത്യവാദികളുടെ രാഷ്ട്രീയസംഘം, ഇന്ന് ഒരു വർഗ്ഗക്കാരുടെ മതസംബന്ധമായും, ആന്തരമായുമുള്ള കാര്യങ്ങളിൽ കാടിച്ചെന്നു കല്പന നടത്തിവരുന്നു. ആര്യസമാജക്കാരാലും, ബ്രഹ്മസമാജക്കാരാലും (ഡാക്ടർ മൂൺജി, ശ്രീയുത് രാമനാഥചാററർജി മുതലായവരെപ്പോലെ) നേതൃത്വം വഹിക്കപ്പെടുന്ന "ഹിന്ദുമഹാസഭ" തുടങ്ങിയ സംഘങ്ങൾക്കു ശക്തിയേറിയ ഭരണാധികാരവും, ഭീമപ്രാധാന്യവും കല്പിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇവർ വിഗ്രഹാരാധനയിൽതന്നെ വിശ്വാസമില്ലാത്തവരാണ്. ശ്രീയുത് ഗാന്ധിയുടെ മരണപര്യന്തമുള്ള നിരാഹാരവ്രതമാകുന്ന ഭീഷണിയാൽ ജനങ്ങളെ മൌനാവലംബികളാക്കി എന്തും സ്വീകരിക്കുവാൻ നിർബ്ബന്ധിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ ഭരണത്തോട് അവർക്ക് എത്രമാത്രം വിരോധമുണ്ടോ, അത്രത്തോളം വിരോധം മതവിശ്വാസമുള്ള തങ്ങളുടെ സ്വരാജ്യക്കാരോടും അവർക്കുണ്ടെന്നു മാത്രം താരതമ്യപ്പെടുത്താം. മതവിശ്വാസമുള്ള ഹിന്ദുക്കളുടെ ന്യായമായ അവകാശങ്ങളെപ്പോലും അവർ എതിർക്കുന്നു. അതു പൊതുജനങ്ങളുടെ സമാധാനത്തെ ഇല്ലായ്മ ചെയ്യുന്നു. 1932 സെപ്റ്റംബർ 25-ാംനു- "ടൌൺ ഹാളി"ൽവെച്ച് നടത്തപ്പെട്ട യോഗത്തിലും, കാശിയിൽ സെപ്റ്റംബർ 29-ാംനു- നടത്തിയ മതവിശ്വാസികളായ ഹിന്ദുജനങ്ങളുടെ ഘോഷയാത്രയിലും, ഉണ്ടായ കലാപം ഇതിനെ ഉദാഹരിക്കുന്നു.

3. ഈ ക്ഷോഭം ഹിന്ദുമതശുദ്ധിയുടെ മൂലതത്വങ്ങൾക്കു വിരോധമായുള്ളതും, ക്ഷേത്രശുദ്ധിക്കും മാഹാത്മ്യത്തിന്നുംവേണ്ടി ശാസ്ത്രങ്ങൾ

വിധിച്ചിരിക്കുന്ന പ്രത്യേക നിയമങ്ങൾക്കു വിരോധമായിട്ടുള്ളതും, ഹിന്ദുമതാനുസരണം പാരമ്പര്യവും, ശാരീരികവും, സാമുദായികവുമായ വിശുദ്ധിയെ ഇല്ലായ്മ ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നതുമാണു്. അവർണ്ണരുടെ ക്ഷേത്രപ്രവേശനം ഞങ്ങളുടെ ശാസ്ത്രങ്ങൾക്കും, മതാചാരത്തിനും, ശാസ്ത്രനിയമങ്ങൾക്കും വിരോധമായിട്ടുള്ളതാണെന്നു ഞങ്ങൾ കരുതുന്നു. അതിനെ കാണിക്കുന്ന താഴെ പറയുന്ന ലക്ഷ്യങ്ങൾ നല്കുവാൻ ഞങ്ങളെ അനുവദിക്കണം.

(എ) സ്ഥലത്തെ ക്ഷേത്രാധികാരികളുടെ പ്രസ്താവന. (അനുബന്ധം (എ) നോക്കുക.)

(ബി) കാശിയിലെ ശാസ്ത്രിമാരുടേയും പണ്ഡിതന്മാരുടേയും അഭിപ്രായം. (അനുബന്ധം (ബി))

(സി) ഹിന്ദുക്ഷേത്രാരാധന നടത്തുന്നവരുടെ അഭിപ്രായം. (അനുബന്ധം (സി))

(ഡി) മതവിശ്വാസമുള്ള ഹിന്ദു "അസ്പൃശ്യ"രുടെ അഭിപ്രായം. (അനുബന്ധം (ഡി))

ഈ വിഷയസംബന്ധമായി ഇത്രയും തെളിവു മതിയാകുമെന്നു ഞങ്ങൾ കരുതുന്നു. ഈ ലക്ഷ്യംതന്നെ ആവശ്യമുണ്ടോ എന്നറിയുന്നില്ല.

4. ഈ ക്ഷോഭം മതവിഷയത്തേയും, സംയുക്തഭരണാധികാരത്തിൻെറ രാഷ്ട്രീയഫലത്തേയും സമ്മിശ്രമാക്കുന്നു. അതു മതവിശ്വാസമുള്ള 'അസ്പൃശ്യ'രിൽ അനൈക്യത്തേയും ദുർബ്ബുദ്ധിയേയും ഉണ്ടാക്കുന്നു. മററു ജാതിക്കാരുമായി സമാധാനത്തോടും സൌഖ്യത്തോടും കൂടികഴിഞ്ഞു വന്ന അവരെ കോപിപ്പിക്കുവാൻ അതു പര്യാപ്തമായിത്തീരുന്നു. ഒരു ശരിയായ 'ദർശന'ത്തിനുള്ള ആഗ്രഹം, വിഗ്രഹങ്ങൾക്കു മാഹാത്മ്യമുണ്ടെന്നും, ഈശ്വരനോ അദ്ദേഹത്തിൻെറ അവതാരമോ ആണെന്നു സങ്കല്പിച്ചിരിക്കുന്നുണ്ടെന്നും, മററും പ്രസ്താവിക്കുന്ന ശാസ്ത്രങ്ങളെ ആസ്പദമാക്കിയിരിക്കേണ്ടതാണു്. ഈ ക്ഷോഭത്തിൽ ഇതില്ല. അതു് "അസ്പൃശ്യത"യെ വേരോടെ നശിപ്പിക്കുവാനുള്ള ഒരുദ്യമം മാത്രമാണു്. ഭൂതദയയാകുന്ന ആഭരണം അതിനെ എത്രമാത്രം അണിയിച്ചിരുന്നാലും അതു ഹിന്ദുധർമ്മസ്ഥാപനങ്ങളുടെ വിശുദ്ധിയെ വേരോടെതന്നെ പറിക്കുവാൻ ഒരുമ്പെടുകയാണു് ചെയ്യുന്നതു്. 'സ്പർശ'ത്താൽ ഒരു മനുഷ്യൻെറ ശരീരത്തിന്നു വന്നുചേരുമെന്നു വിദ്യയും,

ആരോഗ്യശാസ്ത്രവും അറിഞ്ഞിട്ടുള്ള വ്യത്യാസങ്ങളെപ്പററി പറയുവാൻ ഞങ്ങൾ ഇപ്പോൾ വിചാരിക്കുന്നില്ല. ഈ 'അസ്പൃശ്യത'യെ മാററുവാനുള്ള ശ്രമം ഞങ്ങളുടെ സാമുദായികാടിസ്ഥാനത്തേയും, അംഗങ്ങളുടേയുംസമുദായത്തിൻെറയും വിശുദ്ധിയേയും, ഗൃഹത്തിൻെറയും ജാതിയുടേയും സമുദായബന്ധത്തിൻെറയും നിലയേയും,മാററുവാൻ ഇടയുള്ളതായി ഞങ്ങൾകണക്കാക്കുന്നു. ലോകത്തിൽ എവിടേയും, ഏതുസമുദായത്തിലും ദേഹശുദ്ധികൊണ്ടും ഹൃദയശുദ്ധികൊണ്ടും സംസ്കാരശുദ്ധികൊണ്ടും പല നിലയിലും ഇരിക്കുന്ന ആളുകളും, സമുദായങ്ങളും ഉണ്ടാകുന്നതാണ്. ഹിന്ദുമതം ഈ വിവിധ നിലയിലിരിക്കുന്നവരെ പ്രത്യേക വർഗ്ഗക്കാരായി തിരിച്ചിട്ടുണ്ട്. അതു് അതിൻെറ മാഹാത്മ്യകാരണമായി ഞങ്ങൾ കണക്കാക്കുന്നു. അതൊരു കുറവാണെന്ന ബോദ്ധ്യം ഞങ്ങൾക്കില്ല.

മിശ്രഭോജനം, മിശ്രവിവാഹം,മരിച്ചവർക്കുവേണ്ടി ചെയ്യപ്പെടുന്ന കർമ്മങ്ങൾ ഇവയിലെല്ലാം ഞങ്ങൾ അനുഷ്ഠിച്ചു വരുന്ന നിയമങ്ങൾ സംസർഗ്ഗദോഷങ്ങളെ പരിഹരിക്കുവാനും ,വംശപാരമ്പര്യവിശുദ്ധിയെ സംരക്ഷിക്കുന്നതിനും ആണ് എന്നാണു ഞങ്ങളുടെ വിശ്വാസം. ഞങ്ങളുടെ ക്ഷേത്രപാവനത്വം പരിപാലിക്കുന്നതിനും ഞങ്ങളുടെ ആചാരം ആവശ്യമത്രേ.

5. സുപ്രസിദ്ധയും ഇൻഡ്യാചക്രവർത്തിനിയും ആയിരുന്ന വിക്ടോറിയാ റാണിയുടെ 1858-ലെ രാജകീയവിളംബരം അനുസരിച്ച്, ഞങ്ങൾക്കു മതകാര്യങ്ങളിൽ അഭയം ലഭിക്കുവാൻ അവകാശമുണ്ട്. ഗവർമ്മേൻറിൻെറ പ്രവൃത്തികളിൽ മാത്രമല്ല, ഒരു സമുദായത്തിൻെറ ദുഷ്പ്രവൃത്തികളിൽനിന്നും ഞങ്ങൾക്കു രക്ഷ നല്കേണ്ടതാണ്. രാജ്യത്തിൽ നടപ്പിലിരിക്കുന്ന നിയമങ്ങൾ അനുസരിച്ചും, ബ്രിട്ടീഷ് സിംഹാസനം ഇൻഡ്യയിലെ ഭരണാധികാരം കയ്യേററ സമയത്തു് ആദ്യമായി കല്പിച്ചു നല്കിയ വാഗ്ദത്തം അനുസരിച്ചും,ഞങ്ങൾക്ക് ഇപ്രകാരമുള്ള അഭയം ലഭിക്കുവാൻ അവകാശമുണ്ട്. ഞങ്ങളുടെ മതസംബന്ധമായ ഉത്തമവിശ്വാസങ്ങളേയും, ആചാരങ്ങളേയും ശക്തിയോടുകൂടി ഒരു കൂട്ടർ ആക്രമിക്കുവാൻ തുടങ്ങുന്ന ഈ സന്ദർഭത്തിൽ,ഞങ്ങൾക്കു രക്ഷ നല്കി മതത്തേയും,ആചാരത്തേയും, വിശ്വാസത്തേയും സംരക്ഷിക്കണമെന്നു ഞങ്ങൾ ഇൻഡ്യാ ഗവർമ്മേൻറിനോടു് അപേക്ഷിക്കുന്നു. ക്ഷേത്രപ്രവേശനമാകുന്ന ഈ മതവിഷയത്തിൽ മതവിശ്വാസമുള്ള ഭൂരിപക്ഷം ഹിന്ദുക്കളുടെ അഭിപ്രായത്തേയും ആഗ്രഹത്തേയും അവഗണിച്ച്,ഈ ഗണ്യമല്ലാത്ത

ക്ഷോഭക്കാരുടെ ഭ്രുതദയയാകുന്ന കൈതവപ്പട്ടിൽ പൊതിഞ്ഞ ആഗ്രഹത്തിന്നനുകൂലമായി പ്രവൃത്തിക്കരുതെന്നു ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. അനേകകോടി ജനങ്ങളുടെ പുരാതന കാലംമുതൽ നടപ്പിലിരുന്നു വന്ന ആചാരത്തേയും, വിശ്വാസത്തേയും നശിപ്പിക്കുവാനുള്ള ഒരു പ്രവൃത്തിയുടെ ഭവിഷ്യത്തെന്തായിരിക്കുമെന്നു ഞങ്ങൾ ഇപ്പോൾ പറയുന്നില്ല. എന്നാൽ ഗവമ്മേൻറു ന്യായമായി പെരുമാറുമെന്നു ഞങ്ങൾ വിശ്വസിക്കയും, വിചാരിക്കുകയും അങ്ങിനെ ചെയ്യാൻ വിനയപുരസ്സരം അപേക്ഷിക്കുകയും, ചെയ്യുന്നു. ശുദ്ധമായ ഹിന്ദുമതത്തെ അപ്രകാരം ഞെരുക്കുവാൻ അനുവദിക്കാതെ കാൎയ്യങ്ങളെല്ലാം ശരിപ്പെടുത്തണേ! ഈ പ്രാൎത്ഥനയോടും വിശ്വാസത്തോടുംകൂടി ഞങ്ങൾ വിരമിക്കട്ടെ......

എന്നു് ആജ്ഞാനുസാരികൾ,

എൻ. രാമനാഥയ്യർ (ഒപ്പ്)

മുതലായവർ...............................

അതു് ക്രൂരതയല്ലേ?

മിസ്റ്റർ എൻ. നടേശയ്യർ, ബി. എ., ബി. എൽ., സക്കാർ വക്കീൽ, തമിഴ്‌നാട് ആഗമസഭയുടെ അദ്ധ്യക്ഷൻ, താഴെ പറയുന്നവിധം ഒരു വിജ്ഞാപനം പരസ്യപ്പെടുത്തിയിരിക്കുന്നു:—

മഹാജനങ്ങളേ, ഭാരതീയരേ, എത്ര വലുതായ ഒരധഃപതനമാണു് ഇതു്? ചതിയനായ രാജ്യതന്ത്രത്തിൻെറ പടികൾ, നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നതാണോ? ഇന്നലെ വിദേശികളുടെ ഭരണത്തേയും, നിയമനിൎമ്മാണസഭകളേയും, സ്ഥലത്തുള്ള സംഘങ്ങളേയും, വിദ്യാലയങ്ങളേയും, കലാശാലകളേയും പാടെ ബഹിഷ്ക്കരിക്കുവാൻ പ്രസംഗിച്ചുവന്നു ഒരു സംഘം, ബഹിഷ്ക്കരണത്തിൻെറ മൂലതത്വത്തിന്മേൽ എല്ലാ ഗൃഹങ്ങളേയും നശിപ്പിച്ച ഒരു സംഘം, ഇന്നിതാ ലജ്ജയില്ലാതെ അതേ നിയമനിൎമ്മാണസഭയോടു മുട്ടുകാലിന്മേൽനിന്നു്, ഒരു നിയമം പാസ്സാക്കണേ എന്നു് കേണപേക്ഷിക്കുന്നു. ആ സംഘത്തെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു?

ഈ സംഘത്തിന്നു എന്തു നിയമമാണു ലഭിക്കുവാൻ അഭിലാഷം? ഈ ചോദ്യത്തിൻെറ സമാധാനം ഭാരതമാതാവിൻെറ ഏതൊരു യഥാൎത്ഥ

പുത്രൻേറയും രക്തത്തെ തിളപ്പിയ്ക്കുന്ന ഒന്നാണ്. ആവശ്യപ്പെടുന്ന നിയമം ഭ്രുതദയയിൽ ജനിച്ചതും, വളൎന്നതും, ദേഹമെല്ലാം ഭ്രുതദയയാൽ പൊതിയപ്പെട്ടതുമായ ഒന്നാണെന്ന് പറയുന്നു. എന്നാൽ പേനകൊണ്ടുള്ള ഒരൊററ അടയാളത്താൽ അതു് അനേകകോടി ഉറുപ്പിക വില വരുന്ന സ്ഥാപനങ്ങൾ, ഹിന്ദുശാസ്ത്രത്തിൽ പറയുന്ന അനേകം ദേവന്മാൎക്കായി സമൎപ്പിക്കപ്പെട്ട ആ സ്ഥാപനങ്ങൾ, കണ്ടുകെട്ടുവാൻ ഇടയാക്കിത്തീൎക്കുന്നു. ആ സ്ഥാപനങ്ങളിലേയ്ക്ക് അനേകം തലമുറകളായി സ്ത്രീപുരുഷഭേദമെന്യേ, വളരെ ധനം ജനങ്ങൾ സംഭാവനയായി നല്കിയിരിക്കുന്നു. ഈ ധനം ശാസ്ത്രനിയമങ്ങൾ അനുസരിച്ച് ആ ദേവന്മാൎക്കുതന്നെ ലഭിക്കുമെന്നും, അതെടുക്കുവാൻ ആരും ഒരുമ്പെടുകയില്ലെന്നുമുള്ള വിശ്വാസത്താൽ നല്കപ്പെട്ടതാണ്. നമ്മുടെ കാലത്തുതന്നെ അനേകലക്ഷം ഉറുപ്പിക ഭക്തന്മാരാൽ വിവിധദേവന്മാൎക്കായി നല്കപ്പെട്ടിട്ടുണ്ട്.

എന്തൊരാവശ്യത്തിന്നാണ് ഇന്നു ഈ സംഘം നിയമം ആവശ്യപ്പെടുന്നതു്? എൻെറ ഈശ്വരാ! അങ്ങുമിങ്ങുമായി ചിന്നിച്ചിതറികിടക്കുന്ന ശക്തിയെ ഏകോപിപ്പിച്ച് ഒരു രാജ്യഭരണസംബന്ധമായ ബലം ഉണ്ടാക്കുവാനാണത്രേ! അതു് ആ സംഘത്തിൻെറ രാഷ്ട്രീയപീഠത്തിൽ, ചില പലകകൾ കൂട്ടിച്ചേൎക്കുവാനാണ്; രാഷ്ട്രീയകാൎയ്യങ്ങളിൽ ക്രിസ്ത്യാനികളുടേയും മഹമ്മദീയരുടേയുംമേൽ, ഒരു വലിയ ഭ്രുരിപക്ഷം ലഭിക്കുവാനാണ് ഈ ഉദ്യമം. പിററേ, പാളേ, ഇത്ര ധൈൎയ്യത്തോടു കൂടിയ ഒരു കവൎച്ച മുൻപിൽ നടക്കുന്നതു നിങ്ങൾ കണ്ടോ? ഹരിജനങ്ങളേ, ഹരിജനങ്ങളേ, നിങ്ങൾക്ക് ആ വിധമുള്ള ഒരു സ്വത്ത് വേണോ, ആവിധം ഒരു നിയമം വേണോ? “വേണ്ട”, എന്നാണ് അവരുടെ മറുവടി.

എന്തു്? ഈ അഹങ്കാരത്തിന്നും, ഈ സൎവ്വജ്ഞതത്വത്തിന്നും, ഈ അധികാരാധിക്യത്തിന്നും, ഒരതൃത്തിയില്ലേ? ഈ സംഘം രാജ്യനിയമനിൎമ്മാണസഭകളെ, കളിമണ്ണുപോലെ ഏതുവിധത്തിലും ആകൃതിപ്പെടുത്താമെന്ന് വിശ്വസിക്കുന്നോ? ഈ സഭകൾ രാജ്യക്കാരോടുള്ള അവരുടെ കൎത്തവ്യങ്ങളെ വിസ്മരിച്ച് പ്രവൃത്തിക്കുമെന്നോ? ഹിന്ദുസ്ഥാനത്തിലെ സമസ്തദേവസദനങ്ങളുടേയും ഭാരവാഹിത്വം വഹിക്കുകയും, ഹിന്ദുദേവന്മാരുടെ രക്ഷിതാവെന്ന പദവിയെ പ്രാപിക്കുകയും, ചെയ്തിരിക്കുന്ന ആ പൊന്നുതിരുമേനി മനഃപൂൎവ്വം വിശ്വാസവഞ്ചനക്ക് ഒരുമ്പെടുമോ? ഇന്ന് ഈ രാഷ്ട്രീയസംഘം അതിൻെറ പരിപൂൎണ്ണമായ

ശക്തിയേയും, വിത്തത്തേയും പ്രാപിച്ചിരിക്കുന്നു എന്ന ബോധത്തോടെ, ഈ വിശുദ്ധദേവാലയങ്ങളെ എല്ലാം സ്വന്തം വിശപ്പടക്കുവാനായി തിന്നുകളയുവാൻ ഉദ്ദേശിക്കുന്നു. അതിനു അധികൃതന്മാർ അനുവദിക്കുമോ? ആ രാഷ്ട്രീയസംഘംതന്നെ ഉത്തരം പറയട്ടെ. നിശ്ചയമായും രാജ്യനിയമനിർമ്മാണസഭകൾക്ക് ക്രൂരതയെ വളർത്തിക്കൊണ്ടുവരുന്നതിനേക്കാൾ ശ്രേഷ്ഠമായ ജോലി വേറെ നിർവ്വഹിക്കുവാനുണ്ടല്ലോ.

രാജ്യനിയമനിർമ്മാണസഭാംഗങ്ങളേ, ആദിദ്രാവിഡരെ ഉയർത്തിക്കൊണ്ടുവരുവാനുള്ള ശ്രമത്തിൽ, ഞങ്ങൾ എന്നും ബദ്ധകങ്കണരായിരിക്കുമെന്നു നിങ്ങൾക്കു ഉറപ്പുതരുന്നു. എന്നാൽ അതോടുകൂടി ഞങ്ങളേയും അധഃപതിപ്പിക്കേണമെന്നുണ്ടോ? ഈ രാഷ്ട്രീയസംഘത്തിന്നു അതു വേണമെന്നുദ്ദേശമുണ്ട്. അതിന്നായി ആ സംഘം "സോവിയററ് റഷ്യ" യെപ്പോലെ ഓരോ അക്രമങ്ങൾ ചെയ്വാനും തുടങ്ങിയിരിക്കുന്നു. ക്ഷേത്രപ്രവേശനം, മിശ്രഭോജനം, മിശ്രവിവാഹം, ജാതിസംഹാരം ഈ നാലു കാലിന്മേലാണ് "വിശുദ്ധമായ" ഈ സംഘത്തിന്റെ രാഷ്ട്രീയ "ധർമ്മം" നില്ക്കുന്നതു്; ആ കാലുകൾകൊണ്ടുതന്നെയാണ് അതു് നടക്കുന്നതു്; ആ കാലുകൾകൊണ്ടുതന്നെ അതു അപകടത്തിലേയ്ക്കു ചാടുവാനും തുടങ്ങുന്നു. ആദിദ്രാവിഡർ ദിഗംബരന്മാരായും, പർണ്ണഭുക്കുകളായും, ദ്രുമങ്ങളാൽ രക്ഷിക്കപ്പെടുന്നവരായുംതന്നെ ഇരുന്നുകൊള്ളട്ടെ. അവർ ക്ഷേത്രങ്ങളിൽ കടക്കുകയും, സവർണ്ണഹിന്ദുക്കളെ തൊടുകയും, അവരുമായി മിശ്രഭോജനം നടത്തുകയും, അവരുടെ യുവാക്കന്മാരേയും യുവതികളേയും വിവാഹംചെയ്കയും ചെയ്യുന്നതായാൽ, അവരുടെ വസ്ത്രധാരണരീതി എത്ര നികൃഷ്ടമായാലും, അവരുടെ വയറു് എത്ര പൊരിഞ്ഞാലും വേണ്ടില്ലത്രേ! അതിനെ വകവെയ്ക്കേണ്ടതില്ല എന്നാണ് ഈ സംഘത്തിന്റെ മതം. കൌടില്യം, അഭിപ്രായനിശ്ചയം, അന്ധത്വം, ഇവ ഇതിനേക്കാൾ കൂടുതൽ ഉണ്ടാകുവാൻ വയ്യാ. ഈ വിധത്തിലുള്ള ഒരു രാഷ്ട്രീയസംഘത്തിന്ന് നിങ്ങളുടെ ശ്രദ്ധയ്ക്കും, അനുകമ്പയ്ക്കും, സഹായത്തിന്നും അർഹതയുണ്ടോ? നമുക്ക് സ്വല്പനേരം മിശ്രഭോജനത്തിന്റേയും, മിശ്രവിവാഹത്തിന്റേയും ഫലമെന്തായിരിക്കുമെന്ന് ആലോചിച്ചുനോക്കാം. ആദ്യമായി അതു ഹിന്ദുക്കളിൽ ഒരു വർണ്ണസങ്കരമുണ്ടാക്കുന്നു. ഇതു് നിശ്ചയമായും മിശ്രഭോജനത്തേയും, മിശ്രവിവാഹത്തേയും ഉണ്ടാക്കുന്നതാണ്. ഹിന്ദുക്കൾ ക്രിസ്ത്യാനികളേയും, മഹമ്മദീയരേയും, യൂറോപ്യന്മാരേയും, അമേരിക്കക്കാരേയും, ആസ്ട്രേലിയാക്കാരേയും, ആഫ്രിക്കക്കാരേയും ഒക്കെ വിവാഹം ചെയ്വാൻ

ഇടയാവുന്നു. ഇപ്രകാരം ഒരു പുതിയ വർഗ്ഗം ഉണ്ടായിത്തീരുന്നു. അതു് എല്ലാ വർഗ്ഗത്തിൻേറയും, എല്ലാ രക്തത്തിൻേറയും, എല്ലാ മതത്തിൻേറയും, എല്ലാ നിറത്തിൻേറയും, എല്ലാ ആചാരത്തിൻേറയും ഒരു സമ്മിശ്രമായിരിക്കും! ഈ വർഗ്ഗത്തിനെ എന്തു വിളിക്കും? അതിൻെറ രാജ്യലക്ഷണം എന്തു്? അതിൻെറ മതമെന്തു്? പിന്നെ ഈ രാജ്യത്തെ നിങ്ങൾ എന്തു വിളിക്കും? ഈ വർഗ്ഗം പരിശുദ്ധിയുള്ള ഭാരതമാതാവിൻെറ, അനേകം വീരയോഗികളേയും, ദീർഘദർശികളേയും, മഹാത്മാക്കളേയും പ്രസവിച്ച ആവന്ദ്യമാതാവിൻെറ, ശ്രേഷ്ഠമായ യശസ്സിനേയും, സംസ്കാരത്തേയും, ആദർശത്തേയും സംരക്ഷിക്കുവാൻ ശക്തന്മാരാകുന്നതാണോ? ഇതാണോ ഈ സംഘം ഉണ്ടാക്കുവാൻപോകുന്ന ഏകമായ ഭാരതവർഗ്ഗം? ഇതാണോ 'സ്വരാജ്യം' ലഭിക്കുവാൻവേണ്ടി, ഈ സംഘം ഉണ്ടാക്കണമെന്നുദ്ദേശിക്കുന്ന ഐകമത്യം? ഇതിനുവേണ്ടിയാണോ ധീരന്മാരായ ഭാരതസന്താനങ്ങൾ അനുദിനം കാരാഗൃഹങ്ങളെ വരിക്കുന്നതു്? ഇതിനാണോ ഭാരതമാതാവിൻെറ ശ്രേഷ്ഠപുത്രന്മാരും, പുത്രിമാരും, സത്യാഗ്രഹം അനുഷ്ഠിക്കുന്നതു്? ഇതിനാണോ അവർ മരണംവരെ നിരാഹാരവ്രതമെടുക്കുന്നതു്? ഇതിനാണോ അവർ മററുവിധത്തിൽ അവരുടെ രക്തം കോരി തളിക്കുന്നതു്? ഈ വിചാരം കൊണ്ടുതന്നെ ഒരുവൻ ഞെട്ടുന്നു. ഈ 'സ്വരാജ്യ'ത്തെ ഈശ്വരൻ അനുഗ്രഹിക്കട്ടെ, ഈ പുണ്യഭൂമിയുടെ സമാധാനത്തെ ഈ 'സ്വരാജ്യം' അടിച്ചുടക്കാതിരിക്കട്ടെ! നാട്ടിലെങ്ങും സമാധാനവും, സമ്പത്തും, സമൃദ്ധിയും ഉണ്ടാകട്ടെ.

ദി ഇന്ത്യൻ മിറർ.

വർണ്ണാശ്രമസ്വരാജ്യസംഘത്തിൻെറ നിവേദനം.

1933 മാർച്ച് 17-ാംനു- വൈസ്രായിയെ സന്ദർശിച്ച സമസ്തഭാരതവർണ്ണാശ്രമസ്വരാജ്യസംഘത്തിൻെറ നിയോഗസംഘം അദ്ദേഹത്തിന്നു സമർപ്പിച്ച മെമ്മോറിയലിൻെറ ഒരു ശരിപകർപ്പാണ് താഴെ ചേർക്കുന്നതു്:—

ബഹുമാനപ്പെട്ട അങ്ങുന്നേ,

മതവിശ്വാസികളായ ഹിന്ദുക്കളുടെ, ജനസംഖ്യകൊണ്ടു് ഭാരതത്തിൽ ഏററവും ഉയൎന്ന നിലയിൽ സ്ഥിതിചെയ്യുന്ന വർഗ്ഗക്കാരുടെ,

പ്രാതിനിദ്ധ്യം വഹിക്കുന്ന ഞങ്ങൾ ഇന്നേദിവസം അവിടത്തെ സന്ദർശിക്കുന്ന ഈ അവസരത്തിൽ ഹൃദയംഗമമായും, എന്നാൽ ഏററവും വിനീതരായും അവിടത്തേക്ക് മംഗളം ആശംസിച്ചുകൊള്ളുന്നു. ഇന്നു നിയമനിർമ്മാണസഭയുടേയും രാജ്യത്തിൻേറയും മുമ്പിലിരിക്കുന്ന വിവാദവിഷയങ്ങളായ ക്ഷേത്രപ്രവേശനത്തേയും, ഭരണപരിഷ്കരണത്തേയും പററി, ഞങ്ങളുടെ സുദീർഘമായ വിചിന്തനത്തിനുശേഷമുണ്ടായ അഭിപ്രായങ്ങളെ അവിടത്തെ അറിയിക്കുവാൻ അനുവാദം ആവശ്യപ്പെട്ടുകൊള്ളുന്നു.

ഇന്നത്തെ പ്രക്ഷോഭണത്തിൽ അടങ്ങിയിരിക്കുന്ന വിദേശപ്രേരണ.

ഇന്നത്തെ ക്ഷോഭം പ്രസംഗപീഠത്തിലായാലും കൊള്ളാം, അഥവാ പത്രപരസ്യങ്ങളിലായാലും കൊള്ളാം, സാമുദായികവും മതപരവും ആയ വിഷയങ്ങളെ സംബന്ധിക്കുന്നതായാലും ശരി, അല്ല രാജ്യത്തേയും ധനത്തേയും സംബന്ധിക്കുന്നതായാലും ശരി, മിക്കവാറും വിദേശപ്രേരണയുടെ ക്രൂരഫലമാണ് എന്നു ഞങ്ങൾ അവിടത്തെ താഴ്മയായി അറിയിച്ചുകൊള്ളുന്നു. കൂടാതെ ഈ ക്ഷോഭം അതിൻെറ ഭാവത്തെപ്പററി പറയുന്നതായാൽ ഏററവും വലിയ അതിശയോക്തി ഉപയോഗിച്ചിട്ടുള്ള ഒന്നാണെന്നു പറയുവാൻ തെല്ലും സംശയിക്കേണ്ടതില്ല. സർവ്വോപരി അതു് വായാടികളായ ഒരു കൂട്ടം അല്പപക്ഷക്കാരുടെ സ്വാത്മതല്പരതയുടെ പ്രത്യക്ഷോദാഹരണമാണ്. നിയമലംഘനമാകുന്ന മാർഗ്ഗോപദേശസാരം, ബാംബാകുന്ന ചടങ്ങാചാരത്തെപ്പോലെ തന്നെ പരദേശത്തുനിന്നു് ഇറക്കുമതി ചെയ്തിട്ടുള്ളതാണ്. ഇന്നത്തെ ക്ഷേത്രപ്രവേശനപ്രക്ഷോഭണം, "സോഷ്യലിസ"ത്തിനേയോ, "ബാൾഷെവിസത്തി"നേയോപോലെത്തന്നെ കൃത്രിമമായതും, ഉപദ്രവകരമായതും ആണ്. ഈ നവീനപ്രസ്ഥാനങ്ങളെല്ലാംതന്നെ നിരീശ്വരവാദിയായ പാശ്ചാത്യവിദ്യാഭ്യാസത്താൽ പ്രേരിതങ്ങളാണ്. ഭഗവൽകടാക്ഷംകൊണ്ടു് ഈ വിദ്യാഭ്യാസത്തിന്നു് ഉപദേശശുദ്ധിയുള്ള ഹിന്ദുക്കളെ, ഭാരതത്തിലെ ഭൂരിപക്ഷം ജനങ്ങളെ, പരാജിതരാക്കുവാൻ ഈ നിമിഷംവരെ സാധിച്ചിട്ടില്ല. അവർ ഉൽകൃഷ്ടാദർശങ്ങളായ ഇന്ദ്രിയജയം, പരസ്പരസഹായം, സാമുദായികസഹകരണം, രാജഭക്തി, ഈശ്വരവിശ്വാസം മുതലായവ അനുസരിച്ചു വളൎക്കപ്പെട്ടിരിക്കുന്ന ഭാരതസന്താനങ്ങളാണ്.

മി: ഗാന്ധിക്കു പ്രത്യേകസൌകൎയ്യങ്ങൾ നല്കുന്നതിനെ പ്രതിഷേധിക്കുന്നു.

ബഹുമാനപ്പെട്ട അങ്ങ് മി. ഗാന്ധിക്കു ജെയിലിൽ ചില പ്രത്യേകസൌകൎയ്യങ്ങളെല്ലാം അനുവദിച്ചതിൽ ഞങ്ങൾക്ക് അതിയായ വ്യസനമുണ്ട്. അദ്ദേഹം അവയെ ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. അദ്ദേഹം ഇന്നു ഹിന്ദുമതത്തോടും സാമുദായികവ്യവസ്ഥയോടും പൊതുവായും, ഹിന്ദുക്ഷേത്രമാഹാത്മ്യത്തോടു പ്രത്യേകമായും, അതിഘോരമായതും ഏററവും ഉപദ്രവകരമായതും ആയ ഒരു യുദ്ധം സമാരംഭിച്ചിരിക്കുന്നു. അവിടന്നു വച്ച ഈ പിഴച്ച കാലടിയെ ഞങ്ങൾക്കു പ്രതിഷേധിക്കാതെ നിവ്വാഹമില്ല. അതുപോലെ ഇൻഡ്യയിലേയും ഇംഗ്ലണ്ടിലേയും ഗവമ്മേൻറു് കഴിഞ്ഞ സെപ്തംബർമാസത്തിൽ മി: ഗാന്ധിയുടേയും അദ്ദേഹത്തിൻെറ അനുചരന്മാരുടേയും കൂട്ടിൽ പെട്ട് പൂനാസന്ധിയിലെ വ്യവസ്ഥകളെ സ്വീകരിച്ചു എന്നുള്ളതും പ്രലാപാൎഹംതന്നെ. ഈ പുരാതനമായ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളും അതിൽ യാതൊരു പങ്കും എടുക്കുകയുണ്ടായില്ല.

സമസ്തഭാരത വൎണ്ണാശ്രമസ്വരാജ്യസംഘം

ഹിന്ദുസമുദായത്തിൽ ഭൂരിപക്ഷം ആളുകളും സ്വഭാവേന യാഥാസ്ഥിതികന്മാരും, പൊടുന്നനവെ ഉണ്ടാകുന്ന ഭേദപ്പെടുത്തലിനെ ഏതു വിഷയത്തിലായാലും കൊള്ളാം—ധനസംബന്ധമായാലും, രാഷ്ട്രീയമായാലും, സാമുദായികമായാലും, മതസംബന്ധമായാലും—ഇഷ്ടപ്പെടാത്തവരും, ആണ് എന്നു ഞങ്ങൾ ഒരിക്കൽകൂടി ആവൎത്തിക്കട്ടെ. അവൎക്കു പൊതുജനപ്രക്ഷോഭണവും പരിചയമുള്ള ഒന്നല്ല. ഗവമ്മേൻറ് അധമ്മമായ ശാരദാനിയമംമൂലം വിശുദ്ധമായ ഞങ്ങളുടെ വിവാഹകമ്മങ്ങളിൽ ഇടപെടാതിരുന്നു എങ്കിൽ, അന്യായമായവിധത്തിൽ കാൺഗ്രസ്സ്, "ഔദാൎയ്യമുള്ള യോഗം", (Liberal league) ഹിന്ദുമഹാസഭ എന്നു വിളിക്കപ്പെടുന്ന സംഘം, മുതലായ സ്ഥാപനങ്ങൾ തങ്ങൾ ഭാരതത്തിലെ ഭൂരിപക്ഷം ഹിന്ദുക്കളെ പ്രതിനിധീകരിക്കുന്നു എന്നു പറഞ്ഞു ലഹള കൂട്ടാതിരുന്നു എങ്കിൽ, ഗവമ്മേൻറ് ഈ അവകാശങ്ങളെ വില വക്കാതിരുന്നു എങ്കിൽ, ഈവിധമുള്ള തെററിധാരണകൊണ്ടു ഗവമ്മേൻറിൻെറ പ്രവൃത്തി ഞങ്ങളുടെ മതത്തേയും മതവിശ്വാസങ്ങളേയും അലങ്കോലപ്പെടുത്താതിരുന്നു എങ്കിൽ, നാലു കൊല്ലംമുമ്പു ഞങ്ങൾ ഒരു സമസ്തഭാരതവൎണ്ണാശ്രമസ്വരാജ്യസംഘം സമാരംഭിക്കു

വാൻ ഒരുപക്ഷേ ഇടവരികയില്ലായിരുന്നു. ഈ സംഘം ധർമ്മാദർശങ്ങൾക്കനുസരിച്ചു, യഥാർത്ഥമായ ഭാരതീയപദ്ധതികൾക്കനുസരിച്ചു, സ്വരാജ്യം നേടുവാൻവേണ്ടിനിർമ്മിക്കപ്പെട്ടിരിക്കുന്നതാണ്. "ആപത്തു് ഭാവിയിലിരിക്കുവതായ ഭാഗ്യദീപത്തിനുള്ള നിഴലാണ്" എന്നു പറഞ്ഞതുപോലെ മേൽപറഞ്ഞ സംഘങ്ങൾകൊണ്ടു ഹിന്ദുമതത്തിനുണ്ടായ ആപത്തു മതവിശ്വാസമുള്ള ഹിന്ദുക്കളെ, സ്വന്തമായ ഒരു സംഘം ഉണ്ടാക്കുവാൻ പ്രേരിപ്പിച്ചു. ഇങ്ങിനെ "ഉർവ്വശീശാപം ഉപകാര"മായതാണ് ഞങ്ങളുടെ ഈ സംഘം. സമസ്തഭാരതവർണ്ണാശ്രമസ്വരാജ്യസംഘത്തിന്റെ ഹെഡ് ആഫീസ്സ് വിശുദ്ധ നഗരമായ കാശിയിലാണ്. അതിനു പ്രധാനപ്പെട്ട മിക്ക പട്ടണങ്ങളിലുമായി പ്രബലമായി പ്രവൃത്തി ചെയ്യുന്ന നാനൂറിൽപരം ശാഖകളാണ് ഉള്ളതു്. ഈ സംഘം ഹിന്ദുസമുദായത്തിനാൽ സമ്മതിക്കപ്പെട്ടിരിക്കുന്ന മതാധിപതികളുടേയും, രാഷ്ട്രീയനേതാക്കന്മാരുടേയും മേൽനോട്ടത്തിലാണ് അതിന്റെ പ്രവൃത്തി നിർവ്വഹിച്ചുപോരുന്നതു്. ഇത്ര മഹത്തായതും, ഭീമമായതും ആയ ഒരു സ്ഥാപനത്തെ ആണ്, ഞങ്ങൾ പ്രതിനിധീകരിക്കുന്നതെന്നു സാഭിമാനം അവിടത്തെ അറിയിക്കുവാൻ ഞങ്ങൾക്കു കൗതുകമുണ്ടു്. അങ്ങിനെയുള്ള ഒരു സംഘത്തിന്റെ സുദീർഘമായ ആലോചനക്കുശേഷമുണ്ടായ ഇന്നത്തെ വിവാദവിഷയങ്ങളെപ്പററിയുള്ള അഭിപ്രായമാണ്, ഞങ്ങൾ ഇന്ന് അവിടത്തെ അറിയിക്കുവാൻ ഉദ്ദേശിക്കുന്നതു്.

ക്ഷേത്രപ്രവേശനപ്രക്ഷോഭണം.

മി: ഗാന്ധിയാൽ സമാരംഭിക്കപ്പെട്ടതും അദ്ദേഹത്തിന്റെ വഴിപിഴച്ച അനുചരന്മാരാൽ തുടരപ്പെട്ടതുമായ അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ച പാപകരമായ പ്രക്ഷോഭണത്തെ ഞങ്ങൾ ഐകകണ്ഠ്യേന പ്രതിഷേധിക്കുകതന്നെ ചെയ്യുന്നു. ഞങ്ങൾ അങ്ങിനെ ചെയ്യുവാനുള്ള കാരണം താഴെ പറയുന്നവയാണ്:—

1. ഇന്നത്തെ ഈ ക്ഷോഭക്കാർ ഐഹികകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഏതു നിലയെ അർഹിക്കുന്നവരായിരുന്നാലും, ഹിന്ദുമതത്തിന്റേയോ, ഹിന്ദുസമുദായത്തിന്റേയോ അധികാരികളല്ലതന്നെ. ഈ വിപ്ലവം ജയിക്കുന്നപക്ഷം—സർവ്വശക്തൻ അതൊരിക്കലും അനുവദിക്കുന്നതല്ല!!—അതു് സനാതനധർമ്മാശയങ്ങളേയും, യഥാർത്ഥ ഹിന്ദുമതത്തേയും, അടിച്ചുടച്ചു് നാമാവശേഷമാക്കിത്തീർക്കും.

2. ഹിന്ദുമതം അനുസരിച്ചു്, ആത്മാവിനു് ലോകത്തിലെ

നാനാത്വത്തിലും, വിവിധഅനുഭവങ്ങളിലും, അവയിൽക്കൂടിയും, ഏററവും ഉൽകൃഷ്ടമായ ഐക്യവും, മോക്ഷവും ലഭിക്കുവാൻ ശ്രമിക്കുക എന്നുള്ളതാണ് വർണ്ണാശ്രമധർമ്മത്തിന്റെ ലാക്ക്. ഹിന്ദുമതാനുസരണം, ജന്മം ഒരു യാദൃശ്ചികസംഭവമല്ല. എല്ലാ മനുഷ്യനും, തന്റെ പൂർവ്വജന്മങ്ങളിലെ കർമ്മാനുസാരമായ ബന്ധം അനുസരിച്ച് ആ രാജ്യത്തിൽ, ആ വംശത്തിൽ, ആ കുടുംബത്തിൽ ജനിക്കുന്നു. അതിനാൽ ഓരോ മനുഷ്യനും അവന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന്നു മുമ്പ്, ഈ ജന്മത്തിൽ അവന്റെ കർമ്മം അനുസരിച്ചുള്ള ഓരോ ചുമതലകളും ചെയ്തുതീർക്കാതെ ഇരിക്കുവാൻ പാടില്ല. അസ്പൃശ്യരും, അവരുടെ പൂർവ്വജന്മങ്ങളിലെ കർമ്മം അനുസരിച്ച്, ആ വംശത്തിലും ഗൃഹത്തിലും ജനിച്ചിട്ടുള്ളവരാണ്. അവരുടെ തൊഴിലും ഇതിനെ അനുസരിച്ചു വരുന്നു. ഇവയെല്ലാം സവർണ്ണഹിന്ദുക്കളുടെ കണ്ണുകൊണ്ടു നോക്കുന്ന സമയം, നീചമായിട്ടാണ് അവർ കാണുന്നത്. അതിനാൽ അവർ ഈ കൂട്ടരെ അസ്പൃശ്യരായി ഗണിക്കുന്നു. ഹിന്ദുമതം അനുസരിച്ച് അസ്പൃശ്യരുൾപ്പെടെ എല്ലാവർക്കും, പാപഭൂയിഷ്ഠമായ തങ്ങളുടെ മാർഗ്ഗങ്ങളെ വെടിയുവാനും ത്യാഗവും, ഈശ്വരഭക്തിയും സ്വീകരിപ്പാനും അവകാശമുണ്ട് എന്നുള്ളത് പരമാർത്ഥംതന്നെ. എന്നാൽ ഇത് ബാഹ്യമായ യാതൊരു പ്രവൃത്തികൊണ്ടും ചെയ്യാവുന്ന ഒന്നല്ല; സാമാന്യനിയമനിർമ്മാണംകൊണ്ട് തീരെ പാടില്ല, എന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

3. അനേകം ശതാബ്ദങ്ങളായി സവർണ്ണഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും അന്യോന്യസൌഹാർദ്ദത്തോടുകൂടി, പരസ്പരം സാഹായത്തോടുകൂടി, താമസിച്ചുവന്നു. അവർ തമ്മിൽ മതത്തേയോ, സമുദായത്തേയോ, സംബന്ധിക്കുന്ന കാര്യങ്ങളിൽ യാതൊരു ശണ്ഠയും ഉണ്ടായിട്ടില്ലെന്നുള്ളതിന് പുരാതനചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. ഇന്നും സവർണ്ണഹിന്ദുക്കൾ തങ്ങളാൽ കഴിയുന്നവിധമെല്ലാം അവർണ്ണരുടെ ഇഹലോകജീവിതത്തേയും, മതപരമായ ജീവിതത്തെപ്പോലും നന്നാക്കുവാൻ സഹായിക്കും. അവർ അതിന്നു സന്നദ്ധരത്രേ.

4. നേരെമറിച്ച് സകല അസ്പൃശ്യരും "ഹരിജനങ്ങൾ" (ദൈവഭക്തർ)തന്നെ ആണെന്നും, സവർണ്ണഹിന്ദുക്കൾ അനവരതം അവരെ അടക്കിയും, ഞെരുക്കിയും വന്നു എന്നും ഉള്ള പ്രസ്താവന ഒരു "ഹിമാലയാബദ്ധം"തന്നെ ആണ്. ഭാരതത്തിലെ ഹിന്ദുമതമോ, അവിടത്തെ പുരാതനചരിത്രമോ ഇതിന്നു സാക്ഷ്യംവഹിക്കുന്നില്ലതന്നെ.

5. ജനസംഖ്യ എടുത്തപ്പോഴത്തെ റിപ്പോർട്ടനുസരിച്ച് "ഹിന്ദു" എന്നു വിളിക്കപ്പെട്ടിരിക്കുന്ന ഏതൊരുവനും, എല്ലാ ഹിന്ദുപൊതുക്ഷേത്രങ്ങളിലും കടക്കുന്നതിന്നും, ആരാധിക്കുന്നതിന്നും അവകാശമുണ്ട് എന്നുള്ള സങ്കല്പവും തീരെ ശരിയല്ല. ആദ്യമായി "പൊതുക്ഷേത്രം" എന്ന ഒന്ന് ഇല്ലതന്നെ. എന്തെന്നാൽ ക്ഷേത്രം പെരുവഴി, ആശുപത്രി മുതലായവയെപ്പോലെ, പൊതുസ്വത്തുകൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നതോ, സംരക്ഷിക്കപ്പെട്ടുവരുന്നതോ അല്ല. രണ്ടാമതായി ഇന്നുള്ള സകല ക്ഷേത്രങ്ങളും, ആഗമശാസ്ത്രനിയമങ്ങൾ അനുസരിച്ച് നിർമ്മിക്കപ്പെട്ടിരിക്കുന്നവയും, ആരാധന നടത്തപ്പെടുന്നവയും ആണ്. ഇവയെ ശാസ്ത്രവിധികളിൽ പൂർണ്ണവിശ്വാസമുള്ള സവർണ്ണഹിന്ദുക്കൾ, തങ്ങളുടേയും അതുപോലെ വിശ്വസിക്കുന്ന മററു സവർണ്ണഹിന്ദുക്കളുടേയും ഗുണത്തെ മാത്രം ഉദ്ദേശിച്ച് നിർമ്മിച്ചിരിക്കുന്നു. അതിനാൽ അവകൊണ്ടുള്ള ഫലം അവർക്കു മാത്രം ലഭിക്കുകയും ചെയ്യുന്നു.

നിയമം നിർമ്മിക്കുവാനുള്ള ശ്രമം.

ഇന്നത്തെ ഈ ക്ഷോഭക്കാർക്ക് ഹിന്ദുമതനിയമങ്ങളെപ്പററി ശരിയായ ഒരറിവും ഇല്ല. കൂടാതെ ക്ഷേത്രാരാധനയുടെ ഹരിഃ ശ്രീ അറിയുന്നവരല്ല ഇവർ. ഇത്രമാത്രവുമല്ല ഈ ക്ഷോഭക്കാരിൽ മിക്കവരും ശരിയായ ഹിന്ദുമതത്തിലും, ക്ഷേത്രമാഹാത്മ്യത്തിലുംതന്നെ വിശ്വസിക്കുന്നില്ല. മി. ഗാന്ധി ഒരു മതാധിപതി അല്ലതന്നെ. ഉറക്കെ നിലവിളിക്കുവാൻ തയാറുള്ള ചില പത്രങ്ങൾ എന്തുതന്നെ പറയുന്നതായാലും, ഇൻഡ്യയിൽ എവിടേയും ഹിന്ദുസമുദായത്തിൽ ഒരു ഭീമഭൂരിപക്ഷവും, മി. ഗാന്ധിയുടെ ഈ അന്യായസംരംഭത്തെ ആജീവനാന്തം എതിർക്കതന്നെചെയ്യും. ഈ സംരംഭം അവരുടെ മതവിശ്വാസത്തേയും, മതസ്ഥാപനങ്ങളേയും ഗണ്യമായ രീതിയിൽ ബാധിക്കുന്ന ഒന്നാണ്. വാസ്തവത്തിൽ ഗാന്ധിപക്ഷക്കാർക്ക് ഭൂരിപക്ഷം ഹിന്ദുക്കളെ സമാധാനത്തോടുകൂടിയ മാർഗ്ഗങ്ങൾ ഉപയോഗിച്ച്, തങ്ങളോടു യോജിക്കുവാൻ പ്രേരിപ്പിക്കുന്നതിന്നു സാദ്ധ്യമല്ലെന്ന് നല്ല നിശ്ചയമുണ്ട്. അതിനാലാണ് അവർ ഇന്നു മതവിശ്വാസമില്ലാത്ത ചില നിയമസഭാംഗങ്ങളെ ആശ്രയിച്ചിരിക്കുന്നത്. ഹിന്ദുസമുദായത്തിൻെറ മതവിശ്വാസത്തേയും, മതാചാരത്തേയും പരസ്യമായി ബാധിക്കുന്നതായ ചില ബില്ലുകളുടെ നോട്ടീസ്സു കൊടുക്കുവാൻ അവർ ഈ നിയമനിർമ്മാണസഭാംഗങ്ങളെ പ്രേരിപ്പിച്ചു; അല്ല നിർബ്ബന്ധിച്ചു. മതസംബന്ധമായ വിഷയങ്ങളിൽ ഇപ്രകാരം അന്യായമായി പ്രവേശിക്കുവാൻ നിയമനിർമ്മാ

ണസഭകളെ അനുവദിക്കുവാൻ പാടുണ്ടോ എന്നു ബഹുമാന്യനായ അങ്ങുതന്നെ തീരുമാനിക്കുന്നതായിരിക്കും അധികം നല്ലത്. ഗുണവതിയായ വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയവിളംബരം, സാധുവല്ലെന്നു വരുമോ? ഇല്ല; ഒരുകാലത്തും ഇല്ല! വാത്സല്യനിധികളായ എഡ്‌വേർഡ് ചക്രവർത്തിയും, ജോർജ്ജ് പഞ്ചമനും സിംഹാസനാരോഹണംചെയ്ത ശുഭാവസരങ്ങളിൽ കല്പിച്ച് അരുളിയിരിക്കുന്ന വാഗ്ദാനങ്ങളെ ഇന്നു വിലവെക്കുവാൻ ഒരുക്കമില്ലെന്നുണ്ടോ? മദിരാശി നിയമനിർമ്മാണസഭയിൽ, ഈ വിഷയത്തെ സംബന്ധിക്കുന്ന യാതൊരു ബില്ലും, അവതരിപ്പിക്കുവാൻ അനുവാദം നല്കാതിരുന്നതിന് ഞങ്ങൾ അവിടത്തെ ഹാർദ്ദമായി അഭിനന്ദിക്കുകയും, അതോടുകൂടിത്തന്നെ ഞങ്ങളുടെ അപാരമായ കൃതജ്ഞതയെ രേഖപ്പെടുത്തുകയും ചെയ്യട്ടെ. അതുപോലെതന്നെ സാമ്രാജ്യസഭയിൽ അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന ബില്ലുകൾക്ക് സാധാരണ ബില്ലുകളുടെ രീതിയിലല്ലാതെ പ്രത്യേക സൌകര്യങ്ങൾ ഒന്നും അവിടുന്നു അനുവദിച്ചില്ല എന്നുള്ളതിന്നും ഞങ്ങൾ അവിടുത്തേക്കു കടപ്പെട്ടിരിക്കുന്നു. പ്രസ്തുത ബില്ലുകളെ സാമ്രാജ്യസഭയിൽ അവതരിപ്പിക്കുവാൻ അനുവാദം നല്കുന്നതിനു മുമ്പ്, ബഹു: അങ്ങ് അതിനെപ്പറ്റി സമ്മതിക്കപ്പെട്ട വല്ല മതാധിപതികളോടോ, സ്ഥാപനങ്ങളോടോ ആലോചിച്ചിരുന്നു എങ്കിൽ, നിശ്ചയമായും ഞങ്ങൾക്കു ഇതിൽ കൂടുതലായ കൃതജ്ഞതക്ക് അവകാശമുണ്ടാകുമായിരുന്നു. അതെങ്ങിനെ ആയാലും, പ്രസ്തുത ബില്ലുകൾ സാമ്രാജ്യസഭയിൽ അവതരിപ്പിക്കപ്പെടുന്നസമയം—അവതരിപ്പിക്കപ്പെടുന്നതായാൽ—ആ ബില്ലിനെ "പൊതുജനാഭിപ്രായം" അറിയുവാനായി വിതരണംചെയ്യാൻ അവിടുന്ന് ആവശ്യപ്പെടണമെന്നു, ഞങ്ങൾ ഏററവും വിനീതരായി അപേക്ഷിച്ചുകൊള്ളുന്നു. "പൊതുജനാഭിപ്രായം" എന്നതിന്നു ആ ബില്ലുകൾ ബാധിക്കുവാൻ ഇടയുള്ള മതാധിപതികളുടേയും, സംഘങ്ങളുടേയും, സമുദായനേതാക്കന്മാരുടേയും അഭിപ്രായം, എന്നാണ് ഞങ്ങൾ ഉദ്ദേശിച്ചിരിക്കുന്ന അർത്ഥം.

ഇന്നത്തെ രാജ്യതന്ത്രജ്ഞന്മാർ ആവശ്യപ്പെടുന്ന ഭരണപരിഷ്കാരം.

കാൺഗ്രസ്സോ, ലിബറൽലീഗോ, പറയപ്പെടുന്ന ഹിന്ദുമഹാസഭയൊ ഒന്നുംതന്നെ ഈ രാജ്യത്തിലെ ഭൂരിപക്ഷം ഹിന്ദുക്കളുടെ പ്രാതി

നിദ്ധ്യം വഹിക്കുന്ന സ്ഥാപനങ്ങളല്ല എന്നു് ഒരിക്കൽക്കൂടി പ്രസ്താവിക്കുവാൻ ഞങ്ങളെ അനുവദിക്കണം. അവർ ആവശ്യപ്പെടുന്ന പൂർണ്ണമായ ഉത്തരവാദിത്വഭരണം—പാശ്ചാത്യരീതി അനുസരിച്ചുള്ള ജനാധിപത്യഭരണം—കൂടിയതു് ആംഗ്ലേയവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഭാരതീയരെ മാത്രം തൃപ്തിപ്പെടുത്തും. ഒരു വലിയ ഭൂരിപക്ഷം ജനങ്ങൾക്കും അതു് സ്വീകാര്യയോഗ്യമായിരിക്കയില്ലതന്നെ. വാസ്തവത്തിൽ ഞങ്ങളിൽ ചിലർ കഴിഞ്ഞ സപ്തെംബറിൽ സിംലായിൽവെച്ചു അവിടത്തെ തീർച്ചപ്പെടുത്തിയിരിക്കുന്നവിധം ഭൂരിപക്ഷം മതവിശ്വാസമുള്ള ഹിന്തുക്കളും പാശ്ചാത്യരീതിയെ അനുകരിച്ചുകൊണ്ടുള്ള സ്വയംഭരണത്തെ ഇഷ്ടപ്പെടാത്തവരാണു്. അതിനുള്ളകാരണം ഇവയാണു്:—

1. അപ്രകാരമുള്ള സ്വയംഭരണം നിശ്ചയമായും അവരുടെ ഉൽകൃഷ്ടാദർശങ്ങളേയും, സംസ്കാരത്തേയും ബാധിക്കാതിരിക്കുന്നതല്ല.

2. മിക്ക പാശ്ചാത്യരാജ്യങ്ങളിലും അത്തരത്തിലുള്ള സ്വയംഭരണം, ഒരു വിധത്തിലുള്ള വർഗ്ഗം ഏന്തിയ സർവ്വാധിപത്യത്തിന്നു കീഴടങ്ങുന്നു. പുരാതനകാലം മുതൽ തന്നെ വിവിധ വർഗ്ഗങ്ങളും പല വിധ ആചാരക്രമങ്ങളും ഉള്ള ഇൻഡ്യയിൽ നിശ്ചയമായും ആവിധമുള്ള ഭരണം,മൂകലക്ഷങ്ങളെ അധികൃതസ്ഥാനം അലങ്കരിക്കുന്ന കുറച്ചുപേരുടെ താന്തോന്നിതരത്തിനു് അടിമപ്പെടുത്തും. ഞങ്ങളുടെ ഈഭയം ശരിയായ ഒന്നാണെന്നു കഴിഞ്ഞ 10കൊല്ലത്തെ അനുഭവങ്ങൾ ബോദ്ധ്യപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ഇന്നു ജനങ്ങൾക്കു ജീവിക്കുവാൻ തന്നെ വളരെ പ്രയാസമായി തീൎന്നിരിക്കുന്നു. എന്നാൽ നല്ല ഭരണപരിഷ്കാരം ഇന്നും ദൂരസ്ഥം തന്നെ! ഞങ്ങളുടെ പുരാതന സംസ്കാരത്തേയും, ഇന്നത്തെ പരിതസ്ഥിതികളേയും, ബാധിക്കാത്ത വിധത്തിൽ ഒരു സ്വയംഭരണരീതി ഉണ്ടാക്കുക അസാദ്ധ്യംതന്നെ ആണെന്നു്, അഥവാ അതിനൊരു ഭഗീരഥപ്രയത്നം ആവശ്യമായി തീരുമെന്നു ഞങ്ങൾക്കറിയാം. ഇതിനെ ഇല്ലാതാക്കുവാൻ തന്നെ ആണു ധൎമ്മാനുസാരമായ സ്വരാജ്യം ഞങ്ങൾ ആവശ്യപ്പെടുന്നതു്.

കുറേക്കൂടി നോക്കേണ്ട ആവശ്യം.

മൂന്നാം വട്ടമേശസമ്മേളനത്തിന്റെ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന റിപ്പോർട്ടിൽനിന്നു് കാണുന്നതു് ഇതാണു്. ഈ സമ്മേളനത്തിൽ പങ്കുകൊണ്ടിരുന്ന രാജ്യാഭ്യുദയകാംക്ഷികൾ, സമസ്ത ജനങ്ങളുടേയും ഗുണത്തെ അല്ല ഉദ്ദേശിച്ചിട്ടുള്ളതു്. അവരുടെ നയം സാമുദായികകല

ഹത്തെ വദ്ധിപ്പിക്കുകയും, രാജ്യക്ഷേമത്തെ ഹനിക്കുകയും ആണു ചെയ്യുന്നതു്, എന്നതു തക്കമററ സംഗതിയാണു്. അവർ വേണ്ടവിധം ആലോചിച്ചിട്ടില്ല; എല്ലാ കൌൺസിലിലും ദീർഘദശികളും, തത്വചിന്തകന്മാരും, ഉണ്ടായിരിക്കയില്ല എന്നു ഞങ്ങൾക്കറിയാം. എന്നാൽ അതുകൊണ്ടു് അനേകംപേരുടെ മനസ്സാക്ഷിയേയും, വിശ്വാസത്തേയും, അല്പപക്ഷക്കാരുടെ അത്യാഗ്രഹത്തെ പൂരിപ്പിക്കുവാനായി ബലികഴിക്കുവാൻ പാടില്ല. ഞങ്ങൾക്കു താഴ്മയായി അവിടത്തെ അറിയിക്കുവാനുള്ളതു് ഇത്രമാത്രമാണു്. പ്രാദേശികഭരണസ്വാതന്ത്ര്യത്തെപ്പററിയോ, ഉത്തരവാദിത്വഭരണത്തെപ്പററിയോ, വിവിധനിയമനിമ്മാണസഭകളെപ്പററിയോ, സമ്മതിദാനാവകാശത്തെപ്പററിയോ, മററതെങ്കിലും പ്രധാന സംഗതികളെപ്പററിയോ, ഉള്ള വട്ടമേശസമ്മേളനക്കാരുടെ അഭിപ്രായങ്ങളെ അടുത്തുണ്ടാകുവാൻപോകുന്ന ഭരണനവീകരണത്തിൽ ഉപയോഗപ്പെടുത്തുന്നതിനുമുമ്പ്, ജനഹിതം കുറേക്കൂടി ശ്രദ്ധിച്ചുനോക്കേണ്ടതു് ആവശ്യമാണു്. അതിനാൽ ഈ അവസാനഘട്ടത്തിലെങ്കിലും അവിടുന്നു് "സംയുക്തപാർളിമെൻടറികമ്മററി" യിൽ, മതവിശ്വാസമുള്ള ഹിന്ദുഭൂരിപക്ഷത്തിന്നു് പ്രാതിനിധ്യം അനുവദിക്കേണ്ടതാണു് എന്നു ഞങ്ങൾ വിനീതരായി അപേക്ഷിക്കുന്നു. ഞങ്ങൾതന്നെ അയക്കുന്ന പ്രതിനിധികളല്ലാതെ, വേറെ ആരുംതന്നെ, അവിടെ ഞങ്ങളുടെ അഭിപ്രായം വിലവക്കുകയില്ലെന്നു് മുമ്പു് പറയപ്പെട്ടിരിക്കുന്ന കാരണങ്ങളെക്കൊണ്ടു് ഞങ്ങൾ വിശ്വസിക്കുന്നു.

1. തന്നത്താൻ ഉയരണമെന്ന ഉദ്ദേശം.

മതത്തിലായാലും കൊള്ളാം, രാജ്യതന്ത്രത്തിലായാലും കൊള്ളാം, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം "ഐക്യത്തോടുകൂടിയ നാനാത്വം" ആവശ്യമാണെന്നു ഞങ്ങൾ പൂണ്ണമായി വിശ്വസിക്കുന്നു. അതിനാൽ എല്ലാ സംസ്ഥാനങ്ങളേയും, ഭരണവിഭാഗങ്ങളേയും, ഏതെങ്കിലും ഒരുവിധത്തിൽ കൂട്ടിച്ചേത്തു്, അനാവശ്യവും അപായകരവും ആയ ഒരു ഭേദരഹിതത്വം ഉണ്ടാക്കിത്തീക്കുവാനുള്ള ഇന്നത്തെ രാജ്യതന്ത്രജ്ഞന്മാരുടെ ഉദ്യമത്തെ ഞങ്ങൾക്കു് അഭിനന്ദിക്കുവാൻ നിവൃത്തിയില്ല. ഈ ഭേദരഹിതത്വം വോട്ടവകാശത്തെപ്പററിയോ, തിരഞ്ഞെടുപ്പുരീതിയെപ്പററിയോ, നിയമനിമ്മാണസഭകളെപ്പററിയോ, അവയുടെ ഭരണരീതിയെപ്പററിയോ, അധികാരങ്ങളെപ്പററിയോ, അഥവാ, ഗവണ്ണരുടേയും, ഗവണ്ണർ ജനറലിൻേറയും സ്ഥാനത്തെപ്പററിയോ ആയിരിക്കട്ടെ; ഇവയോടൊന്നിനോടുംതന്നെ ഞങ്ങൾക്കു യോജി

കുവാൻ നിവൃത്തിയില്ല. അതിനാൽ ഓരോ ഭരണവിഭാഗത്തിലേയും ഭരണയന്ത്രത്തിന്നു തന്നത്താൻ ഉയരുവാനുള്ള സൌകൎയ്യം നല്കപ്പെടണം. , അല്ലാതെ ഓരോ ഭാഗങ്ങളും ഇന്നവിധത്തിൽതന്നെ എന്നും ഇരിക്കണം എന്നു നിശ്ചയമുള്ള ഒരു യന്ത്രമായിരിക്കരുതു്. ഗവൎണ്ണർമാൎക്കും, ഗവൎണ്ണർ ജനറലിന്നും തങ്ങൾ ചെയ്യേണ്ടിയിരിക്കുന്ന ചുമതലകൾ എല്ലാം വേണ്ടുംവണ്ണം ഗ്രഹിക്കുന്നതിന്നും, ചെയ്യുന്നതിന്നും ആവശ്യമായ ഉപകരണങ്ങളെല്ലാം നല്കപ്പെട്ടിരിക്കണം. നിവൃത്തിയുള്ളപക്ഷം, പുതിയ ഭരണരീതിയുടെ പ്രവൃത്തിയിൽ കാണുന്ന തെററിന്നെ പരിഹരിക്കുവാനുള്ള അധികാരവും ഉണ്ടായിരിക്കണം. തന്നത്താനുള്ള വളൎച്ചയുടെ ആവശ്യകതതന്നെ ആണു്, ഞങ്ങളെ ഉത്തരവാദിത്വഭരണത്തേയും പ്രതിഷേധിക്കുവാൻ നിൎബ്ബന്ധിക്കുന്നതു്

2. ഗ്രാമത്തിന്റെ ഭരണസ്വാതന്ത്ര്യം.

കഴിഞ്ഞ സെപ്റ്റംബറിൽ ഞങ്ങൾ അവിടത്തെ അറിയിച്ചിരുന്നതുപോലെ, ഇൻഡ്യയിലെ ജനങ്ങൾക്കെല്ലാം ഉപകാരപ്രദമായിത്തീരണമെന്നുദ്ദേശമുള്ള ഏതൊരു 'സ്വരാജ്യ'വും, അഥവാ സ്വയംഭരണവും, ഗ്രാമത്തിന്റെ ഭരണസ്വാതന്ത്ര്യമാകുന്ന അടിസ്ഥാനത്തിന്മേൽ കെട്ടി ഉയൎത്തപ്പെടേണ്ടതാണു് എന്നു വീണ്ടും പറയുവാൻ ഞങ്ങളെ അനുവദിക്കണം. അതിനെ അടിസ്ഥാനമാക്കിയിട്ടുള്ളതല്ലാത്ത ഏതൊരു പ്രാദേശികഭരണസ്വാതന്ത്ര്യവും, ഉത്തരവാദിത്വഭരണവും, സാധാരണക്കാരായ പൊതുജനങ്ങളുടെ കരങ്ങളിൽ യാതൊരു യഥാൎത്ഥ രാഷ്ട്രീയാധികാരവും, സമൎപ്പിക്കുകയില്ലതന്നെ. ഇൻഡ്യയിലെ ജനങ്ങളിൽ ഒരു വലിയ ഭൂരിപക്ഷം, ഇന്നും ഗ്രാമങ്ങളിൽതന്നെ അധിവസിക്കുന്നവരാണു്. പുരാതനമായ, ഭരണസ്വാതന്ത്ര്യമുള്ള ഗ്രാമസ്ഥാപനങ്ങളെ നശിപ്പിക്കുന്നതു് നിശ്ചയമായും ഗ്രാമവാസികൾക്കു് അവരുടെ നിത്യവൃത്തി തീരുമാനിക്കാനുള്ള അധികാരത്തെ ഇല്ലായ്മ ചെയ്യും. ഈ അധികാരം പ്രാദേശികഉദ്യോഗസ്ഥന്മാരിലും, ഭരണവിഭാഗത്തിന്റെ അധികൃതസ്ഥാനങ്ങളിലും, സ്ഥാപിക്കപ്പെടും. ഇങ്ങിനെ എല്ലാ യഥാൎത്ഥ അധികാരവും നഗരവാസികളായ ചില ഇടത്തരക്കാരുടെ കരങ്ങളിലായിരിക്കും. അതുകൊണ്ടു് സാധാരണക്കാരായ ഭാരതീയൎക്കു യാതൊരു ഗുണവും ഉണ്ടാകുന്നതല്ല. ഏതു വോട്ടവകാശവും, എത്ര വിസ്തീൎണ്ണമുള്ളതായിരുന്നാലും ശരി, സാധാരണക്കാരായ ജനങ്ങൾക്കു് യാതൊരു യഥാൎത്ഥ രാഷ്ട്രീയാധികാരവും, അവകാശവും നല്കുകയില്ല. അതിനാൽ ഏതു ഭരണരീതിയും, ഗ്രാമത്തിന്റെ ഭരണ

സ്വാതന്ത്ര്യമാകുന്ന അടിസ്ഥാനത്തിന്മേൽ ഉയൎത്തപ്പെടേണ്ടതാണു്.

3. ഓരോ പ്രാവിൻസിലും രണ്ടാമത്തെ ഒരു സഭ.

ഭരണവിഭാഗങ്ങൾ ഓരോന്നും വളരെ വലിയതായിരിക്കുന്നതിനാൽ, സമുദായസംബന്ധമായും, മതസംബന്ധമായും, ധനസംബന്ധമായും, വംശസംബന്ധമായും, അനേകവിധത്തിലുള്ള നാനാത്വങ്ങളും അഭിലാഷങ്ങളും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നതിനാൽ, ഓരോ പ്രാവിൻസിലും ഓരോ ഉയൎന്ന സഭകളുംകൂടി ഉണ്ടായിരിക്കേണ്ടതാണെന്നു ഞങ്ങൾ ബലമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ സഭയിൽ രാജ്യത്തിലെ എല്ലാജാതിക്കാരുടേയും, മതപ്രതിനിധികൾ അടങ്ങിയിരിക്കേണ്ടതാണു്. അവർ അതാതു മതക്കാരുടെ സമ്മതിക്കപ്പെട്ട പ്രതിനിധികളായിരിക്കണം. ഈ മതപ്രതിനിധികളുടെ എണ്ണം, ന്യായമായി ലഭിക്കേണ്ട ഓഹരിക്കനുസരിച്ചിരിക്കേണ്ടതാണു്. ഈ രണ്ടാമത്തെസഭ സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നുള്ളതു് — ജനാധിപത്യഭരണവാഹികളുടെ ഗോത്രയോഗവിളി — മൂന്നാമത്തെ വട്ടമേശസമ്മേളനം സ്വീകരിച്ചുവെന്നു കാണുന്നതു് കഷ്ടാൽകഷ്ടതരംതന്നെ. എന്നാൽ അങ്ങിനെ ഉള്ള രണ്ടാമത്തെ സഭ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമുള്ളതാണെന്നു് ഇതാ ഞങ്ങൾ വീണ്ടും പറയുന്നു. ഇതു മനസ്സിളകിയ ഭൂരിപക്ഷഭരണത്തിൻെറ ദൂഷ്യങ്ങളെ ഇല്ലാതാക്കുവാൻ, അഥവാ കുറക്കുവാൻ സഹായിക്കും. ഓരോ സമുദായത്തിൻെറയും, ധനത്തേയും, മതത്തേയും, സംസ്കാരത്തേയും സംരക്ഷിക്കുവാൻ ഈ സഭകൾ അത്യന്താപേക്ഷിതങ്ങളാണു്.

മതസംരക്ഷണാൎത്ഥം പുറങ്കോട്ടകൾ.

അവസാനമായി ഞങ്ങൾ വളരെ വിനീതരായി, അവിടുത്തോടു് അപേക്ഷിക്കുന്നതു് ഇതാണു്. ബ്രിട്ടീഷ് ഇൻഡ്യയിലെ ഏതൊരു സമുദായത്തിൻെറയും മതവിശ്വാസത്തേയോ, മതസ്ഥാപനങ്ങളേയോ ബാധിക്കുന്ന, അഥവാ ബാധിക്കുവാൻ ഇടയുള്ള, യാതൊരു പ്രവേശനവും, നേരിട്ടോ, വളഞ്ഞോ, ഭരണാധികൃതന്മാരും നിയമനിൎമ്മാണസഭകളും ചെയ്യുവാൻ പാടില്ല. അങ്ങനെ ചെയ്യുന്നതല്ലെന്നും, അതിനുള്ള അധികാരം അവക്കില്ലെന്നും, പ്രത്യേകം വ്യവസ്ഥയുണ്ടായിരിക്കണം. നിയമസംബന്ധമായ യാതൊരു ഉദ്ദേശത്തിന്നും, ഗവൎണ്ണരുടേയും ഗവൎണ്ണർ ജനറലിൻെറയും അനുവാദം മാത്രം പോരാ; അവ കഴിഞ്ഞ 150 കൊല്ലത്തോളമായി ഗവമ്മേൻറു സ്വീകരിച്ചുവരുന്ന

മതസമഭാവത്തിനു യോജിച്ചതായിരിക്കണം. അതിനായി ഒരു നിയമം പാസ്സാക്കുന്നതിനുമുമ്പ്, (നിയമം ബാധിക്കുന്ന സമുദായത്തിന്റെ) മതാധിപതികളുടേയും, സംഘങ്ങളുടേയും, അഭിപ്രായം അറിയേണ്ടതാണ്. ആ നിയമം തങ്ങളുടെ മതത്തേയും, സമുദായത്തേയും തീരെ ബാധിക്കുന്ന ഒന്നല്ലെന്ന് അവരുടെ പക്കൽനിന്നു ശരിയായ ഉറപ്പ് ലഭിച്ച ശേഷം വേണം അതിനെ പാസ്സാക്കുവാൻ. ഇൻഡ്യയിലെ ഭൂരിപക്ഷം ജനങ്ങളും ലോകത്തിൽവച്ച് ഏററവും അധികം ഇഷ്ടപ്പെടുന്നത് അവരുടെ മതത്തെ ആണെന്ന് അവിടുന്ന് അറിഞ്ഞിരിക്കുമല്ലോ. അവിടത്തെ ഗവമ്മേൻറും, ഇംഗ്ലണ്ടിലെ ഗവമ്മേൻറും, ഞങ്ങൾ ഈ വിധമുള്ള ഒരു വ്യവസ്ഥയെ എത്ര പ്രാധാന്യമുള്ളതായി ഗണിക്കുന്നുണ്ട് എന്ന് അറിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ബ്രിട്ടന്റെ കരബലമല്ല ഈ രാജ്യത്തിന്റെ സമാധാനത്തിനുള്ള കാരണം. പ്രത്യുത, ജനങ്ങളുടെ പാരമ്പര്യവഴിക്കു ലഭിച്ചിട്ടുള്ള സമാധാനപ്രിയവും, ബ്രിട്ടൺ എന്നും അവരുടെ മതത്തേയും, സംസ്കാരത്തേയും സംരക്ഷിക്കുമെന്ന വിശ്വാസവും ആണ്. ജനങ്ങളുടെ ഈ വിശ്വാസത്തെ അത്ഥവത്താക്കിത്തീക്കുവാൻ ഗവമ്മേൻറു എന്നും കഴിയുന്നത്ര ശ്രമിക്കണമെന്ന് ഞങ്ങൾ അവിടത്തോടു പ്രാത്ഥിക്കുന്നു.

ഞങ്ങളുടെ അഭിപ്രായം തുറന്നു പ്രസ്താവിക്കുവാൻ അവസരം നല്കിയ അവിടത്തോടുള്ള ഞങ്ങളുടെ അപാരമായ കൃതജ്ഞതയെ വാക്കുകളാൽ വർണ്ണിക്കുവാൻ സാദ്ധ്യമല്ല തന്നെ. ഞങ്ങളുടെ ഈ ന്യായമായ അഭിപ്രായങ്ങളെ അവിടുന്നു വിലവെക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അഭിപ്രായം പറയുവാൻ അധികാരമില്ലാത്ത അനേകകോടി ഭാരതീയക്കുവേണ്ടി, അവരുടെ പ്രതിനിധികളായ ഞങ്ങൾ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങളുടെ വില അവിടുന്നു ദയവായി ഇംഗ്ലണ്ടിലെ അധികൃതസ്ഥാനങ്ങളേയും പറഞ്ഞു ബോദ്ധ്യപ്പെടുത്തണമെന്ന്, ഞങ്ങൾ താഴ്മയായി പ്രാത്ഥിക്കുന്നു.

ദി ഇന്ത്യൻ മിറർ.

ക്ഷേത്ര പ്രവേശനനിയമത്തിന്റെ തെററ്.

നിയമനിമ്മാണസഭയോടുള്ള തന്റെ പ്രസംഗത്തിൽ, മി. സി. രാജഗോപാലാചാര്യർ, ആചാരങ്ങളെ നിയമംകൊണ്ടു വ്യത്യാസപ്പെടുത്തേണ്ടതാണെന്നു പറയുന്നു. അനേകശതാബ്ദങ്ങൾക്കു മുമ്പു മുതൽ

നടപ്പിലിരുന്നു വന്ന മതാചാരങ്ങളെ, പ്രാപഞ്ചികനിയമത്താൽ ഭേദപ്പെടുത്താമോ? നിയമസ്ഥാപകന്മാർ മതകാര്യങ്ങളെ സംബന്ധിച്ച്, "ശരിയെന്നോ, തെററെന്നോ" പറയുവാൻ അധികാരമുള്ളതാണോ? അദ്ദേഹം "ഹിന്ദുക്കളുടെ അഭിപ്രായ"ത്തെപ്പററി പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ വിചാരഗതിയോടു യോജിക്കുന്ന എത്ര 'ഹിന്ദു'ക്കളുണ്ട്? ഇന്ന് 'നവീകരണക്കാരെന്നും' 'പരിഷ്കാരികൾ' എന്നും പറയുന്നവരിൽ, ഏററവും വലിയ ഒരു ഭൂരിഭാഗവും ഒരു ക്ഷേത്രത്തിൻെറ വിശുദ്ധി, അഥവാ മാഹാത്മ്യം എന്നത് എന്തെന്ന് അറിയാത്തവരാണ്. അതിനാൽ അവരുടെ അഭിപ്രായത്തിന്നു വിലയില്ല.

മതം നിയമത്തിൻെറ സഹായം അന്വേഷിക്കുന്നില്ല. ധർമ്മം സമുദായത്തിന്നനുസരണമായി വ്യത്യാസപ്പെടുത്താവുന്ന ഒന്നല്ല. അത് ആചന്ദ്രതാരം നിലനില്ക്കുന്നതും, ഒരുത്തർക്കും ഒരു കാലത്തും മാററുവാൻ സാധിക്കാത്തതുമായ ഒന്നാണ്.

മനഃപൂർവ്വം ആളുകൾ ധർമ്മത്തെ വിരോധിക്കുന്നതായാൽ അതിൻെറ ഫലം അവർ അനുഭവിക്കാതിരിക്കയില്ല. ക്ഷേത്രത്തിൻെറയും, മററു ധർമ്മസ്ഥാപനങ്ങളുടേയും, മതസ്ഥാപനങ്ങളുടേയും ഉടമസ്ഥന്മാർ അവർണ്ണരോട്, "നിങ്ങൾക്ക് ഇവിടെ പ്രവേശനം ലഭിക്കാൻ സാദ്ധ്യമല്ല" എന്നു മാത്രം പറയുന്നതായാൽ നിയമം അവരെ എങ്ങിനെ ആണു സഹായിക്കുന്നത്? "നിങ്ങൾ ഒരു അസ്പൃശ്യനായിരിക്കുന്നതിനാൽ" എന്ന ഹേതു അവർ പറയുവാൻ ഭാവമില്ലതാനും! അങ്ങിനെ ഉള്ള സംഗതികളിൽ, നിയമം എങ്ങിനെ ആണ് അവർണ്ണരെ സഹായിക്കുന്നത് എന്നറിയുന്നില്ല.

"അല്പപക്ഷക്കാർക്കു നല്കപ്പെടേണ്ട സംരക്ഷണം", എന്ന തലക്കെട്ടിന്നടിയിൽ വിദ്വാനായ അദ്ദേഹം, "തെളിയിക്കപ്പെട്ട അഥവാ സമ്മതിക്കപ്പെട്ട ഒരു തെററ് ഉണ്ട്" എന്നു പറയുന്നു. അസ്പൃശ്യത ഒരു തെററു തന്നെ ആണെന്ന് ആരാണു സമ്മതിച്ചിട്ടുള്ളത്? മതസംബന്ധമായ കാരണങ്ങളെക്കൊണ്ട്, ചില പ്രത്യേകസ്ഥലങ്ങളിൽനിന്ന് അകററി നിറുത്തിയിരിക്കുന്നവർ എണ്ണത്തിൽ നാല്പതുകോടിയല്ല, നാല്പതിനായിരം കോടിതന്നെ ഉണ്ടായിരിക്കട്ടെ. എന്നാൽ എന്ത്? നാല്പതുകോടിക്കുപകരം, ഭാരതം മുഴുവൻ ഹരിജനങ്ങളാൽ നിറയപ്പെട്ടിരുന്നാൽ ധർമ്മം നശിക്കപ്പെടുകയും, ബ്രാഹ്മണരായ അല്പപക്ഷക്കാർ തന്നെ, വനങ്ങളെ അഭയം പ്രാപിക്കുകയും ചെയ്യുമായിരിക്കാം.

എന്നാലും അവൎണ്ണരെ ധൎമ്മസ്ഥാപനങ്ങളിൽനിന്ന് അകററി നിറുത്തിയിരിക്കുന്നനിയമം ഉണ്ടായിരിക്കുകതന്നെ ചെയ്യും! മി. സി.ആർ. ആചാൎയ്യർതന്നെ ഇപ്രകാരം സമ്മതിക്കുന്നുണ്ട്:—"നമുക്കെല്ലാവൎക്കുംതന്നെ രാഷ്ട്രീയമായ സ്വാതന്ത്ര്യം ആവശ്യമുണ്ട്." ക്ഷേത്രപ്രവേശനമോ, അസ്പൃശ്യതയോ ഇൻഡ്യക്കാരുടെ ഇൻഡ്യയിലുള്ള നിലയുമായി ബന്ധിക്കപ്പെട്ടിട്ടുള്ളതാണോ? ഇൻഡ്യക്കാർ അവരുടെ രാജ്യത്തിൽ അനേകയുഗങ്ങളായി സൎവ്വശക്തിയുമുള്ളവരായിരുന്നു. ഇടക്കാലത്ത് അവർ അവരുടെ രാജപദവി ഉപേക്ഷിക്കുവാൻ നിൎബ്ബന്ധിതരായിത്തീൎന്നു. ഇന്ന് അതു ലഭിക്കുവാൻ അവർ അക്ഷീണപരിശ്രമം ചെയ്യാൻ ആരംഭിച്ചിരിക്കുന്നു. ഇങ്ങിനെ തന്നെ ആണോ ഹരിജനങ്ങളും? നിയമസ്ഥാപകന്മാർ തന്നത്താൻ നല്ലവണ്ണം ആലോചിച്ചു നോക്കട്ടെ.

ജനങ്ങൾക്കു മി. ഗാന്ധിയോടോ, മി. രംഗയ്യരോ, മറെറതെങ്കിലും മാന്യന്മാരോടോ യാതൊരു വിരോധവുമില്ല. തുടരെ തുടരെ ഉണ്ടാക്കിത്തീൎക്കുന്ന നാമമാത്രമായ നിയമങ്ങൾ അവരുടെ മതാനുഷ്ഠാനങ്ങൾക്കു വിരോധമായിട്ടുള്ളവയാണ്. നിയമസ്ഥാപകന്മാർ അവയെ നടപ്പിലാക്കുകയും ചെയ്യുന്നു. തന്മൂലം ഭാവിയിൽ വരാൻ പോകുന്ന ആപത്തിനെ അവർ കാണുകയും, അതിനെപ്പററിയുള്ള ചിന്ത, അവരുടെ ഹൃദയത്തെ വല്ലാതെ ക്ഷോഭിപ്പിക്കുകയും ചെയ്യുന്നു.

സമസ്തഭാരതവും ഹരിജനങ്ങളുടെ നിലയെ നന്നാക്കി കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നുണ്ട്. അതിനുള്ള സകല ഉദ്യമങ്ങളേയും കഴിയുന്നത്ര സഹായിക്കുവാൻ എല്ലാവരും ഒരുക്കമായിരിക്കുകയും ചെയ്യും. നല്ലവണ്ണം ഭരിക്കപ്പെടുന്ന ഒരു സഭ, അതിലേക്കായി തുടങ്ങുന്നതായാൽ സകലരും ആബാലവൃദ്ധം അതുമായി സഹകരിക്കുന്നതാണ്. ഇപ്പോൾ വിദ്യാഭ്യാസം ലഭിച്ചിട്ടും, പരിഷ്കാരം സിദ്ധിച്ചിട്ടുമുണ്ടെന്നു പറയുന്ന ഹരിജനങ്ങൾ സ്വന്തം നിലയെ നന്നാക്കുവാൻ ശ്രമിക്കുന്നത്, എങ്ങിനെ ആയാലും നന്നായിരിക്കും. മററുമുള്ള ആളുകൾ അതുപോലെ തന്നത്താൻ നന്നാവുകയാണ് ഉണ്ടായിട്ടുള്ളത്. ആരോഗ്യശാസ്ത്രത്തിന്നനുയോജ്യമായവിധം ഗൃഹങ്ങൾ നിൎമ്മിക്കുക, കൂപങ്ങൾ കുഴിക്കുക, വിദ്യാലയങ്ങൾ തുറക്കുക, സ്വന്തക്ഷേത്രങ്ങൾ സ്ഥാപിക്കുക, ഇവയെല്ലാം അവരുടെ ഉന്നതിയെ സഹായിക്കുന്ന പ്രവൃത്തികളാണ്. നിശ്ചയമായും സവൎണ്ണഹിന്ദുക്കൾ, ആ വഴിയിൽക്കൂടി അവൎണ്ണർ പോകുന്നതായാൽ, സന്തോഷത്തോടുകൂടി അവരെ സഹായിക്കുന്നതാണ്. രാജ്യനിയമനിൎമ്മാണസഭാംഗങ്ങൾ ഇതിനെപററി ഒന്നല്ല, രണ്ടല്ല,

ആയിരംപ്രാവശ്യം ആലോചിച്ചുനോക്കുക. അതിനുശേഷം യുക്തമെന്നു തോന്നുന്നതിനെ പ്രവൃത്തിക്കുക. ഇത്രയും ചെയ്യാൻ അവക്ക് ദയ ഉണ്ടാകുമോ?

ദി ഇൻഡ്യൻ മിറർ.

മതവും രാജ്യാധികാരികളും.

പുണ്യമൂർത്തി പുരി ശ്രീശങ്കരാചാര്യരുടെ പ്രസംഗം.

"മതകാര്യങ്ങളിൽ രാജ്യാധികാരികളുടെ പ്രവേശനം നല്ലതാണൊ?" എന്നായിരുന്നു പുണ്യാത്മാവു് പുരിയിലെ ശങ്കരാചാര്യരുടെ ഒരു പ്രസംഗവിഷയം. അദ്ദേഹം പറഞ്ഞു: "ഈ കാലം ലോകത്തിന്റെ ചരിത്രത്തിൽ—വിശേഷിച്ചു് ഭാരതചരിത്രത്തിൽ—ഏററവും വിശേഷപ്പെട്ടതും, ആശ്ചര്യജനകമായതും, വിഷമമായിട്ടുള്ളതും, പ്രത്യേക കാലമായി കണക്കാക്കപ്പെടേണ്ടതുമായ ഒന്നത്രെ. പല വിശ്വാസങ്ങളും, സംസ്കാരങ്ങളും, ജീവിതരീതികളും, വിചിന്തനഫലങ്ങളും, ജീവിതോദ്ദേശങ്ങൾതന്നെയും തമ്മിലുള്ള ഒരു ഭീമായോധനത്തിൽ പങ്കുകൊള്ളുവാൻ നാം നിർബ്ബന്ധിതരായിരിക്കുന്നു." ചുരുക്കത്തിൽ പറയുന്നപക്ഷം ഈ വാദവിഷയം ഇതാണ്: ഈ യുദ്ധം, പുറമെയുള്ളതും, ക്ഷണനേരത്തേക്കുമാത്രം നിലനില്ക്കുന്നതുമായ ഈ ശരീരസംബന്ധമായിട്ടുള്ളതോ, അഥവാ അകത്തുള്ളതും ആത്മാവിനെ സംബന്ധിക്കുന്നതും ആണൊ? നവീകരണക്കാർ തങ്ങളുടെ നോട്ടത്തെ ശരീരസംബന്ധമായ സുഖത്തിലും പുറമേയുള്ള ജീവിതം മുതലായവകളിലും മാത്രം പതിക്കുന്നതിനാലാണ് ഈ വിധത്തിലുള്ള പ്രശ്നങ്ങളെല്ലാ മുത്ഭവിക്കുന്നതു്. ഇതെല്ലാം പാശ്ചാത്യരീതിയിലുള്ള മനഃസൃഷ്ടികളാണ്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായത്തിൽ പാശ്ചാത്യമതം, പൌരസ്ത്യമതം എന്ന ഭേദത്തിന്നവകാശമില്ല. എന്തെന്നാൽ മതോപദേശികളെല്ലാം തന്നെ പൌരസ്ത്യരാജ്യക്കാരാണ്.

ജീവിതോദ്ദേശങ്ങൾ ജ്ഞാനം, സുഖം, സർവ്വോപരി സമാധാനം ഇവയെല്ലാമായിരുന്നു. ഈ സമാധാനംലഭിക്കുക, മതത്തെ ആസ്പദമാക്കിജീവിക്കുന്നതായാൽ മാത്രം സാധിച്ചിരുന്നു. അതിനാലാണ് ലോകത്തിലെ സമസ്തമതങ്ങളും സമാധാനം എന്ന ബോധത്തെ ഉറ

പ്പിച്ചുപറഞ്ഞിട്ടുള്ളത്. ആ സമാധാനം ജീവിതത്തിൽ അത്യാവശ്യവും അഥവാ ഒഴിക്കുവാൻ സാധിക്കാത്തതും, പ്രത്യക്ഷപ്രമാണസംബന്ധമായതുമായ കാൎയ്യങ്ങളെ അറിയുവാനും, പ്രവൃത്തിക്കാനും തയ്യാറാണെങ്കിൽ മാത്രം ലഭിക്കുന്നതാണ്. ഈ കാൎയ്യങ്ങളെ സംബന്ധിച്ചു അഭിപ്രായഭേദം ഉണ്ടാകുമെന്നു നിസ്സംശയം പറയാം. ഈശ്വരൻ എന്നൊന്നുണ്ടെന്നുതന്നെ പറയുന്നതായാലും, എല്ലാ മനുഷ്യരും അതിനോട് യോജിക്കുമെന്നു തീൎച്ചയായി പറയുവാൻ സാധിക്കുന്നതല്ല. എന്നാൽ വിവിധമതത്തേയും, ഗ്രന്ഥങ്ങളേയും പററി ഒരു നല്ല പാണ്ഡിത്യമുണ്ടായിരിക്കുന്നതിനാൽ ഇവയൊന്നും രാജ്യാധികാരികളുടെ മതവിഷയങ്ങളിലുള്ള പ്രവേശനത്തെ അനുകൂലിക്കുന്നില്ലെന്നു പറയുവാൻ അദ്ദേഹത്തിന്നു യാതൊരു മടിയുമുണ്ടായില്ല. ക്രിസ്ത്യാനികളുടെ "പഴയ നിയമം" 'സാൽ' എന്ന രാജാവു് ദൈവാജ്ഞയെ അവഗണിച്ചതിനാൽ ശിക്ഷിക്കപ്പെടുകയും, സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും, നാടുകടത്തപ്പെടുകയും ചെയ്തതായി പറഞ്ഞിരിക്കുന്നു. യേശുക്രിസ്തു ജനങ്ങളെ "സീസറി"ൻേറതായിരുന്നതു് അദ്ദേഹത്തിന്നുതന്നെ കൊടുപ്പാനും, ഈശ്വരൻേറതു ഈശ്വരന്നുതന്നെ കൊടുപ്പാനും നിൎബ്ബന്ധിച്ചു. ഭഗവത്ഗീത ഇപ്രകാരം പറയുന്നു. "സൎവ്വധൎമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ." ഇതു് യേശുക്രിസ്തു പറയുന്നതുപോലെ തന്നെയാണ്. "നീ ആദ്യം ദൈവലോകത്തെ അന്വേഷിക്കുക; നിന്നെത്തന്നെ ഉപേക്ഷിക്കുക; കുരിശും എടുത്തു് എന്നെ പിൻതുടരുക." ഈ വിഷയത്തെപ്പററി സനാതനധൎമ്മത്തിനു രണ്ടഭിപ്രായമില്ല എന്നു് അദ്ദേഹം അരുളിച്ചെയ്തു. സനാതനധൎമ്മവും, വിശുദ്ധമായ 'ബൈബിളും' ഒരു പ്രധാന സംഗതിയിൽ യോജിച്ചിരിക്കുന്ന സമയം, ആ സംഗതിയെപ്പററി ഏതു മതാനുസരണം നോക്കിയാലും, ഒരു പക്ഷാന്തരത്തിന്നു വകയില്ലാ; എന്നല്ലാ ഉണ്ടാകുവാൻ സാദ്ധ്യവുമല്ല. അവർ ആത്മാവിനെ വകവെച്ചു എങ്കിൽ, അതിനെ തൃപ്തിപ്പെടുത്തുകയും ശമിപ്പിക്കുകയും ചെയ്തു എങ്കിൽ, ഐഹികകാൎയ്യങ്ങളെല്ലാം തന്നെത്താൻ നിറവേറുന്നതാണ്. അതാണു യേശുക്രിസ്തു സ്വീകരിച്ചമാൎഗ്ഗം.

ഹൃദയവിശ്വാസം മനുഷ്യൻേറയും ഈശ്വരൻേറയും മദ്ധ്യത്തിൽ നില്ക്കുന്ന ഒന്നാണ്. ആചാരസംബന്ധമായതും, കൎമ്മസംബന്ധമായതുമായ ആ വിശ്വാസത്തിൻെറ ഭാഗം, ആ വിശ്വാസത്തിന്നുതന്നെ നല്കപ്പെടുന്ന ഉൽകൃഷ്ടമായ പദവിയെ ആണ് അൎഹിക്കുന്നതു്. എന്തെന്നാൽ അവയെല്ലാം വിശ്വാസത്തെ ആസ്പദമാക്കി

ത്തന്നെ ഇരിക്കുന്നു. ഇതിന്റെ താല്പൎയ്യം മതവിശ്വാസത്തെ സംബന്ധിക്കുന്ന യാതൊരു സംഗതിയിലും ഉള്ള പ്രവേശനം നീതീകരിക്കുവാൻ സാധിക്കുന്നതല്ല എന്നാണ്. രാജ്യാധികാരികളുടെ ചുമതലയുമായി മതവിഷയങ്ങൾക്കു യാതൊരു ബന്ധവുമില്ലതന്നെ. അതു് ആ മനുഷ്യന്റേയും അയാളുടെ ദൈവത്തിന്റേയും ഇടക്കുള്ള ഒന്നാണ്. വിശിഷ്യ, ഒരു പ്രത്യേക സംഗതി സമുദായസംബന്ധമായതോ, മതസംബന്ധമായതോ, രണ്ടുംകൂടിയുള്ളതോ, അഥവാ രണ്ടുമല്ലാത്തതോ ആണെന്നു തീൎച്ചയാക്കുവാനുള്ള അവകാശം ആൎക്കാണ്? ഇങ്ങിനെയുള്ള ഒരു വഴക്കുണ്ടാകുന്ന സമയം, ഒരാൾ തന്റെതന്നെ പക്ഷക്കാരനാകുവാനും, താന്തന്നെ അന്യായക്കാരന്റേയും, സാക്ഷിയുടേയും, ജഡ്ജിയുടേയും, വിധി നടത്തുന്നവന്റേയും ജോലി ഒരേ സമയം അപഹരിച്ചെടുപ്പാനും എളുപ്പമുണ്ടു്.

കേരള സാഹിത്യ അക്കാദമി

രാജ്യധൎമ്മാനുസാരമായ നോട്ടം.

ബുദ്ധിപ്രമാണവാദം സംബന്ധിച്ചും, രാജ്യധൎമ്മാനുസാരമായും നോക്കുന്നതായാൽ ഈ സംഗതികൾതന്നെ വീണ്ടും ഉണ്ടാകുന്നു. എല്ലാ ഭരണരീതിയുടേയും അടിസ്ഥാനം ഒരുവൻ മറ്റൊരുവന്റെ സുഖത്തെ എതിൎക്കുകയും, കേടുവരുത്തുകയും ചെയ്യാതിരിക്കുന്നിടത്തോളം കാലം, അവന്റെ പ്രത്യേക മനസ്സാക്ഷിക്കു യോജിച്ചവിധം പ്രവൃത്തിക്കുവാൻ അവനു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം, എന്നായിരിക്കണമെന്നു് അദ്ദേഹം പറഞ്ഞു. ഈ നിയമത്തെ ഇല്ലായ്മ ചെയ്യുന്നതായാൽ പിന്നെ ആ രാജ്യത്തു് അരാജകത്വമാണുള്ളതു്. ഇത്തരം പ്രശ്നങ്ങൾ ഭൂരിപക്ഷം അനുസരിച്ചോ, അന്വേഷണം മൂലമോ, അഥവാ നിയമനിൎമ്മാണസഭകളിലെ വോട്ടുകൾ എണ്ണിയോ തീൎച്ചയാക്കുവാൻ പാടില്ല. ഏതു ഭൂരിപക്ഷത്തിന്നും, എവിടെയെങ്കിലും ഏതു വിഷയത്തെപ്പററിയും, അല്പപക്ഷത്തെ എന്നും ആ സ്ഥിതിയിൽതന്നെ വെച്ചുകൊണ്ടിരിക്കുവാനുള്ള മാൎഗ്ഗം സ്വീകരിക്കുവാൻ സാധിക്കുമോ? ഈ നവീകരണക്കാർ ഒരു അല്പപക്ഷക്കാരായിരുന്നു എങ്കിൽ അവർ അപ്രകാരമുള്ള ഒന്നു സ്വീകരിക്കുമോ? മി. ഗാന്ധി "ഹിന്ദ് സ്വരാജ്" എന്ന തന്റെ ബുക്കിൽ ഭൂരിപക്ഷക്കാരുടെ തീരുമാനം ഒരിക്കലും അല്പപക്ഷക്കാർ സ്വീകരിക്കേണ്ടതായി വരികയില്ലെന്നും, സകല സമുദായഭരണരീതിയും അല്പപക്ഷക്കാർ ഭൂരിപക്ഷക്കാരെ വിശ്വസിപ്പിക്കാനും, തങ്ങളുടെ ഭാഗത്തോടു ചേൎക്കാനും ചെയ്ത ഉദ്യമത്തിന്റെ ഫലമാണെന്നും, അനേക കാലത്തിന്നുശേഷം അവർ വിജയികളാകുന്ന സമയം അല്പ

പക്ഷക്കാൎക്കുതന്നെ ഭൂരിപക്ഷം ലഭിക്കുന്നു എന്നും, തന്മൂലം സമുദായഭരണരീതിയുണ്ടാകുന്നു എന്നും പറഞ്ഞിരിക്കുന്നു. ഈ വിധത്തിലുള്ള എല്ലാ ഭരണരീതിയിലും, എല്ലാവരുടേയും മനസ്സാക്ഷിക്കു സ്വാതന്ത്ര്യം നല്കപ്പെടേണ്ടതാണ്. ഈ പൊതുജനാലോചനാരീതി, എല്ലാം സമ്മിശ്രമാക്കുന്നു. അവർ എവിടെ ആയിരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അവൎക്ക് ഒരിക്കലും അറിവാൻ സാധിക്കുന്നില്ല. പിന്നെ വോട്ടു ചെയ്യേണ്ട വിഷയത്തെപ്പററിയാണെങ്കിൽ, ഉണ്ടാകുന്ന ചോദ്യം ഇതാണ്. ഈ ഭരണാധികാരികളെ തിരഞ്ഞെടുത്തവരുടെ ഹിതപ്രകാരം എല്ലാം ടിക്കററുകളിൽ വോട്ടുചെയ്വാൻ സാധിക്കുന്നതാണോ? അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ടവർ ആണെങ്കിൽതന്നെ ഓരോരുത്തൎക്കും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുവദിക്കേണ്ടതാകുന്നു.

അദ്ദേഹം ഇങ്ങിനെ തുടരുന്നു. ക്ഷേത്രപ്രവേശനബില്ല് നിയമസഭയിൽ പാസ്സാക്കപ്പെട്ടു എന്നും, ക്ഷേത്രങ്ങൾ എല്ലാവൎക്കും തുറന്നുകൊടുക്കപ്പെട്ടു എന്നും വിചാരിക്കുക. ക്ഷേത്രപ്രവേശനത്തെ എതിൎക്കുന്നവൎക്കു ഭൂരിപക്ഷം ലഭിക്കുന്നതായാൽ—ഇപ്പോൾ അവർ ഒരു അല്പപക്ഷക്കാരാണെന്ന് അദ്ദേഹം സമ്മതിക്കുന്നില്ല; ഈ സംഗതി അദ്ദേഹം തൎക്കത്തിന്നായി മാത്രം സമ്മതിച്ചതാണ്—അവർ ക്ഷേത്രങ്ങളെ വീണ്ടും അടക്കുവാൻതന്നെ നിയമം പാസ്സാക്കും. അപ്പോൾ ഇടവിട്ടു ക്ഷേത്രങ്ങൾ അടക്കപ്പെടുകയും, തുറക്കപ്പെടുകയും ചെയ്യും! ക്ഷേത്രങ്ങളേയും അവയിൽ നടത്തപ്പെടുന്ന ദേവാരാധനയേയും ഇപ്രകാരം 'വോട്ടി'ന്റെ കളിപ്പണ്ടങ്ങളാക്കിത്തീൎക്കുവാൻ പാടുണ്ടോ എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. ഇവയെ അവൎക്ക് ഒരു നാടകമാക്കിത്തീൎക്കാമോ? ഇതു 'തലയെണ്ണി' തീൎച്ചപ്പെടുത്താവുന്ന സംഗതിയല്ല; ഈ വിഷയങ്ങളിൽ പ്രത്യേക പാടവം സമ്പാദിച്ചിട്ടുള്ള വിദ്വാന്മാരോടു ചോദിച്ചു തീരുമാനിക്കേണ്ടതാണ്. ചികിത്സ മുതലായവപോലെയാണ് ഈ കാൎയ്യങ്ങളും. അവൎക്ക് ആരോഗ്യത്തിന്ന് അനുകൂലമായും പ്രതികൂലമായും വോട്ടു ചെയ്ത്, നല്ല ആരോഗ്യത്തെ ഉണ്ടാക്കുവാനും ഇല്ലാതാക്കുവാനും സാധിക്കുമോ?

രണ്ടു മാൎഗ്ഗം മാത്രം.

ക്ഷേത്രപ്രവേശനനിയമം പാസ്സാക്കപ്പെടുന്നപക്ഷം ശരിയായ സനാതനികൾക്കു രണ്ടു മാൎഗ്ഗം മാത്രമാണു സ്വീകരിക്കുവാൻ സാധിക്കുന്നുള്ളു. ക്ഷേത്രങ്ങളിൽ പോയി തന്റെ മനസ്സാക്ഷി വിരോധിക്കുന്നവരുമൊരുമിച്ചു ദേവാരാധന നടത്തുക, അല്ലാത്തപക്ഷം ക്ഷേത്രദേവാരാ

ധന നിരൂത്തുക. അതും അവരുടെ വിശ്വാസത്തിന്നു വിരോധമാണ്. മൂന്നാമതൊരു മാൎഗ്ഗം ഇല്ലാത്തതിനാലും, ഈ രണ്ടു മാൎഗ്ഗവും സ്വീകരിപ്പാൻ തങ്ങളുടെ മനസ്സാക്ഷി സമ്മതിക്കാത്തതിനാലും, അപ്രകാരമുള്ള ഒരു നിയമത്തിൻെറ ഫലത്തെ എതിൎക്കാതെ അവൎക്കു നിവ്വാഹമില്ലാതെ വരുന്നു. "രണ്ടോ മൂന്നോ ആളൊന്നിച്ചു ശരിയായ മാൎഗ്ഗത്തിൽ കൂടി പോകുവാൻ മടിക്കുന്നവർ, അടിമകളാണ്." നിയമസഭകൾ അപ്രകാരം ഒരു നിയമത്തെ പാസ്സാക്കുന്നതായാൽ, അതിനെ ബലമായി എതിൎക്കുക എന്നല്ലാതെ, ആ നിയമത്തെ അനുസരിപ്പാൻ മടിയുള്ള ഒരുവന് എന്താണു സാധിക്കുന്നത്? വാസ്തവത്തിൽ അപ്രകാരമുള്ള ഒരു നിയമം പാസ്സാക്കിയാൽ, അവർ ഇൻഡ്യയിൽ ഇംഗ്ലണ്ടിലെ രാജ്ഞിമാരായിരുന്ന മേരിയുടേയും, എലിസബത്തിൻേറയും കാലം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു എന്നു തീൎച്ചയാക്കാം. തന്നെ സംബന്ധിച്ചിടത്തോളം മാത്രം പറയുന്നതായാൽ, താൻ മതവിശ്വാസത്തേയും, സ്വന്ത മനസ്സാക്ഷിയേയും വിരോധിക്കാത്ത ഏതൊരു വഴിയും സ്വീകരിപ്പാൻസന്നദ്ധനാണെന്നു സ്വാമിയാർ പറയുകയുണ്ടായി. "നെഹ്രു ഭരണരീതി" (The Nehru Constitution) ഇവയെ രണ്ടിനേയും ഭാവിയിലുണ്ടാകുന്ന ഏതു ഭാരതഭരണരീതിയുടേയും പ്രധാനമായ നിയമങ്ങളായി സമ്മതിച്ചിട്ടുണ്ട്. അതു ഒരു സഹവൎത്തകത്വത്തെപ്പററിയുള്ള ചോദ്യംകൊണ്ടല്ല. അതു മററുള്ളവരുടെ മനസ്സാക്ഷി ആദരിക്കപ്പെടേണ്ടതുതന്നെ ആണോ എന്ന ചോദ്യംകൊണ്ടു മാത്രമാണ്; ഒരുപക്ഷേ ഈ വിശ്വാസം തെററായിരിക്കാം, അല്ലെങ്കിൽ ശരിയായിരിക്കാം; അന്ധവിശ്വാസം മാത്രമായിരിക്കാം, അഥവാ ജ്ഞാനംകൊണ്ടായിരിക്കാം; ബാലന്മാൎക്കു യോഗ്യമായതായിരിക്കാം, അല്ലെങ്കിൽ മുതിൎന്നവൎക്കു യോഗ്യമായിരിക്കാം. ഒരിക്കൽ ഇംഗ്ലണ്ടിൽ പാർളിമെൻറ് അവരുടെ "പ്രാൎത്ഥനാപുസ്തക"ത്തെ ഭേദപ്പെടുത്താനുള്ള ഒരു ബില്ലു തള്ളിക്കളഞ്ഞു; സാമാന്യമനുഷ്യരുടെ ഒരു യോഗത്തിന്നു മതവിഷയസംബന്ധമായ ഈ കാൎയ്യത്തിൽ പ്രവേശിക്കാൻ അധികാരമില്ലെന്നതാണ് അതിനുള്ള കാരണം. എന്നാൽ ഇൻഡ്യയിൽ അവർ അപ്രകാരമുള്ള ഒരു ചോദ്യം തീൎച്ചപ്പെടുത്തുവാൻ, ഒരു സാമാന്യമനുഷ്യരുടെ സംഘത്തിന് അനുവാദം കൊടുക്കാമോ? അത്ര മാത്രമല്ല വിദേശീയരും, അന്യമതക്കാരും അടങ്ങിയ ഒരു യോഗത്തിൽവച്ച് നമ്മുടെ മതത്തേയും, മതഗ്രന്ഥങ്ങളേയും, ആരാധനാക്രമത്തേയുംപററി ഒരറിവും ഇല്ലാത്തവരേയുംകൂടി, ആ വിഷയത്തെപ്പററി ഒരു തീൎപ്പു കല്പിക്കുവാൻ അനുവദി

ക്കാമോ? "സ്വരാജ്" എന്നതിന് തന്നത്താൻതീരുമാനിക്കുക, അതുപോലെ ഭരിക്കുക എന്നാണ അൎത്ഥമെങ്കിൽ, ഈ നില യുക്തിക്കു യോജിച്ചതുതന്നെ ആണോ? വാസ്തവത്തിൽ "സ്വയം തീൎപ്പി"ന്റെ നേരെ വിപരീതമായിട്ടുള്ളതാണ് ഇത്!

അവക്കെല്ലാം സമാധാനം ആയിരുന്നു ആവശ്യം. എല്ലാ മതത്തിന്റേയും ഉദ്ദേശിക്കപ്പെട്ട അന്ത്യത്തി അതുതന്നെയാണ്. തന്റെ വിശ്വാസം എതിൎക്കപ്പെടുന്നതല്ലെങ്കിൽ മാത്രമേ, ഒരുവൻ മററുള്ളവരോടു ചേരുകയുള്ളൂ. അതിനാൽ അവരവരുടെ വിശ്വാസത്തെ പരസ്പരം എതിൎക്കുന്നതല്ലെന്ന്, അവരെല്ലാം ആദ്യം സമ്മതിക്കണം. എന്നാൽ അവൎക്ക് യോജിക്കുന്നതിനും, ഒരുമിച്ച് പണിയെടുക്കുന്നതിനും സാധിക്കും. സഹകരണം വേണമെന്ന്, ഗണനീയമായ അഭിപ്രായവ്യത്യാസമുള്ള കാൎയ്യങ്ങളിൽ, നിൎബ്ബന്ധിക്കുവാൻ സാധിക്കുകയില്ല. സഹവാസം നല്ലതും വേണ്ടതും തന്നെ. എന്നാൽ ആരുടേയും സഹവാസാവകാശത്തിന്, അന്ത്യത്തി കല്പിക്കാതിരുന്നിട്ടില്ല. അതു മററൊരുവന്റെ അകൽച്ചാവകാശംകൊണ്ടു തീരുമാനിച്ചിരിക്കുന്നു. നിയമസംബന്ധമായി ഗവൎമ്മേന്റിന്റെ, മതത്തെ സംബന്ധിച്ച ഒരു രക്ഷ അവൎക്കുണ്ടായിരുന്നു എങ്കിൽ, പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യമുണ്ടാകുമായിരുന്നില്ല. അതുണ്ടെങ്കിൽ എല്ലാ കൂട്ടരും രാഷ്ട്രീയമാൎഗ്ഗത്തിൽക്കൂടി മാത്രം ഓരോ വേലയും എടുക്കുമായിരുന്നു.

നവീകരണക്കാർ ഈ കാൎയ്യത്തിൽ വിജയികളാകുന്നപക്ഷം, അത് പുളിന്റെ കനംകുറഞ്ഞ തല മാത്രമാണെന്ന് എല്ലാവൎക്കും ഓൎമ്മയിരിക്കട്ടെ. അവർ ഇത് എന്തിനാണ് തള്ളിക്കേററുന്നത് എന്നു ഹിന്ദുക്കൾ അറിയുന്നില്ലായിരിക്കാം. ഡാക്ടർ അംബത്കറുടെ അടുത്തകാലത്തെ പ്രസ്താവന, കലവറക്കകത്തിരിക്കുന്നതെന്തെന്നു കാണിച്ചുതന്നു. അയാൾക്ക് അസ്പൃശ്യതയെ മാത്രമല്ല ഇല്ലായ്മ ചെയ്യേണ്ടത്; ജാതിവ്യത്യാസംതന്നെ ഇല്ലാതാക്കണമത്രേ. ഈ കുടുക്കുകൾ എല്ലാം കണ്ടതിനുശേഷവും, താൻ അതിലെല്ലാം കുടുങ്ങുമെന്നു മനസ്സിലായിട്ടും, ഈ ക്ഷേത്രപ്രവേശനനിയമം വേണമെന്ന് അവർ ഉദ്ദേശിക്കുകതന്നെ ചെയ്യുന്നു എങ്കിൽ, അതു കൊള്ളാം; പരമാൎത്ഥത്തിൽ, അവർ അതിനായി അക്ഷീണപരിശ്രമം ചെയ്കതന്നെ വേണം. അതല്ല എന്നുണ്ടെങ്കിൽ സ്വല്പം നില്ക്കുക; നല്ലവണ്ണം ആലോചിക്കുക. എന്നാൽ ഏതു മാൎഗ്ഗം സ്വീകരിച്ചാലും അവർ ഇൻഡ്യയുടെ വിലമതിക്കാൻ പാടില്ലാത്തതും, പുരാതനമായതുമായ തറവാട്ടുമുതലിനേയും, മാൎഗ്ഗങ്ങളേയും,

സംസ്കാരത്തേയും, ഭാവത്തേയും, സർവ്വോപരി ആത്മാവിനേയും സ്വല്പംപോലും ദോഷപ്പെടുത്തുവാൻ ഇടയുള്ളതായ, യാതൊന്നും പ്രവൃത്തിക്കരുതേ!

ദി ഇന്ത്യൻ മിറർ.

നവീകരണക്കാരുടെ ഗതി.

(കഴിഞ്ഞ ഫെബ്രുവരി ആദ്യം, ക്ഷേത്രപ്രവേശനവിഷയത്തെപ്പററി പുണ്യമൂർത്തിപുരിയിലെ ജഗൽഗുരു ശങ്കരാചാര്യരും, മിസ്റ്റർ രംഗയ്യരും, ഗാന്ധിജിയുമായി കത്തിടവാടുകൾ ചെയ്കയുണ്ടായി. ഈ വിഷയത്തിന്നെതിരായി പുണ്യമൂർത്തി ജഗൽഗുരു, മറുവടിയിൽ പ്രസ്താവിച്ച സംഗതികളെല്ലാം പൊതുജനങ്ങളെ തെര്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡാക്ടർ ശങ്കരനാരായണയ്യർ, സമസ്തഭാരതവർണ്ണാശ്രമസ്വരാജ്യസംഘത്തിന്റെ അടിയന്തരാവശ്യക്കമ്മററിയുടെ സിക്രട്ടറി, പുണ്യമൂർത്തിയെ സന്ദർശിക്കുകയും, അതിന്റെ ഫലമായി താഴെ പറയുന്ന കത്ത് ഗാന്ധിജിക്കെഴുതുകയും ചെയ്തു.)

പുണ്യമൂർത്തിപുരിയിലെ ശങ്കരാചാര്യർ, മി: രംഗയ്യക്കയച്ച കമ്പിയെപ്പററി അറിയുവാനും, രംഗയ്യരുടെ അതിനെപ്പററിയുള്ള പ്രസ്താവന അറിയുവാനും, രണ്ടിനേയുംപററി നിങ്ങളുടെ അഭിപ്രായം അറിയുവാനുമായി ഞാൻ സ്വാമിയാരെ സന്ദർശിച്ചു. എല്ലാ വിഷയങ്ങളെപ്പററിയും, അദ്ദേഹത്തിൽനിന്നു വിസ്തരിച്ചുള്ള ഒരു മറുവടി ലഭിക്കുകയുണ്ടായി. ഫെബ്രുവരി 8-ാംനു- മി: രംഗയ്യരുടെ സ്വന്തം ജ്യേഷ്ഠൻ, മി: മഹാദേവയ്യർ, സ്വാമിയാർ രംഗയ്യക്കയച്ച കമ്പിയെപ്പററി അറിയുവാനും, രംഗയ്യരുടെ മറുവടി അറിയുവാനും സ്വാമിയാരെ പാലക്കാട്ടുവെച്ചു കാണുകയുണ്ടായി, എന്നു ഞാൻ അറിയുന്നു. ഈ സന്ദർശനത്തെപ്പററിയ ഒരു റിപ്പോർട്ടു അദ്ദേഹം ഉടൻതന്നെ വിസ്തരിച്ച് ന്യൂഡെൽഹിയിലെ, അസ്സോഷിയേററഡ് പ്രസ്സിന്നു കമ്പിമാർഗ്ഗമായി അയച്ചുകൊടുത്തു. എന്നാൽ അസ്സോഷിയേററഡ് പ്രസ്സ്, അതിന്റെ അസ്ഥിക്കൂടം മാത്രമായുള്ള, മാംസമില്ലാത്ത, രക്തമില്ലാത്ത, ദശയില്ലാത്ത, ഒന്നുമില്ലാത്ത ഒരു വിവരം മാത്രം—അതും വളരെ വളരെ താമസിച്ച്—പരസ്യപ്പെടുത്തി. തന്മൂലം അതിന്റെ ഏററവും പ്രധാനപ്പെട്ട സംഗതികളെല്ലാം കവന്നെടുക്കപ്പെടുകയും, അതിന്റെ ശക്തി

നശിക്കപ്പെടുകയും, അതിനു അംഗഭംഗം സംഭവിക്കപ്പെടുകയും, അതു കേവലം ഒരു അസംബന്ധപ്രലപനം മാത്രമായി തീൎക്കപ്പെടുകയും ചെയ്തു.

വൎത്തമാനപ്രവൃത്തിശാഖകളും, പത്രങ്ങളും, എന്നും ഈ പക്ഷഭാവത്തോടെ പെരുമാറുന്നതിനാൽ, അനുകൂലമല്ലാത്ത പരമാൎത്ഥങ്ങളും, അക്കങ്ങളും, പ്രസംഗങ്ങളും വിട്ടുകളയുന്നതിനാൽ പോരാ, പലപ്പോഴും വളച്ചുപുളച്ചു വിപരീതമാക്കിത്തീൎത്തു, തങ്ങളുടെ പക്ഷഭാവത്തോടെയുള്ള കാഴ്ചയെ ശരിയായ വൎത്തമാനമായി പരസ്യംചെയ്യുന്നതിനാൽ, സ്വാമിയാർ ഈ സന്ദൎശനത്തെപ്പറ്റിയ ഒരു വിസ്തരിച്ചുള്ള വിവരം പത്രത്തിനയച്ചുകൊടുത്തു് സമയവും, പണവും, ശേഷിയും വിനിയോഗിച്ചിട്ടാവശ്യമില്ലെന്നു അഭിപ്രായപ്പെട്ടു. എന്തെന്നാൽ അതുകൊണ്ടു് അദ്ദേഹത്തിൻെറ പ്രസ്താവനയെ അംഗഭംഗപ്പെടുത്താമെന്നും, സൂക്ഷ്മമായ അറിവില്ലാത്തവരെ തെററിധരിപ്പിക്കാമെന്നുമല്ലാതെ, യാതൊരു ഫലവുമുണ്ടാകയില്ല. ഏതായാലും സ്വാമിയാരും ഞാനും, നിങ്ങൾ മനഃപൂൎവ്വമായി പരമാൎത്ഥത്തെ മറച്ചു് ഇപ്രകാരമുള്ള ഒരു പൊതുജനവഞ്ചനക്കൊരുമ്പെടുകയില്ലെന്നു വിശ്വസിക്കുന്നതിനാൽ, ഞാൻ ഇന്നു നിങ്ങൾക്കു നേരിട്ടെഴുതുകയും, ഈ സന്ദൎശനത്തെപ്പററി വിസ്തരിച്ചുള്ള ഒരു വിവരം അറിയിക്കയും ചെയ്യുന്നു. നിങ്ങൾ ജഗൽഗുരുവിൻെറ ഈ അഭിപ്രായങ്ങളേയും, ഉണ്ടെങ്കിൽ അവയ്ക്കുള്ള നിങ്ങളുടെ മറുവടിയേയും, പത്രങ്ങൾക്കയച്ചുകൊടുത്തു് പരസ്യപ്പെടുത്തിക്കുമെന്നും, അങ്ങിനെ സത്യത്തേയും, ന്യായത്തേയും, നിഷ്പക്ഷതത്തേയും സംരക്ഷിക്കുമെന്നും, നിങ്ങളുടെ നിഷ്ഠാപട്യത്തിലും, പരമാൎത്ഥത്തിലും ഉള്ള എൻേറയും സ്വാമിയാരുടേയും വിശ്വാസത്തെ, അൎത്ഥവത്താക്കിത്തീൎക്കുമെന്നും ഞങ്ങൾ പൂൎണ്ണമായി വിചാരിക്കുന്നു.

മനഃസ്സാക്ഷിയാണു് സൎവ്വാധികാരി.

"ഓരോ മനുഷ്യനും അവൻെറ മനസ്സാക്ഷിയാണു് ദൈവം" എന്ന രംഗയ്യരുടെ പ്രമാണവാക്യത്തിന്നും, രംഗയ്യരുടെ ബില്ലുകൾ "മതസ്വാതന്ത്ര്യത്തെ ശുഷ്കാന്തിയോടെ സംരക്ഷിക്കുന്നതല്ലാതെ, അതുമായി ഇടപെടുന്നില്ലെ"ന്നുള്ള നിങ്ങളുടെ മതത്തിന്നും മറുവടിയായി, പുണ്യമൂൎത്തി ഇങ്ങിനെ മറുവടി നല്കിയിരിക്കുന്നു. തൻെറ മനസ്സാക്ഷി പറയുന്നതെല്ലാം തൻെറ ഈശ്വരൻ പറയുന്നതായി വിശ്വസിച്ചു്, അതിന്നനുസരിച്ചു പ്രവൃത്തിയ്ക്കുവാൻ അധികാരം ആവശ്യപ്പെടുന്ന ഒരാൾ, മററുള്ളവരുടെ മനസ്സാക്ഷി പറയുന്നതെല്ലാം അവരുടെ ഈശ്വ

രൻ പറയുന്നതായി വിചാരിച്ച്, അതിന്നനുസരണമായി പ്രവൃത്തിക്കുവാൻ അവക്കധികാരം നല്കേണ്ടതാണ്. അവൻ തന്റെ അഭിപ്രായം എത്ര പരിശുദ്ധമായിട്ടുള്ളതായാലും, ബലമുള്ളതായാലും, മററുള്ളവരെ നിർബ്ബന്ധിച്ച് അനുസരിപ്പിക്കുവാൻ പാടില്ല. ഈ ആത്മനിയമം അല്ല, തത്വനിയമം അനുവദിക്കുന്നതായാൽ, വാസ്തവത്തിൽ മി: രംഗയ്യരുടെ ബില്ലുകൾ —അറിഞ്ഞിട്ടോ അറിയാതേയോ— മതവിഷയമായ ആരാധനയിൽപോലും, അവർണ്ണരുമായി ചേർന്നുകഴിയുവാൻ, സവർണ്ണഹിന്ദുക്കളെ നിർബ്ബന്ധിക്കുവാൻ ശ്രമിക്കുന്നുണ്ടെന്ന്, സ്പഷ്ടമായി കാണുവാൻ കഴിയും: എന്നു മാത്രമല്ല, ചില പ്രത്യേക ആളുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും, വർഗ്ഗക്കാരിൽനിന്നും, പിരിഞ്ഞുനില്ക്കുവാനുള്ള സവർണ്ണരുടെ സ്പഷ്ടമായ അവകാശത്തെ അന്യായമായി ഇല്ലായ്മ ചെയ്യുന്നതായിരിക്കുന്നു! മററുള്ളവരുമായി സഹവസിക്കുന്നതിനുള്ള അവർണ്ണരുടെ അവകാശം, അനിശ്ചിതമായതായിരുന്നില്ല. എന്നാൽ അവർണ്ണരിൽനിന്നും, അകന്നുനില്ക്കുവാനുള്ള മററുള്ളവരുടെ അവകാശംകൊണ്ട്, ക്ലിപ്തപ്പെടുത്തിയിരുന്നു. ഈ അകന്നുനില്ക്കുവാനുള്ള അവകാശം, ശുദ്ധഭ്രമമുള്ള പക്ഷഭാവത്തെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതായാൽപോലും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതാണ്. എന്നാൽ, സനാതനധർമ്മമാകുന്ന ക്ഷേത്രാരാധനയെ ഭരിക്കുന്ന ആഗമങ്ങളെ അവർ പൂർണ്ണമായി വിശ്വസിക്കുന്നതിനാൽ, അവരെ ബാധിക്കുന്നതായ അതു് ഒന്നുകൂടി ബലവത്തരമാക്കി ചെയ്യപ്പെടുന്നു. ഈ സന്ദർഭത്തിൽ സ്വാമിയാർ, "മാൻചെസ്ടർ ഗാർഡിയൻ" എന്ന പത്രത്തിൽ ഈയിടെ പരസ്യപ്പെടുത്തിയിരുന്ന ഒരു ലേഖനം നോക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അതിൽ, അവർണ്ണരുടെ ക്ഷേത്രപ്രവേശനാവകാശത്തെ, ആംഗ്ലീയസദാചാരം അനുസരിക്കാത്ത ഒരുവന്റെ, പ്രാർത്ഥനയ്ക്കായി "വെസ്റ്റ്മിനിസ്റ്റർ ആബി" (ഇംഗ്ലണ്ടിലെ ഏററവും ശ്രേഷ്ഠമായ പള്ളി)യിൽ പ്രവേശിക്കണമെന്ന അവകാശത്തോടല്ല, ആംഗ്ലീയസദാചാരം അനുസരിക്കാത്ത ഒരുവന്റെ, ഇംഗ്ലണ്ടിലെ പള്ളിയിലെ ഒരു പുരോഹിതന്റെ പക്കൽനിന്നും വിശുദ്ധകർമ്മം സ്വീകരിപ്പാനുള്ള അവകാശത്തോടാണ്, താരതമ്യപ്പെടുത്തിയിരിക്കുന്നതു്! കുറേക്കൂടി അടുപ്പമുള്ള മറെറാരുദാഹരണം പറയുന്നതായാൽ, ഇൻഡ്യാഗവർമ്മേണ്ടിന്ന് ശക്തിയേറിയ ഒരു നിസ്സഹകരണക്കാരനെ, അതുമായി സഹകരിക്കുവാൻ നിർബ്ബന്ധിക്കുവാൻ സാധിക്കുമോ? രാഷ്ട്രീയവും മററുമായ സാധാരണ കാര്യങ്ങളിൽ നില ഇങ്ങിനെ ആയാൽ, മതപരിധിക്കുള്ളിലുള്ള

വിശ്വാസത്തിന്റെ നില, എത്രത്തോളം കൂടിയതായിരിക്കണം?

ശ്രുതികളുടെ വിരോധമുള്ളവ.

ഇല്ല; ആരാധകന്മാർ ക്ഷേത്രങ്ങളിൽ തങ്ങൾക്കിഷ്ടമുള്ളവരെ എല്ലാം കൊണ്ടുപോകുവാൻ അധികാരമില്ല. ആഗമങ്ങൾ മാത്രമാണ് നമ്മെ ക്ഷേത്രങ്ങൾ നിർമ്മിക്കുവാനും, വിഗ്രഹത്തെ ഒരു പ്രത്യേക വിധത്തിൽ പ്രതിഷ്ഠിക്കുവാനും അനുവദിച്ചിട്ടുള്ളതു്. ആ ക്ഷേത്രത്തിന്റെ വിശുദ്ധിയിലും, വിഗ്രഹങ്ങളുടെ ശക്തിയിലും, ആരാധനാരീതിയുടെ ഫലത്തിലും, നമുക്കുള്ള വിശ്വാസം ഉള്ളിലുള്ള യാതൊരീശ്വരന്റെയും വാക്കിനെ പ്രമാണിച്ചോ, മനസ്സാക്ഷിയുടെ പ്രേരണകൊണ്ടോ, അഥവാ നാം സ്വന്തമായോ ശാസ്ത്രസംബന്ധമായോ മററുവല്ലവിധത്തിലുമോ, അപ്രകാരമുള്ള മാഹാത്മ്യവും ഫലവും ഉണ്ടാകുമെന്നു് തന്നത്താൻ അറിഞ്ഞിട്ടുള്ളതുകൊണ്ടോ, ഉണ്ടായിട്ടുള്ളതല്ല. പ്രത്യുത അതു് ആഗമങ്ങളുടെ അധികാരംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതാണു്. എന്നാൽ ആ ആഗമങ്ങൾതന്നെ അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ വിരോധിച്ചിരിക്കുന്നു. ആഗമങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ക്ഷേത്രാരാധനയിൽ നമുക്കു് വിശ്വാസമുള്ളപ്പോൾ, അതു വിരോധിച്ചിരിക്കുന്ന സംഗതിയെ മാത്രം, നാം എങ്ങിനെ ആണു് വിശ്വസിക്കാതിരിക്കുന്നതു്? ഒന്നുപോലെ നാം ശ്രുതികളുടെ രണ്ടു ഭാഗവും ദിവ്യമായ ഉപദേശമായി വിചാരിക്കണം; എന്നിട്ടു് അവയെ അനുസരിച്ചുതന്നെ ആരാധനനടത്തണം; അല്ലാത്തപക്ഷം ആ ശ്രുതിയെ ഉപേക്ഷിച്ചു്, ആ ആരാധനതന്നെ തള്ളിക്കളയണം! നമുക്കു ഒററ ശ്വാസംകൊണ്ടു്, ചൂടും തണുപ്പും ഉണ്ടാക്കുവാൻ സാധിക്കുകയില്ല. അല്ലെങ്കിൽ മി: രമേശജഡ്ജി (ഒരു തനി നവീകരണക്കാരനും, അ-സനാതനിയുമാണു്) പറയുമ്പോലെ, അപ്പം തിന്നുന്നതിനും, വച്ചുകൊണ്ടിരിക്കുന്നതിനും, സാധിക്കുന്നതല്ല. ഒരു മതത്തെ പൂർണ്ണമായി വിശ്വസിക്കുന്നതിനും, അതേസമയംതന്നെ അതിന്റെ നിയമങ്ങൾ മാഹാത്മ്യമില്ലാത്തവയും, തന്നെ ബാധിക്കാത്തവയും ആയി വിശ്വസിക്കുന്നതിനും അസാദ്ധ്യമത്രേ! അതിനാൽ ആരാധനക്കാരിൽ നൂറു ശതമാനംപേർക്കു തന്നെയും—അതിനാൽ അവരിൽ ഭൂരിപക്ഷം ആളുകൾക്കു തീരെ ഇല്ല—തങ്ങൾക്കു ക്ഷേത്രങ്ങളിൽ അരെ എല്ലാംകൂടെ കൊണ്ടുപോകാമെന്നു തീരുമാനിക്കുവാനുള്ള അധികാരം ഇല്ല! ഇതിനെപ്പററി തീരുമാനിക്കുവാൻ, ഇതിനെപ്പററി പറയുന്ന ആഗമങ്ങൾക്കു മാത്രമേ അധികാരമുള്ളു!

സ്വമതത്യാഗികൾ.

ഒരു ശങ്കരാചാൎയ്യർ എന്ന നിലയിൽ തന്റെ ഉത്തരവാദിത്വത്തെപ്പററി, ഒരു പൂൎണ്ണബോദ്ധ്യത്തോടുകൂടിതന്നെ ആണ്, ജഗൽഗുരു തന്റെ കമ്പിയിൽ 'വിശ്വാസഘാതകൻ' അഥവാ "സ്വമതത്യാഗി" എന്ന പദം ഉപയോഗിച്ചിരുന്നതു്! അദ്ദേഹം നിങ്ങളെ 'ശ്രീബുദ്ധനു'മായി ഉപമിച്ചതിൽ അടങ്ങിയിരിക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നു് നിങ്ങൾ മി: രംഗയ്യരുമായി ആലോചിച്ചു തീൎച്ചപ്പെടുത്തിക്കൊള്ളുക. അങ്ങിനെതന്നെ ഗാന്ധിമതത്തിന്റെ ഇൻഡ്യയിലെ ഭാവിയും അറിയുവാൻ ശ്രമിക്കുക! എന്നാൽ ഒരു പുണ്യസ്ഥാപനത്തിൽ, ആ സ്ഥാപനത്തെ ഭരിക്കുന്ന ആഗമങ്ങൾതന്നെ വിരോധിച്ചിരിക്കുന്നവൎക്കു പ്രവേശനാനുവാദം നല്കണമെന്നാവശ്യപ്പെടുന്നവരെ—ഒടുവിൽ നിങ്ങൾതന്നെ അതു സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു— 'സ്വവിശ്വാസത്യാഗി', അഥവാ 'സ്വമതത്യാഗി', അല്ലെങ്കിൽ 'വിശ്വാസഘാതകൻ' എന്നല്ലാതെ മറെറാരു പദംകൊണ്ടു് വിളിക്കുവാൻ സാധിക്കുന്നതല്ലെന്നു സ്വാമിയാർ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു! ഒരു ക്ഷേത്രത്തിലെ ആരാധനക്കാൎക്കു്—അവരുടെ സംഖ്യ എത്രയായാലും കൊള്ളാം —ആ ക്ഷേത്രത്തെത്തന്നെ ഭരിക്കുന്ന ആഗമങ്ങൾ ചെയ്തിരിക്കുന്ന പ്രധാനമായ വിരോധത്തെപ്പോലും ഗണിക്കാതെ പ്രവേശനനിയമത്തെ വകവെക്കാതിരിക്കുകയോ, അഥവാ വ്യത്യാസപ്പെടുത്തുകയോ ചെയ്യാം. എന്നിട്ടു് അവർ തങ്ങളെ എന്തുതന്നേയും വിളിച്ചുകൊള്ളട്ടെ. എന്നാൽ അവൎക്കു് ആ ക്ഷേത്രത്തെ സംബന്ധിച്ചു പിന്നെ യാതൊരവകാശവും ഉള്ളതായി പറയുവാൻ പാടില്ല! തങ്ങളുടെ പ്രവൃത്തികളിൽ ആ ആഗമനിയമങ്ങളെ മുറുക്കി പിടിച്ചിരുന്നവർ, മുമ്പു പറയപ്പെട്ടവർ അവരുടെ മതത്തെ ത്യജിച്ചവരാണെന്നു വിചാരിക്കുന്നതായാൽ അതു ന്യായമായിരിക്കും—പോരാ, അവർ സ്വമതത്യാഗികളാണെന്നു വിചാരിക്കാതെ മതവിശ്വാസമുള്ളവൎക്കു നിൎവ്വാഹവുമില്ല! (ന്യായമായി ഇതിൽ വേറൊന്നുകൂടി സൂചിപ്പിച്ചിട്ടുണ്ടു്. അതായതു് ആ ക്ഷേത്രങ്ങളെ ഭരിക്കുന്ന ആഗമനിയമങ്ങൾക്കു വിരോധമായി ക്ഷേത്രങ്ങളിൽ പ്രവേശനാനുവാദം ലഭിക്കണമെന്നുദ്ദേശിക്കുന്ന അവൎണ്ണർ മാത്രമല്ല, അവൎക്കു പ്രവേശനാനുവാദം നല്കാൻ തയ്യാറുള്ള സവൎണ്ണൎക്കു തന്നെയും മേലിൽ ആ ക്ഷേത്രങ്ങളിൽ കടക്കുവാൻ അവകാശമില്ല.) ഇതുതന്നെ ആണു് 'സ്വമതത്യാഗി', അഥവാ 'വിശ്വാസഘാതകൻ' എന്നു പറഞ്ഞതിന്റെ അൎത്ഥം. നിശ്ചയമായും തന്റെ മതത്തിലും,

ശ്രുതികളിലും ഉള്ള വിശ്വാസം നശിച്ച ഒരുവന്ന് അതിനേയും, അവയേയും ഉപേക്ഷിക്കുവാനുള്ള അധികാരമുണ്ട്. എന്നാൽ—അയാളുടെ മൂച്ച്യയില്ലാത്ത വാസ്തവംകൊണ്ടും, നിഷ്കാപട്യംകൊണ്ടും പുണ്യമൂർത്തി ജഗൽഗുരു വളരെ അഭിനന്ദിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഡാക്ടർ അംബെത്കരെപ്പോലെ—അങ്ങിനെ ഉള്ള ഒരു മനുഷ്യൻ മുമ്പോട്ടു വന്നു ധൈര്യസമേതം കാര്യം 'പച്ച'യായി പറയണം. അല്ലാതെ തൻെറ മനസ്സിൽനിന്നും ബഹിഷ്കരിക്കുകയും, പ്രവൃത്തികളിൽ അവഗണിക്കുകയും ചെയ്തിരിക്കുന്ന ഒരു മതത്തിലും, ശ്രുതികളിലുമുള്ള വിശ്വാസമാകുന്ന ചേലക്കുള്ളിൽ ഒളിച്ചുനില്ക്കുകയല്ല വേണ്ടതു്; അതിനെ ഉപേക്ഷിക്കുകതന്നെ ആണ്!

സ്വമതത്യാഗികളോ, പാപികളോ.

പുണ്യമൂർത്തി ശ്രീ ജഗൽഗുരു, നിങ്ങളും നിങ്ങളുടെ അനുചരന്മാരും മതവിശ്വാസമുള്ള സവർണ്ണരെ സാധാരണയായി 'പാപികൾ' എന്നു വിളിക്കുകയും, അവമാനിക്കുകയും ചെയ്യുന്നതിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. കൂടാതെ നിങ്ങൾ അറപ്പോടുകൂടി ആ കൂട്ടർ അനേകശതാബ്ദങ്ങളായി ചെയ്യുന്ന 'പാപ'ത്തിന്നു പ്രായശ്ചിത്തം ചെയ്യേണ്ടവരാണെന്നും അഭിപ്രായപ്പെടുന്നു. പരമാർത്ഥത്തിൽ മതവിപരീതക്കാരനായ ഒരുവനെ 'പാപി' എന്നു വിളിക്കുന്നതിൽ ഭേദം 'സ്വമതത്യാഗി' എന്നു വിളിക്കുകയാണെന്നു നിസ്സംശയം പറയാം! പിന്നെ നിങ്ങൾ 'സ്വമതത്യാഗി' എന്ന ഈ വാക്കിനെ ദ്വേഷ്യത്തോടുകൂടി വിരോധിച്ചിരിക്കുന്നതെന്തു്?

ശാസ്ത്രീയമായ അറിവു്.

അതേ, അദ്ധ്യാത്മശാസ്ത്രപ്രകാരമുള്ള ഈശ്വരജ്ഞാനം, വിധി, ആചാരം, ഇവയെപ്പററിയുള്ള അർത്ഥംപറയൽ ഇത്യാദി നിശ്ചയമായും വൈദ്യം, ശില്പശാസ്ത്രം ഇവയെപ്പോലെതന്നെ—അതിനേക്കാൾ കൂടുതലല്ലെങ്കിൽ—ശാസ്ത്രീയമായതുതന്നെയാണ്. വാസ്തവത്തിൽ ഇന്നത്തെ ക്രിസ്തുമതത്തിലുള്ള അറുനൂറിൽപരം മതഭേദങ്ങളെല്ലാംതന്നെ, നിശ്ചയമായും വിശ്വാസത്തേയും, ആചാരത്തേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യത്യാസംകൊണ്ടുണ്ടായവയാണ്. അതിൽ ഏതൊന്നിൽപെട്ട ഒരുവനും, മററുള്ള മതഭേദങ്ങളിൽപെട്ട ഒരുവനെ, ആചാരത്തേയും ഉപദേശത്തേയും സഹവാസത്തേയും മററും പററിയുള്ള തൻെറ അഭിപ്രായം സ്വീകരിപ്പാൻ നിർബ്ബന്ധിക്കുവാൻ അവകാശമില്ല! അതി

നാൽ ശരിയായി വിശ്വാസഭേദം വന്നിട്ടുള്ള ഒരുവന്നു ചെയ്യാവുന്ന നേരായ ഏകമാർഗ്ഗം, ആ ബെഞ്ചിനെ ഉപേക്ഷിച്ചു വേറെ ഒന്നിൽ പോയി ഇരിക്കുക എന്നുള്ളതാണ്. അതല്ലാതെ തന്റെ ആദ്യത്തെ കൂട്ടക്കാരുടെ, അഥവാ മതഭേദക്കാരുടെ വിശ്വാസത്തിലും, കർമ്മത്തിലും, ആചാരത്തിലും ഹേമഭാവത്തോടുകൂടിയ കയ്യേറ്റം ചെയ്യാവുന്നതല്ല!

സ്വകല്പിതങ്ങൾ.

അവർണ്ണർക്ക് മുമ്പ് ക്ഷേത്രപ്രവേശനാവകാശം ഉണ്ടായിരുന്നു എന്നും, ഈ അവകാശം ഒരിക്കലും ഇല്ലാതാക്കുവാൻ പാടില്ലായിരുന്നു എന്നും, മി. രംഗയ്യരുടെ ബില്ലുകൾ ഈ പഴയ അവകാശത്തെ പുനഃസ്ഥാപിക്കുവാൻ മാത്രം ശ്രമിക്കുന്നതേ ഉള്ളു എന്നും, ഇതെല്ലാം ഗാന്ധിയായ വിധികർത്താവിന്റെ സംബന്ധാഭിപ്രായം— അഥവാ അതാണ് ഭേദം—സ്വകല്പിതങ്ങൾ മാത്രമാണ്. ഇവയെ നിങ്ങളും, ശിഷ്യന്മാരും, സേനാധിപന്മാരും, സൈന്യങ്ങളും അനേകം പ്രാവശ്യം ആവർത്തിച്ചുപറയുന്നുണ്ടെന്നല്ലാതെ അവയെ തെളിയിക്കുവാൻ നിങ്ങൾക്കു ചരിത്രത്തിൽനിന്നോ, മറെറവിടെ എങ്കിലും നിന്നോ ഒരക്ഷരംപോലും കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. തുടരെ തുടരെ ഇങ്ങനെ ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും പരിശോധനയിൽ ഈ കുറവ് നിങ്ങൾ കണ്ടുപിടിച്ചിട്ടില്ല! അതിനാൽ അവക്കൊരു മറുവടി പറയേണ്ട ആവശ്യം ഇല്ലതന്നെ.

മനസ്സുകൊണ്ട് പുറമെയുള്ള നോട്ടം.

നിങ്ങളെപ്പോലെയുള്ള നവീകരണക്കാർ, മതവിശ്വാസമുള്ള സനാതനികൾ പുറമെയുള്ള കാര്യങ്ങളെ മാത്രം നോക്കുന്നവരാണെന്നും, "എന്നെ തൊടരുത്" എന്ന മതത്തിൽ വിശ്വസിക്കുന്നവരാണെന്നും മററും പാടിയതിനെതന്നെ വീണ്ടും പാടിക്കൊണ്ടിരിക്കുന്നു! എന്നാൽ "എന്നെ തൊടണം" എന്നുള്ള മതവും അതുപോലെ പുറമെയുള്ള കാര്യംതന്നെ അല്ലെ? തന്നത്താൻ നിശ്ചയിച്ച അകത്തുള്ള കാര്യങ്ങളെ നോക്കുന്ന നവീകരണക്കാരനും, "തൊടണം" എന്നുതന്നെ പാടിക്കൊണ്ടിരിക്കുന്നതെന്താണ്? അതുപോലെ തന്നെ ആണ് പുറമെയുള്ള കാര്യങ്ങളെ മാത്രം നോക്കുന്ന സനാതനികളും "തൊടരുത്" എന്നു പാടിക്കൊണ്ടിരിക്കുന്നതു്! അപ്പോൾ വിവേകത്തോടുകൂടി നോക്കുന്ന ഒരുവന്ന്, രണ്ടുകൂട്ടരും ഒരുപോലെ പുറമേയുള്ള കാര്യത്തെ നോക്കുകയാണെന്നറിവാൻ കഴിയും.

സ്നേഹവും സ്വരാജ്യം.

മി. രംഗയ്യരുടെ ബില്ലിനെ വിരോധിക്കുന്ന സനാതനികൾ, ജാതിസ്വരാജ് വേണമെന്നു വിചാരിക്കുകയും, അതിനെ അനുകൂലിക്കുകയും, വളത്തിക്കൊണ്ടുവരികയുംചെയ്യുകയാണെന്നും, ആ ബില്ലിനെ അനുകൂലിക്കുന്നവർ അതിനെ നശിപ്പിക്കുവാൻ പുറപ്പെട്ടിരിക്കുയാണെന്നുമുള്ള ധാരണ—പുറമെയുള്ള കാൎയ്യങ്ങളെ മാത്രം ശ്രദ്ധിക്കുന്നതുകൊണ്ടു് ആദ്ധ്യാത്മവിദ്യയെ പ്രത്യക്ഷമായി തെററി വായിച്ചതാണു്! എന്തെന്നാൽ സാമുദായികവ്യത്യാസം ഉണ്ടെങ്കിൽതന്നെ, ഏററവും വൎദ്ധിച്ച അനുകമ്പയും, സ്നേഹംതന്നെയും ഉണ്ടാകുവാൻ പാടില്ലേ? ഇപ്പോൾ ഇല്ലേ? പ്രത്യുത യാതൊരു സാമുദായികവ്യത്യാസവും ഇല്ലാത്ത, അല്ലാ രക്തബന്ധംകൊണ്ടോ, വിവാഹബന്ധംകൊണ്ടോ ഏററവും അടുപ്പമുള്ള ആളുകൾ തമ്മിൽ, സഹോദരനും സഹോദരനും തമ്മിൽ, പിതാവും പുത്രനും തമ്മിൽ, ഭാൎയ്യയും ഭൎത്താവുംതമ്മിൽ വെറുപ്പുണ്ടാകുന്നതും, അന്യോന്യം കൊല്ലുകപോലും ചെയ്യുന്നതു് നാം കാണുന്നില്ലേ?

ആലോചനാമാൎഗ്ഗം.

ഉദ്ദേശിക്കപ്പെട്ട നിയമം രാജ്യധൎമ്മാനുസാരമല്ലാതെ വരുന്നതെങ്ങിനെ എന്നു നിങ്ങൾ അതിശയിക്കുന്നു. ഒരു മതസ്നേഹിയുടെ നിലയിൽ അതിനെ എതിൎക്കുവാൻ കാണുന്നതിലധികം ന്യായം, ഒരു രാജ്യസ്നേഹിയുടേയും സ്വാതന്ത്ര്യാധിപത്യവാദിയുടേയും നിലയിൽ അതിനെ എതിൎക്കുവാൻ സ്വാമിയാർ കാണുന്നുണ്ടു്. എന്തെന്നാൽ സമുദായസംബന്ധമായ അതിന്റെ ഭാഗം ആ വിശ്വാസമുള്ളവരെ മാത്രമേ സ്പൎശിക്കുന്നുള്ളു. എന്നാൽ ഭരണസംബന്ധമായ അതിന്റെ ഭാഗം ഒടുവിൽ എല്ലാ മതത്തിലും പെട്ടവരെ ബാധിക്കുവാൻ ഇടയുള്ളതാണു്! മതവിശ്വാസത്തെ സംബന്ധിക്കുന്ന വിഷയങ്ങളെപ്പററി, ശാസ്ത്രവിധിയെപ്പററി, ആചാരത്തെപ്പററി, പ്രതിബന്ധത്തെപ്പററി ഒരു തീൎപ്പുണ്ടാക്കുവാനായി പൊതുജനാഭിപ്രായം അറിയുക— അതും നിയമനിൎമ്മാണസഭകളിലെ— എന്ന നിങ്ങളുടെ മാൎഗ്ഗംതന്നെ ഒരു നാടകാഭിനയംപോലെ ആണു് സ്വാമിയാർ വിചാരിക്കുന്നതു്. എന്നാൽ "മരണംവരെ പട്ടിണി" എന്ന നിങ്ങളുടെ ഭീഷണി, പൂജ്യമൂൎത്തി ജഗൽഗുരുവിന്റെ അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തി!

മി. ഗാന്ധിതന്നെ അതിനെ നിന്ദിച്ചിരിക്കുന്നതു്.

ഈ സന്ദൎഭത്തിൽ നിങ്ങൾതന്നെ ഈ അഭിപ്രായം അറിയുക എന്ന വഴിയെ, നിന്ദിച്ചിരിക്കുന്നതിനെ സ്വാമിയാർ അനുസ്മരിപ്പിച്ചു

കൊള്ളുന്നു. ഉദാഹരണമായി നിങ്ങളുടെ 'ഹിൻഡ് സ്വരാജ്' അഥവാ "ഇൻഡ്യയുടെ സ്വയംഭരണം" എന്ന പുസ്തകത്തിൽ അദ്ധ്യായം 17, പേജ് 80—81-ൽ (ജി. എ. നടേശൻ ആൻഡ് കൊ) നിങ്ങൾ പറഞ്ഞിരിക്കുന്ന ഒരു ഭാഗം, നിങ്ങളുടെ ഓർമ്മക്കായി ഇവിടെ ചേക്കാം. "ഒരു ഭൂരിപക്ഷക്കാരുടെ പ്രവൃത്തി, അല്പപക്ഷക്കാരെ ബാധിക്കുന്നതാണെന്ന വിശ്വാസം, ഒരന്ധവിശ്വാസമാണെന്നു മാത്രമല്ല ഈശ്വരനു രസിക്കാത്തതുമത്രേ. ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം അറിഞ്ഞു ചെയ്ത പല പ്രവൃത്തിയും തെററിപ്പോയിട്ടുണ്ടെന്ന് അനേകം ഉദാഹരണങ്ങളെടുത്ത് തെളിയിക്കുവാൻ സാധിക്കും. അല്പപക്ഷക്കാരുടെ അഭിമതം ശരിയായിരുന്നു എന്നും അവയിൽനിന്നു കാണാം. സമസ്ത നവീകരണവും അല്പപക്ഷക്കാരുടെ അംഗീകരണം കൊണ്ട് ഭൂരിപക്ഷക്കാരുടെ വിരോധത്തിനെതിരായി ഉണ്ടാക്കപ്പെട്ടവയാണ്. ഒരു കൂട്ടം കള്ളന്മാരുടെ ഇടയിൽ, കക്കാനുള്ള അറിവ് ധർമ്മം അഥവാ മുറ ആണെന്നുവച്ച്, ഒരു നല്ല മനുഷ്യൻ ആ ധർമ്മത്തെ സ്വീകരിക്കണമെന്നുണ്ടോ!" ഈ നിയമത്തെത്തന്നെ അനുസരിച്ചാണ് ജെയിംസ് റസ്സൽ ലവൽ "രണ്ടോ മൂന്നോ പേരൊരുമിച്ച് ശരിയായ മാർഗ്ഗത്തിൽകൂടി പോകുവാൻ ധൈര്യപ്പെടാത്തവർ, ശുദ്ധ അടിമകളത്രേ!" എന്നു എഴുതിയിരിക്കുന്നത്.

റഷ്യയുടെ ഉദാഹരണം.

നിങ്ങളുടെ ഈ അഭിപ്രായാന്വേഷണമാർഗ്ഗംകൊണ്ട് ക്ഷേത്രങ്ങൾ നല്ല പ്രാസംഗികന്മാരുടെ യുദ്ധക്കളമായിത്തീരുവാൻ ഇടയുണ്ടെന്ന സങ്കല്പിതമായ സംഭവ്യാവസ്ഥയെ, സ്വാമിയാർ ഉദാഹരണം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുവാൻ തയാറുണ്ട്. രണ്ടു ഭാഗത്തുമുള്ള നല്ല പ്രാസംഗികന്മാർ അനുകൂലമായും പ്രതികൂലമായും പ്രചരണവേല നടത്തും. നിങ്ങളുടെ 'വോട്ടി'ൻെറ ചാഞ്ചാട്ടംപോലെ, ക്ഷേത്രങ്ങൾ അടക്കുകയും തുറക്കുകയും, തുറക്കുകയും അടക്കുകയും അനവധി പ്രാവശ്യം അവസാനമില്ലാതെ നടത്തപ്പെടും! സാധാരണ കാര്യങ്ങളിൽ പോലും ഈ രീതി ഒരു നല്ല "തമാശ" അഥവാ നാടകം ആയിരിക്കും. അപ്പോൾ ഗൌരവമുള്ള മതവിശ്വാസത്തെ സംബന്ധിക്കുന്ന കാര്യത്തിൽ അതു എത്രത്തോളം കൂടുതൽ രസമുള്ള ഒരു നാടകമായിരിക്കും? പിന്നെ സ്വാമിയാർ ഇതുകൂടി ചോദിച്ചു. ഇപ്പോൾ റഷ്യയിൽ ജനാഭിപ്രായം അറിയുവാൻ ശ്രമിക്കുന്നതായാൽ ഈശ്വരൻെറ സാന്നിദ്ധ്യം തന്നെ ഇല്ല എന്നു ഭൂരിപക്ഷംകൊണ്ടു സ്പഷ്ടമാകുകയില്ലേ? ഇതുപോ

ലെയുള്ള വിഷയങ്ങളെപ്പററി ഒരു തീർപ്പുണ്ടാക്കുവാനായി ഒരു 'മഹാത്മാ'വും, ഒരു 'സനാതനി'യും, ഒരു 'വൈഷ്ണവ'നും ആയ നിങ്ങൾ ഇൻഡ്യയിൽ കപ്പലിറക്കിയിരിക്കുന്ന മാർഗ്ഗം ഇതാണോ?

ഗുരുവായൂരിലെ അഭിപ്രായാന്വേഷണം.

മലബാറിലെ ഹിന്ദുക്കൾ അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ വിരോധിക്കുന്നവരും, തന്മൂലം ആ ബില്ലുകളെ വിരോധിക്കുന്നവരും ആണോ എന്നു നിങ്ങൾക്കു മി. രംഗയ്യരെപ്പോലെ നല്ല നിശ്ചയമില്ലെന്നു നിങ്ങൾ പറയുന്നു! പുണ്യമൂർത്തി ജഗത്ഗുരു കേളപ്പന്റെ "നിരാഹാരവ്രത"ത്തേയും, ഗുരുവായൂർ അഭിപ്രായാന്വേഷണത്തേയും, അതിൽ സ്വീകരിച്ച മാർഗ്ഗത്തേയും മററും പററി ശ്രദ്ധിച്ച് ന്യായമായവിധത്തിൽ അന്വേഷിച്ചറിഞ്ഞിട്ടുള്ള അസഹ്യമായ പരമാർത്ഥങ്ങളിലും എണ്ണങ്ങളിലും വീണ്ടും നോക്കി, തന്നത്താൻ മാനക്കേടു വരുത്തുവാൻ കഴിയുകയില്ലെന്നു പറഞ്ഞു. ചിരിച്ചുകൊണ്ടു് അദ്ദേഹം മി. രംഗയ്യർ മലബാറിൽ ജനിച്ചും വളർന്നും വന്ന ആളായതിനാലും, മലബാറുകാരേയും അവരുടെ അഭിപ്രായത്തേയും നല്ലവണ്ണം അറിയുന്ന ആളായതിനാലും, അദ്ദേഹത്തിന്റെ വിവരത്തിൽ നിശ്ചയമുണ്ടായിരുന്നെന്നും, തന്മൂലം അദ്ദേഹത്തിന്റെ തീരുമാനത്തിലും നിശ്ചയമുണ്ടായിരുന്നു എന്നും പറഞ്ഞു. എന്നാൽ നിങ്ങൾക്കു മലബാറിനെപ്പററി ഒന്നും അറിഞ്ഞുകൂടാ; ഇപ്പോഴും നിങ്ങൾക്കു് ഇഷ്ടമുള്ള വഴിയിൽക്കൂടി ലഭിക്കുന്ന, വഞ്ചിക്കുവാൻവേണ്ടി നല്കപ്പെടുന്ന വിവരത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല! ആ തരത്തിലുള്ള നിങ്ങളുടെ വിവരത്തെ ഉപയോഗിക്കുവാൻ കൊള്ളുന്നതല്ല. അതിനാലാണു് മി. രംഗയ്യർ, വിശ്വാസംകൊണ്ടു അദ്ദേഹം മറുഭാഗക്കാരുടെ വശത്താണെങ്കിലും, ഈ കാര്യത്തെപ്പററിയുള്ള പരമാർത്ഥം സമ്മതിച്ചതും, നിങ്ങളുടെ അഭിപ്രായാന്വേഷണമാർഗ്ഗം തള്ളിക്കളഞ്ഞതും! ശ്രീജഗത്ഗുരു, ഡാക്ടർ അംബേത്കർക്കൂടി, നിങ്ങളുടെ അഭിപ്രായാന്വേഷണമാർഗ്ഗത്തെ ഒരു ഭാഗം മാത്രം വീഴുന്ന ചൂതുപോലെ വിചാരിച്ച് വ്യക്തമായി പുച്ഛിച്ചതിനെ, നിങ്ങളെ അറിയിച്ചുകൊള്ളുന്നു. അതിനുള്ള പ്രധാന കാരണവും, നിങ്ങളുടെ "മരണംവരെ പട്ടിണി"യാണു്. അയാൾ, (ഡാക്ടർ അംബേത്കർ) ക്ഷേത്രത്തിൽ പോകുന്ന സവർണ്ണർ (ഒരു ഭൂരിപക്ഷംകൊണ്ടു്) അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്നു എന്നോ, ഏതൊരു കാലത്തെങ്കിലും അനുകൂലിക്കുമെന്നോ, സമ്മതിക്കുവാൻ തയാറില്ല!

നിയമാനുസാരമായ നോട്ടം.

മി. രംഗയ്യർ തന്നെ ഇത്ര അധികം പ്രത്യേക പദങ്ങളെക്കൊണ്ട്, സനാതനികൾക്ക് വഴി പിഴച്ചിട്ടില്ലെന്നും, നേരേമറിച്ച് അവർ വളരെ മതവിശ്വാസമുള്ളവരാണെന്നും, തങ്ങളുടെ യാഥാസ്ഥികത്വത്തെ നല്ലവണ്ണം അറിഞ്ഞിട്ടുള്ളവരാണെന്നും, അദ്ദേഹത്തിൻെറ സ്വദേശമായ മലബാറിലുള്ളവരും അദ്ദേഹത്തിൻെറ സ്വന്തം കുടുംബാംഗങ്ങൾ പോലും—തൻെറ പ്രിയപ്പെട്ട മാതാപിതാക്കന്മാർ, അമ്മാവൻ, സഹോദരൻ മുതലായവരെല്ലാം—ശ്രീജഗത്ഗുരുവിൻെറ അഭിപ്രായങ്ങളെ അനുകൂലിക്കുന്നവരാണെന്നും, സമ്മതിച്ചിരിക്കുന്നു. അദ്ദേഹം ബുദ്ധിപ്രമാണവിശ്വാസവാദിയും, സ്വാതന്ത്ര്യാധിപത്യവാദിയും ആയ ഒരു നിയമനിർമ്മാണസഭാംഗമാണ്. നിങ്ങൾ ഒരു "സത്യത്തെ അഭിനന്ദിക്കുന്നവ"നാണ്. കൂടാതെ നിങ്ങൾ, സ്വന്തമായും സാമുദായികമായും, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുവദിക്കേണ്ടതു ഏതൊരു ഭരണരീതിയുടേയും അത്യന്താപേക്ഷിതമായ വിവസ്ഥയായിരിക്കേണമെന്നു, വാദിക്കുന്ന ആളും ആണ്. (ഇതു് നെഹ്റു ഭരണരീതി കൂടിയും സമ്മതിച്ചിരിക്കുന്നു.) ഇങ്ങിനെയുള്ള നിങ്ങൾ രണ്ടു പേരും സമാധാനത്തോടുകൂടിയ മാനസികപ്രോത്സാഹനം ഉണ്ടാക്കുവാനുള്ള വഴി നോക്കുന്നതല്ലാതെ, മററുള്ളവരെ നിങ്ങളുടേയോ അദ്ദേഹത്തിൻേറയോ സാമുദായികവും, മതബന്ധവും, സമുദായത്തേയും മതത്തേയും ഒരുപോലെ സംബന്ധിക്കുന്നതുമായ, അഭിപ്രായം സ്വീകരിപ്പിക്കുവാൻ, ഹേമഭാവമുള്ള നിയമനിർമ്മാണത്തിന്ന് ഒരുമ്പെടുന്നതു ന്യായം തന്നെ ആണോ?

നിർബ്ബന്ധവും ഞെരുക്കവും.

പാവമായ ആ സനാതനിക്കും നിങ്ങൾ നിങ്ങൾക്കുണ്ടെന്നു അവകാശം പറയുന്നതുപോലെ അവൻെറ മനസ്സാക്ഷി വിശ്വസിക്കുന്ന രീതിയിൽ, ഈശ്വരനെ ആരാധിക്കുവാൻ അവകാശമില്ലേ? (എണ്ണംകൊണ്ട്, അവൻ മററുള്ളവരേക്കാൾ ശക്തികൂടിയവനായിരിക്കട്ടെ, അഥവാ കുറഞ്ഞവനായിരിക്കട്ടെ; അല്ലെങ്കിൽ അവൻ തെററായ മാർഗ്ഗത്തിൽ കൂടി പോകുന്നവനാണെന്നും, താന്തോന്നിയാണെന്നും, വിഡ്ഢിയാണെന്നും, അന്ധവിശ്വാസമുള്ളവനാണെന്നും, ബാല്യദശ വിട്ടിട്ടില്ലാത്തവനാണെന്നും, നിങ്ങൾ വിചാരിച്ചു കൊള്ളുക) എന്നാൽ നിങ്ങളുദ്ദേശിക്കുന്ന നിയമം. പാസ്സാകുന്നതായാൽ, മതവിശ്വാസമുള്ള സവർണ്ണനെ, അവൻെറ തെററിനെ (ഉണ്ടെങ്കിൽ) ബോദ്ധ്യപ്പെടുത്തുകയല്ല

അതു ചെയ്യുന്നതു്. അതു് അവന്റെ മനസ്സിന്നെതിരായി അവനെ പിടിച്ചു വലിച്ചു, അവന്റെ മനസ്സാക്ഷിക്കെതിരായി, രണ്ടിലൊന്നു സ്വീകരിക്കുവാൻ, ഹേമഭാവത്തോടെ നിർബ്ബന്ധിക്കുകയാണു ചെയ്യുന്നതു്. ഒന്നുകിൽ അവൎണ്ണരുമൊരുമിച്ചു ക്ഷേത്രത്തിൽ ആരാധിക്കുക; അല്ലെങ്കിൽ ക്ഷേത്രാരാധന തന്നെ ഉപേക്ഷിക്കുക!

ഈ രണ്ടു മാൎഗ്ഗവും അവന്റെ മനസ്സാക്ഷിക്കു വിരോധമായവ തന്നെ ആയതിനാൽ, നിങ്ങളുടെ സ്വന്തം ബുദ്ധിപ്രമാണവാദം സംബന്ധിച്ച ധൎമ്മശാസ്ത്രവും, മതസ്വാതന്ത്ര്യമാകുന്ന ഭരണനീതിസിദ്ധാന്തവും അനുസരിച്ചു തന്നെ, ഈ നിയമം അന്യായമായതും, രാജ്യധൎമ്മാനുസാരമല്ലാത്തതും ആകുന്നു. അതിനാൽ നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഈ നിയമം നടപ്പിൽ വരുത്തുവാൻ അനുവാദം തരുവാൻ പാടില്ലാത്തതാണു്. അതു് നിഷ്പക്ഷയോടുകൂടി മതസ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയാണു ചെയ്യുന്നതു് എന്നു നിങ്ങൾ പറയുന്നു. എന്നാൽ വാസ്തവത്തിൽ, എന്നല്ലാ പ്രത്യക്ഷമായിത്തന്നെ, അതു ഹേമഭാവമുള്ളതും പോരാ, അവൎണ്ണനീയമായ വിധത്തിൽ ജനങ്ങളെ ഞെരുക്കുന്നതുമായ ഒന്നത്രേ!

സാദ്ധ്യമായ ഏകപരിഹാരം.

മതവിശ്വാസമുള്ള സവൎണ്ണൎക്കു ഈ നിയമം നടപ്പിലാകുന്നതായാൽ മുമ്പു പറയപ്പെട്ട രണ്ടിലൊരു മാൎഗ്ഗം സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ അവ രണ്ടും അവരുടെ മനസ്സാക്ഷിക്കു വിരോധമായവ തന്നെ ആയതിനാൽ, ഈ വിഷയത്തെ പററി ന്യായമായ ഒരു തീൎപ്പുണ്ടാക്കുവാൻ ഒരു വഴിയേ ഉള്ളു. സവൎണ്ണരേയും അവൎണ്ണരേയും സ്വന്തമായ പ്രത്യേക ക്ഷേത്രങ്ങളിൽ ആരാധിക്കുവാൻ അനുവദിക്കുക; അതിനു വേണ്ട ഏൎപ്പാടുകൾ എല്ലാം ആഗമങ്ങൾ മുൻകൂട്ടിതന്നെ ചെയ്തിട്ടുണ്ടു്! ഈ വിഷയത്തെ സംബന്ധിച്ചു് ധൎമ്മശാസ്ത്രാനുസരണമോ, ഭരണരീതി അനുസരിച്ചോ നോക്കിയാൽ മതസ്വാതന്ത്ര്യത്തെ നശിപ്പിക്കാത്ത മററൊരു പരിഹാരം നിങ്ങൾ കണ്ടുപിടിക്കുന്നതായാൽ പുണ്യമൂൎത്തിക്കു് ഏററവും സന്തോഷമാകുന്നതും, അദ്ദേഹം അതിനെ സ്വീകരിക്കുന്നതും, അതുപോലെ പ്രവൃത്തിക്കുന്നതുമാണു്!

ചൂടുസഹിക്കാൻ പാടില്ലാതെ തീയിൽ ചാടുക.

പിന്നെ രാജ്യസംബന്ധമായ നോട്ടത്തിൽ ഈ വിഷയത്തെപ്പററി ആലോചിക്കുവാൻ സ്വാമിയാർ, "യുവഭാരത"ത്തിൽ നിങ്ങൾതന്നെ എഴുതിയിരുന്ന ലേഖനം നോക്കുവാൻ അപേക്ഷിക്കുന്നു.

അതിൽ നിങ്ങഠം നിങ്ങളുടെ 'സ്വപ്ന'ത്തെവിവരിക്കുന്നു. "ശരിയായ രാഷ്ട്രീയഭരണാധികാരികഠം നല്ലതായ പ്രത്യേക കിണറുകഠം അധഃകൃതവൎഗ്ഗക്കാരുടെ ആവശ്യത്തിന്നു മാത്രമായി നിൎമ്മിക്കുന്നതും, ധാരാളം നല്ല വിദ്യാലയങ്ങഠം അവൎക്കുവേണ്ടി പ്രത്യേകം സ്ഥാപിക്കുന്നതും, മററും കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു." നിങ്ങഠം അവരെ ഉപദേശിക്കുന്നതു് ഇങ്ങിനെ ആണു്. "അവരുടെ അക്ഷമകൊണ്ടു് അവർ അടിമയുടമസ്ഥനായ ഗവൎമ്മേൻറിൻെറ സഹായം ആവശ്യപ്പെട്ടുമായിരിക്കാം. അതവൎക്കു കിട്ടും; എന്നാൽ അവർ ചൂടുസഹിക്കുവാൻ പാടില്ലാതെ ഓടിയിട്ടു തീയിലാണു ചെന്നു് അഭയം പ്രാപിക്കുന്നതു്. ഇന്നു് അവർ അടിമകളുടെ അടിമകളാണു്. എന്നാൽ ഗവൎമ്മേൻറിൻെറ സഹായം ആവശ്യപ്പെടുന്നതുകൊണ്ടു്, അവരെ അവരുടെ ബന്ധുക്കളേയും പരിചയക്കാരേയും നശിപ്പിക്കുവാൻ ഉപയോഗിക്കും!" പുണ്യമൂൎത്തി ജഗത്ഗുരു നിങ്ങഠം നിങ്ങളുടെ ഈ 'സ്വപ്ന'ത്തെ തള്ളികളയുവാൻ ഉണ്ടായ കാരണം അറിവാൻ ആഗ്രഹിക്കുന്നു. അത്രതന്നെ അല്ല, നിങ്ങഠം നിങ്ങളുടെ ശരിയായ "രാഷ്ട്രീയനിയമസ്ഥാപകന്മാരുടെ" ആദൎശങ്ങളേയും മാററിയിരിക്കുന്നു. അവൎണ്ണർ ഇന്നു നിങ്ങളുടെ സഹായം ആവശ്യപ്പെടുമ്പോഠം, നിങ്ങഠം ആ "രാക്ഷസപ്രകൃതിയുള്ള അടിമയുടമസ്ഥനായ" ഗവൎമ്മേൻറിൻെറ നിയമസഹായവും, മററു സഹായവും ആവശ്യപ്പെടുന്നതെന്താണു്? നിങ്ങഠം ഇന്നു് അപായകരമായ നിങ്ങളുടെ ശ്രേഷ്ഠനിയമലംഘനപ്രസ്ഥാനവും, സാധാരണയായ നിസ്സഹകരണപ്രസ്ഥാനവും ഉപേക്ഷിച്ചു; ഗവൎമ്മേണ്ടുമായി നല്ലവണ്ണം സഹകരിക്കുവാൻ ഉറച്ചു. എന്നിട്ടു ഗവൎമ്മേൻറിനോടു്, അവൎണ്ണരെ അവരുടെ സ്വന്തം ബന്ധുക്കളും പരിചയക്കാരുമായ സവൎണ്ണരെ നശിപ്പിക്കുന്നതിൻ ഉപയോഗിക്കുവാൻ ആവശ്യപ്പെടുന്നു. അതോടുകൂടിത്തന്നെ ചൂടുസഹിക്കുവാൻ പാടില്ലാതെ ഓടിയ അവൎണ്ണരെ തീയിൽ ചാടിക്കുവാൻ ശ്രമിക്കുന്നു!

അവൎണ്ണരെ ഉയൎത്താനുള്ള ശരിയായ മാൎഗ്ഗം.

പുണ്യമൂൎത്തി ശ്രീജഗദ്ഗുരു, മി. രംഗയ്യരുടെ സുഖമായതും ന്യായമായതുമായ ഭാവത്തെ ഹാൎദ്ദമായി അഭിനന്ദിക്കുന്നു. കൂടാതെ ഹിന്ദുക്കളുടെ ഐകമത്യത്തിന്നും, അവൎണ്ണരുടെ ഉയൎച്ചക്കുമായി സഹായിക്കണമെന്നു് അദ്ദേഹം സ്വന്തനിലയിൽ അപേക്ഷിച്ചതിനെ, ശ്രീജഗത്ഗുരു സന്തോഷസമേതം സമ്മതിച്ചിരിക്കുന്നു. അദ്ദേഹം മി. രംഗയ്യരെ അറിയിക്കുന്നതു് ഇതാണു്. ഈ രണ്ടു സംഗതികളും നിശ്ചയമായും

വേഗത്തിലും സാധിക്കുവാൻ, അദ്ദേഹം ഒരു മനുഷ്യനു സാധിക്കുന്നതെല്ലാം ചെയ്വാൻ തയാറാണ്. എന്നാൽ സനാതനിക്കു അവൻെറ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം അനുവദിക്കാതെ നിവ്വാഹമില്ല. അദ്ദേഹം മി. രംഗയ്യരുടെ ബില്ലിനെ ശക്തിയോടുകൂടി തന്നെ ആണ് എതിക്കുന്നതു്. എന്നാൽ അതിനെ സംബന്ധിച്ച് അദ്ദേഹത്തിന്നു തീരെ കോപം ഇല്ല. അതിനെ എതിക്കുവാൻ അദ്ദേഹം ഒരുമ്പെട്ടതു സനാതനികൾക്കു മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം കൊടുക്കാത്തതുകൊണ്ടു മാത്രമല്ല. രാജ്യാഭ്യുദയകാംക്ഷയും അതിനുള്ള ഒരു പ്രധാനമായ കാരണം തന്നെ ആണ്. അവൎണ്ണരുടെ ഉയൎച്ചക്കും ഹിന്ദുക്കളുടെ ഐകമത്യത്തിന്നും വേണ്ടി ഉദ്ദേശിക്കപ്പെട്ട ഉപായവും, പ്രവൃത്തിക്കുന്ന രീതിയും—മുൻപു പറയപ്പെട്ടവരുടെ ഉയൎച്ചയും, രണ്ടാമത്തെ കൂട്ടരുടെ ഐകമത്യവും, ഉണ്ടാക്കുന്നതിന്നുപകരം—അന്യോന്യമുള്ള സ്പദ്ധക്കു ഇടയാക്കിത്തീത്തിരിക്കുന്നു എന്നുമാത്രമല്ല, മേലിലും സ്പദ്ധയെ ഉണ്ടാക്കുന്നതാണ്. ഐകമത്യവും, ഉന്നതിയും ഉണ്ടാകുവാനായി വിതക്കുവാനുദ്ദേശിക്കുന്ന ഈ വിത്ത് അനൈക്യത്തേയും, അധോഗതിയേയും ആണു വിളയിക്കുന്നതു്.

രാജ്യകാൎയ്യം സംബന്ധിച്ചുള്ള നില.

രാജ്യാഭ്യുദയകാംക്ഷികൾ അനവരതം ആലോചിക്കുകയും ആഗ്രഹിക്കുകയും അക്ഷീണപരിശ്രമം ചെയ്യുകയും ചെയ്യുന്ന ഏകോപിക്കപ്പെട്ട ഹിന്ദുസമുദായം, എന്നല്ലാ സംഘടിപ്പിക്കപ്പെട്ട ഭാരതജനം, ഇന്നും ദൂരത്തിൽതന്നെ സ്ഥിതിചെയ്യുന്നു. ഒരു യഥാൎത്ഥരാജ്യസ്നേഹിക്ക്, ഭാരതസന്താനങ്ങളായ ഹിന്ദുക്കളും മഹമ്മദീയരും തമ്മിലുള്ള പരിതപിക്കത്തക്ക ഛിദ്രവും, ഹിന്ദുക്കളിൽ തന്നെ ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള ശണ്ഠയും കാണുമ്പോൾ, അസഹ്യമായ ദുഃഖംകൊണ്ടു ഹൃദയം പിളൎന്നുപോകുകതന്നെ ചെയ്കയില്ലേ?

പുതിയ വഴക്ക്.

നാം എന്തിനാണു രാജ്യത്തിൻെറ സ്വാതന്ത്ര്യാധിപത്യവാദവും, രാഷ്ട്രീയഗുണത്തിന്നുള്ള സകല പ്രവൃത്തികളും മിക്കവാറും അല്ല, തീരെ ഉപേക്ഷിച്ചതു്? ഐകമത്യം എന്ന പേരിൽ നാം എന്തിനാണു ഹിന്ദുക്കളുടെ ഒരു ജാതിയിൽതന്നെ എന്നല്ല, കഷ്ടം! സകല ദിക്കിലും ഒരു കുടുംബാംഗങ്ങൾ തമ്മിൽതന്നെ പുതിയ ഒരു വഴക്കിന്നിടയുണ്ടാക്കിയതു്? (ഉദാഹരണം മി. രംഗയ്യരുടെ സ്വന്തം വീട്ടിൽ) ഇങ്ങിനെ നാം

രാജ്യത്തിന്റേതല്ല, രാക്ഷസപ്രകൃതിയുള്ള ഗവമ്മേൻറിന്റെ "വിഭജിക്കുകയും ഭരിക്കുകയും" എന്ന കളിയല്ലേ ആരംഭിച്ചിരിക്കുന്നതു്?

ഉപസംഹാരം.

നിശ്ചയമായും ഈ വഴിയിൽകൂടി പോയാൽ നാം ഐകമത്യത്തിലും, സമാധാനത്തിലും ചെന്നെത്തുകയില്ല. ഈ വഴി അനൈക്യത്തിലും, കലഹത്തിലുമത്രെ അവസാനിക്കുന്നതു്. നിബ്ബന്ധപൂവ്വം ഈ നിയമം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നപക്ഷം അതു മതത്തെ സംബന്ധിച്ച യുദ്ധത്തേയോ, അന്തഃഛിദ്രത്തേയോ ഉണ്ടാക്കും; അഥവാ ഉണ്ടാക്കാം. കൂടാതെ അതു നിശ്ചയമായും, അല്ല വേഗത്തിൽ, മി. രംഗയ്യരും, സ്വാമിയാരും ഒരുപോലെ ആഗ്രഹിച്ചുവരുന്ന 'സ്വരാജ്യ'ത്തെ ഒരുപക്ഷെ എന്നന്നേക്കുമായി ആട്ടി ഓടിക്കും! (നിനയാതെ അതു് മി. രംഗയ്യരുടെ മാതാപിതാക്കന്മാരേയും, മാതുലന്മാരേയും, ഏററവും ഇഷ്ടവും അടുപ്പവുമുള്ള മററു ബന്ധുക്കളേയും—അസഹ്യമായ ദേഹസുഖമില്ലായ്മകൊണ്ടും, ഹൃദയവ്യഥകൊണ്ടും, ആത്മദണ്ഡംകൊണ്ടും —അകാലമൃത്യുവിലേക്കു വലിച്ചിഴക്കുകതന്നെ ചെയ്യും!)

ദി ഇന്ത്യൻ മിറർ.

ധമ്മമാകുന്ന മാൎഗ്ഗത്തിൽകൂടി പോകുക!

ക്ഷേത്രവാതുക്കൽവെച്ചും, ഈ മൃഗീയാവകാശങ്ങൾക്കായി യുദ്ധമോ?

(എം. കെ. ആചായ്യ.)

ശാശ്വതമായ മാൎഗ്ഗം.

സനാതനധമ്മം, അഥവാ ലോകത്തിലെ ആദ്യന്തഹീനമായ മതം, അററമില്ലാത്ത അസമത്വത്തിന്നിടയിൽ, നാനാത്വത്തിന്നിടയിൽ, കലഹത്തിന്നിടയിൽ, സ്വൎഗ്ഗത്തിലെ ഏററവും ഉൽകൃഷ്ടമായ സമത്വവും, ഏകത്വവും, സമാധാനവും നേടുവാനുള്ള മാൎഗ്ഗം ഉപദേശിക്കുന്നുണ്ടു്. ഈ മതം ദിവ്യന്മാരായ അനേകം ദൈവദൎശികൾ അനുസരിച്ചിരുന്നതും, പ്രസംഗിച്ചിരുന്നതും ആയ ഒന്നാണു്. ഒരുവന്റെ മുജ്ജന്മങ്ങളിലെ 'കമ്മം' അനുസരിച്ചു് അവനു് ഈ ജന്മം ലഭിക്കുന്നു എന്നാണു്, ആ മതം നമ്മെ പഠിപ്പിക്കുന്നതു്. അവന്റെ പരിത

സ്ഥിതികളെല്ലാം അതിന്നനുയോജ്യമായി തന്നെ ഇരിക്കുന്നു. അനന്തമായ സ്വർഗ്ഗസുഖത്തേയും, ആത്മാവിന് അനശ്വരമായ ശാന്തിയേയും കരസ്ഥമാക്കുവാൻ അവൻ ഓരോ അവസരത്തിലും, ഇന്ന ഇന്ന പടിയിൽക്കൂടി പോകണമെന്നും, ആ മതം ഉപദേശിച്ചിട്ടുണ്ട്. ആത്മാവിന്ന് യാതൊരു കാലത്തും യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ലെന്നും, വാസത്തിന്നായി അതു് വിവിധകായത്തെ സ്വീകരിക്കുക മാത്രമാണു് ചെയ്യുന്നതെന്നും സനാതനധർമ്മം പഠിപ്പിക്കുന്നു. ആത്മാവു് അതിൻെറ അധിവാസത്തിന്നായി ഓരോ കാലത്തു് ഓരോ ലോകങ്ങളെ സ്വീകരിക്കുന്നു. അതിന് ഈ ജഡകായത്തെ സംബന്ധിക്കുന്നതായ പല കലഹങ്ങളിൽ പങ്കെടുക്കേണ്ടതായും, അസഹ്യമായ ദുഃഖം അനുഭവിക്കേണ്ടതായും വരാം. എന്നാൽ അതിന് അതേസമയംതന്നെ ഏററവും ഉൽകൃഷ്ടമായ സമാധാനവും, അനുഭവിക്കുവാൻ സാധിക്കുന്നതാണു്. തങ്ങളുടെ ധർമ്മാദർശങ്ങളനുസരിച്ചു്, ഭാരതത്തിലെ ഭൂരിപക്ഷം ആളുകളും, അനേകകാലം സമാധാനത്തോടും, സംതൃപ്തിയോടുംകൂടി ജീവിതം നയിച്ചുവന്നു. ഇന്നു് അവർ തങ്ങളുടെ പുരാതനമായ ധർമ്മാദർശങ്ങളേയും, മാർഗ്ഗങ്ങളേയും വെടിഞ്ഞു് ആധുനികകാലത്തിലെ, മൃഗതൃഷ്ണയുടെ പുറകിൽ അന്ധന്മാരായി അതിവേഗം ഓടുവാൻ ആരംഭിക്കുന്നോ?

ആധുനികപരിതസ്ഥിതികൾ.

ലോകം ആസകലം, ഇൻഡ്യയും ഉൾപ്പെടെ, ഇന്നു് കലഹത്തിലും, ദുഃഖത്തിലും പെട്ടു് അസാമാന്യമായി കഴങ്ങുന്നു. എന്നാൽ ഈ കലഹത്തിനുള്ള പ്രധാന ഹേതു എന്താണു്? മനുഷ്യവർഗ്ഗത്തിൽ പെട്ട മിക്ക ആളുകളും തങ്ങളുടെ ശ്രേഷ്ഠതയെ തീരെ മനസ്സിലാക്കാതെ—"എല്ലാ ജീവികളുടേയും ഹൃദയത്തിൽ ഉറച്ചുകിടക്കുന്ന ദിവ്യതെ"യെ അറിയാതെ—ഓരോരുത്തരിലും ഉള്ള മൃഗീയമനഃസ്ഥിതിയുടെ പ്രേരണ അനുസരിച്ചു പ്രവൃത്തിക്കുന്നു എന്നുള്ളതാണു്. ആധുനിക'പരിഷ്കാര'ത്തിൻെറ ലാക്കു് ഇന്ദ്രിയതൃപ്തി ആണു്; അല്ലാതെ ഇന്ദ്രിയജയമല്ല. ഈ കഴിഞ്ഞ ഒന്നുരണ്ടു ശതാബ്ദങ്ങളായി ഉണ്ടായിരിക്കുന്ന അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങളും, നിർമ്മാണങ്ങളും എല്ലാം വ്യക്തികളേയും, രാഷ്ട്രത്തേയും ആയുധപാണികളാക്കി തീർത്തിരിക്കുന്നു. ശക്തിയേറിയ ഈ യുദ്ധസാമഗ്രികളെല്ലാം അവർ ഐഹികസുഖവും ശക്തിയും ലഭിക്കുവാൻ അന്യോന്യം പ്രയോഗിക്കുന്നു. ഇതിൻെറ ഫലമെന്താണു്? ഇന്നു മിക്ക രാജ്യങ്ങളിലും മുമ്പിലത്തേക്കാൾ ഭക്ഷണപ

ദാൎത്ഥങ്ങൾ കുറവും, മത്സരിച്ചുള്ള വ്യാപാരം അധികവും ആയിതീൎന്നു; തൊഴിലില്ലായ്മ അനുനിമിഷം വൎദ്ധിച്ചും, ധനം കുറഞ്ഞും വരുന്നു. എല്ലാറ്റിനും പുറമേ ഞെരുങ്ങിയ ജീവിതവും, ശ്രേഷ്ഠവിചിന്തനവും, സൽപ്രവൃത്തിയും എന്താണെന്നു് അറിയപ്പെടുന്നതേയില്ല. ഈ പരമാൎത്ഥങ്ങൾ എല്ലാം ഇന്നത്തെ ഭാരതനേതാക്കന്മാർ പ്രത്യേകം ശ്രദ്ധിച്ചു് അറിയേണ്ടതാണു്. അവയിൽനിന്നും അവർ ഒരു ഗുണപാഠം പഠിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അവരിൽ മിക്ക ആളുകളും ബുദ്ധിശക്തിയെ സംബന്ധിച്ചിടത്തോളം പാശ്ചാത്യരാജ്യങ്ങളുടെ അടിമകളാണു്; പലരും ഇൻഡ്യയെ 'പാശ്ചാത്യപരിമാണപ്രമാണങ്ങൾക്കു് ഒപ്പം എത്തിക്കുവാൻ' ആഗ്രഹിക്കുകയും ചെയ്യുന്നു! ആധുനികഭാരതത്തിന്റെ സംസ്കാരപരമായ ഈ അടിമത്വം അതിന്റെ രാഷ്ട്രീയാസ്വാതന്ത്ര്യത്തേക്കാളും തുലോം ഹീനമായ ഒന്നത്രേ.

ഗാന്ധിയുടെ പിഴച്ച നേതൃത്വം.

ഒരു കാലത്തു 'വിദ്യാഭ്യാസം ലഭിച്ച' ഭാരതീയരുടെ അടിമമനഃസ്ഥിതിയെ ശക്തിയായി അധിക്ഷേപിച്ചുവന്ന മി: ഗാന്ധി, ഇന്നു പാശ്ചാത്യരാജ്യങ്ങളുടെ പുറമേ കാണുന്ന ഐഹികസുഖാനുഭവങ്ങളുടെ ഒരു നിസ്സാരമായ ഇരമാത്രമായി തീൎന്നിരിക്കുന്നു എന്നുള്ളതു കഷ്ടാൽകഷ്ടതരമത്രേ. ഇന്നു് അദ്ദേഹത്തിനു സാമുദായികവും, ധനസംബന്ധമായതും, രാഷ്ട്രീയവും ആയ ഐഹികകാൎയ്യങ്ങളെ പരിത്യജിക്കുവാനല്ല, കരസ്ഥമാക്കുവാനാണു് അഭിലാഷം. ഇവയെ അദ്ദേഹം ആത്മസംബന്ധമായി തോന്നിക്കുന്ന ആയുധങ്ങളേക്കൊണ്ടു നേടുവാൻ ആഗ്രഹിക്കുന്നു. ഇന്നു് അദ്ദേഹം അയിത്തോച്ചാടനം എന്ന വ്യാജേന, ഭാരതീയസംസ്കാരങ്ങളേയും ആദൎശങ്ങളേയും അടിച്ചുടക്കുവാനുള്ള അക്ഷീണയത്നം ആരംഭിച്ചിരിക്കുന്നു. അസ്പൃശ്യതാനിയമത്തിന്റെ ആവിൎഭാവത്തെപ്പററിയുള്ള മി: ഗാന്ധിയുടെ അഭിമതം, ചരിത്രാനുസരണം നോക്കുന്നതായാൽ തെററായ ഒന്നാണു്. അതിനെ പരിഹരിക്കുവാനുള്ള അദ്ദേഹത്തിന്റെ മാൎഗ്ഗം, ആത്മീയമായി നോക്കുന്നപക്ഷം തീരെ അയോഗ്യമാണെന്നും കാണാം. അതിനുള്ള കാരണങ്ങൾ ഇവയാണു്:—

1. അസൂയകൊണ്ടും അജ്ഞാനംകൊണ്ടും സവൎണ്ണഹിന്ദുക്കൾ അധഃകൃതരെന്നറിയപ്പെടുന്നവരെ അനേകനൂററാണ്ടുകളായി അമൎത്തുകയും ഞെരുക്കുകയും ചെയ്തുവന്നു എന്നുള്ള പ്രസ്താവനക്കു പൂൎവ്വകാലത്തെ ചരിത്രം സാക്ഷ്യം വഹിക്കുന്നില്ല.

2. അനേകായിരം സംവത്സരങ്ങളായി സവർണ്ണരും അവർണ്ണരും അന്യോന്യസൗഹാർദ്ദത്തോടുകൂടി സമാധാനത്തോടുകൂടിയ ജീവിതം ആണു നയിച്ചുവന്നത്. ഓരോരുത്തരും അവരുടെ ഗ്രാമത്തിന്റെയും, പൊതുജീവിതത്തിന്റേയും ഗുണത്തിന്നായി ആവുംവിധം പ്രയത്നിച്ചുവന്നു.

3. ശ്രേഷ്ഠന്മാരായ അനേകമതാദ്ധ്യാപകന്മാർ ഓരോ കാലത്ത് സമുദായികദൂഷ്യങ്ങളെ പരിഹരിക്കുവാൻ ബദ്ധകങ്കണരായി ഇറങ്ങിയിട്ടുണ്ട്. അവരിൽ ആരും സവർണ്ണർ അവർണ്ണരെ ദ്രോഹിച്ചുവന്നു എന്ന ഒരു കുററം അവരിൽ ആരോപിച്ചിട്ടില്ല. ഓരോ വ്യക്തിയും അവന്റെ കർമ്മം അനുസരിച്ചു പ്രവൃത്തിക്കുവാൻ നിർബ്ബന്ധിതനാണെന്നാണ് അവരെല്ലാം ഉപദേശിച്ചിരിക്കുന്നത്. യോഗ്യതയുള്ള ഒരു ഗുരുവിന്റെ ഉപദേശം സ്വീകരിച്ച് അവൻ അവന്റെ ജനനത്തിനും, ചുററുപാടിനും അനുസരിച്ച രീതിയിൽ ജീവിതം നയിച്ച്, ഈശ്വരപ്രീതിയുണ്ടാക്കുവാൻ ശ്രമിക്കണം എന്നാണ് ഈ തത്വജ്ഞന്മാർ പറഞ്ഞിരിക്കുന്നത്.

4. ഈ അസ്പൃശ്യരിൽതന്നെ ചില ദൈവദൂശികൾ ഉണ്ടായിട്ടുണ്ട്. അവരുടെ പ്രതിമ സവർണ്ണഹിന്ദുക്കൾ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്നുമുണ്ട്. "അസ്പൃശ്യരാ"യി ജനിച്ചാലും ശ്രേഷ്ഠന്മാരായ ആളുകളെ ആദരിക്കുവാൻ—ആരാധിക്കുവാൻപോലും—അവർ ഒരുക്കമായിരുന്നു എന്നുള്ളതിലേക്ക് ഇതു് ഒരു തെളിവാണ്.

5. ഏതു ഹിന്ദുവിന്നും, ഏതു ക്ഷേത്രത്തിലും പോകുന്നതിനും, ആരാധിക്കുന്നതിനും 'അവകാശ'മുണ്ട് എന്നു പറയുന്നതു ശരിയല്ല. അഥവാ സകല ക്ഷേത്രത്തിലും ഒരേവിധത്തിലും, രീതിയിലും ഉള്ള ആരാധനയാണ് ഉള്ളതു് എന്നും പറയാവുന്നതല്ല. ക്ഷേത്രങ്ങളിലെ ആരാധനരീതിയെ സംബന്ധിച്ചും, അതിന്റെ ഫലം ലഭിക്കണമെന്നുദ്ദേശിക്കുന്നവരുടെ വിശേഷണങ്ങളെ സംബന്ധിച്ചും, ആഗമങ്ങൾ സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. പൊതുവേ പറയുന്നപക്ഷം ഈ ഗാന്ധിക്കൂട്ടക്ക് അവയിൽ വിശ്വാസമില്ല. ശരീരമോ മനസ്സോ അശുദ്ധമായ ഒരുവൻ, അവയെ ശുദ്ധീകരിക്കാതെ ക്ഷേത്രങ്ങളിൽ പോകുവാൻ പാടില്ലെന്നാണ് പൊതുവേയുള്ള ഒരു നിശ്ചയം.

6. ഏററവും പാപിയായ ഒരുവനെ ശുദ്ധനാക്കുവാൻ ഈശ്വരന്നു മാത്രമേ സാധിക്കൂ. ഈശ്വരകാരുണ്യം ഉണ്ടാകുവാൻ ഏതു വഴി

യിൽക്കൂടിയാണ് പോകേണ്ടത് എന്നു എല്ലാവരും അറിഞ്ഞിരിക്കണം. ഗാന്ധിയുടെ സത്യാഗ്രഹംകൊണ്ടോ, ക്ഷേത്രപ്രവേശനംകൊണ്ടോ, മറെറന്തെങ്കിലും 'അവകാശം'കൊണ്ടോ, ഈ ശുദ്ധി ഉണ്ടാകുന്നതല്ല.

7. ജനങ്ങരം ഹിന്ദുമതത്തെത്തന്നെ സ്വീകരിക്കുന്നതിനും, അതിൽതന്നെ നില്ക്കുവാൻ അനേകകോടി ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും, ഉള്ള ഒരു രാഷ്ട്രീയ "വിദ്യ"യാണ് സകല ക്ഷേത്രങ്ങളും മദ്യനിർമ്മാണം തൊഴിലായി സ്വീകരിച്ചിരിക്കുന്നവക്കും, ഗോഘാതകന്മാക്കും എല്ലാം തുറന്നുകൊടുക്കുക എന്നുള്ളത്, എന്നാണ് ഈ ഗാന്ധിക്കൂട്ടർ പറന്നത്. ഇതൊരു ഭീമാബദ്ധമല്ലെങ്കിൽ മറെറന്താണെന്ന് അറിയുന്നില്ല. ഇങ്ങിനെയുള്ള ഒരു തെററിദ്ധാരണ ഏതൊരു സനാതനധർമ്മാനുയായിക്കും അയോഗ്യംതന്നെയാണ്.

8. ചുരുക്കി പറയുന്നപക്ഷം സവർണ്ണഹിന്ദുക്കളാണ പാപികരം എന്നും, അവർ ഇന്ന തങ്ങളുടെ ഭവനങ്ങളും, വിശുദ്ധദേവാലയങ്ങളും എല്ലാം അവർണ്ണക്ക് തുറന്നുകൊടുത്തു പ്രായശ്ചിത്തം ചെയ്യേണമെന്നും, ഉള്ള ഗാന്ധിമതം നിശ്ചയമായും ഒരു ഹിന്ദുവിൻേറതാണ്; എന്നു മാത്രമല്ല ആ മതം തെററാണ്.

9. അങ്ങിനെ ഉള്ള ഒരു പിഴച്ച ബോധം ബലപരീക്ഷണത്തിന്നു മാത്രം ഇടയാക്കുന്നതാണ്. ഈ യുദ്ധത്തിൽ അനേകം പേർ രക്തം ചൊരിയേണ്ടതായും വരാം. ഇതുവരെ അന്യോന്യസൌഹാർദ്ദത്തോടുകൂടി, സമാധാനത്തോടുകൂടി, ജീവിതം നയിച്ചുവന്ന സവർണ്ണഹിന്ദുക്കളും, അവർണ്ണഹിന്ദുക്കളുമായി ഈ ക്ഷേത്രപ്രവേശനസംരംഭം ശാശ്വതമായ സ്വഛയ്ക്കിടവരുത്തുന്നതാണ്.

ശരിയായ ഒരു പരിഹാരം.

ഭാരതത്തിൽ അസ്പൃശ്യരുണ്ടെന്നു ആദ്യമായി "കണ്ടുപിടിച്ചതു" മി. ഗാന്ധിയല്ല. അസ്പൃശ്യതയാകുന്ന ഈ പ്രശ്നത്തിന്, ഒരു ശരിയായ തീർപ്പുകല്പിക്കുവാൻ ഇതിനുമുമ്പുതന്നെ അനേകം യോഗികളും, ദീർഘദർശികളും ഒരുമ്പെട്ടിട്ടുണ്ട്. ഭാരതത്തിലെ പുരാതനമതത്തേയോ, അതിൻെറ ചരിത്രത്തേയോ പററി മി. ഗാന്ധിക്കു യാതൊരറിവും ഇല്ലതന്നെ. ശ്രേഷ്ഠമായ 'കർമ്മനിയമ'ത്തെ മി. ഗാന്ധി തള്ളിക്കളഞ്ഞിരിക്കുന്നു. ഈ കർമ്മമാണ് ഒരു മനുഷ്യൻെറ ജന്മത്തിനും, പരിതസ്ഥിതികരംക്കും എല്ലാം ഉത്തരവാദി. ഒരുവൻ ധനവാനാകുന്നതും മറെറാരുവൻ ദരിദ്രനാകുന്നതും, ഒരുവൻ ഉയന്നജാതിയിൽ ജനിക്കുന്നതും മറെറാരുവൻ താണജാതിയിൽ ജനിക്കുന്നതും, ഒരുവൻ ബ്രാഹ്മണ

നായിരിക്കുന്നതും മറ്റൊരുവൻ ചണ്ഡാലനായിരിക്കുന്നതും, എല്ലാം ഈ കർമ്മത്തിന്റെ അപരിഹാർയ്യമായ ഫലങ്ങളാലാണ്. ഒരുവൻ അവന്റെ ജീവിതത്തിൽ, കർമ്മാനുസാരമായ ചുററുപാടിൽ ഒരു "കർത്തവ്യം" ചെയ്തുതീർക്കേണ്ടതായിട്ടുള്ളതിനെ ഗാന്ധിജി വകവക്കുന്നില്ല. അവിടെനിന്നും അവർ തങ്ങളുടെ സകലഅസ്വാതന്ത്ര്യത്തേയും പരിഹരിക്കുന്ന മാർഗ്ഗത്തിൽ—ആത്മവിദ്യയിൽ—എത്തിച്ചേരണം. അതിനാൽ അസ്പൃശ്യതയാകുന്ന വിവാദവിഷയത്തെപ്പററി— സാമ്പത്തികവും, രാഷ്ട്രീയവും, സാമുദായികവും ആയ കാർയ്യങ്ങളുടേയും സ്ഥിതി ഇതുതന്നെയാണ്—ഒരു തീർപ്പു കല്പിക്കുവാനുള്ള ശരിയായ മാർഗ്ഗം, ശരിയായ ആത്മശക്തിയെ അടിസ്ഥാനമാക്കിയിട്ടുള്ള നവീകരണംകൊണ്ടാണ്. ഈ 'ആത്മശക്തി'ക്ക് ഗാന്ധിജിയുടെ ഉദ്ദേശപ്രകാരമുള്ള അർത്ഥമല്ല ഉള്ളതു്. നമുക്കു ശരിയായ ആത്മശക്തി ഉണ്ടാകുന്നതു് സത്യാഗ്രഹങ്ങൾകൊണ്ടും, ബഹിഷ്കരണങ്ങൾകൊണ്ടും അല്ല; നേരെമറിച്ച് അതു് 'സത്സംഗം'കൊണ്ടും, 'സദാചാരം'കൊണ്ടും, സർവ്വോപരി ഈശ്വരഭക്തികൊണ്ടും, ആത്മബലികൊണ്ടും ഉണ്ടായിത്തീരുന്നു. ഇതാണ് സനാതനധർമ്മതത്വം. "ഈശ്വരൻ സമസ്തജീവികളുടേയും ഹൃദയങ്ങളിൽ അധിവസിക്കുന്നു. അല്ലയോ ഭാരത, നീ നിന്നെത്തന്നെ അദ്ദേഹത്തിന്നായി സമർപ്പിക്കുക" എന്നാണ് ഭഗവാൻ ഗീതയിൽ ഉപദേശിക്കുന്നതു്. ഇനിയും നോക്കുക, "അല്ലയോ, പാർത്ഥ, ആരെല്ലാം എന്നെ അഭയംപ്രാപിക്കുന്നുവോ, അവർ ജന്മംകൊണ്ടു് എത്രയോ നികൃഷ്ടന്മാരായിരുന്നാലും, ഉദ്ദേശിക്കുന്ന ഏററവും നല്ല ഫലം അവക്കു ലഭിക്കുന്നതാണ്." ഒടുവിൽ "സർവ്വധർമ്മങ്ങളും പരിത്യജിച്ച് എന്നെ നിന്റെ സർവ്വഅഭയസ്ഥാനവുമായി വിചാരിക്കുക. ഞാൻ നിന്നെ സർവ്വപാപങ്ങളിൽനിന്നും വിമുക്തനാക്കിത്തീക്കാം." വാസ്തവത്തിൽ ഈശ്വരന്റെ ശരിയായ ക്ഷേത്രം, മനുഷ്യരുടെ ഹൃദയംതന്നെ ആണെന്നു ശ്രീകൃഷ്ണഭഗവാൻ പഠിപ്പിച്ചിട്ടുണ്ടു്. ആ ക്ഷേത്രത്തിലെ പ്രവേശനം ഗാന്ധിയുടെ സത്യാഗ്രഹംകൊണ്ടു് നേടുവാൻ സാധിക്കുന്നതല്ല; അതു് ഈശ്വരഭക്തികൊണ്ടും സ്നേഹംകൊണ്ടും മാത്രം വേണമെങ്കിൽ ലഭിക്കും. മനുഷ്യരുടെ നിയമനിർമ്മാണംകൊണ്ടു് അതു ലഭിക്കുവാൻ സാധിക്കുന്നതല്ല; ഈശ്വരകാരുണ്യത്തിനുമുമ്പിൽ തലകുനിക്കുന്നപക്ഷം, അതു സാധിക്കും. ഈശ്വരകാരുണ്യത്തിലേക്കുള്ള വഴി എല്ലാവക്കും തുറന്നിട്ടുള്ളതാണെന്നും, അതു് സൽസംഗത്തിൽക്കൂടിയും, സദാചാരത്തിൽക്കൂടിയും, ഗുരൂപദേശത്തിൽക്കൂടിയും പോകുന്നതാണെന്നും,

അസംഖ്യം യോഗിമാർ കാണിച്ചുതന്നിട്ടുണ്ട്. ആ വഴി, ഏററവും നീചനായ അസ്പൃശ്യന്നുപോലും തുറന്നിട്ടിരിക്കുന്ന ഒന്നാണ്. ഭാരതത്തിലെ യോഗികളുടേയും ജ്ഞാനികളുടേയും സന്താനങ്ങൾ ഇന്ന് ആ മാർഗ്ഗത്തെ വെടിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഈ മൃഗീയാവകാശങ്ങൾക്കായി, ക്ഷേത്രകവാടത്തിൽവച്ചുപോലും യുദ്ധംചെയ്യാൻ അവർ സന്നദ്ധരാണോ? കരുണാസ്വരൂപനായ ഭഗവാൻ ശ്രീകൃഷ്ണൻ നമ്മെ നല്ലവഴിയിൽക്കൂടി കൊണ്ടുപോകട്ടെ! ഓം തത് സത്! ഓം!!

ദി ഇന്ത്യൻ മിറർ.

ജീവനുള്ള സ്വരാജ്യമാണ് ആവശ്യമുള്ളത്!

ആത്മാവില്ലാത്ത ജനാധിപത്യഭരണം വേണ്ട വേണ്ട!!

(എം. കെ. ആചാര്യ)

സുപ്രസിദ്ധനായ ലോകമാന്യബാലഗംഗാധരതിലകൻ, മാൻഡലേ ജയിൽവാസത്തിൻെറ സമസ്തഭീമഭയങ്കരതാപവും അനുഭവിച്ചുകൊണ്ട്, ഉച്ചൈസ്തരം ഉൽഘോഷിച്ചത് ഇങ്ങിനെയാണ്: "സ്വരാജ്യം എൻെറ ജന്മാവകാശമാണ്. ഞാൻ അതു വാങ്ങുകയും ചെയ്യും!" സ്വരാജ്യം എന്നതിന് എന്തർത്ഥമാണ് അദ്ദേഹം കല്പിച്ചിരിക്കുന്നത്? ദേശബന്ധു സി. ആർ. ദാസ്സ് ഏതൊരു സ്വരാജ്യാദർശത്തിന്നുവേണ്ടി ആണ് തൻെറ സകല സുഖാനുഭവങ്ങളും, ഒടുവിൽ ജീവനെപ്പോലും ബലിനല്കിയത്? 1922-ൽ ഗയാ കോൺഗ്രസ്സിൻെറ അദ്ധ്യക്ഷസ്ഥാനം അലംകരിച്ചിരുന്ന ദാസ്സ് ഇങ്ങിനെ ഉൽഘോഷിച്ചു. "ഇന്നു ബ്രിട്ടീഷ് ഗവൺമെൻറ് നമുക്കു പ്രാദേശികഭരണസ്വാതന്ത്ര്യവും, ഉത്തരവാദിത്വഭരണവും നല്കുന്നതായാൽപോലും, എന്നെ ഒരാളെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ, ഞാൻ അതിനെ ശക്തിയായി പ്രതിഷേധിക്കുകതന്നെ ചെയ്യും. എന്തെന്നാൽ നിശ്ചയമായും അതു സർവ്വശക്തിയും, ഇടത്തരക്കാരുടെ കരങ്ങളിൽ അർപ്പിക്കുകയാണ് ചെയ്യുക. പിന്നെ ഈ ഇടത്തരക്കാർ തങ്ങളുടെ അധികാരത്തെ ആർക്കും ഒരുകാലത്തും വിട്ടുകൊടുക്കുന്നതല്ല. ഇന്ന് ഇൻഡ്യയെ ഭരിച്ചുവരുന്ന വെള്ളക്കാരായ പ്രഭുക്കന്മാർക്കു പകരം ഇൻഡ്യക്കാരായ ഒരു കൂട്ടം ഇടപ്രഭുക്കന്മാർ ആ സ്ഥാനം കയ്യേല്ക്കുന്നു എങ്കിൽ ഇൻഡ്യക്കു എന്തു ഗുണമാണ് ലഭിക്കുന്നത്?"

ഇൻഡ്യാക്കാരായ ഇടപ്രഭുക്കന്മാരുടെ ഭരണം ആവശ്യമില്ല.

ഭാരതനേതാക്കന്മാരിൽ ഭൂരിപക്ഷം ആളുകളും ഓരോ വട്ടമേശസമ്മേളനത്തിലും ബഹളമുണ്ടാക്കിയതു്, ഈ വെറും 'ബദലി'നെ ഉദ്ദേശിച്ചു് മാത്രമല്ലേ? അതിനുംപുറമേ അവർ ചില പ്രത്യേക സംഘങ്ങൾക്കും, സമുദായക്കാൎക്കും, ഉദ്യോഗവും അധികാരവും ആകുന്ന 'റൊട്ടി'യും, 'മത്സ്യ'വുംകൂടി കിട്ടണമെന്നു ആവശ്യപ്പെട്ടു! ഇതുതന്നെ അല്ലെ അവർ വീണ്ടും സംയുക്തപാർളിമെൻറ് കമ്മററിയോടും ആവശ്യപ്പെടുന്നതു്? ഞാൻ ഈ 'ബദലിനെ' തീരെ ഇഷ്ടപ്പെടുന്ന ഒരാളല്ല; വാസ്തവത്തിൽ ഞാൻ അതിനെ ശക്തിയായി പ്രതിഷേധിക്കുന്നു. ഈ പ്രാദേശികഭരണസ്വാതന്ത്ര്യബഹളവും, ഉത്തരവാദിത്വഭരണവാദവും, ജാതിവ്യത്യാസസംഹാരശ്രമങ്ങളും, ക്ഷേത്രപ്രവേശനസത്യാഗ്രഹവും എല്ലാം ആംഗ്ലേയവിദ്യാഭ്യാസം ലഭിച്ച ഭാരതീയരുടെ ഹീനമനഃസ്ഥിതിയെ വേണ്ടുവോളം ഉദാഹരിക്കുന്നുണ്ടു്. ഈ ഗാന്ധികളും, ഈ ടാഗ്ഗൂർമാരും, സപ്റുമാരും, ജയക്കർമാരും എല്ലാം ഞങ്ങൾക്കു നല്ല പരിചിതന്മാർതന്നെ ആണു്. ഈ നേതാക്കന്മാർ ആവശ്യപ്പെടുന്ന "ഉത്തരവാദിത്വഭരണം" ഇടത്തരക്കാരായ ചില പ്രഭുക്കന്മാരെ സഹായിക്കുമായിരിക്കാം. എന്നാൽ അതു് അഭിപ്രായം പറയുവാൻ അധികാരമില്ലാത്ത മററനേകകോടി ജനങ്ങൾക്കു യാതൊരുവിധഗുണത്തേയുംനല്കുന്ന ഒന്നല്ല.

ശരിയായ 'സ്വരാജ്യ'മാണു് ആവശ്യം.

എനിക്കു സ്വരാജ്യം വേണം, ജീവനുള്ള ശാസ്ത്രസംബന്ധമായ സ്വരാജ്യം വേണം! അതു് ജീവിതത്തിലെ ഏതു പ്രവൃത്തിയേയും ചെയ്വാൻ ധൈൎയ്യപ്പെടുത്തുന്ന ഒന്നായിരിക്കണം. അതേ, ഞാൻ ആവശ്യപ്പെടുന്ന സ്വരാജ്യം, ത്രിഭുവനത്തിലെ സമസ്തസൃഷ്ടികളേയും ഭരിക്കുന്ന നിയമത്തിനെ, അതായതു് "നാനാത്വത്തിൽ ഏകത്വം" എന്നതിനെ, അടിസ്ഥാനപ്പെടുത്തി നിൎമ്മിക്കപ്പെട്ടിരിക്കണം. ഇന്നത്തെ യൂറോപ്പു് അതിൻെറ മതസ്സംബന്ധമായ നിൎദ്ധനത്വത്താലും, മനസ്സംബന്ധമായ മുരിവൈദ്യംകൊണ്ടും, ഈ നിയമത്തെയോ, അതിൻെറ സാരാംശത്തേയോ, അറിയുന്നതേയില്ല. രാഷ്ട്രീയകാൎയ്യങ്ങളിലാവട്ടെ, മതകാൎയ്യങ്ങളിലാവട്ടെ, സാമുദായികകാൎയ്യങ്ങളിലാവട്ടെ, അഥവാ ധനസംബന്ധമായ കാൎയ്യങ്ങളിലാവട്ടെ, ഈ തത്വജ്ഞാനം അവൎക്കില്ല; അവർ ഉപയോഗിക്കുന്നില്ല. ഇങ്ങിനെ ആണു് യന്ത്രങ്ങൾ, പാശ്ചാത്യ

രാജ്യങ്ങളിൽ എവിടേയും മനുഷ്യരെ കീഴടക്കി, അവരുടെ നേരെ ഇളിച്ചു കാണിക്കുന്നതു്. അവിടത്തെ "ജനാധിപത്യഭരണം" മിക്ക രാജ്യങ്ങളിലും ഒടുവിൽ, വാളു് ഉയൎത്തിപ്പിടിച്ചിരിക്കുന്ന സൎവ്വാധികാരിത്വത്തിനു് മുമ്പിൽ തല കുനിക്കുന്നു. ഇൻഡ്യയെ സൎവ്വശക്തൻ, ഈ "ജനാധിപത്യഭരണ"ത്തിൽനിന്നു് സംരക്ഷിക്കട്ടെ! 'സ്വരാജ്യം' ഇൻഡ്യക്കു ആവശ്യമുണ്ടു്; സംസ്കാരപരമായ 'സ്വരാജ്യം' ആണു് വേണ്ടതു്.

1. "എന്നിൽ ഈശ്വരനുണ്ടു്, ഈശ്വരൻ സൎവ്വവ്യാപിയാണു്" ഈ മനഃസ്സാക്ഷിയോടുകൂടി പുരാതനകാലത്തേപ്പോലെ മനുഷ്യൎക്കു സമാധാനത്തോടുകൂടി ജീവിതം നയിക്കുവാൻ സൌകൎയ്യം ലഭിക്കണം.

2 നവീന"പരിഷ്കാര"മായ യന്ത്രഭരണത്തിൽനിന്നും, അതിന്റെ ഫലമായി ജീവിതത്തിന്റെ ഓരോ വിഭാഗത്തിലും ഉണ്ടാകുന്ന മരണകരമായ വീഴ്ചയിൽനിന്നും, രക്ഷ കിട്ടണം.

3. സനാതനധൎമ്മം, അഥവാ, ലോകത്തിന്റെ ആദ്യന്തഹീനമായ മതം, സുലഭമായി സമ്പാദിച്ചുവച്ചിരിക്കുന്ന അനശ്വരമായ ജീവിതാനന്ദസാഗരത്തിൽനിന്നും, തൃപ്തിയാവോളം ജലം പാനം ചെയ്യുവാൻ അവസരം ലഭിക്കണം.

അതുപോലെതന്നെ ഇൻഡ്യക്കു്, പരിശുദ്ധമായ രാഷ്ട്രീയ'സ്വരാജ്യ'വും ആവശ്യം തന്നെയാണു്; നാമമാത്രമായ ജനാധിപത്യഭരണം ആവശ്യമില്ല. ഈ സ്വരാജ്യം "നാനാത്വത്തിൽ ഏകത്വം" എന്ന എന്ന പ്രമാണത്തെ നല്ലവണ്ണം അറിയുന്നവരായ രാഷ്ട്രീയവിചിന്തകന്മാർ അഭിപ്രായപ്പെടുന്നവിധം രൂപീകരിക്കേണ്ടതാണു്.

ഇൻഡ്യക്കു് ധനസംബന്ധമായ 'സ്വരാജ്യ'വും ആവശ്യമുണ്ടു്. യന്ത്രങ്ങളെ മനുഷ്യൎക്കു് കീഴടക്കണം. അല്ലാതെ—'പരിഷ്കാര'മാകുന്ന മദ്ധ്യാഹ്നസൂൎയ്യന്റെ, തീവ്രകിരണങ്ങളേറ്റു് പൊരിയുന്ന പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ—മനുഷ്യരെ യന്ത്രങ്ങൾക്കു കീഴടക്കുകയല്ല വേണ്ടതു്.

ഇൻഡ്യക്കു് സാമുദായിക'സ്വരാജ്യ'വും ആവശ്യംതന്നെ. അവിടത്തെ സമുദായങ്ങളെ, ശാശ്വതമായ "ധൎമ്മ"മാകുന്ന തറയിന്മേൽ വീണ്ടും കെട്ടി ഉയൎത്തുവാൻ അവസരം വേണം. ഭാരതസന്താനങ്ങൾക്കു്, അന്തഃകരണത്തിന്റെ മൃഗഭാവത്തോടു്, പൊരുതു ജയിക്കുവാൻ തക്ക ധൈൎയ്യവും, ത്രാണിയും ഉണ്ടാകണം.

ഇൻഡ്യ ആവശ്യപ്പെടുന്ന സൎവ്വവ്യാപ്തിയോടുകൂടിയ 'സ്വരാജ്യം' അതാണ്. അതു ലഭിക്കുന്നപക്ഷം അത് ഇൻഡ്യക്കും, ലോകത്തിലെ മററു സകല രാജ്യങ്ങൾക്കും ഉപകാരപ്രദമായിരിക്കും.

മുമ്പിൽ കാണുന്ന അപകടം.

"വൈററ്ഹാളി"ൽവെച്ച് ചിലർ കള്ളക്കളിപ്പിടുന്നതുകൊണ്ട് ആ 'സ്വരാജ്യം' ലഭിക്കുന്നതാണോ? അത് ഗാന്ധിയുടെ പട്ടിണികൊണ്ട്, വാങ്ങുവാൻ സാധിക്കുമോ? ഇല്ല; ഒരു കാലത്തുമില്ല! ആ സ്വരാജ്യമാകുന്ന പൂട്ടിനെ തുറക്കുവാനുള്ള താക്കോൽ ഭാരതത്തിലെ കുന്നുകളിലും, ഭാരതീയരുടെ ജീവിതസമ്പ്രദായങ്ങളിലും മറഞ്ഞു കിടക്കുന്നു. ആ 'സ്വരാജ്യം' ഇന്ദ്രിയജയത്തിൽകൂടി, ആത്മബോധത്തെ അന്വേഷിക്കുന്ന ഏതൊരുവനും എളുപ്പത്തിൽ ലഭിക്കുന്നതാണ്. ഗാന്ധിജിയുടെ സത്യാഗ്രഹങ്ങൾക്കും, വട്ടമേശസമ്മേളനങ്ങൾക്കും, സ്വതേ ചീത്തയായ ഒന്നിനെ ഏററവും ചീത്തയാക്കുവാൻ മാത്രം സാധിക്കും. അവക്കു താഴെ പറയുന്നവിധത്തിലുള്ള ഒരു 'ഉത്തരവാദിത്വഭരണ'ത്തെ, എളുപ്പത്തിൽ കടഞ്ഞെടുക്കുവാൻ സാധിക്കും.

1. ചില പ്രത്യേക ഇടപ്രഭുക്കന്മാരുടെ കരങ്ങളിൽ ചില ന്യായരഹിതമായ രാഷ്ട്രീയാവകാശങ്ങൾ അപ്പിക്കുന്നത്; ഇത്, അവർ തമ്മിൽ അവസാനമില്ലാതെ അധികാരത്തിന്നുവേണ്ടി വഴക്കുണ്ടാക്കും. സൎവ്വവിധമായ കലഹവും, ബഹളവും എല്ലാം ഇതിൻെറ തടുക്കുവാൻ പാടില്ലാത്തഫലങ്ങളായി പരിണമിക്കും. ഒരു പക്ഷേ ഇൻഡ്യയിലും 'ജനാധിപത്യഭരണ'ത്തിന്നു പകരം, ഖഡ്ഗവാഹിയായ സൎവ്വാധികാരിത്വം സ്ഥാപിക്കപ്പെടും!

2. ജനങ്ങളെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ, ഈ 'ഉത്തരവാദിത്വഭരണം', എന്നും കരം വൎദ്ധിപ്പിച്ചുകൊണ്ടേ ഇരിക്കും. ഈ ഇനത്തിൽ അവരിൽനിന്നും ഈടാക്കുന്ന പണമെല്ലാം, എന്നും മാറിക്കൊണ്ടിരിക്കുന്നവരും, അത്യാഗ്രഹം ഉള്ളവരും ആയ മന്ത്രിമാൎക്കായി നല്കപ്പെടും. ഈ മന്ത്രിമാർ നാമത്തിൽ മാത്രം ജനങ്ങളുടെ ഇഷ്ടം അനുസരിക്കുന്നവരും, അവരോട് ഉത്തരം പറയേണ്ടവരും ആയിരിക്കും.

3. ഈ 'ഉത്തരവാദിത്വഭരണം', വൎഗ്ഗീയാല്പത്വത്തിന്നു ചില പ്രത്യേക പദവികൾ 'ഇനാം' നല്കുന്നതാണ്. സമുദായങ്ങൾ തമ്മിലുള്ള അന്യോന്യമത്സരം, അസൂയ മുതലായവ അനുനിമിഷം വൎദ്ധിക്കും; അത് ഭരണശക്തിയെ തിരെ ഇല്ലായ്മചെയ്യും.

4. ഈ 'ഉത്തരവാദിത്വഭരണം' സകല ഉൽകൃഷ്ടാദർശങ്ങളേയും നശിപ്പിക്കുവാൻ ഒരുങ്ങും. അതു് മതത്തെ, ദൂരതഃപരിവൎജ്ജിയ്ക്കും. അതു ധൎമ്മത്തെ ശിക്ഷാൎഹമാക്കിത്തീക്കും, അഥവാ ചില സ്വാതന്ത്ര്യപ്പര ശിരോമണികളുടെ വ്യാമോഹത്തിന്നു് അടിമപ്പെടുത്തും.

5. ഈ 'ഉത്തരവാദിത്വഭരണം', ചുരുക്കിപ്പറയുന്നപക്ഷം ഇൻഡ്യയെ മൂന്നാം 'കിട'യിൽ നില്ക്കുന്ന, ആത്മാവില്ലാത്ത ഒരു യൂറോപ്യൻരാജ്യമാക്കിത്തീക്കും.

മുങ്കരുതലിന്റെ ആവശ്യകത.

ഭയജനകമായ ഈ ആപത്തിനെ നാം എങ്ങിനെയാണു പരിഹരിക്കുകയോ, അഥവാ കുറക്കുകയോ ചെയ്യുന്നതു്? ഈ ആപത്തു വരുവാനുള്ള പ്രധാനപ്പെട്ട ഏകകാരണം, ഭാരതനേതാക്കന്മാരുടെ അടിമമനഃസ്ഥിതിയാണു്. ഇതു് ഒരു നൂറുകൊല്ലമായി അവരഭ്യസിക്കുന്ന നീരിശ്വര യന്ത്രനിൎമ്മാണമാകുന്ന 'വിദ്യാഭ്യാസ'ത്തിന്റെ ഫലമാണു്. ഒരു ദിവസംകൊണ്ടു് ഇതിനെ ഇല്ലാതാക്കുവാൻ സാധിക്കുന്നതല്ല. ബ്രിട്ടീഷുകാരായ രാജ്യതന്ത്രജ്ഞന്മാർ ഇൻഡ്യയുടെ തലയിൽ കെട്ടിയേല്പിക്കുവാനുദ്ദേശിക്കുന്ന രാഷ്ട്രീയഭരണയന്ത്രം തയാറായ ഉടൻ നമുക്കു താഴെ പറയുന്നവ ആവശ്യപ്പെടണം.

1. ഇടത്തരക്കാരായ 'പൌരപ്രമാണി'കളുടെ 'ദീവട്ടിക്കൊള്ള'യെ തടുക്കുവാൻ സാധാരണ ജനങ്ങൾക്കു ശക്തിയുള്ള നല്ല പുറങ്കോട്ടകൾ.

2. കാലത്തിന്നു തക്ക കോലം കെട്ടുന്നവരായ ഈ രാഷ്ട്രീയാധികൃതന്മാരുടെ ക്രൂരതയിൽനിന്നും, അവരവരുടെ മതത്തേയും സംസ്കാരത്തേയും സംരക്ഷിക്കുന്ന ഓരോ സമുദായക്കാൎക്കും ഉള്ള നിയമസ്ഥാപിതമായ അവകാശം.

3. രാജ്യഭരണമാകുന്ന ഈ വാഹനത്തെ, 'ഡ്രൈവർ'മാർ അശ്രദ്ധയോടുകൂടി അതിവേഗം ഓടിച്ചു കൊണ്ടുപോകാതിരിക്കുവാൻ ആവശ്യമുള്ള 'ബ്രേക്കു'കൾ.

ഇതിനുവേണ്ടിതന്നെ ആണു് അനേകകോടി ഹിന്ദുക്കളായ ഭാരതീയരുടെ പ്രതിനിധിസ്ഥാനമുള്ള "സമസ്തഭാരതവൎണ്ണാശ്രമസ്വരാജ്യസംഘം" താഴെ പറയുന്നവ ആവശ്യപ്പെട്ടിരിക്കുന്നതു്.

1. ഗൌരവമുള്ള പ്രവൃത്തികളിലെല്ലാം ഉത്തരവാദത്തിന്റെ അടിസ്ഥാനം, ഓരോ ഗ്രാമത്തിലുമുള്ള ഭരണസ്വാതന്ത്ര്യത്തിനെ അനുസരിച്ചു ഉണ്ടാക്കപ്പെട്ടിരിക്കണം.

2. ഏതൊരു സമുദായത്തിന്റേയും, മതത്തേയോ, മതവിശ്വാസത്തേയോ, ആചാരത്തേയോ, അനുഷ്ഠാനത്തേയോ ബാധിക്കുന്ന യാതൊരു നിയമവും നിർമ്മിക്കുവാൻ അധികൃതന്മാർ ഒരുമ്പെടുന്നതല്ലെന്നു പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കണം.

3. ഒരു സഭ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു പൊടുന്നനവേ ഉണ്ടാക്കുവാൻ ഇടയുള്ള ദോഷകരമായ ഭരണനിയമങ്ങളെ തടുക്കുവാൻ ശക്തിയുള്ളതായി ഓരോപ്രദേശത്തും ഓരോ രണ്ടാമത്തെ സഭ ഉണ്ടായിരിക്കേണ്ടതാണ്. ഇടത്തരക്കാരായ നമ്മുടെ ഇന്നത്തെ രാജ്യതന്ത്രജ്ഞന്മാർ പ്രകൃത്യാതന്നെ ഈ മുങ്കരുതലുകൾ ഒന്നുംവേണ്ട എന്നു വിചാരിക്കുന്നവരാണ്; അല്ല അവർ അതിനെ പ്രതിഷേധിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ആദായമുള്ള ജനാധിപത്യഭരണസംബന്ധമായ പരീക്ഷാപഥങ്ങൾകൊണ്ട്, നമ്മുടെ ഈ നേതാക്കന്മാർക്കെല്ലാം തലക്ക് 'കോള്' കൊണ്ടിരിക്കുകയാണ്. അവരെമാത്രം തൃപ്തിപ്പെടുത്തുവാൻ, ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർ ഒരുമ്പെടുമോ? അത്രമാത്രമാണോ അവരുടെ കർത്തവ്യം? പുരാതനമായ ഈ രാജ്യത്തിലെ മിക്ക ജനങ്ങളോടും അവർക്കു യാതൊരു ഉത്തരവാദിത്വവും ഇല്ല എന്നു വരുമോ?

ദി ഇൻഡ്യൻമിറർ.

നിയമത്താൽസ്ഥാപിച്ച മതസമഭാവം ആവശ്യമുണ്ട്.

(എം. കെ. ആചാര്യ)

രാഷ്ട്രീയ 'സ്വരാജ്യ'ത്തിന്നുള്ള മുറവിളി.

പൂർണ്ണമായ പ്രാദേശികഭരണസ്വാതന്ത്ര്യം, ഉത്തരവാദിത്വമുള്ള സംയുക്തഭരണം, ഇവയെല്ലാം ഭാരതീയർ ഉറച്ചു കഴിഞ്ഞിരിക്കുന്നു. ആവശ്യമുള്ള മററു ചെറിയ പ്രത്യേക നിയോഗങ്ങളെല്ലാം തീർച്ചപ്പെടുത്തിയ ഉടൻ ഈ ഭരണരീതി നടപ്പിൽ വരുന്നതാണ്. വിശപ്പുകൊണ്ടു വലയുന്ന എത്ര കോടി ഭാരതീയർക്കാണ് ഇതു മുമ്പിലത്തേതിൽ ആദായമായി, ഭക്ഷണപദാർത്ഥം നല്കുന്നതെന്നു നമുക്കു യഥാകാലം കാണാം. എന്നാൽ ഒരു കാര്യം തീർച്ചയാവാൻ എല്ലാ മാർഗ്ഗവും കാണു

നുണ്ട്. ആത്മാഭിമാനമില്ലാത്ത ഗാന്ധിപക്ഷക്കാരും, സമൂലസമുദായ നവീകരണക്കാരും, അടുത്ത ഭാവിയിൽ ഭാരതത്തിലെ രാഷ്ട്രീയനേതാക്കന്മാരായിത്തീരും. മതവിശ്വാസമുള്ള ഹിന്ദുക്കൾക്ക് ഇതിൽ സന്തോഷിക്കുവാൻ ഹേതുവുണ്ടോ?

ഗാന്ധിമതംകൊണ്ടുള്ള അപകടം.

നാസിക്കിലും, മലബാറിൽ ഗുരുവായൂരിലും "ക്ഷേത്രസത്യാഗ്രഹം" ഇതാ വന്നു ചാടിയിരിക്കുന്നു. എന്തു് ആവശ്യത്തിന്നു്? ഞാനും "അസ്പൃശ്യത"യെ മാററിക്കളയുവാൻ ചെയ്യുന്ന ശ്രമത്തിൽ ബലമായി സഹായിക്കുവാൻ ഒരുക്കംതന്നെ; എന്നാൽ അതു ധർമ്മാനുസരണമായ മാർഗ്ഗത്തിൽക്കൂടിയായിരിക്കണം. ഗോവധം ചെയ്യുന്നവരേയും, മദ്യമുണ്ടാക്കുന്നവരേയും, മററു സകല 'അസ്പൃശ്യ'രേയും പാപകരമായ അവരുടെ തൊഴിലുകളെ ഉപേക്ഷിക്കുവാനുപദേശിക്കുക; അതിന്നു് അവരെ സഹായിക്കുക; തന്നത്താൻ പരിശുദ്ധന്മാരാകുവാൻ അവരെ സഹായിക്കുക; ദൈവഭക്തിയാകുന്ന മാർഗ്ഗത്തിൽക്കൂടെ അവരെ നടത്തുക. ഇതാണു ജ്ഞാനികൾ, വിശേഷിച്ചു ദക്ഷിണ ഇൻഡ്യയിലെ ജ്ഞാനികൾ, ഉപദേശിച്ചിരിക്കുന്ന മാർഗ്ഗം. അപ്രകാരമുള്ള ദൈവസ്നേഹികൾ ക്ഷേത്രപ്രവേശനത്തിന്നായി പോരാടുന്നതല്ല. ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യാഗ്രഹക്കമ്മററിയുടെ സിക്രട്ടറി എനിക്കു് ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ സത്യാഗ്രഹത്തിൻെറ പരമോദ്ദേശം അയിത്തോച്ചാടനമല്ല. എന്നാൽ അസ്പൃശ്യരെന്നു വിളിക്കപ്പെടുന്നവക്കു ക്ഷേത്രാരാധനാവകാശം ലഭിക്കുവാനത്രെ." വാസ്തവത്തിൽ സവർണ്ണഹിന്ദുക്കളാണു പാപികൾ എന്നാണു ഗാന്ധിപക്ഷക്കാരുടെ പക്ഷം. അവർ സ്വമതത്തിൽപെട്ട ലക്ഷോപലക്ഷം ജനങ്ങളെ 'അസ്പൃശ്യ'രെന്നു കരുതി അന്യായമായി നരകക്കു പതിക്കുകയും, ഞെരുക്കുകയും ചെയ്തുവരുന്നു. ഈ ചരിത്രം എവിടെനിന്നു കിട്ടി? കൊള്ളാം, സത്യാഗ്രഹികൾക്കു ചരിത്രം ആവശ്യമില്ല! അവക്കു സമസ്തസമത്വം മാത്രം ആണു വേണ്ടതു്! അതിനുവേണ്ടി ഇന്നു സവർണ്ണഹിന്ദുക്കൾ പശ്ചാത്തപിക്കുകയും തന്നത്താൻ ശുദ്ധമാകുകയും വേണം; അല്ല, തന്നത്തന്നെ ശുദ്ധമാക്കുകയും വേണം. എന്തെന്നാൽ അവർ അശുദ്ധന്മാരായിരുന്നു, ഇപ്പോഴും ആണു്. അതിനുള്ള കാരണം എന്തു്? അതു മറെറാന്നുമല്ല. അവർ ഗോവധം ചെയ്യുന്നവരേയും, മദ്യനിർമ്മാണം തൊഴിലായി സ്വീകരിച്ചിരിക്കുന്നവരേയും, അതുപോലെ ജന്മംകൊണ്ടും പ്രവൃത്തികൊണ്ടും നീചന്മാരായവരേയും അശുദ്ധക്കാരായും, അസ്പൃ

കേരള സാഹിത്യ അക്കാദമി

ശ്യരായും കണക്കാക്കി. ഇപ്പോഴത്തെ ക്ഷേത്രസത്യാഗ്രഹം സവൎണ്ണരെ പരിശുദ്ധന്മാരാക്കുവാനാണ്! ഈ ഗാന്ധിപക്ഷക്കാരും, മതവിശ്വാസമില്ലാത്ത നവീകരണക്കാരുമാണ് അടുത്ത ഭാവിയിൽ നമ്മുടെ ഭരണകൎത്താക്കന്മാരായിത്തീരുന്നത്. "ശാരദാ ആക്ട്"പോലെയുള്ള അനേക നിയമങ്ങൾ അവർ നമുക്കു ദാനം തരും. ജാതിവ്യത്യാസം ശിക്ഷാൎഹമാക്കിത്തീൎക്കും. ഗോഘാതകന്മാരുപോലുമടങ്ങിയ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രാരാധനക്കനുവാദം കൊടുക്കും. മതവിശ്വാസികളായ സനാതനികൾ ഈ അത്യാപത്തുകളിൽനിന്ന് അവരുടെ ധൎമ്മത്തെ എങ്ങിനെ രക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു? അഥവാ അവർ തങ്ങളുടെ കഠിനമായ ഹിന്ദുമതത്തെ പരിത്യജിച്ച്, ഇന്നത്തെ ആദായത്തിൽ ലഭിക്കുന്ന പരിഷ്ക്കരിഷ്കാരം സ്വീകരിപ്പാൻ തയാറാണോ?

നമ്മുടെ കൎത്തവ്യം.

എന്തിന്? മതവിശ്വാസികളായ എന്റെ സഹോദരന്മാരോട് ഉണൎന്ന നമ്മുടെ ധൎമ്മാദൎശങ്ങളിലും, സ്ഥാപനങ്ങളിലും ഇവർ അന്യായമായി വരുത്തുവാൻ പോകുന്ന കയ്യേററത്തെ എതിൎക്കുവാൻ എനിക്ക് അപേക്ഷിച്ചുകൂടേ? രാജ്യതന്ത്രം, പാശ്ചാത്യരാജ്യങ്ങളിലെ മതജീവൻ ഒട്ടുമിക്കവാറും നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അതിപ്പോൾ ഭാരതത്തിലെ മതത്തേയും സംഹരിക്കുവാൻ തുടങ്ങിയിരിക്കുന്നു. നാം ആ നാശത്തിനു സഹായിക്കാമോ? മഹമ്മദീയരായ നമ്മുടെ രാജ്യക്കാർ, അവരുടെ മതത്തേയും സംസ്കാരത്തേയും സൂക്ഷിക്കുവാൻ വേണ്ടിടത്തോളം മുകരുതലു ചെയ്തിരിക്കുന്നു; ചെയ്യുവാൻ യത്നിക്കുന്നു. 'ധൎമ്മ'ത്തെ അനുസരിച്ചു ജീവിക്കുന്ന ഹിന്ദുക്കൾ, സംഖ്യകൊണ്ട് ഒരു വലിയ ഭൂരിപക്ഷമുള്ള അവർ, തന്നത്താൻ സംഘടിപ്പിക്കുകയും, ആയോധനത്തിന്നൊരുമ്പെടുകയും ചെയ്യണം. മതവിശ്വാസമില്ലാത്ത ഈ സമുദായനവീകരണക്കാരും, മി. ഗാന്ധിയുടെ സ്കൂളിൽ അഭ്യസിച്ച സ്വാതന്ത്ര്യാധിപത്യവാദികളും പിൻവാങ്ങുമോ എന്നു നോക്കാം. നമ്മുടെ വിശുദ്ധമായ ധൎമ്മത്തെ ബലികൊടുത്ത് ആദായത്തിൽ ലഭിക്കുന്ന ഒരു 'സ്വരാജ്യം' നമുക്കാവശ്യമില്ലതന്നെ. സമുദായത്തേയും മതത്തേയും സംബന്ധിക്കുന്ന യാതൊരു നവീകരണവും നമുക്കാവശ്യമില്ലെന്നു ഞാൻ ഒരിക്കലും പറയുന്നില്ല. എന്നാൽ നവീകരണം പ്രചരണവേലയാലും, നിൎബ്ബന്ധപൂൎവ്വമുള്ള പ്രസ്താവനയാലും വരുത്തേണ്ടതാണ്. അതു സൎക്കാരിന്റെ പ്രവേശനം മൂലവും, നിയമങ്ങൾ മൂലവും ചെയ്യാവുന്നതല്ല. അതിനാൽ മതവിശ്വാസികളായ എന്റെ സമസ്തഭാരത

ഹിന്ദുസഹോദരന്മാരോടും ഉള്ള പ്രാൎത്ഥന ഇതാണ്. സൎക്കാരിനെ സംബന്ധിച്ചിടത്തോളം മതകാൎയ്യങ്ങളിൽ നിഷ്പക്ഷത്വം വേണം. അതു ഗവൎമ്മേൻറിനും, രാഷ്ട്രീയവിചിന്തകന്മാൎക്കും അവഗണിക്കുവാൻ പാടില്ലാത്തവിധം അത്ര ശക്തിയോടു കൂടിയിരിക്കണം. അടുത്തുണ്ടാകുവാൻ പോകുന്ന ഭരണനവീകരണത്തിൽ ഇപ്രകാരം ഒരു പ്രത്യേക നിയമവുംകൂടി അനുവദിച്ചുകിട്ടുവാൻ ആവശ്യപ്പെടണം. തദ്വാരാ സകല വൎഗ്ഗക്കാൎക്കും മതസ്വാതന്ത്ര്യമുണ്ടായിരിക്കണം. കൂടാതെ ഗവൎമ്മേൻറാ, ഉദ്യോഗസ്ഥന്മാരോ, അഥവാ നിയമനിൎമ്മാണസഭകളോ, ഒരു സമുദായമോ, അഥവാ ഉപസമുദായമോ, തങ്ങളുടെ മതജീവിതത്തിനേയോ, ആചാരത്തേയോ, സ്ഥാപനങ്ങളേയോ, ഒരു ഗണ്യമായ രീതിയിൽ ബാധിക്കുന്നതോ, ബാധിക്കുവാൻ ഇടയുള്ളതോ ആയി വിശ്വസിക്കുന്ന യാതൊരു കാൎയ്യത്തിലും പ്രവേശിക്കാവുന്നതല്ല. അപ്രകാരമുള്ള ഒരു മുങ്കരുതലില്ലാതെ നാം പ്രാദേശികഭരണസ്വാതന്ത്ര്യത്തേയോ, അഥവാ ഉത്തരവാദിത്വഭരണത്തേയോ സ്വീകരിക്കുന്നപക്ഷം, അതു നമ്മുടെ മതത്തെ ഐഹികരാജ്യതന്ത്രത്തിന്നായി ബലി നല്കുകയായിരിക്കും. എൻെറ ഹിന്ദുസഹോദരന്മാർ അപ്രകാരമുള്ള ഒരു ബലി നല്കുവാൻ ഒരുമ്പെടുമോ?

ദി ഇന്ത്യൻ മിറർ.

ഒരു പരസ്യകത്ത്

മി. എം. കെ. ഗാന്ധി അവൎകൾക്ക്, യർവാഡാ ജെയിൽ, പൂന.

സർ,

1932 ഡിസംബർ 4-ാംനു-ലെ നിഖിലഭാരതവൎണ്ണാശ്രമസ്വരാജ്യസംഘത്തിൻെറ ഒരു യോഗത്തിൽവെച്ച്, ഞങ്ങൾ നിങ്ങൾക്കു താഴെ പറയുന്ന വിധം എഴുതിയയക്കണമെന്നു തീരുമാനിച്ചിരിക്കുന്നു:—

1933 ജനുവരി ഒന്നാം തിയ്യതിക്കകം, ഗുരുവായൂർ ക്ഷേത്രകവാടങ്ങൾ അധഃകൃതൎക്കായി തുറന്നു കൊടുക്കാത്ത പക്ഷം, നിങ്ങൾ മരണംവരെ മിസ്റ്റർ കേളപ്പനുമൊരുമിച്ചു നിരാഹാരവ്രതം അനുഷ്ഠിക്കുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നതായി, പൊതുജനങ്ങളെ അറിയിച്ചുവല്ലോ. നിങ്ങളുടെ വ്രതം, നിങ്ങളുടെ അനുഗാമികളെ പ്രവൃത്തി ആരംഭിക്കുവാൻ പ്രേരിപ്പിക്കുന്നതിനാണെന്ന്, നിങ്ങൾ പറയുന്നു;

എന്നാൽ അവർ എന്തുചെയ്യണമെന്നാണ് നിങ്ങളുടെ ആഗ്രഹമെന്ന് ഞങ്ങൾക്കു മനസ്സിലാകുന്നില്ല. സനാതനികൾ, അവരുടെ ക്ഷേത്രങ്ങളിൽ അവർണ്ണർ കടന്ന് അശുദ്ധമാക്കാതിരിക്കുവാൻ ചെയ്യുന്ന ശ്രമത്തെ, ബലം പരീക്ഷിച്ച് എതിർക്കുവാനായിരിക്കുമോ? ശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്നവണ്ണമുള്ള തങ്ങളുടെ നടവടി ക്രമത്തെ മാററുവാൻ സനാതനികളെ പ്രത്യേകം നിർബ്ബന്ധിക്കുവാനുള്ള ഒരു ഉപായവഴിയാണ്, നിങ്ങളുടെ മരണപര്യന്തം നിരാഹാരവ്രതമെടുക്കുക എന്ന നിശ്ചയവും, എന്നുള്ള കാര്യം സ്പഷ്ടമാണ്. സ്വരാജ്യം നേടാമെന്ന നിങ്ങളുടെ വാഗ്ദത്തം മൂലം, നിങ്ങൾ എല്ലാവരുടേയും വിചാരത്തെ വശീകരിച്ചിരിക്കുന്നതിനാൽ, നിങ്ങൾ അവരുടെ മനസ്സിൽ ഒരു വലിയ ശക്തി നേടിയിരിക്കുന്നു. മരണപര്യന്തം നിരാഹാരവ്രതമെടുക്കുമെന്ന നിങ്ങളുടെ പ്രതിജ്ഞ, ആശക്തികൊണ്ട് നിങ്ങൾ ന്യായരഹിതമായ തരം അഥവാ തക്കം കാണിക്കുകയാണെന്ന്, നിങ്ങളോടു തുറന്നു പറയുവാൻ ഞങ്ങളെ അനുവദിക്കണം.

അവർണ്ണരുടെ ക്ഷേത്രപ്രവേശനവാദം ഒരു മതവിഷയമാണ്. നിങ്ങൾ ശാസ്ത്രങ്ങൾ പഠിച്ചിട്ടില്ലെന്ന് ഒന്നിലധികം പ്രാവശ്യം തന്നെത്താൻ സമ്മതിച്ചിട്ടുള്ളതിനാൽ, ഹിന്ദുമതസംബന്ധമായ വിഷയങ്ങളിൽ നിങ്ങൾ പ്രവേശിക്കേണ്ടിയില്ലായിരുന്നു, എന്നു പറയുവാൻ ഞങ്ങൾക്ക് അനുവാദം തരണം.

എങ്ങിനെയായാലും നിങ്ങൾ കാര്യം തീരുമാനിച്ചു കഴിഞ്ഞു. ഞങ്ങൾ പ്രതിനിധീകരിക്കുന്ന സ്ഥാപനം, ഏററവും പുരാതനമായ കാലത്തു യോഗികളാൽ നിശ്ചയിക്കപ്പെട്ട വർണ്ണാശ്രമധർമ്മത്തെ ആചരിച്ചു വരുന്നു. മതാചാരങ്ങളിലും ,നിയമങ്ങളിലും നിങ്ങളുടെ ഉപദേശങ്ങൾ സ്വീകരിപ്പാൻ ഞങ്ങൾ സന്നദ്ധരല്ല. നിങ്ങൾ നിങ്ങളുടെ ജീവിതത്തിലെ ഏററവും നല്ല ഒരംശം, ഭാരതത്തിന്നു പുറമെ ക്രിസ്തുമതപ്രസംഗികന്മാരുമൊരുമിച്ചു കഴിച്ചു കൂട്ടി. നിങ്ങൾ ഇതുവരെ ശാസ്ത്രാനുസരണം, അസ്പൃശ്യതക്കും, അവർണ്ണക്ഷേത്രവിരോധത്തിന്നും യാതൊരു പ്രമാണവുമില്ലെന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. എന്നാൽ ഈ കാര്യത്തിൽ പരമാർത്ഥം എന്തെന്നറിയുവാൻ ശ്രമിക്കേണ്ടതു് അത്യാവശ്യമാണ്. നിങ്ങളുടെ ധാരണ, പരമാർത്ഥമല്ലെന്ന് ഞങ്ങൾ പരിപൂർണ്ണമായി വിശ്വസിക്കുന്നതിനാൽ, ഈ വിഷയത്തെപ്പററി ഞങ്ങളുടെ പണ്ഡിതന്മാരുമായി ഒരു ശരിയായ വാദപ്രതിവാദം നടത്തിയാൽകൊള്ളാം. അവർ നിങ്ങൾക്ക് വേണ്ട പ്രമാണങ്ങൾ നല്കുകയും,

അവർ ആചരിക്കുന്നതു ശാസ്ത്രവിധികൾ അനുസരിച്ചാണെന്ന് തെളിയിക്കുകയും എളുപ്പത്തിൽ ചെയ്യും.

അപ്രകാരം ഒരു ശരിയായ വാദപ്രതിവാദം നടത്തി സനാതനികളെ നിങ്ങളുടെ ആദൎശശുദ്ധി അറിയിക്കുന്നതിനുമുമ്പ്, നിങ്ങളുടെ ആദൎശം ശാസ്ത്രവിധിക്കു വിരോധമായിട്ടുള്ള ഒന്നല്ലെന്നു തെളിയിക്കുന്നതിനുമുമ്പ്, ഇപ്രകാരം 1932 ജനുവരി 1-ാംനു-ക്കകം ഗുരുവായൂർ ക്ഷേത്രവാതിലുകൾ അധഃകൃതൎക്കായി തുറന്നു കൊടുക്കാത്ത പക്ഷം, മരണപൎയ്യന്തം നിങ്ങൾ നിരാഹാരവ്രതമെടുക്കുമെന്നു പ്രതിജ്ഞ ചെയ്തതു് കഷ്ടാൽകഷ്ടതരം തന്നെ.

ഹിന്ദുമതത്തിലെ അയിത്തോച്ചാടനം സംബന്ധിച്ച നിങ്ങളുടെ ആദൎശങ്ങളിൽ നിന്നു് നിങ്ങൾ ഇന്നു്, അവൎണ്ണരുടെ ക്ഷേത്രപ്രവേശന കാൎയ്യത്തിലേക്കു കാലെടുത്തു വെച്ചിരിക്കുന്നു. ആ വക ആദൎശങ്ങളെ നിങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനും, ഭഗീരഥപ്രയത്നം തുടങ്ങിയിരിക്കുന്നു. തന്മൂലം ഇനി നിങ്ങൾ മിശ്രഭോജനത്തിന്നും, മിശ്രവിവാഹത്തിന്നും, ഉടൻ തന്നെയോ അഥവാ സ്വല്പകാലം കഴിഞ്ഞോ, ശ്രമിക്കുമെന്നുള്ളതു തീൎച്ചയാണു്. അതിന്റെ താല്പൎയ്യം, നിങ്ങൾ ഹിന്ദുമതത്തിന്റെ ഏററവും വലിയ ഒരു പുറങ്കോട്ടയേയും, നിനയാതെ വിദേശങ്ങളിലെല്ലാം സുപ്രസിദ്ധി നേടിയിരിക്കുന്ന ഹിന്ദുസംസ്കാരത്തേയും, പാടെ അടിച്ചുടക്കുവാൻ ബദ്ധകങ്കണനായി പുറപ്പെട്ടിരിക്കുന്നു എന്നാണു്. ഈ നിലയെ ഞങ്ങൾക്കു ക്ഷമയോടെ വിചാരിക്കുവാൻ സാധിക്കുന്നതല്ല.

സനാതനികൾ ഈ വിഷയത്തെപ്പററി ഒരു വാദപ്രതിവാദം നടത്തുവാൻ ഒരുക്കമാണെങ്കിൽ, നിങ്ങൾ അവരെ ക്ഷണിക്കുവാൻ തയാറായിരിക്കുമെന്നു, നിങ്ങൾ ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി.

നിങ്ങളുടെ നിശ്ചയത്തെ നിങ്ങൾ പ്രവൎത്തിപഥത്തിൽ കൊണ്ടുവരുന്നതിന്നുമുമ്പു്, ക്ഷേത്രപ്രവേശനവിഷയത്തെ സംബന്ധിച്ചുള്ള എല്ലാ രൂപത്തിലും—ശാസ്ത്രാനുസരണവും, ന്യായാനുസരണവും മററുമായ—ഒരു വിചിന്തനം ചെയ്യാനുള്ള അവസരം ഉണ്ടാക്കുന്നതു ശരിയായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആ വിഷയത്തെപ്പററി നിങ്ങൾ ന്യായാനുസരണരൂപത്തിൽ ഒരു വിചിന്തനംചെയ്യാൻ തുടങ്ങിയെന്നു ഞങ്ങൾ അറിയുന്നു. അപ്രകാരം ശാസ്ത്രാനുസരണവും ഒരു പൎയ്യാലോചനചെയ്യാൻ നിങ്ങൾ ഒരുക്കമുണ്ടെങ്കിൽ, നിങ്ങളും, ശാസ്ത്രങ്ങൾ അതിനെ വിരോധിച്ചിട്ടില്ലെന്നു നിങ്ങളെ ഉപദേശിച്ച മററു പണ്ഡിത

ന്മാരും ഒരു ഭാഗമായും, ഞങ്ങളുടെ പണ്ഡിതന്മാർ മറെറാരു ഭാഗമായും അതിനെപ്പററി ശരിയായ ഒരു വാദപ്രതിവാദം നടത്താം. സഫലമാകുന്നതിനും പൊതുജനങ്ങൾക്ക് എന്തെങ്കിലും ഒരു സാദ്ധ്യമുണ്ടാകുന്നതിനുമായി, ഈ വാദപ്രതിവാദം ഒരു ശരിയായ രീതിയിൽ സ്വതന്ത്രന്മാരായ മഹാന്മാരുടെ സമക്ഷത്തിൽവച്ച് എഴുത്തുമൂലം നടത്തപ്പെടേണ്ടതത്രേ. ഈ മഹാന്മാർ ഏതു മതാനുയായികളാവുന്നതിനും വിരോധമില്ല. അവരെ ഇരുകൂട്ടരും തിരഞ്ഞെടുക്കേണ്ടതാണ്.

മതസംബന്ധമായ കാര്യങ്ങളിൽ സാധാരണ പൊതുജനങ്ങളുമായുള്ള നിങ്ങളുടെ പര്യാലോചന ഞങ്ങൾക്കു സ്വീകരിക്കാവുന്ന ഒന്നല്ല.

നിങ്ങൾ വാസ്തവമായും ഹാർദ്ദമായും അപ്രകാരം ഒരു വാദപ്രതിദം നടത്തുവാൻ ഇച്ഛിക്കുന്നുണ്ടെങ്കിൽ, ദയവായി ഞങ്ങൾക്ക് ഒരു മറുവടി തരണം.

എന്നു വിധേയർ,

പണ്ഡിതർ ദേവനായകാചാരിജി, (ഒപ്പ്)

ജനറൽ സിക്രട്ടറി, നിഖിലഭാരതവർണ്ണാശ്രമസ്വരാജ്യസംഘം.

ഹരിലാൽ ഡി. നാനാവതി, (ഒപ്പ്)

സിക്രട്ടറി, നിഖിലഭാരതവർണ്ണാശ്രമസ്വരാജ്യസംഘം.

ദി ഇൻഡ്യൻ മിറർ.

ഗാന്ധിജി അന്നും ഇന്നും.

(ജി. വി. ലക്ഷ്മണശാസ്ത്രി, സിക്രട്ടറി, തഞ്ചാവൂർ പ്രാദേശികഹിന്ദു കമ്മററി.)

ഗാന്ധിജിയുടെ എഴുത്തുകളിൽനിന്നു താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങൾ വർണ്ണാശ്രമത്തെ സംബന്ധിച്ചിടത്തോളം ഗാന്ധിജിക്കുണ്ടായിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങളെ വേണ്ടവിധം ഉദാഹരിക്കുന്നുണ്ട്.

1925.

'യുവഭാരതം' ('Young India') 'വാള്യം' 2, വശം 1040, 1041, 1042-ൽ കാണുന്ന താഴെ പറയുന്ന പ്രസ്താവന, വർണ്ണാശ്രമധർമ്മത്തെപ്പററി ഗാന്ധിജിയും, ഡാക്ടർ അംബെത്കരും ആയിട്ടുണ്ടായ വിവാദത്തെ വായിച്ചിട്ടുള്ളവർക്ക് വളരെ രസാവഹമായി തോന്നുവാൻ ഇടയുണ്ട്. ഒരു ലേഖകനോട് 1925-ൽ ഗാന്ധിജി പറയുന്നത് ഇങ്ങിനെയാണ്:— "ജന്മത്തെ അടിസ്ഥാനമാക്കി പ്രവൃത്തിയെ സുഖപ്രദമായി വിഭജിച്ചിട്ടുള്ള ഒന്നാണ് വർണ്ണാശ്രമമെന്നു എനിക്കു പൂർണ്ണബോദ്ധ്യമുണ്ട്......ഒരു ശൂദ്രന് ഒരു വൈശ്യൻ ആയി തീരുവാൻ സാധിക്കും. എന്നാൽ ഒരു വൈശ്യൻെറ പ്രവൃത്തികളെല്ലാം ചെയ്യാൻ അവന് ഒരു വൈശ്യൻെറ 'ചുട്ടികുത്തി'യിരിക്കേണ്ട ആവശ്യമില്ല. ഒരു ബ്രാഹ്മണൻെറ കർത്തവ്യങ്ങളെല്ലാം അനുഷ്ഠിക്കുന്ന ഒരുവൻ, [illegible]ത്തിൽ അടുത്ത ജന്മം ഒരു ബ്രാഹ്മണനായി തീരുന്നു. എന്നാൽ

1933

1933 ഫെബ്രുവരി 15-ാംനു-ലെ 'ഹിന്ദു'വിൽ 11-ാംപേശത്തു, മി. ഗാന്ധിയുടെ ഡാക്ടർ അംബെത്കർക്കുള്ള മറുപടിയിൽ, താഴെ പറയുന്ന പ്രസ്താവന കാണുന്നുണ്ട്. "ഞാൻ അതിനെ (ഹിന്ദുമതത്തെ) അറിയുന്നതും, വ്യാഖ്യാനിക്കുന്നതുമായ നിലയിൽ, അതു് എനിക്കു ഇഹത്തിലും പരത്തിലും ആവശ്യമുള്ള ആശ്വാസം നല്കുന്നുണ്ട്. ജീവിതത്തിലെ അനേകം പ്രഹേളികയുടെ വ്യാഖ്യാനം അതിൽനിന്നും എനിക്കു ലഭിക്കുന്നുണ്ട്. എന്നാൽ ഇന്നു മനസ്സിലാക്കിയിരിക്കുന്നവിധമുള്ള അസ്പൃശ്യത എന്ന ഒരു വലിയ കളങ്കം അതിനുണ്ട്. ഇതിനെ ആ മതം അനുസരിച്ചും വരുന്നു. അതു ഒരു മനുഷ്യനും മറെറാരു മനുഷ്യനും തമ്മിൽ അജഗജാന്തരമുള്ളതായി വിശ്വസിക്കുന്നു. ഒരുവൻ ഏണിയുടെ ഏററവും മുകളിലത്തെ പടിയിലും, മറെറാരുവൻ ഏററവും താണ പടിയിലും മാത്രം നില്പാൻ അർഹനാണ്; അല്ല നിർബ്ബന്ധിതനാണ്.

ഒരു വൎണ്ണത്തിൽനിന്നു മറെറാരു വൎണ്ണത്തിലേക്കു് ഈ ജന്മംതന്നെ 'ഭാഷാന്തരം' ചെയ്യുക എന്നുള്ളതു് നിശ്ചയമായും വലുതായ വഞ്ചനയിൽ അവസാനിക്കാതിരിക്കുന്നതല്ല. ഇതിന്റെ ഫലം വൎണ്ണം തീരെ നശിക്കുമെന്നുള്ളതാണു്. അതിന്റെ നാശത്തെ നീതീകരിക്കുവാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. അതു് സംസാരസംബന്ധമായ അത്യാഗ്രഹത്തിനു് ഒരു പ്രതിബന്ധമാണെന്നു വരാം. മതസംബന്ധമായ ഉദ്ദേശത്തോടുകൂടി നിൎമ്മിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനത്തെ സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ ഒരു തീൎപ്പുണ്ടാക്കുവാൻ, സംസാരസംബന്ധമായ ഉദ്ദേശങ്ങളെ സ്വീകരിക്കാവുന്നതല്ല എന്നു ഞാൻ അഭിപ്രായപ്പെടുന്നതിനെ ക്ഷമിക്കണം. പലപ്പോഴും ആളുകൾ വൎണ്ണാശ്രമവും, അസ്പൃശ്യതയും ഒന്നാണെന്നു ധരിക്കുന്നു. അതിനാൽ രണ്ടാമത്തേതിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെതന്നെ അവർ ആദ്യത്തേതിനേയും നശിപ്പിക്കുവാൻ ഒരുമ്പെടുന്നു. അതിനാൽ അസ്പൃശ്യതയെ സംബന്ധിക്കുന്ന നവീകരണം ഉണ്ടാക്കുവാൻ താമസം നേരിടുന്നു. വൎഗ്ഗലക്ഷണം കുറച്ചു കൊല്ലങ്ങൾകൊണ്ടോ, അഥവാ ചില തലമുറകൾകൊണ്ടുതന്നെയോ ഭേദപ്പെടുന്ന ഒന്നല്ല; ഒരു ബ്രാഹ്മണനും ഒരു പറയനും തമ്മിൽ മുഖ്യമായ ചില വ്യത്യാസങ്ങളെല്ലാമുണ്ടു്. അതുപോലെതന്നെ ഈ നാലു വൎഗ്ഗക്കാരും ത

ഈ വലിയ ഉൽകൃഷ്ടതയും, ഈ വലിയ ഹീനത്വവും, രണ്ടും പിതാവിനാൽ പുത്രനു് നല്കപ്പെടുന്നതായി, എന്നും നിലനില്ക്കണമെന്നുള്ളതു് ഈ മതനിശ്ചയമാണെങ്കിൽ — അതിൽനിന്നും സ്വല്പംപോലും ഒരു വ്യതിചലനം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ —ഞാൻ ഡാക്ടർ അംബത്കറെപ്പോലെതന്നെ ഈ മതാനുയായി ആയിരിപ്പാൻ ഉദ്ദേശിക്കുന്നില്ല...... അസ്പൃശ്യതയോടുള്ള എന്റെ യുദ്ധം നിശ്ചയമായും ഭയങ്കരമായ ഈ പ്രമാണത്തോടാണു്. എന്നാൽ ഡാക്ടർ അംബത്കർ വൎണ്ണാശ്രമത്തിനോടുതന്നെ യുദ്ധം ചെയ്വാൻ ആവശ്യപ്പെടുമ്പോൾ എനിക്കു് അദ്ദേഹത്തിന്റെ കൂടാരത്തിൽ നില്ക്കുവാൻ നിൎവ്വാഹമില്ല. എന്തെന്നാൽ വൎണ്ണാശ്രമം ഹിന്ദുമതത്തിന്റെ പിരിഞ്ഞിരിക്കുവാൻ പാടില്ലാത്ത ഒരു ഭാഗമാണെന്നാണു് എന്റെ വിശ്വാസം. എന്റെ അഭിപ്രായം അനുസരിച്ചു് വൎണ്ണാശ്രമവും, ആശ്രമ ധൎമ്മവും ഇന്നു സംശയസ്ഥിതിയിലെത്തിയിരിക്കുന്നു. പിന്നെ ഇന്നു എന്തു വൎണ്ണമാണു് ഉള്ളതു് എന്നു് എന്നോടു് ഒരുവൻ ചോദിക്കുന്നപക്ഷം, ശൂദ്രവൎണ്ണം എന്നു ഞാൻ സമാധാനം പറയും. അതിനുള്ള കാരണം അതാണു് ഏററവും താണതു് എന്നുള്ളതല്ല; എന്നാൽ ഇന്നു ശേഷിച്ചിട്ടുള്ളതു് അതു മാത്രമാണു് എന്നുള്ളതാണു. ഇന്നു വൎണ്ണാശ്രമികൾക്കു വളരെ ജ്ഞാനവും, ശക്തിയും, ധനവും

മ്മിൽ പരസ്സരവ്യത്യാസമുണ്ട്. എന്നാൽ ഞാൻ യുദ്ധം ചെയ്യാനുദ്ദേശിക്കുന്നതു, ധംഭോടുക്കൂടിയ ഉൽകൃഷ്ടതയെ സ്വീകരിച്ചിരിക്കുന്നവരോടാണ്: അവർ ആരായാലും കൊള്ളാം; ബ്രാഹ്മണനായാലും കൊള്ളാം, ചണ്ഡാലനായാലും കൊള്ളാം. വർണ്ണാശ്രമത്തിൽ ഉണ്ടായിരിക്കുന്ന ദൂഷ്യങ്ങളെ ആണ് നാം പരിഹരിക്കേണ്ടിയിരിക്കുന്നത്. അതിനെത്തന്നെ നശിപ്പിക്കുവാൻ പാടില്ല.”

———

ഉണ്ട്. എന്നാൽ വർണ്ണധർമ്മത്തിന്റെ മതസംബന്ധമായ നോട്ടത്തിൽ, ഇവയെ മൂന്നിനേയും സ്വാർത്ഥത്തെ പൂരിപ്പിക്കുവാനല്ല ഉപയോഗിക്കേണ്ടത്. പ്രത്യുത ആത്മീയമായതും, ഉപകാരമുള്ളതും ആയ ഉന്നതിക്കായി ഇവയെ ഉപയോഗിക്കണം. എല്ലാവർക്കും ചെയ്യാവുന്നതായി ഇന്നു ഒന്നുള്ളതു സഹായം മാത്രമാണ്. അതും വർണ്ണാശ്രമധർമ്മം അനുവദിക്കുന്നതുതന്നെയാണ്. സഹായിക്കുവാനുള്ള ഈ ആഗ്രഹംകൊണ്ട് ആത്മികജ്ഞാനം വീണ്ടും ഉണ്ടാക്കുവാനും, അതിനെ സംരക്ഷിപ്പാനുള്ള ശക്തിയുണ്ടാക്കുവാനും, അതിനു വേണ്ട ധനമുണ്ടാക്കുവാനും സാധിക്കുന്നതാണ്. ആ ജ്ഞാനത്തെ സമ്പാദിക്കുകയും, അതിനെ സമുദായത്തിനു വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നവർ ബ്രാഹ്മണരായിരിക്കും. ആ ശക്തിയെ സമുദായഗുണത്തിന്നായി ഉപയോഗിക്കുന്നവർ ക്ഷത്രിയന്മാരായിരിക്കും. ധനം സമ്പാദിക്കുകയും, അതിനെ സമുദായത്തിന്നുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നവർ വൈശ്യരായിരിക്കും. ഇവരെല്ലാം അവരവരുടെജീവിതത്തിന്നുവേണ്ടിത്തന്നെ ശൂദ്രരെ ആശ്രയിക്കും. അവരാണു യഥാർത്ഥസഹായത്തിന്റെ മൂർത്തികൾ. എനിക്ക് അതാണു ശരിയായ വർണ്ണാശ്രമം എന്നു തോന്നുന്നു. ഇങ്ങിനെ നോക്കുമ്പോൾ ഉൽകൃഷ്ടതക്കും, ഹീനത്വത്തിന്നും അവകാശമില്ല.”

ദി ഇന്ത്യൻ മിറർ.

———

മി. ഗാന്ധിയോ, അദ്ദേഹത്തിൻെറ അനുചരന്മാരിൽ ആരെങ്കിലുമോ, ഇതിന് സമാധാനം പറയാമോ?

1933 മെ 24-ാംനു-ലെ "ബാംബേ സമാചാരം" എന്ന പത്രത്തിൽ, 'ഗാന്ധിജിയുടെ വിജയം' ആദ്യത്തെ വശത്തുതന്നെ പ്രസിദ്ധപ്പെടുത്തി കണ്ടു. ആ പത്രത്തിൽ തന്നെ മി. സെഡ് മഹമ്മത്, "മി. ഗാന്ധി, ഇൻഡ്യയെ വിജയത്തിലേക്കുള്ള മാർഗ്ഗത്തിൽ എത്തിക്കുന്നതാണ്" എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതിയിരുന്നതും വായിച്ചു. ഈ ലേഖനപാരായണംചെയ്യുന്ന യാതൊരുവനും, അത് നാം മുമ്പിൽ പ്രത്യക്ഷമായി കാണുന്ന പരമാർത്ഥങ്ങളുമായി യോജിക്കുന്നതെങ്ങിനെ, എന്നു സംശയിക്കാതിരിക്കയില്ല. വാസ്തവത്തിൽ അതിൽ ആശ്ചര്യത്തിന്നവകാശവുമില്ല. "എനിക്കു വിജയം ലഭിച്ചു" എന്നു മി. ഗാന്ധി പറയുന്നു. "മി. ഗാന്ധിക്കു തോൽവി പററി എന്നൊരുവൻ പറയുന്നപക്ഷം, എൻെറ അഭിപ്രായം അനുസരിച്ച് അതൊരു വലിയ തെററുതന്നെ ആയിരിക്കും" എന്നു മി. സെഡ് മഹമ്മതും പ്രസ്താവിക്കുന്നു. വിയന്നായിൽവച്ച്, മി. വിത്തൽഭായി പട്ടേലും മി. സുബാഷ്ചന്ദ്രബോസും ചെയ്ത പ്രസ്താവനകളെപ്പററി പറയുന്ന അവസരത്തിലാണ്, മി. സെഡ് മഹമ്മത് മേൽപറഞ്ഞിരിക്കുന്നവിധം പ്രസ്താവിക്കുവാൻ ഇടയായത്. ഇതിനുംപുറമേ മി. സെഡ് മഹമ്മത് മി. പട്ടേലിൻെറ 1922-ലെ പ്രസ്താവന തെററിപ്പോയി എന്നു എല്ലാവക്കും ബോദ്ധ്യപ്പെട്ടു എന്നും പറഞ്ഞിരിക്കുന്നു.

"മി. ഗാന്ധി വിജയിയായിത്തീന്നു" എന്നു പറയുവാൻ അവക്ക് എന്തു തെളിവാണ് ലഭിച്ചിട്ടുള്ളതെന്നു മി. സെഡ് മഹമ്മതിനോടും, മി. ഗാന്ധിയോടുംതന്നെ ചോദിച്ചറിയുവാൻ പൊതുജനങ്ങൾക്കവകാശമുണ്ട്. താഴെ പറയുന്ന, നിരസിക്കുവാൻ പാടില്ലാത്ത പരമാർത്ഥങ്ങളാണ് ഞങ്ങൾ കാണുന്നത്:—

1. നിസ്സഹകരണപ്രസ്ഥാനംകൊണ്ടു വിജയം ലഭിച്ചുവോ?

2. സിവിൽ നിയമലംഘനം എത്രത്തോളം വിജയംനേടി?

3. അവർ സത്യാഗ്രഹം എന്നു വിളിച്ചുവന്ന പ്രസ്ഥാനം, വിജയത്തിലാണോ കലാശിച്ചത്?

4. 'ഖിലാഫ'ത്തിൽ (ലഹള) അവർ ചെയ്ത ശ്രമങ്ങൾകൊണ്ടു വിജയം സമ്പാദിക്കുവാൻ സാധിച്ചോ?

5. ഉപ്പിന്മേൽ ചുമത്തപ്പെട്ടിരിക്കുന്ന തീരുവ ഇല്ലാതാക്കുവാനുള്ള അവരുടെ ശ്രമം ഫലിച്ചുവോ? മദ്യം നിർമ്മിക്കുന്നതിന്നു ഉപയോഗിക്കുന്ന വൃക്ഷങ്ങളെ നശിപ്പിക്കുവാൻ അവൎക്കു കഴിഞ്ഞോ? മദ്യനിർമ്മാണവും, മദ്യവില്പനയും ഇല്ലാതായോ?

6. കരംകൊടുക്കാതിരിക്കുക എന്ന ഏൎപ്പാട്, എത്രത്തോളം ഗുണകരമായിത്തീൎന്നു?

7. തക്ലിയിലും, ചൎക്കയിലും നൂലുണ്ടാക്കി വസ്ത്രംനെയ്യുക എന്ന അവരുടെ ഉപായം, എത്രമാത്രം വിജയിയായി കാണപ്പെട്ടു?

8. വിദേശവസ്ത്ര—വിശേഷിച്ചു് ഇംഗ്ലീഷുവസ്ത്രബഹിഷ്ക്കരണം—വിജയത്തിൽ എത്തിച്ചേൎന്നോ? ഈ പ്രസ്ഥാനംമൂലം ഭാരതവ്യവസായങ്ങൾക്കു ഗുണമാണോ ഉണ്ടായതു്?

9. ഇന്നത്തെ പറയപ്പെടുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾകൊണ്ടു് ജപ്പാൻകാർ ഇൻഡ്യൻ വ്യവസായങ്ങളിൽ ചെയ്യുന്നതും, ചെയ്തുവരുന്നതുമായ പൊടിക്കൈകൾ എന്തെല്ലാമാണെന്നു അവർ അറിയുകപോലും ചെയ്തിട്ടുണ്ടോ?

10. 'പിക്കററിംഗ്' ജയം നേടിയോ?

11. ഇൻഡ്യയിൽ വിദേശരാജ്യങ്ങളിൽനിന്നു കൊല്ലന്തോറും ഇറക്കുമതി ചെയ്യപ്പെടുന്ന അനേകകോടി രൂപാ വിലക്കുള്ള സുഖഭോഗപദാൎത്ഥങ്ങളെ വാങ്ങുവാൻ ആളില്ലാതാക്കിത്തീൎക്കുവാൻ അവരെക്കൊണ്ടു് സാധിച്ചോ? മി. ഗാന്ധിയുടെ സ്നേഹിതന്മാർതന്നെ അവയൊന്നും വാങ്ങാതിരിക്കുന്നുണ്ടോ?

12. ഇൻഡ്യയിലെ പണം (വിശേഷിച്ചും സ്വൎണ്ണം) അന്യരാജ്യങ്ങളിലേക്കു പോകുന്നതിനെ തടയുവാൻ അവൎക്കു സാധിച്ചോ?

13. ഹിന്ദു-മുസ്ലീം ഐക്യം ഉണ്ടാക്കുന്നതിൽ മി. ഗാന്ധി വിജയിയായോ?

14. പൂനാ സന്ധി 'ഞെളിഞ്ഞുനിന്നു ന്യായം പറയാവുന്നവിധം' ശരിയായിട്ടുള്ള ഒന്നാണോ?

15. ഡാക്ടർ അംബത്കറിൽനിന്നും, അയാളുടെ കക്ഷികളിൽനിന്നും ആവശ്യമുള്ളിടത്തോളം അസ്പൃശ്യരെ അദ്ദേഹത്തിന്നു ലഭിച്ചുവോ? ഡാക്ടർ അംബത്കർ പറയുന്നതുപോലെ, അയാളെ അവരുടെ നേതാവായി സ്വീകരിക്കുവാൻ പാടില്ലെന്നു, ഇപ്പോഴെങ്കിലും അദ്ദേഹം സമ്മതിക്കുന്നുണ്ടോ?

16. മി. ഗാന്ധി നല്കിയ ഈ ഭീമബലികൾക്കശേഷവും അസ്പൃശ്യതയെ അണുമാത്രം ഇല്ലാതാക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടുണ്ടോ? വിവിധവർഗ്ഗക്കാരടങ്ങിയ അസ്പൃശ്യരുടെ ഇടയിൽ തന്നെ, ഈ ഏർപ്പാട് ഇല്ലാതാക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞോ?

17. അദ്ദേഹത്തിന്റെ അമേരിക്കക്കാരനായ ശിഷ്യൻ പറയുന്ന ഗാന്ധിയുടെ അറുപത് അനുചരന്മാരെപ്പററി വേണ്ടുംവണ്ണം പ്രസ്താവിച്ചിട്ടുണ്ടോ? അവരുടെ നാമങ്ങൾ പരസ്യപ്പെടുത്താതിരുന്നതും, അദ്ദേഹത്തിന്റെ വിജയംകൊണ്ടാണെന്നു മി. ഗാന്ധി വിശ്വസിക്കുന്നുണ്ടോ?

18. അസ്പൃശ്യതയെ മാററുവാനുള്ള അദ്ദേഹത്തിന്റെ പ്രയത്നംകൊണ്ട് മി. ഗാന്ധിക്ക് വാസ്തവത്തിൽ തന്റെ അനുചരന്മാരായ കോൺഗ്രസ്സുകാരുടെ സഹായസഹകരണങ്ങൾപോലും നഷ്ടപ്പെട്ടിരിക്കുന്നു. ഇതും അദ്ദേഹത്തിന്റെ വിജയത്തെ ഉദാഹരിക്കുന്നതുതന്നെയാണോ?

19. ഇന്നു കോൺഗ്രസ്സിനെ അദ്ദേഹം സാമുദായികനവീകരണത്തിന്നുള്ള ഒരു യന്ത്രം മാത്രമായി ഉപയോഗിച്ചുവരുന്നു. കാൺഗ്രസ്സ് ചെയ്യേണ്ടതായി അദ്ദേഹം വിചാരിക്കുന്ന ഏക കർത്തവ്യം അസ്പൃശ്യതയെ ഇല്ലാതാക്കുക എന്നുള്ളതാണ്. കാൺഗ്രസ്സിന്റെ അംഗങ്ങളായി ചേർന്ന്, അതിനെ സഹായിച്ചും, അതുമായി സഹകരിച്ചും വന്ന മററു സമുദായാംഗങ്ങളെല്ലാംതന്നെ ഇന്ന് അതിനെ ഉപേക്ഷിച്ചിരിക്കുന്നു. ഇതും മി. ഗാന്ധിയുടെ വിജയത്തെത്തന്നെയാണോ കാണിക്കുന്നത്? ഇനിമേലിൽ കാൺഗ്രസ്സിന്റെ പണം അസ്പൃശ്യതയെ ഇല്ലാതാക്കുവാൻവേണ്ടി ചെലവാക്കുവാൻ പാടില്ലെന്നു ജനങ്ങൾ വിരോധിക്കുന്നതായാൽ എന്ത് ആശ്ചര്യത്തിന്നാണ് അതിൽ വകയുള്ളത്? നിശ്ചയമായും അതു ന്യായമായിരിക്കും. ഈ വിഷയത്തെപ്പററിയുള്ള വാദം വളരെ വർദ്ധിച്ച് അതിന്റെ മൂർദ്ധന്യദശയിൽ എത്തിയാലും, അത് അദ്ദേഹത്തിന്റെ വിജയത്തെത്തന്നെ ആയിരിക്കുമോ കാണിക്കുന്നത്?

20. കാരാഗൃഹത്തിന്നു വെളിയിൽ വന്ന് വിത്തൽ ഡാസ്സ് പ്രഭൃതിയുടെ ബംഗ്ലാവിൽ പോയശേഷം, അദ്ദേഹം സിവിൽനിയമലംഘനത്തെ അവസാനിപ്പിക്കുവാനായി ഒരു പ്രസ്താവന പുറപ്പെടുവിച്ചു (ആദ്യംതന്നെ തയാറാക്കപ്പെട്ടിട്ടുള്ളതും, സമ്മതിക്കപ്പെട്ടിട്ടുള്ളതും ആണ് അതു) എന്നുള്ളത്, അദ്ദേഹത്തിന്റെ വിജയലക്ഷണമാണെന്നു അദ്ദേഹം കണക്കാക്കുന്നുണ്ടോ?

21. "മഹാഭാരതം" ഒരു ചരിത്രമാണെന്നു അദ്ദേഹം കരുതിവന്നു! എന്നാൽ അതിനെ പാരായണംചെയ്തശേഷം, അതു വിശിഷ്ട തത്വങ്ങളുടെ ഒരു മഹാവ്യാപാരസ്ഥാനമാണെന്നു അദ്ദേഹം അറിഞ്ഞു. അതു് ഒരു മതഗ്രന്ഥമാണെന്നും, അതിനെ എല്ലാവരും പാരായണം ചെയ്യേണ്ടതാണെന്നും മി. ഗാന്ധിക്കു ബോദ്ധ്യംവന്നു. എന്നാൽ അതിൽ പറയുന്ന സദാചാരവിധികളെ എല്ലാം ലംഘിക്കുവാൻ അദ്ദേഹം ജനങ്ങളോടു് ആവശ്യപ്പെടുന്നതു് അദ്ദേഹത്തിന്റെ വിജയത്തെ ആണോ കാണിക്കുന്നതു്? ഈശോ, രക്ഷതു!!!

(ഒരു സത്യാന്വേഷകൻ)

ദി ഇന്ത്യൻ മിറർ.

മി. ഗാന്ധിയെപ്പററിയുള്ള പ്രഹേളികയുടെ ഒരു വ്യാഖ്യാനം.

"ഉള്ളിലെ കല്പന" ഈശ്വരന്റെയും പിശാചിന്റെയും കൂടിയ വാഹനമാണു്.

(ആർ. കൃഷ്ണസ്വാമി അയ്യർ, എം. എ., ബി. എൽ.)

ഒരു സായാഹ്നത്തിൽ ഞാനും, ശൃംഗേരിമഠത്തിലെ ശ്രീജഗത്ഗുരു ശങ്കരാചാര്യരും, മററു ചിലരും ഒരുമിച്ചു് ഒരു സംഭാഷണം ചെയ്കയുണ്ടായി. സ്വാമിയാർ 'അവതാര'ങ്ങളെപ്പററി സംസാരിക്കുന്നതിന്നിടയിൽ, താഴെ പറയുന്നവിധം അഭിപ്രായപ്പെടുകയുണ്ടായി:—

ദൈവവും പിശാചും പ്രത്യേക സ്ഥലങ്ങളിൽ.

"സൃഷ്ടിയുടെ പ്രാരംഭദശയിൽ ദേവന്മാരും, അസുരന്മാരും പ്രത്യേകസ്ഥലത്തു്—ദേവലോകത്തും, അസുരലോകത്തും—താമസിച്ചുവന്നു. ഇവരിരുകൂട്ടരും ഒരു പിതാവിന്റെ സന്താനങ്ങൾതന്നെ ആയിരുന്നുവെങ്കിലും, മാതാവു വേറെ ആയിരുന്നു. സ്വഭാവംകൊണ്ടും വാസനകൊണ്ടും ഈ രണ്ടു കൂട്ടരും തമ്മിൽ അജഗജാന്തരമുണ്ടായിരുന്നതിനാൽ, അവർ യോജിച്ചു് പ്രവർത്തിക്കുക എന്നതു് അസാദ്ധ്യംതന്നെ ആണെന്നു അവർ ബുദ്ധിപൂർവ്വം അറിഞ്ഞതിനാലാണു് പ്രത്യേകദേശങ്ങളിൽ വസിക്കുവാനുറച്ചതു്. സാധാരണയായി ഇവർ തമ്മിലുള്ള കലഹം ഇങ്ങിനെ അസാദ്ധ്യമായിത്തീർന്നു. എന്നാൽ ഒരു പ്രത്യേക

അസുരൻ അത്യാഗ്രഹംകൊണ്ട് ദേവലോകത്തെ ആക്രമിച്ച് തനിക്കു കീഴടക്കുവാൻ ശ്രമിക്കുന്ന സമയം, യുദ്ധം അത്യന്താപേക്ഷിതമായിത്തീൎന്നു. എങ്ങിനെ ആയാലും അവർ ഓരോ കൂട്ടരും ദൂരസ്ഥമായ ഓരോ ലോകങ്ങളിൽ ഒരുവിധം സമാനത്തോടുകൂടി കഴിഞ്ഞുവന്നു.

ഒരേ സ്ഥലത്ത്, പ്രത്യേകഭാഗങ്ങളിൽ.

കുറെ കാലം കഴിഞ്ഞ്, ശ്രീരാമചന്ദ്രൻ ധൎമ്മസംരക്ഷണാൎത്ഥം അവതരിക്കേണ്ടി വന്നപ്പോൾ ദേവന്മാർ അയോദ്ധ്യ, അഥവാ കിഷ്കിന്ധയിലും അസുരന്മാർ ദണ്ഡകാരണ്യം, അഥവാ ലങ്കയിലും താമസം തുടങ്ങി. അതായതു പ്രത്യേക ലോകങ്ങളിൽ താമസിക്കുന്നതിനുപകരം, അവർ ഒരേ ലോകത്തിൽ—ഭൂലോകത്തിൽ—പ്രത്യേക വിഭാഗങ്ങളിൽ താമസിക്കുവാൻ തുടങ്ങി. അന്നും അവർ തമ്മിലുള്ള കലഹം സാധാരണയായി ചുരുക്കം തന്നെ ആയിരുന്നു. എന്നാൽ അസുരൻ ദുരാഗ്രഹംകൊണ്ടു ദിക്‌ജയത്തിന്നായി പുറപ്പെട്ടപ്പോഴും, ദേവന്മാർ അസുരന്മാരുടെ ശക്തിയെ അവഗണിച്ച്, തപസ്സിന്നായി ദണ്ഡകാരണ്യത്തിൽ പ്രവേശിക്കുവാൻ ആരംഭിച്ചപ്പോഴും യുദ്ധം ഒഴിക്കുവാൻ പാടില്ലാതായിത്തീൎന്നു.

ഒരേ ഗൃഹത്തിലെ പ്രത്യക്ഷത.

ശ്രീമഹാവിഷ്ണു, ശ്രീകൃഷ്ണനായി അവതരിക്കേണ്ടിവന്ന കാലത്ത്, ഇതും മതിയാകയില്ലെന്നു വന്നു. അതിനാൽ ദേവന്മാരും, അസുരന്മാരും ഒരേ കുടുംബത്തിൽതന്നെ പ്രത്യക്ഷമാകുവാൻ നിശ്ചയിച്ചു. ശ്രീകൃഷ്ണഭഗവാന്റെ സ്വന്തം മാതുലനായ കംസൻ ഒരസുരനായിരുന്നു. അദ്ദേഹത്തിന്റെ മച്ചുനന്മാരായ പാണ്ഡവന്മാർ ദേവന്മാരും, എന്നാൽ അവരുടെ ദായാതികളായ കൌരവന്മാർ അസുരന്മാരും ആയിരുന്നു. അതിനാൽ അന്യോന്യസ്പൎദ്ധക്കുള്ള കാരണങ്ങൾ അസംഖ്യമായിരുന്നു. വാസ്തവത്തിൽ ലോകത്തിൽ അവർ വന്നു ചേൎന്ന കാലം മുതൽ തുടങ്ങിയ വഴക്കു ക്രമേണ അതിയായി വൎദ്ധിക്കുകയും, ഒടുവിൽ സുപ്രസിദ്ധമായ മഹാഭാരതയുദ്ധത്തിൽവച്ച് ആ കുടുംബംതന്നെ മിക്കവാറും നാമാവശേഷമായി തീരുകയും ചെയ്തു. പലപ്പോഴും ഇവർ തമ്മിൽ സന്ധി ചെയ്കയും സമാധാനത്തോടുകൂടി താമസിക്കുകയും ചെയ്തുവെങ്കിലും സ്വാഭാവികമായ അവരുടെ വാസനയാൽ കലഹം അനവരതം ഉണ്ടാകുകതന്നെ ചെയ്തു.

ദൈവവും പിശാചും ഒരേ ദേഹത്തിൽതന്നെ.

കലികാലം കുറെ ആയപ്പോൾ ഒരേ കുടുംബാംഗങ്ങളായിട്ടുള്ള ബന്ധുത്വവും, പോര എന്ന സ്ഥിതിയിലായി. തന്മൂലം ദേവന്മാക്കും അസുരന്മാക്കും പ്രത്യേക ലോകങ്ങളിൽ താമസിക്കുന്നതുകൊണ്ടു തൃപ്തിയില്ലാതായി; ഒരേ ലോകത്തിൽ പ്രത്യേക ഭാഗങ്ങളിൽ, അധിവസിച്ചാൽ പോരാതായി; ഒരേ കുടുംബാംഗങ്ങളായാൽപോലും പോരാതായി. ഇന്നു് അവർ ഒരേ ശരീരത്തിൽ തന്നെ താമസിക്കുവാനുറച്ചിരിക്കുന്നു. അതിനാൽ ഇന്നു് ഒരു വ്യക്തിയിൽ, "ദൈവസമ്പത്തോ" "അസുരസമ്പത്തോ", അധികമെന്നു നിണ്ണയിക്കുക അസാദ്ധ്യമായി തീന്നിരിക്കുന്നു. ഈ നിമിഷം അവൻ ഒരു ദേവനാണെന്നു തോന്നും; അടുത്ത ക്ഷണം, അവൻ ഒരു യഥാത്ഥ അസുരനാണെന്നു ബോദ്ധ്യപ്പെടും. ഒരു മനുഷ്യൻ ചില പ്രവൃത്തികൾകൊണ്ടു കൊള്ളരുതാത്ത ദുഷ്ടനാണെന്നു ഉദ്ദേശിക്കാം; എന്നാൽ മററു ചില പ്രവൃത്തികൾകൊണ്ടു് അവൻ ഒരു ശ്രേഷ്ഠനായ പുരുഷനാണെന്നു കാണും. ആധുനികമനുഷ്യനിൽ, ദേവൻെറ പ്രകൃതിയും, അസുരൻെറ പ്രകൃതിയും സമ്മിശ്രമായി കാണുന്നുണ്ടു്. അതിനാൽ അവനിൽ എന്നും, ശാശ്വതമായ കലഹമാണു് കാണുവാൻ സാധിക്കുന്നതു്. നല്ലതായി തോന്നിക്കുന്ന അവൻെറ പ്രവൃത്തികളിൽപോലും ചീത്തസ്വഭാവത്തിൻെറ ഒരംശം അടങ്ങിയിട്ടുള്ളതായി കാണാം. അതുപോലെതന്നെ ഏററവും ചീത്തയായ അവൻെറ പ്രവൃത്തിയിലും ഗുണത്തിൻെറ ഒരംശം ഉണ്ടായിരിക്കുന്നതാണു്.

ഈശ്വരൻ ഇന്നു് അനങ്ങാതെ നില്ക്കുന്ന ഒരു ദശ്കൻ.

ദേവന്മാരും അസുരന്മാരും പ്രത്യേക സ്ഥലങ്ങളിൽ താമസിച്ചിരുന്നപ്പോൾ, ഈശ്വരൻ തന്നത്താൻ തനിക്കുവേണ്ടിത്തന്നെ, അസുരന്മാരുമായി യുദ്ധം ചെയ്തു; ഭൂലോകത്തിൽ അവർ പ്രത്യേക ഭാഗങ്ങളിൽ അധിവസിച്ചുവന്ന സമയം, അദ്ദേഹം കിഷ്കിന്ധയിലുള്ള ദേവാംശങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി, ലങ്കയിൽപോയി അസുരന്മാരുമായി യുദ്ധം ചെയ്തു; അവർ ഒരേ കുടുംബത്തിൽതന്നെ അവതരിച്ച സമയം, രണ്ടുകൂട്ടരും ദൈവത്തിൻെറ സഹായം അപേക്ഷിച്ചു. അന്നു് അദ്ദേഹം അവരുടെ അഭിമതം അനുസരിച്ചുതന്നെ, തൻെറ ബാഹ്യമായ സൈന്യങ്ങളെ എല്ലാം കൌരവപക്ഷത്തുനിന്നു യുദ്ധം ചെയ്യുന്നതിനു് അയക്കുകയും, താൻ ഒരു വെറും ദശ്കനായി ഇരിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം പാണ്ഡവന്മാരുടെ ശക്തിയേറിയ ഉപദേഷ്

ൎന്നു

ശകനായിരുന്നു. ഇന്ന് എല്ലാവരുടേയും മനസ്സിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദേവന്മാരും അസുരന്മാരും ആയുള്ളയുദ്ധത്തിൽ ആരും അദ്ദേഹത്തിൻെറ, ഈശ്വരൻെറ, കഥ ആലോചിക്കുന്നതേയില്ല. അതിനാൽ അദ്ദേഹം, അറിയാതെ അവരുടെ മനസ്സിൽ തന്നെ അടങ്ങിയിരുന്നു, ദർശിക്കുക മാത്രം ചെയ്യുന്നു. അദ്ദേഹം ഈ യുദ്ധത്തിൽ പങ്കു കൊള്ളുകയോ, അതിൽ ഒരു രസമുള്ളതായി ഭാവിക്കുകയോ ചെയ്യുന്നുണ്ടെന്നു തോന്നുവാൻ വഴിയില്ല. അദ്ദേഹം എന്നും സത്യസ്വരൂപനായിരിക്കുന്നതുപോലെ തന്നെയാണ്, ഇപ്പോഴത്തേയും നില. ഈ യുദ്ധത്തിൻെറ അവസാനഫലത്തിന്നു് ഏകകാരണവും അദ്ദേഹം തന്നെ ആയിരിക്കും."

ഗാന്ധിജിയിൽ ഇവയെ കാണുന്നവിധം.

നമ്മുടെ ഓരോരുത്തരുടേയും ജീവിതം, ഈ അമൂല്യമായ അഭിപ്രായങ്ങളുടെ പരമാർത്ഥത്തെ കാണിക്കുന്നവയാണ്. എന്നാൽ മി: ഗാന്ധിയുടെ ജീവിതം ആണ്, ഇതിന് ഏററവും ഉത്തമമായ ഒരുദാഹരണം. അദ്ദേഹത്തിൻെറ ജീവിതദശയിൽ പലവിധ വ്യത്യാസങ്ങളും നാം കാണുന്നു. ചില സമയങ്ങളിൽ പലരും അദ്ദേഹത്തെ ഈശ്വരൻെറ ഒരു യഥാർത്ഥ അവതാരമായി ഗണിക്കാറുണ്ട്. മററു ചിലപ്പോൾ അദ്ദേഹം ഒരു ശക്തിയേറിയ ഭൂതമായി തോന്നിക്കുന്നു. ചിലപ്പോൾ അദ്ദേഹം അഹിംസയുടേയും, അക്രമരാഹിത്യത്തിൻേറയും രക്ഷിതാവായിരിക്കും; എന്നാൽ പലപ്പോഴും അദ്ദേഹം—ഒരു പക്ഷേ അതു വിചാരിക്കാതെ വന്നുചേരുന്നതായിരിക്കാം—കഠോരമായ ലഹളയുടെ കാരണക്കാരനായിരിക്കും. ചിലപ്പോൾ അദ്ദേഹം ഈശ്വരനെ തൻെറ മുമ്പിൽ പ്രത്യക്ഷമായി കാണുന്നുണ്ടെന്നു പറയുന്നു; വേറെ ചില സമയം ഈശ്വരൻ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, വ്യാഖ്യാനിക്കുവാൻ വയ്യാത്തതും, മായം ഉള്ളതും ആയ ഒരു വ്യാപാരമാണ്. അദ്ദേഹത്തിൻെറ ജീവിതത്തേയും, പ്രവൃത്തിയേയുംപററി ശരിയായ അറിവുള്ളവരോട് ഇനിയും അനേകം ഉദാഹരണം പറയേണ്ട ആവശ്യമില്ല. സുപ്രസിദ്ധമായ 'ചൌരിച്ചൌറാ'സംഭവത്തിന്നുശേഷം, ഉടൻതന്നെ "ഇൻഡ്യയിലെ കാത്തലിക്ക് ഹെറാൾഡ്" എന്ന പത്രം, അദ്ദേഹത്തെപ്പററി ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"ചൌരിച്ചൌറായിലെ, ശോചനീയസംഭവത്തെപ്പററിയുള്ള മി: ഗാന്ധിയുടെ സമ്മതമെല്ലാം, യൂറോപ്യനായ ഒരു രാജ്യതന്ത്രജ്ഞനെ വല്ലാതെ സംഭ്രമിപ്പിക്കും. ഏററവും ശ്രേഷ്ഠമായ അതിൻെറ വിനയം,

ക്രിസ്ത്യാനികൾക്ക യോജിച്ചതാണ്; അതിനുള്ള പ്രായശ്ചിത്തവും, അതുപോലെതന്നെ. ഈ "ഖിലാഫത്തി"നും, (ലഹള) പഞ്ചാബിൽ വെച്ച ചെയ്ത തെററിനും തക്കതായ പ്രതിക്രിയ ചെയ്യാനുള്ള അദ്ദേഹത്തിൻെറ കഠോരമായ നിശ്ചയവും, മേൽപറയപ്പെട്ട വിനയവും, പ്രായശ്ചിത്തവും, എല്ലാംകൂടി നോക്കുന്ന സമയം അതൊരാശ്ചയ്യകരമായ സമ്മിശ്രമായി തോന്നും. മി: ഗാന്ധി, ഒരു കോടി ധമ്മഭടന്മാരെ കൂട്ടിച്ചേർത്ത്, കോൺഗ്രസ്സിൻെറ കായ്യപരിപാടി അനുസരിച്ച്, പ്രവൃത്തിയ്ക്കുവാനാച്ചു. ഇത്രമാത്രം വിനയമുള്ള ഒരു യൂറോപ്യൻ, നിശ്ചയമായും രാജ്യതന്ത്രത്തെ ഉപേക്ഷിയ്ക്കും. ഇത്ര കഠോരമായ നിശ്ചയത്തോടുകൂടിയ യൂറോപ്യനായ ഒരു രാജ്യതന്ത്രജ്ഞൻ, വിനയത്തെ ഉപേക്ഷിക്കുമെന്നുള്ളതും തീച്ചയാണ്. എന്നാൽ മി: ഗാന്ധി, ഇതു രണ്ടും കൂട്ടിച്ചേർക്കുന്നു. രാജ്യതന്ത്രം, വിനയം, ദൃഢനിശ്ചയം ഇവ തമ്മിലുള്ള അന്തരമാണ്, യഥാത്ഥത്തിൽ ആശ്ചയ്യകരമായിരിക്കുന്നത്.

"അതിനാൽ അദ്ദേഹത്തെപ്പററി, അനേകം അഭിപ്രായങ്ങളുണ്ടായിരിക്കുന്നു. ചിലർ അദ്ദേഹം ഒരു തന്ത്രക്കാരനാണെന്നും, മതമെന്നും അക്രമരാഹിത്യമെന്നും ഉള്ള വ്യാജേന രാജ്യത്തെ ഒരു കോയ്യപ്പരിവത്തനത്തിലേക്ക് ഓടിക്കുയാണെന്നും പറയുന്നു. ഇതിനെപ്പററിയുള്ള വാസ്തവം അറിവാനായി, ഞങ്ങൾ അദ്ദേഹത്തിൻെറ എഴുത്തുകളെല്ലാം, ഈ ധാരണയോടുകൂടി വായിച്ചു. എന്നാൽ ഒരു ഇൻഡ്യാക്കാരനുപോലും മനസ്സിലാക്കുവാൻ സാധിക്കാത്തവിധം, അതു അത്രത്തോളം മിടുക്കുപയോഗിച്ച് എഴുതിയിരിക്കുന്നതാണ്.

"മററു ചിലർ, അദ്ദേഹം ഒരു ശരിയായ മനോരാജ്യക്കാരനാണെന്നും, രാഷ്ട്രീയകായ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഒരു ചെപ്പടിവിദ്യക്കാരനാണെന്നും പറയുന്നു. അദ്ദേഹം പലപ്പോഴും, 'ഹിമാലയാബദ്ധങ്ങൾ' ചെയ്യുന്നുണ്ട്. അതിനുള്ള കാരണം, അദ്ദേഹം തൻെറ സ്വരാജ്യക്കാരെ ശരിയായി അറിയുന്നില്ല എന്നുള്ളതാണ്. അദ്ദേഹം ഓരോ അവകാശം പറയുന്നുണ്ട്. എന്തെന്നാൽ അദ്ദേഹത്തിനു ഒരു 'മതം' ഉണ്ട്. ഈ മതത്തിലുള്ള ഉത്തമ വിശ്വാസവും, രാജ്യതന്ത്രത്തിലുള്ള തരക്കേടും, അദ്ദേഹത്തിലുള്ള ഭയത്തെ തുലോം വദ്ധിപ്പിക്കുന്നു.

മൂന്നാമതൊരുകൂട്ടർ അദ്ദേഹത്തെ വേണ്ടവിധം കടഞ്ഞ്, ഒരു നല്ല സ്വരൂപമാക്കാതെ, വെച്ചുകൊണ്ടിരിക്കുന്നു. അവർ അദ്ദേഹത്തിന് രാജ്യതന്ത്രസംബന്ധമായും, മതസംബന്ധമായും, അനേകം

ഗുണങ്ങളും ദോഷങ്ങളും ഉണ്ടെന്നു പറയുന്നു. അദ്ദേഹം തുറന്ന മനഃസ്ഥിതിയോടുകൂടിയവനും, ഉപായത്തോടുകൂടിയവനും, ദോഷത്തോടുകൂടിയവനും, ആണെന്നു് അവർ ഏകസമയം തന്നെ സമ്മതിക്കുന്നു. അദ്ദേഹം അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ഒന്നാമതായി, അതു് മതതത്വമായ അഹിംസയ്ക്കു യോജിച്ചതാണു്; രണ്ടാമതായി, ബ്രിട്ടീഷുകാരുടെ പീരങ്കിയ്ക്കു ശക്തികുടും. അദ്ദേഹം നിരാഹാരവ്രതത്തിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ഒന്നാമതായി അതു് മനഃശക്തി വൎദ്ധിപ്പിക്കുന്നു; രണ്ടാമതായി അദ്ദേഹത്തിൻെറ സ്നേഹിതന്മാരെ അതു് ഭയപ്പെടുത്തുന്നു. അദ്ദേഹം ഖദറിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ഒന്നാമതായി അതു്, അനേകം മനുഷ്യൎക്കു തൊഴിലുണ്ടാക്കികൊടുക്കുന്നു; രണ്ടാമതായി അതു "മാൻചെസ്റ്ററിനെ" അഥവാ, 703-നെ നശിപ്പിക്കുന്നു. അദ്ദേഹം ജലപാനത്തിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ഒന്നാമതായി അതു ആരോഗ്യത്തെ വൎദ്ധിപ്പിക്കുന്നു. രണ്ടാമതായി അതു 'തീരുവ'യെ സംഹരിക്കുന്നു. അദ്ദേഹം സ്പൃശ്യതയിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ഒന്നാമതായി അതു് താണജാതിക്കാൎക്കു നല്ലതാണു്; രണ്ടാമതായി അതു്, അദ്ദേഹത്തിൻെറ അനുചരന്മാരുടെ സംഖ്യ വൎദ്ധിപ്പിക്കുന്നു. ഈശ്വരൻെറ പ്രീതിക്കായി അദ്ദേഹം ശാസ്ത്രങ്ങളെ വിശ്വസിക്കുന്നതായി നടിക്കുന്നു; മഹമ്മദീയരുടെ സഹായം ലഭിക്കുവാൻവേണ്ടി, അദ്ദേഹം ഖൊറാനിൽ വിശ്വസിക്കുന്നു."

ഒരു ഗാന്ധിയുടെ സ്വഭാവത്തെപ്പററിയുള്ള പ്രഹേളികയെ വ്യാഖ്യാനിക്കുവാൻ ശ്രീശങ്കരാചാൎയ്യസ്വാമികളുടെ അഭിപ്രായംതന്നെ വേണം. എന്നും മാറിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തിൻെറ 'ഉള്ളിലെകല്പന'യേയും, വ്യാഖ്യാനിക്കുവാൻ ഈ ഒരുവഴിയേ ഉള്ളൂ. ചിലപ്പോൾ അതു് ഈശ്വരൻേറതായിരിക്കും; മററുചിലപ്പോൾ അതു് പിശാചിൻേറതായിരിക്കും! ഈ 'ഉള്ളിലെ കല്പന'യുടെ പ്രാധാന്യം, നിശ്ചയമായും ഒരു പ്രത്യേക ലേഖനത്തെ അൎഹിക്കുന്നുണ്ടു്.

ദി ഇൻഡ്യൻ മിറർ.

———

ഒരു കത്ത്.

46 ലിംഗച്ചെട്ടി തെരുവ്,
മദിരാശി, '32 ഒക്ടോബർ 13-ാംനു.

പൊന്നു തിരുമേനി,

ഗുരുവായൂർ കലാപത്തിനെ ഞാൻ ഇതുവരെ വീക്ഷിച്ചുകൊണ്ടേ ഇരിക്കുന്നു. തൽസംബന്ധമായി എന്റെ അടുത്ത കാലത്തെ സിംലാ യാത്രയിൽവെച്ചു വൈസ്രായിയുമായി സംഭാഷണം ചെയ്കയുമുണ്ടായി. എനിക്കു മലബാറിൽ വരുന്നതിന്നും, ചിന്നിപ്പോയ സാക്ഷാൽ മതശ്ശക്തിയെ ഗാന്ധിപക്ഷക്കാരുടെ അന്യായമായ ദുരാഗ്രഹത്തിന്നെതിരായി സംയോജിപ്പിക്കുന്നതിന്നും, അതിയായ കൗതുകവും ബദ്ധപ്പാടുമുണ്ട്. എന്നാൽ അതിനേക്കാൾ വലുതായ ഒരായോധനത്താൽ ഞാൻ തുലോം ക്ലേശിക്കുന്ന ഒരു ഘട്ടമാണിത്. ഞാൻ മതവിശ്വാസികളുടെ ഒരു നിയോഗസംഘത്തെ രൂപീകരിക്കേണമെന്നും, ഇംഗ്ലണ്ടിൽ പോയി അവിടത്തെ പൊതുജനങ്ങളെ നമ്മുടെ ധർമ്മാദർശങ്ങളേയും, അദ്ധ്യാത്മാദർശങ്ങളേയുംപററി കുറഞ്ഞൊന്നു ഗ്രഹിപ്പിക്കേണ്ടതാണെന്നും, വൈസ്രായിയും, ആൽവാർ മഹാരാജാവും ബലമായി ശഠിക്കുന്നു. തക്ക അവസരം കരസ്ഥമായ ഉടൻതന്നെ ഞാൻ മലബാർ സന്ദർശനം നടത്തേണമെന്നുദ്ദേശിക്കുന്നു. ധർമ്മപതാകയെ നിമിഷംപ്രതി അനേക പ്രതിബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും ഉയർത്തിപ്പിടിക്കുവാൻ ബദ്ധകങ്കണന്മാരായിരിക്കുന്ന നിങ്ങളെ അഭിനന്ദിക്കേണ്ടതിലേക്കും, എന്റെ കൃതജ്ഞതയെ രേഖപ്പെടുത്തേണ്ടതിലേക്കുമാണ് ഇപ്പോൾ ഇതെഴുതുന്നത്. ഇതൊന്നിച്ച് മി. ഗാന്ധിക്കുള്ള എന്റെ ഒരു പരസ്യക്കത്തും അയക്കുന്നുണ്ട്. അതിനെ ഭാഷാന്തരീകരിച്ചു മലയാളത്തിലെങ്ങും വിതരണംചെയ്തു പരസ്യപ്പെടുത്തുവാനും അഭിലാഷമുണ്ട്. ഞാനുമായി കത്തിടപാടുകളിൽ ഏർപ്പെട്ടിരിക്കുന്ന ഇൻഡ്യാ സിക്രട്ടറിക്കും ഞാൻ ഗാന്ധിജിയുടെ ഈ ഭീഷണിയെ എതിർത്തു കടൽകമ്പിഅയച്ചിട്ടുണ്ട്. ധർമ്മാദർശസംരക്ഷണത്തിൽനിന്നു തിരുമേനിതെല്ലും വ്യതിചലിക്കരുതെന്നും, ശങ്കിക്കേണ്ടതില്ലെന്നും ഞാൻഅപേക്ഷിക്കുന്നു. ഗുരുവായൂർ, മലബാറിൽ എത്രമാഹാത്മ്യമുള്ളതായി പരിഗണിക്കപ്പെടുന്നുണ്ടെന്ന് എനിക്കറിയാം.

കോഴിക്കോട്ട സാമൂതിരിപ്പാട്ട തിരുമേനി അവർകൾക്ക്

എന്ന് വിധേയൻ
എം. കെ. ആചാര്യ. (ഒപ്പ്)

മഹാത്മാഗാന്ധികൾക്കുള്ള ഒരു പരസ്യകത്ത്.

പ്രിയപ്പെട്ട മഹാത്മജി,

നിങ്ങളെ ബുദ്ധിപൂർവ്വമായ വിചിന്തനത്തിനുശേഷം കച്ചകെട്ടി രംഗസ്ഥിതനായ ഒരു കേവലനടൻ മാത്രമായി ഗണിക്കുവാൻ എന്നാൽ അസാദ്ധ്യംതന്നെയാണ്. ഒരുപക്ഷേ നിങ്ങൾ സ്വയം വഞ്ചനയുടെ ഒരു നിസ്സാരനായ ഇര മാത്രമായിരിക്കാം. സ്വാർത്ഥലാഭത്തെ മാത്രം ലാക്കാക്കി അതിഭക്തന്മാരെന്നു സ്വയം അഭിമാനിക്കുന്ന ഒരുതരം 'പ്രച്ഛന്നസന്യാസി'മാരുടെ ബലിഷ്ഠകരങ്ങളിൽ നിങ്ങൾ ഒരു കളിപ്പാട്ടമായിത്തീർന്നിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. അതെങ്ങിനെ ആയിരുന്നാലും, നിങ്ങളുടെ 'നേട്ടം' നിങ്ങളുടെ അഭിലാഷത്തോട് എത്രമാത്രം യോജിച്ചിട്ടുണ്ടെന്നുള്ളതിനെപ്പററി പൊതുജനങ്ങൾക്കുള്ള ഒരു ബോധത്തെ സ്വല്പമൊന്ന് അന്വേഷിച്ചറിയുവാൻ നിങ്ങൾ സന്നദ്ധനാണോ? എൻെറ ഈ നിഷ്കളങ്കപ്രസ്താവന നിങ്ങളുടെ പല സ്തുതിപാഠകന്മാരേയും കോപിപ്പിക്കുമെന്ന് എനിക്ക് അറിയാം. എൻെറ അഭിപ്രായങ്ങൾ മൂലം ഉളവാകുന്ന സകലവിധ താപങ്ങളേയും ശിരസാ വഹിക്കുവാൻ ഞാൻ ഒരുങ്ങിത്തന്നെയിരിക്കുന്നു. എൻെറ അകൈതവത്വം നിങ്ങളെ സ്വല്പം പീഡിപ്പിക്കയില്ലേ? ഈ ആലോചന ക്ഷണനേരത്തേക്ക് എനിക്ക് ഒരു മനസ്താപം ഉണ്ടാക്കാതിരുന്നില്ല. എന്നാൽ നിങ്ങൾ ഒരു പൊതുജനമായതിനാൽ(Public man)പോരാ, ആത്മശക്തിയോടുകൂടി പരീക്ഷകൾ നടത്തുന്ന ഒരു വേദാന്തിയോ, അഥവാ സ്വാമിയോ ആണെന്ന് അഭിമാനിക്കുന്നതിനാൽ, നിങ്ങൾ നിങ്ങളുടെ വേദാന്തവൈദഗ്ദ്ധ്യത്തെപ്പററി സ്വല്പം വിചിന്തനം ചെയ്യാൻ എന്നെ അനുവദിക്കുമെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്നു.

നിങ്ങളെ ഒരു സ്വവഞ്ചകനായി ഗണിക്കുവാനുള്ള എൻെറ കാരണം ഇവയത്രേ.

1. നിങ്ങളാൽതന്നെ വിരചിതമായ 'സത്യപരീക്ഷകളി'ൽനിന്നു, നിങ്ങൾ ഒരു ദൈവദർശിയായിട്ടുണ്ടെന്നനുമാനിക്കുവാൻ മാർഗ്ഗം കാണുന്നില്ല. എന്നല്ല മന്ത്രയോഗം, തന്ത്രയോഗം, രാജയോഗം, ഭക്തിയോഗം ഇത്യാദി സംജ്ഞകളാൽ അറിയപ്പെടുന്ന യാതൊരുയന്ന മാർഗ്ഗങ്ങൾമൂലവും ദൈവദർശിയായിത്തീർന്ന ഒരുവനാൽ ആദ്ധ്യാഭ്യാസം ചെയ്യപ്പെട്ടിട്ടുള്ളതായും തോന്നുന്നില്ല. ഇതുവരെ നിങ്ങൾ ഒരു പരിഭ്രമി

യായ രാജ്യസ്നേഹി മാത്രമായിരുന്നു. നിങ്ങൾ ഒരുകാലത്തെങ്കിലും സകലവിധ പാശ്ചാത്യപ്രപഞ്ചാനുരാഗങ്ങളേയും, വ്യവസായസംബന്ധമായി മില്ലുകളേയും പാണ്ടികശാലകളേയും, രാഷ്ട്രീയസംബന്ധമായി ബ്രിട്ടീഷു പാർളിമെൻറാകുന്ന 'വന്ധ്യയായ വേശ്യ'യേയും, അതിനെ അനുകരിച്ചുകൊണ്ടുള്ള ഇൻഡ്യാസ്ഥാപനങ്ങളേയും വെറുത്തിരുന്നു. ഇതുവരെ നിങ്ങൾ സാമ്പത്തികവും രാഷ്ട്രീയവും ആയ സങ്കടങ്ങളെ എതിർത്തു ജയിക്കുവാൻ നിസ്സഹകരണമോ, സിവിൽആജ്ഞാലംഘനമോ ആകുന്ന ഘോരായുധം ഉപയോഗിച്ചുവന്ന ഒരു പരീക്ഷകൻ മാത്രമായിരുന്നു. ഇതിനുമുമ്പ് നിങ്ങൾ നിയമലംഘനപ്രസ്ഥാനത്തിൻെറ നേതാവാകുവാൻവേണ്ടി, എന്തു സ്വാത്മപരിത്യാഗവും ചെയ്വാൻ സന്നദ്ധനാണെന്നതിലേക്ക മാത്രം ആവശ്യമായ ലക്ഷ്യം നല്കിയിട്ടുണ്ട്. എന്നാൽ ഇവയെല്ലാംകൊണ്ടു നിങ്ങളെ ഒരു ദൈവദൂശിയായി ഗണിക്കാവുന്നതാണോ?

2. വിശിഷ്യ, നിങ്ങൾ നിങ്ങളുടെ സിവിൽആജ്ഞാലംഘനപ്രസ്ഥാനപരീക്ഷയിൽ, പല പ്രാവശ്യവും നിങ്ങളുടെ സംഭ്രമവാക്കുകളിൽ തന്നെ 'ഹിമാലയാബദ്ധങ്ങൾ' ചെയ്തിട്ടുണ്ട്. ദൈവദൂശികൾ ഭീമാബദ്ധങ്ങൾ ചെയ്കയോ, അതിന്നു പ്രായശ്ചിത്തം ചെയ്കയോ പതിവില്ല; ഉണ്ടോ?

8. ദൈവദൂശികളോ, അഥവാ അപ്രകാരമാവാൻ അഭിലാഷമുള്ളവരോ, ഐഹികവ്യവഹാരങ്ങളിൽ ഏർപ്പെടുന്നില്ല. ഗൗതമബുദ്ധൻ ബുദ്ധിപൂർവ്വം തൻെറ ഐഹികസിംഹാസനത്തെ പരിത്യജിച്ചു. യേശുക്രിസ്തു ലോകഭരണത്താൽ ആകർഷിക്കപ്പെടുകയും ഒടുവിൽ അതിനെ എന്തെന്നില്ലാതെ വെറുക്കുകയും ചെയ്തു. ഭാരതത്തിൽ ഏററവും പുരാതനകാലംമുതൽ രാമകൃഷ്ണപരമഹംസൻെറയോ, സ്വാമി രാമതീർത്ഥൻെറയോ കാലംവരെ അവതരിച്ചിട്ടുള്ള യോഗിമാരിൽ അഥവാ, ദീർഘദൂശിമാരിൽ യാതൊരുവനും ഏതൽപര്യന്തം ഒരു ഉപ്പുസത്യാഗ്രഹമോ, പഞ്ചസാരാബഹിഷ്കരണപ്രസ്ഥാനമോ ആരംഭിച്ചിട്ടുള്ളതായി അറിയുന്നില്ല. എൻെറ ജീവിതത്തിൻെറ പരമോൽകൃഷ്ടദശ, ഞാൻ ഒരു യഥാർത്ഥദൈവദൂശിയുമായി ഇടപെട്ടിരുന്ന ആ കാലമാണെന്നു സ്വാനുഭവസരണം നിങ്ങളെ അറിയിക്കട്ടെ. ജന്മനാ ഒരു അബ്രാഹ്മണനെങ്കിലും അദ്ദേഹം കർമ്മംകൊണ്ട് ഒരു ദൈവദൂശിയായിത്തീർന്നു. ഉദ്ദേശം ഇരുപത്തഞ്ചു സംവത്സരത്തോളം എൻെറ വിശ്വസ്തശാസ്ത്രജ്ഞനും, പ്രിയനും, ഗുരുനാഥനുമായിരുന്ന അദ്ദേഹം തൻെറ ജഡകായം

പരിത്യജിച്ച സ്വാഗ്ഗസുഖാനുഭവം തുടങ്ങിയതു് 1931 സെപ്റ്റംബറിലാണു്. എന്റെ ഏററവും പ്രിയപ്പെട്ട ഗുരുനാഥന്മാരുണ്ടായ പല ഹൃദയം തുറന്ന സംഭാഷണങ്ങളും മൂലം, യാതൊരു ദൈവദശിയും രാജ്യഭരണകാൎയ്യങ്ങളിൽ തലയിടുവാൻ ഒരുമ്പെടുന്നതല്ലെന്നു നിശ്ശങ്കം പ്രസ്താവിക്കുവാൻ എനിക്കു് തെല്ലും സംശയമില്ല. നിങ്ങൾ ഏകസമയം കാൺഗ്രസ്സിന്റെ സൎവ്വാധികാരിയും, ദൈവദശിയുമാണെന്നു ഇതരന്മാരെ വിശ്വസിപ്പിക്കുവാൻ ഒരുമ്പെടുന്നുണ്ടോ? ഇപ്രകാരം ദ്വയവൃത്തിക്കൊരുമ്പെട്ട ഏതൊരു മഹാന്റെയെങ്കിലും ജീവചരിത്രം ഉദാഹരിക്കുവാൻ നിങ്ങൾക്കു് സാധിക്കുന്നതാണൊ? അഥവാ നിങ്ങൾ ഒരു തികഞ്ഞ കൎമ്മയോഗിയാണെന്നു്—ഒരു ജനകനൊ ഭീഷ്മരൊ ആണെന്നു്—വിചാരിക്കാവുന്നതാണൊ? അല്ലെങ്കിൽ നിങ്ങൾക്കു് സകലലൌകികവ്യവഹാരങ്ങളിൽ ഏപ്പെടുകയും, സകല ഐഹികബന്ധങ്ങളിൽ നിന്നു വിമുക്തനായിരിക്കയും ഏകകാലത്തുതന്നെ സാദ്ധ്യമെന്നുവരുമൊ? എന്നാൽതന്നെ യാതൊരു ഭീഷ്മരും, ജനകനും 'ഹിമാലയാബദ്ധങ്ങൾ' ചെയ്തിട്ടുള്ളതായും, പിന്നീടു് പശ്ചാത്തപിച്ചതായും അറിയുന്നില്ല.

4. നിങ്ങളുടെ ആത്മീയശക്തിയേയും, മാഹാത്മ്യത്തേയും പററി സംശയിക്കാനുള്ള ഹേതുക്കൾ നിങ്ങൾ, കഴിഞ്ഞമാസത്തിൽ നിൎവ്വഹിച്ചതായ 'കൃത്രിമപട്ടിണി' മൂലം ബലവത്തരമാക്കി ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങിനെ:—

നിങ്ങളുടെ പട്ടിണി, അതിനുമുമ്പുതന്നെ നിങ്ങളുടെ ചിന്താസരണിയോടു് ആനുകൂല്യമുള്ളവരുടെ ഹൃദയത്തെ അല്ലാതെ, അതായതു് പ്രാദേശിക കാൺഗ്രസ്സുനേതാക്കന്മാരേയും, ബ്രഹ്മന്മാരേയും, ആൎയ്യസമാജക്കാരേയും, പഴയ ഹിന്ദുധൎമ്മത്തെ തട്ടിയുടക്കുവാൻ ഒരുമ്പെട്ടിരിക്കുന്ന നിങ്ങളേക്കാൾ ഉന്മത്തന്മാരായ മതവിരുദ്ധോപദേശവാദികളായ സമുദായപരിഷ്കാരേച്ഛുക്കളേയും അല്ലാതെ ആകൎഷിച്ചിട്ടില്ല. ഹിന്ദുസമുദായത്തിൽ ജാതിവ്യത്യാസത്തെ നശിപ്പിക്കണമെന്നോ, സൎവ്വ ദേവാലയങ്ങളേയും നശിപ്പിക്കേണമെന്നോ, മുക്തകണ്ഠം പ്രസ്താവിക്കുവാൻ നിങ്ങളുടെ ഏതു നിരാഹാരവ്രതത്തിന്നൊ, ആത്മബലത്തിന്നൊ ആണു് സാധിക്കുന്നതു്? നിങ്ങളുടെ പട്ടിണി യാതൊരു ശുദ്ധവൎണ്ണാശ്രമിയുടേയും ഹൃദയത്തെ സ്പശിക്കപോലുമുണ്ടായിട്ടില്ല. നിങ്ങളുടെ വ്രതം നിങ്ങളുടെ ആത്മശക്തിവദ്ധിപ്പിച്ചിട്ടുണ്ടെന്നു കാണിക്കുവാൻ, എന്തു വിശ്വാസയോഗ്യമായ തെളിവാണു് നിങ്ങൾക്കു് നല്കുവാൻ സാധിക്കുന്നതു്?

5. നിങ്ങളുടെവ്രതത്തെപ്പററി വത്തമാനപ്പത്രങ്ങളിൽ കാണുവാനിടയായ ഭീമപരസ്യങ്ങളും, അനുകമ്പാസൂചകമായി നഗരംതോറും ഏകദേശം ഒരാഴ്ചയോളം എരിഞ്ഞുകൊണ്ടു നടപ്പിലിരുന്ന 'സൂതികാലസ്യവും' നിശ്ചയമായും ആത്മശക്തിയെ കാണിക്കുന്നതല്ലാത്തതും, അതിൻെറ അഭാവത്തിന്നു ഉത്തമോദാഹരണങ്ങളാകുന്നവയുമത്രെ. പത്രങ്ങളിൽ കാണുന്ന ഈ വീരസ്യങ്ങളെല്ലാം ഒരിംഗ്ലീഷുകാരൻെറ മനസ്സിനെ ഹഠാൽ ആകഷിക്കുവാൻ ആവശ്യംതന്നെ എന്നുവരാം. എന്നാൽ അവയൊന്നും ഒരു യോഗിക്കൊ, വേദാന്തിക്കൊ തീരെ യോഗ്യമല്ലതന്നെ. പത്രപാരായണം ചെയ്യുന്നവക്കാക്കും സച്ഛസുഖം അനുഭവിക്കുവാൻ സാധിക്കുന്നതല്ലെന്നു് സ്വാമിരാമതീത്ഥൻ ഒരിക്കൽ അരുളിച്ചെയ്യതായി നിങ്ങൾ അറിഞ്ഞിട്ടില്ലായിരിക്കുമോ? എന്തെന്നാൽ ഐഹികതൃഷ്ണയിൽപ്പെട്ടുഴലുന്ന അവരുടെ മനസ്സിന്നു് ഭഗവൽപാദാരവിന്ദങ്ങളെ സ്മരിക്കുവാനുള്ള ഇടമെവിടെ?

6. വത്തമാനപത്രങ്ങൾ നിങ്ങൾക്കു് വിരോധം തോന്നിക്കാവുന്നവാത്തയേയൊ, അഭിപ്രായങ്ങളേയൊ പററി മൌനാവലംബികളായതെങ്ങിനെ എന്നു് നിങ്ങൾ അറിയുന്നുണ്ടൊ? ചില ഉദാഹരണങ്ങൾ സമപ്പിക്കാം:—

(i) സെപ്ററംബർ 20-ാംനു-യിലെ അഹമ്മദബാദിലെ എ. പി. ഐ. കമ്പിവാത്ത അനുസരിച്ചു് ഷേത്തു് അംബാലാൽ സാരബായി ഒരു ജൈനക്ഷേത്രം അധഃകൃതക്കു തുറന്നുകൊടുപ്പാൻ ആവശ്യപ്പെട്ടതായും, മതവിശ്വാസികളായ ജൈനർ ആ ഉദ്യമത്തെ തടഞ്ഞു് ക്ഷേത്രത്തെ അധഃകൃതന്മാരിൽ നിന്നു് സംരക്ഷിച്ചതായും, ഒടുവിൽ 'സമാധാനസംരക്ഷണാത്ഥം' പോലീസുകാർ രംഗപ്രവേശം ചെയ്തതായും അറിയുന്നു. "ഡൽഹി സ്റ്റേററ്സ്മൻ" എന്നപത്രം ഇതിനെ 1932 സെപ്ററംബർ 21-ാംനു- പരസ്യപ്പെടുത്തിയിരുന്നു. എന്നാൽ ഞാൻ നോക്കിയ 'രാഷ്ട്രീയപത്ര'ങ്ങളെല്ലാം, തത്സംബന്ധമായി മൌനാവലംബികളത്രെ. നിങ്ങളുടെ സ്വദേശമായ അഹമ്മദബാദിൽ തന്നെ നടന്ന ഈ പൊതുജനപ്രാതികൂല്യം നിങ്ങൾ അറിഞ്ഞിട്ടുണ്ടൊ?

ii നിങ്ങൾ 'പട്ടിണിമത്സര'ത്തിന്നു സന്നദ്ധനായിരിക്കുന്ന വിവരം പരസ്യപ്പെടുത്തിയ ഉടൻതന്നെ, പണ്ഡിതമദനമോഹനമാളവ്യ നിങ്ങൾ കൊട്ടുന്ന താളത്തിന്നു തുള്ളുവാനും, പൊതുജനാഭിപ്രായം അറിയിക്കുവാൻ വിവിധോപായങ്ങൾ സ്വീകരിപ്പാനുമപേക്ഷിച്ച ഉടൻ തന്നെ, ഞാൻ, അദ്ദേഹത്തിൻെറ വിലമതിക്കുവാൻ വയ്യാത്ത മതമാ

കുന്ന തറവാട്ടു മുതൽ ഒരു നിസ്സാരരാഷ്ട്രീയപായസഭോജനത്തിനായി ബലി കഴിക്കുവാനുള്ള സംരംഭത്തെ തടയുവാൻ, ഒരു പരസ്യക്കത്ത് മാളവ്യജിക്ക് അയക്കയുണ്ടായി. അതിൻെറ പ്രതി ഞാൻ ഡൽഹിയിൽനിന്നു പുറപ്പെടുന്ന പ്രധാന 'രാഷ്ട്രീയ'പത്രമായ "ഹിന്ദുസ്ഥാൻ ടൈംസ്സ്"ന് അയച്ചു കൊടുത്തു. എന്നാൽ ആ ഡെൽഹിപ്പത്രവും, മററു പല പത്രങ്ങളും അതിനെപ്പററി ഒന്നും തന്നെ പറഞ്ഞില്ല.

iii സെപ്റ്റംബർ ഇരുപത്തിഅഞ്ചാം തീയതി കാശിയിൽവെച്ച്—ഒരിക്കൽ മാളവ്യയുടെ അജേയമായ ആ ദുർഗ്ഗത്തിൽവെച്ച്—"പതിനായിരം ഹിന്ദുക്കൾ ടൌൺഹാളിൽ, സ്വാമി അഷ്ടാശ്രമരുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി" മാളവ്യയുടെ ധിരകൃത്യങ്ങളെ എതിർത്തു പ്രമേയങ്ങൾ പാസ്സാക്കി. എന്നാൽ ഒരു വർത്തമാനക്കടലാസ്സും ആ വാർത്തയെ പരസ്യപ്പെടുത്തിയില്ല. അടുത്ത ദിവസം തന്നെ ഈ യോഗത്തെപ്പററി എനിക്ക് സിംലായിൽവെച്ച് ഒരു കമ്പികിട്ടി.

iv പൂനാസന്ധിവ്യവസ്ഥകളെ പ്രതിഷേധിച്ചുകൊണ്ട്, ഇരുപത്താറാം തീയതി വൈസ്രായിയെ സന്ദർശിച്ചുപോന്ന പന്ത്രണ്ടുപേരടങ്ങിയ ഒരു ഹിന്ദുമതവിശ്വാസികളുടെ നിയോഗജ്ഞാത്ത നല്കിയ ഒരു പ്രസ്താവന, ഞാൻ 26-ാം തീയതി വൈകിയിട്ട് ഏ. പി. ഐ. പ്രതിനിധിക്കു നല്കി. എന്നാൽ തീർച്ച, അതൊരു പത്രത്തിലും കാണപ്പെട്ടില്ല. ഒരു കൽകട്ടപത്രാധിപർ ഈ വിധത്തിലുള്ള പൊതുജനവഞ്ചനകളെ നീതീകരിപ്പാൻ മാത്രമായി, അതുപോലെയുള്ളതെല്ലാം പരസ്യപ്പെടുത്തിയിരുന്നു എങ്കിൽ, നിങ്ങൾ 27-ാം തീയതി നിങ്ങളുടെ 'യജ്ഞ'ത്തെ ഉപസംഹരിക്കയില്ലായിരുന്നു എന്ന്, ഈ മാസം ഒന്നാം തീയതി പറയുകണ്ടായി! ഇതരവാദങ്ങളാൽ സംക്ഷേപിക്കുന്ന പക്ഷം, നിങ്ങളുടെ ഗുണകാംക്ഷികൾ സത്യത്തേക്കാൾ തുലോം ഉപരിയായി നിങ്ങളെ ആണു സ്നേഹിച്ചിരുന്നത്.

5. പ്രത്യുത, കേവലം പൊളിയല്ലെങ്കിൽ തന്നെ, വളരെ അതിശയോക്തിയുപയോഗിച്ച്, നിരവധി ക്ഷേത്രകവാടങ്ങൾ ഹരിജനങ്ങൾക്ക് തുറന്നു കൊടുത്തതായി മിക്ക പത്രങ്ങളും പരസ്യപ്പെടുത്തിക്കാണുന്നുണ്ട്. ഇപ്രകാരം തുറന്നു കൊടുക്കപ്പെട്ടതായി പറഞ്ഞ പല ദിക്കിലും വിശുദ്ധമായ ദേവാലയങ്ങൾ ഇല്ല തന്നെ! ഇതെല്ലാം ആത്മശക്തിയെ ദൃഷ്ടാന്തീകരിക്കുന്നവ തന്നെ ആണോ?

6. അതുപോലെതന്നെ പൂനാതീരുമാനത്തെ സംബന്ധിച്ചു കേവലം അടിസ്ഥാനരഹിതമായ ഒരഭിപ്രായത്തെയാണ്—സകലസവർണ്ണഹിന്ദു

ക്കൾക്കും മനസ്സാക്ഷിക്കു യാതൊരു സങ്കോചവും കൂടാതെ സ്വീകരിക്കാവുന്ന ഒരു ശരിയായ തീർപ്പായിട്ടാണ്—വർത്തമാനപ്പത്രങ്ങൾ പ്രസിദ്ധം ചെയ്തിരിക്കുന്നത്. എന്നാൽ പൂനാതീരുമാനത്തിന്നു പോയിരുന്നതോ അഥവാ, ക്ഷണിക്കപ്പെട്ടിരുന്നതോ ആയ ജനസമ്മതരായ സവർണ്ണഹിന്ദുനേതാക്കന്മാരാരെല്ലാമാണ്? സപ്രൂവും, ജയക്കറും, രാജഗോപാലാചാരിയും, രാജേന്ദ്രപ്രസാദും, ബിർലായും, പുരുഷോത്തമദാസ് ഠക്കർദാസ്സും—ഇതരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം എത്രയോ ശ്രേഷ്ഠന്മാരും, ജനസ്സമ്മതന്മാരും ആയിരിക്കട്ടെ—ഇത്ര വലിയ ബലി അധഃകൃതർക്കു വേണ്ടി ചെയ്വാൻ മതിയാവുന്ന സവർണ്ണഹിന്ദുനേതാക്കന്മാരായി ഗണിക്കപ്പെടാവുന്നതാണോ? പൂനാതീരുമാനത്തെ, മതവിഷയത്തിൽ വ്യത്യസ്ഥാഭിപ്രായമുള്ള ചിലരുടെ എന്നല്ല, ഏററവും മതനിഷ്ഠയുള്ള സവർണ്ണഹിന്ദുനേതാക്കന്മാരുടേയും അഭിപ്രായമാണെന്നു വിശ്വസിപ്പിച്ച്, വാസ്തവത്തിൽ സവർണ്ണഹിന്ദുനേതാക്കന്മാരുമായി ഒരു ആലോചനാനാടനം പോലും കൂടാതെ, ഇംഗ്ലണ്ടിലേക്കു കടൽകമ്പിയയച്ചതാണോ സത്യത്തിൻേറയും അക്രമരാഹിത്യത്തിൻേറയും ഉൽകൃഷ്ടവിജയം?

7. നിങ്ങളുടെ അതിവണക്കസൂചനം—വീണ്ടും ആ നാട്യരീതിയിൽ തന്നെ—നിങ്ങളുടെ വ്രതോപസംഹാരവേളയിലും പ്രത്യക്ഷപ്പെട്ടു. എൻെറ അഭിപ്രായം അനുസരിച്ചു, നിങ്ങൾ നിങ്ങളുടെ വ്രതം സ്വയവഞ്ചനയിൽ കൂടി തന്നെ നിർവ്വഹിച്ചു. എന്നാൽ നിങ്ങൾ അതിനെ ഉപസംഹരിക്കുവാൻ കാരണം കണ്ടു പിടിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. പ്രിയപ്പെട്ട മഹാത്മജി, നിങ്ങൾ, ഒരാഴ്ചക്കു നടപ്പിലിരുന്ന ആ 'സൂതികാലസ്വാതന്ത്ര്യത്തേയോ' അഥവാ, പൂനാസന്ധിയാകുന്ന ഭീഷണിയേയോ, നോക്കുവാൻ ദൈവത്തെച്ചൊല്ലി ആവശ്യപ്പെട്ടപ്പോൾ ഞാൻ എത്ര അസഹ്യമായ ബാഷ്പകണങ്ങളാണു പൊഴിച്ചതെന്ന് നിങ്ങൾ അറിയുന്നുണ്ടോ? കഷ്ടം! നിങ്ങൾ എത്ര ആദായത്തോടെ ആണ്, ഓരോ അവകാശങ്ങൾ കൈവശപ്പെടുത്തുന്നത്. ജഗന്നിയന്താവിൻെറ കരബലം, കഴിഞ്ഞ ഏഴു ദിവസമായി ഇൻഡ്യയിലെങ്ങും ഉൽകൃഷ്ടരീതിയിൽ സമുല്ലസിച്ച സംഭവങ്ങളാൽ വേണ്ടും വണ്ണം അറിയാറായിട്ടുണ്ട്. സ്വവഞ്ചനയുടെ ആ മൂർദ്ധന്യദശയിൽ നിങ്ങൾ എങ്ങിനെ ആണ്, അവക്കു യാതൊരു പങ്കുമില്ലാതിരുന്ന ഒരു തീരുമാനത്തെ അക്ഷരംപ്രതി, ഓരോ പ്രത്യേക വകുപ്പിൻേറയും ആന്തരാർത്ഥത്തെ, അനുകൂലിച്ചു പ്രവർത്തിക്കണമെന്നു സവർണ്ണഹിന്ദുക്കളോട് ആവശ്യപ്പെട്ടത്?

പ്രിയപ്പെട്ട, എന്റെ ഏററവും പ്രിയപ്പെട്ട മഹാത്മജി, എന്റെ ധാരണ—കഴിയുമെങ്കിൽ അതിനെ എതിക്കുവാൻ ഞാൻ നിബ്ബന്ധിക്കുന്നു—അതായതു് പരിശുദ്ധഹിന്ദുധമ്മത്തെ വളരെ നാളായി വഞ്ചിച്ചിരിക്കുന്ന പ്രാദേശിക കാൺഗ്രസ്സ് നേതാക്കന്മാരായ നിങ്ങളുടെ അനുയായികളും, ആയ്യസമാജക്കാരും, അതുപോലെയുള്ള മററുള്ളവരും മാത്രം പൂനാതീരുമാനത്തിൽ ഏപ്പെട്ടിരുന്നുഎന്നും, അല്ലാതെ യാതൊരു യഥാത്ഥസവണ്ണഹിന്ദുനേതാവും അതിൽ ഉൾപ്പെട്ടിരുന്നില്ലെന്നും, നിങ്ങൾ ഉദ്ദേശിച്ചിരുന്ന വിധം പ്രതിപ്രാത്ഥന ഇവരിൽ നിന്നല്ലാതെ ലഭിച്ചില്ലെന്നുമുള്ള ആ ധാരണ ശരിതന്നെ എങ്കിൽ, നിങ്ങൾനിങ്ങളുടെ ദൈവത്തേയും ഗുരുദേവരേയും ചൊല്ലി ഇത്തരം അനുകമ്പാജനകമായ ആത്മവഞ്ചനക്കു ധൈയ്യപ്പെടരുതു്! എന്റെ ബുദ്ധിമാന്ദ്യത്തെ ക്ഷമിക്കണേ! ഞാൻ ഇതിനെപ്പററിയെല്ലാം ചോദിക്കുന്നതു നിങ്ങളുടെ ആത്മീയഗുണത്തിന്നു തന്നെ വേണ്ടിയത്രേ. എന്തെന്നാൽ നിങ്ങൾ സ്വയവഞ്ചനയാൽപോലും പാപാജ്ജനം ചെയ്യുന്നതിനു നിവത്തിയുള്ള പക്ഷം ഒരുമ്പെടരുതെന്നാണെന്റെ ഉദ്ദേശം; ഒരു ഭാരതീയനു നിശ്ചയമായും ദൈവത്തെയോ, അവന്റെ ഗുരുദേവരേയോ പററി നിസ്സാരമായി സംസാരിക്കുവാൻ പാടില്ലാത്തതാണു്.

'അയിത്തം' എന്ന വിഷയത്തെപ്പററി സുദീഘമായ ഒരു വിചിന്തനം ഞാൻ മനഃപൂവ്വം ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങൾ അറിയുന്നുണ്ടായിരിക്കാം, അഥവാ നിങ്ങൾ ഓമ്മിക്കേണ്ടതാണു്; ഞാൻ ഉദ്ദേശം ഒരു ദശാബ്ദത്തിന്നുമുമ്പു്, ഈ വിഷയത്തെപ്പററി ധമ്മാനുസാരമായ ഒരു തീപ്പോട്ടുകൂടി നിങ്ങളുടെ സമീപം വന്നിരുന്നു. എന്നാൽ നിങ്ങൾ മയ്യാദയോടുകൂടി എനിക്കു പറയുവാനുണ്ടായിരുന്നതു ശ്രവിക്കപോലുമുണ്ടായില്ല. നിങ്ങൾ ബ്രാഹ്മണനെ പഞ്ചമന്റെ നിലയിലേക്കു് അധഃപതിപ്പിക്കുവാൻ യത്നിക്കുന്നു. എന്നാൽ ഞാൻ ഭാരതത്തിന്റെ പൂവ്വചരിത്രത്തിൽ കാണുവാൻ സാധിക്കുന്നവിധം, അനേകം യോഗികളും, ത്യാഗികളും അനവധി കാലമായി സ്വീകരിച്ചു വന്ന ആ മാഗ്ഗത്തെ—പരിശുദ്ധമായ ദൈവസ്നേഹത്തെ—സകലതിനേയും പരിശുദ്ധമാക്കുവാൻ പയ്യാപ്തമായ ആ ഏകമാഗ്ഗത്തെ, സ്വീകരിച്ചു് അയിത്തത്തെ ഇല്ലായ്മ ചെയ്യുവാൻ ഉദ്യമിക്കുന്നു.

കുറെക്കൂടി സംക്ഷേപിക്കുന്നതായാൽ, എനിക്കു ബ്രാഹ്മണനെ പഞ്ചമന്റെ നിലയിലേക്കു് അധഃപതിപ്പിക്കുവാനല്ല, പഞ്ചമനെ ബ്രാഹ്മണന്റെ നിലയിലേക്കു് ഉയത്തിക്കൊണ്ടു വരുവാനാണു് അഭിലാഷം.

എന്നാൽ നിങ്ങളുടെ തെററായ ബോധം—ചരിത്ര സംബന്ധമായും, ആത്മീയസംബന്ധമായും തെററായ ആ ബോധം—തൊട്ടവാൻ വയ്യാത്ത ആ കൂട്ടർ പരിശുദ്ധന്മാർതന്നെ ആണെന്നും, എന്നും ആയിരുന്നുവെന്നും, സവൎണ്ണർ തന്നെ ആണ യഥാൎത്ഥപാപികൾ എന്നും, ഇപ്പോൾ സവൎണ്ണഹിന്ദുക്കൾ തങ്ങളുടെ ഗൃഹത്തിൻേറയും ദേവാലയത്തിൻേറയും കവാടങ്ങൾ അധഃകൃതക്കായി തുറന്നിട്ട് ആ വിധത്തിൽ പശ്ചാത്താപംകൊണ്ട പരിശുദ്ധന്മാരാകേണമെന്നമുള്ളതാണ്. നിങ്ങളുടെ ഈ വിശ്വാസം സകല കൎമ്മനിയമങ്ങളേയും, വിവിധ മനഃസ്ഥിതിക്ക യോജിക്കുന്ന വിവിധ മാൎഗ്ഗപാന്ഥന്മാരുടെ സൎവ്വോപരി വിശിഷ്ടമായ അധികാരനിയമത്തേയും,പാടെ അവഗണിക്കുകതന്നെ ചെയ്യുന്നു. അതു് യാതൊരു സൂക്ഷ്മദശിയും ധൈൎയ്യസമേതം പ്രവത്തിക്കുന്ന ഒന്നല്ല. വാസ്തവത്തിൽ ഏകദൈവം മാത്രമാണെന്ന ആ പ്രധാനവാദം കപടഭക്തിയല്ലെങ്കിൽ ബാലചാപല്യമത്രേ! ക്ഷുത്ത് എല്ലാവക്കം പൊതുവെ ഉള്ള ഒന്നാണ്. തന്മൂലം സൎവ്വജനങ്ങളും ഒരേതരത്തിൽ, ഒരേ അളവിൽ, ആഹാരം കഴിക്കേണമെന്നുണ്ടോ? ആത്മശക്തിയും പൊതുവെ സകലക്കമുള്ള ഒന്നാണല്ലോ. എന്നാൽ നിങ്ങൾതന്നെ പൊതുജനക്ഷേമത്തിന്നായി നിരാഹാരവ്രതം സ്വീകരിച്ച് ആത്മീയശക്തി വദ്ധിപ്പിക്കുന്ന വിഷയത്തിൽ ഒരു ചിരപരിചിതനാണെന്ന് അഭിമാനിക്കുന്നതെന്താണ്? അപ്രകാരംതന്നെ എനിക്കും എന്തുകൊണ്ട് ഓരോ വിധദേവാരാധനക്കും സമാധാനപാലനാൎത്ഥം ഓരോ വിധ അനുഷ്ഠാനക്രമങ്ങളും ആചാരങ്ങളും അത്യന്താപേക്ഷിതമാണെന്നും, അവയെ അവഗണിച്ച പ്രവത്തിക്കുന്നവക്ക ഗുണത്തേക്കാൾ അധികം ദോഷമാണുണ്ടാവുന്നതെന്നും വിശ്വസിച്ചു കൂടാ? തങ്ങളുടെ ആരാധനാരീതിയ്ക്കൊത്തവണ്ണം ഒരേ ഈശ്വരനെത്തന്നെ വന്ദിക്കുവാൻ പല ക്ഷേത്രങ്ങളും ആവശ്യമായി തോന്നുവാൻ വയ്യെന്നുണ്ടോ?

അല്ലയോ പ്രിയപ്പെട്ട മഹാത്മജി, നിങ്ങൾ എന്നേയും എന്നെപ്പോലേ തന്നെ വിശ്വസിക്കുന്ന മററുള്ളവരേയും, നിങ്ങൾ ഈശ്വരൻെറ നിയോഗം അനുസരിച്ചാണ പ്രവത്തിക്കുന്നതെന്നു പറഞ്ഞു നിങ്ങളുടെ ആ തെററായ മാൎഗ്ഗത്തിൽക്കൂടി കൊണ്ടുപോകുവാൻ ശ്രമിക്കുന്നതു് ശരിതന്നെയാണോ? നിങ്ങൾ വാസ്തവത്തിൽ ഒരു ദൈവദൂതൻ തന്നെയെങ്കിൽ, നിങ്ങളുടെ സാന്നിദ്ധ്യം ഒന്നുകൊണ്ടുമാത്രം നിങ്ങൾ അനേകായിരം ജനങ്ങളുടെ ഹൃദയത്തെ സ്പശിക്കുവാൻ പ്രാപ്തൻ തന്നെ എങ്കിൽ, നിങ്ങൾക്കെന്തെങ്കിലും ആത്മശക്തി കരസ്ഥമായിട്ടു

ണ്ടെങ്കിൽ—പൊതുവെ പറയുന്നതായാൽ ആത്മശക്തി ചെടികൾക്കും ലോഹങ്ങൾക്കും കൂടിയുണ്ട്—നിങ്ങൾക്ക് അന്യന്മാരുടെ ദൃഢനിശ്ചയത്തെ ഇളക്കുവാനുള്ള ആ പ്രത്യേകപാടവം ഉണ്ടെങ്കിൽ, ഇതാ എൻെറ പരസ്യമായ വീരവാദം അഥവാ, ദ്വന്ദ്വയുദ്ധക്ഷണനം. നിങ്ങൾ നിങ്ങളുടെ ആത്മശക്തിമൂലം എന്നെ നിങ്ങളുടെ വിചാരവീഥിയിലേക്കു തിരിച്ചു വിടുക; ഞാൻ നിങ്ങൾക്കു സെൻഡ് പാൾ യേശുക്രിസ്തുവിനെന്നവണ്ണം, ഉപകാരം ചെയ്വാൻ പ്രാപ്തനായിത്തീരാം. നിങ്ങൾ അതു ചെയ്യാത്തപക്ഷം, അതിനു നിങ്ങൾ അശക്തനെന്നു വരുന്ന പക്ഷം, പിന്നേയും നിങ്ങൾ ആത്മശക്തിമൂലം പ്രവീണൻതന്നെ എന്നഭിമാനിച്ച് നിങ്ങളേയും അപ്രകാരം തന്നെ ഇതരന്മാരേയും വഞ്ചിക്കുവാൻ ഉദ്യമിക്കുന്നപക്ഷം, എന്നെ ഭ്രജാതനാക്കിത്തീർത്ത ആ ഹതവിധിയെ ഓർത്തു ഞാൻ വിലപിക്കുകതന്നെ ആണ് നന്ന്!

നിങ്ങളുടെ നിർഭാഗ്യവാനായ സ്വരാജ്യക്കാരൻ,

എം. കെ. ആചാര്യ (ഒപ്പ്)

കേരള സാഹിത്യ അക്കാദമി

മി. ഗാന്ധിക്ക് ഒരു പ്രത്യക്ഷപത്രം.

ഹിന്ദുമതവ്യവസ്ഥാപിതങ്ങളായ ശ്രുതിസ്മൃതിപുരാണാദിനിയമസമുച്ചയങ്ങളിൽ സുദൃഢമായ വിശ്വാസമുള്ളവക്കു മാത്രമാണ് ദേവാലയങ്ങൾ. ഇവയിൽ വിശ്വാസമില്ലാത്തവരെ ഉദ്ദേശിച്ചല്ല, ക്ഷേത്രനിമ്മാണമുണ്ടായിട്ടുള്ളത്. മനഃപൂവ്വമായി ഹൈന്ദവനിയമങ്ങളെ ധിക്കരിച്ചു നടക്കുന്ന കൂട്ടരെപ്പററി അതുകൊണ്ടു പ്രസ്താവിക്കേണ്ട ആവശ്യവുമില്ലല്ലൊ. തങ്ങളുടെ സംഖ്യാബലത്തെ ആസ്പദിച്ചൊ, രാഷ്ട്രീയപരമായ സ്വാധീനശക്തിയെ ഉപയോഗിച്ചൊ, ഇത്തരം സ്ഥാപനങ്ങളുടെ നേരെ വിപ്ലവകരങ്ങളായ പ്രസ്ഥാനങ്ങളെ നയിക്കുന്നവരെപ്പററി എന്തുതന്നെ പറയണം! അവർ പാഷണ്ഡന്മാരൊ, ഭ്രഷ്ടന്മാരൊ, ജാതിഭ്രംശം ചെററിയവരൊ ആയിരിക്കും, തീച്ചതന്നെ. സവണ്ണക്ക്—ജാതിഹിന്ദുക്കൾക്കു—മാത്രമായുദ്ദേശിച്ചിട്ടുള്ള ദേവാലയങ്ങളിലേക്കു പ്രവേശനവും, കുളം കിണർ മുതലായവ ഉപയോഗിപ്പാനുള്ള സ്വാതന്ത്ര്യവും, അവണ്ണരെ സംബന്ധിച്ചിടത്തോളം നിരോധിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം മതത്തെക്കുറിച്ച് അപൂണ്ണവും അബദ്ധസമ്പൂണ്ണവും ആയ പരിമിതജ്ഞാനമുള്ള ഒരു സാധാരണ പൌരനൊ, ഒരു രാഷ്ട്രീയപ്രവത്തക

ണൊ, ഏവംവിധങ്ങളായ വ്യവസ്ഥകളെക്കുറിച്ച് ഗുണദോഷവിവേചനംചെയ്വാൻ അധികാരമില്ല.

നമ്മുടെ ദേവാലയാരാധന അതിന്റെ ശാസ്ത്രപരമായ നിയമങ്ങളേയും നടവടിക്രമങ്ങളേയും നിരസിക്കുകയാണെങ്കിൽ, ആഫ്രിക്കയിലെ കാപ്പിരികളുടെ അലങ്കോലപ്പെട്ട വിഗ്രഹാരാധനയെക്കാൾ അധഃപതിച്ചുപോകും. ഒരു ഹിന്ദുവിന്ന്, ശാസ്ത്രപരമായി ആവശ്യകമായ ചടങ്ങുകളോടുകൂടി ആവാഹനം, അതായത് ആ പ്രത്യേക മൂർത്തിയുടെ പ്രതിഷ്ഠ കഴിഞ്ഞതിന്നുശേഷം മാത്രമേ ഒരു വിഗ്രഹം സമാരാദ്ധ്യമായിത്തീരുന്നുള്ളു. ആ പ്രതിഷ്ഠാപിതമൂർത്തി ആ വിഗ്രഹത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണെങ്കിൽ അത് ഒരു മൃതശരീരംപോലെ അശുദ്ധവും അസ്പൃശ്യവുമായിത്തീരും. (എന്നാൽ ഈ അശുദ്ധം മതസംബന്ധമായ അനുഷ്ഠാനങ്ങളിൽ മാത്രമേ ആദരിക്കപ്പെടുന്നുള്ളു.) ആഗമങ്ങളിൽ വിശ്വാസമുള്ളവർക്ക് വിഗ്രഹങ്ങളല്ല, അവയിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മൂർത്തികളാണുപാസ്യരായിത്തീരുന്നതെന്നു പ്രത്യക്ഷമായല്ലൊ. യാഥാസ്ഥിതികരെ അവരുടെ സ്വന്തം നിയമങ്ങൾക്കും മതത്തിന്നും വിരോധമായി പ്രവർത്തിക്കുവാനാവശ്യപ്പെടുന്ന ഹിന്ദുക്കൾ—അവർ നാമമാത്രഹിന്ദുക്കളേ ആകുന്നുള്ളു—അവരുടെ ബന്ധുക്കളൊ, സഹോദരങ്ങളൊ അല്ല; പ്രത്യുത അക്രമികളായ ശത്രുക്കളാണ്. നേരെമറിച്ച് യാഥാസ്ഥിതിക ക്രിസ്ത്യാനികൾ, മഹമ്മദീയർ, പാർസികൾ, ബൌദ്ധന്മാർ തുടങ്ങിയ അപരമതവിശ്വാസികളെ അവരേക്കാൾ സ്നേഹമുള്ള ബന്ധുക്കളും സഹോദരങ്ങളുമായി പരിഗണിക്കുന്നതിൽ അബദ്ധമൊന്നുമില്ല. ഹിന്ദുമതം അവിശ്വാസികളായ നാമമാത്രഭക്തന്മാരുടെ സംഖ്യാബലംകൊണ്ട് അഭിവൃദ്ധി പ്രാപിക്കുകയില്ല. ഈ മായാമോഹംകൊണ്ടു നിങ്ങൾ മയങ്ങരുത്. സ്വന്തം മതത്തെ ആദരിക്കുന്നവർ അന്യമതങ്ങളെ ആദരിക്കുവാനുമറിഞ്ഞിരിക്കും. വിശേഷിച്ച് ഏകദൈവത്തെ ആദരിക്കുന്നതിന്നുള്ള വിഭിന്നമാർഗ്ഗങ്ങളാണ് വിഭിന്നമതങ്ങളെന്നു ഒരു യാഥാസ്ഥിതികഹിന്ദു വിശ്വസിക്കയും ചെയ്യുന്നു. നിങ്ങൾക്കു ഹിന്ദുമതത്തിലെ ഏകപ്രമാണമായ ഭഗവൽഗീത കൂടി പറയുന്നു:—

യേപ്യന്യ ദേവതാ ഭക്താഃ
യജന്തേ ശ്രദ്ധയാന്വിതാഃ
തേപിമാമേവ കൌന്തേയ
. . . വിധിപൂർവ്വകം.

(അന്യദൈവങ്ങളെ ഭക്തിപൂർവ്വകമാരാധിക്കുന്നവർകൂടി, മററുള്ള മാർഗ്ഗങ്ങളിൽ എന്നെത്തന്നെയല്ലാതെ മററാരേയുമല്ല ഭജിക്കുന്നതു്.) അതുകൊണ്ടാണു് അന്യമതങ്ങളിൽനിന്നു നമ്മുടെ മതത്തിലേക്കു് ആളുകളെ മാനസാന്തരംചെയ്യുവാൻ പുരാതനന്മാർ ആഗ്രഹിക്കാതിരുന്നതു്. അതു് ആവക മതങ്ങളോടു് കാണിക്കുന്ന ഒരനാദരവുമാകയില്ലേ? മനുഷ്യപ്രകൃതി വിഭിന്നങ്ങളായിരിക്കുന്നതുകൊണ്ടു് ഓരോ സമുദായങ്ങളുടേയും വർഗ്ഗങ്ങളുടേയും പ്രത്യേകതകളോടനുകൂലിച്ചു് വിവിധമതങ്ങളെ ഒരേ ദൈവംതന്നെ നിയമിച്ചു എന്നവർ അറിഞ്ഞിരുന്നു. മതനിഷേധം, മതവിരോധം, മതത്തോടുള്ള പോരാട്ടം അഥവാ പാഷണ്ഡത്വം, ഇതിനെയാണു് നമ്മുടെ ശാസ്ത്രങ്ങൾ ശപിച്ചിട്ടുള്ളതു്. തന്മൂലം യാഥാസ്ഥിതികഹിന്ദുക്കൾ ആചാരലംഘകന്മാരായ തങ്ങളുടെ സഹോദരങ്ങളുടെ ആക്രമണങ്ങളിൽനിന്നു രക്ഷനേടുവാനായി യാഥാസ്ഥിതികന്മാരായ ക്രിസ്ത്യാനികൾ, മഹമ്മദീയർ, പാർസികൾ, ബൌദ്ധന്മാർ ഇവരെ അഭയംപ്രാപിക്കുവാനും ഒരുക്കമാണു്. നമ്മുടെ യാഥാസ്ഥിതികന്മാരായ പൂർവ്വപിതാക്കന്മാരുടെ ഭക്തിസ്നേഹങ്ങളോടുകൂടിയ പരിലാളനനിമിത്തം രാഷ്ട്രപരമായി യാതൊരു ശക്തിയും ലഭിക്കുന്നതിന്നു മുമ്പുതന്നെ ക്രിസ്തുമതത്തിന്നും ഇസ് ലാംമതത്തിന്നും ഇവിടെ ധാരാളമനുയായികൾ ഉണ്ടായ്വന്നു. സന്ദർഭങ്ങളനുസരിച്ചു് അവരും ഹിന്ദുക്കൾക്കാവശ്യമുള്ള ശുശ്രൂഷകൾ ചെയ്തുവന്നു. യാഥാസ്ഥിതികഹിന്ദുക്കൾക്കു് അവരുടെ വളർത്തുപൈതങ്ങളായ ക്രിസ്തുമതത്തോടും, മഹമ്മദുമതത്തോടും സഹായങ്ങൾ യാചിക്കേണ്ടതായ അവസരം ഇതാ വീണ്ടും വന്നിരിക്കുന്നു. ഹിന്ദു-മുസ് ലിം ഐക്യം അഥവാ ലോകൈക്യംതന്നെ—ഇദാനീന്തനന്മാരായ രാഷ്ട്രീയപ്രവർത്തകന്മാരുടെ ക്രൂരങ്ങളായ പിടികളിൽനിന്നും വിമുക്തിനേടിയെങ്കിൽ—യാഥാസ്ഥിതികഹിന്ദുക്കൾ ഒരു നിമിഷത്തിനകം സാധിക്കതന്നെ ചെയ്യും. അതെ, ശതാബ്ദങ്ങളായി അങ്ങിനെയല്ലേ അവർ ജീവിച്ചുവന്നതു്! നമ്മുടെ ക്രിസ്ത്യൻ ബ്രിട്ടിഷ് ഗവൺമെൻറ് ഹിന്ദുമതത്തിന്നു പരിപൂർണ്ണസമ്മതി നല്കിയിട്ടില്ലേ? ഈ മതസമ്മതി മതങ്ങളോടു് വ്യത്യാസമില്ലായ്മ വളർത്തി; അതുകൊണ്ടു് മതങ്ങളോടു ബന്ധംതന്നെയില്ലെന്നു വന്നുകൂടി. മതനിഷേധത്തിന്നും മതവിരോധത്തിന്നും അതാ അവിടെ ഇടവും കിട്ടി. ഗവൺമെൻറ് കൌൺസിലുകളിൽ സഹിഷ്ണുതയുടെ ശക്തി വന്നു് യാഥാസ്ഥിതികത്വത്തെ നശിപ്പിക്കാതെ സൂക്ഷിക്കേണ്ടതു നമ്മുടെ കർത്തവ്യമാണു്. വിവിധമതാനുയായികൾ പ്രജകളിൽ ഉൾപ്പെട്ടിട്ടുള്ള ഒരു

ഗവമ്മെൻറിൻെറ ധമ്മം അതിൻെറ പ്രജകൾ ആദരിച്ചുവരുന്ന ഏതു മതത്തിന്നും പ്രാതിനിദ്ധ്യം വാല്ക്കുകയാണു്. ആ ഗവമ്മെൻറു് എല്ലാ മതങ്ങളുടേയും ഒരു സങ്കലനമെന്നല്ലാതെ മതശൂന്യമായി വന്നുകൂടാ. അതിൻെറ പ്രജകൾക്കു മതബോധം തീരെയില്ലാതെ വരുന്ന കാലത്തു മാത്രമെ ഒരു ഗവമ്മെൻറിന്നു മതത്തെ നിരസിച്ചുകൂടൂ. ഭരണകത്താക്കൾക്കും മതമില്ലേ? മതവിശ്വാസികളല്ലാത്തവക്കും പ്രാതിനിദ്ധ്യം നല്കണമെന്നു ഗവമ്മെൻറിന്നുദ്ദേശമുണ്ടെങ്കിൽ അവർ യഥേഷ്ടം അങ്ങിനെ ചെയ്തുകൊള്ളട്ടെ. എന്നാൽ മതവിശ്വാസികൾക്കു് അതിന്നെത്രയോ മുമ്പുതന്നെ പ്രാതിനിദ്ധ്യം നല്കേണ്ടതായുണ്ടു്. എങ്ങിനെയായാലും ഒരു പ്രത്യേകമതത്തോടു വിശ്വാസവും അടുപ്പവും സത്യബോധപ്പെടുത്താതേയും അതിൽ അവരുടെ പാണ്ഡിത്യത്തെ പ്രസ്പഷ്ടമാക്കാതേയും ഇരിക്കുന്ന മെമ്പർമാക്കു് ആ മതത്തെ പ്രതിനിധീകരിച്ചുകൂടാത്തതാകുന്നു. എന്നാലിതുതന്നെയല്ലേ ഇന്നു നടക്കുന്നതു്? ഹിന്തുമതത്തിലെ നിയമങ്ങളിൽ വിശ്വാസമില്ലാത്ത നിങ്ങളും നിങ്ങളുടെ അനുയായികളും, അത്ഥശൂന്യമായി ഹിന്തുക്കളെന്നു നടിച്ചു നടക്കുന്നതുകൊണ്ടല്ലേ ഇങ്ങിനെ സംഭവിക്കുന്നതു്? മുകളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ അതു ധിക്കാരപരവും,തെററിദ്ധാരണകൾക്കിടം കൊടുക്കുന്നതുമാകുന്നില്ലേ? അതുകൊണ്ടു നിങ്ങളും, നിങ്ങളുടെ അനുയായികളും നിങ്ങളുടെ ഹിന്തുമതത്തെ സന്മനസ്സോടുകൂടി ഉപേക്ഷിക്കയൊ, അല്ലങ്കിൽ ഹിന്തുമതപ്രമാണങ്ങളായ ശ്രുതിസ്മൃതിപുരാണങ്ങളിൽ കലൎപ്പില്ലാത്ത വിശ്വാസത്തോടുകൂടി ഹിന്തുമതത്തെ സ്വീകരിക്കുകയൊ ചെയ്യുക! അല്ലെങ്കിൽ നിങ്ങളും അനുയായികളും ഗവമ്മേൻറു് കൌൺസിലുകളിലും മററും കാട്ടിക്കൂട്ടുന്ന ധിക്കാരങ്ങളിൽനിന്നും മററും രക്ഷ നേടുവാൻ യാഥാസ്ഥിതികർ അവരുടെ പേരുമാററി അവർ ഹിന്തുക്കളല്ലെന്നുതന്നെ പ്രഖ്യാപനം ചെയ്യേണ്ടും. ഹിന്ദു എന്നൊ ഹിന്ദുമതമെന്നോ ഒരു പദം ശാസ്ത്രങ്ങളിൽ കാണുന്നില്ലെന്നു ഞങ്ങൾക്കു പൂണ്ണമായറിയാം. നമ്മുടെ പിതാക്കന്മാരും ഇത്തരമൊരു പദം ഉപയോഗപ്പെടുത്തിയിട്ടില്ല. ഏതൊ ചില വിദേശീയർ ധമ്മനിരതന്മാരായ വണ്ണാശ്രമികളേയും അധമ്മികളായ അവണ്ണരേയും കൂട്ടിച്ചേത്തു് ഇങ്ങിനെ ഒരു മിത്ഥ്യാഭിധാനം സൃഷ്ടിച്ചതാകാം. ഈ അനാസ്പദവുമവ്യവസ്ഥിതവുമായ അഭിധാനത്തെ ദുരുപയോഗപ്പെടുത്തിയാണു്, നിങ്ങളും നിങ്ങളുടെ കൂട്ടരും അവണ്ണക്കുവേണ്ടി—അവരെ 'ഹരിജനങ്ങ'ളെന്നൊ എന്തുവേണമെങ്കിലും നിങ്ങൾ വിളിച്ചുകൊള്ളൂ;

രവ്വ *

കാക്ക എന്തു ചെയ്താലും കാക്കതന്നെയാണ്—ഇത്രയൊക്കെ കുഴപ്പാട്ടുണ്ടാക്കുന്നതു്.

ഇനി നിങ്ങളുടെ 'ഹരിജന'ങ്ങളെക്കുറിച്ചു പറയാം. അവർ യഥാർത്ഥത്തിൽ ഹിന്ദുക്കളും ക്ഷേത്രപ്രവേശനത്തിന്നർഹരുമാകുന്നുവോ എന്നു ലോകം കണ്ണുതുറന്നൊന്നു നോക്കട്ടെ. ക്രിസ്ത്യാനികളെപ്പോലെയോ മഹമ്മദീയരെപ്പോലെയോ ഇവരെ മാനസാനന്തരപ്പെടുത്തി ഹിന്ദുമതത്തിൽ പ്രവേശിപ്പിക്കയുണ്ടായിട്ടുണ്ടോ? ഹൈന്ദവമതത്തിൽ നാലു വർണ്ണങ്ങളല്ലേ ഉള്ളൂ? ഈ നാലു വർണ്ണങ്ങളിൽ ഏതെങ്കിലും ഒന്നിലാണൊ ഇവർ ജന്മമെടുത്തിരിക്കുന്നതു്? സവർണ്ണസമുദായങ്ങളിലോ, തത്സമാനമായി കരുതപ്പെടാവുന്ന ഏതെങ്കിലും സമുദായങ്ങളിലൊ, ഇവർ പെട്ടിട്ടുണ്ടെന്നു ശാസ്ത്രങ്ങൾ വിധിക്കുന്നുണ്ടോ? ജീവിതത്തെ നിയന്ത്രിക്കേണ്ടതായ നിയമങ്ങളേയും സംസ്കാരങ്ങളേയും മററു നാലു വർണ്ണങ്ങൾക്കും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഇവർക്കും ശാസ്ത്രങ്ങൾ എന്തെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ? അവിചാരിതമായൊ അപരിത്യാജ്യമായൊ ഉള്ള സമ്പർക്കത്തിൽനിന്നും ശുദ്ധിചെയ്യുവാനും, അവരെ അകലെ നിർത്തുവാനും മാത്രമല്ലേ ശാസ്ത്രങ്ങൾ വിധിച്ചിട്ടുള്ളൂ?

ഏതൊ ചില വിദേശീയർ അബദ്ധമായി അജ്ഞതയാൽ സവർണ്ണഹിന്ദുക്കളെ അറിഞ്ഞുവരുന്ന പേരുതന്നെ ഇവർക്കും കൊടുത്തു എന്നതുകൊണ്ടോ, ചില രാഷ്ട്രീയപ്രവർത്തകന്മാർ അവരുടെ ചില പ്രത്യേക താല്പര്യങ്ങൾക്കുവേണ്ടി ആ പേരിനെത്തന്നെ പിന്നേയും പ്രതിശബ്ദിച്ചതുകൊണ്ടോ, ഇത്തരം അബദ്ധങ്ങൾക്കുള്ള ശിക്ഷ സാധുസവർണ്ണരൊ സഹിക്കേണ്ടതു്? അല്ല തീർച്ചയായും അല്ലതന്നെ. പരിശുദ്ധങ്ങളിൽവെച്ചു പരിശുദ്ധവും, ജീവചൈതന്യവുമായ സ്ഥാപനങ്ങളെ അശുദ്ധമാക്കുവാനും അലങ്കോലപ്പെടുത്തുവാനും ജാതിഭ്രഷ്ടരെ അനുവദിച്ചുകൊണ്ടു അവർ ഈ ശിക്ഷ അനുഭവിക്കേണ്ടതില്ലതന്നെ. നിശ്ചിതദൂരത്തിൽ കുറഞ്ഞ അവരുടെ സാമീപ്യംകൊണ്ടു് ക്ഷേത്രങ്ങൾ അശുദ്ധമാകുമെന്നും, അങ്ങിനെ സംഭവിച്ചാൽ ആവശ്യമായ ശുദ്ധികർമ്മങ്ങൾ കഴിഞ്ഞല്ലാതെ ആ സ്ഥലങ്ങളിൽ പതിവുള്ള ആചാരങ്ങളൊ ആരാധനകളൊ അനുഷ്ഠിക്കപ്പെടുവാൻ പാടില്ലെന്നും, വ്യവസ്ഥചെയ്തിരിക്കുന്നതുകൊണ്ടുതന്നെ ക്ഷേത്രസങ്കേതങ്ങൾ അവർണ്ണരെ ഉദ്ദേശിച്ചുണ്ടാക്കപ്പെട്ടവയല്ലെന്നു തെളിയുന്നില്ലേ? വൈഭവവും ശ്രദ്ധയും കൂടിയ ആലോചനകളും, ആഗമപ്രോക്തങ്ങളായ നിയമങ്ങളും അനുസരിച്ചു ബ്രാഹ്മണർ പ്രജകളുടേയും ഗവമ്മെൻറിൻേറയും രക്ഷക്കുവേണ്ടി അവ

രുടെ അദ്ധ്യാത്മശക്തിയെ, തപശ്ശക്തിയെ, ഏകാഗ്രമായി അവരോധിച്ചു നിൎത്തിയിട്ടുള്ള സ്ഥാപനങ്ങളാണു് ക്ഷേത്രങ്ങൾ. എങ്ങിനെയായാലും ഒരു യഥാൎത്ഥഹിന്ദുവിന്റെ വിശ്വാസമിതാണു്. നിങ്ങൾക്കോ നിങ്ങളുടെ അനുയായികൾക്കൊ അത്തരം വിശ്വാസമൊന്നുമില്ലെങ്കിൽ ദയവുചെയ്തു് അതിലിടപെടാതെ മാറിനിൽക്കുകയല്ലെ നല്ലതു്? നിങ്ങളുടെ 'ഹരിജന'ങ്ങൾക്കു അഭ്യുന്നതിക്കുള്ള മാൎഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നു നിങ്ങൾ ശഠിയ്ക്കുന്നുവെങ്കിൽ, ഞങ്ങൾ ഞങ്ങളുടെ ശാസ്ത്രാനുസൃതം നിവൃത്തിയുള്ളതു ചെയ്യേക്കാം. യഥാസ്ഥിതികഹിന്ദുക്കൾ മറ്റുള്ളവർ നിൎമ്മിച്ചിട്ടുള്ള സ്ഥാപനങ്ങളിന്മേൽ യാതൊരവകാശവാദവും കൊണ്ടുചെല്ലാതിരിക്കുന്നിടത്തോളം കാലം, അവരും അവരുടെ പ്രതിനിധികളും യഥാസ്ഥിതികരുടെ സ്ഥാപനങ്ങളിന്മേലും ആക്രമിക്കുവാൻ പാടില്ലാത്തതാകുന്നു. ക്ഷേത്രസ്ഥാപനങ്ങൾ, അതിലുള്ള കെട്ടിടങ്ങൾ, പറമ്പു്, പരിസരങ്ങൾ മുതലായവ പ്രത്യേകതരനിയമങ്ങൾക്കും, പ്രത്യേകാവകാശങ്ങൾക്കും വിധേയമായിട്ടാണിരിക്കുന്നതു്.

ഹിന്ദുനിയമങ്ങൾക്കും, നിങ്ങളേകപ്രമാണമായെടുത്തിരിക്കുന്ന ശ്രീഭഗവൽഗീതക്കും, വിരോധമായാണു് നിങ്ങളുടെ പ്രവൎത്തികളെന്നുള്ള എന്റെ പ്രസ്താവനയെ ഞാൻ ദൃഷ്ടാന്തസഹിതം സാധിക്കാം. മുൻപ്രസ്താവിച്ചമാതിരി നിങ്ങളും കൂട്ടുകാരുമാക്ഷേപിക്കുന്നു, 'അവൎണ്ണർ അന്യമതങ്ങളെ അവലംബിക്കയും, തന്മൂലം ഹൈന്ദവമതത്തിന്നു വലുതായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു' എന്നു്. വിഭിന്നമതങ്ങൾ ഏകദൈവത്തെ ആരാധിക്കുന്നതിന്നുള്ള വിവിധമാൎഗ്ഗങ്ങളാണെന്നു ഗീത പഠിപ്പിക്കുന്നതിനു വിരുദ്ധമല്ലെ അതു്? ഹൈന്ദവമതത്തിൽനിന്നു്, അതിന്റെ നിയമങ്ങളെ അനുസരിക്കുവാൻ തയ്യാറില്ലാത്ത അവൎണ്ണർ യാതൊരു സഹായവും ആശിക്കേണ്ടതില്ല. ഹൈന്ദവനിയമങ്ങളെ അനുസരിക്കുന്നതിന്നു അവൎക്കു വൈമുഖ്യമുണ്ടെങ്കിൽ, അവരുടെ പ്രത്യേകതകൾക്കനുയോജ്യങ്ങളായ അന്യമതങ്ങളെ അവർ സ്വീകരിച്ചുകൊള്ളട്ടെ. ബുദ്ധൻ മഹാവിഷ്ണുവിന്റെ അവതാരമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടതാണു്. പാപികളെ ഉദ്ധരിക്കുന്നതിനുവേണ്ടിയാണദ്ദേഹം അവതീൎണ്ണനായതു്. ഏതു ജീവിയോടും ജീവകാരുണ്യം കാണിക്കണമെന്നും, മദ്യമാംസാദികളെ വൎജ്ജിക്കണമെന്നും അദ്ദേഹം ഉപദേശിച്ചിട്ടുണ്ടു്. അതിനെ സ്വീകരിച്ചു് എന്തുകൊണ്ടു് സമുന്നതി പ്രാപിക്കുവാൻ പരിശ്രമിക്കുന്നില്ല? ഇങ്ങിനെ സംശുദ്ധമാക്കപ്പെട്ട ജാതിഭ്രഷ്ടന്മാർ കാലക്രമേണ ജാതിഹിന്ദുക്കളുമായി തിരിച്ചറിവാൻ വയ്യാത്തവി

ധത്തിൽ സങ്കലനമുണ്ടായിട്ടുണ്ടെന്നു ചരിത്രരേഖകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ നിങ്ങളുടെ ഹരിജനങ്ങളെ, ആദായകരങ്ങളായ തൊഴിലുകളേയും, ആസ്വാദ്യങ്ങളായ ഭക്ഷ്യങ്ങളേയും ഉപേക്ഷിക്കുന്നതിനു മനസ്സുള്ളവരല്ല. അതിനു നിർബ്ബന്ധിച്ചാൽ, അവർ നിങ്ങളുടെ പിടിയിൽനിന്നും മാറിയാലൊ എന്നു ഭയന്നു നിങ്ങളും മുതിരുന്നില്ല: അസഹായരായ യാഥാസ്ഥിതികരെ നിങ്ങളുടെ ഈ വിനോദത്തിനുവേണ്ടി ബലിചെയ്യണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നു. അരുതെ! അങ്ങിനെ ചെയ്യുന്നതിൽനിന്നും വിരമിക്കണേ! നിങ്ങളുടെ മനസ്സാക്ഷിയെ തുറന്നു നോക്കുക! ഗീത അവിടേയും നിങ്ങളെ വിലക്കുന്നില്ലേ?

ന ബുദ്ധിഭേദം ജനയേദജ്ഞാനാം
കർമ്മസംഗിനാം ജോഷയേത്സർവ്വ
കർമ്മാണിവിദ്വാൻയുക്തഃ സമാചരൻ,

(ലൌകികമായ കർമ്മമാർഗ്ഗങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്ന അജ്ഞന്മാരുടെ വിശ്വാസത്തെ ശിഥിലമാക്കുവാൻ ജ്ഞാനികൾ ശ്രമിക്കരുത്. അവരുടെ പ്രവൃത്തികളെ എല്ലാം തങ്ങളുടെ സംസ്കൃതബോധ്യങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെ അഭിജ്ഞന്മാർ പരിലാളിക്കുയും വേണം.) അയിത്തത്തിന്റെ പേരിൽ നിങ്ങൾ ധിക്കാരമായി വെറുക്കുന്ന ശൌചനിയമത്തെ യാഥാസ്ഥിതികഹിന്ദുക്കൾ പരിത്യജിക്കുവാൻ തയ്യാറില്ല. ആ നിയമങ്ങളെ നിരസിച്ചു നടക്കുന്നതായാൽ, നരകത്തിലേക്കു വഴി കാണിക്കുന്ന ആദ്ധ്യാത്മികാധഃപതനമുണ്ടാകുന്നതിനുപുറമെ, പകർച്ചവ്യാധികളിൽനിന്നും മറ്റും ശാരീരികമായ ഉപദ്രവങ്ങളും ഉണ്ടാകുമെന്നു അവർ മനഃപൂർവ്വം വിശ്വസിക്കുന്നു. രാഷ്ട്രീയപരമായ ലാഭത്തിന്നൊ ലോകപ്രസിദ്ധിക്കൊവേണ്ടി, മററുള്ളവർ ചെയ്യുന്നതുപോലെ അത്ര എളുപ്പത്തിൽ മനസ്സാക്ഷിയെ മാററി നിർത്തുന്നതിനു അവക്കു ശക്തിയില്ല. അവർ തയ്യാറുമില്ല.

അധഃകൃതവർഗ്ഗക്കാരുടെ അധഃപതനത്തിന്നു സവർണ്ണരാണുത്തരവാദികളെന്നും, തന്മൂലം സ്വന്തം അധഃപതനത്തെ അവഗണിച്ചും സവർണ്ണർ അധഃകൃതോന്നമനത്തിനു ശ്രമിക്കണമെന്നും, നിങ്ങൾ പറയുന്നതും ഭഗവൽഗീതയോടു നിങ്ങൾക്കുണ്ടെന്നു നടിക്കുന്ന ഭക്തിയെ മറന്നിട്ടാണ്. നിങ്ങളുടെ പ്രമാണം ഇതിനെപ്പററി എന്തു പറയുന്നുവെന്നു നിങ്ങൾ ഓർക്കുന്നുണ്ടോ?

ഉദ്ധരേദാത്മനാത്മാനം നാത്മാന-
മവസാദയേൽ

— ന.വൃ.ഹ —

ആത്മൈവഹ്യാത്മനോ ബന്ധുരാ-
ത്മൈവരിപുരാത്മനഃ
ബന്ധുരാത്മാത്മനസ്തസ്യ യേനാ-
ത്മൈവാത്മനാജിതഃ
അനാത്മനസ്തുശത്രുത്വേ വർത്തേ-
താത്മൈവശത്രുവൽ.

(അവൻ അവനെ ഉയർത്തട്ടെ. അവൻ സ്വന്തം ആത്മാവിനെ അധഃപതിപ്പിക്കാതിരിക്കട്ടെ. അവന്റെ മിത്രവും ശത്രുവും അവൻ തന്നെയാണ്. ആത്മസംയമനം സിദ്ധിച്ചവനു ആത്മാവൊരുററ ബന്ധുവാണ്. ആത്മസംയമനമില്ലാത്തവന് ആത്മാവിനെപ്പോലെ വലിയ ശത്രു വേറെ ഇല്ല.) എന്തൊരു സമാരാദ്ധ്യമായ വാസ്തവം! ഈ വാസ്തവസ്ഥിതിയെ മറന്നുകൊണ്ട് അധഃകൃതരുടെ അധഃപതനത്തിനു നിങ്ങൾ എങ്ങിനെ, എന്തുകൊണ്ട് ജാതി ഹിന്ദുക്കളെ പഴിക്കുന്നു? ധീവരനെക്കൊണ്ട് വലവീശി മത്സ്യം പിടിപ്പിക്കുന്നതും, ചണ്ഡാലനെക്കൊണ്ട് കാലികളെ ഹിംസചെയ്യിക്കുന്നതും, ഈഴവനെക്കൊണ്ട് മദ്യം വാററിക്കുന്നതും, ഋഷിയെക്കൊണ്ട് തപം ചെയ്യിക്കുന്നതും ഇങ്ങിനെ എല്ലാം അവനവന്റെ തൊഴിൽക്രമംപോലെ ആചരിപ്പിക്കുന്നത് അവനവന്റെ മനസ്സാക്ഷിയല്ലാതെ മറെറന്താണ്? സവർണ്ണരുടെ തലയിൽ ആ അപരാധം വലിച്ചിടുന്നത് തെററുതന്നെയാണ്. അജ്ഞതകൊണ്ടോ അന്യരുടെ അനാശാസ്യമായ നിർബ്ബന്ധംകൊണ്ടോ അല്ല, ലാഭത്തിലും ഭക്ഷണത്തിലും അലംഭാവമില്ലാത്ത കാമം ഒന്നുകൊണ്ടുമാത്രമാണ്, അവർ അധഃപതിച്ചത്. അവർ ഇതു മാററാതിരിക്കുന്നിടത്തോളം കാലം മററാരും തന്നെ അവരെ ഉദ്ധരിക്കുവാൻ സാധിക്കയില്ലെന്ന് മാത്രമല്ല, സവർണ്ണരുടെ അയിത്തത്തിനും അശുദ്ധിക്കും അവർ കാരണക്കാരായിരിക്കുകയും ചെയ്യും. ശാസ്ത്രങ്ങളും ഇദാനീന്തനന്മാരായ സാഹിത്യകാരന്മാരും, പാപികളുടേയും ദുർജ്ജനങ്ങളുടേയും സഹവാസത്തെ ഒരുപോലെ അധിക്ഷേപിച്ചിട്ടുണ്ട്. സ്വഭാവത്തിലും ആചാരത്തിലും പെരുമാററത്തിലും നമ്മെപ്പോലെ അല്ലാത്തവരോടിടകലരുന്നത് തിന്മതന്നെയാണ്. സാമാന്യബുദ്ധികൊണ്ടും ജീവിതത്തിലെ അനുഭവങ്ങളേക്കൊണ്ടും നമുക്കിതു വീണ്ടും വീണ്ടും ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ശ്രദ്ധേയങ്ങളായ ഇത്തരം നിയമങ്ങളുടേയും ആചാരങ്ങളുടേയുംമാഹാത്മ്യം ഒന്നുകൊണ്ടുമാത്രമല്ലെ മദ്യമാംസങ്ങൾ, ഹിംസ, വ്യഭിചാരം മുതലായ ദോഷങ്ങളിൽ നിന്നും പരിപൂർണ്ണമായി പിരിഞ്ഞു

ന്നിന്നു അനാദികാലംമുതൽ ജാതിഹിന്ദുക്കൾലോകചരിത്രത്തിലെ അഗ്രസ്ഥാനത്തിൽ വിരാജിച്ചുകൊണ്ടിരിക്കുന്നതു്? അതിൽ യഥാൎത്ഥമായ അഭിമാനവും ഞങ്ങൾക്കുണ്ടു്. മാനവസമുദായത്തിൽ സമുന്നതമായ ഒരു മാനസിക സംസ്കാരാന്തരീക്ഷം പരിപാലിച്ചുകൊണ്ടുവരുവാൻ വേണ്ടിയാണു് ഇത്തരം നിയമങ്ങളെ അനുസരിക്കുവാൻ ശാസ്ത്രങ്ങൾ നമ്മോടു് കല്പിക്കുന്നതു്. ഈ ഒരാവശ്യത്തിന്നു് ഇത്തരം നിയമങ്ങളാവശ്യമില്ലെന്നു് നിങ്ങൾ പറയുന്നപക്ഷം, പൂൎവ്വഷീശ്വരന്മാരുടെ അപാരമായ ജ്ഞാനത്തിന്റെ മുമ്പിൽ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള നിങ്ങളുടെ അറിവു് പരിത്യാജ്യമായിരിക്കുമെന്നു് സവ്യസനം നിങ്ങളെ അറിയിക്കേണ്ടിയിരിക്കുന്നു. ഇത്രവലിയ വിലകൊടുത്തു് ഈ സമുന്നതാദൎശത്തെ പരിപാലിക്കേണ്ടതുണ്ടെന്നു് നിങ്ങൾ പറയുന്നുവെങ്കിൽ, സ്വരാജ്യമൊ സ്വൎഗ്ഗരാജ്യമൊ ജീവിതംതന്നെയൊ ഇത്രയും വിലമതിച്ചതല്ലെന്നു ഞങ്ങളും ശഠിക്കും. സമുന്നതമായ ഈ മാനസികവിശുദ്ധിയിൽനിന്നാണു് സത്യം, നീതി, ദാക്ഷിണ്യം മുതലായവ സംജാതമാകുന്നതു്. ഭാരതരാജാക്കന്മാർ അവരുടെ ഉപദേശകന്മാരായി അനുത്തമന്മാരായ ഇത്തരം മനുഷ്യരത്നങ്ങളെ മാത്രമെ തിരഞ്ഞെടുത്തിരുന്നുള്ളുവെങ്കിൽ അതിലെന്താലെന്താണതിശയിപ്പാനുള്ളതു്? ദാരിദ്ര്യത്തേയും ദാസ്യത്തേയും വെറുത്തുകൊണ്ടഹംകരിക്കുന്ന പ്രതാപൈശ്വൎയ്യങ്ങളുടെ ധിക്കാരംകൊണ്ടല്ല, പ്രത്യുത പുണ്യമെന്നും പാപമെന്നും വകതിരിച്ചറിയുന്ന നന്മതിന്മകളുടെ മാനദണ്ഡമായിക്കരുതുന്ന ജീവിതരീതിയിൽ യഥാൎത്ഥമായിക്കാണുന്ന വ്യത്യാസം ഒന്നുകൊണ്ടുമാത്രമാണു്, ഹൈന്ദവസമുദായക്ഷേത്രത്തിൽ ഈ നിൎമ്മലോന്നതസ്ഥിതി കടന്നുകൂടിയതെന്നുള്ള അജയ്യമായ വാസ്തവത്തെ ഞങ്ങളിതാ സൎവ്വലോകസമക്ഷം സധൈൎയ്യം സുവ്യക്തം പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. ഈ കാൎയ്യത്തിൽ അമിതമായ ഉൽക്കണ്ഠ നിങ്ങളുടെ യുക്തിയെ ആവരണം ചെയ്തിരിക്കുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു.

വേദാഃ പ്രമാണം സ്മൃതയഃ പ്രമാണം
ധൎമ്മാൎത്ഥയുക്തം വചനം പ്രമാണം
യസ്യപ്രമാണം ന ഭവേൽ പ്രമാണം
കസ്തസ്യകുൎയ്യാൽ വചനം പ്രമാണം.

(വേദങ്ങളാണു് പ്രമാണം; സ്മൃതികളാണു് പ്രമാണം; ധൎമ്മാൎത്ഥങ്ങളോടു് യോജിക്കുന്ന വാക്യങ്ങളാണു് പ്രമാണം. എന്നാൽ സ്വന്തം വചനങ്ങളെമാത്രം പ്രമാണമായി കരുതുന്നവന്നു് ഇവകളൊന്നും

പ്രമാണങ്ങളായി തോന്നുന്നില്ല.) വീണ്ടും ശാസ്ത്രങ്ങളുടെ പ്രാമാണ്യത്തെക്കുറിച്ച് നിങ്ങളുടെ ഏകപ്രമാണമായ ഗീത എന്താണ് പറയുന്നതെന്ന് നോക്കുക:—

യഃ ശാസ്ത്രവിധിമുത്സൃജ്യ
വൎത്തതെ കാമകാരതഃ
നസസിദ്ധിമവാപ്നോതി
ന സുഖം ന പരാം ഗതിം.

തസ്മാൽ ശാസ്ത്രം പ്രമാണംതെ
കാൎയ്യാകാൎയ്യ വ്യവസ്ഥിതൌ
ജ്ഞാത്വാ ശാസ്ത്ര വിധാനോക്തം
കൎമ്മകൎത്തു മിഹാൎഹസി.

(ശാസ്ത്രങ്ങളെ ധിക്കരിച്ച് സ്വേച്ഛപോലെ നടക്കുന്നവൻ ജീവിതോദ്ദേശം സാധിക്കുവാനൊ ലോകസൌഖ്യം നേടുവാനൊ ദൈവാനുഗ്രഹത്തിന്നൎഹനാകുവാനൊ സാധിക്കുന്നതല്ല. തന്മൂലം നിങ്ങൾ പ്രവൃത്തിക്കേണ്ടതെന്തെന്നും നിരസിക്കേണ്ടതെന്തെന്നുമറിയേണ്ടതിൽ ശാസ്ത്രങ്ങളാണ് പ്രമാണം. ശാസ്ത്രങ്ങൾ പഠിച്ച് നിങ്ങളുടെ ധൎമ്മമെന്തെന്നറിഞ്ഞ് അതുപോലെ ആചരിക്കുക.)

സവിനയം ഞങ്ങൾ ചോദിച്ചുകൊള്ളുന്നു:— 'നിങ്ങൾ ഇപ്രകാരം പ്രവൃത്തിച്ചിട്ടുണ്ടൊ?' അങ്ങിനെയാണെങ്കിൽ ശാസ്ത്രങ്ങൾ വിധിച്ചിട്ടുള്ള ആരോഗ്യപരങ്ങളായ നിയമങ്ങളെ—അയിത്തത്തെയും തീണ്ടലിനേയും—എതിൎത്തുകൊണ്ടു ഒരു പദംപോലും ശബ്ദിക്കുന്നതിനുമുമ്പ്, നിങ്ങളുടെ ജീവിതത്തെ ശാസ്ത്രങ്ങൾ പഠിക്കുകുന്നതിനും ധരിക്കുന്നതിന്നും വിനിയോഗിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ശാസ്ത്രങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരോടും ആചാൎയ്യന്മാരോടും ഈ വിഷയത്തെക്കുറിച്ചാലോചിക്കുവാനുള്ള സന്മനസ്സും ക്ഷമാബുദ്ധിയും നിങ്ങൾക്കുണ്ടാകേണ്ടിയിരുന്നു. സ്മൃതികളാണിതിന്നുള്ള പ്രമാണം. ആശൌചനിയമങ്ങൾ വായിച്ചുനോക്കുക. വെറും വൃത്തിയൊ മനഃശുദ്ധിയൊ മാത്രമല്ല, മറെറന്തൊ കൂടിയുണ്ട് ഇതിന്നുള്ള കാരണമെന്ന് നിങ്ങൾക്കപ്പോൾ ബോദ്ധ്യപ്പെടും. രക്തബന്ധമുള്ളവരിൽ ജനനമൊ മരണമൊ ഉണ്ടായാൽ കുറേദിവസത്തേക്കു അയിത്തമായിരിക്കുമെന്നുകാണാം. ഈ ദിവസങ്ങൾക്കുള്ളിൽ വിസ്തരിച്ചുള്ള ഒരു സ്നാനംകൊണ്ടൊ തത്തുല്യങ്ങളായ മററു പ്രവൃത്തികളേക്കൊണ്ടൊ ഒരുവനെ ശുദ്ധിചെയ്യെടുക്കുവാൻ പാടില്ല. ശൌചത്തിൽ അപരിത്യാജ്യ

മായും സവ്വപ്രധാനമായുമുള്ള ഒരു വിഭാഗമാണ് അയിത്തം എന്നു വ്യക്തമായില്ലേ? ഗീതയും ശൌചത്തിൻെറ ആവശ്യകതയേക്കുറിച്ച് സനിബ്ബന്ധം ഉപദേശിക്കുന്നുണ്ട്.

ന ശൌചം നാപിചാചാരൊ
ന സത്യം തേഷുവിദ്യതെ.

(ആസുരസ്വഭാവികളായ ജനങ്ങളിൽ മതശുദ്ധിയൊ—അയിത്തവും തീണ്ടലും—മതാചാരങ്ങളുടെ അനുഷ്ഠാനമൊ സത്യമൊ കാണുവാൻ സാധിക്കയില്ല.)

ഗീതാരഹസ്യം മനസ്സിലാക്കുവാൻ സ്മൃതികളേയും ശാസ്ത്രങ്ങളേയുമവലംബിക്കാത്ത നിങ്ങൾക്കെങ്ങിനെ അതിലയിത്തംകാണുവാൻ സാധിക്കുന്നു! നിങ്ങളുടെ ഏകപ്രമാണമായ ഗീതയുൾപ്പെടെ സകല ഹൈന്ദവപ്രമാണങ്ങളും ഈ അയിത്താചാരത്തെ അനുഷ്ഠിക്കണമെന്നു നിബ്ബന്ധിച്ചിരിക്കുന്നു. സ്മൃതിക്കപ്പുറത്തുള്ള കാലം മുതൽ ഞങ്ങളിതിനെ പ്രായോഗികമായി ആചരിച്ചുവരുന്നുമുണ്ട്. മുമ്പൊരിക്കൽ പ്രസ്താവിച്ച മാതിരി ഞങ്ങളുടെ സാമാന്യബുദ്ധി ഇതിലനീതിയൊന്നും കാണുന്നുമില്ല. എന്നിട്ടും ദേശീയൈക്യത്തിന് ഇതിനെ ഉപേക്ഷിക്കുകയാണ് ഏററവും പ്രധാനമായ ആവശ്യമെന്നു നിങ്ങൾ കരുതുന്നു. യാതൊരുവിധഅയിത്തവുമസ്വാതന്ത്ര്യവുമില്ലാതെ ഒരേമതത്തിൽ വിശ്വസിച്ച് ഒരേ ആചാരങ്ങളും സമ്പ്രദായങ്ങളുമനുസരിച്ചുവരുന്ന ഒരേ സമുദായത്തിൽ പെട്ട രണ്ടു കക്ഷികൾ തമ്മിലുണ്ടായ കഴിഞ്ഞ ലോകമഹായുദ്ധം എങ്ങിനെ സംഭവിച്ചുവെന്നു നിങ്ങൾ ഓക്കുന്നില്ല. അതുകൊണ്ടു വണ്ണാശ്രമികൾ നിങ്ങളോടുപദേശിക്കുന്നു, 'ഇൻഡ്യയിൽ കാണുന്ന അനൈക്യത്തിനു കാരണം അന്യത്ര ആരായുക' എന്ന്. നിങ്ങൾ അപേക്ഷിക്കുന്നുവെങ്കിൽ ഒരൈക്യഭാരതത്തിന്നൊ, ഐക്യലോകത്തിന്നുതന്നെയൊ ആവശ്യമായ കാൎയ്യങ്ങൾ നമ്മുടെ ധമ്മശാസ്ത്രങ്ങൾ കാണിച്ചുതരും.

പ്രസ്തുത സംഗതികളെ അവലംബിച്ചുകൊണ്ട് ഈ ആചാരത്തിന്നുള്ള പ്രമാണമെവിടെയെന്നു നിങ്ങളും കൂട്ടുകാരും ചോദിക്കുന്നതിലാണ് ഞങ്ങൾക്കതിശയം തോന്നുന്നത്. പ്രതിബന്ധങ്ങളോടു മല്ലിട്ട് ഏതൽപൎയ്യന്തം നിലനിന്നുവന്നതും വിവിധകാരണങ്ങളാൽ യുക്തിക്കാസ്പദമായതും അത്യാവശ്യമായതുമായ ഈ ആചാരത്തെ തുടരാതിരിക്കുന്നതിന്നു വല്ല പ്രമാണവുമുണ്ടെങ്കിൽ അതു കാണട്ടെ എന്നു യാഥാസ്ഥിതികർ നിങ്ങളോടാണാവശ്യപ്പെടേണ്ടതു്. ഒരു വഗ്ഗത്തെ അയിത്ത

ജാതിക്കാരെന്നു കരുതുന്നതുകൊണ്ടു് അവരെക്കുറിച്ചുണ്ടാകുന്ന സഹതാപത്തെ നിയന്ത്രിക്കുവാൻ വാസ്തവത്തിൽ സാധിക്കാതെവന്നിരിക്കുന്ന ഒരുവന്റെ മനഃസ്ഥിതി, ആ വർഗ്ഗക്കാർതന്നെ വിനോദമായും ഭക്ഷണത്തിന്നായും ലാഭത്തിന്നായും നിരന്തരം ഹിംസിച്ചുവരുന്ന അനേകം മൂകജന്തുക്കളുടെ സ്ഥിതിയെ എങ്ങിനെ അവഗണിക്കുമായിരിക്കും! മനസ്സിന്നു വിരോധമായി തങ്ങളുടെ സമുദായത്തിലേക്കും, മതപരമായി ഏററവും വിശുദ്ധമെന്നു കരുതപ്പെടുന്ന സ്ഥലങ്ങളിലേക്കും അയിത്തജാതിക്കാരെ നിർബ്ബന്ധിച്ചു പ്രവേശിപ്പിക്കുന്നതുകൊണ്ടു്, ജീവിതം പാപപങ്കിലമായി നശിച്ചുപോകുമല്ലൊ എന്നോർത്തു് ഈശ്വരഭയമുള്ള സവർണ്ണർ നടുങ്ങുകയാണു് ചെയ്യുന്നതു്. പാപികളെക്കുറിച്ചിത്രയുമനുകമ്പയുള്ള ഒരുവനു്, അവരാൽക്രൂരതരമായി ഹിംസിക്കപ്പെടുന്ന സാധുജന്തുക്കളെക്കുറിച്ചു് എത്രത്തോളമനുകമ്പയുണ്ടായിരിക്കണം! ഈ ഘാതകന്മാരുടെ സാമീപ്യത്തെ ഭയന്നു വിറയ്ക്കുന്ന സാധു സവർണ്ണരുടെ പേരിലും അത്രയും അനുകമ്പ ആവശ്യമില്ലേ?

യേ നൃശംസാ ദുരാത്മാനഃ

(ജീവികളെ നിർദ്ദാക്ഷിണ്യം ഹനിക്കുന്ന ദുഷ്ടന്മാർ സർപ്പങ്ങളെപ്പോലെ അന്യരിൽ ഭീതിയും പരിഭ്രമവുമുളവാക്കുന്നു.)

ഒരു ക്ഷേത്രത്തെ അശുദ്ധമാക്കുക എന്നപോലെയുള്ള അധാർമ്മികപ്രവൃത്തികൾക്കുവേണ്ടി, ഉപവസിക്കുന്നതിൽനിന്നും ഭഗവൽഗീത നിങ്ങളെ തടയുന്നുണ്ടു്.

മൂഢഗ്രാഹേണാത്മനൊ യൽ പീഡയാ ക്രിയതെ തപ
പരസ്യോത്സാദനാർത്ഥം വാ തത്താമസമുദാഹൃതം.

(അന്യരെ ജയിക്കുന്നതിന്നുവേണ്ടി ശരിയല്ലാത്തതും, അവിവേകപൂർവ്വകവുമായ പാണ്ഡിത്യംകൊണ്ടു് തന്നെത്തന്നെ ഹിംസിക്കുന്നതിനെ തപസ്സെന്നല്ല, തമസ്സെ—ഏററവും ഹീനമായതു്—ന്നാണു് പറയേണ്ടതു്.) യാഥാസ്ഥിതികകക്ഷികൾ സ്വീകരിച്ചിരിക്കുന്ന വീക്ഷണകോണിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായത്തെ ഹൈന്ദവശാസ്ത്രങ്ങൾക്കു മുമ്പിൽവെച്ചു് സംശോധിച്ചുനോക്കുവാൻ നിങ്ങൾ തുനിഞ്ഞിട്ടില്ല. മതാധികാരികളുടെ ഉപദേശത്തെ നിങ്ങൾ അന്വേഷിച്ചിട്ടില്ല. ഈശ്വരഭയമുള്ള അസംഖ്യംപേർക്കു നിങ്ങൾ അനിർവ്വചനീയമായ ഹൃദയവേദനയുണ്ടാക്കിയിരിക്കുന്നു. അവരുടെ ജീവിതത്തെ നശിപ്പിച്ചിരിക്കുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ അവർണ്ണർ കടന്നപ്പോൾ

ർൻ *

ക്ഷേത്രവും പരിസരങ്ങളും അശുദ്ധമായല്ലൊ എന്നു ഭയന്നു ന്യായപ്പിള്ളിനമ്പൂതിരി എന്ന ഒരു ബ്രാഹ്മണൻ ആത്മഹത്യചെയ്തതിനെ ഇവിടെ ദൃഷ്ടാന്തമായെടുത്തു പറയട്ടെ. ശാസ്ത്രങ്ങളും നിങ്ങളുടെ പ്രമാണമായ ഗീതയും നിങ്ങളെ അവഹേളിക്കുന്നു. ഇതില്പരമെന്തുവേണം!

അവസാനമായി നിങ്ങളുടെ ഹരിജനങ്ങൾക്കു സവർണ്ണരുടെ ക്ഷേത്രങ്ങൾതന്നെ വേണമെന്നു നിങ്ങൾ വാദിക്കുന്നതിനേയും ഗീത വിരോധിക്കുന്നു.

യജന്തി സാത്വികാ ദേവാൻ
യക്ഷരക്ഷാം സി രാജസാ
ഭൂതാൻ പ്രേതഗണാം ശ്ചാന്യേ
യജന്തെ താമസാ ജനാഃ

(സാത്വികസ്വഭാവികൾ ദേവന്മാരെ ആരാധിക്കുന്നു. രാജസഗുണമുള്ളവരൊ യക്ഷരാക്ഷസന്മാരെ ഭജിക്കുന്നു. താമസികപ്രായന്മാർ ഭൂതപ്രേതങ്ങളെ പൂജിക്കുന്നു.) സ്വഭാവംകൊണ്ടും ആഗമങ്ങളെക്കൊണ്ടും അവർണ്ണർ താമസപ്രായന്മാരാണ്. അതുകൊണ്ട് അവരുടെ ദേവന്മാർ സവർണ്ണരുടേതിൽനിന്നും വ്യത്യസ്തപ്പെട്ടമിരിക്കും. അവർണ്ണരുടെ വകയായി ക്ഷേത്രങ്ങളുണ്ട്. എന്നിട്ടും അവൎക്കു ബ്രാഹ്മണരുടെ ദേവതകളെ ഭജിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അതിനും സൌകൎയ്യങ്ങൾകൊടുക്കുവാൻവേണ്ടി ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഭക്തിപരമായൊരു പ്രശ്നമല്ല. സമുദായപരമായൊരു പ്രശ്നമെ ആകുന്നുള്ളു. ആചാരമൎയ്യാദകളെക്കൊണ്ട് എത്രയൊ വ്യത്യസ്തപ്പെട്ട രണ്ടു സമുദായങ്ങളിലുള്ള സവർണ്ണരുമവർണ്ണരും തമ്മിൽ ഗാർഹസ്ഥ്യമായും മതസംബന്ധമായും ആന്തരമായ സമത്വം ഉണ്ടാകുവാൻ സാദ്ധ്യമല്ല. പൊതുനിരത്തുകളിലും പൊതുസ്ഥാപനങ്ങളിലും അവൎക്കു തുല്യാവകാശമുണ്ട്. എന്നാൽ മതസ്ഥാപനങ്ങളിലും ക്ഷേത്രസന്നിധികളിലും അഗ്രഹാരങ്ങളിലും ഗ്രാമസങ്കേതങ്ങളിലും അവൎക്കു ഈ അവകാശം കൊടുത്തുകൂടാ. ഈ വക സ്ഥാപനങ്ങളെ കൈവശംവെച്ചുകൊണ്ടിരിക്കുകയൊ അവയിൽനിന്നുള്ള ഗുണങ്ങൾ അനുഭവിച്ചുവരികയൊ ചെയ്യുന്നവരുടെ സ്വാതന്ത്ര്യത്തേയും പൌരാവകാശത്തേയും അതു് ഭഞ്ജിക്കതന്നെ ചെയ്യും. നിങ്ങളെ അനുഗമിക്കുവാനിഷ്ടമുള്ള അവർണ്ണർ അങ്ങിനെ ചെയ്തുകൊള്ളട്ടെ. ഞങ്ങളുടെ പക്ഷം പിടിക്കണമെന്നു അവരെ ഞങ്ങൾ നിർബ്ബന്ധിക്കുന്നില്ല. എന്നാൽ ഒരു കാൎയ്യം തീർച്ചയാണ്. ക്ഷേത്രങ്ങൾ ഏതുതരം നിയമങ്ങളെ അനു

സരിച്ചാണൊ നിർമ്മിക്കപ്പെട്ടിട്ടുള്ളതു് ആവക നിയമങ്ങളനുസരിച്ചു നടക്കുന്നവക്കു വേണ്ടിയാണു് അവ; അല്ലാതെ അവയെ മനഃപൂർവ്വം ധിക്കരിക്കുന്നവക്കു വേണ്ടിയല്ല.

ഒരു സംഗതികൂടി ഞാനിവിടെ പറഞ്ഞുകൊള്ളട്ടെ. ശാസ്ത്രാനുസൃതം സ്ഥാപിക്കപ്പെട്ടു് സംരക്ഷിക്കപ്പെട്ടുവരുന്ന ക്ഷേത്രങ്ങൾ ഇന്നുവരെ അനുഭവപ്പെട്ടിട്ടുള്ളതുപോലെ മനുഷ്യസമുദായത്തിന്നൊരനുഗ്രഹമാണു്. പ്രകൃതിയുടെ മേൽ മനുഷ്യനെന്താണു് ശക്തിയുള്ളതു്? അവൻ എത്രതന്നെ വീരവാദം പറഞ്ഞാലും പ്രകൃതിമാതാവിൻ മുന്നിൽ നിസ്സഹായനായ ഒരു ശിശുവായല്ലെ വർത്തിക്കുന്നതു്? പ്രകൃതിയുടെ അനുകമ്പകൊണ്ടു് മാത്രമാണു് മനുഷ്യൻ ഭുവനത്തെ നിവാസയോഗ്യമാക്കുന്നതു്. അവളുടെ അനുകമ്പയുണ്ടാകുവാനായി മനുഷ്യനു പലതും ചെയ്യേണ്ടതുണ്ടു്. ഗീത പറയുന്നു:—

അന്നാൽ ഭവന്തി ഭൂതാനി പർജ്ജന്യാദന്ന സംഭവഃ
യജ്ഞാൽ ഭവതിപർജ്ജന്യോ യജ്ഞഃ കർമ്മ സമുത്ഭവഃ
കർമ്മബ്രഹ്മോത്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുത്ഭവം
തസ്മാൽ സർവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം
ഏവം പ്രവർത്തിതം ചക്രം നാനുവർത്തയതീ ഹയഃ
അഘായുരിന്ദ്രിയാരാമൊ മോഘം പാർത്ഥ സജീവതി
ദേവാൻ ഭാവയ താനേന തേ ദേവാ ഭാവയന്തുവഃ
പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ.

(ഭക്ഷണത്തിൽനിന്നു ജീവികളുണ്ടാകുന്നു. പർജ്ജന്യൻ ഭക്ഷണങ്ങളെ സൃഷ്ടിക്കുന്നു. മഴ യജ്ഞങ്ങളുടെ ഫലമാണു്. വേദത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള മാതിരി കർമ്മം ചെയ്യുന്നതാണു് യജ്ഞം. വേദങ്ങൾ അപൌരുഷേയങ്ങളാണു്. ആചാരക്രമത്തെ അനുസരിക്കാത്തവൻ പാപിയാണു്. അവൻ അഹങ്കാരത്തിൽ ജീവിക്കുന്നു. ഈശ്വരാരാധന ചെയ്യുന്നവക്കു് ആവശ്യമായ അനുഗ്രഹങ്ങൾ ദൈവം ഉണ്ടാക്കിക്കൊടുക്കുന്നു. ഇങ്ങിനെ പരസ്പരം ഭാവിക്കുന്നതുകൊണ്ടു പരമമായ ശ്രേയസ്സിനെ പ്രാപിക്കയും ചെയ്യാം.) ഇന്ദ്രൻ, വരുണൻ, സൂര്യൻ തുടങ്ങിയ പ്രകൃതിശക്തികളുടെ രൂപത്തിലാണു് നമ്മുടെ പൂർവ്വികന്മാർ ഈശ്വരാരാധന ചെയ്തതെന്നു ബോദ്ധ്യപ്പെട്ട സംഗതിയാണു്. ലൌകികകാര്യങ്ങളെക്കുറിച്ചു് അനാസ്ഥ കാണിക്കത്തക്കവണ്ണം അത്ര ഫലസമ്പുഷ്ടമായിരുന്നു നമ്മുടെ ഭൂമി. അതുകൊണ്ടു് ആദ്ധ്യാത്മികകാര്യങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ അവക്കവസരമുണ്ടായി.

അങ്ങിനെയാണ് നമ്മുടെ ക്ഷേത്രസങ്കേതങ്ങൾ രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളതു്. അതിനാൽ അവയുടെ നവീകരണത്തിന്നുള്ള പരിശ്രമം അനന്തരസംഭാവ്യങ്ങളായ ആപത്തുകളാൽ ആവൃതമായിരിക്കും. ഞങ്ങൾ ഒരിക്കൽക്കൂടി പറയുന്നു: 'അധാർമ്മികമായ ഈ സംരംഭത്തിൽനിന്നും സദയം പിന്മാറുക!'

"എനിക്കു തോന്നുന്നതു ഞാനുരക്കാം"

(ശ്രീരാമൻ)

ഇത്തവണ പുറപ്പെട്ട "ഹരിജ"നിൽ ഒരു ദീർഘദർശനം കാണുന്നതു് രസകരമായി തോന്നുന്നു. "സവർണ്ണഹിന്ദുക്കളെ അസ്പൃശ്യരായി കണക്കാക്കപ്പെടേണ്ട ഒരു കാലം നിശ്ചയമായും വരാതിരിക്കയില്ല" എന്നാണ് ആ പത്രം നല്കുന്ന മുന്നറിവ്. ശരിതന്നെ; അവരെ അസ്പൃശ്യരായി കണക്കാക്കുന്നതു് അവൎക്കു ഗുണകരമാണെന്നു സവർണ്ണഹിന്ദുക്കൾക്ക് എന്നു തോന്നുന്നുവോ, അതുമൂലം അവൎക്കു കൂടുതൽ ശക്തിയും പ്രത്യേക അവകാശങ്ങളും എന്നു ലഭിക്കുന്നുവോ, മററു ഹിന്ദുക്കളേക്കാൾ കൂടുതലായ അധികാരവും അവകാശവും നിയമം എന്ന് അവൎക്ക് അനുവദിക്കുന്നുവോ, അന്നു തങ്ങളെ അസ്പൃശ്യരായി കണക്കാക്കിയാൽ മതി എന്ന് അവർ സമ്മതിക്കും.

*   *   *   *

"അഹിംസയാണു ജീവിതത്തിലെ ഏററവും ശ്രേഷ്ഠമായ കാൎയ്യം എന്ന് ഉൽഘോഷിക്കുന്ന ഒരു മതം, പ്രതിക്രിയാഭാവത്തെ പരലോകത്തേക്കു കൊണ്ടുപോകുന്നതെങ്ങിനെ?" എന്നു ഗാന്ധിജിക്ക് ആശ്ചൎയ്യം തോന്നുന്നു. അപ്പോൾ ഹിന്ദുശാസ്ത്രത്തിൻെറ അടിസ്ഥാനമായ കൎമ്മനിയമം എവിടെപ്പോയി?

*   *   *   *

ഹിന്ദുമതത്തിൽ പ്രതിക്രിയാഭാവം ആകുന്ന ഒരു കുററം ആരോപിക്കുന്നപക്ഷം, ശിവനും വിഷ്ണുവും എല്ലാം അതുപോലെ തന്നെ കുററക്കാരാണ്. രാവണൻ ഹിരണ്യകൻ മുതലായവരോടു ശിക്ഷിപ്പാനുള്ള താല്പൎയ്യമല്ലെ അവർ പ്രകടിപ്പിച്ചതു്? ശ്രീകൃഷ്ണൻ കംസനെ വധിച്ചതിനെ ഗാന്ധിജി എങ്ങിനെ വ്യാഖ്യാനിക്കും?

*   *   *   *

"ഹരിജ"ൻെറ ആ പ്രതിയിൽതന്നെ ഗാന്ധിജി സനാതനികളുടെ

നേരെ മററൊരു കല്ലുകൂടി എറിയുന്നു. "അവക്ക് ഇഷ്ടംപോലെ ചിലവാക്കുവാൻ അവരുടെ കൈവശം പണം ഉണ്ട്" എന്നാണ് ഗാന്ധിജി പറയുന്നത്. ഹേ മിസ്റ്റർ രംഗയ്യർ, ഇതു കേട്ടില്ലേ? ഇന്നു നിങ്ങളുടെ ക്ഷേത്രപ്രവേശനബില്ലുകൾ അവരുടെ ആരാധനാവകാശങ്ങളെ എങ്ങിനെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നുവോ, അതുപോലെതന്നെ അവരുടെ സ്വത്തിലും അവക്കു അവകാശമില്ലാതാക്കിത്തീക്കുവാൻ "സനാതനികളെ പാപ്പരാക്കി തീക്കുവാനുള്ള ബില്ല്" എന്ന പേരിൽ ഒരു ബില്ല് ഉടൻ സാമ്രാജ്യസഭയിൽ അവതരിപ്പിക്കുക!

* * * *

മി. സി. എസ്സ്. രംഗയ്യർ അടുത്ത തിരഞ്ഞെടുപ്പിന്നു വേണ്ട അക്ഷീണയുദ്ധം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. പത്രത്തിന്നു നല്കിയ ഒരു പ്രസ്താവനയിൽനിന്ന് അദ്ദേഹം ഒരു നവഭാരതത്തെ സ്വപ്നം കാണുന്നതായി തോന്നുന്നു. അവിടെ നവീകരിക്കപ്പെട്ട കക്ഷികൾ മാത്രം ഉണ്ടായിരിക്കും; എന്നുമാത്രമല്ല അവർ സാമുദായികപരിഷ്കാരങ്ങൾ മാത്രം സ്വീകരിക്കുകയും ചെയ്യും. രാഷ്ട്രീയകാര്യങ്ങളിൽ അവരുടെ ശ്രദ്ധ ലവലേശം പതിക്കപ്പെടുന്നതല്ല.

* * * *

അങ്ങിനെ വരുന്നപക്ഷം ഈ നവീകരണവാദികളുടെ നേതാവു് ആരായിരിക്കണമെന്നതിനെ സംബന്ധിച്ചു ഒരു തക്കം ഉണ്ടാകുവാൻ ഇടയുണ്ട്. സ്ഥാനാത്ഥികൾ സർ. ഹരിസിംഗ്ഗൂർ, ദിവാൻ ബഹദൂർ ഹരിബിലാസ് ശാരദ, മി. സി. എസ്സ്. രംഗയ്യർ ഇവരായിരിക്കും.

* * * *

സർ. ഹരിസിംഗ് വിവാഹം ചെയ്ത ഹിന്ദുസ്ത്രീകളെ അവരുടെ ഭത്താക്കന്മാരുടെ 'പിടി'യിൽനിന്നും സ്വതന്ത്രകളാക്കിത്തീത്തു. മി. ശാരദ, 'വിധവാനിമ്മാണം' നശിപ്പിച്ചു. മി. രംഗയ്യർ 'അനേകകാലമായി പിടിച്ചിരുന്ന അഴുക്ക്' കഴുകി വൃത്തിയാക്കിയ ആളാണ്.

* * * *

മി. രംഗയ്യരുടെ സ്വന്തം മനോരാജ്യത്തിന്റെ സന്താനമായ ഈ നവീകരണകക്ഷിക്കാരുടെ നേതൃത്വം അദ്ദേഹത്തിനു തന്നെ ലഭിക്കുമോ എന്ന കാര്യം ഇന്നു ഗവമ്മേൻറ് അദ്ദേഹത്തിന്റെ അഭീഷ്ടം നിറവേററുവാൻ തയാറുണ്ടോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു

* * * *

അഭ്യുദയകാംക്ഷികളായ കാൺഗ്രസ്സുകാരെ നിയമനിമ്മാണസഭ

യിലേക്ക ആകൎഷിക്കുവാനുള്ള ഇരയാണ് തന്റെ ബില്ല് എന്നു മി. രംഗയ്യർ വിചാരിക്കുന്നു. അവക്കുവേണ്ടി ഗവൎമ്മേന്റു തന്റെ പ്രവൃത്തിയിൽ തന്നെ സഹായിക്കണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു. കൂടാതെ ഭാവിയെ ഒരു മലയുടെ മുകളിൽനിന്നു നോക്കുകയും വേണം. എന്നാൽ എവറസ്റ്റ് കൊടുമുടിയുടെ മുകളിൽനിന്നു നോക്കുന്നതായാൽ പ്പോലും, മി. രംഗയ്യരുടെ ബില്ലുകൾ രാജ്യത്തിന്നു ഗുണത്തിലധികം ദോഷത്തെ അല്ലാണ് ഉണ്ടാക്കുവാൻ ഇടയുള്ളതു് എന്നു കാണുവാൻ സാധിക്കും!

*　　　*　　　*　　　*

"ക്ഷേത്രപ്രവേശനം നല്കപ്പെടാത്തപക്ഷം പുരോഹിതന്മാൎക്ക സമാധാനം ലഭിക്കുന്നതല്ല" എന്നാണു സ്ഥലത്തെ ഒരു പ്രതിദിനപത്രത്തിന്റെ തല വാചകം. മാത്രമല്ല, 'പ്രതിദിന'ത്തിന്നു വില്പനയും പ്രചാരവും ഉണ്ടാകുന്നതല്ല.

*　　　*　　　*　　　*

അതിന്റെ "പ്രതിവാര" റിപ്പോർട്ടിൽ "ഹരിജൻ"പത്രം, "തുറന്നു കൊടുക്കപ്പെട്ട ക്ഷേത്രങ്ങൾ" എന്ന തലക്കെട്ടിനു ചുവടെ "ഇളനാർകുളം എന്ന സ്ഥലത്തെ ഒരു പുതിയ പറയക്ഷേത്രം" എന്നു പ്രസിദ്ധപ്പെടുത്തി കാണുന്നു. ഒരു പറയൻ ഒരു അസ്പൃശ്യനാണ്. (വൈററ്പേപ്പർ, വകുപ്പ് 72. ഭാഗം 1. അനുബന്ധം viii നോക്കുക) അതിനാൽ "ഹരിജ"നു സ്വീകരിക്കാവുന്നിടത്തോളം മാത്രം ആശ്ചൎയ്യം, ഇതിൽ ഇല്ല തന്നെ. ഇതുപോലെയുള്ള വാൎത്തകൾ പരസ്യപ്പെടുത്തുവാൻ ഇതിനേക്കാൾ നല്ല തലവാചകം, "നിൎമ്മിക്കപ്പെട്ട പുതിയ ക്ഷേത്രങ്ങൾ" എന്നതായിരിക്കും.

*　　　*　　　*　　　*

അസ്പൃശ്യതാ പ്രശ്നത്തെ യൂറോപ്പിലെ ചെററപ്പുരപ്രശ്നത്തോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. അസ്പൃശ്യരുടെ ഭൃത്യന്മാർ ചെയ്തുവരുന്ന വേല, "ഭ്രഷ്ടന്മാരെ വീണ്ടും സാധാരണസമുദായത്തിൽ ചേൎക്കുവാൻവേണ്ടിയുള്ള ശ്രമ"മാണെന്നു ഇവർ വിസ്തരിച്ചുപറഞ്ഞിരിക്കുന്നു! ഈ നവീനപ്രശ്നങ്ങളെപ്പററിയുള്ള വച്ചപ്പുരമാഹാത്മ്യം ബ്രിട്ടീഷുകാരെ അറിയിക്കുവാൻ പാടില്ലായിരിക്കുമോ? അവരറിഞ്ഞാൽ വല്ല ആപത്തും ഉണ്ടാകുമോ?

*　　　*　　　*　　　*　　　*

അസ്പൃശ്യത മനുഷ്യർ ഉണ്ടാക്കിയിട്ടുള്ളതാണെന്നു കണ്ടുപിടിക്കുവാൻ, "ഹരിജൻ" എല്ലാ വിശാലമായ വീഥികളും തിരഞ്ഞുനോ

ക്കുന്നുണ്ട്. അതു ജനസംഖ്യ എടുത്തവരിലാണ് ഈ കുററം ആരോപിച്ചിരിക്കുന്നത്. അവർ ബ്രഹ്മാവിനെപ്പോലെ അസംഖ്യം അസ്പൃശ്യരെ സൃഷ്ടിച്ചുവത്രേ. എന്നാൽ ജനസംഖ്യാറിപ്പോർട്ട്, എന്നും വിലയുള്ളതായി സ്വീകരിക്കപ്പെടുന്നില്ലെന്നുള്ള പരമാൎത്ഥം, പത്രം മറന്നിരിക്കുന്നു.

*   *   *   *   *

ടെല്ലിച്ചേരിൽവെച്ച് നടത്തപ്പെട്ട നികുതിമഹായോഗത്തിൽ, അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരുന്ന സർ. ശങ്കരൻനായർ ഇങ്ങിനെ പറഞ്ഞു. "ഇൻഡ്യക്ക് ഇന്നു രാജ്യതന്ത്രജ്ഞന്മാരേയും, രാജവ്യവഹാരജ്ഞന്മാരേയും, നിയമസ്ഥാപകന്മാരേയും ആവശ്യമുണ്ട്." നമ്മുടെ രംഗയ്യന്മാരേയും, രാജഗോപാലാചാരിമാരേയും, അന്നേമാരേയും അദ്ദേഹം എന്തുചെയ്യാനാണ് ആഗ്രഹിക്കുന്നത്?

*   *   *   *   *

"ദി വൈററ് പേപ്പർ" (The White Paper) പൊതുജനങ്ങളുടെ നയനങ്ങളേയും, ശ്രദ്ധയേയും ആകൎഷിച്ചുതുടങ്ങിയിട്ട് ഏകദേശം രണ്ടാഴ്ചയോളമായി. ഇൻഡ്യയിലെ നിയമനിൎമ്മാണസഭകളിലേയും, ഇംഗ്ലണ്ടിലെ പാർളിമെൻറിൻേറയും, വാദപ്രതിവാദവിഷയം അതുതന്നെ ആയിരുന്നു. ഓരോ മനുഷ്യനും, അതിനെ പ്രതിഷേധിച്ച് അല്പാല്പം പ്രസ്താവിക്കുവാൻ ഉണ്ട്.

*   *   *   *   *

അത്ഭുതമായ ഈ പ്രമാണത്തെപ്പററി, അവരവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ച ഭാരതനേതാക്കന്മാരിലോ, നിയമനിൎമ്മാണസഭാംഗങ്ങളിലോ, ആരുംതന്നെ "മതം" എന്ന പദം ഉപയോഗിക്കുകപോലും ഉണ്ടായില്ല.

*   *   *   *   *

അല്ലയോ, മതമേ! നിൻെറ ശിരോലിഖിതം ബ്രിട്ടീഷ് ഇൻഡ്യാഗവൎമ്മെൻറിൻെറ വിധിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണോ? ഇവരുടെ വിശ്വാസം അതാണ്!

*   *   *   *   *

എന്നാൽ സർ. സാമുവൽഹോർ—അറിഞ്ഞോ അറിയാതേയോ—ഗവൎമ്മെൻറിന് മതത്തിലുള്ള അല്പപക്ഷക്കാരെ, ഭൂരിപക്ഷാക്രമത്തിൽനിന്നും സംരക്ഷിക്കേണ്ട ചുമതലയുണ്ട് എന്നു പറയുകയുണ്ടായി,

എന്നാൽ മതത്തിലുള്ള ഈ അല്പപക്ഷക്കാർ ആരാണെന്നു അദ്ദേഹം പറയുന്നില്ല.

*　　*　　*　　*　　*

ഇൻഡ്യയിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഭരണനവീകരണം അനുസരിച്ച് ഒരു ദേശത്തുള്ള മതത്തിലെ അല്പപക്ഷം, മറെറാരു ദേശത്തും ഉണ്ടായിരിക്കാമെന്ന് ഉദ്ദേശമുള്ളതായി കാണുന്നു. ഇത്രമാത്രമല്ല, അല്പപക്ഷക്കാർ ഭൂരിപക്ഷക്കാരെ ഹേമിക്കുകയും ഞെരുക്കുകയും ചെയ്തു എന്നും വരാം. നിയമനിർമ്മാണസഭാംഗങ്ങളിൽ അധികം പേരും, അല്പപക്ഷത്തിൽപെട്ടവരാണെങ്കിൽ ഉണ്ടാകുന്ന ഫലം ഇതല്ലാതെ മറെറാന്നുമല്ല. ഇങ്ങിനെ വരുന്ന സന്ദർഭങ്ങളിൽ, സർ. സാമുവൽ ഹോർ തൻെറ ചുമതലകൾ എങ്ങിനെ നിർവ്വഹിയ്ക്കും?

*　　*　　*　　*　　*

മതത്തോട് ഗവമ്മേണ്ട് ചെയ്യേണ്ടിയിരിക്കുന്ന അതിൻെറ ഏകചുമതല, അതിനെ അതേവിധം വിട്ടിരിക്കുക എന്നുള്ളതായിരിക്കും. അല്ലാതെ ഗവൎണ്ണർ ജനറലിനേയോ, ഗവൎണ്ണരേയോ, അതിനെപ്പററി ഒരു വിധി കല്പിക്കുവാൻ അനുവദിക്കരുത്. അവർ ഭഗവൽഗീതയേയും, ആമങ്ങളേയും, ഖൊറാനേയും മററും പററി ഒരു വിധി കല്പിക്കേണ്ട ആവശ്യമില്ല.

*　　*　　*　　*　　*

ക്ഷേത്രപ്രവേശനബില്ലിനെ സാമ്രാജ്യസഭയിൽ അവതരിപ്പിച്ച സമയം, മി: രംഗയ്യർ ഭയബഹുമാനാദരങ്ങളോടുകൂടി പ്രസ്താവിച്ചത് "മൌനം വിദ്വാന്ന് ഭൂഷണം" എന്ന രീതിയിലത്രേ. അദ്ദേഹം സുദീൎഘമായിഅതിനെപ്പററി, ഒന്നും പ്രസംഗിച്ചില്ല. താൻ കൊളുത്തിയ തിരിയിൽ നിന്നുമുണ്ടായ ഘോരാഗ്നിയുടെ ഫലം എന്തെന്ന്, അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിക്കഴിഞ്ഞു, എന്നുള്ളതിന് യാതൊരു സംശയവുമില്ല.

*　　*　　*　　*　　*

ബില്ല് വിതരണംചെയ്യുന്ന സമയം മി: രംഗയ്യർ ഖൊറാനിലും, ബൈബിളിലും ഉള്ള തൻെറ അഗാധപാണ്ഡിത്യം പ്രകടിപ്പിച്ചു. അദ്ദേഹം, മഹമ്മദീയരോട് തന്നെ സഹായിക്കുവാൻ അപേക്ഷിച്ചു. എന്തെന്നാൽ അവരുടെ "നെബി" അസ്പൃശ്യതയോട് ഘോരമായി യുദ്ധംചെയ്തു. ക്രിസ്ത്യാനികൾ തന്നെ സഹായിക്കേണ്ടവരാണെന്നും അദ്ദേഹം പറഞ്ഞു. എന്തെന്നാൽ ക്രിസ്തുവും, അസ്പൃശ്യതയെ പരിഹരിക്കുവാൻവേണ്ടി തൻെറ ജീവൻ ബലി നല്കി.

*　　*　　*　　*　　*

"ഹരിജ"നിൽ, സി. ആർ. ആചാര്യർ നിർമ്മിച്ചതാണെന്നു പറഞ്ഞ്, പ്രസിദ്ധപ്പെടുത്തി വരുന്ന ഒരു കഥയുടെ പേര്, "ജഗത്തിലെ ശാസ്ത്രിയുടെ സ്വപ്നം" എന്നാണ്. ഇതാ അതിൽ, "വളരെ ദുഷിച്ചിരിക്കുന്ന ബ്രാഹ്മണ്യം," വീണ്ടും പ്രത്യക്ഷമായി തീർന്നിരിക്കുന്നു.

* * * *

"അസ്പൃശ്യത ഒരു മഹാപാതകമാണ്. അനേകം ഭൃത്യന്മാരുടെ രക്തംകൊണ്ടല്ലാതെ അതു കഴുകി കളയുവാൻ സാധിക്കയില്ലായിരിക്കാം" എന്ന് ഗാന്ധിജി "ഹരിജ"നിൽ പറഞ്ഞിരിക്കുന്നു. അസ്പൃശ്യരുടെ ഭൃത്യന്മാർ, ഇതിനെ ഗൌനിക്കുവാൻ ഇടയില്ലെന്നും, അസ്പൃശ്യതയെ അടിച്ചോടിക്കുവാൻ, "ലാത്തി"പ്രയോഗം യഥേഷ്ടം ആരംഭിക്കുകയില്ലെന്നും, ഞാൻ വിശ്വസിക്കുന്നു.

* * * *

"ബോംബേക്രാണിക്കിൾ" എന്ന പത്രത്തിൻെറ ഒരു ലേഖകൻ ഇങ്ങിനെ പറയുന്നു. "സുപ്രസിദ്ധനായ ഗാന്ധിജിയുടെ നിർബ്ബന്ധപ്രകാരം, ഭാരതം ഒരു പന്തീരാണ്ടായി നല്കിവരുന്ന ബലിയുടെ, കാണപ്പെടാവുന്ന രണ്ടു ഫലങ്ങൾ ഹിന്ദുമുസ്ലീംസ്പർദ്ധയും, ഹിന്ദുസമുദായത്തിലെ അന്തഃഛിദ്രവും, ആണെന്നു തോന്നുന്നു." പോരാ, മൂന്നാമതൊരു ഫലവും കൂടി ഉണ്ടായിട്ടുണ്ട്. ഈ പന്തീരാണ്ടത്തെ, തലതെറിപ്പിക്കുന്ന പ്രവൃത്തിയുടെ വേഗത നമ്മെ, അമ്പതുകൊല്ലം മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ, വീണ്ടും എത്തിച്ചിരിക്കുന്നു!

* * * *

ഗാന്ധിജിയെ തടവുകാരനാക്കിയ നാൾ മുതൽ, "ഫ്രീപ്രസ്സ്പത്രം" അതിൻെറ വരികളിൽ, ഒരു സപ്താഹയജ്ഞം നിർവ്വഹിക്കുവാൻ വേണ്ടിടത്തോളം, മതവിശ്വാസമുള്ളതായി കാണപ്പെടുന്നു. അതു പുരാണങ്ങളിലും, പുരാതനചരിത്രങ്ങളിലും, തന്നത്താൻ തലകുത്തി മറിയുന്നു! എന്നാൽ പറയപ്പെട്ടിരിക്കുന്ന അതിൻെറ നൂതനാഭിപ്രായങ്ങൾ എല്ലാം, ഒരുവന് ശ്വാസം വലിപ്പാൻ പോലും, അവസരം നല്കാത്തവയാണ്. അർജ്ജുനൻ അദ്ദേഹത്തിൻെറ മുജ്ജന്മത്തിൽ, രാവണനായിരുന്നു എന്ന് പ്രസ്തുത പത്രം പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ മുജ്ജന്മത്തിൽ ശ്രീകൃഷ്ണഭഗവാൻ, രാവണസഹോദരനായ കുംഭകർണ്ണനായിരുന്നു എന്നു കൂടി കണ്ടു പിടിക്കുവാൻ, അടുത്തകാലത്തു തന്നെ, ആ പത്രത്തിന് സാധിക്കുമെന്ന് ഞങ്ങൾ ആശിക്കുന്നു.

* * * *

ആശ്ചര്യം തോന്നിക്കുന്ന പല സംഗതികളും ഈ ആഴ്ച നടന്നിരിക്കുന്നു. മി. അണേ, എല്ലാ കാൺഗ്രസ്സ് സംഘടനകളേയും, വലിച്ചു പൊട്ടിച്ചു കളഞ്ഞു. ഗാന്ധിജി തന്റെ സബർമതി ആശ്രമത്തേയും, തല്ലികെടുത്തി. മി. ബിർലാ, ഇവരെ പിന്തുടരുമോ?

*　　*　　*　　*

"സിലോണിലെ ഗൃഹസ്ഥകൾ, ചക്കയിൽ ജോലി ആരംഭിച്ചിരിക്കുന്നു" എന്നു ഒരു തലവാചകം പറയുന്നു. അസ്പൃശ്യതയെ ഇല്ലായ്മ ചെയ്യുന്നതുവരെ, ഇൻഡ്യക്കു ചക്കയുടെ ആവശ്യമില്ലല്ലോ? വലിയ വിലക്കു തന്റെ ചക്കുകളെല്ലാം വില്ക്കുവാൻ, ഇൻഡ്യക്കു ലഭിച്ചിരിക്കുന്ന സുവർണ്ണാവസരം ഇതുതന്നെ! കാലവിളംബം, ഇഛാഭംഗത്തിനു ഹേതുവത്രേ!

*　　*　　*　　*

ഭാവിയിൽ ഉണ്ടാകേണ്ട ഹിന്ദുക്ഷേത്രത്തെ വിവരിക്കുന്ന മി. മഹാദേവദേശായ്, ഇങ്ങിനെ പറയുന്നു. "ആദർശമായി തീരേണ്ട സ്വരാജ്യം' നാം ഹരിജനങ്ങളെ നമ്മുടെ സ്വന്തം സഹോദരന്മാരായി വിചാരിക്കുന്നതുവരെ, അവരോട് ദേവസദനങ്ങളിൽ പ്രവേശിക്കുവാൻ അപേക്ഷിക്കുന്നതുവരെ, നാം ചെയ്ത പാപത്തിന് മാപ്പുതരുവാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതുവരെ ലഭിക്കുകയില്ല." എളുപ്പത്തിൽ ഒരു പേരെടുക്കാനുള്ള സൂത്രത്തിന്റെ ഒരു മാതൃകമാത്രമാണു മി. ദേശായിയുടെ ഈ പ്രസ്താവന. അദ്ദേഹം കുറച്ചു ദിവസത്തിനുമുമ്പു ഈ 'ക്രേഷി' നിറുത്തി.

*　　*　　*　　*

അയിത്തോച്ചാടനം സംബന്ധിച്ച് ഇൻഡ്യയുടെ സ്നേഹിതന്മാർ ഇംഗ്ലണ്ടിൽ ചെയ്തുവരുന്ന പ്രചരണവേല വളരെ ആശ്ചര്യകരമായിരിക്കുന്നു. ഈ 'സ്നേഹിതന്മാർ' ഈ വിഷയത്തെ പററിയുള്ള മതഭാവത്തെ മാത്രം സ്പർശിക്കുന്നതേയില്ല.

*　　*　　*　　*

"അസ്പൃശ്യരുടെ സമത്വവും അവരുടെ ക്ഷേത്രാരാധനാവകാശവും" എന്നതായിരുന്നു മി. രംഗയ്യരുടെ ഡൽഹിയിൽവച്ചുള്ള ഒരു പ്രസംഗവിഷയം. മി. സി. ആർ. യോഗാദ്ധ്യക്ഷനുമായിരുന്നു. നിശ്ചയമായും അതു് അന്യോന്യബഹുമാനത്തെ കാണിക്കുന്ന ഒരു തൊഴിൽ തന്നെ.

*　　*　　*　　*　　*

അസ്പൃശ്യരുടെ ക്ഷേത്രാരാധനാവകാശത്തെ ആരുംതന്നെ വിസമ്മതിക്കുന്നില്ല. എന്നാൽ അവർ മറ്റുള്ളവരുടെ ക്ഷേത്രങ്ങളിൽ കടന്നു്, ആരാധന നടത്തണമെന്നു വാദിക്കുന്നതിനെ മാത്രമാണു് ഞങ്ങൾ വിരോധിക്കുന്നതു്.

*　　*　　*　　*　　*

അദ്ധ്യക്ഷപ്രസംഗത്തിൽ മി. സി. ആർ. ഇങ്ങിനെ പറഞ്ഞു. "ഭൂതദയയെ മുൻനിറുത്തി നോക്കുന്നതായാലും, രാജ്യക്ഷേമത്തെ മുൻനിറുത്തി നോക്കുന്നതായാലും, അസ്പൃശ്യതയെ പിന്താങ്ങുവാൻ മാർഗ്ഗം കാണുന്നില്ല." ശാസ്ത്രത്തെ മുൻനിറുത്തി നോക്കുന്നതായാലോ എന്ന കാര്യം, പണ്ഡിത മദനമോഹനമാളവ്യ തീരുമാനിക്കേണ്ടതാണെന്നു മി. സി. ആർ. ഉദ്ദേശിക്കുന്നുണ്ടായിരിക്കാം.

*　　*　　*　　*　　*

മി. സി. ആർ. ഡൽഹിയിൽ ചെയ്യുന്ന പ്രചരണവേലയിൽ 'ഹിന്ദുക്കൾ വീട്ടേണ്ടതായ കട'ത്തെപ്പറ്റി വീണ്ടും വീണ്ടും പ്രതിവാദിക്കുന്നു. യർവാഡയിൽനിന്നും ഈ തരം കഥ ഞങ്ങൾ കേൾക്കാറുണ്ടു്. എന്നാൽ "ശ്രീരാമൻ" ചോദിക്കുന്നതു് ഇതാണു്: രാമനോടുള്ള കടം വീട്ടുവാൻവേണ്ടി, കൃഷ്ണന്റെ മുതൽ അപഹരിക്കുവാൻ ശ്രമിക്കുന്നതു് ഉചിതംതന്നെയോ?

*　　*　　*　　*　　*

പൂനയിലെ പണ്ഡിത ദിവാകർ കല്ലുകൊണ്ടുള്ള പ്രതിമകൾക്കു ഇത്ര പ്രാധാന്യമില്ലെന്നും, വാസ്തത്തിൽ അവ അർഹിക്കുന്നതിൽ കൂടുതൽ മാഹാത്മ്യം ശാസ്ത്രങ്ങൾ അവയുടെ തലയിൽ കെട്ടിവെച്ചിരിക്കുകയാണെന്നും അഭിപ്രായപ്പെടുന്നു. ശരി, സമ്മതിച്ചു. എന്നാൽ പിന്നെ, ഈ കല്ലിനെ ഇഷ്ടപ്പെടുന്നവരെ യഥേഷ്ടം പ്രവർത്തിക്കുവാൻ അനുവദിക്കാത്തതെന്തു്?

*　　*　　*　　*　　*

പണ്ഡിതജി ഒരു പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: "ശ്രുതികളിൽ അസ്പൃശ്യതയെപ്പറ്റി ചിലതെല്ലാം പറയുന്നുണ്ടെങ്കിലും ഇന്നു നാം അറിഞ്ഞുവരുന്നവിധമുള്ള അസ്പൃശ്യത, അതൊരിക്കലും അനുവദിക്കയില്ലായിരുന്നു." അല്ലയോ പണ്ഡിതജി, ശ്രുതികൾ വീണ്ടും വായിച്ചുനോക്കു; എന്നിട്ടു് അനുവദിച്ചിട്ടുണ്ടോ എന്നു തന്നത്താൻ തീർച്ചപ്പെടുത്തുക.

*　　*　　*　　*　　*

ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ച്, ഗാന്ധിജി സിലോണിലേക്കയച്ച ഒരു കത്തിൽ, അഹിന്ദുക്കളാരുംതന്നെ ഈ കാര്യത്തിൽ പ്രവേശിക്കരുതെന്ന് ഖണ്ഡിതമായി പറയുന്നു. എന്നാൽ മി. ബിർലയും മററുള്ളവരും, ഡൽഹിയിൽ വാതലിന്മേൽ മുട്ടുന്നതെന്തിന്? ഈ നവീകരണക്കാർ, ഇന്ന് വിവിധമതാനുയായികളുടങ്ങിയ നിയമനിർമ്മാണസഭയുടെ സഹായം ആവശ്യപ്പെടുന്നതെന്തിന്?

* * * * *

"ക്രിസ്ത്യാനികൾക്കു പള്ളികൾ എങ്ങിനേയോ, അതുപോലെ ആണ് ഹിന്ദുക്കൾക്കു ക്ഷേത്രങ്ങൾ" എന്നു ഗാന്ധിജി അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിൻെറ ഈ വിശ്വാസംകൊണ്ടാണ് അദ്ദേഹം അസ്പൃശ്യർക്കു ക്ഷേത്രപ്രവേശനാനുവാദം നല്കണമെന്നു വാദിക്കുന്നത്. രാജ്യതന്ത്രജ്ഞന്മാരുടെ നോട്ടത്തിൽ കാണുന്നതുപോലെ അല്ല, ശാസ്ത്രങ്ങൾ ക്ഷേത്രങ്ങളെ ദർശിക്കുന്നത്. അതിനാൽ അവരുടെ ദർശനം തള്ളിക്കളഞ്ഞിരിക്കുന്നു.

* * * * *

ഗാന്ധിജി 'ഹരിജ'നിൽ ഇങ്ങിനെ പറയുന്നു: "ഈശ്വരൻെറ ഗ്രന്ഥത്തിൽ സൽപ്രവൃത്തിചെയ്ത ഒരു ബ്രാഹ്മണന് നല്കിയിരിക്കുന്നിടത്തോളം 'മാർക്ക്' അതുപോലെ ചെയ്ത ഒരു പറയനും നല്കിയിട്ടുണ്ട്." എന്നാൽ ബ്രാഹ്മണൻെറ പ്രവൃത്തികൾ ചെയ്ത ഒരു പറയന് എത്ര മാർക്ക് കൊടുക്കും?

* * * * *

ഡാക്ടർ അംബത്കർ ഇതാ, വെടി ഉണ്ട അയച്ചുകഴിഞ്ഞിരിക്കുന്നു. ക്ഷേത്രപ്രവേശനംകൊണ്ടു മാത്രം തനിക്കു യാതൊരു തൃപ്തിയും ഉണ്ടാകുന്നതല്ലെന്നും, താൻ ആവശ്യപ്പെടുന്നത് ജാതിവ്യത്യാസം തന്നെ നശിപ്പിക്കണമെന്നാണെന്നും, അയാൾ പറയുന്നു. മി. രംഗയ്യർക്കു സഹായം ലഭിക്കുന്നതല്ല. (തിരഞ്ഞെടുപ്പുകാര്യത്തിലല്ല, അദ്ദേഹത്തിൻെറ ബില്ലിൻെറ കാര്യത്തിൽ.)

* * * * *

ഗാന്ധിജി തൻെറ അഭിലാഷത്തോട് യോജിക്കാത്തപക്ഷം, തനിക്കു മേലിൽ അദ്ദേഹത്തിൻെറ കൂടാരത്തിൽ നില്ക്കുവാൻ കഴിയുകയില്ലെന്നു ഡാക്ടർ പ്രസ്താവിച്ചിരിക്കുന്നു. വേണ്ട, 140 ആസനങ്ങൾ (Seats) അയാളുടെ പോക്കററിൽ അകപ്പെട്ടുകഴിഞ്ഞില്ലേ? ഇനിയും എന്താണ് വേണ്ടത്?

* * * * *

കേരള സാഹിത്യ അക്കാദമി

ഡാക്ടർ പൂനാസന്ധിയെ മിക്കവാറും കൊള്ളരുതാത്ത കടലാസ്സു തുണ്ടുകളായി ഗണിക്കുന്നു എന്നു തോന്നുന്നു. എന്നാൽ ഈ 140 ആസനങ്ങളെ (Seats) തള്ളിക്കളയുവാൻ ഒരുക്കമില്ല.

*　　*　　*　　*　　*

ജാതിവ്യത്യാസം നശിപ്പിച്ചില്ലെങ്കിൽ തങ്ങൾ (അധഃസ്ഥിതർ) ഹിന്ദുമതത്തെ പരിത്യജിക്കുമെന്നു ഡാക്ടർ ഭയപ്പെടുത്തുന്നു. എന്നാലും പൂനാസന്ധിയെ ഉപേക്ഷിക്കയില്ലല്ലോ!

*　　*　　*　　*　　*

അംബത്കരുടെ ആഗ്രഹം സ്വീകരിക്കുവാൻ ഗാന്ധിജി ഒരുക്കമില്ല. ഗാന്ധിജിയുടെ കൌശലങ്ങൾ സ്വീകരിപ്പാൻ അംബെത്കറും തഥൈവഃ. എന്നാൽ പിന്നെ പരിഷ്കരിക്കപ്പെട്ടതും വലുതാക്കപ്പെട്ടതും ആയ പൂനാസന്ധിയുടെ രണ്ടാംപതിപ്പ് ഉണ്ടാകുകതന്നെ.

*　　*　　*　　*　　*

"സവർണ്ണഹിന്ദുക്കളെല്ലാം . . . . . ഇന്നത്തെ അസ്പൃശ്യതാനിയമത്തെ അവഗണിച്ചശേഷം, നമ്മെ എല്ലാവരേയും 'ഹരിജനങ്ങൾ' എന്നു വിളിക്കപ്പെടുന്നതായാൽപോലും പോരായ്കയില്ല" എന്നു ഗാന്ധിജി പറയുന്നു. സവർണ്ണഹിന്ദു എന്നും അവർണ്ണഹിന്ദു എന്നും ഉള്ള പേരുതന്നെ വേണ്ട എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. എന്നാൽ ഈ നവീനനാമം, 'ഞെരുക്കപ്പെട്ട വർഗ്ഗക്കാർ' എന്നായിരിന്നു കുറേക്കൂടി നന്നായിരിക്കും.

*　　*　　*　　*　　*

അവർണ്ണരുടെ ക്ഷേത്രപ്രവേശനം മുതലായവ ശാസ്ത്രങ്ങൾ അനുവദിച്ചിട്ടുള്ളതാണെന്നു കാണിക്കുവാൻ "ഹരിജനി"ൽ ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിക്കണ്ടു. അതിൽ വിദ്വാന്മാരാണെന്നും മതവിശ്വാസമുള്ളവരാണെന്നും പറയപ്പെടുന്ന ഏഴു് പണ്ഡിതന്മാർ ഒപ്പുവച്ചുകാണുന്നുണ്ടു്. എന്നാൽ യാഥാസ്ഥിതികന്മാരുടെ ശാസ്ത്രികൾ, യർവാഡയുടെ വാതലിൽ മുട്ടി വിളിച്ച സമയം, ഇവരെല്ലാം ഊമകളായിരുന്നുവോ?

*　　*　　*　　*　　*

"ഹരിജനദിനം" ആഘോഷിച്ചതിനെപ്പററിയുള്ള റിപ്പോർട്ടുകൾ പരസ്പരവിരുദ്ധങ്ങളായി കാണപ്പെടുന്നു. പരമാർത്ഥം എന്തെന്നു ദൈവത്തിന്നറിയാം!

*　　*　　*　　*　　*

ബാംബേയിൽ നടന്ന ആഘോഷങ്ങളെപ്പററി "അസ്സോഷിയേററഡ് പ്രസ്സി"ൻെറ ഒരു റിപ്പോർട്ട് ഇതാണ്:—

കുംഗാർ മൈതാനത്തിൽവച്ച്, അനേകം മിശ്രവിനോദങ്ങളും കളികളും നടത്തപ്പെടുകയുണ്ടായി; അനേകം ഹരിജനബാലന്മാർ ഇതിൽ പങ്കുകൊള്ളുകയും ചെയ്തു. 'ബ്ലാവത്ത് സ്ത്രീ മന്ദിര'ത്തിൽവച്ച്, ഉച്ചതിരിഞ്ഞ് ഒരു യോഗം കൂടി. മിസസ്സ് അവന്തികാഭായി ഗോഖലെ ആണ് യോഗാദ്ധ്യക്ഷപീഠം അലങ്കരിച്ചത്. അയിത്തോച്ചാടനബില്ലിനെ പാസ്സാക്കുവാൻ നിയമനിർമ്മാണസഭയോട് അപേക്ഷിക്കുന്ന ഒരു പ്രമേയവും യോഗത്താൽ പാസ്സാക്കപ്പെട്ടു. ഹരിജനങ്ങളുടെ കുട്ടികൾക്കുവേണ്ടി മതുംഗ എന്ന സ്ഥലത്തു ഒരു പുതിയ വിദ്യാലയവും തുറക്കപ്പെട്ടു.

* * * * *

മുകളിൽ പറഞ്ഞിരിക്കുന്ന വാർത്ത, "ഫ്രീപ്രസ്സ്" ഇങ്ങിനെ പരസ്യപ്പെടുത്തി കാണുന്നു:—

പട്ടണത്തിൽ എല്ലാ ദിക്കിലും അനേകം യോഗങ്ങൾ കൂടുകയും അസംഖ്യം പ്രാസംഗികന്മാർ സവർണ്ണഹിന്ദുക്കളോട് ഹിന്ദുമതത്തിൻെറ കളങ്കമായ അസ്പൃശ്യതയെ ഇല്ലായ്മചെയ്യുവാൻ അപേക്ഷിക്കുകയും ചെയ്തു. കൂടാതെ ക്ഷേത്രപ്രവേശനബില്ലുകളെ ഉടൻ പാസ്സാക്കി, ഹിന്ദുസമുദായത്തെ വീണ്ടും ബലമായി കെട്ടി ഉയർത്തുവാൻ ഇൻഡ്യാഗവമ്മെൻറിൻെറ സഹായം ആവശ്യപ്പെട്ടു.

* * * * *

നാഗപുരത്തു് ഈ 'ദിനം' ആഘോഷിച്ചതിനെപ്പററി "മദ്രാസ്സ് മെയിലി"ൻെറ ലേഖകൻ ആ പത്രത്തിലേക്ക് ഇങ്ങിനെ റിപ്പോർട്ടു ചെയ്തിരിക്കുന്നു:—

'ഹരിജനദിനം' ആഘോഷിക്കുവാനുള്ള മി. ഗാന്ധിയുടെ പ്രാർത്ഥന, ഈ പട്ടണവാസികൾ മിക്കവാറും അവഗണിക്കയാണ് ഉണ്ടായത്. എന്നാൽ വൈകുന്നേരം കോൺഗ്രസ്സുകാർ ഒരു ചെറിയ ഘോഷയാത്ര നടത്തി. ചിത്ത്നാവി പാർക്കിൽവച്ച് ഒരു ചെറിയ യോഗം കൂടി. അസ്പൃശ്യഭൃത്യന്മാരുടെ സമാജത്തിൻെറ സിക്രട്ടറിയായ മി. പതവർദ്ധനൻ, മിക്ക ഹരിജനങ്ങളും അവരുടെ നേതാക്കന്മാരും, ഡാക്ടർ അംബത്കറുടെ അനുചരന്മാരായതിനാൽ, യഥാർത്ഥ ഹരിജനോന്നതിക്കു വേണ്ടിയല്ല ശ്രമിക്കുന്നതു് എന്നു വ്യസനസമേതം പ്രസ്താവിക്കുകയുണ്ടായി. സവർണ്ണഹിന്ദുക്കളും, തീരെ ഉത്സാഹം പ്രകടിപ്പിച്ചില്ല.

എന്നാൽ "ഹിന്ദു" (മദ്രാസ്സ്)വിന്റെ ലേഖകൻ പറഞ്ഞിരിക്കുന്നതു നോക്കുക; അതു് ഇതാണു്:—

നാഗപുരം വളരെ ഉത്സാഹത്തോടുകൂടി "ഹരിജനദിനം" ആഘോഷിച്ചു. രാവിലെ അനേകം സവർണ്ണഹിന്ദുസ്ത്രീകളും പുരുഷന്മാരും ഹരിജനാലയങ്ങളെ സന്ദർശിച്ചു. അവർ ഹരിജനങ്ങളുടെ ഗൃഹങ്ങൾ അടിച്ചു് വൃത്തിയാക്കുകയും, കുട്ടികളെ കുളിപ്പിക്കുകയും, അവൎക്കു വസ്ത്രങ്ങളും, മധുരപദാൎത്ഥങ്ങളും കൊടുക്കുകയും ചെയ്തു. . . . . . വൈകുന്നേരം ഒരു ഭീമമായ ഘോഷയാത്ര പട്ടണത്തിലെ പ്രധാനപ്പെട്ട തെരുവിൽകൂടി നടത്തപ്പെടുകയും, ചിത്നാവി പാൎക്കിൽവച്ചു്, ഒരു മഹായോഗം കൂടുകയും ചെയ്തു.

ഇങ്ങിനെ ഉള്ളതാണു് പത്രങ്ങളിൽ കാണുന്ന റിപ്പോർട്ടുകൾ. പരമാൎത്ഥം ഏതെന്നു പത്രങ്ങൾതന്നെ പറയുമോ? ഇത്തരം കളവായ റിപ്പോർട്ടുകൾ പരസ്യം ചെയ്യുന്നതുകൊണ്ടു് അധഃസ്ഥിതവൎഗ്ഗങ്ങൾക്കാകട്ടെ, അസ്പൃശ്യരുടെ ഭൃത്യന്മാൎക്കാകട്ടെ യാതൊരു ഗുണവും ഉണ്ടാകുന്നതല്ല.

*   *   *   *   *

തമിഴ്നാട്ടു് അയിത്തോച്ചാടനസഭയുടെ കാൎയ്യദൎശി, പഴയ പദങ്ങൾക്കു പുതിയ വ്യാഖ്യാനം കണ്ടുപിടിക്കുവാൻവേണ്ടി, തുലോം ക്ലേശിച്ചിട്ടുള്ളതായി തോന്നുന്നു. പൂജ്യനായ അദ്ദേഹം ചില പദങ്ങളുടെ അൎത്ഥം പറഞ്ഞിരിക്കുന്നതു നോക്കുക. "ബാലക്ഷേമം എന്നതു് ഈ സഭാംഗങ്ങൾ ഹരിജനങ്ങളുടെ കുട്ടികളെ സ്വന്തം കൈകളാൽതന്നെ എണ്ണതേപ്പിച്ചു കുളിപ്പിക്കുമെന്നു കാണിക്കുന്നു."

"ശുചിത്വം എന്നതിന്നു ഈ സഭാംഗങ്ങൾ തന്നത്താൻ വൃത്തികെട്ട സ്ഥലങ്ങൾ അടിച്ചു വൃത്തിയാക്കും എന്നൎത്ഥം."

*   *   *   *   *

ഈവിധമുള്ള വ്യാഖ്യാനം വളരെ കേമമായിട്ടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇതിനോടുകൂടി മററു ചില വ്യാഖ്യാനങ്ങളും കൂടി ഞങ്ങൾ ചേൎത്തുതരാം:—

"വിശുദ്ധമായ പ്രസാദം" എന്നതിന്നു് അസ്പൃശ്യർ സവൎണ്ണഹിന്ദുക്കൾക്കു നല്കുന്ന ആഹാരപദാൎത്ഥം എന്നു താല്പൎയ്യം.

"ക്ഷേത്രാരാധന" എന്ന പദത്തിന്നു സവൎണ്ണഹിന്ദുക്കൾ അസ്പൃശ്യാലങ്കാരങ്ങളായ ചൂലും വട്ടിയും ആരാധിക്കുക എന്നു് അൎത്ഥം.

*   *   *   *   *

'നിരാഹാര മഹായജ്ഞത്തിൻെറ ഫലം.'

'20 ക്ഷേത്രങ്ങൾ 21 ദിവസത്തിനകം തുറന്നുകൊടുത്തു.' ഇതു് സ്ഥലത്തെ ഒരു 'പ്രതിദിന'ത്തിലെ തലവാചകമാകുന്നു.

ഇതിനെ കഴിഞ്ഞ സെപ്റ്റംബറിലെ നിരാഹാരമായ വെറും യജ്ഞത്തിൻെറ ഫലത്തോടു് താരതമ്യപ്പെടുത്താം:

'ബാംബേയിൽതന്നെ 4 ദിവസത്തിനകം 20 ക്ഷേത്രങ്ങൾ തുറന്നുകൊടുത്തു.'

എന്നാലും ഈ സംരംഭം, ഏററവും പ്രബലമായിത്തീന്നതു് ഇന്നാണു്!!

*　　*　　*　　*　　*

രാജ്യതന്ത്രംകൊണ്ടു വലിയ ഗുണം ഒന്നും ഇല്ലെന്നു കണ്ടു നമ്മുടെ നേതാക്കന്മാരെല്ലാം, പണ്ഡിതന്മാരും ശാസ്ത്രികളുമായി സമ്മേളിക്കുന്നു. ഡാക്ടർ മൂൻജിയും ഈ വഗ്ഗത്തിൽ ചേന്നു് ഇതാ, അസ്പൃശ്യതക്കു് ശാസ്ത്രാനുവാദമില്ലെന്നു് ഉൽഘോഷിക്കുന്നു.

*　　*　　*　　*　　*

നമ്മുടെ മൂൻജിമാരും, ഗാന്ധികളും, രാജഗോപാലാചാരികളും, ദേശായിമാരും ഒന്നു ചേന്നു്, എന്നും പിഴച്ച മാഗ്ഗങ്ങളിൽക്കൂടി ചരിക്കുന്ന നമ്മുടെ നേതാക്കന്മാരുടെ പ്രവൃത്തികളെ നീതീകരിക്കുന്ന ഒരു നവീനധമ്മശാസ്ത്രം ഉണ്ടാക്കുവാൻ ശ്രമിച്ചാൽക്കൊള്ളാം.

*　　*　　*　　*　　*

"ഫ്രീപ്രസ്സ്" പത്രം (1933 ജൂലായ് 16-ാംനു-) അതിൻെറ വായനക്കാരോടു് പ്രസംഗിക്കുന്നതു് ഇങ്ങിനെയാണു്:—

"ഇന്നു് ഭാരതം ആവശ്യപ്പെടുന്നതു് ഇതാണു്. വിശ്വാസം—നിയമങ്ങളിൽ വിശ്വസിക്കുക, പ്രമാണങ്ങളിൽ വിശ്വസിക്കുക, ജനങ്ങളെ വിശ്വസിക്കുക, തന്നെത്തന്നെ വിശ്വസിക്കുക—ഇതാണു് വിശ്വാസത്തിൻെറ എല്ലാ സ്വരൂപവും." കൊള്ളാം, എന്നാൽ മുമ്പു് ഈ പത്രംതന്നെ മതത്തിലും മതനിയമങ്ങളിലും പുരാതനകാലത്തെ ദീഗ്ഘദശികളിലും തത്വജ്ഞന്മാരിലും വിശ്വസിക്കട്ടെ; അതിനുശേഷം 'വിശ്വാസ'ത്തെപ്പററി പ്രസംഗിക്കാം.

*　　*　　*　　*　　*

നമ്മുടെ നേതാക്കന്മാരെല്ലാം എങ്ങിനെ നിമ്മിക്കപ്പെട്ട ആളുകളാണെന്നും ആ പത്രം പറയുന്നുണ്ടു്.

"ഒരു രാത്രി നാം അടച്ചിരുന്ന കൺപോളകൾ തുറന്നസമയം, നേതാക്കന്മാരും, ജോലിക്കാരും, അനുചരന്മാരും എവിടെ നോക്കിയാലും ഉണ്ടായിരിക്കുന്നതായിക്കണ്ടു." ഇതിനോടുകൂടി 'ആരേയും പേടിക്കാത്ത' ഒരു പത്രം, അവക്കുവേണ്ടി കൂലിയില്ലാതെ 'യഥേഷ്ടം' പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളും ചേൎത്തുനോക്കുക. എന്നാൽ ഇവക്ക് എത്രത്തോളം കുഴപ്പമുണ്ടാക്കുവാൻ സാധിക്കുമെന്ന് നിങ്ങൾക്കൂഹിക്കുവാൻ കഴിയും.

* * * * *

ആ പത്രംതന്നെ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:— "പൂനയിലെ മഹായോഗം—രാഷ്ട്രീയജീവിതത്തിൽ അതിന്റെ നില എങ്ങിനേയും ഇരിക്കട്ടെ—ഈ രാഷ്ട്രം സ്വാതന്ത്ര്യത്തിലേക്ക് പോകുന്ന മാൎഗ്ഗത്തിൽ തെളിഞ്ഞുകാണാവുന്ന ഒരു പ്രധാനപ്പെട്ട മൈൽക്കല്ലുതന്നെ ആയിരിക്കും." പക്ഷേ വൈഷമ്യം ഇത്രമാത്രമാണ്. അതിന്റെ പ്രാധാന്യത്തിന്നനുസരിച്ചതിൽ തൂക്കം വലിപ്പം കൂടിയതാണ് ആ കല്ല്. തന്മൂലം അത് ആ റോഡിനെത്തന്നെ തീരെ മറച്ചുകളയുന്നു.

* * * * *

സമ്മതിക്കുന്ന ഭാവത്തിൽ ആ പത്രം ഇങ്ങിനെ പറയുന്നു:—

"നാം വിഗ്രഹാരാധനയിലൊ, വീരപൂജയിലൊ വിശ്വസിക്കുന്നില്ലെന്ന് പരസ്യമായി സമ്മതിക്കാം." കൊള്ളാം, മേലിൽ ആ പത്രം പുരിക്ഷേത്രത്തിന്റെ കാൎയ്യങ്ങളിലൊ, ക്ഷേത്രപ്രവേശനബില്ലിന്റെ കാൎയ്യത്തിലൊ, ഒന്നുംതന്നെ പറയുകയില്ലല്ലൊ! ഒരുവന് അങ്ങിനെ വിചാരിപ്പാൻ ന്യായം കാണുന്നുണ്ട്.

* * * * *

"വൎത്തമാനപത്രങ്ങൾ പറയുന്നതെല്ലാം വിശ്വസിക്കരുത്" എന്നാണ് മി. സി. ആർ., ചൌപതിയിൽ വെച്ച് അദ്ദേഹം പ്രസംഗിക്കുന്നതുകേൾക്കുവാൻ വന്ന ചിലരോട് ഉപദേശിച്ചത്. എന്നാൽ രാജ്യത്തുള്ള വൎത്തമാനപത്രങ്ങളോട് എത്ര കൃതഘ്നതയാണ് അദ്ദേഹം കാണിച്ചിരിക്കുന്നത്. ഈ പത്രങ്ങൾമൂലമല്ലാതിരുന്ന എങ്കിൽ മി. സി. ആർ.ന്റെ നാമം തിരുച്ചങ്കോട്ട് ആശ്രമത്തിന്നു വെളിയിൽ കേൾക്കുവാൻ ഇടവരികയില്ലായിരുന്നു.

* * * * *

മേ 23-ാനു-യിലെ ഗാന്ധിജിയുടെ ആരോഗ്യത്തെപ്പററി പത്രങ്ങൾ റിപ്പോൎട്ടുചെയ്തിരിക്കുന്നത് നോക്കുക:—

ശബ്ദം ബലത്തോടുകൂടി പുറപ്പെടുവിക്കുവാൻ സാധിക്കുന്നില്ല. ക്ഷീണം വളരെ കൂടുതലാണ്. ഗാന്ധിജി പ്രകൃതിയോട് യുദ്ധംചെയ്യുന്നു.

"ഫ്രീപ്രസ്സ്"

ഗാന്ധിജി ഇന്നും സുഖമായി കഴിഞ്ഞുകൂടി. പൊതുവെ പറയുന്നപക്ഷം അദ്ദേഹത്തിന്റെ ആരോഗ്യത്തിന്ന് തീരെ ന്യൂനതയില്ല.

"ബാംബെ ക്രാണിക്കിൾ"

മി. ഗാന്ധിക്ക് ക്ഷീണം കൂടുതലാണ്. എങ്കിലും യാതൊരു വേദനയും ശാരീരികമായ അസുഖവും തോന്നുന്നില്ല.

"ദി ടൈംസ്സ് ഓഫ് ഇൻഡ്യ"

* * * * *

രാജ്യതന്ത്രജ്ഞൻ (കോപിച്ച്) "ആ വർത്തമാനപത്രങ്ങൾ എന്നേപ്പററി അസഹ്യമായ കളവുകൾ പറയുന്നു."

സ്നേഹിതൻ: "എന്നാൽ അതിലും ചീത്തയായവ അവക്ക് ചെയ്യാൻ കഴിയും."

രാജ്യ: "എന്ത് അതിലും ചീത്തയൊ! നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്താണ്?"

സ്നേഹി: "അതെ, വേണമെങ്കിൽ അവക്ക് പരമാർത്ഥം പറയുവാനും സാധിക്കും."

* * * * *

"ഈ നിരാഹാരവ്രതത്തിന്റെ ഫലങ്ങളെ ഇപ്പോൾ അളന്നുനോക്കുക എളുപ്പമല്ല. അനേകസംവത്സരങ്ങൾകൊണ്ടുതന്നെ അത് സാധിക്കയില്ലായിരിക്കാം" എന്നു മി. മഹാദേവദേശായ് 'ഹരിജ'നിൽ പറഞ്ഞിരിക്കുന്നു. അങ്ങിനെ ആണെങ്കിൽ "ആരേയും ഞെട്ടിക്കുവാൻ ശക്തിയുള്ള ഹിന്ദുമതത്തിന്റെ കളങ്കം" അടുത്തഭാവിയിലൊന്നും മറയുകയില്ലേ?

* * * * *

'ദേവദാസ് ലക്ഷ്മീപരിണയ'ത്തെപ്പററിയുള്ള രഹസ്യങ്ങൾ മി. ദേശായ് "ഹരിജൻ" വായനക്കാരെ അറിയിച്ചിരിക്കുന്നു. അദ്ദേഹം അത്, വധൂവരന്മാർ തമ്മിൽ അനേകം സംവത്സരങ്ങളായി ഉണ്ടായിരുന്ന അനുരാഗത്തിന്റെ ഫലമാണെന്നും, പെട്ടെന്നുതോന്നിയ ഒരു ആലോചനയുടെ ഫലം മാത്രമല്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. "ബുദ്ധിശക്തി തീവ്രമായ മനോവേദന ഉണ്ടാക്കുമ്പോൾ അനുരാഗം, മനഃ

ശാന്തി ഉണ്ടാക്കുവാൻ നോക്കുന്നു" എന്നു് മഹാന്മാർ പറഞ്ഞിരിക്കുന്നു. ഈ പരിണയം അതിന്നു് ഒരു ഉദാഹരണമായിരിക്കാമൊ?

*   *   *   *   *

"ഗാന്ധിജി നിരാഹാരവ്രതമെടുത്തിരുന്ന സമയം ഹരിജനോദ്ധാരണത്തിന്നായി അക്ഷീണയത്നം ചെയ്യപ്പെട്ടു. എന്നാൽ വ്രതം ഉപസംഹരിച്ചശേഷം അതിനൊരു മന്ദത ഭവിച്ചിരിക്കുന്നു." എന്നു് മി. രാജഭോജി ആവലാതിപറയുന്നു. ഒരുപക്ഷേ നാസിക്കിലെ ശാസ്ത്രികൾ, മലമൂത്രം ദൂരെ കൊണ്ടുപോയി കളഞ്ഞുവന്നതു് നിറുത്തിയിരിക്കാം!

*   *   *   *   *

ലക്നോവിലേയും കാൺപൂരിലേയും, കോടതികളും കാളേജുകളും, ഒഴിവെല്ലാം കഴിഞ്ഞു് വീണ്ടും തുറന്നിരിക്കുന്നു. ഈ കാര്യം മി. രാജഭോജി അറിഞ്ഞിട്ടില്ലെ? ഇനിയും പെരുവഴി അടിച്ചു വൃത്തിയാക്കുവാൻ വക്കീൽമാൎക്കും പ്രൊഫസ്സർമാൎക്കും ഇടയില്ല. ഊണിന്റെ കാര്യം മറക്കുവാൻ എളുപ്പമില്ല.

*   *   *   *   *

മി. രാജഭോജി ഹരിജനോന്നതികൂടാതെ, 'സ്വരാജ്യം' അസാദ്ധ്യമാണെന്നു പറയുന്നു. ഇതുകൊണ്ടുതന്നെ ആണു ഗാന്ധിജിക്കു് വാഗ്ദത്തം ചെയ്തിരുന്നതുപോലെ ആറുമാസത്തിനകം 'സ്വരാജ്യം' നേടുവാൻ സാധിക്കാഞ്ഞതു്! ഒരു കോടി ഉറുപ്പിക പിരിച്ചെടുത്തതും പതിനായിരം ഭാരതീയർ കാരാഗൃഹവാസം സ്വീകരിച്ചതും അനേകം പേർ അതുകൊണ്ടു് അധഃപതിച്ചതും എല്ലാം നിഷ്ഫലമായി തീൎന്നു.

*   *   *   *   *

സനാതനികളുടെ സ്ഥാനത്തിനു് ഏററവും അടുത്ത കാലത്തെ അവകാശി മി. സി. എസ്സ്. രംഗയ്യർ ആണു്. എന്നോടു് ഒരാൾ "അതെന്തു്?" എന്നോ "അതെങ്ങിനെ?" എന്നോ ചോദിക്കുന്നതായാൽ "മി. രംഗയ്യർ തന്നത്താൻ അങ്ങിനെ പറയുന്നു" എന്നു മാത്രം എനിക്കു പറയുവാൻ സാധിക്കും.

*   *   *   *   *

ശ്രീബുദ്ധനോടു് ഏററവും സാമീപ്യമുള്ള ആൾ മി. ഗാന്ധിയാണെന്നാണു മി. രംഗയ്യരുടെ പക്ഷം. ധർവാഡയിൽനിന്നു വിശുദ്ധമായ മാവിന്റെ കൊമ്പു മി. സി. ആർ, മി. രംഗയ്യൎക്കു സമ്മാനിക്കുവാനായി ഡൽഹിയിലേക്കു കൊണ്ടുപോയില്ലെ?

*   *   *   *   *

മഹാത്മാഗാന്ധിയെ സംബന്ധിച്ചിടത്തോളമുള്ള ഒരു വിഷമഘട്ടത്തെ തടയുവാനായി ക്ഷേത്രപ്രവേശനബില്ലുകൾ ഉടൻ പാസ്സാക്കേണ്ടതാണെന്ന് മി. സി. ആർ. ആചാര്യർ പറയുന്നു. ബലേ ഭേഷ്! അപ്പോൾ അതുകൊണ്ട് അസ്പൃശ്യരെ ഉയർത്തുക എന്നും മററും പറയുന്നതു മററുള്ളവർ കേൾപ്പാൻവേണ്ടി മാത്രം പറയുന്നതല്ലെ?

*　*　*　*　*

ഇതാ 'ചായം വെളിയിലായി'; ക്ഷേത്രങ്ങളിലും ക്ഷേത്രാരാധനയിലും വിശ്വാസമില്ലാത്ത വിദ്യാഭ്യാസം ലഭിച്ച അനേകായിരം ഭാരതീയർ ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തെ അനുകൂലിച്ചു എന്നു "ഫ്രീ പ്രസ്സ് പത്രം" പറയുന്നു. അതു ശരി; അതു ഞങ്ങൾക്കു മുമ്പു തന്നെ അറിയാം.; എന്നല്ല, അതിൽ ഒരാശ്ചര്യവുമില്ല. ഈ തരക്കാർ മാത്രമാണു ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്നവർ.

*　*　*　*

ആ പത്രം ഇങ്ങിനെ തുടരുന്നു, "ഇന്ന് അസ്പൃശ്യതയെ ഇല്ലാതാക്കണമെന്നുദ്ദേശിക്കുന്നു; നാളെ ജാതിവ്യത്യാസം തന്നെ നശിപ്പിക്കണമെന്നു തീരുമാനിക്കും." ഇതുകൊണ്ടു തന്നെ ആണ് അവരുടെ മതത്തിൽ യാതൊരു പ്രവേശനവും ചെയ്യരുതെന്നു സനാതനികൾ നിർബ്ബന്ധിക്കുന്നത്. സനാതനികൾ ക്ഷേത്രപ്രവേശനത്തെ ബലമായി എതിൎക്കുവാനുള്ള പ്രധാനകാരണം അവരുടെ ബുദ്ധിശക്തി ആണെന്നു പറയാതെ തന്നെ അറിയുവാൻ സാധിക്കും.

*　*　*　*　*

"ഫ്രീ പ്രസ്സി"നെ ഗാന്ധിജി വളരെ വിലവച്ചിട്ടില്ലെങ്കിലും അതു നല്കുന്ന മുന്നറിവുകൾ എല്ലാം തള്ളിക്കളയുവാൻ പാടില്ല. പൂനാസന്ധി ഒരു രാഷ്ട്രീയകാൎയ്യം മാത്രമായിരുന്നു. ഇതാ ക്ഷേത്രപ്രവേശനമാകുന്ന ഒരു മതവിഷയം അതിനെ പിന്തുടൎന്നു എത്തിയിരിക്കുന്നു. ഇന്നത്തെ ക്ഷോഭക്കാർ ഈ ശ്രമത്തിൽ വിജയം സമ്പാദിക്കുന്നപക്ഷം നിശ്ചയമായും അവർ വൎണ്ണവ്യത്യാസം അഥവാ ജാതിവ്യത്യാസം നശിപ്പിക്കുവാൻ വീണ്ടും ഒരു പ്രക്ഷോഭണം ആരംഭിക്കും. സനാതനികളെ, ഈ കാൎയ്യം ഓൎമ്മയിരിക്കട്ടെ. ഉണരുവിൻ! എഴുനേല്ക്കുവിൻ! പ്രവൃത്തി തുടങ്ങുവിൻ!! അല്ലാത്തപക്ഷം......

*　*　*　*　*

"അസ്പൃശ്യതയെ ഇല്ലായ്മ ചെയ്ത് ഹിന്ദുസമുദായത്തിലെ പല വൎഗ്ഗങ്ങളേയും ഒന്നിച്ചു ചേൎക്കുന്നതായാൽ, അതു കാൺഗ്രസ്സിന്റെ

വിലയും നിലയും വർദ്ധിപ്പിക്കും; അതിൻെറ അധികാരത്തെ ആക്കും വിസമ്മതിക്കുവാൻ ശക്തിയില്ലാതാക്കിത്തീക്കും; അതു് ആവശ്യപ്പെടുന്ന 'സ്വരാജ്യം' കരസ്ഥമാക്കുകയും ചെയ്യും."

(മി. സി. രാജഗോപാലാചാര്യരുടെ ഒരു പ്രസംഗത്തിൽനിന്നു്) സ്വരാജ്യം ആവശ്യപ്പെടുവാനുള്ള വിലയും, നിലയും, ശക്തിയും മാത്രമാണു് ക്ഷേത്രപ്രവേശനം മുതലായവകൊണ്ടുദ്ദേശിക്കുന്ന ഫലങ്ങളെങ്കിൽ, പിന്നെ എന്തിനാണു കള്ളക്കണ്ണുനീർ പൊഴിച്ചു് അസ്പൃശ്യരുടെ മതപരമായ ഉയച്ച് എന്നും പറഞ്ഞു് നിലവിളിക്കുന്നതു്? കാൺഗ്രസ്സിൻെറ വിലയും അധികാരവും വർദ്ധിപ്പിക്കുവാൻ സഹായിക്കുക എന്നുള്ളതിനേക്കാൾ തുലോം ഉൽകൃഷ്ടമായ അനേകം ചുമതലകൾ ഭാരതത്തിലെ ക്ഷേത്രങ്ങൾക്കു നിർവ്വഹിക്കുവാനുണ്ടു്.

* * * * *

ഗാന്ധിജിയും മി. സി. രാജഗോപാലാചാര്യരും ഒന്നിലധികം പ്രാവശ്യം ക്ഷേത്രപ്രവേശനസംരംഭം ഒരു മതകാര്യം തന്നെ ആണെന്നു പൊതുജനങ്ങളെ ഗ്രഹിപ്പിച്ചിട്ടുണ്ടു്. ഈ ബില്ല് ഉടൻതന്നെ പാസ്സാക്കണമെന്നു നവീകരണക്കാർ ആവശ്യപ്പെടുന്നതുകണ്ടു് ആശ്ചര്യഭരിതരായി തീർന്നിരിക്കുന്ന പൊതുജനങ്ങൾക്കു തങ്ങളെ ഈ വിവരം ഗ്രഹിപ്പിച്ച ഈ മഹാന്മാരുടെ നേരെ കൃതജ്ഞത തോന്നാതിരിക്കയില്ല. അതൊരു മതവിഷയമാണെന്നു ഗവമ്മേൻറും സാമ്രാജ്യസഭാംഗങ്ങളും ഇനിയെങ്കിലും അറിയുമോ?

* * * * *

എന്നാൽ ഡാ. അംബെത്കർ നമ്മളിൽ മിക്കവരേക്കാളും കൂടുതൽ മിടുക്കുള്ളവനാണു്. കാൺഗ്രസ്സിൻെറ 'വിലയും അധികാരവും' വർദ്ധിപ്പിക്കുവാൻ തൻെറ സഹായം കൂടാതെ നിവൃത്തിയില്ലെന്നു അയാൾക്കറിയാം. അതിനാലാണു 'ഹരിജൻ' താണജാതികൊണ്ടുള്ള ബുദ്ധിമുട്ടു് അനുഭവിക്കാതിരിക്കുവാൻ ജാതിവ്യത്യാസം തന്നെ നശിപ്പിക്കണമെന്നു് അയാൾ ആവശ്യപ്പെടുന്നതു്? പൂനാ സന്ധിയിൽ ഒപ്പിട്ടവരിൽ പ്രധാനിയായ പണ്ഡിതമാളവ്യജിക്കു് ഇതിനു് എന്തു സമാധാനം പറയുവാൻ കഴിയും.

* * * * *

ഗാന്ധിജിയും മി. സി. ആർ ആചാര്യരും 'ക്ഷേത്രപ്രവേശനം' നാം അസ്പൃശ്യക്കു കൊടുത്തുതീക്കേണ്ടതായ ഒരു കടമാണെന്നു പറയുന്നു. ഒരു കടം വീട്ടുന്നപക്ഷം അതു് പണം കടം കൊടുത്തവൻെറ

അഭീഷ്ടത്തിന്നു യോജിച്ചവിധം ആയിരിക്കണം. എന്നാൽ അതു് ഓരോ അവധിക്കു കൊട്ടത്തൂതീർത്താൽ മതി എന്നു ഗാന്ധിജി പറയുന്നുണ്ടോ?

* * * * *

'കാൺഗ്രസ്സിന്റെ ആവശ്യം അനുസരിച്ചു, ക്ഷേത്രംകൊണ്ടുള്ള ഉപകാരം'. ഇതു് ഒരു 'പ്രതിദിന'ത്തിലെ തലവാചകമാണു്. ക്ഷേത്രപ്രവേശനബില്ലും ഇതിനുവേണ്ടിതന്നെ. അല്ലാത്തപക്ഷം മി: സി. ആർ. ഡൽഹിയിലേയ്ക്കു ഓടിയതെന്തിനു്?

* * * * *

ഈ മാസം 22-ാംനു- ഡൽഹിയിൽവെച്ചു ചെയ്ത പ്രസംഗത്തിൽനിന്നു കാണാവുന്നതിൽ കൂടുതലായി മി: സി. ആർ. ആചാര്യക്കു മതവിഷയങ്ങളെപ്പററിയുള്ള തന്റെ അജ്ഞത പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ലതന്നെ. അതിൽ അദ്ദേഹം ക്ഷേത്രങ്ങളെ തൊഴിൽകമ്പനികളോടും, വാഹനങ്ങളോടും താരതമ്യപ്പെടുത്തി. മി: ആചാര്യക്കു് കുറേക്കൂടി പോകുന്നതിനും, ക്ഷേത്രങ്ങൾ രാജ്യത്തിലുള്ള കാഴ്ചബംഗ്ലാവുകൾപോലെയാണെന്നു പറയുന്നതിനും സാധിക്കുമായിരുന്നു.

* * * * *

'ഹരിജന്റെ' ഏററവും അടുത്തകാലത്തെ ലക്കത്തിൽ 'തോട്ടി'കളുടെ പ്രവൃത്തിയെക്കുറിച്ചു വ്യക്തമായ ഒരു ചിത്രം പരസ്യപ്പെടുത്തികണ്ടു. നിശ്ചയമായും അതിനേക്കാൾ നല്ല ഒരു രീതി ആവശ്യംതന്നെ. പക്ഷെ അതുകൊണ്ടു മറപ്പുര വൃത്തിയാക്കുന്നവനെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്നില്ല!

* * * * *

മി: സി. എസ്സ്. രംഗയ്യരുടെ തലയിൽ ബഹുമാനങ്ങൾ മേല്ക്കുമേൽ കെട്ടിവക്കപ്പെടുന്നു. അദ്ദേഹം ഇന്നു് ഇംഗ്ലണ്ടിലേയ്ക്കു് ഒരു ഒഴിവുദിനയാത്ര ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു. റെയിൽവേ ബോർഡിനേയും റിസർവ്വ് ബാങ്കിനേയും സംബന്ധിച്ച ചില പ്രശ്നങ്ങളെപ്പററി ഉപദേശിക്കുവാനുള്ള ഒരാളായിട്ടാണു് അദ്ദേഹം പോകുന്നതു്. മി: രംഗയ്യരെ ധനശാസ്ത്രത്തിലും ഒരു വിദ്വാനായി സമ്മതിച്ചതിൽ ഞങ്ങൾക്കു് അഭിമാനിക്കുവാൻ വഴിയുണ്ടു്. അദ്ദേഹം മതത്തിലും, സ്മൃതികളിലും, ശ്രുതികളിലും, വേദങ്ങളിലും അഗാധപാണ്ഡിത്യമുള്ള ഒരു വിദ്വാനാണെന്നു പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു! ഹാ! ഹാ! ഹാ!. മി: രംഗയ്യർ നിങ്ങൾ മേലിൽ സർവ്വജ്ഞപീഠം അലങ്കരിക്കുക!

* * * * *

മി: സി. രാജഗോപാലാചാര്യർ ഒരു നൂതനാഭിപ്രായവുംകൊണ്ടു് ഇതാ രംഗസ്ഥിതനായിരിക്കുന്നു. തന്റെ സ്വന്തം പഴയ അഭിപ്രായങ്ങൾതന്നെയും അദ്ദേഹം റദ്ദ് ചെയ്തു. ഇതാണ് അടുത്തകാലത്തെ അദ്ദേഹത്തിന്റെ ഒരു കല്പന:—'ശ്രീരംഗം, തിരുപ്പതി, ചിദംബരം മുതലായ വലിയ ക്ഷേത്രങ്ങളെല്ലാം രാജ്യക്കാർക്കെല്ലാമുള്ള—ഒരു ജനവിഭാഗത്തിന്നു മാത്രമുള്ളതല്ല—ഒരു മതക്കാരന്നു മാത്രമുള്ളതല്ല—പൊതുസ്വത്തായി വിചാരിക്കപ്പെടേണ്ടതാണ്. അവൻ ഏതു ജാതിയിൽ പെട്ടവനായിരുന്നാലും, ക്ഷേത്രങ്ങളെല്ലാം അവന്നു തുറന്നുകൊടുക്കണം.' മി. ആൻഡ്രൂവിന്നും, മൌലാനാഷൌക്കത്താലിക്കും, മററനേകംപേക്കും ക്ഷേത്രങ്ങളിൽ കടക്കുന്നതിനും, വിശുദ്ധമായ 'പ്രസാദം' സ്വീകരിക്കുന്നതിന്നും സംഗതി വരും. അന്നു ഭാരതം എത്ര മനോഹരമായ ഒരു ചിത്രത്തെ ആണ് കാണിക്കുന്നതു്!

* * * * *

കേരള സാഹിത്യ അക്കാദമി

ഗാന്ധിജിയുടെ നിരാഹാരവ്രതഫലങ്ങളെപ്പററി ആലോചിച്ചു് തല ചൊറിഞ്ഞുവന്ന നമുക്കു് അതു് 'ദേവദാസ്-ലക്ഷ്മീപരിണയ'ത്തെ ക്ഷിപ്രസാദ്ധ്യമാക്കിത്തീൎത്തു എന്നു് അദ്ദേഹത്തിൽനിന്നുതന്നെ ഗ്രഹിക്കുവാൻ സാധിച്ചതിൽ വളരെ കൃതജ്ഞത തോന്നുവാൻ വഴിയുണ്ടു്.

* * * * *

'രാജാജി അനേകകാലമായി സംരക്ഷിച്ചുവന്ന ഒരു രത്നത്തെ നീ അപഹരിച്ചു' ഈ വാക്കുകളാണ് വിവാഹം കഴിഞ്ഞ ഉടൻ ഗാന്ധിജി തന്റെ പുത്രനെ ആശീൎവ്വദിക്കുവാൻ ഉപയോഗിച്ചതു്. ഇതിൽ യാതൊരാശ്ചര്യവുമില്ല. പുത്രൻ തന്റെ പിതാവിന്റെ കാലടികളെ പിന്തുടൎന്നതേയുള്ളു. ഗാന്ധിജിയും മി: രാജഗോപാലാചാര്യരും ഹിന്ദുമതത്തിന്റെ അനേകം അമൂല്യരത്നങ്ങളെ അപഹരിക്കുകയും, മേലിൽ അപഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

* * * * *

മി: മഹാദേവദേശായ് ആ തീ തന്നെ കെട്ടുപോയി എങ്കിലും, അതിൽനിന്നു് അനേകം 'പൊരി'കളുണ്ടാക്കുവാൻ ശ്രമിക്കുന്നു. മി: ദേശായ് എത്രതന്നെ ഊതുന്നതായാലും, അതിൽനിന്നു പുറപ്പെടുന്നതായി പറയപ്പെടുന്ന തീപ്പൊരികൾ വെറും കരിക്കട്ട മാത്രമായിരിക്കും. 'പൎണ്ണകുടി'ക്കു വെളിയിൽ വരുന്ന സമയം അവ കരിക്കട്ട ആവാതെ നിവൃത്തിയില്ലല്ലോ?

* * * * *

കഴിഞ്ഞ ആഴ്ച 'ഹരിജ'നിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന 'തീപ്പൊരി'കളിൽ മി: മഹാദേവദേശായ് തന്റെ വായനക്കാരെ ശിബിരാജാവിന്റെ കഥ അനുസ്മരിപ്പിക്കുന്നു. അദ്ദേഹം സനാതനികളെ ആ കഥയിലെ പരുന്തിനോട് ഉപമിച്ചിരിക്കുന്നു.

*   *   *   *   *

എന്നാൽ മി: ദേശായ് ആ കഥ വീണ്ടും വായിക്കുന്നതായാൽ, അഥവാ ഒരു നല്ല പണ്ഡിതൻ അതിനെ വ്യാഖ്യാനിക്കുന്നതായാൽ അദ്ദേഹത്തിന്നു തന്റെ ഉപമ ശരിയല്ലെന്നു ബോദ്ധ്യപ്പെടും. താനും തന്റെ കൂട്ടരും ആണ് യഥാർത്ഥത്തിൽ പരുന്തെന്നും, ക്ഷേത്രങ്ങൾ അതിലെ പ്രാവാണെന്നും, സനാതനികൾ ശിബിരാജാവിന്റെനിലയിൽ നില്ക്കുന്നവരാണെന്നും അദ്ദേഹത്തിന്ന് അറിയുവാൻ കഴിയും.

*   *   *   *   *

എന്നാൽ അന്നത്തെ പരുന്തിന് ഗുണദോഷവിവേകം ധാരാളം ഉണ്ടായിരുന്നു. അതു ശിബിരാജാവിന്നു രണ്ടിലൊന്നു തീരുമാനിക്കുവാൻ അധികാരം നല്കി. 'എനിക്കു പ്രാവിനെ തരു, അല്ലാത്തപക്ഷം നിങ്ങളുടെ മാംസം തരിക' എന്നാണ് അതു ആവശ്യപ്പെട്ടതു്.

*   *   *   *   *

എന്നാൽ ഇന്നത്തെ പരുന്തു നിലവിളിക്കുന്നതു് 'നിങ്ങളുടെ ക്ഷേത്രങ്ങളും, നിങ്ങളുടെ ധർമ്മവും തരിക' എന്നാണ്. എന്നാൽ ശിബിമഹാരാജാവിനെപ്പോലെ രണ്ടിലൊന്നു കൊടുക്കുവാൻ സനാതനികൾക്കു സാദ്ധ്യമല്ല. അവർക്കു പരുന്തിനെ തൃപ്തിപ്പെടുത്തണമെങ്കിൽ അവരുടെ ധർമ്മത്തെ ഉപേക്ഷിക്കേണ്ടി വരും. അല്ലാതെ ഗത്യന്തരമില്ല.

*   *   *   *   *

താൻ ആവശ്യപ്പെടുന്നതു സനാതനികൾ നല്കുവാൻ ഭാവമില്ലെന്നു കണ്ട്, വിശപ്പുകൊണ്ടു പൊരിയുന്ന ആ പരുന്തു് വടക്കോട്ട് പറന്നുപോയി, നിയമനിർമ്മാണസഭയുടെ അകത്തു് ഇരിക്കുന്നു. അതു് ഇന്നു സനാതനികളുടെ പക്കൽനിന്നും അവരുടെ 'പ്രാവിനെ' വാങ്ങുവാനുള്ള ഉപായം ആലോചിച്ചു വരുന്നു.

*   *   *   *   *

സുപ്രസിദ്ധനായ ശിബിമഹാരാജാവിനെപ്പോലെതന്നെ സനാതനികളും 'പരുന്തു്' ആവശ്യപ്പെടുന്നതായാൽ തങ്ങളുടെ മാംസം നല്കുന്നതാണ്. മാത്രമല്ല രക്തവും, വേണമെങ്കിൽ ജീവൻപോലും

കൊടുക്കും. എന്നാൽ അവർ ജീവിച്ചിരിക്കുന്നിടത്തോളം കാലം, അവർ 'പ്രാവിനെ' കൊടുക്കുകയില്ലതന്നെ. അവക്ക് കൊടുക്കുവാൻ പാടില്ല.

*   *   *   *   *

മാളവ്യജിയും അദ്ദേഹത്തിന്റെ സനാതനികളുംകൂടി ഉണ്ടായ ആലോചനാസഭ അവസാനിച്ചു. അസ്പൃശ്യർക്ക് ഭഗവൽദർശനം ചെയ്യാമെന്നും, എന്നാൽ ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ പ്രവേശിക്കുവാൻ പാടില്ലെന്നും ആണ് സഭയുടെ വിധി. നല്ല പച്ചവെള്ളം കുപ്പിയിൽ ഒഴിച്ച്, അതിന്റെ പുറത്ത് ഒരു ഇംഗ്ലീഷ് മരുന്നിന്റെ പേരും എഴുതി പതിക്കുന്ന 'അപ്പോത്തിക്കിരി'യുടെ വേഷമാണ് ഇത്!

*   *   *   *   *

ഹിന്ദുക്കളായ സാമ്രാജ്യസഭാംഗങ്ങളെല്ലാം യോജിച്ച്, ഹിന്ദുമതത്തിന്റെ ശുദ്ധിക്കായി, ക്ഷേത്രപ്രവേശനബില്ലിനെ പാസ്സാക്കണമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. എന്നാൽ ഹിന്ദുമതം എന്നാണ് അശുദ്ധമായി തീർന്നത്?

*   *   *   *   *

വലിപ്പമെന്നും ചെറുപ്പമെന്നുമുള്ളത് അശുദ്ധിയാണെങ്കിൽ, ലോകവും അല്ല ബ്രഹ്മാണ്ഡംതന്നെയും, പോരാ ഈശ്വരൻകൂടിയും അശുദ്ധിയുള്ളവനല്ലേ? ഈശ്വരനല്ലേ പൊക്കം കൂടിയ പർവ്വതങ്ങളേയും, താണ മൈതാനങ്ങളേയും, വലിയ ഗജത്തേയും, ചെറിയ എറുമ്പിനേയും സൃഷ്ടിച്ചത്?

*   *   *   *   *

'ഈ വൈഷമ്യം ഇത്ര കാലം നിലനിറുത്തിയത് ഈശ്വരനാണ്; അദ്ദേഹംതന്നെ യഥാകാലം അതിനെ ഇല്ലായ്മ ചെയ്യുകയും ചെയ്യും' എന്നാണ് ഗാന്ധിജി പറയുന്നത്. എന്നാൽ ഇന്നത്തെ സംരംഭം ഈശ്വരനെ തന്നെ ഇല്ലാതാക്കുവാനാണ്!

*   *   *   *   *

ശരിയായ മതവിശ്വാസമുള്ള സനാതനികൾ തന്നോടുകൂടി സഹകരിക്കുന്നുണ്ടെന്നും, അവർ ക്ഷേത്രപ്രവേശബില്ലിനെ ഉടൻ പാസ്സാക്കുവാൻവേണ്ടി ശ്രമിക്കുന്നുണ്ടെന്നും, മി. സി. ആർ. തന്റെ ഒരു പ്രസ്താവനമൂലം മാളവ്യജിയെ അറിയിക്കുന്നു. അവരാരെല്ലാമെന്നു കണ്ടുപിടിക്കുക; പക്ഷേ സമ്മാനം ഒന്നും ലഭിക്കുന്നതല്ല!

*   *   *   *   *

കഷ്ടം! സാധുവായ മാളവ്യജി, നിങ്ങളുടെ സ്വന്തം സഹോദരന്മാർപോലും നിങ്ങൾ പറയുന്നതു കേൾക്കുന്നില്ലല്ലോ! ധർവാഡയിൽ താമസിക്കുന്ന നിങ്ങളുടെ താണ സഹോദരൻ, നിങ്ങളുടെ ഉപദേശം സ്വീകരിക്കാതിരിക്കുക മാത്രമാണു് ചെയ്തതു്. എന്നാൽ ഡൽഹിയിൽ താമസിക്കുന്ന നിങ്ങളുടെ ഏററവും ഇളയ സഹോദരൻ ഇതാ മറുവടിയായി മറെറാരു കഥ പറയുന്നു. തന്നേക്കാൾ പ്രായം കൂടിയവർ പറയുന്നതു് അനുസരിക്കുക എന്നുള്ളതു, ശ്രീരാമൻെറ കാലത്തല്ലെ നടപ്പുണ്ടായിരുന്നതു്!

*   *   *   *   *

ഇന്നു ഹിന്ദുമതത്തിന്നു നിയമത്തിൻെറ പിടിയിൽനിന്നും സ്വാതന്ത്ര്യം കൊടുപ്പാനാണു് ആഗ്രഹിക്കുന്നതെന്നു നവീകരണക്കാർ പറയുന്നു. കുറേക്കൂടി കഴിയുമ്പോൾ അതിനെ സുബോധത്തിൻെറ പിടിയിൽനിന്നും വിടുതൽ ചെയ്യിക്കുവാൻ ശ്രമിക്കും. അവസാനമായി ഹിന്ദുമതത്തെ ഭൂലോകത്തിൽനിന്നുതന്നെ വിടുതൽ ചെയ്യിക്കും.

*   *   *   *   *

ഒരു അസ്പൃശ്യനെ ആലിംഗനം ചെയ്യുക എന്നുള്ളതു ഗംഗയിൽ സ്നാനം ചെയ്യുന്നതിനോടു തുല്യമാണു് എന്നു കാശിയിലെ ധ്രുവാചാര്യർ പറയുന്നു. അപ്പോൾ പുണ്യം സമ്പാദിക്കുവാനായി തൻെറ നാട്ടിലുള്ള ഒരു പറയനെ ഉപേക്ഷിച്ചു, ഗംഗാസ്നാനത്തിന്നുവേണ്ടി ബുദ്ധിമുട്ടി വളരെ ദൂരം പോകുന്ന ഒരു സവർണ്ണഹിന്ദു പടുവിഡ്ഢിയല്ലേ!

*   *   *   *   *

കാൺഗ്രസ്സ് മേലിൽ സ്വന്തമായ ഒരു അച്ചടിനിയമമുണ്ടാക്കുവാനും, ഇന്നതെല്ലാം പ്രസിദ്ധീകരിക്കണമെന്നും, ഇന്നതെല്ലാം വയ്യെന്നും ഒരു നിബന്ധന ഉണ്ടാക്കുവാനും ആണു് ഭാവം എന്നു തോന്നുന്നു. എന്തെന്നാൽ അതാണത്രേ സ്വാതന്ത്ര്യം!

*   *   *   •   *

'ഉള്ളിലെ കല്പന' ഭാരതത്തെ ആസകലം ശക്തിയായി ബാധിക്കുവാൻ തുടങ്ങി. ജൂൺ പത്താം തീയതിയിലെ 'ഹരിജ'നിൽ മി: മഹാദേവദേശായി അയിത്തോച്ചാടനപ്രസ്ഥാനത്തെ ബലമായി അനുകൂലിക്കുന്ന ഒരുവൻ തൻെറ 'ഉള്ളിലെ കല്പന'കൊണ്ടു പുകവലി നിറുത്തിയതായി പറയുന്നു. എന്നാൽ ഈ 'കല്പന'യുടെ ശക്തിയിലല്ല നമുക്കു ആശ്ചര്യംതോന്നുന്നതു്. അതുലഭിച്ച സമയത്തിൻെറ—'ഉച്ചക്കു്

കൃത്യം പന്ത്രണ്ടു മണി'—യുടെ കാര്യത്തിലാണ്. നിശ്ചയമായും അത്യത്ഭുതം നടന്നുവന്ന കാലം വീണ്ടും വന്നിരിക്കുന്നു!

* * * *

മി: രാജഗോപാലാചാര്യർ ഡൽഹിയിൽനിന്നും തന്റെ ആശ്രമത്തിലേക്കു തിരിച്ചിരിക്കുന്നു. കഴിഞ്ഞ ഡിസംബറിൽ സനാതനികൾ ഗുരുവായൂരെത്തിച്ചേർന്ന സമയം അദ്ദേഹം ബാംബേക്കു മടങ്ങി. ഇതു് അയസ്കാന്തനിയമമല്ലേ? മി: സി. ആർ. ആചാര്യരും, മി. എം. കെ. ആചാര്യരും അന്യോന്യം അകലുന്നു.

* * * *

ഡൽഹിയിൽവച്ചു 'വർണ്ണാശ്രമസ്വരാജ്യസംഘത്തിന്റെ ഒരു ചെറിയ ഘോഷയാത്രയെ കോപിച്ച ഒരു വലിയ ജനക്കൂട്ടം കല്ലെറിഞ്ഞു' എന്നു ബാംബേയിലെ 'ഫ്രിയർലസ്സ് പ്രസ്സ്' (Fearless Press) പറയുന്നു. കോപിച്ചിരിക്കുന്ന ഒരു കൂട്ടം ജനങ്ങൾ ഒരു ചെറിയ ഘോഷയാത്ര എതിർത്തുവത്രേ! നവീകരണക്കാരുടെ ഈ പ്രസ്ഥാനത്തിന്റെ നീതിയും, ബലവും കാണിക്കുവാൻ ഇതിനേക്കാൾ നല്ല തെളിവു വല്ലതും ആവശ്യമുണ്ടോ?

ദി ഇൻഡ്യൻ മിറർ.

ക്ഷേത്രപ്രവേശനബില്ല്. (നിയമപദ്ധതി)

രാജ്യനിയമം നല്ലവണ്ണം അറിയുന്നവനായ "സ്റ്റേട്സ്മൻ" പത്രത്തിന്റെ ഒരു ലേഖകൻ മി. സി. എസ്സ്. രംഗയ്യരുടെ ക്ഷേത്രപ്രവേശനബില്ല് ആപാദചൂഡം പരിശോധിച്ചു. അദ്ദേഹം ഇങ്ങിനെ പറയുന്നു:—

സ്ഥലത്തെ ഹിന്ദുക്കളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു്, ആചാരം മൂലമോ, ദേശസമ്പ്രദായം മൂലമോ പ്രവേശനം അനുവദിക്കപ്പെടാത്ത ഒരു ജാതിക്കാൎക്കു്, അവിടത്തെ ക്ഷേത്രം തുറന്നുകൊടുക്കപ്പെടേണ്ടതാണ്; ഇതാണ് ഈ ബില്ലിന്റെ അടിസ്ഥാനം. മറെറാരുവിധം പറയുന്നതായാൽ "സ്ഥലത്തെ ജനഹിതം" ക്ഷേത്രാചാരത്തിൽ സ്വീകരിക്കപ്പെടേണ്ടതാണ്. ബില്ലിന്റെ പ്രധാന ഭാഗം താഴെ ചേൎക്കുന്നതാണ്:—"വോട്ടു ചെയ്യുന്നവരിൽ ഭൂരിപക്ഷം ജനങ്ങളും അഭിപ്രായപ്പെടുന്നവിധം ക്ഷേത്രഭാരവാഹികളും ക്ഷേത്രങ്ങളിലെ ആരാധനകാൎയ്യം പ്രവൎത്തിക്കേണ്ടതാണ്. ഈ ഭൂരിപക്ഷാഭിപ്രായം തടയപ്പെട്ടി

രിക്കുന്ന ഏതെങ്കിലും ജാതിക്കാരുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്നു എങ്കിൽ, അങ്ങിനെ ഉള്ള ജാതിക്കാരുടെ പ്രവേശനത്തെ അനുവദിക്കുന്ന ഒരു കല്പന ക്ഷേത്രഭാരവാഹികൾ നിർണ്ണയിക്കപ്പെട്ടിരിക്കുന്ന വിധം പ്രസിദ്ധീകരിക്കേണ്ടതാകുന്നു.'' മുകളിൽ പറയപ്പെട്ടിരിക്കുന്ന ഭാഗത്തിന്റെ താല്പര്യം നല്ലവണ്ണം ഗ്രഹിക്കുവാൻ ബില്ലിൽ പറയുന്ന വ്യാഖ്യാനത്തെക്കൂടി നോക്കേണ്ടതാണ്. മൂന്നു പദത്തിന്റെ വ്യാഖ്യാനം ഇങ്ങനെയത്രെ:—

(1) 'തടയപ്പെട്ടിരിക്കുന്ന ജാതി' എന്നതിന് ഇതാണ് അർത്ഥം: നടന്നുവരുന്ന ആചാരം അനുസരിച്ചോ ദേശസമ്പ്രദായം അനുസരിച്ചോ ക്ഷേത്രങ്ങളിൽ കടക്കുവാൻ പാടില്ലാത്ത ഹിന്ദുസമുദായത്തിൽപെട്ട ഒരു ജാതി അല്ലെങ്കിൽ വർഗ്ഗം.

(2) 'ക്ഷേത്രം.' തടയപ്പെട്ടിരിക്കുന്ന ജാതിക്കാരൊഴികെയുള്ള ഹിന്ദുസമുദായം സാധാരണയായി അവകാശം അനുസരിച്ച് പൊതുവെ ആരാധന നടത്തിവരുന്ന സ്ഥലത്തെ ഏതു പേരുകൊണ്ട് അറിയപ്പെടുന്നതായാലും 'ക്ഷേത്ര'മാണെന്നു ഗ്രഹിക്കേണ്ടതാണ്.

(3) 'വോട്ടു ചെയ്യുന്നവർ.' ആ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെ സംസ്ഥാപിതസംഘത്തിന്റേയോ, സമുദായത്തിന്റേയോ തിരഞ്ഞെടുപ്പുകാര്യത്തെ സംബന്ധിച്ച് വോട്ടു ചെയ്യുവാൻ അവകാശമുള്ള ഹിന്ദുക്കൾ.

ഒരു നൂതനാവകാശം.

മുകളിൽ ഉദ്ധരിച്ച ബില്ലിന്റെ പ്രധാന ഭാഗം തടയപ്പെട്ടിരിക്കുന്ന ജാതിക്കാർക്ക് ഒരു പുതിയ അവകാശം ഉണ്ടാക്കിക്കൊടുക്കുന്നു; അതായത് ഇന്ന് ആചാരവും ദേശസമ്പ്രദായവും അനുസരിച്ച് ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലാത്ത ജാതിക്കാർക്ക് ക്ഷേത്രപ്രവേശനാവകാശം നല്കുന്നു. ഈ അവകാശത്തിന്റെ വ്യാപ്തിയെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ, ക്ഷേത്രത്തിലെ വിവിധസ്ഥലങ്ങളെ മാത്രം ബാധിക്കുന്ന ഒന്നല്ല അത്. അതു ക്ഷേത്രത്തിലെ ഗർഭഗൃഹത്തെപ്പോലും ബാധിക്കുന്ന ഒന്നത്രെ. അതിനാൽ നല്കപ്പെടുന്ന ഈ നവീനാവകാശം മതനിയമങ്ങളനുസരിച്ച് അവിടെ പ്രവേശിക്കുവാൻ അവകാശമില്ലാത്ത സവർണ്ണഹിന്ദുക്കളുടേതിനേക്കാൾ തുലോം വലുതത്രെ. പ്രസ്തുത തടയപ്പെടുവാനുള്ള കാരണം ആചാരമോ ദേശസമ്പ്രദായമോ അല്ലെങ്കിൽ ഈ അവകാശം ഉണ്ടാകുന്നതേയില്ല. ഹിന്ദുശാസ്ത്രങ്ങളനുസരിച്ചോ, ഒരു ട്രസ്റ്റിന്റെ പറയപ്പെട്ടിരിക്കുന്നതോ, അന്തഃ

വിച്ചിരിക്കുന്നതോ ആയ നിശ്ചയങ്ങൾ അനുസരിച്ചോ ആണ് ഇങ്ങിനെ തടയുന്നതെങ്കിൽ ഈ അവകാശം ലഭിക്കുന്നതല്ലതന്നെ. ഓരോ പൊതുക്ഷേത്രത്തിൻേറയും ട്രസ്റ്റിനെ സംബന്ധിച്ച നിശ്ചയങ്ങളെന്തെല്ലാമെന്നും, ഓരോ ക്ഷേത്രത്തിനും യോജിച്ച ആഗമങ്ങളുടേയും ശാസ്ത്രങ്ങളുടേയും വിധികളെന്തെന്നും നോക്കാതെ, ബില്ലിൻെറ ഈ ഭാഗം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന സമയം എങ്ങിനെ ഇരിക്കുമെന്നു പറയുവാൻ പ്രയാസമാണ്. എല്ലാ ക്ഷേത്രങ്ങളും ഒരേവിധമുള്ള നിയമങ്ങളാൽ ഭരിക്കപ്പെട്ടു വരുന്നവയല്ല. തന്മൂലം ഹിന്ദുക്ഷേത്രങ്ങളെ ഭരിക്കുന്ന നിയമങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളെപ്പററി നീതിന്യായകോടതികൾക്ക് അസംഖ്യം വ്യവഹാരങ്ങളാകുന്ന ഒരു വിളവു ലഭിക്കുവാൻ ഇടയുള്ളതായി തോന്നുന്നു.

'വോട്ടർ' എന്ന പദത്തിൻെറ വ്യാഖ്യാനം.

'വോട്ടർ' അഥവാ, വരണാധികാരമുള്ളവൻ എന്ന പദത്തിൻെറ വ്യാഖ്യാനം സ്മൎത്തവ്യമത്രെ. ക്ഷേത്രപ്രവേശനപ്രശ്നത്തെപ്പററി ഒരു തീൎപ്പു കല്പിക്കേണ്ടവർ അവിടത്തെ ആരാധകന്മാരല്ല; പ്രത്യുത സ്ഥലത്തെ നഗരഭരണസംബന്ധമായ വരണാധികാരമുള്ളവരാണ്. ക്ഷേത്രാരാധകന്മാരിൽ ഒരു വലിയ ഭൂരിപക്ഷവും സ്ത്രീജനങ്ങളാണല്ലൊ. എന്നാൽ ഇവരിൽ മിക്കവരും വരണാധികാരമില്ലാത്തവരാണ്. മുൻസിപ്പൽ വോട്ടവകാശം ലഭിക്കുവാൻ തക്ക പ്രാപ്തിയില്ലാത്ത പാവങ്ങളായ ക്ഷേത്രാരാധകന്മാൎക്കും ഈ അവകാശം നല്കപ്പെട്ടിട്ടില്ല. വിഗ്രഹാരാധനയിൽ വിശ്വാസമില്ലാത്തതിനാൽ ക്ഷേത്രത്തിൽ ആരാധന നടത്താത്തവരായ ആൎയ്യസമാജക്കാൎക്കും, ബ്രഹ്മസമാജക്കാൎക്കും—അവൎക്കു മുൻസിപ്പൽ വോട്ട് ഉള്ളപക്ഷം—ഈ കാൎയ്യത്തെ സംബന്ധിച്ച അഭിപ്രായം പ്രകടിപ്പിക്കുവാൻ അവകാശമുണ്ട്.

സൎവ്വോപരി അത്ഭുതാവഹമായിരിക്കുന്ന മറെറാരു സംഗതികൂടി ഉണ്ട്. ഇന്നു തടയപ്പെട്ടിരിക്കുന്ന ജാതിയിൽപെട്ടവരായിരുന്നാലും, അവൎക്കു മുൻസിപ്പൽ വോട്ടവകാശമുണ്ടെങ്കിൽ, ഈ കാൎയ്യത്തെ സംബന്ധിച്ച വരണാവകാശം നല്കപ്പെട്ടിരിക്കുന്നു. തനിക്കുവേണ്ടി താന്തന്നെ വോട്ടുചെയ്യുക! ഇന്നു തടയപ്പെട്ടിരിക്കുന്ന ജാതിക്കാൎക്ക്, ഈ നവീനാവകാശം നല്കുവാനുള്ള അധികാരം, ക്ഷേത്രത്തിലെ ആരാധകന്മാരായ ഭൂരിപക്ഷം ജനങ്ങൾക്കല്ല ഉള്ളത്. അതു തിരഞ്ഞെടുക്കപ്പെട്ട ഒരുകൂട്ടം ജനങ്ങൾക്കാണു നല്കപ്പെട്ടിരിക്കുന്നത്. അവരിൽ പലൎക്കും

ആ കാൎയ്യത്തിൽ യാതൊരു താല്പൎയ്യവും ഇല്ല; മററു ചിലർ ഇന്നു തടയപ്പെട്ടിരിക്കുന്ന ജാതിയിൽപ്പെട്ട ആളുകളാണ്. മുൻപറയപ്പെട്ട വൈഷമ്യങ്ങൾക്കു പുറമെ, ഒരു കാൎയ്യംകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. തടയപ്പെട്ടിരിക്കുന്ന ജാതിക്കാരുടെ അതിരുവെക്കാത്ത പ്രവേശനം ഇന്നു സാധാരണയായി ക്ഷേത്രത്തിൽ ആരാധിച്ചുവരുന്ന ജാതിക്കാരെ അവിടെനിന്നും ഓടിക്കുവാൻ പൎയ്യാപ്തമായിത്തീരാം. ക്ഷേത്രത്തെ സംബന്ധിച്ച ഒരു കേസ്സിൽ "പ്രിവികൌൺസിൽ" പ്രസ്താവിച്ച ഒരു വിധിയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"ഒരു ജാതിക്കാരുടെ പ്രവേശനം മറുജാതിക്കാരെ ക്ഷേത്രത്തിൽ നിന്നും അകററുവാൻ പൎയ്യാപ്തമാകത്തക്കവണ്ണം പ്രബലമായിട്ടുള്ളതായിരിക്കാം അവരുടെ മനഃസ്ഥിതി തമ്മിലുള്ള അന്തരം."

അതിനാൽ ഒരു നൂതനാവകാശം സൃഷ്ടിക്കുന്നതു് പുരാതനാവകാശത്തെ ഇല്ലായ്മ ചെയ്യുകയായിരിക്കും.

കേരള സാഹിത്യ അക്കാദമി

ആരുടെ അഭിപ്രായം?

ഒരു ട്രസ്റ്റിനെ സംബന്ധിച്ച കാൎയ്യത്തിൽ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച്, അതുകൊണ്ടുള്ള ഉപകാരം ലഭിക്കുവാൻ അവകാശമുള്ള അല്പപക്ഷക്കാരുടെ അവകാശത്തെ, ഇല്ലാതാക്കുവാൻ പാടില്ല. എന്നാൽ ഈ ബില്ല് ഈ തത്വത്തെ അവഗണിച്ചിരിക്കുന്നു. വിശിഷ്യ ഇന്നത്തെ വാദം സാധാരണയായ ഒരു ട്രസ്റ്റിന്റെ ഭരണരീതിയെ സംബന്ധിച്ചതല്ല; പ്രത്യുത മതവിശ്വാസവും, ആത്മീയഗുണവും അടങ്ങിയിട്ടുള്ള അഥവാ, അടങ്ങിയിട്ടുള്ളതായി വിശ്വസിക്കപ്പെടുന്ന ഒരു ട്രസ്റ്റിന്റെ ഭരണരീതിയെ സംബന്ധിച്ചാണ്. നവീകരണേച്ഛുക്കളായ ഒരു ഭൂരിപക്ഷക്കാരെ, അല്പപക്ഷക്കാരുടെ മതാനുഷ്ഠാനങ്ങൾ ഭേദപ്പെടുത്തുവാൻ—സമാധാനത്തോടുകൂടിയ പ്രേരണകൊണ്ടല്ലാതെ—രാജ്യനിയമംകൊണ്ട് അനുവദിക്കാമോ? ഇതിനുംപുറമെ വലിയ ക്ഷേത്രങ്ങളിലെ ആരാധകന്മാർ ആ സ്ഥലത്തെ ആളുകൾ മാത്രമായിരിക്കുന്നതല്ല. ദൂരദേശങ്ങളിൽനിന്നും അനേകം ആളുകൾ അവിടെവന്ന് ആരാധന നടത്തുന്നുണ്ടായിരിക്കും.

ഇതുപോലെ ഉള്ള ഒരു ശുദ്ധമതവിഷയത്തെപ്പററി അന്നത്തെ ഹിന്ദുക്കളുടെ അഭിപ്രായപ്രകാരം പ്രവൃത്തിക്കേണ്ടതാണെന്നുദ്ദേശിക്കുന്നപക്ഷം, അതിനു സാധാരണ ഹിന്ദുക്കളുടെ പൊതുവെയുള്ള അഭിപ്രായമാണ് അറിയേണ്ടതു്. ഈ അഭിപ്രായം പ്രകടിപ്പിക്കുവാൻ ആൎക്കാണ് അധികാരമുള്ളതു്? "സ്ഥലത്തെ ജനഹിത"മാകുന്ന മാൎഗ്ഗം

കൊണ്ടു തീരുമാനിക്കുവാൻ വയ്യാത്തവിധം ഗഹനമായ ഒരു പ്രശ്നമാണു ക്ഷേത്രപ്രവേശനം. സ്ഥലത്തെ ജനഹിതം അനുസരിച്ചു പ്രവൃത്തിക്കുക എന്നുള്ളതു് ഒരു കള്ളുഷാപ്പിനെ സംബന്ധിച്ചിരിക്കുന്ന പ്രശ്നത്തിൽ സ്വീകരിക്കാം. എന്നാൽ ഒരു മതസ്ഥാപനമായ ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം ഈ നയം അയോഗ്യംതന്നെ എന്നു നിസ്സംശയം പറയാം. ഈ ബില്ലു തെററായ ഒരു ബോധംകൊണ്ടുണ്ടായിട്ടുള്ളതാണെന്നു, നിയമത്തിനും ന്യായത്തിനും അനുസരിച്ചവിധം സൂക്ഷിച്ചുനോക്കുമ്പോൾ അറിയാറാകും; എന്നല്ല, പാസ്സാക്കപ്പെടുന്നതായാൽ അതു് അന്യായവും അക്രമവും ആയിരിക്കും.

ദി ഇൻഡ്യൻ മിറർ.

ഒരു കുറിപ്പ്

ആ രാജ്യത്തിൻെറ അതൃത്തികളിൽ അധിവസിക്കുന്നവരല്ലാത്ത ജനങ്ങളുടെ അഭിപ്രായം തിരുവിതാംകൂർ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററി തിരസ്കരിച്ചിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. എന്തെന്നാൽ അവരുടെ അന്വേഷണത്തിൻെറ വ്യാപ്തി തിരുവിതാംകൂർ സംസ്ഥാനത്തെ മാത്രം സംബന്ധിക്കുന്നതാണത്രെ. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ആരാധിക്കുവാനായി ഭാരതത്തിൻെറ നാനാഭാഗത്തു നിന്നും അനേകം ഭക്തന്മാർ ദിവസംപ്രതി അവിടെ എത്തിച്ചേരുന്നുണ്ടെന്നുള്ള പരമാത്ഥം ഒരു പക്ഷേ കമ്മററി അറിഞ്ഞിരിക്കാം. അതിനാൽ ആരാധനാവിഷയത്തിൽ ഇന്നു നടന്നു വരുന്ന രീതിയിൽ നിന്നുമുള്ള ഒരു വ്യതിയാനം ഭാരതത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളെ ബാധിക്കുവാൻ ഇടയുണ്ടു്. ഓരോരുത്തക്കും ന്യായാനുസരണം ലഭിക്കേണ്ട അവകാശം എവിടേയും എന്നും സംരക്ഷിക്കപ്പെടേണ്ടതുതന്നെയാണു്. അതിനാൽ പല മതാധിപതികളുടേയും സമസ്ത ഭാരത സനാതനസംഘങ്ങളുടേയും ഈ വിഷയത്തെപ്പററിയുള്ള അഭിപ്രായം സ്വീകരിക്കേണ്ടതാണു്. ഈ അഭിപ്രായങ്ങളെപ്പററി സുദീർഘമായ ഒരു വിചിന്തനം ചെയ്തതിനുശേഷം മാത്രമേ കമ്മററി അതിൻെറ റിപ്പോർട്ടു സമപ്പിക്കുവാൻ പാടുള്ളു. ഇതാണു ന്യായം, ഇതാണു നീതി, ഇതുതന്നെ ആണു ധമ്മം. തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ തിരുവിതാംകൂറുകാക്കു മാത്രമുള്ളതല്ലെന്നും അതു ഭാരതത്തിലെ സമസ്ത ഹിന്ദുക്കൾക്കും കൂടിയുള്ളതാണെന്നും പ്രസ്തുത കമ്മററിയിലെ അംഗങ്ങൾ പ്രത്യേകം സ്മരിക്കേണ്ടതാണു്.

ദി ഇൻഡ്യൻ മിറർ.

ഗാന്ധിജിയും ശാസ്ത്രങ്ങളും.

"അസ്പൃശ്യത മതം അനുവദിച്ചിട്ടുള്ള ഒന്നല്ല; അതു രാക്ഷസനാൽ നിർമ്മിക്കപ്പെട്ടതാണ്. ശാസ്ത്രങ്ങളെ പിശാചിൻെറ പ്രമാണങ്ങളായി ഉദ്ധരിച്ചു വരുന്നുണ്ട്. എന്നാൽ ശാസ്ത്രങ്ങളെ യുക്തിയേക്കാളും സത്യത്തേക്കാളും കൂടുതൽ വിലവെക്കുവാൻ പാടില്ല. അവ യുക്തിവാദത്തെ ശുദ്ധിപ്പെടുത്തുവാനും പരമാൎത്ഥത്തെ ശോഭിപ്പിക്കുവാനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടവയാണ്. കറുത്ത ചുട്ടിയില്ലാത്ത ഒരു വെള്ളക്കുതിരയെ കത്തിച്ചു കളയണമെന്ന് എനിക്ക് ഉദ്ദേശമില്ല; എന്തെന്നാൽ ഈ ബലി നല്കുവാൻ വേദങ്ങൾ ഉപദേശിക്കുകയും, സമ്മതിക്കുകയും ചെയ്തിട്ടുണ്ടെന്നാണ എൻെറ അറിവ്. എന്നെ സംബന്ധിച്ചിടത്തോളം മാത്രം പറയുന്നതായാൽ വേദങ്ങൾ അതിവിശിഷ്ടങ്ങളും എഴുതപ്പെട്ടിട്ടില്ലാത്തവയുമത്രേ."

മഹാത്മാഗാന്ധിയുടേതായി പറയപ്പെടുന്നതും മുകളിൽ എഴുതപ്പെട്ടിരിക്കുന്നതുമായ വാക്കുകൾ 1933 മെ 23-ാനു-ലെ "അമൃതബസാർ പത്രിക"യിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു. വാസ്തവത്തിൽ ഈ വാക്കുകൾ മഹാത്മാഗാന്ധി എഴുതിയിട്ടുള്ളതോ പറഞ്ഞിട്ടുള്ളതോ ആണെങ്കിൽ (ഇതിൻെറ വിപരീതം ആണ പരമാൎത്ഥം എന്നുണ്ടെങ്കിൽ അതു തെളിയിക്കപ്പെടുന്നതുവരെ വിശ്വസിക്കാം) എനിക്കു പറയുവാനുള്ളതു ഞാൻ അദ്ദേഹത്തിൻെറ കാൎയ്യത്തിൽ അനുശോചിക്കുന്നു എന്നു മാത്രമാണ്. മഹാത്മാഗാന്ധിയെ അദ്ദേഹത്തിൻെറ രാജ്യക്കാർ വളരെ ആദരിച്ചു വരുന്നുണ്ട്. അവർ അദ്ദേഹത്തെ ഒരു 'മഹാത്മാ'വായും, ഒരുമഹാത്യാഗിയായും വിചാരിച്ചുവരുന്നു. അദ്ദേഹം ഒരീശ്വരാവതാരം തന്നെ ആണെന്നാണ ചിലരുടെ അഭിപ്രായം. അതിനാൽ അദ്ദേഹത്തിൻെറ മുഖത്തുനിന്ന് ഇപ്രകാരമുള്ള അതിരുകടന്ന വാക്കുകൾ പുറപ്പെട്ടു കാണുമ്പോൾ ആൎക്കാണ് ആശ്ചൎയ്യം ജനിക്കാത്തതു്? ഈ വാക്കുകൾ ശ്രവിക്കുന്ന സമയം അദ്ദേഹത്തെ അന്ധന്മാരായി അനുഗമിക്കാത്തവരെല്ലാം പെട്ടന്നു ഒന്നു ഞെട്ടിപ്പോകുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ല. എന്നാൽ അവർ നിശ്ചയമായും മഹാത്മാഗാന്ധിയെ ആദരിക്കുന്നവരാണ്. പക്ഷെ അസ്പൃശ്യതാനിയമം ശാസ്ത്രങ്ങൾ അനുവദിച്ചിട്ടുള്ളതാണെന്നാണ് അവരുടെ ഉത്തമവിശ്വാസവും പൂൎണ്ണബോദ്ധ്യവും. അതിനാൽ അസ്പൃശ്യതാനിയമം രാക്ഷസനാൽ നിൎമ്മിക്കപ്പെട്ടു എന്നോ, അഥവാ ആ ശാസ്ത്രങ്ങളെ പ്രമാണങ്ങളായി

ചൊല്ലുന്നവർ പിശാചുക്കളാണെന്നോ പറയുന്നതു, ചുരുക്കിപ്പറയുന്നതായാൽ മി: ഗാന്ധിയേപ്പോലെ മഹാനായ ഒരു പുരുഷനു തീരെ അയോഗ്യംതന്നെയാണ്. തന്റെ അഭിപ്രായത്തോടുകൂടി യോജിക്കാത്തവരെ എല്ലാം 'രാക്ഷസന്മാരായി' ഗണിക്കുവാൻ മഹാത്മാഗാന്ധിക്ക് ഒരു പ്രത്യേകവാസനയുള്ളതായി നമുക്കനുഭവമുണ്ടല്ലോ? ഇൻഡ്യയെ ഭരിക്കുന്ന ബ്രിട്ടീഷുകാരനെ അദ്ദേഹം പലപ്പോഴും 'രാക്ഷസ'നായി വിചാരിച്ചുവന്നു എന്നുള്ളതു പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഈ സ്വഭാവദൂഷ്യം ഒരു 'മഹാത്മാ'വിന്നു ഒരിക്കലും യോജിച്ചതല്ല. മഹാത്മാഗാന്ധി ഒരു തപസ്വിയാണ്. ഇന്നും അദ്ദേഹം നിരാഹാരവ്രതം സ്വീകരിച്ചിരിക്കുകയാണ്. അതും ഒരുവിധമുള്ള തപസ്സുതന്നെ. എന്നാൽ യഥാൎത്ഥതപസ്സ് ക്ലടക്കുടെ നിരാഹാരവ്രതം സ്വീകരിക്കുന്നതുകൊണ്ടും, മൗനം ദീക്ഷിക്കുന്നതുകൊണ്ടും മാത്രം ചെയ്യപ്പെടുന്നില്ല. അതു ശരീരത്തേയും, ചിന്തയേയും, സംസാരത്തേയും വേണ്ടവിധം നിയന്ത്രണം ചെയ്യുന്നതുകൊണ്ടു മാത്രമാണ് ഉണ്ടാകുന്നതെന്നു അദ്ദേഹത്തിനു അറിഞ്ഞുകൂടെ? അതുപോലെതന്നെ ശ്രുതികൾക്കും ശാസ്ത്രങ്ങൾക്കും യുക്തിവാദത്തേയും സത്യത്തേയുംപോലെ വിലയില്ലെന്ന അദ്ദേഹത്തിന്റെ സ്വകല്പിതവും സംശയാവഹമാണ്. പരമാൎത്ഥം നേരെമറിച്ചുള്ളതാണ്. ശാസ്ത്രങ്ങൾ ആത്മീയകാര്യങ്ങളെപ്പററി ആണ് പ്രതിപാദിക്കുന്നത്. അവ യുക്തിവാദത്തിന്നപ്പുറം സ്ഥിതി ചെയ്യുന്നവയാണ്. യുക്തിവാദംകൊണ്ടും മററും അവയുടെ പാരമാൎത്ഥികത്വം വെളിപ്പെടുത്താവുന്നതല്ല. യുക്തിവാദംകൊണ്ടു മാത്രം ആത്മീയതത്വങ്ങളറിയുവാൻ ശ്രമിച്ച മനുഷ്യർ, വ്യത്യാസപ്പെട്ട അഭിപ്രായങ്ങളിലും സ്തംഭിപ്പിക്കുന്ന പ്രമാണങ്ങളിലും ആണ് എത്തിച്ചേൎന്നിട്ടുള്ളത്. ഉദാഹരണമായി ഈശ്വരനെപ്പററിയുള്ള ബോധം നോക്കുക. അദ്ദേഹത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസങ്ങൾ പ്രത്യേകം സ്മൎത്തവ്യങ്ങളാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെപ്പററിത്തന്നെ രണ്ടഭിപ്രായങ്ങളില്ലെ? ചിലർ ഈശ്വരൻ എന്നു ഒന്നു ഇല്ലെന്നുപോലും പറയുന്നു! ഈശ്വരൻ എന്നു ഒന്നു ഉണ്ടെന്നു യുക്തിവാദംകൊണ്ടു സ്ഥാപിക്കുവാൻ അസാദ്ധ്യമാണെന്നാണ് ലോകത്തിലെ മിക്ക വിചിന്തകന്മാരുടേയും അഭിപ്രായം. 'സാംഖ്യാരീതി'യുടെ കൎത്താവായ കപിലൻ ഈശ്വരസാന്നിദ്ധ്യത്തെക്കാണിക്കുന്ന യാതൊരു തെളിവുമില്ലെന്നു പറയുന്നു. ശ്രീ ബുദ്ധൻ അനേകകാലത്തെ തപസ്സുകൊണ്ടും, അഗാധചിന്തനംകൊണ്ടും അറിഞ്ഞതു്

ഈശ്വരൻ അഥവാ ആത്മാവു് എന്ന ഒന്നു ഇല്ലെന്നാണു്. ജൈ
നമതക്കാർ മനുഷ്യാത്മാവിൽ വിശ്വസിക്കുന്നുണ്ടെങ്കിലും ദൈവമുണ്ടെ
ന്നു വിശ്വസിക്കുന്നില്ല. അനേകകോടി ജനങ്ങൾ ഇന്നു ഈ മതങ്ങ
ളിൽ വിശ്വസിക്കുന്നുമുണ്ടു്. പാശ്ചാത്യരാജ്യങ്ങളിലേയും മിക്ക ശ്രേ
ഷ്ഠവിചിന്തകന്മാരും നിരീശ്വരവാദികളാണു്. പറയപ്പെട്ട ഈ ആളു
കളും ബുദ്ധിമാന്മാർതന്നെയാണു്. അവരുടെ വാദങ്ങളും അർത്ഥരഹി
തങ്ങളായവയാണെന്നു തെളിയിക്കുവാൻ സാദ്ധ്യമല്ല.

അതിനാൽ യുക്തിവാദത്തെ ആത്മീയകാര്യങ്ങളിൽ വഴി കാട്ടു
വാനായി സ്വീകരിക്കാവുന്നതല്ല. അതിന്നു് എല്ലാ സ്ഥലങ്ങളിലും ഒ
രുപോലെ മാന്യസ്ഥാനം നല്കാവുന്നതുമല്ല. യുക്തിവാദമാകുന്ന ചി
റേറു് ഒരുവിധം നിരപ്പായ സ്ഥലങ്ങളിൽക്കൂടി മാത്രമേ ഓടിക്കുവാൻ
പാടുള്ളൂ. വളരെ ഉയർന്നുനില്ക്കുന്ന ആത്മീയതത്വത്തിന്നു മീതെക്കൂടി അ
തിനെ പ്രവൃത്തിപ്പിക്കുവാൻ പാടില്ല. അത്ര ഉയർന്നുനില്ക്കുന്ന തത്വ
ങ്ങളെക്കാണുവാൻ യുക്തിവാദമാകുന്ന കണ്ണുകൾകൊണ്ടു സാദ്ധ്യമല്ല.
അതിന്നു വേറെ മാർഗ്ഗങ്ങളുണ്ടു്. ഈ മാർഗ്ഗങ്ങളെക്കൊണ്ടു വിദഗ്ദ്ധനായ
ഒരുവന്നു, മനസ്സിന്റെ സാധാരണ വൃത്തികളെ തടയുവാൻ സാധി
ക്കും; മാഹാത്മ്യമുള്ള മനസ്സാക്ഷിയെ തട്ടിഉണർത്തുവാൻ കഴിയും; അ
പ്പോൾ അവന്നു സാധാരണ മാംസചക്ഷുസ്സുകളെക്കൊണ്ടു കാണുവാൻ
കഴിയാത്ത സംഗതികൾ കാണുവാനും സാധിക്കും. യോഗികൾക്കു്
ആശ്ചര്യജനകമായ അനേകം ശക്തികളുണ്ടാക്കുവാൻ സാധിക്കുന്നു
ണ്ടു്. പ്രമാണചൈതന്യജ്ഞാനം (Mesmerism) ദേഹകാന്തമയക്കം
(Hypnotism) മുതലായ താണതരത്തിലുള്ള യോഗാഭ്യാസം ചെയ്യുന്ന
വക്കുപോലും ഏററവും ബുദ്ധിയുള്ള മനുഷ്യന്നു അറിയുവാൻ സാ
ധിക്കാത്ത അനേകം കാര്യങ്ങൾ അറിയാറാകുന്നുണ്ടു്. ഒരു കട
ലാസ്സിൽ ഞാൻ എന്തെങ്കിലും എഴുതി അതിനെ ഒരു ലക്കോട്ടിലാക്കി
പശ വച്ചു ഒട്ടിക്കുന്നതായാൽ അതിൽ എന്താണു് എഴുതിയിരിക്കുന്ന
തെന്നു പറയുവാൻ ഒരുവന്നു സാധിക്കുമോ? കുറെ കൊല്ലങ്ങൾക്കു മുമ്പു്
ഈ തരത്തിലുള്ള ഒരു പരീക്ഷ ഞാൻ നടത്തി. ഒരു ചെറിയ പെൺ
കുട്ടിക്കു് —അവൾ അപ്പോൾ ഒരു മയക്കത്തിലായിരുന്നു— ഞാൻ ആ
ലക്കോട്ടു് അവളുടെ തലയിൽ വെച്ചപ്പോൾ ആ കടലാസ്സിൽ എന്താ
ണു് എഴുതിയിരുന്നതെന്നു പറയുവാൻ സാധിച്ചു! ഉയർന്നത
രത്തിൽപെട്ട യോഗികൾക്കു യുക്തിവാദംകൊണ്ടു് അറിയുവാൻ സാ
ധിക്കാത്തവിധമുള്ള ശക്തിയും തത്വജ്ഞാനവും ഉണ്ടായിരുന്നു. ശാസ്ത്ര

ങ്ങളിൽ ആവിധമുള്ള വെളിവാട്ടകളാണു നാം കണ്ടുവരുന്നതു്. അജ്ഞന്മാരായ സാധാരണജനങ്ങൾക്കു് അവയെ തള്ളിക്കളയുവാനുള്ള ത്രാണിയും അധികാരവും ഇല്ലതന്നെ. മഹാത്മാഗാന്ധി വേണ്ടിയിട്ടും വേണ്ടാതേയും ഈ ദിവ്യശാസ്ത്രനിയമങ്ങളെ അവഗണിക്കുകയും മററുള്ളവരെ അങ്ങിനെ ചെയ്യുവാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്നതു കഷ്ടാൽകഷ്ടതരമത്രെ.

ദി ഇൻഡ്യൻ മിറർ.

കേൾക്കുക, ആലോചിക്കുക, പിന്നെ കുററംപറയുക.

കഴിഞ്ഞ മേ മാസത്തിൽ ഗാന്ധിജി നിരാഹാരവ്രതം സ്വീകരിച്ചിരുന്ന അവസരത്തിൽ റൊമെയിൻ റാളൻഡ് അദ്ദേഹത്തിന്നു് ഒരു കത്തയക്കുകയുണ്ടായി. ഈ കത്തിന്നു മറുവടിയായി മി. വസന്തകുമാര ചാററർജി എം. എ., ഒരു കത്തു് റൊമെയിൻ റാളൻഡിന്നയച്ചു. ആ കത്തിൻെറ പരിഭാഷയാണു് താഴെ ചേക്കുന്നതു്:—

റാഞ്ചി,

പ്രിയപ്പെട്ട സാറേ, 1933 ജൂൺ 8-ാനു-

ഗാന്ധിജി നിരാഹാരവ്രതം വരിച്ചിരുന്ന അവസരത്തിൽ നിങ്ങൾ അദ്ദേഹത്തിന്നയച്ചിരുന്ന എഴുത്തിനു് മറുവടിയായി താഴെ ചേക്കുന്ന കത്തു് നിങ്ങൾക്കയക്കുവാൻ എന്നെ അനുവദിക്കണം.

അതു് ചുക്കാണോ അഥവാ ചുണ്ണാമ്പാണോ എന്നറിയുവാൻ ശ്രമിക്കാതെതന്നെ നിങ്ങൾ മതവിശ്വാസമുള്ളഹിന്ദുക്കളുടെ അഭിപ്രായങ്ങളെപ്പററി കുററംപറയുവാനാരച്ചു. അവരുടെ മതഗ്രന്ഥങ്ങൾ നിങ്ങൾ വേണ്ടപോലെ അഭ്യസിച്ചിട്ടില്ല. ആ സ്ഥിതിക്കു ഹിന്ദുമതവിശ്വാസങ്ങളെപ്പററി നിങ്ങൾ കുററംപറഞ്ഞതു് ഉചിതംതന്നെയോ? ഒരു ഹിന്ദു ക്രിസ്ത്യാനികളുടെ മതഗ്രന്ഥങ്ങളെപ്പററി ഒന്നുംതന്നെ പഠിക്കാതെ, ഒരു ക്രിസ്ത്യാനിയുടെ അനുഷ്ഠാനങ്ങളെ അപലപിക്കുവാൻ ഒരുമ്പെടുന്നതു് യോഗ്യമായിരിക്കുമോ?

ഇനിയെങ്കിലും നിങ്ങൾ ഉപദേശശുദ്ധിയുള്ള ഹിന്ദുക്കളുടെ അഭിപ്രായങ്ങളെ ശ്രദ്ധിച്ചു കേൾക്കുമെന്നും, പരമാത്ഥം അറിയുവാൻ ആഗ്രഹിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. വാസ്തവത്തിൽ ഒരൊററ നോട്ടംകൊണ്ടു തോന്നുന്നതുപോലെയുള്ളവയല്ല പരമാത്ഥത്തിൽ അവ

എന്നു് പല സംഗതികളും കാണിച്ചുതരുന്നുണ്ടു്. മിന്നുന്നതെല്ലാം പൊന്നായിരിക്കുമോ?

തന്റേയും തന്റെ അനുചരന്മാരുടേയും വിശുദ്ധിക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണു് താൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നിരാഹാരവ്രതമെന്നു് ഗാന്ധിജി പ്രസ്താവിച്ചിട്ടുണ്ടു്. (തന്റെ അനുചരന്മാരിൽ പലരുടേയും അശുദ്ധി അദ്ദേഹത്തിന്റെ ശ്രദ്ധക്കു് വിഷയീഭൂതമായി തീൎന്നിരിക്കാം.) ഹരിജനോന്നതിയും അതിന്റെ മറ്റൊരു ലാക്കാണത്രേ. തന്റെ വ്രതം യാതൊരു വ്യവസ്ഥകളോടുംകൂടി ചെയ്യപ്പെടുന്നതല്ലെന്നും, മതവിശ്വാസമുള്ള ഹിന്ദുക്കൾ താൻ ആവശ്യപ്പെടുന്ന നവീകരണമെല്ലാം വരുത്തുന്നതായാൽപോലും, താൻ അതു് പൂൎത്തിയാക്കാതിരിക്കുന്നതല്ലെന്നുംകൂടി, ഗാന്ധിജി പ്രസ്താവിക്കുകയുണ്ടായി. ഈ നിലയിൽ അദ്ദേഹത്തിന്നു മരണം സംഭവിക്കുന്നപക്ഷം മതവിശ്വാസമുള്ള ഹിന്ദുക്കളായിരിക്കും അതിനു് കാരണക്കാർ എന്നു നിങ്ങൾ പറഞ്ഞതു ശരിയാണോ?

കുറെക്കാലം മുമ്പു് ഒരു പ്രത്യേക ക്ഷേത്രം (ഗുരുവായൂർ ക്ഷേത്രം) അസ്പൃശ്യൎക്കായി തുറന്നുകൊടുക്കപ്പെടാത്തപക്ഷം, താൻ മരണപൎയ്യന്തം നിരാഹാരവ്രതം സ്വീകരിക്കുന്നതാണെന്നു മി. ഗാന്ധി പ്രസ്താവിച്ചു. എന്നാൽ ഒടുവിൽ അദ്ദേഹം ആ വ്രതം അനുഷ്ഠിക്കേണ്ടെന്നു തീൎച്ചയാക്കി. ഉപദേശശുദ്ധിയുള്ള ഹിന്ദുക്കളെ അവരുടെ മതവിശ്വാസത്തിന്നു വിപരീതമായവിധം പ്രവൎത്തിപ്പാൻ അതു നിൎബ്ബന്ധിക്കുന്നതാണെന്നു പക്ഷേ അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടിരിക്കാം. തങ്ങളുടെ മതഗ്രന്ഥങ്ങളെ യാഥാസ്ഥിതികഹിന്ദുക്കൾ നിശ്ശങ്കം വിശ്വസിക്കുന്നു. പ്രസ്തുത ഗ്രന്ഥങ്ങൾ ദൈവനിയോഗമനുസരിച്ചു് അമാനുഷശക്തിയോടുകൂടിയ യോഗീശ്വരന്മാരാൽ വിരചിതങ്ങളാണെന്നാണു് അവരുടെ ബോദ്ധ്യം. മാതാപിതാക്കന്മാരുടെ കല്പന ബാലന്മാർ വിമൎശിക്കുന്നതു് യോഗ്യമല്ല. അതുപോലെ തന്നെ നാം—സൂക്ഷ്മത്തെപ്പററി വളരെ ചെറിയ ഒരറിവു് മാത്രമുള്ള നാം—മതഗ്രന്ഥങ്ങളിലെ വിധികളെപ്പററിയ ഗുണദോഷനിരൂപണമുണ്ടാക്കുവാൻ തക്ക ത്രാണിയുള്ളവരല്ല. ഇതാണു് ഹിന്ദുക്കളുടെ ധാരണ. "നിങ്ങൾ അസ്പൃശ്യരെ നിങ്ങളുടെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കാത്തപക്ഷം (അപ്രകാരമുള്ള പ്രവേശനത്തെ നിങ്ങളുടെ മതഗ്രന്ഥങ്ങൾ വിരോധിച്ചിരുന്നാലും ശരി) ഞാൻ പട്ടിണി കിടന്നു് എന്റെ പ്രാണൻ കളയും" എന്നുപറയുന്നതു് നിശ്ചയമായും ഉചിതമായ ഒരുപ്രവൃത്തിയല്ല. അയോ

ഗ്ര്യമായ ഈ ഭാവമാണ് അദ്ദേഹം സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നു നിങ്ങൾ അദ്ദേഹത്തിനെഴുതിയ സമയം നാഠിഞ്ഞിരുന്നില്ല. എന്നാൽ താൻ അങ്ങിനെ ചെയ്യുമെന്ന് അദ്ദേഹം ആദ്യം ഉൽഘോഷിച്ചു എങ്കിലും, മരണപര്യന്തം നിരാഹാരവ്രതം അദ്ദേഹം എടുക്കുകയുണ്ടായില്ല.

അസ്പൃശ്യോന്നതിക്കായി ഗാന്ധിജി വരച്ചിരിക്കുന്ന കാര്യപരിപാടിയിലെ മിക്ക ഭാഗങ്ങളോടും മതവിശ്വാസമുള്ള ഹിന്ദുക്കൾക്കു യാതൊരു വിരോധവുമില്ല. അസ്പൃശ്യരുടെ ആത്മീയമായും, ശാരീരികമായും, മാനസികമായും ഉള്ള സുഖത്തെ അവർ വിരോധിക്കുന്നില്ല. മി. ഗാന്ധിയും മതവിശ്വാസമുള്ള ഹിന്ദുക്കളും തമ്മിൽ വഴക്കുണ്ടാക്കിത്തീർക്കുന്നതു് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന അഥവാ സ്വീകരിക്കുവാനുദ്ദേശിക്കുന്ന അവർണ്ണരുടെ ആത്മീയസുഖത്തിനുള്ള മാർഗ്ഗം ആണ്. അതിന്നായി അവരെ സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കണമെന്നു മി. ഗാന്ധി അഭിപ്രായപ്പെടുന്നു. എന്നാൽ വിശുദ്ധങ്ങളായ മതഗ്രന്ഥങ്ങൾ അതിനെ വിരോധിച്ചിരിക്കുന്നതിനാൽ ഈ ക്ഷേത്രപ്രവേശനംകൊണ്ടു അസ്പൃശ്യർക്കു യാതൊരു ഗുണവും ലഭിക്കുന്നതല്ലെന്നാണ് സവർണ്ണഹിന്ദുക്കളുടെ പക്ഷം. ഹിന്ദുക്ഷേത്രങ്ങൾ, ക്രിസ്ത്യാനികളുടെ പള്ളികളെപ്പോലെയുള്ള സ്ഥാപനങ്ങളല്ല. ക്ഷേത്രങ്ങളിൽ നടത്തിവരുന്ന ആരാധന മതഗ്രന്ഥങ്ങളിലെ വിധികളെ അനുപദം ആസ്പദമാക്കി ചെയ്തുവരുന്ന ഒന്നാണ്. ഈ ക്ഷേത്രങ്ങളിൽ നിർവ്വഹിക്കേണ്ടുന്ന അനുഷ്ഠാനക്രമങ്ങളെപ്പററി പ്രസ്തുത ഗ്രന്ഥങ്ങൾ സുദീർഘമായി പ്രതിവാദിക്കുന്നുമുണ്ട്. ക്ഷേത്രങ്ങൾ എങ്ങിനെ ശുദ്ധീകരിക്കേണ്ടതാണെന്നും, അതിൽ പ്രവേശിക്കുന്നവർ എങ്ങിനെ എല്ലാം പ്രവൃത്തിക്കേണ്ടതാണെന്നും, ആർക്കെല്ലാം അവിടെ പ്രവേശിക്കാമെന്നും, ആർക്കെല്ലാം വയ്യെന്നും അവയിൽ പറയുന്നുണ്ടു്. മതഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്ന ഈ നിയമങ്ങളെല്ലാം വേണ്ടപോലെ അനുഷ്ഠിക്കപ്പെടുന്നതായാൽ, ക്ഷേത്രങ്ങളിൽ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങൾക്ക്, ഈശ്വരസാന്നിദ്ധ്യം നല്ലവണ്ണമുണ്ടായിരിക്കുമെന്നാണു ഹിന്ദുക്കളുടെ വിശ്വാസം. അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനം ഈ മതഗ്രന്ഥങ്ങൾ വിരോധിച്ചിരിക്കുന്നതിനാൽ, മതവിശ്വാസമുള്ള ഹിന്ദുക്കൾക്ക് മി. ഗാന്ധിയുടെ ഈ അഭിലാഷത്തെ നിറവേററുവാൻ നിവൃത്തിയില്ല. മി. ഗാന്ധിയും അദ്ദേഹത്തിൻെറ അനുചരന്മാരും നവീനക്ഷേത്രങ്ങൾ നിർമ്മിച്ച് ഇവരെ അവിടെ ആരാധിക്കുവാൻ അനുവദിക്കുന്നതായാൽ

സവണ്ണ ഹിന്ദുക്കൾക്ക് അതിനെ സംബന്ധിച്ച് യാതൊരു വഴക്കം ഉണ്ടാകുന്നതല്ല.

ക്ഷേത്രപ്രവേശനപ്രശ്നം പൊതുജനാഭിപ്രായപ്രകാരം തീരുമാനിക്കേണ്ട ഒന്നാണെന്നാണ മി. ഗാന്ധിയുടെ അഭിപ്രായം. എന്നാൽ ക്ഷേത്രങ്ങൾ നിമ്മിച്ചവരും, അതിനു മുതൽ സമപ്പിച്ചിട്ടുള്ളവരും, ക്ഷേത്രഭാരവാഹിത്വം പൊതുജനങ്ങളിൽ അപ്പിച്ചില്ല. ക്ഷേത്രത്തിൽ നടത്തപ്പെടുന്ന കമ്മങ്ങളും, ആരാധനാക്രമങ്ങളുമെല്ലാം ഈ മതഗ്രന്ഥങ്ങളെ ആസ്പദമാക്കി ആയിരിക്കേണ്ടതാണെന്നായിരുന്നു അവരുടെ ആഗ്രഹം. ഈ മതഗ്രന്ഥങ്ങളിൽ വിധിച്ചിരിക്കുന്നവണ്ണം പൊതുജനങ്ങൾ അനുഷ്ഠിക്കുന്നതായാൽ അവക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും ആരാധന നടത്തുന്നതിനും വിരോധമില്ല. ഈ പ്രമാണങ്ങളെ അവഗണിക്കുന്നവരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുവാൻ അവർ സമ്മതിച്ചിരുന്നില്ല. ഹിന്ദുക്കളുടെ "പൊതുക്ഷേത്രങ്ങൾ" എന്നു വിളിക്കപ്പെട്ടു വരുന്ന സ്ഥാപനങ്ങളുടെ രീതി ഇതാണ്. ആചാരത്തിലും അനുഷ്ഠാനത്തിലും ഒരു വ്യത്യസ്തരീതി സ്വീകരിക്കുന്നതു വിശ്വാസഭംഗമായിരിക്കും; എന്നു മാത്രമല്ല അതു മതഗ്രന്ഥങ്ങൾക്കും മതനിയമങ്ങൾക്കും വിരോധമായിരിക്കും.

അസ്പൃശ്യരെ പ്രവേശിപ്പിക്കാതിരിക്കുന്നതു്, ഒരു വെറും അന്ധവിശ്വാസംകൊണ്ടു മാത്രമാണെന്നും, ആ നിയമം ദൂരതഃപരിത്യജിക്കേണ്ടതാണെന്നും, ഗാന്ധിജി അഭിപ്രായപ്പെടുന്നു. ഒരു പ്രത്യേക ദേശത്തുള്ള ജനങ്ങളിൽ ഭൂരിപക്ഷം ജനങ്ങളും അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കുന്നവരാണെന്നു വരാം. എന്നാൽ അല്പപക്ഷത്തിൽ പെട്ട ആളുകൾ നിമ്മിച്ചിരിക്കുന്നതും സംരക്ഷിച്ചു വരുന്നതും മുതൽ സമപ്പിച്ചിട്ടുള്ളതും ആയ ക്ഷേത്രങ്ങളിൽ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് അല്പപക്ഷക്കാരുടെ അവകാശങ്ങളെ ആക്രമിക്കുവാൻ പാടുണ്ടോ? അതു ന്യായമായിരിക്കുമോ? അങ്ങിനെ കയ്യേററം ചെയ്യുന്നതു് അയോഗ്യമാണെന്നാണ യാഥാസ്ഥിതികഹിന്ദുക്കൾ വിചാരിക്കുന്നതു്. അവർ ഈ നില സ്വീകരിച്ചിരിക്കുന്നതിനാൽ "കഠിനഹൃദയ"ത്തോടുകൂടിയവരാണെന്ന് നിങ്ങൾക്ക് പറയാമോ?

ഹിന്ദുക്കളുടെ സാമുദായികവ്യവസ്ഥ, പുനജ്ജന്മത്തെ ആസ്പദമാക്കി നിമ്മിക്കപ്പെട്ടിരിക്കുന്നു. ഈ നിയമം അനുസരിച്ചു ഒരുവൻ ജനിക്കുന്ന പരിതസ്ഥിതികൾ, അവൻ മുജ്ജന്മത്തിൽ ചെയ്തിരിക്കുന്ന കമ്മങ്ങളനുസരിച്ചിരിക്കുന്നു. ഒരുവൻ ഉൽകൃഷ്ടവംശത്തിൽ ജനിക്കുന്നതി

നും, മറെറാരുവൻ നികൃഷ്ടവംശത്തിൽ ജനിക്കുന്നതിനും ഉള്ള കാരണത്തെ വ്യാഖ്യാനിക്കുന്നതായി മറെറാരു നിയമവും വേറെ ഒരുമതത്തിലും ഇല്ല. താണജാതിയിൽ ജനിച്ച ഒരുവൻ, മുജ്ജന്മത്തിൽ വലിയ പാപകർമ്മങ്ങൾ ചെയ്തിരിക്കണം. ആ പാപകർമ്മങ്ങളുടെ ഫലങ്ങളിൽനിന്നും വിമുക്തനാകുവാൻ വേണ്ടി—അവൻ ഓർക്കുന്നില്ലെങ്കിലും—ആ പ്രവൃത്തികളെപ്പററി പശ്ചാത്തപിക്കേണ്ടതാണ്. തന്നിൽ കരുണയുണ്ടാകുവാനും, താൻ ചെയ്ത അപരാധങ്ങൾക്കു മാപ്പുതരുവാനും, അവൻ നിമിഷം പ്രതി ഈശ്വരനോടു പ്രാർത്ഥിക്കണം. വേണ്ടിടത്തോളം ഭക്തിയോടുകൂടി അവൻ ഈശ്വരനെ ഭജിക്കുന്ന പക്ഷം, ഈ ജന്മംകൊണ്ടു തന്നെ അവനു മുക്തിനേടുവാൻ കഴിയും. ഭഗവൽ ഭക്തനായി താണജാതിയിൽ ജനിച്ച ഒരുവൻ, ഈശ്വരഭക്തിയില്ലാത്തവനായി ഉയന്ന ജാതിയിൽ ജനിച്ച ഒരുവനേക്കാൾ, തുലോം ശ്രേഷ്ഠനാണെന്ന് ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നുണ്ട്. ഈ കാരണങ്ങളാൽ ഹിന്ദുമതത്തിലുള്ള താണജാതിക്കാരുടെ പൊതുവേയുള്ള ഈശ്വരഭക്തിയും, സത്സ്വഭാവവും, മററു രാജ്യങ്ങളിലുള്ള താണവംശജന്മാരുടേതിനേക്കാൾ, തുലോം ഉപരിയത്രേ. താണജാതിക്കാരായ ഹിന്ദുക്കൾക്ക് ഉയന്ന ഹിന്ദുക്കളോട് യാതൊരു സ്പദ്ധയും ദ്വേഷവും ഇല്ലതന്നെ. അനേകായിരം സംവത്സരങ്ങളായി താണജാതിക്കാരായ ഹിന്ദുക്കൾ സമാധാനത്തോടും സംതൃപ്തിയോടുംകൂടി കഴിഞ്ഞുവന്നു. പാരമ്പയ്യമായ അവരുടെതൊഴിൽതന്നെയാണ് അവർ സ്വീകരിച്ചിരുന്നത്. അത് ഈശ്വരേച്ഛയാണെന്നാണ് അവരുടെ വിചാരം. പാരമ്പയ്യമായ ഈ തൊഴിൽ അവക്ക് ഓരോരുത്തക്കും ഓരോ ഉപജീവനമാഗ്ഗവും പ്രദാനം ചെയ്യുന്നുണ്ട്. താണജാതിക്കാരുടെ ഈ തൊഴിലിനെ ഉയന്ന ജാതിക്കാർ ബലമായി സ്വീകരിക്കുവാനും പാടില്ല. ഉയന്ന ജാതിയിൽ പെട്ട ഒരുവനു തന്നത്താൻ ക്ഷൌരം ചെയ്യുവാൻപാടില്ല. അയാൾക്കു തനിക്കു വേണ്ട ചെരിപ്പ്, തന്നത്താൻ നിർമ്മിക്കുവാൻ പാടില്ല. അയാൾക്ക് ക്ഷൌരം തൊഴിലായി സ്വീകരിച്ചിരിക്കുന്ന ജാതിക്കാരൻേറയും, ചെരിപ്പു നിർമ്മാണം തൊഴിലായിരിക്കുന്ന ജാതിക്കാരൻേറയും സഹായം വേണ്ടിയിരിക്കുന്നു. താണജാതിക്കാരെ ഉയന്ന ജാതിക്കാരായ ഹിന്ദുക്കൾ ഞെരുക്കി വന്നിരുന്നു എന്നുള്ളതിനെ ആണോ ഇത് ഉദാഹരിക്കുന്നത്? അപരിഷ്കൃതജനങ്ങളുമായുള്ള തടയപ്പെടാത്ത സഹവാസം, നിശ്ചയമായും അവരുടെ പ്രകൃത്യാ ഉള്ള ഓരോ ന്യൂനതകളെ വെളിപ്പെടുത്താതിരിക്കുകയില്ല. തന്മൂലം കൂടുതൽ പരിഷ്കാരവും ശക്തിയും ഉള്ള ആളുകൾക്ക്,

അപരിഷ്കൃതന്മാരോട് കോപവും വെറുപ്പും വൎദ്ധിക്കും. തടയപ്പെട്ടിരിക്കുന്ന ഈ സാമുദായികസഹവാസം, താണജാതിക്കാൎക്ക് ഒരുവിധമുള്ള രക്ഷതന്നെയാണ്.

താണ ജാതിക്കാരെ സ്പൎശിക്കരുതെന്ന് ഉപദേശിക്കുന്ന മതഗ്രന്ഥങ്ങൾ അവരോട് അനുകമ്പ കാണിക്കണമെന്നുകൂടി പ്രസ്താവിക്കുന്നുണ്ട്. അവരാൽ സ്പൎശിക്കപ്പെട്ട ആഹാരം ഞാൻ ഉപയോഗിക്കുകയോ, ജലം പാനം ചെയ്യുകയോ ചെയ്യരുതെന്ന നിയമം എന്റെ പ്രവൃത്തിസ്വാതന്ത്ര്യത്തെ തടയുന്നതാണ്. അത് അവരെ സംബന്ധിച്ച ഒരു യോഗ്യതയില്ലായ്മ മാത്രമല്ല.

നിങ്ങൾ ഹിന്ദുക്കളുടെ തത്വശാസ്ത്രം പഠിച്ചിട്ടുള്ളവനാണോ എന്നു ഞാൻ അറിയുന്നില്ല. എന്നാൽ പുരാതനകാലത്തെ ഞങ്ങളുടെ വിചിന്തകന്മാർ പ്രാപിച്ചിട്ടുള്ള ഉൽകൃഷ്ടപദവിയെ യൂറോപ്യന്മാരായ അനേകം വിദ്വാന്മാർ വളരെ പ്രശംസിച്ചിട്ടുണ്ട്. ഈ പരമാൎത്ഥം നിങ്ങളും അറിഞ്ഞിരിക്കുമെന്ന കാൎയ്യത്തിൽ എനിക്കു യാതൊരു സംശയവും തോന്നുന്നില്ല. വളരെ ഭക്തിയോടുകൂടിയ അനേകം കാലത്തെ തപസ്സുകൊണ്ട് അവൎക്ക് ഈശ്വരന്റെ യഥാൎത്ഥപ്രകൃതിയെ അറിയുവാൻ സാധിച്ചിട്ടുണ്ട്. ഈശ്വരനു ഭൂലോകവുമായുള്ള യഥാൎത്ഥബന്ധവും എന്തെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. സാധാരണക്കാരായ മനുഷ്യൎക്ക് ഒരുകാലത്തും ഉണ്ടാകുവാൻ പാടില്ലാത്ത വിധമുള്ള ജ്ഞാനവും അവൎക്കു കരസ്ഥമായിരുന്നു. കാലമോ ദൂരമോ അവരുടെ മനോദൃഷ്ടിയെ സംബന്ധിച്ചിടത്തോളം ഒരു പ്രതിബന്ധമായിരുന്നില്ല. ബ്രഹ്മാണ്ഡത്തിലുള്ള സമസ്തപദാൎത്ഥങ്ങളും ഒരേ വസ്തുകൊണ്ടുതന്നെ നിൎമ്മിക്കപ്പെട്ടിരിക്കുന്നവയാണെന്ന്, അതായതു ദൈവത്തെക്കൊണ്ടു നിൎമ്മിക്കപ്പെട്ടിരിക്കുന്നവയാണെന്ന്, അവർ ചുരുങ്ങിയതു മൂവ്വായിരം സംവത്സരങ്ങൾക്കു മുമ്പുതന്നെ പ്രഖ്യാപനം ചെയ്തു. ഇങ്ങിനെ ഈശ്വരന്റെ യഥാൎത്ഥരൂപം അറിയുവാൻ തക്ക പ്രാപ്തിയുണ്ടായിരുന്ന യോഗികളും ദീൎഘദൎശികളും ആണ ഹിന്ദുക്കളുടെ സാമുദായികവ്യവസ്ഥകൾ ഇന്നവയെല്ലാമായിരിക്കണമെന്നു വിധിച്ചിട്ടുള്ളത്. ആഗ്രഹം, കോപം, ജുഗുപ്സ, പക്ഷഭാവം, അസൂയ മുതലായ മാനസികവികാരങ്ങളെല്ലാം പരിത്യജിക്കാത്ത ഒരുവന്ന്, യഥാൎത്ഥജ്ഞാനമോ, ആത്മീയോൽക്കൎഷമോ ഉണ്ടാകുന്നതല്ലെന്നുള്ള മൂലതത്വം വിധിച്ചതും ഇവരത്രെ. തങ്ങൾ ഈ സാമുദായികവ്യവസ്ഥകളെല്ലാമുണ്ടാക്കിയിരിക്കുന്നത് എല്ലാവൎക്കും ഗുണമായിത്തീരണമെന്ന ഉദ്ദേശംകൊണ്ടാണെന്ന് അവർ

തന്നെ പറഞ്ഞിട്ടുണ്ട്. എല്ലാ മനുഷ്യരുടേയും സർവ്വതോന്മുഖമായ ഗുണത്തെ മാത്രമല്ല അവർ ലാക്കാക്കിയിട്ടുള്ളത്. നിഖിലജീവികളുടേയും അഭ്യുദയത്തേയും അവരു ദർശിച്ചിട്ടുണ്ട്. ഈ യോഗീശ്വരന്മാർ ഒരിക്കലും കൗശലക്കാരായിരുന്നില്ലെന്നും, അവരുടെ പ്രവൃത്തി അവരുടെ മനസ്സാക്ഷിയുടെ പ്രേരണകൊണ്ടു മാത്രം അവർ ചെയ്തിരുന്നതാണെന്നുമാണ ഹിന്ദുക്കളുടെ വിശ്വാസം. ഈ യോഗികൾ പലക്കും പലവിധമുള്ള ആചാരാനുഷ്ഠാനങ്ങളാണ വിധിച്ചിട്ടുള്ളതെങ്കിൽ, അതിനുള്ള കാരണം എല്ലാവക്കും ഒരേവിധമുള്ള പ്രവൃത്തി അനുയോജ്യമായിരിക്കയില്ലെന്നുള്ളതാണ്. കുട്ടികൾക്കു കിട്ടിയാൽ കൊള്ളാമെന്നാഗ്രഹമുള്ള ചില പദാൎത്ഥങ്ങൾ അവക്കു കൊടുക്കാതിരിക്കുവാൻ മാതാപിതാക്കന്മാർ നിർബ്ബന്ധിതരായി തീരുന്നില്ലേ? അതുപോലെതന്നെ സമുദായാംഗങ്ങളായ ചിലക്കു ചില പ്രത്യേക അവകാശങ്ങളെല്ലാം കൊടുക്കുന്നതിന്നും, അവരുടെ അഭിലാഷം നിറവേറുന്നതിന്നും സാധിക്കാതെ വരുന്നു. അവക്കു നന്മയുണ്ടാകണമെന്ന ആഗ്രഹംതന്നെയാണ് അതിനുള്ള ഹേതു.

ഒരു വിഗ്രഹത്തിന്റെ സഹായത്തോടുകൂടി ഈശ്വരന്റെ യഥാൎത്ഥപ്രകൃതി അറിയുവാൻ കൂടുതൽ എളുപ്പത്തിൽ സാധിക്കുമെന്നാണ ഹിന്ദുക്കളുടെ വിശ്വാസം. എന്നാൽ അതിന് എന്തെല്ലാം നിയമങ്ങളാണ് അനുസരിക്കേണ്ടതെന്ന് ഈ ജ്ഞാനികൾതന്നെ വ്യക്തമായും സുദീൎഘമായും പ്രസ്താവിക്കുന്നുണ്ട്. ഈ നിയമങ്ങളിലൊന്നാണ ക്ഷേത്രങ്ങൾ കഴിയുന്നതും ശുദ്ധിയായിരിക്കേണമെന്നുള്ളത്. സാധാരണക്കാരനായ ഒരു ക്ഷേത്രാരാധകനാവശ്യമുള്ളിടത്തോളം ശുദ്ധി താണജാതിക്കാരായ മിക്ക ആളുകൾക്കും ഉണ്ടായിരിക്കയില്ലെന്നും, ഉണ്ടാകുവാൻ സാധിക്കുന്നതല്ലെന്നുമാണ് ഈ യോഗീശ്വരന്മാരുടെ വിശ്വാസം. തന്മൂലം അവരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കുവാൻ പാടില്ലെന്ന് അവർ വിധിച്ചു. അശുദ്ധമായ ആഹാരപദാൎത്ഥങ്ങൾ ശരിരത്തേയും അശുദ്ധമാക്കിത്തീക്കുന്നു എന്നു ഞങ്ങളുടെ മതഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. എന്തെന്നാൽ നാം ഉപയോഗിക്കുന്ന ഭക്ഷണപദാൎത്ഥം അവസാനത്തിൽ ശരീരംതന്നെ ആയിത്തീരുന്നു. താണജാതിക്കാരിൽ പലരും ചീഞ്ഞുനാറുന്ന മൃഗശവം, ഗോമാംസം, പന്നിയിറച്ചി മുതലായവ ഭക്ഷിക്കുന്നവരാണ്. ഈ പദാൎത്ഥങ്ങൾക്കു പ്രത്യേകം അശുദ്ധിയുണ്ടെന്നാണ ഹിന്ദുക്കളുടെ ബോദ്ധ്യം. അശുദ്ധിയുള്ള ഈ ആഹാരപദാൎത്ഥങ്ങൾ ഭക്ഷിക്കുന്നവരുടെ ശരീരവും അശുദ്ധിയുള്ളതുതന്നെ

ആണെന്നാണു ഞങ്ങളുടെ വിചാരം. അതിനാൽ അവരെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കപ്പെടുന്നില്ല. അവരുടെ ക്ഷേത്രപ്രവേശനം വിലക്കിയിരിക്കുന്നതുകൊണ്ടു് അവരുടെ ആത്മീയോന്നതി തടയപ്പെട്ടിട്ടില്ല. ആത്മീയോൽക്കർഷത്തിന്നായി ഓരോരുത്തരും സ്വീകരിക്കേണ്ടിയിരിക്കുന്ന മാൎഗ്ഗം ഒന്നുതന്നെയല്ല; ഒരേ മാൎഗ്ഗം എല്ലാവൎക്കും യോജിച്ചതുമല്ല. ഒരു മനുഷ്യൻ അവനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാൎഗ്ഗത്തെ മാത്രം സ്വീകരിക്കേണ്ടതാണു്. ക്ഷേത്രാരാധന ഉയൎന്ന ജാതിയിൽപ്പെട്ട ആളുകൾക്കു വിധിച്ചിട്ടുള്ളതാണു്. ദൈവനാമങ്ങളെ ഉച്ചരിക്കുകയെന്നുള്ളതാണു് താണ ജാതിക്കാൎക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന മാൎഗ്ഗം. അവനെ സംബന്ധിച്ചിടത്തോളം വിരോധിക്കപ്പെട്ടിരിക്കുന്ന ഒരു പന്ഥാവിനെ അവൻ പിന്തുടരുന്നതായാൽ നിശ്ചയമായും അതു് അവനു കഷ്ടപ്പാടിനെ ഉണ്ടാക്കാതിരിക്കയില്ല. താണ ജാതിയിൽ ജനിച്ച പല ഹിന്ദുക്കളും അസ്പൃശ്യരെന്ന നിലക്കു ക്ഷേത്രപ്രവേശനാനുവാദം ഇല്ലാത്തവരായിരുന്നു എങ്കിലും, ആത്മീയോൽക്കർഷത്തെ സംബന്ധിച്ചിടത്തോളം മഹനീയപദങ്ങളെ പ്രാപിച്ചിട്ടുണ്ടു്.

തന്റെ പ്രവൃത്തികളെപ്പററി പ്രത്യേകം നിഷ്കൎഷയുള്ള ഹിന്ദുക്കൾ അന്യന്മാരാൽ പാകംചെയ്യപ്പെട്ട യാതൊരു ഭക്ഷണപദാൎത്ഥവും ഉപയോഗിക്കുന്നില്ല. ആഹാരം കഴിക്കുന്ന സമയം അവർ സ്വന്തം കുട്ടികളെപ്പോലും സ്പൎശിക്കുന്നില്ല. പൂജാദികൾ നടത്തുന്ന അവസരങ്ങളിലും ഇതുപോലെതന്നെയാണു് അവരുടെ പ്രവൃത്തി. ഉൽകൃഷ്ടകുലജാതന്മാരായ ഹിന്ദുക്കൾ സ്വഭാൎയ്യമാരേയും, സഹോദരികളേയും ചില പ്രത്യേക കാലങ്ങളിൽ അസ്പൃശ്യരായി ഗണിക്കുന്നു. എന്നാൽ ഈ അസ്പൃശ്യതാനിയമങ്ങൾ അനുസരിക്കുന്നതുകൊണ്ടു് നിശ്ചയമായും അവർതമ്മിലുള്ള സ്നേഹമോ അനുകമ്പയോ ഇല്ലാതാകുന്നില്ല. ഉത്സവകാലങ്ങളിൽ ക്ഷേത്രങ്ങളിലെ ഈശ്വരപ്രതിമകളെ പുറത്തേക്കു് എഴുന്നള്ളിക്കുക പതിവുണ്ടു്. എന്നാൽ ആ കാലങ്ങളിൽ അസ്പൃശ്യതാനിയമം അനുസരിക്കേണ്ട ആവശ്യമില്ലെന്നു വിശുദ്ധങ്ങളായ മതഗ്രന്ഥങ്ങൾതന്നെ പ്രസ്താവിക്കുന്നുണ്ടു്. ആ ഉത്സവങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പങ്കുകൊള്ളാം. അസ്പൃശ്യൎക്കും പങ്കുകൊള്ളാവുന്ന മതസഭകളിൽവച്ചു് വിദ്വാന്മാരായ മതപ്രാസംഗികന്മാർ ഈശ്വരാവതാരങ്ങളെപ്പററിയും, ദീൎഘദൎശികളുടെ ജീവിതത്തെപ്പററിയും മററും പ്രസംഗിക്കുക പതിവുണ്ടു്. ഈ സഭകളിൽവച്ചു് അസ്പൃശ്യർ മതനിയമങ്ങളനുസരിച്ചു് ശുദ്ധമായ ജീവിതം നയിക്കുന്നപക്ഷം,

അവക്ക് ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുമെന്ന് അവരോട്ട് ഉപദേശിക്കുകയുംസാധാരണയാണ്. സംസാരസംബന്ധമായ ധനവും ഇന്ദ്രിയസന്തൃപ്തിയും വിലയില്ലാത്തവയാണ്;പലപ്പോഴും അവ ഈശ്വരനെ ശരിയായി അറിയുന്നതിന് പ്രതിബന്ധങ്ങളായി വത്തിക്കുന്നു; ഈശ്വരഭക്തിയും വിനയവും ആത്മീയോല്ക്കൃഷത്തിന്ന് അവശ്യം ഉപകരിക്കുന്നവയാണ്; എന്നും മററും അവരെ ഗുണദോഷിക്കുകയും പതിവുണ്ട്.

താണ ജാതിയിൽ ജനിച്ച ആളുകളെ മാത്രമല്ല അസ്പൃശ്യരായി ഗണിക്കേണ്ടിയിരിക്കുന്നത്. ഉയന്നജാതിക്കാരായ ഹിന്ദുക്കൾ ഹീനങ്ങളായ പാപകമ്മങ്ങൾ ചെയ്യുന്നപക്ഷം അവരേയും അസ്പൃശ്യരായി ഗണിക്കേണ്ടതാണ്. എല്ലാ ക്രിസ്ത്യാനികളും മഹമ്മദീയരും—അവർ സമുദായത്തിൽ എത്രതന്നെ വിലയും നിലയും ഉള്ളവരായിരിക്കട്ടെ—സവണ്ണഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം അസ്പൃശ്യരത്രേ. ഹിന്ദുജ്ഞാനികളിൽ മിക്കവരും, അസ്പൃശ്യതാനിയമത്തെ അനുസരിച്ചുവന്നു. ഉദാഹരണമായി ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീചൈതന്യൻ മുതലായ തത്വജ്ഞന്മാരെ നോക്കുക. ശ്രീചൈതന്യന്റെ അനുചരന്മാരിൽ സുപ്രസിദ്ധന്മാരായ മൂന്നു പേർ (ഹരിദാസ്, രൂപൻ, സനാതനൻ) ആത്മീയോന്നതിയെ പ്രാപിച്ചവരാണ്. എന്നാൽ അവർ ക്ഷേത്രങ്ങളിൽ പ്രവേശിച്ചില്ല. എന്തെന്നാൽ (അവർതന്നെ സമ്മതിച്ചു) അവർ താണജാതിക്കാരും, തന്മൂലം അസ്പൃശ്യരുമായിരുന്നു. ക്ഷേത്രപ്രവേശനകാര്യത്തെ സംബന്ധിച്ച അവരുടെ പ്രവൃത്തി, നിശ്ചയമായും ശ്രീചൈതന്യൻ ആദരിച്ചുവന്നു.

മനുഷ്യവർഗ്ഗത്തിന്ന് ഉപകാരപ്രദമായിത്തീരുവാൻ ഉദ്ദേശിക്കപ്പെടുന്ന നിങ്ങളുടെ പ്രവൃത്തികൾ നിർവ്വിഘ്നം തുടരുവാൻ തക്ക ആരോഗ്യം നിങ്ങൾക്ക് ഉടൻതന്നെ വീണ്ടും ഉണ്ടായിത്തീരണമെന്നു ഞാൻ ഈശ്വരനോടു പ്രാത്ഥിക്കുന്നു.

ദി ഇൻഡ്യൻ മിറർ.

എന്ന് വിധേയൻ,

വസന്തകുമാരചാററർജി (ഒപ്പ്)

ക്ഷേത്രപ്രവേശനവും അയിത്തോച്ചാടനവും.

സപ്തവാദമുഖങ്ങളും അവയ്ക്കുള്ള സമാധാനങ്ങളും.

(എൻ. നടേശ അയ്യർ ബി. എ., ബി. എൽ., മധുര)

ക്ഷേത്രപ്രവേശനപ്രക്ഷോഭണത്തേയും അസ്പൃശ്യതാസംഹാര സംരംഭത്തേയും അനുകൂലിക്കുന്നവർ പ്രധാനമായി ഏഴു വാദമുഖങ്ങളാണ് പുറപ്പെടുവിച്ചുകാണുന്നത്. സംക്ഷിപ്തമായി അവയെ ഇങ്ങിനെ വിവരിക്കാം:—

1. ശാസ്ത്രങ്ങളിലൊരിടത്തും അസ്പൃശ്യതക്കു സ്ഥാനം നല്കപ്പെട്ടിരിക്കുന്നതായി കാണുന്നില്ല. അതുപോലെതന്നെ അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനം അവ വിരോധിച്ചിട്ടുമില്ല.

2. വാസ്തവത്തിൽ അസ്പൃശ്യതക്കും ക്ഷേത്രവിരോധത്തിന്നും ശാസ്ത്രാനുവാദമുണ്ടെങ്കിൽ അവ അഞ്ചു് ഹീനകുററങ്ങൾ ചെയ്തവരെ മാത്രം (അതായതു് പഞ്ചമഹാപാപികളെ മാത്രം) ബാധിക്കുന്നവയാകുന്നു. അതിനാൽ വർഗ്ഗാസ്പൃശ്യതക്കും, വർഗ്ഗക്ഷേത്രവിരോധത്തിന്നും ശാസ്ത്രങ്ങളിൽ സ്ഥാനമില്ല.

3. വർഗ്ഗാസ്പൃശ്യതയും, വർഗ്ഗക്ഷേത്രവിരോധവും യഥാർത്ഥത്തിൽ ശാസ്ത്രങ്ങൾ അനുവദിക്കുന്നുണ്ടെങ്കിൽ അവ ശാസ്ത്രങ്ങളിൽ പറയപ്പെടുന്ന 'ചണ്ഡാല'വർഗ്ഗത്തെ മാത്രം ബാധിക്കുന്നവയാണ്. അല്ലാതെ ഇന്നു നാം അറിയുന്ന പറയന്മാരേയും, പള്ളന്മാരേയും, പഞ്ചമന്മാരേയും, ആദിദ്രാവിഡന്മാരേയും മററും അവ ബാധിക്കുന്നില്ല. ഈ ജാതിക്കാരെല്ലാം 'ചണ്ഡാല'വർഗ്ഗത്തിന്നു വെളിയിൽ സ്ഥിതിചെയ്യുന്നു.

4. പറയന്മാരും, പള്ളന്മാരും, പഞ്ചമന്മാരും വാസ്തവത്തിൽ 'ചണ്ഡാല'വർഗ്ഗത്തിൽ പെട്ടവരാണെന്നു വിചാരിക്കാം. എന്നാൽ അവരെ 'ചണ്ഡാല'വർഗ്ഗത്തിൽനിന്നും വേർതിരിക്കുവാനുള്ള മാർഗ്ഗം, ശാസ്ത്രങ്ങൾതന്നെ ഉപദേശിക്കുന്നുണ്ടു്. തക്കതായ ശുദ്ധികർമ്മങ്ങൾ കൊണ്ടു് അവരെ ശുദ്ധന്മാരാക്കിയശേഷം ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാം.

5. വാസ്തവത്തിൽ അവരെ ശുദ്ധന്മാരാക്കുവാനുള്ള മാർഗ്ഗം ശാസ്ത്രങ്ങൾ ഉപദേശിച്ചിട്ടില്ലെങ്കിൽ മഹാജനങ്ങൾക്കു ശാസ്ത്രങ്ങളെ നവീനപരിതസ്ഥിതികൾക്കനുയോജ്യമായി ഭേദപ്പെടുത്തുവാൻ അധികാരവും അവകാശവുമുണ്ടു്.

6. ശാസ്ത്രവിധികളെ ഭേദപ്പെടുത്തുന്നതിനും, അവയെ ആധുനികപരിതസ്ഥിതികൾക്ക് അനുയോജ്യമാക്കിത്തീക്കുന്നതിനും സാദ്ധ്യമല്ലെങ്കിൽ അവയെ നിയമനിർമ്മാണംകൊണ്ട് അവഗണിപ്പിക്കണം.

7. നിയമനിർമ്മാണസഭകൾ ഈ വിഷയത്തെപ്പററി മൌനംദീക്ഷിക്കുന്നതായാൽ സിവിലാജ്ഞാലംഘനം ആരംഭിക്കുകയും മരണപയ്യന്തം നിരാഹാരവ്രതങ്ങൾ സ്വീകരിക്കുകയും ചെയ്യണം.

ആദ്യത്തെ നില ഇതായിരുന്നു. 'ശാസ്ത്രങ്ങളിൽ ഒരിടത്തും അസ്പൃശ്യതക്കു സ്ഥാനം നല്കപ്പെട്ടിട്ടില്ല. ശാസ്ത്രങ്ങൾ ക്ഷേത്രപ്രവേശനത്തെ വിരോധിച്ചിട്ടില്ല.' എന്നാൽ ഈ വാദപ്രതിവാദങ്ങളുടെ പ്രാരംഭദശയിൽതന്നെ ഇതിൻെറ നേരെ വിപരീതമായ നില സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ വിഷയത്തെപ്പററി അറിയുവാൻ ഉപനിഷത്തുകളും, സ്മൃതികളും, ആഗമങ്ങളും, ആയുവ്വേദശാസ്ത്രങ്ങളും, ശില്പശാസ്ത്രങ്ങളും മററും ഒരു പ്രാവശ്യം നോക്കിയാൽ മതി. ഈ പ്രസ്താവനയുടെ അവാസ്തവത്വം നവീകരണക്കാരിൽ മിക്കവക്കും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നവീകരണക്കാരിൽ സ്വല്പമെങ്കിലും ആലോചനാശക്തിയുള്ളവക്കും ന്യായമറിയാവുന്നവക്കും ആണ് ഇതിനു സാധിച്ചിട്ടുള്ളതു്. ഇന്ന് ഈ നില പരിത്യജിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്നുതന്നെ വിചാരിക്കാവുന്നതാണ്.

രണ്ടാമത്തെ നില ഇതായിരുന്നു. 'അസ്പൃശ്യതാനിയമവും ക്ഷേത്രവിരോധവും' വാസ്തവത്തിൽ ശാസ്ത്രങ്ങൾ വിധിച്ചിട്ടുള്ളവതന്നെ ആണെങ്കിലും, ആ നിയമങ്ങൾ ബാധിക്കുന്നത് 'പഞ്ചമഹാപാതകങ്ങൾ ചെയ്ത വ്യക്തികളേയും മററും മാത്രമാണ്. അല്ലാതെ വഗ്ഗാസ്പൃശ്യതയും, വഗ്ഗക്ഷേത്രവിരോധവും ശാസ്ത്രങ്ങൾ വിധിച്ചിട്ടുള്ളവയല്ല.' ഇതരപദങ്ങളാൽ പ്രസ്താവിക്കപ്പെടുന്നപക്ഷം പ്രസ്തുത നില ഇതാണ്. അസ്പൃശ്യരെന്നറിയപ്പെടുന്ന ഒരു പ്രത്യേകവഗ്ഗക്കാരായ മനുഷ്യർ ഇല്ല. ഒരു പ്രത്യേകവഗ്ഗക്കാരായതിനാൽ മാത്രം ഒരു കൂട്ടരുടേയും ക്ഷേത്രപ്രവേശനത്തെ തടയുവാൻ പാടില്ല. മാനസികഹീനത്വംകൊണ്ടു് മനുഷ്യക്കെല്ലാം പൊതുവായ ഒരസ്പൃശ്യതയും, ശാരീരികാശുദ്ധികൊണ്ടു ക്ഷേത്രവിരോധവും ഉണ്ടാകുന്നതാണ്. മാനസികഹീനത്വംകൊണ്ടു് അനേകം പാപകമ്മങ്ങൾ ചെയ്യുവാനും, ശാരീരികാശുദ്ധികൊണ്ടു വൃത്തികെട്ട ജീവിതം നയിക്കുവാനും ഇട വരുന്നു. ഇങ്ങിനെ മാനസികഹീനത്വമുള്ളവരേയും, ശാരീരികാശുദ്ധിയുള്ളവരേയും മാത്രമേ ഈ അസ്പൃശ്യവഗ്ഗത്തിൽ ഉൾപ്പെടുത്താവൂ. എന്നാൽ

ഈ നില തീരെ തെററായ ഒന്നുതന്നെയാണെന്ന് അനേകം അധികാരികളായ ഗ്രന്ഥങ്ങൾ ന്യായമായ യാതൊരു സംശയത്തിന്നും ഇടയില്ലാത്തവിധം കാണിച്ചുതരുന്നുണ്ട്. ഛന്ദോഗ്യോപനിഷത്ത്, ബൃഹദാരണ്യകോപനിഷത്ത്, മുക്തികോപനിഷത്ത് മുതലായ മതാധികാരിഗ്രന്ഥങ്ങൾ നോക്കുക.

ഈ ഗ്രന്ഥങ്ങളിൽനിന്നു 'ചണ്ഡാലർ' എന്ന നാമത്താൽ അറിയപ്പെടുന്ന ഒരു പ്രത്യേകവർഗ്ഗക്കാരുണ്ടെന്നു സ്പഷ്ടമായി കാണാം. ഒരു ബ്രാഹ്മണസ്ത്രീക്ക് ഒരു ശൂദ്രപുരുഷനിൽനിന്നുമുണ്ടാകുന്ന സന്താനങ്ങളെല്ലാം ഈ വർഗ്ഗത്തിൽ പെട്ടവരാകുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഇതു കൂടാതെതന്നെ വേറെ ചില തരക്കാരും ഈ വർഗ്ഗത്തിൽ പെടുന്നു. ഈ വർഗ്ഗക്കാർ ഒരു അസ്പൃശ്യവർഗ്ഗമാണെന്നും, ഇവർക്കു ക്ഷേത്രപ്രവേശനം പാടില്ലെന്നും പ്രസ്തുതഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നുണ്ട്. വർഗ്ഗാസ്പൃശ്യതയും വർഗ്ഗക്ഷേത്രവിരോധവും ശാസ്ത്രവിധിക്കനുസരിച്ചവതന്നെ ആണെന്നുള്ള പരമാർത്ഥം ഇങ്ങിനെ തെളിയിക്കാം. എന്നാൽ പഞ്ചമഹാപാതകങ്ങൾ ചെയ്ത മനുഷ്യരും മററും ഈ വർഗ്ഗത്തിൽതന്നെ പെടുന്നവരാണ്. പതിവായ മദ്യപാനം, ധനാപഹരണം, ഗുരുപത്നീസംയോഗം മുതലായ പാതകങ്ങൾ ചെയ്തവരും, സ്വധർമ്മത്യാഗികളും എല്ലാം പതിതന്മാരായി തീരുന്നു. അവരെ ചണ്ഡാലവർഗ്ഗക്കാർക്കു തുല്യമായി ഗണിക്കപ്പെടുന്നു എന്നു അവരെ തിട്ടപ്പെടുത്തുവാനായി അവരെ 'കർമ്മചണ്ഡാലന്മാ'രെന്നു വിളിക്കുകയും ചെയ്യപ്പെടുന്നു.

തങ്ങളുടെ ഈ നില പരിത്യജിക്കുവാൻ നവീകരണക്കാർ നിർബ്ബന്ധിതരായിത്തീർന്നു. അപ്പോൾ അവർ അവിടെനിന്നും പോയി മൂന്നാമതൊരു സ്ഥാനത്തെ അഭയം പ്രാപിച്ചു. അതു് ഇതാണ്.

'വർഗ്ഗാസ്പൃശ്യതയും, വർഗ്ഗക്ഷേത്രവിരോധവും യഥാർത്ഥത്തിൽ ശാസ്ത്രങ്ങളനുവദിക്കുന്നവതന്നെ എങ്കിൽ, അവ ബാധിക്കുന്നതു് അതിൽ 'ചണ്ഡാല'രെന്നറിയപ്പെടുന്ന ജാതിക്കാരെ മാത്രമാണ്. അല്ലാതെ അവ ഇന്നു നാം അറിഞ്ഞുവരുന്ന പറയന്മാരേയും, പല്ലന്മാരേയും, പഞ്ചമന്മാരേയും, ആദിദ്രാവിഡന്മാരേയും മററും ബാധിക്കുന്നില്ല. അവരെല്ലാം 'ചണ്ഡാല'വർഗ്ഗത്തിന്നു പുറമേ സ്ഥിതിചെയ്യുന്നു. 'ചണ്ഡാല'ന്മാർ ഒരു ബ്രാഹ്മണസ്ത്രീക്ക് ഒരു ശൂദ്രപുരുഷനിൽനിന്നുമുണ്ടാകുന്ന സന്താനങ്ങളാണെന്നാണ് ശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നതു്. ഇന്നത്തെ ആറു കോടി പഞ്ചമരും ആദിദ്രാവിഡന്മാരും ചണ്ഡാലന്മാരാ

ണെന്നു പറയുവാൻ പാടില്ല. അവർ ചണ്ഡാലന്മാരാണെന്നു പറയപ്പെട്ടന്നതായാൽ അവരുടെ മാതാക്കളെല്ലാം ബ്രാഹ്മണസ്ത്രീകളാണെന്നു കാണിക്കപ്പെടേണ്ടിവരും. പഞ്ചമരുടെ മാതാക്കളെല്ലാം ബ്രാഹ്മണസ്ത്രീകളാണെന്നു പറയുന്നതിനേക്കാറം വലിയ ഒരു ഭീമാബദ്ധം ഉദ്ദേശിക്കുവാൻപോലും സാദ്ധ്യമല്ല'

എന്നാൽ ഈ ധാരണ പ്രത്യക്ഷമായ ഒരു പിഴച്ച നോട്ടത്തിൻേറയും, മനഃപൂർവ്വം വേദങ്ങളെ പിഴച്ച വ്യാഖ്യാനിക്കുന്നതിൻേറയും ഫലമാണെന്ന് എവനും അറിയുവാൻ സാധിക്കും. 'ചണ്ഡാല'രെന്ന പദം ബ്രാഹ്മണസ്ത്രീയുടേയും ശൂദ്രപുരുഷൻേറയും സന്താനങ്ങളെ മാത്രം ബാധിക്കുന്നതല്ല. ആ സന്താനങ്ങളുടെ പിൻഗാമികളെല്ലാംതന്നെ ഈ വർഗ്ഗത്തിൽ പെടുന്നു. സൽപ്രവൃത്തികളിൽനിന്നുമുള്ള വ്യതിയാനം വർദ്ധിക്കുന്തോറും ഈ വർഗ്ഗത്തിൻെറ സംഖ്യയും വർദ്ധിക്കുന്നു. ഇതിനുംപുറമെ മറെറാരു കാരണംകൂടിയുണ്ട്. ചണ്ഡാലന്മാർ അവരുടെ വർഗ്ഗത്തിൽ ഉള്ള സ്ത്രീകളെത്തന്നെ വിവാഹം ചെയ്യുവാൻ നിർബ്ബന്ധിതരായിരിക്കുന്നു. താണ ഇനത്തിൽപെട്ട ജന്തുക്കളെപ്പോലെ തന്നെ താണ ജാതിക്കാരായ മനുഷ്യരുടെ ഇടയിലും കണ്ടുവരുന്ന സന്താനാഭിവൃദ്ധി ആശ്ചര്യജനകമായിരിക്കുന്നു എന്നുള്ളതു സർവ്വസമ്മതമായ ഒരു പരമാർത്ഥമത്രെ. അതിനാൽ ഇന്നു കാണപ്പെടുന്ന ജനസംഖ്യയുടെ വലിപ്പം തീരെ അതിശയത്തെ ഉണ്ടാക്കുവാൻ വഴിയില്ല. ഇന്നു യഥാർത്ഥത്തിൽ ഒരു ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ, ശൂദ്രനോ ജീവിച്ചിരിക്കുന്നില്ലെന്നു മുക്തകണ്ഠം പ്രസ്താവിക്കാം. എന്തെന്നാൽ ഒരുവൻ ഒരു ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ, ശൂദ്രനോ ആയിരിക്കുവാൻ അവൻ യഥാക്രമം ഈശ്വരൻെറ മുഖത്തിൽനിന്നോ, ഭുജങ്ങളിൽനിന്നോ,തുടകളിൽനിന്നോ,പാദങ്ങളിൽനിന്നോ ജനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇന്നുള്ളവരാരും അങ്ങിനെ ജനിച്ചവരല്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമല്ലേ? എന്നാൽ ഈ മതഗ്രന്ഥങ്ങറം ചണ്ഡാലന്മാർക്കായി വിധിച്ചിരിക്കുന്ന ജീവിതരീതിതന്നെ ആണു ആധുനികപഞ്ചമന്മാരും വരിച്ചിരിക്കുന്നതെന്ന പരമാർത്ഥം മറക്കാവുന്ന ഒന്നല്ല. ചണ്ഡാലന്മാരുടെ വാസത്തിന്നായി ഈ ഗ്രന്ഥങ്ങറം വിധിച്ചിരിക്കുന്ന സ്ഥലങ്ങളിൽതന്നെ ആണ് ഇന്നത്തെ പഞ്ചമരും മിക്കവാറും അധിവസിക്കുന്നത്. ഇന്നത്തെ പഞ്ചമരുടെ ജീവിതരീതിയും മനുവിൻെറ കാലത്തുണ്ടായിരുന്നതായി അദ്ദേഹം വിവരിക്കുന്ന ചണ്ഡാലന്മാരുടെ ജീവിതരീതിയും തമ്മിൽ വളരെ സാദൃശ്യം കാണുന്നുണ്ട്.

രണ്ടുവൎഗ്ഗക്കാരും തന്നത്താൻ അവർ നാലു വൎണ്ണത്തിന്നും പുറമെ നി ല്ക്കുന്നവരാണെന്നു സമ്മതിച്ചു വന്നു; അതിനു യോജിച്ചവിധം പെരു മാറിയും വന്നു. (വാസ്തവത്തിൽ വൎണ്ണവും ജാതിയും ഒന്നല്ല. ഈ ര ണ്ടു പദങ്ങളേയും ഒരേ അൎത്ഥത്തിൽതന്നെ ഉപയോഗിച്ചു വരുന്നതു കൊണ്ടു് അനേകം തെററിദ്ധാരണകളും കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടു്.) ലോകവും അവരെ അതേവിധം തന്നെ ആണു ഗണിച്ചിരുന്നതു്. രണ്ടു വൎഗ്ഗക്കാരുടേയും രീതിയും സ്വഭാവവും സമ്പ്രദായവും ഏതാണ്ടു് ഒന്നു തന്നെയാണു്. ഈ രണ്ടുവൎഗ്ഗക്കാരും ഒരു കാലത്തും ക്ഷേത്രപ്രവേശന ത്തിന്നു് അവകാശികളായിരുന്നില്ല. പുരാതനചരിത്രം എഴുതപ്പെട്ടിട്ടു ള്ള രണ്ടായിരമോ മൂവ്വായിരമോ കൊല്ലങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും ഈ വൎഗ്ഗക്കാർ ക്ഷേത്രപ്രവേശനം അനുവദിച്ചിരുന്നതായി കാണുന്നി ല്ല. നവീകരണക്കാർതന്നെ രണ്ടോ മൂന്നോ—അതും സംശയാവഹമാ യിരിക്കുന്ന ഉദാഹരണങ്ങളെമാത്രമെ—ഇതിന്റെ വിപരീതാഭിപ്രായം കാണിക്കുവാൻ ഹാജരാക്കുന്നതിനു സാധിച്ചിട്ടുള്ളു. അതുകൊണ്ടു ത ന്നെ ഈ നിയമത്തിന്റെ യാഥാൎത്ഥ്യം ഏറക്കുറെ സ്ഥാപിക്കപ്പെടുന്നു ണ്ടു്. ഇതിനുംപുറമെ പറയപ്പെടുന്ന ഈ മൂന്നുദാഹരണങ്ങൾതന്നെ ഈ സാധാരണനിയമത്തെ അതിലംഘിക്കുന്നില്ലെന്നു വിവരിച്ചു കാ ണിക്കപ്പെട്ടിട്ടുണ്ടു്.

സൎവ്വോപരി വ്യാഖ്യാനിക്കുവാൻ അസാദ്ധ്യമായ മറെറാരു നില ഇതാണു്. വേദങ്ങളുടേയും സ്മൃതികളുടേയും ആഗമങ്ങളുടേയും പുരാ ണങ്ങളുടേയും കാലത്തു് ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെടുന്ന ചണ്ഡാ ലവൎഗ്ഗത്തിന്നു് ഇന്നു് എന്തുപററി? ആ ചണ്ഡാലന്മാരെല്ലാം വിവാഹം ചെയ്യാതേയും മാതാപിതാക്കന്മാരാകാതേയും ആണോ മരണപൎയ്യന്തം ജീവിതം നയിച്ചതു്? അവർ മാതാപിതാക്കന്മാരായി തീൎന്നിരുന്നു എ ങ്കിൽ അവരുടെ സന്താനങ്ങളും അതുപോലെ ചെയ്തിരുന്നില്ലെ? ആ നിലക്കു് അവരുടെ കുട്ടികളും, കുട്ടികളുടെ കുട്ടികളും ഇങ്ങിനെ അവസാ നിക്കാതെ ഉണ്ടായി തീൎന്നതും, എന്നും പെററു പെരുത്തിരുന്നതുമായ വൎഗ്ഗക്കാരെവിടെ പോയി? ഇവരെ എല്ലാം വല്ലവരും സംഹരിച്ചു കള ഞ്ഞോ? വല്ല ഘോരാഗ്നിയിലും അവരെ ദഹിപ്പിക്കുകയോ സമുദ്രത്തി ൽ മുക്കി പിടിക്കുകയോ മറേറാ ചെയ്തുവോ? വേദങ്ങളുടേയും, സ്മൃതി കളുടേയും, ആഗമങ്ങളുടേയും, പുരാണങ്ങളുടേയും കാലത്തു് ഉണ്ടായി രുന്നതായി അവ പ്രസ്താവിക്കുന്ന 'ചണ്ഡാലന്മാർ' ആധുനിക കാല ത്തെ പഞ്ചമരുടെ പൂൎവ്വികന്മാരായിരുന്നില്ലെങ്കിൽ ഇന്നത്തെ പഞ്ചമർ

ആരിൽനിന്നും ഉണ്ടായ സന്താനങ്ങളാണ്? അവർ ഒരു രാത്രി കൊണ്ടു സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു പതിച്ചവരാണോ, അഥവാ അവർ ഒരു സുപ്രഭാതത്തിൽ പാതാളലോകത്തുനിന്നു ഭൂലോകത്തേക്ക് ഉയർത്തപ്പെട്ടവരായിരിക്കുമോ? ഈ അസ്പൃശ്യതയും അസാമീപ്യവും ആരാണ് അവരുടെ തലയിൽ കെട്ടിവച്ചത്? അതിനുള്ള കാരണമെന്ത്? ഇതൊരപമാനമാണെന്നു യഥാർത്ഥത്തിൽ അവരറിഞ്ഞിരുന്നുവെങ്കിൽ അനേകായിരം സംവത്സരങ്ങളായി ഈ അപമാനങ്ങളെ മൌനാവലംബികളായി ശിരസാ വഹിച്ചതെന്തിന്? നാലുവർണ്ണങ്ങളിലും അനേകം യോഗിമാരും ദീർഘദർശികളും തത്വജ്ഞന്മാരും പുരാതനകാലത്തു ജനിച്ചിട്ടില്ലേ? പ്രവൃത്തിയിലും പ്രസംഗത്തിലും അവർ അഹിംസയേയും ജീവകാരുണ്യത്തേയും അനുസരിച്ചിരുന്നവരല്ലേ? ഏററവും ഉയർന്ന ബ്രാഹ്മണന്റേതുമുതൽ ഏററവും താണചണ്ഡാലന്റേതുവരെയുള്ള സമസ്ത ആത്മാക്കളുടേയും ഏകത്വവും മാഹാത്മ്യവും അറിഞ്ഞിരുന്ന യഥാർത്ഥ 'മഹാത്മാ'ക്കളായിരുന്നില്ലേ അവർ? ചണ്ഡാലന്മാരെ ഈ വിധം ഞെരുക്കുവാൻ അവർ എന്തിന് അനുവദിച്ചുവന്നു? അത്രമാത്രവുമല്ല പ്രസ്തുത മതഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന വിധമുള്ള നിഷ്ഠുരനിയമങ്ങൾ അവർ വിധിച്ചതും എന്തിന്?

ഈ ചോദ്യങ്ങൾക്ക് ഏകസമാധാനം മാത്രമേ പറയുവാൻ സാധിക്കയുള്ളൂ. അത് ഇതാണ്. വേദങ്ങളുടേയും സ്മൃതികളുടേയും പുരാണങ്ങളുടേയും അതിനുശേഷം അമരകോശത്തിന്റേയും കാലത്ത് ഉണ്ടായിരുന്നതായി അവ പ്രതിവാദിക്കുന്ന 'ചണ്ഡാല'ന്മാരും ആധുനിക പറയന്മാരും പള്ളന്മാരും ആദിദ്രാവിഡന്മാരും ആദികർണ്ണാടകന്മാരും ആദിമഹാരാഷ്ട്രകന്മാരും മററും ഒന്നുതന്നെ ആണ്. അധികാരി ഗ്രന്ഥങ്ങളും യുക്തിവാദവും കാര്യബോധവും പ്രത്യക്ഷപ്രമാണവും എല്ലാം തന്നെ ഈ ഒററ തീരുമാനത്തെ ആണ് പിന്താങ്ങുന്നത്.

ഈ ചോദ്യം പലപ്പോഴും ചോദിക്കാറുള്ള ഒന്നാണ്. "ഒരു ബ്രാഹ്മണസ്ത്രീയും ഒരു ശൂദ്രപുരുഷനും അന്യോന്യം നല്ലവണ്ണം മനസ്സിലാക്കിയിട്ടു തന്നെ ആണ് ഒരു തെററു ചെയ്യുന്നത്. മാതാപിതാക്കന്മാരുടെ ഈ തെററിനു നിരപരാധികളായ സന്താനങ്ങളെ ഈ വിധം ദ്രോഹിക്കുന്നതെന്തിനാണ്?" ഇതിനുള്ള സമാധാനത്തിൽ രണ്ടു ഭാഗങ്ങളുടങ്ങിയിരിക്കുന്നു. ആദ്യമായി ഈ സന്താനങ്ങൾ നിരപരാധികളാണെന്നും അവർ അന്യന്മാരുടെ തെററിനുവേണ്ടി കഷ്ടപ്പെടുന്നു എന്നും ആണ് വിശ്വസിക്കപ്പെടുന്നത്. എന്നാൽ പരമാർത്ഥം ഇതല്ല.

ഒരുവന്റെ ഒരു പ്രത്യേകജാതിയിലുള്ള ജനനം അവന്റെ പൂർവ്വജന്മത്തിലെ കർമ്മങ്ങളനുസരിച്ചിരിക്കുന്നു എന്നുള്ളതു മതവിശ്വാസമുള്ള ഹിന്ദുക്കളുടെ വിശ്വാസത്തിന്റെ ഒരു ഭാഗം തന്നെ ആണ്. ഛന്ദോഗ്യോപനിഷത്തിൽ പറഞ്ഞിരിക്കുന്നവിധം പൂർവ്വജന്മങ്ങളിൽ സൽകർമ്മം ചെയ്തിട്ടുള്ള ഒരുവൻ ഉയന്ന വംശത്തിലും ദുഷ്കർമ്മങ്ങൾ ചെയ്തവൻ താണവംശത്തിലും ജാതനാകുന്നു. ഒരു വ്യക്തിക്കു കർമ്മനിയമത്തിലും പുനർജ്ജന്മത്തിലും ആത്മാവു് ഒരു ദേഹം വിട്ടു മറെറാരു ദേഹത്തിൽ പ്രവേശിക്കുമെന്നതിലും വിശ്വാസമില്ലെങ്കിൽ അവൻ ഒരു ഹിന്ദുവല്ലാതായിത്തീരുന്നു. രണ്ടാമതായി 'ചണ്ഡാല'രെന്ന പദം ശൂദ്ര-ബ്രാഹ്മണസംയോഗത്തിന്റെ അടുത്ത സന്താനങ്ങളെമാത്രം കുറിക്കുന്നതല്ലെന്നും അവരുടെപിൻഗാമികളെക്കൂടി അതു കുറിക്കുന്നുണ്ടെന്നും 'മനു' വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്. ഇനിയും ബോദ്ധ്യമാകാത്തപക്ഷം മനുസ്മൃതി നോക്കുക.

നാലാമത്തെ നില ഇതാണ്. "പറയന്മാരും പല്ലന്മാരും 'ചണ്ഡാല'വർഗ്ഗത്തിൽ പെട്ടവരാണെങ്കിൽ അവരെ അതിൽനിന്നും വേർതിരിക്കുവാനുള്ള മാർഗ്ഗം ശാസ്ത്രങ്ങൾ തന്നെ ഉപദേശിക്കുന്നുണ്ടു്. തക്കതായ ശുദ്ധികർമ്മങ്ങളെക്കൊണ്ടു് അവരുടെ അശുദ്ധിയെല്ലാം ഇല്ലായ്മ ചെയ്തു ക്ഷേത്രപ്രവേശനത്തിന്നു് അവക്കു് അർഹതയുണ്ടാകുന്നവിധം അവരെ ഉയത്തിക്കൊണ്ടു വരണം."

ഈ നിലയെ പിന്താങ്ങുന്നതായ യാതൊരു പ്രമാണവും യാതൊരാൾക്കും ഈ നിമിഷംവരെ ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. ശാസ്ത്രങ്ങളെ വളരെ നിഷ്കർഷയായി പരിശോധിച്ചിട്ടും ഈ വിഷയത്തെപ്പററി പ്രതിവാദിക്കുന്ന യാതൊരു ഭാഗവും ഇതുവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. പുരാതനാചാര്യന്മാരിൽ ഉദാരതയ കൂടുതലുണ്ടായിരുന്ന ആളായി നവീകരണക്കാർ പറയുന്ന ശ്രീരാമാനുജനുപോലും, ഈ പ്രവൃത്തിയെ നീതീകരിക്കാവുന്ന യാതൊരു നിയമവും ഉണ്ടാക്കുവാൻ സാധിച്ചില്ല. അങ്ങിനെ ഒരു നവീനനിയമം സൃഷ്ടിക്കുവാൻ തനിക്കു പ്രാപ്തിയുണ്ടെന്നു അദ്ദേഹം ഒരിക്കലും അഭിമാനിച്ചിരുന്നുമില്ല. ചരിത്രം എഴുതപ്പെട്ടിരിക്കുന്ന കാലത്തിനു മുമ്പോ പിമ്പോ ഒരു പഞ്ചമനെ 'ശുദ്ധിചെയ്തു' അവനു് ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളതായി അറിയുന്നില്ല. യാതൊരു ദീക്ഷകൊണ്ടും അവനെ ക്ഷേത്രപ്രവേശനാർഹനാക്കിത്തീർക്കുവാൻ സാദ്ധ്യവുമല്ല.

പാപകർമ്മങ്ങൾ അനുഷ്ഠിക്കയാൽ പതിതന്മാരായ ചില ജനങ്ങളെ

വീണ്ടും പൂൎവ്വസ്ഥാനാൎഹന്മാരാക്കിത്തീൎക്കുവാൻ ചില പ്രായശ്ചിത്തകൎമ്മങ്ങളെല്ലാം നിൎവ്വഹിക്കേണ്ടതാണെന്നു ശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നുണ്ടു്. എന്നാൽ ആ കൎമ്മങ്ങൾകൊണ്ടു് പതിതന്മാരെ, അതായതു് പഞ്ചമഹാപാതകങ്ങൾ ചെയ്തവരേയും, സ്വധൎമ്മപരിത്യാഗികളേയും മററും മാത്രമേ ശുദ്ധിയുള്ളവരാക്കിത്തീൎക്കുവാൻ സാധിക്കയുള്ളു. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനു് ഒരു പുതിയ പദവി ഉണ്ടാക്കിക്കൊടുപ്പാൻ ഈ പ്രായശ്ചിത്തകൎമ്മങ്ങൾക്കു സാദ്ധ്യമല്ല. പ്രത്യുത ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻ പാപകൎമ്മങ്ങൾ അനുഷ്ഠിക്കയാൽ കളഞ്ഞുപോയ അവന്റെ പദവിയെ അവ വീണ്ടും ഉണ്ടാക്കുക മാത്രമാണു് ചെയ്യുന്നതു്. മണവാളമഹാമുനിയോ, അഥവാ അടുത്തകാലത്തു് ജീവിച്ചിരുന്ന മററു വല്ല വിശുദ്ധ ആചാൎയ്യന്മാരോ, ഇപ്പോൾ പറഞ്ഞതിന്റെ വിപരീതനിലയെ ഉണ്ടാക്കിത്തീൎക്കുവാൻ വല്ല നിയമവും ഏൎപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, അതു് ഇന്നു നവീകരണക്കാർ ഉണ്ടാക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ തീരെ ശ്രേഷ്ഠമായതല്ല. അവരുടെ ഉപദേശങ്ങൾ ആരും അനുസരിച്ചുവന്നതായും അറിയുന്നില്ല. എന്നാൽ ഇതിന്റെ നേരെമറിച്ചുള്ള നിലയെ പിന്താങ്ങുന്നതായി അനേകം തെളിവുകൾ ഹാജരാക്കുവാൻ സാധിക്കും.

ഇതാണു് അഞ്ചാമത്തെ നില:—“ഒരു ചണ്ഡാലനെ അവന്റെ വൎഗ്ഗത്തിൽനിന്നും വേർതിരിക്കുവാൻ യാതൊരു സൂത്രവും വാസ്തവത്തിൽ ശാസ്ത്രങ്ങളുപദേശിക്കുന്നില്ലെങ്കിൽ, ശാസ്ത്രങ്ങളെ ആധുനികപരിതസ്ഥിതികൾക്കനുയോജ്യമായി മാററുവാൻ മഹാജനങ്ങൾക്കു് അധികാരമുണ്ടു്. അതിനാൽ ഒരു മാററം ആവശ്യപ്പെടുന്ന സമയം അങ്ങിനെ മാറേറണ്ടതാകുന്നു.”

ഈ നിലയുടെ ആദ്യഭാഗത്തെ തെളിയിക്കുന്ന യാതൊരു പ്രമാണങ്ങളും ഇതുവരെ ചൂണ്ടിക്കാണിച്ചിട്ടില്ല. രണ്ടാമത്തേതിനെ ഉദാഹരിക്കുന്നതായി ഇതുവരെ യാതൊരു മാററവും വരുത്തിയിട്ടുള്ളതായി അറിയുന്നുമില്ല. ആദ്യഭാഗത്തെ സംബന്ധിച്ചു് ഒരു വാദം പുറപ്പെടുവിച്ചുകാണുന്നുണ്ടു. അതു് പിന്നീടുണ്ടായ സ്മൃതികളിൽ കാണുന്ന നിയമങ്ങൾ, ആദ്യകാലത്തുണ്ടായിരുന്ന സ്മൃതിനിയമങ്ങളെ പരിഷ്കരിച്ചുണ്ടാക്കപ്പെട്ടവയാണെന്നുള്ളതാണു്. അതുപോലെതന്നെ ഒരു ഭേദപ്പെടുത്തലു് ഇന്നുമാകാം. ഇന്നു് അതിന്റെ ആവശ്യവും നേരിട്ടിരിക്കുന്നു. എന്നാൽ ഇതും ഒരു തെററിദ്ധാരണയുടെ ഫലംതന്നെ ആണെന്നു പറയേണ്ടിയിരിക്കുന്നു. ശ്രദ്ധിച്ചുനോക്കുന്നപക്ഷം ഒരു സ്മൃതിയും, മററൊരു

സ്മൃതിയെ ഭേദപ്പെടുത്തിയിട്ടില്ലെന്നു കാണാം. ഒരു സ്മൃതി ഒരു യുഗത്തിന്നു പ്രത്യേകം അനുയോജ്യമായിരിക്കുന്ന നിയമങ്ങൾ പ്രത്യേകമായി വിധിച്ചിരിക്കുന്നു. എന്നാൽ മറെറാരു സ്മൃതി വേറൊരു യുഗത്തിന്നനുയോജ്യമായ നിയമങ്ങൾ പ്രത്യേകമായി വിധിച്ചിരിക്കുന്നു. എന്നാൽ ഒരേയുഗത്തിന്നനുയോജ്യമായ നിയമങ്ങളെത്തന്നെ ഓരോ സ്മൃതികളും ഓരോവിധം വിധിച്ചിട്ടില്ല.

രണ്ടാമത്തെ ഭാഗത്തെ സാധൂകരിപ്പാനായി ഹാജരാക്കപ്പെടുന്ന വാദമുഖം ഇതാണ്. "പുരാതനസ്മൃതികൾ ഒരിക്കലും ആധുനികകാലത്തുണ്ടായിരിക്കുന്ന സംഭവങ്ങളെപ്പററി ആലോചിച്ചിട്ടില്ല. നാലു വർഗ്ഗക്കാരും ഇന്നു മിക്ക കാൎയ്യത്തിലും അവരവരുടെ സ്വധൎമ്മങ്ങൾ ദൂരതഃപരിത്യജിച്ചിരിക്കുന്നു. എന്നിട്ടും അവരെ പതിതന്മാരായി ഗണിക്കാതെ അവരെ ആ നിലയിൽത്തന്നെ നില്ക്കുവാൻ അനുവദിക്കുന്നു. അതു് പാടില്ലാത്തതല്ലെ? അപ്പോൾ മറെറാരുവിധത്തിലുള്ള ഭേദഗതിയുംകൂടി ഉണ്ടാക്കുന്നതുകൊണ്ടുള്ള ദൂഷ്യം എന്താണ്?" ഇതിനും രണ്ടു സമാധാനമാണ് പറയുവാനുള്ളതു്. ഒരു തസ്കരനേയോ കൊലപാതകിയേയോ ശിക്ഷിച്ചില്ലെങ്കിൽ—പേടികൊണ്ടോ സ്നേഹംകൊണ്ടോ അഥവാ തെളിവില്ലായ്കയാലോ ശിക്ഷിക്കുവാൻ സാധിച്ചില്ലെങ്കിൽ—അതുകൊണ്ടു് കളവിനേയും കൊലപാതകത്തേയും സംബന്ധിച്ച നിയമങ്ങൾ ഭേദപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യേണ്ടതാണെന്നു പറയാമോ? വൈഷമ്യം ഉണ്ടായിരിക്കുന്നതു നിയമത്തെ സംബന്ധിച്ചല്ല; എന്നാൽ അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന രീതിയിലും ആ കുററങ്ങൾ ആരോപിക്കപ്പെട്ട മനുഷ്യരിലും ആണ്. ഏതുവിധമിരുന്നാലും കുററക്കാരനെ ശിക്ഷിക്കാം. അതുപോലെതന്നെ കഴിയുന്നവിധത്തിലുള്ള ന്യൂനതകളെല്ലാം പരിഹരിച്ചു് ആ നിയമങ്ങളെ അതേവിധംതന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കേണ്ടതു് എല്ലാ നല്ല ഗവൎമ്മെൻറിൻേറയും കടമയത്രേ. അങ്ങിനെയുള്ള ഒരു കടമ സമുദായങ്ങൾക്കും ചെയ്യേണ്ടതായിട്ടുണ്ടു്. ചെയ്തുപോയ ഒരു തെററു കൊണ്ടു ചെയ്യുവാനുദ്ദേശിക്കുന്ന മറെറാരു തെററിനെ ഒരിക്കലും നീതീകരിക്കാവുന്നതല്ല.

രണ്ടാമത്തെ ഉത്തരം ഇതാണ്. സ്വധൎമ്മങ്ങളെ പരിത്യജിച്ചു ജീവിക്കുന്ന ഒരുവനെ ശിക്ഷിക്കാതിരിക്കുന്നതു് അതിനു് സാദ്ധ്യമാകുന്നില്ലെന്നുള്ളതുകൊണ്ടു മാത്രമാണ്. താണവൎണ്ണത്തിൽപെട്ട ഒരുവൻ എന്തു ഭിക്ഷകൊണ്ടുതന്നെ ആയാലും ഉപരിവൎണ്ണത്തിൽപെട്ട ഒരുവ

നായിത്തീരുവെന്നുള്ളതിന്നു ഒരുദാഹരണംപോലും ഇല്ല. മുൻപറയപ്പെട്ടതുപോലെ ഒരു ചണ്ഡാലന്ന് ഒരു വൎണ്ണവുമില്ല. അവൻ, ആ പദം ഉപയോഗിക്കാമെങ്കിൽ, ഒരവൎണ്ണനാണ്. അവന്റെ ചണ്ഡാലശരീരം നശിക്കാതിരിക്കുന്നതുവരെ, എന്തു കൎമ്മങ്ങളനുഷ്ഠിച്ചാലും അവന്ന് ഒരു സവൎണ്ണനാകുവാൻ ഒരിക്കലും സാദ്ധ്യമല്ല.

മനുസ്മൃതിയെ ആധാരമാക്കി നവീകരണകക്ഷിയിൽപ്പെട്ട ഒരു പണ്ഡിതൻ ശാസ്ത്രങ്ങൾ നാലു ജാതിക്കാരെപ്പററി മാത്രമേ പ്രസ്താവിക്കുന്നുള്ളു എന്നും, തന്മൂലം അഞ്ചാമതൊരു ജാതിയോ ജാതിയില്ലാത്തവരോ ഉണ്ടായിരുന്നില്ലെന്നും പറയുന്നു. എന്നാൽ ഈ പ്രസ്താവനക്കുള്ള കാരണം പദങ്ങളെ വീണ്ടും തെററിദ്ധരിക്കുന്നതുകൊണ്ടാണ്. ശാസ്ത്രങ്ങൾ ഉൽഘോഷിച്ചിട്ടുള്ളത് നാലു വൎണ്ണങ്ങൾ മാത്രമേ ഉള്ളു എന്നും, അഞ്ചാമതൊരു വൎണ്ണം ഇല്ലെന്നും മാത്രമാണ്. നാലു ജാതിക്കാർ മാത്രമേ ഉള്ളു എന്നും, അഞ്ചാമതൊരു ജാതിയില്ലെന്നും ഒരു ശാസ്ത്രവും ഒരിക്കലും പറഞ്ഞിട്ടില്ല. വൎണ്ണം, ജാതി ഈ പദങ്ങളെ യഥേഷ്ടം ഒരേ അൎത്ഥത്തിൽതന്നെ ഉപയോഗിക്കുവാൻ വയ്യാ. ഒരു അഴഞ്ഞ മട്ടിൽ ഒരുപക്ഷേ നാം ഇന്ന് അങ്ങിനെ ഉപയോഗിക്കുന്നുണ്ടായിരിക്കാം. വാസ്തവത്തിൽ അതുപോലും പാടില്ല. വൎണ്ണങ്ങൾ അന്നും ഇന്നും നാലുതന്നെ; ജാതികൾ എണ്ണിയാൽ എണ്ണമില്ല. ഒരു ബ്രാഹ്മണന്ന് ഒരു ബ്രാഹ്മണസ്ത്രീയിൽ ജാതരാകുന്ന സന്താനങ്ങളല്ലാതെ ഒരിക്കലും ബ്രാഹ്മണരാകുന്നില്ല; ആകുവാനോ ആക്കുവാനോ സാദ്ധ്യവുമല്ല. ഒരു ക്ഷത്രിയന്ന് ഒരു ക്ഷത്രിയസ്ത്രീയിൽ ജനിക്കുന്ന കുട്ടികളല്ലാതെ ക്ഷത്രിയനാകുന്നില്ല. ഒരു വൈശ്യന്ന് ഒരു വൈശ്യസ്ത്രീയിൽ ജനിക്കുന്ന കുട്ടികൾ മാത്രമാണ് വൈശ്യർ. അതുപോലെതന്നെ ഒരു ശൂദ്രന്ന് ഒരു ശൂദ്രസ്ത്രീയിൽ ജനിക്കുന്ന സന്താനങ്ങൾ ശൂദ്രരത്രേ. മററു വിധത്തിലുള്ള സംബന്ധംകൊണ്ടുണ്ടാകുന്ന കുട്ടികൾ അവൎണ്ണരും, സങ്കരജാതിയിൽ പെട്ടവരുമാണ്. ഇങ്ങിനെ ഉണ്ടാകുന്ന സങ്കരജാതിക്ക് അവസാനമില്ല. പ്രത്യേകവൎണ്ണത്തിൽപെട്ട സ്ത്രീപുരുഷരുടെ സംയോഗംകൊണ്ടും, പ്രത്യേകജാതിയിൽപെട്ട സ്ത്രീപുരുഷന്മാരുടെ സംബന്ധംകൊണ്ടും, പ്രത്യേകജാതിയിൽ പെട്ടവരുടേയും വൎണ്ണത്തിൽ പെട്ടവരുടേയും സംയോഗംകൊണ്ടും മററും ഉത്ഭവിക്കുന്ന സന്താനങ്ങളെല്ലാം ഓരോ സങ്കരജാതിയിൽ പെട്ടവരാണ്. ഈ സങ്കരജാതി എത്രയുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല.

ഇനി നമുക്ക് ആറാമത്തെ വാദമുഖം പരിശോധിക്കാം:—

'ശാസ്ത്രങ്ങളെ ആധുനികപരിതസ്ഥിതികൾക്കനുയോജ്യമായി ഭേദപ്പെടുത്തുവാൻ പാടില്ലെങ്കിൽ നിയമനിർമ്മാണംകൊണ്ട് അവയെ പരിത്യജിപ്പിക്കുകയും, റദ്ദ് ചെയ്യിപ്പിക്കുകയും വേണം.' കൊള്ളാം, അതിവിശേഷംതന്നെ! നിയമനിർമ്മാണാധികാരത്തെ ഇതിനേക്കാൾ കൂടുതൽ അക്രമമായവിധം ഉപയോഗിക്കുവാൻ സാധിക്കുമെന്ന് ആലോചിപ്പാൻപോലും സാദ്ധ്യമല്ല! ഇന്നു നടപ്പിലിരിക്കുന്ന നിയമങ്ങളും സമ്പ്രദായങ്ങളും ബാധിക്കുന്ന പഞ്ചമക്ക് അവയെ ഭേദപ്പെടുത്തേണമെന്ന യാതൊരാഗ്രഹവും വാസ്തവത്തിൽ ഇല്ല. പ്രത്യുത ഒരു പുതിയ മാററമുണ്ടാകുന്നതിനെ അവർ തങ്ങൾക്കുള്ള സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകയാണ് ചെയ്യുന്നത്. ഇതിനും പുറമേ ഉദ്ദേശിക്കുന്ന വിധത്തിൽ ഒരു ഭേദഗതി ചെയ്യുന്നത് നിശ്ചയമായും തങ്ങൾക്ക് അപരിഹാര്യമായ ഒരാപത്തിനെ ഉണ്ടാക്കിത്തീർക്കും എന്ന് അവർക്കു ബോദ്ധ്യവുമുണ്ട്. അവർ ആദ്യം ചെയ്തുവന്നിരുന്ന മാതിരി സ്വന്തം ക്ഷേത്രത്തിൽ സ്വന്തം ഈശ്വരനെ ആരാധിക്കുന്നതുകൊണ്ട് കൂടുതൽ ആത്മീയഗുണം സിദ്ധിക്കുമെന്നാണ് അവരുടെ ഉത്തമവിശ്വാസം. ഗോപുരദർശനവും, ഉത്സവകാലങ്ങളിൽ പുറത്തേക്കെഴുന്നള്ളിക്കുമ്പോൾ വിഗ്രഹാരാധനയും, അവർക്ക് ആവശ്യമുള്ളിടത്തോളം ആത്മീയഗുണം ഉണ്ടാക്കും. ഒരുപക്ഷേ ക്ഷേത്രത്തിനകത്തു കടന്ന് ആരാധന നടത്തുന്നതിനേക്കാൾ കൂടുതൽ ഗുണം ഇതുകൊണ്ട് ലഭിച്ചു എന്നും വരാം. ഏഴാമത്തെ നില ഏററവും നിന്ദ്യമായ ഒന്നാണെന്ന് അതുതന്നെ വിളിച്ചുപറയുന്നുണ്ട്. തന്മൂലം അതിനെപ്പററി ഒന്നും ഉപന്യസിക്കേണ്ടതില്ല.

ഇന്നത്തെ നവീകരണക്കാർ പുതിയ ഒരഭിപ്രായം പുറപ്പെടുവിച്ചു കാണുന്നുണ്ട്. പഞ്ചമർ അനേകകാലമായി അനുഭവിച്ചുവന്ന ഞെരുക്കംകൊണ്ടും, അമർത്തൽകൊണ്ടും തന്നെത്താൻ ആലോചിച്ചു പ്രവർത്തിക്കുന്നതിനു ശക്തിയില്ലാത്തവരായി തീർന്നിരിക്കുന്നു എന്നുള്ളതും, എന്തെല്ലാമാണ് അവർക്കു ഗുണത്തെ പ്രദാനം ചെയ്യുന്നതെന്ന് അവർക്ക് അറിയുവാൻ സാധിക്കുന്നില്ലെന്നുള്ളതും ആണ് ഈ നൂതനാഭിപ്രായം. അതിനാൽ തങ്ങൾ, നവീകരണക്കാർ, പഞ്ചമരുടെ ഗുണത്തെ മുൻനിർത്തി പ്രവർത്തിക്കാത്തപക്ഷം അതു പഞ്ചമർ അവരിൽ സമർപ്പിച്ചിരിക്കുന്ന വിശ്വാസത്തെ ഇല്ലായ്മ ചെയ്യുകയായിരിക്കും. വിശിഷ്യ അതു തങ്ങളെ, അതായതു നവീകരണക്കാരെ സംബന്ധിച്ചിടത്തോളം കർത്തവ്യഭംഗവുമായിരിക്കും! എന്നാൽ പറയപ്പെടുന്ന ഈ 'സഹോദര

സ്നേഹം' ഇതിനുമുമ്പ് അവക്കുണ്ടാകാതിരുന്നതെന്തുകൊണ്ടാണ്? ഹിന്ദു-മുസ്ലിംപ്രശ്നം ജീവനില്ലാത്ത ഒന്നായിത്തീൎന്നതിനുശേഷം ഈ 'സ്നേഹം' വൎദ്ധിക്കുവാനുള്ള കാരണമെന്തു്? ഒരു ചെന്നായ് ഒരാടിന്റെ നേരെ തനിക്കുണ്ടെന്നു നടിക്കുന്ന കപടസ്നേഹം മാത്രമല്ലേ ഇതു്? ക്ഷേത്രപ്രവേശനപ്രസ്ഥാനം രാഷ്ട്രീയപീഠത്തിലെ ഒരു വെറും പലകയല്ലേ? അതു് ജാതിവ്യത്യാസത്തെ നശിപ്പിക്കുവാനുള്ള അഗാധമായ ഗൂഢാലോചനയുടെ ഒരു ഭാഗം മാത്രമല്ലേ? കുറെ കാലം കഴിഞ്ഞു് എല്ലാ മനുഷ്യരും—പഞ്ചമരുൾപ്പെടെ—ക്ഷേത്രങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു എന്ന കാരണംകൊണ്ടു ക്ഷേത്രങ്ങളെ നശിപ്പിക്കുവാനുള്ള ഒരു സൂത്രമല്ലേ ഇതു്? (സ്വരാജ്യഭരണരീതി ഏൎപ്പെടുത്തപ്പെട്ടശേഷം ക്ഷേത്രങ്ങളെല്ലാം നശിപ്പിക്കപ്പെടുന്നതായാൽ അതു ഗവൎമ്മേൻറിന്റെ ഖജനാവിനെ പൂരിപ്പിക്കുമല്ലൊ.) നവീകരണക്കാർ ആവശ്യപ്പെടുന്ന ഈ നിയമം അനുവദിക്കുന്നതിനുമുമ്പ് അധികൃതന്മാർ മുൻപറയപ്പെട്ട പ്രശ്നങ്ങളെപ്പററി നല്ലപോലെ ആലോചിച്ചാൽ കൊള്ളാം. ഉണ്ടാക്കുവാനുദ്ദേശിക്കുന്ന ഈ മാററം, നിശ്ചയമായും രാജ്യത്തിൽ കുഴപ്പത്തേയും ലഹളയേയും ഉണ്ടാക്കാതിരിക്കയില്ല. അതു ഗവൎമ്മേൻറിന്റെ ശക്തി നശിപ്പിക്കുകയില്ലേ? ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന നിയമലംഘനപ്രസ്ഥാനം ഇതുമൂലം അതിന്റെ മൂൎദ്ധന്യദശയെ പ്രാപിക്കുകയില്ലേ?

ഈ പ്രശ്നത്തെപ്പററിയ രാജ്യനിയമത്തെക്കുറിച്ചും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ക്ഷേത്രങ്ങൾ എല്ലാ ഹിന്ദുക്കളുടേയും കൂടിയ ഒരു പൊതുസ്വത്താണെന്നു നവീകരണക്കാർ പറയുന്നുണ്ടു്. പഞ്ചമർ 'ഹിന്ദു'ക്കളായതിനാൽ, അവൎക്കും ക്ഷേത്രപ്രവേശനത്തിന്നു് അവകാശമുണ്ടെന്നാണ് ഇവരുടെ വാദം. ഈ പ്രസ്താവനയുടെ രണ്ടു ശാഖകളും തീരെ തെററാണ്. ക്ഷേത്രങ്ങൾ ഹിന്ദുക്കളുടെ സ്വത്തല്ല. അവ ഓരോന്നിലും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈശ്വരന്റെ സ്വത്താണ്. ആ ക്ഷേത്രഭാരവാഹിയുടെ അഭീഷ്ടത്തിന്നു വിരോധമായി ആൎക്കും അവിടെ പ്രവേശിക്കുവാൻ അനുവാദം ലഭിക്കുവാൻ അവകാശവുമില്ല. ആ ഭാരവാഹി ഏൎപ്പെടുത്തിയിരിക്കുന്ന നിയമങ്ങളെല്ലാം അനുസരിക്കേണ്ടതാണ്. ഈ അഭീഷ്ടങ്ങളും നിയമങ്ങളുമെല്ലാം ശാസ്ത്രങ്ങൾ വിധിച്ചിരിക്കുന്നവ തന്നെയാണ്. ഇവയെ അവഗണിച്ചു ക്ഷേത്രങ്ങളിൽ കടക്കുവാനൊരുങ്ങുന്നതു സ്വത്തിനെ അപഹരിക്കുവാനൊരുങ്ങുന്നതുപോലെതന്നെയാണ്. എന്നു മാത്രവുമല്ല, 13 മദ്രാസ്സ്, 31 മദ്രാസ്സ്,

27മദ്രാസ്സ് "ലാ ജേർണലിൽ" പറഞ്ഞിരിക്കുന്ന വിധം ക്ഷേത്രങ്ങളും അതിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന വിഗ്രഹത്തിൻെറ സ്വത്താണ്; അവകൊണ്ടുള്ള ഉപകാരം ലഭിക്കണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നവർ നാലു വർണ്ണക്കാർ മാത്രമാണ്. അതിനാൽ നാലു വർണ്ണങ്ങൾക്കും പുറമെ നില്ക്കുന്നവരായ ചണ്ഡാലന്മാക്ക് അതിനെ സംബന്ധിച്ചു ഒരവകാശവുമില്ല. ഇതിനും പുറമെ മറെറാരു വൈഷമ്യവുംകൂടി ഉണ്ട്. സാധാരണ നിയമങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്താവിക്കുന്ന സമയം പഞ്ചമരെ 'ഹിന്ദു'ക്കളായി കണക്കാക്കാമെങ്കിലും, ക്ഷേത്രാരാധനയെ സംബന്ധിച്ചിടത്തോളം അവരെ 'ഹിന്ദു'ക്കളായി കണക്കാക്കാമോ എന്ന കാൎയ്യം സംശയാവഹമാണ്. ആൎയ്യസമാജക്കാരും, ബ്രഹ്മസമാജക്കാരും, ഹിന്ദുക്കളായ നിരീശ്വരവിശ്വാസികളും എല്ലാം ഹിന്ദുനിയമത്താൽ ഭരിക്കപ്പെടുന്നതുകൊണ്ട് അവരെ സാധാരണ പൊതുവെ 'ഹിന്ദു'ക്കളെന്നു വിളിച്ചുവരുന്നുണ്ട്. എന്നാൽ ഹിന്ദുമതസ്ഥാപനങ്ങളായിരിക്കുന്ന ക്ഷേത്രങ്ങളിൽ ആരാധിക്കുവാൻ ഇവൎക്കധികാരമില്ല; അവകാശവുമില്ല.

രസകരമായ ഒരു ചോദ്യം ഈ സന്ദർഭത്തിൽ ചോദിച്ചുവരുന്നതായി കേൾക്കാറുണ്ട്. "നിങ്ങൾ യൂറോപ്യൻ ക്രിസ്ത്യാനികൾ, അമേരിക്കൻ ക്രിസ്ത്യാനികൾ, ജൂതന്മാർ, പാർസികൾ മുതലായ പരദേശമതക്കാരെ നിങ്ങളുടെ ക്ഷേത്രങ്ങളിൽ ധ്വജസ്തംഭംവരെ പ്രവേശിക്കുവാൻ അനുവദിക്കുന്നുണ്ടല്ലൊ. ആ സ്ഥിതിക്കു നിങ്ങളുടെ സ്വന്തം മതക്കാരായ പഞ്ചമരേയും മററും അവിടംവരെ എങ്കിലും പ്രവേശിക്കുവാൻ അനുവദിക്കാത്തതു് എന്തു ന്യായമാണ്?" ഇതിനുള്ള സമാധാനം ഒരു തെററുകൊണ്ടു മറെറാരു തെററിനെ ശരിയാക്കുവാൻ അസാദ്ധ്യമാണെന്നുള്ളതാണ്. ഇങ്ങിനെ ഒരു പതിവു നടപ്പുണ്ടെങ്കിലും ഇല്ലെങ്കിലും അതിനെ ഇല്ലായ്മചെയ്യണമെന്നു മാത്രമാണ് ഈ വാദംകൊണ്ടു കാണിക്കുന്നതു്. അല്ലാതെ ഇന്നു പ്രവൎത്തിച്ചുവരുന്ന ഒരു തെററിനോടുകൂടി ഇനിയും ഒരു തെററുകൂടി പ്രവൎത്തിക്കേണ്ടതാണെന്ന് ഇതുകൊണ്ട് അൎത്ഥമില്ല. ഇന്നു ചെയ്യപ്പെട്ടുവരുന്ന ഈ തെററു വിദേശാധിപത്യത്തിൻെറ ഒരു ഫലമാണ്. അതിനാൽ ആ വിദേശാധിപത്യന്യൂനതയെ പരിഹരിക്കുവാൻ ശ്രമിക്കേണ്ടതു് ഏതൊരു ഹിന്ദുവിൻേറയും കൎത്തവ്യമാണ്.

രാഷ്ട്രീയാവശ്യകതയെ സംബന്ധിക്കുന്ന ഒരു വാദവുംകൂടി പുറപ്പെടുവിച്ചു കാണുന്നുണ്ട്. അതിൽ രണ്ടു കാൎയ്യങ്ങളാണു പറയാറുള്ളതു്.

പഞ്ചമർ ഇന്നു തന്നെത്താൻ കാൺഗ്രസ്സു കക്ഷിക്കാരുമായി സഹകരിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിൻെറ രാഷ്ട്രീയാവശ്യകതകളിലൊന്നാണ് ഈ "പഞ്ചമ—കാൺഗ്രസ്സ്" സഹകരണം. ആ ഫലം ലഭിക്കുവാൻ വേണ്ടിയുള്ള ഒരുപകരണം മാത്രമാണു ക്ഷേത്രപ്രവേശനപ്രസ്ഥാനം. ഇതിനുള്ള സമാധാനം ഇന്നത്തെ രാഷ്ട്രീയനിലയിൽ ഇങ്ങിനെ ഒരു മാററമുണ്ടാക്കേണ്ട ആവശ്യമില്ല എന്നുള്ളതാണ്. അഥവാ ആവശ്യമുണ്ടെങ്കിൽതന്നെ അതിനുള്ള മാർഗ്ഗം ഇതല്ല. ഇതിനേക്കാൾ നല്ലതും ഇത്രത്തോളം ഉപദ്രവകരമാകാത്തതുമായ മറെറാരു മാർഗ്ഗം ഉണ്ടെങ്കിൽ കണ്ടുപിടിക്കണം. ഈ വിധമുള്ള ഒരു ബലി കഴിക്കുന്നതായാൽ മാത്രമേ ലഭിക്കു എന്നുള്ള സ്വരാജ്യഗവമ്മേൻറ് ഞങ്ങൾക്കാവശ്യമില്ല തന്നെ. സ്വരാജ്യഗവമ്മേൻറിനെ ഞങ്ങൾ ഇഷ്ടപ്പെടായ്കയില്ല; പക്ഷേ ഞങ്ങൾ അതിനേക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നതു ഞങ്ങളുടെ വിശുദ്ധമതത്തേയാണ്.

ഇനിയത്തെ ഒരു സംഗതി ഇതാണ്. ആദിദ്രാവിഡക്കു ക്ഷേത്രപ്രവേശനം അനുവദിക്കാത്തപക്ഷം അവർ ഹിന്ദുമതത്തെ പരിത്യജിക്കും. ഈ നോട്ടം ഒരു വെറും രാഷ്ട്രീയഭീതി മാത്രമാണ്. അവരെ ഇതരമതങ്ങളിൽ ചേക്കുവാൻ പലപ്പോഴും പലരും ശ്രമിച്ചിട്ടുണ്ട്; എന്നാൽ മിക്കവാറും ആ ശ്രമം പരാജയപ്പെടുകയാണു ഉണ്ടായിട്ടുള്ളത്. ആദിദ്രാവിഡക്കു സ്വന്തം കുലത്തിൻേറയും പൂർവ്വികന്മാരുടേയും ഈശ്വരന്മാരിൽ വളരെ ഭക്തിയും ഭയവും വിശ്വാസവുമുണ്ട്. അതിനാൽ മറെറാരു വിശ്വാസം സ്വീകരിക്കുവാൻ നിർബ്ബന്ധിക്കുക എന്നുള്ളതും സ്വന്തം മതനിയമങ്ങളെ അവഗണിപ്പിക്കുക എന്നതും അത്ര ക്ഷിപ്രസാദ്ധ്യമല്ല. അവർ മറെറാരു മതം അംഗീകരിക്കുന്നതായാൽ അതിനുള്ള കാരണം ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശനമില്ലായ്കയല്ല; വേറെ വല്ലതുമായിരിക്കാം.

ഒരു മറുവടി.

കമ്മററിയുടെ ചോദ്യക്കടലാസ്സ് സഹിതം അമ്പലം തീണ്ടുന്ന കാര്യത്തിൽ എൻെറ അഭിപ്രായത്തിന്നയച്ച എഴുത്തു കിട്ടി. എന്നാൽ ചോദ്യങ്ങൾ, കമ്മററിക്കാരുടെ ചോദ്യങ്ങൾ, കമ്മററിക്കാൎക്കു തമ്പുരാൻ തിരുമനസ്സുകൊണ്ടു കൊടുത്തിട്ടുള്ള അധികാരത്തിൽ കവിഞ്ഞിട്ടുള്ളവയും അടിസ്ഥാനവും അവകാശവും ഇല്ലാത്തവയും അന്തർവ്യാജ

മെന്നു *

ഭ്രഷ്ടിഷ്ടങ്ങളും ആയത്തുകൊണ്ട്, ന്യായക്കോടതികൾ മുഖാന്തരമല്ലാതെ ഞാൻ ഉത്തരം പറവാൻ തയ്യാറില്ല—എന്ന് മൂത്തമന നാരായണൻ ഭട്ടതിരിക്ക് ഓവങ്കര ചെറിയ ശങ്കരൻ നമ്പൂതിരി (കുട്ടിരാജാ)

കൊല്ലങ്കോട്ട് രാജാവിൻെറ കത്ത്.

എൻെറ പ്രിയപ്പെട്ട സാമൂതിരി മഹാരാജാവേ,

കൊല്ലങ്കോട്,
1932 ഡിസംബർ 18-ാംനു-

മലബാറിലെ ക്ഷേത്രത്തിൽ അവർണ്ണഹിന്ദുക്കളുടെ പ്രവേശനമാകുന്ന പ്രശ്നത്തെപ്പററി, എൻെറ അഭിപ്രായം അറിയുവാനായി നിങ്ങൾ സദയം അയച്ചുതന്ന ഒക്ടോബർ 21-ാംനു-ലെ കത്ത്, യഥാകാലം എനിക്കു കിട്ടി. അതിനു ഒരു മറുവടി അയക്കുവാൻ ഇത്ര കാലദൈർഘ്യം നേരിട്ടതിൽ, ഞാൻ നിർവ്യാജമായി വ്യസനിക്കുന്നു. എന്നാൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം സ്വീകാര്യയോഗ്യമായിരിക്കുന്ന തന്ത്രിനമ്പൂതിരിമാരുടേയും മററു മതാധിപതികളുടേയും അഭിപ്രായം അറിയുവാൻ എനിക്ക് കുറേ കാലതാമസം വേണ്ടിവന്നു. എൻെറ അന്വേഷണംകൊണ്ട് എനിക്കറിയുവാൻ ഇടവന്നിട്ടുള്ളത് ഇതാണ്. പൂർവ്വാചാരത്തിനും ദേശസമ്പ്രദായത്തിനും വിപരീതമായ വിധം, നമ്മുടെ ക്ഷേത്രങ്ങൾ ഇന്നുവരെ തുറന്നു കൊടുക്കപ്പെട്ടിട്ടില്ലാത്ത ജാതിക്കാർക്ക് ഇന്ന് അവയെ തുറന്നുകൊടുക്കുവാൻ ഉദ്ദേശിക്കുന്നതിനെ, ഉത്തരവാദിത്വബോധമുള്ളവരും സാധാരണക്കാരുമായ മലബാറിലെ ഭൂരിപക്ഷം ജനങ്ങളും തീരെ പ്രതിഷേധിക്കുന്നു. ഓരോ ജാതിക്കാർക്കു വർഗ്ഗക്കാർക്കും അവരവരുടെ സ്വന്തം ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളിൽ അവരവർക്കു യഥേഷ്ടം ആരാധന നടത്താം; ഇന്നു നടത്തിവരുന്നുമുണ്ട്. എന്നാൽ സവർണ്ണഹിന്ദുക്ഷേത്രങ്ങൾ ഇന്നു തടയപ്പെട്ടിരിക്കുന്ന ജാതിക്കാർക്കായി തുറന്നു കൊടുക്കപ്പെടുന്നപക്ഷം, നിശ്ചയമായും അത് സവർണ്ണഹിന്ദുക്കളെ പ്രസ്തുതക്ഷേത്രങ്ങൾ ഉപേക്ഷിക്കുവാൻ നിർബ്ബന്ധിക്കുകയായിരിക്കും. ഇതിനും പുറമേ ഇന്ന് ആ ക്ഷേത്രങ്ങളിൽ പൂജാദികൾ നടത്തിവരുന്ന പുരോഹിതന്മാരും തന്ത്രികളും ആ ജോലി നിർവ്വഹിക്കാതിരിക്കുവാനും എളുപ്പമുണ്ട്. ലോകത്തിലുള്ള ഏതു രാജ്യത്തും, അതിൻെറ സ്വന്തം മതനിയമങ്ങളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും, കർമ്മങ്ങളും, യഥേഷ്ടം നിർവ്വഹിക്കപ്പെട്ടു

വരുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം, കേരളത്തിന്നു മാത്രം ഒരു പ്രത്യേകതയില്ല. മതത്തെ പരിവർത്തനങ്ങളുണ്ടാക്കുവാനുള്ള ഒരായുധമാക്കിത്തീൎക്കുക എന്ന ഇന്നത്തെ രാഷ്ട്രീയക്ഷോഭക്കാരുടെ ശ്രമം, നിശ്ചയമായും പരാജയത്തിൽകലാശിക്കും. കൂടാതെ അതു സമുദായത്തിന്റെ അധഃപതനത്തിന്നും കാരണമായിത്തീരും. കോയ്മപ്പരിവൎത്തനസംബന്ധമായ 'സ്വാതന്ത്ര്യ'ത്തിന്റേയും 'സമത്വ'ത്തിന്റേയും പ്രവാഹം, ജീവിതത്തിലെ എല്ലാ മാൎഗ്ഗങ്ങളിലും ഉണ്ടായിട്ടുള്ളതായി ഭാരതത്തിലെവിടെ നോക്കിയാലും കാണുവാൻ സാധിക്കും. ജീവിതത്തിലെ ഉൽകൃഷ്ടപ്രശ്നങ്ങളെപ്പററി യാതൊരറിവുമില്ലാത്ത സാധാരണജനങ്ങൾ, ഈ അഗാധബോധത്തെ രാഷ്ട്രീയോദ്ദേശങ്ങൾ നിറവേററുവാനായി ഉപയോഗപ്പെടുത്തുന്നു. ഗുരുവായൂരിലെ സത്യാഗ്രഹപ്രസ്ഥാനവും ഈ പ്രവാഹത്തിന്റെ ഒരു ചെറിയ ശാഖമാത്രമാണ്. ഈ കോയ്മപ്പരിവൎത്തനസംരംഭങ്ങളെ നാം എതിൎക്കുകയും, നമ്മുടെ വിശുദ്ധദേവാലയങ്ങളെ സംരക്ഷിക്കുകയും ചെയ്യാത്ത പക്ഷം, നിശ്ചയമായും അതു നമ്മുടെ കൎത്തവ്യങ്ങൾ നിൎവ്വഹിക്കാതിരിക്കുകയായിരിക്കും. ക്ഷേത്രങ്ങളിലെ ചില പ്രത്യേക ഭാഗങ്ങളിലുള്ള പ്രവേശനത്തെ സംബന്ധിച്ച്, സവൎണ്ണഹിന്ദുക്കൾക്കുപോലും ചില നിയമങ്ങളെല്ലാം അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. സ്ഥാനംകൊണ്ടും മാനംകൊണ്ടും, വിലകൊണ്ടും നിലകൊണ്ടും, ഏററവും ഉയൎന്ന ഒരു പദവിയെ അൎഹിക്കുന്ന തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാൎക്കുപോലും, ക്ഷേത്രത്തിൽ ഇന്ന ദിക്കിൽ മാത്രമേ പ്രവേശിക്കാവൂ എന്ന് നിശ്ചയമുണ്ട്. (വേണമെങ്കിൽ ഇവൎക്ക് ഇഷ്ടംപോലെ, ആ ക്ഷേത്രനിയമം ഭേദപ്പെടുത്താം.) ക്ഷേത്രത്തിലെ വിശുദ്ധകൎമ്മങ്ങളെല്ലാം ഏതു ജാതിക്കാൎക്കും യഥേഷ്ടം അനുഷ്ഠിക്കുവാൻ പാടില്ല. ഓരോ ജോലിയും, തിരഞ്ഞെടുക്കപ്പെട്ട ഓരോ ജാതിക്കാർ മാത്രം ചെയ്യേണ്ടിയിരിക്കുന്നു. വേറെ ചില ദിക്കുകളിൽ നടപ്പുള്ളതുപോലെ, മലബാറിൽ എല്ലാവൎക്കും, പ്രതിഷ്ഠക്കടുത്തു പോകുവാൻ പാടില്ല. എല്ലാ ക്ഷേത്രങ്ങളിലും ഓരോ ആചാരവും നിയമവും നടപ്പുണ്ട്. പ്രത്യേകമായ ഓരോ ആരാധനക്രമങ്ങളും അവിടെ അനുഷ്ഠിക്കപ്പെടുന്നു. അവയിൽനിന്നുമുള്ള ഒരു വ്യതിയാനം നിശ്ചയമായും സമ്മിശ്രത്തേയും കുഴപ്പത്തേയും ഉണ്ടാക്കാതിരിക്കുന്നതല്ല; എന്നു മാത്രവുമല്ല, ആ വിധമുള്ള ആരാധനയിൽ പഴകി വന്നവരുടെ ആരാധനാസ്വാതന്ത്ര്യത്തെ അത് ഇല്ലാതാക്കിത്തീൎക്കും.

ഒരു ക്ഷേത്രത്തിലെ ആരാധനാസ്വാതന്ത്ര്യം പൂൎവ്വാചാരവും അനു

ഷ്ഠാനവും അനുസരിച്ച് ലഭിച്ചിരുന്നവൎക്ക് എന്നും ലഭിക്കുവാൻ ന്യായാനുസരണം അവകാശമുണ്ട്. ന്യായമായി ലഭിക്കേണ്ട ഈ അവകാശത്തെ ഒരു നവീനജനവിഭാഗത്തിന്റെ പ്രവേശനംകൊണ്ടു ഇല്ലാതാക്കുവാൻ ശ്രമിക്കുന്നതായാൽ അത് അന്യായത്തിന്റെ മൂൎദ്ധന്യദശയല്ലാതെ മറ്റൊന്നുമല്ല. ഒരു കൂട്ടരുടെ സംസ്ഥാപിതമായ അവകാശത്തെ ഇല്ലായ്മചെയ്ത് മറ്റൊരു കൂട്ടൎക്ക് ഒരു നവീനാവകാശം ഉണ്ടാക്കിക്കൊടുക്കുവാൻ പാടില്ല. ക്ഷേത്രപ്രവേശനം നല്കണമെന്നു ഏറ്റവും ഉറക്കെ നിലവിളിക്കുന്നവർ ആരാധനക്കായി ക്ഷേത്രത്തിൽ പോകുന്നവരല്ല; അങ്ങിനെ ആവശ്യപ്പെടുവാൻ തീരെ അൎഹതയില്ലാത്തവരും അവർതന്നെയാണ്. രാഷ്ട്രീയോദ്ദേശങ്ങൾക്കായി മതത്തെ ബലികഴിക്കുക എന്നുള്ളതു ബുദ്ധിപൂൎവ്വം ചെയ്യാവുന്ന ഒരു പ്രവൃത്തിയല്ല. മതത്തെ നാം അതേനിലയിൽത്തന്നെ വിട്ടിരിക്കണം. നമ്മുടെ പ്രവേശനം ആവശ്യപ്പെടുന്ന ഒന്നല്ല അത്. ഗുണവതിയായ വിക്ടോറിയാ മഹാരാജ്ഞി സുപ്രസിദ്ധമായ ഭാരതീയലഹളക്കുശേഷം ഇൻഡ്യാസാമ്രാജ്യത്തിൽ എവിടേയുമുള്ള തന്റെ പ്രജകൾക്കെല്ലാവൎക്കും ആരാധനാസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. അതിനാൽ ക്ഷേത്രാരാധകന്മാരുടെ—അവർ ഒരു അല്പപക്ഷക്കാർതന്നെ ആയിരിക്കട്ടെ—ന്യായാനുസരണം ലഭിക്കേണ്ട അവകാശത്തെ സംരക്ഷിക്കുവാൻ ഗവൎമ്മേന്റ് നിൎബ്ബന്ധിക്കപ്പെട്ടിരിക്കുന്നു; കടപ്പെട്ടിരിക്കുന്നു. അങ്ങിനെ ചെയ്യാത്തപക്ഷം അതു കൎത്തവ്യഭംഗമായിരിക്കും.

എന്റെ ഭരണസീമയിൽ പെട്ടതായി എനിക്ക് ഒമ്പതു ക്ഷേത്രങ്ങളാണ് ഉള്ളത്. അവയിലൊന്നായ കാച്ചകുറിശ്ശി ക്ഷേത്രം വളരെ പുരാതനമായ ഒരു ദേവാലയമാണ്. സോമയാഗം നിൎവ്വഹിക്കുവാനായി ആവശ്യമുള്ള ചില ചെടികളും മറ്റും കേരളത്തിലെ നമ്പൂതിരി ബ്രാഹ്മണർ ഇന്നും ഇവിടെനിന്നു കൊണ്ടുപോകുക പതിവുണ്ട്. എന്റെ ഒരു ക്ഷേത്രവും ഞാൻ "അവൎണ്ണൎക്ക്" തുറന്നുകൊടുക്കുവാൻ ഒരുക്കമില്ല. ബലമായി പ്രവേശിക്കുന്നതായാൽ വലിയ സമാധാനലംഘനത്തിന്നിടയാകുമെന്നും എനിക്കറിയാം. ഞാനുമായി ആലോചന നടത്തിയിട്ടുള്ള തന്ത്രിമാരെല്ലാംതന്നെ 'അവൎണ്ണരു'ടെ ക്ഷേത്രപ്രവേശനം ശാസ്ത്രങ്ങൾ വിരോധിച്ചിട്ടുള്ളതാണെന്നു ബലമായി അഭിപ്രായപ്പെട്ടിരിക്കുന്നു. അനേകകാലമായി അവർ വിശ്വസിച്ചും അനുഷ്ഠിച്ചും വരുന്ന അവരുടെ ആരാധനാരീതിയെ ഭേദപ്പെടുവാൻ ഒരു കൂട്ടം ജനങ്ങളെ ഹേമിക്കുകയും നിൎബ്ബന്ധിക്കുകയും ചെയ്യുന്നതു അങ്ങിനെ ചെയ്യുന്ന

വരുടെ അജ്ഞതയേയും അനൌചിത്യത്തേയും ആണ് കാണിക്കുന്നത്.

ക്ഷേത്രപ്രവേശനപ്രശ്നത്തെ സംബന്ധിച്ച് ഇന്നു നടന്നുവരുന്ന അന്യായമായ ക്ഷോഭത്തിനു മുമ്പിൽ നിങ്ങൾ തലഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്നതു ഏററവും ഉചിതംതന്നെ. ശാസ്ത്രങ്ങളേയും, ശ്രുതികളേയും, ആചാരങ്ങളേയും, വിശുദ്ധമായ മതസ്ഥാപനങ്ങളേയും ആദരിക്കുന്നവരായ ഭാരതത്തിലെ അഥവാ മലബാറിലെ ജനങ്ങളെല്ലാംതന്നെ നിങ്ങളോടു കൃതജ്ഞതയുള്ളവരായിരിക്കും. ഇന്നു നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നയത്തെത്തന്നെ മുറുക്കിപ്പിടിക്കുവാൻ ആവശ്യമുള്ള മനോബലം നിങ്ങൾക്കു എന്നും ഉണ്ടാക്കിത്തരുവാൻ ഞങ്ങൾ സർവ്വശക്തനായ ഭഗവാനോടു പ്രാർത്ഥിക്കുന്നു.

(ഭാഷാന്തരം ചെയ്തതു്.) എന്ന് വിധേയൻ,

വാസുദേവൻ രാജാവു് (ഒപ്പ്)

കേരള സാഹിത്യ അക്കാദമി

തിരുവിതാംകൂർ
ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിയുടെ ശ്രദ്ധക്ക്

സവർണ്ണഹിന്ദുക്ഷേത്രങ്ങളിൽ അസ്പൃശ്യരെ യഥേഷ്ടം പ്രവേശിക്കുവാൻ അനുവദിക്കാമോ എന്ന പ്രശ്നത്തെപ്പററി അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ തിരുവിതാംകൂർ ഗവർമ്മെൻറിനാൽ നിയമിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററി അതിൻെറ അന്വേഷണം അവസാനിപ്പിച്ചതായി അറിയുന്നു. പ്രസ്തുത കമ്മററിക്കാർ ഇന്നു സാക്ഷികളുടെ മൊഴിയെല്ലാം വാങ്ങി അവയെപ്പററി വാദപ്രതിവാദം നടത്തിവരികയാണത്രേ. ആകെ പ്രസ്തുത കമ്മററി 443 സാക്ഷികളെ ആണ് വിസ്തരിച്ചിട്ടുള്ളതെന്നും, അതിൽ 100 അസ്പൃശ്യരുൾപ്പെടെ 330 ആളുകൾ അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനത്തിന്നനുകൂലമായിട്ടാണ് മൊഴികൊടുത്തിരിക്കുന്നതെന്നും അറിയുന്നു. 93 പേർ അവർണ്ണരുടെ ക്ഷേത്രപ്രവേശനസംരംഭത്തെ പ്രതികൂലിക്കുന്നവരാണ്. അവർണ്ണരുടെ ക്ഷേത്രപ്രവേശനംകൊണ്ടു്, രാജ്യത്തുള്ള അധഃകൃതരും സവർണ്ണഹിന്ദുക്കളും തമ്മിലുള്ള ജാതിസ്പർദ്ധയും വഴക്കും വർദ്ധിക്കുവാൻ ഇടയാകാത്തപക്ഷം അതനുവദിക്കാമെന്നാണത്രേ ബാക്കിയുള്ളവരുടെ മതം.

തിരുവിതാംകൂറിലുള്ള പല ദേവാലയങ്ങളേയും പുണ്യഭൂമികളേയും ഭാരതീയരായ ഹിന്ദുക്കൾ എത്ര മാഹാത്മ്യമുള്ളവയായി വിശ്വസിച്ചുവരുന്നുണ്ടെന്നു പ്രസ്തുത കമ്മററിയിലെ അംഗങ്ങൾക്കറിയാമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ആരാധന നടത്തുവാനായി ഉത്തര ഇൻഡ്യയിൽനിന്നു പോലും അനേകം ഹിന്ദുക്കൾ എത്തിച്ചേരുന്നുണ്ട്. വൈക്കത്തിലെ ക്ഷേത്രം എല്ലാവരും വളരെ ആദരിച്ചുവരുന്ന ഒന്നാണ്. പരദേശികളായ തീൎത്ഥയാത്രക്കാരുടെ ആഗമനം സംസ്ഥാനത്തിലെ ഖജനാവിനെ ഗണ്യമായ രീതിയിൽ ബാധിക്കുന്ന ഒന്നാണ്: ഈ ക്ഷേത്രങ്ങളിൽ കൊല്ലന്തോറും നടത്തപ്പെടുന്ന ഉത്സവാദികളിൽ പങ്കുകൊള്ളുവാനായി തിരുവിതാംകൂർ സംസ്ഥാനത്തിലെ പ്രജകളല്ലാത്ത ലക്ഷോപലക്ഷം ജനങ്ങൾ വന്നുചേരുന്നുണ്ടു. അതിനാൽ പരദേശികളായിരുന്നാലും ഇതുപോലെ ഉള്ള ഒരു കാൎയ്യത്തിൽ അവരുടെ അഭിപ്രായം പ്രകടിപ്പിക്കുവാൻ അവകാശമുണ്ട്; അതിനുള്ള അവസരംനല്കപ്പെടേണ്ടതുമത്രേ.

പ്രസ്തുത കമ്മററിയുടെ പ്രശ്നാവലി, അതിലടങ്ങിയിരിക്കുന്ന മിക്ക പ്രശ്നങ്ങളും സമസ്തഭാരതവിവാദവിഷയങ്ങളാണെന്നു കാണിക്കുന്നുണ്ട്. അവയിൽ മിക്കവയും ആഗമങ്ങളേയും ശാസ്ത്രങ്ങളേയും സംബന്ധിക്കുന്നവയാണ്. ഇവ ഭാരതത്തിലെ സമസ്തഹിന്ദുക്കളുടേയും കൂടിഉള്ള പൊതുസ്വത്താണ്. ഭൂമിശാസ്ത്രസംബന്ധമായ അതൃത്തികളനുസരിച്ച് ഇവ ഭേദപ്പെടുന്നുമില്ല. നിശ്ചയമായും ഞങ്ങൾ ആ രാജ്യത്തുള്ള പണ്ഡിതന്മാരേയും ശാസ്ത്രികളേയും അപലപിക്കുകയല്ല ചെയ്യുന്നത്. ശാസ്ത്രങ്ങളെ വേണ്ടുംവിധം വ്യാഖ്യാനിക്കുവാൻ അവൎക്ക് പ്രാപ്തി ഉണ്ടായിരിക്കും. എന്നാൽ മതനിയമങ്ങളെ സംബന്ധിച്ച് ഈവിധമുള്ള ഒരു പ്രശ്നത്തിൽ അറിവും അധികാരവുമുള്ള മതാധിപതികളുടെ അഭിപ്രായം കമ്മററി അഭ്യൎത്ഥിച്ച് അറിയേണ്ടതാകുന്നു. അവയെപ്പററി വേണ്ടുംവണ്ണം പൎയ്യാലോചന നടത്തേണ്ടതുമത്രേ. അതിനുശേഷം മാത്രമേ ഇന്നവിധം പ്രവൎത്തിക്കാമെന്നു കമ്മിററിയിലെ അംഗങ്ങൾ തീരുമാനിക്കാവൂ. ഗവമ്മെൻറിനെ ഉപദേശിക്കുകയും, അവയെല്ലാംചെയ്തുകഴിഞ്ഞശേഷം മാത്രം വേണ്ടതാണ്. ആവിധമുള്ള അഭിപ്രായങ്ങൾ സ്വീകരിക്കുവാൻ ഇനിയും കമ്മററിക്കു സാദ്ധ്യമത്രേ. അതിന്നുള്ള കാലം ഇനിയും കഴിഞ്ഞുപോയിട്ടില്ല. ദി ഇൻഡ്യൻ മിറർ.

നിയമാധിനമായ അവകാശം.

൧

ദിവാൻ രാഘവയ്യാ ശ്രീമൂലം പ്രജാസഭയിലെ പ്രസംഗത്തിൽ ഇങ്ങിനെ പറയുന്നു:—

"നിയമം ഇന്നത്തെപ്പോലെ ഇരിയ്ക്കുന്നിടത്തോളംകാലം ഈ നിരോധത്തെ (ക്ഷേത്രത്തിലേയ്ക്കുള്ള അവർണ്ണരുടെ പ്രവേശനിരോധത്തെ) പരിപാലിയ്ക്കാൻ സവർണ്ണഹിന്ദുക്കൾക്കു നിയമസിദ്ധമായ അവകാശമുണ്ടെന്നു ഗവർമ്മെൻറ് സമ്മതിയ്ക്കുന്നു."

1—8—100ലെ യോഗക്ഷേമം.

൨

സർക്കാരിൽനിന്നു ഇവയുടെ ഭാരവാഹിത്വം ഏറെറടുക്കപ്പെടുന്നതായാൽ ഈ സ്ഥാപനങ്ങളെ ആ ഇനത്തിൽ പെട്ട സർക്കാരുസ്ഥാപനങ്ങളേപ്പോലെതന്നെ, സ്ഥാപകനോ അഥവാ സ്ഥാപകന്മാരോ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥാനിശ്ചയങ്ങളോ, ആചാരങ്ങളോ, നിയമങ്ങളോ ഉണ്ടെങ്കിൽ അവയ്ക്കനുസരിച്ചു ഭരിക്കപ്പെടുന്നതാണ്.

(1079-ാമാണ്ടത്തെ III-ാം റഗുലേഷൻ 8-ാം വകുപ്പ്.)

൩

നിയമവും അസ്പൃശ്യരുടെ ക്ഷേത്രപ്രവേശനവും.

(ഹരിലാൽ ഡി. നാനാവതി.)

കഴിഞ്ഞ ദീവാളിമുതൽ അവർണ്ണരും അവരുടെ സ്നേഹിതന്മാരും, അവർണ്ണർക്കു സവർണ്ണക്ഷേത്രപ്രവേശനം ലഭിക്കുവാനുള്ള ക്ഷോഭത്തെ വൃദ്ധ്യാധികം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനെപ്പററിയുള്ള പ്രസ്താവനകൾ പ്രതിദിനപത്രങ്ങളിൽ ധാരാളം പരസ്യം ചെയ്തു കാണുകയുമുണ്ടായി. അനേകം അവർണ്ണർ ഒന്നുചേർന്നു ക്ഷേത്രസമീപം ഒരു പ്രത്യേകദിവസം വന്ന് ഒരു പ്രത്യേകസമയത്തു ക്ഷേത്രപ്രവേശനാനുവാദം കൊടുക്കണമെന്നു ക്ഷേത്രഭാരവാഹികളോടു പ്രാർത്ഥിക്കുവാനും, തങ്ങളുടെ പ്രാർത്ഥന നിരസിക്കപ്പെട്ടാൽ ക്ഷേത്രകവാടങ്ങളിൽ സത്യാഗ്രഹം ആരംഭിക്കുവാനും അവർ തീർച്ചയാക്കിയിരിക്കുന്നു എന്നാണറിയുന്നത്. പ്രാരംഭദശയിൽ ക്ഷേത്രഭാരവാഹികൾക്കും ഉടമസ്ഥന്മാർക്കും തങ്ങൾക്കു

ക്ഷേത്രപ്രവേശനാനുവാദം നല്കണമെന്നു പ്രാൎത്ഥിച്ചുകൊണ്ടു് അവർ കത്തുകൾ അയക്കയുണ്ടായി. എന്നാൽ തങ്ങളെ ഭരമേല്പിച്ചിരിക്കുന്നവരുടെ വിശ്വാസത്തെ അതു ഭഞ്ജിക്കുന്നതിനാൽ അപ്രകാരമുള്ള അനുവാദം നല്കാൻ സാദ്ധ്യമല്ലെന്നു മിക്കവരും അതിനു മറുവടി നല്കി. അതുകൊണ്ടു് അവൎണ്ണരുടെ പ്രസ്താവനകളെല്ലാം നിഷ്ഫലമാണെന്നു തെളിഞ്ഞു. പൂനയിൽ പാൎവ്വതീക്ഷേത്രത്തിൽ 5മുതൽ 10വരെ അവൎണ്ണർ പ്രവേശിക്കുവാൻ പല പ്രാവശ്യവും ശ്രമപ്പെട്ടു. എന്നാൽ പറയത്തക്ക യാതൊരു പ്രയോജനവുമുണ്ടായില്ല. അപ്രകാരം ബാംബേയിലും അവർ സത്യാഗ്രഹമാരംഭിച്ചു. എന്നാൽ സവൎണ്ണരിൽ യാതൊരു ഭാവഭേദവും ഉണ്ടാക്കുന്നതിനു് അവൎക്കു കഴിഞ്ഞില്ല; ക്ഷേത്രകവാടങ്ങൾ അവരെ സംബന്ധിച്ചിടത്തോളം ഇന്നുവരെ മുമ്പിലത്തേപ്പോലെ ബന്ധിക്കപ്പെട്ടതന്നേയിരിക്കുന്നു.

ഈ ഉദ്യമത്തെ അനുകൂലിക്കുന്നവൎക്കു് അവരുടെ അറിവിന്നും പക്ഷഭേദത്തിന്നും അനുകൂലമായി സ്വന്താഭിപ്രായങ്ങളാണുള്ളതു്. ഇതിനെ പ്രതികൂലിക്കുന്നവൎക്കു് ആത്മീയതത്വങ്ങളേയും മൂലസൂത്രത്തേയും അടിസ്ഥാനപ്പെടുത്തി തങ്ങൾ ആചരിച്ചുവരുന്നു എന്നു അവർ വിശ്വസിക്കുന്ന ഒരു രീതിക്കനുസരിച്ച അഭിപ്രായങ്ങളും ഉണ്ടു്.

ഈ രണ്ടു അഭിപ്രായങ്ങളേയുംപററി ഒരു വിചിന്തനം ചെയ്യാൻ നാം ഉദ്ദേശിക്കുന്നില്ല. നാം വിചാരിക്കുന്നതു നിയമം ഇതിനെപ്പററി എന്തു പറയുന്നു എന്നറിവാനാണു്.

ഈ വിഷയത്തെ സംബന്ധിച്ചു് ഒരു ബന്ധമുള്ള ആദ്യത്തെ കേസ്സ് ആനർന്ദോബിക്കാജി ഫാഡ്കേ ആദിയായവർ ഷാൻകർഡാജി ആചാൎയ്യ ആദിയായവരുടെ പേരിൽ കൊടുത്തിരുന്നതും ഐ. എൽ. ആർ. 7ബാം. 323_ാംപുറത്തു റിപ്പോർട്ടു ചെയ്തിരിക്കുന്നതുമാണു്. പ്രസ്തുത 'അപ്പീലി'ൽ ചിത്ത്പാവണിബ്രാഹ്മണജാതിക്കാൎക്കു പറയപ്പെടുന്ന ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം മററുള്ളവരുടെ പ്രവേശനാനുവാദത്തെ വിലക്കുവാനുള്ള അധികാരമുണ്ടെന്നും, പ്രതികളായ പാൎസിജാതിക്കാർ ആ അധികാരത്തെ അവഗണിച്ചു് അവരുടെ ക്ഷേത്രത്തിൽ പ്രവേശിച്ചു് ആരാധന നടത്തി എന്നും പ്രസ്താവിച്ചിരിക്കുന്നു. ഇതാണു് അന്യായഹേതു. ഹൈക്കോർട്ടു ജഡ്ജിമാരുടെ വിസ്താരമെല്ലാം കഴിഞ്ഞു ഒടുവിൽ അനേകകാലമായി ആ അധികാരം അഥവാ അവകാശം കൈവശം വച്ചുകൊണ്ടിരുന്ന ചിത്ത്പാവണിബ്രാഹ്മണൎക്കനുകൂലമായി വിധി പ്രസ്താവിച്ചു. തങ്ങളോ അഥവാ തങ്ങളുടെ

ഷ്പൃശ്യികന്മാരോ അനേകകാലമായി അനുഭവിക്കാത്ത ഒരവകാശം കിട്ടണമെന്നു പറഞ്ഞുവന്ന അവൎക്ക് ഒരു നിരോധകല്പനയും നല്കി. ജഡ്ജിയായ മി. ജസ്റ്റിസ്സ് വെസ്റ്റ് ഇപ്രകാരം വിധിച്ചിരിക്കുന്നു:— "മതസ്ഥാപനങ്ങളെ സംബന്ധിച്ച അവകാശം സ്ഥാപകൻ, അഥവാ ഏറ്റവും ഉയൎന്ന അധികാരി എഴുതിയിരിക്കുന്ന വ്യവഹാരമാലയോ, നിയമങ്ങളോ ഇല്ലാത്തപക്ഷം സ്ഥാപനത്തിലെ ആചാരത്തിൽനിന്ന് അറിഞ്ഞുകൊള്ളേണ്ടതാണ്. **അനേകകാലമായിച്ചെയ്യപ്പെട്ടന്നത് ശരിയായിച്ചെയ്യപ്പെടുന്നു എന്നു അനുമാനിക്കേണ്ടതാണ്**. ഈ അവകാശത്തെ കോടതി സംരക്ഷിക്കേണ്ടതാണ്. എന്തെന്നാൽ അല്ലാത്തപക്ഷം സവൎണ്ണഹിന്ദുക്കൾക്കുതങ്ങളുടെ പരിശുദ്ധസ്ഥാപനങ്ങളെ ശുദ്ധമായിവച്ചുകൊണ്ടിരിക്കുന്നതിനും, ആരാധനനടത്തുന്നതിനും അവൎണ്ണർ അനുവദിക്കുന്നിടത്തോളം മാത്രമേ സാധിക്കുകയുള്ളു." ഈ വാക്കുകൾ ഏറക്കുറെ ഒരു ദീൎഘദൎശിയുടേതുപോലെയാണ്. അവൎണ്ണർ സവൎണ്ണക്ഷേത്രങ്ങളിൽ പ്രവേശിച്ച ഉടൻ അതു് അശുദ്ധമായിത്തീരുകയും, സവൎണ്ണർ അതുപേക്ഷിച്ചുപോകുവാൻ നിൎബ്ബന്ധിതരായിത്തീരുകയും ചെയ്യുമെന്നതു് എല്ലാവൎക്കും അറിയാവുന്നതാണ്. തൽഫലം അവൎണ്ണർ ഇഷ്ടപ്പെടുന്നിടത്തോളം കാലമേ, സവൎണ്ണൎക്കു ദേവാരാധന നടത്തുവാൻ സാധിക്കുകയുള്ളു എന്നതാണ്. മി. ജസ്റ്റിസ്സ് വെസ്റ്റിൻെറ വാക്കുകൾ ഇപ്പോൾ കലാപം നടത്തുവാനുദ്ദേശിക്കുന്നവൎക്കു പ്രത്യക്ഷമായ ഒരധികാരിയാണ്.

പ്രസ്തുത വിധിയെപ്പററി ഒരു 'പുനരാലോചനാപേക്ഷ'കൊടുക്കുകയുണ്ടായി. എന്നാൽ അതു തള്ളിക്കളഞ്ഞു. അതിനെ തള്ളുവാനുണ്ടായ കാരണവും ഏകദേശം പ്രസ്തുത വിധിയിൽ പറഞ്ഞിരുന്ന കാരണം തന്നെയായിരുന്നു. പുനരാലോചനാപേക്ഷയുടെ വിധിയിൽ "ക്ഷേത്രാചാരം ആദരിക്കപ്പെടേണ്ടതാണ്" എന്നു പറഞ്ഞിരിക്കുന്നു. ഈ കാരണംകൊണ്ടു് ജഡ്ജി പ്രതികൾക്കു പറയപ്പെട്ട ക്ഷേത്രത്തിൽ കടക്കരുതെന്നും, ആരാധിക്കരുതെന്നും നിരോധാജ്ഞ നല്കി.

വാദിയുടെ പ്രാൎത്ഥന പാൎസികളെ 'ഗൎഭാഗാര'ത്തിൽ (അമ്പലത്തിനകത്തെ ഒരു സ്ഥലം) നിന്നും അകററിനിൎത്തണമെന്നു മാത്രമായിരുന്നു എന്നു് ഒരു വ്യത്യാസം ഈ കേസ്സിനുണ്ടെന്നു ചിലർ വാദിക്കുന്നു. എന്നാൽ ഈ വ്യത്യാസമുള്ളതുകൊണ്ടു് ഈ കേസ്സും ഇന്നത്തെ വാദവിഷയവുമായി യാതൊരു ബന്ധവുമില്ലെന്നു പറയുന്നതു് ഒരു കുതൎക്കം മാത്രമായിരിക്കും. നേരെമറിച്ചു് ഇന്നത്തെ കേസ്സ് മുമ്പിൽ

പറഞ്ഞതിനേക്കാൾ വളരെ വലിയ ഒന്നാണ് ഇനാത്തെ അവൎക്കു ക്ഷേത്രത്തിന്നടുത്തുപോലും വരുവാൻ വയ്യാ. പുരാതനകാലം മുതൽ നടന്നുവരുന്ന ഒരാചാരത്തെ കോടതികൾ ബഹുമാനിക്കേണ്ടതാണെന്നതിന്നു സംശയമില്ല.

ഈ വിഷയത്തെപ്പററി പറയുമ്പോൾ പറയാവുന്നതായി ഇനി മറെറാരു കേസ്സുണ്ട്. ഇതു സക്ലത്ത് എന്ന ഒരാൾ ബെല്ല എന്ന ഒരുത്തിയുടെ പേരിൽ കൊടുത്തിരുന്നതും 28 ബാം. എൽ. ആർ—ൽ 161—ാംപേജിൽ റിപ്പോർട്ട ചേൎത്തിരിക്കുന്നതുമാണ്. ഇത് ഒരു പാർസിക്കു ഗോവ ക്രിസ്ത്യാനിവൎഗ്ഗത്തിൽപെട്ട ഒരു സ്ത്രീയിൽ ഉണ്ടായ കുട്ടിയുടെ പേരിൽ കൊടുക്കപ്പെട്ടതാണ്. അവൾ 1900—ാമാണ്ടുവരെ തൻെറ പാർസി പിതാവിൻെറ സംരക്ഷണയിലും അതിന്നുശേഷം അവളുടെ മാതാവിൻെറ സംരക്ഷണയിലും വളൎന്നുവന്നു. പിന്നയും ബല്ല എന്നു പേരുള്ള ആ കുട്ടി ആദ്യം തൻെറ പാർസി പിതാവിനാലും, അതിന്നുശേഷം അയാളുടെ സഹോദരനാലും അയാളുടെ ഭാൎയ്യയാലും, അവരുടെ സ്വന്തം കുട്ടി എന്നവണ്ണവും വളൎക്കപ്പെട്ടുവന്നു. ബെല്ല മററു പാർസികളെപ്പോലെ വിശുദ്ധ അഗ്നികൎമ്മങ്ങൾ നിൎവ്വഹിക്കുകയും, ഒടുവിൽ അവരെപ്പോലെതന്നെ സകലവിധആരാധനാകൎമ്മങ്ങളും ആരംഭിക്കുകയും ചെയ്തു. ഈ പ്രവൃത്തി പല പാർസികളേയും കോപാവിഷ്ടരാക്കിത്തീൎത്തു. അവരിൽ മൂന്നു പാർസികൾ തങ്ങളുടെ സ്വന്തം നിലയിലും, പാർസി സമുദായപ്രതിനിധികളായും, ബല്ലയുടേയും അവളുടെ മാതുലൻെറയും പേരിൽ അന്യായം കൊടുത്തു. പാർസിസമുദായത്തിൽ 'സൊറാസ്ട്രിയൻ' മതം ആചരിച്ചുവരുന്നവൎക്കു മാത്രമേ അവരുടെ ദേവാലയങ്ങളിൽ പ്രവേശിക്കുന്നതിനും, മതകൎമ്മങ്ങൾ നിൎവ്വഹിക്കുന്ന ദിക്കുകളിൽ ഹാജരാവുന്നതിന്നും, പങ്കുകൊള്ളുന്നതിനുംഅവകാശമുള്ളുവെന്നും, പരിശുദ്ധ പാർസിവൎഗ്ഗത്തിൽജനിച്ച മാതാപിതാക്കന്മാരുടെ സന്താനങ്ങൾക്കല്ലാതെ ഇതിനൊന്നിനും അവകാശമില്ലെന്നുമായിരുന്നു വാദികളുടെ വാദം. അതിനാൽ ബെല്ലക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും മതകൎമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനും അവകാശമില്ലെന്നു വിധിക്കുന്നതിനും അപ്രകാരം ഒരു നിരോധാജ്ഞ കൊടുക്കുന്നതിനും വാദികൾ പ്രാൎത്ഥിച്ചു. ബെല്ല ഒരു പാർസിയുടെ പുത്രിയാണെന്നും, ബാല്യംമുതൽ ഒരു പാർസിയായി തന്നെ വളൎത്തിക്കൊണ്ടുവന്നുവെന്നും, അവൾ 'സൊറാസ്ട്രിയൻ' മതത്തെ വിശ്വസിക്കയും ആചരിക്കയും ചെയ്തുവരുന്നുവെന്നും, അതിനാൽ അവൾക്കു

ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും, ആരാധന നടത്തുന്നതിനും അവകാശം ഉണ്ടെന്നുമാണ് പ്രതികളുടെ വാദം. കേസ്സ് 'പ്രിവികൌൺസിലിൽ' ചെല്ലുകയും അധികൃതന്മാർ ചെല്ലുക ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനും മതകർമ്മങ്ങൾ നടത്തപ്പെടുന്നിടത്തു് ഹാജരാവുന്നതിനും പങ്കുകൊള്ളുന്നതിനും അവകാശമില്ലെന്നു വിധിക്കുകയും ചെയ്തു. ഈ കേസ്സ് ഇന്നത്തേതിനോട് ശരിയായി താരതമ്യപ്പെടുത്താവുന്നതല്ല. എന്തെന്നാൽ ഇന്നത്തെ സവർണ്ണരും അവർണ്ണരും ഒരു മതത്തിൽ —ഹിന്ദുമതത്തിൽ—തന്നെ പെട്ടവരാണ്. എന്നാൽ അന്ന് അധികൃതന്മാർ കണ്ട ന്യായം ഇന്നത്തെ കേസ്സിനും യോജിക്കുന്നതുതന്നെയാണ്. അവർ ഇപ്രകാരം പറയുന്നു:— "സ്വത്ത് പൊതുസ്ഥാപനങ്ങൾക്കോ, അല്ലെങ്കിൽ ധർമ്മസ്ഥാപനങ്ങൾക്കോ ആയി തിരിച്ചുവെക്കപ്പെടുമ്പോൾ അതിൽ ഒരു ഭാഗം അതുകൊണ്ടുപയോഗം ലഭിക്കണമെന്നുദ്ദേശിക്കപ്പെടാത്തവർക്കായി ചിലവാക്കുന്നതായാൽ അത് അപഹരണമാകുന്നതാണ്." ഇന്നത്തെ കേസ്സിനെപ്പററി നോക്കുന്നതായാൽ സവർണ്ണഹിന്ദുക്കളുടെ ഉപയോഗാർത്ഥം നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ അവർണ്ണഹിന്ദുക്കൾക്ക് അവകൊണ്ടുള്ള ഉപയോഗം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉണ്ടാക്കപ്പെട്ടവയല്ലെന്നു സ്പഷ്ടമാണ്. അതിനാൽ തങ്ങൾ അടങ്ങിയിട്ടില്ലാത്ത ഒരു പൊതുജനഭാഗത്തിന്നായി നീക്കിവെക്കപ്പെട്ട സ്വത്തിൽ തങ്ങൾക്കവകാശമുള്ളതായി പറയുവാൻ അവർക്ക് വയ്യാ.

പ്രസ്തുത വിധി ഇപ്രകാരം തുടരുന്നു:— "എന്നാൽ അപ്രകാരമുള്ള ഒരു സ്ഥാപനം മററുള്ളവരുടെ പ്രവേശനവും, ഉപയോഗവുംകൊണ്ട് **ന്യായാനുസരണം അതിനവകാശികളായവരെ അസൌകര്യപ്പെടുത്തുകയോ, അവരുടെ ഉപയോഗത്തെ കുറക്കുകയോ ചെയ്യാത്ത രീതിയിലുള്ള ഒന്നാകുന്നതായാൽ,** ആ സ്ഥാപനത്തിൻെറ ഭാരവാഹികളോ അഥവാ മാനേജർമാരോ, മററുള്ളവരെ നിരോധിക്കേണ്ട ആവശ്യമില്ല എന്നു ഞങ്ങൾക്കറിയാം. എന്നാൽ അവർക്ക് അങ്ങിനെ ചെയ്യാം; ആ കൂട്ടരെ എല്ലാം കയ്യേററം ചെയ്യുന്നവരായി വിചാരിക്കാം. പക്ഷേ പരോപകാരാർത്ഥം, ഒരു പ്രത്യേക നഗരവാസികൾക്കായി നിർമ്മിച്ചിരിക്കുന്ന ഉദ്യാനത്തിൽ പുറമെ ഉള്ള ഒരാളെ കടക്കുവാൻ അനുവദിച്ചു എന്നോ, ഒരു പ്രത്യേക മുൻസിപ്പാലററി അതൃത്തിക്കുള്ളിലുള്ളവർക്ക്

വേണ്ടി ഉണ്ടാക്കപ്പെട്ട വായനശാലയിൽ ഒരന്യനു പ്രവേശനാനുവാദം നല്കി എന്നോ, അഥവാ ഒരു സർവ്വകലാശാലയിലെ പ്രാസംഗികന്റെ പ്രസംഗം കേൾക്കുവാൻ ആ സ്ഥാപനാംഗമല്ലാത്ത ഒരാളെ അധികൃതന്മാർ അനുവദിച്ചു എന്നോ വിചാരിക്കുക. ഈ പ്രവൃത്തി മാത്രംമൂലം ഒരു പരാതിയും ഉണ്ടാകുവാൻ ഇടയില്ല.” ഒരു സർവ്വകലാശാലയിലെ പ്രസംഗവും, ഉദ്യാനവും, വായനശാലയും മററും പോലെയുള്ള ഒന്നല്ല അസ്പൃശ്യത എന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

അധികൃതസ്ഥാനം പിന്നെയും ഇപ്രകാരം തുടരുന്നു. “എന്നാൽ അപ്രകാരം അനുവദിക്കപ്പെട്ട ആളുകൾ വളരെ അധികമായിത്തീരുകയോ, അഥവാ അവർ മര്യാദക്കാരല്ലാതിരിക്കുകയോ, **പെരുമാററത്തിൽ ‘വെടിപ്പും വൃത്തിയും’ ഇല്ലാത്തവരായിരിക്കുകയോ, ന്യായമായി അതിനവകാശികളായവരുടെ സൌകര്യത്തെയോ, ഉപകാരത്തെയോ കുറെക്കുന്നവരായോ** വന്നാൽ അവരെ നിഷേധിക്കുവാൻ ഭാരവാഹികളോട് ആവശ്യപ്പെടാവുന്നതാണ്.” ഇതിൽനിന്നു അധികൃതന്മാർ ഭാരവാഹികളിൽനിന്നു മര്യാദക്കാരല്ലാത്തവരേയും, വെടിപ്പും വൃത്തിയുമില്ലാത്തവരേയും, ... ഇത്യാദിയായ ആളുകളെ വിരോധിപ്പാനുള്ള അവകാശം എടുത്തുകളഞ്ഞിട്ടില്ലെന്നു വായനക്കാർക്ക് അറിയുവാൻ സാധിക്കുമല്ലോ.

മേൽഉദ്ധരിക്കപ്പെട്ട ‘പ്രിവികൌൺസിലി’ന്റെ വിധിയും ആദ്യം മിസ്റ്റർ ജസ്റ്റിസ് വെസ്റ്റ് ആനന്ദറാവു ഷാങ്കരുടെ പേരിൽകൊടുത്തിരുന്ന കേസ്സിനു നല്കിയ വിധിപോലെതന്നെ ഉള്ളതാണ്. മിസ്റ്റർ ജസ്റ്റിസ് വെസ്റ്റ് അധഃകൃതർ ക്ഷേത്രത്തിൽ പോകുവാൻ പാടില്ലെന്നു വിധിക്കുവാൻ കണ്ട ന്യായം അവരും വിലവച്ചിരിക്കുന്നു എന്ന് ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. പറയപ്പെട്ട ‘പ്രിവികൌൺസിൽ’ ആനന്ദറാവു ഷാങ്കരുടെ പേരിൽ കൊടുത്തിരുന്ന അന്യായം തെളിയിച്ചശേഷം ഇപ്രകാരം പറയുന്നു: “രണ്ടു പേരുടേയും ജാതികൾ തമ്മിലുള്ള സാമീപ്യം, ഒരു കൂട്ടരുടെ മനഃപ്രകൃതിക്കു വളരെ വിരോധമാണ്. ഒരു കൂട്ടരുടെ ക്ഷേത്രപ്രവേശം മറുകൂട്ടരുടെ ത്യജിക്കലിനിടയാക്കിത്തീർക്കും. അതിനാൽ അതു കയ്യേററംചെയ്യുന്നതുപോലെ ഗണിക്കപ്പെടേണ്ടതാണ്.” സവർണ്ണരും അവർണ്ണരുമായുള്ള സാമീപ്യം ഒരു കൂട്ടരുടെ മനസ്സിന്നു് വളരെ വിരോധമാക്കിയിട്ടുള്ളതും, അവർണ്ണരുടെ ക്ഷേത്രപ്രവേശനം സവർണ്ണരെ ക്ഷേത്രം ഉപേക്ഷിക്കുവാൻ

പ്രേരിപ്പിക്കുന്നതുംഅഥവാ നിർബ്ബന്ധിക്കുന്നതും, അവർണ്ണർ സവർണ്ണക്ഷേത്രങ്ങളെ അന്യായമായി കയ്യേറുന്നതായി വിചാരിക്കേണ്ടതുമാണെന്നു സ്പഷ്ടമത്രേ.

1908_ാമാണ്ടിൽ നൽകപ്പെട്ടതും ഐ. എൽ. ആർ. 31 മദ്രാ. പേജ് 238_ൽചേർത്തിരിക്കുന്നതുമായ 'പ്രിവികൌൺസിലിൻെറ' മറെറാരു തീരുമാനമുണ്ട്. മദ്രാസ്സ് സംസ്ഥാനത്തിൽ കൌമുഡി എന്ന ദേശത്തുള്ള ഒരു ശിവക്ഷേത്രത്തിൽ 'നാഡി' അഥവാ "ഷണ്ണർ" എന്ന സമുദായക്കാർക്ക് കടക്കുവാൻ വയ്യെന്നും, അവരുടെ പ്രവേശനം മററു ഹിന്ദുക്കളുടെ ആരാധനാക്രമത്തിന് തടസ്ഥമുണ്ടാക്കുന്നതാണെന്നും, അതിനാൽ അവരെ ക്ഷേത്രങ്ങളിൽ കടക്കുവാൻ അനുവദിക്കരുന്നുമാണ് അന്യായകാര്യം. ഈ കേസ്സിൽ പ്രതികളുടെ സമുദായക്കാർക്കു ഒരു സ്ഥിരനിരോധനാജ്ഞയും, അമ്പലം ശുദ്ധിയാക്കുവാൻവേണ്ടി 500 ക പിഴയും, വിധിച്ച ഈ വിധിക്ക് "പ്രിവികൌൺസിലിലേക്കു" ഒരു 'അപ്പീൽ'കൊടുത്തു. അതു തള്ളിക്കളയുകയാണുണ്ടായത്. ആദ്യത്തെ ഹൈക്കോർട്ടുവിധിയെ ഒന്നുകൂടി ബലപ്പെടുത്തി. മദ്രാസ്സ് ഹൈക്കോർട്ടിലെ ജഡ്ജിമാർ വിധിച്ച ആ വിധിയിലെ ഒരു ഭാഗംകൂടി ഇവിടെ ചേർത്തുകൊള്ളട്ടെ.

ക്ഷേത്രവ്യവഹാരങ്ങളെപ്പററിയ ഒരു നല്ല അറിവുണ്ടാകുവാനായി, അഞ്ചാംവകുപ്പിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന ഭാഗം നോക്കിയാൽ കൊള്ളാം.

പ്രതികളെ പ്രസ്തുത ക്ഷേത്രത്തിൽ "കടക്കുന്നതിന്നും, ആരാധിക്കുന്നതിനും" വിരോധിക്കുന്ന ശാസ്ത്രങ്ങൾ ഉണ്ടോ?

ഈ ചോദ്യത്തെപ്പററി താണ ജഡ്ജി സുദീർഘമായ ഒരു വിചിന്തനംചെയ്തു. അദ്ദേഹത്തിൻെറ അഭിപ്രായം ഇങ്ങിനെ ആണ്. "ശിവനെ പൂജിക്കുന്നവരായ മധുരാ താലൂക്കിൽപെട്ട ആളുകൾ അധികാരിയായി സ്വീകരിച്ചിരിക്കുന്ന ആഗമശാസ്ത്രാനുസരണം, പൂജ നടത്തുകയും ആരാധിക്കുകയും ചെയ്യുന്ന ക്ഷേത്രങ്ങളിൽ, മദ്യനിർമ്മാണം തൊഴിലായി സ്വീകരിച്ചിരിക്കുന്നവരേയും, അഹോവൃത്തിക്കായി എന്നും തെങ്ങും പനയും കേറുന്നവരേയും, പ്രവേശിക്കുവാൻ പാടില്ലെന്നു വിലക്കിയിരിക്കുന്നു. ഈ അഭിപ്രായം തെററാണെന്ന് കാണിക്കുവാൻ ഇതുവരെ ആരും

കേരള സാഹിത്യ അക്കാദമി

ത്തുന്നിയുകയും, അപ്രകാരം വിചാരിക്കുവാൻ ഞങ്ങൾ കാരണം കാണുകയും ചെയ്യുന്നില്ല. തീൎച്ചയായും സ്ഥലത്തെ ആചാരം, ശാസ്ത്രനിയമത്തിൽനിന്ന് വ്യത്യാസമുള്ളതായിരിക്കാം. എന്നാൽ ശാസ്ത്രാനുസരണംതന്നെ, അവരുടെ പാരമ്പര്യമായ ജാതിത്തൊഴിൽകൊണ്ട്, അവരെ ശിവക്ഷേത്രങ്ങളിൽ കടക്കുവാൻ അനുവദിക്കുന്നില്ല. വാസ്തവത്തിൽ പല 'ഷണ്ണ'ന്മാരും ആ തൊഴിലിനെ ഉപേക്ഷിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, പരിശ്രമശീലം, മിതവ്യയം, ഇത്യാദികളാൽ അവരിൽ പലരും ആദരണീയമായനിലയിൽ കച്ചവടക്കാരായും, വ്യവസായികളായും, വക്കീലന്മാരായും, ഗൃഹസ്ഥന്മാരായും മററും തീൎന്നിട്ടുണ്ട്. അവർ ഉന്നതമായ സാമുദായികനില ലഭിക്കുന്നതിനും, ഉയൎന്നതരത്തിലുള്ള ആരാധനാരീതി എന്നു വിശ്വസിക്കുന്നവയിൽ പങ്കുകൊള്ളുന്നതിനും, ചെയ്യുന്ന ശ്രമത്തിൽ അനുതാപം കാണിക്കുന്നതു് സാധാരണയത്രേ. **എന്നാൽ അപ്രകാരമുള്ള അനുതാപം, അന്യായവും അടിസ്ഥാനരഹിതവുമായ നാട്യംകൊണ്ടു് വൎദ്ധിക്കുന്നതല്ല. അവരെ ഉയൎത്തിക്കൊണ്ടു വരുവാനുള്ള ശ്രമംകൊണ്ടു മററു വൎഗ്ഗക്കാരുടെ സ്ഥാപിതമായ അവകാശങ്ങളെ ആക്രമിക്കുവാൻ പാടില്ല.** അവൎക്ക് വേണ്ടിടത്തോളം സ്വന്തക്ഷേത്രങ്ങളുണ്ട്, ഇല്ലെങ്കിൽ നിൎമ്മിക്കുവാൻ വേണ്ടിടത്തോളം സമുദായാംഗങ്ങളും, ആവശ്യമുള്ള ധനവുമുണ്ട്. അപ്രകാരം തന്നത്താൻ നന്നാവുന്നതിന് ശ്രമിക്കാം. **അന്യന്മാരുടെ സ്ഥാപനങ്ങളേയും അവകാശങ്ങളേയും ആക്രമിക്കാതിരിക്കുന്ന പക്ഷം അവൎക്ക് സകല സഹൃദയന്മാരുടേയും അനുതാപവും, ആവശ്യപ്പെടുന്നപക്ഷം, കോടതികളുടെ സംരക്ഷണയും, ലഭിക്കുന്നതാണ്."** അവൎണ്ണരുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്നവർ, ഈ വിധിയിൽ അടങ്ങിയിരിക്കുന്ന ഉപദേശം അനുസരിക്കുകയില്ലേ?

ഒടുവിൽ പറഞ്ഞ കേസ്സിൽ അധികൃതന്മാർ, ആ പ്രത്യേക ക്ഷേത്രത്തിൽനടന്നു വന്ന ആചാരത്തേയും വില, വെച്ചിരിക്കുന്നു. ഈ കേസ്സ് മറെറാരു വിഷയത്തിലുംകൂടി പ്രാധാന്യമുള്ളതാണ്. തോററതായ വാദി ഒരു രാജാവും, പാരമ്പര്യവഴിക്ക് ക്ഷേത്രഭാരവാഹിയായിരുന്ന

ആളുമാണു്. എങ്ങിനെയോ അദ്ദേഹം പ്രതികളുമായി യോജിക്കുകയും ഒടുവിൽ കേസ്സ് രാജിയായതായി സ്വീകരിപ്പാൻ അപേക്ഷിക്കുകയും ചെയ്തു. എന്നാൽ ചില പുതിയ വാദികളെ ചേൎത്തു് കേസ്സ് പുതിയതായി നടത്തപ്പെടുകയും, കോടതി ആരാധന നടത്തുന്നവൎക്കനുകൂലമായി പ്രസ്തുത വിധിയെ സ്ഥിരപ്പെടുത്തുകയും ചെയ്കയുണ്ടായി.

ഇന്നത്തെ ഹിന്ദുക്ഷേത്രഭാരവാഹികൾ അവൎണ്ണരുടേയും അവരുടെ സ്നേഹിതന്മാരുടേയും വാക്കുകേട്ടു അവൎക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്നതായാൽ, "പ്രിവികൌൺസിലിന്റെ" തീൎച്ചയനുസരിച്ചു് വിശ്വാസവഞ്ചന ചെയ്തതായി കണക്കാക്കപ്പെടുന്നതും, നിശ്ചയമായും തൽസ്ഥാനത്തുനിന്നു അവരെ ഒഴിക്കുവാൻ ഇടയുള്ളതുമാണു്.

൪.

ക്ഷേത്രം. (ദേവസ്ഥാനം.)

(i) ഇൻഡ്യൻ ലാ റിപ്പോർട്ട് ബാംബെ 8-ാംവാല്യം. വശം 432 (436) ഇതിൽ ജസ്റ്റിസ് സ്കാട്ട് ഇപ്രകാരം അഭിപ്രായപ്പെടുന്നു.

"ചുരുക്കിപ്പറയുന്നതായാൽ ഒരു ക്ഷേത്രത്തിലെ ദേവൻ മുതലുടമസ്ഥാവകാശം വഹിക്കത്തക്ക ഒരു മാതൃകാപുരുഷനായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രത്തിലെ ഭരണാധികാരികൾക്കു് ട്രസ്റ്റികളുടെ നിലമാത്രമുള്ളതാകുന്നു. ക്ഷേത്രമുതലിനെ അന്യാധീനപ്പെടുത്തുകയൊ അപഹരിക്കയൊ ചെയ്യുന്നതു് ഒരു മഹാപാപമായി വിചാരിക്കപ്പെട്ടിരിക്കുന്നു. ദേവങ്കൽ അൎപ്പിക്കപ്പെടുന്ന ധനം ഒരു വിശുദ്ധസാധനമായി ഭവിക്കുന്നു. മതസംബന്ധമായ കാൎയ്യങ്ങൾക്കൊ, ധൎമ്മവിഷയങ്ങൾക്കൊ, ആയി ആരെങ്കിലും മുതൽ വെക്കുന്നതായാൽ അവയെ മനുഷ്യദൃഷ്ട്യാ പൊതുധൎമ്മസ്ഥാപനങ്ങളായി കരുതപ്പെട്ടുവരുന്നു. അനേകം സംവത്സരങ്ങൾക്കു മുമ്പു് ഹാഡ്‌വിക്ക്പ്രഭു ഈ വിഷയത്തെ ഇപ്രകാരം പറഞ്ഞിരിക്കുന്നു. രാജശാസനംകൊണ്ടു് ഒരു ധൎമ്മസ്ഥാപനത്തെ കൂടുതലായൊ, കുറവായൊ പൊതുമുതലാക്കത്തക്കതല്ല. ധൎമ്മസ്ഥാപനത്തെ കുറെക്കൂടി ശാശ്വതമാക്കാമെന്നേയുള്ളു."

൧

(ii) 27. എം. എൽ. എ. 253-ാംവശത്തു് ഇപ്രകാരം കാണുന്നു. "നാലു വൎണ്ണങ്ങളിൽപ്പെട്ടവരുടെ ആരാധനക്കുമാത്രം ഉദ്ദേശിച്ചാണു് ക്ഷേത്രങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുള്ളതു്! തന്ത്രങ്ങളിൽനിന്നും, ആഗ

മങ്ങളിൽനിന്നും ശൂദ്രക്കും അവക്ക് മേലുള്ള ഉയൎന്ന ജാതികൾക്കും ആരാധന നടത്തുന്നതിന്നു അവകാശമുണ്ടെന്നുള്ളതു വ്യക്തമാകുന്നു!!!

൩

(iii) ജസ്റ്റിസ്സ് സർ. ടി. മുത്തുസ്വാമി അയ്യർ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"ഒരു പബ്ളിക്ക് റോഡ് പൊതുസ്ഥലമാണെന്നു വിചാരിക്കുന്നതുപോലെ തന്നെ ഹിന്ദു ക്ഷേത്രവും ഒരു പൊതുസ്ഥലമാണെന്നു വിചാരിപ്പ്ലവാൻ (പറയുവാൻ) നിവൃത്തിയില്ല. ക്ഷേത്രം ആരുടെ ഉപയോഗത്തിനുവേണ്ടി സ്ഥാപിയ്ക്കപ്പെട്ടുന്നുവോ അവൎക്കുമാത്രം അതിലേക്കു പ്രവേശനം ഉണ്ടാകുന്നതാകുന്നു."

൪

(iv) ഇൻഡ്യ്യൻ ലാ റിപ്പോർട്ട് 13. മദ്രാസ്സ് 293_ൽ താഴെ പറയുംപ്രകാരം കാണുന്നു. "ഇൻഡ്യ്യയിൽ ഒരു രാജകീയ(ഗവമ്മേൻറ്)മതമൊ, മതസംബന്ധമായ കോടതികളൊ ഇല്ല. ഹിന്ദുമതംഗവമ്മേൻറ് മതവുമല്ല. നിയമപ്രകാരം നോക്കുന്നതായാൽ മതസംബന്ധമൊ, ജാതിസംബന്ധമൊ ഉണ്ടായിക്കാണുന്ന ഓരോ സ്ഥാപനങ്ങളും ഓരോ ജാതിയുടേയൊ, മതങ്ങളുടേയൊ പ്രത്യേക ആവശ്യങ്ങൾക്കായി സ്വേഛയാ ഉണ്ടാക്കുന്ന സമൂഹങ്ങളൊ അഥവാ സ്ഥാപനങ്ങളൊ ആണ്. ഇതുപുരാതനകാലംമുതൽക്കുള്ള ആചാരങ്ങളാൽ തെളിയുന്നതുമാണ്."

൫.

നടപ്പിൻെറ റിപ്പോർട്ട് വശം 247. വേറൊരു കേസ്സിൽ ഇപ്രകാരം കാണുന്നു. "രാജാക്കന്മാരുടെ കടമയും അവരുടെ ശ്രേയസ്സും അവരുടെ സംരക്ഷണയിൽ ജീവിക്കുന്ന പ്രജകൾക്കു മനസ്സുഖവും ക്ഷേമവും ഉണ്ടാക്കുന്നതിലാണ്. ഒരുവൻെറ മതവിശ്വാസങ്ങളെ ബഹുമാനിയ്ക്കാത്തപക്ഷം അവന് ഒരിയ്ക്കലും മനസ്സുഖം ഉണ്ടാകുന്നതല്ല."

൬.

ഇൻഡ്യ്യൻ ലാ റിപ്പോർട്ട് 5. ബാംബെ 80. "മതസംബന്ധമായ കാൎയ്യങ്ങളെസംബന്ധിച്ചുള്ള വ്യവഹാരങ്ങൾ ഈ നാട്ടിലെ സിവിൽ കോടതികളിൽ നിലനില്ക്കുന്നതല്ല. മതസിദ്ധാന്തങ്ങളും ആചാരങ്ങളും ഏതു പ്രകാരത്തിൽ വേണമെന്നു കോടതികളിൽ വിധികല്പിക്കുന്നതല്ല. ഇൻഡ്യ്യയിൽ ഒരു ഗവമ്മേൻറു മതമില്ല. മതത്തെ മാത്രം സംബന്ധിക്കുന്നതായ കാൎയ്യങ്ങളിൽപ്രവേശിക്കുന്നതിനു കോടതികൾക്കു അധികാരം നല്കിയിട്ടില്ല. എല്ലാ മതങ്ങളേയും ഒരുപോലെ പാലി

ക്കണമെന്നാണ ഗവൎമ്മേൻറിന്റെ നിശ്ചയം. ഒരു മതത്തിന്റെ കാൎയ്യത്തിലും ഗവൎമ്മേൻറു തലയിടുകയില്ല. ഓരോ മതക്കാൎക്കും അതാതു മതങ്ങളെ സംബന്ധിച്ച് ഓരോ അനുഷ്ഠാനങ്ങളെ നടത്തിക്കൊണ്ടു പോകാവുന്നതാണ്."

൧൦.

ബീമൻജഡ്ജി 38. ബാംബെ 509-ൽ പറയുന്നു.

"ഒരു ട്രസ്റ്റ് സ്ഥാപനത്തിൽ പ്രവേശനം ഉള്ള ഒരുവന്നു പ്രവേശനം ഇല്ലായ്മ ചെയ്യുത്തക്കതൊ പ്രവേശനം ഇല്ലാത്ത ഒരാൾക്കു പ്രവേശനം നല്കുന്നതൊ ആയ, ഭേദഗതികൾ ചെയ്യുന്നതുതന്നെ ഗൌരവമായ ഒരു ട്രസ്റ്റ് ലംഘനമാകുന്നു."

൧൧.

ഇൻഡ്യൻ ലാ റിപ്പോർട്ട് 3. റംഗൂൺ 582-ൽ 'പ്രിവികൌൺസി'ലുകാർ ഇപ്രകാരം പറഞ്ഞു കാണുന്നു.

"ഏതെങ്കിലും ഒരു മുതൽ ധൎമ്മവിനിമയങ്ങൾക്കായി നീക്കിവെക്കപ്പെട്ടിരുന്നാൽ ആ മുതലിനെ ഉദ്ദേശിക്കപ്പെട്ട കാൎയ്യത്തിനല്ലാതെ മററു കാൎയ്യങ്ങൾക്കു ഉപയോഗപ്പെടുത്തുന്നത് അപഹരണമാകുന്നു. ട്രസ്റ്റ് മുതൽ മുഴുവനും ട്രസ്റ്റിന്റെ ഉദ്ദേശസാദ്ധ്യത്തിന് ഉപയോഗിക്കേണ്ടതാകുന്നു" ഇൻഡ്യൻ ലാ റിപ്പോർട്ട് 7. ബോംബെ 323-ാം വശത്തു റിപ്പോർട്ടു ചെയ്തിട്ടുള്ള കേസ്സിൽ കാണുന്നതുപോലെ ട്രസ്റ്റ് ഒരു ജാതിക്കാരുടെ ആരാധനത്തിനു മാത്രമായി ഉള്ള ഒരു സ്ഥാപനമാണ്. അന്യജാതിക്കാരെ അതിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നത് ആ ഉയൎന്ന ജാതിക്കാരെ അയിത്തപ്പെടുത്തുമെന്നു കാണുന്നതായാൽ താഴ്ന്ന ജാതിക്കാരെ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതു വലിയ കുഴപ്പത്തിനിടയാകും. അപ്രകാരം ചെയ്യുന്നതായാൽ മതവിശ്വാസികൾക്കു മനോവേദനയുണ്ടാക്കുകയും ക്ഷേത്രത്തിന് അശുദ്ധി ബാധിക്കുകയും ചെയ്യുമൊ എന്നു നോക്കേണ്ടതാണ്. ഒരു പൊതുഉദ്യാനമൊ ഗ്രന്ഥശാലയൊ ഒരു പ്രസംഗമൊ ആയാൽ ആരെയെങ്കിലും പങ്കുകൊള്ളുവാൻ അനുവദിക്കാതിരിപ്പാൻ തരമുണ്ടൊ എന്നു ചിന്തിച്ചതിൽ 'പ്രിവികൌൺസിൽ' ഇപ്രകാരം പറയുന്നു:—"പ്രവേശനം അനുവദിക്കേണ്ട ആളുകൾ അധികമുണ്ടെങ്കിലോ അതിൽ വരുന്ന ആളുകളുടെ പെരുമാററം ട്രസ്റ്റ് സ്ഥാപനം ഉദ്ദേശിക്കപ്പെട്ടവൎക്കു ഹിതമല്ലാതെ കാണുന്ന വിഷയങ്ങളിലൊ ആത്തരക്കാരെ പുറത്താക്കേണ്ടതു

ട്രസ്റ്റികളുടെ കൎത്തവ്യമാകുന്നു. അല്ലാത്തപക്ഷം അവർ ട്രസ്റ്റ് ലംഘനക്കാരം ചെയ്യുന്നവരായി വിചാരിക്കേണ്ടവരാകുന്നു.''

൯൨.

''പൊതുജനങ്ങൾ എത്രതന്നെ സമ്മതിച്ചാലും ട്രസ്റ്റ് മാനേജർമാർ ട്രസ്റ്റ് ലംഘനം ചെയ്തുകൂടാത്തതാകുന്നു.''

൯൩.

20 മദ്രാസ്സ് 398.

ഹെറൻഡം അനീതിയും അസാദ്ധ്യവുമാകുന്നു.

(i) ട്യൂഡർ—''ധൎമ്മസ്ഥാപനങ്ങൾ'' എന്ന ഗ്രന്ഥത്തിൽ 4 മുതൽ 10വരെ വശങ്ങൾ.

൯൪.

''ധൎമ്മസ്ഥാപനങ്ങളെ സംബന്ധിച്ച തക്കങ്ങളിൽ ഭൂരിപക്ഷക്കാർ മററുള്ളവരുടെ അവകാശങ്ങളെ തടയാവുന്നതല്ല.''

൯൫.

(ii) ബാംബേ ഹൈക്കോർട്ട് റിപ്പോർട്ട് (1866) വശം 323. ആർനാൾഡ് ജഡ്ജി പറയുന്നു:—''ധൎമ്മസ്ഥാപനങ്ങളെ സംബന്ധിച്ച് ഓരോ ജാതിയിൽപ്പെട്ട ഭിന്നകക്ഷികൾ തമ്മിലുള്ള വഴക്കുകൾ തീരുമാനം ചെയ്യേണ്ടതായി വരുന്ന അവസരങ്ങളിൽ ആ ജാതിക്കാരുടെ മതവിശ്വാസങ്ങളും സിദ്ധാന്തങ്ങളും എന്തെല്ലാമെന്ന് അന്വേഷണം ചെയ്തറിഞ്ഞ് ആ സിദ്ധാന്തങ്ങളനുസരിച്ച തീരുമാനിക്കേണ്ടതാകുന്നു. ഭൂരിപക്ഷാഭിപ്രായം എത്ര ശക്തിമത്തായിരുന്നാലും അതിനെ വകവെയ്ക്കത്തക്കതല്ല.''

(iii) ''ഭൂരിപക്ഷാഭിപ്രായത്തെ ആസ്പദമാക്കി ഒരു ധൎമ്മസ്ഥാപനത്തിന്റെ ഉദ്ദേശങ്ങളെ അവഗണിക്കത്തക്കതല്ല.''

(iv) ''ട്രസ്റ്റ് മാനേജുമെൻറിന്റെ ഭൂരിപക്ഷക്കാരുടെ പ്രവൃത്തികൾ അവരെ ബാധിക്കുന്നതാണ്. എന്നാൽ ഭൂരിപക്ഷക്കാരുടെ പ്രവൃത്തി ട്രസ്റ്റ് ലംഘനമായോ അധികാരത്തിൽ കവിയുന്നതൊ ആയാൽ അവ ട്രസ്റ്റിനെ ബാധിക്കുന്നതല്ല.''

20 മദ്രാസ്സ് 260.

൰൩.

മതാവകാശങ്ങളേയും ആചാരങ്ങളേയും സംബന്ധിച്ച നിയമം.

(i) ഇൻഡ്യൻ പീനൽക്കോഡ് 15-ാം അദ്ധ്യായം. "ആരുടെയും മതവിശ്വാസങ്ങളെ അവഗണിക്കുന്നതിനൊ, മനോവേദനകൾ ഉണ്ടാക്കുന്നതിനൊ മറ്റൊരുവന്ന് അവകാശമില്ല" എന്ന നിയമതത്വത്തെ ആസ്പദമാക്കിയാണ് ഉണ്ടായിരിക്കുന്നത്. ഓരോ ആചാരങ്ങളും വിശ്വാസങ്ങളും ശരിയാണൊ എന്നു ചിന്തിച്ചിട്ടല്ല.

(ii) "ഒരു ആചാരം ന്യായമാണൊ അല്ലയൊ എന്നു തീരുമാനിക്കേണ്ടതു് ആചാരത്തിന്റെ ആരംഭകാലത്താണ്" 42 Cal 455.

൰൪.

മിസ്റ്റർ ജസ്റ്റിസ് മുത്തുസ്വാമി അയ്യരുടെ വിധി.

വെങ്കിടചലാപതിറാവു എന്ന ഈ കേസ്സിലെ വാദി ഒരു സ്മാർത്തബ്രാഹ്മണനാണ്. പ്രതികൾ അച്ചുകന്മാരും, രാജമുൻദ്രി എന്ന ദേശത്തിലെ ക്ഷേത്രഭാരവാഹികളുമാണ്. വാദി സ്വജാതിയിൽപ്പെട്ട ഒരു സ്ത്രീയെ—പ്രായപൂർത്തി വരുന്നതിനുമുമ്പു വിധവയായിത്തീൎന്ന ഒരു സ്ത്രീയെ—വിവാഹം ചെയ്തു. തന്റെ ഭാൎയ്യക്കു് ഒരു സുഖക്കേടുണ്ടായപ്പോൾ വാദി പ്രസ്തുത ക്ഷേത്രത്തിൽ ഒരു വഴിവാടു കഴിക്കാമെന്നു പ്രാൎത്ഥിച്ചുവത്രെ. അതു നിൎവ്വഹിക്കുവാനായി അയാൾ 1886-ൽ പ്രസ്തുത ക്ഷേത്രത്തിനകത്തു മതവിശ്വാസമുള്ള ബ്രാഹ്മണർ സാധാരണ ആരാധന നടത്തുന്ന ദിക്കിൽ പ്രവേശിക്കുവാൻ ശ്രമിച്ചു. പ്രതികൾ അയാളെ തടഞ്ഞു. അതിനുള്ള കാരണം അയാൾ ഹിന്ദുശാസ്ത്രനിയമത്തിനു വിരോധമായി ഒരു വിധവയെ വിവാഹംചെയ്തുവെന്നതാണ്. പ്രതികളുടെ ഈ പ്രവൃത്തി തെറ്റായ ഒന്നാണെന്നാണു വാദിയുടെ പക്ഷം. അതിനാൽ താഴെ പറയുന്നവ അനുവദിച്ചുകിട്ടുവാൻ കോടതിയോടപേക്ഷിച്ചു.

(1) ക്ഷേത്രത്തിലെ ശ്രീകോവിലിനകത്തു മററു ബ്രാഹ്മണരെപ്പോലെ പ്രവേശിപ്പാനുള്ള അവകാശം.

(2) പ്രതികൾ മേലിൽ ആ അവകാശത്തെ എതിൎക്കാതിരിക്കുവാൻ ഒരു നിരോധനാജ്ഞ.

(3) തന്നോട പ്രതികൾ ചെയ്ത തെററിനു 100 ഉറുപ്പിക പിഴ.

എല്ലൂർ ഡിസ്ട്രിക്ററ് മുൻസീഫാണ് ഈ കേസ്സിനെ ആദ്യം വിസ്തരിച്ചത്. അദ്ദേഹം അന്യായക്കാരൻ തന്റെ സ്നേഹിതന്മാരുമൊരുമിച്ച വിധവാവിവാഹത്തെ നീതീകരിപ്പാനായി എടുത്ത ഒരു ഉപായമാണ് ഈ വഴിവാട കഴിക്കുവാനുള്ള ഉദ്യമം എന്ന് അറിഞ്ഞു. (295)പിന്നെ പ്രതികൾ ചെയ്തുവെന്നു പറയുന്നത് ഒരു തെററായ പ്രവൃത്തിയല്ല. അതിനാൽ പിഴകൊടുക്കേണ്ട ആവശ്യമില്ല എന്നു വിധിച്ചു; എന്നല്ല, നിരോധനാജ്ഞ കൊടുത്തുമില്ല. വിധിയുടെ ഈ ഭാഗത്തെക്കുറിച്ച് അയാൾ ജില്ലാക്കോടതിയിലേക്ക് 'അപ്പീൽ' കൊടുത്തു. വിധവാവിവാഹംമൂലം അയാൾ തന്റെ ബ്രാഹ്മണത്വം കളഞ്ഞിരിക്കുന്നുവെന്നും, തന്മൂലം അയാളെ തടഞ്ഞതു തെററല്ലെന്നുമാണ പ്രതികളുടെ വാദം. കൂടാതെ ഈ കേസ്സുതന്നെ വിസ്തരിക്കുവാൻ പാടില്ലെന്നതിലേക്ക് അവർ മൂന്നു കാരണങ്ങൾ പറഞ്ഞു.

കേരള സാഹിത്യ അക്കാദമി

(1) അന്യായക്കാരന് ഇങ്ങിനെ ഒരു കേസ്സു കൊടുപ്പാൻ അധികാരമില്ല.

(2) ഒരു സിവിൽകോടതിക്ക് അതു സ്വീകരിപ്പാനുള്ള അവകാശമില്ല.

(3) സ്ഥലത്തുള്ള ബ്രാഹ്മണമതാധിപതിയായ ശങ്കരാചാര്യരുടെ വാക്കിനെ വാദി അവഗണിച്ചിരിക്കുന്നു.

ശങ്കരാചാര്യരെ കക്ഷി ചേർത്തിട്ടില്ലെന്ന വാദം ഡിസ്ട്രിക്ററ് മുൻസീഫ് സമ്മതിച്ചില്ല. മററുള്ള രണ്ടു കാരണവും ഒരു വിഷയത്തെ സംബന്ധിക്കുന്നതാണ്, അതായതു ഹിന്ദുവിവാഹം. അതൊരു മതവിഷയമത്രെ. അതിനാൽ അതിനെപ്പററി ഒരു തീർപ്പു കല്പിക്കുവാൻ മതാധിപതികൾക്കു മാത്രമേ അധികാരമുള്ളു എന്നാണ പ്രതികളുടെ പക്ഷം. എന്നാൽ വാദി ഒരു നാട്ടുകാരനെന്ന നിലയിലും, ഒരു ബ്രാഹ്മണസമുദായാംഗമെന്ന നിലയിലും നോക്കുന്നതായാൽ ഈ കേസ്സ് ഒരു സിവിൽകേസ്സിന്റെ രീതിയിലുള്ളതാണെന്നാണ മുൻസീഫിന്റെ അഭിപ്രായം. പ്രധാന വാദവിഷയമായ വിധവാവിവാഹം ശാസ്ത്രങ്ങൾ വിരോധിച്ചിട്ടില്ലെന്നു മുൻസീഫ് ആദ്യം ശ്രുതികളും, പിന്നെ സ്മൃതികളും, അതിനുശേഷം പുരാണങ്ങളും, ഒടുവിൽ സാധാരണ (296) നടപ്പും നോക്കി തീർച്ചയാക്കി. അതിനാൽ ആ വിവാഹംകൊണ്ട് അയാളുടെ അവകാശങ്ങൾ ഒന്നും ഇല്ലാതായിട്ടില്ലെന്നും, അയാൾ ഇനിയും

ഒരു ബ്രാഹ്മണസമുദായാംഗംതന്നെയാണെന്നും അദ്ദേഹം തീരുമാനിച്ചു. അതിനാൽ അദ്ദേഹം "വാദിക്കു മററല്ലാ ബ്രാഹ്മണൎക്കുമുള്ളപോലെ ക്ഷേത്രത്തിൽ പോകുന്നതിന്ന് അവകാശമുണ്ടു" എന്നു വിധിച്ചു. എന്നാൽ മററു ഭാഗങ്ങളെ സംബന്ധിച്ചു കൊടുത്ത 'അപ്പീൽ' പ്രകാരം ജില്ലാകോടതി ഈ വിധിയെ വിപരീതമാക്കിത്തീൎക്കുകയും പ്രതികൾക്കു കോടതിചിലവു കൊടുക്കുവാൻ വിധിക്കുകയും ചെയ്തു. ആ ജില്ലാജഡ്ജി കേസ്സിലെ ഒന്നാംവകുപ്പ്, രണ്ടാംവകുപ്പ് എന്നും മററുമുള്ള ഭേദങ്ങൾ ഒന്നും വകവെച്ചില്ല. അന്യായം കൊടുത്ത ദിവസത്തെ ഹിന്ദുക്കളുടെ ആചാരവും നടപ്പും അനുസരിച്ചു വിധവാവിവാഹം വിരോധിക്കപ്പെട്ടിരിക്കുന്നുവെന്നും, അതിനെ അവഗണിച്ചു വിവാഹം ചെയ്യുന്നപക്ഷം അവൻ ജാതിഭ്രഷ്ടനാകുന്നുവെന്നും അദ്ദേഹം നിശ്ചയിച്ചു. രണ്ടാമതായി മുൻസിഫ് ചെയ്തതുപോലെ ഈ ആചാരത്തിൻേറയും അനുഷ്ഠാനത്തിൻേറയും ഉത്ഭവം എവിടെനിന്നാണെന്നും മററും പൎയ്യാലോചിക്കേണ്ട ആവശ്യം ഒരു സിവിൾകോടതിക്കില്ല എന്നും അദ്ദേഹം വിധിച്ചു. കൂടാതെ സ്ഥലത്തെ മതാധിപതിയായ ശങ്കരാചാൎയ്യർ ഇതുപോലെ വിധവാവിവാഹം ചെയ്തവരെ ഒന്നുരണ്ടുപേരെ ജാതിഭ്രഷ്ടന്മാരാക്കി. ഇതു് ഈ വാദിയും അറിഞ്ഞിരുന്നു. അതിനാൽ ഈ വാദിയും വിധവയെ വിവാഹം ചെയ്വാൻ പാടില്ലായിരുന്നുവെന്നുമാണു ജില്ലാജഡ്ജിയുടെ വിധി. അതിനുശേഷമാണു വാദി ഹൈക്കോട്ടിലേക്കു 'അപ്പീൽ' കൊടുത്തതു്.

ഒരു ഹിന്ദുക്ഷേത്രം എത്രത്തോളം ഒരു പൊതുസ്ഥാപനമാകുന്നതാണ്? ക്ഷേത്രത്തിലെ പ്രവേശനകാൎയ്യത്തെ സംബന്ധിച്ചു സാധാരണ നടപ്പുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണ്? ഈ വിഷയങ്ങളെപ്പററി ഇവിടെ ആലോചിക്കേണ്ടിയിരിക്കുന്നു. "നിശ്ചയമായും ക്ഷേത്രങ്ങൾ എല്ലാ ഹിന്ദുക്കൾക്കുമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രവേശനകാൎയ്യത്തിൽ ചില തടസ്സങ്ങളെല്ലാമുണ്ട്. പറയൎക്കു ക്ഷേത്രത്തിൻെറ മുററത്തുകൂടി പോകുവാൻ വയ്യാ. ശൂദ്രൎക്കും, ബനിയൎക്കും ക്ഷേത്രത്തിൻെറ അകത്തു കടക്കുവാൻ വിരോധമില്ല. ബ്രാഹ്മണൎക്കു ശ്രീകോവിലിനകത്തും പ്രവേശിക്കാം" എന്നു മുൻസിഫ് പറയുന്നു. ഒരു ഹിന്ദുക്ഷേത്രം ഒരു റോഡുപോലെയോ, ഒരു സ്കൂളുപോലെയോ ഉള്ള പൊതുസ്ഥാപനമല്ല. ആ മതത്തിൽപ്പെട്ട ആളുകൾക്കു മാത്രമേ അവിടെ അധികാരമുള്ളു. "അപ്പീലന്യായക്കാരനായ വെങ്കിടചലാപതി ഒരു ബ്രാഹ്മണനായിരുന്നിടത്തോളം കാലമേ അദ്ദേഹത്തിന്നു

പ്രവേശനാവകാശം ഉണ്ടായിരുന്നുള്ളു” എന്നാണു ജില്ലാജഡ്ജി പറയുന്നതു്. ഇവിടെ വേറെ ഒരു കാൎയ്യംകൂടി നോക്കേണ്ടതുണ്ടു്. അന്യായക്കാരൻ മററു മതവിശ്വാസമുള്ള ബ്രാഹ്മണരെപ്പോലെ ശ്രീകോവിലിനകത്തു പ്രവേശിക്കണമെന്നാണു പറയുന്നതു്. ക്ഷേത്രത്തിനകത്തു കടക്കണമെന്നല്ല അയാളുടെ വാദം. തന്റെ വിധവാവിവാഹം ശാസ്ത്രങ്ങൾ അനുവദിച്ചിട്ടുള്ളതാണെന്നാണു വാദി പറയുന്നതു്. ഏതു വിധമായ ജാതിയുടെ നിലയാണു് ക്ഷേത്രാചാരവും മററുള്ളവരുടെ വിശ്വാസവും അനുസരിച്ചു ശ്രീകോവിലിനകത്തു പ്രവേശിക്കുവാൻ ആവശ്യമുള്ളതു്? ഇതാണു നാം ആലോചിക്കേണ്ടതു്.

ഒരു മതസ്ഥാപനത്തെ സംബന്ധിച്ചിടത്തോളം നോക്കുന്നപക്ഷം, അവിടത്തെ പുരാതനകാലംമുതൽ നടപ്പിലിരുന്നുവരുന്ന ആചാരത്തെ വില വക്കേണ്ടതാണു്. എന്തെന്നാൽ അതു് ആ സ്ഥാപനം നിൎമ്മിച്ചവന്റെ അഭിലാഷത്തെ സൂചിപ്പിക്കുന്നതാണു്. ഏതെല്ലാംവിധത്തിലുള്ള ഹിന്ദുക്കൾക്കാണോ ആ സ്ഥാപനംകൊണ്ടു് ഉപകാരം ലഭിക്കണമെന്നു് അതിനെ നിൎമ്മിച്ച ആൾ ഉദ്ദേശിച്ചിരിക്കുന്നതു്, ആ തരത്തിലുള്ള ആളുകൾക്കു മാത്രമേ അവിടെ പ്രവേശിക്കുന്നതിനും, ആ സ്ഥാപനംകൊണ്ടുള്ള ഉപകാരത്തിൽ പങ്കുകൊള്ളുന്നതിനും അനുവാദം നല്കുവാൻ പാടുള്ളു. അല്ലാത്തപക്ഷം അവിടെ പ്രവേശിക്കുവാൻ ജാതിഭ്രഷ്ടന്മാൎക്കും, മഹമ്മദീയൎക്കും, മററുള്ളവൎക്കെല്ലാവൎക്കും തന്നെ അധികാരമുണ്ടു് എന്നു വരുന്നതാണു്. അതു ന്യായരഹിതമായിരിക്കും, വിശ്വാസവഞ്ചനയായിരിക്കും. തന്റെ ജാതികൊണ്ടു് ഒരു സ്മാൎത്തബ്രാഹ്മണൻ ആചാരത്തേയും, ശ്രുതി, സ്മൃതി, പുരാണം ഇവയുടെ നിയമങ്ങളേയും അനുസരിക്കുവാൻ നിൎബ്ബന്ധിതനാണു്. അവയേക്കാൾ കൂടുതലായ ഒരധികാരി അയാൾക്കു ഉണ്ടാകുവാൻ പാടില്ല.

ഇനി പ്രധാനമായി ആലോചിക്കേണ്ടതു് ഇതാണു്. സാധാരണയായി വാദിയുടെ സമുദായനടപ്പു് അഥവാ ആചാരം എങ്ങിനെ ഉള്ളതാണു്? ഈ സാമുദായികാചാരം വിധവാവിവാഹത്തെ അനുവദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിധവയെ വിവാഹം ചെയ്ത ആൾ ആ സമുദായാംഗങ്ങളിൽനിന്നു് ഒരു താണ പടിയെ അൎഹിക്കുന്നവനാണോ? ഈ താണ പടിയെ അൎഹിക്കുന്നവനാണെങ്കിൽ, വാദി അന്യായപ്രകാരം ആവശ്യപ്പെടുന്ന അവകാശം അയാൾക്കു കൊടുക്കാമോ?

ഈ കേസിലെ വാദി താൻ അപ്രകാരം ജാതിഭ്രഷ്ടനാകുന്നതാ

ണെങ്കിൽതന്നെ 1850-ലെ xxi-ാം നിയമം അഥവാ 1856-ലെ xv-ാം നിയമം തനിക്ക് അഭയം നല്കുന്നുണ്ടെന്നു വാദിക്കുന്നു. എന്നാൽ ഈ വാദം ശരിയല്ല. എന്തെന്നാൽ ആ നിയമങ്ങൾ സംരക്ഷിക്കുന്ന അവകാശം ക്ഷേത്രാചാരത്തെയോ, സാമുദായികാചാരത്തെയോ സംബന്ധിക്കുന്നതല്ല എന്ന കാൎയ്യം വ്യക്തമാണ്. അതു് സ്വത്തിനെ സംബന്ധിച്ച അവകാശത്തെ ആണ് സംരക്ഷിക്കുന്നതു്.

മുൻസീഫ് ഇങ്ങിനെ പറയുന്നു. 'ഞാൻ ഈ വിഷയത്തെപ്പറ്റി വളരെ നേരം ആലോചിച്ചു. അനേകമതഗ്രന്ഥങ്ങൾ എല്ലാം നോക്കി. ഈ ദേശാചാരം നിയമത്തിനു കീഴടങ്ങേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.' എന്നാൽ ഇവിടെ അദ്ദേഹം നിയമവും, ദേശാചാരവും പരസ്പരവിരോധികളാണെന്നാണു വിചാരിക്കുന്നതു്. ഇതു ശരിയല്ല. നിശ്ചയമായും ദേശാചാരം അനുസരിച്ചായിരിക്കണം നിയമമുണ്ടായിരിക്കുന്നതു്. 'യഥാൎത്ഥധൎമ്മങ്ങൾ എന്തെന്നറിയുവാൻ ആഗ്രഹിക്കുന്ന ഒരാൾക്കു വേദങ്ങൾ ഏററവും വലിയ അധികാരിയും, സ്മൃതി രണ്ടാമത്തേതും, ആചാരം മൂന്നാമത്തേതുമാണ്.' ഡിസ്ട്രിക്ട് മുൻസീഫ് നവീകരണക്കാരന്റേയും ന്യായാധിപതികളുടേയും ജോലിയെ സമ്മിശ്രമാക്കിത്തീൎക്കുന്നു. അവ രണ്ടും ഒന്നായിരിക്കണമെന്ന് അദ്ദേഹം വിചാരിക്കുന്നതായി തോന്നുന്നു. ഈ വിചാരം ശരിയായിട്ടുള്ള ഒന്നല്ല. ഹിന്ദുനിയമത്തെപററി നോക്കുന്നസമയം ന്യായാധിപന്മാർക്കു സാധാരണയായി ഹിന്ദുക്കൾ പൊതുവേ സ്വീകരിച്ചും അനുഷ്ഠിച്ചും വരുന്ന ആചാരത്തെയും സമ്പ്രദായത്തെയും മാത്രമേ നോക്കേണ്ട ആവശ്യമുള്ളു. അല്ലാതെ ഈ ആചാരവും സമ്പ്രദായവും ശരിയാണോ എന്നു നവീനപരിഷ്കാരമാകുന്ന അളവുകോൽകൊണ്ട് അളന്നു നോക്കേണ്ട ആവശ്യമില്ല. അവയുടെ ഉത്ഭവം എവിടെനിന്നാണ്, ചരിത്രം എങ്ങിനെ ആണ് എന്നെല്ലാം നോക്കി ഒരു പുതിയ ആചാരവും, സമ്പ്രദായവും ഉണ്ടാക്കുവാൻ ശ്രമിക്കേണ്ട ഭാരം ഒരു ന്യായാധിപതിക്കില്ല. അങ്ങിനെ ചെയ്യുവാൻ ശ്രമിക്കുന്നപക്ഷം അതു് ഏററവും അന്യായമായിരിക്കും. ഒരു കോടതി സ്വീകരിക്കേണ്ട ഹിന്ദുനിയമം ഏതാണ്? അതു വൈദികകാലത്തോ, അതിനു മുമ്പോ നടന്നുവന്നിരുന്ന നിയമമല്ല. അടുത്തകാലത്തു ഹിന്ദുസമുദായം പൊതുവെ ഏതൊന്നിനെ നിയമമായി സ്വീകരിച്ചിരുന്നുവോ അതാണ് നാം കണക്കാക്കേണ്ടതു്.

ഇൻഡ്യയിൽ സർവ്വ അധികാരവുമുള്ള ഒരു സാമ്രാജ്യമതസ്ഥാപനമില്ല. മതവിഷയത്തെപററി വിധി കല്പിക്കുവാനുള്ള പ്രത്യേകകോടതികളും ഇല്ല. ഹിന്ദുമതം ഭരണാധികാരികളുടെ മതവുമല്ല. ഹിന്ദുമതസ്ഥാപനങ്ങളെ ഭരിക്കുന്ന നിയമം പുരാതനകാലം മുതൽ നടന്നുവരുന്ന ആചാരത്തേയും, മുതൽ സമർപ്പിക്കലിനേയും, സ്ഥാപകന്മാരുടെ സങ്കല്പിക്കുവാൻ സാധിക്കുന്ന ഉദ്ദേശത്തേയും നോക്കി തീരുമാനിക്കേണ്ടതാണ്. **ഈ സ്ഥാപനങ്ങൾ എല്ലാംതന്നെ ചില പ്രത്യേകജാതിക്കാരുടെ ഉപയോഗത്തിന്നായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്.**

വിധവാവിവാഹം നടപ്പിലാകുന്നതു നന്നായിരിക്കാം; അതു സമുദായക്ഷേമത്തെ വർദ്ധിപ്പിക്കുമായിരിക്കാം. അതു ഹിന്ദുസ്ത്രീകളുടെ ഇന്നത്തെ ശോചനീയമായ നിലയെ ഇല്ലായ്മ ചെയ്തു ഹിന്ദുസമുദായത്തിന്നുതന്നെ അഭിവൃദ്ധി ഉണ്ടാക്കുമായിരിക്കാം. എന്നാൽ ഈവിധ ആലോചനകൾ ഒന്നും ഒരു കോടതിക്കു ചെയ്യേണ്ട ആവശ്യമില്ല. **ഇവയെല്ലാം ആ ക്ഷേത്രത്തിൽ സമർപ്പിക്കപ്പെട്ടിരുന്ന പൊതുജനങ്ങളുടെ വിശ്വാസത്തെ വിരോധിക്കുന്നതാണ്.** നാം ആലോചിച്ചു തീർച്ചപ്പെടുത്തേണ്ട സംഗതി ഇത്രമാത്രമാണ്. ഈ അന്യായം കൊടുത്ത തീയതിവരെ ആർക്കെല്ലാമാണ് **കീഴാചാരപ്രകാരം** ശ്രീകോവിലിൽ കടക്കുവാൻ അവകാശമുണ്ടായിരുന്നതു്? അഥവാ വിധവാവിവാഹംചെയ്തവക്കു ശ്രീകോവിലിൽ പ്രവേശിക്കാമെന്നു് ഈ ക്ഷേത്രം സ്ഥാപിച്ചവർ ഉദ്ദേശിച്ചിരുന്നതായി വിചാരിക്കുവാൻ വഴിയുണ്ടോ?

ഈ ചോദ്യങ്ങളെപ്പററി തീരുമാനിക്കുന്നതിനു മുമ്പ് ഇനിയും അന്വേഷണം നടത്തണമെന്നു തോന്നുന്നു. എന്തെന്നാൽ ക്ഷേത്രത്തിലെ കീഴാചാരത്തെപ്പററിയോ, സ്ഥാപകന്മാരുടെ സങ്കല്പിക്കാവുന്ന ഉദ്ദേശത്തെപററിയോ, അഥവാ മററുള്ളവരുടെ ആ ക്ഷേത്രത്തെപ്പററിയുള്ള വിശ്വാസത്തെപ്പററിയോ ഇതിൽ വ്യക്തമായി പറഞ്ഞിട്ടില്ല. അതിനാൽ താഴെ പറയുന്ന ചോദ്യങ്ങൾക്കു സമാധാനം നല്കുവാൻ ഈ കോടതി ക്ഷേത്രഭാരവാഹികളോട് ആവശ്യപ്പെടുന്നു.

1. പ്രസ്തുത ക്ഷേത്രത്തിൽ ആരാധിക്കുന്നവരായ അഥവാ ആരാധിക്കുവാൻ അവകാശമുള്ളവരായ ബ്രാഹ്മണരുടെ പൊതുവേയുള്ള

സാമുദായികാചാരം അനുസരിച്ച വിധവാവിവാഹം ഈ കേസ്സു കൊടുത്ത തീയതിവരെ വിലക്കപ്പെട്ടിരുന്നോ?

2. ഉണ്ടെങ്കിൽ ക്ഷേത്രത്തിലെ കീഴാചാരം അനുസരിച്ച്, അഥവാ ക്ഷേത്രം സ്ഥാപിച്ചകാലത്തെ സ്ഥാപകൻെറ ഉദ്ദേശം അനുസരിച്ച വിധവാവിവാഹം ചെയ്ത ബ്രാഹ്മണന്ന ശ്രീകോവിലിനകത്തു പ്രവേശിക്കുവാൻ അൎഹതയില്ലാതായി തീരുന്നുണ്ടോ? വിധവാവിവാഹം ചെയ്ത ഒരു ബ്രാഹ്മണൻെറ പ്രവേശനം, മററു ബ്രാഹ്മണരുടെ ആ ക്ഷേത്രത്തിൽ സമൎപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തെ നശിപ്പിക്കുന്നതായി വിചാരിപ്പാൻ വഴിയുണ്ടോ?

ഈ ചോദ്യങ്ങളെപ്പററിയുള്ള സമാധാനം ഈ കല്പന ലഭിച്ച് രണ്ടു മാസത്തിനകം ഈ കോടതിയിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അതിനെപ്പററി വല്ല പരാതിയും വാദിക്കുണ്ടെങ്കിൽ ഒരാഴ്ചക്കകം കോടതിയെ തിൎയ്യപ്പെടുത്തേണ്ടതാകുന്നു. രണ്ടു കക്ഷികൾക്കും പുതിയ തെളിവുകൾ ഹാജരാക്കാനുള്ള പക്ഷം അതിനുള്ള അധികാരവും തന്നിരിക്കുന്നു.

മി. ജസ്റ്റിസ്സ് ഷെപ്പേർഡ്:—'ഞാനും മുകളിൽ പറഞ്ഞിരിക്കുന്ന അഭിപ്രായത്തോട് പൂൎണ്ണമായി യോജിക്കുന്നു'. (380) മറുവടി ലഭിച്ചു. ജഡ്ജി കേസ്സിലെ തെളിവു പ്രതികൾക്ക് അനുകൂലമാണെന്നു കണ്ടു. ബഹുമാനപ്പെട്ട അധികൃതന്മാർ കേസ്സു രണ്ടാമതും കേട്ട് താഴെ പറയുന്ന വിധി പ്രസ്താവിച്ചിരിക്കുന്നു:—

വിധി (ഒടുവിലത്തെ)

ക്ഷേത്രാധികൃതന്മാരുടെ മറുവടി അനുസരിച്ചു—ഹാജരാക്കപ്പെട്ടിരിക്കുന്ന തെളിവു് അനുസരിച്ചു—വാദി ഇന്നത്തെനിലയിൽ ക്ഷേത്രത്തിലെ ശ്രീകോവിലിനകത്തു കടക്കുവാൻ അൎഹതയില്ലാത്തവനാണെന്നു ഞങ്ങൾക്കു ബോദ്ധ്യം വന്നിരിക്കുന്നു. എന്തെന്നാൽ അയാളുടെ പ്രവേശനം ക്ഷേത്രത്തിലെ കീഴാചാരത്തിന്നും, സ്ഥാപകൻെറ ഉദ്ദേശത്തിന്നും വിരോധമായിട്ടുള്ളതാണ്. പ്രതികൾ ഹാജരാക്കിയിരിക്കുന്ന തെളിവിനെ സംബന്ധിച്ച വാദി ഒരു പരാതിയും കൊണ്ടുവന്നിട്ടില്ല. ഞങ്ങൾ പ്രതികൾ ഹാജരാക്കിയിരിക്കുന്ന തെളിവിനെ സ്വീകരിച്ച് 'അപ്പീൽ' തള്ളിക്കളഞ്ഞിരിക്കുന്നു. പ്രതികൾക്കു കോടതിച്ചിലവും കൊടുക്കേണ്ടതാണ്.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

൫൯ *

കേരളസാഹിത്യ അക്കാദമി

വിജ്ഞാപനം.

കേരളത്തിലെ ക്ഷേത്രപ്രസ്ഥാനത്തിന്റെ മാഹാത്മ്യത്തെപ്പററി ഞങ്ങൾ ഒന്നും പറയേണ്ടതില്ലല്ലൊ. ഇതാണ് കേരളരാജ്യശ്രീയുടെ ജീവനാഡികൾ. രാജ്യക്ഷേമവൃക്ഷത്തിന്റെ നാരായവേരുകളും ഇതാണ്. ഈ പ്രസ്ഥാനത്തിന്റെ നിലനില്പിന്നുവേണ്ടി "സവൎണ്ണക്ഷേത്രോടമസ്ഥസമിതി" എന്ന പേരിൽ ഒരു സംഘം തിരുവിതാംകൂർ കമ്പനിനിയമപ്രകാരം കാലടിക്കു സമീപമുള്ള അങ്കമാലിയിൽവെച്ച് ആരംഭിച്ചിരിക്കുന്ന വിവരം സവിനയം അറിയിച്ചുകൊള്ളുന്നു. ഇതിന്റെ ചുരുക്കം വിവരങ്ങളടങ്ങിയ ഒരു ഉദ്ദേശപത്രം ഇതോടുകൂടി അയക്കുന്നു. ഞങ്ങളുടെ ഈ ആരംഭത്തിൽ അവിടുത്തെ സഹായസഹകരണങ്ങൾ ഉണ്ടാകുമെന്നു വിശ്വസിക്കുകയും അതിന്നു പ്രത്യേകം പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

എന്ന് സമിതി പ്രവൎത്തകന്മാർ,

1. ഭദ്രകാളി മററപ്പിള്ളി ദേവൻ നമ്പൂതിരിപ്പാട്.
2. കുററാലക്കാട്ടു ശങ്കരൻ നമ്പൂതിരിപ്പാട്.
3. തൃപ്പോക്കുളത്ത് വാസുദേവൻ നമ്പൂരി.
4. മൂത്തമന നാരായണൻ ഭട്ടതിരി.

ഉദ്ദേശപത്രം.

സവൎണ്ണക്ഷേത്രോടമസ്ഥസമിതി.

തിരുവിതാംകൂർ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തത്.

പ്രസിഡൻറ്:— ഭദ്രകാളി മററപ്പിള്ളി മനയ്ക്കൽ കാളിദേവൻ എന്ന് സ്ഥാനപ്പേരുള്ള ദേവൻ ദേവൻ നമ്പൂതിരിപ്പാട് അവർകൾ. (അഞ്ചലും പോസ്ററും അങ്കമാലി.)

കാൎയ്യദൎശി:—ബ്രഹ്മശ്രീ കുററാലക്കാട്ട് മേക്കാട്ട് പുതുമനോരത്തമന ശങ്കരൻ നമ്പൂതിരിപ്പാട്. (അഞ്ചലും പോസ്ററും അങ്കമാലി.)

രജിസ്റ്റർ ചെയ്ത ആഫീസ്:—കുററാലക്കാട്ടു നമ്പൂതിരിപ്പാടവർകളുടെ കളപ്പുര. (അഞ്ചലും പോസ്ററും അങ്കമാലി)

ഉദ്ദേശങ്ങൾ.

1. സവൎണ്ണക്ഷേത്രങ്ങളേയും, ക്ഷേത്രാചാരമൎയ്യാദകളേയും ക്ഷേത്രസത്വശുദ്ധിയേയും സംരക്ഷിക്കുക.

2. ക്ഷേത്രങ്ങളുടെ ലൌകികവും ആത്മീയവുമായ ശ്രേയസ്സിനെ പുഷ്ടിപ്പെടുത്തുക.

3. മേൽവിവരിച്ചവയ്ക്കുപയുക്തങ്ങളായ സ്ഥാപനങ്ങളേയും സംഘങ്ങളേയും സ്ഥാപിക്കുകയും നടത്തുകയും അപ്രകാരമുള്ള പ്രസ്ഥാനങ്ങളെ ആരംഭിക്കുകയും തുടൎന്നുകൊണ്ടു പോവുകയും ചെയ്യുക.

4. സമിതിയുടെ ഉദ്ദേശത്തിന്നു വിപരീതമല്ലാത്ത ഏതു സംഘങ്ങളും സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവൎത്തിക്കുക.

5. ക്ഷേത്രാചാരമൎയ്യാദകളുടേയും ക്ഷേത്രസത്വശുദ്ധിയുടേയും നേരെ വരുന്ന ഏതേതുശക്തിയേയും നിൎഭയവും ന്യായവും ശാന്തവുമായ നിലയിൽ തടയുക.

കേരള സാഹിത്യ അക്കാദമി

സമിതിയിലെ അംഗങ്ങൾ.

1. വൎണ്ണാശ്രമധൎമ്മങ്ങളെ ആദരിക്കുന്ന ഏതു സവൎണ്ണവ്യക്തിക്കും ഈ സമിതിയിൽ അംഗമായി ചേരാവുന്നതാകുന്നു.

2. പ്രധാനാംഗങ്ങൾ എന്നും സാധാരണാംഗങ്ങൾ എന്നും രണ്ടുവിധം അംഗങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു.

3. ക്ഷേത്രങ്ങളുടെ ഉടമസ്ഥതാവകാശം മൂലമൊ ട്രസ്റ്റിസ്ഥാനം മൂലമൊ ഭരണാധിപത്യംമൂലമൊ ഏതെങ്കിലും ക്ഷേത്രത്തെ പ്രതിനിധീകരിച്ചുകൊണ്ടയക്കുന്ന അംഗങ്ങൾ പ്രധാനാംഗങ്ങളും മറ്റുവിധം അംഗങ്ങൾ സാധാരണാംഗങ്ങളുമാകുന്നു.

പ്രവേശനഫീസ്സും വരിസംഖ്യയും.

4. പ്രധാനാംഗങ്ങൾ 6ണ പ്രവേശനഫീസ്സും 12ണ വരിസംഖ്യയും സാധാരണാംഗങ്ങൾ 2ണ പ്രവേശനഫീസ്സും 4ണ വരിസംഖ്യയും അടയ്ക്കേണ്ടതാകുന്നു.

പ്രതിജ്ഞാപത്രം.

5. അംഗങ്ങൾ സമിതിയിൽ ചേരുന്നതിന്നു മുമ്പ് താഴെ കാണിക്കുന്ന വിധത്തിലൊ, അതിലെ തത്വങ്ങൾക്കനുസരിച്ചു എഴുതുന്ന

മറ്റേതെങ്കിലും വിധത്തിലൊ ഒരു പ്രതിജ്ഞാപത്രം എഴുതി കൊടുക്കേണ്ടതാകുന്നു.

പ്രതിജ്ഞാപത്രരീതി.

ക്ഷേത്രങ്ങളേയും ക്ഷേത്രാചാരമര്യാദകളേയും രക്ഷിക്കുവാൻവേണ്ടി പ്രയത്നിച്ചുകൊള്ളാമെന്നും, വൎണ്ണാശ്രമധൎമ്മങ്ങളേയും ഉടമസ്ഥതാവകാശത്തെയും അവഗണിച്ചുകൊണ്ടു പറയുകയും പ്രവൎത്തിക്കുകയും അപ്രകാരമുള്ള പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും ചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു.

ഭരണസമിതി.

8-ൽ കുറയാതെയും 12-ൽ അധികരിക്കാതെയും അംഗങ്ങളടങ്ങിയ ഒരു ഭരണസമിതിയാൽ ഈ സംഘം വക കാൎയ്യങ്ങൾ ഭരിക്കപ്പെടുന്നതാകുന്നു. പ്രധാനാംഗങ്ങൾക്കു മാത്രമെ ഭരണസമിതിയിൽ പ്രവേശനമുള്ളു.

കേരള സാഹിത്യ അക്കാദമി

ഉപദേശസംഘം.

ഭൂരിപക്ഷം തന്ത്രികളും ഒരു വൈദികനും ബാക്കി സജ്ജനസമ്മതന്മാരായ പണ്ഡിതന്മാരും അടങ്ങിയ ഒരു ഉപദേശസംഘത്തെ രൂപീകരിക്കുന്നതും ടി. സംഘത്തിന്റെ ഉപദേശമനുസരിച്ചല്ലാതെ ക്ഷേത്രാചാരങ്ങളെ ഭേദപ്പെടുത്തുവാൻ സമിതിക്കധികാരമില്ലാത്തതുമാകുന്നു.

കേരള സാഹിത്യ
അക്കാദമി